# മംഗളോദയം


൧൦൯൧

| പുസ്തകം ൩ | മേടമാസം | ലക്കം ൧ |
|---|---|---|


## മംഗളം

തരംഗതരളാക്ഷി! നിൻ തിരുമിഴിത്തലത്തല്ലിനാൽ
തരംകെടുകയാൽ തപദ്ദലത്തളിർ തെളിഞ്ഞു താപം കെടാൻ
തരം, തളിർതൊഴും തനോ! തരമൊടോത്തുതാരമ്പജി
ത്തരം തവ തദ്ധ്യമൈത്രമമമേ! ഉണ്ടാക്കേണമെ.

കണ്ടൂർ നാരായണമേനോൻ ബി. എ.

## പ്രസ്താവന

മംഗളോദയം മാസിക സാഹിത്യസമാജത്തിന്റെ സ്വാധീനത്തിൽ പെട്ടിട്ടു കാലം രണ്ടു വർഷത്തോളമായി. ഇതിനിടയിൽ, ഈ മാസികയ്ക്കു വല്ല ക്ഷതിയും ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ തന്നെ അതു് ഊർദ്ധ്വഗതിയോ അധോഗതിയോ എന്നും ആലോചിക്കുന്നതായാൽ ഗൌരവഭംഗം വരാതെ സൂക്ഷിക്കണമെങ്കിൽ മൌനം ദീക്ഷിക്കുന്നതായിരിക്കും ഉത്തമം. പക്ഷെ സമാജത്തെ നിർവ്യാജം സ്നേഹിക്കുന്നവരെയും, മാസികയെ മനഃപൂർവ്വം സഹായിച്ചിട്ടുള്ളവരെയും വിചാരിച്ചു് കപടം കൊണ്ടു ഗൌരവം സമ്പാദിക്കുവാൻ ഞങ്ങൾ ഒരുങ്ങുന്നില്ല.

വാസ്തവത്തിൽ മാസിക സമാജത്തിന്റെ പ്രാതിനിധ്യം വഹിക്കുകയും സമാജം മാസികയുടെ സാഹിത്യസംബന്ധമായ ഭാരം കയ്യേല്ക്കുകയും ചെയ്തതിന്റെ ശേഷം മാസികയ്ക്കും സമാജത്തിനും [illegible] സംഭവിച്ചിട്ടുണ്ടെങ്കിൽ അതു [illegible]കരമായിട്ടുള്ളതല്ല, നിശ്ചയം തന്നെ. അപ്രതീക്ഷിതവും അനനുശാസ്യവും അനാവശ്യവും, ആയ ചില വഴക്കുകളെക്കൊണ്ടു സമാജത്തിന്നു സമാജത്തിൽ ഉണ്ടായിട്ടുള്ള കലക്കം മുതൽ

ങ്ങും മാസികകളും കോട്ടംതട്ടീട്ടുണ്ടെന്ന് ഉള്ള വിവരം അറിഞ്ഞിട്ടുള്ളവർമാത്രമല്ല പൊതുജനങ്ങൾകൂടി അറിയാറായിട്ടുണ്ട്. വെടിക്കെട്ടു കഴിഞ്ഞ സമയത്തു കാണുവാൻ കൌതുകമുണ്ടെങ്കിലും, പിന്നീടുള്ള പൊകകൊണ്ടു കണ്ണു കാണാതാകുന്നതുപോലെയാണു മേല്പാട്ട കലാപത്തിന്റെയും പരിണാമം. ഒരു ചണ്ഡമാരുതനെക്കൊണ്ടല്ലാതെ മന്ദമാരുതനെക്കൊണ്ട് അത്ര എളുപ്പത്തിൽ ഈ ധൂമോൽഗമം നീക്കി സാഹിത്യനഭോമണ്ഡലം തെളിയിച്ചുതരുവാൻ സാധിക്കുന്നതുമല്ല. അലങ്കാരത്തോടുകൂടാതെ പറയുന്നതായാൽ അനാശാസ്യമായ ആ ക്ഷോഭത്തിനു ശേഷം മാസികകൾക്കുണ്ടായിട്ടുള്ള മാന്ദ്യം കാലതാമസം കൂടാതെ തീർക്കേണമെങ്കിൽ ഭാഷാഭിമാനികളുടേയും സാഹിത്യവീരന്മാരുടേയും ഒത്തൊരുമിച്ചുള്ള പ്രയത്നംകൊണ്ടു സാധിക്കയുള്ളൂ. അല്ലാതെ മുക്കിലും മൂലയിലും ഇരുന്നു നല്ലതു വരട്ടെ എന്നു പറകകൊണ്ടു അനുഗ്രഹിക്കുന്നതായാൽ മാത്രം മതിയാവുന്നതല്ല.

സാഹിത്യംകൊണ്ടു മാത്രം വയറുപിഴയ്ക്കുന്ന കാലം മലയാളത്തിൽ നടപ്പായിട്ടില്ല. "താനുണ്ണാത്തേവർ" വരം കൊടുക്കുമെന്നും വിചാരിച്ചുകൂടാ. ആയതുകൊണ്ട് ഒരു മാസിക വേണ്ടപോലെ നടക്കേണമെങ്കിൽ അതിന്റെ അഭിവൃദ്ധിയിൽ തന്നെ സദാസമയവും ശ്രദ്ധവെയ്ക്കുവാൻ പ്രത്യേകം ഒരാൾ ഉണ്ടായിരിക്കണം. ആ ആൾക്ക് ആ ആളുടെ ജീവിതം മാസികയുടെ യോഗക്ഷേമത്തോടുകൂടി ഘടിപ്പിക്കുന്നതിനു പുറമെ സ്നേഹബന്ധവും കൂടി ഉണ്ടായാൽ ഉത്തമമായി.

മേൽപറഞ്ഞ അവസ്ഥകളെല്ലാം ആലോചിച്ച് അനുഭവത്തെ അടിസ്ഥാനപ്പെടുത്തി മേലോട്ടു വേണ്ടതു പ്രവർത്തിക്കേണമെന്നാണു ഞങ്ങൾ വിചാരിക്കുന്നത്. അതിനു വേണ്ട ഏർപ്പാടുകളും ഞങ്ങൾ ചെയ്തുവരുന്നുണ്ട്. വിചാരിക്കുന്നതു മുഴുവനും നടപ്പിൽ വന്നുകാണുവാൻ അല്പതാമസം വന്നുപോയാലും പത്രബന്ധുക്കൾ അക്ഷമ കാണിക്കാതെ ഞങ്ങളെ സഹായിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം.

## മഹാമംഗളസൂത്രം

(പാലിഭാഷയിൽനിന്നു തർജ്ജമ)

ഒരിക്കൽ ബുദ്ധദേവൻ, ശ്രാവസ്തീനഗരത്തിൽ അനാഥപിണ്ഡികൻ, അല്ലെങ്കിൽ അനാഥപിണ്ഡദൻ എന്നാളുടെ വകയായ ജേതവനം എന്ന ഉദ്യാനത്തിൽ എഴുന്നള്ളിയിരിക്കയായിരുന്നു. പ്രസേനജിത്തിന്റെ പുത്രനായ ജേതൻ എന്ന രാജപുത്രനോട് അനാഥപിണ്ഡികൻ എന്ന ധനികൻ വിലകൊടുത്തു വാങ്ങി ബുദ്ധദേവനു സമർപ്പിച്ച ഒരു ഉപവനമാണ് ജേതവനം. ബുദ്ധദേവൻ അവിടെ എഴുന്നള്ളിയിരിക്കുമ്പോൾ ഒരു ദേവത പ്രത്യക്ഷമായി. നേരം നല്ലരാത്രി. ദേവതയുടെ ശരീരകാന്തികൊണ്ടു ജേതവനോദ്യാനം ശോഭമാനമായിബ്ഭവിച്ചു. ആ ദേവത, ഭഗവാൻ എഴുന്നള്ളിയിരിക്കുന്നിടത്തു ചെന്നു ഭഗവാനെ അഭിവാദ്യം ചെയ്ത് ഏകാന്തത്തിൽ സ്ഥിതിചെയ്തു. അനന്തരം രമണീയങ്ങളായ ചില ഗാഥകൾ ചൊല്ലി ഭഗവാനെ സ്തുതിച്ചുകൊണ്ട് ഇങ്ങിനെ ചോദിച്ചു:—

സുഖമിച്ഛിച്ചു ചിന്തിച്ചാ-
രനേകംദേവമാനവർ
മംഗളങ്ങൾ, എന്നിക്കോതി-
യരുൾകുത്തമമംഗളം.

ഭഗവാൻ പറഞ്ഞു: —

മൂർഖരെസ്സേവചെയ്യായ്ക,
സേവിച്ചിടുകഭിജ്ഞരെ,
പൂജിക്കപൂജ്യരെ,പ്പാരി-
ലിതുമംഗളമുത്തമം. 1

നല്ലദേശങ്ങളിൽപ്പാർക്ക,
മുമ്പേ ചിന്തിച്ചു ചെയ്യുക,
തന്നെത്താനേ പരീക്ഷിക്ക,-
യിതുമംഗളമുത്തമം. 2

സത്തരോടാത്തമാംവിദ്യ,
സത്യം,വിനയമെന്നിവ
യൊത്തുസൽഭാഷണംചെയ്ക,-
യിതുമംഗളമുത്തമം. 3

മാതാപിതാക്കൾതൻപൂജ,
ഭാര്യാപുത്രാദിരക്ഷണം,
ആകുലംവിട്ട കൃത്യങ്ങൾ;-
ഇതുമംഗളമുത്തമം. 4

ദാനധർമ്മങ്ങളെച്ചെയ്ക,
ജ്ഞാതിതൻരക്ഷചെയ്യുക,
നല്ലവൃത്തിയനുഷ്ഠിക്ക-
യിതുമംഗളമുത്തമം. 5

പാപാചാരം,മദ്യപാന-
മിവതീണ്ടാതിരിക്കുക,
ധർമ്മാപ്രമാദവും,ത്യാഗ,-
മിതുമംഗളമുത്തമം. 6

ഗൌരവം,വിനയം,തൃപ്തി-
യോഗം,നിത്യംകൃതജ്ഞത,
കാലേനധർമ്മശ്രവണ,-
മിതുമംഗളമുത്തമം. 7

ക്ഷമ,സൽഭാഷണം,നിത്യം
ശ്രമണോത്തമദർശനം,
യഥാകാലംധർമ്മചിന്ത,-
യിതുമംഗളമുത്തമം. 8

ബ്രഹ്മചര്യം,തപസ്സാര്യ-
സത്യങ്ങൾനിരൂപിക്കുക,
നിർവ്വാണസത്യാനുഷ്ഠാന-
മിതുമംഗളമുത്തമം. 9

ലോകധർമ്മങ്ങൾചേർന്നാലും
ചേതസ്സാടാതിരിക്കുക;
അശോകംവിരജംക്ഷേമ-
മിതുമംഗളമുത്തമം. 10

ഇതൊക്കനിത്യംചെയ്യുന്ന
പുമാന്മാരപരാജിതർ
സർവ്വത്രസുഖമേറീടും,
ഇതുമംഗളമുത്തമം. 11

കുമാരനാശാൻ.

# കാവ്യത്തിന്റെ ഉൽപത്തിയും പ്രയോജനവും

കാവ്യത്തിന്റെ സ്വരൂപം എന്തെന്നു വിവരിച്ചു കഴിഞ്ഞുവല്ലോ.(1) ഇനി, അതിന്റെ ഉൽപത്തി എങ്ങിനെയെന്നും പ്രയോജനമെന്തെന്നും ഇവിടെ നിരൂപിക്കാം.

ഈ വിഷയത്തെപ്പറ്റി കാവ്യപ്രകാശകാരൻ ഇങ്ങിനെ പറയുന്നു. 'ശക്തിർന്നിപുണതാ ലോകശാസ്ത്രകാവ്യാദ്യവേക്ഷണാൽ കാവ്യജ്ഞശിക്ഷയാഭ്യാസ ഇതി ഹേതുസ്തദുൽഭവേ' ശക്തി, ലോകശാസ്ത്രകാവ്യാദിദർശനംകൊണ്ടുണ്ടാകുന്ന നൈപുണ്യം, കാവ്യജ്ഞന്മാരുടെ അടുത്തുള്ള പഠിപ്പ്, ഇവയെല്ലാമാണ് കാവ്യം ഉണ്ടാവുന്നതിനു ഹേതു. ഇവയിൽ ശക്തി എന്നതു കവിത്വത്തിനു ബീജമായ സംസ്കാരവിശേഷം തന്നെ. ആ സംസ്കാരത്തെ പൂർവ്വജന്മാർജ്ജിതമായ പുണ്യപരിപാകംകൊണ്ടുണ്ടാവു

(1) മംഗളോദയം പു- 8 ല 656_664

ന്ന ഭാവന, അല്ലെങ്കിൽ വാസന എന്നു പറയുന്നു. ഈ ഒരു ശക്തിയില്ലെങ്കിൽ, മറ്റെന്തു ശക്തിതന്നെയുണ്ടായിരുന്നാലും കാവ്യം ഉണ്ടാവുന്നതല്ല. അഥവാ, 'ബലാല്ക്കൃഷ്യമാണ'യായിട്ട് ഒരു വിധം കവിത വന്നാൽക്കൂടിയും അതു പരിഹാസാസ്പദമായിക്കലാശിക്കുകയേ ഉള്ളൂ. ശക്തിയില്ലാത്ത കവികളുടെ കാവ്യം 'ഗ്രഥ്നാമി കാവ്യശശിനം വിതതാർത്ഥരശ്മിം' എന്നുള്ളതുപോലെ, യോജിപ്പില്ലാതിരിക്കും. 'ജനങ്ങൾ ചന്ദ്രനെ കെട്ടിയുണ്ടാക്കുന്നതുപോലെ ഞാനിതാ കാവ്യത്തെ കെട്ടിയുണ്ടാക്കുന്നു' എന്നാണല്ലോ ഇതിന്റെ അർത്ഥം. പക്ഷേ, ചന്ദ്രനെ കെട്ടിയുണ്ടാക്കുന്ന പതിവ് ലോകത്തിലില്ലായ്കയാൽ ഈ ഉപമാനം അസംഭവവും, അതിനാൽ ഈ കാവ്യം അനുചിതവും ആകുന്നു. ലോകസ്വഭാവത്തിന്ന് ഒട്ടും യോജിക്കാതെയും ഹൃദയാഹ്ലാദകമായ അർത്ഥവിശേഷം ഇല്ലാതെയും, ഇങ്ങിനെ കവികല്പിതമായ ശബ്ദമാത്രസാദൃശ്യത്തെപ്പിടിച്ച് ഉപമിക്കുക എന്നുവെച്ചാൽ ലോകത്തിൽ പരസ്പരസാദൃശ്യമില്ലാത്ത വസ്തുക്കൾ ഒന്നും ഇല്ല. പക്ഷേ, അങ്ങിനെ ഞെരുങ്ങിപ്പിടിച്ച വലിച്ചുകൊണ്ടുവരുന്ന കവിത കവികളുടെ ശക്തിയില്ലായ്മയ്ക്കു പ്രത്യക്ഷമായ തെളിവാകുന്നു. എന്നാൽ ചില ദിക്കിൽ ശബ്ദസാദൃശ്യത്തിന്നുള്ള ചമൽക്കാരത്തെ ഞാൻ അപലപിക്കുന്നില്ല.

ശക്തി മാത്രം ഉണ്ടായതുകൊണ്ടായില്ല. നൈപുണ്യവും വേണം. നൈപുണ്യം ഉണ്ടാവുന്നതു ലോകം- ശാസ്ത്രം- കാവ്യം എന്നിവയുടെ ദർശനത്താലാകുന്നു. ലോകം എന്നു വെച്ചാൽ സ്ഥാവരജംഗമാത്മകമായ പ്രപഞ്ചം, അതായതു പ്രപഞ്ചത്തിന്റെ സ്വഭാവം എന്നർത്ഥം. നിഷ്കർഷിച്ചു പറയുന്നതായാൽ ലോകവൃത്താന്തം എന്നു പറയാം. സ്ഥലം, കാലം, പുരുഷൻ, പ്രവൃത്തി, അവസ്ഥ എന്നു തുടങ്ങി കവിയുടെ വർണ്ണനയ്ക്കു വിഷയീഭവിക്കുന്ന ഏതിന്റെയും സാക്ഷാൽ ദർശനം, അല്ലെങ്കിൽ അനുഭവം കവിക്കുണ്ടായിരിക്കണം. അതുപ്രകാരം തന്നെ ശാസ്ത്രങ്ങളിലും പരിചയമുണ്ടായിരിക്കണം. വൃത്തശാസ്ത്രം, വ്യാകരണശാസ്ത്രം, കലാവിദ്യകൾ മുതലായിട്ടുള്ള ഏതു ശാസ്ത്രത്തിന്റെയും പരിചയം കവിക്കുണ്ടായിരിക്കണം. മഹാകവികളുണ്ടാക്കിയ കാവ്യങ്ങൾ വായിച്ചിട്ടുള്ള അറിവും വേണം. ആദിശബ്ദംകൊണ്ട് ഇതുപോലെയുള്ള ഇതരവസ്തുക്കളുടെയും പരിചയം വേണമെന്നു കിട്ടുന്നു. ഇങ്ങിനെ ലോകശാസ്ത്രാദി പരിചയംകൊണ്ടുള്ള നൈപുണ്യം ലഭിച്ചിട്ടില്ലെങ്കിൽ ലോകസ്വഭാവത്തിന്നു വിരുദ്ധമായും അപഭ്രംശബഹുലമായും ഉള്ള കാവ്യമേ ഉണ്ടാകയുള്ളൂ. അതു സഹൃദയന്മാർ കയ്ക്കൊള്ളുന്നതല്ല.

ഇപ്പറഞ്ഞ ശക്തിയും നൈപുണ്യവും ഉണ്ടായാലും കവിതയ്ക്കു വേണ്ടുന്ന സാമഗ്രികൾ തികയുന്നില്ല. കാവ്യജ്ഞന്മാരായ സഹൃദയന്മാരുടെ അടുക്കൽനിന്നുള്ള അഭ്യാസവും കൂടി വേണ്ടിയിരിക്കുന്നു. കാവ്യം ഉണ്ടാക്കുവാനും, കാവ്യനിരൂപണം ചെയ്വാനും അറിയുന്ന സഹൃദയന്മാരുടെ ഉപദേശപ്രകാരം വളരെ പ്രാവശ്യം അഭ്യസിക്കുകകൂടി വേണമെന്നു താല്പര്യം. ഈ വിവരിക്കപ്പെട്ട ഹേതുക്കളിൽ ചിലതു മാത്രം ഉണ്ടായെന്നു വന്നാൽ പോരാ; ഇവയെല്ലാം കൂടിയാണ് കാവ്യത്തിന്റെ ഉല്പത്തിക്കു ഹേതുവാകുന്നത്.

ഈ സംഗതിയെ ഉദാഹരണങ്ങളെക്കൊണ്ടു തെളിയിക്കാവുന്നതാണ്. പൂർവ്വജന്മവാസനാശാലികളും ശാസ്ത്രാദിപരിചയമുള്ളവരുമായ കവികൾ പുഷ്പം മുതലായ മനോഹരവസ്തുക്കളേയോ കാടു മുതലായ ഭയാനകവസ്തുക്കളേയോ സമുദ്രം മുതലായ ഗംഭീരവസ്തുക്കളേയോ പർവ്വതം മുതലായ വിശാലവസ്തുക്കളേയോ കാണുമ്പോൾ അവക്കു കാവ്യനിർമ്മാണത്തിൽ പ്രവൃത്തി ഉണ്ടാകുന്നു. ഒരു കവി മനോഹരമായ ഒരു പുഷ്പം കാണുന്നു എന്നു വിചാരിക്കുക. അതിന്റെ ദർശനമാത്രത്തിൽ കവിക്ക് ആ പുഷ്പത്തിന്റെ പേരിൽ ഒരു രതി ഉണ്ടാവുന്നു. ആ രതിയെ മനസ്സിന്റെ പ്രവണത എന്നു പറയാം. 'രതിർമ്മനോനുകൂലേർത്ഥേ മനസഃ പ്രവണായിതം' എന്നു സാഹിത്യദർപ്പണത്തിൽ പറഞ്ഞിട്ടുണ്ട്. മനസ്സിന്റെ പ്രവണത എന്നു വെച്ചാൽ ഒരു മാതിരി അനുരാഗവിശേഷം തന്നെ. ഇങ്ങിനെ ഉളവാകുന്ന രതി ആ വസ്തുവിനെ ഉപഭോഗിക്കുന്നതിൽ അഭിലാഷം ജനിപ്പിക്കുന്നു. ആ അഭിലാഷത്തെ കാമം എന്നു പറയാം. ഏതാൾക്ക് ഏതു വസ്തുവിനെപ്പററി രതി അല്ലെങ്കിൽ അഭിലാഷം ജനിക്കുന്നുവോ ആ ആൾക്ക് ആ വസ്തുവിനെത്തന്നെ ആലംബിച്ചിട്ട് കാമവും ഉണ്ടാകുന്നു. അതുകൊണ്ടു രതിയും കാമവും സഹചരവസ്തുക്കളാണെന്നും, അവ സ്ത്രീപുരുഷന്മാരെന്നപോലെ ദമ്പതികളായിട്ടിരിക്കുന്നവെന്നും ആണ് നമ്മുടെ ആലങ്കാരികന്മാർ പറയുന്നത്. പാശ്ചാത്യാലങ്കാരികന്മാരുടെ പക്ഷത്തിലാകട്ടെ രതി മാതാവും കാമം പുത്രനും ആകുന്നു. രതി ഉണ്ടായതിനു ശേഷമാണല്ലോ കാമം ഉണ്ടാകുന്നത് എന്നുള്ള ന്യായം പിടിച്ച് രതിജന്യമായ കാമത്തെ രതിയുടെ പുത്രനായിട്ടാണ് അവർ കരുതുന്നത്. പുഷ്പാദികളായ മനോഹരവസ്തുക്കൾ കാമോദ്ദീപകങ്ങളാകയാൽ അവ ശൃംഗാരരസത്തിന്റെ ഉദ്ദീപനവിഭാവങ്ങളാകുന്നു. അവയുടെ ദർശനത്താൽ ഉദ്ദീപിതമായ ഭാവത്തെ സ്വകല്പിതനായ ഏതെങ്കിലും ഒരാളിൽ ആവാഹിച്ച് അതിന് അലൌകികമായ ഒരു ചമൽക്കാരം വരുത്തി കവി വർണ്ണിക്കുന്നു. ഇങ്ങിനെ താൻ വർണ്ണിക്കുന്ന ഭാവത്തോടു കവി സഹൃദയന്മാരായ വായനക്കാരുടെ മനോഭാവത്തിന് ഐക്യം വരുത്തുന്നു. അപ്പോൾ അപരിമിതമായ ആനന്ദം ഉളവാകയും ചെയ്യുന്നു. ഇപ്രകാരം മററുള്ളവയേയും ഊഹിച്ചുകൊള്ളേണ്ടതാണ്. ഈ വിഷയത്തെപ്പററി ഇനിയും ചിലതു പറയുവാനുള്ളതു രസനിരൂപണത്തിൽ വിവരിക്കപ്പെട്ടു.

ഇതിനെ അല്പംകൂടി വ്യക്തമാക്കിപ്പറയാം. പൂർവ്വജന്മസുകൃതത്താൽ സിദ്ധിക്കുന്ന ശക്തി, അല്ലെങ്കിൽ വാസന കവികളുടെ ഹൃദയത്തിൽ നിലീനമായിക്കിടക്കുന്ന ഒന്നാണ്. അതു കവിതയുടെ ഉൽപത്തിയിൽ പ്രധാന കാരണമാകുന്നു. അന്തഃകരണത്തിൽ നിലീനമായിക്കിടക്കുന്ന ആ ശക്തിയെ പ്രകാശിപ്പിച്ച് പ്രവൃത്ത്യുന്മുഖമാക്കിത്തീർക്കുവാൻ നൈപുണ്യവും അഭ്യാസവും കൂടാതെ കഴികയില്ല. അവയില്ലാതെ പോയാൽ അന്തർന്നിലീനമായ ശക്തി ഘടദീപംപോലെ വ്യർത്ഥമായിത്തീരുന്നു. ലോകശാസ്ത്രാദിദർശനത്താലുണ്ടാവുന്ന ഈ നൈപുണ്യത്തിൽ ആണ് സംഗതികളെല്ലാം കിടക്കുന്നത്. മനുഷ്യൻ, മൃഗം, പക്ഷി മുതലായി ലോകത്തിലുള്ള സകല ഭൂതഗ്രാമങ്ങളുടെയും വൃക്ഷലതാദിക

ളായ സ്ഥാവരവസ്തുക്കളുടേയും സ്വഭാവങ്ങൾ, അവയ്ക്കുണ്ടാവുന്ന അവസ്ഥാഭേദങ്ങൾ, മുതലായവയെ ശാസ്ത്രങ്ങളിലും കാവ്യങ്ങളിലും വൎണ്ണിച്ചിട്ടുള്ളതു നോക്കിയും സ്വയമായിത്തന്നെ അവയെ പരീക്ഷിച്ചും അറിഞ്ഞാലേ നൈപുണ്യം സിദ്ധിക്കയുള്ളു. അങ്ങിനെ സിദ്ധിച്ച നൈപുണ്യത്തെ വേണ്ടതുപോലെയും വകതിരിവായും ഉപയോഗിക്കുന്നതിന്നു പിന്നെ കവികളുടെയും കാവ്യനിരൂപകന്മാരുടേയും അടുക്കൽനിന്നു പ്രത്യേകം പഠിക്കുകയും വേണം. ഇത്രയും സാമഗ്രികൾ സമ്പാദിച്ചതിന്നു ശേഷമേ ശക്തിയുള്ളവർ തന്നെയും കാവ്യനിൎമ്മാണത്തിൽ ഏൎപ്പെടാവൂ. അല്ലെങ്കിൽ ആയുധമില്ലാതെ ആയോധനത്തിന്നൊരുങ്ങുന്നതുപോലെ അപകടത്തിൽ കലാശിക്കും.

ലോകത്തിലുള്ള പ്രാകൃതദൃശ്യവിശേഷങ്ങളോടും പക്ഷിമൃഗാദികൾക്കുള്ള സൂക്ഷ്മസ്വഭാവങ്ങളോടും വിശിഷ്യ മനുഷ്യൎക്കു ഓരോ അവസ്ഥകളിൽ ഉണ്ടാവുന്ന മനോഭാവങ്ങളോടും കഴിയുന്നത്ര അടുത്തു പെരുമാറി അവയുടെ എത്രയും സൂക്ഷ്മങ്ങളായ ഭേദങ്ങളെപ്പോലും കണ്ടുപിടിക്കുന്നതിന്നുള്ള നൈപുണ്യമാണ് വാസനാശാലികളായ കവികൾ ഒന്നാമതു സമ്പാദിക്കേണ്ടതു്. അങ്ങിനെയുള്ള കവികൾക്കു മാത്രമേ പ്രകൃതിയെ കവിതകളിൽ പകൎത്തുന്നതിന്നു സാധിക്കയുള്ളു. പ്രാകൃതദൃശ്യവസ്തുക്കളുടെ അകൃത്രിമമായ സൌന്ദൎയ്യത്തെയും ലോകങ്ങളുടെ മനോഭാവത്തേയും അധികം സൂക്ഷ്മമായിക്കണ്ടുപിടിച്ചിട്ടുള്ളവർ വേദോപനിഷൽപ്രവൎത്തകന്മാരായ ഋഷീശ്വരന്മാരാകുന്നു. അവരെ പിന്തുടൎന്നു വ്യാസർ, വാല്മീകി മുതലായവരും ആ വിഷയത്തിൽ ഒട്ടും പിന്നോക്കമല്ല. ഭാസൻ, കാളിദാസൻ മുതലായവർ മനുഷ്യരുടെ മനോഭാവങ്ങളെക്കൊണ്ടു അത്ഭുതകരമാംവണ്ണം പെരുമാറിയവരാണ്. 'സ്ത്രീപുരുഷന്മാരുടെ മനോഭാവങ്ങളുടെ ചേൎച്ച നോക്കുവാൻ ഉപയോഗിക്കുന്ന ബുദ്ധിയെ പരമാത്മാവിന്റെ വിശ്വരൂപം കാണുന്നതിന്നു പ്രേരിപ്പിക്കുവിൻ' എന്നു ഒരു വേദാന്തപ്രാസംഗികൻ പറഞ്ഞതായി ഓൎക്കുന്നു. ഇതു കവികളെ കളിയാക്കിപ്പറഞ്ഞതാണെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ഈ അഭിപ്രായത്തിന്നു വലിയ വിലയുണ്ടെന്നു തോന്നുന്നില്ല. വേണ്ടതുപോലെ പെരുമാറുവാനറിയുമെങ്കിൽ സ്ത്രീപുരുഷന്മാരുടെ മനോഭാവങ്ങളെ അനുധ്യാനം ചെയ്യുന്നതു ബഹു രസകരവും വിനോദഹേതുവും ആകുന്നു. കാളിദാസരുടെ ശാകുന്തളനാടകവും മറ്റും ഇതിന്നു സാക്ഷികളാകുന്നു.

ഈ വക അഭിപ്രായങ്ങൾ ഉള്ളിൽ വെച്ചുകൊണ്ട് ആധുനിക കേരളഭാഷാസാഹിത്യത്തെ ഒന്നു വിമൎശിക്കുന്നവൎക്കു വളരെ വ്യസനം തോന്നാതിരിക്കയില്ല. കാവ്യനിൎമ്മാണത്തിന്നുള്ള സാമഗ്രികൾ തികഞ്ഞിട്ടുള്ള കവികളും യഥാൎത്ഥകവിത എന്ന പേരിന്നൎഹതയുള്ള കാവ്യങ്ങളും കേരളഭാഷയിലുണ്ടായിട്ടില്ലെന്നോ ഉണ്ടാവുന്നില്ലെന്നോ അല്ലാ ഞാൻ പറയുന്നതു്. അങ്ങിനെയുള്ള കവികളും കാവ്യങ്ങളും ഉണ്ടായിട്ടുമുണ്ട്, ഉണ്ടാവുന്നതുമുണ്ട്. എങ്കിലും യഥാൎത്ഥമായ വാസനയോ ആ വാസനക്കു തെളിവുണ്ടാക്കുന്ന സാത്വികവൃത്തിയോ ഇല്ലാതെയും, ലോകം, ശാസ്ത്രം, കാവ്യം മുതലായവയോട് അധികം എടപെടാതേയും, 'കാവ്യജ്ഞശിക്ഷ'യുടെ കഥ

പോലുമില്ലാതേയും, കവിയശസ്സിൽ അതിയാക ആഗ്രഹത്തോടെ കാവ്യനിൎമ്മാണം എന്ന സാഹസകൃത്യത്തിന്നൊരുങ്ങുന്ന ബാലിശകവികളുടേയും അവർ എഴുതിവിടുന്ന കൃതികളുടേയും ആധിക്യം ആധുനികകേരളഭാഷാചരിത്രത്തെ വളരെ മലിനപ്പെടുത്തുന്നുണ്ട്, എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇനി, അങ്ങിനെയുള്ള കവികളുടെ സാഹസത്തിന്നമച്ചു ചെയ്യേണ്ടതു ഗ്രന്ഥവിമൎശകന്മാരാണ്. അവരുടെ കഥയും വളരെ പരുങ്ങലാകുന്നു. കാവ്യത്തിന്റെ യഥാൎത്ഥമായ സ്വരൂപം എന്തെന്നറിയാതെ തങ്ങൾക്ക് എന്തെങ്കിലും സംഗതികൊണ്ടു പ്രതിപത്തിയുള്ളവരുടെ പുസ്തകങ്ങളെ സ്തുതിച്ചും മറ്റുള്ളവയെ ദൂഷിച്ചും എഴുതുന്ന നിരൂപണങ്ങളാണ് ഇയ്യിടയിൽ അധികമായി കാണുന്നത്. ആ വക നിരൂപണാഭാസങ്ങൾ കവികളുടെ ഇടയിൽ മത്സരമുണ്ടാക്കുവാനും, തദ്വാരാ കാവ്യനിൎമ്മാണത്തിന്ന് അത്യാവശ്യമായ സാത്വികബുദ്ധിയെ ഇല്ലായ്മ ചെയ്വാനും, യഥാൎത്ഥകവികൾക്കു 'കാവ്യനിൎമ്മാണം എന്നത് എത്രയോ ആഭാസം' എന്നൊരു വിരക്തി തോന്നിക്കുവാനും മാത്രമേ ഉപകരിക്കുന്നുള്ളൂ. കേരളഭാഷയോടുള്ള പ്രതിപത്തികൊണ്ടു മാത്രം ഇത്രയും പറഞ്ഞുപോയതാണ്.

ഇനി കാവ്യത്തിന്റെ പ്രയോജനം എന്തെന്നു പൎയ്യാലോചിക്കാം. ഈ വിഷയത്തിൽ കാവ്യപ്രകാശകാരൻ ഇങ്ങിനെ പറയുന്നു. 'കാവ്യം യശസേऽൎത്ഥകൃതേ വ്യവഹാരവിദേ ശിവേതരക്ഷതയേ സദ്യഃപരനിൎവൃതയേ കാന്താസമ്മിതതയോപദേശയുജേ'. യശസ്സ്, അൎത്ഥലാഭം, വ്യവഹാരജ്ഞാനം, പാപവിനാശം, പരനിൎവൃതി, ഉപദേശദാനം എന്നിവയാണ് കാവ്യത്തിന്റെ പ്രയോജനങ്ങൾ. ഇതിൽ യശസ്സ് സുപ്രസിദ്ധമായ കവിയശസ്സു തന്നെ. അൎത്ഥലാഭം കാവ്യദൎശനത്താൽ തൃപ്തന്മാരായ പ്രഭുക്കന്മാർ കൊടുക്കുന്ന സമ്മാനമായും കാവ്യം വിററു കിട്ടുന്ന ധനമായും പല പ്രകാരത്തിൽ വരാം. വ്യവഹാരജ്ഞാനം കാവ്യംകൊണ്ടുണ്ടാകുന്നതു കാവ്യത്തിൽ വൎണ്ണിക്കപ്പെട്ട ഓരോ വ്യവഹാരങ്ങൾ കണ്ട് പിന്നീടുള്ളവർ സമ്പാദിക്കുന്ന ലോകപരിചയം തന്നെ. പാപം ക്ഷയിക്കുന്നതു ഈശ്വരസ്തോത്രാദികളെക്കൊണ്ടും മോക്ഷോപയോഗികളായ വചനങ്ങളിൽ കാവ്യദ്വാരാ ഉണ്ടാകുന്ന അറിവുകൊണ്ടും ആകുന്നു. 'ഏകഃശബ്ദഃ സമ്യഗ്ജ്ഞാതഃ സുഷ്ഠുപ്രയുക്തഃ സ്വൎഗ്ഗേ ലോകേ ച കാമധുഗ് ഭവതി' എന്ന ശ്രുതിവചനം കാവ്യത്തിന്നുള്ള പാപക്ഷയശക്തിക്കു പ്രമാണമാകുന്നു. ലോകത്തിലുള്ള എല്ലാ വസ്തുക്കളുടെയും സ്വരൂപജ്ഞാനംകൊണ്ട് യഥാൎത്ഥമായ ജ്ഞാനം ഉദിക്കുകയും ആ വഴിക്ക് മോക്ഷം ലഭിക്കുകയും ചെയ്യുന്നു എന്നു ദൎശനശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നു. എന്തെങ്കിലും ഒരു പ്രകാരത്തിൽ മോക്ഷത്തിന്നുപകരിക്കാത്ത ശാസ്ത്രാദികളെ ഹിന്തുക്കൾ ആദരിക്കുന്നതുമില്ല. ഈ സ്ഥിതിക്ക് ലോകത്തിന്റെ സ്വരൂപം മനസ്സിലാക്കി അതിന്റെ ബാഹ്യാന്തരപ്രകൃതികളെ കണ്ടറിഞ്ഞ് ഉണ്ടാക്കുന്ന കാവ്യംകൊണ്ട് പാപം നീങ്ങി ജ്ഞാനം തെളിഞ്ഞ് മോക്ഷം സിദ്ധിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പരനിൎവൃതി എന്നു വെച്ചാൽ പരമമായ മനഃസുഖം തന്നെ. ലൌകികങ്ങളായ ദുഃഖങ്ങളെക്കൊണ്ടു മനസ്സുഷ്ണിച്ചിരിക്കുന്ന അവസരത്തിൽ കാവ്യപരിശീ

ലനംകൊണ്ടുണ്ടാവുന്ന അലൌകികമായ രസം സഹൃദയന്മാൎക്ക ഹൃദയാഹ്ളാദം കൊടുക്കുകയും അവരെ വീണ്ടും ഉത്സാഹികളാക്കിത്തീൎക്കുകയും ചെയ്യുന്നത് പ്രത്യക്ഷമാണല്ലോ. ചിലപ്പോൾ മററുള്ളവർ ചെയ്യുന്ന നൂറുപദേശങ്ങളേക്കാളധികം കവിയുടെ ഒരൊററ വാക്ക് മനസ്സിന്നു പെട്ടന്ന് ആനന്ദം കൊടുക്കുന്നു. അതുകൊണ്ടാണ് 'സദ്യഃ പരനിർവൃതയെ' എന്നു നിർവൃതിയെ വിശേഷിപ്പിച്ചു പറഞ്ഞത്. ഇതിനൊക്കയും പുറമെ, ഒടുവിലത്തേതാണെങ്കിലും ആദ്യത്തേതായി, കാവ്യത്തിന്നൊരു പ്രയോജനമുണ്ട്. അതു വായനക്കാൎക്ക കാന്തയെപ്പോലെ ഉപദേശം കൊടുക്കുകയാകുന്നു.

കാവ്യത്തിന്റെ സ്വരൂപത്തേയും ലക്ഷ്യങ്ങളേയും പററി പറഞ്ഞപ്പോൾ സൂചിപ്പിച്ച പ്രകാരം കൃത്യാകൃത്യോപദേശരൂപമായ ശബ്ദാൎത്ഥപ്രപഞ്ചത്തിൽ വേദത്തെ പ്രഭുസമ്മിതമെന്നും, പുരാണാദിയെ സുഹൃത്സമ്മിതമെന്നും ലൌകികകാവ്യത്തെ കാന്താസമ്മിതമെന്നും ആലങ്കാരികന്മാർ വകതിരിച്ചിരിക്കുന്നു. ഇവിടെ സമ്മിതശബ്ദത്തിന്നു തുല്യംഎന്നാണൎത്ഥം. പ്രഭു അല്ലെങ്കിൽ യജമാനൻ ഭൃത്യനോട് 'ഇവിടെ വരണം, അവിടെ പോണം' എന്നു തുടങ്ങിയ കല്പനകൾ ചെയ്യുമ്പോലെ വിധിരൂപേണ മനുഷ്യരെ കൃത്യാകൃത്യങ്ങളിൽ പ്രവൎത്തിപ്പിക്കുകയാണ് വേദം ചെയ്യുന്നത്. ഭൃത്യന്നു യജമാനന്റെ ആജ്ഞയിൽ പര്യനുയോഗത്തിന്നധികാരമില്ലാത്തതുപോലെ, വേദവിധികളെ നിഷേധിക്കുവാൻ നമുക്കധികാരമില്ല. അതിനാൽ വേദം പ്രഭുസമ്മിതമാകുന്നു. പുരാണാദികളിലെ കൃത്യാകൃത്യോപദേശം ഒരു സുഹൃത്തു ചെയ്യുന്നതുപോലെയാണ്. ഞാൻ ഇന്നപ്രകാരം ചെയ്യുന്നതാണ് നല്ലതെന്നും ഇന്ന വഴിയെ പോകുന്നതു നന്നല്ലെന്നും പറഞ്ഞ് അതിൽ വേണ്ടുന്ന തെളിവുകളും തന്ന് എന്റെ സ്നേഹിതൻ എന്നെ കൃത്യാകൃത്യങ്ങളിൽ പ്രവൎത്തിപ്പിക്കുന്നു. സ്നേഹിതന്റെ ഉപദേശം സ്വീകരിക്കുകയാണ് എനിക്കു നല്ലത്. അതുകൊണ്ടു ഞാൻ അതുപ്രകാരം നടക്കുന്നു. അഥവാ ഒരു പക്ഷേ ആ വാക്കു തെററി നടന്നാലും അതിന്നു വലിയ പ്രത്യവായം വരാനില്ല. അതുപോലെ പുരാണാദിവചനങ്ങളെ അനുസരിക്കുന്നതിൽ വേദത്തിന്റെ കാൎയ്യത്തിലെപ്പോലെ കഠിനനിർബ്ബന്ധമില്ല. കാവ്യം ചെയ്യുന്നതായ കൃത്യാകൃത്യോപദേശം ഇതുപോലെയുമല്ല. അത് ഒരു ഭാൎയ്യ ഭൎത്താവിനോടു ഉപദേശം ചെയ്യുന്നതുപോലെയാകുന്നു. ഭാൎയ്യ തനിക്കെന്തെങ്കിലും ഒരു കാൎയ്യം സാധിക്കേണ്ടതുണ്ടെങ്കിൽ സരസങ്ങളായ ഭാവങ്ങളെക്കൊണ്ട് തന്റെ ഇംഗിതത്തെ ഭൎത്താവിനോടറിയിച്ച് ഉപായത്തിൽ കാൎയ്യം ഒപ്പിക്കുന്നു. ഭാൎയ്യയുടെ കാൎയ്യം സാധിപ്പിക്കുന്നതിന്നു താൻ തന്നെ നിർബ്ബന്ധിക്കത്തക്ക വിധം അവളുടെ ചേഷ്ടകളാൽ ഭൎത്താവ് ആകൎഷിക്കപ്പെടുന്നു. ഇതുപ്രകാരം സരസശബ്ദാൎത്ഥഭാസുരവും വ്യംഗ്യപ്രധാനവുമായ കാവ്യം നമ്മുടെ മനസ്സിനെ രസിപ്പിച്ച് 'രാമാദികളെപ്പോലെ നടക്കുവിൻ. രാവണാദികളെപ്പോലെ ചെയ്യാതിരിപ്പിൻ' എന്നുപദേശിക്കുന്നു. ഇവിടെ ഒരു സംഗതി പ്രത്യേകം ധരിക്കേണ്ടതായിട്ടുണ്ട്. അഭിധ- ലക്ഷണ- വ്യഞ്ജന എന്ന മൂന്നു വൃത്തികളുടെ മഹിമയാൽ കിട്ടുന്ന വാച്യം, ലക്ഷ്യം, വ്യംഗ്യം എന്ന മൂന്നു വിധം അൎത്ഥത്തിന്നാണ് വേദാദികളിൽ ക്രമേണ

പ്രാധാന്യമുള്ളത്. വേദത്തിലെ ഉപദേശം വാച്യമായും പുരാണാദികളിലേതു ലക്ഷ്യമായും കാവ്യത്തിലേതു വ്യംഗ്യമായും ഇരിക്കും. ഇവയിൽ വേദപുരാണാദികളുടെ ഉപദേശമുണ്ടായിരുന്നാൽ കൂടി ചില രസികന്മാൎക്ക് അത്ര ഫലിക്കായ്കയാൽ അവരുടെ മനസ്സിനെ രസിപ്പിച്ചുംകൊണ്ട് തത്വോപദേശം ചെയ്യുവാനാണ് കാന്താസമ്മിതങ്ങളായ കാവ്യങ്ങൾ നിൎമ്മിച്ചിട്ടുള്ളത്. കയ്പുരസമായ ഔഷധം വ്യാധിശമനത്തിന്നു പററിയതാണെങ്കിലും രോഗികളായ ബാലന്മാർ ദുസ്സ്വാദു വിചാരിച്ച് അതു സേവിക്കാൻ മടിക്കുന്നു. അപ്പോൾ അവൎക്ക് ആ ഔഷധം ശൎക്കരയിൽ പൊതിഞ്ഞു കൊടുക്കുകയാണല്ലൊ പതിവ്. അതുപോലെ രസിപ്പിച്ചുംകൊണ്ടു തത്വോപദേശം ചെയ്യുകയാകുന്നു കാവ്യത്തിന്റെ ധൎമ്മം. ഇതുപ്രകാരം നോക്കിയാൽ കാവ്യം, അതിന്റെ അസാധാരണ ധൎമ്മത്താൽ മററുള്ളവയിൽനിന്നു വേർതിരിയുന്നു.

കെ. വി. എം.

---

## അനുകൂലചന്ദ്രമുഖർജി

കല്ക്കത്താ ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന ശംഭുനാഥപണ്ഡിതർ എന്ന മഹാനെപ്പോലെതന്നേ ഈ പ്രബന്ധത്തിന്റെ കഥാപുരുഷനായ അനുകൂലചന്ദ്രമുഖർജിയും വളരെ താണ സ്ഥിതിയിൽനിന്ന് ഏററവും ഉയൎന്ന പദവിയെ പ്രാപിച്ച ഒരു യോഗ്യപുരുഷനാണ്. കല്ക്കത്തയിലുള്ള വത്രയ്യഘട്ടം എന്ന ദിക്കിലെ ഒരു ശ്രേഷ്ഠകുഡുംബത്തിലാണ് അനുകൂലൻ ജനിച്ചുവളൎന്നത്. അനുകൂലന്റെ ജനനം ക്രിസ്ത്വാബ്ദം 1829-മാണ്ടിലായിരുന്നു. അനുകൂലന്റെ മുത്തച്ഛനായ വൈദ്യനാഥദിവാൻ കല്ക്കത്തയിൽ പ്രസിദ്ധികേട്ട ഒരാളായിരുന്നു. അനുകൂലന്റെ അച്ഛനായ ലക്ഷ്മീനാരായണൻ വൈദ്യനാഥനെപ്പോലെ യോഗ്യനായിരുന്നില്ല എങ്കിലും തന്റെ അച്ഛനിൽ നിന്ന് അയാൾക്കു വളരെ സ്വത്തു കിട്ടീട്ടുണ്ടായിരുന്നു. ലക്ഷ്മീനാരായണന് അഞ്ചു മക്കളുണ്ടായിരുന്നതിൽ അനുകൂലൻ നാലാമത്തെ പുത്രനായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ അനുകൂലൻ ഒരു മുൻഷിയുടെ കീഴിൽ പാരസ്യഭാഷ പഠിക്കുകയും അതിൽ അസാമാന്യമായ നൈപുണ്യം സമ്പാദിക്കുകയും ചെയ്തു. പാരസ്യഭാഷ പഠിക്കുന്നതോടുകൂടി കുറച്ചു സംസ്കൃതവും ബംഗാളിയും പഠിച്ചു. എട്ടു വയസ്സായപ്പോൾ അനുകൂലൻ ഗോവിന്ദബൈശാഖന്റെ ഇംഗ്ലീഷ് സ്കൂളിൽ പഠിപ്പാൻ തുടങ്ങി. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ അനുകൂലൻ ആ സ്കൂൾ വിട്ടു ഹിന്തുകാളേജിലേയ്ക്കു പഠിപ്പാൻ പോയി. അനുകൂലൻ പഠിപ്പിൽ വളരെ ജാഗ്രതയുള്ളവനായിരുന്നു. അനുകൂലന്റെ സാമൎത്ഥ്യത്താൽ അയാൾക്ക് ഒരു സ്കോളൎഷിപ്പു കിട്ടി. എന്നാൽ അനുകൂലന്റെ മൂത്ത ജ്യേഷ്ഠൻ അച്ഛനിൽനിന്നു ലഭിച്ച

ധനം മുഴവനും ധ്വംസനം ചെയ്തു മുടിച്ചതുകൊണ്ടു് അനുകൂലന്റെ കുഡുംബത്തിന്റെ സ്ഥിതിയ്ക്കു വലുതായ ഒരു മാററം നേരിടുന്ന സംഭവിയ്ക്കുകയും തന്നിമിത്തം അനുകൂലനു തന്റെ സ്കൂൾപഠിപ്പു നിൎത്തിവെക്കുകയും ചെയ്തു. ഇപ്രകാരം സ്കൂൾ പഠിപ്പു വിട്ടതിന്റെ ശേഷം അനുകൂലൻ ഒരു ഉദ്യോഗം കിട്ടാൻ ശ്രമിച്ചു. എന്നാൽ അക്കാലത്തു് ഒരു ഉദ്യോഗം കിട്ടാനുള്ള ഞെരുക്കം ഇത്രയെന്നു പറയാൻ പാടില്ലായിരുന്നു. വളരെ ദീൎഘപ്രയത്നം ചെയ്തതിന്റെ ശേഷം അനുകൂലനു ഹൌറാമജിസ്ത്രേട്ടു കോടതിയിൽ നാജരുടെ പണി കിട്ടി. അഞ്ചു കൊല്ലത്തോളം അയാൾ നാജരുടെ പണി നോക്കി. ചെറുപ്പക്കാരനായ അനുകൂലന്റെ പ്രവൃത്തിസാമൎത്ഥ്യവും ജാഗ്രതയും കണ്ടു് അയാളുടെ മേലുദ്യോഗസ്ഥന്മാർ വളരെ സന്തോഷിച്ചു. അവർ മജിസ്ത്രേട്ടുജോലി വിട്ടുപോകുമ്പോൾ അനുകൂലനു വളരെ നല്ല സർട്ടിഫിക്കറുകൾ കൊടുത്തിരുന്നു.

അനുകൂലന്റെ കുഡുംബത്തിന്റെ ക്ഷേമതല്പരനും സദർകോട്ടിലെ ജഡ്ജിയുമായിരുന്ന സർ ആൎതർ ക്രോമ്പി സായ്വിന്റെ ഉപദേശപ്രകാരം ജോലിയിൽ പ്രവേശിച്ചു നാലാംകൊല്ലത്തിൽ അനുകൂലൻ നിയമം പഠിക്കുവാൻ തുടങ്ങി. തന്റെ ജോലിത്തിരക്കകഴിഞ്ഞു പഠിക്കാൻ വളരെ കുറച്ചുസമയം മാത്രമെ ഉണ്ടായിരുന്നുള്ളു. എങ്കിലും ഉള്ള സമയം അനുകൂലൻ നല്ലവണ്ണം ഉപയോഗിച്ചു. ൧൮൫൭ാമാണ്ടിലെ നിയമപരീക്ഷയിൽ അനുകൂലൻ രണ്ടാമനായി ജയിച്ചു. അയാളുടെസ്നേഹിതനായ ആശുതോഷ ചൌധരിയായിരുന്നു ഒന്നാമൻ. പരീക്ഷയിൽ ജയിച്ചു് ഏറെത്താമസിയാതെ അനുകൂലൻ സദർകോർട്ടിൽ വക്കീലായിപ്രവൃത്തിയ്ക്കാൻ തുടങ്ങി. അനുകൂലനു കുറേശ്ശ കേസ്സുകളും കിട്ടിത്തുടങ്ങി. ആശുതോഷചൌധരിയും അനുകൂലനും ഒന്നിച്ചാണു് ജോലി എടുത്തിരുന്നതു്. അനുകൂലന്റെ യഥാൎത്ഥമായ യോഗ്യത കണ്ടു് അന്നത്തെ വക്കീലന്മാരുടെ ഇടയിൽ പ്രഥമഗണനീയനും അതി പ്രസിദ്ധനുമായ രാമപ്രസാദറായി അനുകൂലനു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും കക്ഷികളുമായി പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

ക്രിസ്ത്വാബ്ദം ൧൮൬൨-ൽ സദർകോടതിയും സുപ്രീംകോടതിയുംകൂടി ഒന്നാക്കി ഇപ്പോഴത്തെ ഹൈക്കോടതിയാക്കപ്പെട്ടു. ഇതിനുമുമ്പു ഉർദ്ദുഭാഷയാണു് കോടതികളിൽ ഉപയോഗിച്ചുവന്നിരുന്നതു്. അതുമാറി ഹൈക്കോടതിയിൽ ഇംഗ്ലീഷുഭാഷ ഉപയോഗിക്കേണമെന്നു തീൎച്ചപ്പെടുത്തി. ഈ ഏൎപ്പാടുനിമിത്തം മുമ്പു വളരെ കേസ്സുകളുണ്ടായിരുന്ന ക്രൂഷ്ണകിശോരഘോഷൻ അമീർ അലി ഇവൎക്കു കേസ്സുകൾ ചുരുങ്ങിവശായി. പുതുതായി നിയമിക്കപ്പെട്ട ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി രാമപ്രസാദറായിയെ നിശ്ചയിച്ചു. എന്നാൽ പെട്ടെന്നു അദ്ദേഹത്തിനു അകാലമൃത്യു വന്നതിനാൽ അദ്ദേഹത്തിനു ജഡ്ജിയായി കേസ്സുകൾ വിചാരണചെയ്വാൻ സാധിച്ചില്ല. പിന്നെ രാമപ്രസാദറായിക്കു കൊടുക്കാൻ നിശ്ചയിച്ചിരുന്ന ജഡ്ജിപ്പണി ശംഭുനാഥപണ്ഡിതൎക്കു കൊടുക്കപ്പെട്ടു. അതുനിമിത്തം അനുകൂലന്റെ സ്ഥിതി മുമ്പിലത്തെക്കാൾ നന്നായി. പിന്നെ ൧൮൬൨ൽ

ശംഭുനാഥപണ്ഡിതർ മരിച്ചപ്പോൾ ദ്വാരകനാഥമിത്രൻ ജസ്റ്റിസ്ഥാനത്തേയ്ക്കു നിയമിക്കപ്പെട്ടു. അപ്പോൾ അനുകൂലന്റെ ജോലിത്തിരക്കു ഇരട്ടിച്ചു. വക്കീൽപണിസംബന്ധമായ ഉന്നതിയ്ക്കുപുറമെ അനുകൂലന്നു പല ബഹുമതികളും സിദ്ധിച്ചു. ൧൮൬൭-ാമാണ്ടു ഫിബ്രവരിമാസം പന്ത്രണ്ടാംതിയ്യതി അനുകൂലൻ കല്ക്കത്താ സൎവ്വകലാശാലയിലെ ഒരു സാമാജികനായിനിയമിക്കപ്പെട്ടു. അതുകഴിഞ്ഞു ൧൭ ദിവസത്തിന്നുള്ളിൽ അദ്ദേഹത്തിനെ നിയമസമാജത്തിലെ ഒരംഗമായി നിശ്ചയിച്ചു. ൧൮൬൮-ാമാണ്ടു ഡിസെമ്പ്രമാസം ൨൪-ാം തിയ്യതി അനുകൂലൻ ജൂനിയർ ഗവൎമ്മേണ്ടുവക്കീലായി നിയമിക്കപ്പെട്ടു. ഈ കാലംകൊണ്ടു അനുകൂലൻ വക്കീലന്മാരുടെ എടയിൽ പ്രധാനിയായിത്തീൎന്നു. ഈ ഘട്ടത്തിൽ അനുകൂലനും മരിച്ചുപോയ മനോമോഹനഘോഷനും ഒന്നിച്ചു ഒരു കേസ്സിൽ ഏൎപ്പെട്ടിട്ടുണ്ടായിരുന്നു. അതിൽ ആൎക്കാണ് പ്രാധാന്യത എന്ന സംഗതിയെപ്പററി തൎക്കംവന്നതിനാൽ അതിനെപ്പററി ൧൮൬൯ൻ മാൎച്ച് ൧൨-ാംനു- ജസ്റ്റിമാർ അവരുടെ വാഗ്വാദം കേൾക്കുകയും വാദം മനോമോഹനഘോഷന്നു അനുകൂലമായി തീൎച്ചപ്പെടുത്തുകയും ചെയ്തു. ഈ തീൎച്ചനിമിത്തം അനുകൂലന്നു വളരെ സുഖക്കേടുള്ളതായി ജസ്റ്റിമാൎക്കു തോന്നിയതിനാൽ കന്നാംജസ്റ്റി പിറേറദിവസംതന്നെ അനുകൂലനെ ഹൈക്കോടതിയിലെ അഡ്വൊക്കേററായി നിശ്ചയിക്കാമെന്നു ഒരു എഴുത്തു അനുകൂലന്നു അയച്ചുകൊടുത്തു. എന്നാൽ അനുകൂലൻ തനിക്കു അതു ആവശ്യമില്ലെന്നു ആദരവോടുകൂടി കന്നാംജസ്റ്റിയെ അറിയിക്കുകയും ചെയ്തു.

ശംഭുനാഥൻ ജസ്റ്റിയായതിന്റെശേഷം സീനിയർ ഗവൎമ്മേണ്ടു വക്കീലിന്റെ ജോലി നോക്കിയിരുന്ന ബാബുകൃഷ്ണഘോഷൻ ൧൮൬൮ാമാണ്ടിന്റെ ആദ്യത്തിൽ മരിച്ചപ്പോൾ ആ ജോലിയ്ക്കു് അനുകൂലനെ നിശ്ചയിച്ചു. മാൎച്ചമാസം ൯-ാംനു- അപ്പോഴത്തെ ലഫ്ടനന്റ് ഗവൎണ്ണരായ സർ രോവഴ്സ് തോംസൻ അനുകൂലനെ ബങ്കാൾ നിയമനിൎമ്മാണസഭയിലെ ഒരംഗമായി നിശ്ചയിച്ചു. ഹൈക്കോടതി വക്കീലന്മാരുടെ കൂട്ടത്തിൽ ആദ്യമായി നിയമനിൎമ്മാണസഭയിലെ മെമ്പർസ്ഥാനം ലഭിച്ചത് അനുകൂലന്നായിരുന്നു. എന്നാൽ ഉടനെതന്നെ അനുകൂലനെ ഹൈക്കോടതി ജസ്റ്റിപ്പണിക്കു വെക്കാൻ തീൎച്ചയാക്കിയതുകൊണ്ടു അദ്ദേഹത്തിന്നു നിയമനിൎമ്മാണസഭയിലെ മെമ്പർസ്ഥാനം രാജിവെക്കേണ്ടിവന്നു. ഇപ്രകാരം ൧൭ കൊല്ലംമാത്രം വക്കീൽപണിയിലിരുന്നു ജസ്റ്റിസ്ഥാനം പ്രാപിച്ച ഇദ്ദേഹത്തിന്നു യഥാൎത്ഥമായും അസാധാരണമായുമുള്ള യോഗ്യതയുണ്ടെന്നു ആൎക്കും സമ്മതിക്കാതെ കഴിയുന്നതല്ല. ഡിസമ്പർമാസം ൧൬-ാംനു- അനുകൂലൻ ജസ്റ്റിയായി സത്യം ചെയ്യിക്കപ്പെട്ടു. പിറേറദിവസംമുതൽക്കു നമ്പറുകൾ വിചാരണചെയ്വാനും തുടങ്ങി. അനുകൂലന്റെ ഉന്നതിയെ അഭിനന്ദിച്ചുകൊണ്ടു അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ പലരും കത്തയച്ച കൂട്ടത്തിൽ വില്യം മാക്കർസ്ജി ജസ്റ്റിയും കത്തയച്ചിട്ടുണ്ടായിരുന്നു. അതു താഴെ പറയുംപ്രകാരമായിരുന്നു. 'സ്നേഹിതാ നിങ്ങളുടെ ഉന്നതിയെപ്പററി ഒരു അഭിനന്ദനപത്രം അയക്കാതെ കല്ക്കത്ത വിട്ടുപോവാൻ എനിയ്ക്കു മനസ്സുവരുന്നില്ല. നിങ്ങളെ ഈ പണിക്കു നിശ്ചയിച്ചതിൽ

ഞാൻ ഏററവും സന്തോഷിക്കുന്നു. നിങ്ങൾ ശരിയായി പ്രവൃത്തി എടുക്കുമെന്നും എനിക്കു നല്ല തീച്ചയുണ്ട്. എന്നു സ്നേഹിതൻ മാക്കർബി' അതിപ്രസിദ്ധനും അനുകൂലന്റെ സ്നേഹിതനുമായ ദ്വാരകനാഥമിത്രൻ ഇതിന്നുമുമ്പു തന്നെ ഹൈക്കോടതി ജഡ്ജിയായിരുന്നു. അനുകൂലന്റെ ഉന്നതിയെപ്പററി മഹാനായ ദ്വാരകനാഥൻ നിവ്യാജമായി സന്തോഷിക്കുകയും കൂടെക്കൂടെ തമ്മിൽ കാണാനും പരസ്പരസമ്മേളനത്തിന്നുമുള്ള സൌകര്യത്തിന്നുവേണ്ടി അനുകൂലനോടു തന്റെ വീട്ടിന്നടുത്തുതന്നെ താമസമാക്കാൻ നിർബ്ബന്ധിക്കുകയും ചെയ്തു. ഇപ്രകാരം ഈ രണ്ടു യോഗ്യന്മാരും സമീപവാസികളായി വളരെ ഐക്യത്തോടുകൂടി ജീവാവസാനംവരെ താമസിച്ചുവന്നു.

അനുകൂലൻ ജഡ്ജിപ്പണിയിലിരുന്നു വളരെ നല്ല പേർ സമ്പാദിപ്പാൻ തുടങ്ങി. എന്നാൽ അദ്ദേഹത്തിനു വളരെ കുറച്ചു കാലം മാത്രമെ ജഡ്ജിയായിരിക്കാൻ സംഗതിവന്നുള്ളു. ജഡ്ജിയായി എട്ടുമാസം കഴിഞ്ഞു ഉടനെ ഒരുദിവസം സാധാരണപോലെ അനുകൂലൻ കോടതിയിൽ പോവുകയും ഒരു കേസ്സിലെ വിധിന്യായം ഉച്ചരിക്കുകയും ചെയ്തു. പിന്നെ ടിഫിൻ കഴിക്കാൻവേണ്ടി അദ്ദേഹം തന്റെ മുറിയിലേക്കു പോയി. അപ്പോൾ എന്തോ അസംഗതിയായി സുഖക്കേടു തോന്നുകയാൽ തന്റെ സ്നേഹിതനായ ദ്വാരകനാഥനോടു വല്ല വിധത്തിലും തന്നെ വീട്ടിലേക്ക് എത്തിക്കേണമെന്ന് ആവശ്യപ്പെട്ടു. രണ്ടുമണിക്ക് അനുകൂലൻ സ്വന്തം വീട്ടിലെത്തി. അപ്പോൾതന്നെ ഒരിക്കൽ ധാരാളം മലശോധനയുണ്ടായി. അതുനിമിത്തം അനുകൂലനു വളരെ ക്ഷീണമായി. വീട്ടിന്റെ മുകളിലേക്കു കയറിപ്പോകാൻ വയ്യാതെ താഴത്തുതന്നെ കിടക്കേണ്ടിവന്നു. യോഗ്യന്മാരായ പല ഡാക്ടർമാരേയും ആളയച്ചുവരുത്തി. അതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. അനുകൂലനു സംസാരിക്കാൻ വയ്യാതായി. വൈകുന്നേരം ആറുമണിക്കു മരിച്ചുപോയി. 'ഹതവിധിപരിപാകഃ കേനവാ ലംഘനീയഃ' എന്നല്ലാതെ എന്താണ് പറയേണ്ടത്. 'ഈശ്വരന്മാരുടെ പ്രീതിഭാജനമായ ആളുകൾ ചെറുപ്പത്തിൽ മരിച്ചുപോകുന്നു' എന്ന് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. അത് എത്രയും ശരിയായിട്ടുള്ളതാണെന്നു തോന്നിപ്പോകുന്നു. അനുകൂലന്റെ ദീനം പക്ഷവാതമായിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിനു 42-ാമത്തെ വയസ്സു നടപ്പായിരുന്നു. ക്രിസ്ത്വബ്ദം 1871-ാമാണ്ട് ആഗസ്ത് മാസം 17-ാംനു-യാണ് അദ്ദേഹം ചരമഗതിയെ പ്രാപിച്ചത്. അനുകൂലൻ ഇങ്ങിനെ പൊടുന്നനവേ മരിക്കുമെന്ന് ആരുംതന്നെ വിചാരിച്ചിരുന്നില്ല. അതിനാൽ ശോചനീയമായ അദ്ദേഹത്തിന്റെ മരണവൃത്താന്തം കേട്ടപ്പോൾ സ്നേഹിതന്മാരും പരിചയക്കാരും ആശ്ചര്യചകിതന്മാരായി ഭവിച്ചു.

ഈ ദുഃഖവൃത്താന്തം ഹൈക്കോടതി ജഡ്ജിമാരെ അറിയിച്ചപ്പോൾ ഒന്നാം ജഡ്ജിയായ സർ റിച്ചർഡ് കൌച്ച് അനുകൂലന്റെ നേരെയുള്ള ബഹുമതിസൂചകമായി അന്നു കോടതിമുടക്കം ചെയ്തു. കോടതി പിരിയുന്നതിന്നു മുമ്പായി ഒന്നാംജഡ്ജി അനുകൂലന്റെ യോഗ്യതയെപ്പററി താഴെ പറയുംപ്രകാരം ഒരു പ്രസംഗം ചെയ്തു. 'അനുകൂലന്റെ മരണത്താൽ ഗവർമ്മേണ്ടിലേക്കു വളരെ ഉപയോഗമുള്ള ഒരു

ഉദ്യോഗസ്ഥനും തന്റെ പ്രവൃത്തിയിൽ വളരെ ശുഷ്കാന്തിയുള്ളവനും ഏററവും ശാന്തനും ന്യായതല്പരനും തന്റെ മുമ്പാകെ വരുന്ന വക്കീലന്മാർ, കക്ഷികൾ മുതലായവരുടെ നേരെ അത്യന്തം ദാക്ഷിണ്യശീലനും ആയ ഒരു ജഡ്ജിയും ഇല്ലാതായി എന്നു ഞാൻ നിസ്സംശയം പറയുന്നതോടുകൂടി എന്റെ കൂട്ടാളികളായ മററു ജഡ്ജിമാരും യോജിക്കുമെന്നതിന്ന് എനിക്കു ലേശം ശങ്കയില്ല. എന്നെ സംബന്ധിച്ചേടത്തോളം ഞാൻ ഈ രാജ്യത്തിൽ എത്തിയ മുതല്ക്കുതന്നെ അനുകൂലനുമായി പരിചയമാവുകയും അദ്ദേഹത്തിന്റെ യോഗ്യതകളെപ്പററി എനിക്കു വളരെ ബഹുമതി തോന്നുകയും ചെയ്തിട്ടുണ്ടു. ഞാൻ ഈ കോടതിയിൽ ആദ്യമായി വിചാരണ ചെയ്തുതുടങ്ങിയപ്പോൾതന്നെ അദ്ദേഹത്തിന്റെ ബുദ്ധിയുടെ വൈദഗ്ദ്ധ്യവും ഉപന്യാസശുദ്ധിയും കണ്ട് അത്ഭുതപ്പെട്ടു. ഒരു കേസ്സിനെ സംബന്ധിച്ചു അദ്ദേഹം പറയുന്ന സംഗതികളെ ജഡ്ജിമാർ ലേശം സംശയം കൂടാതെ വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധി ഏററവും സരളമായിരുന്നു. അദ്ദേഹം ഒരു കേസ്സിലെ സംഗതികളെ മാറ്റിവെയ്ക്കുകയോ തെററിദ്ധരിപ്പിക്കുകയോ യഥാർത്ഥസ്ഥിതിയേ അതിക്രമിച്ചു പറകയോ ഉണ്ടായിട്ടില്ല. വളരെ ധൈര്യവും സ്വാതന്ത്ര്യവും ഉള്ളവനായിരുന്നതുകൊണ്ടു നീതിന്യായപരിപൂർത്തിക്കുവേണ്ടിയും തന്റെ കക്ഷിയുടെ കാര്യസാദ്ധ്യത്തിനുവേണ്ടിയും കോടതി അദ്ദേഹത്തിന്നു വിരോധമായ അഭിപ്രായം എത്രതന്നെ ബലമായി പറഞ്ഞാലും കോടതിയുടെ അഭിപ്രായത്തിന്ന് എതിരായി വാദിപ്പാൻ അദ്ദേഹത്തിന്നു ലേശം കൂസലുണ്ടായിരുന്നില്ല. ഒരു സ്നേഹിതന്റെ നിലയിൽ അദ്ദേഹത്തിനെ അറിഞ്ഞിരുന്നവൎക്കെല്ലാം അദ്ദേഹത്തെപ്പററി വളരെ ബഹുമാനമുണ്ടായിരുന്നു. ഹിന്തുപെട്രിയററ് എന്ന പത്രം അനുകൂലനെപ്പററി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. 'അനുകൂല ചന്ദ്രൻ വക്കീലന്മാൎക്കും ജഡ്ജിമാൎക്കും ഒരു ഭൂഷണമായിരുന്നതിന്നു പുറമെ ജനസമുദായത്തിന്നും ഒരു ഭൂഷണമായിരുന്നു. അശേഷം നാട്യമില്ലാത്തവനും സുശീലനും പ്രസന്നഹൃദയനും കരുണാശീലനുമായ ഇദ്ദേഹം താണ സ്ഥിതിയിലിരുന്നു നാജരുടെ ജോലി നോക്കുന്ന കാലത്തും പിന്നീടു ഹൈക്കോടതി ജഡ്ജിയായി നീതിന്യായം നടത്തുന്ന കാലത്തും തന്റെ സ്നേഹിതന്മാരുടെ നേരെ യാതൊരു വ്യത്യാസവും കൂടാതെ ആചരിച്ചുപോന്നു.'

അനുകൂലൻ ആകൃതിയിൽ വളരെ സുന്ദരനായിരുന്നു. അദ്ദേഹത്തിന്റെ ആകൃതിവൈഭവം സകലരുടേയും മനസ്സിനെ വശീകരിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ വാഗ്വിലാസം അനതിശയനീയമായിരുന്നു. ഇത്രയൊക്കെ ഗുണമുള്ള ഇദ്ദേഹം നാട്ടുകാൎക്കുമാത്രമല്ല ഇദ്ദേഹമായി ഇടപഴകിയ സായ്വുമാൎക്കുകൂടി ഒരു പ്രീതിഭാജനമായി ഭവിച്ചതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. ഇദ്ദേഹം ഒരു പുരുഷരത്നമായിരുന്നു എന്നു നിസ്സംശയം പറയാവുന്നതാണ്. ഈ മഹാനുഭാവന്റെ പവിത്രമായ ചരിത്രം ജനങ്ങളുടെ ഓൎമ്മയിൽ ആചന്ദ്രതാരം നിലനില്ക്കട്ടെ എന്നുള്ള ആശംസയോടുകൂടി ഈ പ്രബന്ധത്തെ അവസാനിപ്പിക്കുന്നു.

കേകയൻ.

# സിലോണിൽ മതസ്ഥാപനം

സിലോൺ രാജ്യത്തിൽ ബുദ്ധമതം പ്രചരിച്ചത് അശോകചക്രവൎത്തിയുടെ കാലത്താണ്. അക്കാലത്തു സിലോൺ എന്ന ലങ്കാരാജ്യനിവാസികൾക്കു ബുദ്ധമുനിയെക്കുറിച്ചുണ്ടായ ഭക്തിബഹുമാനങ്ങളും അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അനശ്വരമായവിധത്തിൽ കൈക്കൊള്ളുന്നതിലേക്കു കാരണഭൂതങ്ങളായിത്തീൎന്ന ആശ്ചൎയ്യസംഭവങ്ങളും സ്മരണയിലെത്തുമ്പോൾ ഏതൊരുവനും സ്തംഭിച്ചുപോവാതിരിക്കയില്ല. രണ്ടായിരത്തിലധികം വൎഷങ്ങൾക്കുമുമ്പു കഴിഞ്ഞ ആ കഥകൾ അത്രമേൽ ഹൃദയംഗമങ്ങളാകുന്നു.

ശാക്യവംശജനായ സിദ്ധാൎത്ഥഭഗവാൻ ഏതൊരു വൃക്ഷത്തിന്റെ ചുവട്ടിലിരുന്നു ബുദ്ധപദത്തെ പ്രാപിച്ചുവോ ആ പുണ്യവൃക്ഷം അന്നു ശാഖോപശാഖകളോടുകൂടി ശോഭിച്ചിരുന്നു. ലങ്കാദ്വീപിൽ ഉണ്ടായിത്തീൎന്ന ചുരുക്കം ചില ഭിക്ഷുക്കളുടെ പ്രതിനിധിയായ 'മഹിന്ദൻ' ചക്രവൎത്തിയെ ചെന്നു കണ്ടു ഭഗവാൻ ആശ്രയിച്ചിരുന്നതായ ആ ബോധി(വട)വൃക്ഷത്തിന്റെ വലത്തേ കൊമ്പു ലങ്കയിലേക്കു തന്നയക്കണമെന്നും ഒരുമിച്ചു വിദുഷീശിരോമണിയും ചക്രവൎത്തിയുടെ പുത്രിയുമായ 'സംഘമിത്തയെ' കൂടി അയക്കണമെന്നും അപേക്ഷിച്ചു. അശോകൻ തന്റെ മകളോടു വിവരമറിയിച്ചപ്പോൾ അവൾ ലങ്കയിലേക്കു പോവാമെന്നു സമ്മതിക്കുകയും ചക്രവൎത്തി യാത്രയയക്കേണ്ടതിന്നായുള്ള ഒരുക്കങ്ങൾ കൂട്ടുകയും ചെയ്തു.

പാടലിപുത്രത്തിലുള്ള പുരോഹിതന്മാരെയെല്ലാം ചക്രവൎത്തി ക്ഷണിച്ചുവരുത്തി വലിയൊരു സദ്യ കഴിച്ചു. അനന്തരം ബോധിവൃക്ഷത്തിന്റെ ശാഖയെ സിലോണിലേക്കു കൊണ്ടുപോകേണ്ടതിലേക്കു പ്രധാന പുരോഹിതനോടു സമ്മതം ചോദിച്ചതിൽ അദ്ദേഹം സമ്മതിക്കയാൽ അശോകൻ അതിലേക്കുള്ള കൎമ്മങ്ങൾ തുടങ്ങി. തന്റെ രാജധാനിയിൽനിന്നു ബോധിവൃക്ഷത്തിലേക്കുള്ള നൂററിപന്ത്രണ്ടുനാഴിക വഴി മുഴുവനും വെടുപ്പും ശുദ്ധിയും വരുത്തി ശീലകൾകൊണ്ടും തോരണാദികൾകൊണ്ടും അലങ്കരിപ്പിച്ചു. അനന്തരം വൃക്ഷശാഖ വെയ്ക്കുവാൻ ഒരു സ്വൎണ്ണക്കുട് ഉണ്ടാക്കാൻ 'വിസ്സുകമ്മ' എന്ന ശില്പിവൎയ്യനോടു ആജ്ഞാപിച്ചു. ആയാൾ ഉടനെ ഒരു പെട്ടി ഉണ്ടാക്കി. അതു പതിന്നാലടി നീളത്തിലും മദ്ധ്യരേഖ എട്ടിഞ്ചുള്ളതുമായിരുന്നു. അശോകചക്രവൎത്തി ആ പെട്ടിയെടുപ്പിച്ച് അസംഖ്യം സേനകളോടും സകല പുരോഹിതന്മാരോടും ചേൎന്നു ബോധിവൃക്ഷത്തിന്നരികിലേക്കു യാത്രയായി. അവിടെ എത്തിയതിന്നുശേഷം ജനങ്ങളെല്ലാംകൂടി വൃക്ഷത്തിന്നു പ്രദക്ഷിണം ചെയ്തു ചുററും വലിയൊരു മണ്ഡലാകാരമായി നിന്നു. ചക്രവൎത്തിയും കൂട്ടത്തിൽ നിന്നിരുന്നു. അദ്ദേഹം കൈകൾ കൂപ്പിക്കൊണ്ടു വൃക്ഷത്തെ നോക്കി വൃക്ഷത്തിൽനിന്നു ഒരു ശാഖ തനിക്കെടുക്കത്തക്കവണ്ണം ഒരു സൂചനം കാണിക്കണമെന്നു ഭക്തിപൂൎവ്വം അപേക്ഷിച്ചു. ഉടനെ അവിടെ നില്ക്കുന്നവൎക്കെല്ലാം ആശ്ചൎയ്യമാകത്തക്കവണ്ണം വൃക്ഷം അവരുടെ മുമ്പിൽനിന്നു മറഞ്ഞു. എന്നാൽ ഒരു കൊമ്പു മാത്രം അവൎക്കു കാ

ചേരത്തക്കവണ്ണം ശേഷിച്ചുനിന്നിരുന്നു. അതുകൊണ്ടു ആ കൊമ്പ് എടുക്കാമെന്നു വെളിവായല്ലോ. അശോകൻ അതിന്നുശേഷം ബോധിവൃക്ഷത്തിന്നു പുഷ്പാഞ്ജലി മുതലായ അനേകം ബലികൾ ചെയ്കയും പ്രദക്ഷിണം വെച്ച് അതിന്റെ ചുററും അഷ്ടദിക്കുകളിൽ നമസ്കരിക്കയും ചെയ്തു. പിന്നെ ഒരു സ്വർണ്ണപീഠം വരുത്തി താൻ കയ്യിൽ സ്വർണ്ണംകൊണ്ടുള്ള ഒരു തൂടപ്പു ചട്ടകവുമായി പീഠത്തിന്മേൽ കയറി ചട്ടകത്തിന്മേൽ ചുകന്നചായമുണ്ടാക്കി വൃക്ഷശാഖയുടെ ചുററും പ്രദക്ഷിണമായി തേച്ചശേഷം ഇങ്ങിനെ പ്രാർത്ഥിച്ചു. 'ഇതു മഹാബോധിവൃക്ഷത്തിൽനിന്നു പിരിഞ്ഞ ശാഖയാണെങ്കിൽ ലങ്കാദ്വീപിലേക്കു കൊണ്ടുപോകത്തക്കവണ്ണം ഇതു സ്വർണ്ണപ്പെട്ടിയിൽ പകരുകയും ബുദ്ധമതത്തെക്കുറിച്ച് എനിക്കുള്ള പ്രതിപത്തിക്ക് ഇളക്കം വരാതിരിക്കകയും ചെയ്യട്ടെ.' പ്രാർത്ഥന കഴിഞ്ഞശേഷം രാജാവും പുരോഹിതന്മാർ തുടങ്ങിയുള്ള മററു ജനങ്ങളും കാണത്തക്കവിധം ആ ബോധിശാഖ 'വിശ്വകർമ്മ' നിർമ്മിതമായ സ്വർണ്ണംകൊണ്ടുള്ള ആ ഉറയിലേക്കു പകർന്നു. ചട്ടകംകൊണ്ടു മണ്ഡലാകാരമായ വര വരഞ്ഞ ദിക്കിലാണ് ശാഖ നിന്നത്. അനന്തരം മൂന്നിഞ്ചു അകലെയായി ഒമ്പതു വരകൾ കൂടി ആ കൊമ്പിന്മേൽ വരഞ്ഞു. അതോടുകൂടി ഓരോ വരകൾക്കിടയിൽ പതിപ്പത്തു വേരുകൾ ശാഖയിൽനിന്നു പാത്രത്തിലേക്കിറങ്ങി ഉറയ്ക്കുകയും ചെയ്തു. സുഗന്ധതൈലങ്ങളും മണ്ണും ആ പാത്രത്തിൽ നിറഞ്ഞിട്ടുമുണ്ടായിരുന്നു. ഇതെല്ലാം കണ്ടുകൊണ്ടു ആശ്ചര്യഭരിതനായി പീഠത്തിന്മേൽ നില്ക്കുന്ന അശോകചക്രവത്തി 'സാധു' 'സാധു' എന്നിങ്ങിനെ ആർത്തുവിളിച്ചതോടുകൂടി അനേകായിരം ജനങ്ങളുടെ ആർപ്പുവിളി ആ ദിക്കിലെല്ലാം മുഴങ്ങിയിരുന്നു.

പുതുതായി വേരുന്നിയ ആ വൃക്ഷശാഖയിൽനിന്ന് ആറു വർണ്ണങ്ങൾ പുറത്തേയ്ക്കു മിന്നുകയും ആ ശാഖ മേല്പോട്ടു വളർന്നപ്പോൾ അതിൽ മേഘങ്ങൾ മുട്ടിനില്ക്കയും ചെയ്തു. അങ്ങിനെ ഏഴുദിവസം അവിടെ ഉറയ്ക്കുകയാണുണ്ടായത്. ആ ദിവസങ്ങളിൽ അശോകചക്രവത്തി ബോധിവൃക്ഷത്തിന്റെ അരികിൽതന്നെ ഇരുന്നു. ഏഴുദിവസം കഴിഞ്ഞശേഷം അതിന്മേൽ തങ്ങിയ മേഘങ്ങളെല്ലാം കഴിഞ്ഞുപോയി ശാഖയിൽനിന്നു ചന്ദ്രികപോലെയുള്ള വെളുത്ത രശ്മി പ്രവഹിച്ചുതുടങ്ങി. അങ്ങിനെയും ഏഴുദിവസങ്ങൾനിന്നു. ആ ദിവസങ്ങളിലെല്ലാം രാജാവും പുരോഹിതന്മാരും മററും വൃക്ഷത്തെ പൂജിച്ചുകൊണ്ടുതന്നെ കഴിച്ചുകൂട്ടുകയാണുണ്ടായത്. പിന്നെ ശാഖയുറച്ച ആ സ്വർണ്ണച്ചെടി ഒരു കാഞ്ചനരഥത്തിൽ കയററി ഘോഷയാത്രയായി കൊണ്ടുപോകയും തോരണാദികളാലും മററും അലങ്കരിച്ചിരുന്ന തന്റെ തലസ്ഥാനനഗരിയാകുന്ന പാടലിപുത്രത്തിലെത്തിക്കുകയും ചെയ്തു. ചക്രവത്തിയാകട്ടെ; അവിടെ രാജധാനിയുടെ പൂർവ്വഭാഗത്തുള്ള ഒരു സാലവൃക്ഷത്തിന്റെ ചുവട്ടിൽ അത് ഇറക്കിവെച്ച് ദിനംപ്രതി അനേകവിധം ബലിപൂജാകർമ്മാദികൾ ചെയ്തുകൊണ്ടിരുന്നു. ഏഴാംദിവസം ആ ശാഖയിൽ പുതുതായി തളിരുകൾ ഉണ്ടായി കാൺകയാൽ അശോകചക്രവത്തി അതു ലങ്കാരാജ്യത്തിലേയ്ക്കു കൊണ്ടുപോവാനുള്ള യോഗ്യസമയം അതുതന്നെയാണെന്നുറച്ച് അതിന്നായി ഉദ്യമിച്ചു. തന്റെ വിശേഷ

മായ കപ്പൽ ഭംഗിയായലങ്കരിച്ചു ഗംഗാനദിയിലിറക്കി. ബോധിശാഖയുടെ ഒരുമിച്ചു തന്റെ മകൾ 'സംഘമിത്ത' പോകുന്നതുകൂടാതെ രാജവംശത്തിൽ ജനിച്ച പതിനെട്ടാളുകളേയും പ്രഭുവംശജന്മാരായ പതിനെട്ടുപേരെയും എട്ടു ബ്രാഹ്മണരെയും എട്ടു വൈശ്യരെയും കാവലായി നിയമിച്ചതിനു പുറമെ എട്ടു സ്വർണ്ണപാത്രങ്ങളും എട്ടു വെള്ളിപ്പാത്രങ്ങളും കൊടുത്തു ചില താണ ജാതിക്കാരെ ബോധിശാഖ നനസ്സുവാനായും നിയമിച്ചിരുന്നു. സംഘമിത്തയുടെ ഒരുമിച്ചു പതിനൊന്നു ഉപാദ്ധ്യായിനിമാരുണ്ടായിരുന്നു. അവർക്കെല്ലാം പുറമെ 'അരിത്ഥ' എന്ന മന്ത്രിയും ഭാഗത്തിൽ ചേന്നു. ഇവരെല്ലാം ചേന്നിരിക്കുന്ന അതിമനോഹരമായ ജലയാനം തിരമാലകളാകുന്ന കൈകളിൽ എതിരേല്ക്കുന്ന ഇന്ത്യൻസമുദ്രത്തിലെത്തി. അതിന്നിടയിൽ അഞ്ചു നിറങ്ങളോടുകൂടിയ താമരപ്പൂക്കൾ ബോധിശാഖയുടെ ചുറ്റും വിടന്നു ശോഭിച്ചിരുന്നു. ഉപരിഭാഗത്തിൽ വിമാനാരൂഢന്മാരായി മനോജ്ഞഗാനം ചെയ്തുപോകുന്ന ദേവന്മാരുടെ പുഷ്പവർഷം എത്രസമയവും ശാഖമേൽ പതിച്ചിരുന്നു. സമുദ്രത്തിൽവെച്ചു ബോധിശാഖയെ അപഹരിക്കാനായി ചില നാഗരാജാക്കന്മാർ യത്നിക്കയുണ്ടായെങ്കിലും കപ്പലിലിരിക്കുന്നവരും സിദ്ധിയും അർഹതയുമായ പുരോഹിതശ്രേഷ്ഠയുടെ മാഹാത്മ്യത്താൽ ഗരുഡരൂപം അവിടെ പ്രത്യക്ഷപ്പെടുകയും അതു കണ്ടു ഭയപ്പെട്ടു നാഗങ്ങൾ പിൻമാറുകയുമുണ്ടായി. ഗരുഡവിഗ്രഹം മറഞ്ഞതിന്നുശേഷം നാഗങ്ങൾ പിന്നെയും വന്നു ആ ബോധിശാഖ ഏഴു ദിവസത്തേക്കു തങ്ങളുടെ രാജ്യത്തിൽവെച്ചു പൂജിപ്പാൻ സമ്മതം കൊടുക്കേണ്ടതിന്നു സംഘമിത്തയോടപേക്ഷിച്ചപ്പോൾ അവരിൽനിന്നു മടങ്ങിക്കിട്ടാതിരിക്കയില്ലെന്നു ധൈര്യമുള്ളതിനാൽ അവൾ അനുവദിക്കയാണുണ്ടായത്. അതിന്നുശേഷം ബോധിശാഖ കപ്പലിലുള്ളവർക്കു കാണാതായി. ഏഴു ദിവസം കഴിഞ്ഞശേഷം അതു വീണ്ടും മുൻസ്ഥിതിയിൽ തന്നെ കാണപ്പെടുകയും ചെയ്തു.

ബോധിശാഖ പ്രത്യക്ഷപ്പെട്ട ദിവസം തന്നെ യാത്രക്കാർക്കു ലങ്കയുടെ കരപ്പുറം കാണാമെന്നു നിലയായി തുടങ്ങി. ബോധിശാഖ ഉടനെ എത്തുമെന്നായി മഹീന്ദ്രൻ മുൻകൂട്ടി അറിയിച്ചിട്ടുള്ളതിനാൽ ലങ്കയിലെ 'തിസ്സ' എന്ന രാജാവ് ശാഖയുടെ ആഗമനത്തെ പ്രതീക്ഷിച്ചു സമുദ്രക്കരയിൽ നില്ക്കുന്നുണ്ടായിരുന്നു. രാജാവിന്നു പുറമെ മഹിന്ദൻ, സാമനെര, സുമന മുതലായ മഹാന്മാരുമുണ്ടായിരുന്നു. കപ്പൽ കരയ്ക്കടുത്തപ്പോഴെയ്ക്കും സന്തോഷാകുലനായ തിസ്സ, മഹാരാജാവ് ബുദ്ധഭഗവാൻ ബുദ്ധപദം പ്രാപിച്ച സ്ഥലത്തുള്ള ബോധിവൃക്ഷത്തിന്റെ ശാഖ എന്നു ഉറക്കെ ഉച്ചരിച്ചുകൊണ്ടു വെള്ളത്തിലിറങ്ങി കപ്പൽ പിടിച്ചു കരയ്ക്കടുപ്പിച്ചു.

കരയിൽ വിശേഷപ്പെട്ട ഒരു കെട്ടിടം പണിയിച്ചിട്ടുണ്ടായിരുന്നതിൽ കപ്പലിൽനിന്നു ബോധിശാഖ കൊണ്ടുവെച്ച് അനേകവിധം പൂജകൾ ചെയ്തു. 'തിസ്സ' രാജാവ് ക്ഷത്രിയനായി തന്റെ രാജ്യം മുഴുവനും ആ പുണ്യശാഖയ്ക്കായി സമർപ്പിക്കുകയാണ് ആദ്യമായി ചെയ്തത്. അന്നുമുതൽ മൂന്നു ദിവസം മുഴുവനും രാജാവു മുതലായവർ പുണ്യശാഖയെ സേവിച്ചുകൊണ്ടു സമുദ്രതീരത്തിൽ തന്നെ പാർക്കയുമ

ണ്ടായി. പിന്നെ വിശേഷമായ ഒരു രഥത്തൊ വരുത്തി 'ബോധിശാഖ' അതിൽ വെച്ചു 'തിസ്സ' രാജാവും മററും തേർനടത്തി വലിയൊരു ഘോഷയാത്ര ചെയ്തു. വഴിയിൽ മുമ്പേ പാർത്തിരുന്ന പല ബുദ്ധന്മാരുടെയും പ്രതിമകളുള്ളവയ്ക്കു മുമ്പിലെത്തുമ്പോൾ യാത്ര നിർത്തുകയും പുണ്യശാഖയ്ക്കായി പലരും ചെയ്യുന്ന പൂജകളെ സ്വീകരിക്കുകയും ചെയ്തുകൊണ്ടു പതിന്നാലാം ദിവസം പ്രധാന പട്ടണത്തിലെത്തിച്ചേർന്നു. പട്ടണം അതിമനോഹരമായി അലങ്കരിച്ചിരുന്നു. വടക്കെ ഗോപുരം കടന്നു നഗരം ചുററി തെക്കെ ഗോപുരത്തിന്നു പുറത്തുള്ള 'മഹാമേഘ'മെന്ന ഉദ്യാനത്തിലേയ്ക്കാണു് ഘോഷയാത്രയുണ്ടായതു്. ഉദ്യാനത്തിൽ ഒരു സ്ഥലം ഏററവും പരിഷ്കൃതരീതിയിൽ ഏർപ്പെടുത്തിയിരുന്നു. തിസ്സരാജാവു, മഹിന്ദൻ മുതലായവരോടുകൂടി ശുഭസമയത്തിൽ ആ പുണ്യശാഖയെ തേരിൽനിന്നിറക്കുകയും അതിന്നായേർപ്പെടുത്തിയ സ്ഥലത്തു വെയ്ക്കുകയും ചെയ്തു.

അനന്തരം ബോധിശാഖ ഉടനെ മേല്പോട്ടു് വളർന്നു് ഏററവും ഉയർന്നുനിന്നു. ജനങ്ങളുടെ ദൃഷ്ടിയെ ആകർഷിക്കത്തക്കവിധം പഞ്ചവർണ്ണത്തിലുള്ള ഒരു പരിവേഷം അതിന്റെ നാലുഭാഗത്തും കാണപ്പെട്ടു. അന്നു സൂര്യനസ്തമിച്ചശേഷം ആ ശാഖ താഴത്തുതന്നെ വന്നു ഭൂമിയിൽ നില്ക്കുകയും സ്വർണ്ണപ്പെട്ടിയിലെയ്ക്കിറങ്ങിയ വേരുകളെല്ലാം അതിൽനിന്നു പുറത്തെയ്ക്കു പ്രവേശിച്ചു് ആരുടെയും സഹായംകൂടാതെ ഭൂമിയിൽ ഊന്നുകയും ചെയ്തു. ജനങ്ങളെല്ലാം ആശ്ചര്യങ്ങൾ നോക്കിക്കൊണ്ടു ചുററും നില്ക്കുക മാത്രമാണു് ചെയ്തതു്. അതിന്നുശേഷം ഒരു കാററും മഴയുമുണ്ടായി. തൽക്ഷണം വൃക്ഷം ജനങ്ങളുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞു. എന്നാൽ അതുകൊണ്ടു് അവരാരും നിരാശപ്പെട്ടില്ല. ദേവന്മാർ ആ വൃക്ഷത്തിന്മേൽ ശ്രദ്ധയിരുത്തുന്നുണ്ടെന്നു ബോധപ്പെട്ടു സന്തോഷിക്കയാണുണ്ടായതു്. ഏഴു ദിവസം കഴിഞ്ഞശേഷം മേഘങ്ങൾ നീങ്ങി വൃക്ഷം ജനങ്ങൾക്കു പ്രത്യക്ഷപ്പെടുകയും ചെയ്തു. അതിന്നുശേഷം മഹിന്ദൻ, രാജാവു്, സംഘമിത്ത എന്നിവരും അവരുടെ അനുചരന്മാരും ഉപാദ്ധ്യായന്മാരും ചേർന്നു ഒരു മഹോത്സവം കൊണ്ടാടി. അതിന്നിടയിൽ പല ആശ്ചര്യസംഭവങ്ങളും കാണപ്പെട്ടിട്ടുണ്ടായിരുന്നു.

ജനങ്ങൾ നോക്കിനില്ക്കുന്നതിന്നിടയിൽ ആ ചെറിയ വൃക്ഷത്തിന്റെ തെക്കെ ഭാഗത്തു ഒരു പഴുത്ത കായ് കാണപ്പെട്ടു. ഉടനെ അതു വീഴുകയും ചെയ്തു. മഹിന്ദൻ, വേഗത്തിൽ ചെന്നു് അതു പെറുക്കിയെടുത്തു രാജാവിന്റെ കയ്യിൽ കൊടുത്തു. തിസ്സരാജാവു് അതൊരു സ്വർണ്ണപാത്രത്തിലാക്കി മണ്ണും വാസനതൈലവും ചേർത്തു മൂടി. ഉടനെ പാത്രത്തിൽ എട്ടു തൈകൾ മുളച്ചുപൊങ്ങി. ആ തൈകൾ സമുദ്രത്തിൽനിന്നു മഹാമേഘവനത്തിലേയ്ക്കു ബോധിശാഖ കൊണ്ടുപോയ വഴിയിൽ പല ദിക്കിലുമായി നടുകയും ചെയ്തു.

രാജകല്പനപ്രകാരം ബോധിവൃക്ഷത്തിന്റെ ചുവട്ടിൽ നാലുഭാഗവും ഒതുക്കുകളോടുകൂടി അത്യന്തം കമനീയമായ വിധത്തിൽ ഒരു തറ കെട്ടിയുണ്ടാക്കി. അതു പല ലോഹങ്ങൾകൊണ്ടും രത്നങ്ങൾകൊണ്ടും അലങ്കരിച്ചിട്ടുമുണ്ടായിരുന്നു.

അത്ര മഹത്തരമായ ആ ബോധിവൃക്ഷം ലങ്കയിൽ ധർമ്മബോധം വിടാതിരിക്കുവാനും ധർമ്മത്തെക്കുറിച്ചു പ്രസംഗിക്കുന്ന

വൎക്ക സ്മൃതി വയവാനമായി അങ്ങിനെ അവിടെ ഉറച്ചുനില്ക്കുന്നു. അതിന്നുശേഷം രണ്ടായിരത്തിരുനൂറുകൊല്ലങ്ങൾ കഴിഞ്ഞിട്ടും ഇപ്പൊഴും ആ വൃക്ഷം (ബോധി) നശിക്കാതെ നില്ക്കുന്നുണ്ട്. ഇപ്പോഴതു് അതു നില്ക്കുന്ന സ്ഥലം ജനങ്ങളാൽ വന്ദിക്കപ്പെടുന്ന ഒരു കാവായിത്തീൎന്നിരിക്കുന്നു. എന്നാൽ ഈ കാലത്തുള്ളിൽ അതിന്റെ തായ്ത്തടിയും മറ്റും ആകൃതി തിരെ മാറിപ്പോയിട്ടുണ്ട്. എന്നാലും ചുരുക്കം ചില പടവുകളും മറ്റു ചില അവശേഷങ്ങളും ആ വൃക്ഷത്തിന്റെ പൌരാണികമഹത്വത്തെ നമുക്കറിയിപ്പാനായി ഇന്നും കാണാവുന്നതാണ്. ലോകത്തിൽവെച്ച് പ്രാചീനമായ ഈ വൃക്ഷം ബുദ്ധമതത്തിന്റെ ഉച്ചസ്ഥിതിയേയും അധഃപ്പതനത്തേയും നമുക്കറിയിപ്പാൻ മതിയായൊരു ലക്ഷ്യമാകുന്നു. അസംഖ്യം ബൌദ്ധഭിക്ഷുക്കൾ ഇരുന്നു ധ്യാനം ചെയ്ത സ്ഥാനങ്ങളായ അനേകം ഗൃഹങ്ങളെ ഇതിന്നു ചുഴലവും നഷ്ടശിഷ്ടങ്ങളായി കാണാം. അവ, ശത്രുക്കളുടെ കൈകളാൽ നശിപ്പിക്കപ്പെട്ടവയാണെന്നു മനസ്സിലാക്കാൻ പ്രയാസവുമില്ല. ഈ ബോധിരാജനെക്കുറിച്ചു വായിക്കുമ്പോൾ അശോകൻ, സംഘമിത്രാ, മഹിന്ദൻ, തിസ്സ മുതലായ മഹാന്മാരുടെ സ്മരണകൂടി ആധുനികന്മാൎക്കുണ്ടായിത്തീൎന്നാൽ അതുതന്നെ സുകൃതമായിട്ടാകുന്നതാണ്.

തേലപ്പുറത്ത് നാരായണനമ്പി.

---

## സുഭ. *

(൧)

കുട്ടിക്കു സുഭാഷിണി എന്നു പേരിട്ട സമയത്ത് അവൾ വലുതാവുമ്പോൾ മിണ്ടാൻ വയ്യാത്തവളായിത്തീരുമെന്ന് ആരാനും ശങ്കിച്ചിരുന്നോ? മൂത്ത രണ്ടു കുട്ടികൾക്കും ക്രമത്തിൽ സുകേശിനി എന്നും സുഹാസിനി എന്നുമാണ് ചേർത്തതു്; അച്ഛൻ അനുപ്രാസപ്രിയനായിരുന്നതിനാൽ ഒടുക്കത്തെ മകൾക്കു സുഭാഷിണി എന്നും പേരിട്ടു. ആളുകൾ അതു ലോപിച്ചു സുഭ എന്നു വിളിച്ചുവന്നിരുന്നു.

വളരെ അദ്ധ്വാനിച്ചു വരനെ അന്വേഷിച്ചുപിടിച്ചു വളരെ ദ്രവ്യവ്യയം ചെയ്തു മൂത്ത രണ്ടു കുട്ടികളേയും കല്യാണം കഴിച്ചുകൊടുത്തു. ഒടുക്കത്തെ മകളെപ്പറ്റിയ വിചാരമാണ് ദുഃഖിതരായ മാതാപിതാക്കളുടെ ഉള്ളിൽ ഭാരിച്ചു കിടന്നിരുന്നത്.

മിണ്ടാൻ വയ്യാത്തവൾക്കു മനോവികാരമുണ്ടാകുമെന്ന് എല്ലാവൎക്കും ബോദ്ധ്യമാകുന്നതല്ല. അതിനാൽ എല്ലാവരും ആ മൂകകന്യകയുടെ ഭാവിയെപ്പറ്റി താന്താങ്ങൾക്കു തോന്നിയതൊക്കെ അവളുടെ മുമ്പിൽ വെച്ചു തന്നെ പറഞ്ഞിരുന്നു. തറവാട്ടുദുരിതം മൂൎത്തിമത്തായി പിറന്നവളാണ് താനെന്ന് അവൾ ചെറുപ്രായം മുതൽക്കേ ധരിപ്പിക്കപ്പെട്ടിരുന്നു. അതിനാൽ അവൾ പ്രത്യക്ഷത്തു ചെല്ലാതെ ഒളിച്ചിരിക്കുവാൻ കഴിയുന്ന ശ്രമം ചെയ്തിരുന്നു. എല്ലാവരും തന്നെ മറന്നുകളഞ്ഞാൽ വളരെ ആശ്വാസമുണ്ടെന്ന് അവൾക്കു തോന്നി. പക്ഷേ തന്റെ വേദന മറക്കുന്നവരുണ്ടോ? അമ്മയച്ഛന്മാർ അവളെ സദാ ഓൎമ്മിച്ചിരുന്നു.

പ്രത്യേകിച്ച് അമ്മയ്ക്കാണ് അധികം വ്യസനമുണ്ടായിരുന്നത്. മകളുടെ മൂകത തന്റെ ന്യൂനതകൊണ്ടു വന്നതാണെന്നാണ് അവൾ വിചാരിച്ചത്. സാ

* രവീന്ദ്രനാഥടാഗോർ എഴുതിയ ഒരു കഥയുടെ പരിഭാഷ.

ധാരണമായി അമ്മമാർ ആണ്മക്കളെക്കാളധികം പെൺമക്കളെയാണ് തങ്ങളുടെ അംശമായി വിചാരിക്കുന്നത്. അതിനാൽ പെൺമക്കളിലുള്ള കുററവും കുറവും തങ്ങൾക്കു പ്രത്യേകിച്ചും ലജ്ജാവഹമായിക്കരുതുന്നു. അച്ഛനായ വാണീകാന്തനു മററു മക്കളെക്കാൾ സുഭയെ അധികം വാത്സല്യമായിരുന്നു. പക്ഷെ അമ്മ തന്റെ ഗർഭദോഷമെന്നു കരുതി അവളെ അത്ര കൊണ്ടാടിയിരുന്നില്ല.

സുഭക്കു മിണ്ടാൻ വയ്യായിരുന്നു. എന്നാൽ അവൾക്കു നീണ്ടു കറുത്ത രണ്ടു കണ്ണുകളും ചിത്തവൃത്തികളാകുന്ന കാററിളകി പതുക്കെ ഒന്നുരസിപ്പോയേച്ചാൽ തന്നെ വിറക്കുന്ന അധരപല്ലവങ്ങളും ഉണ്ടായിരുന്നു.

ഭാഷാദ്വാരാ നാം പ്രകാശിപ്പിക്കുന്ന വിചാരങ്ങളെ മിക്കവാറും നമ്മുടെ പ്രയത്നംകൊണ്ടു തന്നെ രൂപപ്പെടുത്തേണ്ടിവരുന്നു—ഭാഷാന്തരം ചെയ്യുമ്പോഴത്തെപ്പോലെ ഒരു പ്രയത്നം അതിന്നും വേണ്ടിവരുന്നുണ്ട്. നാം വിചാരിച്ചതു മുഴുവൻ പുറത്തു വരുത്തുവാൻ സാധിച്ചു എന്നുവരില്ല; ചിലപ്പോൾ സാമർത്ഥ്യക്കുറവുകൊണ്ടു തെററു പററിപ്പോയേക്കുന്നതുമാണ്. എന്നാൽ കറുത്ത കണ്ണുകൾക്ക് ഒന്നും ഭാഷാന്തരപ്പെടുത്തേണ്ടതില്ല. മനസ്സു നേരിട്ടു തന്നെ കണ്ണിൽ പ്രതിബിംബിക്കുന്നതാണ്. ചിലപ്പോൾ അന്തർഗ്ഗതം അവയിൽ നിലവു കൊള്ളും. ചിലപ്പോൾ സങ്കോചിച്ച വിധവും കാണാം. കത്തുന്ന തിരിയുടെ നാളം പോലെ കണ്ണുകൾ ചിലപ്പോൾ തിളങ്ങി പ്രകാശിക്കുകയും ചിലപ്പോൾ മങ്ങുകയും ചെയ്യും. ചിലപ്പോൾ അസ്തമാചലം തന്നിൽ മെത്തിയിരിക്കുന്ന" ചന്ദ്രനെപ്പോലെ അവ ഉററു നോക്കിക്കൊണ്ടിരിക്കുകയും ചിലപ്പോൾ മിന്നൽപിണരുപോലെ പെട്ടന്നു നാനാഭാഗത്തെയ്ക്കും മിന്നിപ്പാളുകയും ചെയ്യും. മുഖത്തു സ്ഫുരിപ്പിക്കുന്ന ഭാവഭേദങ്ങളെന്നിയെ മറെറാരു ഭാഷയും ചെറുപ്പം മുതൽക്കേ ഇല്ലാത്ത ഒരാളുടെ കണ്ണുകൾക്കുള്ള ഓജസ്സ് അതിരില്ലാത്തതും ആഴമററതുമാകുന്നു. അവ തിളങ്ങി പ്രകാശിക്കുന്ന ജ്യോതിർഗ്ഗോളങ്ങളുടെ ഉദയാസ്തമനങ്ങൾക്കുള്ള രംഗപ്രദേശമാകുന്ന വിശാലമായ ആകാശദേശം പോലെയാകുന്നു. ഈ മിണ്ടാൻ വയ്യാത്ത ആൾക്കു പ്രകൃതിദേവിക്കെന്ന പോലെ ഒരു അചിന്ത്യപ്രഭാവമുണ്ട്. ഈ കാരണങ്ങളാൽ അവളെ സാധാരണ കുട്ടികൾക്ക് അല്പം ഒരു ശങ്കയുണ്ടായിരുന്നു. അവർ അവളോടുമിച്ചു കളിക്കുവാൻ ചെന്നിരുന്നില്ല. അവൾ പാതിരപോലെ നിശ്ശബ്ദയും തനിച്ചവളുമായിരുന്നു.

(൨)

ആ ഗ്രാമത്തിന്നു ചണ്ഡിപുരമെന്നായിരുന്നു പേര്. അവിടെ ഒരു ചെറിയ പുഴയുണ്ട്; അത് ഒരു ഗ്രാമീണകന്യകയെപ്പോലെയായിരുന്നു. വീതി വളരെയൊന്നുമില്ല. അതിവേഗത്തിലൊ നന്നെ പതുക്കെയോ അല്ലാതെയാണ് ഒഴുകിയിരുന്നത്. ഒരിക്കലും കര കവിഞ്ഞു പോയിരുന്നില്ല. അത് ഏതെങ്കിലുമൊരു പ്രകാരത്തിൽ അവിടത്തുകാരെല്ലാവരായിട്ടും സംബന്ധപ്പെട്ടിരുന്നു. ഇരുവശത്തും വീടുകളും പൊക്കമുള്ള മരങ്ങളുമുണ്ട്. ആ ഗ്രാമത്തിലെ ലക്ഷ്മീദേവിയെന്ന പോലെ അത് ആത്മചിന്ത കൂടാതെ അത്യന്മേഷത്തോടെ പൊയ്ക്കൊണ്ടിരുന്നു.

വാണീകാന്തന്റെ ഭവനം പുഴവക്കത്തു തന്നെയാണ്. മുളവേലി, ഓലപ്പുര, തൊഴുത്ത്, നെല്ലുകുത്തുപുര, കയ്യാല, വയ്ക്കോൽതൊറു, പുളിമരങ്ങൾ, മാവ്, പ്ലാവ് വാഴ എന്നിവ പുഴയിൽക്കൂടി യാത്രചെയ്യുന്നവരുടെയൊക്കെ ശ്രദ്ധയെ ആകർഷിച്ചിരുന്നു. എന്നാൽ സമ്പൽസമൃദ്ധിയോടെ അനായാസേന കഴിഞ്ഞുകൂടിയിരുന്ന ആ വീട്ടുകാരുടെ ഇടയിൽ ഉള്ള മൂകകന്യകയേയും അവർ ശ്രദ്ധിച്ചിരുന്നോ എന്ന് എനിക്കറിഞ്ഞുകൂട. അവൾ ഇട കിട്ടുമ്പോഴെല്ലാം പുഴവക്കത്തു ചെന്നിരുന്നിരുന്നു.

അവളുടെ സംസാരിപ്പാനുള്ള അപ്രാപ്തിക്കു പ്രകൃതിദേവി പകരം കൊടുത്തിട്ടുള്ളപോലെ തോന്നുന്നുണ്ട്. പ്രകൃതി തന്നെ അവൾക്കുവേണ്ടി സംസാരിക്കുന്നുണ്ടോ എന്നു തോന്നും. വെള്ളം ഒലിക്കുമ്പോഴത്തെ ഒച്ച, ആൾത്തിരക്കിൽ നിന്നു പുറപ്പെടുന്ന ഹുങ്കാരം, വഞ്ചിക്കാരുടെ പാട്ടുകൾ, പക്ഷികൾ ചിലയ്ക്കുന്ന ശബ്ദം, ഇലകൾ കൂട്ടിയുരുമ്മുന്ന മർമ്മരശബ്ദം എന്നിവയെല്ലാം പുറമുള്ള ലോകഗതിയോടു വളരെ തഞ്ചിപ്പോടെ ഒത്തുചേർന്നു ആ പെൺകിടാവിന്റെ ഹൃദയമാകുന്ന നിശ്ശബ്ദമായ കടൽക്കരയ്ക്കു തിരമാലകളെന്നപോലെ ചെന്നടിച്ചിരുന്നു. വിവിധങ്ങളായ ഈ വക സ്വരവിശേഷങ്ങളും വിജാതീയങ്ങളായ ചലനഭേദങ്ങളും മൂകന്മാരുടെ ഭാഷാസ്ഥാനമായിട്ടിരിക്കുന്നപോലെ തോന്നുന്നു. അവയെല്ലാം നീൺകണ്ണിയായ സുഭയുടെ ഭാഷതന്നെ ഒന്നു വിസ്താരത്തെ പ്രാപിച്ചപോലെയാകുന്നു. ചെറുകിടങ്ങൾ പുറപ്പെടുവിക്കുന്ന ഒച്ചകൊണ്ടു നിറഞ്ഞ പച്ചപ്പുൽ പ്രദേശം മുതൽ ശബ്ദാതീതമായ നക്ഷത്രലോകം വരെയും സർവ്വത്ര സംജ്ഞകളും ആംഗ്യങ്ങളും ഗാനങ്ങളും തേങ്ങലുകളും നെടുവീർപ്പുകളും മാത്രമാണുള്ളത്.

ഉച്ചയ്ക്കു തോണിക്കാരും മീൻപിടുത്തക്കാരും ഊണിന്നു പോകയും വീട്ടിലിരിക്കുന്നവർ വിശ്രമമനുഭവിക്കുകയും പക്ഷികൾ പാട്ടു നിർത്തുകയും കടത്തുവഞ്ചികൾ കടവത്തണയ്ക്കുകയും ശബ്ദായമാനമായ ലോകം ജോലിത്തിരക്കിന്നിടയ്ക്കു പെട്ടെന്നു പണിനിർത്തി ഭയങ്കരമായ നിശ്ശബ്ദതയെ പ്രാപിക്കയും ചെയ്യുമ്പോൾ പ്രകാശമാനമായ ആകാശമേല്ക്കട്ടിയുള്ള പ്രദേശത്തു പ്രകൃതിയും മൂകയായ കന്യകയും — വെയിലുള്ള വിശാലപ്രദേശത്തു പ്രകൃതിയും മരത്തണലത്തു കന്യകയും — മുഖത്തോടുമുഖം നോക്കി മിണ്ടാതെയിരിക്കും.

സുഭയ്ക്ക് ഉറ്റചങ്ങാതിമാരായിട്ട് ആരും ഇല്ലായ്കയില്ല. ശർവ്വസി എന്നും പംഗുലി എന്നു പേരായിട്ടു രണ്ടു പശുക്കളുണ്ട്. സുഭ പേർ പറഞ്ഞു വിളിക്കുന്നത് അവ കേട്ടിട്ടില്ല. എങ്കിലും അവയ്ക്കു സുഭയുടെ കാലുവെയ്ക്കുന്ന ഒച്ചകേട്ടാൽ അറിയാമായിരുന്നു. ആ ഒച്ച അവയ്ക്ക് അവാച്യമായ ശോകഭരത്തെ അഭിവ്യഞ്ജിപ്പിച്ചിരുന്നു. ആ ശബ്ദം അവയ്ക്കു മിണ്ടുന്നതിനേക്കാൾ വളരെയധികം ശക്തിമത്തുമായിരുന്നു. സുഭ ഓമനിച്ചാൽ അവയ്ക്കറിയാം. അവളുടെ ശകാരവും അപേക്ഷകളും അവ മനുഷ്യരേക്കാളധികം വ്യക്തമായി മനസ്സിലാക്കിയിരുന്നു.

സുഭ തൊഴുത്തിൽ കടന്നു ശർവ്വസിയെ കൈകൊണ്ടു കെട്ടിപ്പിടിച്ച് മുഖം അതിന്റെ ചെവിക്കടുക്കൽവെച്ചുരുമ്മും; അപ്പോൾ പംഗുലി അവളുടെ നേരെ നോ

ക്കി ദേഹത്തിൽ നക്കിത്തുടങ്ങും. അവൾ ദിവസേന മൂന്നു തവണ മുടങ്ങാതെ തൊഴുത്തിൽ ചെല്ലും; ചിലപ്പോൾ എടയറിയാതെയും ചെല്ലാറുണ്ട്. വീട്ടിലുള്ളവർ വല്ലാതെ ശകാരിച്ചാൽ അവൾ മൂകകളായ ഈ സ്നേഹിതകളുടെ അടുക്കലേയ്ക്ക് അപ്രതീക്ഷിതസമയത്തു കടന്നുചെല്ലുകയായി. ദുഃഖത്തെ അപ്രതികാരപൂർവ്വം സഹിച്ചുംകൊണ്ടുള്ള അവളുടെ ദയനീയമായ നോട്ടം കണ്ടാൽ അവയ്ക്ക് ആ പെൺകിടാവിന്റെ മനോവേദന മനസ്സിലാവും. അവ അവളുടെ അടുക്കലേയ്ക്കു ചെന്നു കൊമ്പുകൾകൊണ്ടു കൈകകളെ തടവി അവളെ സമാധാനപ്പെടുത്തുവാൻ നോക്കും.

ഇവയ്ക്കു പുറമെ ഒരാടും ഒരു പൂച്ചയും കൂടി അവൾക്കു സ്നേഹിതകളായിട്ടുണ്ട്; പക്ഷെ ഇവരോടായിട്ട് അത്ര സമഭാവം കാട്ടാറില്ല. എങ്കിലും അവയും അവളെ അനുസരിച്ചിരുന്നു. രാവും പകലും ആ പൂച്ചക്കുട്ടി സുഭദ്ര തലോടുമ്പോഴത്തെ സുഖമാസ്വദിക്കാനായി അവളുടെ ചൂടുള്ള മടിയിൽ ചെന്നു കിടക്കും. സുഭ കോമളങ്ങളായ കരപല്ലവങ്ങളെക്കൊണ്ടു തലോടിയാൽ ഉറക്കം വേഗത്തിൽ വരുമെന്നും അതു ചില ചേഷ്ടകളെക്കൊണ്ടു കാണിച്ചിരുന്നു.

(൩)

സുഭദ്ര മുൻപറഞ്ഞവയേക്കാൾ ഉൽകൃഷ്ടമായ ജീവികളിലും ഒരു സ്നേഹിതനെ കിട്ടുവാൻ തരംവന്നിട്ടുണ്ട്. എന്നാൽ അവർ തമ്മിലുള്ള ബന്ധം ഇന്നതരത്തിലാണെന്നറിവാൻ മഹാ പ്രയാസമാകുന്നു; എന്തുകൊണ്ടെന്നാൽ, ആ സ്നേഹിതനു മിണ്ടുവാൻകഴിയും. അതിനാൽ അവർ തമ്മിൽ ഇംഗിതസംക്രാമണത്തിനുള്ള ഭാഷ സജാതീയമല്ലായിരുന്നു.

പ്രതാപൻ എന്നാണ് അയാളുടെ പേര്. അയാൾ ഗോസ്വാമികുടുംബത്തിൽ ജനിച്ച ഒരു ചെറുപ്പക്കാരനാണ്. ഭേദങ്ങളൊന്നെങ്കിലും തോന്നുകയോ പറഞ്ഞുകൊടുത്തമാതിരി പ്രവർത്തിക്കയോ ചെയ്യാത്ത ഒരു വികൃതിയാണവൻ. അമ്മയച്ഛന്മാർ പഠിച്ചപണിയൊക്കെ നോക്കീട്ടും അവനാൽ കുടുംബത്തിനൊരു ഗുണമുണ്ടാവില്ലെന്നുവെച്ച് അവർ കയ്യൊഴിച്ചിരിക്കുന്നു. ഒന്നിനും കൊള്ളരുതാത്തവർക്ക് ഇങ്ങിനെയൊരു മെച്ചമുണ്ടായിരിക്കും— അവരുടെ ചാർച്ചക്കാരും വേണ്ടക്കാരും അവരെ വെറുക്കുന്നുവെങ്കിലും അവർ അന്യന്മാരായിട്ടു വളരെ കൂട്ടുകെട്ടായിരിക്കും. ഒന്നിലും ബന്ധമില്ലാത്തതിനാൽ അവർ പൊതുസ്വത്തെന്നപോലെയായിത്തീരുന്നു. ഒരു നഗരമായാൽ അവിടെ വീടുകളോടു സംബന്ധിക്കാത്തതായ ചില പൊതുവായ ഉദ്യാനപ്രദേശങ്ങളുണ്ടായിരിക്കണം; അതേമാതിരിതന്നെ ഒരു ഗ്രാമമായാൽ അവിടെയും യാതൊരു ജോലിയുമില്ലാതെ പൊതുസ്വത്തെന്നപോലെയിരിക്കുന്ന ചില മനുഷ്യർ ഉണ്ടായിരിക്കുന്നു. ആഘോഷാവസരങ്ങളിലും മററും വല്ല പണിക്കും ആൾ പോരാതെ വന്നാൽ അവരെ ആ കാര്യത്തിനുപയോഗപ്പെടുത്തുന്നതാണ്.

മീൻപിടുത്തമാണ് പ്രതാപന്റെ മുഖ്യജോലി. അതുകൊണ്ടുതന്നെ വളരെ നേരം കഴിഞ്ഞുകൂടും. ഉച്ചതിരിഞ്ഞാൽ അയാൾ പുഴവക്കത്തു മീൻ പിടിക്കുന്നതു പലപ്പോഴും കാണാം. ഈ സന്ദർഭങ്ങളിൽ സുഭദ്രയും ഒരുമിച്ചുണ്ടായിരിക്കും. പ്രതാപന് എന്തു പണിയെടുക്കുമ്പോഴും കൂടെ ഒരാൾ വേണം. ഒന്നും മിണ്ടാത്ത ഒരാളായാൽ മീൻപിടിക്കുന്ന സമയത്ത് കൂ

ജ്ഞമായി. അതിനാൽ പ്രതാപൻ സുഭയുടെ വില കൃത്യമായറിഞ്ഞിരുന്നു. ഈ കാരണത്താൽതന്നെ അയാൾ ശേഷമെല്ലാവരാലും സുഭയെന്നു വിളിക്കപ്പെട്ടിരുന്ന നമ്മുടെ പെൺകിടാവിനെ സ്നേഹാധിക്യംനിമിത്തം സു എന്നുമാത്രമെ വിളിച്ചിരുന്നുള്ളൂ.

സുഭ ഒരു പുളിമരത്തണലത്തിരിക്കും. അവളുടെ അരികത്തായി പ്രതാപൻ ചൂണ്ടൽ കയ്യിലേന്തി വെള്ളത്തിലേക്കു നോക്കിക്കൊണ്ടുമിരിക്കും. അവൾ സ്വന്തം കൈകൊണ്ടുണ്ടാക്കിയ ചന്ദനം ദിവസേന പ്രതാപനു കൊടുക്കാറുണ്ടായിരുന്നു. അവളുവനെ വളരെ നേരം നോക്കിയിരിക്കും. പ്രതാപനു വല്ല സഹായവും ചെയ്യാനും, താനും ലോകത്തിൽ നിസ്സാരയല്ലെന്നു കാണിപ്പാനും അവൾ ശ്രമിച്ചിരുന്നു. പക്ഷെ അവളെന്താണു ചെയ്തുകൊടുക്കുന്നത്? അപ്പോൾ അവൾ അചിന്ത്യപ്രഭാവനായ ഈശ്വരനെ പ്രാർത്ഥിക്കയും മന്ത്രശക്തികൊണ്ടു വല്ല അമാനുഷപ്രവൃത്തിയും ചെയ്തു, 'ഹാ! സുഭദ്ര ഈ മാതിരി ശക്തിയുള്ളതായിട്ടാരാണറിഞ്ഞിരുന്നത്!' എന്നു പ്രതാപനെക്കൊണ്ടു പറയിക്കുകയും ചെയ്വാൻ ആഗ്രഹിച്ചിരുന്നു.

സുഭ ഒരു ജലദേവതയായിരിക്കുമൊ? അങ്ങിനെയാണെങ്കിൽ അവൾ വെള്ളത്തിൽനിന്നു പതുക്കെ കേറിവന്നു സർപ്പപടസ്ഥമായിരുന്ന മാണിക്യരത്നത്തെ പുഴവക്കത്തു വച്ചുയായി. പ്രതാപൻ മീൻപിടുത്തമാകുന്ന ഹീനവൃത്തി വിട്ടു ആ മാണിക്യരത്നം കയ്യിലെടുത്തു വെള്ളത്തിൽ ചാടി മുങ്ങും. അവിടെ പാതാളലോകത്തിൽ അയാളുടെ കണ്ണുകൾ എന്താണു കാണുക? വെള്ളിമാളികയിൽ തങ്കമയമായ ആസനത്തിന്മേൽ നമ്മുടെ വാണീകാന്തന്റെമകളായ മൂകയായ സുഭയെ— വൈരക്കല്ലുകളെക്കൊണ്ടു ശോഭിക്കുന്ന ആ നിശ്ശബ്ദമായ പാതാളലോകത്തിൽ ഏകാധിപത്യം വഹിക്കുന്ന സുഭയെ — കാണും. അങ്ങിനെ വരുതെ? അതു അത്ര അസംഭാവ്യമാണൊ? അല്ലാ പരമാർത്ഥത്തിൽ ഒന്നുംതന്നെ അസംഭാവ്യമായിട്ടില്ല. പക്ഷെ സുഭ നിർജ്ജനമായ പാതാളലോകത്തിൽ രാജവംശത്തിലല്ലല്ലോ ജനിച്ചത്! വാണീകാന്തന്റെ കുടുംബത്തിലാണല്ലോ ജനനം. അതിനാൽ ഒരു വിധത്തിലും അവൾ ഗോസ്വാമി കുടുംബത്തിൽ ജാതനായ പ്രതാപനെ വിസ്മയിപ്പിക്കത്തക്കവളാകുന്നതല്ല.

സുഭ അതിവേഗത്തിൽ വളർന്നുവന്നു. ക്രമേണ അവൾക്കു തന്നെത്താനറിയാറായ പോലെയായി. ഒരു വെളുത്ത വാവുന്നാൾ രാത്രി ഏതൊ അറിയപ്പെടാത്ത ഒരു കടലിൽനിന്നു അവളുടെ ഹൃദയത്തിലേക്കു വാചാമഗോചരമായ ചൈതന്യപ്രവാഹം തരംഗപരമ്പര പോലെ തള്ളിക്കയറി വന്നു. അവൾ ആത്മശോധന ചെയ്തു നോക്കി; പക്ഷെ അതെന്താണെന്നു മനസ്സിലായില്ല.

'നാഴിപ്പാൽകൊണ്ടു നാടൊക്കെ കല്യാണം' കഴിക്കുന്ന ആ രാത്രി അവൾ കിടപ്പുറയുടെ ജനവാതിൽ തുറന്നു പുറത്തേക്കു നോക്കി. 'രാത്രിയായുള്ളോരു താരേശനൊഴി'യും ആ പൂനിലാവേലുന്ന സമയത്തു സുഭയെപ്പോലെ തന്നെ സുഷുപ്തപ്രായമായ ലോകത്തെ നോക്കിയുംകൊണ്ടു ഒരു തോഴിയേയും കൂടാതെ ഉറക്കിളച്ചിരിക്കയായിരുന്നു. അവൾ ആ അതിരറ്റ നിശ്ശബ്ദലോകത്തിന്റെ അറ്റത്ത് — അല്ല, അതി

ന്നപ്പുറത്തുതന്നെ — ചെന്നപോലെ തോന്നി. അത്ഭുതാവഹമായ താരുണ്യംകൊണ്ടും ആഹ്ലാദംകൊണ്ടും അവൾ തുടിച്ചുനില്ക്കുന്നപോലെ തോന്നി. അങ്ങിനെ അവൾ ഒരക്ഷരം മിണ്ടാതെ നോക്കിനിന്നു. നിശ്ശബ്ദമായി ലോകരുടെ ശ്രദ്ധയെ യാചിക്കുന്ന പ്രകൃതിയോടൊരുമിച്ചു അതുപോലെതന്നെ നിശ്ശബ്ദമായി ലോകരുടെ കരുണയെ പ്രാർത്ഥിക്കുന്ന തരുണിയും ഇരുന്നു.

അങ്ങിനെയിരിക്കെ വിവാഹകാലമടുത്ത ഈ പുത്രിയാൽ ഭാരപ്പെട്ട മാതാപിതാക്കന്മാർ മനസ്സമാധാനമില്ലാത്തവരായിത്തീർന്നു. ആളുകൾ ഓരോന്നു പറഞ്ഞുതുടങ്ങി. അവർക്കു ജാതിഭ്രഷ്ടു വരുമെന്നുകൂടി സംസാരമായി. വാണീകാന്തൻ ഞരുക്കക്കാരനല്ല. ദിവസേന രണ്ടുനേരവും ചോറും മത്സ്യക്കറിയും കഴിച്ചിരുന്നു. അതിനാൽ പല ശത്രുക്കളുമുണ്ടുതാനും.

വളരെ നേരം കൂടിയിരുന്നാലോചിച്ചശേഷം അമ്മയച്ഛന്മാർ ഒരു കാര്യം ഉറപ്പിച്ചു. വാണീകാന്തൻ കുറച്ചു ദിവസം എവിടെക്കൊ പോയി.

അതിന്നിടക്ക് അവരുടെ യാത്രക്കും ഒരുക്കം കൂട്ടിയിരുന്നു. നീരാവി പൊന്തിയ പ്രഭാതവേളയെപ്പോലെ സുഭയുടെ ഹൃദയം കണ്ണീർകൊണ്ടു മൂടിവശായി. കുറച്ചുദിവസം അവൾ, പശുക്കുട്ടികളെപ്പോലെ, അമ്മയച്ഛന്മാരെ അജ്ഞാതമായ ഒരാപത്തിനെ ഭയപ്പെട്ടുംകൊണ്ട് ഇടവിടാതെ അനുസരിച്ചിരുന്നു. വിസ്തൃതമായ വലിയ കണ്ണുകളെക്കൊണ്ട് അവൾ അവരുടെ മുഖത്തേക്കു നോക്കുകയും എന്തൊ ഒരു കാര്യം — എന്താണെന്നു തനിക്കുതന്നെ നിശ്ചയമില്ലാത്ത ഒരു കാര്യം — മനസ്സിലാക്കാൻ ശ്രമിക്കയും ചെയ്തുകൊണ്ടിരുന്നു. പക്ഷെ അവളോട് അവർ ഒരു കാര്യവും പറഞ്ഞുകൊടുത്തില്ല.

ആയിടക്കു ഒരു ദിവസം ഉച്ചതിരിഞ്ഞിട്ടു പ്രതാപൻ മീൻപിടിച്ചുകൊണ്ടിരിക്കുമ്പോൾ ചിരിച്ചുംകൊണ്ട് ഇങ്ങിനെ പറഞ്ഞു: — 'ഹേ! സു ! നിനക്കൊരു വരനെ കിട്ടിയിരിക്കുന്നു; ഇല്ലേ? നിന്നെ കല്യാണം കഴിച്ചുകൊടുക്കുകയായല്ലൊ. നോക്കു ! ഞങ്ങളെ മറന്നുകളയരുതെ!' പിന്നെ അവൻ ചൂണ്ടലിന്മേൽ നോക്കിക്കൊണ്ടിരുന്നു.

മാൻപേടയുടെ വയിററത്ത് അമ്പുകൊണ്ടാൽ അതു വേടന്റെ നേരെ തിരിഞ്ഞ്, 'ഞാനെന്തൊരുപദ്രവമാണ് ചെയ്തത്?' എന്നർത്ഥത്തിൽ നോക്കുന്നതുപോലെ അവൾ പ്രതാപന്റെ നേരെ ഒരു നോട്ടം നോക്കി. അന്നവൾ മരത്തണലത്തിരുന്നതേയില്ല. വാണീകാന്തൻ ഊണുകഴിഞ്ഞു ഹുക്കവലിച്ചുകൊണ്ടിരിക്കുന്നേടത്തേക്കു ചെന്ന് അവൾ കാല്ക്കൽ ഇരുന്നു മുഖത്തേക്കു നോക്കി കരഞ്ഞുതുടങ്ങി. അവളെ സമാധാനപ്പെടുത്തുവാനുള്ള ശ്രമത്തിൽ അയാൾക്കും കണ്ണീർ പൊട്ടിയൊലിച്ചുപോയി.

പിറെറ ദിവസമാണ് കാളീഘട്ടത്തിലേക്കു പോവാൻ തീർച്ചപ്പെടുത്തിയിരുന്നത്. സുഭ തൊഴുത്തിലേക്കു ചെന്നു ബാല്യംമുതല്ക്കേ ചങ്ങാതിമാരായിരുന്ന മൃഗങ്ങളോടു യാത്രപറഞ്ഞു. അവൾ സ്വന്തം കൈകൊണ്ടുതന്നെ അവയെ തീററി. അവയുടെ കഴുത്തിൽ ഇരുകൈകൊണ്ടും കെട്ടിപ്പിടിച്ചു കഴിയുന്നത്ര വാക്കുകളെ കണ്ണുകളിൽ കൊണ്ടുവന്ന് അവയുടെ നേരെ നോക്കി. കണ്ണിൽനിന്നു ധാരമുറിയാതെ വെള്ളം പൊട്ടിച്ചാടി.

അന്നു വെളുത്ത പക്ഷത്തിൽ ദ്വാദശിയായിരുന്നു. സുഭ കിടപ്പറയിൽനിന്നു പുറത്തുവന്നു, പുല്ലു മുളച്ചു പച്ചപ്പരപ്പായിരിക്കുന്ന നിത്യപരിചയമുള്ള പുഴവക്കത്തുചെന്നു നിലത്തു കിടന്നുരുണ്ടു. മനുഷ്യവർഗ്ഗത്തിന്നാസകലം അമ്മയായിരിക്കുന്ന മൂകയായ ഭൂമിദേവിയെ ഇരുകൈകൊണ്ടും കെട്ടിപ്പിടിച്ചു. 'അമ്മേ! എന്നെ പറഞ്ഞയക്കരുതെ! എന്നെ ഇങ്ങോട്ടും കെട്ടിപ്പിടിച്ചു വിട്ടയക്കാതിരിക്കണേ!' എന്ന് അവൾ

പ്രാൎത്ഥിച്ചിരുന്നുവോ എന്നു തോന്നും.

കാളീഘട്ടത്തിൽ ഒരു വീടു വാടകയ്ക്കു വാങ്ങി അവർ അവിടെ താമസിച്ചു. ഒരു ദിവസം അമ്മ സുഭയെ കടകകുണ്ഡലാദ്യാഭരണങ്ങൾ അണിയിച്ചു. തങ്കക്കമ്പികൾകൊണ്ടു തലമുടി കെട്ടിവെച്ചു. ദേഹമാസകലം വിചിത്രങ്ങളായ രത്നാഭരണങ്ങളണിയിച്ചു. ഇങ്ങിനെ നൈസൎഗ്ഗികമായ സൌന്ദൎയ്യത്തെ കഴിയുന്നതും കളഞ്ഞു. സുഭയുടെ കണ്ണിൽനിന്നു വെള്ളം പൊട്ടിച്ചാടിത്തുടങ്ങി. അശ്രുപൂൎണ്ണമായ നേത്രങ്ങൾ അഭംഗിയായെങ്കിലോ എന്നു ശങ്കിച്ച് അമ്മ അവളെ കലശലായി ശകാരിച്ചു. പക്ഷെ കണ്ണീർ ശകാരത്തെ കൂട്ടാക്കുകയുണ്ടായില്ല.

വരൻ ഒരു സ്നേഹിതനോടുകൂടി വധുവിനെ കാണുവാൻ വന്നു. ബലികഴിക്കാനുള്ള മൃഗത്തിന്റെ ഗുണദോഷം നോക്കുവാൻ ഭദ്രകാളിതന്നെ വന്നാലത്തെപ്പോലെ അമ്മയച്ഛന്മാർ പരിഭ്രമിച്ചുവശരായി. അമ്മ കൊള്ളിവാക്കുകൾകൊണ്ടും ശകാരംകൊണ്ടും മകളുടെ അശ്രുധാരയെ ഇരട്ടിയാക്കി അവളെ വരന്റെ പരിശോധനസ്ഥായി പറഞ്ഞയച്ചു.

വളരെനേരം സൂക്ഷിച്ചു നോക്കിക്കണ്ടതിന്നുശേഷം വരൻ 'ഛെ! അങ്ങിനെയാവട്ടെ!' എന്നു വിധി ഉച്ചരിച്ചു.

കന്യകയുടെ കണ്ണീർ കണ്ടിട്ടു വരൻ അവൾക്കു വികാരമുണ്ടെന്നനുമാനിച്ചു. പിതാക്കളെ വിട്ടുപിരിയേണ്ടിവരുന്നതിൽ കരയുന്ന പെൺകിടാവിന്റെ ഹൃദയം മേലിൽ തനിക്കു കിട്ടുമെന്നും അവൻ കണക്കാക്കി. അവളുടെ കരച്ചിൽ കയ്യിൽ കിടക്കുന്ന പവിഴത്തിന്നെന്നപോലെ അവളുടെ വില കൂട്ടിയതേയുള്ളു; അവളെ യഥാസ്ഥിതിയിൽ വിട്ടുംവെച്ചു പോകുന്നതിന്ന് അത് അവരെ അശേഷവും പ്രേരിപ്പിച്ചില്ല.

പഞ്ചാംഗം നോക്കി ശുഭമുഹൂൎത്തം നിശ്ചയിച്ചു വേളിയും നടത്തി.

പിതാക്കൾ മൂകയായ മകളെ ഒരുത്തന്നു കൊടുത്തുംവെച്ചുപോയി. അവൎക്കു ജാതിഭ്രഷ്ട് കൂടാതെ കഴിഞ്ഞു; മരിച്ചാൽ നരകത്തിൽ പോകാതെ കഴിക്കാറുമായി.

വരന്ന് ഐക്യസംസ്ഥാനത്തിൽ ഒരുദ്യോഗമുണ്ടായിരുന്നു. കല്യാണം കഴിഞ്ഞ് ഏറെ താമസിയാതെ അയാൾ ഭാൎയ്യയെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയി.

കഷ്ടിച്ചൊരാഴ്ചയിടകൊണ്ട് അവൾ മൂകയാണെന്ന് എല്ലാവരും മനസ്സിലാക്കി. അവളെ കുറ്റപ്പെടുത്തീട്ടാവശ്യമില്ലെന്ന കഥ ആരും ധരിച്ചില്ല. അവൾ ആരേയും ചതിച്ചിട്ടില്ല. അവളുടെ രണ്ടു വലിയ കണ്ണുകൾ സകലതും പറഞ്ഞിരുന്നു. പക്ഷെ ആരും മനസ്സിലാക്കിയില്ല. അവൾ നാലുപാടും നോക്കി. പക്ഷെ ഉള്ളിലുള്ളതു പറവാൻ ഒരു വഴിയും തോന്നിയില്ല. മൂകരുടെ ഭാഷയറിയുന്നവരായി അവൾക്കു ചെറുപ്പംമുതല്ക്കു പരിചയമുള്ളവരായ ആരേയും അവൾ കണ്ടില്ല. വ്യസനംനിമിത്തം നിലവുകൊള്ളാതെ പുറപ്പെടുന്ന കരച്ചിൽ പെൺകിടാവിന്റെ ഹൃദയത്തിൽ തിളച്ചുപൊന്തിയിരുന്നു. ഹൃദയശോധകനായ നാഥനു മൂകന്മാർ വാസ്തവമായിട്ടല്ലാതെ പറയുന്നതു മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഇതു പരമാൎത്ഥമാണെങ്കിൽ വരൻ ഇത്തവണ ഗൃഹനായികയായി കൊണ്ടുവന്ന സുഭാഷിണി സാൎത്ഥകനാമധേയ തന്നെയാകുന്നു. ഈ സംഗതി വരന്നും അറിയാമായിരുന്നു.

സി. വി. രവിശൎമ്മരാജാ.

# തപതീസംവരണം.

## (ആറാമങ്കം)

(അനന്തരം വൃദ്ധകഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി — (വിചാരിച്ച്) സംവരണമഹാരാജാവിന്റെ മാഹാത്മ്യം അന്യാദൃശം തന്നെ. ഇദ്ദേഹത്തിന്റെ തേർക്കുതിരകളുടെ ശബ്ദത്തോടു കൂടെത്തന്നെ കാർമേഘങ്ങളുടെ ഹുങ്കാരവും പാദരേണുക്കളോടുകൂടെത്തന്നെ ജലവൃഷ്ടികളും ഇതാ പുറപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഈ സന്തോഷഭാരം വഹിച്ച് എന്റെ ശരീരപാരവശ്യം ഇപ്പോൾ ഇരട്ടിച്ചിരിക്കുന്നു. എങ്ങിനെയെന്നാൽ —

കാരോമട്ടിൽനടത്തിയും മിഴിയുരു-
 ട്ടിച്ചും വിഷാദം തഥാ
പാരംഭ്രാന്തി, തളച്ച്, ചിന്തമുതലാം
 ഭാവങ്ങളുണ്ടാക്കിയും
പാരാതുരുവളച്ചുമങ്ങു വിചലി-
 പ്പിച്ചും വലീകഞ്ചുകം
ചേരുംനെഞ്ചു, നടൻ കണക്കിവനെയി-
 ട്ടാട്ടുന്നിതാ വാർദ്ധകം. (൧)

ഇപ്പോൾ മഹാരാജാവു എന്നോടിപ്രകാരം കല്പിച്ചിരിക്കുന്നു. എടോ വിനയത്രാത! വേഗം ചെന്നു സുബ്രഹ്മണ്യക്ഷേത്രത്തിനടുത്തുള്ള പൂന്തോട്ടത്തിൽ നില്ക്കുന്ന ഗംഗാലോകം എന്ന മാളിക വർഷകാലം മുഴുവൻ താമസിക്കുന്നതിനു ചെട്ടപ്പെടുത്തിയാലും എന്നു. ഞാൻ നിയോഗത്തെ അനുഷ്ഠിക്കയും ചെയ്തു. മഹാരാജാവും അതിൽ എഴുന്നള്ളിയിരിക്കുന്നു. അതിനാൽ ഞാൻ വേറെ ജോലികൾക്കായി പോകുന്നുണ്ട്. (എന്നു പോയി)

(ഇപ്രകാരം വിഷ്കംഭം സമാപ്തം)

(അനന്തരം രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

രാജാ — അഹോ! മന്ത്രിമാരുടെ മനോവൃത്തികൾ പ്രകൃത്യാ ബുദ്ധിമാന്മാരായവർക്കും അറിവാൻ പ്രയാസമാണ്. ആര്യനായ വസുമിത്രന്റെ

ദൈവവ്യാജേന പാഞ്ചാലകരിവിട്ടപരോ-
 ധിച്ചതായ്ചൊന്നതും പി-
ന്നാവന്മോഹത്തെ മാറ്റിപ്പുരിയതിലിവനെ
 ച്ചേർത്തതും പാർത്തിടുമ്പോൾ
ഭൂവിൽ പെയ്യാനൊരുങ്ങുന്നൊരു ഘനതതി-
 തൻനൽപയസ്സാന്നൊരുദ്ധ-
സ്ലേവം വേഗം കുറക്കുന്നതിനു ചതുരമാ-
 യുള്ളൊരുസ്സമ്പ്രദായം. (൨)

വിദൂഷകൻ — അല്ലയോ തോഴരേ! ആ മന്ത്രി ബുദ്ധിശൂന്യനാണെന്നു ഞാൻ വിചാരിക്കുന്നു. അവൻ സകല ഭുവനൈകനാഥനായ അങ്ങെ മേഘങ്ങളെ കാക്കുന്നതിനുള്ള പശുക്കുട്ടിയാക്കിയല്ലൊ.

രാജാ — പരിഹസിച്ചതു മതി. പാഞ്ചാലന്മാരോടുള്ള കോപത്താൽ നിരുദ്ധപ്രസരമായിരുന്ന ഈ വിരഹാഗ്നി പിന്നെയും ഉജ്വലിക്കുന്നതിനു ഭാവിക്കുന്നു. വിരഹികൾക്കു ദുസ്സഹമായ ഈ വർഷകാലവും വന്നിരിക്കുന്നു. നോക്കണം —

മാലേറും പഥികർക്കിണപ്പൊരു പുരോവാ-
 തങ്ങൾ ശേഷിച്ചൊരി-
മ്മല്ലപ്പൂക്കളെ ഞെട്ടിൽനിന്നുതപൊഴി-
 ച്ചീടുന്നു നിശ്ശേഷമായ്
മെല്ലെച്ചുണ്ടുമലർത്തി വല്ലഭയോടും
 മോദേന വേഴാമ്പലുകൾ

കൊള്ളുന്നുഹിമശക്കരാശകലമാ-
ന്നീടുന്നനീർത്തുള്ളിയേ. (൩)

(അതിനാൽ ഇനി എന്താണ് ശരണം)

(അനന്തരം മേനകാരൂപം ധരിച്ചുകൊണ്ടു തപതി പ്രവേശിക്കുന്നു)

തപതി— (വിചാരത്തോടുകൂടെ നെടുവീർപ്പിട്ടിട്ട്) ഞാൻ ഇപ്പോൾ മേനകാരൂപം ധരിച്ച് ആര്യപുത്രനെക്കണ്ടു ആശ്വസിക്കുന്നതിനായി സഖികളേയും വഞ്ചിച്ചു വന്നിരിക്കയാണ്. ഇതുകൊണ്ടു മാത്രം അച്ഛന്റെ നിയോഗം ലംഘിച്ചെന്നുവരുന്നതല്ലല്ലൊ. അതിനാൽആര്യപുത്രന്റെ ദർശനോത്സവത്തെ അനുഭവിക്കുന്നുണ്ട്.

(ചുററിനടന്നു കീഴ്പോട്ടുനോക്കി സന്തോഷത്തോടുകൂടെ) ഇതാ ഇദ്ദേഹം വയസ്യനോടുകൂടെ ഈ മാളികപ്പുറത്തു ഇരിക്കുന്നു. അതിനാൽ ഇറങ്ങുന്നുണ്ട്.

(എന്നു ഇറങ്ങുന്നതായി നടിക്കുന്നു)

വിദൂ— (നോക്കീട്ട്) ഇതാ തത്രഭവതി തപതി വന്നിരിക്കുന്നു.

രാജാ— എവിടെ! എവിടെ!

തപ— (വിഷാദത്തോടുകൂടെ) ഹാ! ഇവൻ എന്നെ അറിയുന്നുണ്ടോ?

വിദൂ—കണ്ടാലും! ഇതാ മേനകാരൂപേണ വന്നിരിക്കുന്നു.

തപ—(വിഷാദത്തോടുകൂടെ) നിശ്ചയമായിട്ടും എന്നെ അറിഞ്ഞിരിക്കുന്നു. സർവ്വഥാ ഞാൻ അച്ഛന്റെ മുമ്പിൽ കുററക്കാരിയായി.

രാജാ— (നോക്കീട്ടു) അയേ! സഖിയായ മേനകയല്ലെ വന്നിരിക്കുന്നതു! തോഴരെ എന്തുകൊണ്ടാണ് ഇവൾ എന്റെ പ്രിയയാണെന്നുപറഞ്ഞതു?

വിദൂ— സ്നേഹാധിക്യംനിമിത്തം ഇവൾ തത്രഭവതിയുടെ ശരീരം തന്നായതുകൊണ്ടു തമ്മിൽഭേദമില്ലല്ലൊ എന്നു വിചാരിച്ചാണ് ഞാൻ ഇപ്രകാരം പറഞ്ഞത്.

തപ— ഭാഗ്യംകൊണ്ട് എനിക്കു ആശ്വാസം ലഭിച്ചു.

(അടുത്തുചെന്നിട്ടു) മഹാരാജാവു സർവ്വോൽകർഷേണ വർത്തിക്കട്ടെ.

രാജാ—സഖിക്കു സ്വാഗതം. ആശ്ലേഷിച്ചു സ്പർശസുഖം നടിച്ചു സന്തോഷത്തോടുകൂടെ ആത്മഗതം)

ആ:—മൽപ്രിയാംഗപരിരംഭണമെന്നപോലെ
രോമാഞ്ചമിന്നിതുതരുന്നിതിനെന്തുബന്ധം
ആമാന്യതന്നൊടിടചേർന്നതംഗസൌഖ്യ-
മീമോഹനാംഗിയിലുമിങ്ങുചകന്നിരിക്കാം (൪)

(പ്രകാശം)

സഖി! മേനകെ! ഞങ്ങളുടെ പ്രാണനു കുശലംതന്നെയോ?

തപ— മഹാരാജാവെ! ഇപ്പോൾ കുശലമാണ്.

രാജാ—എന്തുകൊണ്ടാണ് 'ഇപ്പോൾ' എന്നു പറഞ്ഞത്.

തപ—മഹാരാജാവു കേൾക്കണം. അന്നു തപനവനത്തിൽ ഭവാനോടുകൂടെ ഉറങ്ങിക്കിടന്നിരുന്ന ഞങ്ങളുടെ സഖി സാവിത്രിയുടെ സമീപത്തിലാണ് ഉണർന്നത്. അപ്പോൾ ഭവാനെക്കാണാതെ മൂർച്ഛിതയായ അവളെ ആശ്വസിപ്പിച്ചിട്ടു സാവിത്രി ഇപ്രകാരം പറഞ്ഞു. 'വത്സെ! നീ ദുഃഖിക്കേണ്ട. നിന്നിൽ ഗാഢാനുരാഗനായ ഭർത്താവിന്റെ അസാന്നിദ്ധ്യംനിമിത്തം വർഷമില്ലാതെ ജനപദം നശിക്കുന്നതുകണ്ടിട്ടു നിന്റെ അച്ഛന്റെ കല്പനയനുസരിച്ചു അദ്ദേഹത്തിന്റെ സാരഥിയാണ് നിന്നെ ഇ

വിടെ കൊണ്ടുവന്നാക്കിയതു. അവൻതന്നെ ഇപ്പോൾ വിരഹോന്മാദംകൊണ്ടു പരവശനായ നിന്റെ ഭർത്താവിനെയും രാജധാനിയിൽ കൊണ്ടുചെന്നാക്കിയിരിക്കുന്നു. അച്ഛന്റെ അനുവാദമില്ലാതെ നിന്റെ ശരീരം അദ്ദേഹത്തെ കാണിപ്പാൻ പാടില്ല' എന്ന്.

രാജാ—തോഴരെ! അയാൾ ആദിത്യന്റെ സാരഥിയായിരുന്നു. പിന്നെയോ?

തപ— അനന്തരം അവളുടെ വിയോഗവൃത്താന്തത്തെ ഭവാനെ അറിയിക്കുന്നതിനായിവന്ന ഞാൻ ഇപ്പോൾ ഈ രാജ്യം മുഴുവൻ മഴയുണ്ടായതായി കണ്ടിരിക്കുന്നു. അതിനാൽ ഇനി ദേവനും അനുവദിക്കുമെന്നു വിചാരിച്ചാണ് ഇപ്പോൾ കുശലമാണെന്നു ഞാൻ പറഞ്ഞത്.

വിദൂ—തോഴരെ! ദേവിയെ മോഷ്ടിച്ച കള്ളന്മാർ ആരൊക്കെയാണെന്നു അറിഞ്ഞുകഴിഞ്ഞു.

രാജ— ഇപ്പോൾ സംശയമെല്ലാം തീർന്നു. സഖി! മേനകെ! ഞാൻ ക്ഷണംപോലും എന്റെ പ്രിയയെ പിരിഞ്ഞിരിക്കുന്നതിൽ ശക്തനല്ല. അതുകൊണ്ടു പോയി ദേവന്റെ സമ്മതിയോടുകൂടെ ഭവതിയുടെ പ്രിയസഖിയെ കൂട്ടിക്കൊണ്ടുവരണം.

തപ— (രാജാവിനെ സസ്പൃഹം നോക്കിക്കൊണ്ട്) മഹാരാജാവെ ഞാൻ ഭവാന്റെ ദർശനസുഖത്തെ അല്പനേരം കൂടെ അനുഭവിച്ചശേഷം പോകാം.

രാജാ— (വിചാരത്തോടുകൂടെ ആത്മഗതം)

സന്ദേശത്തേപ്രിയനൊടുരചെയ്യാമതിൽ-
[പേശലതാം
ചെന്നീടട്ടെനിജസഖിയിലെപ്രേമഭാരംനി-
[മിത്തം
എന്നാലോറ്റംരതിരസമൊലിക്കുന്നൊരീ-
നോട്ടമോർത്താ-
ലിന്നോളംഞാനൊരു ചതുരയാംദൂതിയിൽ
[കാണ്മതില്ല (൫)

(പ്രകാശം) സഖി! സഹവാസസുഖംകൊണ്ടു താമസിപ്പാൻ പാടില്ല. എന്റെ ഹൃദയം ഉൽകണ്ഠയോടുകൂടെ ഭവതി പോകുന്നതിനു ധൃതി കൂട്ടുന്നു.

തപ— (ഇടിമുഴക്കം കേട്ട് പ്രകൃതം മറന്നിട്ട്) ഹാ ഞാൻ ഭീതയായിരിക്കുന്നു. ആര്യപുത്ര! എന്നെ ദൃഢമായിട്ടു ആലിംഗനം ചെയ്യണേ.'

രാജാ—(കോപത്തോടുകൂടെ) ആ! പാപേ! നീ എന്താണ് അധർമ്മം പറയുന്നത്. അനുരൂപയായ ദയിതയുടെ ഗുണങ്ങളാൽ ബദ്ധഹൃദയനായ ഞാൻ അപ്രകാരമുള്ളവനല്ല.

തപ—(കോപത്തോടുകൂടെ) ഇതു യുക്തംതന്നെ. അനുരൂപയായ ദേവിയോടുചേർന്നു സൈ്വരമായിക്രീഡിച്ചാലും. ഞാ സ്ഥാനത്തിൽ ബദ്ധസ്നേഹയായ ഞാനാകട്ടെ അതിന്ന് അനുരൂപമായി പ്രവർത്തിക്കുന്നുണ്ട്. (എന്നു പോകുന്നു)

വിദൂ—അല്ലയോ തോഴരെ! ഇവൾ രാക്ഷസിയാണോ? മേനക സ്വപ്നത്തിൽപോലും ഇപ്രകാരം പ്രവൃത്തിക്കുന്നവളല്ല.

രാജാ—ഇതു സ്ത്രീകളുടെ സ്വഭാവംതന്നാണ്. നോക്കണേ!

മിടുക്കേറുംമിത്രം നിജപരജനം,
ഹന്തദൃഢമാ-
യിട്ടംസന്ത്യം,പേശാന്നൊരുവിമലമാം
ഗോത്രമിവയെ
തടഞ്ഞീടാൻവയ്യാത്തൊരുനിലയിലി-
ച്ഛാസരണിയേ
തുടർന്നീടുംനാരീമനതളിർഗണി-
ക്കില്ലൊരണുവും. (൬)

ആ ശുദ്ധഹൃദയയായ പതിവ്രതയാകട്ടെ അറിയാതെയാണ് ഈ വ്യഭിചാരിയെ ഇവിടെ പറഞ്ഞയച്ചത്. വിനോദത്തെന്ന വിചാരിച്ചിരുന്ന ഇവളുടെ അവസ്ഥ ഇപ്രകാരമായല്ലൊ. അതിനാൽ കണ്ഠാഭരണമെടുത്തുകൊണ്ടുവരണം.

വിട്ട — ഇപ്രകാരമാകട്ടെ (എന്നു പോകുന്നു.)

(അനന്തരം രംഭാരൂപം ധരിച്ചുകൊണ്ടു രാക്ഷസി പ്രവേശിക്കുന്നു.)

രാക്ഷ — പണ്ടു ഹിമവൽഗിരിയിൽവച്ചു എന്റെ മായാശക്തി ഭൃഗുവിന്റെ കർമ്മപ്രഭാവം നിമിത്തം ഈ രാജാധമന്റെ നേരെ വിഫലമായിപ്പോയി. അതുകൊണ്ട് ഇപ്പോൾ ഇവന്റെ കുലക്ഷയം വരുത്തുന്നുണ്ട്.

(അടുത്തുചെന്നു രാജാവിന്റെ പാദങ്ങളിൽ മറിഞ്ഞുവീണു നിലവിളിക്കുന്നു.

രാജാ — സംഭ്രമത്തോടുകൂടെ പിടിച്ചു എഴുന്നേല്പിച്ചിട്ട്) സഖി! നീ എന്താണ് ഇപ്രകാരം എന്നെ സംഭ്രമിപ്പിക്കുന്നത്. നിന്റെ വിഷാദകാരണം പറയണം.

രാക്ഷ — (ബാഷ്പഗൽഗദങ്ങളോടുകൂടെ) പ്രിയസഖിയായ തപതി തന്റെ അച്ഛൻ ഭവാനോടുള്ള സംഗമസുഖത്തെ തടഞ്ഞതുനിമിത്തം വിരഹാഗ്നിയെ സഹിപ്പാൻ പാടില്ലാതെ ശരീരത്തെ- - ശേഷം പറയുന്നതിൽ എനിക്കു ശക്തിയില്ല. ഞാനും ശരീരത്തെ ഉപേക്ഷിക്കുന്നുണ്ട്. (എന്നു പോയി.)

രാജാ — ഹാ! പ്രിയെ! (എന്നു മൂർഛിച്ചുവീഴുന്നു) വളരെ നേരംകൊണ്ടു എഴുന്നേററിട്ട്) ഹാ! ദിവസകരോത്സംഗലാളിതേ! ആജ്ഞാവശംവദനായ ഈ ജനത്തെ ഉപേക്ഷിച്ചിട്ടു നീ എവിടെ പോയിരിക്കുന്നു. ഭഗവൻ വൈവസ്വത!

രവിയുടെസുത,ധർമ്മാസക്തനാമെൻകള
(ത്രം,
തവ സഹജ,യിതൊന്നും ചിന്തചെയ്യാതി
(വണ്ണം
ഇവളുടെമൃദുകണ്ഠേപാശമർപ്പിച്ചുവല്ലൊ
ശിവ!ശിവ!കരുതുന്നേൻനിന്മനംകാരിരു
മ്പായ് (൧)

ഈ ഞാൻ കേവലം ജീവിതാഗ്രഹിയെപ്പോലെ എന്തിനാണ് കണ്ണീരൊഴുക്കുന്നത്. ഞാനും ദേഹത്യാഗം ചെയ്യുന്നുണ്ട്. (എന്നു മാളികയിൽ നിന്നു ഇറങ്ങുന്നതായി നടിക്കുന്നു.) ചുററി നടന്നിട്ടു സ്വച്ഛങ്ങളായ മണികളെക്കൊണ്ടു നിർമ്മിച്ച സോപാനപംക്തികളോടു കൂടിയ ഈ കടവിൽകൂടെ ഗംഗയിലിറങ്ങി കുളിച്ചു പ്രകൃതത്തെ തുടരുക തന്നെ. (എന്നു സ്നാനം നടിക്കുന്നു) (അനന്തരംഗംഗാജലങ്ങളാൽ വഹിക്കപ്പെടുന്ന തപതി പ്രവേശിക്കുന്നു.)

തപ — സഖി! മന്ദാകിനി! ആര്യപുത്രന്റെ ദേഹത്യാഗം മൂലം ഇവിടെ മരിക്കുന്നതിന്നായിട്ടൊരുമ്പെട്ടിരിക്കുന്ന എന്റെ കണ്ഠത്തിൽനിന്നും ഈ ഭാരത്തെ നീ എന്തിനായിട്ടാണു എടുക്കുന്നതു. (എന്നെ പ്രാണനോടു വേർപെടുത്തീട്ടു വേഗത്തിൽ ആര്യപുത്രനോടു യോജിപ്പിച്ചാലും.

രാജാ — (ശബ്ദത്തെ ലാക്കാക്കിനോക്കിക്കൊണ്ട്)

കാലുഷ്യമാർന്നുംകമലാസ്യയായും
ലോലാക്ഷിമീനാഞ്ചിതയായുമേവം
ചേലാർന്നിടുംതൻവടിവൊത്തൊരേതോ
ഭൂലക്ഷ്മിയേഗംഗവഹിച്ചിടുന്നു. (൨)

സംശയിച്ചു നിന്നിട്ടു ആവശ്യമില്ല. പ്രാണൻ പോകുന്നതിന്നു മുമ്പെ ഇവളെ താങ്ങുന്നുണ്ട്.

(എന്നു വേഗത്തിൽ അടുത്തുചെന്നു താങ്ങുന്നു.)

തപ— (കോപത്തോടു കൂടെ) ഇതാരാണു് എന്നെ കരസ്പൎശംകൊണ്ടു ദൂഷിപ്പിക്കുന്നതു്.

രാജാ— (നല്ലവണ്ണം നോക്കീട്ടു്) അല്ല! ഇവൾ ദേവിയാണല്ലോ. ഭഗവതി! മന്ദാകിനി! ഗതപ്രായമായ എന്റെ പ്രാണനെ പ്രത്യൎപ്പിച്ചതു് മഹത്തായ ഒരു അനുഗ്രഹമാണു്. പ്രിയെ! ഭവതി ശശിയേ കണ്ടു അവരോടുള്ള വിരഹം നിമിത്തം നീ മരണത്തിനൊരുമ്പെട്ടോ. ആ പാതകിയായസംവരണനാണു് ഞാൻ.

തപ— ഹാ! ആൎയ്യപുത്രനാണോ? ആൎയ്യപുത്രൻ സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ.

(സന്തോഷത്തോടുകൂടി ആലിംഗനം ചെയ്തുകൊണ്ടു്.)

ആൎയ്യപുത്ര! ഇതു് സ്വപ്നമാണോ, അതോ പരമാൎത്ഥമാണോ.

രാജാ— എനിക്കു ഇതിൽ സംശയമാണു്. അതുകൊണ്ടു കരയ്ക്കു കയറിയ ശേഷം വിചാരിക്കാം.

തപ— (കമ്പത്തോടു കൂടെ) ആൎയ്യപുത്ര! എന്റെ അംഗങ്ങൾ വിറയ്ക്കുന്നു. എന്നെ ദൃഢമായി താങ്ങിക്കൊള്ളണെ.

(രാജാവു് അപ്രകാരം ചെയ്തു ചുററി നടക്കുന്നു)

(അണിയറയിൽ)

സഖി! മേനകെ! മഹാരാജാവിനെയും സഖിയെയും വിട്ടു ക്ഷണം പോലും ജീവിക്കുന്നതിനു ഞാൻ ശക്തയല്ല. അതുകൊണ്ടു എന്റെ കഴുത്തിൽ പാശത്തെ അൎപ്പിക്കണം.

തപ— ഇതു് എന്തു്!

(പിന്നെയും അണിയറയിൽ)

സഖി! രംഭെ! നീ കൂടെ മരിപ്പാൻ പോകുന്നു എന്നുള്ളതു് ഏററവും ദുസ്സഹമായിരിക്കുന്നു. അതുകൊണ്ടു ഞാൻ തന്നെ മുമ്പിൽ മരിക്കുന്നുണ്ടു്.

തപ— ഹാ! കഷ്ടം! സഖികൾ രണ്ടും മരിപ്പാൻ പോകുന്നു. ആൎയ്യപുത്രൻ വേഗം ചെന്നു രക്ഷിക്കണെ.

രാജാ— (വേഗം നടന്നിട്ടു്) നിങ്ങൾ സാഹസം കാണിക്കരുതു്. ഞങ്ങൾ ജീവിക്കുന്നുണ്ടു്.

(എന്നു പോയി അവരോടു കൂടെ പ്രവേശിച്ചിട്ടു്)

പ്രിയെ! നിന്റെ ഈ സഖികൾക്കു് ആപത്തൊന്നുമുണ്ടായില്ല.

തപ— സഖികളെ! നിങ്ങൾ എന്നെ ദൃഢമായിട്ടു ആലിംഗനം ചെയ്യുവിൻ.

(ആനന്ദബാഷ്പങ്ങളോടു കൂടി അന്യോന്യം ആലിംഗനം ചെയ്യുന്നു.)

രാജാ— ഇനി ഇവിടെ ഭവതിയുടെ പാദമുദ്രയുള്ള ഈ മരതകക്കല്ലിലിരുന്നു് അല്പനേരം വിശ്രമിച്ച ശേഷം പോകാം.

തപ— ആൎയ്യപുത്രന്റെ കല്പനപോലെ.

(എല്ലാവരും ഇരിക്കുന്നു.)

രാജാ— പ്രിയെ! നീ എന്തുകൊണ്ടാണു ഗംഗയിൽ ചാടി ദേഹത്യാഗം ചെയ്യാമെന്നു വിചാരിച്ചതു്

തപ— ആൎയ്യപുത്രൻ കേൾക്കണം. ഞാൻ മേനകയുടെ രൂപം ധരിച്ചു് ആൎയ്യപുത്രന്റെ അടുക്കൽ വന്നു രാഗാന്ധതനിമിത്തം പ്രകൃതം മറന്നു ആലിംഗനത്തിനൊരുമ്പെട്ടപ്പോൾ ആൎയ്യപുത്രൻ എന്നെ ധിക്കരിച്ചില്ലെ.

മേന— (ലജ്ജാകോപങ്ങളോടുകൂടെ) നീ സഖീസ്നേഹത്തിനനുരൂപമായിട്ടാണു് പ്രവൎത്തിച്ചതെങ്കിലും എന്നെ ലഘുവാക്കുകയാണു് ചെയ്തതു്.

രാജാ— (തലയാട്ടിക്കൊണ്ട്) ഇതു ഇപ്രകാരം തന്നെ. പിന്നയോ!

തപ— അപ്പോൾ ഞാൻ മരിക്കുന്നതിനൊരുമ്പെട്ടെങ്കിലും സഖീരൂപം ധരിച്ചാണല്ലൊ വന്നത് എന്നുള്ള വിചാരമുണ്ടായപ്പോൾ പശ്ചാത്താപത്തോടുകൂടെ അതിൽനിന്നും നിവൎത്തിച്ചു. അങ്ങനെയിരിക്കുമ്പോൾ ഈ രംഭ കരഞ്ഞുംകൊണ്ടുവന്നു ആൎയ്യപുത്രന്റെ അത്യാപത്തിനെ അറിയിച്ചിട്ടു മരിക്കുന്നതിന്നായൊരുമ്പെട്ടു. ഇതു കണ്ടാണ് ഞാനും ഇപ്രകാരം പ്രവൎത്തിച്ചത്.

രാജാ— (വിഷാദത്തോടുകൂടെ) എന്തു രംഭ?

തപ— നീതന്നെ.

രംഭ— ഹാ! ഇവിടെ സന്നിഹിതയല്ലാത്ത ഞാനാണോ ഇപ്രകാരം ചെയ്തത്.

രാജാ— എന്ത് നീ ഇവിടെ സന്നിഹിതയല്ലയോ! നീ താനാണല്ലൊ? എന്നോടും ദേവിയുടെ അത്യാപത്തിനെ അറിയിച്ചത്.

രംഭ— (ഭയത്തോടുകൂടെ മാറത്തു കൈവെച്ചുകൊണ്ട്) ഹാ! കഷ്ടം ഇത് എന്താണ്! (എന്നു മേനകയെ നോക്കുന്നു)

മേന— മഹാരാജാവെ! ഇതു യോജിക്കുന്നില്ലല്ലൊ. ഞങ്ങൾ രണ്ടാളും ഇന്നു പ്രിയസഖിയെ അന്വേഷിക്കുന്നതിനായി വരുമ്പോൾ ഉച്ചത്തിൽ കരഞ്ഞുകൊണ്ടു വരുന്ന ജംബൂനദികയുടെ മുഖത്തുനിന്നു പ്രിയസഖിയുടെ അത്യാപത്തിനെയും മഹാരാജാവിന്റെ മരണനിശ്ചയത്തേയും കേട്ടിട്ട് ഇവിടെ മരിക്കുന്നതിനായി ഭാവിക്കുമ്പോളാണ് മഹാരാജാവു വന്നു ഞങ്ങളെ രക്ഷിച്ചത്.

തപ— (ഭയത്തോടുകൂടെ) അഹോ! ആൎയ്യപുത്രനും സാഹസത്തിന്നായിട്ടൊരുമ്പെട്ടോ? ഇത് എന്ത്. ഇവിടെ ജംബൂനദിക വന്നിരുന്നില്ലല്ലൊ.

രാജാ— (വിചാരത്തോടുകൂടെ)

ഏതൊരുരാക്ഷസിപണ്ടെൻ
ചേതോമോഹത്തെനല്കിതപനവനെ
ഇതുമാമോഹിനികാകൃത
മിതരംചതിയെന്നുദേവികരുതുന്നോൻ (ൻ)

തപ— (വിചാരിച്ച് ശോകത്തോടുകൂടെ) ഇതുവരെയും ശരീരത്തെ പ്രകാശിപ്പിച്ചതുനിമിത്തം മൂഢയായ ഞാൻ ഗുരുനിയോഗത്തെ ലംഘിച്ചിരിക്കുന്നു. അതിനാൽ ആൎയ്യപുത്രൻ എന്നെ വിട്ടയക്കണം.

രാജാ— ഇത് എന്താണ് അകാരണമായിട്ടിടിത്തീ വീണത്.

(വിഷണ്ണനായിട്ടു നില്ക്കുന്നു)

സഖികൾ— നിങ്ങൾ വിഷാദിക്കേണ്ട; ഇന്നുമുതൽ തപതി സംവരണനോടു അവിരഹിതയായി ഭവിക്കട്ടെ; എന്നു ഭഗവാന്റെ കല്പനയെ ഞങ്ങൾ വാങ്ങിയിരിക്കുന്നു. അത്രയുമല്ല അതിപ്രവാസകങ്ങൾ എന്നു പേരുള്ള രണ്ടു വസ്ത്രങ്ങൾകൂടെ തന്നയച്ചിരിക്കുന്നു. ഇവയെ ധരിക്കണം. (രണ്ടുപേരും അപ്രകാരം ചെയ്യുന്നു)

തപ— (സന്തോഷത്തോടുകൂടെ) അച്ഛന്റെ പ്രസാദംകൊണ്ടു ഞാൻ ജീവിച്ചു.

രാജാ— (ആനന്ദത്തോടുകൂടെ) ഭവതികളുടെ വചനാമൃതംകൊണ്ടു ഞങ്ങൾ നിൎവൃതന്മാരായി.

മേന— (വിചാരിച്ചു ഭയത്തോടുകൂടെ) സഖി! രംഭെ! ആ രാക്ഷസി ജംബൂനദികയുടെ രൂപം ധരിച്ചു ഗുരുജനങ്ങളുടെ മുമ്പിൽ ചെന്നു വല്ലതും പ്രവൎത്തിച്ചേക്കാം. അതിനാൽ നമ്മൾക്കു പോയി

പരമാൎത്ഥമറിയിച്ചശേഷം വരാം. (എന്നു പോയി)

(അണിയറയിൽ)

മാറിക്കൊള്ളുണെ മാറിക്കൊള്ളുണെ.

ഇതാ ചുററും കാട്ടുതീപിടിച്ചിട്ടുള്ള അഞ്ജനപൎവ്വതം ആകാശത്തുനിന്നു വേഗത്തിൽ കീഴ്പോട്ടു വരുന്നു.

തപ— (ഭയത്തോടുകൂടെ) ആൎയ്യപുത്ര! എന്നെ രക്ഷിക്കണെ! രക്ഷിക്കണെ!(എന്നു രാജാവിനെ പിടിച്ചുകൊണ്ടു നില്ക്കുന്നു)

രാജ— അയി ഭീരു ! ഭയപ്പെടേണ്ട! നിശ്ചയമായും ഇതു പാരാശൎയ്യന്റെ ഒരു ഭ്രമമാണ്.

(കണ്ണാഭരണവും കയ്യിലെടുത്തുകൊണ്ടു സംഭ്രമത്തോടുകൂടെ വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂ— മാറിക്കൊള്ളുണെ(ഇത്യാദിപിന്നെയും പറയുന്നു)

(അനന്തരം ശരക്കൂടബദ്ധയായ രാക്ഷസി മുകളിൽനിന്നും വീഴുന്നു)

രാക്ഷ— (രാജാവിനെ നോക്കിക്കൊണ്ട്) മഹാരാജാവെ! എന്നെ രക്ഷിക്കണെ! (എന്നു പാദങ്ങളിൽ വീഴുന്നു)

വിദൂ— തോഴരെ! ഈ മനുഷ്യരെ കടിച്ചുതിന്നുന്ന രാക്ഷസിയുടെ വായിൽനിന്നു മുമ്പെ എന്നെ രക്ഷിക്കണേ! പിന്നെ ഇവളെ രക്ഷിക്കാം.

തപ— ആൎയ്യപുത്ര! എന്റെ അംഗങ്ങൾ വിറക്കുന്നു. ആ രാക്ഷസിയെ വേഗം വിട്ടയക്കണം.

രാജാ— പ്രിയെ! ഭയപ്പെടേണ്ട! ഞാൻ അടുത്തുണ്ടല്ലൊ.

(രാക്ഷസിയെ നോക്കിക്കൊണ്ട്)

നീ ഏതാണ്. ഈ ആപത്തിനുള്ള കാരണമെന്താണ്?

രാക്ഷ—(ആത്മഗതം) ഇദ്ദേഹം സത്യപ്രിയനാണ്. അതുകൊണ്ടു സത്യം പറഞ്ഞു തന്നെ ഞാൻ രക്ഷപ്പെടുന്നുണ്ട്.

(പ്രകാശം) മഹാരാജാവു കേൾക്കണം. ഞാൻ മോഹിനികയെന്ന രാക്ഷസിയാണ്. ഭവാൻ എന്റെ പുത്രന്മാരെയെല്ലാം കൊന്നതുനിമിത്തം ഞാൻ പ്രയോഗിച്ച മായാശക്തി ഭൃഗുവിന്റെ കൎമ്മപ്രഭാവംനിമിത്തം നിഷ്ഫലമായിതീൎന്നു. പിന്നെ ഇവിടെ വന്നു രംഭയുടേയും ജംബൂനദികയുടേയും രൂപം ധരിച്ചു ഭവാനെ പ്രിയയോടും സഖീജനത്തോടും കൂടെ മരണത്തിനുത്സാഹിപ്പിച്ചിട്ട് ഇവിടെനിന്നും സ്വൎഗ്ഗലോകത്തു പോകുമ്പോൾ വസിഷ്ഠനോടുകൂടെ വരുന്ന ഭവാന്റെ പുത്രനെ ഭക്ഷിക്കുന്നതിനായിട്ടടുത്തു. അപ്പോൾ അവൻ ശരങ്ങളെക്കൊണ്ടു എന്റെ ആകാശഗമനശക്തിയെ തടഞ്ഞിട്ട് ഇപ്രകാരം എന്നെ ബന്ധിച്ചു. അതുകൊണ്ടു മഹാരാജാവ് ദയയുണ്ടായി ഞാൻ ചെയ്ത അപരാധത്തെ സഹിച്ചു എന്നെ രക്ഷിക്കണം.

വിദൂ—(സംഭ്രമത്തോടുകൂടെ രാജാവിനോടു രഹസ്യമായിട്ട്)

തോഴരെ! ഇവൾ ഇവിടെ എന്തു ചെയ്യുന്നാണ് പറഞ്ഞത്?

രാജ— ഇപ്രകാരം (എന്നു ചെവിയിൽ പറയുന്നു)

വിദൂ അഹോ! അത്യാപത്ത്! രാക്ഷസിയെ നോക്കിക്കൊണ്ട്) ഇത്രയും ഉപകാരം ചെയ്ത നിന്നെ ഞങ്ങൾ എങ്ങിനെ രക്ഷിക്കാതിരിക്കും.

തപ (ആത്മഗതം) സന്താനരഹിതയായ എനിക്കു എവിടെനിന്നാണ് സന്താനം; അല്ലെങ്കിൽ ആൎയ്യപുത്രൻ ബഹുപരിഗ്രഹനാണല്ലൊ.

രാജാ (പുഞ്ചിരിയോടുകൂടെ) ഇതെല്ലാം ശരി. എനിക്കു പുത്രൻ എവിടെനിന്നാണ്.

അനന്തരം വസിഷ്ഠനും ചാപധാരിയായ കുമാരനും പ്രവേശിക്കുന്നു.

വസി— ഞാൻ ഇപ്പോൾ

കൈലാസത്തിൽശിവനെ വിധിലോക-
[ത്തിൽവേധസ്സിനെശ്രീ-
കോലുംപാലാഴിയിലജനെയാവിണ്ണിലാ-
[വൃത്രഹാവെ
ചാലെകണ്ടിട്ടഹരവിയെയും തൽസുതാ-
[പുത്രനാമീ-
ബാലന്നേകാൻപിതൃസുഖമിതാപൌരവ-
[സ്ഥാനമാന്നോൻ. (൧൦)

കുമാരൻ—(കൌതുകത്തോടുകൂടെ)
മുന്നംദാനവഘോരസേനയെഹനി-
ച്ചീടുന്നൊരെൻമസ്തകേ
വിണ്ണോർനിന്നുപൊഴിച്ചപൂമഴകളാൽ
പോലുംലഭിക്കാത്തതാം
കുന്നിക്കുന്നൊരുസംപ്രഹർഷമധുനാ-
സച്ഛത്രുഗാത്രത്തിനി-
ന്നൊന്നോമൽ പിതൃപാദപങ്കജലസൽ
പാംസുക്കളേകുംദ്രുതം. (൧൧)

(എന്നു രണ്ടുപേരും ചുറ്റിനടക്കുന്നു)

വിദൂ—രാക്ഷസിയെക്കണ്ടു സംഭ്രമിച്ചിട്ട് ഇതുവരേയും കണ്ണാഭരണത്തിന്റെ കാൎയ്യം വിട്ടുപോയി.

രാജാ—(പുഞ്ചിരിയോടുകൂടെ) കണ്ണാഭരണത്തെ കാണിക്കേണ്ടതായ അവസരം ഇതല്ലായിരുന്നു. അല്ലെങ്കിൽ ഇതുതന്നെ അവസരം.

(തപതിയുടെ നേരെ നോക്കിക്കൊണ്ട്)
ഉരുപുളകമണച്ചുംചേച്ചയാലംഗമെങ്ങും
സുരഭിതയൊടുചേൎന്നുംസൌഖ്യമാൎന്നുംകല-
[ന്നും
വരമൊഴി! തവമെയ്യോടൊത്തൊരിക്കണ്ണ-
[പൂരം
ചിരമിനിയുമയേ! നിൻകാതിതിൽചേ-
[ൎന്നിടട്ടെ. (൧൨)

(എന്നു കണ്ണാഭരണത്തെ അൎപ്പിക്കുന്നു)

രാക്ഷ—മഹാരാജാവെ! ഈ രാക്ഷസിയെ വിട്ടയക്കണെ.

രാജാ—നീ പോകണം. (എന്നു അസ്ത്രബന്ധത്തിൽനിന്നും മോചിപ്പിക്കുന്നു)

രാക്ഷ—നിങ്ങൾ വളരെക്കാലം ജീവിച്ചാലും. (എന്നു പോയി)

വസി—(കീഴ്പോട്ടുനോക്കീട്ട്) വത്സ! നിന്റെ പിതാക്കന്മാർ ഇതാ നില്ക്കുന്നു. അതിനാൽ വരണം. നമ്മൾക്കിറങ്ങാം.

(ഇറങ്ങുന്നതായി നടിക്കുന്നു)

രാജ—(നോക്കീട്ട്) അയെ! ഗുരുക്കൾ വന്നിരിക്കുന്നു. (അടുത്തുചെന്നിട്ട്) ഭഗവൻ! ഈ സംവരണൻ അഭിവാദനം ചെയ്യുന്നു.

തപ—ഭഗവൻ! ഇതാ തപതി നമസ്കരിക്കുന്നു.

വസി—(രണ്ടുപേരേയും നോക്കിക്കൊണ്ട്)
ജനതയ്ക്കുതങ്ങളുട്ടെസംപ്രഹർഷം
ലളിതം,പ്രോജ്വലസന്ധി,കോമളാംഗം,
പരിവൃഢരസാനുകൂലഭാവം,
തപതീസംവരണംഗുണാധിവാസം (൧൩)
വത്സ! പിതാക്കന്മാരെ വന്ദിക്കണം.

കുമാരൻ—(തലതാഴ്ത്തിക്കൊണ്ട്)
ജനനീജനകന്മാരാ-
യനഘന്മാരായിടുന്നനിങ്ങളുടെ
ശോണാംബുജപദയുഗളം
താണിതകുരുവാംസുതൻവണങ്ങുന്നു.

രാജാ—(സസ്പൃഹംനോക്കി രോമാഞ്ചത്തോടുകൂടി) വത്സ! നീ ആരെങ്കിലുമാകട്ടെ. ചക്രവൎത്തിയായി ഭവിച്ചാലും.

തപ—(ആനന്ദത്തോടുകൂടെ) വത്സ! സ്നേഹം നിന്നെ അറിയുന്നെങ്കിലും ഞാൻ നിന്നെ അറിയുന്നില്ല. നീ ദീൎഘായുസ്സായി ഭവിച്ചാലും.

വിദൂ—ഇനിക്കാകട്ടെ സംശയമില്ല. ഇവൻ കണ്ണാടിയിൽ പതിഞ്ഞ നിങ്ങളുടെ പ്രതിബിംബംപോലെ തന്നിരിക്കുന്നു.

വസി—സംശയിച്ചിട്ടാവശ്യമില്ല. ഇവന്റെ വൃത്താന്തംപറയാം; കേൾക്കണം.

രാജാ—(ബഹുമാനത്തോടുകൂടെ) ഇതാ ഇവൻ തല്പരനായിരിക്കുന്നേ.

വസി—പണ്ട് ഇവൾ തപനവനത്തിൽ വെച്ചു ഗൎഭരണാനന്തരം ഈ പുത്രനെ പ്രസവിച്ചു.

രാജാ—പിന്നയോ?

വസി—അനന്തരം ദേവദ്വേഷികളായ അസുരന്മാരെ നിഗ്രഹിക്കുന്നതിന്നും തേ

ജോബലവൎദ്ധനങ്ങളായ ദിവ്യാഹാരങ്ങളെക്കൊണ്ടു തന്നെ വളൎത്തുന്നതിന്നു നിങ്ങൾ പുത്രവിരഹംകൊണ്ടുള്ള വേദനയെ അറിയാത്ത മട്ടിൽ പ്രസവസമയം സൂൎയ്യകല്പനകൊണ്ടു രംഭ ഇവളെ മോഹിപ്പിച്ചിട്ട് ഈ കുട്ടിയെ ഗൂഢമായിട്ടു സാവിത്രിയുടെ സമീപത്തു കൊണ്ടാക്കി. അതെല്ലാം ഇവൾ ഒരു സ്വപ്നദൎശനംപോലെ അനുഭവിച്ചതെയുള്ളു.

രാജാ— പിന്നെയോ?

വസി— അനന്തരം ചില ദിവസംകൊണ്ടു മാത്രം ദേഹമാഹാത്മ്യം സിദ്ധിച്ചിരിക്കുന്ന ഇവനെ അസുരവിജയത്തിന്നായി ദേവേന്ദ്രൻ വന്നൎത്ഥിച്ചപ്പോൾ 'കുരുസുരകാൎയ്യം' എന്നു മാതാമഹൻ കല്പിച്ചു. അതുകൊണ്ട് ഇവന്ന് കുരു എന്നു പേരു സിദ്ധിച്ചു.

രാജാ— പിന്നെയോ?

വസി— സുരകാൎയ്യത്തെ സാധിച്ച ശേഷം ഇതുവരെയും തന്റെ അടുക്കൽ തന്നെ താമസിപ്പിച്ചിരുന്നു. ഇപ്പോൾ എന്നെയും കൂട്ടി ഇങ്ങോട്ടയച്ചു.

രാജാ—(ബാഷ്പഗൽഗദങ്ങളോടുകൂടെ) വത്സ! വരണം; വരണം. (ആലിംഗനം ചെയ്തു ശിരസ്സിൽ ചുംബിച്ചു മടിയിൽ കരേററിയിരുത്തുന്നു)

തപ—ആൎയ്യപുത്ര! തൻകാൎയ്യം മാത്രം കാണുന്നതു ഭംഗിയല്ല. (എന്നു അദ്ദേഹത്തിന്റെ മടിയിൽനിന്നും കുമാരനെ ബലാൽകാരേണ ആകൎഷിച്ചു ശരീരത്തോടണച്ചു മുലപ്പാലോടു ചേൎന്നകണ്ണുനീരുകൊണ്ടു നനയ്ക്കുന്നു)

രാജാ—(വിദൂഷകനെ കാണിച്ചിട്ടു) വത്സ! പിതാവിനെ വന്ദിക്കണം. (കുമാരൻ വന്ദിക്കുന്നു)

വിദൂ— (ഹൎഷകമ്പങ്ങളോടുകൂടെ കൈകൊണ്ടു പിടിച്ചാലിംഗനം ചെയ്തിട്ടു) വത്സ! നിനക്കു സ്വസ്തി ഭവിക്കട്ടെ. (ആകാശത്തു നോക്കീട്ടു) ഉല്ലലികെ! നീ എന്താണ് വന്നത്. (ചെവി കൊടുത്തിട്ട്) നീ എന്തു പറയുന്നു? ദേവിയായ സാല്വരാജപുത്രി പുത്രസംഗതനായ മഹാരാജാവിനെ അനുമോദിക്കുന്നതിന്നായി എന്നെ പറഞ്ഞയച്ചിരിക്കുന്നു എന്നോ? എന്നാൽ ഈ കുമാരൻ നമസ്കരിക്കുന്നതിന്നായിട്ടിതാ വരുന്നു. നീ ഇപ്പോൾ പോയാലും.

വസി—ഇനിയും എന്തു പ്രിയത്തെയാണ് ഞാൻ നിങ്ങൾക്കു ചെയ്യേണ്ടത്.

രാജാ—

കാലാഗാരത്തിൽനിന്നിരവിജയെ ഇവിടെ
ചേൎത്തതില്ലേ കുലത്തി-
ന്നാലംബത്വം വഹിക്കുന്നൊരുവരസുതനെ
സ്സാമ്പ്രതംനൾകിയില്ലേ
ഭൂലോകേപൃഷ്ഠിമൂലം ശതമഖനുളവാ-
ക്കീലയോതുഷ്ടിയേററം
മേലാലെന്താണെനിക്കിന്നൊരുശുഭഫലമ-
ങ്ങുന്നുനൾകേണ്ടതോൎത്താൽ.

എങ്കിലും ഞങ്ങൾ ഇത്രമാത്രം ആശംസിക്കുന്നു.

(ഭരതവാക്യം)

തമ്മിലെന്നുമഴിയാത്തതാംമമത-
ഭൂവിലാക്കുമുളവാകണം
ദുൎമ്മതങ്ങളെവെടിഞ്ഞുസൽകവിഗുണങ്ങ-
ളെസരസർവാഴ്ത്തണം
എന്മനസ്സുവിഷയേച്ഛവിട്ടനഘമാകണം
ജലദവൎണ്ണനായ്
ശൎമ്മദാനപരനായമാധവനിലുററ
ഭക്തിയുമുദിക്കണം. ൧൬

(എന്നു എല്ലാവരും പോയി)

ഇപ്രകാരം ആറാമങ്കം

തപതീസംവരണം നാടകം സമാപ്തം.

ശുഭം. ഓം ശാരദാംബായൈ നമഃ.

# കാലപവ്ത്തം *

## ഒന്നാം അദ്ധ്യായം
## ആനന്ദം

ഗംഗാതീരത്തിലുള്ള വീരജാവനഗ്രാമത്തിന്റെ ഒരു ഭാഗത്ത് ഒരു ചെറിയ മാവിൻതോട്ടം ഉണ്ട്. അതിന്റെ നടുവിലുള്ള ഒരു ചെറിയ പൎണ്ണശാലയുടെ ഉമ്മറത്തു പ്രേമാനന്ദസ്വാമി ദൎഭവിരിച്ച് അതിന്മേൽ ഇരുന്നിരുന്നു.

സ്വാമി ക്ഷൌരം കഴിച്ചിരിക്കുന്നു. വളരെ വൎണ്ണം കുറഞ്ഞതും വെഞ്ചാമരപോലെ നരച്ചതുമായ സ്വാമിയുടെ പിങ്കുടുമ ദിവ്യതേജസ്സിന്റെ നാളംപോലെ അദ്ദേഹത്തിന്റെ തലയുടെ പിൻഭാഗത്തു തൂങ്ങിക്കിടക്കുന്നുണ്ട്. മുഖത്തിൽ മീശയുടെ ലക്ഷണംപോലും കാണ്മാനില്ല. അദ്ദേഹത്തിന്റെ ദേഹം തപസ്സുകൊണ്ടു മെലിഞ്ഞിരിക്കുന്നു. നിറം നല്ല വെളുത്ത നിറമാണ്. മുഖത്തിൽ ശാന്തിയുടേയും പ്രേമത്തിന്റേയും അപൂൎവ്വമായ തേജസ്സു വിളങ്ങുന്നുണ്ട്. സ്വാമി കണ്ണടച്ചു നാമം ജപിച്ചുകൊണ്ടിരിക്കുന്നു.

അപ്പോൾ വൈശാഖമാസമാണ്. നേരം ഉച്ചതിരിഞ്ഞിരിക്കുന്നു. തണുത്ത തെക്കൻകാററ് മാവിൻതളിരുകളെ മെല്ലെ മെല്ലെ ഇളക്കിക്കൊണ്ടു മന്ദമായി വീശുന്നുണ്ട്. തേന്മാവിന്റെ കൊമ്പുകളിലിരുന്നു കുയിലുകൾ ആനന്ദത്തോടുകൂടി 'കൂക്കൂ' എന്നിങ്ങിനെ പാട്ടുപാടുന്നുണ്ട്. വസന്തശോഭകൊണ്ട് ലോകം ആനന്ദമയമായിരിക്കുന്നു. വൃക്ഷങ്ങളിലും ലതകളിലും ഇലകളിലും പുഷ്പങ്ങളിലും ആ ആനന്ദം വഴിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. പ്രേമാനന്ദസ്വാമി ആനന്ദവനത്തിലിരുന്നു പരമാനന്ദരസം അനുഭവിച്ചുകൊണ്ടിരുന്നു.

ഈ സമയത്തു ചെറുപ്പക്കാരനായ ഒരാൾ ആ മാവിൻതോട്ടത്തിലേക്കു പതുക്കെ കടന്നുചെന്നു. ആ യുവാവിന്റെ നിറം പത്തരമാററുള്ള തങ്കത്തിന്റെ വൎണ്ണമാണ്. സ്വൎണ്ണപ്രതിമപോലെ അവന്റെ ദേഹം കാന്തികൊണ്ടും സൌന്ദൎയ്യംകൊണ്ടും ഏററവും വിളങ്ങുന്നുണ്ട്. അവൻ ഒരു വെളുത്ത പട്ടുടുത്തിട്ടുണ്ട്. ചുമലിൽ ഒരു വെള്ളപ്പട്ട് ഉത്തരീയമായി ഇട്ടിട്ടുണ്ട്. വലത്തെകയ്യിൽ രത്നഖചിതമായ ഒരു വള ഇട്ടിട്ടുണ്ട്. ചീകി മിനുക്കിയതും കറുത്തു നീണ്ടതുമായ തലമുടി അരവരെ നീണ്ടുകിടക്കുന്നുണ്ട്. നെററിയിൽ ചന്ദനക്കുറിയുണ്ട്. പുതുതായി മുളച്ചുവരുന്ന മീശയുടെ കറുത്ത രേഖയോടുകൂടിയ മുഖമണ്ഡലം വണ്ടോടുകൂടിയതും വിടൎന്നതുമായ പ്രഭാതകമലംപോലെ മനോഹരമായിരിക്കുന്നു.

ഈ യുവാവ് വീരജാവനത്തിലെ പ്രഭുവായ നയനചന്ദ്രരായന്റെ പുത്രനായ കാലചന്ദ്രരായൻ ആകുന്നു. കാലചന്ദ്രൻ പ്രേമാനന്ദസ്വാമിയുടെ ശിഷ്യനാണ്. ദിവസേന ഉച്ചതിരിഞ്ഞു സ്വാമിയെ ദൎശനംചെയ്വാൻ വരാറുള്ളതുപോലെ ഇന്നും വന്നതാണ്.

കാലചന്ദ്രൻ ആശ്രമത്തിൽ കടന്നുചെന്ന് പൎണ്ണശാലയുടെ നേരെ ചെന്നപ്പോൾ സ്വാമി ജപത്തിലിരിക്കുന്നതായി കണ്ടു. കണ്ണുകൾ അടച്ചിരിക്കുന്നു. ചുണ്ടു ചിലപ്പോൾ അല്പം അനങ്ങുന്നുണ്ട്. ആ പ്രസന്നമായ ദേഹത്തിൽനിന്നു പ്രേ

* തൎജ്ജമ

മവും ആനന്ദവും വഴിഞ്ഞൊഴുകുന്നുണ്ട്. കാലചാന്ദൻ സാഷ്ടാംഗം നമസ്കരിച്ചു എണീട്ടുനിന്നു.

അല്പനേരത്തിന്നുള്ളിൽ സ്വാമിയുടെ നാമജപം കഴിഞ്ഞു. കണ്ണു മിഴിച്ചപ്പോൾ കാലചാന്ദനെ മുമ്പിൽ കണ്ടിട്ടു വന്നിട്ടു നേരമെത്ര്യായി എന്നു സ്വാമി ചോദിക്കുകയും അയാളോട് ഇരിക്കാൻ പറയുകയും ചെയ്തു. സ്വാമിയുടെ പ്രസന്നമായ നോട്ടത്തിലും സ്നേഹാൎദ്രമായ സ്വരത്തിലും ശിഷ്യവാത്സല്യം വഴിഞ്ഞൊഴുകിയിരുന്നു. യുവാവ് സ്വാമിയുടെ കാൽപൊടി തലയിലിട്ടു കുറച്ചു ദൂരെയായി ഇരുന്നു.

സ്വാമി ചോദിച്ചു 'വത്സാ! ഇന്നു പ്രകൃതിയെ നോക്കുമ്പോൾ നിനക്കു എന്തു തോന്നുന്നു?'

യുവാവ്—ലോകം മുഴുവനും ആനന്ദമയമായി കാണുന്നതുകൊണ്ടു മനസ്സിന്നു വളരെ ആഹ്ളാദം തോന്നുന്നുണ്ട്.

സ്വാമി—നീ പറയുന്നതു ശരിയാണ്. ഈ ലോകം ആനന്ദമയമായിട്ടുള്ളതാണ്. അതു പരമാനന്ദസ്വരൂപിയായ ഭഗവാൻെറ ആനന്ദലീലയുടെ കേളിരംഗമാണ്. ഈ ലോകത്തിൻെറ ആദിമദ്ധ്യാവസാനങ്ങൾ കേവലം ആനന്ദമയമായിട്ടുള്ളതാണ്. ഋഷികൾ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

'ആനന്ദാൽഖ്യേവഖല്വിമാനിഭൂതാനിജാ ആനന്ദേനജാതാനിജീവന്തി (യന്തേ ആനന്ദംപ്രയന്ത്യഭിസംവിശന്തി'

ഈ ലോകവും അതിലുള്ള സകല വസ്തുക്കളും ആനന്ദത്തിൽ നിന്നുണ്ടായിട്ടുള്ളതാണ്. ആനന്ദത്തിൽ തന്നെ അവ ജീവിക്കുന്നു. ആനന്ദത്തിൽ തന്നെ ഒടുക്കം ലയിക്കുകയും ചെയ്യുന്നു. ജനനത്തിലും ജീവനത്തിലും മരണത്തിലും ആനന്ദം തന്നെ. ഈ ലോകം ആനന്ദംകൊണ്ട് ഉന്മത്തമായിരിക്കുന്നു. ആനന്ദം തന്നെയാണ് ലോകം. അഥവാ ലോകം തന്നെയാണ് ആനന്ദം.

യുവാവ വിസ്മയത്തോടുകൂടി പറഞ്ഞു. 'പ്രഭോ! ലോകം ആനന്ദമയമാണെങ്കിൽ ജീവികൾക്കു ദുഃഖമുണ്ടായി കാണുന്നത് എന്തുകൊണ്ടാണ്?

സ്വാമി—വത്സ! ഇതിൽ ആശ്ചൎയ്യപ്പെടുവാനൊന്നുമില്ല. ദുഃഖം എന്നൊരു വസ്തു തന്നേ ഇല്ല. ദുഃഖമെന്നതു ജീവികളുടെ മനസ്സിൻെറ ഭ്രാന്തിയാണ്. ഈ ഭ്രാന്തി ദൂരെക്കളഞ്ഞാൽ പരമാനന്ദപ്രാപ്തിയുണ്ടാകുന്നു.

യുവാവ്—പ്രഭോ! ഈ പരമാനന്ദം മനുഷ്യന് എങ്ങിനെയാണ് സിദ്ധിക്കുവാൻ കഴിയുന്നത്?

സ്വാമി—സുഖം ദുഃഖം ശീതം ഉഷ്ണം ഇങ്ങിയുള്ള സകലവും മനസ്സിൻെറ അനുഭവം മാത്രമാണ്. മനസ്സിനെ എന്തും സഹിക്കാൻ ത്രാണിയുള്ളതാക്കിത്തീൎത്ത് ആത്മാവിന്ന് അധീനമാക്കാൻ കഴിഞ്ഞാൽ മാത്രമേ ഇൗ സകല ദ്വന്ദ്വങ്ങളേയും മനുഷ്യന് അതിക്രമിക്കാൻ കഴികയുള്ളൂ. നീ ദുഃഖത്തിൻെറ കഥ പറഞ്ഞുവല്ലൊ. ദുഃഖനിവൃത്തിക്കു വഴിയുണ്ട്. എന്നാൽ ആ വഴി വളരെ പ്രയാസമായിട്ടുള്ളതാണ്. ഭഗവാൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

'ഇന്ദ്രിയാണി പ്രമാഥീനി ഹരന്തി പ്രസഭം മനഃ' ചഞ്ചലമായിരിക്കുന്ന മനസ്സ് ഇന്ദ്രിയങ്ങളുടെ ആകൎഷണംകൊണ്ട് എളുകിവശാവുന്നു. അതു മനസ്സിൻെറ ഒരു സ്വഭാവമാണ്. ആനന്ദപ്രാപ്തിക്ക് എളുപ്പമായ വഴി ഞാൻ ഇപ്പോൾ നിനക്കു പറഞ്ഞുതരാം. ലോകമാസകലം വ്യാപിച്ചിരിക്കുന്ന ആ പരമാനന്ദത്തിൻെറ ഒരംശം എല്ലാ ജീവികളുടെ ഹൃദയത്തിലും ഉണ്ട്. ഈ ആനന്ദകണികയാണ് പ്രേമം അല്ലെങ്കിൽ പ്രീതി, സ്നേഹം എന്നെല്ലാം

പറയപ്പെടുന്നത്. പാത്രഭേദംകൊണ്ട് അതിന്റെ വികാസത്തിന്നു സ്നേഹം, പ്രണയം, ഭക്തി എന്നിങ്ങിനെ പല പേരുകളും പറയപ്പെടുന്നു. ഭക്തിയേക്കാൾ സ്നേഹത്തിന്നും സ്നേഹത്തേക്കാൾ പ്രേമത്തിന്നും ശക്തിയുണ്ട്. ഈ സ്നേഹമോ, പ്രണയമോ ഭക്തിയോ നിർമ്മലമായിത്തീൎന്നാൽ മനുഷ്യന് എളുപ്പത്തിൽ അഖണ്ഡമായ ആനന്ദം സിദ്ധിപ്പാൻ കഴിവുണ്ടാകുന്നു. കഷ്ടം! എന്നാൽ സ്വാൎത്ഥത്തിന്റെ മാലിന്യം അത്ര എളുപ്പത്തിൽ കളയാൻ സാധിക്കുന്നതല്ല. തന്നെത്താൻ മറന്ന് അന്യന്നുവേണ്ടി പ്രവൃത്തി എടുക്കാൻ മനുഷ്യന്നു കഴിയുന്നില്ല. അതുകൊണ്ടാണ് എല്ലാവരിലും ആ ആനന്ദത്തിന്റെ ഒരംശം ഉണ്ടെങ്കിലും എല്ലാവൎക്കും പരമാനന്ദപ്രാപ്തിക്കുള്ള ഭാഗ്യം ഉണ്ടാകാത്തത്. കസ്തൂരി താൻ്റെ നാഭിയിലിരിക്കുന്നുണ്ടെന്നുള്ള വസ്തുത അറിയാൻ കഴിയാതെ കസ്തൂരിയുടെ മണംകൊണ്ടു കസ്തൂരിമൃഗം ഭ്രാന്തനെപ്പോലെ കാട്ടിൽ അലഞ്ഞുതിരിയുന്നു. കഷ്ടം! ജീവന്റെ എന്തൊരു നിർഭാഗ്യം!

യുവാവ്—ഭക്തി, സ്നേഹം, പ്രേമം ഇവയിൽ സ്വാൎത്ഥം ഉണ്ടോ?

സ്വാമി—ഇവയെല്ലാററിലും സ്വാൎത്ഥം ഉണ്ട്. സാധാരണയായിട്ടു സ്വാൎത്ഥം ഉണ്ടാവുന്നതു സ്വാഭാവികമാണ്. നീ നിന്റെ അച്ഛന്റെ നേരെ ഭക്തി കാണിക്കുന്നു. അതിന്നു പല കാരണങ്ങളും ഉണ്ട്. അച്ഛന്റെ നേരെ ഭക്തി കാണിച്ചില്ലെങ്കിൽ അധൎമ്മമായിവരും എന്ന ശാസ്ത്രവിധിയെ വിചാരിച്ചും അച്ഛൻ നിന്നെ പോററി രക്ഷിക്കുകയും തന്റെ സ്വത്തു നിനക്കു തരികയും ചെയ്യുവല്ലോ എന്നുള്ള നന്ദികൊണ്ടും അച്ഛനെയുള്ള പേടികൊണ്ടും നീ അദ്ദേഹത്തെ ആദരിക്കുന്നു. നിന്റെ ഭാൎയ്യ നിന്നെ സ്നേഹിക്കുന്നതും ഈ മാതിരിതന്നെയാണ്. ചിലർ ശാസ്ത്രശാസനകൊണ്ടും സമുദായനടപടികൊണ്ടും ചിലർ കൃതജ്ഞതകൊണ്ടും ചിലർ ഭയപ്പെട്ടും ഭൎത്താക്കന്മാരെ ഭക്തിയോടുകൂടി വിചാരിക്കുന്നു. ഈ കാരണങ്ങളൊന്നും കൂടാതെ മനസ്സിന്റെ ആകൎഷണശക്തികൊണ്ടു മാത്രം ചിലർ ഭൎത്താക്കന്മാരെ സ്നേഹിക്കുന്നില്ലെന്നില്ല. മനസ്സിന്റെ ഈ ആകൎഷണശക്തിയെയാണ് നിസ്സ്വാൎത്ഥപ്രേമമെന്നു പറയുന്നത്. ക്രമത്തിൽ ഈ നിസ്സ്വാൎത്ഥപ്രേമം വൎദ്ധിച്ചുവന്നാൽ സ്വാൎത്ഥത്തിന്റെ ഹേതുവാദം തന്നെ ഇല്ലാതായിത്തീരുന്നു. പിന്നെ ആ പ്രേമം തീരെ സ്വാൎത്ഥശൂന്യമായിത്തീൎന്നു നിർമ്മലമായി ഭവിക്കുന്നു. എന്നാൽ അതു പ്രയത്നംകൊണ്ടുമാത്രമേ സാദ്ധ്യമാവുള്ളു.

യുവാവ്—അങ്ങിനെയാണെങ്കിൽ ഈ ലോകത്തിൽ നിസ്സ്വാൎത്ഥപ്രീതി ഇല്ലെന്നുണ്ടോ?

സ്വാമി—ദുല്ലഭമായിട്ട് ഇല്ലെന്നില്ല. നിസ്സ്വാൎത്ഥപ്രീതിയുണ്ടായാൽ ആനന്ദമുണ്ടാകുന്നു. അതില്ലെങ്കിൽ ഈ ലോകം ശൂന്യവനമായി ഭവിക്കുന്നതാണ്. ഭാഗ്യംകൊണ്ട് ഈ വസ്തുവും മനുഷ്യന്നു ലഭിക്കുന്നു. അങ്ങിനെ ഭാഗ്യമുള്ള ഒരുവന്റെ ആവിൎഭാവത്തിങ്കൽ പ്രീതി താനേ തന്നെ വൎദ്ധിക്കുന്നു. ഈ പ്രേമത്തിന്നു പാത്രഭേദമോ ജാതിഭേദമോ ഇല്ല. ഇതിന്നു കാമത്തിന്റെ കളങ്കം ലേശമില്ല. ഇങ്ങിനെയുള്ള പ്രേമംതന്നെയാണ് പരമാനന്ദം. മനുഷ്യനെ നിസ്സ്വാൎത്ഥപ്രേമത്തോടുകൂടി സ്നേഹിച്ചാൽ മനുഷ്യൻ പരമാനന്ദപദം അടയുന്നു. മ

നുഷ്യനു ഭഗവൽപ്രാപ്തിക്കു—ബ്രഹ്മാനന്ദരസം അനുഭവിക്കുന്നതിന്നു—ഉള്ള ആദ്യത്തെ പടവും പ്രധാനമായ അവലംബവും മനുഷ്യൻതന്നെയാണ്.

യുവാവ്—പരമാനന്ദപ്രാപ്തിക്കുള്ള വഴി മനുഷ്യരിലുള്ള പ്രേമമാണെന്നു എനിക്കു മനസ്സിലായി.

സ്വാമി—അത് ഒരു വഴി മാത്രമല്ല. ഘടാകാശത്തിന്നും മഹാകാശത്തിന്നും എങ്ങിനെ വസ്തുഭേദം ഇല്ലയോ അങ്ങിനെതന്നെ മനുഷ്യപ്രേമവും പരമപ്രേമവും തമ്മിൽ വ്യത്യാസമില്ല. രണ്ടും ഒന്നുതന്നെ. അതുകൊണ്ടു നീ നിന്നെ മറന്നു നിഷ്കാമനായിത്തീരാൻ ആഗ്രഹിച്ചാലും. കാമം, പ്രേമം ഈ രണ്ടു പദാർത്ഥങ്ങൾ തീരെ വ്യത്യസ്തങ്ങളാണ്. തന്നെത്താൻ മറക്കാൻ കഴിയാതേയും ഇന്ദ്രിയസുഖങ്ങളിലുള്ള ആഗ്രഹത്തെ വിട്ടൊഴിക്കാൻ കഴിയാതേയുമിരുന്നാൽ പ്രേമം ഉണ്ടാവുന്നതല്ല. കാമിക്കു ആനന്ദസിദ്ധിക്കുള്ള ഭാഗ്യം കിട്ടുന്നതല്ല.

യുവാവ്—പ്രേമത്തിന്നു ജാതിഭേദമില്ലെന്നു പറഞ്ഞുവല്ലൊ. അതിൻെറ അർത്ഥമെന്താണ്?

സ്വാമി—ജാതിഭേദം മനുഷ്യകല്പിതമാണ്. പ്രേമമാവട്ടെ മനുഷ്യൻെറ വിധിനിഷേധങ്ങൾക്ക് അധീനമായി ഭവിക്കുന്നില്ല. സ്മൃതികളിലെ ഓരോ വ്യവസ്ഥകൾ അനുസരിച്ചു ഗൃഹസ്ഥന്മാർ പ്രവർത്തിക്കുന്നു. എന്നാൽ പ്രീതി സ്മൃതികളുടെ വ്യവസ്ഥകളെ അനുസരിക്കുന്നില്ല. ഇരുമ്പിനെ ആകർഷിക്കരുതെന്ന് അയസ്കാന്തത്തിനെ വിലക്കിയാൽ അത് അങ്ങിനെ ചെയ്യാതിരിക്കുമോ? പ്രേമമുള്ളവനു ജാതിഭേദവിചാരം ഇല്ല. പ്രേമത്തിൻെറ പുണ്യക്ഷേത്രത്തിൽ എല്ലാം ഒരു ജാതിതന്നെ. പ്രേമത്തിൻെറ പേര് ആത്മത്യാഗം എന്നാണ്. തന്നെത്താൻ മറന്നുകളഞ്ഞാൽ പിന്നെ അവിടെ ജാതികുലങ്ങളുടെ വിചാരം ഉണ്ടോ? ശ്രീകൃഷ്ണനിലുള്ള പ്രേമാധിക്യംകൊണ്ടു ഗോപികമാർ തങ്ങളെത്തന്നെ മറന്നു ലോകത്തിലുള്ള സകല വസ്തുക്കളേയും കൃഷ്ണമയമായിക്കണ്ടു. ഗോപസ്ത്രീകളുടെ കാമം പ്രേമമായി പരിണമിച്ചതുകൊണ്ടാണ് അവർ കണ്ട വസ്തുക്കളെല്ലാം കൃഷ്ണമയമായിത്തീർന്നത്. ഈ കഥ പോകട്ടെ. നിനക്കു നാളെ പശ്ചിമദേശത്തിലേക്കു പോകേണ്ടിവരുമെന്നു കാണുന്നു. സൊലോമാന ചക്രവർത്തി അവിടേയ്ക്കു ചെല്ലാൻ നിനക്ക് ആളെ അയക്കും.

യുവാവ്—ഇതിനെപ്പററി ഞാൻ ഒന്നും കേട്ടില്ലല്ലൊ. ചക്രവർത്തി എന്നെ അറിയില്ലെന്നാണ് ഞാൻ മനസ്സിലാക്കീട്ടുള്ളത്. ഞാൻ രാജസഭയിൽ ഇതുവരെ കടക്കലും പോയിട്ടില്ല. പോണമെന്ന് ആഗ്രഹവും ഇല്ല.

സ്വാമി—ആഗ്രഹമില്ലെങ്കിലും നീ പോകേണ്ടിവരും. കർമ്മസൂത്രം നിന്നെ പിടിച്ചുവലിക്കുന്നതുകൊണ്ട് നിനക്കു ഇവിടെ താമസിക്കാൻ കഴിയുന്നതല്ല.

യുവാവ്—യാത്രയുടെ ഫലം എന്തായിരിക്കും?

സ്വാമി—ശുഭവും അശുഭവും രണ്ടും ഉണ്ടാവും. കർമ്മപ്രവാഹം നിന്നെ വളരെ ദൂരത്തേക്കു കൊണ്ടുപോകും. വത്സ! വരാൻപോകുന്നത് അറിഞ്ഞിട്ടു ഗുണമെന്താണ്? 'ഭവിതവ്യം ഭവത്യേവ' എന്നല്ലേ വചനം. മനുഷ്യപ്രയത്നത്തിന്നു ദൈവം വിരുദ്ധമായിനില്ക്കയില്ല.

'അസംഭവം ഹേമമൃഗസ്യ ജന്മ
തഥാപി രാമോ ലുലുഭേ മൃഗായ.'

സ്വർണ്ണമൃഗം ഉണ്ടാവുമെന്നുള്ളത് അസംഭവമാണ്. അങ്ങിനെയാണെങ്കിലും അതിനെ പിടിക്കേണ്ട മോഹം ശ്രീരാമനുണ്ടായി. ഭഗവാനുംകൂടി ഭ്രമം ഉണ്ടായി. പിന്നെ മനുഷ്യൻെറ കഥ പറയേണമോ? വരാൻപോകുന്നതിനെപ്പററി വിചാരിച്ചിട്ടു പ്രയോജനമൊന്നുമില്ല.

നാളെത്തന്നെ ഗൌഡദേശത്തിലേയ്ക്കു പോയാലും. നിനക്കു മംഗളം വരട്ടെ എന്നു ഞാൻ അനുഗ്രഹിക്കുന്നു.

യുവാവ്—ഇനി എപ്പോഴാണ് എനിക്ക് അങ്ങയെ കാണ്മാൻ സംഗതിവരുന്നത്?

സ്വാമി—ഇവിടെവെച്ച് ഇനി എന്നെ കാണ്മാൻ നിനക്കു സംഗതി വരില്ല. ഞാൻ തീർത്ഥയാത്രയ്ക്കു പോകുന്നതാണ്. കാശിയിൽവെച്ചു നാം തമ്മിൽ കാണ്മാനിടവരും.

നേരം സന്ധ്യയായി. ഗംഗയുടെ കുളുർത്ത കാറ്റുവഹിച്ചുംകൊണ്ടു മന്ദമാരുതൻ ആശ്രമത്തിന്നു അഭിമുഖമായി പതുക്കെ വീശിത്തുടങ്ങി. ഗുരുവും ശിഷ്യനും വെള്ളിക്കമ്പിപോലെ ശുഭ്രമായ ഗംഗാപ്രവാഹത്തിന്റെ നേരെ നോക്കിക്കൊണ്ടു പാടിത്തുടങ്ങി—

'മാതഃശൈലസുതാസപത്നി
വസുധാശൃംഗാരഹാരാവലി
സ്വർഗ്ഗാരോഹണവൈജയന്തി
ഭവതീംഭാഗീരഥിംപ്രാർത്ഥയേ.'

ശ്രീപാർവ്വതിയുടെ സപത്നിയും ഭൂമിദേവിയുടെ മനോഹരമായ മുത്തുമാലയും സ്വർഗ്ഗത്തിലേക്കു കയറിപ്പോകാനുള്ള കോണിപ്പടിയും ഭാഗീരഥിയുമായ ഭവതിയെ പ്രാർത്ഥിക്കുന്നു.

സാമവേദോച്ചാരണംകൊണ്ടു മുഴങ്ങുന്നതും ശാന്തവുമായ തപോവനംപോലെ മന്ദാക്രാന്തയുടെ ഗുരുഗംഭീരമായ സ്വരലഹരികൊണ്ട് ആ മാവിൻതോട്ടം ശ്രവണസുഖമുള്ളതും പരിശുദ്ധവും ആയിത്തീർന്നു.

—:o:—

## രണ്ടാം അദ്ധ്യായം.

## കർമ്മസൂത്രം.

ബംഗാളരാജധാനിയിലുള്ള രാജസഭാമന്ദിരത്തിൽ രത്നഖചിതമായ സിംഹാസനത്തിൽ ഇരുന്നുംകൊണ്ടു സൊലേമാൻ ചക്രവർത്തി, ഉജീരകരിമഖാനോടു പറഞ്ഞു. ഗൌഡദേശത്തിലെ നഗരാദ്ധ്യക്ഷനായിട്ട് ആരെയാണ് നിശ്ചയിക്കേണ്ടത്?

ഉജീരൻ സലാം ചെയ്തു പറഞ്ഞു. അവിടേയ്ക്കു സന്തോഷമുള്ളപക്ഷം അവിടത്തെ മുൻഷിയായ ഹാമിദഖാനെ നിശ്ചയിക്കുന്നതു നന്നായിരിക്കും. ഹാമിദഖാൻ വളരെക്കാലമായിട്ട് അവിടത്തെ ഭൃത്യനാണല്ലൊ.

ചക്രവർത്തി അല്പം പുഞ്ചിരിയോടുകൂടി പറഞ്ഞു. ശരി; ഹാമിദഖാനെ നാം നല്ലവണ്ണം അറിയും. ഗൌഡദേശം നാം കരസ്ഥമാക്കിയ സമയത്തിൽ ഈ ഹാമിദഖാൻ തന്നെയാണ് എല്ലാവരുടേയും മുമ്പിൽ ഓടിപ്പോയത്. ഗൌഡദേശത്തിലെ നഗരാധിപസ്ഥാനം ഈ മാതിരി വീരന്മാൎക്കുള്ളതല്ല. ഉജീരൻ വല്ലാതെയായി. ലജ്ജകൊണ്ട് അവന്റെ മുഖം ചുകന്നുവശായി.

ചക്രവർത്തി—ഈ സ്ഥാനത്തിലേക്ക് ഒരു ഹിന്തുവിനെ നിശ്ചയിച്ചാൽ എന്താണ്?

ഉജീരൻ—നഗരരക്ഷയുടെ ഭാരം ഏല്പിച്ച് അവിടേയ്ക്കു സൈ്വരമായി ഇരിക്കത്തക്കവണ്ണം അത്ര യോഗ്യനായ ഒരു ഹിന്തുവിനെ രാജധാനിയിൽ ഞാൻ കണ്ടിട്ടില്ല. അവിടന്ന് ആരെ നിശ്ചയിക്കുന്നതായാലും അവൻ ആ സ്ഥാനത്തിന് അൎഹനായിരിക്കും. അവിടത്തെ മനസ്സിൽ ആരെയാണ് ഉദ്ദേശിച്ചിരിക്കുന്നത്?

ചക്രവൎത്തി—നയനരായന്റെ കഥ നിന്റെ ഓൎമ്മയിൽ ഇല്ലെ?

ഉജീരൻ—ആ കഥ അവിടത്തെ അടിമയായ ഞാൻ മറന്നിട്ടില്ല. എന്നാൽ നമ്മുടെ ആ പഴയ ബന്ധു ഈ ലോകം വിട്ടുപോയിരിക്കുന്നു.

ചക്രവൎത്തി—അത് എനിക്കറിയാം. നയനരായന്റെ പുത്രനെക്കുറിച്ചാണ് ഞാൻ മനസ്സിൽ വിചാരിച്ചത്. ഈ രാജ

ധാനിയിൽ ആക്കെങ്കിലും നയനരായ ന്റെ പുത്രനെപ്പററി അറിവുണ്ടോ?

പണ്ഡിതനായ ഹാഫേജ് ഉദ്ദീൻ ചക്രവത്തിയെ അഭിവാദ്യം ചെയ്തു പറഞ്ഞു. നയനരായന്റെ പുത്രനായ കാലചാന്ദൻ അടിയന്റെ അടുക്കൽ പാരസ്യഭാഷ പഠിച്ചിട്ടുണ്ട്. അവൻ നല്ല കായബലമുള്ളവനാണ്. അവനോടു കിടപിടിക്കുന്ന ഒരു വില്ലാളിയും കുതിരസ്സവാരി ശീലമുള്ളവനും ഈ രാജ്യത്ത് ആരുംതന്നെ ഇല്ല. ചക്രവത്തി പ്രസന്നഭാവത്തോടുകൂടി പറഞ്ഞു. നയനരായന്റെ പുത്രന്റെ ചരിത്രം നിങ്ങൾ എങ്ങിനെയാണ് അറിഞ്ഞത്?

പണ്ഡിതൻ പിന്നേയും അഭിവാദ്യം ചെയ്തു പറഞ്ഞു. കാലചാന്ദനെപ്പററി ഞാൻ പറഞ്ഞതെല്ലാം വാസ്തവമാണ്. അവൻ നയനരായന്റെ കീത്തിയെ വദ്ധിപ്പിച്ചിരിക്കുന്നു. അവൻ വിഗ്രഹാരാധന ചെയ്യുന്നുണ്ട്. ഈ ഒരു ദോഷം കഴിച്ച് അവനു വേറെ ദോഷം ഒന്നുമില്ല.

ചക്രവത്തി പുഞ്ചിരിയോടുകൂടി ഉജീരനോടു പറഞ്ഞു. അവൻ വിശ്വസ്തനായ കുട്ടിയാണ്. അവന്റെ ശൂരതയെപ്പററി എനിക്കറിയാം. അവനെ നഗരാദ്ധ്യക്ഷനായി നിശ്ചയിക്കേണമെന്നു ഞാൻ വിചാരിക്കുന്നു. അതിനെക്കുറിച്ചു നീ എന്തു പറയുന്നു?

സംഭ്രമത്തോടുകൂടി ഉജീരൻ പറഞ്ഞു. അവിടുത്തെ നിശ്ചയം ഉത്തമമായിട്ടുള്ളതാണെന്നതിന്നു സംശയമുണ്ടോ? കാലരായൻ സൽകുലജാതനും വീരനും പണക്കാരനും ആണ്. നഗരാദ്ധ്യക്ഷസ്ഥാനം വഹിക്കാൻ അവൻ യോഗ്യൻ തന്നെയാണ്.

ചക്രവത്തി— എന്നാൽ ഇപ്പോൾ തന്നെ അടിയന്തരമായി നമ്മുടെ തീട്ടൂരവും കൊടുത്തു സവാരി ശീലമുള്ളവരെ അയക്കണം.

ചക്രവത്തിയുടെ ആജ്ഞാപത്രവും കയ്യിലെടുത്ത് അഞ്ചു പേർ കുതിരപ്പുറത്തു കയറി കാലചാന്ദരായനെ കൂട്ടിക്കൊണ്ടു വരാൻ പോയി.

ചക്രവത്തിയുടെ സ്വണ്ണമുദ്രയോടുകൂടിയ തീട്ടൂരം കിട്ടിയപ്പോൾ ഗുരുദേവൻ സത്യംതന്നെയാണ് പറഞ്ഞതെന്നു കാലചാന്ദനു ബോദ്ധ്യമായി. 'കമ്മസൂത്രം' എന്നെ പിടിച്ചു വലിക്കുന്നു. എനിക്കിഷ്ടമില്ലെങ്കിലും ഗൌഡദേശത്തേയ്ക്കു പോകേണ്ടതായി വന്നിരിക്കുന്നു.

കാലചാന്ദൻ അമ്മയുടെ അടുക്കൽ ചെന്നു ചക്രവത്തിയുടെ കല്പനയെപ്പററി പറഞ്ഞു. 'മകനേ! ചക്രവത്തിയുടെ കല്പനയല്ലേ? പോവാതിരിക്കാൻ പാടില്ല. നിന്നെ ഇഷ്ടപ്പെടുന്ന ആളെ നീ ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ല.'

അമ്മയെ നമസ്കരിച്ചു കാലചാന്ദൻ ഗൌഡദേശത്തിലേയ്ക്കു യാത്ര പുറപ്പെട്ടു. അവിടെ എത്തിയ ശേഷം കാലചാന്ദൻ രാജസഭയിൽ ഹാജരായി. ഉജീരൻ അയാളെ ചക്രവത്തിയുടെ സമീപത്തിൽ കൂട്ടിക്കൊണ്ടുചെന്ന് ഇങ്ങിനെ പറഞ്ഞു. പ്രഭോ! ഇവൻ നയനചാന്ദന്റെ പുത്രനായ കാലചാന്ദനാണ്. കാലചാന്ദൻ ഭൂമിസ്പശം ചെയ്തു മൂന്നു പ്രാവശ്യം ചക്രവത്തിയെ തൊഴുതു.

അവന്റെ അനിന്ദ്യസുന്ദരവും പൊക്കമുള്ളതുമായ ശരീരം കണ്ടിട്ടു ചക്രവത്തിക്കു വളരെ സന്തോഷം തോന്നി. അദ്ദേഹം പ്രസന്നനായിട്ടു ചോദിച്ചു. 'നിന്റെ പേര് കാലചാന്ദരായൻ എന്നല്ലേ?' കാലരായൻ വീണ്ടും തൊഴുത് ഉണത്തിച്ചു. അവിടുത്തെ ഭൃത്യന്റെ പേര് അതുതന്നെയാണ്.

ചക്രവത്തി— നാം നിന്നെ ആളയച്ചു വരുത്തിയത് എന്തിനാണെന്നു മനസ്സിലായൊ?

കാലചാന്ദൻ— അതിനെപ്പററി അടിയന് ഒന്നും അറിവില്ല. അവിടുത്തെ തിട്ടൂരം കിട്ടിയ ഉടനെ അടിയൻ പുറപ്പെട്ടു. രാജസഭയിൽ ഇപ്പോൾ മാത്രമാണ് എത്തിയത്.

ചക്രവൎത്തി— നിന്റെ അച്ഛൻ നയനചാന്ദൻ നമ്മുടെ സൎക്കാരിലെ ഉററബന്ധുവായിരുന്നു. വളരെ കൂറുള്ള ഭൃത്യനുമായിരുന്നു. നീ അവന്റെ പുത്രനാണല്ലോ. നാം നിന്നെ ഗൌഡദേശത്തിലെ നഗരാദ്ധ്യക്ഷനായി നിശ്ചയിച്ചിരിക്കുന്നു. നീ വിശ്വസ്തനായി നിന്റെ ജോലി നല്ലവണ്ണം നടത്തി നിന്റെ അച്ഛനെപ്പോലെ സൎക്കാരിന്റെ ഗുണകാംക്ഷിയായിത്തീരുമെന്നു നാം വിശ്വസിക്കുന്നു. ഇന്നു മുതല്ക്കു കുട തഴ വാദ്യം മുതലായ ബഹുമാനചിഹ്നങ്ങളോടുകൂടി നിന്നെ ആയിരം പടയാളികളുടെ മേധാവിയായി നിശ്ചയിച്ചിരിക്കുന്നു. നിന്റെ ചിലവിലേക്കായി ദിവസംതോറും പത്തുറുപ്പിക വീതം തരുവാൻ കല്പനയായിട്ടുണ്ട്. ഉജ്ജീരന്റെ അടുക്കൽനിന്നു നിന്റെ ജോലികൾ പഠിച്ചുകൊള്ളും.

കാലചാന്ദൻ നിലത്തു മുട്ടുകുത്തി [illegible]കൂപ്പികൊണ്ടു പറഞ്ഞു.— പ്രഭോ! ദേവരീര് ഈ ഭൂമിക്ക് അധീശ്വരനാണ്. ഈ സാധുവിന്റെ ദേഹത്തിൽ ഒരു തുള്ളി ചോരയുള്ള കാലം സൎക്കാരിലേക്ക് അഹിതം ചെയ്യാൻ ഞാൻ ഒരുങ്ങുകയില്ല. ഈ സൎക്കാരിനെ കൂറോടുകൂടി സേവിച്ചിരുന്നവന്റെ രക്തത്തിൽനിന്നാണ് ഈ ദേഹം ഉണ്ടായിട്ടുള്ളത്. സൎക്കാരിന്റെ നന്മയ്ക്കു വേണ്ടി ഈ ദേഹം കളവാൻ അടിയൻ തയ്യാറാണ്.

ചക്രവൎത്തി— അങ്ങിനെ അല്ലെങ്കിൽ ഞാൻ നിന്നെ ആളയച്ചു വരുത്തില്ലല്ലൊ.

അന്നു മുതല്ക്കു കാലചാന്ദൻ നഗരാദ്ധ്യക്ഷനായിത്തീൎന്നു. പഠാണിയായ ചക്രവൎത്തി ഒരു ഹിന്തുവിന്റെ കയ്യിൽ രാജധാനിയെ സമൎപ്പിച്ചു. എന്നാൽ ആ കാലത്ത് ഈ ഏൎപ്പാട് ഒരു അസാധാരണ നടപടിയാണെന്ന് ആൎക്കും മനസ്സിൽ തോന്നിയില്ല.

## മൂന്നാം അദ്ധ്യായം.

'കാണെക്കാണെ പ്രീതി വളരും'. നഗരാദ്ധ്യക്ഷനു താമസിക്കാൻ നിയമിച്ചിരുന്ന വാസസ്ഥലം രാജധാനിയുടെ സമീപത്തായിരുന്നു. കാലരായൻ ആ ഭവനത്തിൽ വാസം തുടങ്ങി. അദ്ദേഹം ദിവസേന പ്രാതഃസ്നാനം കഴിച്ചു സന്ധ്യാവന്ദനം ചെയ്തതിന്റെ ശേഷം കുപ്പായം തലപ്പാവു മുതലായവ ധരിച്ചു കച്ചേരിക്കു പോകും. പോകുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ തോക്കുകാരും ഇരുവശത്തും തുരുപ്പുകാരും ഉണ്ടായിരിക്കും. അവരുടെ നടുവിലായി അദ്ദേഹം മേനാവിലോ കുതിരപ്പുറത്തോ കയറി യാത്ര ചെയ്യും. ഉച്ചയ്ക്കു കച്ചേരി പിരിയും. വൈകുന്നേരത്തു വീണ്ടും കച്ചേരി ചെയ്യും. അക്കാലത്തു രണ്ടു പ്രാവശ്യം കച്ചേരി ചെയ്യേണമെന്നു നിയമമുണ്ടായിരുന്നു.

കാലചാന്ദൻ ദിവസേന രാവിലെ മഹാനന്ദാനദിയിൽ കുളിക്കാൻ പോയിരുന്നു. രാജധാനിയുടെ മതിലിന്നടുത്തുകൂടെയായിരുന്നു അദ്ദേഹം മഹാനന്ദയിലേക്കു പോയിരുന്നത്. പുഴയിലേക്കുള്ള എളുപ്പവഴി ഇതുതന്നെയായിരുന്നു.

പ്രഭാതത്തിൽ പ്രസന്നമായ പ്രകൃതിയെ നോക്കിക്കൊണ്ടും പ്രഭാതവായുവിന്റെ സ്നിഗ്ദ്ധമായ സ്പൎശം ഏററുകൊണ്ടും കാലചാന്ദൻ അകത്തും പുറത്തും ഒരുപോലെ ആനന്ദം അനുഭവിച്ചുകൊണ്ടു മഹാനന്ദയുടെ വക്കത്തു പോയിനിന്നു.

(തുടരും)

## 438-ാം നമ്പ്ര് ഏകാന്തം.

(ഒരു ചെറിയ കഥ.)

---

കുട്ടപ്പണിക്കർ തിരുവയൽ ദേശത്തു താമസമാക്കിട്ടു കുറച്ചു മാസമായി. ചെറുപ്പക്കാരു കളപ്പുരയും കൃഷിയും തിരുത്തിക്കോട്ടു നായരുടെ സഹായംകൊണ്ടാണ് ചുരുക്കത്തിൽ ഇദ്ദേഹം വാങ്ങിട്ടുള്ളത്. ഒരു സ്ഥാനിയും ജന്മിയുമായ നായരുടെ സ്നേഹിതന്റെ നിലയിൽ പെരുമാറുമ്പോൾ തിരുവയൽ ദേശത്തുള്ള മേൽപ്പെട്ട വീടുകളിൽ പ്രവേശം കിട്ടിയതിലും അവിടത്തെ നേതാക്കന്മാരുടെ ഇടയിൽ ഒരു സ്ഥാനം കിട്ടിയതിലും ആശ്ചര്യമില്ല. സിങ്കപ്പൂരിൽ അഡ്വക്കെററു ജനറാളായ ബാരിസ്റ്റർ നമ്പ്യാരുടെ ശിപാർശിക്കത്തും പണിക്കർ കൊണ്ടുവന്നിട്ടുണ്ട്. തറവാട്ടുകാരെയും ബന്ധുക്കളേയും മററും തിരക്കി ബോധിച്ചറിയേണ്ടതായ ആവശ്യം പിന്നെ എന്താണ്? ഞാൻ കുട്ടപ്പണിക്കരെ കണ്ടത് അധികാരി രാമമേനോന്റെ വീട്ടിൽ വെച്ചാണ്. അധികാരിയുടെ കുട്ടിയുടെ പിറന്നാൾ സദ്യ ദിവസമാണ്. നായരും പണിക്കരും മാന്യസ്ഥാനത്തു സ്ഥലം പിടിച്ചിട്ടുണ്ട്. ഊണു തുടങ്ങിയപ്പോഴെ ഞാൻ എത്തിയുള്ളൂ. എനിക്കും വേഗം ഒരു സ്ഥാനവും ചോറും കിട്ടി. 'കുട്ടപ്പണിക്കരെ ഡാക്ടർ അറിയില്ലല്ലോ. ഇപ്പോൾ തിരുവയൽക്കാരനാണ്.' എന്നു നായർ പറഞ്ഞു. 'പരിചയമില്ല; എന്തെങ്കിലും സന്തോഷമായി. നാട്ടുകാർ തെണ്ടിനടന്നാൽ ഇവിടെ തെണ്ടികൾ വരാതെ കഴിയുമൊ?' എന്ന് അധികം ആലോചിക്കാതെ ഞാൻ പറഞ്ഞുപോയി. 'എന്താ ഡാക്ടരെ മിസ്റ്റർ പണിക്കർ തെണ്ടിയും മററുമല്ല' എന്നു ഉറക്കെ ചിരിച്ചുംകൊണ്ടു നായർ പറഞ്ഞു. ഉണ്ണാനിരുന്നവരൊക്കെ പൊട്ടിച്ചിരിച്ചു. ക്ഷമിക്കണെ ഞാൻ എന്റെ വീടുവിട്ടു പോയിട്ടു കുറെക്കാലമായി. ഇപ്പോൾ മാത്രമെ ദീർഘകല്പന എടുത്ത് ഇവിടെ വന്നു ബന്ധുക്കളേയും സ്നേഹിതന്മാരേയും ഒക്കെ കാണ്മാൻ സൌകര്യപ്പെട്ടുള്ളു' എന്നു ഞാനും ശരിയില്ലാത്ത ഒരു സമാധാനം പറഞ്ഞു. എന്റെ ദൃഷ്ടി പണിക്കരുടെ മുഖത്തായിരുന്നു. ഇദ്ദേഹത്തെ എവിടെയോവെച്ചു ഞാൻ കണ്ടിട്ടുണ്ട്, നിശ്ചയം. ഈ വേഷത്തിലല്ലതാനും. എന്റെ ഈ സംശയം ക്രമേണ വർദ്ധിച്ചതേയുള്ളു. ഊണുംകഴിഞ്ഞു കയ്യുംകഴുകി കൂട്ടരൊക്കെ ഉമ്മറത്തിരുന്നു മുറുക്കുമ്പോൾ ഞാൻ, ദീനംപിടിച്ചുകിടക്കുന്ന അധികാരിയുടെ ഭാര്യ ലക്ഷ്മി അമ്മയുടെ അടുക്കൽപോയിരുന്നു ഓരോ കാര്യങ്ങൾ പറകയായിരുന്നു. ലക്ഷ്മി അമ്മയും ഞാനുമായി അകന്ന ഒരു ബന്ധമുണ്ട്. മാത്രമല്ല ആയമ്മക്ക് എന്നെ കുറെ പത്ഥ്യമാണ്. ഞാൻ ഉദ്യോഗത്തിനായി സ്വദേശം വിട്ടുപോയിട്ടു പതിനഞ്ചോളം കൊല്ലമായി. ഇതിലിടക്ക് രണ്ടോ മൂന്നോ പ്രാവശ്യമേ ലക്ഷ്മി അമ്മയെ കാണ്മാൻ അവസരം കിട്ടീട്ടുള്ളു. മൂന്നുമാസത്തെ കല്പനയെടുത്തു സ്വദേശത്തുവന്നു താമസമാക്കിട്ട് അധികം ദിവസമായിട്ടില്ല. ലക്ഷ്മി അമ്മക്ക് ഒരു തലവേദനയും ക്ഷീണവുമാണ് ദീനം. ഇടക്കിടെ പനിക്കുകയും ചെയ്യും. അധികവും കിടപ്പിൽതന്നെയാണ്. എന്റെ ചികിത്സകൊണ്ടു തലവേദനയും പനിയും അല്പാല്പം ആശ്വാസം കിട്ടിവന്നിരുന്നു. ലക്ഷ്മി അമ്മയെ ശുശ്രൂഷിക്കുന്നതു മകൾ മാധവി അമ്മയാണ്. 16 വയസ്സു പ്രായം. ഞാൻ വളരെ ചെറുപ്പത്തിൽ കണ്ടിട്ടുണ്ടോ എന്നു സംശയമാണ്. ഈ ചികിത്സ കാരണമായി ഞാനും മാധവി അമ്മയും ദിവസംപ്രതി അന്യോന്യം കാണാറുണ്ട്; സംസാരിക്കാറുമുണ്ട്. മുപ്പത്തിനാലു മുപ്പത്തഞ്ചു വയസ്സായ ഞാൻ ബ്രഹ്മചര്യത്തിൽതന്നെ കഴിച്ചുകൂട്ടുകയാ

ണെങ്കിലും ഞങ്ങളുടെ പത്തിരുപത്തു ദിവസത്തെ സമ്പർക്കംകൊണ്ടു വിശേഷവിധിയായ ഒരു വികാരം എന്നിലൊ മാധവി അമ്മയിലൊ ഉണ്ടായിട്ടുണ്ടെന്നു തോന്നീട്ടില്ല നിശ്ചയം, ലക്ഷ്മി അമ്മക്ക് സുഖമായാൽ കൊള്ളാമെന്നു ഞങ്ങൾ രണ്ടുപേർക്കും ആഗ്രഹമുണ്ടായിരുന്നു. ആ ഒരു അഭിപ്രായത്തിൽ ഞങ്ങൾ യോജിച്ചിരിന്നു. അധികാരിക്കു, സംബന്ധക്കാരനുണ്ടാവേണ്ടതായ ഒരു മകളാണ് മാധവി അമ്മയെന്ന ഒരു വിചാരംതന്നെ എന്റെ മനസ്സിൽ കടന്നിട്ടുണ്ടായിരുന്നില്ല.

'ബാലകൃഷ്ണമേനവന്നു ഗൃഹസ്ഥാശ്രമത്തോട് ഇത്ര വെറുപ്പാവാനെന്തൊങ്ങിനെ[illegible]ാണ്. ഇങ്ങിനെയൊന്നും ആയാൽ പോരാ' എന്നു ലക്ഷ്മി അമ്മ എന്നോടു മുമ്പ് ഒരു ദിവസം പറകയുണ്ടായി. മാധവി അമ്മ അപ്പോൾ അകത്ത് ഇല്ലെന്നായിരുന്നു ലക്ഷ്മി അമ്മ വിചാരിച്ചത്. ഈ സംഭാഷണവും എന്റെയും മാധവി അമ്മയുടെയും ദൃഷ്ടികൾ തമ്മിൽ കൂട്ടിമുട്ടിയതും ഒന്നുപോലെ. ലജ്ജിച്ച് അധോമുഖിയായി നിന്നതും ഒപ്പം കഴിഞ്ഞു. 'സ്ത്രീകൾക്കു യൗവ്വനം എന്നും നില്ക്കില്ലല്ലൊ. പുരുഷന്മാർക്കു അങ്ങിനെയൊരു പ്രതിബന്ധമില്ല. അല്ലെ?' എന്നായി ലക്ഷ്മി അമ്മ. 'ഛെ! അതൊന്നുമല്ല' എന്നു ഞാൻ പറഞ്ഞു. 'മാധവി അമ്മെ നിങ്ങളാണ് രാത്രി മരുന്നു കൊടുക്കുന്നതെങ്കിൽ രാത്രി പാൽകഞ്ഞി കൊടുക്കുന്നതിന്നു മുമ്പത്തെ ഈ കുപ്പിയിലെ മരുന്ന് അരൌൺസ കൊടുക്കണെ!' എന്നു ഞാൻ പറഞ്ഞു. 'അല്ലാ. ഇവരെന്താ ഇതിന്നു ക[illegible]ളു കാണിക്കുന്നത്' എന്നായി ലക്ഷ്മി അമ്മ. ഞാൻ ഓരോ ഒഴികഴിവും പറഞ്ഞു വേഗം പുറത്തേക്കു പോന്നു. ഇങ്ങിനെ രണ്ടാഴ്ച കഴിഞ്ഞപ്പോഴാണ് പിറന്നാൾ സംഭവം. ഞാൻ ലക്ഷ്മി അമ്മയുടെ സുഖസ്ഥിതി അന്വേഷിച്ചു പുറത്തുവന്നപ്പോഴേക്കും [illegible]വുള്ളവരൊക്കെ [illegible]പ്പായിരിക്കുന്നു. ഓരോ ചാരുകസേരമേൽ ഇരുന്നു ഞാനും അധികാരിയും ലക്ഷ്മി അമ്മയുടെ ദീനത്തിന്റെ സ്വഭാവത്തെപ്പറ്റി ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുന്നതിന്നു മദ്ധ്യേ—

അധികാരി—പണിക്കരുടെ പൂർവ്വചരിത്രവും തറവാട്ടുസ്ഥിതിയും ഒന്നും വിശേഷമില്ലെങ്കിലും ആകപ്പാടെ ആൾ തരക്കേടില്ലെന്നു തോന്നുന്നു. പെനാങ്ങിൽ പോയി കുറെക്കാലം താമസിച്ചു നല്ല സമ്പാദ്യമുണ്ടായിട്ടുണ്ട്. ബാരിസ്റ്റർ നമ്പ്യാർ ശിപാർശിചെയ്യേണമെങ്കിൽ എന്തോ തോന്നുന്നത്.

ഞാൻ—പണിക്കർ എനിക്കു കേവലം അപരിചിതനല്ല. എവിടെവെച്ചാണ് കണ്ടതെന്നു എത്ര ആലോചിച്ചിട്ടും ഓർമ്മവരുന്നില്ല. എന്താ പണിക്കരെപ്പറ്റി ഇത്രയൊക്കെ അന്വേഷണം.

അധികാരി—മാധവിയുടെ ഭാവിയെപ്പറ്റി ആലോചിച്ചപ്പോൾ ഇത്രത്തോളം ആലോചിച്ചുവെന്നേയുള്ളൂ.

ഇത്ര പറഞ്ഞാൽപോരെ—ഈ ആലോചന എത്രത്തോളമായിട്ടുണ്ട്? എനിക്ക് ഈ സംഭാഷണം അനാവശ്യമായ ഒരു വേദന മനസ്സിലുണ്ടാക്കി. എന്താണെന്നു നിശ്ചയമില്ല. പണിക്കരും മാധവിയും ഭാര്യാഭർത്താക്കന്മാരായിക്കൊള്ളട്ടെ. അതുകൊണ്ട് എനിക്കെന്താ ചേതം. മാധവിയെ എനിക്കു വേണമെന്നു ഞാൻ ആരോടെങ്കിലും പറഞ്ഞിട്ടുണ്ടോ. എന്റെ മനസ്സിൽതന്നെ അങ്ങിനെ ഒരു വിചാരം കടന്നുകൂടീട്ടുണ്ടോ എന്നു എനിക്കുതന്നെ നല്ല നിശ്ചയംപോരാ.

അധികാരി—എന്താ! ഡാക്ടരെ ഒന്നും മിണ്ടാത്തത്. കാര്യം മനസ്സിലായില്ലെ. കഴിയുന്നതും വേഗത്തിൽ ഈ കാര്യം നടത്തേണമെന്നാണ് പണിക്കരുടെ മോഹം.

ഞാൻ—കാര്യം തരക്കേടില്ല. [illegible]വു [illegible]ക്കയാണല്ലോ. മാധവി അമ്മയുടെ ഹിതം ഇതിന്നു യോജിച്ചല്ലെ വരാൻ തരമുള്ളൂ.

അധികാരി—അവൾ സാധു. അവൾക്ക് ഇതിൽ എന്താണ് വിശേഷവിധിയായി ഒരു ഹിതമുള്ളത്. അവൾക്കും കാലം അതിക്രമിച്ചു. തരത്തിൽ വന്നാൽ

ടുന്നതും ദോഷമല്ലേ.

ഇതു കേട്ടപ്പോൾ സംസാരവിഷയം മാററുവാൻ ഞാൻതന്നെ ശ്രമിച്ചു. ഏന്നെ കോയമ്പത്തൂർ ജെയിലിൽനിന്നു ജമഷേഡ്പൂരിലേക്കു മാററിയിരിക്കുന്നു. കല്പനയുടെ അവസാനം അവിടെ ഉദ്യോഗത്തിൽ പ്രവേശിക്കേണമെന്നാണ് അറിയിപ്പുകിട്ടീട്ടുള്ളത്.' എന്നൊക്കെ മാധവി പറഞ്ഞ് അധികം താമസിയാതെ യാത്രപറഞ്ഞു പടിയിറങ്ങി. പല മായ ചിന്തകളോടുകൂടെ ഞാൻ സ്ഥാനത്തിലേക്കു മടങ്ങി. പണിക്കരെ മുമ്പ് എവിടെവെച്ചാണ് ഞാൻ കണ്ടിട്ടുള്ളതെന്നു മനസ്സിരുത്തി ആലോചിച്ചു. അയാളുടെ ഉദ്യോഗപരിചയം മുഴുവനും ജെയിലിലാണ്. കണ്ണൂർ സെൻററൽ ജെയിലിൽ ഒരു മുറിയെപ്പററാണ് എനിക്കു കനാരാഴിയിൽവന്നത്. 438-ാം നമ്പ്ര് ......... കൃഷ്ണൻനായർ—എന്ത്! അയ്യോ ............! ശിവ! ശിവ!! അതു ............ എന്താ എൻെറ ............ ............ ............. എങ്കിലും ............ കഴിഞ്ഞപ്പോൾ സ്വപ്നം ............ കാണുന്നതെന്നു ഞാൻ തീർച്ചയാക്കി. ഈ കണ്ടുപിടുത്തം ............ അറിയിക്കുക. ............ ............ ............ അത് ആദ്യം കഴിയട്ടെ എന്നു വെച്ചു.

ശ്രീ

സ്വാതന്ത്ര്യവിചാരം മാത്രമല്ല, മാധവി അമ്മയെ ഒരു കൊലപാതകൻെറ അധീനത്തിൽനിന്നു രക്ഷിക്കേണമെന്നുവെച്ചാണ് എഴുതുന്നത്. കുട്ടപ്പണിക്കരും ഞാനുമായുള്ള പരിചയം കണ്ണൂർ സെൻററൽ ജെയിലിൽവെച്ചാണ്. കൊലക്കുററത്തിന്നു ജീവപര്യന്തം കിട്ടിയ തടവിൽനിന്നു ഓടി രക്ഷപ്രാപിച്ച പുള്ളിയാണ്. ഇത്ര പറഞ്ഞാൽ മതിയല്ലോ. കാര്യം തീർച്ചപ്പെടുത്തീട്ടില്ലെങ്കിൽ വേണ്ടതിന്നു ചെയ്യുമല്ലോ. ഈ കണ്ടുപിടിത്തം ഗോപ്യമാ വിവെച്ചാഞ്ഞാൽ അമ്മയുടെ സുഖക്കേട് ............ അല്ലെങ്കിൽ സുഖക്കേട് പിടിക്കയും ചെയ്യും. ചുരുക്കപരിചയംകൊണ്ടു

ഇത്രത്തോളം സ്വാതന്ത്ര്യം എടുത്തതിന്നു കാരണം ആദ്യം പറഞ്ഞിട്ടുണ്ടല്ലോ. സ്വാതന്ത്ര്യം സാധിച്ചാൽ ഞാൻ കൃതാർത്ഥനായി.

എന്നു 'ബാലകൃഷ്ണൻ'

ഈ എഴുത്തു വൈകുന്നേരം ലക്ഷ്മിഅമ്മയുടെ അറയിൽ വെച്ചു മാധവി അമ്മയ്ക്കു കൊടുപ്പാൻ സൌകര്യം കിട്ടി. പിറെറ ദിവസം താഴെ ചേർന്ന മറുവടിയും കിട്ടി.

ശ്രീ

സ്വാതന്ത്ര്യം പരന്മാരെ കുററപ്പെടുത്തിയാണൊ സാധിക്കേണ്ടത്? വഴി അത്ര നന്നായിട്ടില്ല. നോവലിൽ നായകൻെറ സ്ഥാനം കിട്ടേണ്ടതായിരുന്നുവെങ്കിൽ എഴുത്തിലെ വാചകം ഒന്നു മാററാണ്ടിവരില്ലേ. പാമ്പു കടിച്ചാൽ പാമ്പു തന്നെ വിഷത്തെ ഇറക്കുകയാണുത്തമം. അതിന്നു വഴിയുണ്ടെങ്കിൽ സ്വാതന്ത്ര്യവും പരാർത്ഥവും ഒക്കെ സാധിക്കാതെ വരുമൊ?

എന്നു മാധവി.

എന്താ– ഈ എഴുത്തിൻെറ അർത്ഥം സ്വാതന്ത്ര്യവിചാരത്തോടെ ഞാൻ വല്ലതും പറഞ്ഞാൽ ആരാണു വിശ്വസിക്കുക. ............ല്ലേ. പണിക്കരെക്കൊണ്ടു തന്നെ അയാൾ ചെയ്തിട്ടുള്ള കുററം സമ്മതിപ്പിക്കണം. എന്നാലെ ഗുണമുള്ളു. കാര്യം ശരിയാണെന്നു മനസ്സുകൊണ്ടു ഞാനും സമ്മതിച്ചു.

ഞാൻ വൈകുന്നേരം അഞ്ചുമണിക്കു പണിക്കരുടെ ഭവനത്തിൽ എത്തി, എന്നെ കണ്ടപ്പോൾ പണിക്കൎക്ക് ഒരു പ്രകൃതമാററം വന്നുവെന്ന് എനിക്കു തോന്നി.

പണിക്കർ— എന്താ ഡോക്ടർ; വളരെ ദിവസമായി കണ്ടിട്ട്. ഞാൻ ഒരു ഉപദ്രവിയായിട്ടുണ്ടെങ്കിൽ പറയണെ!

ഞാൻ— അതൊന്നും സാരമില്ല. കതിരൂർ കലക്കേസ്സും, കണ്ണൂർ സെൻററൽ ജെയിലും ഓർമ്മയുണ്ടൊ? ഓർക്കപ്പെടുന്നെങ്കിൽ പോയാൽ വിസ്മൃതി വരുമൊ? എന്നു നെഞ്ഞിടിച്ചുകൊണ്ടു സാവധാനത്തിൽ പറഞ്ഞു. പണിക്കർ ഇടിതട്ടിയ മരംപോലെ ഒരു കസേരമേൽ ചെട്ടന്നു ചെന്നിരുന്നു. ഉറക്കത്തു നടക്കുന്നവൻെറ

മാതിരി എന്നെ നോക്കിക്കൊണ്ടിരുന്നു.

ഞാൻ— കൃഷ്ണൻ നായരെ! ഞാൻ നിങ്ങളെ ഭീഷണിപ്പെടുത്തി കാൎയ്യം നേടാൻ വന്നിരിക്കയല്ല. നടന്നേടത്തോളം സംഭവങ്ങളിൽ പങ്കു കൊണ്ടിട്ടുള്ളവൎക്കു ഒരു ദോഷവും തട്ടാത്ത വിധത്തിൽ എന്തെങ്കിലും ഒരു വിദ്യ നിങ്ങൾ തന്നെ കണ്ടുപിടിക്കണം. എനിക്കു നിങ്ങളെ ഉപദ്രവിക്കണമെന്നു് അശേഷം മോഹമല്ല. ഇത്ര പറഞ്ഞാൽ മതിയല്ലൊ. വളരെ സാധുക്കളായവരുടെ ഹൃദയം പിളൎക്കരുതെ. എന്നു പറഞ്ഞു ഞാൻ അവിടെ നിന്നു പുറത്തേക്കു പോന്നു. പണിക്കർ എന്നെ പിന്തുടരുമൊ എന്നായിരുന്നു എന്റെ ഭയം. അതുണ്ടായില്ല. പിറെറ ദിവസം കാലത്തു് എട്ടുമണി സമയത്തു വാടിവിളൎത്ത മുഖത്തോടുകൂടി അധികാരി എന്റെ വീട്ടിൽ കയറി വന്നു. ഒരു ദീൎഘശ്വാസവും വിട്ടു് അവിടെ ഇരുന്നു ഒരു കത്തു എന്റെ കയ്യിൽ തന്നു. ആ കത്തു് ഇപ്രകാരമായിരുന്നു.

ശ്രീ

ഞാൻ ഒരു മഹാ പാപിയാണു്. പണമുണ്ടായാൽ സൎവ്വസുഖവും എനിക്കുണ്ടാകുമെന്നു വെച്ചു കാരണവരെ കൂടി കൊല്ലാൻ ഞാൻ മടിച്ചിട്ടില്ല. എനിക്കു ധനവും വേണ്ടേടത്തോളമുണ്ടായി. അതുകൊണ്ടും എനിക്കു സുഖം കിട്ടുന്നില്ല. ഞാൻ ഹിമവാങ്കൽ പോയി ഈശ്വരപ്രീണനമായ കാൎയ്യങ്ങൾ മാത്രം ചെയ്തു ജീവനൊ ഒടുക്കുവാനാണു തീൎച്ചപ്പെടുത്തിയതു്. നമ്മുടെ ഡാക്ടർ ബാലകൃഷ്ണമേനോൻ മാധവി അമ്മയിൽ അനുരാഗമുള്ളാളാണു്. അദ്ദേഹം സൽസ്വഭാവിയുമാണു്. എന്റെ മുതലിനൊക്കെ ഡാക്ടരെ അവകാശിയാക്കി പത്രം എഴുതിവെച്ചിട്ടുണ്ടു്. തദ്വാരാ മാധവി അമ്മയും സുഖമായിരിക്കട്ടെ. ഞാനു സ്വാൎത്ഥ വിചാരംകൊണ്ടു ചെയ്തുപോയ ദോഷങ്ങൾ ക്ഷമിപ്പാനപേക്ഷ. വിവരത്തിനു നായൎക്കും എഴുത്തു ഇന്നുണ്ടു്

എന്നു, കുട്ടപ്പണിക്കർ.

ഞാൻ ഈ എഴുത്തു രണ്ടുമൂന്നു വൃത്തി വായിച്ചു. പണിക്കർ ദോഷം യിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ചില നല്ല സ്ഥാനങ്ങൾ ഉണ്ടെന്നു ഈ കത്തുകൊണ്ടു തെളിഞ്ഞു. ഇതിന്റെയൊക്കെ അൎത്ഥം മനസ്സിലാകാതെ അധികാരി അങ്ങോർ നന്നെ പരിഭ്രമിച്ചു. എനിക്കും തൽക്കാലം സഹിക്കവയ്യാത്ത ഒരു വ്യസനമാണുണ്ടായതു്. കണ്ണിൽ വെള്ളം നിറഞ്ഞു സ്തംഭിച്ചു നില്പായി.

അധികാരി— എന്താ ബാലകൃഷ്ണമേനോൻ ഒന്നും പറയാത്തതു്. നിങ്ങൾ പണിക്കരുമായി ഇത്രത്തോളം ബന്ധമുണ്ടെന്നു് എന്നോടു മുമ്പു പറഞ്ഞില്ലല്ലൊ. ഇതിന്റെയൊക്കെ അൎത്ഥമെന്താണു്.

ഞാൻ— അങ്ങിനെയൊരു ബന്ധമൊന്നുമില്ല. ഇപ്രകാരമൊക്കെ വന്നുചേരുമെന്നു് ഇന്നലെ വൈകുന്നേരം വരെ സംശയിപ്പാനും കൂടി എനിക്കു വഴിയുണ്ടായിരുന്നില്ല. ദൈവത്തിന്റെ അഭിമതം ആൎക്കു തടുക്കാം.

പണിക്കർ ഉള്ള മുതലെല്ലാം എന്റെ പേരിൽ ഒസ്യത്തെഴുതി തലേന്നു രാത്രിയിൽ തന്നെ തിരുപ്പാണ്ടിയിൽ പോയി കാശിക്കു തീവണ്ടി കയറിയ കഥ തിരുവാലിയിൽ പരന്നു. പണിക്കരുടെ മുതലിൽ നിന്നുള്ള ആദായമൊക്കെ ഓരോ ധൎമ്മങ്ങൾക്കായി ഞാൻ നിശ്ചയിച്ചു. മാധവി അമ്മക്കും— ഇപ്പോൾ എന്റെ മാധവിക്കും ആ നിശ്ചയം നന്നെ രസിച്ചു. സ്വാൎത്ഥിയാണു ഞാൻ എന്നു മാധവി എടക്കിടെ പറയും. മാധവിക്കുവേണ്ടി സ്വാൎത്ഥിയായാൽ അത്ര ദോഷമില്ലെന്നും അഥവാ അതു ഒരു ദോഷമാണെങ്കിൽ തന്നെ കൊലപാതകത്തേക്കാൾ ഭേദമാണെന്നും ഞാനും പറയും. പണിക്കരെപറ്റി ഇതുവരെ ഒരു വിവരവുമില്ല. പണിക്കൎക്കു മോക്ഷം കിട്ടാതെ ഇരിക്കുമൊ?

എം. ആർ. കെ. സി.

പുസ്തകം ൯ | ലക്കം ൨



# മംഗളോദയം

സാഹിത്യസമാജത്തിന്റെ

മേലന്വേഷണത്തിൽ പ്രസിദ്ധപ്പെടുത്തുന്നത്.

൧൦൯൧ ഇടവം

## വിഷയവിവരം.


൧. മംഗളം.
വെണ്മണി മഹൻ നമ്പൂതിരിപ്പാട്.

൨. കേരളവും ആദിചേരന്മാരും.
എ. കെ. പി.

൩. കാലവൃത്തം.

൪. സംസ്കൃതഭാഷ (കഴിഞ്ഞ 3000 കൊല്ലത്തെ സ്ഥിതി)
കെ. വി. എം.

൫. എന്റെ കറാറം (ഭരണകരണം)
കാരിപ്പുറത്തു കേശവൻനായർ.

൬. സാഹിത്യശകലങ്ങൾ.—
(1) രസനിരൂപണം.
ഒരു സഹൃദയൻ.
(2) നമ്മുടെ സ്വതന്ത്ര കൃതികൾ.
വടക്കുംകൂർ രാജരാജവർമ്മരാജാ.

൭. ചങ്കരങ്കോത കയ്മളുടെ [illegible]ധി.
എം. ആർ. കെ. സി.

൮. ഒറ്റശ്ലോകം.

൯. പരേതനായ കിച്ചനീർപ്പിള്ള.

൧൦. ഞങ്ങളുടെ വായനശാല.


The Mangalodayam Co. Ltd. Trichur

വ്യാധിയേയും ക്ഷീണതേയും

# ദൂരെ ഓടിച്ചുകളയുവിൻ

---

അനേകംപേൎക്ക് ആതങ്കനിഗ്രഹഗുളികകൾ പുനൎജ്ജന്മം കൊടുത്തിരിക്കുന്നതായി കണ്ടിട്ടുണ്ട്. പിന്നെ പലരുടേയും ദേഹസ്ഥിതികൾക്കു തിരെ മാററം വന്നതായും ധാരാളം കണ്ടിരിക്കുന്നു. മൂത്രസംബന്ധമായ സകല വ്യാധികൾക്കും, യോനിസ്രാവം, രക്തസ്രാവം, ഇന്ദ്രിയസ്ഖലനം ഇവകളെല്ലാം ഈ ഗുളികകൾ കൈകണ്ട ഔഷധമാകുന്നു. മാനസികമായും കായികമായും വന്നുചേരുന്ന പലവിധ ക്ഷയത്തിനോടും ഇവ യുദ്ധം ചെയ്തു അവക്ക് അമിതമായ [illegible]ടുക്കുന്നു. [illegible]കളുടെ [illegible] ഗുണങ്ങളെ അറിവാൻ മേലാൽ പറഞ്ഞ സംഗതികൊണ്ടു നിങ്ങൾക്കു ആഗ്രഹം തോന്നുന്നില്ലേ? നിങ്ങൾ ഒരു വ്യാധിക്കാരൻ ആണെങ്കിൽ, ഈ ഗുളികയില്ലാതെ കഴിച്ചുകൂട്ടുവാൻ പ്രയാസമാണെന്നു കരുതണം. മരുന്നുകൾ കഴിക്കാതെ നിങ്ങളുടെ ദേഹസ്ഥിതിയെ വഷളാക്കരുത് അങ്ങിനെ ചെയ്യുന്നപക്ഷം നിങ്ങളുടെ പ്രവൃത്തി ന്യായമായിരിക്കുമോ?

ഒരു ബൊട്ടിലിക്ക് വില ക. 1 മാത്രമേ ഉള്ളൂ.

വൈദ്യശാസ്ത്രി,
മണിശങ്കർ ഗോവിന്ദജി
ആതങ്കനിഗ്രഹഔഷധാലയം

157/158 ബ്രാഡ്വേ } മദിരാശി.

## സാഹിത്യസമാജംവക
## ഒരു നോട്ടീസ്സ്.

---

കൊച്ചി സാഹിത്യസമാജം കാൎയ്യങ്ങൾ വേണ്ടവിധം നടക്കാതിരിപ്പാനുള്ള കാരണം മൂലധനം പോരാഴ്കയാണെന്നു പറയേണ്ടതില്ലല്ലോ. സമാജത്തിലേക്കു വരിസംഖ്യ പല മഹാന്മാരും തന്നു തീൎത്തിട്ടില്ല. ഇതിന്നായി സമാജാംഗങ്ങളുടെ സൌകൎയ്യം ഉദ്ദേശിച്ചു താഴെ പറയുംപ്രകാരം പ്രവൎത്തിപ്പാനുദ്ദേശിക്കുന്നു.

I എല്ലാസമാജാംഗങ്ങൾക്കും മംഗളോദയം മാസികസൌജന്യമായി അയച്ചുവരുന്നുണ്ടല്ലൊ. ഇനി വരുന്ന മിഥുനമാസത്തെ മംഗളോദയംമാസിക ഒരു കൊല്ലത്തെ സമാജം വരിസംഖ്യക്കു വി. പി. യായി അയക്കുക.

ഈ നിശ്ചയം ഇഷ്ടപ്പെടാത്ത സമാജാംഗങ്ങൾ പതിനഞ്ചു ദിവസത്തിന്നുള്ളിൽ ഖജാൻജിയെ വിവരം അറിയിപ്പാനപേക്ഷ. മറുവടി അയക്കാത്ത സമാജാംഗങ്ങൾ ഞങ്ങളുടെ നിശ്ചയങ്ങൾ സമ്മതിച്ചതായി തീർച്ചപ്പെടുത്തുന്നതാണ്.

എന്നു

തൃശ്ശിവപേരൂർ 30—10—91 } കെ. ഗോവിന്ദൻനമ്പ്യാർ ബി. എ. ബി. എൽ
സാഹിത്യസമാജം ഖജാൻജി.

# മംഗളോദയം

൧൦൮൮

പുസ്തകം ൩ | ഇടവമാസം | ലക്കം ൨


## മംഗളം.

ചാലേ ചാലിച്ച ഗോരോചനയിവളുപൂച്ചിയന്നോതിരംനൂപുരംപൊ-
ന്നേലസ്സോലപ്പൊളിക്കോണകമണികുഴലിൽപ്പീലിപൂമാലികാദി
കാലേ മെമേൽ ചമച്ചാറത്തിന്നയിലൊരിടയക്കുട്ടിയോടൊത്തു നൃത്താൻ-
കേളിംകൊണ്ടാണ്ടുകോലുംകുഴലുമൊടമരുംകോലമാലംബനം മേ.

വെണ്മണി മഹൻനമ്പൂതിരിപ്പാട്.

# കേരളവും ആദിചേരന്മാരും.

(ററി. കെ. പി.)

പണ്ടുള്ളവർ പറയുമ്പോലെ പരശു-
രാമർഷി കേരളത്തെ തന്നെത്താൻ പ-
ടച്ചു, കണ്ടെത്തിപ്പിടിക്കുക മാത്രമാ-
ണായിട്ടുള്ളതെന്ന സംഗതി ഇക്കാല
പലരും സമ്മതിച്ചിട്ടുള്ളതാണല്ലൊ.
സ്ഥിതിക്ക് പിന്നെ എങ്ങിനെയാണ്
ടെ കേരളം ഉണ്ടായതെന്നറിവാൻ
യമോ എന്നു തന്നെ ഒന്നാമതായി
ക്കാം. ഈ കേരളത്തിന്നു മലയാളം,
മലനാട്, ചേരനാട്, ഭാർഗ്ഗവക്ഷേത്രം, ക-
ർമ്മഭൂമി ഇങ്ങിനെ പല പേരുകളും പ്ര-
ധമായിക്കാണുന്നുണ്ട്. ഇവയിൽ മലയാ-
ളമെന്ന പദം ഈ ഭൂഭാഗത്തിന്റെ ഉൽ-
പത്തിയേയും, മലനാട് എന്നത് സമുദ്ര-
മലയാൽ ഈ പ്രദേശം മററുള്ള ഭൂഭാഗ-
ത്തിൽനിന്നു വേർതിരിഞ്ഞിരിക്കുന്നതിനെ-
യും, ചേരനാട് എന്നത് ചേരൻ എന്ന
പേരായ രാജാവും അദ്ദേഹത്തിന്റെ

ശത്തിലുണ്ടായവരും ഈ നാട്ട ഭരിച്ചിരുന്നതിനെയും, ഭാൎഗ്ഗവക്ഷേത്രമെന്നത് പരശുരാമനുമായി ഈ നാട്ടിന്നുള്ള പ്രത്യേക സംബന്ധത്തെയും, കൎമ്മഭൂമിയെന്നത് ഇവിടെ മീമാംസകമതത്തിന്നുണ്ടായ പ്രചാരാധിക്യത്തെയും സൂചിപ്പിക്കുന്നുവെന്നാണ് സാധാരണ പറഞ്ഞുവരുന്നത്. ആളം എന്നാൽ വെള്ളം. ഇതു വളരെപ്പഴയ ദ്രമിഡഭാഷാപദമാണ്. മലയും ആളവും ചേൎന്നിട്ടുള്ളതു മലയാളം. നാകവും ചെമ്പും ചേൎന്നിട്ടുള്ളത് നാകചെമ്പ എന്നതു പോലെ. മലയും കടലും ചേൎന്നു കിടന്നിരുന്ന ഭാഗം എന്നൎത്ഥം. മലയാളത്തിന്റെ നാഥൻ എന്നൎത്ഥത്തിൽ കോഴിക്കോട്ട രാജാവിന്നു 'ശൈലാബ്ധീശ്വരൻ' എന്നു സംസ്കൃതത്തിലും 'കുന്നലക്കോൻ' എന്നു ഭാഷയിലും പേരുകളുണ്ടായിട്ടുള്ളത് ഈ അൎത്ഥത്തെ വെളിവാക്കുന്നതുമുണ്ട്. ആളം എന്ന ദ്രമിഡപദമാണു പിൽക്കാലത്ത്, തമിഴിൽ ആലമായും മലയാളഭാഷയിൽ ആഴമായും തീൎന്നിട്ടുള്ളതും. ഇങ്ങിനെയാണത്രെ മലയാളപദം കേരളോൽപത്തിയെ സൂചിപ്പിക്കുന്നത്.

മലയാളപദത്തിന്റെ ഈ വിവരണം അനുസരിച്ചുംകൊണ്ട് മററുള്ള ദ്രമിഡദേശങ്ങളിൽ ദ്രമിഡവൎഗ്ഗക്കാർ കുടിയേറിപ്പാൎത്തിട്ട കുറെക്കഴിഞ്ഞതിന്നു ശേഷം കാലക്രമത്തിൽ കടൽ കരവെച്ചുണ്ടായതോ ഭൂകമ്പം മുതലായ പ്രത്യേകകാരണങ്ങളാൽ പെട്ടെന്നു തന്നെ കടലിൽനിന്നു പൊങ്ങിവന്നതോ ആണ് കേരളമെന്നും, ഇവിടെ ഒന്നാമതായി വന്നുകൂടിയവരും ആ ദ്രമിഡവൎഗ്ഗക്കാരിൽ ചിലർ തന്നെയായിരിക്കണമെന്നും പല ചരിത്രകാരന്മാരും ഊഹിച്ചു തീൎച്ചപ്പെടുത്തിയിരിക്കുന്നു. കേരളഭൂമിയുടെ ഉൽപത്തിയെപ്പററിയേടത്തോളം ചരിത്രകാരന്മാരുടെ ഈ അഭിപ്രായത്തിൽ ഏതാനും ചില വാസ്തവം അടങ്ങീട്ടുണ്ടെന്നുള്ളതു സ്പഷ്ടവുമാണ്. കടൽക്കരയിൽനിന്ന് അകന്നുകിടക്കുന്ന ഭൂഭാഗം ഉണ്ടായതിന്നു ശേഷമാണ് അതിന്നടുത്ത ഭൂഭാഗം ഉണ്ടായിത്തീരുന്നതെന്നുള്ള സംഗതി പ്രകൃതിശാസ്ത്രപ്രകാരവും അധികം സംഭവിക്കാവുന്നതാകയാൽ മററുള്ള ദ്രമിഡദേശങ്ങളിൽ കടലിന്നടുത്തല്ലാത്ത പ്രദേശങ്ങളും കേരളവും ഒരു കാലത്തുണ്ടായതല്ലെന്നു വരുന്നതിന്നു തന്നെയുണ്ടല്ലൊ യുക്തിയുള്ളത്. പക്ഷെ സൂക്ഷ്മം നോക്കുന്നതായാൽ മലയും കടലും കേരളത്തിന്റെ അതിരുമാത്രമായിരിക്കുന്നതുകൊണ്ടും അതു രണ്ടും ചേൎന്നിട്ടുള്ളത് [illegible] മലയാളപദാൎത്ഥം ശരിയാകില്ലല്ലൊ. അതിന്നും പുറമെ നീണ്ടുകിടക്കുന്ന പശ്ചിമപൎവ്വതനിരയിൽ ഏകദേശം ഇ[illegible]ത്തെ തെക്കെക്കന്നാടകജില്ല മുതൽ ക്കോട്ടുള്ള ഭാഗത്തിന്നു 'മലയം' എന്നുതുള്ളതുകൊണ്ട് മലയാളപദത്തിന്നു യത്തിന്റെ കീഴ്ഭാഗമായ പ്രദേശം ന്നൎത്ഥം വരായ്കയുമില്ല. അതിനാൽ ള്ള ദ്രമിഡദേശങ്ങളിൽ മനുഷ്യർ കുടിറിപ്പാൎത്തതിന്നു ശേഷമാണ് കേരളത്തിന്റെ ഉൽപത്തിയെന്നുള്ള ഭാഗം തീൎച്ചപ്പെടുത്തുന്നതു കുറെക്കൂടി ആലോചിക്കേ വേണ്ടിയുമിരിക്കുന്നു. എന്നുമാത്രവുമല്ല റവുള്ള ദ്രമിഡദേശങ്ങളിൽ മനുഷ്യർ കുയേറിപ്പാൎത്തത് ഏതുകാലത്താണ്? വിടേയ്ക്കുവർ എവിടെ നിന്നു വന്നു? മഷ്യനെന്ന ജീവി തന്നെ ഭൂമിയിൽ ഒസ്ഥലത്തു മാത്രം ആദ്യമുണ്ടായി അവിപെരുകി പല ദിക്കിലേക്കും പരന്നേ

ആദ്യം തന്നെ പല സ്ഥലത്തും ചിതൽപൊങ്ങുംപോലെ ഉണ്ടായതോ? ആദ്യം എങ്ങിനെ ഉണ്ടായി? സ്ത്രീയും പുരുഷനും വെവ്വേറെയോ രണ്ടുംകൂടിയ ഒരാളോ? എന്നിവക സംഗതികളെപ്പററിയുള്ള വിചാരംപോലെ തന്നെ കേരളത്തിന്റെ ഉൽപത്തികാലത്തെപ്പററിയുള്ള വിചാരവും ചരിത്രത്തിന്നു വിഷയമല്ലാത്ത സ്ഥിതിയിൽത്തന്നെയാണിരിക്കുന്നതെന്നും പറയേണ്ടിയിരിക്കുന്നു. പഴയ ലക്ഷ്യങ്ങളെ അനുസരിച്ചുള്ള പരിശോധനയിൽ മററു ദ്രമിഡദേശങ്ങളുടെ പഴക്കം എത്രത്തോളം നമുക്കു കാണ്മാൻ കഴിയുന്നുണ്ടോ അതിലൊട്ടും കുറയാതെ കേരളത്തിന്റെ പഴക്കവും കാണ്മാൻ സാധിക്കുന്നുണ്ട്. ചിലപ്പതികാരം, മണിമേഖല, പതിററുപ്പത്തു മുതലായി പല പഴയ തമിഴ് ഗ്രന്ഥങ്ങളിലും മററു ചില വിദേശഭാഷാഗ്രന്ഥങ്ങളിലും കാണുന്ന വിവരങ്ങൾകൊണ്ടും സൂചനകൾകൊണ്ടും പ്രസ്തുതവിഷയത്തിൽ താഴെ കാണിക്കുന്ന സംഗതികൾ വെളിപ്പെടുന്നു.

പുരാതനകാലങ്ങളിൽ തെക്കേ ഇന്ത്യാരാജ്യം ചേരം, ചോളം, പാണ്ഡ്യം ഇങ്ങിനെ മൂന്നു സാമ്രാജ്യങ്ങളുടെ കീഴിലായിരുന്നു. സഹ്യൻമലയും സമുദ്രവും അതിരുകളായി കന്യാകുമാരി മുതൽ ഗോകർണ്ണം വരെ നീണ്ടുകിടക്കുന്ന കേരളവും കുടനാട് എന്ന കുടകും കൊങ്ങുനാടും ചേരസാമ്രാജ്യത്തിൽ ഉൾപ്പെട്ടതുമായിരുന്നു. അതിന്നുംപുറമെ കന്യാകുമാരി മുതൽ തെക്കോട്ട് ഇപ്പോൾ കടലായി കിടക്കുന്ന പ്രദേശത്തു കുമാരി എന്ന പേരായ ഒരു നദിയും കുമാരിക്കോട് എന്നൊരു മലയും നാല്പത്തൊമ്പതു നാടുകളും പല ചെറുമലകളും കാടുകളും അടങ്ങിയ ഒരു ഭൂഭാഗമുണ്ടായിരുന്നുവെന്നും അതിൽ ഏതാനും ഭാഗം ചേരസാമ്രാജ്യത്തിൽ പെട്ടതായിരുന്നുവെന്നും കാണുന്നുണ്ട്. ചേരവും ചോളവും തമ്മിൽ പല കാലങ്ങളിലും വലിയ യുദ്ധങ്ങൾ നടക്കുകയും അതിന്റെ ഫലമായി ചിലപ്പോൾ കൊങ്ങുനാട്ടിലെ ചില പ്രദേശങ്ങൾ ചോളരാജാവിന്റെ കീഴിലും ചിലപ്പോൾ ചോളനാട്ടിൽ ചിലതു ചേരരാജാവിന്റെ കീഴിലുമായിത്തീരുകയും ചെയ്തിരുന്നുവെങ്കിലും കേരളവും കുടകും അക്കാലത്തെല്ലാം ചേരരാജ്യമായിത്തന്നെ ഇരുന്നിരുന്നുവെന്നാണ് കാണുന്നത്. ചേലം, മൈസൂർ രാജ്യത്തിന്റെ ഏതാനും ഭാഗങ്ങൾ, നീലഗിരി, കോയമ്പത്തൂർ ഈ പ്രദേശങ്ങൾക്കാണ് കൊങ്ങുനാടെന്നു പറഞ്ഞിരുന്നത്. കൊങ്ങൻകാളു, കൊങ്ങൻമുളകു മുതലായ വാക്കുകൾ ഇപ്പോഴും തീരെ നശിച്ചിട്ടില്ലല്ലോ. തമിഴർ അല്ലെങ്കിൽ ദ്രമിഡഭാഷക്കാർ കേരളത്തിന്നു മാത്രമായി 'മലനാട്' എന്നും ചേരരാജ്യത്തിന്നെല്ലാംകൂടി 'ചേരനാടെ'ന്നും രാജാവിനെ ചേരൻ എന്നും പറഞ്ഞിരുന്നു. മററു ഭാഷക്കാർ കേരളം എന്നോ ആ പദത്തിന്റെ വികാരങ്ങളാണെന്നൂഹിക്കാവുന്ന ചില പദങ്ങളോ ആണ് ചേരരാജ്യത്തിന്നെല്ലാംകൂടി പറഞ്ഞിരുന്നത്. എന്നുമാത്രമല്ല; ദ്രമിഡരും സംസ്കൃതഭാഷയിൽ പറയുമ്പോൾ ചേരരാജ്യത്തിന്നു 'കേരളം' എന്നുതന്നെ പറഞ്ഞിരുന്നു. വളരെപ്പുരാതനമായ കാലത്തു രാജ്യത്തിന്റെ തലസ്ഥാനനഗരത്തിന്നു ചേരപട്ടണമെന്നും പിൻകാലങ്ങളിൽ വഞ്ചിപട്ടണമെന്നുകൂടിയും പേരുകൾ പറഞ്ഞുകാണുന്നുണ്ട്. വഞ്ചി എന്നതു തിരുവഞ്ചിക്കുളം എന്നായിരുന്ന തിരുവഞ്ചിക്കുളത്തിന്റെ പേരാണെന്നുള്ളതു പഴയ തമിഴ് ഗ്രന്ഥങ്ങളിൽ നിന്നുതന്നെ ധാരാളം തെളിയുന്നതുമുണ്ട്. ആ തലസ്ഥാനപട്ടണത്തിന്നുള്ള പഴക്കം പഴയ തമിഴ് ഗ്രന്ഥകാരന്മാർക്കുകൂടി ചേരരാജാക്കന്മാരുടെ കുലപട്ടണമെന്നു മാത്രം പറയത്തക്കവിധത്തിൽ അത്രയധികമുണ്ടെന്നും കാണുന്നു. കൊല്ലവർഷാരംഭത്തിന്നു രണ്ടായിരത്തോളം വത്സരം മുമ്പിൽ സോളമൻ മുതലായവരുടെ കാലങ്ങളിലും കേരളത്തിലെ ചില തുറമുഖങ്ങളിൽ യവ

നക്കപ്പലുകൾ വന്നിരുന്നുവെന്നുള്ളതിന്നും പല ലക്ഷ്യങ്ങളുണ്ട്. ഇതെല്ലാംകൂടി നോക്കുമ്പോൾ ഇങ്ങിനെ അനുമിക്കാവുന്നതാണ്:—

ചേരപട്ടണവും വഞ്ചിപട്ടണവും ഒന്നുതന്നെയായിരിക്കണം. ചേരൻ എന്നു പേരായ ഒരു രാജാവാണ് ആ പട്ടണം സ്ഥാപിച്ചത്. ആ രാജാവു വഞ്ചിദേശത്തെ തലസ്ഥാനമാക്കി നിശ്ചയിപ്പാനുണ്ടായ മുഖ്യകാരണം ആദികാലത്തു യവനക്കപ്പലുകൾ വന്നണഞ്ഞിരുന്ന 'കൊടുങ്കോളൂർ' എന്നു പേരായ കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ പ്രാധാന്യം തന്നെയായിരിക്കാം. കുറെക്കാലത്തേക്കു പട്ടണസ്ഥാപകന്റെ പേർ ആ പട്ടണത്തിന്നും ചേർത്തു പറഞ്ഞുവന്നു. അതുപോലെ തന്നെ ചേരന്റെ വംശത്തിലുണ്ടായ രാജാക്കന്മാർക്കെല്ലാം പൊതുവായി ചേരൻ എന്നും രാജ്യത്തിന്നു ചേരമെന്നും പേരായും തീർന്നു. ചേരരാജ്യം അല്ലെങ്കിൽ അതിൽ പ്രധാനമായ മലനാട് ആദ്യം ആര്യന്മാരുടെ അറിവിൽ പെട്ടത് കേരവൃക്ഷങ്ങൾ (തെങ്ങു) ധാരാളമുള്ള ഒരു പ്രദേശമായിട്ടാണ്. അതുകൊണ്ട് അവർ ആ പ്രദേശത്തിന്നു കേരളമെന്നു പറഞ്ഞുവന്നു. അല്ലെങ്കിൽ 'ചെങ്ങണ്ണൻ' മുതലായ ദ്രമിഡരാജാക്കന്മാരുടെ പേർ 'സിംഘണ്ണഃ' എന്നും മറ്റും സംസ്കൃതപ്പെടുത്തിയതുപോലെ ചേരപദത്തെയും ആര്യഭാഷയുടെ തന്മയത്വം വരുത്തുവാൻ വേണ്ടിയോ ദ്രമിഡരെ നികൃഷ്ടന്മാരെന്നു വിചാരിച്ചിരുന്ന അവർ ശബ്ദശുദ്ധിക്കു വേണ്ടിയോ കേരളപദമാക്കിപ്പറഞ്ഞുവന്നു. എന്നാൽ സംഭവിക്കാവുന്നതും സുഗമവുമായ വഴി ഇതൊന്നുമല്ല. ചേരവംശക്കാരൻ എന്നർത്ഥത്തിൽ ചേരൻ എന്ന വാക്കിനോടു 'അലൻ' എന്ന ഒരു പ്രത്യയം ചേർന്ന് തമിഴ്ഭാഷാനിയമപ്രകാരം 'ചേരലൻ' എന്നു സന്ധികാര്യമായി ലകാരാദേശത്തോടു കൂടിയ ഒരു രൂപമുണ്ടാകുന്നു. ചേരം എന്നതിന്നു കർണ്ണാടകക്കാർ പറയുമ്പോളുണ്ടാകുന്ന കേരം (1) എന്ന മാറ്റം ചേരലശബ്ദത്തിലും വന്ന് ആദ്യം താലവ്യകകാരത്തോടു കൂടിയ കേരലശബ്ദവും പിന്നെ താലവ്യകവർഗ്ഗവും ലളങ്ങൾക്കു ഭേദവുമില്ലാത്ത സംസ്കൃതത്തിൽ കണ്ഠ്യകകാരത്തോടു കൂടിയ കേരലശബ്ദവും കേരളശബ്ദവുമായിത്തീർന്നതായിരിപ്പാനാണ് യുക്തിയും സ്വാരസ്യവും കാണുന്നത്. ചേരവംശരാജാവായ ചേരലൻ കേരളനായപ്പോൾ രാജ്യം കേരളമായി എന്നു സ്പഷ്ടവുമാണ്. ഏതായാലും ക്രിസ്തുവർഷം ഒന്നാംശതകത്തിൽ എഴുതിയിട്ടുള്ളതാണെന്നൂഹിക്കാവുന്ന 'പെരിപ്ലസ്' എന്ന വിദേശഭാഷാപുസ്തകത്തിൽ അക്കാലത്തു മലയാളത്തിൽനിന്നു കപ്പൽവഴിക്കു കച്ചവടത്തിന്നായി കൊണ്ടുപോകുന്ന സാമാനങ്ങളുടെ ഒരു പട്ടിക ചേർത്തിട്ടുള്ളതിൽ നാളികേരമോ തെങ്ങിന്മേലുണ്ടാകുന്ന ഏതെങ്കിലും സാധനമോ പറഞ്ഞുകാണാത്തതുകൊണ്ടു മാത്രം അക്കാലത്തു മലയാളത്തിൽ തെങ്ങുണ്ടായിരുന്നില്ലെന്നു ചിലർ ഊഹിക്കുന്നതും, തേൻ (മധു) എന്നർത്ഥമായ 'തേൻകാ' എന്ന പദത്തെത്തന്നെ കുറുക്കി (2) തെങ്കാ എന്നാക്കി തെക്കുള്ള കായ് എന്നു വ്യാഖ്യാനിച്ച് കേരളത്തിലേക്കു തെങ്ങുകൾ പിൽക്കാലങ്ങളിൽ ലങ്കയിൽനിന്നു കൊണ്ടുവന്നതാണെന്നു രീച്ചപ്പെടുത്തുന്നതും അതിനാൽ ആര്യന്മാർ ചേരരാജ്യത്തെ കേരവൃക്ഷങ്ങൾ ധാരാളമുള്ള പ്രദേശമായിട്ടാണ് ആദ്യം അറിഞ്ഞതെന്നു വരുവാൻ വഴിയില്ലെന്നു പറയുന്നതും സാമാന്യത്തിലധിക

---

(1) പറക, വരിക, മറിക, മുതലായ വാക്കുകളിലെ കകാരംപോലെ താലവ്യം; വേക, ചാക, തേക മുതലായതിലേപ്പോലെ കണ്ഠ്യമല്ല.

(2) മധു കുറുക്കിക്കോട്ടേ.

സാഹസമായിട്ടാണിരിക്കുന്നത്. ക്രിസ്തുവൎഷത്തിന്നു മുമ്പുണ്ടായിട്ടുള്ള പല തമിഴ്ഗ്രന്ഥങ്ങളും അക്കാലത്തു മലയാളത്തിൽ തെങ്ങുകളുണ്ടെന്നു ധാരാളം തെളിയിക്കുന്നുണ്ട്. അതിന്നുപുറമെ വിദേശരാജ്യങ്ങളിൽ ആ വക സാധനങ്ങൾക്ക് അക്കാലത്ത് ഇപ്പോഴത്തെപ്പോലെ പ്രിയമോ ആവശ്യമോ ഉണ്ടായിരുന്നില്ലെന്നു മാത്രം വേണമെങ്കിൽ ഊഹിപ്പാനേ ആ പട്ടികയിൽ കാണുന്നില്ലെന്നുള്ള സംഗതി മതിയാകയുമുള്ളു. കേരളം എന്ന പദത്തിന്നു പുറമെ മലയാളം എന്ന വാക്കിൻെറ പരിഭാഷയാണെന്നു കല്പിച്ചു വിചാരിക്കാവുന്ന 'കേതലം' എന്ന പേരും കേരളത്തിന്ന് ആൎയ്യന്മാർ പറഞ്ഞുവന്നിരുന്നുവെന്നു ദുർല്ലഭം ചില ലക്ഷ്യങ്ങളാൽ തെളിയുന്നുണ്ട്.

ആദിചേരന്മാരെന്നു പറയാവുന്ന മേൽപറഞ്ഞ ചേരരാജാക്കന്മാരുടെ വാഴ്ച ഏതുകാലം മുതൽക്കാണാരംഭിച്ചിട്ടുള്ളതെന്നു തീൎച്ചപ്പെടുത്തുവാൻ യാതൊരു തെളിവും കാണുന്നില്ല. അവരിൽ ചിലരുടെ വാഴ്ചക്കാലത്തു രാജ്യം നല്ല ഉൽകൃഷ്ടസ്ഥിതിയെ പ്രാപിച്ചിരുന്നുവെന്നൂഹിപ്പാൻ വേണ്ട ചില സംഗതികൾ മാത്രമേ അവിടെയവിടെയുള്ള സൂചനകളാൽ കിട്ടുന്നുള്ളു. മുടിചൂടിയ മൂന്നു മന്നരിലും വെച്ചു പ്രാധാന്യം തന്നെ ഒരു കാലത്തു ചേരരാജാവിന്നായിരുന്നുവെന്നും അമ്പു തൊടുത്ത വില്ല് ആ രാജാവിൻെറ കൊടിയടയാളമായിരുന്നുവെന്നും ആ കൊടി കണ്ടാൽ പുലിയും മത്സ്യവും അടയാളങ്ങളായ ചോളപാണ്ഡ്യക്കൊടികൾ താഴ്ത്തുക പതിവായിരുന്നുവെന്നും മററും ചില വൎണ്ണനകളിൽനിന്നു തെളിയുന്നുണ്ട്. ഈ ചേരരാജാക്കന്മാർ മഹാബലിവംശത്തിൽ പെട്ട ബാണവൎഗ്ഗക്കാരായിരുന്നുവെന്നാണ് തമിഴ്ഗ്രന്ഥങ്ങളാലും പുരാതനശാസനങ്ങളാലും കാണുന്നത്. ആദിചേരരാജാക്കന്മാരിൽ ഒരാളായ 'തിരുക്കുമരൻ' എന്ന രാജാവിൻെറയും 'നിലം തരു തിരുവിൽപ്പാണ്ഡ്യൻ' എന്നു പുകൾപ്പെട്ടരുടയ 'ജയമാകീൎത്തി' എന്ന പാണ്ഡ്യരാജാവിൻെറയും വാഴ്ചക്കാലത്തു 'കുമാരിക്കോട്' എന്ന മല മുതൽ തെക്കോട്ടുള്ള പ്രദേശത്തിൻെറ തെക്കേ അററത്തുണ്ടായിരുന്ന 'പറുളി' എന്ന നദിക്കും ആ മലയുടെ വടക്കെച്ചെരുവിലുള്ള 'കുമാരി' എന്ന നദിക്കും മദ്ധ്യത്തിലുണ്ടായിരുന്നതും ഏഴേഴുനാടുകളായി വിഭജിച്ചിരുന്നതുമായ തെങ്കനാട്, തെന്മധുരനാട്, മുൻപാലനാട്, പിൻപാലനാട്, കുന്നനാട്, കുണകരനാട്, കുറുമ്പനനാട് എന്ന ഏഴു വക നാടുകളിൽ പെട്ട നാല്പത്തൊമ്പതു ദേശങ്ങളും കുമാരിക്കൊല്ലം മുതലായ പല മലനാടും കാടും മലകളും നദികളും എല്ലാം ഗംഭീരമായുണ്ടായ ഒരു കടൽക്ഷോഭത്തിൽ കരയെടുത്തു മുങ്ങിപ്പോയതായി 'നക്കീരനാർ' 'ഇളമ്പൂരണടികൾ' തുടങ്ങിയ പഴയ ഗ്രന്ഥകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ചിലപ്പതികാരകൎത്താവും ഈ സംഗതിയെപ്പററി—

'അടിയിൽതന്നളവരശൎക്കുണൎത്തി
വടിവേലെറിന്തവാൻപകൈപ്പൊറാതു
പാറുളിയാററുടൻപന്മലെയടുക്കത്തു-
ക്കുമരിക്കോടുകൊടുങ്കടൽകൊള്ള
വടതിശൈക്കങ്കൈയുമിമയവുംകൊണ്ടു
തെൻറിശൈയാണ്ടതെന്നവൻവാഴി.'

ഇങ്ങിനെ ചുരുക്കത്തിൽ പറഞ്ഞുകാണുന്നുണ്ട്. എന്നാൽ ഈ ചേരപാണ്ഡ്യരാജാക്കന്മാരുടെ പേർ മാത്രം ആ ഗ്രന്ഥ

ങ്ങൾകൊണ്ടറിയാമെന്നല്ലാതെ കാലത്തെപ്പററിയേടത്തോളം വിശ്വസിക്കത്തക്കയാതൊരു തെളിവുമില്ല. തമിഴ് സാഹിത്യങ്ങളിൽ പ്രസിദ്ധങ്ങളായ മൂന്നു പുരാതനപണ്ഡിതസംഘങ്ങളുണ്ടായിരുന്നതിൽ ഒന്നാമത്തേതിന്റെ സ്ഥാപകൻ ഈ പാണ്ഡ്യരാജാവായിരുന്നുവെന്നും അതു സ്ഥാപിച്ച സ്ഥലം തെന്മധുരനാട്ടിലായിരുന്നുവെന്നും കടൽക്ഷോഭകാലത്തിൽ ആ പാണ്ഡ്യരാജാവ് ഗംഗാനദിയുടെ കരവരെ പിൻമാറിപ്പാർത്തിരുന്നുവെന്നും നക്കീരനാരും മററും പറഞ്ഞിട്ടുണ്ട്. ഗംഗക്കരയിലും ഹിമവൽപ്രദേശത്തും ആ പാണ്ഡ്യൻ പോയ സംഗതി മേൽകാണിച്ച ചിലപ്പതികാരത്തിലെ ഭാഗവും അനുവദിച്ചിട്ടുണ്ടല്ലോ. എങ്കിലും ആ ഒന്നാംസംഘത്തിന്റെ ആയുഷ്കാലം നാലായിരത്തിനാനൂറിനാല്പതു വത്സരമാണെന്നുകൂടി കാണുന്നതിനാൽ മേൽപറഞ്ഞ അവാന്തരപ്രളയത്തിന്റെ കാലനിർണ്ണയം ഏകദേശമെങ്കിലും ഒന്നു ഗണിച്ചുവരുത്തുവാൻ അതുകൊണ്ട് ഒരു ഉപയോഗവുമില്ലാതെയാണിരിക്കുന്നത്. പാശ്ചാത്യന്മാരുടെ വേദപുസ്തകത്തിൽ 'നോഹ' എന്നാളുടെ കാലത്തു വലിയൊരു പ്രളയമുണ്ടായിട്ടുണ്ടെന്നും ആ കാലം ക്രിസ്തുവർഷാരംഭത്തിനു രണ്ടായിരത്തോളം വത്സരം മുമ്പാണെന്നും പറഞ്ഞിട്ടുള്ളതനുസരിച്ച 'റെവറണ്ട് വില്യം ടെയിലർ' എന്നാൾ ആ പ്രളയകാലം കഴിഞ്ഞ് ആയിരത്തോളം വത്സരം കഴിഞ്ഞിട്ട ദക്ഷിണേന്ത്യയിൽ ഒരു കടൽക്ഷോഭമുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകാണുന്നുണ്ട്. പക്ഷെ അദ്ദേഹം ആ സംഭവം കടൽ കരയെടുത്തതായിട്ടല്ല്യ കരവെച്ചതായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. അക്കാലത്തൊരു കടൽക്ഷോഭമുണ്ടായിട്ടുണ്ടെങ്കിൽ അതു പ്രസ്തുതപ്രളയമായിരിക്കണമെന്നു പക്ഷേ ഒന്നു സംശയിക്കാം.

---

# കാലപർവ്വതം.

## മൂന്നാമദ്ധ്യായം.

അദ്ദേഹത്തിന്റെ മനസ്സിലും മന്ദമാരുതനിലും പ്രകൃതിയിലും ഏതൊരാനന്ദം കാണപ്പെട്ടിരുന്നുവോ ആ ആനന്ദത്താൽ മഹാനദിയും ചഞ്ചലയായിട്ടു കളകളശബ്ദത്തോടുകൂടി എപ്പോഴും ഒഴുകിക്കൊണ്ടിരുന്നു. 'ആനന്ദം തന്നെയാണു ജഗത്ത്, ജഗത്തു തന്നെയാണ് ആനന്ദം' എന്നു സന്ന്യാസി പറഞ്ഞതു സത്യം തന്നെയാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി.

വിശ്വപ്രേമത്തെപ്പററി ഓരോന്നാലോചിച്ചുംകൊണ്ട് കാലചന്ദ്രൻ മഹാനദയിലിറങ്ങി സ്നാനവും തർപ്പണവും കഴിച്ചു. പിന്നെ വെളുത്ത പട്ടവസ്ത്രം ധരിച്ച് അദ്ദേഹം സ്വഗൃഹത്തിലേക്കു സാവധാനത്തിൽ നടന്നു. കറുത്തു നീണ്ട കുടുമയും മാറിടത്തിൽ പൂണുനൂലും നല്ല വെളുക്കവുമുള്ള തങ്കനിറമായ അദ്ദേഹത്തെ കണ്ടവരെല്ലാം സംഭ്രമത്തോടുകൂടി വഴിയൊഴിഞ്ഞു കൊടുത്തു.

എന്നാൽ, ദാഹിച്ചുവലയുന്ന ചാതകം ഏതുപ്രകാരം കാർമ്മേഘത്തെ നോക്കി നില്ക്കുന്നുവോ അപ്രകാരം ഒരുവൾ ആ സുന്ദരരൂപത്തെ കണ്ണിമയാട്ടാതെ നോക്കി

കൊണ്ടിരുന്നു. ദിവസംപ്രതി പ്രഭാതസമയത്തിൽ ചക്രവത്തിയുടെ പുത്രിയായ ദ്ദലാളി മാളികമേലിരുന്നു മഹാനന്ദയിലേസ്സുള്ള വഴിയിലേയ്ക്കു നോക്കിക്കൊണ്ടു ദീർഘശ്വാസം വിട്ടിരുന്നു. കാലചാന്ദനേ ആ വഴിയിൽ കണ്ടാൽ അവളുടെ മുഖം പ്രസന്നമായിത്തീരും. കാലചാന്ദൻ മഹാനന്ദയിലേയ്ക്കു പോകുന്നത് അവൾ കണ്ണിമയാട്ടാതെ നോക്കിക്കൊണ്ടിരിയ്ക്കും, ദൃഷ്ടിയെത്തുന്നതുവരെ അങ്ങിനെ നില്ക്കും. കാണാതെയായാലും അവിടെനിന്നു കണ്ണെടുക്കാതെ ദീർഘശ്വാസം വിട്ടു കണ്ണിൽ വെള്ളം നിറച്ചുകൊണ്ടിരിക്കും. പിന്നെ കാലചാന്ദൻ വീട്ടിലേയ്ക്കു മടങ്ങുമ്പോഴും അവൾ ഈ വിധംതന്നെ നോക്കിയിരിക്കും. ഇങ്ങിനെ നോക്കുന്നത് ഒരു ദോഷമാണെന്ന് ആ തരുണി ധരിച്ചിരുന്നില്ല. നോക്കാതിരിയ്ക്കാൻ അവൾക്കു കഴിഞ്ഞില്ല. രണ്ടു കണ്ണുകൾകൊണ്ടു നോക്കിക്കണ്ടിട്ട് അവൾക്കു തൃപ്തിവന്നില്ല. 'രണ്ടു കണ്ണുകൾ മാത്രം തന്ന ബ്രഹ്മാവു വലിയ മൂർഖനാണ്. അധികം കണ്ണുകൾ തരാൻ എന്തായിരുന്നു വിരോധം?' എന്ന് അവൾക്കു തോന്നി.

ഇങ്ങിനെ കാലചാന്ദനെ കണ്ടുംകൊണ്ടു വളരെ നാൾ കഴിഞ്ഞുകൂടി. ആദ്യമായിട്ടു നയനപ്രീതി ഉണ്ടായി. അതിന്നുശേഷം ചിത്താസക്തി ജനിച്ചു. തദനന്തരം സങ്കല്പം സ്ഥിരമായിത്തീൎന്നു. ഇതു മനുഷ്യരാരും അറിഞ്ഞില്ല. ആ തരുണിയുടെ ഹൃദയം കാലചാന്ദമയമായിത്തീൎന്നു.

ഒരു ദിവസം പ്രഭാതത്തിൽ ദ്ദലാളി മാളികമുകളിൽ ഇരിയ്ക്കയായിരുന്നു. അടുത്ത് അവളുടെ സഖിയായ മോതിയയും ഉണ്ടായിരുന്നു. കാലചാന്ദൻ പ്രാതഃസ്നാനം കഴിച്ചു ഗുരുഗംഭീരസ്വരത്തിൽ ഗംഗാസ്തോത്രം ചൊല്ലിക്കൊണ്ടു സ്വഗൃഹത്തിലേയ്ക്കു മടങ്ങുകയായിരുന്നു. സ്വരമോഹിതയായ പേടമാനിനെപ്പോലെ ദ്ദലാളി ആ മധുരഗീതം അത്യാസക്തിയോടു കൂടി കേട്ടുകൊണ്ടിരുന്നു. പ്രഭാതത്തിൽ വിടരുന്ന താമരപ്പൂവ് ഏതുപ്രകാരം ഉജ്ജ്വലകാന്തിയോടു കൂടിയ ബാലാക്കന്റെ നേരെ നോക്കുന്നുവോ ആ പ്രകാരം അവൾ തേജസ്വിയായ കാലചാന്ദനെ നോക്കിക്കൊണ്ടിരുന്നു. അവൾ ഒരക്ഷരം മിണ്ടുന്നില്ല; കണ്ണിമ ആട്ടുന്നില്ല; ദേഹത്തിനു ലേശം അനക്കമില്ല. ദ്ദലാളിയെ ഈ സ്ഥിതിയിൽ കണ്ടിട്ടു മോതിയ പറഞ്ഞു— 'രാജകുമാരി! എന്താണു നോക്കിക്കൊണ്ടിരിയ്ക്കുന്നത്?' മോതിയയുടെ വാക്കുകൾ കേട്ടു ദ്ദലാളിയുടെ ധ്യാനത്തിന്നു ഭംഗംവന്നു. 'നീയും കാണുന്നില്ലേ?' എന്ന് അവൾ പുഞ്ചിരിയോടു കൂടി പറഞ്ഞു. മോതിയ അല്പം മുന്നോട്ടു ചെന്നു വഴിയിലേക്കു നോക്കി. 'നീ എന്താണു കണ്ടത്?' എന്നു ദ്ദലാളി ചോദിച്ചു.

മോതിയ— ഞാൻ ഒരാളെ കണ്ടു.

ദ്ദലാളി— നിന്നെപ്പോലെയുള്ള ഒരാളേ ണോ?

മോതിയ— എന്നെപ്പോലെ എങ്ങിനെ ആവും? ആ ആൾ പുരുഷനാണ്.

ദ്ദലാളി— ആ പുരുഷൻ തന്നെയാണ് എന്റെ വരൻ.

മോതിയ— ആയിരിക്കാം. കുട്ടിക്കാലത്തു പാവയുമായി കളിച്ചിരുന്ന കഥ ഓൎമ്മ വരുന്നുവോ? വഴിയിൽക്കൂടി പോകുന്നവനെ ഭത്താവാക്കാൻ നീ ഇപ്പോൾ ഒരു കളിപ്പാവയല്ലല്ലൊ. ചക്രവത്തിയുടെ മകളാവാതെ നീ ഒരു കളിപ്പാവ

യായിരുന്നെങ്കിൽ നിനക്ക് അങ്ങിനെ ചെയ്യാമായിരുന്നു.

ദുലാളി— മോതിയെ! ഇതൊരു കുട്ടിക്കളിയല്ല. അദ്ദേഹമാണ് എന്റെ ഭർത്താവെന്നു ഞാൻ സത്യമായി പറയുന്നു. എന്റെ മനസ്സും ശരീരവും ഞാൻ അദ്ദേഹത്തിന്നു കൊടുത്തിരിക്കുന്നു.

മോതിയ വിറച്ചുകൊണ്ടു ദുലാളിയുടെ മുഖത്തേക്കു നോക്കി. ദുലാളിയുടെ കണ്ണിൽ വെള്ളം നിറഞ്ഞിരിക്കുന്നതായി കണ്ടു. ദുലാളി പറഞ്ഞതു കളിവാക്കല്ലെന്നും കാര്യമാണെന്നും അവൾക്കു മനസ്സിലായി.

മോതിയ— രാജകുമാരി! എന്താണ് ചെയ്തത്?

ദുലാളി— എന്താ മോതിയേ! ഞാൻ ശരിയായിട്ടുള്ളതേ ചെയ്തിട്ടുള്ളു. എന്റെ പ്രാണൻ ആരെ കൊതിക്കുന്നുവോ അവന്നു തന്നെ പ്രാണനെ ദാനം ചെയ്തു.

മോതിയ— ഈ കാര്യം നടത്താൻ സാധിക്കുമോ?

ദുലാളി— മോതി! ഒരു ആകാശത്തിൽ രണ്ടു സൂര്യന്മാർ പ്രകാശിക്കുന്നതല്ല. ഈ ദേഹവും മനസ്സും ഇനി മറ്റൊരുവന്റേതായിത്തീരുന്നതല്ല.

മോതിയ— ചക്രവർത്തി എന്തു പറയും? തന്റെ ഓമനമകളെ വഴിയിൽ കൂടി പോകുന്ന ഒരുവനു കൊടുക്കാൻ അദ്ദേഹത്തിന്നു സമ്മതമുണ്ടാവുമോ? രാജകുമാരി! ഇതെന്തൊരു കുട്ടിക്കളിയാണ്? നീ എന്താണ് ചെയ്തത്.

ദുലാളി— തന്റെ പുത്രി ആത്മാവിനെ സമർപ്പിച്ചിരിക്കുന്നത് അപാത്രത്തിങ്കലല്ല എന്നു ചക്രവർത്തി അറിയുമ്പോൾ അദ്ദേഹം ഇതിന്ന് അനുവാദം തരും. മേലിൽ എങ്ങിനെ വരുമെന്നതിനെക്കുറിച്ചു ഞാൻ ആലോചിച്ചിട്ടില്ല. ആലോചിക്കാൻ എനിക്കു വിചാരവുമില്ല. ഈ കഴിഞ്ഞുകൊണ്ടിരിക്കുന്ന മഹാനന്ദം ആലോചന ചെയ്തിട്ടാണോ വൃത്തത്തിൽനിന്നു ഇറങ്ങിയത്?

മോതിയ— അപാത്രത്തിൽ ആത്മാവിനെ സമർപ്പിച്ചിട്ടില്ലെന്നു നിങ്ങൾ പറഞ്ഞുവല്ലൊ. വഴിയിൽകൂടി [illegible] വൻ അപാത്രമോ സൽപാത്രമോ [illegible]ന്ന് എങ്ങിനെ അറിഞ്ഞു? [illegible] റഞ്ഞേയച്ചിരുന്നുവോ?

ദുലാളി ചിരിച്ചുകൊണ്ടു പറഞ്ഞു [illegible] തിയെ പറഞ്ഞയക്കേണ്ട ആവശ്യമെന്താണ്? നീ പൊട്ടക്കണ്ണി [illegible] കണ്ണുണ്ടെങ്കിൽ അപാത്രമൊ സൽപാത്രമൊ എന്നു നിനക്കും കാണാൻ കഴിയും. ഇവിടെ വരിക. ഞാൻ നിനക്കു കാണിച്ചുതരാം.

മോതിയ— എന്തിനാണ് അങ്ങോട്ടു വരുന്നത്? എനിക്കു കണ്ണിന്നു കാഴ്ചയില്ലാതായിട്ടില്ല.

ദുലാളി— ശരിയാണ്. ഇവിടെ വരൂ. എന്റെ കണ്ണിൽ ജ്ഞാനാഞ്ജനം എഴുതിത്തരാം.

മോതിയ എണീറ്റു ദുലാളിയുടെ അടുത്തുചെന്നു. ദുലാളി പറഞ്ഞു— 'നല്ലവണ്ണം നോക്കീട്ട്, ആ പുരുഷന്റെ വയസ്സ് എത്രയാണെന്നു പറയു.' മോതിയ വീണ്ടും നല്ലവണ്ണം നോക്കീട്ടു 25, 26 വയസ്സു പ്രായമായിരിക്കാം എന്നു പറഞ്ഞു.

ദുലാളി— വരനു വേണ്ട പ്രായം തന്നെ അല്ലേ?

മോതിയ— അതേ.

ദുലാളി— കാഴ്ചയിൽ എങ്ങിനെ?

മോതിയ— കാഴ്ചയിൽ അതിസുന്ദരനാണ്, സംശയമില്ല.

ദുലാളി— ഈ ദേശത്തിൽ ഈ മാതിരി വേറെ ആരെയെങ്കിലും കണ്ടിട്ടുണ്ടോ?

മോതിയ— ഇല്ല. എങ്കിലും—

ദുലാളി— എന്താ എങ്കിലും എന്നു പറയുന്നത്?

മോതിയ— സുന്ദരനും യുവാവുമാണെങ്കിലും വരനാവാനുള്ള മറ്റു യോഗ്യതകൾ ഉണ്ടോ?

ദുലാളി— കണ്ണു നല്ലവണ്ണം മിഴിച്ച് ഒന്നുകൂടി നോക്കൂ. അദ്ദേഹത്തിന്റെ കയ്യിൽ എന്താണ് കാണുന്നത്?

മോതിയ — സ്വൎണ്ണംകൊണ്ടുള്ള എന്തോ കാണുന്നുണ്ട്.

ദുലാളി — സ്വൎണ്ണജലപാത്രമാണ്. കയ്യിൽ സ്വൎണ്ണജലപാത്രവും ഒന്നിച്ച് കുടപിടിക്കുന്നവരേയും കണ്ടിട്ട് നിനക്ക് ഒന്നും മനസ്സിലായില്ലേ?

മോതിയ — ഓ, മനസ്സിലായി. ഇയ്യാൾ ഒരു പ്രഭുവായിരിക്കണമെന്നു തോന്നുന്നു.

ദുലാളി — എന്നാൽ ധനികനായിരിക്കണ്ടേ?

മോതിയ — ആയിരിക്കാം. അല്ലെങ്കിൽ കുടക്കാർ ഒന്നിച്ചുണ്ടാവില്ലല്ലോ.

ദുലാളി — ആയാളുടെ ദേഹം എങ്ങിനെയിരിക്കുന്നു?

മോതിയ — ഒരു യോദ്ധാവിന്റെ ദേഹം പോലെ ഇരിക്കുന്നുണ്ട്.

ദുലാളി — കഴുത്തിൽ വല്ലതും കാണുന്നുണ്ടോ?

മോതിയ — നൂലുകൊണ്ടുള്ള ചെറിയ ചരടുകൾ കാണുന്നുണ്ട്. ഹിന്തുക്കൾ ഈ മാതിരി നൂൽച്ചരടുകൾ കഴുത്തിലിടാറുണ്ട്. രാജകുമാരി! ആയാൾ ഒരു ഹിന്തുവാണ്.

ദുലാളി — ആയാൾ ഹിന്തുതന്നെയാണ്. എല്ലാ ഹിന്തുക്കളും ഈ നൂൽ കഴുത്തിലിടുകയില്ല. ഉയൎന്ന ജാതിക്കാരായ ബ്രാഹ്മണരും ക്ഷത്രിയരും മാത്രമേ ഇതു കഴുത്തിലിട്ടുള്ളൂ. പൂണുനൂൽ കണ്ടിട്ട് ആയാൾ ശ്രേഷ്ഠജാതിയിലുള്ളവനാണെന്നു ഞാൻ മനസ്സിലാക്കി. ആയാൾ പറയുന്നത് നീ കേൾക്കുന്നില്ലേ?

മോതിയ — ഉവ്വ്. ഭംഗിയിൽ സംസാരിക്കുന്നുണ്ട്.

ദുലാളി — ഇത്ര ഭംഗിയിൽ സംസാരിക്കുന്നവൻ ഒരിക്കലും മൂൎഖനാവാൻ തരമില്ലെന്നു നിനക്ക് അറിഞ്ഞുകൂടെ?

മോതിയ — അറിയാം.

ദുലാളി — മോതിയേ! ദൂതിയെ പറഞ്ഞയച്ച് വിവരം മനസ്സിലാക്കാതെ തന്നെ ആ യുവാവ് ശ്രേഷ്ഠജാതിക്കാരനും വീരനും വിദ്വാനും ധനവാനും ആണെന്നു ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ത്രിലക്ഷണം നിന്റെ കണ്ണുകൊണ്ടു തന്നെ കണ്ടുവല്ലോ.

മോതിയ — കാൎയ്യമെല്ലാം എനിക്കു മനസ്സിലായി. ഇനി എന്താണ് ഉപായം?

ദുലാളി — എന്തിനു വേണ്ടിയുള്ള ഉപായം?

മോതിയ — നിങ്ങൾ ആരെ മനസ്സുകൊണ്ടു വരിച്ചുവോ ആയാളെ ലഭിക്കാനുള്ള ഉപായം.

ദുലാളി — ആയാളെ കിട്ടിയാലാവട്ടെ കിട്ടിയില്ലെങ്കിലാവട്ടെ, ഞാൻ ആയാളുടേതാണ്.

മോതിയ — അതെനിക്ക് മനസ്സിലായി. നിങ്ങൾ നിങ്ങളെ വിറ്റുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു നിങ്ങളുടെ മേൽ കാംക്ഷയുണ്ടാകുമോ? അദ്ദേഹം ബ്രാഹ്മണനാണ്. നിങ്ങൾ പട്ടാണിയുടെ മകളാണ്.

പെട്ടെന്നുണ്ടാവുന്ന ഇടിമുഴക്കം കേട്ട് ഉറങ്ങിക്കിടക്കുന്ന കുട്ടി എങ്ങിനെ ഞെട്ടി ഉണരുന്നുവോ അങ്ങിനെ തന്നെ മോതിയയുടെ വാക്കുകൾ കേട്ടപ്പോൾ ദുലാളിയും ഞെട്ടിപ്പോയി. അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അവൾ ദീനസ്വരത്തിൽ പറഞ്ഞു:- "മോതി! ഈ കഥ ഞാൻ ആലോചിക്കയുണ്ടായില്ല. ആട്ടെ! പ്രേമത്തോടു കൂടിയിരിക്കുന്നതാണ് എനിക്കു

ഹൃദയം. ആ പ്രേമം സിദ്ധിക്കുമെന്ന് ഞാൻ ആശിക്കുന്നില്ല. അദ്ദേഹത്തിന്ന് എന്നിൽ പ്രേമം ഉണ്ടെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ, ഞാൻ അദ്ദേഹത്തിന്റെ ദാസിയാണ്. അദ്ദേഹം എന്നെ സ്വീകരിച്ചില്ലെങ്കിലും ഞാൻ തന്നെ എന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ചിരിക്കുന്നു.'

ദലാളിയുടെ കവിൾത്തടത്തിൽ വീണ രണ്ടു കണ്ണീർത്തുള്ളികൾ മുത്തുമണികളെപ്പോലെ ശോഭിച്ചു. ആ കണ്ണീർത്തുള്ളികൾ കണ്ടിട്ടു മോതിയയുടെ കണ്ണിലും വെള്ളം നിറഞ്ഞു. മോതിയ ദലാളിയുടെ ചിരസഖിയും സമവയസ്കയും ആയിരുന്നു. മോതിയ പറഞ്ഞു:— 'രാജകുമാരി! ഈ കഥ അമ്മയോടു പറയണ്ടേ?' ദലാളി കുറെ നേരം എന്തോ ആലോചിച്ചുകൊണ്ടിരുന്നു. പിന്നെ ദീർഘശ്വാസം വിട്ടു 'അമ്മയോടു പറയാം' എന്നു പറഞ്ഞു.

ഈ സമയത്തു മഹാനദിയിൽ കൂടെ ഒരു തോണി ഉജ്ജാനനഗരത്തിലേക്കു പോയ്ക്കൊണ്ടിരുന്നു. 'കൃഷ്ണകളങ്കസമാനഭേ രാജനന്ദിനി മുങ്ങീടുന്നു' എന്നു തോണിക്കാരൻ പാടുന്നതു ദലാളിയുടെ ചെവിയിൽ പെട്ടു. അവൾ എന്തോ ആലോചിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു:— 'മോതിയെ! സൂര്യൻ ഉദിച്ചു പൊങ്ങിക്കഴിഞ്ഞു നമുക്ക് അകത്തേക്കു പോവുക.'

## സംസ്കൃതഭാഷ.

(കഴിഞ്ഞ 3000 കൊല്ലത്തെ സ്ഥിതി)

(കെ. വി. എം.)

കാശി സെൻട്രൽ ഹിന്തുകാളേജിൽ ബഹുമാനപ്പെട്ട ആൾവാർ മഹാരാജാവവർകളുടെ അദ്ധ്യക്ഷതയിന്മേൽ കൂടിയ ഒരു യോഗത്തിൽവെച്ചു മഹാമഹോപാദ്ധ്യായ ഡാക്ടർ ഹരപ്രസാദശാസ്ത്രികൾ "കഴിഞ്ഞ 3000 കൊല്ലങ്ങളായി സംസ്കൃതഭാഷയുടെ സ്ഥിതി' എന്ന വിഷയത്തെപ്പറ്റി ദീർഘമായ ഒരുപന്യാസം വായിക്കുകയുണ്ടായി. അതിന്റെ സാരം താഴെ ചേർക്കുന്നു:—

കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തു പ്രസിദ്ധനായ ഒരു ഭാരതീയപണ്ഡിതൻ ഇംഗ്ലീഷുഭാഷയും സംസ്കൃതഭാഷയും തമ്മിലുള്ള മുഖ്യമായ വ്യത്യാസത്തെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഒരു സഭയിൽ പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഇങ്ങിനെയാണ്— 'സംസ്കൃതഭാഷ അദ്ധ്യേതാക്കളുടെ കണ്ണടക്കുകയും, ഇംഗ്ലീഷു കണ്ണു തുറക്കുകയും ചെയ്യുന്നു.' സംസ്കൃതം പഠിച്ചവർ അജ്ഞാനാന്ധകാരത്തിൽ ആണ്ടുപോകയും ഇംഗ്ലീഷു പഠിച്ചവർ അതിൽ നിന്നു കരേറുകയും ചെയ്യുന്നു എന്നാണല്ലൊ ഇതിന്റെ സാരം. ഇങ്ങിനെ അഭിപ്രായപ്പെട്ട ഭാരതീയപണ്ഡിതൻ ഇന്ത്യാരാജ്യം മുഴുവൻ പ്രസിദ്ധി നേടിയ ഒരാളും വലിയ വിദ്വാൻ എന്നും ആചാരപരിഷ്കാരി എന്നും കേൾവിപ്പെട്ട ഒരു യോഗ്യനുമാണ്. അതുകൊണ്ട്, അദ്ദേഹത്തിന്റെ അഭിപ്രായം എത്രത്തോളം ശരിയായിട്ടുണ്ടെന്ന് ആരാഞ്ഞുനോക്കുകയാണ് ഞാനിവിടെ ചെയ്യുന്നത്.

19-ാം നൂറ്റാണ്ടിന്റെ മധ്യകാലത്തു സംസ്കൃത ഭാഷയെപ്പറ്റി ഇങ്ങിനെ ഒരു കുറാം പറയുവാൻ ന്യായമുണ്ടായിരുന്നിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. അക്കാലത്തു സംസ്കൃത ഭാഷയുടെ ഗംഭീരമായ സ്ഥിതിയേയും സംസ്കൃതവിദ്യാഭ്യാസം ചെയ്യുവക്കുണ്ടാവുന്ന ജ്ഞാനലാഭത്തേയും അത്ഥസിദ്ധിയേയും മറ്റും പറ്റി പരക്കെ അറിവുണ്ടായിരുന്നില്ല. അന്നു വിദ്വാന്മാർ സംസ്കൃതസാഹിത്യ ഗ്രന്ഥങ്ങളെ ഉരുവിടുകയായിരുന്നു ചെയ്തിരുന്നത്. അവർ അമരകോശം ഉരുവിട്ടു കാണാപ്പാഠമാക്കുകയും, വേദാന്തശാസ്ത്രമോ തക്കശാസ്ത്രമോ വഠിച്ചു വാദപ്രതിവാദങ്ങൾ നടത്തി ആയുഷ്കാലം കഴിക്കുകയുമാണ് ചെയ്തിരുന്നത്. സംസ്കൃതം പഠിക്കുന്നവരുടെ സ്ഥിതി ഇങ്ങിനെയിരിക്കേ, ഇംഗ്ലീഷുവിദ്യാലയങ്ങളിൽ ചേൎന്നു പഠിക്കുന്ന കുട്ടികൾ അന്യഭാഷാഗ്രന്ഥങ്ങളിലെ ഭാഷാഗതിക്കനുസരിച്ചുള്ള കഠിനഭാഗങ്ങളുരുവിടുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ രസായനശാസ്ത്രം, ഗണിതശാസ്ത്രം മുതലായവയിലുള്ള കാൎയ്യമായ ഭാഗങ്ങളെ അനുഭവപൂൎവ്വമായിപ്പഠിക്കുക കൂടി ചെയ്തിരുന്നു. എന്നാൽ, ഇംഗ്ലീഷു വിദ്യാൎത്ഥികൾ പല വിഷയങ്ങൾ ഒരുമിച്ചു പഠിച്ചു സമ്പാദിക്കുന്നതായ പാണ്ഡിത്യവും പ്രാഗത്ഭ്യവും സംസ്കൃതവിദ്യാൎത്ഥികൾ ഒരു വിഷയത്തെ അധികം ഗാഢമായി പഠിക്കുന്നതുകൊണ്ടു സമ്പാദിക്കുന്നുണ്ടെന്നാണു പലരുടേയും പക്ഷം.

സുമാർ 60 കൊല്ലത്തിനുള്ളിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ പല പുതിയ മാററങ്ങളും ഉണ്ടായിട്ടുണ്ട്. 1876-ാം വൎഷത്തിൽ ബങ്കാളത്തെ ലഫ്ടിനണ്ട് ഗവൎണ്ണരായിരുന്ന സർ. റിച്ചാർഡ് ടെമ്പിൾ ആ ദിക്കിലെ ഒരു സംസ്കൃതകലാശാലയിൽ സന്നിഹിതനായിരുന്നു പരീക്ഷാവിജയികളായ വിദ്യാൎത്ഥികൾക്കും മററും സമ്മാനം നൽകിയ അവസരത്തിൽ ഇങ്ങിനെ പ്രസംഗിക്കുകയുണ്ടായി.—'ഹിന്തുക്കൾ സംസ്കൃതത്തിലെ പ്രധാന ഗ്രന്ഥങ്ങൾ മുഴുവൻ പഠിച്ചുകഴിഞ്ഞാലല്ലാതെ അവരുടെ വിദ്യാഭ്യാസം പൂൎത്തിയായി എന്നു വിചാരിക്കുവാൻ പാടില്ല.' സംസ്കൃതഭാഷയിൽ ആരുമറിയാതെ വല്ല മുക്കിലും മൂലയിലും കിടക്കുന്ന താളിയോലഗ്രന്ഥങ്ങൾ തിരഞ്ഞുപിടിച്ചു ശേഖരിക്കുവാൻ തുടങ്ങിയ കാലത്തായിരുന്നു സർ. റിച്ചാർഡ് ടെമ്പിൾ ഇപ്രകാരം പ്രസംഗിച്ചത്. കഴിഞ്ഞ 50 കൊല്ലം കാലമായി ഇന്ത്യയുടെ നാനാഭാഗത്തുനിന്നും താളിയോലഗ്രന്ഥങ്ങൾ ശേഖരിക്കുവാൻ തുടങ്ങിയതിന്റെ ഫലമായി അസംഖ്യം ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു. അവയിൽ അധികവും മതസംബന്ധമായവയാണ്. ആ വക ഗ്രന്ഥങ്ങളിലുള്ള വിഷയങ്ങൾ എന്താണ്ടു മനസ്സിലാക്കിയതിന്നു ശേഷമാണു, സംസ്കൃതഭാഷ വല്ല ആചാൎയ്യന്മാരുടെയോ ഗുരുനാഥന്മാരുടെയോ മാത്രം അധീനത്തിലിരിക്കേണ്ട ഒരു ഭാഷയാണെന്നുണ്ടായിരുന്ന തെററിദ്ധാരണ നീങ്ങുവാനും, ഇതു വളരെ ശ്രേഷ്ഠവും ഗംഭീരവുമായ ഒരു ഭാഷയാണെന്നു പൊതുജനങ്ങൾ അറിയുവാനും, ഈ ഭാഷയെപ്പററി പരക്കെ ഒരു പ്രതിപത്തി ജനിക്കുവാനും ഇടയായത്. മതവിഷയമൊഴികെ മററു വിഷയങ്ങളിൽ ഉള്ള വിശിഷ്ട സംസ്കൃതഗ്രന്ഥങ്ങളെ യൂറോപ്യന്മാരും അമേരിക്കക്കാരും വളരെ ആദരിച്ചുവരുന്നുണ്ട്. അവർ ആ വക ഗ്രന്ഥങ്ങളിൽ കാണുന്ന വിശേഷസംഗതിക

ളെപ്പററി പലപ്രകാരത്തിലും പരിശോധനകൾ നടത്തിവരുന്നതുമുണ്ട്. ഇക്കഴിഞ്ഞ 30 കൊല്ലത്തിനുള്ളിൽ താളിയോലഗ്രന്ഥങ്ങൾ കണ്ടുപിടിക്കുവാനായി ഇന്ത്യാരാജ്യത്തിന്റെ നാനാ ഭാഗങ്ങളിലും ചെന്നു ഞാൻ അനുഭവിച്ച കഷ്ടപ്പാടുകൾക്ക് ഒരവധിയുമില്ല. അതിന്റെ ഫലമായി അനേകം പുസ്തകങ്ങൾ കണ്ടുകിട്ടുകയും ചെയ്തു. അവയിൽവെച്ച് അധികം പഴക്കമുള്ള ചില ഗ്രന്ഥങ്ങളിൽ ഭാരതീയരുടെ പഴയ കാലത്തെ ജീവിതരീതിയേയും മററും സംബന്ധിച്ച പല സംഗതികളും വിശദമായി പ്രതിപാദിക്കുന്നുണ്ടെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു.

പ്രാചീനഹിന്ദുക്കളുടെ ചരിത്രത്തെയും ആചാരമര്യാദകളേയും പററി സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു കിട്ടുന്ന അറിവിനെക്കുറിച്ചു വേറെ ഒരവസരത്തിൽ വിസ്തരിച്ചു പ്രസ്താവിച്ചുകൊള്ളാം. സർ. റിച്ചാർഡ് ടെമ്പിൾ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹം 1876-ൽ സംസ്കൃതഭാഷയെ ഹിന്ദുസമുദായക്കാരോടു മാത്രം സംബന്ധിപ്പിച്ചുകൊണ്ടു പുറപ്പെടുവിച്ച അഭിപ്രായത്തെ മാററുമായിരുന്നു എന്ന് എനിക്കു തോന്നുന്നു. മററു ഭാഷ പഠിച്ചിരുന്നാലും സംസ്കൃതഭാഷ പഠിക്കാത്ത ഒരാളുടെ പഠിപ്പു പരിപൂർണ്ണമാകുന്നതല്ലെന്നുതന്നെ അദ്ദേഹം അഭിപ്രായപ്പെടുമായിരുന്നു. ഇങ്ങിനെ ആലോചിച്ചുനോക്കിയാൽ, ഇംഗ്ലീഷുഭാഷ ഒരാളുടെ കണ്ണുകളെ എങ്ങിനെ തുറക്കുന്നുവോ അങ്ങിനെതന്നെ സംസ്കൃതഭാഷയും അതു പഠിക്കുന്ന ആളുകളുടെ കണ്ണുതുറന്ന് അവരെ ജ്ഞാനികളാക്കിത്തീർക്കുന്നു എന്നു വിശദമായിട്ടറിയാവുന്നതാണ്.

എം. ഡെയിൻ എന്ന ഫ്രഞ്ച് വിദ്വാൻ ഇംഗ്ലീഷുഭാഷയ്ക്കു വിശദമായ ഒരു ചരിത്രം എഴുതിയ ആളാണ്. ഇംഗ്ലീഷു വളരെ കാലമായി ഏററവും പ്രചാരത്തിലിരിക്കുന്ന ഒരു ഭാഷയാകയാലാണ് താൻ അതിന്റെ ചരിത്രമെഴുതുവാൻ തുടങ്ങുന്നതെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. യൂറോപ്പിലെ മററു ഭാഷകളെല്ലാം ഒരു ക്രമവുമില്ലാതെ ചിലപ്പോൾ പൊങ്ങിയും മങ്ങിയും, തേഞ്ഞും മാഞ്ഞും പോവുകയാണ് ചെയ്തിട്ടുള്ളത്. ഇംഗ്ലീഷുഭാഷയ്ക്കാകട്ടെ ആ ഗതി വന്നിട്ടില്ല. ചാസരുടെ കാലംമുതൽ ഇന്നേവരെ, അതായതു സുമാർ 500 കൊല്ലം കാലം, ഒരേവിധത്തിലുള്ള അഭിവൃദ്ധിയും യോഗ്യതയും ഇംഗ്ലീഷുഭാഷയ്ക്കുണ്ടായിട്ടുണ്ട്. ഇംഗ്ലീഷുഭാഷയുടെ ഈ 500 കൊല്ലം കാലത്തെ പ്രതിഷ്ഠകണ്ട് അത്ഭുതപ്പെട്ട് വിദ്വാനായ മിസ്റ്റർ ഡെയിൻ ആ ഭാഷയ്ക്കു ചരിത്രം എഴുതുവാൻ പുറപ്പെട്ട കഥ ആലോചിക്കുമ്പോൾ, ക്രിസ്തു ജനിക്കുന്നതിനു 1500 കൊല്ലം മുമ്പു തുടങ്ങി 3000 കൊല്ലത്തിലധികം കാലം യാതൊരു കുറവും കൂടാതെ അതിഗംഭീരമായി വളർന്ന് അത്യുന്നതാവസ്ഥയിൽ എത്തിയിരിക്കുന്ന സംസ്കൃതഭാഷയുടെ അസാധാരണയോഗ്യതകളെപ്പററി എന്തു പറയട്ടെ 3000 കൊല്ലത്തിലധികം കാലം ഈ ഭാഷ ഒരേപ്രകാരം അഭിവൃദ്ധിയോടുകൂടിയിരിക്കുന്നത് എത്രയും ആശ്ചര്യപ്പെടത്തക്ക ഒരു സംഗതിയല്ലയോ?

ബൌദ്ധമതം ആരംഭിച്ച കാലമായ ക്രി. മു. നാലാം നൂററാണ്ടിനു മുമ്പുമുതൽ സംസ്കൃതഭാഷ നിദ്രയിൽ പെട്ടുപോയെന്നും, പിന്നീട് ചന്ദ്രഗുപ്തന്റെ രാജ്യഭരണകാലമായ ക്രി- പി- നാലാം നൂററാണ്ടുവ

രയും അത്ര തലപൊക്കകയുണ്ടായിട്ടില്ലെന്നും മാക്സ്മുള്ളർ (Max Mullar) പ്രസ്താവിക്കുന്നു. എന്നാൽ ക്രിസ്തു ജനിക്കുന്നതിന്നു മുമ്പും പിമ്പും ഉദ്യോഗനിലയിൽ നിലവിലിരുന്ന പ്രാകൃതപ്രായമായ ഒരുതരം സംസ്കൃതഭാഷ ശിലാശാസനങ്ങളിൽ എഴുതിക്കാണുകയാൽ അതിനെ അടിസ്ഥാനപ്പെടുത്തി മാക്സ്മുള്ളർ ഇങ്ങിനെ അഭിപ്രായപ്പെട്ടതായിരിക്കണം. അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തെ വിദ്വാന്മാർ സമ്മതിക്കുന്നില്ല. സംസ്കൃതഭാഷ നിദ്രയിൽപ്പെട്ടുപോയതായി മാക്സ്മുള്ളർ പറയുന്ന കാലത്തുതന്നെ വിശിഷ്ടങ്ങളായ പല സംസ്കൃതഗ്രന്ഥങ്ങൾ എഴുതപ്പെട്ടതായി കാണുന്ന സ്ഥിതിക്ക് ഈ അഭിപ്രായം തെററായിരിപ്പാനേ തരമുള്ളൂ. ക്രി. മു. രണ്ടാം നൂററാണ്ടിൽ അശ്വമേധയാഗം ചെയ്ത പുഷ്യമിത്രൻ എന്ന മഹാരാജാവിന്റെ കാലത്താണ് പതഞ്ജലിമഹർഷി ശ്രീമഹാഭാഷ്യം ഉണ്ടാക്കിയതെന്നു പറയുന്നതിൽ എന്താണ് സംശയം? അർത്ഥശാസ്ത്രകർത്താവായ കൌടില്യൻ ചന്ദ്രഗുപ്തമഹാരാജാവിന്റെ മന്ത്രിയായിരുന്നു. അലക്സാണ്ടരുടെ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെന്നു സർവ്വസമ്മതമാണ്. കാളിദാസമഹാകവിയാൽ കൂടി പുകഴ്ത്തപ്പെട്ടന്ന ഭാസൻ എന്ന നാടകകർത്താവിനെപ്പററി കോന്തു' എന്ന മഹാകവിയും ശ്ലാഘിച്ചുപാഞ്ഞിരിക്കുന്നതുകൊണ്ടു ഭാസൻ കാന്തുവിന്റെയും പ്രാചീനനാണെന്നു തീർച്ചയാണ്. നാടകലക്ഷണപ്രണേതാക്കളായ കോഹലൻ, ശാണ്ഡില്യൻ, ധൂർത്തിലൻ, വത്സൻ എന്നിവരോടുകൂടി ജീവിച്ചിരുന്ന ഭരതമഹർഷിയുടെയും മററും കാലം ക്രി. മു. രണ്ടാംനൂററാണ്ടിലാണെന്നുള്ളതിൽ എന്താണാക്ഷേപം? മഹാരാജാധിരാജനായ കാനിഷ്കന്റെ ഗുരുനാഥനായിരുന്ന അശ്വഘോഷൻ, നാഗാർജ്ജുനൻ, ആര്യദേവൻ, മൈത്രേയനാഥൻ എന്നീ സംസ്കൃതവിദ്വാന്മാർ ക്രിസ്തുവിന്നുപിമ്പ് രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്നവരാണ്. രാജ്യതന്ത്രം, അർത്ഥശാസ്ത്രം, വിദ്യാഭ്യാസം മുതലായവയെപ്പററി പലപല പരിഷ്കാരങ്ങളും ഭേദഗതികളും നടന്ന കാലമായ കഴിഞ്ഞ പല ശതാബ്ദങ്ങളിൽക്കൂടി സംസ്കൃതഭാഷ യാതൊരു കോട്ടവും കൂടാതെ ഭാരതഖണ്ഡത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നതാലോചിക്കുമ്പോൾ വലിയ ആശ്ചര്യം തോന്നുന്നു.

ഇന്ത്യയിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ ഈ ഭാഷയ്ക്കു പ്രചാരക്കുറവു വരുമ്പോൾ മറെറാരു സംസ്ഥാനത്തിൽ അതിന്നധികം പ്രചാരമുണ്ടായിരിക്കും. വടക്കേ ഇന്ത്യയിൽ അന്യദേശീയർ കടന്നുവന്നു പടവെട്ടി ലഹളകൂട്ടിയ കാലത്ത് ഇന്ത്യയുടെ തെക്കുഭാഗങ്ങളിലും കിഴക്കൻ ദിക്കുകളിലും ഉള്ളവർ ഈ ഭാഷയെ ഭക്തിബഹുമാനപൂർവ്വം വളർത്തിക്കൊണ്ടുപോന്നു.

ഭാരതീയരുടെ ജീവിതനിലകളിൽ പല ദിക്കിലും പലവിധം തകരാറുകളുണ്ടായ സമയങ്ങളിൽ കൂടി ഈ ഭാഷ യാതൊരു ന്യൂനതയും കൂടാതെ അഭിവൃദ്ധിപ്പെട്ടുവന്നതായിക്കാണാം. 13-ാം ശതാബ്ദത്തിൽ വടക്കേ ഇന്ത്യയിലെ മലയരായ അഫ്ഘാൻകാർ പല ഭാഗങ്ങളിലും കടന്നുകൂടി പട വെട്ടുവാൻ തുടങ്ങിയപ്പോൾ ഹിന്തുസമുദായക്കാരുടെ ജീവിതഗതി വളരെ അലങ്കോലപ്പെട്ടുപോയി. ഇതുപോലൊരു ഭയങ്കരസംഭവം അതേവരെയും ഇ

ന്ത്യയിൽ ഒരിടത്തും നേരിടുകയുണ്ടായിട്ടില്ല. എന്നാൽ, ആ കഠിനമായ ആപൽകാലത്തുകൂടി സംസ്കൃതഭാഷ ഗൂർജ്ജരദേശത്തും മാളവനാട്ടിലും ഉള്ള ജൈനവിദ്വാന്മാരുടെ ആദരവു നിമിത്തം അഭിവൃദ്ധിയെ പ്രാപിച്ചുവെന്നു മാത്രമല്ല, പശ്ചിമതീരപ്രദേശങ്ങളിൽ ശ്രീമധ്വാചാര്യരുടെ ശിഷ്യരും തെക്കെ ഇന്ത്യയിൽ ശ്രീരാമാനുജാചാര്യരും മിഥിലാനഗരത്തിൽ പലപല ശ്രോത്രിയോത്തമന്മാരും ഈ ഭാഷയെ പരിപാലിച്ചും പോന്നു. ഇന്ത്യാരാജ്യം മുഴവനും മൊകിളന്മാരുടേയും പട്ടാണികളുടേയും ആക്രമണങ്ങളിൽപ്പെട്ടു കലുങ്ങിയകാലത്തുകൂടി, കർണ്ണാടകദേശത്തു ശ്രീമധ്വാചാര്യരും, തമിഴ്നാട്ടിൽ ശ്രീവേദാന്തദേശികാചാര്യരും, മിഥിലാനഗരത്തിൽ ശ്രീചണ്ഡേശ്വരനും, കറീസ്സാവിൽ വേറെ പലരും യാതൊരു കലുക്കവും കൂടാതെ ഈ ഭാഷയെ പഠിച്ചും പഠിപ്പിച്ചും ഉന്നതപദവിയിലിരുത്തിയിരുന്ന സംഗതി പ്രസിദ്ധമാണല്ലോ.

ഇങ്ങിനെ അതിഭയങ്കരങ്ങളായ പല ആപത്തുകളിൽനിന്നും ആശ്ചര്യകരമാംവണ്ണം രക്ഷപ്പെട്ട് ഈ ഭാഷ വളൎന്നുവന്നതു ലോകത്തിന്ന് ആശ്ചര്യകരങ്ങളായ ഫലങ്ങളെ പ്രദാനം ചെയ്യുന്നതിന്നല്ലയോ? അദ്ധ്യേതാക്കളുടെ മനോഭാവങ്ങളെപ്പരിഷ്കരിച്ചു ഗൗരവം, ഗാംഭീര്യം മുതലായവയെ നൽകുന്നതിന്ന് ഈ ഭാഷക്ക് അസാധാരണമായ ഒരു ശക്തിയുണ്ട്. ഈ ഭാഷയിലുള്ള വേദാന്തഗ്രന്ഥങ്ങൾ അ[illegible]ങ്ങളാകുന്നു. ഈ ഭാഷയിൽ പ്രതി[illegible]പ്പെടുന്ന സകല വിഷയങ്ങളിലും പ്രാചീന[illegible]ളും നവീനങ്ങളുമായ പല ന്യായങ്ങൾ അനുഗതങ്ങളായിരിക്കുന്നുണ്ട്. ഇന്ത്യയുടെ നാനാഭാഗങ്ങളിലുമുള്ള ഭാഷകൾ അനേകശതാബ്ദങ്ങൾക്കുള്ളിൽ പല പ്രകാരത്തിൽ തിരിഞ്ഞും മറിഞ്ഞും തേഞ്ഞും മാഞ്ഞും പോയതുപോലെയുള്ള വികാരങ്ങൾ ഈ ഭാഷക്കുണ്ടായിട്ടില്ലെന്നു മാത്രമല്ല, അതിവേഗത്തോടെ ഓടുന്ന അനേകായിരം നദികളുടെ മദ്ധ്യത്തിലും അതിഗംഭീരങ്ങളായ പൎവ്വതങ്ങളുടെ പരിസരങ്ങളിലുംകൂടി യാതൊരു ചലനവും കൂടാതെ ഈ ഭാഷ അടിയുറച്ചു നില്ക്കുന്നു. ആ പഞ്ചഭൂതങ്ങളെ ദൈവങ്ങളാണെന്നു കരുതി പൂജിച്ചു പ്രഖ്യാതി നേടിയ പ്രാചീനഋഷിജനങ്ങളുടെ മനോഗതിയേയും, ലോകത്തിന്റെ ഉൽപ്പത്തിവിനാശങ്ങളെപ്പറ്റിയ ചരിത്രത്തെയും വളരെ വിശദമായി പ്രതിപാദിക്കുന്നു.

സംസ്കൃതം ദുഷിച്ചുണ്ടായ പ്രാകൃതങ്ങളായ പാലി, മഹാരാഷ്ട്രി, ശൌരസേനി, മാഗധി മുതലായ ഭാഷകളിലുള്ള ഗ്രന്ഥങ്ങളെ നീക്കി ശുദ്ധസംസ്കൃതഭാഷയിലുള്ളവ മാത്രം കണക്കാക്കിയാൽ തന്നെ അസംഖ്യം ഗ്രന്ഥങ്ങൾ ഉള്ളതായിക്കാണാം. ലാററിനിലും ഗ്രീക്കിലുമുള്ള ഗ്രന്ഥങ്ങളെക്കാൾ എത്രയോ അധികം ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ ഉണ്ട്...............

'താക്കുമാകാൻ' എന്ന (പാല) വനപ്രാന്തങ്ങളിൽ നിന്ന് ഇയ്യിടെ ഒരു സംസ്കൃതഗ്രന്ഥനിക്ഷേപം കണ്ടുകിട്ടുകയുണ്ടായി. ചീനാ, ജാപ്പാൻ, കോറിയാ, മങ്കോളിയാ മുതലായ രാജ്യങ്ങളിൽ നിന്നും പല ഗ്രന്ഥങ്ങളുടേയും ഗ്രന്ഥകൎത്താക്കന്മാരുടേയും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ട്. അവലോകധീശ്വരന്റെ അവ

താരമെന്നു ബൌദ്ധമതക്കാരാൽ വിശ്വസിക്കപ്പെടുന്ന പുണ്ഡരീകൻ ഉണ്ടാക്കിയ ഒരു പുസ്തകത്തിൽ നീലനദി ഒഴുകുന്ന പ്രദേശങ്ങളിലും പാരസീകം, ചീനം മുതലായ രാജ്യങ്ങളിലും സംസ്കൃതഭാഷയ്ക്കു പ്രബലമായ പ്രചാരം ഉണ്ടായിരുന്നതായും അവിടങ്ങളിൽ യോഗ്യരായ അനേകം വിദ്വാന്മാർ ഉണ്ടായിരുന്നതായും പറഞ്ഞിരിക്കുന്നു. അത്രയുമല്ല; മാടകാസ്കർ ദ്വീപിനും ഫാർമോസാ ദ്വീപിനും ഇടയിലും മററു പല പ്രദേശങ്ങളിലും നടപ്പുള്ള ചെറുതും വലുതുമായ വിവിധഭാഷകളിലേക്കു സംസ്കൃത മഹാസമുദ്രത്തിൽനിന്നു അനേകം ശബ്ദമുക്താഫലങ്ങൾ കടംവാങ്ങിക്കൊണ്ടാണിരിക്കുന്നത്. ഈ സ്ഥിതിക്ക് ഈ മഹാഭാഷയ്ക്കുള്ള മഹിമാതിശയത്തെ പരിച്ഛേദിക്കുന്നതു തീരെ അസാധ്യമായിട്ടാണിരിക്കുന്നത്.

സംസ്കൃതഭാഷയുടെ ഗാംഭീര്യാതിശയത്തെപ്പററി ചിലതെല്ലാം ഇവിടെ പ്രസ്താവിച്ചുവെന്നല്ലാതെ, പറയാനുള്ളതെല്ലാംഇവിടെ പറഞ്ഞുകഴിഞ്ഞിട്ടില്ല. ഇപ്പോഴും അനേക ദിക്കുകളിൽ താളിയോലഗ്രന്ഥങ്ങൾ പ്രതിദിവസം കണ്ടുകിട്ടുന്നതുകൊണ്ട് ഈ ഭാഷയുടെ യോഗ്യതകൾ ഇത്രമാത്രമെന്നു കണക്കാക്കുവാൻ ഞെരുക്കമാകുന്നു.

# എന്റെ കുററം.

ഒരനുകരണം

(കുറിപ്പുറത്തു കേശവൻനായർ.)

പൂഞ്ചായലഴിയവേപൂന്തുകിൽകിഴിയവേ
പുഞ്ചിരിതൂകിനിന്നെൻജീവിതസർവ്വസ്വമേ!
അഞ്ചാറുതിങ്ങൾചെന്നപിഞ്ചായകിടാവി (നെ
യഞ്ചാതെകൈത്താരിൽവെച്ചേനിക്കുകാ (ണിച്ചപ്പോൾ
'തങ്കയ്യിൽത്തന്നെവെച്ചുകൊണ്ടാലു'മെന്നു (ചൊല്ലി
ത്തങ്കത്തെവാങ്ങാതെഞാൻവാങ്ങിനിന്നീടും (നേരം
തെററെന്നുനിൻമുഖേന്ദുബിംബത്തിൽക്കൂടെ (യൊരു
കുററക്കാർമിന്നലുംകൊണ്ടാടുന്നതായി (ക്കണ്ടേൻ
ചെററുംഞാനറിഞ്ഞീലകാരണമെന്തോ,എ (ൻറ
കുററമത്രയുംഹന്തവലുതായിരുന്നുവോ?

അഞ്ചിതമഹമ്മുഖാസുസ്മേരമായിക്കണ്ടു
പുഞ്ചിരിക്കൊണ്ടുമന്ദമിളകുംചില്ലതന്മേൽ
കൂടിക്കൊണ്ടിടുന്നോരുപനിനീർപ്പൂമൊട്ടതി (ൻ
വടിവുപൂണ്ടോരിലത്തൊട്ടിയിൽനിന്നുമെ (ല്ലേ
കൂട്ടുകൊണ്ടാടീടുവാൻകൂട്ടാക്കാതിരിക്കുകിൽ
കഷ്ടമെന്നതിലുള്ളകാരണംകോപിക്കുവാൻ
അന്യഥാ,വസന്തനിർധന്യമാംക്ഷണ (ങ്ങളെ
യൊന്നൊന്നേരാഗസാഫല്യത്തിലമാക്കി (ക്കൊണ്ടു
പഞ്ചമരാഗംപാടിയാഴുന്നകുയിലിനെ
ത്തഞ്ചത്തിൽപ്പിടിച്ചുടൻകൂട്ടിലിട്ടടയ്ക്കുവാൻ
കൂട്ടാക്കാതിരിക്കുന്നഞാനെന്നതുസത്യംതന്നേ,
കഷ്ടമെന്നതിലുള്ളകാരണംകോപിക്കു (വാൻ!

# സാഹിത്യശകലങ്ങൾ.

## I

### രസനിരൂപണം.

രസങ്ങളെ നിരൂപിക്കുന്ന ഘട്ടത്തിൽ ഒരു സംഗതി വിശേഷമായിപ്പറയാനുണ്ട്. ഹിന്തുക്കളുടെ ശാസ്ത്രങ്ങളിൽ പ്രായേണ അമിതങ്ങളായ വാദകോലാഹലങ്ങളുടെ ലഹളയിൽനിന്നു സാരാംശത്തെ തിരിച്ചറിയുന്നതു പ്രയാസസാദ്ധ്യമായ ഒരു കാൎയ്യമാണ്. സാരഭൂതങ്ങളായ അംശങ്ങൾക്കു ലോകാനുഭവത്തിൽ പ്രത്യക്ഷമായ വൈചിത്ര്യത്തെ വകവെയ്ക്കാതെ ശാസ്ത്രത്തിന്റെ പരിപൂൎണ്ണതയ്ക്കുവേണ്ടി ഗ്രന്ഥകൎത്താക്കന്മാർ നിയമനം ചെയ്കയും, ആ നിയമങ്ങളെ രേഖാമാത്രം പോലും തെറ്റാതെ— അതേനിലയിൽ നിന്നു യാതൊരു ഏറ്റക്കുറച്ചിലും കൂടാതെ— അനുവൎത്തിക്കുവാൻ മററുള്ളവർ ശ്രദ്ധാജാഡ്യം നിമിത്തം നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു. ഈ സംഗതി രസവിഷയത്തിലും അനുഗതമായിരിക്കുന്നുണ്ട്. രസഭാവാദികളുടെ ഉൽപത്തി ഇന്നിന്ന വിധത്തിലേ വരികയുള്ളു എന്നും, രസാസ്വാദത്തിന്റെ വ്യവസ്ഥ ഇന്നപ്രകാരത്തിലാണെന്നും ശാസ്ത്രത്തിൽ നിയമിച്ചിരിക്കുന്നു. ഈ നിയമത്തെ അവർ ചെയ്തിട്ടുള്ളതു മനുഷ്യരുടെ മനോഭാവങ്ങളോട് അസാധാരണമായി ഇടപഴകുകയും അവയുടെ എത്രയും സൂക്ഷ്മങ്ങളായ വ്യാപാരങ്ങളെപ്പോലും അളന്നു കണക്കാക്കുകയും ചെയ്തതിനുശേഷമായിരിക്കാമെങ്കിലും, ഗഹനങ്ങളായ ഈ വക വിഷയങ്ങളിൽ ക്ലിപ്തമായ ഒരു നിയമം ചെയ്യുന്നതു വളരെ സൂക്ഷിച്ചിട്ടുവേണം എന്നാണെനിക്കു തോന്നുന്നത്.

വാസ്തവത്തിൽ കവി തന്റെ കവിതയിൽ നിബന്ധിക്കുന്ന ഭാവങ്ങൾക്ക് ഒരു നിയമനവും ചെയ്യുവാൻ വയ്യ. അവ കവിശക്തിയുടെ വിലാസത്തിന്നനുസരിച്ചാണിരിക്കുന്നത്. ശക്തിജന്യമായ പ്രതിഭാവിശേഷത്തിന്നു ഭാവങ്ങളെ ഉണ്ടാക്കുന്നതിന്ന് അസാധാരണമായ ഒരു ശക്തിയുണ്ട്. കവി, സ്വശക്തികൊണ്ടു തന്റെ പ്രതിഭാബലത്താൽ ഓരോ വസ്തുക്കൾക്ക് ഓരോ അവസ്ഥാഭേദങ്ങളെ സൃഷ്ടിച്ച് മനുഷ്യരുടെ മനോഭാവങ്ങൾക്ക് ആ അവസ്ഥയോട് ഐക്യം വരുത്തുന്നു. കവി തന്റെ വൎണ്ണനയ്ക്കു വിഷയീഭവിപ്പിക്കുന്ന വസ്തു ലോകത്തിൽ സാധാരണമായുള്ള വെറും പുഷ്പമോ മറേറാ ആയാലും കവി അതിൽനിന്നും സഹൃദയഹൃദയാഹ്ലാദകമായ ഭാവവിശേഷത്തെ ഉദിപ്പിക്കുന്നതിന്ന് അദ്ദേഹത്തിന്നു ശക്തിയുണ്ട്. അചേതനവും നിൎവ്യാപാരവും ആയ ഒരു [illegible] മൺകുടത്തെക്കൊണ്ടു കൂടി രസികശിരോമണിയായ ഒരു കാമുകനെക്കൊണ്ടെന്നപോലെ പെരുമാറുവാനും, കാമുകസാധാരണങ്ങളായ അവസ്ഥകളെ ആ ഘടത്തിന്മേൽ ആവാഹിച്ചു, സ്വകാവ്യനിബദ്ധമായ ആ ഭാവങ്ങളോടു മനുഷ്യരുടെ മനോഭാവങ്ങൾക്ക് ഐക്യം വരുത്തുവാനും കൂടി കവി ശക്തനാകുന്നു. അപാരമായ കാവ്യസംസാരത്തിൽ കവി ഒരു ബ്രഹ്മാവാണെന്നും സൎവ്വലോകങ്ങളേയും തന്റെ ഇഷ്ടപ്രകാരം നടത്തുന്നതിന്ന് അദ്ദേഹത്തിന്നു ശക്തിയുണ്ടെന്നും ഒരു വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു വളരെ വാസ്തവമാകുന്നു.

പുഷ്പാദികളായ മനോഹരവസ്തുക്കൾ

കാമത്തിന്റെ ഉദ്ദീപകങ്ങളാകയാൽ അവ ശൃംഗാരരസത്തിന്റെ ഉദ്ദീപനവിഭാവങ്ങളാകുന്നു. അതുകൊണ്ട് അവയെക്കാണുമ്പോൾ കവികൾക്കു പലമാതിരി മനോഭാവങ്ങൾ ഉളവാകുന്നു. ഇപ്രകാരം കാട്ടു മൃതലായ ഭയങ്കരവസ്തുക്കളുടെ ദർശനത്താൽ ഭയം ഉണ്ടാകുന്നതുകൊണ്ട് അതുകൾ ഭയാനകരസത്തിന്റെ ആലംബനവിഭാവങ്ങളാകുന്നു. കടൽ മുതലായ ഗംഭീരവസ്തുക്കളെ കണ്ടിട്ടുണ്ടാവുന്ന ഗാംഭീര്യഭാവവും ഉദ്രിക്തമായിരുന്നാൽ രസമെന്നപോലെ ചമൽക്കാരജനകമാകുന്നു. ഗാംഭീര്യം എന്നൊരു ഭാവത്തെ ശാസ്ത്രങ്ങളിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിലും അനുഭവം പ്രമാണിച്ച് ഇങ്ങിനെ കല്പിക്കുന്നതിന്ന് എന്താ വിരോധം? ഭാവങ്ങൾക്കും രസങ്ങൾക്കും വലുപ്പത്തിലല്ലാതെ ജാതിയിൽ വ്യത്യാസമില്ലാത്തതുകൊണ്ടു ഭാവങ്ങളുടെ പ്രാധാന്യം അനപലപനീയമാകുന്നു. അതുകൊണ്ടത്രെ പാശ്ചാത്യരായ ആലങ്കാരികന്മാർ കാവ്യത്തിന്റെ ജീവനായി ഭാവത്തെ കല്പിച്ചിരിക്കുന്നത്. നമ്മുടെ സാഹിത്യത്തിൽ പ്രസിദ്ധങ്ങളായ രസങ്ങളേയും പാശ്ചാത്യസാഹിത്യവേദികൾ ഭാവങ്ങളുടെ കൂട്ടത്തിലാണ് പെടുത്തീട്ടുള്ളത്. നാം മാത്രം ഭാവവിശേഷങ്ങളായ അവയെ രസമെന്ന പേരിൽ വ്യവഹരിക്കുകയും, അവയെ ഭാവങ്ങളുടെ കൂട്ടത്തിൽനിന്നു വേർപെടുത്തുകയും ചെയ്യുന്നു. വാസ്തവത്തിൽ അവയും ഭാവങ്ങൾ തന്നെയാണ്. അവയ്ക്കു മറ്റുള്ള ഭാവങ്ങളെക്കാൾ പ്രാബല്യം ഏറുമെന്നൊരു സമാധാനമാണ് അവയെ കൂട്ടത്തിൽനിന്നു വേർതിരിക്കുന്നതിൽ നമുക്കുള്ളത്. സൂക്ഷ്മം ആലോചിച്ചാൽ ഭാവങ്ങൾക്കു പ്രാബല്യവും ശൈഥില്യവും സ്വാഭാവികമായി സിദ്ധിക്കുന്നതല്ലെന്നും, പിന്നെയോ കവിശക്തിനിമിത്തം ഉണ്ടാവുന്നതാണെന്നും കാണാം. അതുകൊണ്ടല്ലയോ ചിലപ്പോൾ ശൃംഗാരാദികളായ രസങ്ങളെക്കാളും ദൈന്യാദികളായ ചില ഭാവങ്ങൾക്കു പ്രാബല്യം വർണ്ണിക്കപ്പെടുന്നത്? ഈ വ്യത്യാസത്താലാണ് ചിലരുടെ മതത്തിൽ ശൃംഗാരാദികളായി രസങ്ങൾ എട്ടെന്നും, മറ്റു ചിലരുടെ പക്ഷത്തിൽ ശാന്തത്തോടുകൂടി ഒമ്പതെന്നും, വേറെ ചിലരുടെ അഭിപ്രായത്തിൽ വാത്സല്യരസത്തോടുകൂടി പത്തെന്നും സംഖ്യാഭേദം വന്നത്. വൈഷ്ണവന്മാരുടെ മതത്തിൽ രസങ്ങൾ അറുപത്തിനാലുണ്ടത്രെ! ഇങ്ങിനെ ആലോചിച്ചുനോക്കിയാൽ അപാരമായ മനോഭാവങ്ങളാൽ ഉളവാകുന്ന രസങ്ങളെ ക്ലപ്തമായ എണ്ണത്തിൽ ഒതുക്കുവാൻ നോക്കുന്നതു സാഹസമാണെന്നാണ് തോന്നുന്നത്.

ഇങ്ങിനെ തന്നെ വിഭാവം, അനുഭാവം, വ്യഭിചാരിഭാവം, എന്നിങ്ങിനെ മൂന്നു വകയായിത്തിരിച്ചിരിക്കുന്ന ഭാവങ്ങൾക്കും സംഖ്യാനിശ്ചയം ചെയ്യാൻ ഞെരുക്കമാണ്. അവയും അധികമായിക്കൂടെന്നില്ല. മുമ്പറഞ്ഞ ഗാംഭീര്യമെന്ന ഭാവം വിഭാവമായോ അനുഭാവമായോ വ്യഭിചാരിഭാവമായോ നിശ്ചയിക്കപ്പെട്ടിട്ടുള്ളതല്ലെങ്കിലും, കവിവർണ്ണനാചാതുര്യത്താൽ അതിന്നും ഭാവങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനത്തിന്നർഹതയുണ്ടാവാം. അതുകൊണ്ടുതന്നെയായിരിക്കണം 'ന ഭാവഹീനോസ്തി രസോ ന ഭാവോ രസവർജ്ജിതഃ പരസ്പരകൃതാ സിദ്ധിരനയോ രസഭാവയോഃ' എന്നു പറഞ്ഞിട്ടുള്ളത്. രസവിഷയമായ ഈവക

ങ്ങളഭിപ്രായങ്ങൾ നമ്മുടെ ആലങ്കാരികധുരീണന്മാൎക്കു വലിയ നീരസത്തിന്നും എതൃവാദത്തിന്നും ഹേതുവാകുന്നുണ്ടെങ്കിൽ അവർ ക്ഷമിക്കേണമെന്നു പ്രത്യേകം അപേക്ഷയുണ്ട്. രസനിരൂപണവിഷയത്തിൽ ഇങ്ങിനെ ചില സ്വാതന്ത്ര്യങ്ങളെടുത്തിട്ടില്ലെങ്കിൽ, രസാസ്വാദത്തിന്നു ഗ്രന്ഥപംക്തികളിൽക്കിടന്നു ജീൎണ്ണിക്കുവാനല്ലാതെ സാധാരണക്കാരായ സഹൃദയന്മാരുടെ ഇടയിൽ പ്രവേശിക്കുവാൻ സാധിക്കാതെ പോയേക്കുമോ എന്നുള്ള ശങ്കകൊണ്ട് ഇത്രയും ഇവിടെ പറഞ്ഞുപോയതാണ്.

ഒരു സഹൃദയൻ

---

## II.

### നമ്മുടെ സ്വതന്ത്രകൃതികൾ.

സ്വതന്ത്രകൃതികളെക്കുറിച്ച് ആലോചിക്കാൻ ഉദ്യമിക്കുന്ന നമുക്കു കിളിപ്പാട്ടുകളും തുള്ളലുകളും ചമ്പുക്കളും കഥകളികളും ചന്ദ്രോത്സവവും കൃഷ്ണഗാഥയും മറ്റും എത്രയൊക്കെ ആശ്വാസത്തെ ജനിപ്പിക്കുന്നുണ്ട്. എന്നാൽ ഇതുകൊണ്ടു നമുക്കു തൃപ്തിപ്പെടാൻ പാടില്ല. വിവിധങ്ങളായ കവനപ്രസ്ഥാനങ്ങൾ സംസ്കൃതത്തിലെന്നപോലെ ഭാഷയിലുമുണ്ടാകണം. ഭട്ടികാവ്യം, രഘുവംശം, നളോദയം, രാഘവപാണ്ഡവീയം, നൈഷധീയചരിതം, മാഘം എന്നീ കാവ്യങ്ങൾ സംസ്കൃതത്തിൽ വിവിധപ്രസ്ഥാനങ്ങളെ ആശ്രയിച്ചെഴുതിയിട്ടുള്ളവയാണ്. ആവക പ്രസ്ഥാനങ്ങളൊക്കെ നമുക്കും ഉണ്ടാകണം. ഒരു പരിഷ്കൃതഭാഷയ്ക്കു ഇങ്ങനെ പല പ്രസ്ഥാനങ്ങളുമുണ്ടാകേണ്ടത് ആവശ്യമാണ്. ഇപ്പോൾ ഉള്ള ചില കവികൾ വിചാരിച്ചാൽ സാധിക്കാൻ പാടില്ലായ്ക ഇതിനില്ല. നവീനന്മാരിൽ ചിലർ ഈവക വിവിധപ്രസ്ഥാനങ്ങളിൽ കവിത്വമില്ലെന്നു പറയുന്നതു ശരിയല്ല. ശബ്ദത്തെയോ അൎത്ഥത്തെയോ സംബന്ധിച്ചുള്ള എന്തു ഗുണാംശം കൊണ്ടെങ്കിലും ഒരു പദ്യത്തിന്നു ഹൃദയത്തെ രസിപ്പിക്കാൻ ശക്തിയുണ്ടെങ്കിൽ അതിൽ കവിത്വവുമുണ്ട്. ആ ഗുണാംശം ഇന്നതുമാത്രമേ ആകാവൂ എന്നു പറയുന്നതു ശരിയല്ല. ശ്ലേഷമായാലും അതിശയോക്തിയായാലും യമകം ആയാലും വേണ്ടില്ല; ആ കവിതയ്ക്കു രസിപ്പിക്കാൻ ശക്തിയുണ്ടോ എന്നു നോക്കണം.

"ചാടായിവന്നാനന്നവനെങ്കിലും
ചാടായിവന്നീലമേനിതന്നിൽ
ഓടായിവന്നൊരുത്തിനാലെങ്കിലു
മോടായിവന്നീലകൊല്ലുന്നേരം".

എന്നു കൃഷ്ണഗാഥയിലും,

"അന്നേരംകോപിച്ചുഡുപ്പതിവരപരിപുഷ്ടഗാഢാ
ഹന്താതാൻജാതനായി-
ട്ടന്നാളേജാതരോമോൽഗമനികരമുഖ
ശ്മശ്രുലോധൂസരാത്മാ
പിന്നാലേമാംസഗന്ധാ[illegible]തവിപുലമഹാ
മക്ഷികാക്രാന്തവക്ത്രോ
ധന്യാമേനാംവധൂടീകുലമകുടമണിം
കാമയാമാസകാമീ"

എന്നു നൈഷധചമ്പുവിലും,

'ചൊൽക്കൊണ്ടപൌണ്ഡ്രകൻകല്പിച്ചു
[വാക്കിന്നു
നീക്കംവരുത്തുവാനാൎക്കുള്ളപൌരുഷം
കപ്പവുംകൊണ്ടുവരുന്നുണ്ടുഞാൻനിന-
ക്കപ്പവുന്തിമ്മാൻതരുന്നുണ്ടുഞാനെടോ
അപ്പൌണ്ഡ്രകൻതന്റെമസ്തകംഖണ്ഡി
ക്കെല്ലോടുകല്ലേലടിച്ചുപൊടിച്ചതി- [ച്ചു

നുള്ളിൽക്കിടക്കുംതലച്ചോറെടുത്തൊരു
വെള്ളിക്കിടാരത്തിലിട്ടുവറുത്തുകൊ-
ണ്ടു പ്പമാക്കിത്തീർത്തുനിങ്ങളെത്തീറ്റുവാ-
നല്പംവികല്പംനമുക്കില്ലകിങ്കരാ"

എന്നു പൌണ്ഡ്രകവധം തുള്ളലിലും,

"മന്ദരാഗതകൈവിട്ടു
മന്ദരാഗതടംപ്രാപൻ
കന്ദരാഗതധാതുശ്രീ
കന്ദരാഗമണഞ്ഞുതേ"

എന്നു രുഗ്മാംഗദചരിതം മഹാകാവ്യത്തിലും ഉള്ള ഭാഗങ്ങൾ നോക്കുക. രസജനകമായ ഈ നാലു ഭാഗങ്ങളിലേയും ഗുണാംശം നാലുപ്രകാരങ്ങളിലാകുന്നു. വിരോധാഭാസം, സ്വഭാവോക്തി, ഫലിതം, യമകം എന്നീഗുണങ്ങളാലാണ് ഈ നാലുഭാഗങ്ങളും ആസ്വാദ്യങ്ങളായിരിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒന്നിൽ മാത്രമേ കവിത്വമുള്ളു എന്നു പറയാൻ പാടില്ല. ഇങ്ങിനെ വിവിധങ്ങളായ കാവ്യഗുണങ്ങളിൽ ഏതെങ്കിലും ഒന്നിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കവിതാരീതി ഒരു പ്രസ്ഥാനമാണെങ്കിൽ വിവിധപ്രസ്ഥാനങ്ങളിൽ എങ്ങിനെ കവിത്വമില്ലാതെ വരുന്നു? തദ്വിധപ്രസ്ഥാനങ്ങൾ എങ്ങിനെ ഭാഷയ്ക്കു ദോഷകരമാകുന്നു? ശരച്ചന്ദ്രികയുടെ ആഹ്ലാദകത്വത്തിനും ചമ്പകപ്പൂവിന്റെ സൌരഭ്യത്തിനും ദ്രാക്ഷാമാധുര്യത്തിനും ഉള്ള വ്യത്യാസം ഇവിടെ ഉണ്ടെന്നു സമ്മതിക്കാം. ഭിന്നപ്രകാരത്തിലാണെങ്കിലും അവയ്ക്കുള്ള ഗുണാംശങ്ങൾ അനുഭവയോഗ്യങ്ങളാണെന്നേ പറയുന്നുള്ളു. മുൻപറഞ്ഞ വിവിധപ്രസ്ഥാനങ്ങളിൽ കവിതകൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്നുള്ളതിനു വാദമില്ല. കിളിപ്പാട്ടു മുതലായ പദ്യസരണികൾക്ക് ഇപ്പോൾ ഉൽക്കർഷം കാണുന്നില്ല. കൃഷ്ണഗാഥയുടെ രീതി സഞ്ജാതബാധയായി. കിളിപ്പാട്ടുകളുടെ മേല്പട്ടുള്ള ഗതിക്കും മുട്ടുതട്ടിയിരിക്കുന്നു. നാടകം കാടുകയറി. കഥകളിയുടെ കഥ കളിയായിട്ടുമില്ലാതായി. തുള്ളൽക്കഥകൾക്കും ഉള്ളിൽ കലക്കം തട്ടി. അതിനാൽ ഈവക സാഹിത്യസരണികളെ ഉദ്ദീപിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണ്. മഹാകാവ്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ഖണ്ഡകാവ്യങ്ങളുടെ വൃദ്ധി ബാധിതമായാലും തരക്കേടില്ല. പാശ്ചാത്യകവനങ്ങളിൽ ഉള്ള ചില വൃത്തങ്ങളെ ഭാഷയിൽ സ്വീകരിക്കേണ്ടതാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായം പ്രക്ഷീണസാരമാകുന്നു. ഒന്നാമതിപ്രകാരം അവരുടെ വൃത്തത്തെ സ്വീകരിക്കുന്നതിന്റെ ആവശ്യമെന്തെന്നും അതുകൊണ്ടു പ്രത്യേകം എന്തു ഗുണം കിട്ടുമെന്നും ഇപ്പോൾ ഉള്ള വൃത്തങ്ങൾക്കുള്ള ന്യൂനതയെന്തെന്നും ഇവർ ധരിപ്പിക്കേണ്ടതാണ്. സംസ്കൃതവൃത്തത്തിലെഴുതുന്ന ശ്ലോകങ്ങൾ മുക്തകങ്ങളുടെ നിലയിലേ ശോഭിക്കു എങ്കിൽ ദ്രാവിഡ വൃത്തങ്ങളിൽ എന്തുകൊണ്ടു കവിത എഴുതാൻ പാടില്ല? നമ്മുടെ വൃത്തങ്ങൾ പാശ്ചാത്യന്മാർക്കെന്നപോലെ അവരുടെ വൃത്തങ്ങൾ നമുക്കും യോജിക്കയില്ല. കേരളീയസുന്ദരികളെ ഉടുപ്പും തൊപ്പിയും ധരിപ്പിച്ചു വീടിയും വലിപ്പിച്ചു മദാമ്മമാരാക്കിയാൽ കാണുന്നതിലധികം അഭംഗി പാശ്ചാത്യവനിതകളെ ഒന്നരയും മുണ്ടും ധരിപ്പിച്ചു പത്രാവലീപരിശോഭിതകളാക്കിയാൽ ഉണ്ടാകുന്നതാണ്. നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളം ഉഭയഭ്രഷ്ടമായ നപുംസകരീതിയെന്നു പറയാവുന്ന പാശ്ചാത്യവൃത്തത്തെ ഭാഷാസാഹിത്യനാട്ടിലേക്കു ഇറക്കുമതി ചെയ്യേണ്ട ആവശ്യവും ഔചിത്യവും കാണുന്നില്ല. അതിനാൽ വൃത്തങ്ങളുടെ വൃത്തത്തെക്കുറിച്ചു നാമൊരു ദുർവ്വ[illegible]തയും പ്രവർത്തിക്കേണ്ടതായിട്ടില്ല.

വടക്കുംകൂർ രാജരാജവർമ്മ രാജാ

# ചക്കരക്കോതകയ്മളുടെ ഡയറി.

(931-ാമാണ്ട് ധനു 21-ം, 22-ം നു-)

(എം. ആർ. കെ. സി.)

മൂരിയനാട്ടു നമ്പ്യാർ കാഴ്ചയിൽ ഒരു മൂകനാണെന്നു തോന്നും. ഒരു നായാട്ടിൽ നമ്പ്യാരുടെ ഒരു കണ്ണു പോയിട്ടുണ്ടെങ്കിലും, മറ്റെ കണ്ണ് അയാളുടെ പടന്തപിടിച്ച കുടുമയുടെ ഇടയിൽക്കൂടി ലോകത്തിൽ നടക്കുന്നതൊക്കെ കാണുവാൻ മതിയായിരുന്നു. അദ്ദേഹം അണിനിരത്തിയിരിക്കുന്ന ഒരു നായർപടയുടെ മുമ്പിൽ നിന്നു ഒന്നു നോക്കിയാൽ ആ പടയുടെ നടുവിൽ അംഗഭംഗം വന്നവരേയും, പടക്കു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യാത്തവരേയും ഒരു നിമിഷംകൊണ്ടു കണ്ടുപിടിക്കും. പടയാളികൾക്കെന്നല്ല പടനായകന്മാർക്കു തന്നെയും ഇദ്ദേഹത്തെ വളരെ സ്നേഹമില്ല. അതിന്നു കാരണം നമ്പ്യാർക്കു സഹജമായി പണത്തിന്മേലുള്ള പിടുത്തമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ, പോരാട്ടത്തിന്നു പുറപ്പെടുമ്പോൾ നമ്പ്യാരെ അനുഗമിക്കുവാൻ എല്ലാവർക്കും വലിയ ഉത്സാഹമാണ്. അദ്ദേഹത്തിന്നു പണത്തിലെന്നപോലെ പടയിലും ചില പിടുത്തവും വാശിയും ഉണ്ട്. ഈ രണ്ടു പിടുത്തത്തിൽനിന്നും അദ്ദേഹത്തെ വിടുവിക്കുവാൻ, സാമാന്യക്കാരെക്കൊണ്ടൊന്നും സാധിക്കുന്നതുമല്ല. ഇങ്ങിനെയൊക്കെയാണെങ്കിലും എനിക്കു നമ്പ്യാരെയും നമ്പ്യാർക്ക് എന്നെയും വലിയ കാര്യമാണ്. അടിയന്തരമായി എന്നെ ഒന്നു കാണണമെന്നു നമ്പ്യാരുടെ ആൾ വന്നറിയിച്ചപ്പോൾ, എന്തെങ്കിലും നല്ല ഒരു പോരാട്ടത്തിന്നു വകയുണ്ടാകുമെന്നു കരുതി വളരെ ഉത്സാഹത്തോടുകൂടിയാണ് ഞാൻ പുറപ്പെട്ടുചെന്നത്. ഉള്ളംകയ്യിൽ മുഖവും വെച്ചു നമ്പ്യാരിരിക്കുന്നതു കണ്ടപ്പോൾ; വല്ലവരും വല്ല സംഭാവനയും തരണമെന്നു ചോദിക്കുമ്പോൾ ഉണ്ടാവുന്ന ഭാവമാണ്, നമ്പ്യാരുടെ മുഖത്തു സ്ഫുരിച്ചിരുന്നത്. എങ്കിലും എന്നെക്കണ്ടപ്പോൾ ഒന്നു പുഞ്ചിരിക്കൊണ്ടു നമ്പ്യാർ ചോദിച്ചു:-

'എന്താ കയ്മളെ! സുഖംതന്നെയല്ലെ?'

ഞാൻ—ദുഃഖമൊന്നുമില്ല.

നമ്പ്യാർ—നിങ്ങളുടെ പടമുഖത്തു നായന്മാരെങ്ങിനെ?

ഞാൻ— അവർ എഴുനൂറുപേരും എഴുനൂറുപേർ തന്നെ.

നമ്പ്യാർ—നിങ്ങൾക്കു പറ്റിയ പരുക്കോ? അതുണങ്ങിയോ?

ഞാൻ—അത് ഒരിക്കലും ഉണങ്ങുന്നതല്ല.

നമ്പ്യാർ—കാരണം?

ഞാൻ—എനിക്ക് എപ്പോഴും പുതിയ പരുക്കുകൾ ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നുണ്ട്.

നമ്പ്യാർ—പഴയഞ്ചേരി നായർക്കു ശത്രുക്കളിൽനിന്ന് ഇരുപത്തൊന്നു മുറികൾ പറ്റീട്ടുണ്ടെന്നു കേട്ടു. നിങ്ങൾക്കും മുറിയേറ്റിട്ടുണ്ടെന്നറികയാലാണ് കുറച്ചു ദിവസമായി ഞാൻ ബുദ്ധിമുട്ടിക്കാഞ്ഞത്.

ഞാൻ — അതാണല്ലോ എനിക്ക വലിയ പരുക്കേല്പിക്കുന്നത്.

നമ്പ്യാർ — അതു പോട്ടെ- ലന്തപ്പട്ടാളക്കാരെത്തിയതുമില്ല. സാമൂതിരിയുടെ പട കന്നാംകുളം കടക്കുകയും ചെയ്തു. നാം മുള്ളൂക്കരയിൽ തടവുകാരെപ്പോലെ ഇരുന്നിട്ട കാര്യമില്ല. എന്തെങ്കിലും ഉടനെ പ്രവൎത്തിക്കണം.

ഞാൻ—പടയേല്ക്കുകതന്നെയല്ലെ?

നമ്പ്യാർ— അല്ല. പിൻവലിക്കാനാണ് ഭാവം.

ഇതു കേട്ടപ്പോൾ എനിക്കുണ്ടായ ആശാഭംഗം മുഖത്തു നോക്കിത്തന്നെ അറിയേണ്ടതായിരുന്നു. എന്ത്! ഈ ധൎമ്മോത്തു പണിക്കരുടെ പടയാളികളൊടെതിൎത്തു പിൻവലിക്കയോ! ഞാൻ കരഞ്ഞില്ലെന്നു മാത്രമേയുള്ളു.

നമ്പ്യാർ—എന്താ നിങ്ങളുടെ ആലോചന? ഇരുഭാഗത്തുനിന്നും ശത്രുക്കൾ എതിൎത്ത് അപജയത്തിന്നു വഴി കാണുമ്പോൾ ആൾനഷ്ടം കൂടാതെ കഴിക്കുകയല്ലെ ഉത്തമം?

ഞാൻ — അല്ല. മുമ്പോട്ടു കടന്നു ശത്രുക്കളുടെ അണിമുറിക്കുകയാണ് വേണ്ടത്.

ഇതു കേട്ടപ്പോൾ നമ്പ്യാർ തലയൊന്നു കുലുക്കിക്കൊണ്ടു പറഞ്ഞു. 'കയ്മളെ! ധൎമ്മോത്തു പണിക്കരുടെ അണി മുറിപ്പാൻ നമ്മളാൽ ഇപ്പോൾ സാധ്യമല്ല. അതിന്നുള്ള ശേഷികളും നമുക്ക പോരാ. മറക്കോട്ടച്ചനോ മരിച്ചു. നാം ഇവിടെ മുള്ളൂക്കരയിൽ ഒരു മാസമായി എതിൎത്തു നില്ക്കുന്നു. [illegible] ധാന്യങ്ങളോ ഇഷ്ടംപോലെ കിട്ടുന്നില്ല. പിന്നെയെന്താണ് [illegible] ല്ലെ?

ഞാൻ. കടവല്ലൂരിൽ [illegible] ഭക്ഷണസാധനങ്ങൾ കിട്ടും.

നമ്പ്യാർ— ഛീ! കുന്നംകുളത്തെ ശത്രുക്കൾ സ്വാധീനിച്ചിരിക്കുമ്പോൾ അതു സാധ്യമല്ല. അതൊക്കെപ്പോട്ടെ. അതൊന്നും ആലോചിപ്പാനല്ല ഞാൻ നിങ്ങളെ വിളിച്ചത്. ഭാരമേറിയ ഒരു കാൎയ്യം നിങ്ങളാൽ സാധിക്കേണ്ടതുണ്ട്. അതിന്നു മറ്റാരേയും കണ്ടില്ല.

ഇതു കേട്ടപ്പോൾ ഞാൻ ചെവി കൂൎപ്പിച്ചുകൊണ്ടിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

നമ്പ്യാർ— മാരിചൻനായരെ നിങ്ങൾ അറിയുമോ?

ഞാൻ— ഞാനറിയാത്ത സ്ഥാനിനായന്മാർ കൊച്ചിയിലും കോഴിക്കോട്ടും ഇല്ല. ഒന്നുകിൽ ഇണങ്ങീട്ട്, അല്ലെങ്കിൽ പിണങ്ങീട്ട്.

നമ്പ്യാർ— മാരിചൻനായരെന്ന പേർ അയാൾക്ക പടയാളികൾ കൊടുത്തതാണ്. വാസ്തവത്തിൽ അയാൾ സാമൂതിരിയുടെ പടനായകന്മാരിലൊരാളായ ചനങ്ങാട്ട പണിക്കരാണ്. സ്ഥാനിയും തറവാട്ടുകാരനുമാണ്. അയാളുടെ ദുൎന്നടവടികളെക്കൊണ്ട് ഇങ്ങിനെയൊരു പേരു കിട്ടിയെന്നേ ഉള്ളു. ചൂണ്ടൽക്കുന്നിന്നടുക്കെ അയാളിപ്പോൾ ഉണ്ട്. അയാളെ ഒന്നു കണ്ടുവരണം.

ഞാൻ—ഒരു വിരോധവുമില്ല.

നമ്പ്യാർ— അയാളെക്കണ്ടാൽ പിന്നെ കാണുന്ന മരത്തിന്മേൽ അയാളെ തൂക്കുകയും വേണം.

ഞാൻ—വളരെ സന്തോഷം.

ഇങ്ങിനെ പറഞ്ഞു ഞാൻ എഴുനീറ്റു പുറപ്പാടായി.

നമ്പ്യാർ—അത്ര ധൃതിപ്പെടേണ്ട. കാൎയ്യം മുഴുവൻ മനസ്സിലാക്കിട്ടു പുറപ്പെട്ടാൽ മതി. ഈ മാരീചൻനായർ എന്നു പറയുന്ന പണിക്കർ ചില്ലറക്കാരനൊന്നുമല്ല. അദ്ദേഹം സാമൂതിരിയുടെ സൈന്യത്തിൽ ഒരു ശ്രുതിപ്പെട്ട പടനായകനായിരുന്നു. യുദ്ധധൎമ്മത്തിന്നു വിരോധമായി എന്തോ പ്രവൎത്തിക്കയാൽ പടയിൽനിന്നു ഭ്രഷ്ടനാക്കിവിട്ടു. ഇപ്പോൾ അയാൾ ഒട്ടുവളരെ പിൻഗാമികളോടുകൂടി കാട്ടിൽക്കടന്നുകൂടിയിരിക്കയാണ്.

കൊച്ചിക്കാരും കോഴിക്കോട്ടുകാരും കൊളമ്പുകാരും ലന്തക്കാരും മററുമായി എല്ലാ സൈന്യങ്ങളിൽനിന്നും പോക്കിളം വിട്ടോടിപ്പോകുന്നവരൊക്കെ ഇയ്യാളുടെ കൂട്ടത്തിൽ കൂടുകയാണ് പതിവ്. അവർ അഞ്ഞൂറോളം പേർ ഉണ്ടെന്നാണ് കേൾവി. കൊലയും കൊള്ളയുംകൊണ്ടാണിവർ ഉപജീവനം കഴിക്കുന്നത്. പൂണ്ടൽക്കുന്നിന്റെ അടുത്തുള്ള ആലത്തൂർ നമ്പിയുടെ ഇല്ലം കൈവശപ്പെടുത്തി ഇവരവിടെ സങ്കേതം ഉറപ്പിച്ചിരിക്കയാണ്.

'അയാളെ തൂക്കിക്കൊല്ലുന്നതിന്ന ഇതിലധികം കുററം ചെയ്യേണ്ടതില്ല' എന്ന പറഞ്ഞു വീണ്ടും ഞാനെഴുന്നീററു.

നമ്പ്യാർ— നില്ക്കട്ടെ, ഒന്നുകൂടി പറഞ്ഞു കൊള്ളട്ടെ. ഇയ്യാൾ ചെയ്ത വലിയ ഒരു കുററംകൂടി പറയാനുണ്ട്. കോടനാട്ടു നമ്പൂതിരിപ്പാട്ടിലെ ഭാര്യയും ഒരു നല്ല പണക്കാരത്തിയും ആയ ആലുങ്കൽ കുഞ്ഞുകുട്ടിയമ്മ വെള്ളറക്കാട്ടുനിന്നു കുന്നംകുളത്തേയ്ക്കു പോകുമ്പോൾ വഴിക്കുവെച്ചു പണിക്കരുടെ ആൾക്കാർ പിടിച്ചു തടവുകാരത്തിയാക്കീട്ടുണ്ടത്രേ. നമ്പിയുടേയും നമ്പൂതിരിപ്പാട്ടിലേയും സങ്കടങ്ങൾ തിരുമുമ്പാകെ എത്തീട്ടുണ്ട്. ആ സ്ത്രീക്ക് അവിടെ ബന്ധനത്തിൽ വല്ല രക്ഷയുമുണ്ടെങ്കിൽ—

ഞാൻ— ആ അമ്മയുടെ പ്രായാധിക്യം തന്നെ ആയിരിക്കാം.

നമ്പ്യാർ— അല്ലാ, നമ്പൂതിരിപ്പാട്ടിലേയും ആയമ്മയുടേയും പണത്തിന്റെ ശക്തിതന്നെയാണ്. അതിരിക്കട്ടെ. മൂന്നു കാര്യമാണ് ഇപ്പോൾ നിവൃത്തിക്കാനുള്ളത്. ഒന്നാമത് ആ വിധിഗ്ര്യയായ സ്ത്രീയെ രക്ഷിക്കണം. രണ്ടാമത്തു കൊള്ളക്കാരനെ ശിക്ഷിക്കണം. മൂന്നാമതു കൂട്ടാളികളെ ആട്ടിയകററണം. എന്നിട്ടു നാളെ വൈകുന്നേരം കയ്യാളും ആൾക്കാരും വടക്കാഞ്ചേരി എത്തുകയും വേണം. ഇതിലേക്കായി പടമുഖത്തു നായന്മാരിൽ അയ്മ്പതാളെ കൂടെ അയയ്ക്കാനേ ഇപ്പോൾ സാധിക്കയുള്ളു.

ഇതു കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. അഞ്ഞൂറാളുടെ നേരെ അയ്മ്പതാളെക്കൊണ്ട് എന്തു സാധിക്കുവാനാണ്? ചുരുങ്ങിയത് എന്റെ പടമുഖത്തു നായന്മാരിൽ പത്തഞ്ഞൂറുപേരെ എങ്കിലും കൂട്ടാമെന്നാണ് ഞാൻ കരുതിയത്.

നമ്പ്യാർ— കൂടെ അധികം ആളെ അയയ്ക്കാമായിരുന്നു. പക്ഷെ നമ്മുടെ സൈന്യങ്ങളെ ഇന്നുതന്നെ വടക്കാഞ്ചേരിക്കു പിൻവലിക്കണം. ധർമ്മോത്തുപണിക്കരുടെ മുഷ്ക്കുള്ളപ്പോൾ ഉള്ളേടത്തോളം ആളുകൾ എന്റെ കൂടെത്തന്നെ വേണം. എന്നാലിനി നാളെ വൈകുന്നേരം വടക്കാഞ്ചേരി കാണാം.

ഈ സംസാരം അവസാനിപ്പിച്ചു ഞാൻ തിറങ്ങിയപ്പോഴാണ് ഞാൻ നിവൃത്തിക്കേണ്ട കാര്യത്തിലുള്ള വൈഷമ്യങ്ങളെപ്പററി എനിക്കാലോചിപ്പാനിടയായത്. വലിയ തമ്പുരാൻ തിരുമനസ്സിൽനിന്നു സ്ഥാനമാനങ്ങൾ കിട്ടേണമെന്നു വളരെക്കാലമായി എനിക്കുണ്ടായിരുന്ന മോഹം സാധിക്കാനുള്ള സമയമായി എന്നെനിക്കു തോന്നിത്തുടങ്ങി. എന്റെ നായകത്വത്തിൻ കീഴിൽ പുറപ്പെടാനുള്ള ഭടന്മാരുടെ മുഖത്തു നോക്കിയപ്പോൾ എനിക്കുണ്ടായ ഈ വിശ്വാസം ഒന്നുകൂടി ബലപ്പെട്ടതേയുള്ളു. ഞങ്ങൾക്കു പോവാനുള്ള വഴി കുന്നംകുളങ്ങളെ കൂടിയിരിക്കുന്ന സാമൂതിരി സൈന്യങ്ങളുടെ അരികേക്കൂടിയായതുകൊണ്ടും, അവരുടെ ഒററുകാർ നാട്ടിലെങ്ങും സഞ്ചരിച്ചിരുന്നതുകൊണ്ടും ഗൂഢമായ വഴികളിൽകൂടി പോവാനാണ് ഞങ്ങളുറച്ചത്. നേരം പതിറവടിയായതോടുകൂടി ഞങ്ങൾ പെരുമലക്കുന്നിന്മേൽ എത്തി. ആ കുന്നിന്റെ മുകളിൽനിന്നു ദേശസ്ഥിതികൾ നോക്കിയറിവാനും ശത്രുക്കളുടെ സങ്കേത

ങ്ങൾ വല്ല ദിക്കിലുമുണ്ടോ എന്നു പരിശോധിപ്പാനുമായി ഞാൻ ചില ഭടന്മാരോട് ആജ്ഞാപിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ഒരു ഭടൻ വന്നു തലപ്പള്ളിമേൽവട്ടത്തുനിന്നു സാമൂതിരിയുടെ പടയാളികൾ വരുന്നുണ്ടെന്നുള്ള വിവരം അറിവുതന്നു. വിശ്വാസമാകായ്കയാൽ ഞാൻ തന്നെ ഒന്നു ചെന്നുനോക്കിയപ്പോൾ കാര്യം വാസ്തവമാണെന്നു കണ്ടു. പെരുമലക്കുന്നിന്റെ താഴ്വരയിലെത്തിയപ്പോഴയ്ക്കും തലപ്പള്ളി മേൽവട്ടത്തുനിന്നു വരുന്ന പടയാളികൾ അടുത്തെത്തിക്കഴിഞ്ഞു. കൊച്ചിയും കോഴിക്കോടും സൈന്യങ്ങൾ കണ്ടുമുട്ടിയാൽ വെറുതെ പിരിയുന്നതു സമ്പ്രദായവിരോധമാണ്. എന്നാൽ, ഇതിലും ഗൌരവമേറിയ കാര്യങ്ങൾ സാധിക്കാനുള്ളതുകൊണ്ടു തൽക്കാലം അതിനുള്ള സമയവുമല്ല. ഈ ധർമ്മസങ്കടത്തിൽ എന്താ ചെയ്യേണ്ടതെന്ന് എനിക്കു വിചാരമായി. ഈ വിചാരത്തോടുകൂടി അധികനേരം നില്ക്കേണ്ടിവന്നില്ല. അപ്പോഴയ്ക്കും ശത്രുസൈന്യങ്ങൾ വാളുമൂരി അടുത്തെത്തിക്കഴിഞ്ഞു. ഇതു കണ്ടുകൊണ്ടു നില്ക്കായ്കയല്ലെന്നു വെച്ചു ഞങ്ങളും ഒരുങ്ങി. നല്ല യൌവനയുക്തനും ഒരു യോദ്ധാവിന്നനുരൂപമായ വേഷത്തോടും ഏതു കാര്യത്തിലും ഒരു നിസ്സാരഭാവത്തോടും കൂടിയവനുമായ ആ പട്ടാളക്കാരുടെ എജമാനൻ വരുന്നതു കണ്ടപ്പോൾ എനിക്കു വാസ്തവത്തിൽ ആശ്ചര്യവും ബഹുമാനവുമുണ്ടായി. അല്പനേരം ഞാൻ ആ വരവു നോക്കിക്കൊണ്ടു നിന്നുപോയി. വാളും ഊരിക്കൊണ്ടു ഞാനും അയാളോടെതിൎക്കുവാൻ ചെന്നു. അപ്പോൾ 'ഇയ്യാളെ ഞാൻ എവിടെവെച്ചാണ് കണ്ടിട്ടുള്ളത്' എന്നുള്ള വിചാരം എന്റെ മനസ്സിൽ ഉദിച്ചു. ശരി; ആളെ മനസ്സിലായി.

ഇതിനിടയ്ക്ക് അയാൾ തന്റെ വാൾ എന്നെ വെട്ടുവാനായി ഓങ്ങിക്കഴിഞ്ഞു. അതു തടുത്തുവെട്ടുവാൻ ഞാനും നോക്കിയിരുന്നു. ഈ സന്ദൎഭത്തിൽ കുറച്ചുനേരം ഞങ്ങൾ മുഖത്തോടുമുഖം നോക്കിനില്ക്കുകയുണ്ടായി.

ഞാൻ—എന്ത്! ഉള്ളനാട്ടുപണിക്കരോ? എന്തൊരു പുതുമ!

പണിക്കർ—അല്ലാ, ചങ്കരങ്കോത കയ്മളോ? ഇതു വിചാരിക്കാത്ത സംഭവമാണ്. ഞാൻ വിചാരിച്ചു എന്തോ ചതിയുണ്ടെന്ന്.

ഇതു പറഞ്ഞപ്പോൾ പണിക്കരുടെ മുഖത്തുണ്ടായ സ്തോഭം നോക്കിയാൽ ഒരു സ്നേഹിതനെ കണ്ടതിലുണ്ടായ സന്തോഷത്തിന്നുപകരം ഒരു ശത്രുവിനെ കണ്ടുമുട്ടാത്തതിലുള്ള ഇച്ഛാഭംഗമാണ് കാണ്മാനുണ്ടായിരുന്നത്.

ഞാൻ—നിങ്ങളുടെ ഈ പോരാട്ടത്തിൽ ചേൎന്ന് ഇച്ഛാഭംഗംകൂടാതെ കഴിച്ചാൽ കൊള്ളാമെന്ന് എനിക്കും നന്നെ മോഹമുണ്ട്. പക്ഷെ, എന്നെ ഒരിക്കൽ അപകടത്തിൽനിന്നു രക്ഷിച്ച സ്നേഹിതന്റെ നേരെ വാളുയൎത്തുവാൻ എനിക്കു മനസ്സുവരുന്നില്ല.

പണിക്കർ—ഛേ, അതു സാരമില്ല.

ഞാൻ—അല്ലാ, സാരമുണ്ട്. എനിക്കതിന്ന് ഒരിക്കലും സമാധാനമില്ല.

പണിക്കർ—നിങ്ങൾ നിസ്സാരമായ ഒരു കാര്യം വളരെ സാരമാക്കിത്തീൎക്കുന്നു.

ഞാൻ—എന്റെ അമ്മ നിങ്ങളെ കണ്ടിട്ടുണ്ടെങ്കിൽ എനിക്കു ചെയ്ത ഉപകാരത്തിന്ന് എന്തെന്നില്ലാത്ത കൃതജ്ഞത പറയാതിരിക്കയില്ല. നിങ്ങൾ ഞങ്ങളുടെ പ്രദേശത്ത് എപ്പോഴെങ്കിലും വരുമെങ്കിൽ—

പണിക്കർ—ഓഹോ! അതുടനെ ഉണ്ടാവും. സാമൂതിരിപ്പാടും ആയമ്പതിനായിരവും താമസിയാതെ അവിടെ എത്തും.

ഞാൻ—എന്നാൽ അതിലൊരാളെങ്കിലും ജീവിക്കാതിരിക്കയില്ല. അതു പോട്ടെ; നിങ്ങളുടെ വാൾ ഉറയിലിടുക തന്നെ.

ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ പണിക്കർ അടുത്തു വന്ന് എന്റെ ചുമലിൽ കൈവെച്ചുകൊണ്ടു പറഞ്ഞു — "നിങ്ങൾ ഒരു നല്ലാളാണെന്നെനിക്കു മുമ്പുതന്നെ അറിയാം. നമ്മളുടെ ഈ കളികണ്ടാൽ ധർമ്മോത്തുപണിക്കർ തലവെച്ചേക്കില്ല. കളിക്കാനല്ലാ ഞങ്ങളെ ഇങ്ങോട്ടയച്ചിട്ടുള്ളത്".

ഞാൻ — പിന്നെ ഞാനെന്തു ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്?

പണിക്കർ — കൊച്ചിയിലെ പടമുഖത്തു നായന്മാരും കോഴിക്കോട്ടെ പടമുഖത്തു നായന്മാരും തമ്മിൽ ചില കണക്കൊക്കെ പറയാനുണ്ട്. ഞങ്ങളും അയ്മ്പതു പേരുണ്ട്, നിങ്ങളും അയ്മ്പതു പേരുണ്ട്. വഴിയിൽനിന്നല്പം വിട്ടുനിന്നു നാം തമ്മിൽ ഒരു കയ്യു നോക്കുകതന്നെ. ഈ ശീതകാലത്തു ദേഹത്തിൽനിന്നു കുറേശ്ശ രക്തം പുറപ്പെടുന്നതു നല്ലതാണ്.

ഈ പറഞ്ഞതു വാസ്തവമാണെന്നെനിക്കും തോന്നി. ചൂണ്ടൽക്കുന്നിന്മേൽ ചെന്ന് മാരീചൻനായരെ തൂക്കിക്കൊന്ന് കുഞ്ഞുകുട്ടിയമ്മയെ ബന്ധനത്തിൽനിന്നു വിടുവിച്ചു കൊള്ളക്കാരെ ആട്ടിയോടിച്ചതിന്നു ശേഷമാണെങ്കിൽ ഒരു കയ്യു നോക്കിക്കളയാമെന്ന് എനിക്കും ഉണ്ടായിരുന്നു.

ഞാൻ — തരക്കേടില്ല പണിക്കരേ! നിങ്ങളുടെ മുൻഭാഗമല്ലേ ഇപ്പോൾ കണ്ടുള്ളൂ. പിൻഭാഗംകൂടി ഉടനെ കാണാൻ സംഗതിവരുമല്ലോ.

പണിക്കർ — പന്തയം വെക്കുന്നുവോ?

ഞാൻ — കൊച്ചിയിലെ പടമുഖത്തു നായന്മാരുടെ പ്രശസ്തി തന്നെയാണ് ഞങ്ങളുടെ പന്തയം.

പണിക്കർ — ശരി; എന്നാലൊന്നു നോക്കുക തന്നെ. ഞങ്ങൾ നിങ്ങളെ തോല്പിച്ചാലോ ഞങ്ങൾക്കു നന്നായി; അല്ലാ നിങ്ങൾ ഞങ്ങളെ തോല്പിച്ചാൽ മാരീചൻനായർക്കും നന്നായി.

ഇതു പറഞ്ഞപ്പോൾ ഞാൻ വളരെ ആശ്ചര്യത്തോടെ "എന്താ മാരീചൻനായർക്ക്" എന്നു ചോദിച്ചു.

പണിക്കർ — മാരീചൻനായർ എന്നു പറയുന്നത് ഇപ്രദേശത്തെവിടെയോ താമസിക്കുന്ന ഒരു കൊള്ളക്കാരന്റെ പേരാണ്. അയാളെ പിടിച്ചു തൂക്കിക്കൊല്ലുവാനായി ധർമ്മോത്തു പണിക്കർ എന്നെ അയച്ചിരിക്കയാണ്.

ഞാൻ — എന്റെ തായംകോവിൽ ഭഗവതി! എന്നെയും ഈ ഉദ്ദേശത്തോടു കൂടിത്തന്നെയാണല്ലോ മുരിയനാട്ടു നമ്പ്യാർ അയച്ചിട്ടുള്ളത്.

ഞങ്ങൾ രണ്ടുപേർക്കും വളരെ സന്തോഷമായി. പൊക്കിയിരുന്ന വാൾ ഉറയിലിട്ടു. ഇതു കണ്ട് ഞങ്ങളുടെ പിൻഗാമികളും ആയുധങ്ങൾ സ്വസ്ഥാനത്തു വെച്ചു.

പണിക്കർ — നാമിപ്പോൾ സഖാക്കളാണ്.

ഞാൻ — ഒരു ദിവസത്തേക്കു മാത്രം.

പണിക്കർ — നാം യോജിച്ചു പ്രവർത്തിക്കണം.

ഞാൻ — അതിനെന്താ സംശയം?

ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ പടയാളികളും കൂടി സന്ധ്യയോടു കൂടി തായങ്കാവ് ക്ഷേത്രത്തിന്നടുത്തെത്തി. ആലത്തൂർ നമ്പിയുടെ ഇല്ലവും കൊള്ളക്കാർ സങ്കേതം കൂട്ടീട്ടുള്ള ചൂണ്ടൽക്കുന്നു കോട്ടയും ദൂരത്തുനിന്നു തന്നെ ഞങ്ങൾക്കു നല്ലവണ്ണം കാണാമായിരുന്നു. ഈ സങ്കേതങ്ങൾ കണ്ടപ്പോൾ ഞങ്ങളുടെ പരിശ്രമം ഫലിക്കുവാൻ കുറെ പ്രയാസമാണെന്നു തോന്നിത്തുടങ്ങി. കൊള്ളക്കാരുടെ കൈവശം അത്യാവശ്യം ലന്തത്തോക്കുകളും ഉണ്ടെന്നു കേട്ടപ്പോൾ ഞങ്ങളുടെ കൂടെ കുറെ തോക്കുകാരെക്കൂടി കൊണ്ടുവരാഞ്ഞതു തെറ്റിപ്പോയി എന്നു ഞാനഭിപ്രായപ്പെട്ടു.

പണിക്കർ — അതൊന്നും നമ്മൾക്കിപ്പോൾ ആലോചിച്ചിട്ടു ഫലമില്ല. തോക്കു

കാരെ അയയ്ക്കാതിരുന്നതിലുള്ള ന്യായം ധമ്മോത്തു പണിക്കരും മരിയനാട്ട നമ്പ്യാരും തമ്മിൽ പറഞ്ഞുകൊള്ളട്ടെ.

ഞാൻ—അധൈര്യം വേണ്ടാ നിശ്ചയം. എന്റെ ഈ ചങ്ങാതി കണ്ടുണ്ണിനായർ അമ്പതു ലന്തക്കാരെ ഒരു തവണ പിടിച്ചു കെട്ടിയിട്ട ആളാണ്.

പണിക്കർ—ഓഹോ! നിങ്ങളുടെ ചങ്ങാതിക്ക നൂറു കതിരപ്പട്ടാളക്കാർ കൂടി സഹായത്തിനുണ്ടെങ്കിൽ അയാൾ കോഴിക്കോട്ട പട്ടണം തന്നെ പിടിക്കില്ലെ? അതിരിക്കട്ടെ. ഞങ്ങളുടെ കൂട്ടത്തിൽ പോക്കളത്തിലുള്ള പരിചയംകൊണ്ടു നിങ്ങൾക്കാണ് പ്രായം അധികം. അതുകൊണ്ട് ഇനി എന്തു പ്രവർത്തിക്കേണമെന്നുപദേശിക്കേണ്ടതു നിങ്ങളാണ്.

ഞാൻ—ശരി, നാമെന്തു ചെയ്യുന്നതായാലും വേഗം ചെയ്യണം. എനിക്ക നാളെ വൈകുന്നേരം വടക്കാഞ്ചേരി ഹാജർ കൊടുക്കാതെ യാതൊരു നിവൃത്തിയുമില്ല. അതാ അവിടെ ആരോ രണ്ടു പേർ നില്ക്കുന്നു. സ്വഭാവം ചോദിച്ചറിയുക തന്നെ.

തായങ്കാവമ്പലത്തിന്റെ നടയിൽ ഒരു ഭാഗത്തുള്ള ഒരു മഠത്തിന്റെ മുററത്ത് രണ്ടുപേർ സംസാരിച്ചു നില്ക്കുന്നുണ്ടായിരുന്നു. പൂമുഖത്ത് ഒരു മാടമ്പി വിളക്ക് കത്തിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ അടുത്തു ചെന്നപ്പോൾ, സംസാരിക്കുന്നതിൽ പൂണൂൽക്കാരനല്ലാത്ത ഒരാൾ ഓടുവാൻ ഭാവിച്ചു. ഭടന്മാരിലൊരാൾ അയാളെക്കടന്നു പിടിച്ചു നിർത്തി. "അയ്യോ എന്നെ വിടണേ, എന്നെ രക്ഷിക്കണേ, കൊല്ലരുതേ! കൊച്ചിക്കാരും കോഴിക്കോട്ടുകാരുമായ ഭടന്മാർ എന്റെ മുതലെല്ലാം നശിപ്പിച്ചു. കൊള്ളക്കാർ എന്റെ കാലും ചുട്ടു പൊള്ളിച്ചിരിക്കുന്നു. തായങ്കാവിൽ ഭഗവതി തന്നെയാണ്. ഇതിൽ ഒരു കാക്കാശുപോലുമില്ല. ഇതാ നില്ക്കുന്ന തിരുമേനി ആലത്തൂർ നമ്പിയാണ്. അവിടത്തോടു ചോദിച്ചാലറിയാം. അവിടുന്നു തന്നെ ഇന്നു ജലപാനം കഴിച്ചിട്ടില്ല" എന്നയാൾ നിലവിളിച്ചു.

നമ്പി—ഈ വാരിയർ പറഞ്ഞതു യഥാർത്ഥമാണ്. ഈ അനർത്ഥമായ യുദ്ധങ്ങൾക്ക വേണ്ടി വളരെ ബലി കഴിക്കേണ്ടിവന്നവനാണ് ഇയ്യാൾ. എന്റെ നഷ്ടം ആലോചിച്ചാൽ ഇയ്യാൾക്ക വന്നതു ലഘുവാണ്. അയാൾ പൊയ്ക്കൊള്ളട്ടെ. പാവം! അയാൾക്ക് (ഓടണമെന്നു വിചാരമുണ്ടായാൽ തന്നെ) അതിന്നു ശേഷിയില്ല.

ഞാനെന്റെ കയ്യിലുണ്ടായിരുന്ന പന്തം നമ്പിയുടെ മുഖത്തേക്കു കാട്ടി അദ്ദേഹത്തെ ആപാദചൂഡം ഒന്നുനോക്കി. കറുത്ത് തടിച്ച് നല്ല ആജാനുബാഹുവും ദീർഘകായനുമായ അദ്ദേഹത്തെ കാണുകയും സംസാരം കേൾക്കുകയും ചെയ്തപ്പോൾ ഒരു രാജാവാണോ എന്നു തോന്നിപ്പോയി.

ഞാൻ—വാരിയരെ! ഒട്ടും ഭയപ്പെടേണ്ട. തിരുമേനിയുടെ ഇല്ലമല്ലേ കൊള്ളക്കാർ കയ്യേറിയത്. ഇവിടുന്നു വിചാരിച്ചാൽ ഞങ്ങൾക്ക വേണ്ടവിവരം തരാൻ കഴിയുമല്ലൊ.

നമ്പി—എന്റെ സവ്വസ്വവും നിങ്ങളുടെ ഇഷ്ടംപോലെ ഉപയോഗിക്കാം. ഖ

ക്കും, ഞാനിന്നു പട്ടിണിയാണ്. നിങ്ങൾക്കു ഭക്ഷണം തരാൻ മാത്രം എനിക്കു സാധിക്കയില്ല.

ഞങ്ങളുടെ കൈവശം ഒന്നുരണ്ടുദിവസത്തേക്കുള്ള ഭക്ഷണസാധനം കരുതീട്ടുണ്ടായിരുന്നു. ഭക്ഷണത്തിന്നേർപ്പാടു ചെയ്വാൻ അമ്പലപ്പറമ്പിന്റെ ഒരു ഭാഗത്തേക്കു ഞങ്ങൾ കുറെ പട്ടാളക്കാരെ വിടുകയും ചെയ്തിരുന്നു. കുളിച്ചുവെച്ചുണ്ണുവാൻ ഉത്സാഹമുണ്ടെങ്കിൽ സാധനത്തിന്നു കുറവൊന്നുമില്ലെന്നു നമ്പിയേയും അറിയിച്ചു. നമ്പി ഒന്നും വേണ്ടെന്നു പറഞ്ഞു.

ഞാൻ—സമയം അധികമായി. കൊള്ളക്കാരുടെ സ്വഭാവവും അവരോടെതിർപ്പാനുള്ള വഴികളും അറിവാൻ ഇനി താമസിച്ചുകൂട.

നമ്പി—തായങ്കാവിൽ ഭഗവതിയെ ഭജിച്ചാൽ അതിന്റെ ഫലം അപ്പോൾ തന്നെ കാണാതിരിക്കയില്ല. അല്ലെങ്കിൽ നിങ്ങളൊക്കെ ഇപ്പോൾ വരേണമെന്നുണ്ടോ? എന്റെ ഭഗവതി! ഈ കൊള്ളക്കാർ എന്നെ എത്ര നഷ്ടപ്പെടുത്തി!

ഇത്ര പറഞ്ഞപ്പോൾ ആ ധീരപുരുഷന്റെ കണ്ണിൽ വെള്ളം നിറഞ്ഞതായി ഞങ്ങൾക്കു തോന്നി.

ഞാൻ—ഛേ! തിരുമേനി അശേഷം വ്യസനിക്കേണ്ട. നാളെ സന്ധ്യയ്ക്കുമുമ്പായി അവിടത്തെ സ്വസ്ഥാനത്തിലാക്കിക്കളയാം.

നമ്പി—ഞാനെന്റെ സ്വന്തം ഗുണത്തെയോ സ്വദേശികളുടെ ഗുണത്തെയോ മാത്രം ചിന്തിച്ചല്ലാ വ്യസനിക്കുന്നത്. എത്രയോ വിലപിടിച്ച പല ഗ്രന്ഥങ്ങളും ഇവർ നശിപ്പിക്കുന്നതിലുള്ള ഭയംകൊണ്ടാണ്.

പണിക്കർ—വേണ്ടാത്തതു സംസാരിച്ചു സമയം കളഞ്ഞിട്ടു ഫലമില്ല. തിരുമേനിക്കു കഴിയുമെങ്കിൽ കൊള്ളക്കാരുടെ സങ്കേതത്തിൽ കടപ്പാനുള്ള വഴി പറഞ്ഞുതരിക. ഇല്ലത്തു നിന്നിവരുടെ ബാധ വേഗം ഒഴിച്ചുകളയാം.

നമ്പി തന്ന വിവരംകൊണ്ടു ചൂങ്ങൽക്കോട്ട ഒരു വലിയ ഗുഹയുടെ മേലാണ് കെട്ടീട്ടുള്ളതെന്നും, കൊള്ളക്കാർ കോട്ടയുടെ മതിലുകളിൽ ദ്വാരമുണ്ടാക്കി വിരോധികളായ വല്ലവരും വരുന്നതു കണ്ടാൽ വെടി വെക്കുകയാണ് പതിവെന്നും, കൊള്ളചെയ്ത മുതലൊക്കെ ഗുഹയിലാണ് സൂക്ഷിക്കാറെന്നും, നമ്പിയുടെ ഇല്ലം ഏതാണ്ടും കൊള്ളക്കാർക്കു വെച്ചുണ്ടു കിടക്കുവാനുള്ള ഒരു സ്ഥലം മാത്രമാണെന്നും മനസ്സിലായി. പത്തുനൂറാളെക്കൊണ്ടൊന്നും ഈ കോട്ട പിടിപ്പാൻ അത്ര എളുപ്പത്തിൽ സാധിക്കയില്ലെന്നു കണ്ടപ്പോൾ എനിക്കു വല്ലാതായ ഇച്ഛാഭംഗം വന്നു.

പണിക്കർ—നിങ്ങളെന്താ ഒരന്ധനെപ്പോലെ നില്ക്കുന്നത്? ഒന്നു പരീക്ഷിക്കാതെ പിൻവലിക്കുന്നതു നന്നല്ല.

ഞാൻ—കൊള്ളക്കാർക്കു നമ്മുടെ വരവിനെപ്പററി ഒരു വിവരവുമുണ്ടെന്നു തോന്നില്ല. അവരുടെ ഒററുകാരേയും നാം കണ്ടില്ലല്ലൊ. നമ്മൾ കോട്ടയുടെ ചുററും ഉപായത്തിൽ ഒളിച്ചുകൂടി പടിവാതിൽ തുറക്കുമ്പോൾ തുരുതുരെ കോട്ടയ്ക്കുള്ളിൽ കടക്കുകയാണുത്തമം.

എന്റെ അഭിപ്രായം പണിക്കർക്കും

ാധിച്ചു. പക്ഷെ നമ്പിക്ക് അത്ര പിടിച്ചില്ല.

നമ്പി—കോട്ട കുന്നിന്മേലായതുകൊണ്ടും ചുറ്റും വൃക്ഷങ്ങൾ കുറവായതുകൊണ്ടും ഒരു പ്രാണിയെങ്കിലും കോട്ടയുടെ അടുത്തു പ്രവേശിച്ചാൽ അവരുടെ നോട്ടക്കാർ കാണാതിരിക്കയില്ല.

ഞാൻ—എന്നാലും ഇതല്ലാതെ മറ്റെന്തു വഴിയാണുള്ളത്? പത്തഞ്ഞൂറാൾ സങ്കേതം ഉറപ്പിച്ചിട്ടുള്ള ഒരു കോട്ട കീഴടക്കുവാൻ നൂറു പേരെക്കൊണ്ടെങ്ങിനെ സാധിക്കും?

നമ്പി—എനിക്ക് ഈ കൊള്ളക്കാരെപ്പറ്റി നല്ല വിവരമുണ്ട്. നിങ്ങളുടെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ എന്താണ് പ്രവർത്തിക്കുക എന്നു പക്ഷെ വേണമെങ്കിൽ പറയാം.

ഞാൻ—തിരുമേനിയുടെ അഭിപ്രായം വേഗം കേട്ടാൽ കൊള്ളാം.

നമ്പി—കൊച്ചിക്കാരും കോഴിക്കോട്ടുകാരുമായ ഭടന്മാർ കൂട്ടംവിട്ട് ആയുധങ്ങളോടു കൂടി ഓടി എപ്പോഴും ഇവരുടെ സംഘത്തിൽ വന്നു ചേർന്നുകൊണ്ടേ ഇരിക്കുന്നുണ്ട്. നിങ്ങൾക്കും അങ്ങിനെയുള്ളവരാണെന്നു നടിച്ചു കോട്ടയിൽ കടന്നു കൂടുന്നതിനെന്താ വിരോധം?

നമ്പി ഈ പറഞ്ഞ അഭിപ്രായം വളരെ നല്ലതാണെന്ന് എനിക്കു തോന്നി. അദ്ദേഹത്തെപ്പറ്റി എന്തെന്നില്ലാത്തൊരു ബഹുമാനവും എനിക്കുണ്ടായി. പക്ഷെ, പണിക്കർക്ക് അത്ര പിടിച്ചില്ല.

പണിക്കർ—നിങ്ങളുടെ വിദ്യയൊന്നും തരക്കേടില്ല. എന്നാൽ ഈ കൊള്ളക്കാർ അത്ര ബുദ്ധിയില്ലാത്തവരല്ലെന്നാണ് എന്റെ അറിവ്. ആയുധപാണികളും പരിചയമില്ലാത്തവരുമായ നൂറു പേരെ അവരത്ര വേഗത്തിൽ കോട്ടയിൽ കടത്തിവിടുമോ?

ഞാൻ—ശരി; എന്നാലൊരു കാര്യം ചെയ്യുക. അയ്മ്പതാൾ ഉള്ളിൽ കടക്കട്ടെ. അവർ നാളെ രാവിലെ മറ്റെ അയ്മ്പതു പേർക്കും കടപ്പാൻ കോട്ടവാതിൽ തുറന്നു തരട്ടെ.

ഈ കാര്യത്തെപ്പറ്റി ഞങ്ങൾ രണ്ടു പേരും വളരെ ഗാഢമായാലോചിച്ചു. ഒടുവിൽ പണിക്കരൊ ഞാനോ ആരെങ്കിലും ഒരാൾ അയ്മ്പതാളോടു കൂടി കോട്ടയ്ക്കുള്ളിൽ ചെല്ലേണ്ടതാണെന്നും രാവിലെ കോട്ടവാതിൽ തുറന്നു തരേണ്ടതാണെന്നും തീർച്ചയാക്കി. നമ്പിയുടെ അഭിപ്രായം ഞങ്ങളുടെ സൈന്യത്തെ ഭാഗിക്കാൻ പാടില്ലെന്നും നൂറുപേരും ഒന്നായിക്കൊള്ളണമെന്നും ആയിരുന്നു. പക്ഷെ ഞങ്ങൾ രണ്ടുപേരും ഒരഭിപ്രായക്കാരായതുകൊണ്ട് അതു മാറ്റുവാൻ നമ്പിക്കു കഴിഞ്ഞില്ല.

നമ്പി—എനിക്കൊരു കാര്യം പറയാനുണ്ട്. ആ ദുഷ്ടനായ മാരിചൻ നായരെപ്പിടിച്ചാൽ നിങ്ങളെന്താണു കാട്ടുക?

ഞാൻ—തൂക്കിക്കൊല്ലുകതന്നെ.

നമ്പി—ഹാ! അതെളുപ്പമായ മരണം. എനിക്കധികാരമുണ്ടെങ്കിൽ—

ഇതും പറഞ്ഞ് നമ്പി അവിടെനിന്നു ബദ്ധപ്പെട്ടുപോയി. കോട്ടയ്ക്കുള്ളിൽ ആദ്യം പോകേണ്ട അയ്മ്പതു പേർ ആരാണെന്നുള്ള തർക്കം ഇനിയും തീർന്നിട്ടില്ല. ഞാനാവേണ്ടതെന്നു ഞാനും, താനാവാമെന്നു പണിക്കരും തർക്കിച്ചു. ഒടുവിൽ പണിക്കർ വളരെ കാര്യമായി അപേക്ഷിച്ചു

ത്തുകൊണ്ടു പണിക്കരാവട്ടെ എന്നു നിശ്ചയിച്ചു. ഞങ്ങൾ ഇങ്ങിനെ തീൎച്ചപ്പെടുത്തുന്നതിനിടയ്ക്കു് അമ്പലപ്പറമ്പിൽനിന്നു് കുറെ ലഹള കേട്ടു. ഞങ്ങളവിടെ ഓടിയെത്തിയപ്പോൾ ഞങ്ങളുടെ കൂട്ടാളികൾ രണ്ടുപക്ഷമായി പോരാട്ടം ചെയ്യുകയായിരുന്നു. കോഴിക്കോടൻ ഭടന്മാർ കൊച്ചിഭടന്മാരെക്കാൾ കണ്ടാലു വേണ്ടില്ല് എന്നു നമ്പി ഒരഭിപ്രായം പറഞ്ഞതായിരുന്നുവത്രെ ഈ ലഹളകൾക്കു കാരണം. എന്തെങ്കിലും ഞങ്ങൾ ചെന്നപ്പോൾ ലഹളയൊന്നൊതുങ്ങി. ഭക്ഷണം കഴിഞ്ഞു പണിക്കരും അയ്മ്പതുപേരും കോട്ടയിലേക്കു പോയി. അവൎക്കു് അകത്തു പ്രവേശം കിട്ടിയെന്നും ഞങ്ങൾക്കു മനസ്സിലായി. എന്റെ കൂട്ടർ രാവിലെ കോട്ടയിൽ കടക്കാനുള്ള ഒരുക്കത്തോടുകൂടി അമ്പലപ്പറമ്പിൽ കാത്തുനില്പായി. ഞാൻ വാരിയരുടെ ക്ഷണമനുസരിച്ചു മാത്തിൽ ഒരു കട്ടിലിന്മേലും കിടന്നു.

ഞാൻ ഒരു മാതൃകാഭടനാണെന്നു കൊച്ചിത്തമ്പുരാന്റെ പടയാളികളുടെ ഇടയിൽ ധാരാളം സംസാരമുണ്ടെങ്കിലും എനിക്കും ചില കുറവുകളുണ്ടെന്നു ഞാൻ തന്നെ സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഒരു പട്ടാളക്കാരനു ധൈൎയ്യം തുടങ്ങിയ ഗുണങ്ങൾക്കു പുറമെ ശ്വാനനിദ്ര് കൂടി വേണ്ടതാണ്. ആ ഒരു ഗുണം എനിക്കു ചെറുപ്പംമുതല്ക്കേ ഉണ്ടായിരുന്നില്ല. ഈ ഒരു ദോഷമാണ് എനിക്കന്നു രാത്രി ചില അനൎത്ഥങ്ങളൊക്കെ ഉണ്ടാക്കിത്തീൎത്തതു്.

രാത്രി ഏകദേശം പാതിരകഴിഞ്ഞുകാച്ചായിരിക്കുന്നു. എനിക്കു ശ്വാസം മുട്ടുന്നുണ്ടോ എന്നൊരു സംശയം തോന്നി. എന്തോ വിളിച്ചുപറയാൻ ഭാവിച്ചു. പക്ഷെ, ശബ്ദം പുറത്തു വരുന്നില്ല. എഴുനീല്പാൻ നോക്കി. അതിന്നും വയ്യ. കണ്ണുമിഴിപ്പാൻ മാത്രം വിരോധമുണ്ടായിരുന്നില്ല. കണ്ണുമിഴിച്ചു നോക്കിയപ്പോൾ കണ്ടകാഴ്ചയല്ലെ പറയേണ്ടതു് ! എന്റെ ദേഹം കട്ടിലിൽപ്പിടിച്ചുകെട്ടി വായിൽ തുണിയും നിറച്ചു വാരിയരും നമ്പിയുമുണ്ട് കട്ടിലിന്നടുത്തു നില്ക്കുന്നു ! ഒരു മാടമ്പിവിളക്കു് അവിടെ കത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഞാനവരുടെ മുഖത്തൊന്നു നോക്കി. നമ്പിയുടെ പൂണൂൽ കാണ്മാനില്ല. സാധുപ്രകൃതത്തോടു കൂടിയ വാരിയരുടെ മുഖം ഒരു ഘാതകന്റെ മുഖംപോലെ എനിക്കു തോന്നി. നമ്പിയുടെ മുഖത്തു സ്വതസ്സിദ്ധമായ ഗൌരവം അപ്പോഴും കാണ്മാനുണ്ടായിരുന്നു.

നമ്പി.— അല്ലാ കയ്യാളെ! നിങ്ങളുടെ മുഖത്തു ചൂണ്ടൽക്കോട്ട പിടിപ്പാനുള്ള യുക്തികൾ ആലോചിച്ചുകഴിഞ്ഞപ്പോളുണ്ടായ സന്തോഷമല്ലല്ലൊ ഇപ്പോൾ കാണുന്നതു്. നിങ്ങൾ നല്ലൊരു പടയാളി തന്നെയാണ്, സംശയമില്ല. പക്ഷെ, മരീചൻ നായരെന്ന പന്നങ്ങാട്ടു പണിക്കരായ എന്നോടു മത്സരിപ്പാൻ നിങ്ങൾപോര. ഞാൻ തീരെ ബുദ്ധിയില്ലാത്ത ഒരുവനാണെന്നു പക്ഷെ നിങ്ങൾ ധരിച്ചിരിക്കാം. നിങ്ങൾ വന്ന കാൎയ്യം സാധിപ്പാൻ ശ്രമിക്കുന്നതിന്നുതന്നെ കോഴിക്കോടൻപടനായകന്മാരിൽ രണ്ടോ മൂന്നോ പേർ കഴിച്ചാൽ നിങ്ങൾ മാത്രമേ ഉണ്ടാകയുള്ളൂ.

പന്നങ്ങാട്ടു പണിക്കരുടെ ഈ പ്രസംഗം കഴിഞ്ഞപ്പോൾ എനിക്കുണ്ടായ ആശ്ചൎയ്യവും കോപവും ഊഹിക്കുകയാണ് നല്ലതു്.

മാരിചൻ—ചേന്നൻനായരെ! (വാരിയരോട്) നിങ്ങൾ ഭ്രമിക്കേണ്ട. കയ്മളെ ജീവനോടേ സൂക്ഷിക്കയാണ് നമ്മൾക്കാവശ്യം. കയ്മളേ! നിങ്ങൾ ഒരു കുംഭകർണ്ണനായത് ഏതെങ്കിലും നല്ലതുതന്നെ. സാമൂതിരിപ്പാട്ടിലെ പടമുഖത്തു നായന്മാരിൽ ഒരു പ്രമാണിയായിരുന്ന ഈ ചേന്നൻനായർ കുറച്ചധികം വികൃതിയും കോപിയുമാണ്. അയാളോടു നല്ലപോലെ പെരുമാറുകയാണ് നല്ലത്. പണിക്കരുടേയും നിങ്ങളുടേയും വരവ് ഞങ്ങൾക്കു മുമ്പുതന്നെ മനസ്സിലായിട്ടുണ്ട്. ഞാനും ചേന്നൻനായരും കൂടി ഇന്നാടിയ നാടകം നന്നായെന്നു നിങ്ങളും സമ്മതിക്കാതിരിക്കയില്ല. നിങ്ങൾ നൂറുപേക്കും കോട്ടയ്ക്കുള്ളിൽ സ്വാഗതത്തിനു ഞങ്ങൾ ഏർപ്പാടുചെയ്തിരുന്നു. കോട്ടയിൽക്കടന്ന അയ്മ്പതുപേർ ഇപ്പോൾ മയ്യാദക്കാരായിട്ടുണ്ടാവണം. നിങ്ങളുടെ മുഖത്തേക്കാളധികം ഇപ്പോൾ പണിക്കരുടെ മുഖവും വീങ്ങീട്ടുണ്ടാവുമെന്നാണെനിക്കു തോന്നുന്നത്.

എന്നു പറഞ്ഞു മാരിചൻനായരും ചേന്നൻനായരും തമ്മിൽ എന്തോ കുശുകുശെ സംസാരിച്ചതിനുശേഷം 'അമ്പലപ്പറമ്പിൽ ഒന്നന്വേഷിച്ചുവരട്ടെ' എന്നും പറഞ്ഞു മാരിചൻനായർ പുറത്തേക്കിറങ്ങി. എന്റെ കട്ടിലിന്റെ കാക്കൽ വാളു മൂച്ചകൂട്ടിക്കൊണ്ടു ചേന്നൻനായരും ഇരുന്നു. എന്റെ കൊള്ളരുതായ്മയെ ശപിച്ചും ആ കഴിഞ്ഞ സംഭവങ്ങളോർത്തും എനിക്കു ഭ്രാന്തുപിടിക്കാതിരുന്നതിലാണ് ആശ്ചര്യം. എടന്നു രണ്ടുമൂന്നു തവണ തടവുകാരനായിപ്പിടിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ കൊള്ളക്കാരുടെ നടുവിലേക്ക് എന്നെ ബന്ധനസ്ഥനായിക്കൊണ്ടു പോവുമല്ലോ എന്ന വിചാരമാണ് എന്റെ അടുത്തിരിക്കുന്ന ഘാതകന്റെ വാളിനേക്കാൾ മൂച്ചയുള്ളതായിത്തോന്നിയത്.

ഇതിനിടെ ഞാൻ പല മനോരാജ്യങ്ങളോടും കൂടിയിരിക്കെ വാതിൽ കടന്നൊരാൾ പ്രവേശിച്ചു. ഇത് എന്റെ ചങ്ങാതി കണ്ടുണ്ണിനായരല്ലാതെ മറ്റാരുമല്ലായിരുന്നു. എന്റെ കിടപ്പും ആയുധപാണിയായ ചേന്നൻനായരുടെ ഇരിപ്പും കണ്ടപ്പോൾ 'എടാ ചണ്ഡാള!' എന്നു പറഞ്ഞു വാളൂരി ഒരു ചാട്ടം ചാടുന്നതു കണ്ടു. ചേന്നൻനായരും കണ്ടുണ്ണിനായരും തമ്മിലുള്ള പോരാട്ടത്തെ വർണ്ണിച്ചിട്ടു ഫലമില്ല. വാളുകൊണ്ടുള്ള പ്രയോഗത്തിൽ കണ്ടുണ്ണിനായരെ ജയിപ്പാൻ ദുർല്ലഭം ചിലരേ കാണുകയുള്ളൂ. ചേന്നൻനായരെ കൊല്ലുവാനും എന്നെ ബന്ധനത്തിൽനിന്നു വിട്ടുവാനും അധികം താമസം വേണ്ടിവന്നില്ല. മേലിൽ പ്രവൃത്തിക്കേണ്ടത് ആലോചിക്കുന്നതിനിടയിൽ മാരിചൻനായർ അകത്തേക്കു കടന്നു. ഞങ്ങൾ രണ്ടുപേരും ഒരേസമയം തന്നെ അയാളെ കടന്നു പിടിച്ചു. കുറച്ചുനേരം പോരാട്ടം വേണ്ടിവന്നുവെങ്കിലും ഒടുവിൽ ഞങ്ങൾക്കു മാരിചൻനായരെ പിടിച്ചുകെട്ടാൻ സാധിച്ചു. എന്നെ കെട്ടിയ കയറുകൊണ്ടു ഞാൻ കുറെ പ്രഹരവും കൊടുത്തു.

ഞാൻ—എന്താ പണിക്കരെ! ഇത്രവരെപ്പറഞ്ഞ വമ്പൊക്കെ ഇപ്പോളെവിടെ?

പണിക്കർ—ഇക്കാലത്തു ഭീരുക്കൾക്കാണധികം ഭാഗ്യം. ഹാ! നിങ്ങൾ എന്റെ ചേന്നൻനായരെക്കൊന്നുകളഞ്ഞു അല്ലേ? അവനു കിട്ടിയത് ഒരു

കീഴൊതുക്കമില്ലാത്ത ദുഷ്ടന്നു വേണ്ട ശിക്ഷയാണ്. നിങ്ങൾ ദയ ചെയ്തു എന്നെ ഈ കിടക്കമേൽ എടുത്തു കിടത്തുമോ? എനിക്കു നിലത്തു കിടന്നു ശീലമില്ല.

പണിക്കരുടെ ആ ഗൌരവം കൂടിയ സംസാരം വാസ്തവത്തിൽ എനിക്കദ്ദേഹത്തോടു ബഹുമാനം തോന്നിക്കുകയാണ് ചെയ്തത്. ഭടന്മാരെ കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ വേഗം കണ്ടുണ്ണിനായരെ അയച്ചു.

പണിക്കർ—കയ്യളെ, നിങ്ങളുടെ ആൾക്കാരെന്നെ മര്യാദപോലെ ശുശ്രൂഷിക്കുമെന്നു വിചാരിക്കുന്നു.

ഞാൻ—നിങ്ങളുടെ ഓഫരി നിങ്ങൾക്കു തരാതിരിക്കയില്ല. അതു ചിന്തിച്ചു ഭയപ്പെടേണ്ട.

പണിക്കർ—അതു തന്നയേ എനിക്കും ആവശ്യമുള്ളു. ഞാനൊരു വലിയ തറവാട്ടുകാരനാണ്. എന്റെ അച്ഛനും ഒരു കേൾവിപ്പെട്ട ആളാണ്. രാജകോപംകൊണ്ട് എനിക്കു ചില ദോഷങ്ങൾ വന്നിട്ടുണ്ടെങ്കിലും ഞാനിപ്പോഴും ഒരു രാജാവു തന്നെയാണ്. ആവൂ! നിങ്ങളുടെ കെട്ടു വല്ലാതെ മുറുകിയിരിക്കുന്നു. കുറച്ചയച്ചുവിടുവിൻ.

പിന്നെയുണ്ടായ സംഭവങ്ങളൊന്നും വിസ്തരിച്ചിട്ടു ഫലമില്ല. പിറേറന്നു രാവിലെ ബന്ധനസ്ഥനാക്കിയ പനങ്ങാട്ടു പണിക്കരെ മുമ്പിൽ എഴുന്നള്ളിച്ചുകൊണ്ട് ഞങ്ങൾ കോട്ടയിലേക്കു യാത്രയായി. ഞങ്ങളുടെ വരവു കാത്തുകൊണ്ട് കോട്ടയിലുള്ളവർ എതിരേല്പാൻ നിന്നും ദൂരത്തു നിൽക്കുന്നുണ്ടായിരുന്നു. ഞങ്ങൾ എത്തിയപ്പോൾ കോട്ട തുറന്നു. അപ്പോൾ ഞങ്ങൾ പണിക്കരെ പിടിച്ചു മുമ്പിൽ കാണിച്ചു. അപ്പോഴേക്കും എല്ലാം മനസ്സിലായുള്ളു. അവർക്കു ഞാൻ പറഞ്ഞു ഇന്നപ്രകാരമെന്നു പറയേണ്ടിവന്നില്ലല്ലൊ. അടുത്തുണ്ടായിരുന്ന മരത്തിന്റെ കൊമ്പത്തു കയറിട്ടു പിടിച്ച് പനങ്ങാട്ടു പണിക്കരുടെ കഴുത്തിലൊരു കെട്ടു കെട്ടി. കോട്ടയിലുള്ളവർക്ക് ഞങ്ങൾ ചെയ്യുന്നതൊക്കെ മനസ്സിലാവുന്നുണ്ട്. ഉടനെ കോട്ടവാതിൽ തുറന്നു മൂന്നുപേർ അടുക്കലേക്കു വന്നു. അതിലൊരാൾ ഇങ്ങിനെ പറഞ്ഞു. "മൂപ്പത്തേഴു കോഴിക്കോടൻ ഭടന്മാർ കോട്ടയ്ക്കുള്ളിലുണ്ട്. പനങ്ങാട്ടു പണിക്കരെ തൂക്കിക്കൊല്ലുന്നതായാൽ ഈ മൂപ്പത്തേഴു പേരേയും അഞ്ചു നിമിഷത്തിന്നുള്ളിൽ ഞങ്ങൾ തറച്ചുവിടും.'

'എന്ത് മൂപ്പത്തേഴോ? അയ്യായിരം പേരുണ്ടായിരുന്നുവല്ലോ.'

'ശേഷംപേരെ കൊന്നതിന്നു ശേഷം മാത്രമേ മററുള്ളവർ കീഴടങ്ങിയുള്ളു.'

'അവരുടെ എജമാനനോ?

'അല്ലം ചില പരിക്കു പാറിയതേയുള്ളു.

കോട്ടയ്ക്കുള്ളിലുള്ള മൂപ്പത്തേഴു പേരേയും കുഞ്ഞുകുട്ടിഅമ്മയേയും ഇപ്പോൾ ഇവിടെ കൊണ്ടുവന്നാക്കിട്ടില്ലെങ്കിൽ പണിക്കരെ ഉടനെ തൂക്കിക്കൊല്ലുമെന്നു ഞാൻ പറഞ്ഞു.

പണിക്കർ—കുഞ്ഞുകുട്ടിഅമ്മയുടെ കാര്യം അവർ തന്നെ തീർച്ചപ്പെടുത്തട്ടെ.

അനന്തരം അവർ അകത്തു പോയി പണിക്കരേയും മൂപ്പത്താറു ഭടന്മാരേയും കുഞ്ഞുകുട്ടിഅമ്മയേയും കൂട്ടിപ്പുറത്തേക്കു വന്നു.

പണിക്കർ—ഇവരൊക്കെ വന്നിട്ടുള്ളല്ലൊ. കുഞ്ഞുകുട്ടിയെ വീട്ടിൽ കൊണ്ടുപോയാക്കുവാനാണ്. പിന്നെ ഒരിക്കലും നമുക്കു തമ്മിൽ കാണാനും തരമില്ല. എന്താ ഇഷ്ടം?

കുഞ്ഞുകുട്ടിഅമ്മ—നമ്മളെ തമ്മിൽ പിരിപ്പിച്ചു. തമാശിപ്പിക്കാൻ ആരാണ് ലോകത്തിലുള്ളത്?

ഇതു കേട്ടപ്പോൾ ഞാൻ കുറച്ചുനേരം ചിത്രാമഗനായായി നിന്നു. എന്താണ് കാട്ടേണ്ടതെന്ന് അറിഞ്ഞില്ല. പണിക്ക

രെ തൂക്കിക്കൊന്നാൽ മുപ്പത്താറു പേരോ സ്നേഹിതൻ പണിക്കരും ചാകയും ചെയ്യും, കുഞ്ഞുകുട്ടി അമ്മയെ കിട്ടുകയുമില്ല. സത്യവിരോധമായി പ്രവൃത്തിക്കുന്നതു ഭടന്മാൎക്കു യോജിച്ചതുമല്ല. അതുകൊണ്ടു കാൎയ്യം സാധിക്കാതെ മടങ്ങിപ്പോവാൻ തന്നെ തീൎച്ചപ്പെടുത്തി. ഈ അഭിപ്രായത്തോടുതന്നെ ഉള്ളനാട്ടുപണിക്കരും യോജിച്ചു.

പണിക്കർ — കയ്മൾ ദീൎഘായുസ്സായിരിക്കട്ടെ. മടങ്ങിച്ചെന്നാൽ മുറിയനാട്ടു നമ്പ്യാരോടു തക്ക സമാധാനം പറയുവാൻ നിങ്ങൾക്കുണ്ടാകയില്ല. പക്ഷെ, കേട്ടതു ശരിയാണെങ്കിൽ നിങ്ങളെ നമ്പ്യാർ ഇപ്പോൾ മറന്നിരിക്കണം. ഒന്നു ഞാൻ പറയാം. നിങ്ങളല്ലായിരുന്നുവെങ്കിൽ ഈ കുടുക്കിൽ നിന്ന് ഇത്ര സാമൎത്ഥ്യത്തോടെ വിട്ടു പോവാൻ സാധിക്കയില്ലായിരുന്നു. എന്നെക്കൊണ്ടിനി വല്ലതും വേണ്ടതുണ്ടോ?

ഞാൻ — രണ്ടു സംഗതി മാത്രം നിങ്ങളോടു പറയാനുണ്ട്. ഒന്നാമതു കോട്ടയിൽ മരിച്ചു കിടക്കുന്ന ഞങ്ങളുടെ കൂട്ടാളികളെ ദേശാചാരംപോലെ സംസ്കരിക്കണം. രണ്ടാമത് അഞ്ചു നിമിഷനേരം ഇവർ കാണുമ്പോലെ നമുക്കു രണ്ടുപേൎക്കു, ദ്വന്ദ്വയുദ്ധം ചെയ്യണം.

പണിക്കർ — ഒന്നാമത്തെ അപേക്ഷ വേണ്ടവിധമാവാം. രണ്ടാമത്തേതിൽ ചില ആപൽക്കടങ്ങളുണ്ട്. ഒന്നുകിൽ വളരെ യോഗ്യനായിരിക്കേണ്ട നിങ്ങളുടെ ജീവിതം നശിക്കണം. അല്ലെങ്കിൽ സംബന്ധം കഴിഞ്ഞ് അധികം ദിവസമാവാത്ത ഈ ഭാൎയ്യയേയും വിട്ടു ഞാൻ മരിക്കണം. ഇതു രണ്ടും ന്യായമായ വഴികളല്ല.

ഞാനും ഉള്ളനാട്ടു പണിക്കരും പിന്നെയൊന്നും കേൾപ്പാൻ നിന്നില്ല. ഭടന്മാരോടെല്ലാം പുറപ്പെട്ടുകൊൾവാൻ ആജ്ഞാപിച്ചു. പണിക്കരോടിങ്ങിനെ വിളിച്ചു പറഞ്ഞു:—

'ചനാട്ടു പണിക്കരെ! നാമിപ്പോൾ തമ്മിൽ പിരിയുന്നു. ഇനിയൊരവസരത്തിൽ നിങ്ങൾ ഇത്ര എളുപ്പത്തിൽ രക്ഷപ്പെടുകയില്ലെന്നു കരുതിക്കൊൾക.'

പണിക്കർ — ചങ്കരങ്കോത കയ്മളെ! നിങ്ങൾക്കു കൊച്ചിത്തമ്പുരാന്റെ കീഴിൽ സുഖമല്ലെന്ന് എന്നു തോന്നുന്നുവോ അന്നിങ്ങോട്ടു വന്നുകൊൾക. ഇവിടെ പ്രധാനപ്പെട്ട ഒരുദ്യോഗം നിങ്ങൾക്കായി ഒഴിവാക്കി വെച്ചിട്ടുണ്ട്.

---

## ഒരൊറ്റശ്ലോകം.

(കാറ്റിനെപ്പറ്റി)

ഹൃവാടംപൂക്കു [illegible]
ഭുവാളുംലോകർ [illegible]
ആവാമീവിദ്യ [illegible] പായത്ത [illegible]
പൃവാകെത്തട്ടിവീഴ്ത്തി [illegible] കടപ്പം.

പരേതനായ

# കിച്ചനർപ്രഭു അവർകൾ

ഒരു കാലത്ത് ഇന്ത്യയിലെ സർവ്വസൈന്യാധിപനായിരുന്ന് ഈ മഹാരാജ്യത്തിന്റെ രക്ഷയ്ക്കു വേണ്ടി അശ്രാന്തപരിശ്രമം ചെയ്ത ദേഹവും, ഇപ്പോൾ നടക്കുന്ന യൂറോപ്യൻ യുദ്ധത്തിൽ ബ്രിട്ടീഷു സൈന്യകാര്യദർശിസ്ഥാനം കയ്യേററ് ബ്രിട്ടീഷ് സാമ്രാജ്യത്തിന്നു ജയം വരുവാൻ വേണ്ടതൊക്കെയും ചെയ്തുവന്ന ധീരശിരോമണിയും ആയ കിച്ചനർപ്രഭു ഈ ജൂൺ 5-ാംനു വൈകുന്നേരം വടക്കെ കടലിന്റെ വടക്കുഭാഗത്തു വെച്ച് അപ്രതീക്ഷിതമായ വിധത്തിൽ കപ്പൽ മുങ്ങി മരിച്ചുപോയ വിവരം ബ്രിട്ടീഷ് സാമ്രാജ്യനിവാസികളെ മുഴുവൻ ദുഃഖസാഗരത്തിൽ മുക്കിയിരിക്കുന്നു. ഈ അവസരത്തിൽ ഈ ധീരപുരുഷന്റെ ഒരു ചുരുങ്ങിയ ജീവചരിത്രം 'മംഗളോദയ' വായനക്കാരുടെ അറിവിന്നായി ഇവിടെ പ്രസ്താവിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.



കിച്ചനർപ്രഭു 1850—1916

കിച്ചനർ പ്രഭു 1850-ൽ അയർലണ്ടുദേശത്തു ജനിച്ചു. 1870 ൽ പരന്ത്രീസ്സുകാരും ജർമ്മൻകാരും തമ്മിലുണ്ടായ യുദ്ധത്തിൽ പരന്ത്രീസ്സുകാരുടെ ഭാഗത്ത് ഒരു വളണ്ടിയരായി ചേർന്ന് ജർമ്മൻകാർക്കെതിരായി ഇദ്ദേഹം യുദ്ധം ചെയ്തു. 1871-ൽ ബ്രിട്ടീഷ് സേനയിലെ ഇഞ്ചിനീയർ വകുപ്പിൽ ഒരുദ്യോഗം ഇദ്ദേഹത്തിന്നു കിട്ടി. ആ കൊല്ലത്തിൽ തന്നെ ഏഷ്യാതുർക്കിയിലുള്ള പാലസ്തിൻ എന്ന നാട്ടിലേക്കു യാത്രയായി. അതുമുതൽ 27 കൊല്ലംകാലം പാലസ്തീനിയും ഈജിപ്റ്റിലുമായി പാർത്തുപോന്നു.

ഈജിപ്റ്റിൽ ജനറൽ ഗോർഡൻ എന്ന പ്രസിദ്ധ യോഗ്യന്റെ കീഴിൽ ജോലി നോക്കിയിരിക്കുന്ന കാലത്താണ് കിച്ചനർപ്രഭുവിന്റെ യോഗ്യതകൾ വെളിപ്പെട്ടുവാൻ തുടങ്ങിയത്. ജനറൽ ഗോർഡനു ഇദ്ദേഹത്തിന്റെ സാമർത്ഥ്യത്തെയും സ്വഭാവഗുണത്തെയും പററി വളരെ നല്ല അഭിപ്രായമുണ്ടാകയാൽ ഇദ്ദേഹത്തിന് ഉദ്യോഗത്തിൽ ക്രമേണ കയററം കിട്ടുവാനിടയായി. ഈജിപ്റ്റിന്റെ കീഴിലുള്ള സൌഡാൻ എന്ന ദിക്കിലെ ജനങ്ങൾ ഈജിപ്റ്റ് ഗവമ്മേണ്ടിന്നെതിരായി ലഹളകൂട്ടിത്തുടങ്ങിയപ്പോൾ അവരെ അമർച്ചചെയ്വാൻ

നിയോഗിച്ചതു ജനറൽ ഗോർഡനെയായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ആഗ്രഹംപോലെ ആ കാൎയ്യം സാധിക്കാതെ പോകയും അദ്ദേഹത്തിന്നു മരണം നേരിടുകയും ചെയ്തു. അനന്തരം അദ്ദേഹം തുടങ്ങിവെച്ച ആ ഭാരമേറിയ കാൎയ്യം സാധിക്കുവാൻ കിച്ചനർപ്രഭുവിനെയാണ് നിയോഗിച്ചത്. കിച്ചനരുടെ അസാധാരണമായ ബുദ്ധിചാതുൎയ്യവും തന്ത്രവും നിമിത്തം ലഹളകളെല്ലാം ക്ഷണത്തിൽ ഒതുങ്ങുകയും സൌഡാണിലെ ജനങ്ങൾ ഈജിപ്തു ഗവൎമ്മെണ്ടിന്നു കീഴടങ്ങുകയും ചെയ്തു. ഈ വിജയം നിമിത്തം ഇദ്ദേഹത്തിന്നു സൌഡാണിലെ പ്രധാനസ്ഥലമായ 'കാട്ടൂമിലെ കിച്ചനർ' എന്നൊരു വിശേഷപ്പേരു കിട്ടിയതിന്നു പുറമെ, പാർലിമെണ്ടിൽനിന്നു ഇദ്ദേഹത്തെ ഒരു പ്രഭുവാക്കി ഉയൎത്തുകയും 30000 പവൻ സമ്മാനവും ബഹുമാനസൂചകമായ ഒരു വാളും മററു പല പദവികളും നൽകുകയും ചെയ്തു.

ഈ സംഭവം കഴിഞ്ഞ ഉടനെ തന്നെ കിച്ചനർപ്രഭുവിന്റെ കീൎത്തി നാട്ടിലെങ്ങും പരക്കുവാൻ കാരണമായ കേൾവിപ്പെട്ട ബൂവർയുദ്ധം ആരംഭിച്ചു. ആ യുദ്ധത്തിൽ ബ്രിട്ടീഷ് സേനാധിപതിയായിരുന്ന റോബർട്സ് പ്രഭുവിന്റെ കീഴിൽ ഒരു പ്രധാനപ്പെട്ട ഉദ്യോഗം വഹിച്ചുകൊണ്ട് കിച്ചനർപ്രഭു തെക്കേ ആഫ്രിക്കയിലേക്കു പോയി. ആ ഘോരമായ യുദ്ധം അവസാനിക്കുന്നതിന്നു മുമ്പായി റോബർട്സ് പ്രഭുവിന്ന് ഉദ്യോഗമൊഴിഞ്ഞ് ഇംഗ്ലണ്ടിലേക്കു പോകേണ്ടി വന്നപ്പോൾ കിച്ചനർ പ്രഭു തന്നെ സേനാധിപതിയായിരുന്ന് അതിചാതുൎയ്യത്തോടെ ആ യുദ്ധം മുഴുമിക്കുകയും 1900-ൽ പരിപൂൎണ്ണമായ വിജയം നേടുകയും ചെയ്തു. ബൂവർ യുദ്ധകാലത്തു കിച്ചനർ പ്രഭു കാണിച്ചതായ ഒരു ബുദ്ധിചാതുൎയ്യത്തെ ഇന്നും ജനങ്ങൾ ശ്ലാഘിക്കുന്നുണ്ട്. ബ്രിട്ടീഷ് പട്ടാളക്കാർ പോംവഴിക്കുണ്ടായിരുന്ന ബൂവർഗ്രാമങ്ങളിലുള്ള സ്ത്രീകളെയും കുട്ടികളെയും ഒട്ടൊഴിയാതെ കൂട്ടിക്കൊണ്ടു പോയി ഒരു ദിക്കിൽ ബന്ധനത്തിൽ നിൎത്തി അവക്കു ഭക്ഷണവും മററും കൊടുത്തു രക്ഷിക്കുവാൻ കിച്ചനർ പ്രഭു കല്പന കൊടുത്തു. ഇങ്ങിനെ ചെയ്തതിന്റെ ഫലമായി ഗ്രാമവാസികളായ ബൂവർമാൎക്കു ലഹളക്കാരെ സഹായിക്കുവാൻ സാധിക്കാതെ പോകയും തന്നിമിത്തം ബൂവർയുദ്ധത്തിന്റെ ദൈൎഘ്യം കുറയുകയും ചെയ്തു. ബൂവർയുദ്ധത്തിലെ വിജയം നിമിത്തം ഇദ്ദേഹത്തിന്ന് വൈക്കൌണ്ട് എന്ന സ്ഥാനവും 50000 പവൻ സമ്മാനവും കിട്ടി.

1902-ൽ കിച്ചനർപ്രഭു ഇന്ത്യയിലെ സൎവ്വസൈന്യാധിപനായി വന്നു. പിന്നെ 1909-ൽ അന്നത്തെ വൈസ്രോയിയായിരുന്ന കർസൻപ്രഭുവുമായുണ്ടായ ചില വഴക്കുകൾ നിമിത്തം ഇന്ത്യയിൽനിന്നു മടങ്ങിപ്പോകുന്നതിന്നു മുമ്പ് ഇന്ത്യൻപട്ടാളത്തെ പല വിധത്തിലും പരിഷ്കരിച്ചു ശക്തിമത്താക്കിത്തീൎക്കുകയും ഇന്ത്യയുടെ രക്ഷക്കു വേണ്ടി സൈന്യവിഷയത്തിൽ എന്തെല്ലാം ഭേദഗതികളാണു ചെയ്യേണ്ടതെന്നാലോചിക്കുവാൻ ഇന്ത്യാരാജ്യം മുഴുവൻ സഞ്ചരിക്കുകയും ചെയ്തു. അന്ന് ഇദ്ദേഹം നമ്മുടെ പടിഞ്ഞാറെ കരയിൽ വന്നതോടുകൂടി കൊച്ചിവലിയ തമ്പുരാൻ

തിരുമനസ്സിലെ ക്ഷണമനുസരിച്ച് കൊച്ചിയിലും വരികയുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ സർവ്വസൈന്യാധിപതിയായിരുന്ന കാലത്ത് കിച്ച്നർ പ്രഭു ചെയ്ത സൈന്യപരിഷ്കാരം നിമിത്തമാണ് ഇപ്പോഴത്തെ യുദ്ധം ആരംഭിച്ച ഉടനെ യൂറോപ്പിലെ പല യുദ്ധരംഗങ്ങളിലും ഇന്ത്യൻപട്ടാളക്കാർ ധീരതയോടെ ചെന്നു യുദ്ധം ചെയ്വാൻ സംഗതിയായത്.

ഇന്ത്യയിലെ സൈന്യപരിഷ്കരണം കഴിഞ്ഞതിന്നു ശേഷം ഇദ്ദേഹം മദ്ധ്യധരണിക്കടലിലുള്ള കുടിയേററ നാട്ടുസൈന്യത്തിന്റെ തലവനായി ഒരു കൊല്ലം ഇരുന്നു. അക്കാലത്ത് ഇദ്ദേഹത്തിന്നു ഫീൽഡ് മാർഷൽ എന്ന സ്ഥാനം കിട്ടി. ഒരു കൊല്ലം കഴിഞ്ഞതിന്നു ശേഷം ഈജിപ്തിലെ ബ്രിട്ടീഷ് ഏജണ്ടായി നിയമിക്കപ്പെട്ടു. അന്ന് ഇദ്ദേഹം ഈജിപ്തിലെ ധനാഭിവൃദ്ധിയെസ്സംബന്ധിച്ച് ഏററവും പ്രയത്നം ചെയ്തിട്ടുണ്ടെന്നുള്ളതു സർവ്വസമ്മതമാണ്. ഇപ്പോൾ നടക്കുന്ന യുദ്ധം ആരംഭിക്കുന്നതു വരെയും ഇദ്ദേഹം ഈജിപ്തിൽ തന്നെയാണ് പാർത്തുവന്നത്.

ഇപ്പോഴത്തെ യുദ്ധത്തിൽ കിച്ച്നർ പ്രഭുഅവർകൾ പ്രധാനമന്ത്രിയായ മിസ്റ്റർ ആസ്ക്വിത്തിന്റെ ആവശ്യപ്രകാരം യുദ്ധകാര്യദർശിസ്ഥാനം സ്വീകരിച്ച് കാണിച്ചിട്ടുള്ള സാമർത്ഥ്യം സുപ്രസിദ്ധമാണല്ലോ. യുദ്ധകാര്യദർശിയായതിന്നു ശേഷം ഒന്നാമതു ചെയ്ത പ്രസംഗത്തിൽ 'ഇപ്പോഴത്തെ യുദ്ധം മൂന്നുകൊല്ലം കാലം നിലനില്ക്കു'മെന്ന് പറഞ്ഞിട്ടുള്ളതുകൊണ്ടു തന്നെ ഇദ്ദേഹത്തിന്റെ ദീർഘദർശനശക്തി വെളിപ്പെടുന്നുണ്ട്. ഇംഗ്ലണ്ടിൽ ആദ്യം രണ്ടുലക്ഷം കരസൈന്യങ്ങളുണ്ടായിരുന്നതു പോയി ഇപ്പോൾ 50 ലക്ഷമായത് ഇദ്ദേഹത്തിന്റെ സാമർത്ഥ്യംകൊണ്ടു മാത്രമാണ്. സൈന്യങ്ങൾക്കാവശ്യമുള്ള പീരങ്കി, തോക്ക്, ബോമ്പ്, ഉടുപ്പ്, ആഹാരസാധനങ്ങൾ, ആകാശയാനങ്ങൾ, ടെലിഫൂൺ, കമ്പിയില്ലാക്കമ്പി മുതലായ ഉപകരണങ്ങളൊക്കെയും സുലഭമായി തയ്യാറാക്കിച്ചതും ഇദ്ദേഹം തന്നെയാണ്. യുദ്ധത്തിൽ പൂർണ്ണവിജയം ലഭിക്കുന്നതിന്ന് സൈന്യസംബന്ധമായും ധനസംബന്ധമായും ഇനിയെന്തെല്ലാമാണ് ചെയ്യേണ്ടതെന്നാലോചിക്കുവാനായി റഷ്യാചക്രവർത്തിയുടെ ക്ഷണപ്രകാരം ഈ ധീരപുരുഷൻ റഷ്യയിലേക്ക് പോകുമ്പോൾ കപ്പൽ മുങ്ങി തന്റെ അറുനൂറിൽപ്പരം പരിവാരങ്ങളോടു കൂടി പരലോകം പ്രാപിച്ചതു സ്മരിക്കുവാൻ കൂടി വയ്യാത്ത ഒരു സംഭവമാണ്. ഇദ്ദേഹത്തിന്റെ മരണം നിമിത്തം ബ്രിട്ടീഷുസാമ്രാജ്യത്തിന്നു നേരിട്ടിട്ടുള്ള നഷ്ടം ഈ അവസരത്തിൽ പ്രത്യേകിച്ചും തീർത്താൽ തീരുന്നതല്ല.

---

## ഞങ്ങളുടെ വായനശാല

൧. കേരളവർമ്മാ—രണ്ടാം ഭാഗം—(സി. വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം. വില. 1. ക)

അതാതു കാലത്തു ജീവിച്ചിരിക്കുന്ന വിദ്വാന്മാർ വിവിധവിഷയങ്ങളെപ്പററി എഴുതുന്ന നല്ലനല്ല ഉപന്യാസങ്ങൾ എല്ലാ ഭാഷകളിലും ഉണ്ടായിരിക്കും. അങ്ങിനെ വിശകലിതമായി കിടക്കുന്ന ഉപന്യാ

ഭാഗങ്ങൾ തിരഞ്ഞു പിടിച്ച് വിഷയം തിരിച്ച് ചെറുതും വലുതുമായ പുസ്തകങ്ങളാക്കി പ്രസിദ്ധപ്പെടുത്തുന്നതായാൽ അവ അധികം ശോഭാവഹമാകാതിരിക്കയില്ല. നിർമ്മലങ്ങളായ മുത്തുമണികൾ ഒററപ്പൊററക്ക് കിടക്കുന്നതായാലും നല്ലവ തന്നെ. അവ ഓരോന്നും കൂട്ടിയിണക്കി മുക്താഹാരങ്ങളാക്കിത്തീർത്താലുള്ള കാന്തിയോ ഒന്നു വേറെയാണല്ലോ. കേരളത്തിലെ ഉപന്യാസങ്ങളെ സംബന്ധിച്ചേടത്തോളം നോക്കുമ്പോൾ അലങ്കാരത്തിനു മാത്രമല്ലാ, ആവശ്യത്തിനുതന്നെ ഇങ്ങിനെ ചെയ്യുന്നത് ഒഴിച്ചുകൂടാത്ത ഒരു കൃത്യമാണെന്നുവേണം പറയുവാൻ. ഈ സംഗതി ശരിയായി ധരിച്ച്, തിരുവനന്തപുരം ബി. വി. ബുക്ക് ഡിപ്പോ പ്രവർത്തകന്മാർ പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രസ്തുതപുസ്തകം കേരളഭാഷാസാഹിത്യത്തിൽ ഇയ്യിടെയുണ്ടായിട്ടുള്ള നല്ല പുസ്തകങ്ങളുടെ കൂട്ടത്തിൽ ഒന്നാകുന്നു. ഇതിൽ 'മഹച്ചരിതസംഗ്രഹ'മെന്നും 'സന്മാർഗ്ഗപ്രദീപ'മെന്നും പേരായി രണ്ടു കൃതികൾ അടങ്ങിയിരിക്കുന്നു. മഹച്ചരിതസംഗ്രഹത്തിൽ പല ദേശത്തും പല കാലത്തും ജനിച്ചു പല പ്രകാരത്തിൽ കീർത്തിനേടിയ പല മതക്കാരായ ഒരുനൂറ്റിയമ്പതോളം സ്ത്രീപുരുഷന്മാരുടെ സംക്ഷിപ്തമായ ചരിത്രമാണ് വിഷയം. സന്മാർഗ്ഗപ്രദീപത്തിലാകട്ടേ ഈശ്വരഭക്തി, മനശ്ശുദ്ധി, മുതലായി ചെറുപ്പകാലത്തേ പഠിക്കേണ്ടുന്ന സന്മാർഗ്ഗതത്വങ്ങളെ വിവരിക്കുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കൃതികളെപ്പററി ഇപ്പോൾ ഒന്നും വിശേഷിച്ച് പറയേണ്ടതായി തോന്നുന്നില്ല. പ്രസിദ്ധീകരണത്തെ സംബന്ധിച്ചു മാത്രം രണ്ടു വാക്ക് പറഞ്ഞുകൊള്ളുന്നു. മഹച്ചരിതസംഗ്രഹത്തിൽ ചിലരുടെ ചരിത്രങ്ങൾ വിശ്വവിശ്രുതനായ വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് കല്പിച്ചെഴുതിയവയും, ചിലത് തിരുവിതാംകൂർ ബുക്ക്കമ്മിററിയിലെ മെമ്പ്രന്മാരായ ചിലർ എഴുതിയവയുമാണെന്ന് 107 പേരുടെ ചരിത്രം മാത്രമടങ്ങിയ ഈ പുസ്തകം ആദ്യം പ്രസിദ്ധപ്പെടുത്തിയപ്പോൾ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടെഴുതിയ പ്രസ്താവനയിൽ കാണുന്നു. പലരുംകൂടി എഴുതിയതായ മഹച്ചരിതസംഗ്രഹം ഈ കേരളവർമ്മ ഗ്രന്ഥമാലയിൽ ചേർത്തത് "ആ തിരുമനസ്സുകൊണ്ട് കല്പിച്ചുണ്ടാക്കീട്ടുള്ള കൃതികളെല്ലാം 'കേരളവർമ്മ' എന്ന നാമധേയത്തിൽ ഒരു പുസ്തകമായി പ്രസിദ്ധം ചെയ്വാൻ തുടങ്ങിയിരിക്കുന്നു" ബി. വി. ബുക്ക് ഡിപ്പോക്കാരുടെ ഉദ്ദേശത്തിന് അനുരൂപമായോ എന്ന് സംശയമാണ്.

൨. ശ്രീകൃഷ്ണൻ— (എസ്സ്. സാംബശിവയ്യർ അവർകൾ, ശ്രീനടേശവിലാസം പ്രസ്സ്, ചാല—തിരുവനന്തപുരം.)

ശ്രീഭാഗവതപ്രസിദ്ധമായ ശ്രീകൃഷ്ണചരിതത്തിലെ ചില ഭാഗങ്ങളെ വിവരിച്ചുകൊണ്ടെഴുതിയ ഒരു പുസ്തകമാണിത്. പക്ഷേ, ശ്രീകൃഷ്ണചരിതത്തിൽനിന്ന് നമുക്ക് പഠിക്കേണ്ടുന്ന ഉപദേശങ്ങളേയും മററും പററിയ വിമർശങ്ങൾ ഇതിൽ ചെയ്തിട്ടില്ല. പുരാണപുരുഷന്മാരുടെ കഥകളിൽ പഴമയ്ക്കു വിരോധമാവാതെ ചില പുതുമകൾ വരുത്തി നല്ല മനോധർമ്മത്തോ

ട്ടുകൂടി എഴുതുന്ന ചെറുപുസ്തകങ്ങൾ വിദ്യാൎത്ഥികൾക്കത്യാവശ്യമാണ്. ആ വക പുസ്തകങ്ങളെക്കൊണ്ടുള്ള പ്രയോജനം ഇതുകൊണ്ടുണ്ടാവുമെന്നു തോന്നുന്നില്ല. വിദ്യാൎത്ഥികൾക്കുപകരിക്കേണ്ടുന്ന ഈ ജാതി പുസ്തകങ്ങളിലെ ഭാഷ വിശേഷിച്ചും ലളിതമായും തെറ്റുകൂടാതെയും ഇരിക്കണം. ഈ ചെറുപുസ്തകത്തിൽ ആ കാൎയ്യവും കുറെ മോശമാണ്. ഇതിലെ ഭാഷ തമിഴു ചുവയ്ക്കുന്ന ഒരുതരം മലയാളമാണ്. വാചകങ്ങൾക്ക് അത്യാവശ്യമായ പ്രസാദം എങ്ങും കാണുന്നില്ല. "കംസൻ ഒരു വിക്രമനാണ്", 'ആശാഭഗ്നന്മാരായി', 'ശ്രീകൃഷ്ണന്റെ അനിതരസാമൎത്ഥ്യം' ഇത്യാദികളായ അപപ്രയോഗങ്ങളും "എളുപ്പിക്ക", "ഉണ്ണദോഷിക്ക", "അകപ്പാടുകൾ" മുതലായ ദേശ്യപദപ്രയോഗങ്ങളും ഇതുപോലെ മററു പല വികൃതപ്രയോഗങ്ങളും ഈ പുസ്തകത്തിൽ സുലഭമായുണ്ട്. 'മാൎഗ്ഗക്ലേശം ലേശംപോലും ആ 'പേശലാംഗിക്ക്' വരാതെ പോകുമ്പോൾ ആകാശത്തിൽ ഒരശരീരി കേട്ടു' ഇതിലെ 'പേശലാംഗി' 'ശകാരം' കിട്ടുവാനുള്ള സൃഷ്ടിയല്ലാതെ മറെറന്താണ്? അച്ചടിത്തെററുകളാണെങ്കിൽ വരിക്കുവരിക്കു ധാരാളം കടന്നുകൂടീട്ടുണ്ട്. ആകപ്പാടെ നോക്കുമ്പോൾ, സാംബശിവയ്യർ കേരളസാഹിത്യക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ 'ശ്രീകൃഷ്ണൻ' നിത്യപൂജയും നിവേദ്യവുമില്ലാത്ത ദേവനെപ്പോലെ യാതൊരു ചൈതന്യവുമില്ലാതെയാണിരിക്കുന്നത്. ചൈതന്യമില്ലാത്ത ബിംബങ്ങളെ ജനങ്ങൾ അധികം ആരാധിക്കുമെന്നു തോന്നുന്നില്ല.

൯. പത്മിനിയും, ഭീമസിംഹന്റെ പുത്രിയും—(ഗ്രന്ഥകൎത്രി വേങ്ങയിൽ കു-ഞ്ഞിന്നമ്മാളു അമ്മ. ആവശ്യപ്പെടേണ്ടു മേൽവിലാസം ടി. കേളപ്പൻ നായർ, പുസ്തകശാല, കോഴിക്കോട്. വില [illegible]റണ)

ഈ ചെറുപുസ്തകത്തിലടങ്ങിയതു രണ്ടു സ്ത്രീകളുടെ കഥകളാണെന്നു പേരുകൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടല്ലോ. ചരിത്രപ്രസിദ്ധമായ ഒരു സംഭവത്തെ ആസ്ഥാനപ്പെടുത്തി ആ സംഭവം നടന്ന കാലത്തുണ്ടായതായി വൎണ്ണിക്കുന്ന ചരിത്രകഥക(Historical Novels)ളുടെ തോതു പിടിച്ചിട്ടാണ് ഈ രണ്ടു കഥകളും നിൎമ്മിച്ചിട്ടുള്ളത്. ഇതിൽ പത്മിനിയിലെ കഥ ഡൽഹൌസിപ്രഭു ഇന്ത്യയിൽ ഗവൎണ്ണർജനറലായിരുന്ന കാലത്തും, ഭീമസിംഹന്റെ പുത്രിയിലെ സംഭവങ്ങൾ അക്ബർ ചക്രവൎത്തി രാജസ്ഥാനത്തെ ആക്രമിച്ച കാലത്തും നടന്നതായിട്ടാണ് വൎണ്ണിച്ചിരിക്കുന്നത്. ഇതിൽ രണ്ടാമത്തെ കഥ മുമ്പൊരിക്കൽ 'മംഗളോദയ'ത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. രചനകൊണ്ടും ഭാഷകൊണ്ടും, നോക്കുമ്പോൾ ഈ ചെറുകഥകൾ വായനക്കാരെ രസിപ്പിക്കുന്നവയാണെന്നു നിസ്സംശയം പറയാം. ഈ ഗ്രന്ഥകൎത്രിയുടെ ഉത്സാഹം മേലിലും ഭഗ്നമാകാതെ നിലനില്ക്കുന്നതായാൽ നന്നായിരിക്കുമെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

മം. പ.

# മംഗളോദയം

൧൦൮൩

പുസ്തകം ൯ | മിഥുനം | ലക്കം ൩


## മംഗളം

നൂനം ചന്ദനചന്ദ്രികാദികൾമനസ്സിങ്കല്പനജ്ഞാതമാ-
മാനന്ദത്തിനുമൂലമാം,മതുമറിച്ചായാൽമറിച്ചാകുമേ
ദീനാചാരിതമിഞ്ഞിടാം,നിയതമാമാനന്ദമേകുന്നിസ്ഥല-
ജ്ഞാനത്തിൻവശമാണ,തിൻെറമൂടാംകാവ്യങ്ങളേ!മംഗളം.

കുറ്റിപ്പുറത്തു കേശവൻനായർ

## മഹാകാവ്യം



'മഹാകാവ്യം' എന്നുവെച്ചാൽ, നാനാതത്തിലുള്ള കാവ്യപ്രസ്ഥാനങ്ങളിലൊന്നാകുന്നു. സംസ്കൃതസാഹിത്യത്തിൽ പ്രാചീനകാലത്തുതന്നെ സുപ്രസിദ്ധങ്ങളായ അനേകം മഹാകാവ്യങ്ങൾ ഉണ്ട്. സാഹിത്യവിഷയത്തിൽ സംസ്കൃതഭാഷയോടു വളരെ ബന്ധമുള്ള ഇതരഭാഷകളിലും സംസ്കൃതമഹാകാവ്യരീതിയിലുള്ള മഹാകാവ്യങ്ങൾ ഉണ്ടാകാവുന്നതാണ്. എന്നാൽ, ആ വക ഭാഷകളിലൊക്കെയും സംസ്കൃതഭാഷയിലെ മഹാകാവ്യപ്രസ്ഥാനത്തിന് ഇപ്പോൾ എത്രത്തോളം പ്രചാരമുണ്ടായിട്ടുണ്ടെന്ന് ഈ സന്ദർഭത്തിൽ പര്യാലോചിക്കുന്നില്ല; മലയാളഭാഷയെ സംബന്ധിച്ചേടത്തോളം നോക്കുമ്പോൾ, ആ ഭാഷയിലെ സാഹിത്യത്തിനും സംസ്കൃതസാഹിത്യത്തിനും,

തമ്മിലുള്ള വലുതായ സംബന്ധം മഹാകാവ്യവിഷയത്തിലും അനുഗതമായിക്കാണുന്നുണ്ടു്. പ്രാചീനമലയാളത്തിന്നു സഹായമായിരുന്നതു ദ്രാവിഡഭാഷയാകയാൽ ദ്രാവിഡരീതിയേയും ദ്രാവിഡവൃത്തങ്ങളേയും അനുസരിച്ചുള്ള ഗ്രന്ഥങ്ങളാണു് മലയാളഭാഷാസാഹിത്യത്തിൽ ആദ്യം ഉണ്ടായതു്. എങ്കിലും, കാലംകൊണ്ടു മലയാളികൾക്കു മലയാളഭാഷയോടും സംസ്കൃതപണ്ഡിതന്മാരോടും സംസ്കൃതഭാഷയോടും ഉണ്ടായ അമിതമായ സംബന്ധംനിമിത്തം സംസ്കൃതവൃത്തങ്ങൾക്കും സംസ്കൃതരീതിയനുസരിച്ചുള്ള കാവ്യങ്ങൾക്കും മലയാളഭാഷയിൽ പ്രചാരമുണ്ടായിത്തുടങ്ങി. ഗദ്യപദ്യാത്മകങ്ങളായ ചമ്പുക്കൾ സംസ്കൃതത്തിലെന്നപോലെ മലയാളത്തിലും ഉണ്ടായി. ഭാഷാനൈഷധചമ്പു മുതലായ ആ വക ചമ്പൂപ്രബന്ധങ്ങൾ മലയാളസാഹിത്യത്തിൽ ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്നവയാണു്. സംസ്കൃതവൃത്തനിബദ്ധങ്ങളായ പദ്യപ്രബന്ധങ്ങളും മലയാളഭാഷയിൽ ഉണ്ടായിത്തുടങ്ങി. ചന്ദ്രോത്സവം, ഉണ്ണുനീലിസന്ദേശം, ശ്രീകൃഷ്ണചരിതം മുതലായി ആ രീതിയിലുള്ള കാവ്യങ്ങളും മലയാളഭാഷയെ ഭൂഷിപ്പിക്കുന്ന രത്നങ്ങളായിട്ടു ശോഭിക്കുന്നുണ്ടു്. എന്നാൽ സംസ്കൃതത്തിലെ മഹാകാവ്യപ്രസ്ഥാനമനുസരിച്ചുള്ളവയെന്നു നിസ്സംശയം സമ്മതിക്കപ്പെടുന്ന കാവ്യങ്ങൾ നമ്മുടെ പ്രാചീനസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ആ ഭാഗ്യം നമ്മുടെ ഭാഷയ്ക്കുണ്ടായതു അർവ്വാചീനകാലത്താകുന്നു.

കേരളകാളിദാസനെന്നു കേൾവിപ്പെട്ട മഹാകവി വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കാലം മുതല്ക്കു മലയാളഭാഷയ്ക്കു ഉൽകൃഷ്ടമായ ഭാഷാസാഹിത്യചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. അന്നു മുതൽക്കാണു് സംസ്കൃതത്തിലുള്ള വിവിധകാവ്യപ്രസ്ഥാനങ്ങൾ മലയാളത്തിലും ഉണ്ടായിത്തുടങ്ങിയതു്. അന്നു മുതൽക്കാണു് നമ്മുടെ ഭാഷയിൽ സംസ്കൃതരീതിയിലുള്ള നാടകങ്ങൾ, പ്രകരണങ്ങൾ മുതലായ ദൃശ്യകാവ്യങ്ങളും ശ്രവ്യകാവ്യങ്ങളുടെ കൂട്ടത്തിൽപ്പെടുന്ന അനേകം കൃതികളും ആവിർഭവിക്കുവാൻ തുടങ്ങിയതു്. ആ ജാതികളിലുള്ള കൃതികൾ സംസ്കൃതത്തിൽനിന്നു തർജ്ജമയായും സ്വതന്ത്രകൃതികളായും ആധുനികഭാഷാസാഹിത്യത്തിൽ ധാരാളം ഉണ്ടായിട്ടുണ്ടു്. വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കാലത്തു ബ്രിട്ടീഷുമലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു സംസ്ഥാനങ്ങളിൽ ജീവിച്ചിരുന്നു് ഇതിനിടയിൽ പരലോകം പ്രാപിച്ചവരും ഇപ്പോഴും ജീവിച്ചിരിക്കുന്നവരുമായ അനേകം കവികൾ സംസ്കൃതത്തിലെ വിവിധകാവ്യപ്രസ്ഥാനങ്ങൾക്കു മലയാളത്തിൽ പ്രചാരം വരുത്തിയവരെന്നു ഖ്യാതിയെ അർഹിക്കുന്നവരായിട്ടുണ്ടു്. എന്നാൽ, അങ്ങിനെയുള്ള മഹാകവികളിൽത്തന്നെയും ചുരുക്കംപേർ മാത്രമേ മഹാകാവ്യനിർമ്മാതാക്കന്മാരായിട്ടുള്ളു. അവരുടെ മഹാകാവ്യങ്ങൾ ഉണ്ടായതു് എത്രയും അർവ്വാചീനമായ കാലത്താണെന്നാണ്. മലയാളത്തിൽ ഇപ്പോൾ രാമചന്ദ്രവിലാസം, രുക്മാംഗദചരിതം, ഉമാകേരളം, ചിത്രയോഗം, പാണ്ഡവോദയം, കേശവീയം മുതലായി ഏതാനും സ്വതന്ത്രമഹാകാവ്യങ്ങളും, രഘുവംശം ആംഗലസാമ്രാജ്യം

മുതലായ ചില സംസ്കൃതമഹാകാവ്യങ്ങളുടെ തൎജ്ജമകളും ഉണ്ടായിട്ടുണ്ട് എന്നു സുപ്രസിദ്ധമാണല്ലൊ.

ഈ വിധം പല മഹാകാവ്യങ്ങൾ ഉണ്ടായിട്ടുകൂടി മഹാകാവ്യത്തിന്റെ ലക്ഷണത്തെയും മറ്റും വിവരിക്കുന്നതായ ഒരു അദ്ധ്യായം നമ്മുടെ സാഹിത്യശാസ്ത്രത്തിൽ ഉണ്ടാവാത്തതു തീൎച്ചയായും വ്യസനിക്കത്തക്ക ഒരു സംഗതിയാകുന്നു. ഒരു ഭാഷയിൽ സാഹിത്യഗ്രന്ഥങ്ങൾ ഉത്ഭവിച്ചുവരുന്നതോടുകൂടി ആ ഗ്രന്ഥങ്ങളുടങ്ങിയ കാവ്യപ്രസ്ഥാനത്തെ അനുശാസനം ചെയ്യുന്നതായ അലങ്കാരശാസ്ത്രഗ്രന്ഥങ്ങളും ഉണ്ടാകേണ്ടതാണ്. മലയാളഭാഷയ്ക്കു മാത്രം ഈ നിയമം ബാധകമല്ലെന്നു വരുവാൻ പാടില്ല. സംസ്കൃതഭാഷയിൽ ദൃശ്യങ്ങളും ശ്രവ്യങ്ങളുമായ പലമാതിരി കാവ്യങ്ങൾ ഉള്ളതുപോലെതന്നെ അവയുടെ ലക്ഷണനിൎവ്വചനം ചെയ്യുന്ന പല സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും ഉണ്ട്. മലയാളഭാഷയിൽ കാവ്യങ്ങളെന്നപോലെ കാവ്യ[illegible]ങ്ങളടങ്ങിയ അലങ്കാരഗ്രന്ഥങ്ങളും സംസ്കൃതത്തെ അനുസരിച്ചോ സംസ്കൃതത്തിൽനിന്ന് അല്പം ചില ഭേദഗതികളോടുകൂടി തൎജ്ജമ ചെയ്തോ ഉണ്ടാക്കിയവയാണ്. എന്നാൽ, കാവ്യങ്ങളുടെ ദൃശ്യശ്രവ്യവിഭാഗപ്രകരണം ആവക അലങ്കാരഗ്രന്ഥങ്ങളിൽ എടുത്തു കാണുന്നില്ല. മഹാകാവ്യലക്ഷണങ്ങളെ വിവരിക്കാത്തതിനെപ്പറ്റി മാത്രമല്ലൊ ഞാൻ പറയുന്നത്. സംസ്കൃതരീതിയിലുള്ള നാടകം മുതലായ ദൃശ്യകാവ്യങ്ങൾ മലയാളത്തിൽ കുറെക്കാലം മുമ്പുതന്നെ സുലഭമായിരുന്നിട്ടുകൂടി ആ പ്രകരണത്തിൽ ഒന്നും വിവരിക്കാതെയിരിക്കുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

ഈവിധം അലങ്കാരശാസ്ത്രത്തിനുള്ള ന്യൂനതനിമിത്തം വന്നുചേരുന്ന ദോഷം സാഹിത്യത്തെ ആകപ്പാടെ അലങ്കോലപ്പെടുത്തുന്നവയാകുന്നു. ഒന്നാമതു ഗതാനുഗതികന്മാരായ കേരളീയകവികൾക്കു തങ്ങളുണ്ടാക്കുവാൻ തുടങ്ങുന്ന കാവ്യത്തിനു മാതൃകയായി മറ്റൊരു കാവ്യത്തെ ആശ്രയിക്കേണ്ടതായിവരുന്നു. അല്ലാതെ ഇന്ന ജാതിയിലുള്ള കാവ്യങ്ങൾക്ക് ഇന്നിന്ന ലക്ഷണങ്ങൾ അവശ്യം വേണ്ടതെന്നു വിശദമായിപ്പറയുന്ന ലക്ഷണഗ്രന്ഥങ്ങൾ ഇല്ലല്ലൊ. തന്നിമിത്തം പല കാവ്യങ്ങളുടേയും തോത് ഒന്നായി വരുന്നതിൽ ആശ്ചൎയ്യമില്ല. സംസ്കൃതത്തിലുള്ള അലങ്കാരഗ്രന്ഥങ്ങൾ പഠിച്ചു വിവിധകാവ്യപ്രസ്ഥാനങ്ങളുടെ നിയമങ്ങൾ ശരിയായി ഗ്രഹിച്ചിട്ടുള്ള പണ്ഡിതകവികൾക്ക് ഈ ബുദ്ധിമുട്ടുണ്ടാവുന്നതല്ലായിരിക്കാം. എന്നാൽ, അങ്ങിനെയുള്ള കവികൾ ഇയ്യിടയിൽ 'കവിതകളെഴുതിക്കൂട്ടുന്ന'വരിൽ എത്രയും ചുരുക്കമാണെന്നു നിസ്സംശയം പറയാം. ഇക്കാലത്തെ കവികളിൽ സുപ്രസിദ്ധന്മാരായ ചിലരെക്കഴിച്ചാൽ ബാക്കിയുള്ളവരിൽ ഒരു വലിയ പങ്ക്,

'നന്നായുള്ളോരലങ്കാരവുമകലെവെടി-
ഞ്ഞൎത്ഥമെല്ലാമുപേക്ഷി-
ച്ചൊന്നായ്പ്രാസാദികൈവെട്ടിച്ചരമപദം
ചേൎവാൻമോഹമോടെ
ഉന്നിക്കാണുന്നഭാഷാകവികലമഖിലം
താപസപ്രായമാകുന്നു'

എന്നു ചങ്ങനാശ്ശേരി രവിവൎമ്മകോയിത്തമ്പുരാൻ പറഞ്ഞ അഭിപ്രായത്തെ അൎഹിക്കുന്നവരാണ്. എന്നാൽ ആ മഹാകവിതന്നെ 'എന്നാൽ മൌനവ്രതം താനിനിയിവർ തുടരുന്നാകിൽ നന്നായി

ണം' എന്നുപറഞ്ഞ ഉപദേശത്തെ അവരാരും കൈക്കൊള്ളുമെന്നു തോന്നുന്നതുമില്ല. ഇങ്ങിനെ, പ്രതിദിനം വൎദ്ധിച്ചുവരുന്ന കവികുഞ്ജരന്മാരുടെ ഉച്ഛൃംഖലമായ സ്വച്ഛന്ദസഞ്ചാരത്തിന്ന് ഒരു നിയമവുമില്ലാതെയാണിപ്പോളിരിക്കുന്നത്. ഇതാണ്, പരിപൂൎണ്ണമായ സാഹിത്യശാസ്ത്രത്തിന്റെ അഭാവംകൊണ്ടുള്ള ഒന്നാമത്തെ ദോഷം.

രണ്ടാമത്തെ ദോഷം, ഗ്രന്ഥനിരൂപണംചെയ്യുന്ന വിമൎശകന്മാൎക്കും വായനക്കാരായ പൊതുജനങ്ങൾക്കും കാവ്യങ്ങളുടെ മൎമ്മങ്ങളും രഹസ്യങ്ങളും അറിവാൻ വഴിയില്ലായ്കയാൽ കവികളേയും കാവ്യങ്ങളേയും സംബന്ധിച്ച പല തെററിദ്ധാരണകൾക്കും ഇടയാകയും സ്വാരസികമായ അൎത്ഥബോധത്തിന്നും രസാസ്വാദത്തിന്നും ഇടയാകാതെപോകയും ചെയ്യുന്നു എന്നുള്ളതാണ്. ഈ ദോഷത്തിന്റെ കാഠിന്യം നമുക്ക് ഊഹിക്കാവുന്നതിലും തുലോം അധികമാണ്. ദൃശ്യകാവ്യം, ശ്രവ്യകാവ്യം, മഹാകാവ്യം, ഖണ്ഡകാവ്യം എന്നൊക്കെപ്പറയുന്ന കാവ്യപ്രസ്ഥാനങ്ങളുടെ സ്വരൂപമെന്തെന്നും, അവയ്ക്കു പരസ്പരമുള്ള ബന്ധങ്ങൾ എന്തൊക്കെയാണെന്നും ധരിക്കാതെയാണ് പല വിമൎശകന്മാരും ഗ്രന്ഥനിരൂപണങ്ങളെഴുതുന്നതെന്നു പല ലക്ഷ്യങ്ങളെക്കൊണ്ടും തെളിഞ്ഞിരിക്കുന്നു. പാശ്ചാത്യകാവ്യപ്രസ്ഥാനങ്ങളുടെ തോതുപിടിച്ചിട്ടാണ് പലരും പൌരസ്ത്യകൃതികളെപ്പരിശോധിക്കുന്നതെന്നു തോന്നുന്നു. അതിന്നു കാരണം പൌരസ്ത്യകാവ്യപ്രസ്ഥാനങ്ങളെസ്സംബന്ധിച്ച ശരിയായ അറിവില്ലായ്കയാണെന്നു പറയേണ്ടതില്ലല്ലോ. മഹാകാവ്യം എന്നുവെച്ചാൽ നഗരാദിവൎണ്ണനകൾ മാത്രമാണെന്നു ധരിച്ച് ഒരു രസികൻ മഹാകാവ്യങ്ങളെ 'നെട്ടംകത്തിരയെടുപ്പി'നോട് ഉപമിച്ചുകാണിക്കുന്നു. ഒരു മഹാകാവ്യത്തിന്റെ യഥാൎത്ഥമായ സ്വരൂപം എന്താണെന്നറിയുമ്പോൾ ഈ ഉപമയുടെ അനൌചിത്യം അറിയാവുന്നതാണ്. ഇങ്ങിനെയുള്ള വിമൎശകന്മാരുടെ സഹായത്തോടുകൂടിയാണ് വിദ്യാൎത്ഥികളും മററും കാവ്യപാഠത്തിന്നു തുനിയുന്നത്. പരീക്ഷകളിലാകട്ടെ, വിദ്യാൎത്ഥികളോടു കാവ്യങ്ങളുടെ സ്വരൂപത്തെയും വിഭാഗങ്ങളേയും മററും പണ്ഡിതന്മാരായ പരീക്ഷകന്മാർ ചോദിക്കയും ചെയ്യുന്നു. അതുകൊണ്ട് ഒട്ടേറെ വിദ്യാൎത്ഥികൾ തോററുപോകയും ചെയ്യുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു നമ്മുടെ ഭാഷയിൽ കാവ്യവിഭാഗങ്ങളേയും മററും പററിയ ഗ്രന്ഥങ്ങളില്ലാത്തതുകൊണ്ടു സാഹിത്യത്തിന്നു നേരിടുന്ന ദോഷങ്ങൾ വെളിവായല്ലോ. ഈ ന്യൂനത തീൎക്കുവാൻ ശ്രമിക്കേണ്ടതു വിദ്വാന്മാരുടെ കടമയാണ്. പ്രകൃതത്തിൽ, മഹാകാവ്യം എന്ന പ്രസ്ഥാനത്തിന്റെ ലക്ഷ്യലക്ഷണനിരൂപണം ചെയ്യുന്നതിന്നാണു ഞാൻ തുടങ്ങുന്നത്. ഇതിനെസ്സംബന്ധിച്ച ഉപന്യാസങ്ങൾ ക്രമേണ 'മംഗളോദയ'ത്തിൽ എഴുതാമെന്നു വിചാരിക്കുന്നു.

കെ. വി. എം.

# കേരളത്തിലെ രക്ഷാപുരുഷന്മാർ

I

മുൻവിവരിച്ച * ആദിചേരരാജാക്കന്മാരുടെ രാജ്യഭാരം കൊല്ലവൎഷാരംഭത്തിന്നു പതിനഞ്ചോളം വൎഷശതങ്ങൾക്കു മുമ്പിൽത്തന്നെ അവസാനിച്ചുവെന്നും, പിന്നെ കുറെക്കാലത്തേക്കു കേരളത്തിൽ സമുദായഭരണമാണു നടന്നിരുന്നതെന്നും തിട്ടപ്പെടുത്തുവാനും ചില വഴികൾ കാണുന്നുണ്ട്. എങ്ങിനെയെന്നാൽ — കൊല്ലവൎഷത്തിന്നുമുമ്പു പതിനൊന്നാം വൎഷശതകത്തിന്റെ അവസാനകാലത്തിൽ, എന്നാൽ കലിവത്സരം മൂന്നാം ശതകത്തിന്റെ ആദികാലത്തിൽ, 'ആതൻ' ([illegible]) എന്നു സ്ഥാനപ്പേരുള്ള ഒരു പുതിയ ചേരരാജാവുണ്ടായതായും, ആ രാജാവു മുതൽക്കുള്ള ചേരന്മാൎക്കെല്ലാം [illegible] സ്ഥാനാരോഹണനിലയിൽ ആതൻ എന്ന വംശപ്പേർ പറഞ്ഞുവന്നിരുന്നതായും മേൽപ്പുറത്തെ തമിഴ് ഗ്രന്ഥപരിശോധനകൊണ്ടു തെളിയുന്നുണ്ട്. ആ രാജാവിന്റെ കൃതിയായിട്ടുള്ള ചില തമിഴ്ഗ്രന്ഥങ്ങളുണ്ടെന്നും പ്രസ്താവിച്ചുകാണുന്നുണ്ട്. മുടിക്കിടന്നിരുന്ന നൽച്ചേരരാജാവ് ആതൻ എന്ന ഗ്രന്ഥകാരനാമത്തോടുകൂടിയുള്ള ചില തമിഴ്കവിതകൾ പ്രസിദ്ധങ്ങളായിട്ടുമുണ്ട്. മേൽകാണിച്ച കാലത്തെ ചേരനാട്ടിന്നുള്ള വലുപ്പം കന്യാകുമാരിമുതൽ പുതുപ്പട്ടണംവരെ, എന്നാൽ തിരുവിതാംകൂറിൽപെട്ട കൊല്ലം പറവൂർ മുതൽക്കു വടക്കോട്ടുള്ള ഭാഗവും കൊച്ചിയും മലയാളജില്ലയും മാത്രമായിത്തീൎന്നിരുന്നുവെന്നു തമിഴ് ഗ്രന്ഥകാരന്മാരുടെയും അതിന്നടുത്ത കാലങ്ങളിൽ ഇവിടെ വന്നിരുന്ന വിദേശീയഗ്രന്ഥകാരന്മാരുടെയും മറ്റും വിവരണങ്ങളാൽ തെളിയിക്കുന്നു. സഹ്യന്മലക്കപ്പുറത്തുള്ള കൊങ്ങുനാട് അക്കാലത്തിന്നു മൂന്നോ നാലോ വൎഷശതകങ്ങൾക്കു മുമ്പിൽത്തന്നെ ഗംഗാവംശക്കാരനായ ഒരു രാജാവു കൈവശപ്പെടുത്തി. തുളുനാട്ടിൽ [illegible] ഹാരിതവംശരാജാക്കന്മാർ സ്ഥാനമുറപ്പിച്ചു. കൊല്ലം മുതൽ തെക്കോട്ടുള്ള ഭാഗം പാണ്ഡ്യരാജാവും കയ്യേറി. ഇങ്ങിനെയാണ് ചേരനാട് ചുരുങ്ങിപ്പോയതെന്നും പരിശോധനകളാൽ തീൎച്ചപ്പെടുത്താവുന്നതാണ്. [illegible] ണപ്രായനാട്ടുശാസ്ത്രങ്ങളാണെന്നു പറയപ്പെടുന്ന ഗംഗാവംശരാജാക്കന്മാരുടെ ചേരിയോടാണ് ആദികാലത്തു ചേൎന്നുവന്നിരുന്നതെന്നു കാണുന്ന 'ചേര' എന്ന ഉപപദം ഈ പുതിയ ചേരരാജാവു മുതൽക്കുള്ളവരുടെ പേരിന്നോടും ചേൎത്തു കാണുന്നുണ്ട്. കൊങ്ങുനാടു കേരളത്തോടടുത്തു കിടക്കുന്ന രാജ്യമായിരുന്നിട്ടും അതു കൈവശപ്പെടുത്താൻ നോക്കാതെ ആതചേരന്മാരിൽ പലരും ചോളരാജാക്കന്മാരോടും പാണ്ഡ്യരാജാക്കന്മാരോടും ഹാരിതരാജാക്കന്മാരോടും മറ്റും യുദ്ധത്തിന്നുപോയതായിട്ടും കൊങ്ങുനാട്ടിലെ ഗംഗരാജാക്കന്മാർ എപ്പോഴും ആ ചേരരാജാക്കന്മാൎക്കു സഹായം ചെയ്തിരുന്നതായിട്ടും പലയിടത്തും പ്രസ്താവിച്ചിരിക്കുന്നു. കൊങ്ങുനാട്ടിലെ രാജാക്കന്മാൎക്കെല്ലാം അ

* കേരളവും ആദിചേരന്മാരും എന്ന ലേഖനം നോക്കുക

കാലംമുതൽ കുറെക്കാലത്തേക്കു പരമ്പരയായി ഒരു ഇളംകൂർസ്ഥാനമാണുണ്ടായിരുന്നതെന്നും 'ചിലപ്പതികാരം'കൊണ്ടും 'മണിമേഖല'കൊണ്ടും കാണുന്നു. ആര്യന്മാർ ഈ പുതിയ ചേരരാജാക്കന്മാരെ ഉദോദത്തരേയും 'കേരളപുത്രൻ' എന്ന സാമാന്യനാമത്തോടുകൂടിയും മററു വിദേശീയന്മാർ ആ പദത്തിന്റെ വികാരമാണെന്നൂഹിക്കാവുന്ന ചില ശബ്ദങ്ങളെക്കൊണ്ടുമാണ് നിർദ്ദേശിച്ചിരുന്നതെന്നും പല ലക്ഷ്യങ്ങളാലും സ്പഷ്ടമാകുന്നു. അതിനുംപുറമെ ക്രിസ്തുവത്സരാരംഭത്തിനു മുമ്പു നാലാം നൂററാണ്ടായ കലി 28-ാം വർഷശതകത്തിൽ വലിയ ശക്തനായ 'അലക്സാണ്ടർ' എന്ന യവനചക്രവത്തി വടക്കെ ഇന്ത്യയിൽ ചില ഭാഗങ്ങൾ ആക്രമിക്കയും ഉടൻ മടങ്ങിപ്പോകയും അതിനുശേഷം കലി 2795 നും 2810 നും ഇടക്കു 'സെലൂക്കസ്സ് നിക്കേറർ' എന്നാളുടെ ദൂതനായി 'മെഗസ്തനിസ്സ്' എന്നൊരാൾ പാടലിപുത്രരാജധാനിയിലേക്കു വരികയും ചെയ്തിട്ടുണ്ടെന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. ഈ മെഗസ്തനിസ്സ് തെക്കെ ഇന്ത്യയെപ്പററിയും ചില വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നുണ്ട്. അതിൽ തെക്കെ ഇന്ത്യയിൽ അക്കാലത്തുണ്ടായിരുന്ന രാജാക്കന്മാരെക്കുറിച്ചു പ്രസ്താവിക്കുന്ന കൂട്ടത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"ചിന്നെ ഒട്ടംബരേ, സാതഭോഗ്രേസ്സാ, ഹോർട്ടാ എന്നെല്ലാം പറയുന്ന രാജ്യമാണ്. ഈ രാജ്യത്തു വളരെ വിശേഷപ്പെട്ട പട്ടണമുണ്ട്. പട്ടണത്തിനു ചാറും ആഴമുള്ള കിടങ്ങുകളും അതിൽ നിറച്ച് ആലംപ്പിടിയൻ മുതലകളുമുണ്ട്. പട്ടണത്തിനുള്ളിലേക്കു കടപ്പാൻ ഒരു ഭാഗത്തുമാത്രം കിടങ്ങിന്റെ മീതെ വലിയ ഒരു കെട്ടുപാലമുള്ളതല്ലാതെ മറെറാരു മാർഗ്ഗവുമില്ല. ആ രാജ്യത്തു തന്നെ 'ആരോറാമേല' എന്ന പേരായി വിശേഷപ്പെട്ട മറെറാരു പട്ടണവുമുണ്ട്. ആ പട്ടണം അഞ്ചു നദികൾ വന്നുകൂടുന്ന ഒരു സ്ഥലത്താണ്. അവിടെ വിദേശരാജ്യങ്ങളുമായി കച്ചവടം നടത്തുന്നതിനു നല്ല സൌകര്യവുമുണ്ട്. ഈ രാജ്യത്തെ രാജാവ് 1600 ആനപ്പടയും 150000 കാലാൾപ്പടയും 5000 കുതിരപ്പടയും ഉള്ള ആളാണ്. ഈ രാജ്യം കഴിഞ്ഞാൽ പിന്നെ പാവപ്പെട്ട 'ചാമേ്മാ' രാജാവിന്റെ രാജ്യമായി. ആ രാജാവിനു 60 ആനകളേ ഉള്ളു. എന്നു മാത്രമല്ല, ആ രാജാവിന്റെ ശക്തി മറെറാരുവിധത്തിലും നിസ്സാരമായിത്തീൎന്നിരിക്കുന്നു. പിന്നത്തെരാജ്യം 'പാണ്ഡ്യാ' ആണ്. ഇന്ത്യയിൽ ഈ ഒരു രാജ്യം മാത്രമേ സ്ത്രീകൾ ഭരിക്കുന്നതായിട്ടുള്ളു. ഹേർക്കുലസ്സിനു* ഒരു പുത്രിമാത്രമേ ഉണ്ടായിട്ടുള്ളു എന്നും അതുനിമിത്തം ആ പുത്രിയിൽ അതിയായ വാത്സല്യമുണ്ടായിരുന്നു എന്നും ഉത്തമമായ ഒരു രാജ്യം ഹേർക്കുലസ്സ് മകൾക്കായി കൊടുത്തതാണെന്നും ആ നാട്ടുകാർ പറയുന്നു. അവിടത്തെ രാജ്ഞിയുടെ പിന്തുടച്ചക്കാർ 300 പട്ടണങ്ങൾ ഭരിക്കുന്നുണ്ട്. അവിടെ 150000 കാലാൾപ്പടയും 500 ആനപ്പടയുമുണ്ട്."

മെഗസ്തനിസ്സിന്റെ മേൽപ്പറഞ്ഞ വിവരണത്തിൽ കാണുന്ന ഒട്ടംബരേ, സാതഭോഗ്രേസ്സാ, ഹോർട്ടാ, ആരോറാമേല, ചാ

* ഗ്രീക്കുകാരുടെ ഒരു ദൈവമാണ് ഹേർക്കുലസ്സ്. ഈശ്വരൻ എന്നു താല്പര്യം.

ഭ്രമ്മാ, പാണ്ഡ്യാ എന്ന ശബ്ദങ്ങൾ ക്രമത്തിൽ ചൂതശംബര, സത്യപുത്ര, ഹാരീത, ആറുമല, ചേരമാൻ, പാണ്ഡ്യ എന്ന പദങ്ങളുടെ വികൃതരൂപങ്ങളാവാനേ വഴിയുള്ളു. 'കേതലപുത്ര' എന്ന പദത്തെ 'പ്ലിനി' എന്ന പഴയ വിദേശഗ്രന്ഥകാരനും മററും കേളബോത്രോ, കേപ്രബോത്ര എന്നെല്ലാമുള്ള വികൃതരൂപത്തിലാക്കിക്കാണുന്നതുതന്നെ ഇങ്ങിനെ ഊഹിപ്പാൻ മതിയായ ദൃഷ്ടാന്തമായിട്ടുണ്ട്. ഹാരീതവംശക്കാരായ ബനവാസിയിലെ രാജാക്കന്മാൎക്ക് ആ വംശത്തിലുണ്ടായ ചിലരുടെ പ്രാധാന്യംനിമിത്തം ചൂതശംബരവംശക്കാരെന്നും സത്യപുത്രന്മാരെന്നും പേരുകളുണ്ടായിരുന്നുവെന്നൂഹിപ്പാൻ അശോകശാസനം മുതലായി ചില ലക്ഷ്യങ്ങൾ തന്നെയുമുണ്ട്. ഈ വഴിക്കു നോക്കുമ്പോൾ ഹാരീതരാജാക്കന്മാരുടെ രാജ്യവും പാണ്ഡ്യരാജ്യവും അക്കാലത്തു വലിയ ഉൽകൃഷ്ടസ്ഥിതിയിലായിരുന്നുവെന്നും, പാണ്ഡ്യരാജ്യം ഒരു രാജ്ഞിയാണ് ഭരിച്ചിരുന്നതെന്നും, ചേരരാജ്യം വളരെ അധോഗതിയെ പ്രാപിച്ചിരുന്നതിനു പുറമെ അവിടെ രാജാവിന്റെ ശക്തിക്കെതിരായി ചില ശക്തികൾതന്നെയും ഉണ്ടായിരുന്നുവെന്നും മെഗാസ്തനിസ്സിന്റെ വിവരണത്താൽ തെളിയുന്നതാണല്ലൊ. ഈ വക സംഗതികളോടുകൂടി കേരളത്തെ ആദികാലങ്ങളിൽ രക്ഷാപുരുഷന്മാരായ ബ്രാഹ്മണരും പിന്നെ പരദേശത്തുനിന്നു കൊണ്ടുവന്ന പല പെരുമാക്കന്മാരും ഭരിച്ചുവന്നിരുന്നു എന്നും മററും കേരളീയരുടെയിടയിൽ പ്രബലമായി പ്രസിദ്ധപ്പെട്ടുകിടക്കുന്ന ഐതിഹ്യവും കേരളോല്പത്തിയിൽ കാണുന്ന ആ വക കഥകളിലെ ചില അംശങ്ങളും കൂടിച്ചേൎത്തു നോക്കിയാൽ താഴെ പറയുന്നവിധം അനുമിക്കാവുന്നതാണ്:—

ആദിചേരരാജാക്കന്മാരുടെ വംശം കൊല്ലവൎഷാരംഭത്തിന്ന് ആയിരത്തഞ്ഞൂറു വത്സരത്തോളം മുമ്പിൽത്തന്നെ ആളില്ലാതായിട്ടോ മറേറാ അവസാനിച്ചു. കൊങ്ങുനാടുമുഴുവനും അക്കാലത്തുതന്നെ ഒരു ഗംഗവംശരാജാവിന്റെയും തുളുനാടും കുടകും ഹാരീതവംശരാജാവിന്റെയും അധീനത്തിലായി; മലനാട്ടിൽ സമുദായരാജ്യഭരണവും തുടങ്ങി. * ഈ സമുദായഭരണത്തെ സംബന്ധിച്ച് ആൎയ്യബ്രാഹ്മണരായ നമ്പൂതിരിമാരും അവർ കേരളത്തിൽ വരുന്നതിന്നു മുമ്പുതന്നെ ഇവിടെ കുടിയേറിപ്പാൎത്തിരുന്ന നാഗവംശക്കാരും തമ്മിൽ ആദികാലത്തു ചില വഴക്കുകളുണ്ടാ

* മഹാബലിവംശക്കാരും, പാണരും ആദിചേരന്മാരുടെ ഒരു വംശശാഖയായിരിക്കാമെന്നൂഹിക്കാവുന്നവരായ ഒരു പ്രളകട്ടംബക്കാർ ഏകദേശം കൊല്ലവൎഷാരംഭകാലംവരെ കൊങ്ങുനാട്ടിലുണ്ടായിരുന്നുവെന്നും, അവർ ഗംഗവംശക്കാരാൽ കീഴടങ്ങിയ സാമന്തരാജാക്കന്മാർ മാത്രമായിരുന്നുവെന്നും ചില ലക്ഷ്യങ്ങളാൽ കാണുന്നുണ്ട്. 'മണിമേഖല'യിൽ പറയുന്ന 'നെടുമുടിക്കിള്ളി' എന്ന ചോളരാജാവിന്റെ രാജ്ഞിയായ 'പീലിവളൈ' ഈ പ്രളകട്ടംബത്തിൽ ജനിച്ച ആളാണെന്നും ഒരഭിപ്രായമുണ്ട്. കൊല്ലവൎഷാരംഭത്തിനടുത്ത കാലത്ത് ഇവർ ഒന്നു തലപൊക്കി ഗംഗവംശക്കാരെ തെറിപ്പിച്ചതായും 'ചോളാന്തകൻ' എന്നപേർ കൊണ്ട 'വീരനാരായണൻ' എന്ന ചോളരാജാവ് ആ യുദ്ധത്തിൽ പ്രവേശിച്ചു മഹാബലിവംശത്തെ ഉന്മൂലനം ചെയ്തു ഗംഗവംശക്കാരുടെ പ്രാബല്യം സ്ഥിരപ്പെടുത്തിയതായും ആ ചോളന്റെ ഒരു ശിലാശാസനത്തിൽ കാണുന്നതുമുണ്ട്.

യി. അതിൽ ആദ്യം നാഗവംശക്കാർ ജയിച്ചുവെങ്കിലും ആൎയ്യബ്രാഹ്മണർ ക്രമേണ നാഗന്മാരിൽ പലരേയും നയംകൊണ്ടും ബന്ധുതകൊണ്ടും സ്വാധീനപ്പെടുത്തിയും ചിലൎക്കു തുല്യപ്രാഭവംതന്നെ അനുവദിച്ചു വശീകരിച്ചും തങ്ങളിൽത്തന്നെ പലരും ആയുധാഭ്യാസം സ്വീകരിച്ചും ഒടുവിൽ പ്രബലന്മാരായിത്തീൎന്നു. പിന്നെയും കീഴടങ്ങാത്ത ചിലരെ ബലാൽകാരംകൊണ്ടും കീഴടക്കി. പ്രാബല്യം സ്ഥിരപ്പെടുത്തിന്നുശേഷവും സമാധാനരക്ഷയ്ക്കുവേണ്ടി ഓരോരോ വൎഗ്ഗക്കാരുടെ പ്രത്യേകപ്രതിനിധികളെന്ന നിലയിൽ രക്ഷാപുരുഷന്മാരായ തളിയാതിരിമാരെ അവരോധിച്ചു. അവരും പ്രധാനമന്ത്രിയുംകൂടി ഭരണം നടത്തുന്നതിന്നും നിശ്ചയിച്ചു. രക്ഷാപുരുഷന്മാൎക്കു മുമ്മൂന്നു സംവത്സരം കൂടുമ്പോൾ മാററവും ഏൎപ്പെടുത്തി. ഇങ്ങിനെ മൂന്നോ നാലോ വൎഷശതകങ്ങൾ കഴിഞ്ഞപ്പോഴെക്കു് ആദ്യമുണ്ടായിരുന്ന സമ്പ്രദായമെല്ലാം തിരെ മാറിപ്പോയി. രക്ഷാപുരുഷന്മാരായ തളിയാതിരിമാൎക്കു് ഓരോരുത്തൎക്കും തൻകാൎയ്യമായിത്തീൎന്നു. മൂന്നുസംവത്സരംകൊണ്ടു് എത്രത്തോളം പണം സ്വന്തമാക്കാൻ സാധിക്കുമെന്നുമാത്രം അവർ നോക്കിത്തുടങ്ങി. പലമാതിരി അന്തച്ഛിദ്രങ്ങൾ ബ്രാഹ്മണർതമ്മിൽതന്നെയും ഉണ്ടായിരുന്നു. നാട്ടുകാൎക്കുപദ്രവം വൎദ്ധിച്ചു. ഭരണകൎത്താക്കന്മാൎക്കെതിരായി ചില ശക്തികളും ഉത്ഭവിച്ചു. രാജ്യഭരണം കഴിഞ്ഞ രക്ഷാപുരുഷന്മാരുടെ വംശക്കാരായ ബ്രാഹ്മണപ്രഭുകുടുംബക്കാർ തന്നെ അപ്പോഴത്തെ ഭരണകൎത്താക്കന്മാൎക്കു വിപരീതമായ ശക്തിയിൽ പ്രധാനന്മാരായിത്തീൎന്നതോടുകൂടി ഭരണകൎത്താക്കന്മാരും മന്ത്രിയും ഒരുഭാഗത്തും നാട്ടുകാർ മറുഭാഗത്തുമായി മത്സരവും തുടങ്ങി. അങ്ങിനെ അല്പകാലം കഴിഞ്ഞപ്പോൾ നിവൃത്തിയില്ലാതെ എല്ലാവരുംകൂടി ഒരു പുതിയ രാജാവിനെ കൊണ്ടുവരുവാൻ തീൎച്ചപ്പെടുത്തി. ചേരരാജ്യത്തിന്റെ ഒരു ഭാഗമായിരുന്ന കൊങ്ങുനാടു് അക്കാലത്തു ഭരിച്ചുവന്നിരുന്ന ഗംഗവംശരാജാക്കന്മാരിൽ ഒരാളെത്തന്നെ മലനാട്ടുപെരുമാളാക്കി സ്വീകരിച്ചു. ചേരനാട്ടിലെ രാജാവു് എന്നൎത്ഥത്തിൽ ആ രാജാവുമുതൽക്കുള്ള പെരുമാക്കന്മാരെയും ചേരരാജാക്കന്മാരെന്നു പറഞ്ഞുവരികയും ചെയ്തു. ഒരു രാജാവുവന്നു കയ്യേറുന്നതായാൽ തങ്ങൾക്കു യാതൊരധികാരവും സിദ്ധിക്കല്ലെന്നും തങ്ങൾതന്നെ രാജാവിനെ സ്വീകരിക്കുന്നതായാൽ അല്പം ചില ഗുണമെങ്കിലും ഉണ്ടാകുമെന്നും ആക്കാലത്തെ രക്ഷാപുരുഷന്മാർ കരുതിട്ടായിരിക്കാം അവരും ഒരു രാജാവിനെ ക്ഷണിച്ചു വാഴിപ്പാൻ സമ്മതിച്ചു തീൎച്ചയാക്കിയതെന്നും ചേരരാജാക്കന്മാരുടെ കാലത്തു രക്ഷാപുരുഷന്മാൎക്കുണ്ടായിരുന്ന സ്ഥിതിയുടെ വിവരണങ്ങളിൽനിന്നൂഹിക്കാവുന്നതാണു്.

എ. കെ. പി.

# കാലപൎവ്വതം.

## നാലാമധ്യായം

### മന്ത്രണ.

സന്ധ്യയ്ക്കുള്ള പ്രാൎത്ഥന കഴിഞ്ഞശേഷം, സൊലേമാനചക്രവൎത്തി അന്തഃപുരത്തിൽ പ്രവേശിച്ചു. ബേഗമസാഹേബാ സ്വന്തം കൈകൾകൊണ്ടുതന്നെ അദ്ദേഹത്തിന്ന ശുശ്രൂഷകൾ ചെയ്തുതുടങ്ങി. ബേഗമയുടെ സന്തോഷാധിക്യം കണ്ടപ്പോൾ അന്ന് അവൾക്ക് എന്തോ വിശേഷിച്ച പറവാനുണ്ടെന്ന ചക്രവൎത്തിക്ക മനസ്സിലായി. 'ഇന്ന ഗംഗയിലെ പ്രവാഹം കണ്ടുവോ' എന്ന് അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു.

ബേഗമ— ചന്ദ്രൻ ഉദിച്ചിരിക്കുന്നു എന്നു കേട്ടു.

ചക്രവൎത്തി— ചന്ദ്രൻ ദിവസേന ഉദിക്കുന്നുണ്ടല്ലോ. പ്രവാഹം നിത്യവുമുണ്ടോ?

ബേഗമ— ഇന്ന തിഥി എന്താണ്?

ചക്രവൎത്തി— ഞാനും തിഥിയുടെ കാൎയ്യം തന്നെയാണ് പറയുന്നത്. വൎത്തമാനങ്ങൾ എന്തെല്ലാമാണ്?

ബേഗമ— ഞാൻ എന്താണ് പറയേണ്ടത്? അന്യന്മാരുടെ വൎത്തമാനങ്ങൾ പറഞ്ഞതുകൊണ്ടു കാൎയ്യമായില്ലല്ലോ. വീട്ടിലെ കാൎയ്യം കൂടി നോക്കണ്ടേ? മകളുടെ വിവാഹം കഴിഞ്ഞില്ലല്ലോ!

ചക്രവൎത്തി— ദുലാൎയ്യിക്ക് അനുരൂപനായ ഒരു വരനെ കണ്ടുകിട്ടാഞ്ഞതുകൊണ്ടല്ലേ വിവാഹം നടക്കാത്തത്? ഗൌഡദേശത്തിൽ യോഗ്യനായ ഒരുവനെ ഞാൻ കണ്ടില്ല.

ബേഗമ— അനുരൂപനായ വരനെ ഞാൻ കണ്ടുവെച്ചിട്ടുണ്ട്. അങ്ങു മാപ്പു തരുന്നപക്ഷം ഞാൻ ആളെ പറയാം.

ചക്രവൎത്തി— നല്ലത്. അവൾ നിന്റെ മകളാണ്. മകൾക്കു തക്ക വരനാണെന്ന നിനക്ക് ആരെയെങ്കിലും ബോദ്ധ്യപ്പെട്ടാൽ അത് ഏററവും നന്നായി. അവൻ ആരാണെന്ന് എനിക്ക കേൾക്കാമോ?

ബേഗമ— അങ്ങയുടെ രാജധാനിയുടെ അദ്ധ്യക്ഷനായ കാലചാന്ദരായൻ തന്നെ.

'എന്താണ് പറയുന്നത്' എന്നു പറഞ്ഞു ചക്രവൎത്തി കുറച്ചുനേരം മൌനമായിരുന്നു. കുറെനേരം എന്തോ ആലോചന ചെയ്തതിന്റെ ശേഷം അദ്ദേഹം പറഞ്ഞു.— 'പ്രിയേ! കാലചാന്ദൻ വീരനും വിശാലമനസ്കനും സുന്ദരനും സൽകുലജാതനും ആണ്. അവൻ യോഗ്യനും ദുലാൎയ്യിക്ക ഒത്ത വരനുമാണെന്നുള്ളതിന്ന സംശയമില്ല. എന്നാൽ, അവൻ ഹിന്തുവാണ്. ബ്രാഹ്മണനാണ്. പട്ടാണിയുടെ

മകളെ വിവാഹം ചെയ്യാൻ അവന്ന് ആഗ്രഹമുണ്ടാകുമോ? അങ്ങിനെ വിവാഹം ചെയ്യുന്നതായാൽ അയാൾ മുസൽമാൻമതം സ്വീകരിക്കേണ്ടിവരും.'

'പട്ടാണികളും ഹിന്തുക്കളും തമ്മിൽ ഇതിന്നുമുമ്പു വിവാഹങ്ങൾ നടന്നിട്ടില്ലെ' എന്നു ബേഗമ ചോദിച്ചു. ചക്രവൎത്തി ചിരിച്ചുംകൊണ്ടു പറഞ്ഞു. 'വിവാഹങ്ങൾ നടന്നിട്ടുള്ളതു ശരിയാണ്' എങ്കിലും—'

ബേഗമ—'എങ്കിലും എന്നു പറഞ്ഞിട്ടു കാൎയ്യമില്ല. ഈ വിവാഹം നടത്താതെ കഴിയുമെന്നു തോന്നുന്നില്ല. ദുലാളി അവളെ അയാൾക്കു സമൎപ്പിച്ചുകഴിഞ്ഞിരിക്കുന്നു.'

'ആരാണ് പറഞ്ഞതു്' എന്നു പറഞ്ഞു ചക്രവൎത്തി ഞെട്ടിപ്പോയി. അദ്ദേഹം അത്ഭുതത്തോടെ ചോദിച്ചു. 'കാൎയ്യം ഇത്രത്തോളമായൊ?'

ബേഗമ ചിരിച്ചുംകൊണ്ടു പറഞ്ഞു— 'ഈ കാൎയ്യം ഞാൻ വിചാരിക്കുന്നതിലധികം കവിഞ്ഞിരിക്കുന്നു'.

ചക്രവൎത്തി— അതെന്താണ്?

ബേഗമ— രാജധാനിയുടെ മതിലിന്നരികെയുള്ള വഴിയിൽക്കൂടി കാലചാന്ദൻ ദിവസേന മഹാനന്ദയിലേക്കു കുളിക്കാൻ പോയിരുന്നു. ദുലാളി അവനെ കണ്ടു മതിമറന്നിരിക്കുന്നു. എന്നു മാത്രമല്ല, അയാളെതന്നെ ഭൎത്താവായി വരിക്കുന്നതാണെന്ന് അവൾ സത്യം ചെയ്തിരിക്കുന്നു.

ചക്രവൎത്തി ആശ്ചൎയ്യത്തോടുകൂടി പറഞ്ഞു— ആരാണ് പറഞ്ഞതു്?

ദുലാളിയുടെ സഖിയായ മോതിയയാണ് പറഞ്ഞതു്' എന്നു ബേഗമ ഉത്തരം പറഞ്ഞു.

ചക്രവൎത്തി—'പട്ടാണിയുടെ മകൾ ഹിന്തുവിനെ കണ്ടു തന്നെത്താൻ മറന്നുപോയി എന്നാണോ പറയുന്നതു്?

ബേഗമ— ഹിന്തുക്കളുടെ പുത്രിമാൎക്കു പട്ടാണികളെക്കണ്ടു മതി മറക്കാമെങ്കിൽ പട്ടാണികളുടെ പുത്രിമാൎക്കു ഹിന്തുക്കളെക്കണ്ടു മതിമറക്കാൻ പാടില്ലെന്നുണ്ടോ? പ്രേമം ഇന്ന ജാതിയിലേ പാടുള്ളു എന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

ചക്രവൎത്തി ചിരിച്ചുതുടങ്ങി. കുറച്ചുനേരം കഴിഞ്ഞശേഷം അദ്ദേഹം ഗംഭീരഭാവത്തോടുകൂടി പറഞ്ഞു. 'ദുലാളിയുടെ ഈ അഭിപ്രായം മാററാൻ കഴിയില്ലെ?'

ബേഗമ— ഒരിക്കലും കഴിയുന്നതല്ല, പ്രഭോ! ഞാൻ അതിന്നു കഴിയുന്ന യത്നം ചെയ്യാതിരുന്നിട്ടില്ല. മഹാനന്ദയോടു തിരിച്ചു പൎവ്വതത്തിലേക്ക് ഒഴുകേണമെന്നു പറഞ്ഞാൽ അതു അപ്രകാരം ചെയ്യുമൊ? പിന്നെ ദുലാളിയാവട്ടെ അപാത്രത്തിൽ ഒരിക്കലും ആത്മസമൎപ്പണം ചെയ്യുന്നവളല്ല.

ചക്രവൎത്തി—അതു ശരിയാണ്. എന്നാൽ ജാതിയെപ്പററി ആലോചിക്കണ്ടെ?

ബേഗമ— (ചിരിച്ചുംകൊണ്ടു) ഈ കാൎയ്യത്തിൽ ജാതിയെക്കുറിച്ച് ആരാണ് വിചാരിക്കാറുള്ളതു്?

ചക്രവൎത്തി—മകൾ ജാതിയെക്കുറിച്ചു കാൎയ്യമായി വിചാരിക്കുന്നില്ലെങ്കിലും കാലചാന്ദൻ ജാതിയെ വകവെയ്ക്കാതിരിക്കുമൊ?

ബേഗമ— അയാൾ വകവെച്ചാലാവട്ടെ വകവെച്ചില്ലെങ്കിലാവട്ടെ,

ലാളിയെപ്പോലെ ഒരുവളെ വിവാഹം ചെയ്യുന്നവൻ എത്ര ഭാഗ്യവാനായിരിക്കണം! സമ്പത്ത്, സൌന്ദൎയ്യം, ബുദ്ധിമാനം മുതലായി മനുഷ്യന്റെ മനസ്സിനെ വശീകരിക്കത്തക്ക സകല ഗുണങ്ങളും അവൾക്കുണ്ട്. അതിന്നു പുറമെ ഭാവുരീവംശവുമായിട്ടുള്ള ബാന്ധവം ഇപ്പോൾ നടാടെ തുടങ്ങുന്നതല്ലെന്നു ലക്ഷ്യങ്ങൾകൊണ്ടു കാണാവുന്നതുമാണ്.

ചക്രവൎത്തി—(ചിരിച്ചുംകൊണ്ടു) ഓ! ഇപ്പോൾ ലക്ഷ്യങ്ങൾ നോക്കാനുള്ള സമയമാണോ? നാം ലക്ഷ്യങ്ങൾക്കു വകവെച്ചാലും അവയെ ഹിന്തുക്കൾ വകവെക്കുന്നതല്ല. ദുലാളിക്കു കാലചാന്ദന്റെ മേൽ പ്രേമമുണ്ടെങ്കിലും അയാളുടെ മനസ്സ് എന്താണെന്ന് ആൎക്കറിയാം? അയാൾ ദുലാളിയെ കാംക്ഷിക്കുന്നുണ്ടെങ്കിൽ യാതൊരു തകരാറും ഇല്ല.

ബേഗമ— കാലചാന്ദൻ ദുലാളിയെ കണ്ടിട്ടുണ്ടായിരിക്കയില്ല. കണ്ടാൽ എങ്ങിനെ വരുമോ എന്നു പറയാനും കഴിയില്ല. എന്നാലും ഞാൻ ആരെ കാംക്ഷിക്കുന്നുവോ അവൻ എന്നെ കാംക്ഷിക്കാതെ എത്ര ദിവസം കഴിച്ചുകൂട്ടും? പ്രേമം സകലത്തിനേയും ജയിക്കുന്നതാണ്. കാലചാന്ദനു ദുലാളിയെ ഇഷ്ടമില്ലെങ്കിലും ഒടുക്കം സ്നേഹിക്കേണ്ടതായി വരും. എന്തെന്നാൽ അവൻ മനുഷ്യനല്ലേ? കല്ല് അല്ലല്ലോ. കല്ലുംകൂടി പ്രേമംകൊണ്ട് അലിയുന്നതാണ്.

ചക്രവൎത്തിയുടെ മുഖം ഗംഭീരമായിത്തീൎന്നു. അദ്ദേഹം എന്തോ ആലോചിച്ചുതുടങ്ങി. കുറെ കഴിഞ്ഞശേഷം ഇങ്ങിനെ പറഞ്ഞു — 'പ്രിയേ! ഇതു വലിയ ദുൎഘടമായ ഒരു കാൎയ്യമാണ്. കാലചാന്ദൻ മുസൽമാനാകാത്തപക്ഷം ഈ വിവാഹം നടക്കാത്ത കാൎയ്യമാണ്. എന്തുകൊണ്ടെന്നാൽ, ദുലാളിക്ക് ഹിന്തുവാവാൻ കഴിയുന്നതല്ല. കാലചാന്ദൻ സ്വന്തം മനസ്സാലേ മുസൽമാൻ മതം സ്വീകരിക്കാത്തപക്ഷം ഞാൻ ബലാല്ക്കാരമായി നയനചാന്ദന്റെ മകന്റെ ജാതി കളഞ്ഞു എന്നു ജനങ്ങൾ എന്നെ നിന്ദിക്കും.

ബേഗമ— ഞാൻ അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. കാലചാന്ദൻ മുസൽമാനാവേണമെന്നു നിൎബ്ബന്ധമില്ല. അയാൾ ദുലാളിയെ ധൎമ്മപത്നിയായി സ്വീകരിക്കട്ടെ. അതു മുസലിയാരുടെ മന്ത്രംമൂലമോ, ബ്രാഹ്മണന്റെ മന്ത്രംമൂലമൊ ആവുന്നതിന്നു വിരോധമില്ല. അതുകൊണ്ടു ദോഷമൊന്നും വരാനില്ല.

ചക്രവൎത്തി—അത് ഉണ്ടാവാത്ത കാൎയ്യമാണ്.

ബേഗമ—ഒരിക്കലുമല്ല. പ്രഭോ! ഗൌഡചക്രവൎത്തിയുടെ കല്പനയുണ്ടെങ്കിൽ ദുലാളിയുടെ വിവാഹമന്ത്രം ചൊല്ലാൻ പുരോഹിതന്മാർ ഉണ്ടാവാതെ വരുന്നതല്ല.

ചക്രവൎത്തി—വിവാഹം കഴിഞ്ഞു എന്നിരിക്കട്ടെ. അതിന്റെ പരിണാമം എന്തായിരിക്കും?

ബേഗമ—പരിണാമമൊ! കാലചാന്ദൻ ഗൌഡചക്രവൎത്തിയുടെ ജാമാതാവായിത്തീരും. നയനചാന്ദന്റെ മകനായ കാലചാന്ദനു ബ്രാഹ്മണനായിത്തന്നേ ഇരിക്കാൻ കഴിഞ്ഞാൽ നല്ലതുതന്നെ. അല്ലെങ്കിൽ ദുലാളിയെക്കൂടി ഹിന്തുമതത്തിൽ ചേൎത്തു ഹിന്തുക്കൾ ഒ

വളെ ഹിന്ദുവായി സ്വീകരിക്കുന്നതായാൽ അതുകൊണ്ടും ദോഷമില്ല. അല്ലെങ്കിൽ കാലചന്ദ്രൻ സ്വയമേവ മുസൽമാൻമതം സ്വീകരിക്കും.

ചക്രവൎത്തി—നേരേ മറിച്ച് അയാൾ ഉലാളിയെ വിട്ടെറിഞ്ഞ് കാടിളപ്പോയാലോ?

ബോഗമ—അത് അസംഭവമാണ്. പ്രഭോ! ഇത്രത്തോളമുള്ള പ്രേമം വൃഥാവിലാകയില്ല.

ചക്രവൎത്തി—എന്നാൽ ഇനി ചെയ്യേണ്ടത് എന്താണ്.

ബോഗമ—കാലചന്ദ്രനെ വരുത്തി വിവാഹകാൎയ്യം പറയുകതന്നെ.

ചക്രവൎത്തി—അത് അയാൾക്കു സമ്മതമാവുമോ?

ബോഗമ—സമ്മതമാക്കാൻ എന്തെല്ലാം ചെയ്യേണമോ അതെല്ലാം ചെയ്യേണ്ടിവരും. അല്ലാഞ്ഞാൽ മകൾ ജീവിച്ചിരിക്കുകയില്ല.

## അഞ്ചാമധ്യായം

### തടവുകാരൻ

അസമയത്തു ചക്രവൎത്തിയുടെ കല്പന കിട്ടിയതുകൊണ്ടു നഗരാദ്ധ്യക്ഷനായ കാലചന്ദ്രൻ സംഭ്രമത്തോടുകൂടി രാജധാനിയിൽ പ്രവേശിച്ചു. കാവൽക്കാരി അയാളെ ചക്രവൎത്തിയുടെ ശയനമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഈ പ്രവൃത്തി കണ്ട് കാലചന്ദ്രനു ശങ്കയും ആശ്ചൎയ്യവും ഉണ്ടായി.

കാലചന്ദ്രൻ സാവധാനത്തിൽ മുമ്പോട്ടു ചെന്നു ചക്രവൎത്തിയെ നമസ്കരിച്ചു. ചക്രവൎത്തി പുഞ്ചിരിയിട്ടുകൊണ്ടു തന്റെ മുമ്പിലുള്ള പീഠത്തിന്മേൽ ഇരിക്കാനായി കാലചന്ദ്രനോട് ആംഗ്യം കാണിച്ചു. അസമയത്തു വിളിച്ചു വരുത്തിയതുകൊണ്ടു ബുദ്ധിമുട്ടായൊ? എന്നു ചക്രവൎത്തി ചോദിച്ചു.

കാലചന്ദ്രൻ വീണ്ടും കൈ കൂപ്പിക്കൊണ്ടു പറഞ്ഞു. 'സ്വാമിൻ! ഭൂമിക്കു നാഥനായ അവിടത്തെ കല്പനയനുസരിക്കാൻ അടിയൻ എപ്പോഴും സന്നദ്ധനാണ്.'

ചക്രവൎത്തി—കാലചന്ദ്രാ! താൻ നയനചന്ദ്രന്റെ മകനാണ്. നയനചന്ദ്രൻ നമ്മുടെ ഉററബന്ധുവായിരുന്നു. അയാൾ ഈ സൎക്കാരിന്റെ വിശ്വസ്തഭൃത്യനായിരുന്നു. അതു തനിക്കറിവുണ്ടോ?

ഈ മുഖവുര കേട്ട് കാലചന്ദ്രന് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ വണക്കത്തോടുകൂടി പറഞ്ഞു—'വന്ദ്യപിതാവിന്റെ നേരെ അവിടേക്കുണ്ടായിരുന്ന പ്രീതിയെക്കുറിച്ച് അടിയൻ കേട്ടിട്ടുണ്ട്.'

ചക്രവൎത്തി—താൻ നയനചന്ദ്രന്റെ പുത്രനായതുകൊണ്ടാണ് നമ്മുടെ പ്രീതിഭാജനമായും വിശ്വസ്തനായും ഭവിച്ചത്. അതുകൊണ്ടാണ് തന്നെ ആയിരം ഭടന്മാരുടെ നേതാവായും നഗരാദ്ധ്യക്ഷനായും

നാം നിശ്ചയിച്ചത്. ഈ സ്വല്പകാലത്തിന്നുള്ളിൽ തന്റെ പ്രവൃത്തികൾകൊണ്ടു താൻ നമ്മെ സന്തോഷിപ്പിച്ചിരിക്കുന്നു. ഗൌഡദേശത്തിന്റെ ഭാരം അപാത്രത്തിങ്കലല്ലാ സമർപ്പിച്ചത് എന്നു നമുക്കു ബോദ്ധ്യമായി.

കാലചാന്ദൻ തന്നെക്കുറിച്ചുള്ള പ്രശംസ കേട്ടു ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ടു ചക്രവർത്തിയെ സലാംചെയ്തു പറഞ്ഞു— "അവിടത്തെ പ്രീതിയുണ്ടായത് എന്റെ ഭാഗ്യമാണ്. അതിലും വലുതായൊരു ഭാഗ്യം എനിക്കു വരാനില്ല."

ചക്രവർത്തി— തന്റെ മേൽ നമുക്ക് എത്രത്തോളം സന്തോഷമുണ്ടെന്നു കാണിപ്പാനായി നാം തനിക്കു നല്ലൊരു സമ്മാനം തരാൻ തീർച്ചയാക്കിയിരിക്കുന്നു. താൻ രാജകുമാരിയായ ദുലാളിയെ അറിയുമോ?

"ഇതെന്തൊരു കഥയാണ്" എന്നു കാലചാന്ദൻ മനസ്സിൽ വിചാരിച്ചുതുടങ്ങി. പിന്നെ പ്രത്യക്ഷമായി പറഞ്ഞു— "അടിയൻ രാജകുമാരിയുടെ പേർ കേട്ടിട്ടുണ്ട്."

ചക്രവർത്തി— ദുലാളിക്കു വിവാഹത്തിന്നുള്ള കാലമായിരിക്കുന്നു. അവൾക്ക് അനുരൂപനായ വരൻ താനാണെന്നു നമുക്ക് അഭിപ്രായമായിരിക്കുന്നു. അവളെ തനിക്കു വിവാഹം ചെയ്തുതരാൻ നാം തീർച്ചപ്പെടുത്തിയിരിക്കുന്നു.

വിചാരിക്കാതെയുള്ള ചക്രവർത്തിയുടെ ഈ പ്രസ്താവം കേട്ടു കാലചാന്ദൻ അമ്പരന്നുപോയി. ആശ്ചര്യംകൊണ്ടു സ്തബ്ധനായിപ്പോയി. "ഇതു സ്വപ്നമോ മായയോ മന്മതിഭ്രാന്തിയോ?" എന്നിങ്ങനെ കാലചാന്ദൻ വിചാരിച്ചുതുടങ്ങി. ആകയാൽ മൌനമായിരുന്നു.

ചക്രവർത്തി— കാലചാന്ദാ! താൻ എന്താണ് ഒന്നും ഉത്തരം പറയാതെ ഇരിക്കുന്നത്?

ചക്രവർത്തിയുടെ വാക്കുകൾ കേട്ടു കാലചാന്ദന് ഉണർച്ചവന്നു. സംഭ്രമത്തോടുകൂടി കൈ രണ്ടും കൂപ്പിക്കൊണ്ടു പറഞ്ഞു— "പ്രഭോ! അവിടത്തെ ഭൃത്യന്റെ പേരിൽ അവിടെയ്ക്കുള്ള പ്രീതി അളവില്ലാത്തതാണ്. എന്നാൽ കല്പനകേട്ടിട്ട് അടിയന് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല."

ചക്രവർത്തി പറഞ്ഞു— കാലചാന്ദാ! ഞാൻ സത്യമാണ് പറയുന്നത്. നിങ്കൽനിന്ന് ഒന്നും മറച്ചുവെക്കുന്നില്ല. ദുലാളിയെ ഞാൻ നിന്റെ കയ്യിൽ സമർപ്പിക്കും. താൻ രാജജാമാതാവായി ഭവിക്കും.

കാലചാന്ദൻ— അടിയൻ ദരിദ്രനാണ്. രാജകുമാരിയെ വിവാഹം ചെയ്യാൻ അടിയന്നു യോഗ്യതയില്ല. എന്നു; ഹിന്ദുവാണ്; ബ്രാഹ്മണനാണ്.

ചക്രവർത്തി— താൻ ഭാവുരീവംശത്തിൽ ജനിച്ചവനും വിശിഷ്ടബ്രാഹ്മണനും ആയതുകൊണ്ടാണ് തനിക്ക് ഈ അനുഗ്രഹം കിട്ടിയത്.

കാലചാന്ദൻ— എന്റെ ജാതി പോകുമല്ലോ.

ചക്രവർത്തി— താൻ മുസൽമാനാവേണമെന്നു ഞാൻ പറയുന്നില്ല. ഹിന്ദുമതവിധിപ്രകാരം വിവാഹം നടന്നോട്ടേ. അതിന്നു വിരോധമില്ല.

കാലചാന്ദൻ— ഹിന്ദുശാസ്ത്രപ്രകാരം ഈ മാതിരി വിവാഹം വിധിക്കപ്പെട്ടിട്ടില്ല.

ചക്രവൎത്തി—നാം വലിയ വൈദികന്മാൎക്കു ഭൂമിയും പണവും കൊടുത്തു് ഇതിന്നുള്ള പ്രമാണങ്ങൾ ഉണ്ടാക്കിച്ചുകൊള്ളാം.

കാലചാന്ദൻ— ഹിന്തുസമുദായം അതിനെ വിലവെയ്ക്കുകയില്ല.

ചക്രവൎത്തി— തീൎച്ചയായും വിലവെയ്ക്കും. അതിന്നുത്തരവാദി ഞാനാണ്. വിലവെയ്ക്കാത്തവരെ ഞാൻ ചേലയിൽ കൂട്ടും. നീ കുട്ടിയാണു്. ഇനിയും ഞാൻ പറഞ്ഞതിന്റെ അൎത്ഥം നിനക്കു മനസ്സിലായിട്ടില്ല. ലാഭചേതവും നീ നോക്കുന്നില്ല.

കാലചാന്ദൻ ഉത്തരമൊന്നും പറയാൻ കണ്ടില്ല. ജ്ഞാതികളേയും ബന്ധുക്കളേയും കുഡുംബക്കാരേയും സമുദായത്തേയും ജന്മഭൂമിയേയും പാറിയുള്ള വിചാരം മനസ്സിൽ ഉദിച്ചപ്പോൾ കാലചാന്ദന്റെ കണ്ണിൽനിന്നു വെള്ളം ചിന്നത്തുടങ്ങി. കഷ്ടം ഇതെല്ലാം ഉപേക്ഷിക്കേണ്ടിവരുമോ? ഇതാണോ കൎമ്മസൂത്രം?

ചക്രവൎത്തി— കാലചാന്ദാ! തന്നെ മാത്രമേ വിവാഹം ചെയ്യുള്ളു എന്നു ദുലാളി സത്യം ചെയ്തിരിക്കുന്നു. എന്റെയും അനുഗ്രഹം അതുതന്നെയാണ്. നീ ഈ വിവാഹം ചെയ്തു കഴിയൂ.

കാലചാന്ദൻ കൈകൂപ്പിക്കൊണ്ടു പറഞ്ഞു—"പ്രഭോ! സാധുവായ ഭൃത്യനു മാപ്പു തരണം. ജാതിധൎമ്മത്തെ ഉപേക്ഷിക്കാൻ എനിക്കു പാടില്ല."

ചക്രവൎത്തിയുടെ കണ്ണുകൾ ചുകന്നു. ഗംഭീരസ്വരത്തിൽ അദ്ദേഹം പറഞ്ഞു—"കാലചാന്ദാ! ഞാനാരാണെന്നു നീ അറിയുമോ?"

കാലചാന്ദൻ—അറിയും. അങ്ങു് ഈ ബങ്കാളരാജ്യത്തിന്നു് അധീശ്വരനാണു്. എന്റെ ജീവനും അവിടുത്തെ അധീനത്തിലാണു്. എങ്കിലും—

ചക്രവൎത്തി—'എങ്കിലും' എന്നു് എന്തിനു പറയുന്നു? എന്റെ കല്പന ധിക്കരിച്ചതായാൽ ഞാൻ നിന്നെ തൂക്കിക്കൊല്ലുവാൻ കല്പിക്കുന്നതാണു്.

കാലചാന്ദൻ—തൂക്കിക്കൊല്ലുവാൻ അവിടേയ്ക്കു് അധികാരമുണ്ടു്. എങ്കിലും എന്റെ ധൎമ്മത്തെ ഞാൻ രക്ഷിക്കും.

ചക്രവൎത്തിയുടെ നെററിയിലെ ഞരമ്പുകൾ തുടിച്ചുവശായി. "മുജാഫരേ!" എന്നു് അദ്ദേഹം വികൃതസ്വരത്തിൽ വിളിച്ചു. രാജധാനികാവൽക്കാരിൽ പ്രധാനിയായ ഖോജാമുജാഫർ വന്നു സലാം ചെയ്തു.

ചക്രവൎത്തി— ഈ തോന്നിവാസിയെ ബന്തോവസ്സിലാക്കിയാലും. നാളെ ഇവനെ കഴുവിലിടണം.

മുജാഫർ ആശ്ചൎയ്യത്തോടുകൂടി പറഞ്ഞു— "നഗരാദ്ധ്യക്ഷനേയോ?"

ചക്രവൎത്തി ഉറക്കെ പറഞ്ഞു—"അതേ, ഈ തോന്നിവാസിയെത്തന്നേ"

കാലചാന്ദൻ തടവുകാരനായി.

## ആറാമദ്ധ്യായം.

### കൃതജ്ഞത.

ചീത്ത വൎത്തമാനങ്ങൾ വേഗത്തിൽ നാട്ടിൽ പരക്കുന്നതാണ്. നാളെ കാലത്തു നഗരാദ്ധ്യക്ഷനായ കാലചാന്ദ്രനെ കഴുവിലിടുന്നതാണെന്നുള്ള വൎത്തമാനം രാത്രിയിൽ തന്നെ നഗരത്തിലെല്ലാം പരന്നു.

പല ആളുകളും പലമാതിരി പറഞ്ഞുതുടങ്ങി. ചക്രവൎത്തിയെ കൊന്നു സിംഹാസനം കൈവശമാക്കാൻ കാലചാന്ദ്രൻ ആലോചിച്ചിരുന്നു എന്നു ചിലരും, അതല്ലാ രാജകുമാരിയെ കൈവശമാക്കി ഓടിപ്പോവാൻ ശ്രമിച്ചിരുന്നു എന്നു മററു ചിലരും പറഞ്ഞു. ഓരോരുത്തരുടെ മനസ്സിൽ തോന്നിയത് അവർ മററുള്ളവരോടു പറഞ്ഞുതുടങ്ങി.

ഈ വൎത്തമാനം അന്തഃപുരത്തിലെത്താൻ അധികം താമസമുണ്ടായില്ല. ദുലാളി കിടക്കയിൽ കിടന്നു തേങ്ങിക്കരഞ്ഞുകൊണ്ടിരിക്കുമ്പോൾ മോതിയ അവിടെ വന്ന്, അവളുടെ അരികത്തിരുന്നു തന്റെ വസ്ത്രത്തിന്റെ അററംകൊണ്ടു ദുലാളിയുടെ മുഖം പതുക്കെ തുടച്ചുംകൊണ്ടു പറഞ്ഞു— "രാജകുമാരി! ഞാൻ അന്നുതന്നേ ഇതിന്റെ വരുംവരായയെക്കുറിച്ചു പറഞ്ഞില്ലേ? ഇപ്പോൾ ഞാൻ ഒരുപായവും കാണുന്നില്ല".

ദുലാളി കരഞ്ഞുംകൊണ്ടു പറഞ്ഞു— കഷ്ടം! ഞാൻതന്നെയാണ് അദ്ദേഹത്തിന്റെ നാശത്തിന്നുകാരണമായിത്തീൎന്നത്. ഞാൻ അദ്ദേഹത്തിന്നുവേണ്ടി ലജ്ജയും മാനവും ഭയവും ഉപേക്ഷിക്കും. ഞാൻ അച്ഛന്റെ അടുത്തുചെന്ന് അദ്ദേഹത്തിന്റെ ജീവനെ രക്ഷിക്കേണമെന്ന് യാചിച്ചാലോ?

മോതിയ—ഒരു ന്യായാധിപന്റെ വിധിക്ക് എളുക്കംവന്നേക്കാം. എങ്കിലും രാജകല്പനയ്ക്ക് എളുക്കംവരുന്നതല്ല. വിശേഷിച്ച്, ചക്രവൎത്തിതന്നെ വിവാഹത്തെക്കുറിച്ച് പറഞ്ഞിട്ടും നഗരാദ്ധ്യക്ഷൻ അതിന്നു സമ്മതിച്ചില്ല. ഇതുകൊണ്ട് ചക്രവൎത്തിക്കു വളരെ അവമാനമായിരിക്കുന്നു. കാലചാന്ദ്രൻ വിവാഹത്തിന്നു സമ്മതിക്കാത്തപക്ഷം ചക്രവൎത്തിയുടെ കോപം ശമിക്കുന്നതല്ല. കാലചാന്ദ്രന്റെ ജീവനു രക്ഷകിട്ടുന്നതുമല്ല. നീ പറഞ്ഞിട്ടും ഫലമുണ്ടാവില്ല.

ദുലാളി—എന്നാൽ ഇതുകൊണ്ടു അദ്ദേഹത്തിന്റെ മേൽ ഞാൻ യാതൊരു ദോഷവും കാണുന്നില്ല. അച്ഛൻ എന്തിന്നാണു വിവാഹകാൎയ്യത്തെപ്പററി അദ്ദേഹത്തോടു പറഞ്ഞതു? ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നുഎന്നതിനെക്കൊണ്ട് അദ്ദേഹം തന്റെ ജാതിധൎമ്മത്തെ ഉപേക്ഷിക്കേണമെന്നുണ്ടോ? മോതിയേ! ഇതിൽ അച്ഛൻതന്നെയാണു തെററുകാരൻ.

മോതിയ—രാജകുമാരി! തെററ് അച്ഛന്റെ കയ്യിലാണെങ്കിലും രാജകല്പനയ്ക്കു

എളുപ്പം വരുന്നതല്ല. പട്ടാണിയുടെ ദേഷ്യം സഹിക്കില്ല.

ദുലാളി — നീ പറയുന്നതു സത്യമാണ്. മന്ദഭാഗ്യയായ ഇവൾക്കു വേണ്ടി അദ്ദേഹത്തിന്റെ ജീവനാശം വരുമല്ലോ. അദ്ദേഹത്തിനെ രക്ഷിക്കാൻ ഒരു വഴിയും ഇല്ലേ? ഈ പണപ്പെട്ടിയിൽനിന്നു വേണ്ട പണം എടുത്തുകൊള്ളൂ. അദ്ദേഹത്തിനെ രക്ഷിക്കാതെ കഴിയുന്നതല്ല. കാവൽക്കാൎക്കു പണം കൊടുത്ത് അവരെ സ്വാധീനിച്ച് അദ്ദേഹത്തെ തടവിൽനിന്നു വിടുത്തിയാലും. പിന്നെ എന്റെ യോഗംപോലെ വന്നോട്ടേ.

മോതിയ — രാജകുമാരി! ഇത് ഒരു കുടുക്കാണ്. കണ്ടു പിടിച്ചാൽ എന്റെ കഴുത്തു പോവും. അതു പോകട്ടെ. എന്നാലും നിനക്കു വേണ്ടി ഞാൻ യത്നം ചെയ്യാം.

മോതിയ പെട്ടി തുറന്നു സ്വൎണ്ണനാണ്യങ്ങൾ ഇട്ടിട്ടുള്ള മടിശ്ശീല കയ്യിലെടുത്തു പുറത്തേക്കു പോയി. രാജധാനിയുടെ കാവൽക്കാരിൽ പ്രധാനിയായ മുജാഫരെ വിളിച്ച് അവൾ അവനൊന്നിച്ച് ഒരു ഗൂഢപ്രദേശത്തിലേക്കു പോയി. ഈ രാത്രിസമയത്തു തന്നെ വിളിച്ചത് എന്തിനാണെന്നു മുജാഫർ ചോദിച്ചു.

മോതിയ — എന്നെ അറിയുമോ?

മുജാഫർ — നീ രാജകുമാരിയുടെ ഭൃത്യയാണ്.

മോതിയ — രാജകുമാരി എന്നെ നിങ്ങളുടെ അടുക്കലേക്കു പറഞ്ഞയച്ചിരിക്കയാണ്.

മുജാഫരുടെ കണ്ണുകൾ വലുതായി. മോതിയയുടെ നേരേ പരുഷമായി നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.—'എന്താണ് രാജകുമാരിയുടെ കല്പന?'

മോതിയ — നഗരാദ്ധ്യക്ഷനായ കാലചാന്ദൻ തടവുകാരനാക്കപ്പെട്ടിരിക്കുന്നു. അയാളെ ഇപ്പോൾ തന്നെ വിട്ടയച്ചേ കഴിയൂ.

മുജാഫർ — അതുണ്ടാവാത്ത കാൎയ്യമാണ്, നാളെ കാലത്ത് അയാളെ കഴുവിലിടണമെന്നുള്ള ചക്രവൎത്തിയുടെ കല്പന നീ കേട്ടില്ലേ?

മോതിയ — ചക്രവൎത്തിയുടെ കല്പനയെപ്പറ്റി ഞാനറിയും. അതുകൊണ്ടാണ് രാജകുമാരി എന്നെ പറഞ്ഞയച്ചത്. കേട്ടോളൂ. നിനക്കു എത്ര പണം വേണമോ അത്ര പണം ഇതാ, എടുത്തുകൊള്ളൂ. ഇപ്പോൾ തന്നെ നഗരാദ്ധ്യക്ഷനെ വിട്ടയയ്ക്കണം.

പണത്തിന്റെ കഥ കേട്ടപ്പോൾ മുജാഫരുടെ ഉഗ്രദൃഷ്ടി സ്നിഗ്ദ്ധമായിത്തീൎന്നു. "മോതിയേ! എനിക്ക് അതു ചെയ്യാൻ പാടില്ല. എന്റെ കഴുത്തു പോകുമല്ലോ" എന്നു മുജാഫർ പറഞ്ഞു.

മോതിയ — അതു ചെയ്യാതെ കഴികയില്ല. വേണ്ട പണം കാവൽക്കാൎക്കു കൊടുത്താലും. കോട്ടയുടെ പുറത്ത് കുതിരയെ തയ്യാറാക്കി നിൎത്തിയാലും. നഗരാദ്ധ്യക്ഷൻ രാത്രിയിൽ തന്നെ ഗൌഡദേശം വിട്ടുപോയ്ക്കോട്ടേ. ഹിന്തുബ്രാഹ്മണൻ മന്ത്രവാദിയാണെന്നും, മന്ത്രബലംകൊണ്ട് അയാൾ താനേ തന്നെ പറന്നു പോയിരിക്കുന്നു എന്നും രാവിലെ കാവൽക്കാർ പറഞ്ഞുകൊള്ളട്ടേ.

മുജാഫർ— ഇത് ആര് വിശ്വസിക്കും? ചക്രവൎത്തി! ഇവരുടേ വാക്കിന്നു വില വെയ്ക്കുമോ?

മോതിയ— അവരുടെ വാക്കുകൾ വിശ്വസിക്കയല്ലാതേ ചക്രവൎത്തിക്കു മറെറന്തു ചെയ്യാൻ കഴിയും? മറിച്ച് സാക്ഷി പറവാൻ ആരുണ്ടാവും?

മുജാഫർ— മോതിയേ! ഈ സാഹസപ്രവൃത്തി ചെയ്യാൻ എനിക്കു ശക്തിയില്ല. രാജകുമാരിയുടെ വാക്കുകൾ കേട്ട് എന്റെ പ്രാണനിലുള്ള കൊതി വിടാൻ എനിക്ക് ശക്തിയില്ല.

മടിയിലുള്ള മടിശ്ശീല കുലുക്കിക്കൊണ്ടും പുരികം ചുളിച്ചുകൊണ്ടും മോതിയ പറഞ്ഞു.— 'രാജകുമാരി ചക്രവൎത്തിയുടെ എത്രയും പ്രിയപ്പെട്ട പുത്രിയാണെന്ന് അറിവില്ലേ? ഏതൊരു പ്രാണനെ കൊതിച്ച് നീ ഇപ്പോൾ രാജകുമാരിയുടെ കല്പന നടത്താൻ കഴിയില്ലെന്നു പറയുന്നുവോ ആ പ്രാണനെ നാളെ രാജകുമാരിയുടെ കററവാക്കുകൊണ്ട് കളയാൻ കഴിയുന്നതാണ്. മുജാഫരെ! പണം എണ്ണി എടുത്തോളു. രാജകുമാരിയുടെ കല്പന നടത്തിയാലും.'

രണ്ടു വിധത്തിലായാലും പ്രാണഭയം തന്നെ എന്നു മുജാഫർ കണ്ടു. ഇപ്പോഴാകട്ടെ, തന്റെ മുമ്പിൽ അനവധി മോഹർനാണ്യങ്ങൾ തിളങ്ങിക്കൊണ്ടിരിക്കുന്നു. മുജാഫൎക്ക് പണത്തിന്നുള്ള ആഗ്രഹം തടുക്കാൻ കഴിഞ്ഞില്ല. അയാൾ പണം എണ്ണി എടുത്ത് മോതിയയോടു പറഞ്ഞു. 'നീ ഇവിടെ നില്ക്കു. ഞാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തുവരാം. കാൎയ്യം വിചാരിച്ച പോലെ ആയില്ലെങ്കിൽ ഞാൻ രാജ്യം വിട്ടുപോകും. കാട്ടിപ്പോയാൽ ആര് പിടിക്കാൻ കഴിയും?'

കുറച്ചുനേരം കഴിഞ്ഞ ശേഷം മുജാഫർ മടങ്ങി വന്നു മോതിയയേയും കൂട്ടിക്കൊണ്ടു കാലചാന്ദനെ തടവിലിട്ടിരിക്കുന്ന സ്ഥലത്തേയ്ക്ക് പോയി. ഉറക്കം തൂക്കിക്കൊണ്ടു നില്ക്കുന്ന കാവല്ക്കാരന്റെ ചെവിയിൽ മുജാഫർ എന്തോ മന്ത്രിച്ചു. അവൻ കാരാഗൃഹത്തിന്റെ പൂട്ടു തുറന്നുകൊടുത്തു. മോതിയ അതിന്നുള്ളിൽ കടന്നു 'നഗരാദ്ധ്യക്ഷനായ പ്രഭോ! കാലചാന്ദമഹാശയ' എന്നിങ്ങിനെ വിളിച്ചു.

പൊട്ടന്നനവേയുള്ള ഒരു സ്ത്രീയുടെ നിലവിളി കേട്ട് കാലചാന്ദൻ അത്ഭുതത്തോടു കൂടി പറഞ്ഞു. —'ഈ വിളിക്കുന്നീ ആരാണ്?'

മോതിയ പറഞ്ഞു— 'വാതിലിന്നടുത്തു വരൂ. ഞാൻ രാജകുമാരിയായ ദുലാരിയുടെ ദാസിയാണ്.'

കാലചാന്ദൻ വിരക്തിയോടു കൂടി പറഞ്ഞു.—'നീ ഇപ്പോൾ എന്തു കല്പനയുംകൊണ്ടാണ് വന്നിരിക്കുന്നത്? ജീവനോടു കൂടി കഴിച്ചുകൂടാനുള്ള കല്പനയാണോ? എന്നാൽ അതങ്ങിനെ ആവട്ടെ. എനിക്ക് എല്ലാം സമ്മതം തന്നെ. നിങ്ങൾക്കു പറയാനുള്ളതു പറഞ്ഞോളു.'

കാലചാന്ദൻ വാതില്ക്കൽ വന്നു നിന്നു. അപ്പോൾ മോതിയ പറഞ്ഞു. —'പ്രഭോ! വിസ്തരിച്ചു പറയാനുള്ള സ്ഥലവും സമയവും ഇതല്ല. കാരാഗൃഹത്തിന്റെ വാതിൽ തുറന്നിട്ടുണ്ട്. അങ്ങ് ഇപ്പോൾ തന്നെ ഇവിടെനിന്നു പോയാലും. കോട്ടയുടെ പുറത്ത് കുതിരയെ തെയ്യാറാക്കിയിട്ടുണ്ട്.'

കാലചാന്ദൻ വിസ്മയത്തോടു കൂടി പറഞ്ഞു. 'കാവല്ക്കാർ എന്നെ പിടികൂടില്ലേ?'

മോതിയ പറഞ്ഞു.— 'പിടിക്കുന്ന കാൎയ്യം ദൂരെ പോട്ടെ. ഒരിക്കലെങ്കിലും അങ്ങയോടു ഒരു വാക്കുപോലും ചോദിക്കുകയില്ല. അങ്ങു വേഗത്തിൽ പുറത്തു പോകണം.'

കാലചാന്ദനു കാൎയ്യത്തിന്റെ പ്രകൃതമൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ ചോദിച്ചു — 'എനിക്കു ഈ രഹസ്യം മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ ഏൎപ്പാട് ആരാണ് ചെയ്തതു?'

മോതിയ—രാജകുമാരിയുടെ കല്പനപ്രകാരം ഞാനാണ് ചെയ്തത്?

കാലചാന്ദൻ— അപ്രാൎത്ഥിതമായ ഈ അനുഗ്രഹത്തിനു ഞാൻ കൃതജ്ഞനായിരിക്കുന്നു എന്നു രാജകുമാരിയോടു പറഞ്ഞാലും. എന്നാൽ നയനചാന്ദരായന്റെ പുത്രനും ചക്രവൎത്തിയുടെ വിശ്വസ്തഭൃത്യനും ആയ എനിക്കു ഒളിച്ചോടിപ്പോവാൻ അറിഞ്ഞുകൂടാ. എന്റെ പ്രാണൻ പോയാലും കള്ളനെപ്പോലെ ഒളിച്ചോടിപ്പോവാൻ എനിക്ക് കഴിയുന്നതല്ല.

മോതിയ സമാധാനക്കേടോടു കൂടി മടങ്ങിപ്പോയി. അവൾ പോയ ശേഷം കാലചാന്ദൻ ആലോചനയിലായി. "ഇതെന്താണ്? എന്റെ ജീവരക്ഷയ്ക്കുവേണ്ടി രാജകുമാരി ഇത്രത്തോളം ശ്രമിക്കുന്നത് എന്തുകൊണ്ടാണ്? രാജകുമാരി സത്യത്തിൽ എന്നെ സ്നേഹിക്കുന്നുണ്ടോ? ഞാൻ ഒരിക്കലും രാജകുമാരിയെ കണ്ടിട്ടില്ല. രാജകുമാരി എന്നെ കണ്ടിട്ടുണ്ടായിരിക്കുമോ? കണ്ടിട്ടില്ലെങ്കിൽ പിന്നെ എങ്ങിനെയാണ് എന്നെ സ്നേഹിച്ചത്? രാജകുമാരി എന്നെ വിവാഹം ചെയ്യുമെന്ന് സത്യംചെയ്തിരിക്കുന്നു എന്നു ചക്രവൎത്തി പറഞ്ഞുവല്ലോ. ഇതിന്റെ രഹസ്യം എന്താണ്? പ്രഭോ! ഗുരുദേവ! അങ്ങ് എവിടെയാണ്? എന്തൊരു കൎമ്മസൂത്രമാണ് എന്നെപിടിച്ചുവലിക്കുന്നതെന്നു അങ്ങേക്കു പറവാൻകഴിയുമോ? രാജകുമാരി! ഞാൻ നിന്നെ ഒരിക്കലുംകണ്ടിട്ടില്ല. എങ്കിലും നിനക്കു ഹൃദയമുണ്ടെന്നും ഹൃദയത്തിൽ പ്രേമമുണ്ടെന്നും എനിക്കു മനസ്സിലായി. എന്നാൽ രാജകുമാരി! നിന്റെ ആ പ്രേമം അപാത്രത്തിലാണു നീ സമൎപ്പിച്ചത്. കഷ്ടം! നിന്റെ സ്നേഹം എന്നെപ്പററിയേടത്തോളം മിന്നൽപ്പിണരിനു തുല്യമാണ്. അതിന്റെ സ്പൎശം തട്ടിയാൽ ഞാൻ മരിക്കും" പെട്ടെന്ന് പ്രേമാനന്ദസ്വാമി പറഞ്ഞതു് അയാൾക്ക് ഓൎമ്മവന്നു. പ്രേമം അമൃതമാണ്; പ്രേമം ആനന്ദമാണ്. പ്രേമം ജാതിയെ ഗണിക്കുന്നില്ല. എങ്കിലും സമുദായം അതിന്നു അനുവദിക്കുകയില്ല. ശാസ്ത്രം സ്വാതന്ത്ര്യങ്ങളെപ്പററി ചിന്തിക്കുമോ? ശാസ്ത്രവും സമുദായവും മനുഷ്യരുടെ ഹൃദ്ഗതങ്ങളെ വകവെക്കുമോ?

ഈ സമയത്ത് രാത്രിയുടെ നിശ്ശബ്ദതയെ ഭംഗംചെയ്തുകൊണ്ടു രാജമാൎഗ്ഗത്തിൽ ആരോ ഇങ്ങിനെ പാടിത്തുടങ്ങി—

"സകലജഗദധീശൻ ലോകനന്മയ്ക്കുവേണ്ടി
സ്സകലഭുവനമദ്ധ്യേ പ്രീതിയെസ്സൃഷ്ടിചെയ്തു
അകമലരിലതിവപ്രീതിയുണ്ടായിവന്നാ
ലഘനിരകളൊട്ടങ്ങും മോക്ഷവും വന്നുകൂടും"

കാലചാന്ദൻ ഭാവമുഗ്ദ്ധനായിട്ട് വൈഷ്ണവകവിയുടെ ഈ നിഷ്കാമപ്രേമഗാഥയെ കേട്ടുകൊണ്ടിരുന്നു. അതു കേട്ടുകേട്ട് അയാളുടെ മനസ്സിൽ അപൂൎവ്വമായ ഒരാനന്ദം ഉണ്ടായി.

—ooo—

# പണ്ടത്തെ അറബിരാജ്യം.

## III

### ചില ആപത്തുകൾ.

പൂർവ്വന്മാരായ അറബികളുടെ വംശം ക്ഷയിക്കേണ്ടതിലേക്ക ചില ആപത്തുകൾ ഹേതുഭൂതങ്ങളായിട്ടുണ്ടെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അങ്ങിനെയുള്ള ആപത്തുകളിൽ ഏററവും പ്രസിദ്ധപ്പെട്ട ഒന്നു "യമൻ" രാജ്യനിവാസികൾക്ക നേരിട്ടതാണ്. ദൈവകോപത്താൽ അവൎക്കെല്ലാം ഒരു "അറാം" (പാപം) പിടിപെട്ടു. ആദ്യ മഹാനായ അലക്സാണ്ടരുടെ കാലം കഴിഞ്ഞ ഉടനെയാണ്. അതിനാൽ ഏട്ടു സമുദായക്കാരാണ് നശിച്ചുപോയത്. അവരിൽ രണ്ടു വംശക്കാരിൽ കുറെ ജനങ്ങൾ 'ഖൊറാസാൻ' 'ഹിറാ' എന്നീ രാജ്യങ്ങളിൽ പോയി ശേഷിക്കയുണ്ടായി. ബക്കർ, മോഡർ, റബിയ എന്ന മൂന്നു പ്രഭുക്കന്മാർ കുറെ അറബികളെ 'മെസൊപൊട്ടേമിയാ'യിലേക്ക കൊണ്ടുപോയി പാൎപ്പിക്കുകയും അതോടുകൂടി ആ രാജ്യത്ത് ആ പ്രഭുക്കന്മാരുടെ പേരിനെ പുകഴ്ത്തുന്ന ഡിയാബക്കർ, ഡിയാർമോഡർ, ഡിയാർറബിയ എന്നു മൂന്നു സംസ്ഥാനങ്ങളുണ്ടായിത്തീരുകയും ചെയ്തു. 'അബ്ഷിം' എന്ന വംശത്തിൽ ജനിച്ച സാബ എന്നാൾ ആ രാജ്യത്തിൽ വലിയ കേമനായി. അയാൾ മലകളിൽനിന്നൊഴുകിവരുന്ന വെള്ളം ഒന്നായി ശേഖരിച്ചു. നാട്ടിലേക്കെല്ലാം കൊടുപ്പാനും ജലത്തിന്റെ പ്രളയം തനിക്ക സിദ്ധിക്കുവാനുമായി ഉയൎന്നൊരു ചിറ കെട്ടിച്ചിട്ടുണ്ട്. പട്ടണത്തിൽ വലിയൊരു പൎവ്വതംപോലെ ശോഭിച്ചിരുന്ന ആ ചിറ അത്ഭുതകരമായ ഒരു കാഴ്ചയായിരുന്നു. അതിൽ ഇരുപതു മാർ ഉയരത്തിൽ വെള്ളം ഏതു സമയത്തും നിന്നിരുന്നുവെന്നാണ് പറയുന്നത്. ആ ഏടപ്പിന്റെ വക്ക വളരെ വിസ്താരമുള്ളതാണ്. അതിനാൽ അതിന്റെ വക്കത്തുതന്നെ ചുററും വളരെ തറവാട്ടുകാർ പാൎപ്പുകാരായിരുന്നു. സന്തെ ജലവൃദ്ധിക്ഷമുള്ള രാജ്യത്തു സുഭിക്ഷമായി വെള്ളം കിട്ടിക്കൊണ്ടിരുന്നതിനാൽ ക്രമേണ രാജ്യനിവാസികൾക്കെല്ലാം ഗൎവ്വവും പരനിന്ദയും വൎദ്ധിച്ചുവരികയും, അതിനാൽ ദൈവം അവരുടെനേരെ കോപിക്കുകയും, ഒരു വെള്ളപ്പൊക്കത്തെ അയച്ചു രാത്രിയിൽ ജനങ്ങളെല്ലാം ഉറങ്ങിക്കിടക്കുന്ന സമയം എല്ലാവരേയും ഒന്നായി മുക്കിക്കൊല്ലുകയും ചെയ്തു.

യമൻരാജ്യത്തു മുൻ വിവരിച്ച ഭയങ്കരവിനാശത്തിന്നു ശേഷം കാലാന്തരേണ നഷ്ടശിഷ്ടന്മാരായി ചിലരുണ്ടായിത്തീൎന്നു. പൂൎവ്വരാജാക്കന്മാരുടെ വംശങ്ങളും കൂട്ടത്തിലുണ്ടായി. പിന്നെ ജനങ്ങളെല്ലാം ആ വക രാജാക്കന്മാരുടെ രക്ഷയ്ക്കു കീഴിലാണ് വളരെ കാലം പാൎത്തുവന്നത്. മുഹമ്മദിന്റെ ജനനത്തിന് എഴുപതു കൊല്ലം മുമ്പു 'ദുനോവാ' എന്നൊരു രാജാവുണ്ടായിരുന്നു. അയാൾ ജാതിയിൽ യഹൂദനാണ്. ആ കാലത്തേക്ക വളരെയധികം ക്രിസ്ത്യാനികൾ ആ രാജ്യത്തു കുടിയേറി

യിരുന്നു. അവരെ ദുഃസ്സാധ്യാ വല്ലാതെ ഉപദ്രവിച്ചുതുടങ്ങി. ഒടുവിൽ എത്തിയോപ്യയിലെ രാജാവു ക്രിസ്ത്യാനികളെ സഹായിക്കാൻ സൈന്യങ്ങളെ അയയ്ക്കുകയും വഴിയെ യഹൂദരാജാവിന്ന് അപായം നേരിടുകയും ചെയ്തു. പിന്നെ യമനിൽ വഴിക്കുവഴി നാലു എത്യോപ്യാരാജാക്കന്മാരുടെ ഭരണമാണുണ്ടായതു്. മേൽ വിവരിച്ച ദുനോവസ്സു ഹമിയാരാജവംശത്തിൽ ദയാസാന എന്നൊരു മകനുണ്ടായിരുന്നു. അയാൾ പേർഷ്യാ രാജാവിന്റെ സഹായം വെച്ചു പിതൃഘാതകന്മാരെ നശിപ്പിച്ചു് അച്ഛന്റെ സിംഹാസനം കൈവശപ്പെടുത്തി. എന്നാൽ അവനെ നശിപ്പിച്ചു പേർഷ്യക്കാർ രാജ്യം കൈവശമാക്കി. പിന്നെ മുഹമ്മദുനബി പിടിച്ചടക്കുംവരെ യമൻ രാജ്യം പേർഷ്യൻ രാജാക്കന്മാരുടെ ഭരണത്തിൻകീഴിലായിരുന്നു.

യമൻ രാജ്യം 'അറാം' പിടിപെട്ടു നശിച്ച ഘട്ടത്തിലായപ്പോൾ ചില നാട്ടുകാർ 'ഘസ്സാൻ' 'ഹീരാ' എന്ന രാജ്യങ്ങളിൽ പോയി പാർപ്പുറപ്പിച്ചുവെന്നു മുമ്പെ വിവരിച്ചുവല്ലോ. ഈ രണ്ടു രാജ്യങ്ങളും അറബിരാജ്യത്തിന്റെ ചരിത്രത്തിക്കു് ഏതാണ്ടു പ്രാധാന്യമുണ്ടു്. അതിൽ 'ഘസ്സാൻ' സ്ഥാപിച്ചിട്ടുള്ളതു് 'ഔസ്ഡ്' എന്ന വംശക്കാരാകുന്നു. സിറിയാരാജ്യത്തിനടുത്തായി 'ഘസ്സാൻ' എന്നു പ്രസിദ്ധപ്പെട്ട ഒരു ജലാശയമുണ്ടു്. അതിന്മേലുള്ള പ്രതിപത്തിയാൽ ആ പേർ രാജ്യത്തിന്നാകെ ഉണ്ടായി കല്പിച്ചതാണെന്നു പറഞ്ഞുകാണുന്നു. രാജ്യം സ്ഥാപിച്ചവർ അവിടെ അക്കാലത്തുണ്ടായിരുന്ന 'സാലിയ' എന്ന അറബിക്കാരെ ഓടിച്ചു് നാനൂറോളം കൊല്ലം രാജ്യം വാണിട്ടുണ്ടു്. അറുനൂറു കൊല്ലമാണെന്നും ചിലർ പറയുന്നു. ഏതായാലും അവരിൽ 'ഹാറത്ത്' എന്ന പേരിൽ അഞ്ചു രാജാക്കന്മാരുണ്ടായിരുന്നു. അതിലൊരാളുടെ കീഴിലുള്ള ഭരണാധികാരിയാണു് ഡമസ്കസ്സിലെ ഗോപുരം രക്ഷിക്കുക മുതലായ പല യോഗ്യതകളും നടത്തിട്ടുള്ളതു്. ഗ്രീക്കുകാർ ഇവരുടെ പേർ 'അരിറ്റ്' എന്നാക്കീട്ടാണ് എഴുതീട്ടുള്ളതു്. ഈ രാജാക്കന്മാർ ക്രിസ്ത്യാനികളാണു്. ഇവരിൽ ഒടുവിലത്തെ ആളായ ജബാല, 'ഓമർ'കാലിഫിന്റെ കാലത്തു സിറിയയിൽ ഇസ്ലാംമതപ്രചാരശക്തിയാൽ ആദ്യം ആ മതത്തിൽ ചേരുകയും ഒടുവിൽ കാലിഫിന്നു വിരോധം സമ്പാദിക്കുകയും വീണ്ടും സ്വമതത്തിൽ ചേർന്നു രാജ്യംവിട്ടോടുകയുമുണ്ടായി.

രണ്ടു രാജ്യങ്ങളിൽ വെച്ചൊന്നുള്ളതു് 'ഹീര'യാണല്ലോ. ആ രാജ്യം സ്ഥാപിച്ചതു് 'ഇറാക്ക്' എന്ന ദിക്കിലെ 'ചാലൻ' എന്ന വംശക്കാരാണ്. ഈ വംശക്കാർ പേർഷ്യയിലെ രാജാക്കന്മാരുടെ സഹായത്തോടും മറ്റും കൂടി 622 കൊല്ലം രാജ്യം ഭരിച്ചിട്ടുണ്ടു്. ഒടുവിൽ അബൂബക്കർ സുൽത്താന്റെ കാലത്തു് ഇവരിൽ നിന്നും രാജ്യം പോയി.

'ഹിജ്ജാസ്സ്' ഭൂഖണ്ഡം ഭരിച്ചിരുന്നതു് ഇസ്മായലിന്റെ കാലംവരെ 'ജോർഹാം'മിന്റെ തലമുറക്കാരായിരുന്നു. ജോർഹാം യഹൂദനായ മൊദാദിന്റെ മകളെ വിവാഹം ചെയ്തു. അവളിൽ പന്ത്രണ്ടു മക്കളുണ്ടായി. പിൻകാലത്തു വമ്പിച്ച ഒരു പ

പം വന്നു പിടിപെടുകയാൽ ആ വംശക്കാർ തീരെ നശിച്ചുപോയി. അതിന്നുശേഷം അധികം നൂററാണ്ടുകാലത്തേക്കു 'ഹിജ്ജാസ്സ്' ഒരു രാജവംശത്തിന്റെ കീഴിൽ എന്ന നിലയിൽ നില്ക്കുക ഉണ്ടായിട്ടില്ല. രാജ്യം അവിടെ നിവാസികളുടെ തലവന്മാർ പങ്കിട്ടു ഭരിക്കുകയാണ് ചെയ്തുവന്നത്. മരുഭൂമിപ്രചുരമായ മററു അറബിരാജ്യങ്ങളിലേയും ഭരണം ആവിധം തന്നെയാണ് അക്കാലം നടത്തിയിരുന്നത്. മക്കത്ത് ഒരു പ്രഭുകുടുംബം വളരെ കാലം നിലനിന്നിരുന്നു. മുഹമ്മദിന്റെ കാലത്തോളം ആ കുടുംബം പ്രബലപ്പെട്ടതായിരുന്നു. മുഹമ്മദിന്റെ ജനനത്തിന്നുമുമ്പു മക്കത്തെ പ്രധാനഭരണം തങ്ങളിൽ നിലനിന്നിരുന്നതുകൊണ്ടു 'കോയറിഷ്' വംശക്കാർ അത്രമേൽ പ്രസിദ്ധപ്പെട്ടിട്ടുണ്ട്. മക്കത്തിലെ 'കാബാ' എന്നു പറയുന്ന ദേവാലയം മുമ്പു 'ഖോസാ' എന്ന വർഗ്ഗക്കാരുടെ അധീനത്തിലായിരുന്നു. അവരിൽ നിന്നു 'കോയറിഷ്' വംശത്തിന്നു ലഭിച്ചു.

'കേൻഡ' എന്നും മററും ചില രാജവംശങ്ങളെപ്പററി പറഞ്ഞു കാണുന്നുണ്ട്. ആവക വംശങ്ങളിൽ നിന്നു ചില്ലറയായി ചില രാജാക്കന്മാർ രാജ്യം ഭരിച്ചിട്ടുണ്ടെങ്കിലും, അവരുടെ ചരിത്രങ്ങൾ അത്ര പ്രധാനമായി അറിയുന്നില്ല.

മുഹമ്മദിന്റെ ശേഷം മൂന്നു നൂററാണ്ടോളം അറബിരാജ്യം ഭരിച്ചത് അദ്ദേഹത്തിന്റെ പിൻതുടച്ചക്കാരായ 'കാലിഫ്'മാർതന്നെയാണ്. എന്നാൽ ഹിജിര് ൩൨൬-ാം സംവത്സരത്തിൽ രാജ്യത്തിന്റെ അധികഭാഗങ്ങളും 'കാർമേത്ത്യൻ' എന്നൊരു പുതിയ വർഗ്ഗക്കാരുടെ വശത്തിലകപ്പെട്ടുപോയി. അവർ മക്കത്തു കൂടി വലിയ ചില അക്രമങ്ങൾ നടത്തീട്ടുള്ള കൂട്ടരാണ്. മക്കത്ത് ആണ്ടുതോറും നടത്തിവരുന്ന പുണ്യകർമ്മങ്ങൾവകയായും മററും ഒരു കപ്പം 'കാലിഫ്'മാർ ഇവക്കു കൊടുക്കണമെന്ന നിലയായിരുന്നു. അധികവിവരം ഇവരേപ്പററി മറെറാരു ദിക്കിൽ വിവരിപ്പാനിടവരുന്നതാകയാൽ തല്ക്കാലം വിസ്തരിക്കുന്നില്ല.

യമനിലെ ആധിപത്യം ക്രമത്തിൽ മുഹമ്മദിന്റെ ജാമാതാവായ ആലിയുടെ പിൻതുടച്ചയിൽ 'താബാത്തെബാ' എന്ന തറവാട്ടുകാൎക്കായി. ആ രാജ്യം പത്താം നൂററാണ്ടിന്റെ ആദിയിൽ അവരുടെ അധീനത്തിലായിരുന്നു എന്നുള്ളതിന്നു രേഖയുണ്ട്. ഇപ്പോൾ യമൻ സംസ്ഥാനത്തിലെ നാടുവാഴികുടുംബം 'അയൂബ്' എന്ന വംശത്തിലുൾപ്പെട്ടതാണ്. പതിമൂന്നാം നൂററാണ്ടിൽ ഈജിപ്തും യമനും ഇവരാണ് ഭരിച്ചിരുന്നതെന്നു കാണമാറുണ്ട്. ഇവൎക്കു 'കാലിഫ്' എന്നും 'ഇമാം' എന്നുമുള്ള സ്ഥാനപ്പേരുമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ യമൻ സംസ്ഥാനം മുഴുവൻ ഇവരുടെ വശത്തിലില്ല. 'ഫാർതാക്' തുടങ്ങിയുള്ള ചില സ്വതന്ത്രരാജാക്കന്മാർ അവിടെയുണ്ട്.

മക്കവും മദീനവും ഭരിച്ചതു മുഹമ്മദിന്റെ ശേഷം ഏതു കാലവും മുഹമ്മദിന്റെ വംശത്തിൽപ്പെട്ട രാജാക്കന്മാർതന്നെയാണ്. കാലിഫിന്ന് അവർ കീഴൊതുങ്ങിയിരുന്നില്ല. അവർ നാലു വംശക്കാരായുണ്ട്. നാലു വംശങ്ങളും ആലിയുടെ മകനായ ഹ

സ്സന്റെ പിൻതുടൎച്ചകളാണ്. അവൎക്ക 'മാന്യൻ' എന്നൎത്ഥമുള്ള 'ഷാറിഫ്' എന്ന സ്ഥാനപ്പേരുണ്ടായിരുന്നു. 'ബനുകാദർ' 'ബനുമൂസ്സ' 'ബാനുഹഷം' 'ബനുകിത്താദർ' എന്നിങ്ങിനെയാണ് ആ വംശങ്ങളുടെ പേർ പറയുന്നത്. ഇതിൽ ഒടുവിൽപ്പറഞ്ഞ വംശക്കാർ അഞ്ഞൂറോളം കൊല്ലം രാജ്യരക്ഷ ചെയ്തിട്ടുണ്ട്. മദീനത്തിന്നധിപതിയായ രാജവംശം 'ബാനുഹഷം' ആകുന്നു. ഒരു കാലത്ത് ഈ വംശത്തിലെ രാജാക്കന്മാർ മക്കാവും ഭരിച്ചിട്ടുണ്ട്.

യമൻ, മക്കാ, മദീനം എന്നീ രാജ്യങ്ങളിലെ രാജാക്കന്മാർ സ്വതന്ത്രന്മാരായിരുന്നു. അവരാരും തുൎക്കിരാജ്യക്കാരല്ലെന്നാണ് ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളത്. ഈ രാജാക്കന്മാർ തങ്ങളിൽത്തന്നെ മത്സരിച്ച് വലിയ യുദ്ധങ്ങൾ ചെയ്തിട്ടുണ്ട്. തന്നിമിത്തം ഒരു കാലത്തു 'സെലിം' എന്നാമനും ആയാളുടെ മകൻ സുലിമാനും ചെങ്കടലിന്റെ അറബിരാജ്യത്തോടു ചേൎന്ന കരകൾക്കെല്ലാം അധിപതികളായിത്തീൎന്നു. എന്നാൽ അങ്ങിനെ പിടിച്ചടക്കിയ രാജ്യങ്ങളിൽ മിക്കവയും നിലനിൎത്തുവാനായി അവരുടെ പിൻഗാമികളായ രാജാക്കന്മാരാൽ സാധിച്ചതുമില്ല.

അറബികളിൽ ധീരന്മാരും പരാക്രമികളുമായ വംശക്കാർ പലരുമുണ്ടായിരുന്നതിനാൽ അന്യരാജാക്കന്മാരുടെ ആക്രമണം പലകാലത്തും ഇവരുടെ നേരെ ഫലിച്ചിട്ടില്ല. അസിരിയൻരാജാക്കന്മാർ വളരെ കാലം യത്നിച്ചിട്ടും ഇവരുടെ അധികാരത്തിൻ കീഴിലുള്ള സ്ഥലങ്ങളിൽ ഒരടി വെപ്പാൻ സാധിച്ചില്ല. പേർഷ്യയിലെ രാജാക്കന്മാർ ഇവരുടെ സ്നേഹിതന്മാരും വന്ദ്യന്മാരുമാണ്. കൊല്ലം തോറും സമ്മാനമായി കുറെ കുന്തുരുക്കം ഇവർ രാജാക്കന്മാൎക്ക കൊടുക്കാറുണ്ട്. എന്നാലും ഇവരിൽനിന്നു കപ്പം വാങ്ങുവാൻ ആ രാജാക്കന്മാൎക്ക കഴിഞ്ഞിട്ടില്ല. 'കൊംബിസസ്സ്' എന്ന മഹാൻ അറബികളുടെ രാജ്യത്തുകൂടെ കടന്നുപോകേണ്ടതിന്നു കൂടി അവരുടെ സമ്മതം വാങ്ങുകയുണ്ടായി. പിന്നെ മഹാനായ അലക്സാണ്ടർ രാജ്യമെല്ലാം കലുക്കിമറിക്കുന്ന കാലത്തും ഇവൎക്കിളക്കമുണ്ടായിട്ടില്ല. റോമൻകാൎക്കും അറബിയയുടെ ഒരു ഭാഗവും പിടിച്ചടക്കുവാൻ കഴിഞ്ഞിട്ടില്ല. 'ആഗസ്റ്റസ്സ് കേസർ' എന്നാൾ ഒരിക്കൽ യുദ്ധം ചെയ്ത് അറബിയയിൽ ജയം കിട്ടാറായി എന്നായപ്പോൾ ആയാളുടെ സൈന്യങ്ങൾക്കു കലശലായ രോഗം ബാധിക്കുകയും മുക്കാലോഹരി നശിക്കുകയും ചെയ്തതിനാൽ മടങ്ങിപ്പോകയാണുണ്ടായത്. 'ട്രോജൻ' എന്ന ഒരു റോമൻ രാജാവിനെ വൎണ്ണിച്ചെഴുതിയ ചില ചരിത്രകാരന്മാർ ആയാൾ അറബിയയുടെ ഒരു 'വക്ക്' പിടിച്ചടക്കിയെന്നു പ്രസ്താവിച്ചു കാണുന്നുണ്ട്. എന്നാൽ വേറെ ചില എഴുത്തുകാർ അതിനെ നിഷേധിക്കുകയും ചെയ്തിരിക്കുന്നു.

ശേഖപ്പുറത്ത് നാരായണനമ്പി.

# ചിതലിന്റെ മുതല്

ചാക്യാർകൂത്ത്, പാഠകം എന്നിങ്ങനെ രണ്ടുവിധം കഥാകഥനസമ്പ്രദായം കേരളത്തിൽ നടപ്പുണ്ടല്ലോ. ഇതു രണ്ടിന്നും മൂലമായിട്ടുള്ള ഗ്രന്ഥങ്ങളെ പ്രബന്ധങ്ങൾ എന്നു പറയുന്നു. പ്രബന്ധങ്ങളൊക്കെയും ഗദ്യപദ്യാത്മകങ്ങളായ ചമ്പുക്കളുടെ തോതു പിടിച്ചു രചിച്ചവയാണ്. അവയെ ചമ്പു എന്നു തന്നെയും വ്യവഹരിക്കാറുണ്ട്. ശുദ്ധസംസ്കൃതപ്രബന്ധം ചാക്യാൎ മാത്രമേ പാടുള്ളുവെന്നൊരു നിബ്ബന്ധം പണ്ടുണ്ടായിരുന്നതിനാൽ പാഠകം പറയുന്നതിന്നുവേണ്ടി ഉണ്ടാക്കിയവയാണ് ഭാഷാപ്രബന്ധങ്ങൾ.

മലയാളത്തിൽ ശുദ്ധസംസ്കൃതമായും ഭാഷാസമ്മിശ്രമായ മണിപ്രവാളമായും പല പ്രബന്ധങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ എല്ലാ ഭാഗവും പ്രബന്ധകാരന്റെ സ്വന്തം കൃതിയല്ല. തങ്ങളുടെ കൃതികളിൽ സന്ദൎഭാനുസാരേണ മറ്റോരോ ഗ്രന്ഥങ്ങളിൽനിന്നു ഗദ്യപദ്യങ്ങൾ എടുത്തു ചേൎക്കുന്നതിന്നു പ്രബന്ധകൎത്താക്കന്മാൎക്കു ബഹുതാൽപൎയ്യവും സ്വാതന്ത്ര്യവും ഉള്ളതായിട്ടാണ് കാണുന്നത്. സുഭദ്രാഹരണം പ്രബന്ധമാണ് ഉണ്ടാക്കുന്നതെങ്കിൽ മഹാഭാരതം, ഭാരതചമ്പു മുതലായ മററു ഗ്രന്ഥങ്ങളിലെ ഗദ്യങ്ങളോ പദ്യങ്ങളോ ഒരു മാററവും കൂടാതേയും, ചില മാററങ്ങൾ വരുത്തി അല്പം മാററുകൂട്ടിയും എടുത്തു ചേൎത്തതായിക്കാണാം. കവിതാശക്തി കുറഞ്ഞവരായ ചിലരുടെ പ്രബന്ധങ്ങൾ നോക്കിയാൽ, 'ആററിക്കുറുക്കി കഴക്കാഴക്കാക്കി' എന്നു പറഞ്ഞതുപോലെ, മററുള്ളവയിൽനിന്നെടുത്തതുകഴിച്ചാൽ പിന്നെ അല്പം ചില ഗദ്യപദ്യങ്ങൾ മാത്രമേ ബാക്കിയുള്ളു എന്നും വന്നേക്കാം.

ഭാഷാപ്രബന്ധങ്ങളിൽ മുഴുവൻ ഭാഷയേ പാടുള്ളു എന്നു നിൎബ്ബന്ധമില്ല. ശുദ്ധസംസ്കൃതത്തിലുള്ള ഗദ്യങ്ങളും പദ്യങ്ങളും തന്നെ സുലഭമായിക്കാണാം. ഈ വിദ്യകൊണ്ടു ഹൃദ്യത കൂടുമെന്നാണ് പ്രബന്ധകാരന്മാർ വിചാരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഭാഷാഗദ്യത്തിന്നു സംസ്കൃതഗദ്യത്തെക്കാൾ ഭാഷയിൽ മാത്രമല്ലാ വ്യത്യാസമുള്ളു. ഏകദേശം ഒരുമാതിരി തുള്ളപ്പാട്ടുകളുടെ രീതിയെന്നു വിചാരിക്കാവുന്ന ദ്രാവിഡവൃത്തരീതിയാണ് ഭാഷാഗദ്യങ്ങളിൽ കാണുന്നത്.

ജാതിഭേദംകൊണ്ടു നോക്കിയാൽ, ഭാഷാപ്രബന്ധങ്ങൾക്കു ദൃശ്യകാവ്യങ്ങളുടെ ഒരു ഛായ ഉള്ളതുപോലെ തോന്നുന്നു. പല പ്രബന്ധങ്ങളിലും, ഒരു തോഴനെ മുൻനിൎത്തി ആയാളോടു പറയുന്നതായിട്ടാണ് കഥയുടെ ആരംഭം. അതോടുകൂടിത്തന്നെ, നാടകങ്ങളിൽ പ്രസ്താവനയിലെന്നപോലെ, ആരബ്ധമായ കഥയുടെ സൂചനവും അടങ്ങിക്കാണുന്നു. ഈ പ്രബന്ധങ്ങളെല്ലാം അഭിനയോചിതമായ പാഠകത്തിന്നാണല്ലോ ഉപയോഗിക്കുന്നതും. ഇപ്പറഞ്ഞ അംശങ്ങളൊക്കെയും പഴയ പ്രബന്ധങ്ങളെ മനസ്സിരുത്തി വായിച്ചാൽ അറിയാവുന്നതാണ്.

കേരളഭാഷയുടെ സ്വത്തായ ഈ ജാ

തി പഴയ ഭാഷാപ്രബന്ധങ്ങളിൽ സ്വല്പം ചിലതു മാത്രമേ പുറത്തു വന്നുകണ്ടിട്ടുള്ളു. മററുള്ളവയെല്ലാം ചിതലുകൾ കയ്യേറി കൈവശംവെച്ച് അനുഭവിച്ചുവരികയാണ്. അക്ഷയങ്ങളായ ഈ അക്ഷരസമ്പത്തുക്കളിൽ പലതും കാലാന്തരത്തിൽ തീരെ നശിച്ചുപോയിരിക്കുന്നു. ചിലതിന്റെ നഷ്ടശിഷ്ടങ്ങൾ ഉള്ളതുകൂടി ചിതലിന്റെ മുതലാകയാൽ അവകാശത്തർക്കത്തിൽ ഇരിക്കുകയും ചെയ്യുന്നു.

ഇങ്ങിനെ നഷ്ടപ്രായമായിക്കിടക്കുന്ന ഭാഷാപ്രബന്ധങ്ങളിൽ രണ്ടെണ്ണത്തിന്റെ ഏതാനും ഏടുകൾ മാത്രം ബാക്കിയുള്ള ഒരു പഴയ ഗ്രന്ഥം, ഇയ്യിടയിൽ കൊച്ചി ൭-ാംകൂറ് രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ കോവിലകത്തുനിന്നു കാണുകയുണ്ടായി. ഒരു പ്രസിദ്ധ പാഠകക്കാരനും, അമ്മതമ്പുരാൻ കോവിലകം വകയായിരുന്ന മൂഴിക്കുന്നത്തുകാവു ക്ഷേത്രത്തിലുണ്ടായ പാഠകത്തിനു വീരശൃംഖല സമ്മാനം വാങ്ങിയ ആളുമായ അഞ്ചേരി തിരുവല്ലാട്ടിലെ കയ്യിൽനിന്നാണ് ഈ ഗ്രന്ഥം ആദ്യം കിട്ടിയതെന്നറിയുന്നു. കാമദഹനത്തിന്റെ അനന്തരകഥയായ ഉമാതപസ്സ്, പാർവ്വതീസ്വയംവരം എന്നീ രണ്ടു പ്രബന്ധങ്ങളാണ് ഇതിലടങ്ങീട്ടുള്ളത്. മാതിരി കാണുവാനായി അവയിൽനിന്നു ചിലതു താഴെ ചേർക്കുന്നു.

ഉമാതപസ്സിൽ ഹിമവദുപന്ന-
ഘോരഘോരശിവശിവപാവാൻപണിപണി
ത്തുഹിനമഹീധരമഹിമവിശേഷാൻ
പെരികവളൻനിരന്നുനിവിന്നൊരു
പരിചിയലുന്നമഹാശിഖരങ്ങളിൽ
നിരതിശയദ്യുതിമരതകവേദികൾ
തങ്കൽവിളങ്ങിനതുംഗസുരദ്രുമ-
വിടപശതങ്ങളിൽവിരവൊടുവിരിയും
കനകപ്പൂങ്കുലകരിമുരികിന്നിര
കനിവിലിളകുന്നളവുകളുക്ക-
ച്ചിതറിനപൂമ്പൊടിപടലംകൊണ്ടുപ-
ത്തുകനിലത്തുകിടക്കവിരിച്ചുസു-
ഖിച്ചുകിടന്നുകളിച്ചുമദിച്ചുക-
രംഗവധൂജനഭംഗുരവീക്ഷണ-
ഭംഗിപിടിച്ചുപുളച്ചുപുളിന്ദപു-

രന്ധ്രികൾമന്മഥനർമ്മധനത്തെവ-
ളർത്തുസവിഭ്രമസംഭ്രമമവരവ-
രെച്ചിലനോക്കുകൾകൊണ്ടിഹതൂകിന
കുവലയമാലകൾകൊണ്ടിടതൂർന്നഗ-
ഭീരവിഭാഗമൊരേടം,

അത്ഭുതമിയലിനകല്പകലതികക-
ളാശ്ചര്യത്തൊടുകാച്ചുപഴുത്തന-
റുമ്പഴമെന്നൊടുകൊത്തിത്തിന്നും
ബഹുപ്രണയംമദഭരചഞ്ചല-
ചഞ്ചുയുഗത്തിന്നഞ്ചലസീമനി
പഞ്ചശരാർത്ത്യാകൊഞ്ചിമയങ്ങി-
ക്കൊണ്ടുവധൂനാംകൊണ്ടുവഴങ്ങിയു-
മ്മളുവണങ്ങിനമധുരിമനിറയും
നിനദിതഭംഗ്യാകുസുമശരന്തൻ
ചെറുഞാണൊലിയൊടുചെറുതുപിണ
മ്പർകളിക്കുംപക്ഷികദംബൈ- (ങ്ങിയു
രനുപമമൊരിടം.

സവിധസമുൽഗതസവിതൃമയൂഖക-
ദംബകമേറാപതംഗമണിസ്ഥലി
തങ്കലുദിതചിരദഹനജ്വാലാ-
മാലയിൽവെന്തുമരുത്തുദ്ധൂതമി-
യന്നഹിമശ്ശശതങ്ങളെവേവൊടു
കൂടക്കിച്ചുകണക്കേവാരിരുകന്നും
പശുപതിമൌലിയിലനിശമിരിക്കും
പുതിയസുധാകരകിരണശലാകക-

ള്ളേറുകനിഞ്ഞു പതഞ്ഞുവരുന്നാശ-
ശാങ്കമഹോപലവീഥിയിൽനിന്നൊഴു-
കുന്നസുധാരസധോരണിപരികിനടന്നും
ദർപ്പമിയന്നൊരുകെല്പൊടു ചാടി-
കല്ലുകൾകുഴികളുമാണ്ടുകടന്നും
പരമൊരുകയ്യിലൊരാനത്തലവനെ
നിഭൃതമെടുത്തങ്ങിതരകരാഗ്രേ
തനിയന്ത്രിതനാംവളർകേസരിയോ-
ടിടചേൎത്തുടനേതമ്മിലുലാവും
ഭാവവിശേഷാൻകണ്ടു ചിരിച്ചുംതെണ്ടുതി
ചെങ്കച്ചാറുംഭസിതവുമൊന്നി-     (രിച്ചും
ച്ചംഗശ്രേണിഷുചേൎത്തുംതേച്ചും
പെരിയമരാമരമൊന്നൊന്നേവൻ-
കരയുഗമേന്തിപിടിച്ചുംചാച്ചും
മെന്മയിലൊത്തിച്ചാടിത്തരുതെര
നാന്മുഖലോകംപൊങ്ങിത്തൊട്ടും
പോററിപുരാരികരേറിനകാള-
ക്കൂററനെനീളക്കാത്തുനടന്നും
സ്മരണവശംവദഗതിനാമനസാ
പരമശിവന്തൻകഴലിലണഞ്ഞും
പ്രമദമലിമ്പുംപ്രമഥകദംബംകഥ ചന
കല്പകവല്ലീകനകമണിത്തറ     (ഭാഗേ.
തന്മേലൊക്കെള്ളട്ടംകൂടി-
ല്ലുകൾപെടുമൃച്ഛശിരംഭതിലോത്തമ-
യെന്നിവർമുമ്പായുള്ളനിലിമ്പവധൂനാം
അയ്യോപാപംപൊയ്യോയല്ലോ
മയ്യേൽമിഴിമാർവന്പുംമെന്മയു-!
നംഗജവീരനെരിഞ്ഞതുകൊണ്ടേ
ഭംഗിനമുക്കുകുറഞ്ഞു ചമഞ്ഞു
കാന്തികുറഞ്ഞതുമല്ലിനിനമ്മെ-
ക്കാന്തന്മാരരിയപ്പിറുകൊള്ളാർ
തക്കമറിഞ്ഞിളമന്നർചമപ്പൊരു
ചക്കരുലച്ചികളെന്നു ചമഞ്ഞു

സമുചിതമിന്നിമരിക്കനമുക്ക-
ങ്ങമരികളായതുമിന്നുപിഴച്ചു
ദുഃഖംമതിയുണ്ടേന്തിനിനല്ലു
ലക്ഷ്മീദേവിയൊടറിയിക്കേണം
മദനാരിക്കുമനസ്സുതെളിഞ്ഞേ
മനസിജനിന്നുംപോന്നുപിറപ്പു
ഭാവിക്കേണമതിന്നുടനിന്നും
പാൎവ്വതിതന്നേഭാവനശീലാ
ഹരനൊടുപാതിയുമുടൽനീർകൊണ്ടേ
പരിഭവമേററതവൾക്കിഹതീൎത്തു
കൂട്ടപൊരുപ്പുപാർപ്പുകാലവു’-
മെന്നതരംചിലവിധുരാലാപം
കഥ ചനഭാഗേ.’

തപസ്സിന്നനുവാദം ചോദിക്കുന്ന പാ
ൎവ്വതിയോട് —
‘ചൊന്നാൽമേനാതദാഭൃധരവരമഹിഷീ
വേപമാനാംഗവല്ലീ
ഖിന്നാമെല്ലൊന്നുപൃണ്ടൊന്നുരുതിത്തുമക
ഭിഷണാതേദൃരാശാ     (ളേ!
ചെന്നീടുംമത്തഭൃംഗീചെറുചിറകനവും-
തെന്നൽപോലുംപൊറാതേ
മിന്നുംനിന്മേനിവാകപ്പുതിയമലർപൊറു-
ത്തീടുമാഘോരവാതാൻ?’

ഇതാ ഒരു തപോവേഷം—
ചോലനീങ്ങിടചൂണ്ടുതിങ്ങിനവ-
പാരിജാതകലികാമണം
കോലുമക്കബരികൊണ്ടുതിത്താമജ-
ടാകലാപപരിഭാസുരാ
ശൈലരാജകുലമാലവല്ക്കലമെ-
ടുത്തുടുത്തിതുപിഴത്തുപൃ-
ഞ്ചേലയുംതദനുശോഭതേയതശ്രു-
ഭാതമനാംവപുഷിസർവ്വവും.
പൂവൽമേനിയിൽനവാവതാരകുച-
കോരകാങ്കുരമനോഹരേ

കേവലംഭസിതഭാസുരാപരിജ-
ഘൌചകുംകുമവിലേപനം
സ്ഥാവരാധിപനിയന്ത്രിതംനിജമ-
തീവമിന്നുമൊരുപൊന്നര-
ഞ്ഞാൺവെടിഞ്ഞരിയപുല്ലുമേഖലവി-
ചിച്ചപൂണ്ടിതുമഹേശ്വരി.'

ഇതാ ഭഗവാൻ വടുഃവേഷം ധരിച്ചു വന്നു പറയുന്നു—

'വിഷവിട്ടുപാടിച്ചുവേണമിന്നി
വിഷമിച്ചുംതവകാംക്ഷിതംവിധാതും
വൃഷകേതുകരഗ്രഹേമലത്തേൻ-
മൊഴി!പക്ഷേഭുജഗംകടിക്കുമല്ലോ.
കണ്ഠാശ്ലേഷംമൃതിക്കെന്നതുവിഷമമതിൽ-
ക്കാളകൂടം
കൊണ്ടുണ്ടാമോഹമയ്യോഗിരിവരപാരമാ-
നന്ദമേ!ചിന്തയേഥാ:
പണ്ടാർപ്പൂഞ്ചായലിൽത്തിപ്പിടിപെട്ടമുടനേ
പിന്നെമുഃശ്ശു!നിനക്കു-
ണ്ടുണ്ടാകില്ലാനനാചുംബനദംശയി,ലവൻ
ത്രീക്ഷണംതിന്നുമല്ലോ.'

പാർവ്വതിസ്വയംവരത്തിൽ പാർവ്വതിയുടെ എഴുനള്ളത്ത് —

'ശൃംഗാരാദ്യൈപയോധൌ ചിതറിനിറമഴും
ബാലകല്ലോലമാലാ-
ശങ്കാംനൽകുന്നവാനോർമടവർനടുവില-
ട്ട്യോതമാനാംഗവല്ലീ
മംഗല്യാനാമസാധാരണമണിഭവനം
പ്രാദുരാസീത്തദാനീ-
മങ്കേശർപ്പ്യസ്യമന്ദംവിധൃതകരയുഗാ
ഭാരതീഭാഗ്യവീഥ്യാം.

ലാജഹോമം —

'ലാജാഞ്ജലിർഗ്ഗിരിജയാപരിമുച്യമാനോ
ഭേജേരുചിംസ്വനിപതൻജ്വലിതേകൃശാ (നൌ
വേഗോത്തരേരതിരണേദളിതച്യുതാനാം
സ്വാഹാകുചാന്തധൃതഹാരലതാമണീ
നാം.'

ഇതാ ഒരു ചെറിയ ദണ്ഡകം —

'തൃക്കാൽവണങ്ങുമൊരു ശക്രാദിദേവഗണമക്ഷാമഭക്തിയൊടുനിന്നു ദിക്കുകളിലുദിതരസമക്ഷ്യൂധരണിജമുഖഗ്രഹഗണങ്ങളുമിരുന്നു, തിരളുന്നകാന്തിയൊടുമഭ്യുംപിനാകധരതിരുമെയ്വിലാസവുമെഴുന്നു തിരുമനസികനിവിയലുവതിനുകവിഗഗനചരനതിരവമതുടനുടനിയന്നു, ചന്ദ്രാവതംസജയചണ്ഡീശശർവ്വഹരശംഭോ ശിവേശപരദയാബ്ധേ ചണ്ഡതരമിഹിരസുതഭീമദമനവിധിമുണ്ഡധരജയജയഭഗവന്നേ, ചതുരാനനാദികളിവണ്ണംപുകണ്ണുവു കതുകംവളർന്നിതുദയാൾഗ്രം ചതുരതയൊടവനമുടനഗമദഥപദവിയൊടു നിജപുരിയിൽവരുവതിനതന്നും.'

# ശാസ്ത്രശകലങ്ങൾ

## കാട്ടും മഴയും.

കാട്ടുകൾ ധാരാളമുള്ള പ്രദേശങ്ങളിൽ മററു പ്രദേശങ്ങളിലേക്കാളധികം മഴ പെയ്യുമെന്നു കേട്ടിട്ടുണ്ട്. 'ദശഭാഗംസമുദ്രേഷു ഷൾഭാഗംവനശൈലയോഃ ചതുർഭാഗന്തു വിംശത്യാ ഭൂമൌ വർഷതി വാസവം' എന്നു പഞ്ചാംഗക്കാർ പറയുന്ന പ്രമാണത്തിലും, ആകെ പെയ്യുന്ന മഴയുടെ

ഇരുപതിൽ ആറുഭാഗം കാടുകളിലും പർവ്വതങ്ങളിലുമാണ് വീഴുന്നതെന്നും, ഇരുപതിൽ നാലുഭാഗം മാത്രമേ ഭൂമിയിൽ വീഴുന്നുള്ളുവെന്നും കാണുന്നുണ്ട്. പാശ്ചാത്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിലും, ഭൂമിയിൽ പെയ്യുന്നതിലധികം കാടുകളിലാണ് മഴ പെയ്യുന്നതെന്നു കാണുന്നു. മഴയുടെ ഈ സിദ്ധാന്തത്തിന്നടിസ്ഥാനമായി വല്ല ശാസ്ത്രസിദ്ധാന്തവും ഉണ്ടോ എന്നറിവാൻ എല്ലാവർക്കും കൌതുകമുണ്ടായിരിക്കും. പച്ചപിടിച്ചു നില്ക്കുന്ന കാടുകളുടെ ഉപരിഭാഗത്തുള്ള വായുമണ്ഡലം സാധാരണയായി തണുത്തിരിക്കും. തണുത്ത വായുമണ്ഡലത്തോടു കാർമേഘങ്ങൾക്കുള്ള സമ്പർക്കംനിമിത്തമാണ് മഴ പെയ്യുന്നത്. കാർമേഘങ്ങളുടെ സഞ്ചാരമാർഗ്ഗം കടൽനിരപ്പിൽനിന്നു 10000 അടി ഉയരത്താണ്. ഉന്നതങ്ങളായ കാടുകളുടെ നില്പും കടൽനിരപ്പിൽനിന്നു വളരെ ഉയർന്നിട്ടാണ്. തന്നിമിത്തം വനഭൂമികൾക്കു കാർമേഘങ്ങളെ എളുപ്പത്തിൽ ആകർഷിപ്പാൻ കഴിയുന്നു. ഇതാണ് കാടുകളിൽ മഴ അധികം പെയ്യുവാനുള്ള കാരണം. ഈ സ്ഥിതിക്കു മലങ്കാടുകൾ വെട്ടി നശിപ്പിക്കുന്നതു രാജ്യത്തേയ്ക്കു വലിയ ദോഷമാണെന്നു പറയേണ്ടതില്ലല്ലോ.

## ആകർഷണശക്തി.

ആകർഷണശക്തിയുടെ പ്രയോഗങ്ങൾ ചിലപ്പോൾ ബഹുരസമായിരിക്കും. നാം ഒരു കല്ലെടുത്തു മേല്പോട്ടെറിയുന്നതായാൽ അതിനെ ഭൂമി കീഴ്പോട്ട് ആകർഷിക്കുന്നു. നമ്മെ പിടിച്ചുനിൎത്തുന്നതും ഭൂമി തന്നെ. ചലിക്കുന്ന സാധനങ്ങളുടെ ഗതിയെ ക്രമപ്പെടുത്തുന്നതും ഭൂമി തന്നെയാണ്. ഭൂമി ഇതൊക്കെയും ചെയ്യുന്നതു തന്റെ ആകർഷണശക്തികൊണ്ടാണ്. ഭൂമിയുടെ വലുപ്പത്തെ ആശ്രയിച്ചിട്ടാണ് ആകർഷണശക്തിയുടെ സ്ഥിതി. ഭൂമി വളരെ വലിയ ഗോളമാകയാൽ അതിന്ന് ഏതു വസ്തുക്കളേയും ആകർഷിപ്പാൻ ശക്തിയുണ്ട്. ചന്ദ്രനിൽ നമ്മെപ്പോലെ ഒരാളുണ്ടെന്നു വിചാരിക്കുക. അയാൾക്ക് അവിടെയുള്ള മൂന്നുനിലമാളികയുടെ മുകളിലേക്ക്, ഇവിടെ ഒരു കുതിര വേലി ചാടുന്നതുപോലെ, എളുപ്പത്തിൽ ചാടിക്കയറുവാൻ സാധിക്കും. ചന്ദ്രനിൽ ഒരാനയ്ക്കു ഭൂമിയിലെ ഒരു മാനിനെപ്പോലെ വേഗത്തിൽ ഓടുവാൻ കഴിയും. ചന്ദ്രൻ ഒരു ചെറിയ ഗോളമാകയാൽ, അതിന്നു ഭൂമിയെപ്പോലെ ആകർഷിപ്പാനുള്ള ശക്തി ഇല്ലായ്കയാണതിന്നു കാരണം. ഇനി വ്യാഴനിലോ ശനിയിലോ ജീവിക്കുന്ന ആളുടെ കാര്യം ആലോചിക്കുക. ആ ഗ്രഹങ്ങൾക്കു ഭൂമിയെക്കാളധികം വലുപ്പമുണ്ടാകയാൽ ആകർഷണശക്തിയും അധികമുണ്ട്. അവിടെ മനുഷ്യർ പാമ്പുകളെപ്പോലെ എഴയേണ്ടിവരും. അവിടെ ഒരാനയോളം വലുപ്പമുള്ള ജീവി അതിന്റെ കനംകൊണ്ടു തന്നെത്താൻ നശിച്ചുപോകും.

## ഭൂഗർഭത്തിലെ ചൂടും ആഴവും.

ചൂടിന്റെ ഒരു കലവറയാണ് ഭൂമി. അതു സൂര്യനിൽനിന്നു വളരെ ചൂടു സംഗ്രഹിച്ചു തന്റെ അന്തർഭാഗത്തു സൂക്ഷിച്ചുവെക്കുന്നു. ഭൂമിയുടെ ഉള്ളിലേക്കു കുഴിച്ചുനോക്കിയാൽ കീഴ്പോട്ടു ചെല്ലുംതോറും ചൂട് അധികമായി കാണാം. ഭൂഗർഭത്തിന്റെ ഒത്ത നടുവരെ ആഴത്തിൽ ഒരു കിണറു കുഴിക്കുന്നതായാൽ ലോകത്തിലേക്ക് ഇപ്പോ

മാവശ്യമുള്ള ചൂട മുഴുവനും ആ കിണറിൽ നിന്നു കിട്ടുമെന്നു പ്ലുമേറിയൻ എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അങ്ങിനെ ഒരു കിണറു കുഴിക്കുവാൻ ശ്രമിക്കേണ്ടതാണെന്ന് അദ്ദേഹം ഉപദേശിക്കുകയും ചെയ്യുന്നു. ഇനി, ഈ കിണറ് ഭൂഗർഭത്തിന്റെ ഒത്ത നടുവരെ എത്തുവാൻ എത്ര ആഴം വേണ്ടിവരുമെന്നു നോക്കുക. ഭൂമിയുടെ വണ്ണം 80 നാഴികയാണെന്നാണ് നവീനശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. അക്കണക്കിനു പ്ലുമേറിയൻ ഉദ്ദേശിക്കുന്ന കിണറിന്റെ ആഴം 15 നാഴിക ആവണമല്ലൊ. പക്ഷേ, ജൎമ്മനിയിൽ ഇതിനിടെ ഇതുസംബന്ധമായി ശാസ്ത്രജ്ഞന്മാർ തമ്മിലുണ്ടായ ഒരു വാദപ്രതിവാദത്തിൽ ഭൂമിയുടെ വണ്ണം 930 നാഴികയാണെന്നു ചിലരഭിപ്രായപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്കു 465 നാഴിക ആഴമുള്ള ഒരു കിണർ കുഴിക്കേണ്ടതായിവരും!

കണ്ണുനീരും രക്തവും.

ഫ്രഞ്ചുകാരനായ ഒരു ശാസ്ത്രജ്ഞൻ കണ്ണുനീരിനെപ്പററി വളരെ പുതുമ തോന്നുന്ന ഒരഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഒരു മനുഷ്യൻ കരയുവാൻ തുടങ്ങുമ്പോൾ ആയാളുടെ തലച്ചോറിൽ കടക്കുന്ന രക്തത്തിന്റെ ശക്തി വളരെ കുറയുന്നു. തലച്ചോറിൽ രക്തം കുറഞ്ഞാൽ അവനുള്ള ഉത്സാഹം പോയി വളരെ സാധുപ്രകൃതം വരുന്നു. കണ്ണുനീരെന്നു പറയുന്നതു വാസ്തവത്തിൽ രക്തമാണ്. അതു കുഴലുകളിൽക്കൂടെ പുറത്തുവരുമ്പോൾ നിറം മാറുന്നുവെന്നേ ഉള്ളു. ലഹരിയുള്ള മദ്യം ഒരുവന്റെ ഇന്ദ്രിയശക്തിയെകെടുക്കുന്നതുപോലെ പുറത്തുവരുന്ന കണ്ണുനീർ വ്യസനശക്തിയേയും കെടുക്കും. കുട്ടികളുടെ ധാതുക്കൾക്കു വളരെ എളുമയുള്ളതുകൊണ്ട് അവൎക്ക് എടയ്ക്കെടയ്ക്കു കരയുന്നതുകൊണ്ടു ഗുണം കിട്ടുന്നു. അത് അവരുടെ തലച്ചോറിന്നും നല്ലതാണ്. സ്ത്രീകൾക്കു കരയുന്നതുകൊണ്ടു ശാന്തസ്വഭാവവുമുണ്ടാവുന്നു.

ഭൂമിയുടെ പഴക്കം.

ഭൂമിക്കു 1000 ലക്ഷം കൊല്ലത്തെ പഴക്കമുണ്ടെന്നാണ് മിക്കവാറും ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചുവരുന്നത്. എന്നാൽ, പ്രൊഫസർ വില്യം മോറിസ്സ് ഡേവിസ്സ് എന്ന ശാസ്ത്രജ്ഞൻ ഇതിനിടയിൽ ചില പ്രത്യേകന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി 600 ലക്ഷം കൊല്ലത്തെ പഴക്കമേ ഉള്ളുവെന്നു പ്രസ്താവിച്ചിരിക്കുന്നു. കടലിലെ വെള്ളം കരസ്ഥലുള്ള പാറകളിൽത്തട്ടിയുണ്ടാവുന്ന പടലം (Strata) എടുത്തു പരിശോധിച്ചിട്ടാണ് ആ വിദ്വാൻ കാലം ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. ഒരു ക്ലിപ്തമായ കാലത്തിന്നുള്ളിൽ പടലം എത്ര വലുതാവുന്നു എന്നുള്ള പരിശോധനയാണ് ഈ അഭിപ്രായത്തിന്റെ ബീജം.

ചന്ദ്രന്റെ ജനനം.

എത്രയോ ലക്ഷം കൊല്ലങ്ങൾക്കു മുമ്പ് ഭൂമിയും ചന്ദ്രനും ഒന്നായിരുന്നു. അപ്പോൾ, ഭൂമി ഇപ്പോഴത്തെ മാതിരിയിലാവാനുള്ള പരിണാമം നടക്കുന്ന കാലമായിരുന്നു. അന്നു ഭൂകമ്പം അധികമുണ്ടായിരുന്നു. അങ്ങിനെയുണ്ടായ ഒരു വലിയ ഇളക്കത്തിൽ ഭൂമിയുടെ ഒരു ഭാഗം പൊട്ടിത്തെറിച്ചുപോയി. അതാണ് ചന്ദ്രൻ. അതോടുകൂടി കല്ലുകളും പാറകളും ലോഹങ്ങളും ചെറുഭൂഖണ്ഡങ്ങളും തെറിച്ചുപോയിട്ടുണ്ട്. അതിൽ ചിലതാണ് ഉൽക്കകളായി വീഴുന്നത്. എന്നു ചില ശാസ്ത്രജ്ഞന്മാർ പറയുന്നു.

# മുത്തശ്ശിയുടെ കഥ.

ആകാശമണ്ഡലം മുഴുവൻ കറുത്തിരുണ്ട മേഘപടലങ്ങളാൽ മറഞ്ഞിരിക്കുന്നു. ഭയങ്കരമായ ഒരു മഹായുദ്ധത്തിൽ ജയശാലികളായ വീരസൈനികരുടെ ആർപ്പുവിളിയെന്നപോലെ ഇടിമുഴക്കം കേൾക്കുന്നു. ഇടയ്ക്കിടയ്ക്കു കണ്ടും കാണാതെയുമാകുന്ന മിന്നല്പിണരുകളുടെ പ്രകാശത്താൽ കണ്ണുകൾ അറിയാതെ അടഞ്ഞുപോകുന്നു. ഈ കലാപങ്ങൾ കണ്ടു ഭയപ്പെട്ടു ഞാനെന്റെ മുത്തശ്ശിയമ്മയുടെ മടിയിൽ കടന്നുകൂടി. എന്റെ ഭയപ്പാടിന്ന് ഒരുവിധം ശമനം കിട്ടി. ആ സമയത്ത്, നിരാധാരവും എങ്ങും പരന്നതുമായ ആകാശത്തു നിന്ന് ഈവിധം മഴ പെയ്യാനും ഇടിമുഴങ്ങാനും മിന്നൽ വീഴാനും കാരണമെന്തെന്നു ഞാൻ മുത്തശ്ശിയോടു ചോദിക്കുകയുണ്ടായി. അതിന്നു മറുവടി ഇതായിരുന്നു:— സ്വർഗ്ഗലോകത്തു ദേവേന്ദ്രൻ പല അസുരപ്രധാനികളോടു പോരാടുന്നു. അധികം ഊക്കോടെ പോർ ചെയ്യുകയാൽ പാഞ്ഞുകേറുന്ന അസ്ത്രശസ്ത്രങ്ങളുടെ പ്രബലമായ സംഘട്ടനം നിമിത്തം ഉച്ചത്തിൽ പുറപ്പെടുന്ന ഒച്ചയാണ് ഇടിമുഴക്കം. മുറിഞ്ഞും ചതഞ്ഞും കിടക്കുന്ന ഇന്ദ്രവൃത്രസൈന്യങ്ങളുടെ ദേഹത്തിൽനിന്നൊഴുകുന്ന ചോരയാണ് ഈ പെയ്യുന്ന വെള്ളം. മുത്തശ്ശി പറഞ്ഞ ഈ കഥ കണ്ണടച്ചു വിശ്വസിക്കാനേ കുട്ടിയായ എനിക്കു തൽകാലം നിവൃത്തിയുണ്ടായിരുന്നുള്ളു. അല്ലാതെ അതിന്നെതിർത്തു വാദിക്കത്തക്ക വിവേകമോ പ്രാപ്തിയോ വാശിതയോ എനിക്കുണ്ടായിരുന്നില്ല.

കാലം കുറച്ചു കഴിഞ്ഞു. എനിക്കു വയസ്സു പന്ത്രണ്ടായി. എന്നെ ഒരു പള്ളിക്കൂടത്തിൽ പഠിക്കുവാൻ കൊണ്ടുപോയാക്കി. ഒമ്പതു കൊല്ലത്തെ പഠിപ്പുകൊണ്ടു പ്രധാനവിഷയമായ പ്രകൃതിവിജ്ഞാന (Nature study)ത്തിൽ എനിക്കു നല്ല പരിചയമായി. മേഘം, കാററ്, മഴ, മിന്നൽ മുതലായവയുടെ വാസ്തവമായ പ്രകൃതിയും വികൃതിയും കണ്ടുപിടിക്കാൻ എനിക്കു ധാരാളം വശമായി. അപ്പോൾ പണ്ടു മുത്തശ്ശി പറഞ്ഞ കഥ വെറും കളവാണെന്നു തോന്നി. കഷ്ടം! എന്തു ദേവേന്ദ്രൻ, എന്തു വൃത്രൻ, എന്തു യുദ്ധം! ഒന്നുമില്ല. എന്നെ രസിപ്പിക്കാനും സന്തോഷിപ്പിക്കാനുമായി മുത്തശ്ശി പറഞ്ഞ നേരമ്പോക്കാണതെല്ലാം. വെള്ളം, ആവി, മിന്നൽ, കാററ് എന്നിവയുടെ വിളയാട്ടമല്ലാതെ മററൊന്നും ആകാശത്തിലില്ല. ഈ ധാരണനിമിത്തം എനിക്കു മുത്തശ്ശിയുടെ പേരിലുണ്ടായിരുന്ന ബഹുമാനം കുറഞ്ഞു എന്നുമാത്രമല്ല, ദിവസേന ഞാൻ മുത്തശ്ശിയെ പുച്ഛിക്കാൻ തുടങ്ങുകയും ചെയ്തു.

മുത്തശ്ശി പറഞ്ഞ കഥ പുരാണങ്ങളിലും മററും പറഞ്ഞിട്ടുള്ളതാണെന്ന് അന്നു പറയുമ്പോഴൊക്കെയും എനിക്കതു വിശ്വസിക്കാനേ തരമുണ്ടായിരുന്നുള്ളു. ഛാതി

ന്നു വിരോധമായ പ്രമാണമൊന്നും എനിക്കന്നറിഞ്ഞുകൂടായിരുന്നു. പ്രകൃതിവിജ്ഞാനം അതിന്നു വിരോധമായി വന്നപ്പോൾ എനിക്കാകഥയെക്കുറിച്ചു പരിഹാസമാണെല്ലാം ഉണ്ടായതു്. എങ്കിലും ഞാൻ മുത്തശ്ശി പറഞ്ഞ പുരാണങ്ങളും മററും പരിശോധിച്ചുതുടങ്ങി. അപ്പോൾ വൃത്രാസുരയുദ്ധം വാസ്തവമാണെന്നു പുരാണവചനം മാത്രമല്ലാ തെളിയിക്കുന്നതു്. 'ഇന്ദ്രോവൈ വൃത്രമഹനിഷ്യൽ; സർവ്വാദേവതാ അബ്രുവിൽ' (ഇന്ദ്രൻ വൃത്രാസുരനെ കൊന്നു എന്നു് എല്ലാ ദേവതമാരും പറഞ്ഞു) എന്നു് ഐതരേയബ്രാഹ്മണത്തിലും, 'വൃത്രായ വജ്രമീശാനഃ' എന്നു് ഋഗ്വേദം ഒന്നാം മണ്ഡലത്തിലും, 'അഹന്വൃത്രം; ഇന്ദ്രോ വൃത്രായ വജ്രമുദയച്ഛൽ' എന്നു് എട്ടാം മണ്ഡലത്തിലും കാണുന്ന വാക്യഖണ്ഡങ്ങൾ എന്റെ ദൃഷ്ടിയിൽപ്പെട്ടു. അവയുടെ അർത്ഥമാലോചിച്ചു മനസ്സിലാക്കിയപ്പോൾ മുത്തശ്ശിക്കു വേദപുരാണാദികളിലുള്ള ജ്ഞാനത്തെ ഞാൻ ഉള്ളുകൊണ്ടു പല തവണയും അനുമോദിക്കുകയുണ്ടായി.

ഞാൻ വലിയ പരിഭ്രമത്തിലായി. മുത്തശ്ശിയുടെ കഥ വാസ്തവമാണോ അല്ലയോ എന്ന ശങ്ക എന്റെ മനസ്സിൽനിന്നു വിട്ടൊഴിയുന്നില്ല. വേദപുരാണാദികൾ മുത്തശ്ശിയുടെ ഭാഗത്തുണ്ടെങ്കിലും പള്ളിക്കൂടത്തിലെ പഠിപ്പു നേരേ മറിച്ചാണു്. ഞാൻ എന്തു കാട്ടട്ടേ! ഏതായാലും കുറെക്കൂടി പുസ്തകങ്ങൾ പരിശോധിക്കതന്നെ എന്നുറച്ചു. പല പുസ്തകങ്ങളും വായിച്ച കൂട്ടത്തിൽ യാസ്കനിരുക്തവും വായിപ്പാനിടയായി. അതിലൊരുഭാഗത്തു് ഇങ്ങിനെ കണ്ടു:— 'കോമേഘഃ? മേഘ ഇതി നൈരുക്താഃ; ത്വാഷ്ട്രോസുര ഇത്യൈതിഹാസികാഃ' (മേഘമെന്താണു്? മേഘമാണു് അതെന്നു നൈരുക്തന്മാരും, അതു ബ്രഹ്മാവിന്റെ സൃഷ്ടിയായ ഒരസുരനാണെന്നു് ഇതിഹാസവിശ്വാസികളും പറയുന്നു)'. നിരുക്തത്തിലെ ഈ ഭാഗം കണ്ടപ്പോൾ എന്റെ മനസ്സിന്നു് എന്തെന്നില്ലാത്ത ഒരു വെളിവുണ്ടായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇപ്പോൾ വേറെ ഒരു സംശയം: വേദത്തിൽ വൃത്രയുദ്ധം വർണ്ണിച്ചിരിക്കുന്നു. നിരുക്തകാരമതം നോക്കിയാൽ വൃത്രാസുരൻ തന്നെ ഇല്ലതാനും. ഇന്ദ്രനു് എതിരാളിയില്ലെങ്കിൽ ആരോടാണു് യുദ്ധം ചെയ്യുക? ഈ സ്ഥിതിക്കു വേദത്തിലെ കഥയ്ക്കു് എന്തായിരിക്കും അടിസ്ഥാനം? ഇങ്ങിനെയുള്ള സംശയങ്ങളോടുകൂടി കുറെ ഏടുകൾ അങ്ങോട്ടുമിങ്ങോട്ടും മറിച്ചുനോക്കിയപ്പോൾ നിരുക്തത്തിൽത്തന്നെ മറെറാരു ഭാഗത്തു് ഇങ്ങിനെ കണ്ടു:— 'അപാഞ്ച ജ്യോതിഷശ്ച മിശ്രീഭാവകർമ്മണോ വർഷകർമ്മജായതേ, തത്ര ഉപമാർത്ഥേന യുദ്ധവർണ്ണാഭവന്തി'. സ്വയംപ്രകാശമുള്ള 'ഇന്ദ്രൻ' എന്ന വായുവും മേഘങ്ങളുടെ 'ഉൾഭാഗത്തു നിറഞ്ഞ വെള്ളവുമായി കൂടിക്കലരുമ്പോൾ മഴയുണ്ടാവുന്നു. വായുവും വെള്ളവും തമ്മിലുള്ള കൂടിക്കലച്ച യുദ്ധംപോലെയായതുകൊണ്ടു മഴയെ വൃത്രാസുരയുദ്ധമായി വർണ്ണിച്ചിരിക്കയാണു്. മേഘമണ്ഡലത്തിൽ സദാ വീശിയടിക്കുന്ന കാററു തന്നെയാണു് ഇന്ദ്രൻ എന്നു് 'വായുർവാ ഇന്ദ്രോ' എന്ന ദൈവതകാണ്ഡത്തിൽ സ്പഷ്ട

മാണ്. മിന്നൽവെളിച്ചവും ഇന്ദ്രനുള്ളതാണ്. കാലാവസ്ഥകളനുസരിച്ച് ഇന്ദ്രൻ ചിലപ്പോൾ വിളങ്ങിയും ചിലപ്പോൾ വിളങ്ങാതെയുമിരിക്കും. വായുവും ഇന്ദ്രനും ഒന്നാണെന്നുള്ളതിലേക്ക് 'അസ്യേന്ദ്രസ്യവായോഃ' (ഈ ഇന്ദ്രനായ വായുവിനു) എന്ന വേദവാക്യം തന്നെ തെളിവാകുന്നു.

ഇപ്പറഞ്ഞ വേദവാക്യങ്ങൾക്കും തെളിവുകൾ നിരുക്തത്തിൽ കാണുന്നു:—

'(1) അഹിഷൻ നിരുദ്ധാ ആപഃ പണിനേവഗാവഃ അപാം ബിലമപിഹിതം യദാസീൽ, വൃത്രം ജഘന്വാ അപതദ്വവാര' (യഥാ ഹി പണിഭ്യോ ഗാവീരുദ്ധ്യ രക്ഷന്തി മേഘഃ (വൃത്രഃ) തജ്ജലം നിരുദ്ധ്യാരക്ഷൽ. മേഘോ ജലസ്യ ബിലം (നിർഗ്ഗമദ്വാരം) അരുധ്നാൽ– ഇതിഹ ഇന്ദ്രഃ (വായുഃ) തമാഹത്യ തജ്ജലം ബഹിർന്നിരഗമയൽ)'

പശു മേച്ചുനടക്കുന്ന ഗോപാലന്മാർ വല്ല [ അപകടത്തിലും അകപ്പെട്ടാവുന്ന പശുക്കളെ പിന്തിരിച്ചു രക്ഷിക്കുന്നതുപോലെ, മേഘം തന്റെ ഉള്ളിൽ വെള്ളം തടഞ്ഞു നിർത്തി [പുറത്തുവിടാതെ സൂക്ഷിക്കുന്നതു കണ്ട് ഇന്ദ്രൻ ഒരു ഓവുണ്ടാക്കി ആ വെള്ളം പുറത്താക്കി.

'(2) പ്രനൂമഹത്വം വൃഷഭസ്യവോചം
യൽ പൂരവോ വൃത്രഹനം സചന്തേ;
'വൈശ്വാനരോദസ്യുമഗ്നിർജ്ജഘന്വാൻ
അധൂനോൽകാഷ്ഠാ അവ ശംബരംഭേൽ.'

(മാനവാഃ വൃഷ്ടികാമാഃ സന്തഃയം സേവന്തേ തസ്യ വജ്ജലവർഷണകാരിണോ വൃത്രഹന്തുർമ്മഹിമാനമഹംവിശേഷേണ ബ്രവീമി. സവല്യദസ്യും മേഘമാഹത്യ വിദാര്യ ചജ്ജലമധൂനോൽ വൃഷ്ടിരൂപേണ പശ്ചന്നമയൽ)'

മനുഷ്യർ മഴക്കായി യാതൊരുവനെ ആശ്രയിക്കുന്നുവോ ആ ജലവർഷകാരിയും വൃത്രഹന്താവുമായ ഇന്ദ്രന്റെ മാഹാത്മ്യത്തെ ഞാൻ പറയാം. അവൻ ശത്രുവായ മേഘത്തെ ഊക്കോടെ അടിച്ചു പിളർന്ന് അകത്തുള്ള വെള്ളം പുറത്തൊലിപ്പിക്കുന്നു. അതാണ് മഴ.

ഇപ്പറഞ്ഞതുപോലെ ഇന്ദ്രനെന്നും വൃത്രനെന്നും പറയുന്ന വായുക്കൾ തമ്മിലുള്ള അടിപിടിയും ബഹളവുമാണ് യുദ്ധമായി പുരാണത്തിൽ വർണ്ണിച്ചിരിക്കുന്നത്. ഒരാൾ തനിച്ചുമാത്രം ആരോടാണു യുദ്ധംചെയ്യുക? ഇതിനും വേദത്തിൽത്തന്നെ വേണ്ട പ്രമാണങ്ങൾ ഉണ്ട്.

'മായേൽസാതേയാനിയുദ്ധാന്യാഹുഃ
നാദ്യശത്രുംനനുപുരാവിവിത്സേ.'

(അയി ഇന്ദ്ര! യാനി തേ യുദ്ധാനി വർണ്ണയന്തി തത്സർവ്വമപി മിഥ്യാ. യതഃ നഹി തേ സാംപ്രതം ശത്രുരസ്തി, നാപി വാ പൂർവ്വമാസീൽ. തദേതൽതവമപി ജാനാസി — 8-ാം മണ്ഡലം.)

അല്ലയോ ഇന്ദ്ര! വൃത്രനുമായി നിനക്കൊരു യുദ്ധമുണ്ടായതായി പുരാണങ്ങളിൽ കാണുന്നു. അതു വാസ്തവത്തിലുള്ളതല്ല. നിനക്കൊരു ശത്രുപോലും ഇതേവരെ ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുന്നതുമല്ല. ഈ സംഗതി നിനക്കും അറിവുള്ളതാണ്.

'തദാഹുർന്നൈതദസ്തിയദ്ദേവാസുരം.'

(ദേവാസുരയോർന്ന കിമപി യുദ്ധമാസീൽ.)

ദേവന്മാരും അസുരന്മാരും തമ്മിൽ യാതൊരു യുദ്ധവും ഉണ്ടായിട്ടില്ല. കാററു

വീശുമ്പോൾ മേഘം ഛിന്നഭിന്നമായി ചിതറിപ്പോകുന്നു. വീണ്ടും അതു കറുത്തിരുണ്ടു മാനത്താകമാനം വ്യാപിക്കുന്നു. വീണ്ടും കാററടിക്കുകയും, മേഘം ഛിന്നഭിന്നമാകയും ചെയ്യുന്നു. ഇതുമൂലമാണ് വായുവിനും മേഘത്തിനും തമ്മിൽ ശത്രുതയെന്നു പുരാണത്തിലും കാണുന്നു.

ഇത്രയുമായപ്പോഴേയ്ക്കു് എന്റെ സംശയങ്ങൾ ഒട്ടുമുക്കാലും തീൎന്നു. ഇനി അല്പം മാത്രമേ ബാക്കിയുള്ളൂ. മേഘത്തിനു വൃത്രനെന്നും കാററിന് ഇന്ദ്രനെന്നും പേരുകൾ എങ്ങിനെ സിദ്ധിച്ചു? ഇതാണെനിക്കുണ്ടായ സംശയം. നിരുക്തത്തെ ഒന്നുകൂടി സൂക്ഷ്മമായി നോക്കിയപ്പോൾ ഇതിനും സമാധാനം കിട്ടി. 'യദവൃണോൽ തദ്വൃത്രസ്യ വൃത്രത്വം' (ആകാശമണ്ഡലത്തെ ആവരണം ചെയ്യുന്നതുകൊണ്ടു മേഘത്തിനു വൃത്രനെന്നു പേർ കിട്ടി) എന്നും, 'യദവൎത്തത തദ്വൃത്രസ്യ വൃത്രത്വം' (ആകാശത്തിൽ അങ്ങുമിങ്ങും അലയുന്നതുകൊണ്ടും മേഘം വൃത്രനായിത്തീൎന്നു) എന്നും, 'യദവൎദ്ധത തദ്വൃത്രസ്യ വൃത്രത്വം' (കാററടിയേററതിനുശേഷം വീണ്ടും വളരുന്നതുകൊണ്ടും മേഘത്തിനു വൃത്രനെന്നു പേർ കിട്ടി) എന്നും മൂന്നു പ്രകാരത്തിൽ മേഘത്തിനു വൃത്രസംജ്ഞ കിട്ടുവാനുള്ള കാരണം പറഞ്ഞിരിക്കുന്നു. വൃഞ് ധാതു നിഘണ്ടുവിൽ ആവരണാൎത്ഥത്തിലും ഗത്യൎത്ഥത്തിലും വൎദ്ധനാൎത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നു. 'വൃത്രോ വൃണോതേർവാ വൎത്തതേർവാ വൎദ്ധതേർവാ' എന്നു നിരുക്തത്തിൽ കാണുന്നുമുണ്ട്. ഇന്ദ്രനു വായു എന്നു പേരുവന്നത് 'ഇരാം മേഘം വിദാരയതി' എന്ന വ്യുൽപത്തിപ്രകാരം മേഘത്തെ പിളക്കുന്നതുകൊണ്ടുമാകുന്നു.

ഇത്രയുംകൊണ്ട് എനിക്കുണ്ടായിരുന്ന സംശയങ്ങൾ നിശ്ശേഷം തീൎന്നു. പ്രാചീന ഹിന്തുക്കളുടെ വേദപുരാണാദികളും അവയനുസരിച്ചു പണ്ടു മുത്തശ്ശി പറഞ്ഞ കഥയും നവീനശാസ്ത്രപ്രകാരമുള്ള പ്രകൃതിശക്തിയും വാസ്തവത്തിൽ ഒന്നുതന്നെയാണെന്ന് എനിക്കു ബോദ്ധ്യമായി. വായുവും മേഘവുമായിട്ടുള്ള സംഘട്ടനമാണെന്നു വിചാരിക്കുന്നതായാലും ശരി; ഇന്ദ്രനും വൃത്രനും തമ്മിലുള്ള യുദ്ധമാണെന്നു കരുതുന്നതായാലും ശരി; യഥാൎത്ഥത്തിൽ അതുരണ്ടും ഒന്നുതന്നെയാണ്. പ്രകൃതിയിൽ നിലീനമായിക്കിടക്കുന്ന ഓരോരോ തത്വങ്ങളെ അലങ്കാരഭംഗികൊണ്ടു മിനുക്കി പാമരന്മാൎക്കുകൂടി മനസ്സിലാകത്തക്ക കഥകളെക്കൊണ്ടു വെളിവാക്കുന്ന സ്വഭാവം നമ്മുടെ സാഹിത്യത്തിൽ പ്രസിദ്ധമാണ്. അതനുസരിച്ച് ആ ബാല്യദശയിൽ എന്നെ ഭയപ്പെടുത്തിയും വിനോദിപ്പിക്കുവാനായിട്ടാണ് വാത്സല്യമേറിയ എന്റെ മുത്തശ്ശി ഇന്ദ്രവൃത്രന്മാരുടെ യുദ്ധകഥ പറഞ്ഞുതന്നത്. ഹാ! ആ കഥയിൽ ഒളിച്ചുകിടക്കുന്ന തത്വം മനസ്സിലാക്കുവാൻ എനിക്കെത്ര ക്ലേശിക്കേണ്ടിവന്നു! വളരെക്കാലം അദ്ധ്വാനിച്ച് പ്രകൃതിശാസ്ത്രം പഠിച്ചു; വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ മുതലായവയൊക്കയും പരിശീലിച്ചു; അവസാനത്തിൽ, നിരുക്തകാരന്റെ അനുഗ്രഹംകൊണ്ടാണ് പരമാൎത്ഥം ഗ്രഹിക്കാറായത്.

സംശയങ്ങളെല്ലാം തീൎന്നതിനുശേ

ഷം എനിക്കു മുത്തശ്ശിയമ്മയെ ഒന്നു കണ്ടാൽ കൊള്ളാമെന്നു തോന്നി. പക്ഷേ, ആ കാൎയ്യം തീരെ അസാധ്യമായിരുന്നു. ജ്ഞാനനിധിയായിരുന്ന എന്റെ മുത്തശ്ശിയമ്മ ഇതിന്നിടയിൽ ഇഹലോകവാസം ഉപേക്ഷിച്ചു.

ഹാ എന്റെ മുത്തശ്ശിയമ്മേ, സ്കൂളിലെ പഠിപ്പുകൊണ്ട് സകലതും അറിഞ്ഞു കഴിഞ്ഞു എന്നുള്ള തെറ്റിദ്ധാരണകൊണ്ട് എനിക്കവിടത്തെപ്പേരിൽ പരിഹാസം തോന്നിയതു ക്ഷമിക്കണമേ! ഹാ, ആ ഇടിയും മഴയും പൊടിപൊടിക്കുന്ന അവസരത്തിൽ എന്നെ മടിയിലിരുത്തി ഭവതി പറഞ്ഞു തന്ന കഥ എത്രയും പരമാൎത്ഥമാണെന്നു എനിക്കിപ്പോൾ മനസ്സിലായി. ആ കഥയുടെ പരമാൎത്ഥം മനസ്സിലാകാഞ്ഞത് എന്റെ കുററം തന്നെയാണ്. ഈ കാൎയ്യത്തിൽ 'നൈഷസ്ഥാണോരപരാധോ യദേനമന്ധോ ന ജാനാതി; പുരുഷാപരാധഃ സഭവതി' (വഴിയിലുള്ള ഒരു കുററി തടഞ്ഞ് കുരുടൻ വീണു പോകുന്നതു കുററിയുടെ കുററമല്ല; കുരുടന്റേതാണ്) എന്നു നിരുക്തകാരൻ ഉപദേശിച്ച വാക്യം കൊണ്ടുതന്നെ ഞാൻ സമാധാനിച്ചു കൊള്ളുന്നു.

ടി. വി. ശ്രീനിവാസശാസ്ത്രി.

---

# ഞങ്ങളുടെ വായനശാല.

൧. ഭാഷാവിലാസം, രണ്ടാം പുസ്തകം— (പ്രസാധകൻ പി. വി. കൃഷ്ണവാരിയരവർകൾ, കോട്ടയ്ക്കൽ. വില 1 ക.)

ഗദ്യമയങ്ങളും പദ്യമയങ്ങളുമായ ഉപന്യാസങ്ങൾ കൂട്ടിച്ചേൎത്തുണ്ടാക്കുന്ന പുസ്തകങ്ങൾ ഏതു ഭാഷയ്ക്കും ഭൂഷണമാണ്. മലയാളഭാഷയുടെ തൽക്കാലസ്ഥിതിക്ക് അവ എത്രയും ആവശ്യവുമാണ്. ഞങ്ങളുടെ മുമ്പിലിരിക്കുന്ന പുസ്തകത്തിൽ പലരുടേയും വകയായി 9 ഗദ്യപ്രബന്ധങ്ങളും 7 പദ്യപ്രബന്ധങ്ങളും അടങ്ങിയിരിക്കുന്നു. ഇവയിൽ പലതും പുതിയ പുതിയ ആശയങ്ങളെക്കൊണ്ടും ലളിതമായ രീതികൊണ്ടും വായനക്കാൎക്കു വിജ്ഞാനവും വിനോദവും നൽകുന്നവയാണെന്നു നിസ്സംശയം പറയാം. ഈശ്വരമാഹാത്മ്യത്തെ മധുരമായ ഭാഷയിൽ ഉൽഗാനം ചെയ്തുകൊണ്ടു കുണ്ടൂർ നാരായണമേനോനവർകൾ ചെയ്തിട്ടുള്ള 'മംഗളം', പ്രകൃതിയുടെ രാമണീയകത്തെ നല്ല അൎത്ഥകല്പനയോടുകൂടി വൎണ്ണിച്ചുകൊണ്ടു വള്ളത്തോൾ നാരായണമേനോനവർകൾ എഴുതിയ 'അയ്യൻകുന്ന്,' സ്വതസ്സിദ്ധമായ പ്രൌഢിയെ പ്രതിപദം പ്രകടിക്കുന്നതായ ഉള്ളൂർ പരമേശ്വരയ്യരവർകളുടെ 'മാലതി', 'കൊടുത്തുബ്രാഹ്മണാഢ്യൻ' എന്നതിൽ പല പുതിയ ആശയങ്ങളോടുംകൂടി കുറിപ്പാത്തു കേശവൻനായരവർകളുടെ

തിയ ഒന്നാം ഭാഗം, എന്നിവയാണ് പദ്യപ്രബന്ധങ്ങളിൽവെച്ചു മുമ്പിട്ടു നിൽക്കുന്നത്. കവിതയുടെ രഹസ്യങ്ങൾ മനസ്സിലാക്കി എൻ. കൊച്ചുകൃഷ്ണപിള്ള അവർകളും, ഷേക്സ്പിയർ മഹാകവിയുടെ ദുഃഖപര്യവസായികളായ നാടകങ്ങളെപ്പററി പുത്തേഴത്തു രാമൻമേനോനവർകളും, മലയാളത്തിലെ മാപ്പിളമാരെപ്പററി സി. കുഞ്ഞിരാമൻമേനോനവർകളും എഴുതിയ ഉപന്യാസങ്ങൾ ഗദ്യപ്രബന്ധങ്ങളുടെ കൂട്ടത്തിൽ അധികം നന്നായവയാണ്. ഒടുവിൽ കുഞ്ഞികൃഷ്ണമേനോനവർകളുടെ 'കുട്ടിരാമപ്പണിക്കർ' എന്ന കഥയും നന്നായിട്ടുണ്ട്. ഇതുപോലെ തന്നെ, ചില ഉപന്യാസങ്ങളെപ്പററി ഞങ്ങൾക്കുള്ള അഭിപ്രായവ്യത്യാസംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. 'നമ്മുടെ മാതൃഭൂമി'യിൽ വിലയേറിയ പല പദാർത്ഥങ്ങളുണ്ടെങ്കിലും, അവയെ സംസ്കരിച്ചു നല്ല ഭാഷയിലാക്കിക്കൊടുക്കാതിരുന്നാൽ അവകൊണ്ടു വലിയ ഉപയോഗമുണ്ടാവുമെന്നു തോന്നുന്നില്ല. 'കൊടുത്തുബ്രാഹ്മണനാഢ്യൻ' എന്ന കവിതയിലെ രണ്ടാം ഭാഗവും ഒരുവിധം നന്നായിട്ടുണ്ടെങ്കിലും, അത് ഒന്നാം ഭാഗത്തോടു ചേർക്കുമ്പോൾ ചേർച്ച പോരാതെയാണ് കാണുന്നത്. ഇങ്ങിനെയുള്ള കൂട്ടകവിതകൾ ഇയ്യിടയിൽ കുറെ അധികമായിത്തുടങ്ങിയിരിക്കുന്നു. കൂട്ടകൃഷി, കൂട്ടകച്ചവടം മുതലായവ നല്ലതുതന്നെ; എന്നാൽ, 'കൂട്ടകവിത' അക്കൂട്ടത്തിലല്ല. എല്ലാററിലും കൂട്ടായാൽ ഒരു വകയല്ലേ? ഈ ദോട്ടക്കാവിന്നു കവികളല്ലാ പ്രസാധകന്മാരാണ് ഉത്തരവാദി. എം. ആർ. കൃഷ്ണവാരിയരവർകളുടെ 'ദേവ'നെപ്പററിയും ഞങ്ങൾക്കു വിപ്രതിപത്തിയുണ്ട്.. യഥാർത്ഥകവിതയ്ക്ക് ഒരു വസ്തുവിനേയും 'തീണ്ടൽ' ഇല്ലെന്നു ഞങ്ങൾക്കും സമ്മതമാണ്. എങ്കിലും സഹൃദയഹൃദയാഹ്ലാദകമായ ഗുണങ്ങളില്ലാതെ 'വരമ്പുകത്തിച്ചുഴവിച്ചു'കൊണ്ടിരിക്കുന്ന 'ദേവ'നെ സഹൃദയസമാജത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുവരുന്നതു സാഹസമാണ്. യാതൊരു വൈചിത്ര്യവും കൂടാതെ പറയുന്ന വാക്യങ്ങൾ കവിതകളാകുമെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ കവിതയല്ലാതെ ലോകത്തിൽ ഒരു വാക്യവുമില്ല. കവിതയുള്ള ചില ശ്ലോകങ്ങൾ 'ദേവ'നിലുമുണ്ട്. എന്നാൽ, ഭൂരിപക്ഷം നോക്കിയാൽ നേരേമറിച്ചാണ്. ഉണ്ണികൃഷ്ണൻനായരവർകളുടെ 'ഗ്രാമനിരൂപണ'വും കുറെ ശുഷ്കമാണെന്നാണ് തോന്നുന്നത്. ഇങ്ങിനെ ചില ദോഷങ്ങൾ ഈ 'ഭാഷാവിലാസ'ത്തിലുണ്ടെങ്കിലും, പല ഗുണങ്ങളുമുള്ള ഈ പുസ്തകം കേരളീയർക്ക് ആദരിക്കത്തക്കതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

൨. ഭാമിനീവിലാസം—(കൊട്ടാരക്കര എം. വി. രാമകൃഷ്ണശാസ്ത്രികൾ തർജ്ജമ ചെയ്തത്. ലക്ഷ്മീസഹായം അച്ചുകൂടം, കോട്ടയ്ക്കൽ. വില 4 ണ.)

'ഭാമിനീവിലാസം' എന്ന പ്രസിദ്ധ സംസ്കൃതഗ്രന്ഥത്തിലെ അന്യോക്ത്യുല്ലാസം മാത്രമേ (196 ശ്ലോകം) ഇതിലടങ്ങീട്ടുള്ളു. മൂലവും തർജ്ജമയുംകൂടി 'കവനകൗമുദി'യിൽ പ്രസിദ്ധപ്പെടുത്തിയതിന്നു ശേഷം അതിൽനിന്നു വേറെയെടുത്ത് ഇപ്പോൾ ഒരു പ്രത്യേകപുസ്തകമായി പ്രസിദ്ധപ്പെട

ത്തിയിരിക്കയാണ്. രാമകൃഷ്ണശാസ്ത്രികൾക്കു കേരളഭാഷയോടുള്ള സ്നേഹവും ധൈര്യപൂർവ്വമായ ഉത്സാഹവും സർവ്വഥാ അഭിനന്ദനീയം തന്നെ. എന്നാൽ, അവയുടെ ഫലമായ പ്രകൃതപുസ്തകം മനസ്സിരുത്തി നോക്കിയതിൽ ഞങ്ങൾക്കു കുറെ ആശാഭംഗമാണുണ്ടായത്. മൂലത്തിലെ അഭിപ്രായങ്ങളെ അന്യൂനാനതിരിക്തമായി തർജ്ജമയിൽ പ്രതിഫലിപ്പിക്കുന്നതാണല്ലോ തർജ്ജമയുടെ ജീവൻ. അതു ലളിതമായ ഭാഷയിൽക്കൂടിയാണെങ്കിലോ ഉത്തമവുമായി. ഈ സംഗതി നോക്കിയാൽ, ഭാഷാഗുണത്തെപ്പററി ചിന്തിക്കുന്നില്ലെങ്കിൽ കൂടി, ഇതൊരു ജീവനില്ലാത്ത തർജ്ജമയാണെന്നുവേണം പറയുവാൻ. ഒരുവിധം തരക്കേടില്ലെന്നു സമ്മതിക്കാവുന്നതായി ചില ശ്ലോകങ്ങൾ ഇതിലുമുണ്ടെങ്കിലും, അധികഭാഗവും മൂലത്തോടു ശരിയായി യോജിക്കാതെയാണ് കാണുന്നത്. ചില ശ്ലോകങ്ങൾ മൂലത്തിന്നു വിരുദ്ധമായിത്തന്നെ കാണുന്നുണ്ട്. ചിലതിൽ, മൂലത്തിന്റെ ഘടനാരീതിയിൽനിന്നു പരിഭാഷകൻ വളരെ വ്യതിചലിക്കുകയാൽ അർത്ഥം യോജിക്കാതാകയും ചെയ്തിരിക്കുന്നു. മൂലത്തിലെ സംബോധനകൾ വിട്ടുകളയുക, ബഹുവചനം ഏകവചനമാക്കുക മുതലായി പരിഭാഷകനെടുത്തിട്ടുള്ള സ്വാതന്ത്ര്യം അർത്ഥത്തെ കഠിനമായി ബാധിക്കുന്നുണ്ട്. 'സരോജിനി!' 'മാലതീ!' എന്നൊക്കെ സംബുദ്ധിയെ നിട്ടിയതും അത്ര പന്തിയായെന്നു തോന്നുന്നില്ല. ചൊല്ലുക എന്ന സാമാന്യത്തിന്നു പകരം അരുളിച്ചെയ്യുക എന്ന വിശേഷാർത്ഥപ്രയോഗവും ഒരുവക തന്നെ. 'സപ്പദന്തിഹരിമൗലിയിൽ പടമണച്ചിട്ടും വിശങ്കജംബുകം' എന്നു മുതലായിട്ടുള്ള വികൃതപ്രയോഗങ്ങളും പരിഹരണീയങ്ങളാണ്. ഒരുകപ്പാടെക്കൂടി നോക്കുമ്പോൾ, പ്രൌഢമായ ഭാമിനീവിലാസം പരിഭാഷപ്പെടുത്തുവാൻ ഈ കവി ചെയ്തിട്ടുള്ള യത്നം കുറെ അസ്ഥാനത്തിൽ പരിണമിച്ചില്ലയോ എന്നു ഞങ്ങൾ പ്രബലമായി ശങ്കിക്കുന്നു.

൩. സന്മാർഗ്ഗോപദേശങ്ങൾ— (ഗ്രന്ഥകർത്താവ് പി. വി. ശേഷയ്യരവർകൾ. വി 2 ണ.)

ഈ ചെറുപുസ്തകത്തിൽ 25 സന്മാർഗ്ഗവിഷയങ്ങളെപ്പററിയ ഉപദേശങ്ങളും 70 സദാചാരവാക്യങ്ങളും അടങ്ങിയിരിക്കുന്നു. 'മാതാപിതാക്കന്മാരോടും ഗുരുനാഥന്മാരോടും രാജാവിനോടും ഭക്തിയുള്ളവരായിരിക്കണം. സത്യമേ പറയാവൂ' ഇത്യാദികളായ സദാചാരോപദേശങ്ങളാണ് ഇതിൽനിന്നു പഠിക്കുവാനുള്ളത്. ഈ പുസ്തകം ചെറുകുട്ടികളുടെ ഉപയോഗത്തിന്നു വേണ്ടി എഴുതിയതാണ്. ഈ ഉദ്ദേശത്തിന്നൊത്തവിധത്തിൽ തന്നെ വിഷയങ്ങൾ തിരഞ്ഞെടുത്തു കാണുന്നതിൽ ഗ്രന്ഥകർത്താവിനെ ഞങ്ങൾ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു. ഇതിലെ ഭാഷയും ഒരുവിധം നന്നായിട്ടുണ്ട്.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

ഉ. പ.

# പലവക

കവിതയ്ക്കും ദാരിദ്ര്യത്തിനും തമ്മിൽ എന്തോ ഒരു സംബന്ധമുണ്ടെന്നു ചരിത്രം തെളിയിക്കുന്നുണ്ട്. ഗ്രീസ്സ്, ഇററലി, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ പാശ്ചാത്യരാജ്യങ്ങളിൽ ഓരോ കാലത്തു ജീവിച്ചിരുന്ന കവികൾ ദാരിദ്ര്യംനിമിത്തം വളരെ കഷ്ടപ്പാടുകളനുഭവിച്ചതിനെപ്പററി രസകരമായ ഒരു ലേഖനം 'ഭാരതകേസരി'യിൽ കാണുന്നു. ഇന്ത്യയിലെ പ്രാചീന കവികളിലധികം പേരും ദാരിദ്ര്യപീഡിതന്മാരായിരുന്നു എന്നു നമ്മുടെ സാഹിത്യചരിത്രത്തിൽ നിന്നും വെളിവാകുന്നതാണ്. പക്ഷേ, ഇന്ത്യയിലെ രാജാക്കന്മാർ പണ്ഡിതന്മാരേയും കവികളേയും ആസ്ഥാനസഭാസാമാജികന്മാരായി സ്വീകരിച്ചു ബഹുമാനിക്കുകയും അവർക്കു ധാരാളം സംഭാവന കൊടുക്കുകയും ചെയ്തിരുന്നു. രാജാക്കന്മാർ ഈവിധം ഔദാര്യശാലികളല്ലായിരുന്നുവെങ്കിൽ പ്രാചീനകവികളുടെ ജീവിതം വളരെ കഷ്ടമായേനെ. കേരളത്തിലെ കഥ പ്രത്യേകമെടുത്തു നോക്കിയാലും കാര്യം ഇങ്ങിനെതന്നെയാണ്. 'സാമൂതിരിപ്പാട്ടും പതിനെട്ടര കവികളും' മററും കേരളസാഹിത്യചരിത്രത്തിൽ പ്രസിദ്ധമാണ്. പക്ഷേ, ഇപ്പോൾ കാലം ഒന്നു മാറിയിരിക്കുന്നു. ലക്ഷ്മിയും സരസ്വതിയും തമ്മിലുള്ള മത്സരം തീർക്കുവാൻ ഇപ്പോൾ ഇന്ത്യയിലെ രാജാക്കന്മാർക്കു ഉത്സാഹമില്ല. 'കാവ്യം യശസേ ർത്ഥകൃതേ' എന്നതിലെ അർത്ഥലബ്ധി രാജസംഭാവനയായിട്ടല്ല, പുസ്തകം വിററിട്ടാണ് എന്നായി. പുസ്തകത്തിന്റെ യോഗ്യത പരിശോധിക്കുവാൻ പണ്ഡിതന്മാർക്കല്ലും പാമരന്മാർക്കും സ്വാതന്ത്ര്യവുമായി. ഇതാണ് ഇപ്പോഴത്തെ സ്ഥിതി!

* * *

ഇംഗ്ലണ്ടിലെ 'സ്റ്റ്രാൻഡ്' എന്ന മാസികയെപ്പററി 'ഭാരതകേസരി'യിൽ ഇങ്ങിനെ കാണുന്നു:—

'രാജ്യഭരണ വിഷയങ്ങളെപ്പററിയുള്ള വാദപ്രതിവാദങ്ങൾക്കു സ്ഥലമനുവദിക്കാത്ത ഈ മാസികയുടെ രീതി നമ്മുടെ മലയാളമാസികപ്രവർത്തകന്മാരാൽ അനുകരണീയമാകുന്നു. ഈ മാസികയുടെ ൧00-ാമത്തെ നമ്പർ പ്രസിദ്ധപ്പെടുത്തിയപ്പോൾ അതുവരെ ഈ മാസികയുടെ ൨0,000,000 പ്രതികൾ ചെലവായിക്കഴിഞ്ഞിരുന്നുവെന്നും, ആ കണക്കുപ്രകാരം ഓരോ പ്രതിയും നാലുലക്ഷം വീതം ചെലവായിട്ടുണ്ടെന്നും കാണുന്നു. ഇതിലേക്കു അവർക്കുണ്ടായ ചെലവുകൾ നോക്കാം. ൧00 നമ്പരുകളിലായി ആകെ ൩0,000-ൽ അധികം വിശേഷപ്പെട്ട ചിത്രപടങ്ങൾ ഉണ്ടായിരുന്നു. ഏററവും പ്രസിദ്ധന്മാരായ കലാകുശലന്മാരാൽ എഴുതപ്പെട്ട ഈ ചിത്രപടങ്ങളുടെ വിലയും പുറമെ ലേഖകന്മാർക്കു പ്രതിഫലം കൊടുത്തവകയിൽ ഏകദേശം ഒരു ലക്ഷം പവൻ ചെലവായിട്ടുണ്ട്. ആകെ ൮0,000 ടൺ കടലാസ്സാണ് പ്രസ്തുത ൧00 നമ്പർകൾക്കുകൂടി ഉപയോഗിച്ചിട്ടുള്ളത്. അതിന്റെ വിലയായി [illegible] പവൻ ചെലവായിരിക്കുന്നു. ............................ സാഹിത്യലോകത്തിൽ പ്രസിദ്ധപ്പെട്ടവരാണ് ഈ മാസികയിൽ ലേഖനങ്ങളും കഥകളും എഴുതുന്നതു. മാസികയിൽ പ്രസിദ്ധപ്പെടുത്തേണ്ട കഥകളോ ലേഖനങ്ങളോ ഇന്നവിധത്തിലായിരിക്കണമെന്നു മാസികാപ്രവർത്തകന്മാർ നിർദ്ദേശിക്കുകയാണ് പതിവ്. ചില പ്രത്യേക വിഷയങ്ങളെപ്പററി അതുകളിൽ പ്രത്യേക പാണ്ഡിത്യമുള്ള ഏതാനും ചിലരുടെ അഭിപ്രായങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതും ഈ മാസികയിൽ പതിവാണ്.'

ഇംഗ്ലണ്ടിലെ മാസികകൾക്കു സിദ്ധിച്ചിട്ടുള്ള അഭ്യുന്നതിക്കു ഇതൊരു മുഖ്യമായ ഉദാഹരണമാണ്. മലയാള മാസികകളുടെ സ്ഥിതിയാലോചിച്ചാൽ എത്രയും കഷ്ടമാണ്. മലയാളത്തിൽ എഴുതാവുന്നവർ എഴുതുന്നവരല്ല; എഴുതുന്നവർ എഴുതാവുന്നവരുമല്ല. ഇതു രണ്ടും പാകമാക്കുവാൻ എങ്ങിനെ സാധിക്കുമെന്നാണാലോചിക്കേണ്ടത്.

* * *

# മംഗളോദയം

൧൦൮൧

പുസ്തകം ൩. } കൎക്കിടകം. { ലക്കം ൪.


## മംഗളം

മായാമോഹവിഹീനരായ് ശമദമംകൈക്കൊണ്ടുവൈരാഗ്യമാ-
ൎന്നായാസംകലരാതെനാന്മാകൾതൻജ്ഞാനപ്രകാശത്തിനാൽ
ന്യായാന്യായമറിഞ്ഞമാമുനികളാൽസ്സംസ്ഥാപിതംചിന്മയ-
ച്ഛായാസന്തതിചേൎന്നഹിന്തുമതമാംദീപംവിളങ്ങുന്നതേ.

വി. ഐ. ഉണ്ണിപ്പാറൻ.

# ഹിന്തുമതത്തിന്റെ ശ്രേഷ്ഠത

'ഭാരതവൎഷം' എന്നു പറയപ്പെടുന്ന ഇന്ത്യാരാജ്യം പലതുകൊണ്ടും ഇതരരാജ്യങ്ങളിൽനിന്നു വിലക്ഷണമാകുന്നു. കടലാകുന്ന കിടങ്ങുകളോടും ഹിമാലയനിരയാകുന്ന പ്രാകാരങ്ങളോടും കൂടിയ ഈ രാജ്യം ആകൃതിയിലും പ്രകൃതിയിലും അന്യരാജ്യങ്ങളിൽ



നിന്നു ഭേദിച്ചിരിക്കുന്നു. എന്നാൽ ഇപ്പോൾ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയിരിക്കുന്ന പാശ്ചാത്യരാജ്യങ്ങൾക്കുള്ള സകല യോഗ്യതകൾക്കും കാരണഭൂതന്മാരായ ഗ്രീക്കുകാരുടേയും റോമൻകാരുടേയും ബാഹ്യാന്തരപരിഷ്കാരങ്ങളിൽനിന്നു് ഒട്ടും കുറവില്ലാത്ത ഒരു പരിഷ്കാരം ഈ രാജ്യത്തെ നിവാസികൾക്കു പണ്ടേക്കുപണ്ടേ സിദ്ധിച്ചിട്ടുണ്ട് എന്നു നിസ്സംശയം പറയാം. അതു നിമിത്തമാണു് ഈ രാജ്യത്തി

ന്നു് ഇത്ര മാഹാത്മ്യം ഉണ്ടായിത്തീൎന്നതു്. ഗ്രീസ്സ്, റോമ മുതലായ രാജ്യങ്ങൾ പരിഷ്കാരം പഠിക്കുവാൻ തുടങ്ങിയ കാലത്തുതന്നെ ഇന്ത്യ അതിന്റെ ഉച്ചസ്ഥാനം വഹിച്ചിരുന്നു. ഇന്ത്യയിലെ പരിഷ്കാരത്തിന്റെ പ്രശസ്തമായ ചരിത്രം മഹാഭാരതത്തിൽനിന്നറിയാവുന്നതാണു്. ഇന്ത്യൻ പരിഷ്കാരത്തിന്റെ പഴമയിലും പ്രാധാന്യത്തിലും സംശയമുള്ളവർകൂടി മഹാഭാരതകാലം ക്രിസ്ത്വാബ്ദാരംഭത്തിന്നു് 1300 കൊല്ലം മുമ്പാണെന്നു സമ്മതിക്കുന്നുണ്ടു്. ഇന്ത്യക്കാരുടെ ജ്യോതിശ്ശാസ്ത്രം നോക്കിയാൽ ക്രിസ്ത്വാബ്ദാരംഭത്തിന്നു 24 നൂററാണ്ടു മുമ്പാണു് മഹാഭാരതകാലമെന്നു കാണാം. അക്കാലത്തിന്നു് എത്രയോ മുമ്പുതന്നെ പരിഷ്കാരദ്യോതകങ്ങളായ അനവധി കാൎയ്യങ്ങൾ ഇന്ത്യക്കാർ നിൎവ്വഹിച്ചിട്ടുണ്ടു്. അവർ നല്ല ഭരണവ്യവസ്ഥയോടുകൂടിയ രാജ്യത്തെ സ്ഥാപിക്കുകയും, ഭംഗിയേറിയ നഗരങ്ങൾ നിൎമ്മിക്കുകയും ചെയ്തു. ഇപ്പോഴത്തെ ഭൂമിശാസ്ത്രപ്രകാരം ബങ്കാൾ ഉൾക്കടൽ മുതൽ അറബിക്കടൽ വരെ പരന്നുകിടക്കുന്ന വലുതായ രാജ്യത്തിന്നു നാഥന്മാരായി അനേകം ഭാരതീയരാജാക്കന്മാർ വ്യവസ്ഥിതമായ രാജ്യഭരണം നടത്തിവന്നതായി മഹാഭാരതത്തെക്കാൾ പഴയ ഗ്രന്ഥങ്ങളിൽനിന്നുതന്നെ അറിയുന്നുണ്ടു്. ഐതരേയബ്രാഹ്മണത്തിൽ ചക്രവൎത്തിമാരുടെ സിംഹാസനാരോഹണത്തെ എത്രയും ഭംഗിയായി വൎണ്ണിച്ചിട്ടുണ്ടു്. 'ആന്താദാപരാൎദ്ധാൽ പൃഥിവ്യാഃ സമുദ്രപൎയ്യന്തായാ ഏകരാട്' എന്നാണു് ആ ഗ്രന്ഥത്തിൽ ചക്രവൎത്തിയെപ്പററി പറഞ്ഞിട്ടുള്ളതു്. രാജസൂയം, അശ്വമേധം എന്നിങ്ങിനെ രണ്ടുതരം യാഗങ്ങൾ ചക്രവൎത്തിയുടെ സിംഹാസനാരോഹണത്തെ വിളംബരപ്പെടുത്തുവാനായി നടത്തിയിരുന്നു. അവയുടെ ചടങ്ങുകൾ യജുൎവ്വേദത്തിൽതന്നെ വിവരിക്കപ്പെട്ടിട്ടുണ്ടു്. യജുൎവ്വേദത്തിന്നു് ഐതരേയബ്രാഹ്മണത്തെക്കാൾ പഴക്കം കൂടുമെന്നാണു് വിദ്വാന്മാരുടെ പക്ഷം. ഗ്രീക്കുകാരുടെ രാജ്യം വിസ്താരപ്പെടുന്നതിന്നും റോമാനഗരം നിൎമ്മിക്കുന്നതിന്നും മുമ്പുതന്നെ ഇന്ത്യയിൽ ഈ മാതിരി യാഗങ്ങൾ നടന്നിരുന്നു. റോമാനഗരനിൎമ്മാണത്തിന്നു ശേഷമാണു് റോമൻകാരുടെ രാജ്യവും പരിഷ്കാരവും ആവിൎഭവിച്ചതു്. ക്രിസ്ത്വാബ്ദാരംഭത്തിന്നു 750 കൊല്ലം മുമ്പാണല്ലോ റോമാനഗരത്തിന്റെ നിൎമ്മാണവും സ്ഥാപനവും ഉണ്ടായിട്ടുള്ളതു്.

ഭാരതീയരായ ആൎയ്യന്മാർ കേവലം രാജ്യങ്ങൾ കൈവശപ്പെടുത്തുകയും രാജ്യഭരണം നടത്തുകയും ചെയ്തുകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല; പിന്നെയോ, മതരഹസ്യങ്ങളെ പ്രത്യക്ഷമാക്കുന്നതിന്നുകൂടി അവർ അശ്രാന്തം പരിശ്രമിച്ചിരുന്നു. യഥാൎത്ഥമായ പരിഷ്കാരത്തിന്നു വികാസം സിദ്ധിക്കുവാൻ മതത്തിന്റെ ജ്ഞാനം കഴിച്ചുകൂടാത്തതാണു്. ഇന്ത്യയിലെ വൈദികമതം, അല്ലെങ്കിൽ ഹിന്ദുമതം എത്രയും പഴയതാകുന്നു. അനുപമതത്വങ്ങളായ എത്ര സിദ്ധാന്തങ്ങളിലും വൈദികമതത്തിന്റെ സത്ത അനപലപനീയമാകുന്നു. ഈ മതത്തിൽനിന്നാണു് എല്ലാ മതങ്ങളുടെയും ഉൽപത്തി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ബൌദ്ധമതം ഉണ്ടായതു വൈദികമതത്തിൽനിന്നാണെ

ന്നു നിസ്സംശയം പറയാം. ഈ സംഗതി, പ്രസിദ്ധബൌദ്ധഗ്രന്ഥമായ ധർമ്മപദത്തിൽ 'ഏസോ ധമ്മോ സനാതനോ'(ഇതു സനാതനധർമ്മമാകുന്നു) എന്ന വാക്യത്തിൽ ബുദ്ധദേവൻ തന്നെ സമ്മതിച്ചിട്ടുണ്ട്. ക്രിസ്തുമതത്തിലെ പല ഉപദേശങ്ങളും ക്രിസ്തു ജനിക്കുന്നതിന്നു മുമ്പുതന്നെ ബൌദ്ധമതത്തിന്റെ അംഗമായി നടപ്പുണ്ടായിരുന്നു. അശോകമഹാരാജാവിന്റെ ശിലാശാസനങ്ങളിൽ ക്രിസ്തുമതോപദേശങ്ങൾ എഴുതിക്കാണുന്നുണ്ട്. 'എസനിസ്സ്' എന്നു ഗ്രീക്കുകാരാൽ വ്യവഹരിക്കപ്പെട്ടുന്ന ശ്രമണസന്ന്യാസിമാർ ക്രിസ്തുവിന്റെ ആവിർഭാവത്തിന്നു മുമ്പും പിമ്പും ഏഷ്യാമദ്ധ്യഭാഗത്തു വെച്ചു ധർമ്മോപദേശം ചെയ്തതായിക്കാണുന്നു.

ക്രിസ്ത്യരുടെ ഇടയിൽ നടപ്പുള്ളതും വളരെ പ്രധാനമെന്നു പരിഗണിക്കപ്പെടുന്നതുമായ ഒരു സംസ്കാരവിശേഷം ബൌദ്ധമതത്തിൽനിന്നെടുത്തു 'ജൌനൻ' എന്ന പിതാവാൽ യേശുവിന്നുപദേശിക്കപ്പെട്ടതാകുന്നു. ഗൌതമന്നു ബുദ്ധൻ എന്ന ബിരുദനാമം സിദ്ധിച്ചതുപോലെ യേശുവിന്നു 'ക്രൈസ്റ്റ്' എന്നൊരു സ്ഥാനപ്പേരും ഉണ്ടായിരുന്നു. ഈ സംഗതിയെ, ശ്രീമാൻ രമേശചന്ദ്രദത്തൻ തന്റെ 'പ്രാചീനഭാരതീയപരിഷ്കാരചരിത്രം' എന്ന ഗ്രന്ഥത്തിൽ വിശദമായി ഉപപാദിച്ചിട്ടുണ്ട്. ക്രിസ്ത്യരുടെ നീത്യുപദേശങ്ങൾ ബൌദ്ധമതഗ്രന്ഥങ്ങളിൽനിന്നെടുത്തവയാണെന്നും, മഹമ്മദീയമതത്തിന്നു ക്രിസ്തുമതത്തിന്റെ ഒരു ഛായയുണ്ടെന്നും, യേശുവിനെ മഹമ്മദീയരും ഒരു മതപ്രവർത്തകനായി സ്വീകരിക്കുന്നുണ്ടെന്നും ആണദ്ദേഹത്തിന്റെ അഭിപ്രായം.

ഇനി, ഇത്രയും ശ്രേഷ്ഠത കൂടിയ ഹിന്തുമതത്തിന്നുള്ള ചില വിശേഷങ്ങളെ വിവരിക്കാം. ഈ മതം മനുഷ്യർക്കു ധർമ്മാർത്ഥകാമങ്ങളെസ്സംബന്ധിച്ച അഭ്യുദയത്തെ പ്രദാനംചെയ്യുന്നതാകുന്നു എന്നു സനാതനധർമ്മത്തിന്റെ ലക്ഷണനിർവ്വചനത്തിൽ നിന്നുതന്നെ വെളിവാകുന്നുണ്ട്. 'യതോഭ്യുദയനിശ്രേയസസിദ്ധിഃ സ ധർമ്മഃ' (യാതൊന്നുകൊണ്ട് അഭ്യുദയനിശ്രേയസങ്ങൾ സിദ്ധിക്കുമോ അതാകുന്നു ധർമ്മം) എന്നാണ് സനാതനധർമ്മത്തിന്നു ലക്ഷണം ചെയ്തിട്ടുള്ളത്. മഹാഭാരതത്തിൽ കാണുന്ന ധർമ്മലക്ഷണവും ഈ സംഗതിയെ സ്ഥാപിക്കുന്നു. നോക്കുക:—

'ധാരണാദ്ധർമ്മമിത്യാഹു-
ർദ്ധർമ്മേണ വിധൃതാഃ പ്രജാഃ
യഃ സ്യാദ്ധാരണസംയുക്തഃ
സ ധർമ്മ ഇതി നിശ്ചയഃ.
പ്രഭവാർത്ഥായ ഭൂതാനാം
ധർമ്മപ്രവചനം കൃതം
യഃ സ്യാൽ പ്രഭവസംയുക്തഃ
സ ധർമ്മ ഇതി നിശ്ചയഃ
സർവ്വേഷാം യഃ സുഹൃന്നിത്യം
സർവ്വേഷാഞ്ച ഹിതേ രതഃ
കർമ്മണാ മനസാ വാചാ
സ ധർമ്മം വേദ ജാജലേ!'

ഈ പറഞ്ഞതു വെറും വാക്കുമാത്രമല്ല; ഈ ധർമ്മനിയമപ്രകാരമാണ് പണ്ടു ഭാരതീയർ നടന്നിരുന്നത്. വേദോപദിഷ്ടമായ വഴിയിൽക്കൂടെ നടന്നു ശീലിച്ചവർ അതിൽനിന്നു തെററുന്നതായിക്കാണുന്നില്ല. പണ്ടൊരു കാലത്തു പരിഷ്കാരത്തിന്റെ പരമകാഷ്ഠയെയിപ്പാട്ടയാണെന്നൊരു ധാരണ പരന്നുപോയി. അന്നു കലശലായ യുദ്ധം നേരിടുകയും, അതോടുകൂടി നിർദ്ദയത്വം നിലച്ചുപോകയും ചെ

ഷ്ഠം. അപ്പോൾ പരിഷ്കാരത്തിന്റെ ശുദ്ധ
മണ്ഡലം കണ്ടു; ദുർവൃത്തിയും ദാസ്യവൃത്തി
യും ക്രൂരതയും അസ്തമിച്ചു; സദാചാരം,
സ്വാതന്ത്ര്യം, ന്യായം എന്നിവ അങ്കുരിക്ക
കയും ചെയ്തു. അന്നു, ഐശ്വര്യവാന്മാ
രായ പ്രഭുക്കന്മാരൊക്കെയും തങ്ങളുടെ നാ
യകനായ ഒരാൾക്കു കീഴടങ്ങി നടന്നു. അ
വരെ രക്ഷിച്ചുപോന്നതു 'മദ്ധ്യമരാജാക്ക
ന്മാർ' ആയിരുന്നു. അവരുണ്ടാക്കിയ നി
യമങ്ങൾ നാട്ടിൽ സമാധാനം നിലനി
ർത്തി. ജനങ്ങളുടെ ഇടയിൽ വല്ലപ്രകാര
ത്തിലും വല്ല കലഹവുമുണ്ടായാൽ ദണ്ഡ്യാ
ദണ്ഡ്യനിശ്ചയത്തിനുള്ള അധികാരവും
അവർക്കുണ്ടായിരുന്നു. താഴേ കാണിക്കുന്ന
കാളിദാസരുടെ പദ്യത്തിൽനിന്ന് ഈ
സംഗതി വെളിപ്പെടുന്നതാണ്:—

'നൃപാ ഇവോപപ്ലവിനഃ പരേഭ്യോ
ധർമ്മോത്തരം മദ്ധ്യമമാശ്രയന്തേ'.

ഭാരതഖണ്ഡത്തിൽ, വ്യവസ്ഥിതമാ
യ ഏകാധിപത്യത്തിൻ കീഴിലായിരുന്നു
രാജ്യഭാരം നടന്നിരുന്നതു്; ഗ്രീസ്സിലെ
പ്പോലെ, ഇവിടെ പ്രജകൾക്കു രാജ്യാധി
കാരമുണ്ടായിരുന്നില്ല. എന്നാൽ, ആ ഏ
കാധിപത്യഭരണം പ്രജാധിപത്യപക്ഷ
പാതികൾക്കു കൂടി അഭിനന്ദിക്കത്തക്കതാ
യിരുന്നു. രാജാവ്, വിശപ്പു രോഗവും മ
ഞ്ഞും വെയിലും കൂടി നോക്കാതെ പ്രജാ
രക്ഷണത്തിൽ ജാഗരൂകനായിരിക്കേണ്ട
വനായിരുന്നു ധർമ്മശാസ്ത്രനിയമം. 'ന
ചാസ്യവിഷയേക്ഷുധാരോഗേണ ഹിമാത
പാഭ്യാം വാവസീദേൽകശ്ചിൽ' എന്നാണ്
ആപസ്തംബവചനം. മഹാഭാരതത്തിൽ
രാജകർത്തവ്യങ്ങളെ വിവരിക്കുന്ന ഘട്ട
ത്തിൽ പ്രജകൾക്കുപജീവനത്തിനുള്ള ഏ
ർപ്പാട് ചെയ്യുക, അവരുടെ ധനം രക്ഷിക്കു
ക, അവരുടെ അഭ്യുദയം നോക്കുക, അവ
ർക്കുള്ള വ്യാധികളകറ്റുക, അവരെ യാ
തൊരാപത്തും ഭയവും കൂടാതെ രക്ഷിക്കുക
എന്നിവയാണ് രാജധർമ്മം എന്നു കാണു
ന്നു. നോക്കുക:—

'രാജമൂലാ മഹാരാജ! യോഗക്ഷേമസുവൃഷ്ടയഃ
പ്രജാസു വ്യാധയശ്ചൈവ മരണം ച ഭയാനി ച'

വൈദികമതം, തദനുയായികൾക്കു
ധാർമ്മികജീവിതത്തേയും നാഗരികവൃത്തി
യേയും ഒരുപോലെ അഭ്യസിപ്പിക്കുന്നുവെന്ന്
ആ മതത്തിന്റെ സിദ്ധാന്തങ്ങളറിയുന്നവ
ർക്ക് അനായാസേന അറിവാൻ കഴിയുന്ന
താണ്. യാതൊരു മതം സദാചാര വ്യവ
സ്ഥകളെ ഉപദേശിക്കുകയും, അവയെ അ
നുവർത്തിക്കുന്നതു ലൌകികജീവിതത്തിൽ
അപരിഹരണീയമാണെന്നു നിർബ്ബന്ധിക്കു
കയും, ഈശ്വരഭക്തിയേയും മതവി
ശ്വാസോപായങ്ങളേയും നിർദ്ദേശിക്കുക
യും ചെയ്യുന്നുവോ, ആ മതം മുമ്പറ
ഞ്ഞ ധർമ്മലക്ഷണങ്ങളോടു കൂടിയതാ
ണെന്നുള്ളതിനു വാദമില്ല. വൈദിക
മതത്തിന്, ഇപ്പറഞ്ഞ ഗുണങ്ങൾക്കു പു
റമെ വേറെയും ചില ഗുണങ്ങളുണ്ട്. അ
വയാണ് ഈ മതത്തിന് ഇതരമതങ്ങ
ളേക്കാളധികം ശ്രേഷ്ഠതയുണ്ടായതിനു കാ
രണം. വൈദികമതക്കാർക്കു വിചാരസ്വാ
തന്ത്ര്യവും വാക്സ്വാതന്ത്ര്യവും കാര്യസ്വാ
തന്ത്ര്യവും അനുവദിക്കപ്പെട്ടിട്ടുണ്ട്. ആ
സ്വാതന്ത്ര്യങ്ങൾ ഈ മതത്തിലെന്നപോ
ലെ മറ്റു മതങ്ങളിൽ ഉണ്ടായിരുന്നതാ
യിക്കാണുന്നില്ല. യൂറോപ്പിൽ സോക്രട്ടീ
സ്സിന്റെ കാലം മുതൽക്കു നാസ്തികവാ
ദികളെ ശിക്ഷിക്കുവാനുള്ള ഏർപ്പാടുകളാ

അതിന്നായിട്ടുള്ള കോടതികളും ഉണ്ടായിരുന്നു. അവിടെ മതവിഷയത്തിൽ സ്വാതന്ത്ര്യമായ വിചാരവും പ്രസംഗവും നിമിത്തം വളരെപ്പേർ പ്രാണൻ വെടിയുകയുണ്ടായിട്ടുണ്ട്. ഇന്ത്യയിലാകട്ടേ, വെറും ചാർവ്വാകന്മാർക്കു കൂടി അവരവരുടെ മതങ്ങളെ യഥേഷ്ടം പ്രസ്താവിക്കുന്നതിന്നു വിരോധമുണ്ടായിരുന്നില്ല. രാജാക്കന്മാർ ഇതരമതാവലംബികളാണെന്നു വന്നിട്ടു കൂടി ഈ സ്വാതന്ത്ര്യം ഇല്ലായ്മ ചെയ്കയുണ്ടായിട്ടില്ല. 'ഈശ്വരാസിദ്ധേഃ, പ്രമാണാഭാവാൽ' (ഈശ്വരനുണ്ടെന്നുള്ളതിലേക്കു പ്രമാണമില്ലായ്കയാൽ ഈശ്വരൻ ഇല്ല) എന്നു പറഞ്ഞ കപിലൻ കൂടി ഈ രാജ്യത്തു ശിക്ഷയ്ക്കു പാത്രീഭവിച്ചിട്ടില്ല. നേരെ മറിച്ചു അദ്ദേഹത്തെ സനകാദിസപ്തർഷികളുടെ കൂട്ടത്തിൽ ഗണിക്കുകയും, പിതൃതർപ്പണാവസരത്തിൽ വൈദികവര്യന്മാർ കൂടി തർപ്പിക്കുകയും ചെയ്യുന്നു. ഇത്രയും വലിയൊരവസ്ഥ, ബ്രഹ്മചര്യത്താലും വീര്യത്താലും ബുദ്ധിശക്തിയാലും ത്യാഗശീലത്താലും പ്രസിദ്ധി നേടിയ ഭീഷ്മപിതാമഹനെ കഴിച്ചാൽ മറ്റൊരു ദർശനസ്ഥാപകന്മാർക്കും ഇന്ത്യയിൽ സിദ്ധിച്ചിട്ടില്ല. ബുദ്ധദേവൻ, വൈദികമതക്കാരായ പലരേയും ബുദ്ധമതത്തിൽ ചേർക്കുകയുണ്ടായി. അതിന്നാരും അദ്ദേഹത്തെ നിന്ദിക്കുകയുണ്ടായിട്ടില്ല. എന്നല്ല, അദ്ദേഹത്തിന്റെ ത്യാഗശീലത്തിന്നും സദാചാരത്തിന്നും ഭൂതാനുകമ്പയ്ക്കും ഉള്ള ഒരു ബഹുമതിയായിട്ടെന്നപോലെ അദ്ദേഹത്തെ വിഷ്ണുവിന്റെ അവതാരങ്ങളിലൊന്നായി ഗണിക്കുകയും കൂടി ചെയ്തിരിക്കുന്നു. ബുദ്ധമതക്കാരും വൈദികമതക്കാരും തമ്മിലും യാതൊരു വിരോധവും കൂടാതെ ജീവിച്ചുപോന്നിരുന്നു.

വൈദികമതത്തിന്നു ശാസ്ത്രജ്ഞാനത്തോടു വലുതായ ഒരു ബന്ധമുണ്ട്. ശാസ്ത്രജ്ഞാനം പരക്കുന്തോറും കൂടി ഈ മതത്തിൽ പറയുന്ന തത്വങ്ങളും വിശ്വാസങ്ങളും വ്യവഹാരങ്ങളും വിധികളും അധികമധികം തെളിവായി മനസ്സിലാവുന്നതാണ്. ഇതിന്നൊരുദാഹരണം പറയാം. ജഡചേതനാമയമായ ഈ ജഗത്തിനെ വ്യാപരിപ്പിക്കുന്നതും എങ്ങും വ്യാപിച്ചുകൊണ്ടു സ്ഥിതി ചെയ്യുന്നതും ആത്മാവാണെന്നുള്ളതു നമ്മുടെ മുഖ്യമായ മതസിദ്ധാന്തമാണല്ലൊ. എല്ലായ്പോഴും എല്ലാടവും വ്യാപിച്ചുകൊണ്ടിരിക്കുന്ന ആത്മാവിന്റെ പരിണാമമാണ് ഈ കാണുന്ന പ്രപഞ്ചം. പ്രമാണം,

'സർവ്വം ഹ്യേതൽ ബ്രഹ്മ അയമാത്മാ ബ്രഹ്മ'
(മാണ്ഡൂക്യം ൧-൨)

'പുരുഷ ഏവേദം വിശ്വം'
(മുണ്ഡകം ൨-൧-൧൦)

എന്നുള്ള ഉപനിഷദ്വചനം തന്നെ. ഈ തത്വം, ജഗദീശചന്ദ്രവസുവിന്റെ ആശ്ചര്യകരങ്ങളായ കണ്ടുപിടുത്തങ്ങളെക്കൊണ്ട് ഇപ്പോൾ പ്രത്യക്ഷമായിട്ടുണ്ടല്ലൊ. മറ്റൊരു സിദ്ധാന്തം, ഈ പ്രപഞ്ചം ആത്മാവിന്റെ വിവർത്തമാണെന്നും അത് 'അണോരണീയാൻ മഹതോമഹീയാൻ' എന്ന പ്രമാണപ്രകാരം ചെറുതും വലുതുമായി തോന്നുന്നു എന്നുമാണ്. ഈ സംഗതി ഇപ്പോഴത്തെ അണുവീക്ഷണയന്ത്രത്തിന്റെയും ദൂരദർശനയന്ത്രത്തിന്റെയും സഹായം കൊണ്ട് അനുഭവപ്പെടുന്നുണ്ട്. ഇങ്ങിനെ, ഇനിയും അനേകം മതസിദ്ധാ

ന്തരഹസ്യങ്ങൾ—ഒരുകാലത്തും വിശ്വസിക്കാവുന്നതല്ലെന്നു പ്രഥമദൎശനത്തിൽ തോന്നുന്ന ദുൎഗ്രഹങ്ങളായ തത്വങ്ങൾ—നവീനശാസ്ത്രസാഹായ്യംകൊണ്ടു വിശ്വാസ്യങ്ങളായിത്തീൎന്നിട്ടുണ്ട്; തീരുന്നതുമുണ്ട്.

ഹിന്തുമതത്തിന്റെ പ്രഥമവും പ്രധാനവുമായ അംഗം സത്യമാകുന്നു. സത്യത്തെ രക്ഷിക്കുന്നതിന്നു വേണ്ടിയാണ് മനുഷ്യൎക്കു വിചാരത്തിലും വാക്കിലും സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. 'സത്യാന്നാസ്തിപരോധൎമ്മഃ' എന്ന വചനം സൎവ്വരാലും അംഗീകരിക്കപ്പെടുന്നുണ്ട്. ബുദ്ധികൊണ്ടു മാത്രം ഗ്രഹിക്കാവുന്നവയും അന്തരമായ കണ്ണുകൊണ്ടു മാത്രം കാണാവുന്നവയും ആയ ശാസ്ത്രീയ സിദ്ധാന്തങ്ങളെക്കൂടി വൈദികന്മാരായ ഹിന്തുക്കൾ സത്യബുദ്ധ്യാ വിശ്വസിച്ചുവരുന്നുണ്ട്. 'പ്രത്യക്ഷാദിപ്രമാണാനുപലബ്ധേഹിവിഷയേശ്രുതേഃ പ്രാമാണ്യം, നപ്രത്യക്ഷാദിവിഷയേ' എന്നും, 'നഹിശ്രുതിശതമപിശീതോഗ്നിരപ്രകാശോവേതിബ്രുവൻപ്രാമാണ്യമുപൈതി' എന്നും പറഞ്ഞിരിക്കുന്ന ആചാൎയ്യസ്വാമികൾ പ്രത്യക്ഷവും പരോക്ഷവുമായ സംഗതികളെ പ്രത്യക്ഷപ്രമാണത്താലും ശ്രുതിപ്രമാണത്താലും വിശ്വസിക്കേണമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വിചാരം സത്യത്തിന്റെ ഗൌരവത്തെ ദൃഢീകരിക്കുന്നു.

മനുഷ്യരുടെ സകല കാൎയ്യങ്ങൾക്കും ഹിന്തുമതം നിയമനം ചെയ്തിരിക്കുന്നു. ലൌകികവ്യവഹാരത്തേയും മതാനുഷ്ഠാനത്തേയും ഈ മതത്തിൽ ഭിന്നമായി ഗണിച്ചിട്ടില്ല. മനുഷ്യർ ചെയ്യേണമെന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ള സകല കാൎയ്യങ്ങളും മതകാൎയ്യങ്ങളാണ്. അവയെ 'ധൎമ്മകാൎയ്യങ്ങൾ' എന്നു പറയുന്നു. സ്വാൎത്ഥത്യാഗവും കൎത്തവ്യാനുഷ്ഠാനവുമാണ് ധൎമ്മത്തിന്റെ മൎമ്മം. സ്വാൎത്ഥത്തിന്നു വേണ്ടി ചെയ്യുന്ന ഒരു കാൎയ്യവും മതകാൎയ്യമാകുന്നതല്ല. സമുദായത്തിന്നു വേണ്ടിയ ഏതു കാൎയ്യവും മതകാൎയ്യമല്ലാതാകുന്നതുമല്ല. വിവാഹം സമുദായവൃദ്ധിക്കു ഹേതുവാകയാൽ അതു മതസംബന്ധമായ ഒരു കൎമ്മമാകുന്നു. പ്രജാഭരണം അനുവദിക്കപ്പെട്ടിട്ടുള്ള ഫ്രാൻസ് രാജ്യത്തെ പ്രസിദ്ധന്മാർ വിവാഹത്തെ മതകാൎയ്യങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കുവാൻ വളരെ പരിശ്രമിച്ചു. എങ്കിലും സാധിച്ചില്ല. എന്നാൽ വൈദികന്മാരായ ഹിന്തുക്കളുടെ ഇടയിൽ വളരെ കാലം മുമ്പുതന്നെ വിവാഹം ഒരു മതകാൎയ്യമാണെന്നു തീൎച്ചപ്പെട്ടിരിക്കുന്നു. ഇതുപോലെതന്നെ വേദാദ്ധ്യയനം, ഗൃഹപാലനം, ധനസമ്പാദനം, യുദ്ധം മുതലായവയും മതകാൎയ്യങ്ങളാകുന്നു. വേദാദ്ധ്യയനം സമുദായത്തിലുള്ള ദുൎഗ്ഗുണങ്ങളെ അകറ്റുന്നതിന്നും, ഗൃഹപാലനവും ധനസമ്പാദനവും സമാജം പുഷ്ടിപ്പെടുന്നതിന്നും, യുദ്ധം സമുദായത്തെ രക്ഷിക്കുന്നതിന്നും ഉപയോഗപ്പെടുന്നതിനാൽ അവ സമുദായാൎത്ഥങ്ങളാകുന്നു; സ്വാൎത്ഥങ്ങളല്ല. സ്വാൎത്ഥസമ്പാദനത്തിന്നായുള്ള പ്രവൃത്തികളെ ഹിന്തുമതത്തിൽ വളരെ നിന്ദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഭഗവൽഗീതയിൽ പറഞ്ഞിരിക്കുന്നതു നോക്കുക:—

'[illegible]
[illegible]'

സ്വാസ്ഥ്യം, രക്ഷ, വിനയം, ശീലം, വ്യവഹാരജ്ഞാനം, വൃദ്ധി, ഐശ്വര്യം എന്നിവയാണ് ഹിന്തുമതത്തിന്റെ മുഖ്യവിഷയങ്ങൾ. ഈ വിഷയങ്ങളുടെ ജ്ഞാനത്തിന്നായി ഓരോ ഉപവേദങ്ങൾ ഉണ്ട്. സ്വാസ്ഥ്യരക്ഷയ്ക്കായുള്ള ഉപവേദം ആയുർവ്വേദമാകുന്നു. വിശ്വാമിത്രോപദിഷ്ടമെന്നു വിശ്വസിക്കപ്പെടുന്നതായ ധനുർവ്വേദം നിർഭാഗ്യവശാൽ ഇപ്പോൾ ലുപ്തമായിപ്പോയിരിക്കുന്നു. വിനയം, ശീലം എന്നിവയെ വർദ്ധിപ്പിക്കുവാനുപകരിക്കുന്നതു ഗാന്ധർവ്വവേദമാകുന്നു. വ്യവഹാരജ്ഞാനം, വൃദ്ധി, ഐശ്വര്യം എന്നിവയെ ഉപദേശിക്കുന്നതും ധനസമ്പാദനത്തിന്നുള്ള വിദ്യകളുപദേശിക്കുന്നതുമായ സ്ഥാപത്യവേദവും ഇപ്പോൾ കാണുന്നില്ല.

ഇങ്ങിനെ നോക്കുന്നതായാൽ, അപാരമായ ഗുണവിശേഷങ്ങളോടു കൂടിയ ഹിന്തുമതത്തിന്റെ തത്വങ്ങളെ പറഞ്ഞു തീർക്കുവാൻ സാധിക്കുന്നതല്ലെന്നു ബോദ്ധ്യമാകുന്നതാണ്. വിവിധഗ്രന്ഥങ്ങൾ നിറഞ്ഞതായ സംസ്കൃതസാഹിത്യത്തിന്റെ ഒരു സാമാന്യജ്ഞാനമെങ്കിലും ഇല്ലാത്തവർക്ക് ഈ മതത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കയില്ല. പ്ലേറ്റോവിന്റെ ഗ്രന്ഥങ്ങൾ വായിച്ചു ഗ്രഹിക്കുന്നവരായി പന്ത്രണ്ടു പേരിലധികം ഉണ്ടായിരിക്കയില്ല എന്നു എമർസൻ എന്ന വിദ്വാൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യൂറോപ്പിലെ ഗ്രന്ഥസമുച്ചയത്തിൽ പ്ലേറ്റോവിന്റെ ഗ്രന്ഥങ്ങളാണ് പ്രധാനപ്പെട്ടവ. ഈ സ്ഥിതിക്ക് അതിഗഹനങ്ങളായ ഹിന്തുമതഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കുവാൻ തക്ക ശക്തന്മാർ എത്രയും ചുരുക്കമാണെന്നു പറയേണ്ടതില്ലല്ലോ.

കെ. വി. എം.

---

## വിദ്യാഭ്യാസവും

# അന്തഃകരണസംസ്കാരവും.

(സിസ്റ്റർ നിവേദിതയുടെ ഒരു കൃതിയിൽ നിന്ന്)

നമ്മളോരോരുത്തരും ഓരോ സമയത്തു ഓരോ കാര്യത്തിൽ ഓരോ വിധമായിരിക്കും പ്രവർത്തിക്കുക. അവയെല്ലാം കൂട്ടിപ്പിടിച്ചാലോചിച്ചാൽ നമ്മളോരോരുത്തരുടെ പോക്ക് ഇന്നവഴിക്കാണെന്നറിയാം. അതേമാതിരിയിൽത്തന്നെ അനേകം ആളുകൾ ചേർന്നിട്ടുള്ള ഒരു സമുദായത്തിന്റെ പോക്കും ആ സമുദായത്തെയാസകലം കൂട്ടിച്ചേർത്തു ഒരു പുരുഷനായിട്ടു സങ്കല്പിച്ചു മേൽപ്രകാരം ആലോചിച്ചാൽ അറിയാവുന്നതാണ്. നമ്മൾ നമ്മളുടെ കുട്ടികൾക്കു കൊടുക്കുന്ന വിദ്യാഭ്യാസം മേൽ വിവരിച്ച സമുദായപുരുഷന്റെ സങ്കല്പത്തെ അനുസരിച്ചുതന്നെയായിരിക്കും. ഇതിനെ ഒന്നു വിവരിക്കാം. അമേരിക്കരാജ്യത്തുള്ളവർ ആ നാട്ടിലെ യുവാ

ക്കുള്ള യന്ത്രപ്രയോഗാദികളിൽ അഭിജ്ഞത വരുത്തുവാനുള്ള ഉപായത്തെ മുഖ്യമായി കരുതുന്നു; ആ ഉപായം കണ്ടുകിട്ടാത്ത പക്ഷം അവിടത്തെ വിദ്യാഭ്യാസം അപൂൎണ്ണമാണെന്നാണ് വിചാരിക്കപ്പെടുന്നത്. ആസ്ത്രേലിയരാജ്യക്കാർ കഷകവിദ്യയ്ക്കായിരിക്കും അടിയുറപ്പുവരുത്തുക. പ്രകൃതിശാസ്ത്രങ്ങൾക്ക മേന്മ കിട്ടുന്നകാലത്തു വിദ്യാലയങ്ങൾ ആ വക ശാസ്ത്രങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്; പ്രാചീനകലാവിദ്യകൾ പുനരുജ്ജീവിക്കുന്ന കാലത്തു സംസ്കൃതം, ലത്തീൻ മുതലായ മൃതഭാഷകൾ മേലേക്കിടയായിവരുന്നു. വിദ്യാഭ്യാസവിഷയത്തിൽ ഒരുകാലത്തെ സമ്പ്രദായം മറെറാരുകാലത്ത് അതേവിധം തന്നെ പകൎന്നുകാണുന്നതല്ല. അതിനുള്ള കാരണം ഇത്രമാത്രമാണ്: ഓരോരോകാലത്തു ജനങ്ങൾ ഓരോജാതി അഭ്യാസവിശേഷങ്ങളെയായിരിക്കും തങ്ങളുടെ കുട്ടികൾക്ക മുഖ്യാവശ്യമായി തിരഞ്ഞെടുക്കുക; പരമാൎത്ഥത്തിൽ സമുദായപുരുഷന്റെ ജീവിതത്തിൽ അവയ്ക്കായിരിക്കും അത്യധികം പ്രാധാന്യം.

ബങ്കാളരാജ്യത്തു ഗുപ്തവംശരാജാക്കന്മാർ വാണിരുന്ന കാലത്തു സംസ്കൃതത്തിന്ന് ഒരു പുതിയ ജീവൻ വെച്ചു. അന്നൊക്കെ സംസ്കൃതഭാഷയും അതിലെ ഗ്രന്ഥസമുച്ചയവും പരിചയിച്ചാലേ ഒരുവന്റെ യോഗ്യത പൂൎത്തിയായിരുന്നുള്ളു. പിന്നെ ഒരായിരംകൊല്ലം കഴിഞ്ഞപ്പോൾ പെൎഷ്യൻ ഭാഷകൂടി പഠിച്ചാലല്ലാതെ ആ യോഗ്യത സിദ്ധിക്കയില്ല എന്ന ദിക്കായി. ഇക്കാലത്ത് ഇംഗ്ലീഷാണ് ഒരുവന്റെ യോഗ്യതയെ പരീക്ഷിക്കുവാനുള്ള പ്രമാണം. ഈവിധം ഓരോരോ കാലങ്ങളിൽ ഓരോ ഉപായങ്ങളെക്കൊണ്ടാണ് ഒരേനിലയിലുള്ള അറിവും യോഗ്യതയും സിദ്ധിച്ചിരുന്നത്.

പല ജാതിപ്രയോഗവിശേഷങ്ങളിലും അനുസ്യൂതമായി അവയ്ക്കെല്ലാക്കെ നിദാനമായിരുന്ന അന്തഃകരണത്തെ ഹിന്ദുക്കൾ ഭാഗ്യവശാൽ കണ്ടിരുന്നു. കഴിഞ്ഞുപോയ കാലങ്ങളിൽ ഇന്ത്യാരാജ്യത്തിന്നു പല ആപത്തുകളും സംഭവിച്ചിരുന്നുവെങ്കിലും, ഹിന്ദുക്കളുടെ ബുദ്ധിവിലാസം നശിക്കാതിരുന്നത് ഈവിധം അന്തഃകരണത്തെ ആധാരമാക്കി പിടിച്ചതുകൊണ്ടാകുന്നു. മേലിലും ഹിന്ദുക്കളുടെ പ്രതിഭാവിലാസം സുരക്ഷിതമായിരിക്കുമെന്ന ഉറപ്പുണ്ടാക്കിത്തരുന്നതും ഈ സംഗതിതന്നെയാണ്. ചെറുപ്പകാലങ്ങളിൽത്തന്നെ മനസ്സിനെ ഏകാഗ്രമാക്കി നിൎത്തുന്നതിന്നു ശീലിപ്പിക്കുക എന്ന ബ്രാഹ്മണരുടെ അഭ്യാസരീതി നിലനില്ക്കുന്ന കാലത്തോളം ഇന്ത്യക്കാർ കാലഗതിയാൽ വരുന്ന എത്ര ബുദ്ധിമുട്ടുകളെയും ജയിക്കത്തക്ക ശക്തിയുള്ളവരായിരിക്കുന്നതാണ്. എന്നാൽ ഈ അഭ്യാസത്തെ അനാദരിക്കയോ ഉപേക്ഷിക്കയോ ചെയ്താൽ എത്രതന്നെ വംശശുദ്ധിയുണ്ടായിരുന്നാലും ഇന്ത്യക്കാരുടെ മനശ്ശക്തി, ഇക്കാലത്തെ ഇതരജനസമുദായങ്ങളുടെ മനശ്ശക്തിയെപ്പോലെ, കാലാനുരൂപമായി എത്രത്തോളം സ്വാതന്ത്ര്യം കാണിക്കുവാൻ തരംവരുന്നുവോ അതിന്നനുരൂപമായി വൃദ്ധിക്ഷയങ്ങളെ പ്രാപിക്കുക എന്ന നിലയിൽ ചെന്നുവീഴുന്നതാകുന്നു. ഇക്കാലത്തു ആൺകുട്ടികൾക്ക് എന്നപോലെതന്നെ, പെൺകുട്ടികൾക്കും

ഭക്തിസംവർദ്ധകങ്ങളായ അഭ്യാസവിശേഷങ്ങളോടൊപ്പം പ്രത്യക്ഷമായ ഒരുതരം അന്തഃകരണസംസ്കാരവും സിദ്ധിക്കുന്നതിനാൽ ഒരു കലവറയിലെന്നപോലെ മനസ്സിൽ ശക്തി ശേഖരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഹിന്തുക്കളുടെ ബുദ്ധിക്കുള്ള പ്രത്യേകലക്ഷണമായിരിക്കുന്നത്. ഈ രാജ്യത്തു മുൻകൂട്ടി ഊഹിച്ചിട്ടില്ലാത്ത സ്ഥലത്തും കാലത്തും ഗംഭീരാശയന്മാർ ഉണ്ടാവുകയും അവർ ഒറ്റയ്ക്കു മഹത്തായ കാര്യങ്ങൾ സാധിക്കുകയും ചെയ്തിട്ടുള്ള കഥ നോക്കുമ്പോൾ നമുക്കു വിസ്മയം തോന്നും. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നിരുന്ന പാശ്ചാത്യനായ 'ന്യൂട്ടൻ' എന്ന മഹാനെപ്പോലെതന്നെ പന്ത്രണ്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നിരുന്ന ഭാസ്കരാചാര്യനും ക്രഷേളിമത (Cravitation)യെ അത്രസ്സൂത്ര ഉറപ്പോടുകൂടി—സമുദായസ്ഥിതിയുടെ വ്യത്യാസംനിമിത്തം അത്രതന്നെ പ്രതിപാദിക്കുന്നില്ലെങ്കിലും—കണ്ടിരിക്കുന്നു. ഇന്ത്യയിലെ സ്ത്രീകൾ പുറത്തിറങ്ങാതെ അന്തഃപുരങ്ങളിൽത്തന്നെ കഴിച്ചുകൂട്ടുന്നുവെങ്കിലും പെട്ടെന്ന് അവരുടെ ഇടയിലും ചാന്ദ്ബീബിയെപ്പോലെ മഹതികളായ സ്ത്രീകൾ ജനിക്കുന്നു. അടുത്തുകഴിഞ്ഞ ഇരുപതു സംവത്സരത്തിനുള്ളിൽത്തന്നെ ഇന്ത്യക്കാരടച്ച ശ്രമസ്ഥലവേലക്കാരായിരുന്നിട്ടും മതം, ശാസ്ത്രം, കലാവിദ്യകൾ എന്നീ വിഷയങ്ങളെ അഭിവൃദ്ധിപ്പെടുത്തിയ മഹാന്മാർ നമ്മുടെ കൂട്ടക്കാരിൽ ഉണ്ടായിട്ടുണ്ട്. കത്തിച്ചാൽ പുക പുറപ്പെടാത്ത വെടിമരുന്നു കണ്ടുപിടിച്ചതും ശസ്ത്രക്രിയയ്ക്കു പുഷ്ടിവരുത്തിയതും ജ്ഞാനസാമാന്യത്തിന്റെ പ്രയോഗവിശേഷങ്ങൾ മാത്രമാകുന്നു. വിജ്ഞാനത്തിന്റെ ആകത്തുക തേടിപ്പിക്കുന്നതിനും ഇന്ത്യക്കാർ പലതും ചെയ്തിട്ടുണ്ട്.

ഇവയും മററു പലതും ഇന്ത്യക്കാരുടെ അന്തഃകരണത്തിൽ ലീനമായ ശക്തിയുടെ ഏതാനും ചില സൂചനകൾ മാത്രമാകുന്നു. ഇവ ഭാരതമഹാജനസംസത്തു ജീവിച്ചുതന്നെയിരിക്കുന്നു എന്നു കാണിക്കുന്ന ചില യാദൃച്ഛികലക്ഷണങ്ങൾ മാത്രമാണ്. ഭാരതഖണ്ഡത്തിലെ ജനങ്ങൾ മുൻകാലങ്ങളിൽ എന്തൊക്കെ ചെയ്തുവോ അതൊക്കെ വരുവാൻപോകുന്ന കാലത്തും ചെയ്വാൻ അവർക്കു കഴിയും എന്നു അവ നമ്മളെ മനസ്സിലാക്കുന്നു. ഇതു പരമാർത്ഥമാകുന്നു; നമ്മുടെ പൂർവ്വന്മാർ ഏതെങ്കിലും ഒരു പ്രത്യേകകാലത്തു ഏറാവും വിലമതിച്ചിരുന്ന സമ്പ്രദായവിശേഷം എന്തുതന്നെയായിരുന്നാലും അവർ അന്തഃകരണസംസ്കാരത്തെയും ബുദ്ധിയെ വിസ്താരപ്പെടുത്തുന്ന അഭ്യാസക്രമത്തേയും ഒരിക്കലും അനാദരിച്ചിരുന്നില്ല. അതാണതിന്നു കാരണം. ചില വിഷയങ്ങളെ പഠിക്കുക എന്നതിനെക്കാൾ ഏകാഗ്രനിഷ്ഠയെ ശീലിക്കുക എന്നതായിരുന്നു—വിവേകാനന്ദസ്വാമികൾ പറയുംപോലെ—ഹിന്തുക്കളുടെ വിദ്യാഭ്യാസത്തിന്റെ പരമപ്രയോജനം. മനസ്സിനെ സ്വാധീനത്തിൽ നിർത്തി സ്വയമേവ വേണ്ടവഴിക്കു തിരിക്കുക എന്നതിന്നു മഹാപുരുഷന്മാർ കേവലം നിമിത്തം മാത്രമേ ആയിരുന്നുള്ളൂ.

അതിനാൽ ആഭ്യന്തരമായ അന്തഃകരണസംസ്കാരവിഷയത്തിലെ

ത്യരാജ്യങ്ങളിലെ അദ്ധ്യാപന

ക്ക് ഇന്ത്യക്കാരോട് ഉപദേശിക്കുവാനുള്ളത്. ഏതുകാര്യത്തിലും — സ്വസംസ്കരണവിഷയത്തിൽക്കൂടി — ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന്റെ വില പാശ്ചാത്യന്മാർ അനുഭവംകൊണ്ടറിഞ്ഞിട്ടുണ്ട്; വിദ്യാഭ്യാസംകൊണ്ടു ആകപ്പാടെ വന്നുകൂടേണ്ടതായ ഫലം ഇന്നതാണെന്നും അവർ അനുഭവംകൊണ്ടറിഞ്ഞിരിക്കുന്നു. എല്ലാകാര്യവും ആലോചിച്ചുനോക്കുമ്പോൾ ഇന്ത്യയിൽ അമേരിക്കയിലൊ ജർമ്മനിയിലൊ ഉള്ളതിനെക്കാൾ കലമേനിക്ക് അധികം ഗംഭീരബുദ്ധിമാന്മാർ ഉണ്ടാവാവുന്നതാണ്; പക്ഷെ ജർമ്മനിയും അമേരിക്കയും താന്താങ്ങൾക്കു ആലോചനാവിഷയമായിരിക്കുന്ന കാര്യങ്ങളിൽ നാട്ടുകാരെ അടച്ചു പ്രവർത്തിപ്പിക്കേണ്ടവിധം മനസ്സിലാക്കിയിരിക്കുന്നു. അവർ പരക്കെയുള്ള ആളുകളെയെല്ലാം ഒരൊറ്റ പുരുഷനെന്നപോലെ ഒന്നിച്ചുചേർത്തു യോജിപ്പിക്കുകയും ആലോചിച്ചാക്കേണ്ടതായ ദൃഷ്ടവിഷയത്തെ ഈ സമുദായപുരുഷനു കാട്ടിക്കൊടുക്കുകയും ചെയ്യുന്നു. അവർ ഉത്തരംകിട്ടുന്നതിന്നാഗ്രഹിക്കുന്ന ആ ചോദ്യം എന്താണ്? താന്താങ്ങളുടെ വർഗ്ഗത്തിന്റെയും രാജ്യത്തിന്റെയും പുഷ്ടിയും ക്ഷേമവും മാത്രമാണ് അവർ ആലോചിക്കുന്നതെന്നോർച്ചാൽ ഒട്ടുംതന്നെ കഷ്ടമാകുന്നതല്ല. ഹിന്തുക്കളുടെ പരമപുരുഷാർത്ഥം സന്യാസവും മുക്തിയുമാകുന്നു. അവ രണ്ടും അപൗരുഷേയങ്ങളാണ്. അവസ്ഥ കാലദേശ, പുരുഷാദിപരിച്ഛേദങ്ങളില്ലെന്നു താല്പര്യം. എന്നാൽ മുൻപറഞ്ഞ സമുദായോന്നതിയും രാജ്യക്ഷേമവുമാകുന്ന പരമോദ്ദേശ്യങ്ങൾ പരിച്ഛിന്നങ്ങളാകുന്നു. അവസ്ഥ ചില അതിരുകൾ കല്പിച്ചിട്ടുണ്ടെന്നർത്ഥം. അങ്ങിനെയാണെങ്കിലും ഈ പരമോദ്ദേശ്യങ്ങൾ ജർമ്മനിക്കാരുടേയോ അമേരിക്കക്കാരുടേയോ ദൃഷ്ടിയിൽ അപൗരുഷേയങ്ങളായിട്ടു തോന്നുന്നതാണ്. പരമപുരുഷാർത്ഥം അപൗരുഷേയമായിട്ടുള്ള ഹിന്തുക്കൾകൂടി ആദ്യം ചില ദൃഷ്ടഫലങ്ങളെ ഉദ്ദേശിച്ചു പരാർത്ഥം ആത്മത്യാഗം ചെയ്തു ശീലിച്ചിട്ടാണ് ഒടുക്കം സർവ്വസംഗപരിത്യാഗം ചെയ്യുന്നത്. ഹിന്തുക്കൾക്കുകൂടി കുടുംബത്തെപ്പറ്റിയ വിചാരം ഈശ്വരസന്നിധാനത്തിലേക്ക് ഇരുട്ടത്തുകൂടി ചാഞ്ഞുയർന്നു കാണുന്ന സോപാനപരമ്പരകളിൽ ആദ്യത്തേതായിട്ടിരിക്കുവാനെളുപ്പമാകുന്നു. തന്നെ ആശ്രയിച്ചു കഴിഞ്ഞുപോരുന്നവർ തന്നിൽ ഭരമേല്പിക്കപ്പെട്ടവരാണെന്നും പ്രാരബ്ധകർമ്മം അനുഭവിച്ചു തീരുന്നതിന്ന് അതു വളരെ നല്ലൊരു ഉപായമായിട്ടാണിരിക്കുന്നതെന്നും തന്നിമിത്തം തനിക്കു വിവേകവിജ്ഞാനം വർദ്ധിക്കുന്നതാണെന്നും ഒരു ഹിന്തു നാം അവനോട് ചോദിച്ചാൽ പറയുന്നതാണ്. ഒരു ഹിന്തുവിനു തന്നെ ആശ്രയിച്ചു കഴിയുന്നവരെപ്പറ്റി എന്നപോലെ തന്നെ ഒരു ജർമ്മനിക്കാരൻ അല്ലെങ്കിൽ അമേരിക്കക്കാരൻ സ്വസ്വരാജ്യത്തെപ്പറ്റിയും എന്തുകൊണ്ടു വിചാരിച്ചുകൂടാ? അവർക്ക് ജീവിതത്തിന്റെ പരമപ്രയോജനത്തിലെത്തുന്നതിന്നുള്ള സോപാനപംക്തികളിൽ ഇത് ഒടുക്കത്തെ ചവിട്ടുപടിയായിരിക്കരുതാത്തതിന്നെന്താണ് വിരോധം?

അത് അങ്ങിനെ തന്നെയാണെന്നു വിചാരിക്കുക. എന്നാലും ഓരോ സമുദാ

യങ്ങളിലുമുള്ള ഓരോരുത്തരും സ്വസമുദായത്തിന്റെ കൂട്ടാകെയുള്ള കാര്യങ്ങളിൽ ഉൽകൃഷ്ടമായ പ്രതിപത്തിയോടു കൂടി സ്വസ്വജീവനസാമഗ്രികളെ സമ്പാദിക്കുന്നതിന്നാവശ്യമായ വിദ്യ പഠിക്കുവാൻ പ്രാപ്തന്മാരായിരിക്കണം. ഇക്കാര്യത്തിൽ അഭിരുചിയില്ലെങ്കിൽ തന്നെയും അവന്ന് — ഒരു ഹിന്തുവിന്നുകൂടി — ദ്രവ്യസമ്പാദ്യമുണ്ടാകത്തക്ക വിധം കാലക്ഷേപം ചെയ്യുന്നതിന്നൊരുങ്ങേണ്ടി വരും; ആ ഘട്ടത്തിൽ അവന്ന് തനിക്കുള്ളേടത്തോളം സ്വാത്മപ്രതിപത്തിജന്യമായ പ്രേരണാശക്തിയേയോ ഉൽകൃഷ്ടമായ മനോഭാവനകളേയോ തന്റെ അഭ്യാസത്തിലും പ്രവൃത്തിയിലും കൊണ്ടുവരുവാൻ സാധിക്കുകയില്ല. ഇങ്ങിനെയൊരു വ്യത്യാസം മാത്രമുണ്ട്. ലൌകികമായ വല്ല ഫലത്തെയും ഇച്ഛിച്ചുകൊണ്ടു ചെയ്യുന്ന ജ്ഞാനസമ്പാദനത്തോളം ആത്മസങ്കോചകരമായിട്ടു മറ്റൊന്നും തന്നെയില്ല. മനോവ്യാപാരം ആഹാരസമ്പാദനത്തിന്നാണെന്നു വിചാരിച്ചു പോകുന്നതിനേക്കാൾ അധികം അപകൃഷ്ടമായിട്ടൊന്നും തന്നെയില്ല. പരമാർത്ഥതത്വത്തിൽ പ്രതിപത്തി നിമിത്തം അതിനെ പ്രാപിപ്പാൻ പ്രയത്നിക്കയും അന്തഃകരണവൃത്തികളുടെ വ്യാപാരംകൊണ്ടു ജന്യമായ രസം അനുഭവിക്കുന്നതിന്നു വേണ്ടി അവയെ വ്യാപരിപ്പിക്കുകയുമല്ല നാം ചെയ്യുന്നതെങ്കിൽ മനുഷ്യരുടെ ഹൃദയത്തിലും ബുദ്ധിയിലും കിടക്കുന്ന മഹത്തായ വസ്തുക്കൾ നമ്മൾക്ക് അപ്രാപ്യമായിട്ടിരിക്കുന്നതാണ്. ലൌകികമായ ഇച്ഛാഭേദങ്ങളുടെ പ്രേരണകൊണ്ട് ഒരുവന്ന് ഇത്രത്തോളമേ പോയിക്കൂടു എന്നുണ്ട്. എന്നാൽ നേരെ മറിച്ച്, ഒരുവന്നു പ്രിയമുള്ളവന്റെ നേരെ കാണിക്കുന്ന സ്നേഹം ഉൽകൃഷ്ടവും പരമാർത്ഥവുമായ ഒരു നിലയിലെത്തുകയും പ്രിയനോടടുക്കുന്തോളം ചെല്ലുന്നതിന്ന് അതു തന്നെ ഒരു പ്രേരകമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, പരമാർത്ഥമായ അനുഭവജന്യജ്ഞാനം തനിക്കെത്രത്തോളം ഉണ്ടാകുന്നുവോ അതു തന്റെ സ്വന്തം കുടുംബത്തിന്നല്ലെങ്കിലും സ്വരാജ്യമാകുന്ന കുടുംബത്തിന്നു അത്രയും നല്ലതാണെന്നു അവൻ അറിയുന്നുവെങ്കിൽ, ആ അവസ്ഥയിൽ പൊതുജനകാര്യപ്രവർത്തനത്തിലും അവൻ അക്ഷീണഗതിയായിരിക്കുന്നതാണ്. അതു ബന്ധത്തെയല്ല സ്വാതന്ത്ര്യത്തെയാണ് ചേർക്കുന്നത്. അതൊരു പരിച്ഛേദമായിട്ടല്ലാതെ ഒരു സമ്പാദ്യമായിട്ടു വരുന്നു.

ഈ വിഷയത്തിൽ ഇന്ത്യക്കു വെള്ളക്കാരിൽനിന്നു പലതും പഠിക്കുവാനുണ്ടായിരിക്കാം. നാം നമ്മുടെ പരസേവേച്ഛയെ സ്വസ്വകുടുംബത്തിലൊ സ്വസ്വസമുദായത്തിലൊ മാത്രം ഒതുക്കി നിറുത്തുന്നതെന്തിനാണ്? നാമോരോരുത്തരും മറെറല്ലാവരുടെയും ക്ഷേമത്തെ ഇച്ഛിക്കുകയും ആവശ്യം വന്നാൽ തന്നെയും സ്വകുടുംബത്തെയും സ്വസമുദായത്തെ കൂടിയും സാർവ്വത്രികക്ഷേമത്തിന്നായി സന്ത്യജിക്കുന്നതിന്ന് ഒരുങ്ങുകയും ചെയ്യത്തക്ക നിലയിൽ ആവുന്നതുവരെ വിശാലമാക്കരുതേ? ശ്രേഷ്ഠപുരുഷന്റെ ഇച്ഛ സർവ്വദാ ആത്മത്യാഗത്തിന്നായി പ്രവർത്തിക്കുന്നു. ജനതാക്ഷേമത്തിന്നായിട്ടാണ് എന്റെ സ്വന്തം നന്മക്കായിട്ടല്ല ഞാൻ അത്യന്തനും അത്യുൽകൃഷ്ടനും അത്യന്തസത്യപ്രിയനുമായിരിക്കുവാൻ പ്രയത്നിക്കുന്നത്. തന്നിമിത്തം എനിക്കു തന്നെ നാശം നേരിട്ടേക്കാം. അങ്ങിനെ ലോകോപകാരാർത്ഥം ജീവിക്കുമ്പോൾ ഒരു സഹജീവിയുടെ ജീവരക്ഷക്കു വേണ്ടി പുഴയിൽ ചാടി മുറിച്ചു നീന്തേണ്ടതായിട്ടും തപാലാപ്പീസിൽ വേലയെടുക്കേണ്ടതായിട്ടും മരണമാകുന്ന കുഴിയിലേക്കു ചാടേണ്ടതായിട്ടും മറ്റും വന്നേക്കാം. ഞാൻ എന്റെ കടം

ബത്തെ ഒന്നും കൊടുക്കാതെ പട്ടിണിയിടുകയോ? ആ വക നിസ്സാരവിചാരങ്ങൾ അകലെ പോകട്ടെ! ഭാരതീയരുടെ പരമധൎമ്മം ഇന്നതെന്നു കാണിപ്പാൻ ഞാനും അവരും മനസ്സാലെ മരിക്കുക കൂടി ചെയ്യേണ്ടയോ? ഒരു രാജ്യത്തിൽ പാൎക്കുന്നവരുടെയൊക്കെ മുഖം തെളിഞ്ഞു കാണണമെങ്കിൽ ഒരു ഒററ കുടുംബം സന്തോഷത്തോടെ പട്ടിണി കിടക്കേണ്ടയോ? ശ്രേഷ്ഠപുരുഷന്മാർ നിമിഷമാത്രംകൊണ്ടാണ് കാൎയ്യം ഉറയ്ക്കുന്നത്. അവൎക്ക് വിസ്തൃതമായ കാഴ്ച അടുത്തുള്ളവരേക്കാൾ സമീപമായിട്ടിരിക്കുന്നു. ഇങ്ങിനെ ഓരോ ആളുകളും രാജ്യത്തെ അടച്ചു ബാധിക്കുന്ന കാൎയ്യങ്ങളിൽ മനസ്സുറപ്പിക്കുന്നതിനാൽ പാശ്ചാത്യരാജ്യങ്ങളിൽ സാധാരണക്കാരായ അനവധിയാളുകൾ ഗംഭീരപുരുഷന്മാരായിത്തീരുന്നു. ഇതും സ്വാനുഭൂതിയുടെ ഒരു വകഭേദമാണ്.

അതിനാൽ നമ്മൾക്ക് ഇന്ത്യക്കാരുടെ മനസ്സിനെ ഇന്ത്യയെ ഒട്ടുക്കു ബാധിക്കുന്ന കാൎയ്യങ്ങളിൽ ഉറപ്പിച്ചു നിൎത്തേണ്ട വിഷയമാണ് ആലോചിക്കേണ്ടത്. ഇക്കാൎയ്യസാദ്ധ്യത്തിന്നു നമ്മൾക്ക് അന്തഃകരണത്തെ സംസ്കരിക്കുകയും ലോകത്തെ അടച്ചു സംബന്ധിക്കുന്ന കാൎയ്യങ്ങളിൽ പരിചയിപ്പിക്കുകയും ചെയ്യുന്ന പഴയ അഭ്യാസക്രമത്തെ ഉപേക്ഷിക്കേണ്ടി വരുന്നില്ല. ആ പഴയ സമ്പ്രദായത്തിലാണ് ഭാരതീയരുടെ പ്രത്യേകമായ ശക്തിയും സംസ്കാരക്രമവും ഇരുന്നിരുന്നത്. മേലിലും അത് ആ വിധം തന്നെയായിരിക്കുകയും വേണം. എന്നാൽ ഇപ്പോൾ ജനങ്ങളിൽ അധികപക്ഷക്കാരും സ്വസ്വജീവനസമ്പാദ്യത്തിന്നുതകുന്ന വിദ്യാഭ്യാസക്രമത്തിൽ ഏൎപ്പെട്ടിരിക്കുന്നതിനാൽ അവരുടെ ആ വിഷയത്തിലുള്ള ആലോചനകളെ കൂട്ടിയോജിപ്പിച്ച് സാൎവ്വത്രികഗുണത്തെ കാണുന്നതിന്ന് എളുപ്പമാക്കിത്തീൎക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു.

ഈ സ്വസ്വകാൎയ്യപ്രതിപത്തിക്കു പ്രകരം സാൎവ്വത്രികഗുണപ്രതിപത്തിയെ ആക്കുക; തന്നിമിത്തം സ്വസ്വകാൎയ്യങ്ങൾ പൂൎവ്വാധികം ഉൽകൃഷ്ടമാക്കി തീൎക്കുക; എന്നതു നടത്താവുന്നതാണെന്നു യൂറോപ്പിൽ നമ്മൾക്കു കണ്ടറിവുണ്ട്. ഇക്കാലത്തു യൂറോപ്പിന്റെ ഗതി ചില പ്രത്യേകപുരുഷന്മാരെയോ യോഗ്യതാഭാഗം കുറഞ്ഞവരെയോ അല്ല ആശ്രയിച്ചിരിക്കുന്നത്. ചില പ്രത്യേക കാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്നതിന്നു തക്കവണ്ണം അഭ്യസിപ്പിച്ചിരിക്കുന്ന ജനസാമാന്യത്തെയാണാശ്രയിച്ചിരിക്കുന്നത്. ജനസാമാന്യത്തിന്നു കൊടുക്കുന്ന വിദ്യാഭ്യാസത്തിന്റെ സ്വരൂപഭേദംകൊണ്ടും തരഭേദംകൊണ്ടും അവിടുത്തെ ആളുകൾക്കു ബന്ധമോചനമുണ്ടാക്കിയിരിക്കുന്നു; ആ വിധം മുക്തന്മാരാകുന്നതിന്ന് ആ വിദ്യാഭ്യാസം അവരെ യോഗ്യന്മാരാക്കിയിരിക്കുന്നു. അതിനാൽ ഇന്ത്യക്കാരായ നമ്മൾക്ക് ആ വിദ്യാഭ്യാസത്തിന്റെ സാരാംശങ്ങളെന്തെന്നു നോക്കേണ്ടിയിരിക്കുന്നു. അതിന്നു ശേഷം ആ ഭാഗങ്ങളെ ഇന്ത്യാരാജ്യത്തും സ്ഥാപിക്കാം.

സി. വി. രവിശൎമ്മരാജാ.

# കേരളത്തിലെ രക്ഷാപുരുഷന്മാർ.

II

മുൻ വിവരിച്ച സംഗതികളിൽ നാഗവംശക്കാരുടെ ആദ്യത്തെ വിജയത്തെപ്പററിയും പിന്നെ ബ്രാഹ്മണർ അവരെ സ്വാധീനപ്പെടുത്തിയതിനെപ്പററിയും മററുമായിരിക്കുന്നു. കേരളോല്പത്തി മുതലായ ഗ്രന്ഥങ്ങളിൽ നാഗന്മാർ ആദ്യത്തിൽ ആര്യബ്രാഹ്മണരെ ഭയപ്പെടുത്തി കേരളത്തിൽനിന്നോടിച്ചുവെന്നും പിന്നെ ബ്രാഹ്മണർ നാഗന്മാക്ക് ചില അവകാശങ്ങൾ കൊടുത്തുവന്നുവെന്നും ബ്രാഹ്മണർ ശസ്ത്രഭിക്ഷ വാങ്ങിയെന്നും മററും പറഞ്ഞിരിക്കുന്നതെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ശൂദ്രരെന്ന പറയുന്നവരും നാഗവർഗ്ഗത്തിന്റെയും ആര്യവർഗ്ഗത്തിന്റെയും കലപ്പുള്ളവരാണെന്ന കരുതാവുന്നവരുമായ നായർ മുതലായ വർഗ്ഗത്തെ മററുള്ള ദേശങ്ങളിലെ ശൂദ്രവർഗ്ഗത്തെപ്പോലെ നികൃഷ്ടനിലയിൽ കേരളബ്രാഹ്മണർ കരുതി വരാത്തതും നാഗവർഗ്ഗത്തെ സ്വാധീനപ്പെടുത്തുവാനുള്ള നയോപായങ്ങളുപയോഗിച്ച സംഗതിയെ സൂചിപ്പിക്കുന്നുണ്ട്. നാഗവർഗ്ഗക്കാരിൽ പല പ്രഭുക്കന്മാരും ചില സാമന്തരാജാക്കന്മാരും പെരുമാക്കന്മാരുടെ വാഴ്ചക്കാലങ്ങളിലും ഉണ്ടായിരുന്നുവെന്നും, ഇപ്പോഴത്തെ 'ചാവക്കാട്ടതന്നെയാണെന്നൂഹിക്കാവുന്ന ചോവകനാട്' എന്ന പ്രദേശം മുഴവനും 'പുണ്യരാജൻ' എന്ന പേർ കേട്ട ഒരു നാഗവംശസാമന്തരാജാവാണ് കൊല്ലവഷാരംഭത്തിന്ന മുമ്പ് ഏഴാം വഷശതകത്തിന്റെ ഉത്തരാദ്ധത്തിൽ ഭരിച്ചിരുന്നതെന്നും 'മണിമേഖല'യിലും മററും കാണുന്ന സംഗതിയും നാഗന്മാരിൽ ചിലക്ക ബ്രാഹ്മണർ തുല്യപ്രാബല്യം അനുവദിച്ചിരുന്നുവെന്നതിന്ന യോജിച്ചിരിക്കുന്നുണ്ട്. അതുപോലെതന്നെ കേരളബ്രാഹ്മണർ അവരുടെ സമുദായങ്ങളിലും സമുദായാചാരങ്ങളിലും പ്രായേണ നായർവർഗ്ഗത്തോടുള്ള ബന്ധുതയെ അത്ര ഗണ്യമായിക്കരുതിവരാത്ത ചില സമ്പ്രദായവിശേഷങ്ങളും ആവക ബന്ധുതയെ ആദ്യത്തിൽ അവരെ സ്വാധീനപ്പെടുത്തുവാൻ മാത്രം തുടങ്ങിവെച്ചതാണെന്ന വ്യഞ്ജിപ്പിക്കുന്നുണ്ട്. ചാതുൎവ്വർണ്യം ആര്യന്മാരുടെയിടയിലല്ലാതെ ദ്രമിഡന്മാരുടെയിടയിലില്ലാത്തതിനാൽ നാഗസ്ത്രീഗമനം മനു മുതലായ സ്മൃതികാരന്മാർ നിഷേധിച്ചിട്ടുള്ള ശൂദ്രസ്ത്രീഗമനമാവില്ലെന്ന കരുതി കാര്യസാദ്ധ്യത്തിന്ന വേണ്ടി തുടങ്ങിവെച്ചതാണെന്നുള്ളതിന്റെ പ്രാബല്യം തന്നെയായിരിക്കാം പിൽക്കാലങ്ങളിൽ ആചാര്യസ്വാമികൾ മുതലായ മഹാന്മാർപോലും കേരളബ്രാഹ്മണരുടെ വൃഷലീഗമനം പരശുരാമൻ അനുവദിച്ചിട്ടില്ലെന്നും അതു തിരെ അരുതാത്തതാണെന്നും നിഷേധിച്ചിട്ടുള്ളതു ഫലപ്പെടാതിരിക്കുന്നതിന്നും ചാതുൎവ്വർണ്യത്തെപ്പററിയേടത്തോളം വൃത്തിയേക്കാൾ ജനനത്തിന്ന പ്രാധാന്യം സിദ്ധി

ച്ചതനുസരിച്ച് നല്ല അടിസ്ഥാനത്തോടു കൂടിത്തന്നെ നിലനിന്നുവരുന്നതിന്നും മുഖ്യ കാരണമെന്നും വിചാരിക്കാവുന്നതാണ്. പരശുരാമമഹർഷിയുടെ ഉപദേശം അനുസരിച്ചു കേരളത്തിൽ വന്നു കുടിയേറിപ്പാർത്തതുനിമിത്തം ആ രാജ്യം കീഴടക്കി ഭരിപ്പാൻതന്നെ ഭാഗ്യം വന്നു കൂടിയതിനാൽ കേരളം പരശുരാമൻ ബ്രാഹ്മണക്കു ദാനംചെയ്തതാണെന്നുള്ള പ്രവാദവും ഇക്കാലത്തുണ്ടായതായിരിക്കണം. ആഢ്യന്മാരെന്നും ആസ്യന്മാരെന്നും രണ്ടുതരം കേരളബ്രാഹ്മണപ്രധാനികൾ മലയാളത്തിലുള്ളതിൽ ആഢ്യവർഗ്ഗത്തിൽ പെട്ട പലരും സമുദായഭരണകാലങ്ങളിൽ രക്ഷാപുരുഷന്മാരായിരുന്നവരുടെ വംശപരമ്പരയിൽ പെട്ടവരായിരിക്കണമെന്നൂഹിക്കുന്നതിന്നും ധാരാളം തെളിവുകളുണ്ട്. ഒന്നാമതായി ഈ രണ്ടു വർഗ്ഗക്കാരുടേയും സാധാരണനടവടികളിൽത്തന്നെ വളരെ വ്യത്യാസം കാണുന്നു. അതിന്നു പുറമെ ആഢ്യവർഗ്ഗത്തിലെ സ്ത്രീപുരുഷന്മാരുടെ വേഷങ്ങളും ആചാരങ്ങളുമെല്ലാം വളരെ രാജസഗുണപ്രധാനമായിട്ടും മററ വർഗ്ഗക്കാരുടേതു നേരെ വിപരീതമായിട്ടുമാണിരിക്കുന്നതും. സമുദായഭരണത്തെസ്സംബന്ധിച്ച നടന്നിട്ടുള്ള വഴക്കുകളിൽ ചിലതിന്റെ സൂചകങ്ങളാണെന്നു വിചാരിക്കത്തക്കവിധത്തിൽ പല സംഗതികളും 'ചാത്തിരക്കളി' എന്നു പറഞ്ഞുവരുന്ന സംഘക്കളികളിലും കാണുന്നുണ്ട്. ചിലപ്പതികാരത്തിൽ ചേരൻ ചെങ്കുട്ടുവപ്പെരുമാളുടെ കീഴിൽ ഒരു നൂറു ആയ്പ്രബലക്കന്മാരുണ്ടായിരുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. അവർക്കു അക്കാലത്തു 'കേണ്ണർ' എന്നാണ് പേരെന്നു പറഞ്ഞിട്ടുണ്ട്. ആ പ്രബലക്കന്മാർ ഭരണം ഒഴിഞ്ഞ രക്ഷാപുരുഷന്മാരുടെ വംശക്കാരായ ആഢ്യബ്രാഹ്മണർ തന്നെയായിരിപ്പാനേ എളുവിധത്തിലും തരം കാണുന്നുള്ളു. സമുദായഭരണത്തിന്റെ അവസാനത്തിൽ നാട്ടുകാരും ഭരണകർത്താക്കന്മാരും തമ്മിലുണ്ടായ മത്സരത്തിൽ നാട്ടുകാരുടെ പക്ഷത്തിൽ പ്രധാനികൾ ഈ നൂറു പ്രബലക്കന്മാരും മറുപക്ഷത്തിൽ പ്രധാനികൾ ഭരണകർത്താക്കന്മാരായ നാലു രക്ഷാപുരുഷരും പ്രധാനമന്ത്രിയുമായിരുന്നുവെന്നും, മത്സരം അവസാനിച്ചപ്പോൾ ഗംഗവംശരാജാവിനെ തിരഞ്ഞെടുപ്പാനുണ്ടായ പ്രത്യേകസംഗതി ഇന്നതായിരുന്നുവെന്നും അക്കാലത്തുതന്നെ ജീവിച്ചിരുന്നാളും ഉദയൻ ചൈന്നവഴ്നാതൻ എന്ന ആ ഒന്നാം ചെരുമാളുടെ ആശ്രിതനുമായ മുറിഞ്ഞയൂർ മുടിനാഗരാജൻ എന്ന കവിയുടെ ഈ തമിഴ്പദ്യം ധാരാളം തെളിയിക്കുന്നതുമാണ്.

'നിൻകടർപ്പിറന്തു ഞായിറു വെയ്യത്തുനിൻ-
വെൺതലൈപ്പുണരികുടക്കടർകുളിക്കും
യാണർവൈപ്പിന്നാട്ടുപ്പൊരുന
വാനവരമ്പനനീയേപെരുമ
വലങ്കുളൈപ്പുരവിയൈവരൊടുചിനൈയി
നിലന്തലൈക്കൊണ്ടപൊലംപൂന്തുമ്പൈ
യീരൈമ്പതിന്മരും പൊരുതുകളത്തൊഴിയ-
പ്പെരുഞ്ചോററുമികുപതം വരൈയാതുകൊടു
(ത്തോയ്'

ഇത് ആ കവി, പെരുമാളെപ്പററി പ്രശംസിക്കുന്ന പ്രകൃതത്തിലെ ഒരു ഭാഗമാണ്. ഈ ഭാഗത്തിന്റെ ആകപ്പാടെയുള്ള താൽപര്യം—

നിൻകീഴിൽക്കീഴകൈപ്പേരാഴിയിൽപ്പിറന്നിട്ടും
ചെങ്കതിർവൻപന്നെന്റെവെൺകടക്കീഴാം
പചിനിഴലിമുങ്ങിടനാരവിയുമി-
[illegible] ഇടുങ്ങിയനാട്ടിനെല്ലാം

നായകനായിവാഴുംനാഥന്മാരെന്നവർ! |
ന്യായമൊരുഴം നായന്മാർനീതിയല്ലോ.
കഞ്ചിരാജന്മാരുംകുതിരപ്പടയുമുള്ളോ
രഞ്ജുപേരോടുവൈരംവർദ്ധിച്ചുവരികയാൽ
പൊരുളുത്തമ്പുരാൻപ്രഭുവർഗ്ഗന്മാർനൂറുപേരു
മൃഗതാരുടോപുരമററപൊരുതുംകാലത്തിങ്കൽ
പോർക്കളംവിട്ടൊഴിയുമിരുകൂട്ടർക്കുമുള്ള (ശേ!
പോക്കവാനന്നുംകരുമൻതെന്നൽകിരയോ...

ഇങ്ങിനെയാണല്ലൊ. ഇവയെല്ലാം പൂർവ്വമെ കൊല്ലവർഷത്തിന്നു മുമ്പു പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന അശോക ചക്രവർത്തിയായ പ്രിയദർശി മഹാരാജാവിന്റെ ശിലാശാസനങ്ങളും കേരളം അക്കാലത്ത് ഒരു സ്വതന്ത്രരാജ്യമാണെന്നു കാണിക്കുകയും അവിടെ സമുദായഭരണമാണെന്നു തെളിയിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ശിലാശാസനങ്ങളുടെ കാര്യത്തിൽ അല്പം ചില സംഗതികൾകൂടി ഇവിടെ പ്രസ്താവിക്കേണ്ടതായി കാണുന്നു.

അശോക ചക്രവർത്തിയുടെ രാജശാസനങ്ങളും പല സ്ഥലത്തും സ്ഥാപിച്ചിട്ടുള്ളതു പൊതുജനങ്ങൾ വഴിക്കും ഉദ്യോഗസ്ഥന്മാർ വഴിക്കുമാണെന്നും അതുകൊണ്ടാണ് അവയിൽ 'അശോകൻ' എന്ന പേരല്ലാതെ 'പ്രിയദർശി' എന്ന പേർ കാണുന്നതെന്നും ശാസനപരിശോധകന്മാർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒരേ ജാതി ലിപികളതന്നെ കാലാന്തരംകൊണ്ടു വരുന്ന മാററങ്ങൾ ഈ ശാസനപ്രതികളിൽ കാണുന്നതുകൊണ്ടും വാക്കുകൾക്കും അല്പാല്പം ഭേദം കാണുന്നതുകൊണ്ടും പല സ്ഥലങ്ങളിലും കാണുന്ന ഒരു ശാസനത്തിന്റെ പകർപ്പുകൾ തന്നെയും എല്ലാം ഒരു കാലത്തു സ്ഥാപിച്ചിട്ടുള്ളതല്ലെന്നും ഒരു സ്ഥലത്തു സ്ഥാപിച്ചിട്ടു പിന്നെ കുറെക്കാലം കഴിഞ്ഞിട്ടാണ് മറെറാരു സ്ഥലത്തു സ്ഥാപിച്ചിട്ടുള്ളതെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. അക്കാലങ്ങളിൽ അശോകചക്രവർത്തിയുടെ സ്ഥാപകമെന്ന നിലയിൽ ആ വക ശാസനങ്ങൾ അവിടെയവിടെ സ്ഥാപിക്കുന്നത് ഒരു ശുഭകർമ്മമാണെന്നു ജനങ്ങൾ കരുതിയിരുന്നുവെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. 'മേലിലും ഈ ശാസനങ്ങൾ അവിടെയവിടെ എഴുതി സ്ഥാപിക്കേണ്ടതാണ്' എന്ന് ഒരു ശാസനത്തിൽ പ്രസ്താവിച്ചുകാണുന്ന സംഗതി മേൽപ്പറഞ്ഞ അഭിപ്രായത്തിന്ന് അനുകൂലമായിട്ടിരിക്കുന്നു. ചില ശാസനപ്പകർപ്പുകൾ തമ്മിൽ ഇരുനൂറോളം വത്സരം കൊണ്ടുള്ള അന്തരം ഊഹിക്കാവുന്നതാണെന്നു ശാസനപരിശോധകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അനേകം അശോക ശിലാശാസനങ്ങൾ കണ്ടുകിട്ടീട്ടുള്ളതിൽ കേരളത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളത് ഒന്നു മാത്രമേയുള്ളൂ. ആ ശാസനത്തിന്റെ പ്രതികൾ അഞ്ചു സ്ഥലങ്ങളിൽനിന്നു കിട്ടീട്ടുണ്ട്. അതിൽ രണ്ടെണ്ണത്തിൽ കേരളത്തെപ്പററി പറയുന്ന ഭാഗം നശിച്ചുപോയിരിക്കുന്നു. ശേഷം മൂന്നു പ്രതികളുള്ളതിൽ ആദ്യം സ്ഥാപിച്ചിട്ടുള്ളതാണെന്നു ശാസനപരിശോധകന്മാരും സമ്മതിച്ചിട്ടുള്ളതും 'ഷാഹബാദഗഢി' എന്ന സ്ഥലത്തുനിന്നു കിട്ടിയതുമായ പ്രതിയിൽ കേരളത്തെപ്പററി പറയുന്നേടത്തു കേതലപുരുഷന്മാർ എന്നർത്ഥമായ 'കേതലപുസാ' എന്നും, 'ഗേർണർ' എന്ന സ്ഥലത്തു കണ്ടെത്തിയ രണ്ടാമത്തെ പ്രതിയിൽ കേതലപുത്രന്മാർ എന്നർത്ഥമായ 'കേതലപുതാ' എന്നും, 'ഖാൽസി' എന്ന സ്ഥലത്തുനിന്നു കിട്ടിയ മൂന്നാമത്തേതിൽ കേതലപുത്രൻ

എന്നർത്ഥമായ 'കേതലപുതോ' എന്നുമാണ് പറഞ്ഞിരിക്കുന്നത്. കേതലപുരുഷന്മാരെന്നത് അക്കാലത്തു രക്ഷാപുരുഷന്മാരാണ് കേരളം ഭരിച്ചിരുന്നതെന്നുള്ള സംഗതി വെളിപ്പെടുത്തുവാൻ ധാരാളം മതിയാകുന്നതാണല്ലോ. കേതലപുത്രന്മാർ എന്നതും ഒന്നിലധികം ആളുകളാണ് കേരളത്തിന്റെ നേതാക്കന്മാരെന്ന തെളിയിക്കുന്നുണ്ട്. ആ നേതാക്കന്മാർ ദ്രമിഡരല്ലാതെ ആര്യവർഗ്ഗത്തിൽ പെട്ടവരായതുകൊണ്ടാണ് 'പുത്രന്മാർ' എന്നു ചേർത്തിട്ടുള്ളതെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. കേതലപുത്രൻ എന്നു കാണുന്ന പ്രതി മലയാളത്തിൽ പെരുമാൾവാഴ്ച തുടങ്ങിയതിന്നു ശേഷമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വിചാരിക്കാവുന്നതാണ്. ഈ സംഗതികൾ കുറെക്കൂടി സ്പഷ്ടമാക്കുന്നതിന്ന് ആശാസനം തന്നെ താഴെ കൊടുക്കാം. അശോകശാസനങ്ങളെല്ലാം പാലിഭാഷയിലാണ്. പ്രസ്തുതശാസനം ഇതാണ്:—

'സവിതവിജിതേസ്സി ദേവാനം പിയസപിയദസിണോരസ്യോ (2 രാജണോ) ഏവം പി പചംതേ യഥാ ആന്ധചോഡപണ്ഡിയാ സതിയപുതോ കേതലപുതോ (2 പുതാ. 3 പുതോ) അംതമ്മപണ്ണിയാ (2 തമ്മപണ്ണീ) അംതിയോഗനാമയോണരാജയോ (2 ലാജണോ) അണ്ണേതസ അംതിയോഗസ സാമംതരാജണോ (2 ലാജണേ) സവതദേവാണം പിയസ പിയദസിണോരന്യോ ദേ ചികിച്ഛകതാ മനുസചികിച്ഛാ പസുചികിച്ഛാ ച ഓസധാനിയാനി മനുസോപഗാനിച പസുപഗാനിച യതയതണതി (2 നാസ്തി) സവതഹാരാപിതാനിച രോപാപിതാനി അമൂലാനിഫലാനിച യതയതണതി (2 നാസ്തി) സവതഹാരാപിതാനിച രോപാപിതാനിച പഥേസു കൂപാചഖനാപിതാവച്ഛാ ചരോപാപിതാ പരിഭോഗായപസു മനുസാണം.'=

സർവ്വത്രവിജിതേസ്മിൻ ദേവാനാം പ്രിയസ്യ പ്രിയദർശിനോരാജ്ഞഃ ഏവമപി പര്യന്തേഷു യഥാ ആന്ധ്രാഃ ചോളപാണ്ഡ്യൌ സത്യപുത്രഃ കേതലപുരുഷാഃ (2 പുത്രാഃ 3 പുത്രഃ) താമ്രപർണ്ണീയഃ അന്തിയോഗ നാമായവനരാജഃ അന്യേച തസ്യാന്തിയോഗസ്യ സാമന്തരാജാഃ, സർവ്വത്രദേവാനാം പ്രിയസ്യപ്രിയദർശിനോ രാജ്ഞോദ്വേ ചികിത്സകതേ മനുഷ്യചികിത്സാ പശുചികിത്സാച ഔഷധാനിയാനി മനുഷ്യോപഗാനി പശൂപഗാനിച യത്രയത്രനസന്തി സർവ്വത്രഹാരിതാനി രോപിതാനിച, മൂലാനിച ഫലാനിച യത്ര യത്ര നസന്തി സർവ്വത്രഹാരിതാനി രോപിതാനിച, പഥിഷു കൂപാശ്ചഖാനിതാഃ വൃക്ഷാശ്ചരോപിതാഃ പരിഭോഗായ പശുമനുഷ്യാണാം=

ദേവപ്രിയനായ പ്രിയദർശിരാജാവിന്റെ കീഴിലുള്ള രാജ്യത്തിൽ എല്ലായിടത്തും അതുപോലെ തന്നെ ചുറ്റുമുള്ള രാജ്യങ്ങളിലും, എന്നാൽ— ആന്ധ്രന്മാർ, ചോളൻ, പാണ്ഡ്യൻ, സത്യപുത്രൻ, കേതലപുരുഷന്മാർ (2 പുത്രന്മാർ 3 പുത്രൻ) താമ്രപർണ്ണിയൻ, അന്തിയോഗൻ എന്ന യവനരാജാവ് (അന്തിയോക്കസ്സ്), ആ അന്തിയോഗരാജാവിന്റെ കീഴിലുള്ള മറ്റു രാജാക്കന്മാർ ഇവരുടെ രാജ്യങ്ങളിലും എല്ലാം ദേവപ്രിയനായ പ്രിയദർശി രാജാവിന്നു രണ്ടു ചികിത്സകളാണ് നടത്താനുള്ളത്— മനുഷ്യചികിത്സയും പശുചികി

ന്ധം. മനുഷ്യർക്കു തക്കവയും പശുക്കൾക്കു തക്കവയുമായ ഔഷധങ്ങൾ എവിടെയെവിടെ ഇല്ലയോ അവിടെയെല്ലാം അതുകൾ വരുത്തുകയും ശേഖരിക്കുകയും വേണം. ഫലമൂലങ്ങൾ എവിടെയെവിടെ ഇല്ലയൊ അവിടെയെല്ലാം അതുകളും വരുത്തുകയും ശേഖരിക്കയും വേണം. പശുക്കൾക്കും മനുഷ്യർക്കും ഉപയോഗപ്പെടുവാനായി വഴികളെല്ലാം കിണറുകൾ കുഴിപ്പിക്കയും മരങ്ങൾ നട്ടുവളർത്തുകയും വേണം.

ഈ ശാസനത്തിൽ അക്കാലത്തു പുതുപ്പട്ടണത്തിനു വടക്കുള്ള കേരളഭാഗവും മൈസൂരിൽ ഏതാനും ഭാഗവും ഭരിച്ചിരുന്ന ഹാരീതവംശരാജാവായ സത്യരാജകുലപരമ്പരയിൽപ്പെട്ട രാജാവിനേയും കേരളത്തിലെ ഭരണാധികാരികളേയും മാത്രമാണല്ലോ 'പുത്ര' എന്ന ഉപപദത്തോടു കൂടി നിർദ്ദേശിച്ചുകാണുന്നത്. ഹാരീതവംശക്കാരും കാണ്വായനഗോത്രക്കാരായ കേരളപ്പുത്രന്മാരും ശുദ്ധാര്യന്മാരാണെന്നു തീർച്ചപ്പെടുത്താവുന്നതല്ലെങ്കിലും, പരമ്പരയായി ആര്യവർഗ്ഗത്തോടു ചേർന്നവരാണെന്നു തീർച്ചയുമാണ്.

ശാസനത്തിന്റെ എല്ലാ പ്രതികളേയും ഇംഗ്ലീഷുലിപിയിൽ പകർത്തി ഇംഗ്ലീഷുഭാഷയിലേക്കു പരിഭാഷപ്പെടുത്തി കാണുന്നുണ്ട്. ആ പരിഭാഷയനുസരിച്ചു മാത്രം പലരും ഈ ശാസനങ്ങൾ പരിശോധിച്ചിട്ടുമുണ്ട്. എന്നാൽ, എല്ലാ പ്രതികളും ഇംഗ്ലീഷുലിപിയിൽ പകർത്തിയപ്പോൾ ഒന്നിൽ 'കേതലപുത്ര' എന്നും മററു രണ്ടിലും 'കേതലപുതോ' എന്നുമാക്കിയതും പരിഭാഷപ്പെടുത്തിയപ്പോഴേക്കു എല്ലാം 'കേരളപുത്രൻ' എന്ന ഏകവചനരൂപം മാത്രമാക്കിയതും നിമിത്തം പലർക്കും ഈ വിഷയത്തിൽ നോട്ടക്കുറവു പററിക്കാണുന്നതുകൊണ്ടാണു് ഈ സംഗതി ഇത്രത്തോളം വിവരിക്കേണ്ടിവന്നത്. ക്രിസ്തുവർഷം എഴുപതേഴിൽ 'പ്ലിനി' എന്ന റോമ ഗ്രന്ഥകാരൻ അക്കാലത്തെ കേരളത്തിലെ രാജാവിനു 'കേലബോത്രൻ' എന്നും 'പെരിപ്ലസിൽ' 'കേപ്രബോത്രാ' എന്നും പറഞ്ഞിട്ടുള്ള പേരുകളും ആര്യന്മാരുടെ കേതലപുത്രന്റെ ഒരു വികൃതവേഷമാണെന്നേ വിചാരിക്കേണ്ടതുള്ളൂ.

രക്ഷാപുരുഷന്മാരുടെ ഭരണം അവസാനിച്ചതും പെരുമാൾ വാഴ്ച തുടങ്ങിയതും ആയ കാലം ഇന്നതാണെന്നു തീർച്ചപ്പെടുത്തുവാൻ കിട്ടിയ തെളിവുകളുടെ സ്വഭാവവും വിവരവും മററും ഇനിയൊരിക്കൽ പറയാം. എന്നാൽ ഒരു കാര്യം ഇപ്പോൾത്തന്നെ പറയേണമെന്നു വിചാരിക്കുന്നു. മലയാളത്തിന്റെ പൂർവ്വചരിത്രത്തെപ്പററിയേടത്തോളം ചിലപ്പതികാരം, മണിമേഖല, പതിററുപ്പത്ത്, പത്തുപ്പാട്ട്, അകനാനൂർ, പുറനാനൂർ മുതലായ പല തമിഴ്ഗ്രന്ഥങ്ങൾക്കും മററു തമിഴ്ഗ്രന്ഥങ്ങളേക്കാൾപ്പോലും പ്രാമാണ്യം അധികമുണ്ടെന്നു വിശ്വസിക്കേണ്ടതാണ്. ഇവയിൽ മിക്കതും നിർമ്മിച്ചിട്ടുള്ളതുതന്നെ, അതാതു കാലങ്ങളിൽ ജീവിച്ചിരുന്ന ചില മലയാളികളും മലയാളത്തിൽ വന്നു താമസിച്ചിരുന്ന അയൽനാട്ടുകാരുമാണ്. ചിലപ്പതികാരം നിർമ്മിച്ചിട്ടുള്ളതു പെരുമാക്കന്മാരിൽ തന്നെ ഒരാളായ 'ചെങ്ങുട്ടവ'ന്റെ അനുജൻ ഇളംകോ അടികളാണ്. അദ്ദേഹം രാജഭോഗമെല്ലാം ഉപേക്ഷിച്ച

സന്ന്യസിച്ചു തൃക്കണാമതിലകത്തു താമസിച്ചിരുന്ന കാലത്താണ് അതു നിൎമ്മിച്ചിട്ടുള്ളതെന്നുംകൂടി ആ ഗ്രന്ഥത്തിൽ തന്നെ—

'കന്നാവായിൽക്കോട്ടത്തരചരൊന്നിരുന്നു
കടൽക്കരക്കൂരലിളക്കുവടികൾ'

എന്നു തുടങ്ങിയ ഭാഗംകൊണ്ടു സ്പഷ്ടമായി പറഞ്ഞിട്ടുമുണ്ട്. അതിന്നും പുറമെ മലയാളഭാഷയ്ക്കു പ്രത്യേകമായിട്ടുള്ള പല വാക്കുകളും ശബ്ദങ്ങളുടെ രൂപഭേദങ്ങളും ഈ വക തമിഴ്ഗ്രന്ഥങ്ങളിൽ ധാരാളം കാണുന്നതും അതിനെപ്പററി മറുനാട്ടുകാരായ വ്യാഖ്യാതാക്കന്മാർ ഗ്രന്ഥകാരൻ മലയാളിയായതുകൊണ്ടാണു് മലനാട്ടുഭാഷ വന്നുപോയിട്ടുള്ളതെന്നും മററും പ്രസ്താവിച്ചിട്ടുള്ളതുമാണ്.

എ. കെ. പി.

# സംസ്കൃതനാടകം

പ്രായേണ ചക്ഷുഃശ്രോത്രേന്ദ്രിയങ്ങൾ വഴിയായി നമ്മുടെ മനസ്സിലേക്കു പ്രവേശിച്ചു നമ്മെ രസിപ്പിക്കുന്നവയായ കാവ്യങ്ങളെ സംസ്കൃതാലങ്കാരികന്മാർ 'ദൃശ്യ'മെന്നും, 'ശ്രാവ്യ'മെന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. അതിൽ നാട്യകല ദൃശ്യകാവ്യങ്ങളുടെ കൂട്ടത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

ഒരു നാട്യകാവ്യമെഴുതുമ്പോൾ ഒന്നാമതു രംഗത്തിൽ അഭിനയംകൊണ്ടു പ്രസ്പഷ്ടീകരിക്കേണ്ടതായ കഥയിലെ വസ്തുരചനയും, രണ്ടാമതു നായകന്റെ സ്വഭാവവും, മൂന്നാമതു സ്ഥായിയായ രസവും കാവ്യകൎത്താവിന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

കഥാവസ്തു പ്രഖ്യാതങ്ങളായ പുരാണേതിഹാസചരിത്രങ്ങളിൽ നിന്നുമെടുക്കുന്നതത്രെ ഉത്തമം. രംഗപ്രകടനത്തിൽ ഫലാധിക്യത്തിന്നുവേണ്ടി അങ്ങുമിങ്ങും ചില ഭേദഗതികൾ വരുത്തുവാനുള്ള സ്വാതന്ത്ര്യം കവിക്കുണ്ട്. വേണമെങ്കിൽ കഥാവസ്തു ആകപ്പാടെ തന്നെ കവിയുടെ കല്പനാശക്തിയുടെ സന്താനമാകയും ചെയ്യാം.

പ്രധാനമായ കഥാവസ്തുവിന്റെ പരിണാമത്തിന്നു ഹേതുഭൂതങ്ങളാകുന്ന സംഗതികൾ അന്യോന്യം ഘടിപ്പിക്കുന്നതിൽ ചില സംബന്ധങ്ങൾ തെളിവായിക്കാണുന്നു. ഇതുകൾക്കു 'സന്ധി'കളെന്നാണു പേർ. ഇങ്ങിനെ ഒരു നാടകത്തിൽ അഞ്ചു 'സന്ധി'കളുണ്ടായിരിക്കും. ഇവ മുഖം, പ്രതിമുഖം, ഗൎഭം, വിമൎശം, നിൎവ്വഹണം അഥവാ 'ഉപസംഹാരം' എന്നിവയാണ്. ഏതെങ്കിലും ഒരു കാൎയ്യം സാധിക്കുന്നതിന്നുവേണ്ടി പ്രവൎത്തിക്കും വിഷയത്തിങ്കൽ ഒന്നാമതായി പ്രവൃത്തിക്കുള്ള ആഗ്രഹം നമ്മുടെ മനസ്സിൽ അങ്കുരിക്കുന്നു. രണ്ടാമത്, അതിന്നായി നാം ഉദ്യമിക്കുന്നു. മൂന്നാമതു, പ്രതിബന്ധനിവാരണത്തിന്നും

കാൎയ്യസിദ്ധിക്കുമുള്ള മാൎഗ്ഗങ്ങൾ നാം ആശയോടുകൂടെ ആലോചിക്കുന്നു. നാലാമതു, തടസ്സങ്ങളെല്ലാമൊഴിഞ്ഞു കാൎയ്യം സാധിക്കുമെന്നുള്ള ദൃഢവിശ്വാസം നമുക്കുണ്ടാകുന്നു. അഞ്ചാമതു, കാൎയ്യസിദ്ധിയും ഭവിക്കുന്നു. ഇങ്ങിനെയുള്ള പഞ്ചദശാവിശേഷങ്ങളാണ് പഞ്ചസന്ധികളുടെ അടിസ്ഥാനം.

രംഗത്തിൽ പ്രകടീകരിക്കാവുന്ന സംഗതികളെക്കുറിച്ചും സാമാന്യേന ചില നിയമങ്ങളെല്ലാമുണ്ടു്. അത്യാകുലവികാരങ്ങളാൽ രംഗവാസികളുടെ മനസ്സിനെ സംക്ഷോഭിപ്പിക്കുന്നവയായ വധാദിക്രിയകൾ രംഗപ്രകാശത്തിന്ന് ഉചിതങ്ങളല്ലെന്നാണ് നമ്മുടെ ആലങ്കാരികന്മാരുടെ മതം. അതുപോലെതന്നെ 'പച്ച ശൃംഗാര'വും രംഗത്തിൽ വൎജ്ജിക്കേണ്ടതാണ്. വേറെ ചില സംഗതികൾ രംഗാഭിനയത്തിന്നു സ്വഭാവേന യോഗ്യതയില്ലാത്തവയായിട്ടുണ്ടു്. രംഗത്തിൽ ഇതുകൾക്കു വൈകാരികമായി യാതൊരു ഫലവുമില്ലാതിരിക്കും. പക്ഷെ കഥാഘടനക്കു് ഇവ അത്യന്താപേക്ഷിതങ്ങളുമായിരിക്കും. ഇങ്ങിനെയുള്ള സംഗതികളെ സദസ്യൎക്കു വെളിവാക്കിക്കൊടുക്കുന്നതിന്നു താഴെ പറയുന്ന, അഞ്ചു മാൎഗ്ഗങ്ങളാണ് ഉള്ളതു്: —

(1) വിഷ്കംഭകം ഇതു് ഒന്നാമങ്കത്തിന്റെ ആരംഭത്തിലോ, ഏതെങ്കിലും രണ്ടു അങ്കങ്ങളുടെ ഇടയ്ക്കോ ആകാം. ഇതിൽ ഒന്നോ അധികമോ മധ്യമപാത്രങ്ങൾ രംഗം പ്രവേശിച്ചു്, ഒരു മൂന്നാമന്റെ നിലയിൽ കഴിഞ്ഞുപോയതും വരുവാനുള്ളതുമായ കഥാഭാഗങ്ങളെ കൂട്ടി ഘടിപ്പിക്കുന്നു.

(2) ചൂളിക. ഇതിൽ ഭൂതഭാവികളെ കൂട്ടി ഘടിപ്പിക്കുവാൻ വേണ്ടി അണിയറയിൽ, നിന്നുകൊണ്ടു ഒരു നടൻ ചില സൂചനാവാക്യങ്ങൾ ഉച്ചരിക്കുന്നു.

(3) അങ്കാസ്യം. ഇതിൽ ഒരു അങ്കം അവസാനിക്കുന്നതോടുകൂടി ഒടുക്കമായി വരുന്ന ഒരു കഥാപാത്രം പ്രസംഗവശാൽ തന്നെത്തുടൎന്നു അടുത്ത അങ്കത്തിൽ പ്രവേശിക്കുവാൻ പോകുന്ന കഥാപാത്രത്തെക്കുറിച്ചു പറഞ്ഞറിയിക്കുന്നു.

(4) പ്രവേശകം. ഏകദേശം വിഷ്കംഭംപോലെ തന്നെയാണ്. എന്നാൽ ഒരിക്കലും ഇതു് ഒന്നാമങ്കത്തിന്റെ ആരംഭത്തിലാകുവാൻ പാടില്ല. പ്രവേശകത്തിലെ കഥാപാത്രങ്ങൾ താരതമ്യേന കേവലം അപ്രധാനങ്ങൾ ('നീചങ്ങൾ') ആയിരിക്കയും വേണം. ഈ രണ്ടു സംഗതികളിലാണ് പ്രവേശകത്തിന്നും വിഷ്കംഭത്തിന്നും തമ്മിലുള്ള വ്യത്യാസമിരിക്കുന്നതു.

(5) അങ്കാവതരണം. ഒരു അങ്കത്തിന്റെ അവസാനത്തിൽ നടക്കുന്ന സംഭവങ്ങൾ അടുത്ത അങ്കാരംഭത്തിൽ നടക്കുവാൻ പോകുന്ന സംഭവങ്ങളെ അവശ്യം മുൻകൂട്ടി അറിയിക്കുകയെന്നതാണ് അങ്കാവതരണത്തിന്റെ ലക്ഷണം.

നാടകങ്ങളുടെ തുടക്കമെല്ലാം ദേവതാപ്രാൎത്ഥനയായ 'നാന്ദി'യായിരിക്കും. ഭാവംകൊണ്ടോ ധ്വനികൊണ്ടോ കഥാവസ്തുവിനെ നാന്ദീശ്ലോകത്തിൽ കവി സൂചിപ്പിക്കുന്നു. 'നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.' ഇയ്യാളാണ് നാടകത്തിന്റെയും സൂത്രധാരൻ. തന്റെ പ്രിയയായ നടിയോടോ സേവകനായ പാരിപാൎശ്വകനോടോ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനിടി

ട്ട് ഒന്നാമതായി രംഗത്തിൽ പ്രവേശിക്കേണ്ട കഥാപാത്രത്തെ അവതരിപ്പിച്ചുംകൊണ്ടു സൂത്രധാരൻ അണിയറയിലേയ്ക്കു തിരിച്ചുപോകയും ചെയ്യുന്നു.

കഥാവസ്തുവിനെപ്പററി ഇത്രയും പറഞ്ഞതുംകൊണ്ടു, ഇനി കഥാനായകന്മാരെപ്പററി നിരൂപിക്കാം. നമ്മുടെ ആലങ്കാരികന്മാർ ബഹുഗുണങ്ങളായ നാലുതരങ്ങളായിട്ടു നാടകത്തിലെ നായകന്മാരെ വിഭാഗിച്ചിരിക്കുന്നു: —

(I) ധീരോദാത്തൻ. ധൈര്യവാനും, ഉൽകൃഷ്ടസ്വഭാവിയും, ഉദാരബുദ്ധിയും, അനുകമ്പാശാലിയും, കേവലം ആത്മപ്രശംസാരഹിതനുമായിരിക്കണം.

(II) ധീരോദ്ധതൻ. അഹംഭാവിയും, പ്രവൃത്തിയിൽ ക്രൂരനും, കോപിഷ്ഠനും, ചതിപ്രയോഗത്തിനു മടിയില്ലാത്തവനും, ആത്മപ്രശംസാശീലനും, ചൈവാം — വിരോധം ഇത്യാദികളുള്ളവനുമായിരിക്കും.

(III) ധീരലളിതൻ. കലാകുശലനും, സുഖിയനും, നിരാകുലനുമത്രെ.

(IV) ധീരശാന്തൻ. ഗംഭീരസ്വഭാവിയും, മനഃക്ഷോഭങ്ങൾക്കു അടിമപ്പെടാത്തവനും, സദാ ഉന്മേഷശീലനുമാകുന്നു.

രംഗവാസികളുടെ വികാരങ്ങളെ ബാധിക്കുന്ന ക്രമമനുസരിച്ചു നവരസങ്ങളെ നാലുഗണങ്ങളായി തിരിക്കാവുന്നതാണ്. 1. അതിസുകുമാരത്തിൽ ശൃംഗാരവും, കരുണവും;

2. അനതിസുകുമാരത്തിൽ അത്ഭുതവും, ഹാസ്യവും, ശാന്തവും;
3. അത്യുദ്ധതത്തിൽ രൗദ്രവും, ബീഭത്സവും;
4. അനത്യുദ്ധതത്തിൽ വീരവും, ഭയാനകവും ഉൾപ്പെട്ടിരിക്കുന്നു.

ഈ നാലുതരം രസങ്ങളെയും പ്രകാശിപ്പിക്കുന്നതിനു നാലുതരം വാക്സരണികളുമുണ്ട്. ഇതുകൾ ക്രമത്തിൽ കൈശികീ, ഭാരതീ, ആരഭടീ, സാത്വതീ എന്നിവയാകുന്നു. ഏതെങ്കിലും ഒരു രസത്തെ സ്ഫുരിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന ഭാഷയും ആ രസത്തിനു യോജിച്ചിരിക്കേണമെന്നു പറയേണ്ടതില്ലല്ലോ.

ഇപ്രകാരം കഥാവസ്തു, നായകസ്വഭാവം, സ്ഥായിരസം എന്നിതുകളെ വളരെ വിസ്തൃതങ്ങളായ വിഭാഗങ്ങളായി തിരിച്ചതിനുശേഷം ഈ വിഭജനക്രമമനുസരിച്ചു നാടകങ്ങളെയും തരംതിരിക്കുന്നതിനായി നമ്മുടെ പണ്ഡിതന്മാർ ഉത്സാഹിച്ചു. കഥാവസ്തുവിനെ മാത്രം സംബന്ധിച്ചിടത്തോളം, 1. പ്രഖ്യാതങ്ങളായ പുരാണേതിഹാസചരിത്രാദികളിൽ നിന്നെടുത്തതോ, 2. കവിയുടെ കല്പനാശക്തി കൊണ്ടു രചിതമായി സൃഷ്ടിക്കപ്പെട്ടതോ, 3. മേൽപറഞ്ഞ രണ്ടുവിധത്തിലുമുള്ളവ കൂട്ടി ഇണക്കിയതോ, 4. ഒന്നുകിൽ കടംവാങ്ങിയത് അല്ലെങ്കിൽ സ്വയം സൃഷ്ടിച്ചത് എന്നിങ്ങനെയുള്ളതോ ആയ കഥാവസ്തുവ്യത്യാസം അനുസരിച്ചു ദൃശ്യകാവ്യങ്ങൾ നാലുതരത്തിലുണ്ട്. ഇതുകൂടാതെ പഞ്ചസന്ധികളുടെ ഭേദഗതികളെപ്പോലും ആസ്പദമാക്കി നാട്യകാവ്യങ്ങളെ തരംതിരിച്ചിട്ടുണ്ട്. ചില കഥകളുടെ പരിണാമത്തിൽ ഈ അഞ്ചു പടികളും കണ്ടുവരാം. എന്നാൽ മററു ചിലതുകളിൽ പ്രതിബന്ധസമാഗമമെന്ന ദശയില്ലാതെയും വന്നേക്കാം. വേറെ ചിലത സാധ്യമാർഗ്ഗങ്ങൾ യാതൊരു പ്രയാസം കൂടാതെ അഭിഗമ്യങ്ങളാകയാൽ മാർഗ്ഗനിരൂപണം എന്ന 'നില' കൂടായും കഴിയും. മററുചിലതിൽ ആദ്

ജിക്കുന്ന ഉടൻതന്നെ കാൎയ്യസിദ്ധിയും കയ്യിൽ കിടച്ചുവെന്നു വന്നേക്കാം. ഇങ്ങിനെ അഞ്ചോ, നാലൊ, മൂന്നൊ, രണ്ടോ സന്ധികളുള്ള കഥാരചനക്രമം പോലെ നാലുതരം നാട്യകാവ്യങ്ങളുമുള്ളതായി അവർ കല്പിച്ചു. ഇതുകളോടുകൂടെ നായകസ്വഭാവവിഭജനവും, രസവിഭജനവും കൂട്ടിച്ചേൎത്തു സംസ്കൃതാലങ്കാരികന്മാർ പത്തുതരം നാടകങ്ങളെയും തരംതിരിച്ചു വിവരിച്ചു.

ഇവയിൽ ഏററവും മുഖ്യമായവ നാടകങ്ങളും പ്രകരണങ്ങളുമാണ്. രണ്ടിലും പഞ്ചസന്ധികൾ അത്യാവശ്യം. നാടകത്തിന്റെ കഥാവസ്തു പ്രഖ്യാതമൂലങ്ങളിൽനിന്നും, പ്രകരണത്തിന്റേതു കവിയുടെ ഭാവനാശക്തിയിൽനിന്നുമുൽഭൂതങ്ങളുമാണ്. നാടകത്തിലെ നായകൻ ധീരോദാത്തൻ; പ്രകരണത്തിലേതു ധീരശാന്തൻ. നാടകത്തിൽ സ്ഥായിരസം ശൃംഗാരമൊ വീരമൊ ആകാം; പ്രകരണത്തിലേതു ശൃംഗാരം മാത്രമെ ആകാവു. വാക്സരണി അല്ലെങ്കിൽ 'വൃത്തി' രണ്ടിലും രസമനുസരിച്ചുതന്നെയിരിക്കും. അങ്കങ്ങൾ ഓരോന്നിലും അഞ്ചുമുതൽ പത്തുവരെയാകാം.

രണ്ടാമത്തേതു നാലങ്കങ്ങളുള്ള നാട്യകാവ്യങ്ങളാണ്. ഈ തരത്തിൽ ഡിമം എന്നും ഈഹാമൃഗം എന്നും രണ്ടുവൎഗ്ഗങ്ങളുണ്ട്. ഡിമത്തിലെ കഥാവസ്തു കടംവാങ്ങിയതായിരിക്കും. ഈഹാമൃഗത്തിലേതു ഏകദേശം കടംവാങ്ങിയതും കല്പിതവും കൂടിച്ചേൎന്നതായിരിക്കും. ഡിമത്തിൽ സന്ധികൾ നാല്. എന്നാൽ ഈഹാമൃഗത്തിൽ മൂന്നുമാത്രം. രസമാകട്ടെ, ഡിമത്തിൽ രൗദ്രം മാത്രമേ പാടുള്ളു. ശൃംഗാരവും, ഹാസ്യവും, ശാന്തവും തീരെ വയ്യാ. പക്ഷെ ഈഹാമൃഗത്തിലെ രസം ശൃംഗാരാഭാസമാണ്. എന്തെന്നാൽ ഇതിലെ നായകന്മാരിൽ ഒരാൾ ദിവ്യനും മറെറയാൾ മാനുഷനും, തങ്ങളിൽ തീരെ പ്രണയമില്ലാത്ത ദിവ്യയായ നായികയ്ക്കുവേണ്ടി ഇരുവരും തമ്മിൽ കലഹിക്കുന്ന ധീരോദ്ധതന്മാരുമാകുന്നു. ഡിമത്തിലെ നായകന്മാരെല്ലാവരും അമാനുഷന്മാർതന്നെ. ദേവന്മാരും, യക്ഷന്മാരും, ഗന്ധൎവ്വന്മാരും നാഗപുരുഷന്മാരും, മററുമായി ഇവർ അനേകം പേർ ഉണ്ടായിരിക്കും. അപ്രാപ്യയായ നായികയെ മോഹിച്ചു മൃഗത്തെപ്പോലെ പാഞ്ഞുഴലുന്ന (ഈഹതേമൃഗവൽ) നായകന്മാരുടെ സ്വഭാവത്തിൽനിന്നുമാണ് അത്തരം നാടകങ്ങൾക്കു ഈഹാമൃഗങ്ങളെന്ന പേർ സിദ്ധിച്ചത്.

മൂന്നങ്കങ്ങളുള്ള നാട്യകാവ്യങ്ങളിൽ സമവകാരം എന്ന ഒരുതരം മാത്രമേ ഉൾപ്പെടുന്നുള്ളു. ഇതിൽ കഥാവസ്തു കല്പിതമൊ കടംവാങ്ങിയതൊ ആകാം. സന്ധികൾ നാലാമത്തേതൊഴിച്ചു മറെറല്ലാമുണ്ടായിരിക്കും. രസം വീരവും, നായകന്മാർ അനേകവും എല്ലാം ധീരോദ്ധതന്മാരുമാണ്. ഒന്നാമങ്കത്തിലെ സംഭവങ്ങൾ ഏകദേശം ഒമ്പതുമണിക്കൂർകൊണ്ടും, രണ്ടുംമൂന്നുമങ്കങ്ങളിലെ സംഭവങ്ങൾ ക്രമേണ മൂന്നും ഒന്നരയും മണിക്കൂറുകൾകൊണ്ടും കലാശിക്കുന്നവയായിരിക്കണം.

ആകപ്പാടെ ഒരു അങ്കം മാത്രമുള്ള നാട്യകാവ്യങ്ങളെയാണ് ഇനി നിരൂപിക്കേണ്ടത്. ഈ വൎഗ്ഗത്തിൽ അഞ്ചുതരങ്ങളുണ്ട്. പ്രഖ്യാതമൂലങ്ങളിൽനിന്നെടുത്തിട്ടുള്ള കഥാവസ്തുക്കളോടുകൂടിയവ ഈ

കൂട്ടത്തിൽ വ്യായോഗങ്ങളും, അങ്കങ്ങളുമത്രെ. വ്യായോഗത്തിൽ പഞ്ചസന്ധികളുണ്ടെങ്കിലും അങ്കത്തിൽ രണ്ടേയുള്ളൂ. വ്യായോഗത്തിലെ രസം വീരവും, നായകൻ ധീരോദ്ധതനുമാകുന്നു. എന്നാൽ അങ്കത്തിലെ രസം കരുണവും നായകന്മാർ പഠിപ്പില്ലാത്ത അനേകം ആളുകളും ആകുന്നു. വ്യായോഗത്തിലെ സംഭവങ്ങളെല്ലാം നടക്കുന്നതൊരേദിവസത്തിൽ തന്നെയാണ്. നായകൻ ഏർപ്പെടുന്നതായ പോരാട്ടം ഒരിക്കലും ഒരു സ്ത്രീക്കുവേണ്ടിയാകരുത്. ഇതെല്ലാമാണു വ്യായോഗത്തിനും അങ്കത്തിനും തമ്മിലുള്ള വ്യത്യാസം. ഏകാങ്കങ്ങളായ നാട്യകാവ്യങ്ങളിൽ കല്പിതകഥാവസ്തുക്കളോടുകൂടിയതുകൾ ഭാണവും, പ്രഹസനവും, വീഥിയുമാകുന്നു. ഇവയിൽ രണ്ടു സന്ധികൾ മാത്രമെ ഉള്ളൂ. ഭാണത്തിൽ കുറഞ്ഞൊരു ശൃംഗാരവും വീരവുമാണു ധ്വനിക്കേണ്ടത്. പ്രഹസനമാകട്ടെ ഹാസ്യരസമയംതന്നെ. വീഥിയിൽ പ്രധാനരസം ശൃംഗാരം. ഇങ്ങിനെയാകയാൽ ആദ്യത്തെ രണ്ടിലും വൃത്തി ഭാരതിയും, മൂന്നാമത്തേതിൽ കൈശികിയുമാകുന്നു. ഭാണത്തിലെ നായകൻ ധീരോദ്ധതനുമത്രെ. പ്രഹസനത്തിൽ അനേകം നായകന്മാരുള്ളവർ പല മതക്കാരും സ്ഥിതിക്കാരുമായിരിക്കും.

കഥാവസ്തു, നായകൻ, സ്ഥായിരസം എന്നിതുകളെ സൂക്ഷ്മമായിപ്പരിശോധിച്ചറിഞ്ഞിട്ടുള്ളതിന്റെ ഫലമാണു മേൽപറഞ്ഞവിധത്തിലുള്ള വിഭജനങ്ങളെല്ലാമെന്നിരിക്കിലും ഇക്കാര്യത്തിൽ നമ്മുടെ ആലങ്കാരികന്മാരുടെ ക്ലിഷ്ടമായ പ്രയത്നത്തെ വളരെ കേമമായി അഭിനന്ദിക്കുവാൻ നമുക്കു തോന്നുന്നില്ല. ചില സംഗതികളിൽ എന്തിനായിട്ടാണു അങ്കങ്ങളുടെ സംഖ്യ ഇത്രവളരെ നിർബ്ബന്ധമായിക്കുറച്ചിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ തന്നെ പ്രയാസം. ഈ പ്രയാസം നാടകകർത്താക്കളിൽ തന്നെ അനേകംപേൎക്കും തോന്നിയിരിക്കാം. നാട്യശാസ്ത്രനിയമങ്ങളെ കൎശനമായി അവർ അനുസരിക്കാതിരുന്നതിനുള്ള കാരണവും അതുതന്നെയായിരിക്കാം. ഉദാഹരണമായി ഭാസനാടകങ്ങളിൽ ചിലതു മേൽപ്പറഞ്ഞ പത്തുതരത്തിലൊന്നിലുമുൾപ്പെടുന്നില്ല. ഏകാങ്കങ്ങളായ ഭാസനാടകങ്ങളിൽ മധ്യമവ്യായോഗം മാത്രമെ നാട്യശാസ്ത്രനിയമങ്ങളെ കുറെഞ്ഞൊന്നനുസരിക്കുന്നുള്ളൂ. ദൂതവാക്യം, ദൂതഘടോൽകചം, കർണ്ണഭാരം, ഊരുഭംഗം എന്നിതുകൾ ഏകാങ്കനാടകങ്ങളിൽപ്പെടുന്നു. ഉ, പത്തുതരത്തിൽ ഒന്നിലും ചേരുവാനൊക്കുന്നവയല്ല. കുറെ ക്ലേശിച്ചാൽ വേണമെങ്കിൽ ഭാസന്റെ പഞ്ചരാത്രം സമവകാരത്തിൽ കൂട്ടിക്കണക്കാക്കാം. ഇതിനുള്ള കാരണം പക്ഷെ അപ്രധാനങ്ങളായ ചില വിഭജനങ്ങളെല്ലാം അനന്തരകാലങ്ങളിൽ ചെയ്യപ്പെട്ടിട്ടുള്ളവയായിരിക്കാമെന്ന വാസ്തവമാണ്. അനന്തരകാലികന്മാരായ നാടകകർത്താക്കൾ പത്തുതരം നാട്യകാവ്യങ്ങളെപ്പററിയും ഒരുപോലെ വിചാരിച്ചിരുന്നില്ലെന്നു തോന്നുന്നു. ഏതായാലും നാടകം, പ്രകരണം, ഭാണം എന്നീ മൂന്നും മാത്രമേ പ്രത്യേകം ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചുള്ളൂ. ഉക്കൂട്ടത്തിൽ തന്നെ ആദ്യത്തെ രണ്ടുമാണു മഹാകവികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചത്. എന്നാൽ മററു ശാഖകളിലും പല കവികളും കൈവെച്ചിട്ടില്ലെന്നില്ല. അത്തരത്തിലും ചില നാട്യകാവ്യങ്ങളെല്ലാമുണ്ട്. പക്ഷെ അതുകൾ വളരെ പ്രധാനങ്ങളല്ലെന്നേയുള്ളൂ.

താഴെക്കാണിക്കുന്ന പട്ടികയിൽനിന്നും സംസ്കൃതനാടകവിഭജനക്രമം വെളിവാകുമെന്നു വിശ്വസിക്കുന്നു:—

## സംസ്കൃതനാടകവിഭജനക്രമപട്ടിക

| നമ്പ്ര | നാട്യകാവ്യവിഭാഗത്തിന്റെ പേർ | അങ്കം | സന്ധി | കഥാവസ്തു | നായകൻ | രസം | റിമാർക്സ് |
|---|---|---|---|---|---|---|---|
| I | നാടകം | 5 മുതൽ 10 വരെ | 5 | പ്രഖ്യാതമൂലത്തിൽനിന്ന് | ധീരോദാത്തൻ | ശൃംഗാരം or വീരം | |
| II | പ്രകരണം | | | കല്പിതം | ധീരശാന്തൻ | ശൃംഗാരം മാത്രം | |
| III | ഡിമം | 4 | 4 | കടം വാങ്ങിയതു | എല്ലാവരും ദിവ്യന്മാർ | രൌദ്രം | V ഒന്നാമങ്കത്തിലെ സംഭവങ്ങൾ 9 മണിക്കൂർ 2-ാമങ്കത്തിലെ 3-ം, 3-ാമങ്കത്തിലെ $1\frac{1}{2}$-ം VI സംഭവമെല്ലാം 1 ദിവസം, നായകൻ സ്ത്രീക്കുവേണ്ടി യുദ്ധം ചെയ്യരുതു |
| IV | ഈഹാമൃഗം | | 3 | കടവും കല്പിതവും കൂടിച്ചേർന്നതു | ഒരു ദിവ്യനും മറ്റൊരു മാനുഷനും | ശൃംഗാരാഭാസം | |
| V | സമവകാരം | 3 | 4 | കടമോ കല്പിതമോ ആകാം | അനേകം ധീരോദ്ധതന്മാർ | വീരം | |
| VI | വ്യായോഗം | 1 | 5 | പ്രഖ്യാതമൂലത്തിൽനിന്നു | ധീരോദ്ധതൻ | വീരം | |
| VII | അങ്കം | | 2 | | അനേകം പരിപ്പില്ലാത്തവർ | കരുണം | |
| VIII | ഭാണം | | | കല്പിതം | വിഷയലമ്പടനായ ധീരലളിതൻ | അല്പം ശൃംഗാരവും വീരവും | |
| IX | പ്രഹസനം | | 2 | | പലതരം | ഹാസ്യം | |
| X | വീഥി | | | | ധീരോദ്ധതൻ | ശൃംഗാരം | |

പി. ശങ്കരൻനമ്പ്യാർ ബി. എ. (Honours)

# കാലചർവതം

## ഏഴാമധ്യായം

### സ്വപ്നം

മോതിയ മടങ്ങിവന്നു, തന്റെ ശ്രമമെല്ലാം വ്യർത്ഥമായി എന്നു രാജകുമാരിയോടു പറഞ്ഞു.

ദുലാളിയുടെ ഹൃദയം തുടിച്ചുതുടങ്ങി. അവൾ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു- 'മോതിയേ! എന്താണു ഉണ്ടായത് എന്നു പറഞ്ഞാലും.'

മോതിയ — എല്ലാ ഏർപ്പാടുകളും ക്രമമായി ചെയ്തിരുന്നു. മുജാഫർ കോട്ടയുടെ പുറത്തു കുതിരയെ തയ്യാറാക്കി നിർത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന്ന് ഒളിച്ചോടിപ്പോകാൻ സമ്മതമുണ്ടായിരുന്നില്ല. അദ്ദേഹം ഇങ്ങിനെ പറഞ്ഞു. 'രാജകുമാരിയുടെ ഈ അനുഗ്രഹത്തിനു ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. എന്നാൽ നയനരായന്റെ പുത്രന് ഒളിച്ചോടിപ്പോകാൻ അറിഞ്ഞുകൂടാ. എന്റെ ജീവൻ പോയാലും വേണ്ടില്ല. കള്ളനെപ്പോലെ ഒളിച്ചുപാടാൻ എനിക്ക മനസ്സില്ല. ഈ വിവരം രാജകുമാരിയോടു പറഞ്ഞാലും.'

ഇതു കേട്ടപ്പോൾ ദുലാളിയുടെ കണ്ണുകൾ ജ്വലിച്ചുവശായി. 'ഇപ്പറഞ്ഞതു പുരുഷന്മാൎക്ക ചേൎന്നതാണ്. മോതിയേ! ഞാൻ തന്നെയാണ് തെറ്റുകാരി എന്ന് എനിക്ക ബോദ്ധ്യമായി.' എന്നു ദുലാളി പറഞ്ഞു. 'പ്രഭോ! അങ്ങ് ഇത്രത്തോളം യോഗ്യപുരുഷനായതുകൊണ്ടാണ് ഞാൻ അങ്ങയുടെ കാക്കൽ എന്നെ സമൎപ്പിച്ചത് എന്ന് അവൾ മനസ്സിൽ വിചാരിച്ചു.

മോതിയ— രാജകുമാരി! ഇനി എന്താണ് ഉപായം?

ദുലാളി ആകാശത്തിലേക്കു തന്റെ വിരൽ ചൂണ്ടിക്കാണിച്ചു. അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. കുറച്ചുനേരം രണ്ടുപേരും മിണ്ടാതെ ഇരുന്നു.

'ഇതു വലുതായ പ്രേമം തന്നെയാണ്' എന്നു മോതിയ വിചാരിച്ചു. ദുലാളി ഇപ്രകാരം വിചാരിച്ചു 'ഞാൻ സ്നേഹിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ പ്രാണനു നാശമുണ്ടായി. എന്നെപ്പോലെ നിർഭാഗ്യവതിയായിട്ട് മറ്റാരെങ്കിലും ഉണ്ടോ? ഈ വിവരം കേൾക്കുന്നതിന്നു മുമ്പായ് എന്റെ പ്രാണൻ പോയില്ലല്ലോ. അദ്ദേഹം കാരാഗൃഹത്തിലും ഞാൻ മാളികമുകളിലും ഇരിക്കാറായല്ലൊ! ഞാൻ നിന്ദ്യ തന്നെയാണ്'. ദുലാളി എണീട്ടുനിന്നു ഭ്രാന്തത്തിയെപ്പോലെ ഉഗ്രസ്വരത്തിൽ പറഞ്ഞു— 'മോതിയേ! നീ ഇപ്പോൾ പോയാലും! നാളെക്കാലത്ത് അദ്ദേഹത്തിനെ തടവുമുറിയിൽനിന്നു പുറത്തേക്കു കൊണ്ടുപോകുമ്പോൾ എനിക്കു വിവരം അറിവുതരണം.'

‘ഇനി എന്താണ് വരാൻ പോകുന്നത്?’ എന്നിങ്ങിനെ ആലോചിച്ചുംകൊണ്ടു മോതിയ അവിടെനിന്നു പോയി.

ദുലാളി നിലത്തു കിടന്നു കരഞ്ഞു തുടങ്ങി. കരഞ്ഞുകരഞ്ഞ് അവൾ ഉറങ്ങി. അവൾ ഒരു സ്വപ്നം കണ്ടു. വളരെ ഒഴുക്കുള്ളതും വീതിയുള്ളതുമായ ഒരു നദി. സ്ഫടികംപോലെ നിർമ്മലമായ അതിലെ വെള്ളം അനേകം ചുഴികളോടുകൂടി ഭയങ്കരമായ ഊക്കോടുകൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. ക്രുദ്ധനായ സർപ്പം ചീറിവരുന്നതുപോലെ വലിയ തിരമാലകൾ അടിച്ചുകൊണ്ടിരിക്കുന്നു. ആ തിരമാലകളുടെ അടികൊണ്ടു ദുലാളിയും കാലചാന്ദനും വെള്ളത്തിന്റെ മീതെ പൊങ്ങിക്കൊണ്ടിരുന്നു. ‘പ്രഭോ! സ്വാമിൻ! എന്നെ പിടിക്കണേ’ എന്നിങ്ങിനെ പേടിച്ചു വിറച്ചുകൊണ്ടും തൊണ്ടയിടറിക്കൊണ്ടും ദുലാളി വിളിച്ചുപറഞ്ഞു. കാലചാന്ദൻ ആ വിളി കേട്ടില്ല. ഒരു തിരയടിച്ച് ആയാളെ ദൂരത്തേക്കു കൊണ്ടുപോയി. പിന്നെ ഒരു ചുഴിയിലകപ്പെട്ടു കാലചാന്ദൻ ദുലാളിയുടെ അടുത്തുവന്നുചേർന്നു. അപ്പോൾ ദുലാളി രണ്ടു കൈകൾകൊണ്ടും അയാളെ കെട്ടിപ്പിടിച്ചു. രണ്ടുപേരും ആലിംഗനം ചെയ്തുകൊണ്ട് ഒഴുകിത്തുടങ്ങി. ‘പ്രിയേ! ദുലാളി! മരണത്തിൽ തന്നെയാണ് ആനന്ദം’ എന്നു കാലചാന്ദൻ പറഞ്ഞു. ‘പ്രഭോ! ജീവനത്തിലും ആനന്ദമുണ്ട്’ എന്നു ദുലാളി പറഞ്ഞു. ഈ സമയത്തിൽ ദിക്കെല്ലാം അന്ധകാരമയമാക്കിക്കൊണ്ടു പർവ്വതംപോലെ ഒരു തിര വന്നടിച്ചു. അതിന്റെ ഊക്കുകൊണ്ടു ദുലാളിയുടെ കെട്ടിപ്പിടുത്തത്തിൽ നിന്നു വിട്ടു കാലചാന്ദൻ എവിടെയോ ഒലിച്ചുപോയി. ദുലാളി കരഞ്ഞുംകൊണ്ടു ‘പ്രഭോ! സ്വാമിൻ!’ എന്നിങ്ങിനെ ഉറക്കെ വിളിച്ചു. ഘോരമായ ആ കൂരിരുട്ടിൽ ആരും ഉത്തരം പറഞ്ഞില്ല. തിരമാലകൾ ക്രുദ്ധസർപ്പങ്ങളെപ്പോലെ ചീറിക്കൊണ്ട് അവളെ വിഴുങ്ങാൻ വന്നു.

ആ ഘോരാന്ധകാരത്തിൽ ദുലാളി തനിയേ ഒലിച്ചുപോയിരുന്നു. ‘സ്വാമിൻ’ എന്നിങ്ങിനെ വിളിച്ചുവിളിച്ച് അവളുടെ ഒച്ച പൊന്താതെയായി. കൈകൾക്കു ശക്തിയില്ലാതായി. കണ്ണുകൾ അടഞ്ഞുതുടങ്ങി. എന്നാൽ ആ പ്രിയതമനെ എവിടെയും കണ്ടില്ല. ഈ സമയത്തിൽ ആ ഘോരാന്ധകാരത്തെ ഭേദിച്ചുകൊണ്ട് ഒരു ദിവ്യതേജസ്സ് ആകാശത്തിൽ പ്രകാശിച്ചു. നീണ്ടുവെളുത്തവനും ശിരോലങ്കാരങ്ങളോടുകൂടിയവനുമായ ഒരു പുരുഷൻ ആ ദിവ്യതേജസ്സിൽനിന്നു പുറപ്പെട്ടു തിരമാലകളുടെ മീതെ വന്നുനിന്നു. അദ്ദേഹത്തിന്റെ ആർദ്രമായ നോട്ടംകൊണ്ട് ഓളം അടിച്ചിരുന്ന തിരകൾ ശാന്തങ്ങളായി. മധുരമായ അദ്ദേഹത്തിന്റെ വിളി കേട്ടു ദുലാളിയുടെ നിർജ്ജീവപ്രാണനു വീണ്ടും ചൈതന്യം വന്നു. ദിവ്യപുരുഷൻ പറഞ്ഞു: ‘വത്സേ! ഈ വ്രതം ഈമാതിരിതന്നെയാണു കാലംകൂടുന്നത്. ദേഹവും പ്രാണനും എന്നല്ല സർവ്വസ്വവും ഉപേക്ഷിക്കാഞ്ഞാൽ ഈ വ്രതത്തിന്റെ ഫലം കിട്ടുന്നതല്ല. നിന്റെ വ്രതത്തിന്റെ ഫലം നിനക്കു കയ്യിൽ കിട്ടി. ഇതാ കാലചാന്ദൻ.’

ദിവ്യപുരുഷൻ മറയുകയും ചെയ്തു. ദുലാളി കണ്ണുമിഴിച്ചപ്പോൾ വളരെക്കാലമായി കൊതിച്ചിരുന്ന കാലചാന്ദനെ മുമ്പിൽ കണ്ടു. സംഭ്രമത്തോടും ബദ്ധപ്പാ

ടോടുംകൂടി ആലിംഗനം ചെയ്യാനായി അവൾ കൈനീട്ടിയപ്പോഴയ്ക്കു സ്വപ്നത്തിന്നു ഭംഗം വന്നു.

ഈ സമയത്തു മോതിയ വന്നു കാരാഗൃഹത്തിന്റെ സമീപത്തു ലഹള കേൾക്കുന്നുണ്ടെന്നും, കാലചാന്ദനെക്കൊണ്ടു പോകയാണെന്നു തോന്നുന്നു എന്നുമുള്ള വിവരം ദുലാളിയെ അറിയിച്ചു. ദുലാളി ഭ്രാന്തത്തിയെപ്പോലെ പുറത്തേക്കു ഓടിപ്പോയി.

---

## എട്ടാമദ്ധ്യായം

### സമ്മേളനം

നേരം പ്രഭാതമായപ്പോൾ കാരാദ്ധ്യക്ഷനായ ഫതേസേനഖാൻ ചക്രവത്തിയുടേ കല്പന നടത്താനായി വന്നു. കാവൽക്കാർ തടവുകാരനായ കാലചാന്ദനെ കാരാഗൃഹത്തിന്റെ മുററത്തു കൊണ്ടുവന്നു നിത്തി.

നഗരാദ്ധ്യക്ഷനെ കഴുവിലിടാൻ പോകുന്ന വിവരം കേട്ടു നഗരവാസികൾ ബദ്ധപ്പെട്ടു കാരാഗൃഹത്തിന്നഭിമുഖമായി വന്നുതുടങ്ങി. ക്ഷണനേരംകൊണ്ടു കാരാഗൃഹത്തിന്റെ മുററം ജനങ്ങളെക്കൊണ്ടു നിറഞ്ഞു.

കാവല്ക്കാരാൽ ചുററപ്പെട്ടു് കയ്യിൽ വിലങ്ങോടു കൂടി കാലചാന്ദൻ തലതാഴ്ത്തിക്കൊണ്ടു നിന്നിരുന്നു. ഈ സമയത്ത് മിന്നൽപ്പിണരിന്നു തുല്യയും കെട്ടഴിഞ്ഞ തലമുടിയോടു കൂടിയവളുമായ ഒരു സ്ത്രീരത്നം ഭ്രാന്തത്തിയെപ്പോലെ ഓടിയെത്തുന്നത് എല്ലാവക്കും കാണാറായി.

രാജപുത്രിയാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞവർ 'രാജപുത്രി, രാജപുത്രി' എന്ന് ഉറക്കെ ഘോഷിച്ചു. അറിയാത്തവർ ഇവളൊരു അപ്സരസ്ത്രീയാണെന്നും വിചാരിച്ചു.

ആ സ്ത്രീരത്നം ഉന്മത്തയെന്നപോലെ തടവുകാരന്റെ അടുത്തെത്തിത്തുടങ്ങി. ജനങ്ങൾ സംഭ്രമത്തോടുകൂടി വഴിമാറിനിന്നു. കാവല്ക്കാർ തടവുകാരനെ വിട്ടു ദൂരെപ്പോയി.

ഉന്മാദിതയായ അവൾ തൊണ്ടയിടറിക്കൊണ്ടു 'പ്രഭോ! സ്വാമിൻ!' എന്നിങ്ങനെ പറഞ്ഞുംകൊണ്ടു തടവുകാരനെ കെട്ടിപ്പിടിച്ചു. കാലചാന്ദന്റെ കയ്യിലെ വിലങ്ങ് അഴിച്ചുകളഞ്ഞു. അയാളുടെ ഹൃദയം തുടിച്ചുതുടങ്ങി. കണ്ണുകളിൽ വെള്ളം നിറഞ്ഞു. പ്രേമം, ലജ്ജ, മാനം, ഭയം ഈ മൂന്നിനേയും ജയിച്ചു, അറിയാതെകണ്ടു കാലചാന്ദൻ ആ തരുണിയെ പുണന്നു. കാലചാന്ദൻ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. 'പ്രിയേ! രാജപുത്രി! നീ എന്താണ് ചെയ്തത്? ഞാൻ തടവുകാരനാണ്. എന്നെ കഴുവിലിടാൻ കല്പനയായിരിക്കുന്നു. ഇപ്പോൾ തന്നെ എന്റെ പ്രാണൻ പോകും.'

പ്രേമാശ്രുക്കൾ നിറഞ്ഞ കണ്ണുകളുടെ വ്യാകുലനോട്ടങ്ങൾകൊണ്ടു തന്റെ മനസ്സിലുള്ള അസഹ്യവേദനയെ പ്രകാശി

പ്പിച്ചുകൊണ്ടു രാജകുമാരി പറഞ്ഞു: 'സ്വാമിൻ! ഈ ദാസിയുടെ പ്രാണൻ പോകുന്നതുവരെ ഈ ബാഹുബന്ധനത്തിൽനിന്ന് ആക്കും അങ്ങയെ വേർപെടുത്തിക്കൊണ്ടു പോവാൻ കഴികയില്ല. എന്റെ ജീവനെ കളഞ്ഞും ഞാൻ അങ്ങയെ രക്ഷിക്കും. മുമ്പിൽ ഈ ദാസിയുടെ പ്രാണൻ പോകട്ടെ.'

കഴുവിലിടുന്നതു കാണ്മാൻ വന്നവർ ഈ കാഴ്ച കണ്ട് അമ്പരന്നുപോയി. ആ വലിയ മുറ്റത്ത് അസംഖ്യം ജനങ്ങൾ മൌനം അവലംബിച്ച് അനങ്ങാതെ നിന്നു.

കാരാധ്യക്ഷനായ ഹേമസേനഖാൻ വട്ടത്തിലായി. വിചാരിക്കാതെകണ്ടുള്ള ഈ സംഭവംകൊണ്ട് എന്താണ് ചെയ്യേണ്ടത് എന്നു അയാൾക്കു നിശ്ചയമില്ലാതായി. കുറച്ചുനേരം ആശ്ചര്യമുഗ്ദ്ധനായി നിന്നതിന്റെ ശേഷം അയാൾ ഈ വിവരം ചക്രവർത്തിയെ തിരുമനസ്സറിയിച്ചു.

ഈ വിവരം കേട്ട് സൊലേമാന ചക്രവർത്തി വിസ്മയംകൊണ്ടും ദേഷ്യംകൊണ്ടും ലജ്ജകൊണ്ടും സ്തബ്ധനായിപ്പോയി. മകളുടെ നേരെ ഉണ്ടായ ക്രോധം പിന്നീടു ദയയിൽ പരിണമിച്ചു. ഊരിയ വാളും കയ്യിൽ പിടിച്ച് ചക്രവർത്തി കാരാഗൃഹത്തിന്റെ മുറ്റത്തു വന്നു. അദ്ദേഹത്തിന്റെ ഭയങ്കരമായ രൂപം കണ്ടു ജനങ്ങൾ നടുങ്ങിപ്പോയി.

അന്യോന്യപ്രേമത്തോടുകൂടിയ കാലചാന്ദനും ദുലാളിയും അപ്പോഴും മുമ്പിലത്തെപോലെ ആലിംഗനം ചെയ്തുനിന്നിരുന്നു. ചക്രവർത്തിയെ കണ്ടപ്പോൾ അവരുടെ ആശ്ലേഷബന്ധം ശിഥിലമായിപ്പോയി. ദുലാളി ലജ്ജകൊണ്ടു തലതാഴ്ത്തി കാലചാന്ദന്റെ വലത്തേ കയ്യു മുറുക്കിപ്പിടിച്ചുംകൊണ്ടു അയാളുടെ എടത്തുഭാഗത്തു നിന്നു. ഈ സമ്മേളനംകണ്ടു ചക്രവർത്തിയുടെ മനസ്സിൽ ദയതോന്നി അദ്ദേഹം 'കാലചാന്ദാ' എന്നു വിളിച്ചു.

കാലചാന്ദൻ നിലം തൊട്ടു സലാം ചെയ്തുകൊണ്ടു പറഞ്ഞു:—'പ്രഭോ! ഞാൻ രാജകുമാരിയെ ധർമ്മപത്നിയായി സ്വീകരിച്ചിരിക്കുന്നു.'

ചക്രവർത്തിയുടെ മുഖം പ്രസന്നമായി. 'നിങ്ങൾ സുഖമായിരുന്നാലും' എന്ന് അദ്ദേഹം അവരെ അനുഗ്രഹിച്ചു. ഉടനെ കാഹളശബ്ദംകൊണ്ടു ദിക്കെല്ലാം മുഴങ്ങി.

## ഒമ്പതാമദ്ധ്യായം

### സാമാജികസഭ

കാലചാന്ദൻ ഗൌഡചക്രവർത്തിയുടെ മകളെ വിവാഹം ചെയ്തുവെന്നും മുസൽമാനായിത്തീർന്നു എന്നുമുള്ള വർത്തമാനം രണ്ടുദിവസത്തിന്നുള്ളിൽ നാട്ടിലെല്ലാം പരന്നു. വിരജാവന്തിലും ഈ വിവരം പരന്നു. തന്റെ പുത്രൻ ജാതിയിൽനിന്നു പോയ വിവരം കാലചാന്ദന്റെ അമ്മ കേട്ടു. എങ്കിലും തന്റെ പുത്രനിൽ അവൾക്കു ദൃഢമായ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് അവളുടെ മനസ്സിന്നു ലേ

ശം കലുഷമുണ്ടായില്ല.

അയൽവാസിയായ നവകൃഷ്ണലയിറിയുടെ വകയായ ദുർഗ്ഗാക്ഷേത്രത്തിൽ ആ ഗ്രാമത്തിലെ ബ്രാഹ്മണരെല്ലാവരും കൂടി കാലചാന്ദന്റെ ജാതിഭ്രംശത്തെപ്പററി ആലോചന തുടങ്ങി. കാലചാന്ദന്റെ കുഡുംബക്കാരും ചാർച്ചക്കാരും വേഴ്ചക്കാരും ആ സഭയിൽ ഹാജരുണ്ടായിരുന്നു. കാര്യം വളരെ ഗൌരവമുള്ളതായിരുന്നതുകൊണ്ട് ഗ്രാമകൈക്കോടതി ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു.

ഹരിശതക്കാലങ്കാരൻ ന്യായപണ്ഡിതനാണ്. അദ്ദേഹം പുകലപ്പൊടിവലിച്ചു ചിരിച്ചുംകൊണ്ടു പറഞ്ഞു: 'ഇങ്ങിനെ വരുമെന്നു ഞാൻ മുമ്പിൽത്തന്നെ വിചാരിച്ചിട്ടുണ്ട്. 'പർവ്വതോവഹ്നിമാൻ ധൂമാൽ' എന്നു ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ട്. എന്താണു സിദ്ധാന്തൻ വിചാരിക്കുന്നത്?' സിദ്ധാന്തൻ സ്മാർത്തനാണ്. പ്രായം കുറെ ആയിരിക്കുന്നു. സ്മൃതി പഠിച്ചിരുന്നതെല്ലാം വിസ്മൃതിയിൽ പെട്ടുപോയിരുന്നു. ആശൌചത്തിന്റെ ചില വ്യവസ്ഥകൾ മാത്രം മറന്നിട്ടില്ല. ചുമച്ചുകൊണ്ടും തല ആട്ടിക്കൊണ്ടും അദ്ദേഹം പറഞ്ഞു: 'അങ്ങു പറഞ്ഞതു ശരിയാണ്. 'ലുപ്തപിണ്ഡോദകക്രിയാ' എന്നു ശൂലപാണി എഴുതീട്ടുണ്ടല്ലൊ. ഗ്രാമവൃദ്ധനായ ലയിറിമഹാശയൻ പറഞ്ഞു. 'കലികാലമഹിമകൊണ്ടു ഇനിയും എന്തെല്ലാം കാണേണ്ടിവരുമോ ആവോ? ധർമ്മം നശിക്കുമെന്നു തീർച്ചയാണ്. നയനരായന്റെ പുത്രനായ ആ കാലചാന്ദൻ ഇതു ചെയ്തില്ലേ? ഇനി എന്താണു നിവൃത്തി?'

നിവൃത്തിമാർഗ്ഗം നിർണ്ണയിക്കാൻ കഷ്ടംതാമസമുണ്ടായില്ല. കാലചാന്ദനുമായുള്ള കൂടികഴിച്ചിൽ ഉടനെ പോട്ടെ. അയാളോടുകൂടി ഒരാളും സംസാരിച്ചുപോകരുത്. അയാളുടെ വീട്ടിൽ ആരും പോവരുത്. എന്നിങ്ങിനെ എല്ലാവരും ഐകകണ്ഠ്യേന തീർച്ചപ്പെടുത്തി. ഗ്രാമകൈക്കോടതിയിലെ ഫുൾബെഞ്ച് തീർപ്പനുസരിച്ചു കാലചാന്ദൻ ജാതിഭ്രഷ്ടനാക്കപ്പെട്ടു.

നവീനരായൻ കാലചാന്ദന്റെ ഒരു ബന്ധുവും സമവയസ്കനുമായിരുന്നു. അവർ വലിയ ചങ്ങാതിമാരായിരുന്നു. ഗ്രാമസാമാജികന്മാരുടെ തീർപ്പുകേട്ട് അയാൾക്കു വലിയ വിഷാദമായി. അയാൾ പറഞ്ഞു: 'മഹാന്മാരേ! കാലചാന്ദനെ ജാതിയിൽ നിന്നു തള്ളാൻ തീർച്ചപ്പെടുത്തി അയാളെ ജാതിഭ്രഷ്ടനാക്കിയല്ലോ. എന്നാൽ കാലചാന്ദൻ ചക്രവർത്തിയുടെ മകളെ വേളി കഴിച്ചു എന്നും മുസൽമാനായിത്തീർന്നു എന്നും ഉള്ള സംഗതിക്കു നിങ്ങൾക്കു വല്ല ലക്ഷ്യവും ഉണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.'

'ഇതിന്ന് ഇനി ലക്ഷ്യം വേണോ?' എന്നു പറഞ്ഞ് എല്ലാവരും ഘോഷംകൂട്ടി എണീററു. സിദ്ധാന്തൻ പറഞ്ഞു— 'ഹേ നവീനാ! സഭ പിരിഞ്ഞു ദുർഗ്ഗാക്ഷേത്രത്തിന്റെ വാതിലടച്ചതു താൻ കണ്ടില്ലേ? പിന്നെ ഈ തോന്നിവാസം പറയുന്നത് എന്തിനാണ്?' തർക്കാലങ്കാരൻ പറഞ്ഞു— 'വേദാഃ പ്രമാണം സ്മൃതയഃ പ്രമാണം' ഭോ സ്നേഹിതാ! ശാസ്ത്രത്തിലെല്ലാം ഉണ്ടല്ലോ. എന്തു പ്രമാണമാണ് നിങ്ങൾക്കു വേണ്ടത്? നവീനരായൻ പറഞ്ഞു. 'ശാസ്ത്രം സ്വീകാരയോഗ്യമല്ലെന്നു ഞാൻ ഒരിക്കലും പറയില്ല. എന്നാൽ സൂക്ഷ്മം അറിയാതെ വ

ല്ലവരും വല്ലതും പറയുന്നതു കേട്ട് ഇങ്ങിനെ ചെയ്യുന്നത് ഉചിതമാണോ?' തക്കാലങ്കാരൻ ചിരിച്ചുംകൊണ്ടുപറഞ്ഞു. 'നഹ്യമൂലാജനശ്രുതിഃ' (ജനങ്ങൾ പറയുന്നത് അടിസ്ഥാനമില്ലാത്തതല്ല.) ബഹുജനങ്ങൾ പറയുന്നതു വെറുതെയാവില്ല. ശബ്ദം ബ്രഹ്മമാണെന്നു ശാസ്ത്രം ഘോഷിക്കുന്നു. താൻ ശാസ്ത്രത്തെ കീഴ്മേൽ മറിക്കാൻ നോക്കുന്നു.'

വൃദ്ധനായ ലയിററി പറഞ്ഞു. 'നമ്മുടെ ആയുസ്സിന്റെ ഭാഗവും കഴിഞ്ഞു. ഇനി കാൽഭാഗമേ ബാക്കിയുള്ളു. ധമ്മം വിട്ടുനടക്കാൻ നമ്മളാലാവുന്നതല്ല. താൻ എന്തു പ്രമാണം വേണമെന്നാണ് പറയുന്നത്? പ്രമാണം വേണമെങ്കിൽ താൻ തിരഞ്ഞുനോക്കിക്കോളു. അതിനുവേണ്ടി ഞങ്ങളുടെ തല കായിക്കാൻ ഞങ്ങൾ വിചാരിക്കുന്നില്ല.'

ശങ്കരഭട്ടാചാര്യൻ പറഞ്ഞു. 'അയാൾ കാലചാന്ദന്റെ കൂററുകാരനാണെന്നു തോന്നുന്നു. ഗൌഡദേശത്തു ഒരു മുസൽമാനസ്ത്രീയുമായി അയാൾക്കു കൂട്ടുകെട്ടുണ്ടെന്നു തോന്നുന്നു. നവീനനേയും ജാതിയിൽനിന്നു തള്ളിക്കളയാം.'

നവീനനു ദോഷമുണ്ടെന്നു കല്പിച്ച് എല്ലാവരുംകൂടി അയാളെ ജാതിഭ്രഷ്ടനാക്കി. സ്മാത്തവിചാരം ഇപ്രകാരം കലാശിപ്പിച്ച് എല്ലാവരും അവരവരുടെ ഗൃഹങ്ങളിലേക്കു മടങ്ങിപ്പോയി.

നവീനൻ ദേഷ്യത്തോടും വിരക്തിയോടും ആശ്ചര്യത്തോടുംകൂടി വീട്ടിലേക്കു മടങ്ങിപ്പോകും വഴിക്കു കാലചാന്ദന്റെ അമ്മ ഗംഗാസ്നാനം കഴിച്ചു വീട്ടിലേക്കു പോകുന്നതു കണ്ടു. അയാൾ 'വലിയമ്മേ!' എന്നു വിളിച്ചു.

നവീനന്റെ വിളി കേട്ടു കാലചാന്ദന്റെ അമ്മ തിരിഞ്ഞുനിന്നു. നവീനനോടു അവൾ പറഞ്ഞു. 'കുട്ടി! നീ വത്തമാനങ്ങളെല്ലാം കേട്ടില്ലേ? വഴിയിലും ആളുകൾ കൂടുന്ന സകല ദിക്കുകളിലും ഒരു വത്തമാനം മാത്രമെ കേൾക്കുന്നുള്ളു. കാലചാന്ദൻ ചക്രവത്തിയുടെ മകളെ വിവാഹം ചെയ്തില്ലേ? അയാൾ നല്ലവണ്ണം ആലോചിച്ചിട്ടാണ് ഈ കാര്യം ചെയ്തതെങ്കിൽ അതു വളരെ നന്നായി. ജനങ്ങൾ ഇതിനെപ്പററി ഇത്ര കലശൽ കൂട്ടുന്നത് എന്തിനാണ്? അവർ പറയുന്നതെല്ലാം കേട്ടിട്ടു എനിക്കു ഭ്രാന്തു വരുന്നു.'

നവീനൻ പറഞ്ഞു— വലിയമ്മേ! കാലചാന്ദൻ കുട്ടിയല്ല, ഭ്രാന്തനുമല്ല. അയാൾ ദുന്നടപ്പുകാരനോ, മൂർഖനോ, സാഹസിയോ അല്ല. അയാൾ ആലോചിച്ചല്ലാതെ ഒന്നും ചെയ്യുയില്ല. അതിനെക്കുറിച്ചു നിങ്ങൾ വിചാരപ്പെടേണ്ടാ.

'കുട്ടി! എനിക്ക് അതിനെ കുറിച്ചു വിചാരമില്ല. തലയിലെഴുത്തു മാററാൻ സാധിക്കുമോ? അയാളുടെ ശിരസ്സിലെഴുത്ത് ഇപ്രകാരമാണെങ്കിൽ ഞാൻ എന്തിനാണ് ദുഃഖിക്കുന്നത്? എന്നു തന്നെയല്ല; ഇതു ദുഃഖിക്കേണ്ട ഒരു സംഗതിയാണോ? കാലചാന്ദൻസ്വന്തം മനസ്സാലെ ചക്രവത്തിയുടെ മകളെ വിവാഹം ചെയ്തതാണെങ്കിൽ അത് എനിക്കു വളരെ സന്തോഷമാണ്. ചക്രവത്തിയുടെ മകളെ എന്റെ പുത്രഭാര്യയുടെ നിലയിൽ ഞാൻ അനുഗ്രഹിക്കുന്നതാണ്.'

നവീനൻ പറഞ്ഞു— 'വലിയമ്മേ! ഇന്നു

ഗ്രാമവാസികളെല്ലാവരുംകൂടി കാലചാന്ദനെ ജാതിഭ്രഷ്ടനാക്കിയിരിക്കുന്നു. എന്നേയും ജാതിയിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു.'

'നീ എന്തു കുററമാണ് ചെയ്തത്? കാലചാന്ദനല്ലെ ചക്രവത്തിയുടെ മകളെ വിവാഹം ചെയ്തത്? നീയല്ലല്ലോ.'

നവീനൻ പറഞ്ഞു—'കാലചാന്ദൻ ചക്രവത്തിയുടെ മകളെ വിവാഹം ചെയ്തതായി അറിഞ്ഞെങ്കിലും ഉറപ്പായി പറയാൻ കഴിയുമോ' എന്നു സാമാജിക ബ്രാഹ്മണപണ്ഡിതന്മാരോടു ഞാൻ ചോദിച്ചു. കേവലം ജനശ്രുതിയെ അടിസ്ഥാനപ്പെടുത്തി അയാളെ ജാതിയിൽനിന്നു തള്ളിയതു ശരിയായില്ല എന്നു ഞാൻ പറഞ്ഞു. ഇതുകൊണ്ടു ഞാൻ കാലചാന്ദന്റെ കൂററുകാരനാണെന്നും ഗൌഡദേശത്തിലെ ഒരു മുസൽമാനസ്ത്രീയുമായി എനിക്കു കൂട്ടുകെട്ടുണ്ടെന്നും അവർ തീച്ചപ്പെടുത്തി എന്നേയും ജാതിയിൽനിന്നു തള്ളി. വലിയമ്മേ! ഈ ദിക്കിലെ ശാസ്ത്രങ്ങളുടെ വ്യവസ്ഥ ഈ മാതിരിയാണ്.'

ശാസ്ത്രങ്ങളിൽ ഈ മാതിരി അന്യായം എഴുതീട്ടുണ്ടോ എന്നു കാലചാന്ദന്റെ അമ്മ ചോദിച്ചു. ശാസ്ത്രത്തിൽ അന്യായമൊന്നും എഴുതീട്ടില്ല. എന്നാൽ നമ്മുടെ ശാസ്ത്രജ്ഞന്മാരാണ് ശാസ്ത്രങ്ങളെ ഈ മാതിരി വ്യാഖ്യാനിക്കുന്നത്.

'എന്നാൽ ജനങ്ങൾ അതു സ്വീകരിക്കുന്നത് എന്തിനാണ്?'

നവീനൻ പറഞ്ഞു—വലിയമ്മേ! ജനങ്ങൾക്കുണ്ടോ ശാസ്ത്രത്തിന്റെയും ധർമ്മത്തിന്റെയും പ്രകൃതം? അവർ നാണംകെട്ട കഥകൾകൊണ്ടു തൃപ്തിപ്പെടുന്നു. കാലചാന്ദൻ വീട്ടിലെത്തിയാൽ ഈ ശാസ്ത്രജ്ഞന്മാരും സാമാജികന്മാരും തന്നെ മറിച്ച് അഭിപ്രായപ്പെടുന്നതു നമുക്കു കാണാം. കാലചാന്ദനെ വീട്ടിലേക്കു വരുത്തണം.

'നല്ലത് നാളെത്തന്നെ മോഹനസിംഹനെ ഗൌഡദേശത്തിലേയ്ക്ക് അയക്കാം' എന്നു വൃദ്ധ പറഞ്ഞു.

# ഒരു നായാട്ട്*

ഘനത്തിലപ്പന്തിടമേട്ടനോടു ചെ-
ന്നണഞ്ഞിമാന്യർതദനുജ്ഞയേററുടൻ
ഉണച്ചക്കൂട്ടംഭടരൊത്തൊരിക്കല-
ന്നണഞ്ഞുഘോരാടവികേളിയാടുവാൻ 1

സദാവനപ്രീതികലർന്നിരിക്കവോ-
രുദാരനാംപൂരുഷസിംഹമങ്ങിനെ
മുദാവനക്രീഡയിലുള്ളണച്ചസ-
ന്മദായമഗ്ര്യംകുലധർമ്മലക്ഷണം.

* രാമവർമ്മവിലാസം മഹാകാവ്യത്തിൽനിന്ന്.

വരാഹധാമംപവനാദിപൂർണ്ണമായ്
വിരാജമാനാഭപെട്ടംവനോദരം
ദുരാധികൈവിട്ടുകടന്നുകാശ്യപി-
വരാനുജാതൻഖജനാവിലാംവിധം 3

ഭയങ്കരാത്മൽക്കടദ്വിഷ്ടസത്വസ-
ഞ്ചയംകലർന്നുള്ളഗഭീരകാനനം
നയംകനക്കംസുവരാജപുംഗവൻ
സ്വയംകടക്കൺകളിരംഗമാക്കിനാൻ. 4

സ്ഫുരന്മഹാസത്വസതീക്ഷ്ണധാമമായ്
പരംഭരദ്വാജവിലാസമേന്തിയും
പരന്നുകാണന്നൊരു ചിത്രകൂടമാ-
മരണ്യമോരാമമനോഹരാവഹം 5

കരത്തുകൂട്ടംശകനിപ്രഘോഷണം
പൊരുത്തുകണ്ണാഗ്രതപൂണ്ടുനിർഭരം
വിരഘസത്വാസ്പദമാകുമാവനം
കരുക്ഷമാപാലസദസ്സുതന്നയോ? 6

വിരിഞ്ഞിട്ടന്നഞ്ജനമുഖ്യകാന്തിയും
ശരീരചർമ്മംനകലപ്രചാരവും,
സ്ഫുരിക്കയാൽപാണ്ഡവമണ്ഡപംകണ-
ക്കിരിപ്പുഭീമോല്ലുടമാകുമാസ്ഥലം 7

ലതാഢ്യവൃക്ഷത്തണലാൻപരാലർ-
പ്രതാപമേല്പാതെനിജേച്ഛപോലവേ
നിതാന്തസത്സത്വവിരോധിയാകുമു-
ലതാന്ധകാരംപുലരുന്നിതെങ്ങുമേ. 8

അനാരതംചാരുശിഖിപ്രകാശമാ-
വനാന്തരത്തിൽപ്രകടിച്ചിരിക്കിലും
അനാമയാംഗൻഹരിവിസ്ഫുരിക്കിലും
ഘനാന്ധകാരംകറവില്ലിതത്ഭുതം! 9

അലോപമായുള്ളശിലീമുഖൌഘവും
വിലോലമാംവത്സകജാലഘോഷവും
ബലോല്ക്കരപ്രൌഢിയുമൊക്കയാൽരണ-
സ്ഥലോപമംകാനനമെത്രദാരുണം! 10

നിലച്ചിടാതുള്ളകട്ടന്നൽകൊത്തുകൊ-
ണ്ടുലച്ചതേൻകൂട്ടവെടിഞ്ഞുമൊച്ചകൾ
ചിലച്ചുടൻപല്ലുകടിച്ചുഴന്നലം
മലച്ചുവീഴുന്നു ചിലേടമങ്ങിനെ 11

ഘനസ്വഭാവാലമരുന്നഘോരമാം
വനത്തിലോരോരിടമൃക്ഷസഞ്ചയം
ഇനക്ഷയേനാട്ടുപുറത്തു ചാടുവാൻ
നിനച്ചുകൂടുന്നതമസ്സുഗൂഹമോ? 12

ഹിരണ്യരേപ്പുണ്ടൊരുപന്നിതേററയാ-
ലരംപിളന്നോന്നതിലെന്തൊരത്ഭുതം?
ഹിരണ്യഗർഭാതലവുംപിളർക്കമീ-
യരണ്യമധ്യത്തിലെഴുന്നപന്നികൾ 13

കടങ്ങളിൽച്ചാടിമറിഞ്ഞലട്ടുമൽ-
ക്കടങ്ങളാംവണ്ടുകളെഗ്ഗജവ്രജം
കടാന്തുചാൽകല്ലിലടിക്കമൊച്ചയാ-
ലുടൻവെടിക്കമ്പരവംമുഴക്കയൊ? 14

തരത്തിലേററംദ്വിജരാജവിസ്ഫുര-
ത്തരംഗിണീസപ്തഗണങ്ങളെപ്പൊഴും
പരംവിളങ്ങുന്നകടത്തകാനനം
ഹരൻറെഭാസ്വന്മുടിയായിരിക്കമോ? 15

വിനായകാഹ്ലാദിഗിരീശനിൽപ്പെട്ടം
വനാന്തരത്തിൻറവിലാസമങ്ങിനെ
അനാദരൊത്സാഹിഭഗീരഥോപമൻ
ജനാധിപൻകണ്ടുശിരസ്സിളക്കിനാൻ 16

പരന്നപാറപ്പുറമേറിവെച്ചശി-
ച്ചുരന്നയജ്ഞൻപുതുമാടമഗ്രിമം
തരത്തിലുൾപ്പുക്കകിടന്നുമാടഭൃ-
വരത്വമനർഘകമാക്കിമേവിനാൻ 17

ശരിക്കിവണ്ണംവനവാസസൌഖ്യമേ-
ററിരിക്കമാക്ഷത്രിയവംശസത്തമൻ
തെരിക്കനെകൌതുകമാർന്നണഞ്ഞകൈ
ത്തരിപ്പുകൂട്ടംഭടരൊത്തിറങ്ങിനാൻ. 18

കടുത്തകുന്തംവെടിതോക്കിതൊക്കയു-
ന്നെടുത്തുധൈര്യത്തികവോടുവേട്ടയിൽ
പടുത്വമേറുംഭടരന്നുതമ്പുരാ-
നടുത്തുകൂടിക്കളികംവളഞ്ഞിനാർ 19

കടുത്തഗർവ്വിഷ്ഠനതക്കതാംശമം
കൊടുത്തിടുന്നോൻ ഖരദൂഷണസ്ഥിതി
പെടുന്നതോർത്തോ കൊടുതായകാനനം
തടത്തിലുൾക്കിച്ചിതുരാമനാമകൻ. 20

ഭടവ്രജംകാനനമൊന്നിളക്കവേ
പടന്നിളിയോടുവനാന്തജീവികൾ
മടസ്സുകംവിട്ടുപകച്ചുപാഞ്ഞതി
കടന്നുകൂട്ടംപകിരിപ്പടിക്കടൻ 21

ഘൃണാജ്ഞരാക്ഷത്രിയപുംഗവർക്കുന
ല്പ്പണച്ചുകൂട്ടുമന്നാരുപള്ളിവേട്ടയിൽ
ചുണപ്പകിട്ടോടുമതിക്രമങ്ങളെ
ക്ഷണംതുടന്നാൻവിരുതാന്തതമ്പുരാൻ 22

കരുത്തൊടുംസത്വഗുണങ്ങളെങ്ങുമേ
വരുത്തുവാനാഗ്രഹമുള്ളതമ്പുരാൻ
പെരുത്തകാന്താരമസത്വമാക്കുവാ
നൊരുങ്ങിനാനത്ഭുതമെന്തിതിൽപ്പരം! 23

പ്രകൃഷ്ടമെന്നുംകമലാഭിലാളനോ
ത്സുകതമാർകൊണ്ടുരുളുന്നുവെങ്കിലും
തകർത്തുപേർത്തുംകമലാഹതികൃതാ
നകമ്പമുത്സാഹമുദാരനേന്തിനാൻ 24

പ്രിയംകലാഭേത്ത്രകലത്തിലേറ്റുമാ
നയജ്ഞനന്നാളൊരുക്ലേശമെന്നിയേ
നപായംകലാഭേത്ത്രകുലത്തിനൊക്കയും
ക്ഷയംക്ഷണംചെയ്തുചിത്രമെത്രയും. 25

വരാഹസമ്പത്തിവളർത്തിനിത്യവും
ധരാളിവൃദ്ധിക്കുകൊതിക്കുമാമഹാൻ
ധരാളിവൃദ്ധിസ്ഥിതിചെയ്തിന്നുതാൻ
വരാഹപംക്തിത്തെമുടിച്ചു വിസ്മയം. 26

നിനസ്സുകിൽപോത്തുകളായവർക്കുമ
ത്യനർഘബോധസ്ഥിതിചേർക്കുമുത്തമൻ
വനത്തിൽനേരിട്ടുവരുന്നപോത്തുകൾ
ക്കനന്തബോധക്ഷയമേറ്റിനിർഭരം. 27

അനാരതംദീപികളെപ്പലത്തുമ
ജ്ജനാധിപൻദീപിവധംതുടങ്ങിനാൻ
അനാമയാത്മാഹരിഭക്തനെങ്കിലും
വിനാശമുണ്ടാക്കിഹരിക്കുമക്ഷണം. 28

തിളച്ചവേട്ടശ്രമമേറുമുറ്റുടൽ
തളച്ചയന്തികളൊരാത്മിയെങ്കിലും
വിളങ്ങുമുച്ചീപതിതന്ത്രനിദ്ദ്വയം
വളർത്തിപേർത്തുംകളഭൌഘനിരസം 29

വലത്തുപാദംമൃഗയൂഥമൈമുറി
ഞ്ഞൊലിഞ്ഞു ചാടുംകടുശോണിതത്തിനാൽ
അലക്തകച്ചാറഹകാനനക്ഷിതി
കലങ്കരിച്ചുയുവഭൂമിവല്ലഭൻ 30

ചാത്തരക്കോത്ത കൃഷ്ണൻകർത്താവ്.

---

ഹിന്ദുക്കളും

# സസ്യശാസ്ത്രവും

‘ബോട്ടനി’ (Botany) എന്ന് ഇംഗ്ലീഷിൽ പറയുന്ന സസ്യശാസ്ത്രം, അല്ലെങ്കിൽ ഉത്ഭിജ്ജശാസ്ത്രം ലിനിയസ്സ് (Linious), ഡിക്കണ്ഡോൾ (Decandol) മുതലായ പാശ്ചാത്യപണ്ഡിതന്മാരാൽ കണ്ടുപിടിക്കപ്പെട്ട ഒരു ശാസ്ത്രമാണെന്നാണല്ലോ പലരും കരുതിവരുന്നത്. ഈ ധാരണ തെറ്റാണെന്നും, ആ വിശിഷ്ടമായ ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കന്മാർ ഹിന്ദുക്കൾക്കുള്ള സകല ശാസ്ത്രങ്ങളുടെയും പ്രവർത്തകന്മാരായ മഹർഷിമാർ തന്നെയാണെന്നും ഒരു സംസ്കൃതപണ്ഡിതൻ ഇയ്യിട

യിൽ പ്രസ്താവിച്ചിരിക്കുന്നു. കാട്ടിൽ കിടന്നു കായ്കനികൾ ഭക്ഷിച്ച് 'ആരണ്യകന്മാർ' എന്നുള്ള പേരോടുകൂടി തീരെ സസ്യവൃത്തികളായി കാലയാപനം ചെയ്തിരുന്നവരും വിവിധശാസ്ത്രപ്രവർത്തകന്മാരുമായ മഹർഷിമാർക്ക്, തങ്ങളുടെ ഉപജീവനസാധനമായ സസ്യങ്ങളെപ്പറ്റി ശാസ്ത്രരീതിയിലുള്ള യാതൊരറിവും ഉണ്ടായിരുന്നില്ലെന്നു വിചാരിക്കുന്നതു വളരെ സാഹസവും അസംബന്ധവുമാണെന്നാണ് ആ പണ്ഡിതന്റെ അഭിപ്രായം. സസ്യശാസ്ത്രം പണ്ടുതന്നെ നടപ്പുണ്ടായിരുന്നു എന്നു സ്ഥാപിക്കുവാൻ അദ്ദേഹം കാണിച്ചിട്ടുള്ള പ്രമാണങ്ങൾ ഇങ്ങിനെയാണ്: —

ലോകത്തിലുള്ള സകല ജീവികളേയും ജീവജം, അണ്ഡജം, ഉത്ഭിജ്ജം എന്നിങ്ങിനെ പ്രാധാന്യേന മൂന്നു തരമായിട്ടാണ് തിരിച്ചിട്ടുള്ളത്. 'തേഷാം ഖല്വേഷാം ഭൂതാനാം ത്രീണ്യേവ ബീജാനി ഭവന്ത്യണ്ഡജം ജീവജമുത്ഭിജ്ജമിതി' എന്നു ഛാന്ദോഗ്യോപനിഷത്തിൽ പറഞ്ഞിരിക്കുന്നു. അവയിൽ, ഭൂമി പിളർന്നു മുളച്ചു പൊങ്ങുന്നവയാണുത്ഭിജ്ജങ്ങൾ എന്നു മഹാഭാരതത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. നോക്കുക: —

'ഭിത്വാ തു പൃഥിവീം യാനി
ജായന്തേ കാലപര്യയാത്
ഉത്ഭിജ്ജാനി ച താന്യാഹുർ-
ഭൂതാനി ദ്വിജസത്തമാഃ'

ഈ ഉത്ഭിജ്ജങ്ങൾക്കു വനസ്പതികൾ, ദ്രുമങ്ങൾ, ലതകൾ, ഗുല്മങ്ങൾ എന്നിങ്ങിനെ നാലു ഭേദങ്ങളുണ്ടെന്നു ബൃഹച്ഛാർങ്ഗ്ഗധരപദ്ധതിയിൽ കാണുന്നു: —

'വനസ്പതിദ്രുമലതാ-
ഗുല്മാഃ പാദപജാതയഃ
ബീജാത് കാണ്ഡാത്തഥാ കന്ദാ-
ത്തജ്ജന്മ ത്രിവിധം വിദുഃ
തേ വനസ്പതയഃ പ്രോക്താ
വിനാ പുഷ്പൈഃ ഫലന്തി യേ
ദ്രുമാശ്ചാന്യേ നിഗദിതാഃ
പുഷ്പൈഃ സഹ ഫലന്തി യേ
പ്രസരന്തി പ്രതാനൈര്യാ-
സ്താ ലതാഃ പരികീർത്തിതാഃ
ബഹുസ്തംബാ വിടപിനോ
യേ തു ഗുൽമാഃ പ്രകീർത്തിതാഃ.'

(ബൃ. ശാ. പ. പാദപപ്രകരണം)

വനസ്പതികൾ, ദ്രുമങ്ങൾ, ലതകൾ എന്ന നാലുതരം വൃക്ഷവർഗ്ഗങ്ങളിൽ ചിലതു ബീജ (വിത്ത്) ത്തിൽനിന്നും, മറ്റു ചിലതു കാണ്ഡ (തണ്ട്) ത്തിൽനിന്നും, വേറെ ചിലതു കന്ദ (കിഴങ്ങ്) ത്തിൽനിന്നും ഉണ്ടാവുന്നവയാണ്. പൂക്കാതെ കായ്ക്കുന്ന മരങ്ങൾ വനസ്പതികളും, പൂത്തു കായ്ക്കുന്നവ ദ്രുമങ്ങളും, പ്രതാനങ്ങളോടുകൂടിപ്പടരുന്നവ ലതകളും, വളരെ സ്തംബങ്ങളോടുകൂടിയ മരങ്ങൾ ഗുല്മങ്ങളുമാകുന്നു. വാസ്തവത്തിൽ വനസ്പതികളും പൂത്തിട്ടുതന്നെയാണ് കായ്ക്കുന്നത് എന്നുവേണം പറയുവാൻ. പക്ഷേ അത്തി, പേരാൽ മുതലായ വനസ്പതികളുടെ പൂവ് മറ്റു മരങ്ങളുടേതുപോലെ പ്രത്യക്ഷമായിക്കാണായ്കയാലായിരിക്കണം അവയെ പൂക്കാതെ കായ്ക്കുന്ന മരങ്ങളുടെ കൂട്ടത്തിൽ കൂട്ടിയത്. അത്തിക്കായ്കളുടേയും പേരാൽക്കായ്കളുടേയും മറ്റും മദ്ധ്യത്തിൽ ശിഖാകാരേണ കാണുന്നത് അവയുടെ പൂവാണ്. അതിൽനിന്നാണ് ബീജങ്ങളുടെ ഉൽപ്പത്തി.

ഉത്ഭിജ്ജങ്ങൾ ചേതനയുള്ള ജീവികൾതന്നെയാണ്. അവ അന്തസ്സംജ്ഞങ്ങളാണെന്നും, കർമ്മവശാൽ വരുന്ന സുഖദുഃഖാനുഭവം അവയ്ക്കുമുണ്ടെന്നും സാക്ഷാൽ

മനു തന്നെ പറഞ്ഞിട്ടുണ്ട്:—

'തമസാ ബഹുരൂപേണ
വേഷ്ടിതാഃ കർമ്മഹേതുനാ
അന്തസ്സംജ്ഞാ ഭവന്ത്യേതേ
സുഖദുഃഖസമന്വിതാഃ'

എന്നാണ് മനുവചനം.

മനുഷ്യർ മുതലായ ജീവികൾക്കു ദോഷധാതുക്കളുടെ വൈഷമ്യം നിമിത്തം പല രോഗങ്ങൾ പിടിപെടുന്നതുപോലെ, അതേ കാരണത്താൽ തന്നെ, വൃക്ഷങ്ങൾക്കും രോഗങ്ങളുണ്ടാവുന്നുണ്ട്. അങ്ങിനെ പിടിപെടുന്ന രോഗങ്ങളെ മനുഷ്യർക്കുണ്ടാവുന്ന രോഗങ്ങളെപ്പോലെ, ചികിത്സിച്ചു മാററുവാനുള്ള ഉപായങ്ങൾ ആയുർവ്വേദവിദ്വാന്മാരായ മഹർഷിമാർ അറിഞ്ഞിരുന്നു. വൃക്ഷരോഗനിദാനത്തെപ്പററി ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

'നരാണാമിവ വൃക്ഷാണാം
വാതപിത്തകഫാൽ ഗദാഃ
ഭവന്തീതി നിരൂപ്യാതഃ
കുര്യാത്തദ്ദോഷനാശനം
ദൃഢാ ദീർഘാ ലഘൂത്തുംഗാ
നിർഹീനാല്പഫലേ ചനഃ
നശ്യേത ദലപുഷ്പാണി
വാതപ്രകൃതികസ്യതു'

ഇങ്ങിനെ വാതപിത്തകഫപ്രകൃതികളായ മരങ്ങളുടെ ലക്ഷണവും ദോഷവും രോഗങ്ങളും ചികിത്സകളും വിവരിച്ചിരിക്കുന്നു.

വിത്തു പാവിയാൽ അതു മുളച്ചു വളന്നു പൂത്തു കായ്ക്കുന്നതുവരെയുള്ള അവസ്ഥാഭേദങ്ങളെപ്പററി ആയുർവ്വേദജ്ഞന്മാരായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

'അത്യസിക്താ ജലൈർഭൂമി-
രന്തരൂഷ്മവിപാചിതാ
വായുനാ വ്യൂഹ്യമാനാതു
ബീജതാം പ്രതിപദ്യതേ
തഥാവ്യക്താന്നിബീജാനി
സംസിക്താന്യംഭസാ പുനഃ
ഉച്ഛൂനതാം മൃദുതാഞ്ച
മൂലഭാവം പ്രയാതി ച
തന്മൂലാദങ്കുരോൽപത്തി-
രങ്കുരാൽ പർണ്ണസംഭവഃ
പർണ്ണാന്നാളം തതഃ കാണ്ഡം
കാണ്ഡാച്ച പ്രസവം പുനഃ'

ഭൂമിക്കു വെള്ളം തട്ടി കുറെ നനവും ഭൂഗർഭത്തിലുള്ള ചൂടുകൊണ്ടു പചനവും വന്നാൽ, വായുസംയോഗം നിമിത്തം അതു ബീജമായിത്തീരുന്നു. അപ്പോൾ അതു ഉത്ഭിജ്ജങ്ങളുടെ ഉപാദാനമാവുന്നു. അവ്യക്തമായ ആ ബീജത്തിൽനിന്നാണ് വ്യക്തങ്ങളായ വിത്തുകൾ മുളക്കുന്നത്. മുളയിൽനിന്ന് ഇല, ഇലയിൽനിന്നു തണ്ട്, തണ്ടിൽനിന്നു പൂവ് എന്നിങ്ങിനെ ക്രമേണ ഉണ്ടായിത്തീരുന്നു.

ഇങ്ങിനെ ഉത്ഭിജ്ജങ്ങളുടെ ലക്ഷണം, ജാതി, പേര്, ഉൽപത്തി മുതലായവയെ പ്രാചീനഗ്രന്ഥങ്ങളിൽ പറഞ്ഞു കാണുന്നതുകൊണ്ടു, ഹിന്തുക്കളുടെ ശാസ്ത്രകാരന്മാർക്ക് ഈ ശാസ്ത്രത്തിൽ മതിയായ ജ്ഞാനമുണ്ടായിരുന്നുവെന്നു മുമ്പറഞ്ഞ പണ്ഡിതൻ സ്ഥാപിക്കുകയും, ആയുർവ്വേദത്തിലെ ദ്രവ്യഗുണവർണ്ണനയിൽ നല്ല പരിചയമുള്ളവർക്കു പ്രാചീനരുടെ സസ്യശാസ്ത്രപാണ്ഡിത്യത്തെപ്പററി വളരെ ബഹുമാനം തോന്നാതിരിക്കയില്ലെന്നഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. ഒടുവിൽ, പാശ്ചാത്യരുടെ സസ്യശാസ്ത്രത്തെക്കാൾ നമ്മുടെ സസ്യശാസ്ത്രത്തിനുള്ള ഒരു വിശേഷത്തെക്കൂടി അദ്ദേഹം എടുത്തു കാട്ടിയിരിക്കുന്നു. അദ്ദേഹം ഇങ്ങിനെ പറയുന്നു:—

"പാശ്ചാത്യസസ്യശാസ്ത്രജ്ഞന്മാർ സസ്യങ്ങൾക്കു മൂലം, കാണ്ഡം, ഇല എ

ന്നിങ്ങിനെ മൂന്നംഗങ്ങളെ കല്പിച്ചിട്ടുണ്ട്. പൂവ്, കായ്, വിത്തു മുതലായവ ഇലയുടെ പരിണാമമെന്നാണ് അവർ വിചാരിക്കുന്നത്. കാണ്ഡത്തിന്റെ ഉൽപത്തി ഇലയിൽനിന്നാണെന്നല്ലാ അവരുടെ പക്ഷം. മഹർഷിമാരുടെ സിദ്ധാന്തമാകട്ടെ, ഇലയാണ് കാണ്ഡത്തിന്നു മൂലം എന്നാകുന്നു. ഒരു കാലത്തു പാശ്ചാത്യരും മഹർഷിമാരുടെ മതംതന്നെ അവലംബിച്ചേക്കാമെന്നു വിചാരിക്കുവാൻ പല യുക്തികളും ഉണ്ട്.'

ശാരദ.

---

# ഞങ്ങളുടെ വായനശാല

൧ സുശ്രുതസംഹിത- സൂത്രസ്ഥാനവും നിദാനസ്ഥാനവും:— (പരിഭാഷകൻ വടക്കേപ്പാട്ടെ നാരായണൻ നായരവർകൾ, വടവന്നൂർ— കൊല്ലങ്കോട്.)

ഇന്ത്യാരാജ്യത്തിലെ ദേശകാലപ്രകൃതികളനുസരിച്ചു പണ്ടേക്കുപണ്ടെ നടപ്പുള്ള ഒരു ചികിത്സാശാസ്ത്രമാണല്ലോ 'ആയുർവ്വേദം' എന്നു പറയുന്നത്. ഈ വേദത്തിന്റെ വിസ്തൃതങ്ങളായ ശാഖകളിൽ നിലീനമായിക്കിടക്കുന്ന തത്വങ്ങളെ അറിയാഞ്ഞിട്ടാണ് പാശ്ചാത്യപണ്ഡിതന്മാരിൽ പലരും നമ്മുടെ നാട്ടുവൈദ്യസമ്പ്രദായത്തെ അനാദരിക്കുന്നത്. നമ്മളാകട്ടെ, നമ്മുടെ ചികിത്സാശാസ്ത്രം സർവ്വോത്തമമാണെന്നുള്ള ശ്രദ്ധാജാഡ്യം നിമിത്തം പ്രാചീനവൈദ്യസമ്പ്രദായത്തിലുള്ള അതിസ്പഷ്ടങ്ങളായ ന്യൂനതകളെപ്പോലും അറിയുന്നില്ലതാനും. ആയുർവ്വേദം തീരെ നിസ്സാരമെന്നൊരു കൂട്ടർ; അതുതന്നെ സർവ്വോത്തമമെന്നു മറ്റൊരു കൂട്ടർ. ഇങ്ങിനെ, പരസ്പരവിരുദ്ധങ്ങളായ രണ്ടു കൂട്ടരുടെ വാദങ്ങളെ സമരസപ്പെടുത്തുവാനായിട്ടാണു യഥാർത്ഥദേശാഭിമാനികൾ ശ്രമിക്കുന്നത്. ആയുർവ്വേദം യഥാർത്ഥത്തിൽ ഉത്തമം തന്നെയാണെന്നും, പക്ഷേ കാലവശാൽ ആയുർവ്വേദപുരുഷന്നു ചില അംഗവൈകല്യങ്ങൾ വന്നുകൂടീട്ടുണ്ടെന്നും അതു തീർത്തു പരിഷ്കരിക്കേണമെങ്കിൽ പാശ്ചാത്യശാസ്ത്രസഹായത്തോടുകൂടി ചില ആവാപോദ്വാപങ്ങൾ ചെയ്യേണ്ടിയിരിക്കുന്നുവെന്നും ആണവരുടെ പക്ഷം. ഈ അഭിപ്രായക്കാരുടെ ഉദ്ദേശത്തെ സ്വല്പമെങ്കിലും പ്രവൃത്തിരൂപേണ പരിണമിപ്പിക്കേണമെങ്കിൽ ആയുർവ്വേദത്തിന്റെ ഇപ്പോഴുള്ള സ്ഥിതി എങ്ങിനെയാണെന്നറിയുകയാണ് ഒന്നാമതായി വേണ്ടത്. അതറിയേണമെങ്കിൽ ആയുർവ്വേദം എന്നുവെച്ചാൽ 'അഷ്ടാംഗഹൃദയം' മാത്രമാണെന്നുള്ള മൂഢവിശ്വാസം വിട്ട്, ആ ശാസ്ത്രത്തിലുള്ള പ്രധാനഗ്രന്ഥങ്ങളൊക്കെയും വൈദ്യന്മാരുടെയും വൈദ്യവിദ്യാർത്ഥികളുടെയും പരിശീലനത്തിന്നു വിഷയീഭവിക്കുന്ന ഒരു കാലം വരണം. ആ കാലത്തിന്റെ ആവിർഭാവം, അങ്ങിനെയുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങളെ പൊതുജനോപകാരപ്രദമായ വിധത്തിൽ പ്രസിദ്ധപ്പെടുത്തുക എന്ന ഭാരമേറിയ പ്രവൃത്തിയെ അപേക്ഷിച്ചാണിരിക്കുന്നത്. ഈ

സ്ഥിതിക്ക്, ആയുർവ്വേദശാസ്ത്രത്തിലെ അതിപ്രധാന ഗ്രന്ഥമായ സുശ്രുതസംഹിതയെ മലയാളത്തിൽ പരിഭാഷപ്പെടുത്തുവാൻ പുറപ്പെട്ട വൈദ്യൻ നാരായണൻ നായരവർകളെ ഞങ്ങൾ നിർവ്യാജമായി അഭിനന്ദിച്ചുകൊള്ളുന്നു.

ഞങ്ങളുടെ മുമ്പിലിരിക്കുന്ന സൂത്രസ്ഥാനം, നിദാനസ്ഥാനം എന്ന രണ്ടു ഭാഗങ്ങളും പരിശോധിച്ചുനോക്കിയതിൽ ഞങ്ങൾക്കുണ്ടായിട്ടുള്ളത് എത്രയും വലുതായ അഭിപ്രായമാണ്. ആദ്യം മൂലം, പിന്നെ തർജ്ജമ, അനന്തരം ടിപ്പണി എന്നീ ക്രമത്തിലാണ് ഈ പുസ്തകങ്ങൾ അച്ചടിച്ചിട്ടുള്ളത്. മൂലവാക്യങ്ങളെ പദത്തിനു പദമായി പരിഭാഷപ്പെടുത്തുകയല്ലാ, പിന്നെയോ കഴിയുന്നത്ര സുഗമമായ ഒരു രീതിയിൽ തർജ്ജമചെയ്കയാണ് ഇതിൽ ചെയ്തിട്ടുള്ളത്. ഈ സമ്പ്രദായം അഭിനന്ദനീയമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. വിഷയഗൌരവത്താൽ കഠിനമായി തോന്നുന്ന ഭാഗങ്ങളെ വിശദീകരിക്കുവാൻ ടിപ്പണി വളരെ ഉപയോഗപ്പെടുന്നുണ്ട്. ചില ഭാഗങ്ങളിൽ സുശ്രുതാചാര്യരുടെ മതത്തോട് ഇതരാചാര്യന്മാരുടെ മതത്തെ താരതമ്യപ്പെടുത്തിയും ഇംഗ്ലീഷ് ശാസ്ത്രത്തോടൊത്തുനോക്കി ഗുണദോഷങ്ങളെ നിരൂപണം ചെയ്തും പരിഭാഷകൻ എഴുതിച്ചേർത്തിട്ടുള്ള വിമർശനങ്ങൾ ഈ പുസ്തകത്തിനു സർവ്വഥാ ഭൂഷണമായിട്ടുണ്ട്.

സുശ്രുതാചാര്യരുടെ സംഹിതയിൽ അധികം മെച്ചമായിട്ടുള്ളതു ശാരീരസ്ഥാനമാണെന്നു കേട്ടിട്ടുണ്ട്. ആ ഭാഗവും താമസിയാതെ ഈ പരിഭാഷകൻ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്നതായി അറിയുന്നു. പൊതുജനങ്ങളുടെ സഹായം മതിയാംവണ്ണം ഉണ്ടാവുന്ന പക്ഷം സുശ്രുതസംഹിത മുഴുവനും ഉടനെ മലയാളത്തിൽ വരുവാനിടയുണ്ട്. അതുകൊണ്ട് അടുത്തകാലത്തു കേരളഭാഷയ്ക്കുണ്ടായ ഈ സമ്പാദ്യത്തെ അനുഭവിക്കേണ്ടവരായ കേരളീയർ അതിനു കാരണഭൂതനായ നാരായണൻനായരവർകളെ ഉള്ളഴിഞ്ഞു സഹായിക്കുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. സൂത്രസ്ഥാനത്തിനു $4\frac{1}{2}$ ക-യും നിദാനസ്ഥാനത്തിനു $1\frac{1}{2}$ ക-യുമാണു വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, ഈ പുസ്തകം കഴിയുന്നത്ര സുലഭമാക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ മേലിൽ സൂത്രസ്ഥാനം 3 ക-യ്ക്കും നിദാനസ്ഥാനം 1 ക-യ്ക്കും കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതായി പരിഭാഷകൻ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

2. മലയാളത്തിലെ പെരുമാക്കന്മാർ നസ്രാണിമാപ്പിളമാർക്കും യൂദന്മാർക്കും കൊടുത്ത ചെമ്പേടുകളുടെ വിവരം — (സമയെൽ കത്തനാർ, എർത്തുരുത്ത്, വില 6 പൈ.)

പ്രാചീനരേഖകൾ കണ്ടുപിടിച്ചു പരിശോധിച്ചാലല്ലാതെ യഥാർത്ഥമായ ചരിത്രം മനസ്സിലാക്കുവാൻ സാധിക്കയില്ല. ഈ സ്ഥിതിക്കു, പെരുമാക്കന്മാർ കൊടുത്തവയായ ചില ചെമ്പേടുകളെ അർത്ഥത്തോടുകൂടി വിവരിക്കുന്നതായ പ്രസ്തുത പുസ്തകം എത്രയും ആവശ്യകമാണെന്നു നിസ്സംശയം പറയാം. ചെമ്പേടുകൾക്കു പുറമെ, കൊല്ലവർഷം 982 മേടം 12-ാംനു- തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിൽനിന്നു അങ്കമാലി മുതലായ ചില പള്ളികളെസ്സംബന്ധിച്ചു പുറപ്പെടുവിച്ച ഒരു തീട്ടൂരവും ഈ ചെറുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

മം. പ.

# ജ്വാലാവതീരാമകുമാരം *

കഥാപാത്രങ്ങൾ

രാമകുമാരൻ=മന്മഥപ്രഭുവിന്റെ പുത്രൻ.
ജ്വാലാവതി=കപിലതപ്രഭുവിന്റെ പുത്രി.
കപിലതൻ=കപിലതപ്രഭു.
മന്മഥൻ=മന്മഥപ്രഭു.
പരേശൻ=യശസ്കലന്റെ ഒരു ചാൎച്ചക്കാരൻ.
യശസ്കലൻ=വാരണാപുരിരാജാവ്.
മുൽകുശൻ=രാമകുമാരന്റെ സ്നേഹിതൻ (യശസ്കലന്റെ ചാൎച്ചക്കാരൻ)
വനബലൻ=രാമകുമാരന്റെ സ്നേഹിതൻ (മന്മഥപ്രഭുവിന്റെ മരുമകൻ)
ഭീബലാഢ്യൻ=കപിലതന്റെ ഭാൎയ്യയുടെ മരുമകൻ.
ലതേശയതി=ഒരു സന്യാസി.
വത്സസാരൻ=രാമകുമാരന്റെ ഭൃത്യൻ.
ശമസേനൻ, ഗൎജ്ജരാമൻ, ഭദ്രൻ } കപിലതപ്രഭുവിന്റെ ഭൃത്യർ
അടിരാമൻ=മന്മഥപ്രഭുവിന്റെ ഭൃത്യൻ.
കപിലതന്റെ ഭാൎയ്യ.
മന്മഥപ്രഭുവിന്റെ ഭാൎയ്യ.
ജീവനായതി.

## നാന്ദി

അന്യോന്യംവൈരമോടേമരുവുമിരുകുഡുംബത്തിലുണ്ടായയുന്നൊ
രന്യൂനപ്രേമമുള്ളിൽപ്പരിചിനൊടുജനിപ്പിച്ചുജായാവരൌതൌ.
അന്യായേനൈവകൊല്ലിച്ചിരുകുലമതിനാൽസ്നിഗ്ദ്ധമാക്കിച്ചമച്ചോ-
രന്യാസാമാന്യനാകുംമനസിജഭഗവാൻമംഗളംതന്നിടട്ടേ.

ലക്ഷംവില്ലാളിമാരുണ്ടുലകിൽനിജശരംകൊണ്ടുഭിന്നീകരിപ്പാൻ
ലക്ഷ്യത്തെശ്ശിക്ഷയേറുംരതിപതിനിപുണൻദ്വന്ദ്വമേകീകരിപ്പാൻ
അക്ഷത്താലിത്രിലോകംസകലവുമകമേനിന്നുകീഴ്മേൽമറിക്കും
സാക്ഷാൽശ്രീകാമദേവൻരതിയൊടുമിടചേൎന്നനന്ദംവഃപുനാതു

## ഒന്നാംഭാഗം ഒന്നാമങ്കം

(വാരണനഗരത്തിലെ ഒരു പബ്ളിക്ക് സ്ഥലം)

ശമസേനനും, ഗൎജ്ജരാമനും വാളും പലിശയും ധരിച്ചുകൊണ്ടു പ്രവേശിക്കുന്നു:—

ശമ—ഗൎജ്ജരാമാ! എന്റെ വാക്കാണ്, സത്യം; ഈ ധിക്കാരം ഇനി സഹിച്ചിരിക്കരുത്.

ഗൎജ്ജ—അതെ അരുത്. അങ്ങിനെ ഇരുന്നാൽ നാം 'ധിക്കാരസഹന്മാരാ'യി തീരും.

ശമ—എടോ, ഞാൻ പറയുന്നതിന്റെ

* ഇതു 'രോമിയൊ & ജൂലിയററ്' (Romio & Juliet) എന്ന ഷേക്സ്പിയർ മഹാകവിയുടെ ഒരു നാടകത്തിന്റെ തൎജ്ജമയാണ്. പരേതനായ ഗ്രന്ഥകൎത്താവിന്റെ പഴയ റിക്കാട്ടുകളിൽ നിന്നാണ് ഇതു കിട്ടിയത്.

സാരം 'അരിശം' വന്നാൽ 'അരി' ഊരണമെന്നാണ്.

ഗ്ഗ്—'അരി' തീരുന്നവരെ അരിശം ഇല്ലാതിരിക്കുകയാണ് നല്ലത്.

ശമ—ശുണ്ഠി വന്നാൽ ഞാൻ നല്ലോണം പ്രഹരിക്കും.

ഗ്ഗ്—'നല്ലോണ'ത്തിനു 'ശുണ്ഠി'കൊണ്ടാവശ്യമുണ്ടാവും.

ശമ—മന്ഥഗ്ഗുവീട്ടുകാരായ ആ നായ്ക്കളെ കാണുമ്പോൾ എനിക്കു ഒരു കലി കയറുന്നു. ദേഹം ആസകലം ഇളകുന്നു.

ഗ്ഗ്—'ഇളകുക' എന്നതിന്നർത്ഥം 'ചലനം' എന്നു. അതിന്റെ സാരം 'ഓട്ടം' എന്നു. ധൈര്യം എന്നതു സുസ്ഥിരമായി നില്ക്കുക—ആകയാൽ നീ അവരെ കണ്ടാൽ ഓടിപ്പോകുമെന്നർത്ഥം.

ശമ—അവരെക്കണ്ടാൽ ധൈര്യപ്പെട്ടുസുസ്ഥിരമായി നില്ക്കുന്നാണ് എനിക്കു ഇളക്കം. ആ കൂട്ടക്കാരിൽ ഏതു പുരുഷന്റേയും സ്ത്രീയുടേയും ചുമരു ഞാൻ തട്ടും.

ഗ്ഗ്—എന്നാൽ നീ കേവലം ദുർബ്ബലൻതന്നെ. 'ചുമരു ചാരുന്നതു ബലഹീനൻ' എന്നു കേട്ടിട്ടില്ലേ?

ശമ—ശരി, അതുകൊണ്ടു സ്ത്രീകൾ അബലകളായതുകൊണ്ടു സദാ ചുമരു ചാരേണ്ടിവരുന്നു. ഇതുകൊണ്ടു മന്ഥഗ്ഗു വീട്ടിലെ പുരുഷന്മാരെയെല്ലാം ചുമരിൽനിന്നും, യുവതികളെ എല്ലാം ചുമരിലേക്കും തള്ളിവിടാം.

ഗ്ഗ്—ശണ്ഠയുള്ളതു ആ വീട്ടിലേയും നമ്മുടെ എജമാനന്റെ വീട്ടിലേയും പുരുഷന്മാർ തമ്മിലല്ലേ?

ശമ—അതെല്ലാം ഒന്നുതന്നെ. ഞാൻ അവരുടേനേരെ കേവലം കഠോരനായിത്തന്നെ പ്രവർത്തിക്കും. പുരുഷന്മാരോടു കലഹിച്ചതിനുശേഷം, യുവതിമാരോടു ക്രൗര്യം പ്രവർത്തിച്ച് അവരുടെ ശിരശ്ഛേദം ചെയ്യും.

ഗ്ഗ്—യുവതികളുടെ ശിരശ്ഛേദമോ?

ശമ—യുവതികളുടെ ശിരശ്ഛേദമോ, യുവതിശിരശ്ഛേദമോ രണ്ടാലൊന്ന്. ഈ രണ്ടിന്നും നീ എന്തെങ്കിലും അർത്ഥം വെച്ചോ.

ഗ്ഗ്—എന്തർത്ഥമാണ് എടുക്കേണ്ടതെന്നു അവർക്ക് അനുഭവിക്കുമ്പോൾ അറിയാറാകും.

ശമ—എന്നെ തൊട്ടാൽ അവർക്കു വേണ്ടിടത്തോളം മതിയാകും. എന്റെ ശരീരം ഒരു നല്ല മാംസക്കഷണമാണെന്ന് അറിയാം.

ഗ്ഗ്—താൻ ഒരു മത്സ്യമാവാഞ്ഞതു നന്നായി. അതായിരുന്നിരുന്നപക്ഷം എണ്ണക്കില്ലാത്ത മണങ്ങ്തന്നെ. ഛെയ്! മന്ഥഗ്ഗു വീട്ടുകാർ രണ്ടാൾ ഇതാ വരുന്നു. വാൾ ഊരിപിടി.

ശമ—എന്റെ വാൾ ഊരിത്തന്നെയാണുള്ളത്. നീ വല്ലവിധവും കലഹം തുടങ്ങിക്കൊ. ഞാൻ നിന്നെ പിൻതാങ്ങിക്കൊള്ളാം.

ഗ്ഗ്—പിന്നോട്ടു താങ്ങി ഓടാമെന്നൊ?

ശമ—എന്നെ പേടിക്കേണ്ട.

ഗ്ഗ്—നിന്നെക്കുറിച്ചുതന്നെയാണ് എനിക്കു പേടി.

ശമ—നമുക്കു പ്രതിഭാഗമായി നില്ക്കാം. അവർ തുടങ്ങട്ടെ.

ഗ്ഗ്—ഞാൻ അവരുടെ അടുത്തുചെന്നു ഇളിച്ചുകാട്ടാം. അവർ അതു കണ്ടു ഇഷ്ടംപോലെ ചെയ്യട്ടെ.

ശമ—അവർക്കു ഉശിരുണ്ടെങ്കിൽ ചെയ്യട്ടേ. ഞാൻ അവരുടെ മുഖത്തു തേങ്ങകാ

ട്ടാം. അതു സഹിക്കുന്നാപക്ഷം പിന്നെ എന്തിനാണവർ?

(അളിരാമനും വത്സസാരനും പ്രവേശിക്കുന്നു)

അളി—താൻ ഞങ്ങളുടെ നേരെയാണൊ ഈ ഗോഷ്ഠികാട്ടിയത്?

ശമ—ഞാൻ എന്റെ പെരുവിരൽ കടിക്കയാണ്.

അളി—അതു ഞങ്ങളുടെ നേരെയാണോ?

ശമ—(ഗജ്ജരാമനോടു പതുക്കെ) അതെ എന്നു പറഞ്ഞാൽ നിയമത്തെററുണ്ടൊ?

ഗജ്ജ—(ശമനോടു സ്വകാര്യം) ഇല്ല.

ശമ—ഞാൻ നിങ്ങളുടെ നേരെയല്ല കാണിച്ചത്. വെറുതെ പെരുവിരൽ കടിച്ചു എന്നേയുള്ളു

ഗജ്ജ—നീ ശണ്ഠയ്ക്കു ഒരുങ്ങിയാണൊ പുറപ്പാട്?

അളി—ശണ്ഠയ്ക്കൊ-എയ് അല്ല

ശമ—ശണ്ഠയ്ക്കാണെങ്കിൽ ഞാനും നിന്നെപ്പോലെ യോഗ്യനായ ഒരു എജമാനന്റെ ഭൃത്യനാണ്.

അളി—നിന്റെ എജമാനൻ അധികം യോഗ്യനല്ല.

ഗജ്ജ—(ശമസേനനോടു സ്വകാര്യം) അധികം യോഗ്യനാണെന്നു പറയു. നമ്മുടെ എജമാനന്റെ ഒരു ബന്ധു ഇതാ വരുന്നു.

ശമ—എന്റെ എജമാനൻ നിന്റെ എജമാനനേക്കാളും യോഗ്യനാണ്.

അളി—നീ കള്ളവു പറയുകയാണെടൊ.

ശമ—അങ്ങിനെയാണെങ്കിൽ വാൾ ഊരി വാ! എടോ ഗജ്ജരാമാ, വെട്ടൊന്നു, മുറി രണ്ട് എന്ന മാതിരി വെട്ട്.

(അവർ പൊരുതുന്നു)

(വനമ്പലൻ പ്രവേശിക്കുന്നു.)

വന—ദുർബ്ബുദ്ധികളായ അസത്തുകളേ! വാൾ വെക്ക്. എന്താ നിങ്ങൾ കാട്ടുന്നത് എന്നു നിങ്ങൾക്കറിഞ്ഞുകൂടാ.

(ദ്വിബലാഢ്യൻ പ്രവേശിക്കുന്നു)

ദ്വിബ—ഓ ഹോ. നീയുമുണ്ടൊ വനമ്പല, ഈ ദുർജ്ജന്തുക്കളുടെ കൂട്ടത്തിൽ. ഇങ്ങോട്ടു വാ, ചാവാൻ ഒരുങ്ങിക്കൊ.

വന—ഞാൻ സമാധാനം ചെയ്വാൻ വന്നതാണ്. വാൾ താഴ്ത്തു! ഇല്ലാത്തപക്ഷം ഇവരെ വേർപെടുത്താൻ എന്നെ സഹായിക്ക്.

ദ്വിബ—നിന്റെ വാൾ ഊരിപ്പിടിച്ചാണൊ സമാധാനം പറയേണ്ടത്. സമാധാനം എന്ന ആ വാക്കിനെയും, മന്ദഗൃവീട്ടുകാരേയും, നിന്നെയും, നരകത്തെയും ഞാൻ ഒരുപോലെ വെറുക്കുന്നു. വാടാ! ഷണ്ഡി. ഇന്നാ തടുത്തോ.

(ഇവർ പൊരുതുന്നു)

(രണ്ടുകൂട്ടക്കാരുടേയും വീട്ടുകാർ വളരെ പേർ പ്രവേശിച്ചു ലഹളയിൽ കൂടുന്നു. ഗദാപാണികളായ പൌരന്മാരും അനവധി വന്നു കൂടുന്നു.)

ഒരു പൌരൻ—(മററവരോടു) ഈ രണ്ടുകൂട്ടരേയും അടിച്ചോടിക്കുക. ഈ രണ്ടു ചഗ്ജ്ജക്കാരായ ശഠികളും നശിക്കട്ടെ.

(കപിലതപ്രഭുവും ഭാര്യയും പ്രവേശിക്കുന്നു)

കപിലത—ഇതെന്തു ലഹളയാണ് എന്തു കോലാഹലമാണ്. ആരവിടെ? എടാ എന്റെ ആ വലിയ വാൾ എടുത്തു കൊണ്ടുവാ.

ക-ഭാര്യ—എന്തിനാ വാളിനെ വിളിക്കുന്നത്. ഒരു തോൾ താങ്ങിയല്ലേ വേണ്ടത്.

കപില—എന്റെ വാൾ കൊണ്ടുവാ—കേട്ടില്ലേ ആരും? ആരവിടേ—ഇതാ ആ മ

ന്മഥഗുപ്രഭുവായ കിഴവച്ചാർ എന്റെ നേരെ വാൾ ഊരിപ്പിടിച്ചു വരുന്നു.

(മന്മഥഗുപ്രഭുവും ഭാൎയ്യയും പ്രവേശിക്കുന്നു)

മന്മഥഗുപ്രഭു—എടാ കപിലതാ-കപടനായകാ- ഇളിഭ്യച്ചാരേ!

(ഭാൎയ്യയോടു) എന്റെ കൈ പിടിച്ചു തടസ്ഥം ചെയ്യരുതു. ഞാൻ പോയി അവന്റെ പെരടിക്കു ഒന്നു കൊടുക്കട്ടെ.

മന്മഥ-ഭാൎയ്യ – ശത്രുവിനെ അങ്ങോട്ടു ചെന്നു തൊടുവാൻ ഒരു പടം ഇളകുവാൻ പാടില്ല.

(യശസ്സ്വരാജാവും ഭടന്മാരും പ്രവേശിക്കുന്നു)

യശസ്സ—രാജ്യത്തിൽ ആസകലം സമാധാനലംഘനം വരുത്തി അങ്ങുമിങ്ങും ആയുധപാണികളായി നടന്നു കുത്തിമറി ലഹള നടത്തി രാജദ്രോഹം ചെയ്യുന്ന കള്ളക്കയ്യരെ! എന്തു്! ഇവരാരും നമ്മുടെ വാക്കു കേൾക്കുന്നില്ലേ. എടാ! പുരുഷകീടങ്ങളെ! അശ്രീകരങ്ങളായ നായ്ക്കളേ! കുറേക്കാലമായി നിങ്ങൾ രണ്ടു വൎഗ്ഗക്കാരും തമ്മിലുള്ള പുരാതന വൈരം നിമിത്തം ഒരു വൎഗ്ഗക്കാൎക്കും വല്ല തുച്ഛസംഗതികൊണ്ടും തല്ക്കാലം ഉജ്വലിക്കുന്ന രോഷാഗ്നിയെ മറെറ വൎഗ്ഗക്കാരുടെ ശരീരത്തിൽ നിന്നു ഒഴുകുന്ന രക്തധാരകൊണ്ടു തൎപ്പണം ചെയ്തു ശമിപ്പിച്ചുവരുന്ന വിവരം നാം അറിഞ്ഞിരിക്കുന്നു. അതിനാൽ നാം ഇപ്പോൾ കല്പിക്കുന്നതെന്തെന്നാൽ, നമ്മുടെ കഠിനമായ ശിക്ഷയിൽ നിന്നു നിങ്ങൾ രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്ന പക്ഷം അധികാരരഹിതമായും അനാവശ്യമായും നിങ്ങൾ ധരിക്കുന്ന ഈ ആയുധങ്ങൾ തൽക്ഷണം താഴ്ത്തിവെച്ചു നമ്മുടെ താഴെ പറയും പ്രകാരമുള്ള ദയാദാക്ഷിണ്യപ്രചോദിതമായ കല്പനയെ കേൾക്കണം.

നിസ്സാരമായുള്ളൊരുവാക്കിനാലെ
മാത്സൎയ്യപൂൎവ്വം ബത നിങ്ങൾ തമ്മിൽ
ഉൽഭൂതമായ്ത്തീരുരണങ്ങളിപ്പോൾ
സൽപൂതയാം മൽപുരി തന്നിലേവം
ശാന്തിപ്രിയന്മാരിഹ വാരണായാം
സമാഗതത്തിലേറാം വ്യഥപൂണ്ടു നിത്യം
ശാന്തസല്കൃത്യങ്ങളഹോ വെടിഞ്ഞു
സന്ധിപ്രവൃത്തിക്കുമതിന്നിടുന്നു.
ഇനിയൊരുദിനമിപ്പുരത്തിനുള്ളിൽ-
ത്തുനിയുകിലിങ്ങിനെയുമ്മദേനയുദ്ധം
കനിവൊരുലവവും വിചാരിയാതെ
വിനിഹതരാക്കുവനാശു ഞാനശേഷാൻ

ഈ അവസരത്തിൽ എല്ലാവരും പൊയ്ക്കൊൾവാൻ നാം സമ്മതിച്ചിരിക്കുന്നു. കപിലതൻ നമ്മുടെ കൂടെത്തന്നെ വരണം. മന്മഥഗു ഇന്നു ഉച്ചതിരിഞ്ഞതിന്റെ ശേഷം നമ്മുടെ നീതിസിംഹാസനത്താൽ അലങ്കരിക്കപ്പെട്ട പുരാണമണ്ഡപത്തിലേക്കു വരട്ടെ. അവിടെവെച്ചു ഈ കാൎയ്യത്തിൽ നമുക്കു ഇനിയും യുക്തമായ്ത്തോന്നുന്ന കല്പനകൾ കൊടുക്കുന്നതാകുന്നു. എല്ലാവരും നമ്മുടെ ശാസനപ്രകാരം ഉടനെ പിരിഞ്ഞുപോകേണ്ടതാണെന്നു നാം വീണ്ടും കല്പിക്കുന്നു.

(മന്മഥഗുവും ഭാൎയ്യയും ധനബലനും ഒഴികെ എല്ലാവരും പോകുന്നു.)

മന്മഥഗു—(ധനബലനോടു) മങ്ങിക്കിടന്നിരുന്ന ഈ പ്രാചീനമത്സരത്തെ ആരാണ് വീണ്ടും ഉദ്ദീപിപ്പിച്ചതു്? വത്സ ഭാഗിനേയ! പറയൂ. ലഹള ആരംഭിച്ചപ്പോൾ നീ ഉണ്ടായിരുന്നുവോ?

ടി. വി. അനന്തൻനായർ, ബി. എ. ബി. എൽ.
(ഡിസ്ട്രിക്ട ജഡ്ജി)

# മംഗളോദയം

൧൦൯൨

പുസ്തകം ൯ } ചിങ്ങം { ലക്കം ൧

## മംഗളം

വേദം നാലായ്പകുത്തു മുനിവരനതിനാൽ മുമ്പിലത്തേതിലുള്ളൊ-
ച്ഛേദം കൈവന്നു, പക്ഷെ പുനരപി ഗഹനം പണ്ഡിതന്മാൎക്കുപോലും,
വാദം കൂടാതതിന്നുള്ളൊരു പൊരുൾ വെളിവായേതിൽ നാം കാണ്കയാലാ-
ഖേദം തീൎന്നു, ജയിച്ചീടുക നിരുപമമാസ്സായണാചാൎയ്യസൂക്തം.

# സായണാചാൎയ്യർ.



വേദങ്ങളുടെ വ്യാഖ്യാതാവ് എന്ന നിലയിൽ വൈദികസാഹിത്യവേദികളുടെ ഇടയിൽ അനശ്വരമായ യശസ്സു സമ്പാദിച്ച സായണാചാൎയ്യരുടെ നാമധേയം പലക്കും പരിചിതമായിരിക്കും. പക്ഷെ, ആ മഹാത്മാവിന്റെ കാലം, ദേശം, കുടുംബം, ജീവചരിത്രം മുതലായവ അധികംപേരും അറിഞ്ഞിരിക്കാനവകാശമില്ല. ചരിത്രവിഷയങ്ങളിൽ വിമുഖന്മാരെന്നു പ്രാചീനഭാരതീയരെപ്പററി പറയാറുള്ള അപഖ്യാതി സായണാചാൎയ്യരെ സംബന്ധിച്ചേടത്തോളം വളരെ ശരിയാണെന്നു സമ്മതിക്കുവാൻ വയ്യ. ഇദ്ദേഹത്തിന്റെ ജീവചരിത്രവിഷയത്തിൽ അറിയേണ്ടവയായ പല സംഗതികളും പഴയ ഗ്രന്ഥങ്ങളിൽത്തന്നെ പറഞ്ഞുകാണുന്നുണ്ട്. പക്ഷെ, പല ഗ്രന്ഥങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന ആവക സംഗതികൾ തിരഞ്ഞുപിടിച്ച ചരിത്രരീതിയിൽ ഒരു ജ്ഞാനം സമ്പാദിക്കുന്നത് അസാദ്ധ്യമല്ലെങ്കിലും ശ്രമസാദ്ധ്യമാണ്. അതുകൊണ്ട്, അവയെ ക്രോഡീകരിച്ച് കേരളീയരുടെ മുമ്പാകെ സമൎപ്പിക്കുവാൻ

ചെയ്യുന്ന ശ്രമം അസ്ഥാനത്തിലായി പരിണമിക്കയില്ലെന്നു വിശ്വസിക്കുന്നു.

ദക്ഷിണാപഥത്തിൽ തുംഗഭദ്രാനദിയുടെ തീരത്തിലുള്ള പമ്പാനഗരിയിലാണ് സായണാചാൎയ്യരുടെ ജനനം. വൈദികശിരോമണിയും വലിയ ധൎമ്മിഷ്ഠനുമായിരുന്ന മായണാചാൎയ്യരാണ് ഇദ്ദേഹത്തിന്റെ അച്ഛൻ. അമ്മയുടെ നാമധേയം സുകീൎത്തി എന്നാകുന്നു. മഹാവിദ്വാനും ഗുണവാനുമായ മാധവാചാൎയ്യർ ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനാണ്. പുണ്യതീൎത്ഥസ്നാനത്തിൽ സദാ തൽപരനായി ഭോഗനാഥൻ എന്നൊരനുജനും ഇദ്ദേഹത്തിനുണ്ടായിരുന്നു. യജുൎവ്വേദിയും ബൌധായനസൂത്രക്കാരനും ആയ ഈ മഹാത്മാവിന്റെ ഗോത്രം ഭരദ്വാജഗോത്രമായിരുന്നു. ഇത്രയും സംഗതികൾ മാധവാചാൎയ്യനിൎമ്മിതമായ പരാശരസ്മൃതിവ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്:—

'ശ്രീമതീ ജനനീ യസ്യ സുകീൎത്തിൎമ്മായണഃ പിതാ
സായണോ ഭോഗനാഥശ്ച മനോബുദ്ധീ സഹോദ (രൌ
ബൌധായനം യസ്യ സൂത്രം ശാഖാ യസ്യ ച യാജുഷീ
ഭാരദ്വാജം കുലം യസ്യ സൎവ്വജ്ഞഃ സ ഹി മാധവഃ.'

മാധവൻ, സായണൻ, ഭോഗനാഥൻ എന്ന മൂന്നു സഹോദരന്മാരുടേയും അച്ഛനായ മായണാചാൎയ്യർ വിജയനഗരരാജാവായ സംഗമേന്ദ്രന്റെ മന്ത്രിയായിരുന്നു. അതുകൊണ്ട് അവൎക്ക് ഏററവും നിഷ്കൎഷയോടുകൂടി വിദ്യാഭ്യാസം ചെയ്വാൻ സംഗതിവന്നു. മായണന്റെ മരണശേഷം ക്രമപ്രാപ്തമായ മന്ത്രിസ്ഥാനം മാധവനാണ് സിദ്ധിച്ചത്. രാജാവായ സംഗമേന്ദ്രന് അഞ്ചു മക്കൾ ഉണ്ടായിരുന്നു. അവരിൽവെച്ചു ബുക്കൻ, ഹരിഹരൻ എന്ന രണ്ടുപേർ അധികം ബുദ്ധിമാന്മാരായിരുന്നു. അവൎക്കു മാധവാചാൎയ്യരുടെ പേരിൽ അളവററ ബഹുമാനവും വിശ്വാസവും ഉളവായി.

മന്ത്രതന്ത്രനിപുണനായ മാധവാചാൎയ്യർ മന്ത്രിയുടെ നിലയിൽ സാക്ഷാൽ ചാണക്യനെപ്പോലെ പ്രസിദ്ധനായിത്തീൎന്നു. ക്രിസ്ത്വാബ്ദം 1336-ൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ 'വിജയനഗരം' എന്നു പ്രസിദ്ധമായ നഗരത്തിന്റെ നിൎമ്മാണം ആരംഭിച്ചു. ആ നഗരത്തിൽ മുൻപറഞ്ഞ ബുക്കൻ, ഹരിഹരൻ എന്നീ രാജകുമാരന്മാർ രാജാക്കന്മാരായി വാണു. അവരുടെ കാലത്ത്, വിജയനഗരരാജ്യം പൂൎവ്വാധികം വിസ്താരപ്പെടുകയും അസാധാരണമായ ഐശ്വൎയ്യത്തിലെത്തുകയും ചെയ്തു.

ബുക്കൻ എന്ന രാജാവ് വലിയ വീൎയ്യശാലിയാകയാൽ 'വീരബുക്കമഹാരാജൻ' എന്നു പ്രസിദ്ധി സമ്പാദിച്ചു. അദ്ദേഹം ഒരു കൎമ്മയോഗി ആയിരുന്നു. ഐശ്വൎയ്യവും ആധിപത്യവും ക്ഷണഭംഗുരമാണെന്നുള്ള യഥാൎത്ഥബോധം ഉണ്ടാകയാൽ, രാജ്യലോഭമാകട്ടെ രാജ്യാസക്തിയാകട്ടെ അദ്ദേഹത്തെ ബാധിച്ചില്ല. വിദ്യശൌൎയ്യാദികൾ പ്രകടിക്കുന്നതിനു പകരം യഥാൎത്ഥമായ ജ്ഞാനത്തിനുപയോഗപ്പെടുന്ന എന്തെങ്കിലും ഒരു വലിയ കാൎയ്യം താനായിട്ടു ചെയ്തുവെക്കണമെന്നുള്ള മോഹമാണ് അദ്ദേഹത്തിനുണ്ടായത്. അതിനാൽ, മഹാരാജാവു മഹാപണ്ഡിതനായ തന്റെ മന്ത്രി മാധവാചാൎയ്യരോടു ചതുൎവ്വേദങ്ങൾക്കും ഭാഷ്യമുണ്ടാക്കണമെന്ന് ആജ്ഞാപിച്ചു. മാധവാചാൎയ്യരാകട്ടെ, ഒരു ഭാഷ്യകാരൻ എന്നുള്ള സ്ഥാനത്തെക്കാളധികം തനിക്കു മാനമായിട്ടുള്ള

ത് അച്ഛന്റെ വഴിക്കു സിദ്ധിച്ചിട്ടുള്ള മന്ത്രിസ്ഥാനമാണെന്നുള്ള വിചാരത്താലോ എന്തോ, മഹാരാജാവിന്റെ കല്പന നടത്തുന്നതിന്നു തന്റെ അനുജനായ സായണനെ ഏല്പിക്കുകയാണ് നല്ലതെന്നഭിപ്രായപ്പെടുകയാണുണ്ടായത്. അതുപ്രകാരം മഹാരാജാവ് സായണാചാൎയ്യരുടെ അടുത്തു ചെന്ന് വേദഭാഷ്യനിൎമ്മാണത്തിന്നായി ആവശ്യപ്പെട്ടു. ഈ സംഗതി സായണാചാൎയ്യവിരചിതമായ ഋഗ്വേദഭാഷ്യത്തിന്റെ ആരംഭത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. നോക്കുക:—

'സ ചാഹ നൃപതിം രാജൻ സായണാൎയ്യോ മമാനുജഃ
സൎവ്വം വേത്ത്യേഷ വേദാനാം വ്യാഖ്യാതൃത്വേ നിയുജ്യതാം.
ഇത്യുക്തോ മാധവാൎയ്യേണ വീരബുക്കമഹീപതിഃ
അന്വശാത്സായണാചാൎയ്യം വേദാൎത്ഥസ്യ പ്രകാശനേ'

ഈ കല്പനപ്രകാരം സായണാചാൎയ്യർ നാലു വേദങ്ങൾക്കും ഭാഷ്യം നിൎമ്മിച്ചു. താൻ യജുൎവ്വേദിയാകയാൽ ആദ്യം നിൎമ്മിച്ചതു യജുൎവ്വേദഭാഷ്യമാകുന്നു. സായണന്റെ യജുൎഭാഷ്യം ഇപ്പോൾ കണ്ടുകിട്ടുന്നില്ല. അതുകൊണ്ടും, ഭോജരാജാവിന്റെ സദസ്യനായിരുന്ന ഉവ്വടാചാൎയ്യർ മന്ത്രതന്നെ ഉണ്ടാക്കീട്ടുള്ള യജുൎവ്വേദഭാഷ്യം സുലഭമാകകൊണ്ടും, സായണൻ യജുൎവ്വേദത്തിന്നു ഭാഷ്യം നിൎമ്മിച്ചിട്ടില്ലെന്നും ആ പണി മറ്റൊരാൾ (ഉവ്വടാചാൎയ്യൻ) ചെയ്തിട്ടുള്ളതുകൊണ്ടു സായണൻ അതു വിട്ടുകളഞ്ഞതാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം സ്വീകാൎയ്യമല്ല. യജുൎവ്വേദിയായ സായണാചാൎയ്യർ മറ്റെല്ലാ വേദങ്ങൾക്കും ഭാഷ്യങ്ങൾ നിൎമ്മിക്കുകയും തന്റെ വേദത്തിനെ മാത്രം വ്യാഖ്യാനിക്കാതെ വിട്ടുകളകയും ചെയ്തു എന്നു വരുവാൻ യുക്തിയില്ല. പോരെങ്കിൽ, യജുൎവ്വേദവ്യാഖ്യാതാവായ വിദ്യാരണ്യമഹീധരൻ, താൻ വ്യാഖ്യാനമെഴുതുന്നതു ഉവ്വടന്റെയും സായണന്റെയും ഭാഷ്യങ്ങൾ പരിശോധിച്ചിട്ടാണെന്നു സ്വഗ്രന്ഥാരംഭത്തിൽ ഒരു ശ്ലോകംകൊണ്ടു പറഞ്ഞിട്ടുണ്ട്. ആ ശ്ലോകം,

'പ്രണമ്യ ലക്ഷ്മീം നൃഹരിം ശങ്കരാംശം
ഭാഷ്യം വിലോക്യൌവടമാധവീയം
യജുൎമ്മന്ത്രാണാം വിലിഖാമി ചാൎത്ഥം
പരോപകാരായ നിജക്ഷണായ.'

എന്നാകുന്നു. ഇതിൽ 'മാധവൻ' എന്നു പറഞ്ഞതു സായണനെ ഉദ്ദേശിച്ചാകുന്നു. യജുൎവ്വേദത്തിന്നു മാധവീയഭാഷ്യം ഇല്ലാത്തതുകൊണ്ടും, സായണൻ മാധവന്റെ അനുജനാകയാൽ 'മാധവൻ' എന്ന കുടുംബപ്പേരുകൊണ്ടു നിൎദ്ദേശിക്കപ്പെടുവാൻ അൎഹനായതുകൊണ്ടും ഈ ഊഹം യുക്തവുമാകുന്നു. ഏതായാലും, സായണാചാൎയ്യരുടെ യജുൎവ്വേദഭാഷ്യം കണ്ടുകിട്ടാത്തതിൽ വൈദികസാഹിത്യവേദികൾക്കു വ്യസനിക്കയേ നിവൃത്തിയുള്ളു.

ഇങ്ങിനെ ഋക്ക്, സാമം, അഥൎവ്വം എന്നീ മൂന്നു വേദങ്ങളേയും സായണാചാൎയ്യർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഋഗ്വേദഭാഷ്യം പത്താം മണ്ഡലത്തോടുകൂടി അവസാനിച്ചിരിക്കുന്നു. അതിൽ ഇതിഹാസപരമായ അൎത്ഥങ്ങളെ പ്രധാനമായി വ്യാഖ്യാനിച്ചിരിക്കുന്നു. വിഷ്ണുപരമായ ഒരു ഋക്കിലെ വിഷ്ണുശബ്ദത്തിന്നു വ്യാപകൻ എന്നൎത്ഥം കല്പിച്ചു സൂൎയ്യൻ എന്നാണു യാസ്കൻ വ്യാഖ്യാനിച്ചിട്ടുള്ളത്. സായണനാകട്ടെ, ആ ശബ്ദത്തിന്റെ പൂൎവ്വാപരങ്ങളെ പ്രമാണിച്ചു വിഷ്ണു എന്നുള്ള മുഖ്യാൎത്ഥത്തെത്തന്നെ

ന്നെ എടുത്തു വാമനാവതാരകഥയെ വിവരിച്ചുകൊണ്ടാണു വിശ്രമിക്കുന്നത്. ഇതിഹാസപക്ഷത്തോടു സായണനുള്ള പ്രതിപത്തി കാണിപ്പാൻ ഇതൊരു മതിയായ ദൃഷ്ടാന്തമാണ്.

അഥൎവ്വവേദത്തിന്റെ വ്യാഖ്യാനം എഴുതിത്തുടങ്ങിയ കാലത്തേയ്ക്കു വീരബുക്കരാജാവു തീപ്പെടുകയും, അദ്ദേഹത്തിന്റെ അനുജനായ ഹരിഹരൻ രാജാവാകയും ചെയ്തു. അഥൎവ്വഭാഷ്യത്തിന്റെ ഉപോൽഘാതത്തിൽ സായണാചാൎയ്യർ നാലഞ്ചു ശ്ലോകം ഉണ്ടാക്കിച്ചേൎത്തിട്ടുള്ളതിൽ—ആൻ ഹരിഹരമഹാരാജാവിന്റെ കല്പനപ്രകാരമാണ് അഥൎവ്വഭാഷ്യം നിൎമ്മിക്കുന്നതെന്നു കാണിച്ചിരിക്കുന്നു. ഉപസംഹാരത്തിൽ 'ശ്രീമദ്രാജാധിരാജരാജപരമേശ്വരധീരവീരഹരിഹരമഹാരാജധുരന്ധരേണ സായണാചാൎയ്യേണ വിരചിതേ അഥൎവ്വസംഹിതാഭാഷ്യേ —കാണ്ഡഃ സമാപ്തഃ' എന്ന വാക്യംകൊണ്ടും ഈ സംഗതി വെളിവാക്കീട്ടുണ്ട്.

ചതുൎവ്വേദങ്ങൾക്കു പുറമെയും, ശതപഥബ്രാഹ്മണം, ഐതരേയബ്രാഹ്മണം മുതലായി പലതും സായണാചാൎയ്യർ വ്യാഖ്യാനിച്ചിട്ടുണ്ട്. സായണനു സിംഗനാചാൎയ്യൻ എന്നുകൂടി പേരുണ്ടായിരുന്നുവെന്നു, ശതപഥബ്രാഹ്മണഭാഷ്യത്തിന്റെ തൃതീയകാണ്ഡസമാപ്തിയിലുള്ള രണ്ടു ശ്ലോകങ്ങളിൽനിന്നറിയാവുന്നതാണ്. പുറമെ, സായണൻ വലിയ ഭാഗ്യശാലിയും ദാതാവും ആണെന്നുകൂടി ആ ശ്ലോകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

വ്യാകരണത്തിൽ സായണാചാൎയ്യൎക്കു നല്ല പാണ്ഡിത്യമുണ്ടായിരുന്നു. പാണിനീയസൂത്രങ്ങളെ എടയ്ക്കെടയ്ക്കു കൂട്ടിയിണക്കിക്കൊണ്ടാണു മന്ത്രവ്യാഖ്യാനം നിൎമ്മിച്ചിട്ടുള്ളത്. തൈത്തിരീയസംഹിത ഇദ്ദേഹത്തിനു മുഖസ്ഥമായിരുന്നു. ഭാഷ്യങ്ങളിലെ പല ഭാഗങ്ങളിലും ഉദാഹരണത്തിനു പ്രമാണങ്ങൾ കാണിക്കേണ്ടിവരുമ്പോൾ, മറ്റു പ്രമാണങ്ങൾ കാണിച്ചുകഴിഞ്ഞാലും തൈത്തിരീയസംഹിതയിൽനിന്നു ചിലത് എടുത്തുദാഹരിച്ചിരിക്കുന്നതായി കാണാം. പുരാണങ്ങൾ, ഭാഗവതം, അമരകോശം മുതലായവയിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അസാധാരണമായ പരിചയവും പാണ്ഡിത്യവും വേദഭാഷ്യാദികളിൽനിന്നു വ്യക്തമായിട്ടറിയാവുന്നതാകുന്നു.

സായണന്റെ ജ്യേഷ്ഠൻ, മാധവാചാൎയ്യർ ജൈമിനീയന്യായമാലയുടെയും ശങ്കരവിജയത്തിന്റെയും പ്രണേതാവാണ്. അനുജൻ ഭോഗനാഥനും പാണ്ഡിത്യവും കവിത്വവുമുണ്ടായിരുന്നുവെന്ന് ഇദ്ദേഹത്തിന്റെ ഒരു ദാനപത്രത്തിൽനിന്നു ഹിക്കാം. പക്ഷേ, അദ്ദേഹത്തിന്റെ കൃതികയായി ഗ്രന്ഥങ്ങളൊന്നും കാണുന്നില്ല.

ഇങ്ങിനെ, ഉത്തമമായ ഒരു വംശത്തിൽ ഭാഗ്യശാലികളായ അച്ഛനമ്മമാരുടെ പുത്രനായി ജനിച്ച്, സൌഭ്രാത്രശാലികളായ ജ്യേഷ്ഠാനുജന്മാരോടുകൂടി ജീവിച്ച്, അതിമഹത്തായ വേദഭാഷ്യനിൎമ്മാണത്താൽ പ്രസിദ്ധിസമ്പാദിച്ച സായണാചാൎയ്യർ ശകാബ്ദം 1‥78-ൽ ('=ശാകാബ്ദേനാഗശൈലദ്വിമണിപരിമിതേ') ഗൃഹസ്ഥാശ്രമം വിട്ടു, സ്വദേശപ്രാചാൎയ്യപ്രതിഷ്ഠിതമായ മഠത്തിന്റെ അദ്ധ്യക്ഷനായിത്തീരുകയും 'വിദ്യാരണ്യസ്വാമികൾ' എന്ന പേരു നേടുകയും ചെയ്തു. എന്നിട്ടു

ആ മഹാത്മാവിന്റെ ഗ്രന്ഥനിർമ്മാണസംരംഭം ശമിച്ചില്ല. ജീവന്മുക്തിവിവേകം, പഞ്ചദശി മുതലായ ഗ്രന്ഥങ്ങളെ അവിടെവെച്ചും അദ്ദേഹം നിർമ്മിച്ചു.

ചുരുക്കത്തിൽ പറയുന്നതായാൽ ഉദയണ്ണസന്തതികളെക്കൊണ്ടു സംസ്കൃതസാഹിത്യത്തിന്നു സിദ്ധിച്ചിട്ടുള്ള ഐശ്വര്യം എന്നും മായാത്തതായ ഒന്നാണെന്നു നിസ്സംശയം പറയാവുന്നതാണു്.

[ഈ ഉപന്യാസത്തിലെ വിഷയം 'ശാരദ' എന്ന സംസ്കൃതമാസികയിൽനിന്നു സംഗ്രഹിച്ചതാകുന്നു.]

കെ. വി. എം.

# നീതിബോധം.

## (൧) നീതിബോധത്തിന്റെ ആഗമം.


'ആഗമോക്തപ്രകാരങ്ങളാം കല്യാണ-
മാർഗ്ഗകർമ്മങ്ങൾ ധർമ്മങ്ങൾ, മററല്ലാത്ത
തെല്ലാമധർമ്മമല്ലോർക്കനാം' —ഭാഗവതം.

നാം ഒരു പ്രവൃത്തി നല്ലതോ ചീത്തയോ ന്യായമോ അന്യായമോ എന്നുള്ള സംഗതിയെപ്പററി, നീതിന്യായവിചാരം ചെയ്തു തീർപ്പു കല്പിക്കുന്നതു, ആ പ്രവൃത്തി സന്തോഷകരവും സുഖപ്രദവും ആണോ എന്നുള്ള ചോദ്യത്തിന്റെ ഉത്തരത്തെ അനുസരിച്ചിരിക്കും. ഉത്തരം 'അതെ' എന്നാണെങ്കിൽ ആ പ്രവൃത്തി നല്ലതും ന്യായമായതും ആകുന്നു; അല്ലെങ്കിലല്ല. ഒരാളുടെ അഭിപ്രായംകൊണ്ടല്ല ഒരു പ്രവൃത്തി ന്യായമോ അല്ലയോ എന്നു തീർച്ചയാക്കുന്നതു്. ആ അഭിപ്രായത്തിന്നു ലോകവ്യാപ്തി ഉണ്ടായിരിക്കണം. ഒരു പ്രവൃത്തി ഓരോരുത്തന്റെയും സമുദായത്തിന്റെയും നന്മക്കോ തിന്മക്കോ ഹേതുവാണെന്നു കണ്ടു് അതിനെ അംഗീകരിക്കുന്നതും തിരസ്കരിക്കുന്നതും ഒരു പരിഷയുടെയോ ലോകരുടേയോ അഭിപ്രായപ്രകാരമാകുന്നു. എല്ലാ നീതിന്യായവിധികൾക്കും ലോകവ്യാപ്തി എന്ന ഗുണം ഉണ്ടായിരിക്കും. എല്ലാ ന്യായവിചാരണകളും അംഗീകാരം, തിരസ്കാരം എന്നീ രണ്ടു മനോഭാവങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ആ മനോഭാവങ്ങളുടെ പരമാവധി ലോകസമ്മതവും ലോകനിഷിദ്ധവുമാകുന്നു. നീതിന്യായം മതിക്കുന്നതിൽ ഗുണംകൊണ്ടും ഗുണംകൊണ്ടും വരുന്ന മേൽകീഴുകളാൽ ഒരു പ്രവൃത്തിയുടെ ന്യായാന്യായതയെപ്പററി അഭിപ്രായഭേദങ്ങൾ ഉണ്ടാകും. എന്നാൽ എല്ലാ സംഗതികളുടേയും തത്വാവബോധമുള്ള ഒരാളുടെ തീർപ്പിന്നു എല്ലാവരും കീഴടങ്ങുന്നതാകുന്നു. വാസ്തവത്തിൽ നമുക്കു എല്ലാ കാര്യങ്ങളിലും മനസ്സാക്ഷി വഴികാണിക്കുന്ന പ്രകാരം നടക്കുന്നതിന്നു വിരോധം കാണുന്നില്ല. മനസ്സാക്ഷിക്കു മററുള്ള അന്തഃകരണങ്ങളെക്കാൾ എല്ലാംകൊണ്ടും പ്രാധാന്യവും പ്രാബല്യവും ഏറുമെന്നുള്ള സംഗതി സർവ്വസമ്മതമാകുന്നു. ശിഷ്ടർക്കും ദുഷ്ടർക്കും ഈ സംഗതി ഒരുപോലെ അനുഭവസിദ്ധമായിട്ടുള്ളതും ആണു്. 'നമ്മുടെ അന്തഃകരണങ്ങൾ നാം ന്യായമാർഗ്ഗത്തെ ലംഘിച്ചു നടന്നാൽ അനുതാപമാനം, ആത്മനിന്ദ, എന്നിവയെക്കൊണ്ടു ന

മ്മെ പീഡിപ്പിപ്പാനും, പ്രത്യുത അനുസരിച്ചു നടന്നാൽ മനസ്സമാധാനം, സന്തുഷ്ടി, ആത്മസംതൃപ്തി എന്നിവയാൽ നമ്മെ സമ്മാനിപ്പാനും ആയി ദൈവത്തിന്റെ പ്രാതിനിധ്യം വഹിച്ചു നമ്മുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന കാര്യസ്ഥനാകുന്നു.' എന്നു ആഡംസ്മിത്തു പറഞ്ഞിട്ടുള്ളതു എത്രയോ വിലയേറിയ വാക്കുകളാകുന്നു. ചുരുക്കിപ്പറയുന്നതായാൽ, മിക്ക സംഗതികളിലും മനസ്സാക്ഷിതന്നെ 'ഇന്നതു ചെയ്യാം,' 'ഇന്നതു ചെയ്തുകൂടാ' എന്നു തീർച്ചയാക്കിത്തരും. എന്നാൽ ചില കാര്യങ്ങളിൽ നമുക്കു മറ്റുള്ളവർ തീർച്ചയാക്കുന്നപ്രകാരം നടക്കേണ്ടതായിട്ടും ഉണ്ട്. ചെറുപ്പകാലങ്ങളിൽ നമുക്കു മാതാപിതാക്കന്മാരും ഗുരുനാഥന്മാരും നന്മതിന്മകളെ വെവ്വേറെ കാണിച്ചുതന്നു നമ്മെ സന്മാർഗ്ഗത്തിൽ ചരിപ്പിക്കുകയും ദുർമ്മാർഗ്ഗത്തിൽനിന്നു വിലക്കുകയും ചെയ്യുന്നു. നമുക്കു സ്വയംപ്രജ്ഞ വരുമ്പോൾ ബാല്യകാലത്തിൽ പഠിപ്പിച്ചിട്ടുള്ളതെല്ലാം നമ്മുടെ യുക്തിക്കും മനസ്സാക്ഷിക്കും ശരിയാണെന്നു ബോദ്ധ്യമാവുകയും ചെയ്യുന്നു. കാലഗതികൊണ്ടു അങ്ങിനെയല്ലെന്നുവരുന്ന കാര്യങ്ങളിൽ നമ്മുടെ മനസ്സാക്ഷിയെ അനുസരിച്ചു പ്രവർത്തിക്കാമെങ്കിലും ചില കാര്യങ്ങളിൽ ആചാരങ്ങളെയും നിയമങ്ങളെയും അനുസരിച്ചേ കഴിയൂ. ആചാരങ്ങളും നിയമങ്ങളും ന്യായമായിട്ടുള്ളതല്ലെന്നു പൂർണ്ണബോദ്ധ്യം വരുന്ന കാര്യങ്ങളിൽ അവകളുടെ തെറ്റുകളെ സമുദായത്തിന്റെയും നിയമകർത്താക്കന്മാരുടെയും ദൃഷ്ടിയിൽ കൊണ്ടുവന്നു പരിഹരിപ്പാൻ ശ്രമിക്കേണ്ടതാകുന്നു.

(൨) മനോഭാവങ്ങളുടെ സ്വഭാവം

ന്യായവിചാരത്തിന്നടിസ്ഥാനമായ മനോഭാവങ്ങൾ അംഗീകാരം, തിരസ്കാരം എന്നീ രണ്ടു വിധമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഈ ഭാവങ്ങൾക്കു, 'പ്രതിക്രിയ' എന്ന സംജ്ഞയാൽ കുറിക്കപ്പെടുന്ന വേറൊരുവിധം ഭാവങ്ങളോടു കൂടി സംബന്ധമുണ്ട്. ഒരു ക്രിയയ്ക്കുള്ള പ്രതിക്രിയ നല്ല വഴിക്കും ആവാം; ചീത്ത വഴിക്കും ആവാം. നാം അംഗീകരിക്കുന്ന നന്മകൾക്കു പകരം ഉപകാരം ചെയ്യുന്നു, കൃതജ്ഞത കാണിക്കുന്നു, കടപ്പാടു പറയുന്നു, ദയ കാണിക്കുന്നു, അനുഗ്രഹിക്കുന്നു; തിരസ്കരിക്കുന്ന തിന്മകൾക്കു തൽകർത്താക്കന്മാരുടെ നേരെ നിരസിക്കുന്നു, കോപിക്കുന്നു, അപകരം ചെയ്യുന്നു, പകവീട്ടുന്നു, ശപിക്കുന്നു. ഇതിൽ അംഗീകാരത്തെ ആശ്രയിച്ചു നില്ക്കുന്ന പ്രത്യുപകാരം, കൃതജ്ഞത, ദയ, അനുഗ്രഹം എന്നീ അവാന്തരവിഭാഗങ്ങൾ 'അഹിംസ' അല്ലെങ്കിൽ 'ധർമ്മം' എന്നതിൻകീഴിൽ വരുന്നു. തിരസ്കാരത്തെ ആശ്രയിച്ചു നില്ക്കുന്ന നിരസനം, കോപം, പ്രത്യപകാരം, പകവീട്ടൽ, ശാപം എന്നീ അവാന്തരവിഭാഗങ്ങൾ 'ഹിംസ' അല്ലെങ്കിൽ 'അധർമ്മം' എന്നതിൽ ഉൾപ്പെടുന്നു. ഇപ്രകാരം അംഗീകാരതിരസ്കാരങ്ങൾ ധർമ്മാധർമ്മങ്ങളോടു സംബന്ധപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ സംഗതിയെ ശാഖോപശാഖകളായി താഴെ കാണിക്കുന്നു:—




(൩൨) ധൎമ്മാനുഷ്ഠാനം

നമ്മുടെ ഭാഗ്യത്തിന്നു ഹേതുഭൂതമായ കൎമ്മങ്ങളാകുന്ന ധൎമ്മാധൎമ്മങ്ങളായി വേൎതിരിച്ചു കാണിക്കുന്ന മേലെഴുതിയ പട്ടികകൊണ്ടു വൎജ്ജ്യങ്ങളായ ദോഷങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കാം. ദുഃഖത്തെ അധികരിച്ചിട്ടുള്ള സുഖത്തിനെയാണ് ഭാഗ്യം എന്നു പറയുന്നത്. അതിനാൽ ദുഃഖഹേതുക്കളെ ഇല്ലായ്മ ചെയ്യേണ്ടതാകുന്നു നമ്മുടെ ധൎമ്മം. ഇത് എങ്ങിനെ സാധിക്കാമെന്നു താഴെ പ്രസ്താവിക്കുന്നു. ദുഃഖഹേതുവിന്റെ നേരെ എതിൎക്കുവാനുള്ള മനോവികാരത്തിന്നു ഹിംസനം എന്നു പേർ. കോപം എന്നു പറയുന്നത് മുൻകരുതലോടു കൂടാതെ പെട്ടെന്നുണ്ടാകുന്ന ഹിംസനം; പക വീട്ടൽ എന്നു പറയുന്നത് മുൻകരുതലോടു കൂടിയതും എന്നാൽ ദുഃഖകൎത്താവിന്റെ നേരെയായിരിക്കുന്ന

മെന്നു നിർബ്ബന്ധമില്ലാത്തതും ആയ നിരസനം. ചില രാജ്യങ്ങളിലെ ശിക്ഷാനിയമങ്ങൾ പ്രതികാരമല്ലാത്തപ്രകവീട്ടലിന്റെ, അതായത് ദുഃഖകർത്താവിന്റെ നേരെയല്ലാത്ത പ്രതിക്രിയയുടെ സ്വരൂപത്തെ പ്രാപിച്ചിരിക്കുന്നു. മലയദ്വീപുകളിൽ അച്ഛനും മകനും ഒന്നാണെന്നുള്ള ന്യായത്തിന്മേൽ ഒരാളെ ശിക്ഷിച്ചാൽ മററെ ആൾക്ക ശിക്ഷ കൂടാതെ പോകുന്നത് ദുർല്ലഭം. കാപ്പിരികളുടെ ഇടയിൽ രാജദ്രോഹി വീടടക്കം ശിക്ഷാർഹൻ. ബാലിദ്വീപിൽ ചില തരം ആഭിചാരപ്രവൃത്തികൾക്ക കുററക്കാരൻ വംശച്ഛേദം വധ്യൻ. ചീനരാജ്യത്ത് ഒരുത്തൻ ഒരു ഗൌരവമേറിയ കുററം ചെയ്താൽ അവന്റെ കുഡുംബത്തിലുള്ള മററു പുരുഷന്മാരും ഉത്തരവാദികൾ. പരിഷവക ശിക്ഷകളും ഇതുപോലെ തന്നെ അപ്രതികാരമായിട്ടുള്ളവയാകുന്നു. അച്ഛന്റെ തെററിന്നു മകൻ ഉത്തരവാദി. ഒരുത്തൻ ചെയ്യുന്ന തെററിന്നു പരക്കെയുള്ളവക്ക ദോഷം തട്ടുകയെന്നുള്ളത് ദൈവകല്പിതമാണെന്നു ബഹുജനസാധാരണമായ ഒരു ധാരണയുണ്ട്. ആ ധാരണ ശരിയാണെന്നു കൈക്കൊള്ളുന്ന പക്ഷം നീതിന്യായം നടത്തുന്നതിൽ ദൈവം മനുഷ്യനേക്കാൾ അന്യായമായി പ്രവൎത്തിക്കുന്നു എന്നു പറയേണ്ടതായി വരുന്നു. എന്നാൽ നിരപരാധികൾ അപരാധികളുടെ പാപത്തിന്നു വേണ്ടി കഷ്ടതയനുഭവിക്കുന്നത് ദൈവത്തിന്ന് അവരുടെ നേരെ കോപം ഉള്ളതുകൊണ്ടല്ലാ. സാംക്രമികരോഗങ്ങളെപ്പോലെ പാപവും ശാപവും ദോഷപ്പകൎച്ചയുള്ള സാധനങ്ങളായിട്ടാണ് പണ്ടുള്ളവർ ഗണിച്ചിട്ടുള്ളത്. ആ വക ദോഷനിവാരണത്തിന്നായി അഗ്നിദേവനേയും ജലദേവനേയും പൂജിച്ചു പ്രീതിവരുത്തുക, അഗ്നികൊണ്ടും ജലംകൊണ്ടും ശുദ്ധി ചെയ്യുക തീൎത്ഥസ്നാനം കഴിക്കുക മുതലായ പ്രതിവിധികൾ ലോകമെങ്ങും പണ്ടു ചെയ്തുവന്നിരുന്നതുപോലെ ഇപ്പോഴും പല രാജ്യക്കാരും ചെയ്തുവരുന്നതുകൊണ്ടു പാപശാപങ്ങളെപ്പററിയുള്ള പണ്ടത്തെ ധാരണ ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. പാപകൎമ്മത്തിന്നു സാംക്രമികത്വം കല്പിച്ചതുകൊണ്ട് ഒരുത്തന്റെ കുററത്തിന്നു മററുള്ളവരും ഉത്തരവാദികളായി വരാനും അക്കൂട്ടത്തിൽ നിരപരാധികൾ അനുഭവിക്കുന്ന ഫലം മനുഷ്യസൃഷ്ടമാണെന്നും ദൈവകല്പിതമെന്നു പറയുന്നത് മനുഷ്യസൃഷ്ടമായ നിയമത്തിന്നു പ്രാബല്യം കൂട്ടുവാനുള്ള ഒരു സൂത്രം മാത്രമാണെന്നും ഊഹിക്കാവുന്നതാകുന്നു. ഇങ്ങിനെ അപ്രതികാരസ്വരൂപത്തിൽ പക വീട്ടുന്നതു ന്യായമല്ലെന്നുള്ള ബോധംകൊണ്ടാണ് മഹാന്മാർ പ്രതികാരബുദ്ധിയെത്തന്നെ നിന്ദ്യമായി കരുതുവാനും അപരാധങ്ങളെ ക്ഷമിക്കുന്നതു ഉത്തമധൎമ്മമായി ഗണിപ്പാനും തുടങ്ങിയത്. ക്രമേണ ശിക്ഷാനിയമകൎത്താക്കന്മാരും ഈ അഭിപ്രായത്തെ അനുസരിച്ചു പ്രതികാരബുദ്ധിയെ വിട്ടുകളഞ്ഞു തുടങ്ങി വന്നു. ഇപ്പോൾ ശിക്ഷ നിശ്ചയിക്കുന്നത് കുററം ചെയ്തതിനല്ലാ; ഇനി മേലിൽ കുററം ചെയ്യാതിരിപ്പാനാണ്. ഇങ്ങിനെ ഒരോരുത്തൎക്കോ ജനസമുദായത്തിന്നോ ദോഷകരമായ പ്രവൃത്തികളെ നിയമമൂലം വിലക്കുന്നതുകൊണ്ടു

ഖഹേതുക്കൾ കുറഞ്ഞു വരുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു നല്ലതേ ചെയ്യരുത് എന്നും, നമുക്കു ഉപദ്രവം ചെയ്താൽ അതിന്നു പ്രതികാരം ചെയ്യാതെ സഹിക്കാവുന്ന കാൎയ്യങ്ങളിൽ ക്ഷമിക്കുകയും മററുള്ള കാൎയ്യങ്ങളിൽ കാരണക്കാരനെ നീതിന്യായം ഭരിക്കുന്നവർ വേണ്ടതു പ്രവൎത്തിക്കുന്നതിന്നു ഏല്പിക്കുകയും ചെയ്യേണ്ടതാണെന്നും, ഇതാണ് ധൎമ്മമായിട്ടുള്ളതെന്നും വ്യക്തമാകുന്നു.

മേല്പറഞ്ഞ പ്രകാരമെല്ലാം നടന്നുകൊണ്ടാൽ ദുഃഖഹേതുക്കൾ കുറഞ്ഞും സുഖഹേതുക്കൾ വൎദ്ധിച്ചും നമുക്കു ഭാഗ്യവാന്മാരായിരിപ്പാൻ യോഗം ഫലം.

വാരവൂർ കൃഷ്ണമേനോൻ, ബി. എ.

# അദ്ധരാത്രി *

(ഒരു ചെറുകഥ)

ഒരു ദിവസം അദ്ധരാത്രിയിൽ ഞാൻ തനിച്ച് എന്റെ മുറിയിൽ കിടന്ന് ഉറങ്ങുകയായിരുന്നു. അപ്പോൾ പുറത്തു വാതലുക്കൽ ആരോ ഒരാൾ ശ്രുതിയിൽ മുട്ടിക്കൊണ്ടു 'ഡോക്ടർ, ഡോക്ടർ' എന്നു വിളിക്കുന്നതു കേട്ടു. ആരാണത് ഈ അദ്ധരാത്രി സമയത്ത് —'

ഞാൻ വാതൽ തുറന്നു നോക്കിയപ്പോൾ എന്റെ സ്നേഹിതനായ ദക്ഷിണബാബു് സെമിന്ദാരെ ആണ് കണ്ടത്. ഞാൻ അദ്ദേഹത്തെ അകത്തേക്കു ക്ഷണിച്ചു. അപ്പോൾ അടുത്തുണ്ടായിരുന്നതും കാലുകൾക്കു കുറെശ്ശെ ഇളക്കം ബാധിച്ചിരുന്നതുമായ ഒരു കസേല വലിച്ചു നീക്കി ഇരിക്കുവാൻ പറഞ്ഞു. ഞാൻ അദ്ദേഹത്തെ സംശയാധീനമായി ഒന്നു സൂക്ഷിച്ചു നോക്കി. ചുമരിന്മേൽ തൂക്കിയിരുന്ന നാഴികമണി അപ്പോൾ രണ്ടരമണി അടിച്ചു.

ദക്ഷിണബാബുവിന്റെ മുഖത്തു ഒരു തുള്ളി ചോരയില്ല. കണ്ണുകൾ കലങ്ങിയും കുറെ വലിപ്പം കൂടിയും കാണപ്പെട്ടു. അദ്ദേഹം പറഞ്ഞു:—'പഴയ സുഖക്കേടു തന്നെ പിന്നെയും; നിങ്ങളുടെ മരുന്നുകൊണ്ടു ഒരു ഭേദവും ഇല്ല.' ഇതു കേട്ടപ്പോൾ 'ലേഹ്യാദിസ്സാധനങ്ങളോടുള്ള അധികപ്രതിപത്തികൊണ്ടായിരിക്കുമോ' എന്നു ഞാൻ എന്റെ സംശയത്തെ കുറെച്ചൊന്നു സൂചിപ്പിച്ചു. എന്റെ വാക്കിൽ അല്പം നീരസം നടിച്ചു നെററി ചുളിച്ചുംകൊണ്ട് അദ്ദേഹം പറഞ്ഞു.—'അതാണു നിങ്ങൾക്കു തെററിയത്. സത്യമായിട്ടും ആ വക ഒന്നും ഇല്ല. ശരിയായ കാരണം ഊഹിക്കുവാൻ നിങ്ങൾക്കു സാധിക്കയില്ല. അതിന്നു വേണമെങ്കിൽ ഞാൻ എന്റെ ചരിത്രം മുഴുവനും ഇവിടെ വിസ്തരിക്കണം.'

അകത്ത് ഒരു മൂക്കിൽ മങ്ങിക്കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണവിളക്കു ഒന്നു കൂടി തെളിയിച്ചു. വിളക്കിന്റെ നാളം പെട്ടന്ന് ഉയൎത്തിയപ്പോൾ കുറെ പുക ബഹി

* ബാബു രവീന്ദ്രനാഥടാഗോർ എഴുതിയത്.

ർശിച്ചു. ഞാൻ ഉടുത്തിരുന്ന മോട്ടിയുടെ (വേഷ്ടിയുടെ) തലകൊണ്ടുതന്നെ പുതച്ചുംകൊണ്ടു അടുത്തുകിടന്നിരുന്ന ഒരു സാമാനപ്പെട്ടിയുടെ പുറത്തു വർത്തമാനക്കടലാസ്സു വിരിച്ച് അതിന്മേൽ ഇരുന്നു. മുക്കിണ്ണബാംബു അദ്ദേഹത്തിന്റെ ചരിത്രം ഇപ്രകാരം പറവാൻ തുടങ്ങി:—

'എന്റെ ആദ്യത്തെ ഭാൎയ്യയെപ്പോലെ ഉത്തമമാതൃകയായ ഒരു ഗൃഹിണിയെ—ഈശ്വരാ! അവളെപ്പോലെ ഇനി ഒരുവളെ കണ്ടുകിട്ടുന്നതിന്നു വളരെ പ്രയാസമുണ്ട്. പക്ഷെ ഞാൻ അന്നു വളരെ ചെറുപ്പക്കാരനായിരുന്നു. ഞാൻ ആഗ്രഹിച്ചിരുന്നതു ഗൃഹകൃത്യങ്ങളിൽ ജാഗ്രതയുള്ളവളും ഭർത്തൃശുശ്രൂഷയിൽ ജാഗരൂകയും ആയ ഒരു ഭാൎയ്യയേയല്ല. ബുദ്ധിക്ക് ഉറപ്പും ഉറത്താവും വന്നിട്ടില്ലാത്ത എന്റെ മനസ്സു യൌവനത്തിലെ വ്യാമോഹങ്ങളായ അനുരാഗം, ആകൎഷണം മുതലായ സ്വപ്നപ്രായങ്ങളായ വികാരങ്ങളാൽ വശീകരിക്കപ്പെട്ടു. അതിന്നും പുറമെ ഞാൻ ഠാപ്പകൽ വായിച്ചുകൊണ്ടിരുന്നതു കവിതകളാണ്. അവളുടെ നിഷ്കളങ്കമായ വൈദഗ്ദ്ധ്യം,—ഭവനജോലികളിൽ അവൾ പ്രദൎശിപ്പിച്ചിരുന്ന സീമാതീതമായ പ്രാഗത്ഭ്യം—എന്റെ മനസ്സിനെ ആനന്ദിപ്പിക്കുന്നതിന്നും ആകൎഷിപ്പിക്കുന്നതിന്നും മതിയായില്ല. 'ഭാൎയ്യ ഒരു ഗൃഹിണിയും, ഉപദേഷ്ടാവും, ആത്മമിത്രവും കലാവിദ്യകളിൽ താല്പൎയ്യമുള്ളവളും ആയിരിക്കണ'മെന്നൎത്ഥമുള്ള കാളിദാസകൃതമായ ഒരു പദ്യം എനിക്കു മനഃപാഠമായിരുന്നു. എന്നാൽ കലാവിദ്യകളേയോ അതുപോലുള്ള മറ്റു വിഷയങ്ങളേയോ കുറിച്ചു ഞാൻ എന്തൊക്കെ എന്റെ ഭാൎയ്യയോടു പറഞ്ഞാലും അതിന്റെ എല്ലാം ഫലം പോത്തിന്റെ ചെവിട്ടിൽ കിന്നരം വായിക്കുന്നതുപോലെ ആയിരുന്നു. എന്റെ ശരീരാൎദ്ധമായിരുന്ന അവളോടു ഞാൻ അനുരാഗസൂചകങ്ങളായ കവിവാക്യങ്ങളോ, വൎണ്ണനകളോ ഒരു കാമുകന്റെ നിലയിൽ പറയുകയോ, വിശിഷ്ടങ്ങളും ശബ്ദാലങ്കാരപരിപൂൎണ്ണങ്ങളും ആയ സംബുദ്ധികളാൽ അവളെ വിളിക്കുകയോ ചെയ്താൽ അവൾ ഉറക്കെ പൊട്ടിച്ചിരിക്കുന്നതുകൂടാതെ, എന്റെ ചേഷ്ടകളും വാക്കുകളും അവളിൽ യാതൊരു വികാരവിശേഷത്തേയും ജനിപ്പിച്ചില്ല. വിശിഷ്ടകൃതികൾ നോക്കി ഞാൻ ബുദ്ധിമുട്ടി തെരഞ്ഞെടുത്തു പഠിച്ചിട്ടുണ്ടായിരുന്ന പദ്യശകലങ്ങൾക്കും സംബോധനകൾക്കും എല്ലാം അവളോടടുക്കുമ്പോൾ, ഗംഗാനദിയിലെ ഒഴുക്കിൽ ഇന്ദ്രന്റെ ആനയ്ക്കു് എന്നപോലെ, അപമാനകരമായ അപജയം അനുഭവിക്കേണ്ടിവന്നു. ഒരു കഥാപുരുഷനെപ്പോലെ ഉള്ള എന്റെ പ്രവൃത്തികൾ അവളിൽ ഒരു പുച്ഛരസത്തെ ആണ് അങ്കുരിപ്പിച്ചത്. കേവലം നാടൻ രീതിയേയും സമ്പ്രദായത്തേയും മാത്രം അറിയുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്ന അവൾ എന്റെ ഗോഷ്ടിത്തങ്ങൾക്കു ഒന്നും വശപ്പെട്ടില്ല. അവൾ വെറുതെ വലിയ ശബ്ദത്തിൽ ചിരിക്കും. ചിരിക്കുന്നതിനു അവൾക്കുണ്ടായിരുന്ന പാടവം ഒന്നു വേറെ തന്നെ ആയിരുന്നു.'

നാലു കൊല്ലങ്ങൾക്കു മുമ്പ് ഒരിക്കൽ ഞാൻ ഒരു ത്ര്യന്തം ദീനത്തിൽപ്പെട്ടു. എ[illegible]ളിയത്തെ ചുണ്ടിന്മേൽ വല്ലാത്ത ഒരു കുരു) വന്നു. സുഖക്കേട് കഠി

ശൽ ആയി. ജീവിച്ചുപോരുന്ന കാൎയ്യം പലരും സംശയിച്ചു. ഞാൻ വാസ്തവത്തിൽ മരണദേവതയുടെ വായിലോളം എത്തി. ഞാൻതന്നെ തീരെ നിരാശനായിത്തീൎന്നു. അപായകരമായ ഈ ഘട്ടത്തിൽ എന്റെ ബന്ധുക്കളിൽ ഒരാൾ ഒരു സന്യാസിയെ അവിടെ കൊണ്ടുവന്നു. എവിടെനിന്നാണെന്നു ദൈവത്തിന്നു മാത്രമേ അറിവുള്ളു. എന്തോ ഒരു പച്ചമരുന്നു അരച്ചു ഗുളികയാക്കി നെയ്യിൽ പൊതിഞ്ഞു വിഴുങ്ങുവാൻ ആ യതിവൎയ്യൻ എന്നോടു ആജ്ഞാപിച്ചു. എങ്ങിനെയോ, എന്തോ, ഞാൻ രക്ഷപ്പെട്ടു. ആ മരുന്നിന്റെ ശക്തിയോ വെറും 'ഭാഗ്യ'മോ എന്നു എനിക്കു തീൎച്ചയില്ല.'

'ഞാൻ ദീനത്തിൽ കിടന്നിരുന്ന കാലത്തു എന്റെ ഭാൎയ്യക്കു ഒരു മിനുട്ടുനേരത്തെ സ്വസ്ഥതപോലും ഉണ്ടായിട്ടില്ല. അവൾ—തീരെ അശക്തയായ ആ യുവതി,—എന്നെവന്നു ആക്രമിച്ചുംകൊണ്ടിരുന്ന യമകിങ്കരന്മാരോടു നിരന്തരം അക്ഷീണമായി മല്ലടിക്കുകയും അവളെക്കൊണ്ടു കഴിയുന്നതിൽ അധികം എന്നെ ശുശ്രൂഷിക്കുകയും ചെയ്തു. ഉത്തമയായ ഒരു മാതാവു ഒററയായ തന്റെ ഓമനപ്പുത്രനെ മാറോടണച്ചു ബാഹുലതകളാൽ അമൎത്തിപ്പിടിച്ചു ലാളിച്ചു രക്ഷിക്കുന്നതുപോലെ, അവൾ— എന്റെ ഭാൎയ്യ— അതിഭക്തിയോടും സ്നേഹാധിക്യത്തോടും നിഷ്കാമബുദ്ധിയോടും കൂടി എന്നെ— അത്രയും ആദരത്തേയും സ്നേഹത്തേയും അൎഹിക്കാത്ത നീചനായ എന്നെ—അവളുടെ മുഴുവൻ സ്നേഹത്തോടും ഹൃദയത്തോടും സൂക്ഷ്മതയോടുംകൂടി പരിപാലിച്ചു. അവൾക്കു് അക്കാലങ്ങളിൽ വേണ്ട സമയത്തു് ഉറക്കവും ഭക്ഷണവും ഉണ്ടായിട്ടില്ല. അവൾക്കു് എന്റെ കാൎയ്യത്തിലല്ലാതെ മററു യാതൊന്നിലും അന്നു ശ്രദ്ധയുണ്ടായിരുന്നില്ല. അവളുടെ ഇഹവും പരവും എല്ലാം ഞാൻ തന്നെ ആയിരുന്നു. മരണദേവത, ചാട്ടത്തിൽ തടയപ്പെട്ട ഒരു പുലിയെപ്പോലെ, മനമില്ലാമനസ്സോടുകൂടി അതിന്റെ ഇരയാകേണ്ടിയിരുന്ന എന്നെ വിട്ടേച്ചുപോയെങ്കിലും, പോണ പോക്കിൽ ആഞ്ഞു് അടിച്ച ഒരു അടി എന്റെ ഭാൎയ്യക്കു നല്ല കണക്കിൽ കൊണ്ടു.'

'അവൾ അന്നു ഗൎഭിണിയായിരുന്നു. കാലതാമസംകൂടാതെ പ്രസവം കഴിഞ്ഞു. കഷ്ടം! അവൾ ഒരു മൃതശരീരത്തെ ആണു് അവളുടെ ഗൎഭത്തിൽ വഹിച്ചിരുന്നതു്. പ്രസവം മുതൽ അവൾ ഇന്നതെന്നില്ലാതെ അനവധി സുഖക്കേടുകളാൽ പീഡിതയായി. അവളെ ശുശ്രൂഷിക്കേണ്ടതു് ഇപ്പോൾ എന്റെ [illegible]. ഞാൻ എററവും സന്തോഷത്തോടുകൂടി അതിൽ ഏൎപ്പെട്ടു; എങ്കിലും അവൾക്കു് അതിൽ വളരെ അസഹ്യത തോന്നി. 'ഛേ! നിങ്ങൾ എന്താണു് ഈ കാട്ടുന്നതു്. വല്ലവരും കണ്ടാൽ എന്തു വിചാരിക്കും? ദയവു ചെയ്തു് ഇങ്ങിനെ രാവും പകലും എന്റെ മുറിയിൽ വന്നു് എന്നെ ശുശ്രൂഷിക്കാതിരിപ്പാനപേക്ഷ.' എന്നും മററും അവൾ എന്നോടു പറയും. [illegible] നെ അല്ലാതെ ഭൎത്താവു ഭാൎയ്യയെ ശുശ്രൂഷിക്കുന്നതു് ഉത്തമവും [illegible] ന്ന സാധുവായ അവൾ [illegible] രുന്നു!'

'അവളുടെ കിടക്കയുടെ സമീപം ഇരു
ന്ന് ഞാൻ എത്ര നേരത്തോളം വീശുന്നു എ
ന്ന ഭാവത്തോടെ വിശറി എടുത്തു വീശി
ത്തുടങ്ങിയപ്പോൾ അവൾ അറപ്പോടുകൂടി എ
ന്റെ കയ്യുകടന്നു പിടിച്ചു മാർപ്പൊടു ചേർത്തു
വിധം ഓരോന്നെല്ലാം പറയുവാൻ തുട
ങ്ങും. എന്റെ ഭക്ഷണസമയം പതിവിൽ
പത്തു മിനുട്ടെങ്കിലും വൈകിപ്പോയാൽ അ
വൾ ആകുലപ്പെടും. എത്ര നിസ്സാരമായ
തായാലും [illegible], വല്ല സഹായവും
ഞാൻ ചെയ്താൽ അതെല്ലാം അവൾക്കു
മനോവേദനയെയും അസഹ്യതയെയും അ
ല്ലാതെ ഒരിക്കലും സംതൃപ്തിയെയോ സമാ
ധാനത്തെയോ ഉണ്ടാക്കിയില്ല. ഒരു ഭാര്യ
യുടെ നിസ്സാരമായ സുഖക്കേടിൽ ഇത്രവ
ളരെ ലഹളകൂട്ടുന്ന ഭർത്താവ് 'പുരുഷൻ'
എന്ന പേരിന്ന് അർഹനല്ലെന്നുകൂടി അ
വൾ ഒരിക്കൽ പറഞ്ഞു.'

'സാരനഗര'ത്തിലുള്ള ഞങ്ങളുടെ
വീട് നിങ്ങൾ പക്ഷേ കണ്ടിട്ടുണ്ടായിരി
ക്കാം. വീട്ടിന്നു മുൻവശത്തു നല്ല ഒരു ഉ
ദ്യാനമുണ്ട്. അതിന്നപ്പുറത്ത് അടുത്തുകൂ
ടിയാണ് ഗംഗാനദി പ്രവഹിക്കുന്നത്.
ഞങ്ങളുടെ ശയനമുറിക്കു നേരെ താഴെ
അല്പം തെക്കോട്ടു നീങ്ങി മുറ്റത്തിന്റെ ക
ഷ ഭാഗം ചെത്തി വെടുപ്പു വരുത്തി എ
ന്റെ ഭാര്യ അവളുടെ മനസ്സിന്നു ബോധി
ച്ചവിധത്തിൽ ഒരു ചെറിയ പൂന്തോട്ടം ഉ
ണ്ടാക്കീട്ടുണ്ട്. അതിന്റെ അതിരുകളെ
ല്ലാം മുല്ലവള്ളികളാൽ അലംകൃതങ്ങളാ
ണ്. തോട്ടത്തിന്നു വലിയ ധാടിയോ മോ
ടിയോ അശേഷം ഇല്ല. തീരെ നാടൻരീ
തിയിലാണ്. വളരെ ചെറിയതുമാ
ണ്. വർണ്ണഭേദങ്ങളാൽ കാണികളുടെ ക
ണ്ണഞ്ചെട്ടു മഞ്ഞളിപ്പിക്കുന്ന ചെടികളുടെ
സുന്ദരതയോ, ഉന്മേഷകരങ്ങളായ സുഗ
ന്ധങ്ങളോടുകൂടിയ പുഷ്പങ്ങളുള്ള ലതകളു
ടെ ആധിക്യമോ, പുഷ്പങ്ങളെ കാണാൻ വ
യ്യാത്തവിധത്തിൽ ഇലകൾ ധാരാളമായി
വളർന്നിട്ടുള്ള മരങ്ങളോ, ആ തോട്ടത്തിലു
ണ്ടായിരുന്നില്ല. ആരും കാണാത്ത ചില
പാശ്ചാത്യച്ചെടികൾ ഭംഗിയുള്ള മൺച
ട്ടികളിൽ അവയെ തിരിച്ചറിയുന്നതിന്നു
ലത്തീൻ' ഭാഷയിൽ പേരെഴുതീട്ടുള്ള കട
ലാസ്സുകഷ്ണങ്ങളോടുകൂടി കാറ്റത്താടി വി
ജയപതാകകളെപ്പോലെ ലാലസിക്കുന്നതു
കാണേണമെങ്കിൽ ആ തോട്ടത്തിൽ സാ
ധിക്കയില്ല. പുഷ്പിക്കയോ, കായ്ക്കുകയോ
ചെയ്യാത്ത വെറും കാട്ടുചെടികളെ ആ
തോട്ടത്തിന്റെ ഉടമസ്ഥ ആദരിച്ചിരുന്നി
ല്ല. മുല്ല, പിച്ചകം, തുളസി, പനീർപ്പി
ച്ചകം, അശോകം മുതലായവയെല്ലാമായി
രുന്നു ആ തോട്ടത്തിൽ വിളങ്ങിക്കൊണ്ടിരു
ന്നത്. തോട്ടത്തിന്റെ നടുക്കു വലിയ ഒരു
അശോകമരം ഉണ്ടായിരുന്നു. അതിന്നു
വിശേഷമായ ഒരു തറ കെട്ടി മുഴുവൻ വെ
ണ്ണക്കല്ലുകൊണ്ടു പടുത്തിരുന്നു.'

'വേനല്ക്കാലത്തു വീട്ടുപണികളിൽ
നിന്ന് ഒഴിവുകിട്ടുന്ന അവസരങ്ങളിൽ അ
വൾ ഈ അശോകത്തറയെ അവളുടെ
ഏകാന്തസങ്കേതമാക്കിയിരുന്നു. അവിടെ ഇരു
ന്നാൽ പ്രശാന്തഗംഭീരഭാവത്തിൽ ഇരു
പാർശ്വങ്ങളിലും ഉള്ള ഫലവൃക്ഷങ്ങളെ മന
സ്സു തെളിഞ്ഞൊഴുകുന്ന ഗംഗാനദിയെ
സകൗതുകം കാണാമായിരുന്നു. ചെറുതോ
ണികളിൽ ഇരുന്നു നദീമാർഗ്ഗമായി കയ
റിപ്പിടിച്ചുപോകുന്ന ചില്ലറ ഉദ്യോ
സ്ഥന്മാർക്ക് അവളെ കാണുവാൻ സാധി
ക്കയും ഇല്ലായിരുന്നു.'

'എന്റെ ഭാര്യയുടെ സുഖക്കേടിന്നു വലിയ ഭേദം ഒന്നും കണ്ടില്ല. ഒരു ദിവസം അവൾ, അകത്തു കിടന്നു കിടന്ന് വല്ലാതെ ദേഹമെല്ലാം മരവിച്ചതുപോലെ തോന്നുന്നു എന്നും, പതുക്കെ ഒന്നു പുറത്തിറങ്ങി ആ തോട്ടത്തെ പ്രാപിച്ച് ആ അശോകത്തറമേൽ അല്പം വിശ്രമിച്ചാൽ കൊള്ളാമെന്നുണ്ടെന്നും എന്നോടു പറഞ്ഞു. അവളെ ഞാൻ സാവധാനത്തിലും വളരെ സൂക്ഷ്മത്തോടുകൂടിയും താങ്ങി എടുത്തു പതുക്കെ ആ തറമേൽ കൊണ്ടുവന്നു കിടത്തി. ക്ഷീണിച്ചിരിക്കുന്ന അവളുടെ ഉത്തമാംഗത്തെ ഞാൻ സസന്തോഷം മടിയിൽവെച്ച് അരികത്തിരിക്കുമായിരുന്നു. പക്ഷേ, അവൾക്കു എന്റെ ആ പ്രവൃത്തി അസഹ്യതയെ ഉണ്ടാക്കുമെന്ന് എനിക്കു നല്ല ബോദ്ധ്യമുള്ളതുകൊണ്ടു ഞാൻ അതിന്നു തുനിഞ്ഞില്ല. ആകയാൽ അവളുടെ ശിരസ്സിന് ഒരു തലേണമാത്രം ആധാരമായിത്തീർന്നു.'

'പൂർണ്ണമായി വികസിച്ച അശോകപുഷ്പങ്ങൾ ഓരോന്നോരോന്നായി താഴെ വീണുകൊണ്ടിരുന്നു. തരുശാഖകളുടെ ഇടയിൽക്കൂടി ഒളിച്ചുകടക്കുന്ന ചന്ദ്രരശ്മി ക്ഷീണിച്ചു വാടിവിളർത്ത അവളുടെ മുഖത്തു പതിച്ചു. എന്തെന്നില്ലാത്ത ഒരു നിശ്ശബ്ദത അവിടെ എല്ലാം വ്യാപിച്ചിരുന്നു. പുതുപുഷ്പഗന്ധത്തെ വഹിച്ചുംകൊണ്ടു മന്ദമാരുതൻ ചെടികൾക്കിടയിൽ കളിച്ചുകൊണ്ടിരുന്നു. ഞാൻ അവളുടെ സമീപത്തു തരുച്ഛായയാൽ ചന്ദ്രിക നല്ലപോലെ തെളിയാതെ നിഴൽ ബാധിച്ചിട്ടുള്ള ഒരു സ്ഥലത്തു മിണ്ടാതെ ഓരോ മനോരാജ്യങ്ങളിൽ മനസ്സിനെ അറിയാതെ വ്യാപരിപ്പിച്ചുംകൊണ്ടു സ്വസ്ഥമായിരുന്നു. പെട്ടെന്നു ഞാൻ അവളുടെ മുഖത്തേക്കു നോക്കി. ഒരിക്കൽ സൌന്ദര്യലക്ഷ്മി വിളയാടിയിരുന്ന ആ കോമളമുഖം വാടിവിളർത്ത്, കവിളുകൾ ഒട്ടിക്കണ്ടപ്പോൾ എന്റെ കണ്ണുകളിൽ താനേ വെള്ളം നിറഞ്ഞു. ഞാൻ പതുക്കെ അവളെ സമീപിച്ച്, അവളുടെ പനിപിടിച്ചു ബലമില്ലാതെ ശോഷിച്ച കൈകളിൽ ഒന്ന് എന്റെ രണ്ടു കയ്യിലുംകൂടി സാവധാനത്തിൽ എടുത്തു. അവൾ അതിന്നു തടസ്സം നടിച്ചില്ല. ആ നിലയിൽ ഞാൻ സ്വല്പം സമയം അവിടെ ഇരുന്നു. എന്റെ മനസ്സു വികാരപരിപൂർണ്ണമായിത്തീർന്നു എല്ലാം മറന്ന്, ഒരു നിമിഷത്തിൽ ഞാൻ 'നിന്റെ നിഷ്കളങ്കമായ അനുരാഗമാഹാത്മ്യത്തെ ഞാൻ ഒരിക്കലും മറക്കുന്നതല്ല' എന്ന് അവളോടു പറഞ്ഞു.'

'അപ്പോൾ അശേഷം ആവശ്യമില്ലാതിരുന്ന വാക്കുകളാണ് ഞാൻ പറഞ്ഞതെന്ന് എനിക്ക് ഉടനെ തോന്നി. എന്റെ ഭാര്യ ഉറക്കെ പൊട്ടിച്ചിരിച്ചു. ആ ചിരിക്കു വളരെ അർത്ഥമുണ്ടായിരുന്നു. താഴ്മയോടു ചേർന്ന ഒരു ലജ്ജയും, സമാധാനത്തോടു ചേർന്ന സംതൃപ്തിയും, ന്യായമായ ഒരു അവിശ്വാസവും, മർമ്മം തുളയ്ക്കുന്ന പുച്ഛത്തിന്റെ ഛായയും ആ ശബ്ദത്തിൽ അന്തർഭവിച്ചിട്ടുള്ളതായി എനിക്ക് ആലോചിക്കുംതോറും അധികമധികം സ്പഷ്ടമായി തോന്നി. നിഷേധരൂപമോ വിധിരൂപമോ ആയ ഒരു വാക്കുപോലും അവൾ ശബ്ദിച്ചില്ല. എങ്കിലും ആ ചിരികൊണ്ടു അവളുടെ മനസ്സിൽ കഴിഞ്ഞ വിചാരങ്ങൾ എന്തെല്ലാമെന്നു ഞാൻ വേണ്ടപോലെ ധരിച്ചു.

ഞാൻ അവളെ ഒരിക്കലും സന്തോഷിപ്പിക്കുന്ന പറഞ്ഞതു തീരെ ഉണ്ടാകാത്തതാണെന്ന് അവൾ വിശ്വസിക്കുന്നു എന്നും, അവൾ അത്രയും ആശിച്ചിട്ടില്ലെന്നും അവളുടെ ഉച്ചത്തിലുള്ള ചിരിയുടെ ശബ്ദം എന്റെ കൎണ്ണരന്ധ്രങ്ങളിൽ ഉറക്കെ വിളിച്ചു പറയുന്നതായി എനിക്കു തോന്നി.'

'മാധുൎയ്യമുള്ളതാണെങ്കിലും ഹൃദയത്തെ തുളയ്ക്കുന്ന അവളുടെ ചിരിയെ— എന്തുപറഞ്ഞാലും അവൾ ഒക്കെ ചിരിയിൽ കഴിക്കും— ഞാൻ പൂൎണ്ണമായി ഭയപ്പെട്ടിരുന്നു. ആ പേടികൊണ്ടാണ് ഞാൻ അവളുടെ അടുക്കൽ കൎമ്മോന്മുഖന്റെ നിലയിൽ ഫലിതോക്തികളും, വിശേഷപ്പെട്ട ചാടുവാക്യങ്ങളും ഉപയോഗിച്ച് ഒരു കഥയിലെ നായകനെപ്പോലെ വൎത്തിക്കേണമെന്നുള്ള എന്റെ അഭിലാഷത്തെ അനുഭവയോഗ്യമാക്കിത്തീൎക്കുന്നതിന്ന് എനിക്ക് സാധിക്കാതെ വന്നിട്ടുള്ളത്. അവൾ അടുത്തില്ലാതിരിക്കുമ്പോൾ ഞാൻ അതുമിതുമെല്ലാം വിചാരിച്ചുറയ്ക്കും. അവളുടെ അടുക്കൽ ചെല്ലുമ്പോൾ എന്റെ വിചാരങ്ങൾക്കും ആഗ്രഹങ്ങൾക്കും ഒന്നും ഒരു ഗൌരവമില്ലെന്ന് എനിക്കു താനേതന്നെ തോന്നിപ്പോകും. അങ്ങിനെ തല്ക്കാലം തോന്നാതെ ഞാൻ വല്ലതും 'പൊട്ടിച്ചാൽ' അവൾ ഉറക്കെ ചിരിച്ചുതുടങ്ങും. ആ ചിരി കേൾക്കുമ്പോൾ എനിക്കുതന്നെ ലജ്ജ തോന്നും. ഒരു കാവ്യപുസ്തകത്തിൽ ഒാച്ചുടിയിൽ വായിച്ചപ്പോൾ എന്നെ പലവിധവികാരങ്ങളാലും ഇളക്കി എന്റെ കണ്ണുകളിൽ അശ്രുധാര ഉണ്ടാക്കിയ പദങ്ങളും വാക്യങ്ങളും ഞാൻ പറഞ്ഞുകേൾക്കുമ്പോൾ, എന്റെ പ്രിയതമ വെറുതെ പൊട്ടിച്ചിരിക്കുന്നതെന്താണെന്നു ഞാൻ പല പ്രാവശ്യം ആലോചിച്ചിട്ടുണ്ട്. ഇനിയും എനിക്ക് അതെന്തെന്നു മനസ്സിലായിട്ടില്ല. അവൾ എന്റെ വാക്കുകൾക്കു വാക്കുകളാൽ തന്നെ ഒരു മറുവടി തന്നിരുന്നു എങ്കിൽ, അതിനെ നിഷേധിക്കയോ ഖണ്ഡിക്കയോ മറ്റോ ചെയ്യാമായിരുന്നു. സമാധാനം പറയുന്നതിനുപകരം വെറും ചിരിച്ചാൽ എന്തു ചെയ്യും! തന്നിമിത്തം എനിക്ക് ആ അവസരങ്ങളിൽ വെറുതെ മൌനം ദീക്ഷിക്കേണ്ടിവന്നു.'

'ചന്ദ്രൻ മേഘപടലങ്ങളിൽ നിന്നു പുറത്തുവന്നു പരിശുദ്ധമായ തന്റെ പ്രകാശത്താൽ ദിക്കെങ്ങും പ്രശോഭിതമാക്കി ചെയ്തു. അടുത്ത് ഒരു മരത്തിന്മേൽനിന്നു ഒരു കുയിൽ, 'കൂ കൂ' എന്നു പാടിക്കൊണ്ട് അതിന്റെ ആ സ്വസ്ഥതയെ പ്രത്യക്ഷപ്പെടുത്തി. ആ പക്ഷിയുടെ ഇന്നു ഈ വിശേഷമായ രാത്രിയിൽ തീരെ ചെവി കേൾക്കാതായിപ്പോയോ എന്നു ഞാൻ അത്ഭുതപ്പെട്ടു.'

'എന്റെ ഭാൎയ്യയുടെ സുഖക്കേട് എന്തുചെയ്തിട്ടും കഴിഞ്ഞുപോകുവാൻ മനസ്സുള്ളതായി കാണപ്പെട്ടില്ല. മരുന്നുകൾ എല്ലാം വ്യൎത്ഥങ്ങളായി. വൈദ്യന്മാൎക്കെല്ലാം ഇച്ഛാഭംഗമായി. ഒരു 'സ്ഥലംമാററം' ഉചിതമായിരിക്കുമെന്നു വൈദ്യൻ അഭിപ്രായപ്പെട്ടു. ഞാൻ അവളെ അടുത്ത ദിവസം തന്നെ 'അലഹബാദി'ലേയ്ക്കു കൊണ്ടുപോയി.'

ദക്ഷിണബാബു വേഗം വേഗം കഥ പറഞ്ഞുകൊണ്ടിരുന്നു എങ്കിലും ഈ ഘട്ടത്തിൽ എത്തിയപ്പോൾ പെട്ടെന്നു നിൎത്തി എന്റെ മുഖത്തേക്കു സംശയഭാവത്തിൽ ഒന്നു നോക്കിക്കൊണ്ട് അദ്ദേഹം

ഇരുന്നിരുന്ന ഇരിപ്പിൽത്തന്നെ ഒന്നു മുമ്പോട്ടു ചാഞ്ഞു ശിരസ്സിനെ രണ്ടു കയ്യുകൊണ്ടും താങ്ങി കുറച്ചുനേരം വിചാരമഗ്നനായി ഇരുന്നു. ഞാനും ഒന്നും മിണ്ടാതെ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു. മൂലയിൽ ഇരുന്നിരുന്ന വിളക്കിന്റെ പ്രഭ കുറഞ്ഞുകുറഞ്ഞു വന്നു. മുറിയിൽ അങ്ങുമിങ്ങും പാറിനടക്കുന്ന കൊതുവിന്റെ മൂളിച്ച ആ നിശ്ശബ്ദതയിൽ വിശദമായി കേൾക്കാമായിരുന്നു. പെട്ടെന്നു തലപൊന്തിച്ചു ദക്ഷിണബാബു വീണ്ടും കഥ തുടർന്നു.

'അലഹബാദിൽ അവൾ ഡോക്ടർ ഹേര'ന്റെ ചികിത്സയിലായിരുന്നു. കുറച്ചുകാലം അങ്ങിനെ കഴിഞ്ഞു. ഫലം ഒന്നും ഉണ്ടായില്ല. ദീനം തീരെ മാറാത്തതാണെന്നും ഇനിയുള്ള ആയുഷ്കാലം മുഴുവനും അവൾ രോഗിണിയായിത്തന്നെ കഴിക്കേണ്ടിവരുമെന്നും ഡോക്ടർ അഭിപ്രായപ്പെട്ടു. ഞാനും അത്രതന്നെ ഊഹിച്ചിരുന്നു. അവൾക്കും വാസ്തവം പ്രത്യക്ഷപ്പെട്ടു.'

'എത്ര കാലം ഞാൻ ഇങ്ങിനെ ചാകാതെ കിടക്കുമെന്ന് ഒരു നിശ്ചയമില്ല. എത്ര കിടന്നാലും ദീനം മാറുന്നതല്ലെന്നു തീർച്ചയാണ്. എന്റെ ഈ സ്ഥിതിയിൽ ഞാൻ മരിച്ചതിനു തുല്യമാണ്. അങ്ങ് എത്ര കാലമാണ് ഈ ജീവച്ഛവത്തെ നോക്കിക്കൊണ്ടിരിക്കുവാൻ പോകുന്നത്? രണ്ടാമതൊരു ഭാര്യയെ സ്വീകരിക്കുന്നത് ഉത്തമമായിരിക്കും. ഞാൻ അതിന്നു അപേക്ഷിക്കുന്നു.' എന്നിങ്ങിനെ ഒരു ദിവസം അവൾ എന്നോടു നേരിട്ടുതന്നെ പറഞ്ഞു. അതു ബുദ്ധിപൂർവ്വമായ ഒരു ഉപദേശം, അവശ്യം വേണ്ടതായ ഒരു കാര്യം, കാര്യഗ്രഹണത്തോടുകൂടിയുള്ള ഒരു അഭിപ്രായം, എന്നല്ലാതെ, ആ വാക്കിൽ അല്പമെങ്കിലും സ്വാർത്ഥത്യാഗമോ, ധീരതയോ, മഹാമനസ്കതയോ ഉടത്തിട്ടുണ്ടെന്നു ഒരു ഭാവമേ അവളുടെ മുഖത്തു പ്രകാശിച്ചില്ല.'

'ഇപ്പോൾ പൊട്ടിച്ചിരിക്കുന്നതിന് എനിക്കും ഒരു സന്ദർഭം കിട്ടി. പക്ഷേ എനിക്ക് അവളെപ്പോലെ ചിരിക്കുന്നതിനുള്ള സാമർത്ഥ്യമുണ്ടോ? ഞാൻ ചിരിച്ചില്ല. ഒരു നോവലിലെ നായകനെപ്പോലെ ഞാൻ നിവർന്നുനിന്നു വളരെ ഗൗരവത്തിലും, അന്തസ്സിലും, ഒരു പ്രസംഗം ചെയ്വാനാണ് ആരംഭിച്ചത്. 'എന്റെ നാഡികളിൽക്കൂടി ചൂടുള്ള രക്തം ഒഴുകുന്ന കാലത്തോളം —' എന്നിത്രയും ഞാൻ പറഞ്ഞപ്പോഴേക്കും അവൾ എന്നെ തടഞ്ഞു പറഞ്ഞു. 'മതി, മതി, അധികം നീട്ടണ്ടാ. അങ്ങയുടെ വാക്കുകൾക്ക് ആവശ്യത്തിൽ കവിഞ്ഞ ശക്തിയുണ്ട്.'

'എന്റെ പരാജയത്തെ ഞാൻ ധീരതയോടെ സമ്മതിക്കാതെ 'ഈ ലോകത്തിൽ ഇനി ഒരു സ്ത്രീയെ സ്നേഹിക്കുന്നതിന്നു എന്റെ മനസ്സിന്നു ശക്തിയില്ല' എന്നു തുടർച്ചയായി പറഞ്ഞു. ഇതു കേട്ടപ്പോൾ എന്റെ ഭാര്യ പൊട്ടിച്ചിരിച്ചു. എനിക്കു ഉടനെ പ്രസംഗം നിർത്തേണ്ടിവന്നു.'

'അന്ന് എന്റെ മനസ്സിനെ ഞാൻ വഞ്ചിച്ചുവോ എന്നു എനിക്കു തീർത്തുപറഞ്ഞുകൂടാ. ഇന്നു അതിനെപ്പറ്റി ആലോചിക്കുമ്പോൾ, മാറാത്ത രോഗത്തിൽ കിടന്നു വലയുന്ന ഒരു സ്ത്രീയെ ആശയില്ലാതെ ശുശ്രൂഷിക്കുന്നതിൽ എനിക്കു കുറേശ്ശെ വിരക്തി തോന്നിത്തുടങ്ങീട്ടുണ്ടായിരുന്നു എന്നുതന്നെ പറയണം. അവളെ ഉ

പേക്ഷിച്ചു വിട്ടുപോകേണമെന്നു ഞാൻ ആഗ്രഹിച്ചിരുന്നില്ല. എങ്കിലും എന്റെ ജീവകാലം മുഴുവനും ഒരു രോഗിണിയുമായി കഴിക്കേണമെന്നുള്ള സംഗതി എന്റെ മനസ്സിന്നു വളരെ അസഹ്യതയുണ്ടാക്കി. ഞാൻ യൌവനയുക്തനായിരുന്ന കാലത്തു, ലോകവ്യവഹാരത്തിലോ ജീവിതപരിചയമോ ഇല്ലാതിരുന്ന 'ചോരത്തിളപ്പ്' കാലത്തു, ഞാൻ എന്റെ മുമ്പിൽ കണ്ട ലോകം എത്ര മഹത്തായതായിരുന്നു! ഞാൻ മുന്നോട്ടു നോക്കിയപ്പോൾ, പ്രകാശമാനമായതും സന്തോഷകരമായതും ആയ ലോകത്തെയാണു അന്നു കണ്ടതു; അനുരാഗമന്ത്രത്തിന്റെ അപാരശക്തിയാൽ മനോഹരമായ ഒരു ലോകത്തെയാണു ഞാൻ കണ്ടതു; ഭൂരിഭാഗ്യത്തിലേക്കുള്ള രമണീയങ്ങളായ രാജവീഥികളുടെ ഇല്ലാത്ത മോടികളാണു എന്നെ ആകർഷിച്ചതു്; സൌന്ദര്യമെന്ന 'മൃഗതൃഷ്ണ'യാൽ സുഖപ്രദങ്ങളെന്നു ഞാൻ തെറ്റിദ്ധരിച്ച ഭൂഭാഗങ്ങളെ ആണു് അന്നു കണ്ടതു്! എല്ലാം യൌവനത്തിലെ വ്യാമോഹങ്ങൾതന്നെ; പരിചയക്കുറവുതന്നെ! ഇനിയുള്ള എന്റെ ജീവിതകാലം വിസ്താരമേറിയതും, ഉണങ്ങി വരണ്ടതും, ഫലപുഷ്ടി തീരെ ഇല്ലാത്തതും, ചുട്ടുപൊള്ളുന്നതും ആയ ഒരു മരുഭൂമിതന്നെ! എന്നിങ്ങിനെയുള്ള വിചാരങ്ങളാൽ എന്റെ മനസ്സു തദവസരത്തിൽ വ്യാകുലപ്പെട്ടിട്ടുണ്ടായിരിക്കണം.'

'എന്റെ മനോവികാരങ്ങളുടെ ഗതിഭേദത്തെ അവൾ ധരിച്ചിരുന്നിരിക്കണം. അവളെ പരിപാലിക്കുന്നതിൽ എനിക്കു കുറെ വിരക്തി തോന്നിത്തുടങ്ങിയതായി അവൾ അന്നു ഊഹിച്ചിരിക്കണം. ഞാൻ അന്നു അതു് അശേഷം ആലോചിച്ചിട്ടില്ലെങ്കിലും, അവൾ എന്റെ വികാരങ്ങളെ ഒരു വെറും നിലത്തെഴുത്തുപുസ്തകത്തിലെ അക്ഷരങ്ങളെ എന്നപോലെ അത്ര എളുപ്പത്തിലും തെറ്റാതെയും വായിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. എനിക്കു ഇന്നു് ആ കാര്യം തീർച്ചയായിത്തന്നെ പറയാം. അതുകൊണ്ടു ഞാൻ ഒരു നോവലിലെ നായകനെപ്പോലെ എന്റെ അനുരാഗദാർഢ്യത്തെ ഉചിതങ്ങളും ശക്തിയുക്തങ്ങളും ആയ വാക്കുകളാൽ പ്രദർശിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അവൾ പൊട്ടിച്ചിരിച്ചതിൽ അത്ഭുതമില്ല. അവളുടെ മനസ്സിൽ എന്റെ വാക്കുകൾ വല്ലാത്ത വികാരങ്ങളെ ഉളവാക്കുകയും അവൾക്കു് അടക്കിയാൽ അടങ്ങാത്ത ഹാസ്യരസപ്രധാനമായ ഒരു തമാശ തോന്നുകയും ചെയ്തതിനാലായിരിക്കണം അവൾ ഉറക്കെ ചിരിച്ചതു്. എനിക്കുതന്നെ ഇന്നതെന്നു വിവരിക്കുന്നതിന്നു സാധിക്കാത്തവയായിരുന്ന എന്റെ മനസ്സിന്റെ അഗാധത്തിലുള്ള സ്വകാര്യവികാരങ്ങളെ അവൾ നിഷ്പ്രയാസം പരിശോധിച്ചു് അവയുടെ ഗുരുലഘുത്വഭേദത്തെയും വ്യത്യാസത്തെയും കൃത്യമായി പരിഗണനം ചെയ്ത സംഗതി ആലോചിക്കുമ്പോൾ എനിക്കു് ഇന്നുംകൂടി അത്യന്തം ലജ്ജ തോന്നുന്നു.'

'ഡോക്ടർ ഹരൻ' എന്റെ സജാതീയനായിരുന്നു. എന്നെ അദ്ദേഹം പലപ്പോഴും അദ്ദേഹത്തിന്റെ വീട്ടിലേക്കു ഭക്ഷണത്തിന്നു ക്ഷണിക്കാറുണ്ട്. ഒന്നുരണ്ടു കുറി ഞാൻ ആ ക്ഷണം സ്വീകരിച്ചതിന്റെ ശേഷം ഒരിക്കൽ എന്നെ അദ്ദേഹം അദ്ദേഹത്തിന്റെ മകളുമായി പരിചയപ്പെടുത്തി. അവൾ കന്യകയായിരുന്നു. പ്രായം ഒരു പതിനഞ്ചു വയസ്സുണ്ടായിരുന്നു. യോഗ്യനായ ഒരു വരനെ കണ്ടുകിട്ടാഞ്ഞതുകൊണ്ടാണ് അതുവരെ അവളുടെ വിവാഹം കഴിയാത്തത് എന്നാണ് അവളുടെ പിതാവ് എന്നോ

പറഞ്ഞത്. എന്നാൽ ജനശ്രുതി അങ്ങിനെ അല്ലായിരുന്നു. അവരുടെ തറവാട്ടിന്ന് എന്തോ ഒരു 'പതിത്വം' ഉണ്ടായിരുന്നതുകൊണ്ടു ഭേദപ്പെട്ടവരാരും അവരുമായുള്ള ബന്ധുതയെ കാംക്ഷിച്ചിരുന്നില്ലെന്നായിരുന്നു ജനങ്ങളുടെ ഇടയിൽ സംസാരം.'

'എന്തായാലും വേറെ തരക്കേടൊന്നും ഉണ്ടായിരുന്നില്ല. കുട്ടി അതിസുന്ദരിയായിരുന്നു. നവീനസമ്പ്രദായത്തിൽ വേണ്ടപോലെ വിദ്യാഭ്യാസവും കഴിച്ചിട്ടുണ്ടായിരുന്നു. അവളുടെ വാക്‌സാമർത്ഥ്യം വിസ്മയനീയമായിരുന്നു. ഞാൻ പലപ്പോഴും അവളുമായി പല സംഗതികളെക്കുറിച്ചും സംസാരിക്കാറുണ്ട്. സംഭാഷണത്തിനിടയിൽ നേരം പോകുന്നതുതന്നെ ചിലപ്പോൾ അറിയാറില്ല. അവളുമായി ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു രാത്രി ഞാൻ താമസസ്ഥലത്തു മടങ്ങി എത്തുമ്പോൾ നേരം വളരെ വൈകിപ്പോകും. അതെന്നെല്ലാം എന്റെ ഭാര്യക്കു മരുന്നു കൊടുക്കുവാനുള്ള നിശ്ചിതസമയം എനിക്കു തെറ്റിക്കേണ്ടിവരും. ഞാൻ ഡോക്ടരുടെ വീട്ടിലായിരുന്നു എന്ന് അവൾക്ക് അറിവാമായിരുന്നു. എങ്കിലും അവൾ ഒരിക്കൽ പോലും താമസത്തിനുള്ള കാരണത്തെക്കുറിച്ചു ചോദിച്ചിട്ടില്ല.'

'ഒരിക്കൽക്കൂടി, ഞാൻ മണലാരണ്യത്തിന്റെ നടുക്കു ഫലപുഷ്പിയുള്ളതും മനോഹരമായതും ആയ ഒരു പച്ചസ്ഥലം കണ്ടുതുടങ്ങി. സ്വപ്നപ്രായങ്ങളായ ചില നൂതനവികാരങ്ങളാകുന്ന മൃഗതൃഷ്ണയാൽ എന്റെ നേത്രങ്ങളും മനസ്സും ആകർഷിക്കപ്പെട്ടു. ഏറ്റവും ദാഹിച്ചിരിക്കുമ്പോൾ അച്ഛസ്ഫടികപ്രകാശമുള്ള ശുദ്ധജലപൂർണ്ണമായ ഒരു മനോഹരനദിയെ ഞാൻ എന്റെ കണ്ണുകൾക്കു മുമ്പാകെ അടുത്തുകണ്ടു. ശൂന്യമായിത്തീർന്ന എന്റെ ജീവിതകാലത്തെ ഫലപുഷ്പിയുള്ളതും വൈശിഷ്ട്യത്തോടുകൂടിയതും ആക്കിത്തീർക്കുന്നതിനു മതിയായ ആശിക്കത്തക്ക ഒരു സാധനം, കൈ നീട്ടിയാൽ പിടിക്കാവുന്ന അത്ര അടുത്തു ലാലസിച്ചുംകൊണ്ട് എന്നെ കേവലം ഭ്രാന്തചിത്തനാക്കിത്തീർത്തു. ഞാൻ ഭഗീരഥപ്രയത്നം ചെയ്തിട്ടും എനിക്ക് എന്റെ മനസ്സിനെ ആ അയസ്കാന്തത്തിന്റെ ശക്തിയിൽനിന്നു വേർപെടുത്തി മറ്റൊരു ദിക്കിലേക്കു തിരിച്ചുവിടുന്നതിനു തീരെ സാധിച്ചില്ല.'

'ദീനക്കാരത്തിയുടെ ശയനമുറി, എരട്ടിച്ചതായ വൈമനസ്യവും അനാദരവും എന്നിൽ ഉളവാക്കി. മരുന്നുകൾ കൊടുക്കുന്നതിനുള്ള സമയത്തിന് അധികമധികം നീക്കുപോക്കുകൾ വന്നുതുടങ്ങി. അനാസ്ഥയും അസഹ്യതയും എന്നെ ബാധിച്ചു.'

'മാറാത്ത ദീനത്തിൽ കിടന്ന് അരിഷ്ടിക്കുന്നതിനെക്കാൾ നല്ലതു മരിക്കുന്നതാണ്. എന്നാൽ തനിക്കുതന്നെ സുഖവും മറ്റുള്ളവരുടെ കഷ്ടപ്പാടുകൾക്കു കുറവും ആയി.' എന്നെല്ലാം ഡോക്ടർ ഫരൻ ഓരോ രോഗികളേയും രോഗങ്ങളേയും കുറിച്ചു പൊതുവിൽ ഞങ്ങൾ തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ എന്നോടു പറകയുണ്ടായി. സാമാന്യമായ ഒരു അഭിപ്രായമായി മാത്രം അതിനെ പരിശോധിക്കുന്നതായാൽ അത് ഒരുവിധം സ്വീകാര്യയോഗ്യം തന്നെ ആണ്. എങ്കിലും എന്റെ ഭാര്യയുടെ സ്ഥിതി ഇപ്രകാരം ഇ

രിക്കുമ്പോൾ ഈ അഭിപ്രായത്തെ സത്യമായി എന്നോട് തുറന്നുപറഞ്ഞത ചുരു ഉചിതമായില്ല. പക്ഷേ, വളരെ രോഗികളുടെ വേദനയും മരണവും കണ്ടുകണ്ടു മനസ്സിന്റെ അലിവും മൃദുത്വവും മാഞ്ഞു പോയിട്ടുള്ള വൈദ്യന്മാർ മററുള്ളവരുടെ സൂക്ഷ്മവികാരങ്ങളുടെ മൂല്യവും സ്ഥിരതയും അറിയുവാൻ സാധിക്കാത്തതിൽ അത്ഭുതപ്പെടുവാനില്ല.'

'ഒരു ദിവസം ഡോക്ടർ ഞാനും എന്റെ ഭാര്യയും തമ്മിൽ നടന്ന ഒരു സംഭാഷണം സംഗതിവശാൽ എനിക്ക്—അവരുടെ അറിവുകൂടാതെ—കേൾക്കുവാൻ തരമായി. എന്റെ ഭാര്യ പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട ഡോക്ടരേ! നിങ്ങൾ എന്തിനാണ് വെറുതെ എനിക്കു മരുന്നുകൾ മാറിമാറിത്തന്നു ഷാപ്പുകാരനു മുതലുണ്ടാക്കി കൊടുക്കുന്നത്? എന്റെ ജീവിതം തന്നെ ഒരു ദീനമായിത്തീർന്നിട്ടുള്ള സ്ഥിതിക്ക് ആ ദീനത്തെ ക്ഷണത്തിൽ ഉന്മൂലനാശം ചെയ്യുന്ന ഒരു സിദ്ധൌഷധത്തെ എന്തുകൊണ്ടു നിങ്ങൾ എനിക്കു തരുന്നില്ല?' ഇതു കേട്ടപ്പോൾ ഡോക്ടർ 'എന്തു വിഡ്ഢിത്തമാണ് ഈ പറയുന്നത് കഷ്ടം! ഇങ്ങിനെയുള്ള ചാപല്യവാക്കുകൾ സംസാരിക്കുവാൻ ലജ്ജയാകുന്നില്ലേ!' എന്നാണ് മറുവടി പറഞ്ഞത്.'

'ഈ വാക്കുകൾ എന്റെ മനസ്സിനെ പൊട്ടുന്നനേ വല്ലാതെ ഇളക്കി വൈദ്യൻ പോയ ശേഷം ഞാൻ പതുക്കെ എന്റെ ഭാര്യയുടെ അകത്തേക്കു ചെന്നു. ഞാൻ അവളുടെ ശയ്യക്കു സമീപം ഇരുന്നു വിയർപ്പു പൊടിഞ്ഞിട്ടുള്ളതും വിളർത്തിരിക്കുന്നതും ആയ അവളുടെ ഫാലദേശത്തെ മന്ദം മന്ദം തടവി. അല്പം കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: 'ഈ മുറിയിൽ വല്ലാത്ത ഉഷ്ണമുണ്ട്. നിങ്ങൾ പുറത്തു പോകുന്നതാണ് നല്ലത്. പതിവുള്ള സായന്തനസഞ്ചാരത്തിനു സമയമായി. അതു മുടക്കണ്ടാ. അതു മുടക്കിയാൽ അത്താഴത്തിനു രുചിയുണ്ടാകില്ല.'

'വൈകുന്നേരം നടക്കുവാൻ പോകുന്നതിന്റെ മുഖ്യോദ്ദേശം ഡോക്ടരുടെ വീട്ടിൽ പോകുന്നതായിരുന്നു. ഒന്നു നടന്നു വന്നാൽ ഊണിനു നല്ല രുചി തോന്നുമെന്നു ഞാൻ തന്നെയാണ് ഒരിക്കൽ അവളെ പറഞ്ഞു ധരിപ്പിച്ചത്. എന്റെ കപടങ്ങൾ എല്ലാം അവൾ സൂക്ഷ്മമായി അറിഞ്ഞിട്ടുണ്ടായിരുന്നു എന്ന് എനിക്ക് ഇപ്പോൾ നല്ല ബോദ്ധ്യമുണ്ട്. വിഡ്ഢിയായ ഞാൻ അവളും ഒരു വിഡ്ഢിതന്നെ ആണെന്നു വിചാരിച്ചു! പിന്നെ ആണ് എന്റെ വിഡ്ഢിത്തം പുറത്തു വന്നത്.'

ഇത്രയും പറഞ്ഞു ദക്ഷിണാബാബു തല കുനിച്ചു രണ്ടു കയ്യുകൊണ്ടും താങ്ങി പഴയപോലെ കുറെ സമയം വിചാരമഗ്നനായിട്ടിരുന്നു. ഒടുവിൽ അദ്ദേഹം ഒരു കപ്പു വെള്ളം ആവശ്യപ്പെട്ടു. വെള്ളം കുടിച്ചു കഥ വീണ്ടും തുടർന്നു:—

'ഒരു ദിവസം വൈദ്യന്റെ പുത്രി മനോരമ എന്റെ ഭാര്യയെ കാണണമെന്ന് ആവശ്യപ്പെട്ടു. എന്തോ എനിക്ക് അവളുടെ അഭിലാഷം അത്ര രസിച്ചില്ല. അതിന്ന് ആവശ്യമുണ്ടെന്ന് തോന്നിയില്ല. എങ്കിലും തടയുന്നതിന്നു തക്കതായ ഒരു കാരണവും പറയുവാൻ ഉണ്ടായിരുന്നില്ല. ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ– പ്രത്യേകിച്ച അവൾ ദീനത്തിൽ കിടക്കുമ്പോൾ–

ണമെന്ന് ആഗ്രഹം ജനിക്കുന്നതു സാധാരണയല്ലേ? വിശേഷിച്ചു ഞങ്ങൾ തമ്മിൽ വളരെ പരിചയവുമാണ്. എന്തിനധികം പറയുന്നു? ഒരു ദിവസം സന്ധ്യക്ക് അവൾ എന്റെ സ്ഥലത്തേക്കു വന്നു.'

'അന്നു പകൽ എന്റെ ഭാര്യയുടെ സുഖക്കേടു വളരെ അധികമായിരുന്നു. വേദനയുടെ കാഠിന്യത്താൽ അവൾ ചലനം കൂടാതെ കുറെ സമയം വിറങ്ങലിച്ചുകിടക്കും; ഇറുക്കി പിടിച്ചിരിക്കുന്ന പല്ലുകളും കോർത്തുപിടിച്ചിരിക്കുന്ന കൈകളും തീരെ ചോരയില്ലാത്ത മുഖവും അവളുടെ വേദനയുടെ ശക്തിയെ വെളിപ്പെടുത്തി. മുറികളെല്ലാം തീരെ നിശ്ശബ്ദമായിരുന്നു. ഞാൻ അവളുടെ കിടക്കയ്ക്കു സമീപത്തു തന്നെ ഇരുന്നിരുന്നു. പതിവുപോലെ നടക്കുവാൻ പോകുന്നതിന്നു അപേക്ഷിക്കുവാൻ അന്ന് അവൾക്കു ശക്തിയില്ല; അല്ലെങ്കിൽ അവളുടെ തീവ്രവേദന സഹിക്കുന്നതിന്നു ഞാൻ സമീപത്തുണ്ടായാൽ നന്നായിരിക്കുമെന്നു അവൾക്കു തോന്നീട്ടുണ്ടായിരിക്കാം. എന്നിങ്ങിനെ ഞാൻ അപ്പോൾ ആലോചിച്ചു.'

'വാതലിന്നു പിന്നിലാണു വിളക്കു വെച്ചിരുന്നത്. വെളിച്ചംകൊണ്ടുള്ള അസഹ്യത കൂടാതെ കഴിക്കുവാനാണ് അവിടെ ഒളിവിൽ വെച്ചത്. അകത്തു വളരെ കുറച്ചുമാത്രമേ പ്രകാശമുണ്ടായിരുന്നുള്ളു. നിബിഡമായ നിശ്ശബ്ദത എങ്ങും വ്യാപിച്ചിരുന്നു. വേദനയ്ക്കിടയ്ക്ക് അവൾ ശ്വാസം നീട്ടിവലിക്കുന്നതിന്റെ ശബ്ദം മാത്രമേ ആ മുറിയിലെ അത്യന്തശാന്തതയെ ലംഘിച്ചിരുന്നുള്ളു.'

'ഒരു അവസരത്തിൽ മനോരമ അവിടെ എത്തി. അവൾ വാതുക്കിന്നു നേരെ എത്തി അവിടെ നിന്നു. നേരെ മറുഭാഗത്തു വെച്ചിരുന്ന ദീപത്തിന്റെ പ്രഭ അവളുടെ മുഖത്തു പതിച്ചു. പെട്ടെന്നുണ്ടായ ഈ പ്രകാശം അവളുടെ കണ്ണുകളുടെ കാഴ്ചയെ സ്വല്പനേരത്തേക്കു തടഞ്ഞു. ആകയാൽ അവൾക്കു മുറിയിൽ ഉള്ളതൊന്നും വ്യക്തമായിക്കാണ്മാൻ സാധിച്ചില്ല. തന്നിമിത്തം അവൾ അകത്തു കടക്കുവാൻ കുറെ സംശയിച്ചു.'

'എന്റെ ഭാര്യ പെട്ടെന്നു കണ്ണുതുറന്നപ്പോൾ ഒരു നിഴൽ ആടുന്നതു അവൾ കണ്ടു. എന്റെ കയ്യു പിടിച്ചുംകൊണ്ടു 'ആരാ അവിടെ' എന്നു ചോദിച്ചു. രോഗാതുരയായ അവൾ പെട്ടെന്നു ഒരു പുതിയ ആളെ മുറിക്കകത്തു കണ്ടപ്പോൾ സംശയമില്ലാതെ പരിഭ്രമിച്ചു. അവൾ ഭയപ്പെട്ടു രണ്ടുമൂന്നു പ്രാവശ്യം മുട്ടസ്വരത്തിൽ 'അവൾ ആര്! അവൾ ആര്! അവൾ ആര്!' എന്ന് എന്നോടു ചോദിച്ചു.'

'സമാധാനം പറയുവാൻ എനിക്കു കുറച്ചു പൊറുതിയില്ല. ഞാൻ ഒന്നു പരുങ്ങിപ്പോയി. 'എനിക്കു അറിഞ്ഞുകൂടാ' എന്നു വിക്കി വിക്കി പറഞ്ഞു. മാംസത്തെ തുളച്ചു അകത്തു കടക്കുന്ന മൂർച്ചയുള്ള കത്തിയാൽ ഒരു കുത്തു കൊണ്ടതുപോലെ എന്റെ മനസ്സാക്ഷി എന്നെ അപ്പോൾ വേദനപ്പെടുത്തി. ഒരു മിനിട്ടു ഞാൻ സംശയിച്ചു. ഒടുവിൽ 'ഓ! അത്— നമ്മുടെ ഡോക്ടരുടെ മകളല്ലേ! ശരിതന്നെ,' എന്നു ഞാൻ പറഞ്ഞു.'

'എന്റെ ഭാര്യ എന്റെ മുഖത്തേക്കു ഒരു നോട്ടം നോക്കി! എനിക്കു അവളുടെ

മുഖത്തു നോക്കുന്നതിന്നു ശക്തിയോ ധൈൎയ്യമോ ഉണ്ടായില്ല. കാൽക്ഷണത്തിൽ അവൾ അതിഥിക്കു സ്വാഗതം പറഞ്ഞു എന്നോടു വിളക്കെടുത്തു അകത്തുവെക്കുവാൻ ആവശ്യപ്പെട്ടു. 'മനോരമ' അകത്തു കടന്നു അടുത്തിരുന്നു. അവർ തമ്മിൽ കുറച്ചുനേരത്തെ സംഭാഷണം ഉണ്ടായി. ഈ ഘട്ടത്തിൽ ഡോക്ടരും എത്തിച്ചേൎന്നു.'

'അദ്ദേഹം രണ്ടു കുപ്പി മരുന്നും കൂടി കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവയെ ഉയൎത്തി എന്റെ ഭാൎയ്യയെ കാണിച്ചുകൊണ്ടു നീലക്കുപ്പിയിലെ മരുന്നു പുറത്തു പുരട്ടുവാനും മറ്റേ കുപ്പിയിലേതു അകത്തേക്കു സേവിക്കുവാനും ആകുന്നു എന്നു അവളെ അറിയിച്ചു. രണ്ടു കുപ്പിയും തമ്മിൽ മാറിപ്പോകരുതെന്നും, നീലക്കുപ്പിയിലെ മരുന്നു ഉഗ്രമായ ഒരു വിഷമായതുകൊണ്ടു പ്രത്യേകം സൂക്ഷിക്കേണമെന്നും അദ്ദേഹം വീണ്ടും വീണ്ടും താക്കീതു ചെയ്തു. എന്നെയും ആ കാൎയ്യത്തിൽ അദ്ദേഹം കണിശമായി ഭരമേല്പിച്ചു കുപ്പികൾ രണ്ടും കട്ടിലിന്നടുത്തുണ്ടായിരുന്ന മേശമേൽ വെച്ചു; പോകുന്നതിന്നു മുമ്പ് അദ്ദേഹം തന്റെ മകളേയും വിളിച്ചു.'

'അച്ഛാ! ഞാൻ ഇവിടെ താമസിക്കട്ടെ. ഇവിടെ സ്ത്രീകൾ ആരും ഇല്ലല്ലോ ഈ രോഗിണിയെ ശുശ്രൂഷിക്കുന്നതിന്' എന്നു മനോരമ അച്ഛന്റെകൂടെ പോകുന്നതിന്നു തടസ്സം പറഞ്ഞു. എന്റെ ഭാൎയ്യ അതുകേട്ടു 'അയ്യോ നിങ്ങൾ വെറുതെ എനിക്കുവേണ്ടി ബുദ്ധിമുട്ടണ്ടാ. ഇവിടെ ഒരു വൃദ്ധയായ ദാസി ഉണ്ട്. അവൾ എന്നെ മാതാവിനെപ്പോലെ ശുശ്രൂഷിക്കുന്നുണ്ട്' എന്നു ഉടനെ മറുപടി പറഞ്ഞു.

'ഡോക്ടർ അതുകേട്ടു മന്ദഹസിച്ചുംകൊണ്ട് എന്റെ ഭാൎയ്യ സാക്ഷാൽ മഹാലക്ഷ്മി തന്നെ ആകുന്നു, അവൾ ജീവകാലം മുഴുവനും മററുള്ളവൎക്കു സന്തോഷം പരിചൎയ്യ ചെയ്തിട്ടുണ്ടെങ്കിലും, മററാരും അവളെ പരിപാലിക്കുന്നതു അവൾക്കു തീരെ ഇഷ്ടമല്ലെന്നും മററും ബഹുമാനപുരസ്സരം അഭിപ്രായപ്പെട്ടു. മകളേയുംകൊണ്ടു ഡോക്ടർ യാത്രയായപ്പോൾ എന്റെ ഭാൎയ്യ അദ്ദേഹത്തെ വിളിച്ചുപറഞ്ഞു. 'ഇദ്ദേഹം (ഞാൻ) വളരെ നേരമായി ഈ അടച്ചുപൂട്ടിയ മുറിയിൽ ഇരുന്നു കഷ്ടപ്പെടുന്നു. പുറത്തുപോയി ഒന്നു നടന്നുവരുന്നതിന്നു ദയവുചെയ്തു കൂടെ കൊണ്ടുപോകാമോ? ഞാൻ പറഞ്ഞാൽ അനുസരിക്കയില്ല.' ഇതു കേട്ടപ്പോൾ ഡോക്ടർ എന്നോടുംകൂടി ചെല്ലുവാനും രണ്ടുപേരുംകൂടി പുഴവക്കത്ത് അല്പം നടന്നുവരാമെന്നും പറഞ്ഞു.'

'ചില്ലറ ഒരു വക കഴികഴിവുകളെല്ലാം പറഞ്ഞു എങ്കിലും സന്തോഷത്തോടുകൂടിത്തന്നെ ആ ക്ഷണത്തെ സ്വീകരിച്ചു. കുപ്പികളിലെ മരുന്നിനെക്കുറിച്ച് ഒരു പ്രാവശ്യംകൂടി എന്റെ ഭാൎയ്യയെ ഡോക്ടർ പ്രത്യേകം താക്കീതുചെയ്തു. ഞങ്ങൾ എല്ലാവരുംകൂടി പുറത്തിറങ്ങി.'

'അന്നു രാത്രി ഞാൻ അത്താഴം കഴിച്ചതു ഡോക്ടരുടെ വീട്ടിലാണ്. മടങ്ങി എത്തുവാൻ വളരെ വൈകി. വീട്ടിൽ ചെന്നപ്പോൾ എന്റെ ഭാൎയ്യയ്ക്കു വല്ലാത്ത അസ്വസ്ഥത കാണപ്പെട്ടു. മനസ്സാക്ഷിയുടെ കുത്തുകൾ ഏററവും ഉഗ്രമായി പശ്ചാത്തപിക്കുന്ന ഞാൻ അവളോടു 'എന്താ! വേദന അധികമുണ്ടോ' എന്നു ചോദിച്ചു.'

'അവൾക്ക് ഒന്നും ഉത്തരം പറയുവാൻ സാധിച്ചില്ല. വെറുതെ എന്നെ തുറിച്ചുനോക്കിക്കൊണ്ടു കിടന്നു. സംസാരിക്കുവാനുള്ള ശക്തി തന്നെ അവൾക്കുണ്ടായിരുന്നില്ല.'

ഞാൻ ഉടനെ വൈദ്യന്ന് ആളെ അയച്ചു. അദ്ദേഹം വാണംപോലെ എത്തി. കുറെ പരിശോധിച്ചിട്ടും വൈദ്യന്നു കാര്യം മുഴുവൻ മനസ്സിലായില്ല. ഒടുവിൽ അദ്ദേഹം വേദനയുടെ ആധിക്യത്താലാണെങ്കിൽ പുറത്തു ലേപനത്തിന്നുള്ള മരുന്നു കുറച്ച് എടുത്തു പ്രയോഗിച്ചുനോക്കാമെന്നു പറഞ്ഞ് ആ മരുന്നുകുപ്പി എടുക്കുവാനാവശ്യപ്പെട്ടു. മേശപ്പുറത്തുനിന്നു കുപ്പി എടുത്തു നോക്കിയപ്പോൾ,— ഈശ്വരാ! ആ കുപ്പി ഒഴിഞ്ഞുകണ്ടു. പരിഭ്രമത്തിൽ കുപ്പി തെറ്റി പുറത്തു പുരട്ടുവാനുള്ള മരുന്നു അകത്തു കഴിച്ചുവോ എന്നു വൈദ്യൻ അവളോടു ചോദിച്ചു. അല്പം മന്ദഹസിച്ചുകൊണ്ട് അവൾ തല കുലുക്കി ആ ചോദ്യത്തിന്നു അനുസരണഭാവത്തിൽ മറുപടി കൊടുത്തു.'

'ഡോക്ടർ ഉടനെ ഓടി സ്വഭവനത്തിൽ ചെന്നു വയറു ചാമ്പുന്നതിന്നുള്ള യന്ത്രങ്ങളും കരുക്കളും കൊണ്ടുവന്നു. ഞാൻ സുബോധം ഏതാണ്ടും വിട്ട് ഒരു സ്വപ്നാവസ്ഥയിൽ അവളുടെ കിടക്കമേൽ ചാരിക്കൊണ്ടിരുന്നു. വാത്സല്യാതിരേകത്തോടുകൂടി ഒരു പ്രിയമാതാവ് ഓമനയായ തന്റെ പൈതലിനെ എന്നപോലെ എന്റെ കയ്യുകൾ അവൾ പിടിച്ച് മന്ദം എന്നെ മാറോടണച്ചു. അവൾക്കു പറയുവാനുണ്ടായിരുന്നതും അവളുടെ മനസ്സിനെ നിർബ്ബാധമാക്കിച്ചെയ്തതും ആയ തീവ്രവികാരങ്ങളേയും വിചാരങ്ങളേയും കരസ്പർശനമാത്രത്താൽ എന്നെ അറിയിക്കുന്നതിന്നു അവൾ ശ്രമിച്ചു. ബലം കുറഞ്ഞു ശേഷിച്ച അവളുടെ പാണിമലരാൽ അവൾ പലവുരു എന്നെ സ്നേഹപുരസ്സരം തടവുകയും 'അശേഷം വ്യസനിക്കരുത്; ഞാൻ മരിക്കുന്നതാണ് ഏതുകൊണ്ടും നല്ലത്. നിങ്ങൾ മേലാൽ ഞാൻ ഇല്ലെങ്കിലും ഭാഗ്യവാനായിരിക്കും. ആ ജ്ഞാനവും വിശ്വാസവും എനിക്കു സമാധാനത്തേയും സംതൃപ്തിയേയും തരുന്നു. ആകയാൽ ഞാൻ അശേഷം മനോവേദന കൂടാതെതന്നെ എന്റെ ലോകയാത്രയെ അവസാനിപ്പിക്കുന്നു.' എന്നിങ്ങിനെ വീണ്ടും വീണ്ടും എന്നോടു പറയുന്നതായി ആ പ്രവൃത്തിയുടെ ഉദ്ദേശാർത്ഥത്തെ ശരിയായി എന്നെ ധരിപ്പിക്കുകയും ചെയ്തു.'

'മരുന്നുകളും കരുക്കളും എടുത്തു ഡോക്ടർ മടങ്ങി എത്തിയപ്പോഴേക്കും അവൾക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ലാതായി. വൈദ്യശിരോമണികളുടെ ഔഷധശക്തിക്കു അതിലംഘിക്കുവാൻ വയ്യാത്തതും, സംസാരബന്ധത്തിൽനിന്നു വേർപെട്ടതും ആയ ആ പരലോകത്തെ അവൾ പ്രാപിച്ചുകഴിഞ്ഞു. അവളുടെ ആത്മാവ് നിസ്സാരവും ക്ഷണഭംഗുരവും ആയ മാംസശരീരത്തെ, അതു് അർഹിക്കുന്ന അനുഭവങ്ങളെ വിട്ടേച്ചു വേർപിരിഞ്ഞു.'

ദക്ഷിണബാബു ഒരു ദീർഘശ്വാസം വിട്ടു കുറെക്കൂടി പച്ചവെള്ളം കുടിച്ചു. വല്ലാതെ ഉഷ്ണിക്കുന്നു എന്നു പറഞ്ഞ് അദ്ദേഹം പുറത്തേക്കു കടന്നു. കുറെ നേരം പുറത്തു എറയത്തു ഉലാത്തിയതിന്നുശേഷം വീണ്ടും അകത്തേക്കു വന്നു. അദ്ദേഹത്തിന്റെ

ഭാവം കണ്ടാൽ തന്റെ ചരിത്രം വിസ്തരിക്കുന്നതിന്ന് അദ്ദേഹം വാസ്തവത്തിൽ ഇഷ്ടപ്പെടുന്നില്ലെന്നും അനിവാൎയ്യമായ എന്റെ എന്തോ ഒരു ശക്തിയാൽ കഥ പറയുന്നതിന്നു അദ്ദേഹം നിൎബ്ബന്ധിതനായിത്തീൎന്നതിനാൽ മാത്രം പറയുന്നതാണെന്നും തോന്നും. ഏതായാലും അദ്ദേഹം കഥ വീണ്ടും തുടൎന്നു:—

‘അധികതാമസം കൂടാതെ ഞാൻ മനോരമയെ ഭാൎയ്യയായി സ്വീകരിക്കയും ഉടനെ നാട്ടിലേക്കു തന്നെ മടങ്ങുകയും ചെയ്തു. അവളുടെ അച്ഛന്റെ പൂൎണ്ണസമ്മതത്തോടുകൂടിയാണു് ഞാൻ അവളെ വിവാഹം ചെയ്തതു്. എങ്കിലും ഞാൻ ഉചിതങ്ങളായ ലാളനകളാലോ മധുരതരങ്ങളായ ഫലിതസൂക്തികളാലോ എന്റെ അനുരാഗതീക്ഷ്ണതയെയോ സ്നേഹവിസ്താരത്തെയോ പ്രദൎശിപ്പിക്കുന്നതിന്നു ശ്രമിച്ചാൽ ആ ചേഷ്ടകളും വാക്കുകളും അവളിൽ ഒരു ഇളംമന്ദഹാസത്തെപ്പോലും അങ്കുരിപ്പിച്ചില്ല. അവൾ എപ്പോഴും ഗൌരവത്തോടുകൂടിത്തന്നെ ഇരുന്നു. അവളുടെ ഹൃദയകുഹരത്തിൽ ഒതുങ്ങി ഒളിച്ചുകിടക്കുന്ന സംശയത്തെയോ വിചാരത്തെയോ ഞാൻ എങ്ങിനെ അറിയും?’

‘ഏതാണ്ടു് ഇക്കാലത്താണു് ഞാൻ മദ്യപാനത്തിൽ കുറേശ്ശ ആസക്തിയോടുകൂടിയവനായി ഭവിച്ചതു്.’

‘വസന്തകാലത്തെ ഒരു സായന്തനത്തിൽ ഞാൻ മനോരമയോടുകൂടി ‘ബറാംഗപ്പൂർ’ ലുള്ള എന്റെ തോട്ടത്തിൽ നടന്നുകൊണ്ടിരുന്നു. അന്ധകാരമാകുന്ന മൂടുപടത്താൽ ദിക്കുകൾ മറയ്ക്കപ്പെട്ടുതുടങ്ങി. നിശ്ശബ്ദത എവിടേയും പരന്നിരുന്നു. കൂടുകളിൽനിന്നു പക്ഷികളുടെ ചിറകടിശ്ശബ്ദം കൂടി കേട്ടിരുന്നില്ല. ഉദ്യാനത്തിന്റെ അതൃത്തികളിൽ തിങ്ങിനിന്നിരുന്നതും നിബിഡച്ഛായയോടുകൂടിയതും ആയ ആ ആൽവൃക്ഷങ്ങളുടെ ഇലകൾ മാത്രം കാററത്തു ഇളകി ഒരു കലകലശബ്ദം പുറപ്പെടുവിച്ചിരുന്നു.’

‘കുറെ നടന്നശേഷം വിശ്രമാൎത്ഥം മനോരമ ആ അശോകമരത്തറമേൽ ഇരുന്നു. ഞാനും അവളുടെ സമീപത്തു ഇരുന്നിരുന്നു. ആ മരച്ചുവട്ടിൽ ഇരുട്ടിന്നു ശക്തി കൂടിയിരുന്നു. മരക്കൊമ്പുകളുടെ വിടവുകളിൽക്കൂടി കാണപ്പെട്ട ആകാശഭാഗങ്ങൾ നിറയേ വിളങ്ങുന്ന നക്ഷത്രങ്ങളാൽ പരിശോഭിതമായിരുന്നു. അശോകമരക്കൊമ്പുകളെ ആശ്രയിച്ചു് അങ്ങുമിങ്ങും പാൎന്നിരുന്ന ചില ചെറിയ പക്ഷികൾ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു് എന്തെന്നില്ലാത്ത അപ്പോഴത്തെ അഗാധമായ ശാന്തതയ്ക്കു ഒരു അതിരും അളവും നിശ്ചയിച്ചിരുന്നു.’

‘അന്നു ഞാൻ അല്പം മദ്യപിച്ചിട്ടുണ്ടായിരുന്നു. എന്റെ മനസ്സ് സ്വസ്ഥാനത്തായിരുന്നില്ല. അതു്, പക്ഷികളെപ്പോലെ ആകാശത്തു പാറി നടന്നിരുന്നു. സ്വല്പസമയത്തിന്നുള്ളിൽ, എന്റെ കണ്ണുകൾ ഇരുട്ടത്തു പരിചയിച്ചപ്പോൾ, കൃശാംഗിയും കോമളഗാത്രിയും ആയ ആ സ്ത്രീയുടെ രൂപം നിഴൽപോലെ എനിക്കു കാണാറാകുകയും എന്റെ മനസ്സിൽ ആ കാഴ്ച എന്തോ ഒരു നൂതനവികാരത്തെ ഉൽബുദ്ധമാക്കുകയും ചെയ്തു. എങ്ങിനെയോ എന്തോ, ഞാൻ കണ്ടതു് ഒരു വെറും നിഴലാണെന്നും എനിക്കു് അതിനെ എന്റെ

കൈകളാൽ വാരിയെടുത്തു മാറോടണച്ച് ആശ്ലേഷിക്കുന്നതിന്നു സാധിക്കയില്ലെന്നും ഉള്ള ഒരു ജ്ഞാനം എന്റെ മനസ്സിൽ ഉദിച്ചിരുന്നു.'

'ചന്ദ്രൻ ഉദിച്ചുപൊങ്ങി. അമൃതകിരണന്റെ കാന്തികന്ദളത്താൽ അവിടമെല്ലാം പ്രകാശമാനമായി. അതിശുഭ്രമായ കൽത്തറമേൽ ചാരിക്കിടക്കുന്ന ആ യുവതീരത്നത്തിന്റെ സുന്ദരമുഖം ചന്ദ്രകാന്തിയേററ് മറെറാരു ചന്ദ്രനെപ്പോലെ പ്രശോഭിച്ചു. ആ കാഴ്ച എന്റെ സകലവികാരങ്ങളെയും ഉദ്ദീപിപ്പിച്ചു. അരക്ഷണത്തിൽ ഞാൻ അടുത്തുചെന്നു കൃശമായ അവളുടെ ബാഹുലതയെ എന്റെ രണ്ടു കൈകളിലും കൂടി എടുത്തുംകൊണ്ട് അവളുടെ മുഖത്തു നോക്കി ഇപ്രകാരം പറഞ്ഞു:—'മനോരമേ! പ്രിയേ; നീ പക്ഷേ വിശ്വസിക്കയില്ലായിരിക്കാം. ഞാൻ നിന്നിൽ അത്യന്തം അനുരാഗമുള്ളവനാണ്; ഞാൻ നിന്നെ ഒരിക്കലും മറക്കുന്നതല്ല; മറക്കുവാൻ എനിക്കു സാധിക്കയും ഇല്ല.'

'ഇത്രയും പറഞ്ഞപ്പോൾ ഞാൻതന്നെ ഒന്നു ഞെട്ടി. എനിക്കു ഒരു സങ്കോചമുണ്ടായി. മുമ്പൊരിക്കൽ ഈ വാക്കുകൾ തന്നെ ഈ സ്ഥലത്തു വെച്ചു മറെറാരു സ്ത്രീയോടു ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. ആ ഓർമ്മ എനിക്കുണ്ടായതോടുകൂടി എന്റെ നാഡികൾ എല്ലാം തളർന്നു. അശോകമരത്തിന്റെ ശാഖകളിൽ നിന്നു ഉറക്കെ ഒരു ചിരി കേട്ടതായി എനിക്കു തോന്നി. കലകലശബ്ദത്തിൽ ആരോ ഉറക്കെ ചിരിക്കുന്നതായി തോന്നിയ ആ ശബ്ദം കാററുവഴിക്കു കിഴക്കുനിന്ന് പടിഞ്ഞാട്ട് അകന്നകന്നു പോകുന്നതായി എനിക്കു തോന്നി. അതു മനസ്സിനെ ഭേദിക്കുന്ന ഒരു ചിരിയോ, അതോ ആകാശാന്തത്തികളെ ഇളക്കി മറിക്കുന്ന ഘോഷമോ എന്ന് എനിക്കു വ്യത്യാസപ്പെടുത്തി പറയുവാൻ സാധിക്കയില്ല. എന്തായാലും ആ ശബ്ദം എന്നിൽ വലുതായ ഒരു വികാരഭേദത്തെ ഉണ്ടാക്കി. ആ നിമിഷത്തിൽ ഞാൻ ബോധരഹിതനായി ആ തറമേൽനിന്നു താഴെ മൂർച്ഛിച്ചു വീഴുകയും ചെയ്തു.'

'എനിക്കു സുബോധം വന്നപ്പോൾ ഞാൻ എന്റെ മുറിക്കകത്തു കിടക്കമേൽ കിടക്കുന്നു. മനോരമ അടുത്തിരിക്കുന്നുണ്ട്. 'എന്താ അത്ര പെട്ടെന്നു മോഹാലസ്യപ്പെടുവാൻ കാരണമുണ്ടായത്?' എന്നു മനോരമ എന്നെ നോക്കി ചോദിച്ചു. 'ഹൃദയംഗമമല്ലാത്തതും ശങ്കായുക്തവും ആയ ഒരു ചിരിയുടെ ശബ്ദം ആകാശത്തുനിന്നു തൽക്ഷണം പുറപ്പെട്ടതു നീ കേട്ടില്ലേ?' എന്നു ഞാൻ ചോദിച്ചപ്പോൾ എനിക്കു രോമാഞ്ചമുണ്ടായി. പുഞ്ചിരിയോടുകൂടി മനോരമ പറഞ്ഞു—'അതു ചിരിയുടെ ശബ്ദമല്ല. ആകാശത്തുകൂടി പറന്നുപൊയ്ക്കൊണ്ടിരുന്ന ഒരു കൂട്ടം പക്ഷികളുടെ ചിറകടിശ്ശബ്ദമായിരുന്നു. കഷ്ടം! അതു കേട്ട് ഇത്ര ഭയപ്പെട്ടുവോ?'

'പകൽ മുഴുവനും അതു പക്ഷികളുടെ ചിറകടിശ്ശബ്ദംതന്നെയായിരുന്നു എന്നു വിചാരിച്ചു ഞാൻ സമാധാനപ്പെട്ടു. ആ കാലത്തു സാധാരണ ഗംഗാനദിയിൽ നിന്നു കക്കകൾ പെറുക്കി തിന്നുന്നതിന്നു കൊക്കുകൾ കൂട്ടംകൂട്ടമായി വരാറുണ്ട്. അവയുടെ ശബ്ദമായിരുന്നു കേട്ടതെന്നു പകലെല്ലാം ധൈര്യപ്പെട്ടു. സന്ധ്യ കഴിഞ്ഞാൽ ആ ധൈര്യവും ഉറപ്പും വിശ്വാസവും ഒന്നും നിലനിന്നില്ല. ഒരു ചിരിയുടെ ശബ്ദത്തെ സംഭരിച്ച് ഇരുട്ടത്തു സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നും അതിന്റെ തടസ്സം തീർന്ന് അതു വീണ്ടും ശബ്ദായമാനമായിത്തീരുന്നതിന്നു നിസ്സാരമായ വല്ല കാരണവും മതി എന്നും എനിക്കു രാത്രിയിൽ തോന്നുകയും അതോർത്തു ഞാൻ പരിഭ്രമിക്കുകയും ചെയ്തു. എന്തിനു അധികം പറയുന്നു? എന്റെ ഭയം ദിനംപ്രതി വർദ്ധിച്ചുവന്നതേ

യുള്ളു. കട്ടവിൽ, അസ്തമനത്തിന്നുശേഷം ഞാൻ മനോരമയോടു ഒരു വാക്കെങ്കിലും സംസാരിക്കുന്നതിന്നു ധൈൎയ്യപ്പെട്ടില്ല. അതിന്ന് അശക്തനായിത്തീൎന്നു.'

'വീട്ടിൽ കഴിക്കുന്നതിന്നു നിവൃത്തിയില്ലാതെ ഞാൻ വഞ്ചിവഴിക്ക് ഒരു യാത്ര നിശ്ചയിച്ചു. കുറെ ദിവസം ബോട്ടിന്റെ തട്ടിൽത്തന്നെ കഴിക്കുവാൻ തീൎച്ചപ്പെടുത്തി. ഗംഗാനദിയിലെ യാത്രയും, നദിയുടെ ഇരുപാൎശ്വങ്ങളിലും ഉള്ള നയനാനന്ദകരങ്ങളായ കാഴ്ചകളും, നദീജലത്തിൽ ഓളങ്ങളുണ്ടാക്കുന്ന മന്ദമാരുതന്റെ നിൎമ്മലതയും എനിക്കു വളരെ ആശ്വാസത്തേയും ശരീരസൌഖ്യത്തേയും തന്നു. മനോരമയും ആ ദിവസങ്ങളിൽ എന്നോടു അധികമധികം ഇണങ്ങിപ്പോരുമാറാകയും ക്രമേണ അവളുടെ ഹൃദയത്തെ കുറേശ്ശെയായി എന്നെ തുറന്നുകാണിക്കുകയും ചെയ്തു.'

'അല്പദിവസത്തെ യാത്രകൊണ്ടു ഞങ്ങൾ പത്മതീൎത്ഥത്തിൽ എത്തി. സ്വതേ ഭയങ്കരവും ആപൽക്കരവും ആയ പത്മതീൎത്ഥം അന്ന് ശാന്തമായി അനക്കമില്ലാതെ ഉറങ്ങിയപോലെ കിടന്നിരുന്നു. ഒരു ഭാഗത്തു — വടക്കുഭാഗത്തു — നിൎജ്ജീവമായും, യാതൊരു പച്ചയുമില്ലാതെയും മനുഷ്യപാദങ്ങളാൽ സ്പൎശിക്കപ്പെടാതെയും ഉള്ള മണൽത്തീരങ്ങൾ, നോക്കിയാൽനോക്കെത്തുന്നേടത്തോളം ദൂരത്തിൽ അവസാനമില്ലാതെ പരന്നു കിടക്കുന്നു. മറുഭാഗത്താകട്ടെ — തെക്കുവശത്തു — ഉയൎന്ന നദീതീരങ്ങളിൽ തിങ്ങിനിറഞ്ഞു നില്ക്കുന്ന വിശേഷപ്പെട്ട മാവിൻതോട്ടങ്ങൾ നദിയുടെ ഒഴുക്കിന്ന സമ്മുഖമായി കണ്ടുകൊണ്ടാടുന്നതുപോലെ കാററത്ത് ആടി ഉലഞ്ഞിരുന്നു. പുഴയുടെ ഉപരിഭാഗം ശാന്തമായിരുന്നാലും അടിയിൽ തീവ്രശക്തിയോടുകൂടി ഒഴുക്കുണ്ടായിരുന്നു. അതിന്റെ ശക്തിയാൽ രണ്ടു വശങ്ങളിൽനിന്നും കരയുടെ ഭാഗങ്ങൾ നദിയിലേക്കു പൊഴിഞ്ഞു വീണുകൊണ്ടിരുന്നു.'

'ബോട്ടിൽനിന്ന് ഇറങ്ങിനടക്കുന്നതിന്ന് ഉചിതമായ പ്രദേശം ഇവിടെ ആണെന്നുറപ്പിച്ചു ബോട്ടു കരയ്ക്കടുപ്പിച്ചു കെട്ടുവാൻ ഞാൻ ആവശ്യപ്പെട്ടു. ഒരു ദിവസം സന്ധ്യയ്ക്കു ഞങ്ങൾ — മനോരമയും ഞാനും — നടന്നുനടന്നു കുറെ അധികം ദൂരം പോയി. വൃക്ഷങ്ങളാലോ ചെറുകുന്നുകളാലോ മറയ്ക്കപ്പെടാത്തതും അപരിമിതമായി പരന്നുകിടക്കുന്നതും ആയ ആ മണൽത്തീരത്തെ കാഞ്ചനമയമാക്കി ചെയ്ത് അരുണകിരണങ്ങളോടുകൂടിയ അസ്തമനസൂൎയ്യൻ ചക്രവാളത്തിൽനിന്നു മറഞ്ഞ ഉടൻതന്നെ ആഹ്ലാദകരനായ അമൃതകിരണൻ പൂൎണ്ണശോഭയോടുകൂടി വിളങ്ങുകയും, ആ മണൽപ്രദേശത്തെയെല്ലാം അച്ഛസ്ഫടികംപോലെ പരിശോഭിതമാക്കിത്തീൎക്കുകയും ചെയ്തു. അത്യന്തമില്ലാതെ പരന്നുകിടക്കുന്നതും എതുവശത്തും ചക്രവാളംവരെ തൊട്ടുകിടക്കുന്നതും ചന്ദ്രകാന്തിയാൽ വിസ്മയനീയമായ മനോഹരതമമായിട്ടുള്ളതും ആയ ആ പ്രദേശത്തു ഞങ്ങൾ രണ്ടുപേരും തനിച്ചു നടന്നുകൊണ്ടിരുന്നപ്പോൾ, നിൎജ്ജീവമായതും സ്വപ്നസമാനമായതും ആയ ചന്ദ്രലോകത്തിലാണോ സഞ്ചരിക്കുന്നതെന്നുകൂടി തോന്നിപ്പോയി. മനോരമ തലയിൽക്കൂടി പുതച്ചു മുഖം മറച്ചിരുന്ന ചുമന്ന സാൽവയെ കഴുത്തിലേക്കു താഴ്ത്തി. ശാന്തത നിബിഡമായിത്തീൎന്നു. മനുഷ്യഗന്ധം പോലും അവിടെ എങ്ങും ഇല്ലാതായി. എവിടെ നോക്കിയാലും പരന്നുകിടക്കുന്ന മരുഭൂമിയും, അതിന്നു അലങ്കാരമായി തീൎന്നിട്ടുള്ള പൂനിലാവും മാത്രം! മനോരമ എന്നോടു ഒന്നുകൂടി ചേൎന്നു നടന്നു. അവൾ എന്റെ കൈ മന്ദം മന്ദം അവളുടെ മൃദുലമായ കൈകളാൽ എടുത്തുയൎത്തി ആത്മാവിനെയും ദേഹത്തെയും യൌവനത്തെയും ആയുസ്സിനെയും ;പൂൎണ്ണ

വിശ്വാസത്തോടുകൂടി എന്നെ ഏല്പിച്ച പോലെ എന്നോടു ഭദ്രമായി ചേൎന്നു. ഞാൻ വികാരപരിപൂൎണ്ണതയാൽ എളുക്കപ്പെട്ടു. സന്തോഷാതിരേകത്താൽ എന്റെ കരൾ പതഞ്ഞു. കൽച്ചുമരുകളാൽ നാലുപുറവും അതൃത്തി കല്പിച്ചിട്ടുള്ള ചെറിയ മുറിക്കകത്തുവെച്ചാണോ സ്ത്രീപുരുഷന്മാരിൽ അനുരാഗം അങ്കുരിക്കുന്നതും വളരുന്നതും? അപരിമിതമായ ആകാശത്താൽ അലങ്കരിക്കപ്പെട്ടതും അവസാനമില്ലാതെ പരന്നുകിടക്കുന്നതും ആയ ഇങ്ങിനെ ഉള്ള നിസ്സൎഗ്ഗസുന്ദരങ്ങളായ സ്ഥലങ്ങൾക്കല്ലാതെ രണ്ടാളുകളെ യോജിപ്പിക്കുന്നതിന്നു സാധിക്കയില്ല. അടുത്തു വീടും ഭവനവും ഇല്ലെങ്കിലും, സമീപത്തെങ്ങും ബന്ധുക്കളും മിത്രങ്ങളും ഇല്ലെങ്കിലും, അനിൎദ്ദിഷ്ടസങ്കേതന്മാരായി ഞങ്ങൾ കൈകൾ കോൎത്തുപിടിച്ചുംകൊണ്ടു ആ സ്ഥലം മുഴുവൻ ചുററി നടന്നുകൊള്ളാം എന്നിങ്ങനെ ഓരോന്നു ഞാൻ വിചാരിച്ചുംകൊണ്ടിരുന്നു.'

'ഇതിന്നുമുമ്പ് അനുഭവിച്ചിട്ടില്ലാത്ത അലംഭാവത്തോടും അഭിമാനത്തോടുംകൂടി ഞങ്ങൾ ഇപ്രകാരം നടന്നുപോകുമ്പോൾ കുറെ ദൂരെ ഒരു ചെറിയ ജലാശയം കണ്ടു. നദിയുമായുള്ള ബന്ധം മണൽത്തിട്ടുകളുടെ ഉത്ഭവത്താൽ തീരെ വിട്ടു ദൂരത്തായി കിടക്കുന്ന ആ തടാകത്തിലെ വെള്ളം ചളികലങ്ങിയതായിരുന്നാലും, ശീതളനായ ചന്ദ്രൻ തന്റെ രശ്മികളാൽ അതിന്നു ഒരു വെള്ളിപ്പലകയുടെ ഛായ ചേൎത്തിരുന്നു. ആ സ്ഥലത്തെത്തിയപ്പോൾ മനോരമ പെട്ടെന്നു നില്ക്കുകയും എന്തോ ചില പുതിയ വികാരങ്ങളാൽ പരിതപ്തയായി അവൾ എന്റെ മുഖത്തേക്കു നോക്കുകയും ചെയ്തു. അതുപോലെ ഉള്ള ഒരു വികാരവൈശിഷ്ട്യത്താൽ തല്ക്കാലം ചഞ്ചലനായിത്തീൎന്ന ഞാൻ അവളുടെ ശിരോഭാഗത്തെ ആഹ്ലാദനം ചെയ്തിരുന്നു, ചന്ദ്രികയിൽ ശോഭിക്കുന്ന പടം നീക്കുകയും കോമളമായ മുഖത്തെ ഉയൎത്തി അവളുടെ ഗണ്ഡസ്ഥലങ്ങളിൽ ഗാഢമായി ഒന്നു ചുംബിക്കയും ചെയ്തു.'

'ഹാ! തൽക്ഷണത്തിൽ, മനുഷ്യസഞ്ചാരമില്ലാത്ത ആ മണലരണ്യത്തിൽനിന്നു, നിശ്ശബ്ദമായ ആ മരുഭൂമിയുടെ മദ്ധ്യത്തിൽനിന്ന്, അൎദ്ധരാത്രിയെ ആഹ്ലാദകരമായി വെള്ള ചന്ദ്രരശ്മികളുടെ നിബിഡതയിൽനിന്നു, പുറപ്പെടുന്ന ഒരു ശബ്ദം എന്റെ കൎണ്ണപുടത്തെ ആകൎഷിച്ചു അതെന്തായിരുന്നു? 'അവൾ ആർ! അവൾ ആർ! അവൾ ആർ!' എന്നിങ്ങിനെ മൂന്നു ആരോ ശാന്തസ്വരത്തിൽ എന്നോടു ചോദിക്കുന്നതായി എനിക്കു തോന്നി.'

'ഞാൻ ഒന്നു ഞെട്ടി. മനോരമയ്ക്കു ശരീരമെല്ലാം വിറച്ചു. ഒരു ഞൊടിയിടയിൽ ഞങ്ങൾക്കു കാൎയ്യം മനസ്സിലായി. ഞങ്ങൾ കേട്ട ശബ്ദം മനുഷ്യശബ്ദമല്ലെന്നും അത് അമാനുഷികമായ ഒരു അശരീരിവാക്യമല്ലെന്നും ഞങ്ങൾ വ്യക്തമായി അറിഞ്ഞു. ചളിവെള്ളം നിറഞ്ഞ ആ തടത്തിൽ സുലഭമായുള്ള ഞൊഞ്ഞികൾ, കക്ക മുതലായതു തിന്നു പരോപദ്രവം കൂടാതെ സുഖവാസം ചെയ്യുന്ന ജലപക്ഷികൾ അവയുടെ ഗൂഢമായ സങ്കേതസ്ഥാനത്തെ ഞങ്ങൾ അതിലംഘിച്ചപ്പോൾ പരിഭ്രമിച്ചിളകിയതുകൊണ്ടുണ്ടായ ശബ്ദമാണ് ഞങ്ങൾ കേട്ടത്.'

‘എങ്കിലും പെട്ടന്നുണ്ടായ പരിഭ്രമത്താൽ അസ്വസ്ഥന്മാരായിത്തീൎന്ന ഞങ്ങൾ ഉടനെത്തന്നെ ബോട്ടു കിടക്കുന്ന സ്ഥലത്തേയ്ക്കു മടങ്ങുകയും കാലവിളംബം കൂടാതെ ഉറങ്ങുവാൻ കിടക്കുകയും ചെയ്തു. നടന്നു ക്ഷീണിച്ചിരുന്ന മനോരമ കിടന്നതറിയാതെത്തന്നെ സുഖനിദ്രയെ പ്രാപിച്ചു. എനിക്ക് ഒരു ക്ഷണത്തിൽ ഉറക്കം വന്നില്ല. അല്പാല്പമായി മാത്രം ബോട്ടിന്നകത്തു പ്രവേശിച്ചിരുന്ന നിലാവിനാൽ മാത്രം പ്രകാശിച്ചിരുന്ന എന്റെ കിടക്കയ്ക്കു സമീപത്ത് ആരോ ഒരാൾ നിന്നു കട്ടിലിനെ മൂടിയിരുന്ന കൊതുവലയെ പതുക്കെ ഒരു കയ്യുകൊണ്ടുയൎത്തിയും മറേറ കയ്യുകൊണ്ടു എനിക്കു സമീപത്തു കിടന്നിരുന്ന മനോരമയെ ചൂണ്ടിക്കാണിച്ചുകൊണ്ടും മൃദുസ്വരത്തിൽ എന്റെ ചെവിയിൽ ‘അവൾ ആര്! അവൾ ആര്! അവൾ ആര്?’ എന്നു വിടാതെ വീണ്ടും വീണ്ടും ചോദിക്കുന്നതായി എനിക്കു തോന്നി.’

ഞാൻ പെട്ടെന്ന് എണീററു ഒരു തീപ്പെട്ടിക്കോലുരസി അടുത്തുണ്ടായിരുന്ന മെഴുകുതിരിവിളക്കു കത്തിച്ചു. വെളിച്ചത്താൽ നിഴൽ എന്നപോലെ ഞാൻ കണ്ട സത്വം ഉടൻതന്നെ മറഞ്ഞുപോയി. കട്ടിലിലെ കൊതുവലയെ ഉലപ്പിക്കുകയും, ബോട്ടിനെ വെള്ളത്തിലിട്ടു തുള്ളിക്കുകയും, കുടുകുടെ വിയൎക്കുന്ന എന്റെ ജീവരക്തത്തെ ദ്രവീഭൂതമാക്കുകയും ചെയ്യുന്ന ഒരു തിരയുടെ കലകലശബ്ദം ആ പ്രദേശമെല്ലാം ശബ്ദമയമാക്കിത്തീൎത്തു. ആ ശബ്ദം നദി കടന്ന്, പരന്നു കിടക്കുന്ന മണൽപ്രദേശത്തെ അതിലംഘിച്ച്, നിശാന്തനിശ്ശബ്ദതയെ അനുഭവിക്കുന്ന ഗ്രാമങ്ങളേയും സ്ഥലങ്ങളേയും പിന്നിട്ട്, നാടുകളേയും രാജ്യങ്ങളേയും കടന്ന്, ലോകങ്ങളെത്തന്നെ ഒന്നൊന്നായി പ്രയാണം ചെയ്ത്, ക്രമേണ കുറഞ്ഞു കുറഞ്ഞ് ബ്രഹ്മാണ്ഡത്തിൽ ലയിക്കുന്നതായി എനിക്കു തോന്നി. അതിസൂക്ഷ്മമുള്ള ലഘുവായ ഒരു തുടിയുടെ മനയേക്കാൾ സൂക്ഷ്മമായതും വിടാതെ നില്ക്കുന്നതും ആയ ആ ശബ്ദം, ഉറക്കത്തിലും സ്വപ്നത്തിലും ജാഗ്രദവസ്ഥയിലും മുമ്പു ഞാൻ അനുഭവിച്ചിട്ടില്ലാത്ത ആ ശബ്ദം, ജീവനേയും മരണത്തേയും അതിക്രമിച്ചു താനേ ക്രമത്തിൽ നാദബ്രഹ്മത്തോടു കൂടി ലയിക്കുന്നതായി എനിക്കു തോന്നി. അവസാനമില്ലാത്ത ആ ബ്രഹ്മാണ്ഡം എന്റെ തലച്ചോറുതന്നെ ആണെന്നും, ആ ശബ്ദം എത്ര കുറഞ്ഞു കുറഞ്ഞു വന്നാലും എവിടെച്ചെന്നു ലയിച്ചാലും എന്റെ ആലോചനാശക്തിയുടേയോ തലച്ചോറിന്റേയോ അതൃത്തികൾ വിട്ടു പുറത്തു പോകുന്നില്ലെന്നും എനിക്കു തോന്നി. എന്റെ മനോവികാരങ്ങൾ തീരെ ദുൎബ്ബലങ്ങളായിത്തീൎന്നപ്പോൾ ഞാൻ വിളക്കു കെടുത്തി മനസ്സിനേയും ബുദ്ധിയേയും ഉറപ്പിച്ച് ഉറങ്ങി സമാധാനപ്പെടുവാൻ ശ്രമിച്ചു. എങ്കിലും ഞാൻ വിളക്കു കെടുത്തി കിടന്നപ്പൊഴയ്ക്കും രാത്രിയുടെ നിശ്ശബ്ദതയിൽ നിന്ന് എന്റെ കിടക്കയുടെ സമീപത്തായി ‘അവൾ ആര്, അവൾ ആര്, അവൾ ആര്’ എന്നിങ്ങനെ ഞാൻ വീണ്ടും കേട്ടു. ആ താളത്തിലും സ്വരത്തിലും അൎത്ഥത്തിലും തന്നെ എന്റെ നാഡികളിൽ കൂടി രക്തവും ഒഴു

ന്നതായി എനിക്കു തോന്നി. അടുത്തു മേശമേൽ വെച്ചിരുന്ന എന്റെ വാച്ചും അതിന്റെ വലിയ ത്സൂശിയെ മനോരമസ്സു ചൂണ്ടിക്കാണിച്ചുംകൊണ്ട്, ആ ഭയങ്കരരാത്രിയുടെ അപാരമായ ശാന്തതയിൽ ഏകാന്തത്തിൽ 'അവൾ ആര്, അവൾ ആര്, അവൾ ആര്' എന്നു തന്നെ അതിന്റെ ശബ്ദമാത്രത്താൽ ഉച്ചരിക്കുന്നതായി എനിക്കു തോന്നി.'

ദക്ഷിണാബാബുവിന്റെ മുഖം ഉണങ്ങിയ കുടപ്പനയോലപോലെ വിളറി. ഞാൻ അദ്ദേഹത്തിന്റെ കയ്യുപിടിച്ചു ഒരു കപ്പു വെള്ളം കൊടുത്തു. തത്സമയത്ത് അടുത്തു കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണവിളക്ക് ഒന്ന് ആളിക്കത്തി, കുറെ പുകഞ്ഞും കൊണ്ടു പെട്ടെന്നു കെട്ടുപോയി. സമയം അരുണോദയമായി. അരുണകിരണങ്ങൾ കണ്ട് പക്ഷികൾ ശബ്ദിച്ചുതുടങ്ങി. വഴികളിൽ കൂടി പോത്തുംവണ്ടികൾ പോകുന്ന കടകടശബ്ദം കേട്ടുതുടങ്ങി. പെട്ടെന്നു ദക്ഷിണാബാബുവിന്റെ ഭാവമെല്ലാം പകർന്നു. ഭയവും പരിഭ്രമവും തീർന്ന് അദ്ദേഹത്തിന്റെ മുഖം തെളിഞ്ഞു. രാത്രിയുടെ ഭയങ്കരതയിൽ പരിഭ്രമിച്ചും കേവലം മനസ്സുകൊണ്ടു മാത്രം നിർമ്മിച്ചതായ ഒരു ഭയത്താൽ പ്രേരിക്കപ്പെട്ടും ഈ ചരിത്രമെല്ലാം എന്റെ അടുക്കൽ ഇത്ര വിസ്തരിച്ചു പറഞ്ഞതിൽ പ്രഭാതമായപ്പോൾ കുറെ ലജ്ജ തോന്നിയതായി അദ്ദേഹത്തിന്റെ മുഖത്തു സ്പഷ്ടമായി കണ്ടു. എന്നോടു യാത്രകൂടി പറയാതെ ദക്ഷിണാബാബു എന്റെ മുറി വിട്ടു വേഗം പൊയ്ക്കളഞ്ഞു. പ്രഭാതമായപ്പോൾ അദ്ദേഹത്തിന്റെ ഭയവും പരിഭ്രമവും സുഖക്കേടും എല്ലാം തീർന്നു.

അന്നും, അർദ്ധരാത്രിയായപ്പോൾ കുറേ എന്റെ വാതുക്കൽ വന്നു മുട്ടി 'ഡോക്ടർ, ഡോക്ടർ' എന്നു വിളിച്ചു. അതു ദക്ഷിണാബാബുതന്നെ ആയിരുന്നു.

പുത്തേഴത്തു രാമമേനോൻ ബി. എ., ബി. എൽ.

---

# ഒരു വിരഹിയുടെ വിചാരം

---

൧ അംഭോരുഹം പകൽമനോഹര,മന്തിപെട്ടാ-
ലത്യന്തരമ്യമിദമംബുജവൈരിബിംബം;
ആത്രാമിരാസ്സു കൽമനോഹരമെങ്ങിനേഞാ-
നൊപ്പിക്കുമോമൽമുഖമല്ലലലോചനായാഃ?

൨ അമൃതദ്രവവാരിയിൽക്കുളിപ്പി-
ച്ചമൃതാംശോഃ കിരണൈഃ പൊതിഞ്ഞനാളും.
വിരഹോഷ്ണവിഷക്കമെങ്ങളംഗം
ശതപത്രോദരപത്രലോചനായാഃ

൩ തെറ്റിന്നു മറ്റൊന്നു നിനസ്സിലും ഞാൻ
വളർന്ന നീലോല്പലലോചനായാഃ
പളുങ്കുമാടത്തിൽ വിളക്കുപോലെ
വിളങ്ങുമക്കോമളമംഗമന്തഃ

൪ ഒരോടിനം ഞാൻ നായകല്പവല്ലിമേ-
ലുറങ്ങുകിൽ കാണുമൊരിന്ദുമണ്ഡലം.
അതിന്നൊരൽപ്പവുമിരണ്ടുകൊണ്ടയും
വിഭൂഷണം വില്ലുമൊരദ്ധചന്ദ്രനും.

൫ കണ്ണാടിമേലിളയമുത്തു പതിച്ചപോലെ
കണ്ണിന്നതീവരമണീയതരം കടാന്ന
കാണ്മെങ്കിലോ കരതലോദരി! നിൻ കപോലേ
ചേതോഹരം ചെറുവിയർപ്പുപൊടിക്കുമാറ്.

൬ ആടുന്ന കണ്ഡമഴിഞ്ഞുകഴഞ്ഞ കേശം
ചാമ്പുന്ന കണ്ണിണ ചലിച്ചുവരുന്ന ചില്ലി
കാലുന്ന രാഗരസമോമൽമുഖാരവിന്ദം
കാണ്മെങ്കിലോ രഹസി കാന്തയുടെ വിലാസം.

(ലീലാതിലകം)

---

# കോലത്തിരിരാജാവും ആലിരാജാവും

(൧)

---

കന്യാകുമാരിമുതൽക്കു വടക്കോട്ടു വഴിക്കുവഴിയായിക്കിടക്കുന്ന മലയാളത്തിലെ പ്രധാനനാടുകളിൽ വെച്ചു നാലാമത്തേതാണു കോലത്തിരിനാടു്. ഈ നാടു കണ്ണൂരിന്നു 9 മയിൽ വടക്കുള്ള മലയിൽനിന്നു തെക്കോട്ടും, വടകരയ്ക്കും കൊട്ടീരിക്കും എടയിലുള്ള പുഴയിൽനിന്നു വടക്കോട്ടും വ്യാപിച്ചുകിടക്കുന്നതുകൊണ്ടു കന്നടരാജാവിന്റെയും സാമൂതിരിപ്പാട്ടിലേയും നാടുകളുടെ മദ്ധ്യത്തിൽ 52 മയിൽ നീണ്ടുകിടക്കുന്നു എന്നു പറയാവുന്നതാണ്. പണ്ടു ലക്ഷദ്വീപുകളും കോലത്തിരാജാവിന്റെ വകയായിരുന്നു. പക്ഷേ, പിന്നീടു ആ ദ്വീപുകൾ മാപ്പിളരാജാവായ ആലിരാജാവിന്റെ അധീനത്തിലായിത്തീർന്നു.

ആലിരാജാവിന്റെ ഉത്ഭവം കോലത്തിരിവംശത്തിൽ നിന്നാണ്. ആ വംശത്തിലെ ഒരു തമ്പുരാട്ടിക്കു ദോഷശങ്ക ഉണ്ടാകയാൽ വിചാരം കഴിച്ചു കൈകെട്ടിപ്പുറത്താക്കിയപ്പോൾ, ആ സാധുവിനെ തീരെ നിർഗ്ഗതിയാക്കി വിടുന്നതു വംശത്തിന്റെ യോഗ്യതയ്ക്കു ഹാനികരമാകുന്നു എന്നു കരുതിയും, ജനനാലുള്ള സ്നേഹബന്ധം വിചാരിച്ചും, ആ സ്ത്രീയെ ആക്ക

ളൂ അറബിയിൽനിന്നു വന്ന മഹാധനികനായ ഒരു മാപ്പിള (Moor) യ്ക്കു ഭാര്യയാക്കി കൊടുത്തു. ആ ഭർത്താവിനു ആദിരാജാവ് (മാപ്പിളമാരുടെ ഒന്നാമത്തെ രാജാവ്,) ആഴിരാജാവ് അല്ലെങ്കിൽ ആലിരാജാവ് (=സമുദ്രരാജാവ്) എന്നുള്ള രാജസ്ഥാനവും, ആ രാജകുടുംബത്തിലെ ചിലവിനായി ലക്ഷദ്വീപുകളും കണ്ണൂരിന്നു ചുറ്റുമുള്ള ചില പ്രദേശങ്ങളും കോലത്തിരി രാജാവു കല്പിച്ചുകൊടുക്കുകയും ചെയ്തു. അതിനാലാണ് ഇന്നും ലക്ഷദ്വീപുകളിലെ സുൽത്താൻ എന്നുള്ള പട്ടപ്പേരും ആ ദ്വീപുകളുടെ ആധിപത്യവും ആലിരാജാവിന്നു നിലനിൽക്കുന്നത്.

കോലത്തിരിനാട് പണ്ടു വളരെ ധനപുഷ്ടിയുള്ള ഒരു നാടായിരുന്നു. ആ നാട്ടിലുണ്ടാവുന്ന കുരുമുളക്, ഏലം, ചന്ദനം എന്നീ സാധനങ്ങൾ ഭാരതഖണ്ഡത്തിലെ പല ജില്ലകളിലേക്കും പുറനാടുകളിലേക്കും വളരെ സൌകര്യത്തിൽ അയച്ച് ലാഭത്തിൽ വില്ക്കുവാൻ സാധിച്ചിരുന്നു. അതായിരുന്നു ആ നാട്ടിന്റെ പുഷ്ടിക്കുള്ള പ്രധാനകാരണം.

മലയാളത്തിലെ മാപ്പിളരാജാവായ ആലിരാജാവ്, കോലത്തുനാട്ടിലെ കച്ചവടസാധനങ്ങളെല്ലാം പുറരാജ്യങ്ങളിൽ കൊണ്ടുപോയി വിറ്റു, ആ നാടുകളിൽ നിന്നു പല തരം സാധനങ്ങൾ ഈ നാട്ടിലേയ്ക്കു കൊണ്ടുവന്നു കൊടുത്തും കച്ചവടം ചെയ്തു വന്നു. ആ കച്ചവടം കോലത്തുനാട്ടിന്റെ ധനപുഷ്ടിക്കു കാരണമായി. ആലിരാജാവ് ആ കച്ചവടം നിമിത്തം അതിധനികനായിത്തീർന്നു. ധനം വർദ്ധിക്കുകയാൽ കോലത്തിരി രാജാവിനെയും ആ നാട്ടുകാരെയും ആരയാൾ കൂട്ടാക്കാതെയായി. പിന്നീട് ഈ ആലിരാജാവ് കോലത്തുനാട്ടിൽ ഉണ്ടായിവരായ കലഹങ്ങളിലും കുഴപ്പങ്ങളിലും ആദ്യവസാനമായി നിൽക്കുകയും, ഒടുവിൽ കോലത്തിരിയുടെയും തന്റേയും അധഃപതനത്തിന്നു കാരണമായിത്തീരുകയും ചെയ്തു.

16-ാം നൂറ്റാണ്ടിന്റെ ആദിയിൽ മലയാളത്തിൽ പോർത്തുഗീസ്സുകാർ വന്നപ്പോൾ കോലത്തുനാടു വളരെ ധനപുഷ്ടിയോടും അഭിവൃദ്ധിയോടും കൂടിയാണിരുന്നിരുന്നത്. എന്നാൽ പോർത്തുഗീസ്സുകാർക്കു കണ്ണൂരിൽ ഒരു കോട്ടകെട്ടുവാൻ സമ്മതം എന്നു ലഭിച്ചുവോ അന്നു മുതൽക്കു നാട്ടുചരക്കുകളും കടൽക്കച്ചവടവും തീരെ അവരുടെ അധീനത്തിലായി. അതുകൊണ്ടു പണ്ടത്തെ അഭിവൃദ്ധിയും അസ്തമിച്ചു. അവരുടെ തോന്നിയ വാസം ഏറിയേറി വരികയാൽ അവരെ വല്ല വിധത്തിലും വിട്ടയച്ചാൽ മതിയെന്നു കോലത്തിരിക്കും കോലത്തുനാട്ടുകാർക്കും തോന്നിപ്പോയി. ഇത്രത്തോളം വെറുപ്പു വന്നത് 1663-ലാണ്.

1663-ൽ പോർത്തുഗീസ്സുകാരുടെ കണ്ണൂർക്കോട്ട ലന്തക്കാർ പിടിച്ചടക്കി. അതു കഴിഞ്ഞ ഉടനെ കോലത്തിരി ലന്തക്കാരുമായി ഒരു സഖ്യക്കരാറു ചെയ്തു. പിന്നെ ഒരു കച്ചവടക്കരാറും ചെയ്തു. 1664ൽ (കൊല്ലം 839-ൽ) ആലിരാജാവും ഈ കരാറിൽ ഉൾപ്പെട്ടു. എന്നാൽ, ഈ കരാറുപ്രകാരമൊന്നും നടന്നുവന്നില്ല. എങ്കിലും, 1680—81-ൽ (കൊ 855—56-ൽ) ഈ കരാറുകൾ പുതുക്കി.

രാജാക്കന്മാർ തമ്മിൽ സദാ ഉണ്ടായിരുന്ന ഛിദ്രങ്ങളും, അവരും ലന്തക്കാരുടെ എതിരാളികളായ യൂറോപ്യന്മാരും ചേന്നുള്ള ചതികളും ആദ്യം മുതൽക്കേ തുടങ്ങിയവയാണ്. ഈ അന്തഃഛിദ്രങ്ങളെ ന

ല്പ തരമാക്കിപ്പിടിച്ച് ആലിരാജാവു തന്റെ അങ്ങാടിസ്ഥലങ്ങളെ നല്ലവണ്ണം ഉറപ്പിച്ചു. അതിന്നു ചുററും ഉറപ്പിന്നുള്ള മതിലുകളും കെട്ടിച്ചു.

1718-ൽ (കൊ 893-ൽ) ഒരു മഹമ്മദീയൻ കോലത്തിരിയുടെ ഭാഗക്കാരായ നായന്മാരിൽ ആരെയോ കൊന്നതുനിമിത്തം നായന്മാരും മാപ്പിളമാരും തമ്മിൽ വലിയ ശണ്ഠയായി. അതുകൊണ്ടു ലന്തക്കാൎക്കു കണ്ണൂരിലുണ്ടായിരുന്ന കച്ചവടം തീരെ നിന്നുപോയി. നായന്മാരേയും മാപ്പിളമാരേയും തമ്മിൽ യോജിപ്പിക്കുവാൻ ലന്തക്കാർ ചെയ്ത ശ്രമം നിഷ്ഫലമാകയും ചെയ്തു.

1721-ൽ (കൊ 896-ൽ) നായന്മാരും മാപ്പിളമാരും തമ്മിൽ വെളിവായി ലഹളയും യുദ്ധവും തുടങ്ങി. അതിൽ മാപ്പിളമാർ തീരെ തോററുപോയി. ഈ ഘട്ടത്തിൽ കോലത്തിരിക്ക് ഇംഗ്ലീഷുകാരും ആലിരാജാവിന്നു ലന്തക്കാരും സഹായിച്ചു. കണ്ണൂരങ്ങാടി ആലിരാജാവിന്റെ വക്കൽനിന്നു പിടിച്ചാൽ അതു തങ്ങളെ ഏല്പിക്കുമെന്ന് ഇംഗ്ലീഷുകാർ ആശിച്ചു. നായന്മാർ അങ്ങാടിക്കുനേരെ എതൃക്കാൻ നോക്കി. പക്ഷെ, സാധിക്കാതെ മടങ്ങേണ്ടിവന്നു.

1723-ൽ (കൊ 898-ൽ) ഈ കൂട്ടർ തമ്മിൽ ഒരു കരാറു ചെയ്തു. അതിൽ ആലിരാജാവു കോലത്തിരിരാജാവിന്ന് ഒരു വലിയ സംഖ്യ കൊടുപ്പാൻ നിശ്ചയിച്ചു. ഈ സഖ്യം വളരെക്കാലത്തേയ്ക്കു നിലനിന്നില്ല. കോലത്തിരിവംശത്തിലെ ഒരു ചെറിയ രാജാവിന്നു മാപ്പിളമാർ ചെയ്യുന്ന നിന്ദകൾ പൊറുപ്പാൻ മനസ്സില്ലായിരുന്നു. അതുകൊണ്ടു വീണ്ടും ശത്രുത തുടങ്ങി. ആദ്യം ആലിരാജാവു വല്ലാതെ തോററുവെങ്കിലും ഒടുവിൽ കുറെ ജയവും കിട്ടി. ഇവരെ തമ്മിൽ യോജിപ്പിക്കുവാൻ സാമൂതിരിപ്പാട്ടിന്നു തന്റെ മന്ത്രിമാരെ അയയ്ക്കുകയും, ലന്തക്കാർ ശ്രമിച്ചുനോക്കുകയും ഉണ്ടായെങ്കിലും ഫലമില്ലാതെ പോകയാൽ എല്ലാവരും കയ്യൊഴിച്ചു. എങ്കിലും, 1732-ൽ (കൊ 907-ൽ) കണ്ണാടകരാജാവു വലിയ സേനയോടുകൂടി കോലത്തുനാടു പിടിപ്പാൻ വരികയാൽ, ഒരു ശത്രുവിനെ ജയിക്കേണ്ടുന്ന ആവശ്യത്തിന്നു, തമ്മിൽ തല്ലുന്ന ആ രണ്ടു കൂട്ടക്കാരും ഒന്നിച്ചുകൂടേണ്ടിവന്നു.

ഈ യുദ്ധത്തിൽ കോലത്തിരിരാജാക്കന്മാൎക്കു സഹായിപ്പാനായി സാമൂതിരിപ്പാട്ടിന്നും ഇംഗ്ലീഷുകാരും അയച്ചുകൊടുത്ത സേനകളോടുകൂടി കോലത്തിരിമാർ ധീരതയോടും ശൂരതയോടുംകൂടി കണ്ണാടകക്കാരെ തടുത്തുനിന്നു. എങ്കിലും, ഒടുവിൽ കോലത്തിരി തോൽക്കുകയും, കണ്ണാടകക്കാരുടെ വലിയ തോക്കിന്നിരയായി വളരെ മലയാളികൾ നശിച്ചുപോകയും ചെയ്തു. അല്പകാലം കഴിഞ്ഞപ്പോൾ വൃദ്ധനായ കോലത്തിരി തീപ്പെട്ടു. പിന്നത്തെ രാജാവ്, കണ്ണാടകാധീനമായ തന്റെ രാജ്യമുഴുവൻ കണ്ണാടകരാജാവിന്നു പൂൎണ്ണമായ് ഒഴിഞ്ഞുകൊടുത്തു. കോലത്തുനാടിന്റെ നിൎഭാഗ്യം ഇതിലധികമാവാൻ പാടുണ്ടോ? ഇതുനിമിത്തം കന്നടകസേനാനായകന്മാർ പരമശക്തനും ഭയങ്കരനുമായിത്തീൎന്ന ആലിരാജാവിന്റെയും കോട്ടയത്തിന്റെയും കീഴിലുണ്ടായിരുന്ന മാപ്പിളമാരുടെ ബലച്ഛേദം വരുത്തുവാൻ ആ വിദ്വാൻ ... നിന്നുകൂടി.

നാടു മുഴുവൻ നശിപ്പിക്കുവാനായിരുന്നു കണ്ണാടകക്കാരുടെ വിചാരം. ... ന്നിമിത്തം കൂടക്കൂടെ ചില ചില്ലറ ... ദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു.

ഗതിയുടെ വാസ്തവം അറിഞ്ഞപ്പോൾ സാധു കോലത്തിരിക്കു പശ്ചാത്താപമുണ്ടായി. കണ്ണാടകക്കാർ ഒടുവിൽ കണ്ണൂരിന്നടുത്തുള്ള കാർല്മാ എന്നും കഡല എന്നും വിളിച്ചുവന്ന ഒരു കുന്നിന്മേൽ കോട്ട കെട്ടാനാരംഭിച്ചു. അതു പാടില്ലെന്നു ലന്തക്കാർ മുടക്കീട്ടും അവർ നിന്നില്ല. അപ്പോൾ ലന്തക്കാരും കണ്ണാടകക്കാർക്കു വിരോധികളായി. പിന്നെ കണ്ണാടകക്കാരും ലന്തക്കാരും തമ്മിൽ ഒരു സഖ്യം ചെയ്തു. കണ്ണാടകത്തിലെ ഒരു കച്ചവടക്കാരൻ ലന്തക്കാൎക്കു കൊടുപ്പാനുണ്ടായിരുന്ന പഴയ ഒരു കടത്തിൽ ഏതാനും ഭാഗം ഈ സഖ്യം നിമിത്തം പിരിഞ്ഞുകിട്ടി. കോലത്തു നാട്ടുകാരും കണ്ണാടകക്കാരുമായുള്ള കലഹമാകട്ടെ മുമ്പത്തു നടന്നുംകൊണ്ടേ വന്നു.

കണ്ണൂരിന്നടുത്തുള്ള കാർലാ കുന്നിന്മേലെ കോട്ട കണ്ണാടകക്കാരുടെ കൈവശം തന്നെയായിരുന്നു. അതു കോലത്തുകാർ പിടിച്ചാൽ ഇംഗ്ലീഷുകാരുടെ അധീനത്തിൽ പെട്ടുപോയേക്കുമോ എന്നു ലന്തക്കാൎക്കു ഭയമായി. അതുകൂടാതെ കഴിപ്പാൻ കുറെയധികം ലന്തപ്പട്ടാളവും കോലത്തിരിപ്പട്ടാളവും കൂടിച്ചേൎന്ന് ആ കോട്ട പിടിച്ചു തീരെ പൊളിച്ചു നശിപ്പിച്ചുകളഞ്ഞു. ഈ സഹായത്തിന്നു പ്രതിഫലമായി 1737-ൽ (കൊ 912-ൽ) ഒരു കരാറുമൂലം കൊല്ലത്തിൽ 1000 കണ്ടി കുരുമുളകു ലന്തക്കാൎക്കു കൊടുക്കുവാൻ നിശ്ചയം ചെയ്തു.

സംഗതിവശാൽ ഈ നാട്ടുകാൎക്കു ലന്തക്കാരുടെ സഹായം പിന്നെയും ഉടനെ വേണ്ടിവന്നു. കണ്ണാടകരാജാവു വീണ്ടും കോലത്തുനാട്ടിനെ ബാധിച്ചു. അവർ തമ്മിൽ സമാധാനമാക്കാൻ ലന്തക്കാർ പലവിധേന ശ്രമിച്ചിട്ടും ഫലിച്ചില്ല. കന്നടക്കാരുടെ അതിക്രൂരാഗ്രഹങ്ങൾക്കൊന്നിനും കോലത്തുനാട്ടുകാർ വഴിപ്പെട്ടില്ല. ഒടുക്കം ഇംഗ്ലീഷുകാരുടെ സഹായത്താൽ സമാധാനമായി. യുദ്ധത്തിൽ പിടിച്ച നാടെല്ലാം കന്നടക്കാർ കൈവശം വെക്കുകയും, തന്നിമിത്തം നല്ല നാടുകൾ കന്നടക്കാരുടെയും ചീത്ത നാടുകൾ കോലത്തിരിയുടെയും കൈവശത്തിലാകുകയും ചെയ്തു.

ഈ മദ്ധ്യസ്ഥതയുടെ ഫലമായി, മാട്ടുന്മേൽ എന്നു കൂടി വിളിച്ചുവന്നിരുന്ന മാടക്കര എന്ന ദ്വീപ് ഇംഗ്ലീഷുകാൎക്കു കിട്ടി. ഇതു വലിയ പട്ടണത്തിന്നടുത്തുള്ള കായലിലെ ഒരു ദ്വീപാണ്. എന്നാൽ അവരുടെ മദ്ധ്യസ്ഥതകൊണ്ടുണ്ടായ സഖ്യവും സമാധാനവും പിന്നെയും ഏറെ നില നിന്നില്ല. 1738 (കൊ 913) ന്റെ ഒടുവിലും 1789 (കൊ 914) ന്റെ ആദിയിലുമായി ആ രണ്ടു കക്ഷികളും തമ്മിൽ പിന്നെയും ശത്രുത തുടങ്ങി.

(രാവുസാഹിബ് കണ്ണമ്പ്ര രാമനുണ്ണിവലിയനായരവർകളുടെ
ഒന്നാംപുസ്തകത്തിൽനിന്ന്.)

# കണ്ടതും കേട്ടതും

(എന്റെ സ്വപ്നത്തിൽ സ്വപ്നം.)

ഞാനും എന്നെപ്പോലെയുള്ളവരും ബന്ധപ്പെട്ട വരച്ചുണ്ടാക്കി തട്ടിക്കൂട്ടി പുറത്തിറക്കുന്ന മാസികകളിൽ കാലം തെറ്റി പ്പുറപ്പെടുവിക്കുന്ന ചില വരകളും കുറികളുമാണ് ലേഖനങ്ങൾ എന്ന വിശിഷ്ടനാമം കൊണ്ടു വ്യവഹരിക്കപ്പെടുന്നത്. പകൽ പിടിപ്പുള്ള ജോലിയുള്ളവർക്ക് പാതിരയ്ക്കു ഈ വേല സാധിക്കുകയുള്ളൂ. അതുകൊണ്ടു ഒരു ഗുണമുണ്ട്. ഒരു ഗന്ധവും കൂടാതെയല്ല എഴുതിത്തീർക്കുന്നത്. മണ്ണെണ്ണയുടെ ഗന്ധം വേണ്ടുവോളമുണ്ടായിരിക്കും എന്നതന്നെയല്ല, എഴുതുന്നവർ ഉറക്കമൊഴിക്കുംതോറും വായിക്കുന്നവരുടെ നിദ്രാസുഖം വർദ്ധിച്ചും വരും.

ഇങ്ങിനെ പരന്മാർക്കുവേണ്ടി കണ്ണിച്ചു ക്ഷീണിച്ചിരിക്കുന്ന ലേഖകന്മാർ ജനങ്ങളുടെ സുഖത്തിനായി തങ്ങളെ അലസന്മാരായി കരുതുന്നു കണ്ണടച്ചുപോയാൽ അതു പൊറുക്കുവാൻ പ്രയാസമുള്ളതല്ലല്ലോ. ഇതാ ഇങ്ങിനെ ഒരു മയക്കത്തിൽ ലയിച്ചുവെന്നാണ് എനിക്കാദ്യം തോന്നിയത്.

ആ ലയത്തോടു കൂടി ഒരു ഇരുൾക്കണ്ണത്തിന്റെ കരയ്ക്കലാണ് ഞാൻ നില്ക്കുന്നതെന്നു തോന്നി. സൂക്ഷിച്ചു നോക്കിയപ്പോൾ അതൊരു മഷിക്കടലാണ്. അനേകയോജനവിസ്താരത്തിൽ നോക്കിയാൽ നോട്ടമെത്താത്ത വിധത്തിൽ അതങ്ങിനെ പരന്നു കിടക്കുന്നു. കരിനീലത്തിലുള്ള ആകാശവും ഈ കടലും വേർതിരിച്ചറിവാൻ തന്നെ വളരെ പ്രയാസം. യമച്ചിമിഴി കൂടാതെ ഞാൻ വല്ലാതെ അമ്പരന്നു നോക്കിത്തുടങ്ങി. നോക്കുംതോറും കണ്ണു തെളിഞ്ഞു തുടങ്ങി. മനസ്സു പതിഞ്ഞു തുടങ്ങി.

അല്പനേരം ചെന്നപ്പോൾ മഷിക്കടലിന്റെ മീതെക്കൂടി അതിസുന്ദരിയായ ഒരു ദിവ്യസ്ത്രീ സുലളിതപദവിന്യാസത്തോടുകൂടി മന്ദമന്ദം വരുന്നതു കാണാറായി. മുഖം സുകുമാരമായാലും ഗാംഭീര്യാദി പല ഭാവങ്ങളും സ്ഫുരിക്കുന്നുണ്ട്. എന്റെ നേരിട്ടു തന്നെയാണു വരുന്നത്. പ്രായം ഒരു നോട്ടത്തിൽത്തന്നെ നൂറ്റിലധികമായിരിക്കുന്നുവെന്നു നെറ്റിമേലുള്ള നേരിയ ചുളിവുകൾ കണ്ടാലറിയാം. അല്ല, അതു മാത്രമല്ല; കറുത്തിരുണ്ടു നീണ്ടുചുരുണ്ട തലമുടി അഴിച്ചിട്ടിരിക്കുന്നു. അതിന്റെ ഇടയിൽ ഒളിച്ചു അപൂർവ്വം ചില നരച്ചരോമങ്ങളും സൂക്ഷിച്ചുനോക്കിയാൽ കാണുമാറുണ്ട്. ഇതാ അടുത്തുതുടങ്ങി. തലയിൽ ഒരു കിരീടം ധരിച്ചിട്ടുള്ളതിന്മേൽ അക്ഷരങ്ങൾ കാണുന്നുണ്ടല്ലോ. ശരി, അതൊക്കെ ഭാഷാഗ്രന്ഥങ്ങളാണ്. ആഭരണങ്ങളും അതുതന്നെ. ഉടുത്തിരിക്കുന്ന വസ്ത്രവും അതുതന്നെ. പൃഷ്ഠഭാഗത്തു വസ്ത്രത്തിന്മേൽ ചില വരകൾ കാണുന്നതോ? അതും ആ വകയിൽ പെട്ടതുതന്നെയാണ്. എന്തോ ഇട്ടു ചവിട്ടിക്കൊണ്ടു നടക്കുന്നുണ്ടല്ലോ. ഓഹോ! അതും ഒരുവക മറ്റുതന്നെ. ഇടത്തുകയ്യിൽ ഒരു കടലാസ്സുചുരുളും വലത്തേതിൽ ഒരു തൂവലും പിടിച്ചിട്ടുണ്ട്. സമീപത്തിൽ എത്തി. എന്റെ വിചാരമൊക്കെ അസ്തമിച്ചു. ഇതാ എന്നെ കടക്കണ്ണുകൊണ്ടു നീരാജനം ചെയ്യുന്നു. 'കുലവെട്ടിയ കറിവാഴപോലെ' ഞാൻ സ്തംഭിച്ചുനിന്നുപോയി. 'ഞാൻ ആരാണെന്നു മനസ്സിലായോ? ഭാഷാദേവിയാണു' എന്നായിരുന്നു അരുളിച്ചെയ്തു തുടങ്ങിയത്. അപ്പോഴേ എനിക്കു ശ്വാസം വീണുള്ളൂ; സമാധാനമായുള്ളൂ.

ഞാൻ മുമ്പിൽ കാണുന്ന വിശാലമായ മഷിക്കടലിലേയ്ക്കു ഒന്നു നോക്കി. എ

ന്റെ ഇംഗിതം തൽക്ഷണത്തിങ്കൽ ഗ്രഹിച്ച്, ദേവി തൂവ്വൽകൊണ്ടു അകലേക്കു ചൂണ്ടിക്കാണിച്ചു. ആ വഴിക്കു ഞാനെന്റെ കണ്ണോടിച്ചു. അതിദൂരത്തിങ്കലുള്ള പർവ്വതംപോലെ അവ്യക്തമായ ഒരു നീലിമ കാണാറായി അതിന്റെ അടിവാരത്തിൽ മഷിക്കടലിലെ അലകൾ ചെന്നടിക്കുന്നുണ്ട്. ഒന്നും അത്ര തെളിഞ്ഞു കണ്ടുകൂടാ. "ആ ദുർന്നിരീക്ഷ്യങ്ങളായ പർവ്വതനിരകൾ ആദികവികളുടെ ആവാസഭൂമിയാണ്. അവിടെ അതിമനോഹരങ്ങളായ താമരപ്പൊയ്കകളും, ഉദ്യാനങ്ങളും, വിഹാരസ്ഥലങ്ങളും, സർവ്വർത്തുരമണീയങ്ങളായ വൃക്ഷലതാദികളും, 'മാകന്ദമന്ദാരസുഗന്ധവാഹി'യായ മന്ദമാരുതനും, സ്ഫടികനിർമ്മലമായ ജലത്തെ വഹിച്ചുകൊണ്ടു മന്ദാക്ഷമന്ദമാകുംവണ്ണം അടവികളിൽക്കൂടി ഒഴുകുന്ന നദികളും, മററനേകം ഉപഭോഗയോഗ്യങ്ങളായ വസ്തുക്കളും ഉണ്ട്. തപഃക്ലേശത്തിനും സുഖാനുഭവത്തിനും ഒരുപോലെ യോജിച്ച ശാന്തഭൂമിയാണത്. അടുത്തിപ്പുറത്തായി ഒരു ദ്വീപു കാണുന്നില്ലേ? അതു യശസ്സാണ്. അവിടെനിന്നു വളരെ യോജന ഇങ്ങോട്ടു മാറി ഇടത്തുപുറത്തായി കാഞ്ചനമൃഗങ്ങളോടും സുവർണ്ണപ്പക്ഷികളോടുംകൂടി തെളിഞ്ഞുകാണുന്ന വെള്ളിമാമലകൾ നിറഞ്ഞുള്ള തുരുത്താണ് ഐശ്വര്യം." എന്റെ കണ്ണു മഞ്ഞളിച്ചുപോയി. ദേവി വീണ്ടും ആരംഭിച്ചു. "യശോദ്വീപിലേക്കു പോകുന്ന വഴിക്കു രണ്ടു ചുഴികളും അവയുടെ മദ്ധ്യത്തിൽ ഒരു പാലവും കണ്ടില്ലേ? വിദ്യുൽപ്പാലമാണത്. ആ ചുഴികളിൽ അനേകം തോണികൾ മുങ്ങി തവിടുപൊടിയാവുന്നതും, പാലത്തിന്റെ അടുക്കൽ കൂടിയിരിക്കുന്നവയിൽ ചിലതിന്റെ കേടുപാടു പോക്കുന്നതും കാണ്മാനില്ലേ? ആ തോണികളിൽ ഇരുന്നു തുഴയുന്നതും പണിയുന്നതുംഒക്കെ ഗ്രന്ഥകാരന്മാരാണ്. അതാ പല ജാതിക്കാരുംകൂടി അനവധി പണിത്തരത്തിനുള്ള സാമഗ്രികളും കയററിക്കൊണ്ടു പോവുന്ന പത്തേമാരികളും കേവള്ളങ്ങളും ചങ്ങാടങ്ങളും ചൂണ്ടൻവള്ളങ്ങളും വിദ്യുൽപ്പാലത്തിൽനിൽക്കുന്നവർ കണ്ണടച്ചു കടത്തിവിടുന്നില്ലേ? അതൊക്കെ ഉപകരണഗ്രന്ഥങ്ങളാണ്." പാലംകടന്നുകിട്ടിയാൽ യശോദ്വീപിലേക്കു വഴി കാട്ടേ ഉള്ളൂ. പക്ഷേ, ആ ദ്വീപിങ്കൽത്തന്നെ ഓരോരുത്തർക്കും ഓരോരോ സ്ഥാനം കല്പിച്ചുകാണുന്നുണ്ട്. അതറിവാനുള്ള ഉൽക്കണ്ഠയോടുകൂടി ഞാൻ നോക്കിയപ്പോൾ ദേവി പ്രസാദിച്ചരുളിച്ചെയ്തു. "അത് അനശ്വരമന്ദിരം. അവിടെ കാലദേശാവസ്ഥകളൊന്നും ബാധിക്കയില്ല. യശോദ്വീപിന്റെ തുറമുഖത്തു കാണുന്ന വലിയ കെട്ടിടം പരീക്ഷാവിലാസമാണ്. അവിടെയുള്ള ആ വലിയ ചാണയിന്മേലാണ് ആ ദ്വീപിങ്കൽ ഇറക്കുമതി ചെയ്യുന്ന രത്നാഭരണങ്ങളെ 'കാലഭൈരവൻ' മാററുരച്ചുനോക്കി വിലമതിച്ചു തരംതിരിച്ച് അനശ്വരമന്ദിരത്തിലേക്കും നശ്വരഭവനത്തിലേക്കും അയയ്ക്കുന്നത്."

"അനശ്വരമന്ദിരത്തിന്റെ അതിവിശാലമായ ഉദ്യാനത്തിൽ അത്യഗാധമായി അതിവിസ്തൃതമായി ഒഴുകുന്ന പുഴയിൽക്കൂടി ഒരു കപ്പൽ ക്രസൽക്കൂടാതെ വെള്ളം വകഞ്ഞുതള്ളിക്കയറുന്നതു കണ്ടുവോ? അതിന്റെ പാമരത്തട്ടിന്മേൽ ഇരിക്കുന്നാളാണ് തുഞ്ചത്തെഴുത്തച്ഛൻ. ആ കപ്പലിന്റെ പിന്നാലെ ഇരുവക്കിനും പത്തുവത്തു പങ്കാർ കുത്തി പാട്ടുംപാടി ഓളത്തിൽ തത്തിക്കളിച്ചു തുള്ളിച്ചാടിപ്പോകുന്ന ഓടിയിലെ അമരക്കാരൻ ആരെന്നറിയുമോ? അദ്ദേഹമാണ് കലക്കത്തു കുഞ്ചൻനമ്പ്യാർ. അതാ അടുത്തുതന്നെ ഒപ്പം പായ കൊടുത്തു കാററിനും ഒഴുക്കിനും അനുസരിച്ചുപോകുന്ന മച്ചുപായയാണ് മണിപ്രവാളം. പിന്നെയും പല ചില്ലറ ബോട്ടുകളും തോണികളും കാണുന്നത് അവരുടെ വക തന്നെയാണ്. യശോദ്വീപിൽ ഇങ്ങോട്ടു മാറി വടക്കേ അററത്തേക്കൊന്നു നോക്കൂ. അവിടെ ഒരു മരുഭൂമിയിൽ ചെറുതും വലുതുമായി വരണ്ടുകിടക്കുന്ന കുണ്ഡ

ങ്ങളിലേക്കു ദേവലോകത്തുനിന്നും പശ്ചിമാബ്ധിയിൽനിന്നും ശുദ്ധജലം പകരുന്നതു കണ്ടുവോ? അതൊക്കെ ഭാഷാന്തരങ്ങളാണ്. ഗ്രീഷ്മകാലത്തു വരാത്തതും വരുന്നതും അയവയിലുണ്ട്. അതാ നോക്കൂ; അമ്പലകളും ബാലന്മാരും കൂടി നർമ്മാലാപം ചെയ്തു കളിച്ചു ചിരിക്കുന്ന അന്താടിത്തെരുവും വന്ദിത്താവളവും പൃന്താട്ടവും വഴലും കാണുന്നില്ലേ? അതൊക്കെ നാടോടികവിതകളാണ്. യശോദ്വീപിൽനിന്ന് ഐശ്വര്യത്തുരുത്തിലേക്കു കുറെ അധികം ദൂരമുണ്ട്. അവ തമ്മിൽ ബന്ധമൊന്നുമില്ലെന്നു പറഞ്ഞുകൂട. ആഴിയുടെ അടിത്തട്ടിൽ അന്തശ്ഛായിനിയായിട്ടൊരു പോംവഴിയുണ്ട്. അത് എല്ലാവർക്കും അറിഞ്ഞുകൂട. വിദ്വൽപ്പാലത്തിന്മേൽ നിന്നാൽ കാണുകയുമില്ല. യശോദ്വീപിലുള്ള നശാരദവനത്തിലാണ് ആ വഴി ചെന്നു തുറക്കുന്നത്.''

ഇത്രയും ദേവി പറഞ്ഞു കഴിഞ്ഞപ്പോൾ ഞാൻ ഐശ്വര്യത്തുരുത്തിന്റെ സമീപത്തേക്കു നോക്കി. അനവധി ചൂണ്ടൽവള്ളങ്ങളും ചൂളവഞ്ചികളും തിക്കിത്തിരക്കി പോകുന്നതു കാണുമാറുണ്ട്. ചില തോണികൾ കൂട്ടിയടിച്ചു മറിയുന്നു. അതിലുള്ളവർ അന്യോന്യം പുലഭ്യവർഷം ചെയ്യുന്നു. ചിലർ മഷിക്കടലിൻമീതെ കൂടി സഞ്ചരിക്കുന്ന ഇവ്വൽപ്പക്ഷികളെ മുക്കിക്കൊല്ലുന്നു. വഞ്ചികളിൽ നിറയ്ക്കുന്നു. ഐശ്വര്യത്തുരുത്തിങ്കൽ നിന്നു ചില അധികാരികൾ വന്നു ചിലരെ പിടിച്ചു കയറ്റുന്നു. അപ്പോൾ ചിലർ കിടന്നു മുറവിളി കൂട്ടുന്നു. വിളിച്ചു നിലവിളിക്കുന്നു. അതിൽ ചിലർ അന്യോന്യം കൊള്ളയിടുന്നു. ഐശ്വര്യദ്വീപിലേക്കു വെച്ചടിക്കുന്നു. ആകെക്കൂടി കോലാഹലംതന്നെ. ഞാൻ അതുകണ്ടു പരുങ്ങിപ്പോയി. 'അതൊക്കെ പാഠപുസ്തകങ്ങളാണ്'. എന്നു ദേവി പറഞ്ഞപ്പോഴേ സമാധാനമായുള്ളൂ. ഈ ബഹളത്തിൽ നിന്നു കുറച്ചകലെ, ഐശ്വര്യത്തുരുത്തിലേക്കോ യശോദ്വീപിലേക്കോ പോകണമെന്നു രൂപമില്ലാതെ ചില ബോട്ടുകൾ കിടന്നു തിരിയുന്നുണ്ട്. അവയുടെ നാലു പുറവും ചില കനംകുറഞ്ഞ കാട്ടുതോണികൾ പാഞ്ഞു നടക്കുന്നതും, 'ഒരത്താഴംമുടക്കി' എന്നു പറയുന്ന ഭാരിച്ച കേവഞ്ചികൾ ഇഴഞ്ഞു സഞ്ചരിക്കുന്നതും, ഇടയ്ക്കു അങ്ങുമിങ്ങും ഏറുപടക്കങ്ങൾ പൊട്ടുന്നതും, ബോട്ടുകളിലുള്ള സാധുക്കൾ മറിഞ്ഞു വീഴുന്നതും, മഷി കുടിച്ചു മരിക്കുന്നതും, കാട്ടുതോണികളിലെ വികൃതികൾ കണ്ടു രസിക്കുന്നതും ചിരിക്കുന്നതും, തോണികളും കേവുകളും ഈ പരിഭ്രമത്തിൽ ചുഴികളിൽ പെട്ടു കുട്ടിക്കരണം മറിഞ്ഞു 'കൃഷ്ണകൃഷ്ണ' വെക്കുന്നതും, ആ സമയത്തു വിദ്വൽപ്പാലത്തിങ്കൽ കൊടിനാട്ടി ആർപ്പുവിളിക്കുന്നതും, മറ്റു പല ഹാസ്യകരങ്ങളായ ശബ്ദങ്ങളും കാണ്മാനും കേൾപ്പാനുമുണ്ട്. ഈ സാധുക്കളായ ഗ്രന്ഥകാരന്മാരും പത്രങ്ങളും മാസികകളും ഗുണദോഷനിരൂപണങ്ങളും തമ്മിലുള്ള കടലേറ്റവും കോളിളക്കവും ആണത്രെ. അതുകണ്ടു വെറുത്തു ഞാൻ കണ്ണടച്ചുപോയി. അപ്പോൾ സഹിക്കവയ്യാത്ത ഒരു ചൂടു സർവാംഗം ബാധിച്ച് ആവിയിൽ വേവുന്നപോലെ തോന്നി. കണ്ണു തുറന്നു നോക്കിയപ്പോൾ കരസ്ഥലത്തുതന്നെ ജ്വാലാമാലകളോടുകൂടി അഗ്നിഭഗവാൻ കത്തിജ്വലിക്കുന്നതു കണ്ണിൽ തറച്ചു. ആ അഗ്നിജ്വാലയിൽ ലക്ഷോപലക്ഷം പലമാതിരിയിലുള്ള പാവകൾ ചെന്നുവീണു ദഹിച്ചു വെണ്ണീറാകുന്നുണ്ട്. അഗ്നിജ്വാലകൾ പടർന്നുപിടിച്ചു ഞാൻ നില്ക്കുന്ന സ്ഥലത്തേക്കു അടുത്തുതുടങ്ങി. എനിക്കു നില്ക്കവയ്യാതെയായി. കാലെടുക്കുവാൻ നോക്കിയപ്പോൾ പൊങ്ങുന്നില്ല. ദേവിയെ നോക്കിയപ്പോൾ കാണ്മാനില്ല. ആ സമയത്തുണ്ടായ ഭയപാരവശ്യത്തിൽ ഉറക്കെ ഒന്നു നിലവിളിച്ചു. അതോടുകൂടി ഉണരുകയും ചെയ്തു. 'ഉപ്പ്, മുളക്, കടു, വെളിച്ചെണ്ണ, എല, പപ്പടം, അരി, മോരു, എല്ലാംകൂടി ഒരു കാശിന്' എന്നു പറഞ്ഞുകൊണ്ടു പത്രാധി

പർ സമീപത്തിൽ കൈനീട്ടി കാണിച്ചു നില്ക്കുന്നതു്. 'കണ്ടതും കേട്ടതും ദേവഞ്ചി ക്കിരിക്കട്ടെ' എന്നുപറഞ്ഞു് എന്റെ സ്വപ്നത്തില് സ്വപ്നം തട്ടിക്കൂട്ടി നീട്ടിയ കയ്യിൽ ചുട്ടു.

വിദ്യാജിഹ്വാ ചൻ

---

# ഞങ്ങളുടെ വായനശാല.

---

൧. പ്രാചീനമലയാളമാതൃകകൾ, ഒന്നാം ഭാഗം. (പ്രസാധകൻ. ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ, തിരുവനന്തപുരം.)

കാലം എല്ലാ വസ്തുക്കളുടെയും നിയന്താവാകുന്നു. എന്നും ഒരേ നിലയിലിരിക്കുന്നതായി ഒന്നുംതന്നെ ലോകത്തിലില്ല. ത്രികാലമദ്ധ്യത്തിലിരുന്നു ഭൂതഭാവികളെപ്പറ്റി ഒന്നും ആലോചിക്കാതെ വർത്തമാനാവസ്ഥകൊണ്ടു കൃതാർത്ഥരാകുന്നവർ യഥാർത്ഥത്തിൽ മനുഷ്യരല്ല. നാമിപ്പോൾ കാണുന്ന വസ്തുക്കൾ പണ്ടു് എങ്ങിനെയായിരുന്നു എന്നും, മേലിൽ എല്ലാ നിലയിലായിരിക്കുമെന്നും അറിയുന്നതിന്നാണു ചരിത്രവും ശാസ്ത്രവും ഉപയോഗപ്പെടുന്നതു്. മലയാളഭാഷയുടെ പ്രാചീനസ്ഥിതി എങ്ങിനെയായിരുന്നു എന്നറിയുന്നതു മലയാളികൾക്കൊക്കെയും ഒഴിച്ചുകൂടാത്ത ഒന്നാണു്. അതറിയേണമെന്നാഗ്രഹിക്കുന്നവർ ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള 'രാമചരിതം', 'രാമകഥപ്പാട്ടു്' എന്നീ ഗ്രന്ഥങ്ങൾ നോക്കിയാൽ മതി. ഈ രണ്ടു ഗ്രന്ഥങ്ങളും ദ്രാവിഡവൃത്തരീതിയിൽ എഴുതീട്ടുള്ള പാട്ടുകളാണു്. രാമചരിതകർത്താവു്, കൊല്ലം ൪-ാം നൂറ്റാണ്ടിന്റെ അന്ത്യഭാഗത്തിൽ ജീവിച്ചിരുന്ന, തിരുവിതാംകൂർ മഹാരാജവംശത്തിൽപ്പെട്ട ഒരാളായിരിക്കണമെന്നാണു് ഊഹിക്കുന്നതു്. രാമകഥപ്പാട്ടാകട്ടെ, അതിലും അപ്രാചീനനായ അയ്യപ്പിള്ള ആശാന്റെ കൃതിയാണു്. ഈ രണ്ടു പ്രാചീനകൃതികളുടെയും ഏതാനും ഭാഗങ്ങൾ പ്രൌഢമായ അവതാരികയോടുകൂടി പ്രസിദ്ധപ്പെടുത്തിയ പരമേശ്വരയ്യരവർകളെ ഞങ്ങൾ ഹൃദയംഗമമായി അഭിനന്ദിക്കുന്നു. രാമകഥപ്പാട്ടു് യഥാർത്ഥത്തിൽ കണ്ണശ്ശപ്പണിക്കരുടെ കാലത്തിനുശേഷമുണ്ടായ കൃതിയാണെന്നും, ആ സ്ഥിതിക്കു് അതു മദ്ധ്യകാലമലയാളമാതൃകയാവേണ്ടതാണെങ്കിലും — കണ്ണശ്ശന്റെ കൃതി മദ്ധ്യകാലമാതൃകയാണല്ലോ — ദേശഭേദംകൊണ്ടു ഭാഷയ്ക്കു അധികം പഴമ തോന്നുന്നതിനാൽ അതിനെ പ്രാചീനകാലമാതൃകയായി ഗണിച്ചതാണെന്നും ആണു് കാണുന്നതു്. തമിഴിനോടു് എത്രയും ചേർന്നിരിക്കുന്നവയും അർത്ഥഗ്രഹണത്തിന്നു ദൌർഘട്യമുള്ളവയും ആയ ഈ ജാതി പ്രാചീനകൃതികളെപ്പറ്റി പുച്ഛിക്കുന്നവരോടു് 'അന്നത്തെ ഭാഷയുടെ സ്ഥിതി അങ്ങിനെയായിരുന്നു' എന്നു ഞങ്ങൾ സമാധാനം പറയുവാൻ കാണുന്നുള്ളു. എന്നിട്ടും സമാധാനമാവാത്തവർ 'ഇന്നു പരമപരിഷ്കാരികളായി സഞ്ചരിക്കുന്ന മനുഷ്യരുടെ പൂർവ്വന്മാർ വാനരന്മാരായിരുന്നു' എന്നു വിചാരിച്ചു സമാധാനിച്ചുകൊള്ളട്ടെ.

൨. മദ്ധ്യകാലമലയാളമാതൃകകൾ, രണ്ടാംഭാഗം. (പ്രസാധകൻ പരമേശ്വരയ്യരവർകൾ തന്നെ. വില ൧ ക.)

ഈ പുസ്തകത്തിൽ, മാധവപ്പണിക്കരുടെ ഭഗവൽഗീതയും രാമപ്പണിക്കരുടെ ശിവരാത്രിമാഹാത്മ്യവും അടങ്ങിയിരിക്കുന്നു. ഈ രാമപ്പണിക്കർ തന്നെയാണു് കണ്ണശ്ശരാമായണകർത്താവായ കണ്ണശ്ശപ്പണിക്കർ. കൊല്ലം ൬-ാം നൂറ്റാണ്ടിൽ, തിരുവ

ല്ലാതാലൂക്കിൽപ്പെട്ട വിരണം എന്ന പ്രദേശത്താണ് ഈ രണ്ടു കവികളും ജീവിച്ചിരുന്നത്. കണ്ണശ്ശരാമായണംപോലെ തന്നെ 'നിരണവൃത്ത'ത്തിൽ ആണ് ഈ കൃതികളും നിർമ്മിച്ചിട്ടുള്ളത്. രാമപ്പണിക്കരുടെ ഈ ഭഗവൽഗീത തുഞ്ചത്തെഴുത്തച്ഛൻ കണ്ടിട്ടുണ്ടായിരുന്നതിനാലായിരിക്കണം ആ കവീന്ദ്രൻ ഗീത തർജ്ജമചെയ്യാതെ വിട്ടുകളഞ്ഞതെന്നാണ് ഊഹിക്കുന്നത്. ശിവരാത്രിമാഹാത്മ്യമാകട്ടെ ഇതേവരെ ആരും കണ്ടിട്ടില്ലാത്തതും പരമേശ്വരയ്യരവർകൾ ഒന്നാമതായി തേടിപ്പിടിച്ചതുമാണ്. ഈ രണ്ടു ഗ്രന്ഥങ്ങളും, ഏററവും പ്രൌഢങ്ങളും പ്രൌഢന്മാരായ വിദ്വാന്മാരെ വിനോദിപ്പിക്കുന്നതിന്നു മതിയായവയുമാണെന്നു നിസ്സംശയം പറയാം. ഭഗവൽഗീത ഒരു പദതർജ്ജമയല്ല; സ്വതന്ത്രമായ തർജ്ജമയാണ്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന മിക്ക ഭാഷകളിലും ഗീത തർജ്ജമചെയ്തിട്ടുണ്ട്. ഒരു ഭാഷയിൽത്തന്നെ അനേകം പ്രകാരത്തിലുള്ള ഒന്നിലധികം തർജ്ജമകളും ഇല്ലായ്കയില്ല. എങ്കിലും, ആ വിശിഷ്ടഗ്രന്ഥത്തിന്റെ ഒന്നാമത്തുണ്ടായ തർജ്ജമ പ്രകൃതമായ 'മാധവപ്പണിക്കരുടെ ഭഗവൽഗീത' ആണെന്നു കാണുന്നു. ഈ സംഗതി നമുക്കു തീർച്ചയായും അഭിമാനിക്കത്തക്കതാണ്. ഈ രണ്ടു ഗ്രന്ഥങ്ങളും ഉണ്ടായ കാലത്തേക്കു രാമചരിതകാലത്തേക്കാൾ പല പരിഷ്കാരങ്ങളും മലയാളഭാഷയ്ക്കുണ്ടായിട്ടുണ്ടെന്നു ഇവയിലെ ഭാഷയ്ക്കു രാമചരിതഭാഷയേക്കാൾ സുഗമതയും പ്രൌഢിയും കൂടുന്നും ഏവരും സമ്മതിക്കുന്നതാണ്.

---

# പ ല വ ക

തിരുവിതാംകൂറിൽ മലയാളഭാഷാഭ്യാസത്തിന്നു സർക്കാർവകയായി ഒന്നാമത്തെ വിദ്യാലയങ്ങൾ ഏർപ്പെടുത്തിയത് 1042 ലാണ്. ആ ആരംഭം കഴിഞ്ഞിട്ട് ഈ ചിങ്ങം 15-ാം നു-ക്ക് 50 കൊല്ലം തികഞ്ഞു. അന്നേ ദിവസം തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും 'നാട്ടുഭാഷാവിദ്യാഭ്യാസകനകജൂബിലി' മഹോത്സവം വളരെ ആഘോഷത്തോടെ കൊണ്ടാടിയിരിക്കുന്നു. പല ദിക്കുകളിലും സഭകൾ കൂടി ദേശഭാഷാഭ്യാസത്തെപ്പററിയ പ്രസംഗങ്ങൾ ചെയ്കയുണ്ടായി. തിരുവനന്തപുരത്തു ദിവാൻ ബഹദൂർ എം. കൃഷ്ണൻനായർ (ദിവാൻജി) അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു വലിയ സഭ കൂടുകയും അതിൽവെച്ചു വിദ്വാന്മാരും പ്രസിദ്ധന്മാരുമായ പല മഹാന്മാർ പ്രസംഗിക്കുകയും ഉണ്ടായി.

* * * * *

തിരുവനന്തപുരത്തു കൂടിയ മഹാസഭയിൽ പ്രൊഫസർ എ. ആർ. രാജരാജവർമ്മ തമ്പുരാനവർകൾ ചെയ്ത പ്രസംഗം സാരഗർഭമായ ഒന്നായിരുന്നു. മലയാളഭാഷയിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്നുതകുന്നതായ ഒരു സർവ്വകലാശാല തിരുവനന്തപുരത്തു സ്ഥാപിക്കേണ്ടതാണെന്ന അഭിപ്രായം ആ പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്നു. ഇതിനെ അഭിനന്ദിച്ചുകൊണ്ടു സഭാനാഥൻ ചെയ്ത പ്രസംഗത്തിൽ ഈ അഭിപ്രായം തിരുവിതാംകൂർ ഗവൺമെണ്ടിന്നും ഉള്ളതാണെന്നും തിരുവനന്തപുരത്ത് ഒരു സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം ആലോചിച്ചു വരുന്നുണ്ടെന്നും പറകയുണ്ടായി. ഈ സംഗതി ഭാഷാസാഹിത്യപ്രണയികളായ മഹാന്മാർക്കു അപരിമിതമായ കൃതാർത്ഥതയേയും അളവററ സന്തോഷത്തേയും ഉളവാക്കാതിരിക്കയില്ല.

* * * *

# ജ്വാലാവതീരാമകുമാരം.

## ഒന്നാം ഭാഗം

### ഒന്നാമങ്കം.

വന— ഞാൻ വന്നെത്തുന്നതിന്നു മുമ്പു തന്നെ നമ്മുടെയും നമ്മുടെ പരിപന്ഥിയുടേയും ഭൃത്യന്മാർ തമ്മിൽ കലശലായ ലഹള നടന്നിരുന്നു. ഞാൻ അവരെ സമാധാനപ്പെടുത്തി പിരിച്ചയപ്പാൻ ശ്രമിക്കുന്നതിന്നുമദ്ധ്യേ ചന്ദ്രബലൻ ഖഡ്ഗപാണിയായി എത്തുകയും, എന്റെ നേരെ ഒന്നു കയൎത്തു നോക്കുകയും, അവന്റെ ഖഡ്ഗത്തെ തലക്കുമീതെ ചുററിവീശി ശുദ്ധവിഡ്ഢിയുടെ നിലയിൽ ആകാശത്തെ പ്രഹരിക്കുന്ന മാതിരി ഒന്നിളക്കുകയും, അതിന്നുശേഷം ഞങ്ങൾ തമ്മിൽ വെട്ടും കുത്തും കലൎന്നു ദ്വന്ദ്വയുദ്ധം തുടങ്ങിയപ്പോൾ വളരെ ആളുകൾ വന്നു രണ്ടു ഭാഗത്തും ലഹള കൂട്ടുകയും, അങ്ങിനെയിരിക്കുമ്പോൾ രാജാവ് എഴുന്നെള്ളി രണ്ടു ഭാഗക്കാരെയും വേർപെടുത്തി അയക്കുകയും — ഇതൊക്കെയാണ് ഉണ്ടായത്.

മന്ഥ- ഭാൎയ്യ— അല്ല, രാമകുമാരൻ എവിടെ? നീ ഇന്ന് അവനെ കണ്ടുവോ? അവൻ ഈ ലഹളയിൽ അകപ്പെടാതെ ഇരുന്നതുകൊണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു.

വന—

പ്രാചീനാചലമണ്ഡലത്തിൽവിലസും
സൌവൎണ്ണജാലാന്തരേ
പ്രീത്യാസജ്ജനപൂജ്യനാംദ്യുമണിതാ-
നദ്യ്ക്കതനാംമുമ്പിനാൽ
ചിത്തേചേന്നൊരുശോകമൂലമവശ-
പ്പെട്ടങ്ങുഞാൻരാത്രിയിൽ
പ്രത്യുത്ഥായഗമിച്ചുപശ്ചിമതടേ
മേവുന്നപൂങ്കാവതിൽ.

ഗമിച്ചുഷസിതത്രഞാൻമതിശുചാചരി
(ക്കുംവിധൌ
ലഭിച്ചമമദൎശനാലവനൊളിച്ചുവാടിതടേ
മനോഗതശതാഗമാലവശനേററമേകാ-
(കിയെ
ന്നിമംപഥിവെടിഞ്ഞുഞാനഥതിരിച്ചു
(പോന്നിടിനേൻ.

മന്ഥര—

അഥരാഗമരാശിമുമ്പതിൽ
പ്പലനാളായവനീവിധംസ്ഥിതി
പൊഴിയുന്നസദൈവകണ്ണുനീർ
ഭൃശനിശ്വാസസമേതമാൎത്തനായ്.

സന്തോഷപ്രദനായസൂൎയ്യഭഗവാൻ
നന്നായുദിക്കുംവിധൌ
ചിന്താദന്തുരനായിമൽപ്രിയസുതൻ
ഗേഹാന്തരേവന്നുടൻ
സന്ത്യജ്യൈവപകൽപ്രകാശമകലേ-
സ്സ്വന്താമറിക്കുള്ളിലേ
ബന്ധാൽകൃത്രിമരാത്രിചേൎത്തുദിവസേ
മേവുന്നുശോകാൎത്തനായ്.

ഉചിതമാമുപദേശവശാലിവൻ
പ്രകൃതിമാന്ദ്യമശേഷമൊഴിക്കണം
നിശിതമാകിന ഖഡ്ഗമകപ്പെടും
നിയതമിത്തൊഴിൽ വൃദ്ധിയിലെത്തുകിൽ.

വന — മാന്യനായ അമ്മാമാ! ഇവിടത്തേക്ക് അതിന്റെ കാരണമറിയാമോ?

മന്ഥ — എനിക്കറിഞ്ഞുകൂടാ; അവൻ പറയുന്നതുമില്ല.

വന — അവനോട് എപ്പോഴെങ്കിലും നിർബ്ബന്ധിച്ചു ചോദിച്ചിട്ടുണ്ടോ?

മന്ഥ — ഞാൻ മാത്രമല്ല; എന്റെ പലസ്നേഹിതന്മാരും ചോദിച്ചിട്ടുണ്ട്. എന്നാലും അവൻ തന്റെ അഗാധമായ ചിത്തസരോജിനിയെ ഇതരന്മാരുടെ അവഗാഹനത്തിന്നു സുലഭമാക്കുന്നില്ല.

ചിത്തകാമ്പെരിയുമത്തൽപാരമവനേല്ക്ക-
യാൽമനസിഗോപ്യമാ-
യാർക്കുമേയറിവതില്ലഹേതുവതിനിന്ന
കല്മഷജമെന്നതും
മല്ലികാമുകുളതല്ലജംനവവികാസ-
മാർന്നു നിജകാന്തിയേ-
യുല്ലസിപ്പതിനുമുമ്പു കീടകൃതദംശ-
നംമൃദുലമെന്നപോൽ.

അവന്റെ ആധികാരണം ഇന്നതാണെന്നറിഞ്ഞിരുന്നാൽ അതിന്റെ പ്രതിവിധിമാർഗ്ഗം സന്തോഷപൂർവ്വമാലോചിക്കാമായിരുന്നു.

വന — ഇതാ! അവൻ വരുന്നു. വിരോധമില്ലെങ്കിൽ അല്പം മാറിനിന്നാൽ നന്ന്. ഞാൻ ഇവന്റെ ആധി ഇന്നതാണെന്നറിയാം. ഇല്ലാത്തപക്ഷം ഇവൻ തീരെ കഠിനൻ എന്നുതന്നെ പറയാം.

മന്ഥ — യഥാർത്ഥസ്ഥിതി ഇന്നതാണെന്നു നിനക്കു കേൾപ്പാൻ സംഗതിവരട്ടെ — പ്രിയേ! നമുക്കു പോകാം.

(മന്ഥപ്രഭവും ഭാര്യയും പോകുന്നു)

(രാമകുമാരൻ പ്രവേശിക്കുന്നു)

വന — വത്സ! സ്വാഗതം.

രാമ — പുലർന്നിട്ട് ഇത്രയേ ആയുള്ളു?

വന — ഒമ്പതടിച്ചത് ഇപ്പോഴാണ്.

രാമ — ഹാ! സന്താപാതുരന്നു സമയം ദീർഘിച്ചതോന്നും. കഷ്ടം! ഇപ്പോൾ ഇവിടെനിന്നു ബദ്ധപ്പെട്ടുപോയതു എന്റെ അച്ഛനാണോ?

വന — അതെ — എന്തു സന്താപമാണ് രാമകുമാരന്നു സമയം ദീർഘിപ്പിച്ചതോന്നിക്കുന്നത്?

രാമ — 'അഭാവസ്സൽപദാർത്ഥസ്യ യല്ലബ്ധ്യേ നിർവൃതിർഭവേൽ.' യാതൊരു സാധനത്തിന്റെ ലബ്ധിയാൽ എനിക്കു വാചാമഗോചരമായ സൌഖ്യം വരുമോ ആ സാധനത്തിന്റെ അഭാവംതന്നെയാണ് എന്റെ സന്താപകാരണം.

വന — പുഷ്പബാണവിലാസത്തിനുള്ളിലേ?

രാമ — അല്ല; അതിന്നു പുറത്ത്.

വന — അതു സംബന്ധമായിട്ടോ?

രാമ — എന്റെ സർവ്വാനുരാഗവും നിക്ഷേപിച്ചിരിക്കുന്ന ആ മത്തകാശിനീരോഷണത്തിന്റെ പ്രേമഭംഗം —

വന — ഇവന്ന് ഇങ്ങിനെ മൃദുലമായിത്തോന്നുന്ന ഈ കാമവികാരം ഇത്ര കഠോരകാഠിന്യസംയുക്തമാണല്ലോ! കഷ്ടം!

രാമ — കണ്ണില്ലാത്തൊരു കാമവികാരം
പെണ്ണിനൊടിഷ്ടംസാധിപ്പാനാ-
കണ്ണിണയില്ലെന്നാലുംപലവഴി
ഭേദമതെന്യേകണ്ടീടുന്നു.

ഇന്ന് എവിടെയാണ് നമുക്കൊന്നിച്ചു ഭോജനം കഴിപ്പാൻ തരം? ഓ ഹോ!

ഇവിടെ അല്ലാ മുമ്പ് എന്തു ലഹളയായിരുന്നു? ആ കോലാഹലം മുഴുവനും ഞാൻ കേട്ടിരിക്കുന്നു. അതുകൊണ്ട് അതു വിവരിക്കേണമെന്നില്ല. ഇതെല്ലാം മത്സരത്തിൽനിന്നു ജനിച്ചതു തന്നെ. എന്നാൽ എന്നെ ബന്ധിക്കുന്നതു സ്നേഹപാശമാണ്. ഹാ! ഈ കാമവികാരത്തിൽനിന്നുത്ഭവിക്കുന്ന കലഹസമേതമായ പ്രണയം— അനുരാഗജനിതമായ വൈരം— ഇത് 'അതനു' സംഭൃതമാകയാൽ ഒരു പദാർത്ഥത്തിൽനിന്നും സൃഷ്ടിക്കപ്പെട്ടതല്ല. ഇത് അന്യോന്യം വിരുദ്ധങ്ങളായ ഗുണങ്ങളാൽ രചിക്കപ്പെട്ട ഒരു മോടിവിദ്യായന്ത്രമാണ്.

ഭാരമാകിലുമിതേകിടുന്നു ലഘുതചാരി-
    ജാതസുമചാപലവം
സാരമില്ലപുനരെങ്കിലുമെന്നസിദ്ധരി-
    താപഭരഗൌരവം
ചാരുശോഭനശരീരജാതമൊരുമോഹ-
    ഭസ്മകലികാസ്പദം
രോഗമാകിനസുഖംപ്രജാഗരണപൂർണ്ണ-
    മാകുമൊരുനിദ്രതാൻ.

എന്താ ചിരിക്കുന്നത്?

വന— വത്സ! ഞാൻ ചിരിക്കയല്ല. സഹതപിക്കയാണ്.

രാമ— മൃദുലഹൃദയ! എന്തു സംഗതിക്ക്?

വന— നിന്റെ മൃദുലഹൃദയത്തിന്റെ പാരവശ്യം കണ്ടിട്ട്.

രാമ— എന്റെ രജോജുഷ്ടയായ ചിത്തവൃത്തിയിൽ താങ്കൾ ഇങ്ങിനെ പ്രണയാർദ്രമായ വാക്സേചനം ചെയ്താൽ അതു ഹേതുവായുണ്ടാവുന്ന വ്യസനസന്താനങ്ങൾ എന്റെ മനോവൈക്ലബ്യത്തെ വർദ്ധിപ്പിക്കും. അതുകൊണ്ട് അങ്ങിനെ ചെയ്യരുത്.

ആദ്യംനിശ്വാസവൃന്ദ്യാവരുമിഹനിയതം
    ധൂമമാസ്ഥാമരാഗം (ഇ:
നിത്യംസേവിപ്പതാകിൽജ്ജ്വലതിഹികമി
    കണ്ണതിൽത്തീകണക്ക
സദ്യഃകെട്ടങ്ങുപോയാലവനുടയശ്രു ചാ-
    നല്ലകണ്ണീർസമുദ്രം
തുച്ഛംതാനിപ്പദാർത്ഥംപറയുകിലിതുകേൾ
    പ്രജ്ഞയുള്ളോരുമൌഢ്യം.

വന— ബാല! ഞാൻ പോട്ടേ.

വന— ഞാനുംകൂടി വരാം. നീ ഇപ്രകാരം എന്നെ വിട്ടുപോകുന്നതു ഭംഗിയല്ലാ.

രാമ— ഛെ! ഞാൻ പോയ്ക്കഴിഞ്ഞു. ഞാൻ ഇവിടെയല്ല. ഈ നില്ക്കുന്നതു രാമകുമാരനല്ല. അവൻ വേറെ ഒരിടത്താണുള്ളത്.

വന— നിന്റെ അനുരാഗം ഏവളിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്നു ചിത്താർദ്രതയോടെ എന്നോട് പറയുക.

രാമ— എന്താ! ഞാൻ സഗൽഗദമായ്പ്പായേണമെന്നോ?

വന— ഗൽഗദമെന്തിന്? അതു വേണ്ട. നിന്റെ വ്യസനാവസ്ഥയെപ്പറഞ്ഞാൽ മതി.

രാമ— ആധിവ്യാധിനിപീഡിതനായ ഒരുവനോട് മരണപത്രമുണ്ടാക്കാൻ പറയുന്നതുപോലെയാണിത്. ഇങ്ങിനെ വ്യസനാക്രാന്തനായ ഒരുവനു വാക്ശക്തി എങ്ങിനെയുണ്ടാവും? സത്യം പറയുന്നതായാൽ ഞാൻ ഒരു യുവതിയെ തീവ്രാനുരാഗസമേതം കാംക്ഷിക്കുന്നു എന്നറിക.

വന— നിന്റെ മന്മഥപാരവശ്യാവസ്ഥ

കണ്ടിട്ട് എന്റെ ഊഹശരം ഇതിന്നടത്തു മുമ്പുതന്നെ എത്തിക്കഴിഞ്ഞു.

രാമ — നല്ല ധാനുഷ്കൻ തന്നെ. എന്റെ പ്രണയിനിയായ അവൾ സർവ്വാംഗസൌന്ദര്യവിശദയാകുന്നു.

വന — തെളിഞ്ഞുനില്ക്കുന്ന വിശദമായ കുറിക്കാണ് വേഗത്തിൽ ശരം കൊള്ളുന്നത്.

രാമ — നീ ഇപ്പോൾ പറഞ്ഞതു കുറിക്കു കൊണ്ടില്ല. അവൾ കാമശരത്താൽ വിദ്ധയല്ല. അവളുടെ ബുദ്ധിവൈഭവം ദമയന്തി, സീത ഇവരുടേതിനേക്കാൾ പ്രശംസനീയമാണ്.

ചാരിത്രശുദ്ധികവചത്തെവഹിച്ചുനന്നായ്
ക്കാമാസ്ത്രഭംഗമണയാതൊരുകാണിപോലും
സാരസ്യസാരനിലയാന്തൊടാതൊരന്യം
സാരംഗനേത്രവിലസുന്നമനോജ്ഞകാന്ത്യാ

വെണ്ണിൻകണ്ണുമയക്കിവശ്യമുളവാ-
ക്കീടുന്നപൊന്നിൻധനം
നണ്ണിടുന്നവൾമണ്ണുപോലെനിജമാം
സൌന്ദര്യസമ്പത്തിനാൽ
കാന്തിശ്രീയവതാരമൂർത്തിയവൾതൻ
ലോകാന്തരപ്രാപ്തിനാൾ
ഹസ്താസ്തംഗതമാകുമിദ്ധരണിയിൽ
സ്ത്രീകാന്തിമാനോജ്ഞകം.

വന — അവൾ സദാ ചാരിത്രനിഷ്ഠയോടിരിക്കുമെന്നു സത്യം ചെയ്തിട്ടുണ്ടോ?

രാമ — ഉണ്ട്. ആ നിഷ്ഠ തന്നെ വലിയ നഷ്ടത്തെയുണ്ടാക്കുന്നു. എന്തുകൊണ്ടെന്നാൽ,

കാന്തിസമ്പന്നയാം നാരി
ശാന്തിയോടുവസിക്കുകിൽ
കാന്തിസന്തതിദൌർല്ലഭ്യം
സന്തതംവരുമിബ്ഭുവി.

അവൾ രസങ്ങളിൽ പ്രഥമമായ കാമരസത്തെ നിർവ്യാജസത്യംചെയ്തു ഉപേക്ഷിച്ചിരിക്കുന്നു. എന്നെ പരിഭ്രമിപ്പിക്കുവാൻ മാത്രമല്ല ഈ മനസ്വിനി ഈ സത്യം ചെയ്തിട്ടുള്ളത്. ഈ നിഷ്ഠകൊണ്ടു ഞാൻ മൃതപ്രായനായി എന്നേയുള്ളു.

വന — ഞാൻ പറയുന്ന മാതിരി കേൾക്കു. അവളെപ്പറ്റി തീരെ മറന്നുകളയുക.

രാമ — അയ്യോ! എങ്ങിനെയാണ് ഞാനവളെ മറന്നുകളയേണ്ടത് എന്ന് എനിക്കു പറഞ്ഞുതരണേ!

വന — നിന്റെ കണ്ണിണകൾക്കു കുറെ സ്വാതന്ത്ര്യംകൊടുത്തു വേറെയുള്ള സുന്ദരികളെ പരീക്ഷിച്ചുനോക്കുക.

രാമ —

ലാവണ്യാംബുധിയാമവൾക്കുശരിയായ്
ലോകത്തിലില്ലേതുമേ
ലോലാപാംഗിതദീയകാന്തിസുഷമാ
ത്രൈലോക്യമോഹാവഹാ
നാകപ്രാഭവതുല്യദിവ്യതനുവാം
ഹംസത്തിനോടൊക്കുമോ
ഭേകപ്രാശനതുച്ഛവൃത്തികലരും
ഭൂലോകകാകാവലി?

കണ്ണുപോയവനുകണ്ണുതാൻമഹാ-
പുണ്യപൂരഭരമെന്നപോൽസ്സദാ
വണ്ണനീയഗുണശാലിനീമഹം
നണ്ണിടുന്നവൾവിയോഗമോക്കവേ.

വന — ഈ വാക്യത്തെ ഞാൻ വിക്രയം ചെയ്യിച്ചേക്കാം. ഇല്ലാത്തപക്ഷം കടം എന്നെ ബാധിക്കട്ടെ.

(രണ്ടാളും പോകുന്നു)

# മംഗളോദയം.

## ൧൦൮൨

| പുസ്തകം ൪ | കന്നി. | ലക്കം ൧ |
|---|---|---|

### മംഗളം.

ഏതൊന്നാ ഭുവനം നിറഞ്ഞതല്ലവൊ,ന്നേതൊന്നഹോ നിത്യമാ,-
ണേതൊന്നിൻ മുളയാണു ലോകമൊട്ടവിൽച്ചേരുന്നതേതൊന്നിലോ,
ഏതൊന്നോ ഗുണഹീന,മേതു പരിപാലിക്കുന്നു വിശ്വങ്ങളെ
സ്തുതാമോദമൊടാ മഹത്തമമഹസ്സേകേണമേ മംഗളം.

കെ. ഡബ്ളിയു. മാധവമാരാർ.

# സാഹിത്യവിമർശനം.



ഏറ്റവും സുഖമായവിധത്തിൽ ജീവിതം നയിക്കുന്നതിനുള്ള ആഗ്രഹം മനുഷ്യനു ലോകത്തിന്റെ ആരംഭം മുതൽക്കു തന്നെയുള്ളതാകയാൽ ഭക്ഷണം, വാസം, വസ്ത്രധാരണം, പ്രയാണം മുതലായ വൃത്തികളിൽ പരിഷ്കാരപരിണാമത്തിൽ സൌകര്യങ്ങൾ കൂടിക്കൂടിവരികയാണല്ലൊ പ്രായേണ ചെയ്യുന്നത്. കൃഷിക്കാരൻ, ആശാരി, നെയ്ത്തുവേലക്കാരൻ, ലോഹപ്പണിക്കാരൻ, കുംഭകാരൻ മുതലായവരുടെ തൊഴിലുകളിൽ അടിക്കടിയായി അഭിവൃദ്ധി വന്നുകൊണ്ടിരിക്കുന്നതിന്റെ നിദാനം മേല്പറഞ്ഞതുതന്നെയാണ്. ഇപ്രകാരം മനുഷ്യന്റെ നിത്യോപയോഗങ്ങളെ ആസ്പദമാക്കി ദിനംപ്രതി പരിപുഷ്ടങ്ങളായിക്കൊണ്ടിരിക്കുന്ന കലാവിദ്യകൾക്കു 'പ്രയോജകകല'കളെന്നു പേർ. വീടു, പാത്രങ്ങൾ, ആസനം മുതലായി പ്രയോജകകലകളുടെ അധികൃതിയിൽ പെടുന്നവയായ വസ്തുക്കൾക്കുള്ള വൈശിഷ്ട്യത്തെ നിശ്ചയിക്കുന്നതു നമ്മുടെ

ഉപയോഗത്തിന്ന് അവ എത്രത്തോളം ഉതകുന്നുവെന്നു നോക്കീട്ടാണ്. ഇത്തരം പദാൎത്ഥങ്ങളുടെ 'സൌന്ദൎയ്യം' അവയുടെ പ്രയോജകതാസ്ഫുടീകരണവുമാകുന്നു. ഇതിനെ അനുസരിച്ചതന്നെ ഇരിക്കാം നമ്മുടെ മനസ്സിന്നും കണ്ണിന്നും തൃപ്തി നൽകുവാനുള്ള അരയുടെ ശക്തിയും. ഇപ്രകാരമുള്ള പ്രയോജകതാപ്രകാശത്തോട് യാതൊരു ബന്ധവുമില്ലാതെ അവയിൽ വല്ല അലങ്കാരമോടികളുമുണ്ടാകുന്നതു അവയുടെ സൌന്ദൎയ്യത്തിന്നു ഭംഗകരമായി മാത്രമേ വൎത്തിക്കയുമുള്ളൂ.

പ്രയോജകകലകൾ താരതമ്യേന വിഷമം കുറഞ്ഞവയാകയാൽ അവയെപ്പററി ഇത്രമാത്രം പറഞ്ഞുംകൊണ്ട് ഇതിന്നുപരി 'രാമണീയകകല'കളെക്കുറിച്ചു പ്രതിപാദിക്കാം. സൌകൎയ്യത്തിന്നുവേണ്ടി രാമണീയകകലകളെ നിൎദ്ദേശിക്കുവാൻ 'കലാവിദ്യകൾ' എന്നു മാത്രമേ മേൽ ഉപയോഗിക്കുന്നുള്ളൂ.

കലാവിദ്യകൾക്കു നമ്മുടെ ഹൃദയവുമായി സന്നികൎഷം ലഭിക്കുന്നതിന്നുള്ള ദ്വാരങ്ങളായ നേത്രശ്രോത്രേന്ദ്രിയങ്ങളെ ആസ്പദമാക്കി 'ചാക്ഷുഷകലകൾ' എന്നും 'ശ്രൌത്രകലകൾ' എന്നുമുള്ള ഒരു വിഭജനം സ്വീകരിക്കുന്നപക്ഷം ശില്പവിദ്യ, പ്രതിമാകരണം, ചിത്രലേഖനം ഇവ മൂന്നും ഒന്നാമത്തെ തരത്തിലും; സംഗീതം, കവിത ഇവ രണ്ടാമത്തെ തരത്തിലും ഉൾപ്പെടുന്നതാകുന്നു. ഇതുകൂടാതെ മറെറാരു വിഭജനവുംകൂടി സാദ്ധ്യമത്രേ. കലാവിദ്യകളോരോന്നും അതാതിന്റെ ഉദ്ദേശ്യസിദ്ധ്യൎത്ഥം സ്ഥൂലരൂപങ്ങളായ ആസ്പദങ്ങളെ എത്രക്കു ആശ്രയിച്ചിരിക്കുന്നുവെന്നുള്ള വാസ്തവമാണ് ഈ വിഭജനത്തിന്റെ അടിസ്ഥാനം. ഇതുപ്രകാരം ഉൽകൃഷ്ടക്രമത്തിൽ ശില്പവിദ്യ ഏററവും താഴ്ന്നതും കവിത ഏററവും ഉയൎന്നതുമായിരിക്കും. എന്തെന്നാൽ ശില്പവിദ്യയെന്നതു സ്ഥൂലപദാൎത്ഥങ്ങളെ യഥാക്രമം ചേൎത്തു കെട്ടിക്കയററുക മാത്രമാണല്ലോ. ശില്പവിദ്യയെക്കാൾ ഒരുപടി മുകളിലാണ് പ്രതിമാകരണം. ഇതിലും ആസ്പദം കേവലം സ്ഥൂലവസ്തു മാത്രമാണ്. എന്നാൽ തക്ഷകൻ കൈ വിളയാടുമ്പോൾ അയാളുടെ കലാസാധനങ്ങളായ കല്ലിന്നും ലോഹത്തിന്നും സ്വഭാവേന ഒരിക്കലുമില്ലാത്ത ചില സ്വാരാൎത്ഥങ്ങളുണ്ടായിത്തീരുന്നു. നിൎജ്ജീവമായ ഒരു ശിലാഖണ്ഡത്തിൽനിന്നും സജീവമായ ഒരു രൂപത്തിന്റെ പ്രതിമയെ അയാൾ നിൎമ്മിക്കുന്നുണ്ടല്ലോ. പ്രതിമാകരണത്തെക്കാൾ ഒരു പടി മുകളിലാണ് ചിത്രമെഴുത്ത്. രൂപം കൊടുക്കുവാനുള്ള സ്ഥൂലപദാൎത്ഥങ്ങൾക്കു നീളം, വീതി, കനം എന്നീ മൂന്നു പരിമാണങ്ങളുള്ളതിൽനിന്നും ചിത്രമെഴുത്തിൽ ഒന്നു കുറഞ്ഞുപോകുന്നു. എന്തെന്നാൽ ചിത്രഫലകത്തിന്റെ നീളവും വീതിയും മാത്രമാണല്ലോ ചിത്രമെഴുത്തിന്ന് ആവശ്യമായിവരുന്നത്. എങ്കിലും ഫലകതലത്തിൽ ചിത്രകാരൻ സ്ഥൂലവസ്തുക്കളുടെ ആകൃതികൾ വരച്ചു രൂപവും, വൎണ്ണവും, ഭാവാൎത്ഥവും കൂടി വരുത്തുവാൻ ശക്തിയുള്ളവനാകുന്നു. സംഗീതവിദ്യ ചിത്രമെഴുത്തിലും ഉൽകൃഷ്ടമായ ഒന്നാണ്. ഇതിൽ സ്ഥൂലവസ്തുവെന്നു പറയേണമെങ്കിൽ ശബ്ദപടലമൊന്നു മാത്രമേയുള്ളൂ. ഓരോ ശബ്ദങ്ങൾ ഓരോ വികാരത്തെ ദ്യോതിപ്പിക്കത്തക്കവണ്ണം

സംഗീതജ്ഞന്മാരാൽ നിബദ്ധങ്ങളാകുന്നുവെന്നു മാത്രമല്ല, അതുകൾ ശ്രോതാക്കളുടെ മനസ്സിൽ അതാതു വികാരത്തെ ഉത്ഭവിപ്പിക്കുകയും ചെയ്യുന്നു. മുൻവിവരിച്ച കലാവിദ്യകളെക്കാളെല്ലാം മഹത്തരമായതാണ് കവിത. ഇതിന്റെ സാധനവസ്തു — 'മാത്ര'യെന്ന അംശം കഴിച്ചു — കേവലം സംജ്ഞകൾ, അതായത് ആശയങ്ങളെ മനസ്സിൽ ഉദിപ്പിക്കുവാൻ ശക്തിയുള്ള വാക്കുകൾ, മാത്രമാണെന്നു പറഞ്ഞാൽ സ്ഥൂലപദാർത്ഥത്തോടു ഇതിന്നുള്ള സംബന്ധം എത്രയോ ലഘുവാണെന്നു ഏകദേശം ഊഹിക്കാമല്ലോ. വാസ്തവത്തിൽ സാഹിത്യത്തിന്റെ പ്രധാനാംശം ഭാവന തന്നെ.

കവിത മുതലായ രാമണീയകകലകളെക്കുറിച്ചു നിരൂപണംചെയ്യുംവിഷയത്തിങ്കൽ സൌന്ദര്യമെന്ന ഗുണത്തിന്നു അടിസ്ഥാനങ്ങളായ നിയമങ്ങളെപ്പറ്റിയുള്ള പര്യാലോചന അത്യന്താപേക്ഷിതമാകുന്നു. ഈ നിയമങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ ഉപയുക്തങ്ങളായ സിദ്ധാന്തങ്ങൾ ഓരോ കലാവിദ്യയ്ക്കും പ്രത്യേകമില്ലെന്നില്ല. ഏതദ്വിഷയത്തിൽ പരിമിതികൾ, പ്രതിബന്ധങ്ങൾ, സാദ്ധ്യമാർഗ്ഗങ്ങൾ എന്നിവയെ സ്പഷ്ടീകരിക്കുന്നവയാണു മേൽപ്പറഞ്ഞ സിദ്ധാന്തങ്ങൾ. പ്രശസ്തകവികളുടെ കൃതികൾ കേവലം വായിച്ചു രസമനുഭവിക്കേണമെന്നുമാത്രമുദ്ദേശിക്കുന്നവർക്കു ആവക സിദ്ധാന്തങ്ങൾ വളരെ ആകർഷകങ്ങളായി തോന്നുകയില്ലായിരിക്കാം. പക്ഷേ കലാകുശലന്മാർക്കു ഏറെക്കുറെ ശാസ്ത്രീയമായ ചില പഠനങ്ങൾ കൂടാതെ കഴിക്കുവാൻ നിവൃത്തിയുള്ളതല്ല. കലകളുടെ നിർമ്മിതിക്കും അഭിനന്ദനസ്സുമുള്ള നിദാനം മനുഷ്യന്നു വിശേഷമായി സിദ്ധിച്ചിട്ടുള്ള സൌന്ദര്യാവബോധശക്തിയാകുന്നു. ഈ ശക്തിയുടെ അംശങ്ങളെ വിഭജിച്ചു ഉപപാദിക്കുകയും, പ്രജ്ഞ, അനുസന്ധാനം മുതലായ ഇതരശക്തികൾക്കും, അതിനും തമ്മിലുള്ള ബന്ധം വെളിവാക്കുകയുമാകുന്നു കാവ്യത്തെപ്പറ്റിയുള്ള സാമാന്യമായ സിദ്ധാന്തത്തിന്റെ ഉദ്ദേശ്യം. തന്മൂലം ബുദ്ധിയും പര്യാലോചനാബലവുമുള്ളവർക്കു അതു ഏറ്റവും പ്രധാനം തന്നെയെങ്കിലും കലാവിദ്യാസംരംഭങ്ങൾക്കു മാർഗ്ഗദർശിയാകുവാൻ കേവലം അതു മതിയാകാത്തതാണെന്നും വിസ്മരിക്കരുത്.

കലാവിദ്യകളാൽ വാസ്തവത്തിൽ സാധിച്ചിട്ടുള്ളതെന്തെന്നു നമുക്കു മനസ്സിലാക്കിത്തരുന്നത് അതിന്റെ ആഗമമാകുന്നു. അതുകളാൽ സാധിക്കേണ്ടതെന്തെന്നു നമ്മെ ബോധിപ്പിക്കുന്നതു അതിനെക്കുറിച്ചുള്ള സിദ്ധാന്തവുമാണ്. ഈ രണ്ടിനെയും കൂട്ടി ഘടിപ്പിക്കുവാൻ യാതൊന്നുമില്ലാത്ത പക്ഷം രണ്ടും ഭിന്നമണ്ഡലങ്ങളായി ന്യൂനങ്ങളായി പ്രയോജനരഹിതങ്ങളായിരിക്കയേയുള്ളു. ഇങ്ങിനെ ഘടിപ്പിക്കുന്നതിന്നുള്ള ഉപകരണമാണ് 'വിമർശന'മെന്നു പറയുന്നത്. കലകളുടെ ആഗമത്തെ പ്രകാശിപ്പിക്കുന്നതിന്നും പുറമെ സിദ്ധാന്തങ്ങളെ ഫലവത്തുക്കളാക്കിത്തീർക്കുന്നതിന്നുമുള്ള പ്രാബല്യം വിമർശനശാസ്ത്രത്തിനുണ്ട്. ഇപ്പോഴുള്ള കൃതികളെ താരതമ്യപ്പെടുത്തി പഠനം ചെയ്കയും ഗുണദോഷങ്ങൾ തീർച്ചയാക്കയും ചെയ്യുന്നതു മൌലങ്ങളും മഹത്തരങ്ങളുമായ അഭിനവകൃതികളുടെ നിർമ്മിതിക്കു അത്യന്തം സഹായമായിത്തീരുമെന്നുള്ളതിന്നു സംശയമില്ലല്ലൊ.

എന്നാൽ വിമർശനവൃത്തിയെപ്പററി സാമാന്യേന ജനങ്ങളുടെ ഇടയിൽ ഒരു തെററിദ്ധാരണയുണ്ട്. വിമർശനമെന്നുവെച്ചാൽ ഗുണഭാഗവും ദോഷഭാഗവും 'വിസ്തരിച്ച്' വിധി കല്പിക്കുകയെന്നാണു അവരുടെ ബോധം. പ്രത്യേകം ചില നിയമങ്ങളെല്ലാം പഠിച്ചു പരിചയം സമ്പാദിച്ചു സാഹിത്യസാമ്രാജ്യത്തിലെ 'ജഡ്ജി' സ്ഥാനങ്ങളിലിരിക്കുന്നവരാണു വിമർശകന്മാരെന്നുള്ള ഒരു വിശ്വാസം സാധാരണയായി ആളുകൾക്കുള്ളതിന്റെ ആധാരം മേൽപ്പറഞ്ഞ ധാരണ തന്നെയാണ്. എന്നാൽ നാം ഇവിടെ വിമർശനമെന്ന പദം ഉപയോഗിക്കുന്നതു ഇതിലുമധികം വിസ്തൃതമായ ഒരു അർത്ഥത്തിലാകുന്നു. വിഭജനം, വിവരണം, നിരൂപണം, യോഗ്യതാനിർണ്ണയം മുതലായ ഏതുദ്ദേശ്യത്തോടുകൂടിയായാലും വേണ്ടതില്ല, സാഹിത്യത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഉത്തമസാഹിത്യമെല്ലാം നാം വിമർശനത്തിലുൾപ്പെടുത്തുന്നു. സാഹിത്യത്തിന്റെ വിഷയം ജീവലോകമാണെങ്കിൽ വിമർശനത്തിന്റെ വിഷയം സാഹിത്യമോ സാഹിത്യവിമർശനം തന്നെയോ ആകാം. 'കൃഷ്ണഗാഥ'യെപ്പററി ഒരാൾ ഒരു വിമർശനമെഴുതുന്നു. ആ വിമർശനത്തെപ്പററി വേറെയൊരാൾ ഒരു വിമർശനമെഴുതുന്നു. ഈ വിമർശനവിമർശനത്തെപ്പററി മറെറാരാൾ ഒരു വിമർശനമെഴുതുന്നു. അപ്പോൾ സാഹിത്യവിമർശനവും, വിമർശനവിമർശനവും, വിമർശനവിമർശനവിമർശനവും മററുമായി വിമർശനഗ്രന്ഥങ്ങളുടെ സംഖ്യ വളരെ വർദ്ധിക്കുന്നു. ഇങ്ങിനെയിരിക്കെ ചിലക്കു തോന്നും, 'എന്തിനാണു വിമർശനംതന്നെ? ന്യൂകരപ്രായം ചെരുത്തു കൊണ്ടിരിക്കുവാനും തന്നിമിത്തം സാഹിത്യപദ്ധതിയിലുള്ള പ്രയാണത്തിന്നു കേവലം പ്രതിബന്ധം മാത്രമായിരിപ്പാനും സംഗതിയുള്ള വിമർശനം തന്നെ എന്തിനാണ്? എന്നു മാത്രമല്ല, ആളുകൾ യഥാർത്ഥകാവ്യങ്ങൾ വായിച്ചു തന്നെത്താൻ മനസ്സിലാക്കുവാനുത്സാഹിക്കാതെ വിമർശനങ്ങൾ മാത്രം വായിച്ചു ബാഹ്യാലോകനം കൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്ന തന്ദ്രാലുക്കളായിപ്പരിണമിക്കുവാനും അതു സഹായിക്കയില്ലയോ?' എന്ന്. ഈ പൂർവ്വപക്ഷത്തിലും കുറെ വാസ്തവമില്ലെന്നില്ല. കാവ്യങ്ങൾ പഠിക്കുന്നതിന്നു പകരം അതുകളെപ്പററിയുള്ള വിമർശനങ്ങൾ പഠിക്കുന്നതു ഒരിക്കലും മതിയാകുന്നതല്ല. വിമർശനഗ്രന്ഥശേഖരത്തിന്റെ കീഴിൽ മൂലഗ്രന്ഥങ്ങളെ കുഴിച്ചിടുന്നതു ഒരിക്കലും സ്പൃഹണീയമല്ല. എന്നാൽ ഇക്കാരണങ്ങൾ കൊണ്ടു സാഹിത്യവിമർശനം തന്നെ തീരെ അനാവശ്യമെന്നു പറയുവാനും പാടില്ല. അതിന്നും ചില പ്രത്യേകോദ്ദേശ്യങ്ങളും ഫലങ്ങളുമുണ്ടെന്നുള്ളത് നിർവ്വിവാദമത്രെ. ഒന്നാമതു സാഹിത്യമെന്നും സാഹിത്യവിമർശനമെന്നുമുള്ള വിഭജനം തന്നെ ശരിയല്ല. എന്തെന്നാൽ ഉത്തമങ്ങളായ വിമർശനഗ്രന്ഥങ്ങളെയും എല്ലാ കാരണംകൊണ്ടും സാഹിത്യത്തിൽത്തന്നെ പെടുത്താവുന്നതാണ്.

ഉത്തമങ്ങളായ കാവ്യങ്ങളെ നാം തന്നെ വായിച്ചുനോക്കാതെ അതുകളെക്കുറിച്ചു മററുള്ളവർ പറഞ്ഞിട്ടുള്ളതു മാത്രം കണ്ണടച്ചുപഠിച്ചു തൃപ്തിപ്പെട്ടിരിക്കുന്നതായാൽ വിമർശനത്തിന്റെ ഭാവത്തെ നാം മലിനീകരിക്കുകയായിരിക്കും ചെയ്യുന്നതു. സ

കലവിധത്തിലുള്ള ജ്ഞാനസരണികളിലും ഹ്രസ്വമാർഗ്ഗങ്ങൾ വെട്ടിത്തെളിയിക്കുവാൻ അത്യുത്സാഹമുള്ള ഇക്കാലത്തു വിവിധകൃത്യാന്തരപരതന്ത്രന്മാരായ നാം മേൽപ്പറഞ്ഞ പ്രകാരം ചെയ്യുവാൻ എളുപ്പമുണ്ട്. അങ്ങിനെ ചെയ്യുന്നതിനാൽ നമ്മുടെ സ്വന്തം ആലോചനാശക്തി ക്ഷയിക്കുന്നു. എന്തെന്നാൽ കാവ്യകൃതികളിലെ ഗുണദോഷങ്ങൾ നാം കാണുന്നതു ക്രമേണ നമ്മുടെ സ്വന്തം കണ്ണുകൊണ്ടല്ലാതെയാണ് വരുന്നത്. വിമർശകനെന്തെല്ലാം കാണുന്നുവോ അതെല്ലാം നമ്മളും കാണും. അതിനപ്പുറമൊന്നും കാണുകയുമില്ല. പ്രത്യേകിച്ചും വിമർശകൻ വലിയ വിദ്വാനെന്ന് എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു ആളാണെങ്കിൽ താരതമ്യേന നാം വളരെ ബലഹീനന്മാരും അജ്ഞന്മാരുമെന്നുള്ള ബോധത്തോടുകൂടെ അയാൾക്കു കണ്ണടച്ചടിമപ്പെടുന്നു. ഈ നിലയിലാകട്ടെ, വിമർശകൻ കവിയെ നമ്മുടെ ഭാവനാദൃഷ്ടിയിൽനിന്നും മറയ്ക്കുന്ന ഒരു തിരസ്കരിണി മാത്രമായിപ്പര്യവസിക്കുന്നു.

വിമർശനംകൊണ്ടു ഇപ്പറഞ്ഞ ദോഷങ്ങളെല്ലാമുണ്ടാകാമെങ്കിലും വേണ്ടവിധത്തിൽ വിനിയമനം ചെയ്യുന്നതായാൽ അതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങളും അനല്പങ്ങളാണ്. യഥാർത്ഥവിമർശകനാകട്ടെ സ്വവിഷയകോടിയിൽ വിശാലവും അഗാധവുമായ പരിജ്ഞാനവും പരിചയവും നമ്മെക്കാളെത്രയോ അധികം സമ്പാദിച്ചിട്ടുള്ള ആളും, സൂക്ഷ്മദൃഷ്ടി, കുശാഗ്രബുദ്ധി, ഗ്രഹണശക്തി എന്നിതുകൾ നമ്മെക്കാൾ എത്രയോ അധികം ഉള്ളവനുമായിരിക്കും. തൽഫലമായി ഒരു കാവ്യത്തിൽ നാം കാണുന്നതിലെത്രയോ അധികം രസവും ഭാവവും ആയാളുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നു! അതിനാൽ കാവ്യത്തിന്റെ പല ഭാഗവും ആയാൾ പ്രകാശിപ്പിച്ചു നമുക്കു കാണിച്ചുതരുന്നു. ആയാൾ ഇല്ലാത്ത പക്ഷം നാം അതുകൾ കാണുകയേ ഇല്ല. ഇതിനും പുറമെ ആയാൾ നമ്മുടെ ആലോചനരീതിതന്നെ പലപ്പോഴും യഥോചിതം വ്യത്യാസപ്പെടുത്തുകയും ചെയ്യും. പലപ്പോഴും ആയാൾ നമ്മുടെ മനസ്സിൽ സുഷുപ്ത്യവസ്ഥയിൽ കിടക്കുന്ന ധാരണകളെത്തന്നെ ജാഗ്രൽസ്ഥിതിയിൽ കൊണ്ടുവന്നു തെളിയിച്ചു പരമാർത്ഥത്തിൽ ഫലപ്രദങ്ങളാക്കിത്തീർക്കുന്നു. നമുക്കുണ്ടാകുന്ന തെറ്റായ ധാരണകളേയും ആയാൾ പലപ്പോഴും സയുക്തികം ഖണ്ഡിച്ചു കാര്യം മനസ്സിലാക്കിത്തരുന്നു. ഈവിധത്തിലെല്ലാം ഒരു യഥാർത്ഥവിമർശകൻ നമുക്കു സാഹിത്യവനസഞ്ചാരത്തിനു വേണ്ടുന്ന വഴികൾ വെട്ടിത്തെളിയിച്ചുതരികയും, സുഹൃത്തെന്നപോലെ മാർഗ്ഗദർശിയായി നമ്മെ അനുഗമിക്കയും, വഴിനീളെ നാം സാധാരണങ്ങളെന്നു കരുതി സൂക്ഷിക്കാതെ വിട്ടുകളയുവാൻ എളുപ്പമുള്ള വസ്തുക്കളെല്ലാം ചൂണ്ടിക്കാണിച്ചു വിവരിച്ചുതരികയും ചെയ്യുന്നവനാണ്. ആകയാൽ കാവ്യങ്ങൾ വായിക്കുമ്പോൾ ചെയ്യേണ്ടതുപോലെത്തന്നെ വിമർശനങ്ങൾ വായിക്കുമ്പോഴും നമ്മുടെ മനസ്സു സാവധാനം ഉണർന്നിരുന്നു കൊള്ളുന്നതായാൽ, വിമർശനഗ്രന്ഥപാഠനംകൊണ്ടു ദോഷമൊന്നുമുണ്ടാകയില്ലെന്നു മാത്രമല്ല, എങ്ങിനെയായാലും നമ്മുടെ പരിജ്ഞാനശക്തിക്കു വളരെ അഭിവൃദ്ധിയുണ്ടാകുന്നതുമായിരിക്കും.

പി. ശങ്കരൻനമ്പ്യാർ ബി. എ. (ഓണേർസ്)

# *പെരുമാക്കന്മാർ

(൧)

'ദൂർബ്ബാം' എന്ന വാക്യത്താൽ പരൽപ്പേർപ്രകാരം കിട്ടുന്ന സംഖ്യയായ കലി 2988-ാം വത്സരത്തിലാണ് പെരുമാൾവാഴ്ച തുടങ്ങീട്ടുള്ളതെന്നാണല്ലൊ പണ്ടുള്ളവർ പറഞ്ഞുവന്നിരുന്നത്. കാലപ്പഴക്കം ഏറിയതുകൊണ്ടോ എന്തോ, നവീനന്മാരിൽ പലരും ഈ പഴഞ്ചൊല്ലിൽ കുറെയധികം പതിരുണ്ടെന്നു കണ്ടെടുത്തു തീർച്ചപ്പെടുത്തി ഒന്നായി പുറത്തു കളഞ്ഞു പുതുമയേറിയ പലതരം അഭിപ്രായവിത്തുകളും വിതച്ചിട്ടാണ് കേരളത്തിലെ പെരുമാൾ ലോകത്തിൽ വിളവെടുത്തു കഴിച്ചുകൂട്ടി വരുന്നതെന്നും മിക്കവരും അറിഞ്ഞിട്ടുള്ളതാണല്ലൊ. അങ്ങിനെ തള്ളിക്കളഞ്ഞ പതിരിന്റെ കൂട്ടത്തിൽ വല്ല സാരാംശവും അടങ്ങീട്ടുണ്ടോ എന്നു ആർക്കും ചേതംവരാത്തവിധത്തിൽ ഒന്നു തെരഞ്ഞുനോക്കുവാനാണ് ഇവിടെ തുടങ്ങുന്നത്.

പെരുമാൾവാഴ്ചക്കാലത്തിന്റെ അന്ത്യഭാഗങ്ങളിൽ വാണിരുന്ന ചില പെരുമാക്കന്മാരുടെ സമകാലികന്മാരായ പല കവികളും അവരെ പിന്തുടർന്നിട്ടുള്ള മററു കവികളും നിർമ്മിച്ചിട്ടുള്ള അനേകം ഖണ്ഡകൃതികളിലും, ചില മഹാകൃതികളിലും ആ ഭരണകർത്താക്കന്മാരെപ്പററിയും കവികളെപ്പററിയും വിവരിച്ചുകാണുന്ന സംഗതികളും ആ കവികളുടെ ജീവിതകാലക്രമവും കഴിയുന്നേടത്തോളം സൂക്ഷ്മമായിപ്പരിശോധിച്ചു നോക്കിയതിൽ പെരുമാൾവാഴ്ചയെക്കുറിച്ചു പല വിവരങ്ങളും അറിവാൻ വഴിയുള്ളതായിക്കാണുന്നുണ്ട്. എന്നാൽ ആ വക പരിശോധനയിൽ കണ്ടുകിട്ടീട്ടുള്ള ഓരോ തെളിവുകളുടേയും വിവരങ്ങൾ വിസ്തരിച്ച് ഒരു നിരൂപണം എഴുതി വായനക്കാരെ മുഷിപ്പിച്ചു ശാപം ഏൽക്കാൻ തൽക്കാലം ഒരുങ്ങുന്നില്ല. ഏകപ്പാടെ ആ പരിശോധനകൊണ്ടു കിട്ടിയ ഫലമായ പെരുമാൾവാഴ്ചക്രമത്തിന്റെ ഒരു ചുരുക്കം മാത്രം താഴെ വിവരിക്കുന്നു.

കേരളത്തിലെ രക്ഷാപുരുഷന്മാരും പ്രഭുക്കന്മാരും തമ്മിൽ മത്സരം വർദ്ധിച്ചു രക്ഷാപുരുഷന്മാരും പ്രധാനമന്ത്രിയും ഒരു ഭാഗത്തും പ്രഭുക്കന്മാർ മറുഭാഗത്തുമായി യുദ്ധം തുടങ്ങിയെന്നും അതിബുദ്ധിമാനായ കൊങ്ങുനാട്ടരചൻ 'ഉദയൻചൊണവർമ്മനാതൻ' എന്ന ഗംഗവംശരാജാവ് ആ യുദ്ധത്തിൽ രണ്ടുപക്ഷക്കാർക്കും ഭക്ഷണസാധനങ്ങൾ അയച്ചുകൊടുത്തു വന്നുവെന്നും മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ (1). ആ വഴിക്കു രണ്ടു വർഗ്ഗക്കാരുടേയും മൈത്രിയും ബഹുമാനവും സമ്പാദിച്ച അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ തന്നെ യുദ്ധമവസാനിക്കയും രക്ഷാപുരുഷന്മാരും പ്രഭുക്കന്മാരും എല്ലാം കൂടി യോജിച്ച് ഒരു പ്രത്യേകരാജാവിനെത്തന്നെ ഭരണകർത്താ

(1) മംഗളമാലം പു. ൩. ല. ൪.

* Copy- right reserved.

വായി നിയമിക്കണമെന്നു നിശ്ചയിച്ച് ആ ഉദയൻ ചോണവർമ്മനെത്തന്നെ കേരളത്തിന്റെ രാജാവാക്കി സ്വീകരിക്കയും ചെയ്തു. 'പതിററുപ്പത്ത്' എന്ന ഗ്രന്ഥത്തിലും മററു ചില ഖണ്ഡകൃതികളിലും കാണുന്ന കാലക്രമം അനുസരിച്ചു കണക്കുകൂട്ടിനോക്കുമ്പോൾ ഏകദേശം കലി 2910-നും 2920-നും മദ്ധ്യത്തിലാണു ഈ സംഭവം നടന്നതായിക്കാണുന്നത്. അതെങ്ങിനെയെന്നാൽ — പെരുമാക്കന്മാരിൽ പതിമൂന്നാമത്തെ ആളാണ് ചിലപ്പതികാരകർത്താവിന്റെ ജ്യേഷ്ഠനായ ചെങ്കുട്ടുവപ്പെരുമാൾ എന്നാണ് പരിശോധനയിൽ പ്രത്യക്ഷപ്പെടുന്നത്. ചെങ്കുട്ടുവപ്പെരുമാളുടെ വാഴ്ചക്കാലം 55 സംവത്സരമാണെന്നു പതിററുപ്പത്തിലും അതിൽ അവസാനത്തെ പത്തു വത്സരകാലത്തുണ്ടായിരുന്ന അയൽരാജാക്കന്മാരിൽ ലങ്കാരാജാവു ഗജബാഹുവും കൊങ്ങുരാജാവു കൊങ്ങിണിവർമ്മനും ചോളരാജാവു വളവൻകിള്ളിയും പാണ്ഡ്യരാജാവു നെടുഞ്ചെഴിയനുമാണെന്നു ചിലപ്പതികാരത്തിലും കാണുന്നു. ലങ്കയിലെ രാജവംശാവലി വിവരിക്കുന്നതും വളരെ പ്രാചീനവുമായ 'മഹാവംസോ' എന്ന പാലിഭാഷാഗ്രന്ഥവും കർണ്ണാടകശാസനം ഒന്നാംഭാഗത്തിൽ കാണുന്ന കൊങ്ങിണിവർമ്മന്റെ ചില ശാസനങ്ങളും ഗജബാഹുവിന്റെയും കൊങ്ങിണിവർമ്മന്റെയും രാജ്യഭാരകാലം ആരംഭിച്ചിട്ടുള്ളതു കലി 3215 മുതൽക്കും 3213 മുതൽക്കുമാണെന്നു തെളിയിക്കുന്നു. അതനുസരിച്ചു നോക്കിയാൽ ചെങ്കുട്ടുവപ്പെരുമാളുടെ വാഴ്ചക്കാലം 3170 മുതൽ 3225 വരെയാണെന്നു തീർച്ചപ്പെടുത്തേണ്ടിയുമിരിക്കുന്നു. ഈ സംഗതി അടിസ്ഥാനമാക്കി പതിററുപ്പത്തിലും മററും കാണുന്ന ചില പെരുമാക്കന്മാരുടെ വാഴ്ചക്കണക്കുപ്രകാരം പരിശോധിച്ചാൽ പെരുമാൾവാഴ്ചയുടെ ആരംഭകാലം കലിവത്സരം 2918-ലാണെന്നു തന്നെ കാണ്മാൻ കഴിയുന്നതാണ്. ഈ വിഷയത്തെപ്പററി ഇനിയൊരിക്കൽ വിസ്തരിച്ചു നിരൂപണം ചെയ്യാം. പ്രകൃതലേഖനവിഷയം പെരുമാൾ വാഴ്ചക്രമത്തിന്റെ ചുരുക്കം മാത്രമാണെന്നു മുമ്പിൽ പറഞ്ഞുപോയിയല്ലൊ. അതിനാൽ അതുതന്നെ തുടരട്ടെ.

നയംകൊണ്ടുതന്നെ നാടുനേടിയ നീതിനിപുണനായ 'ഉദയൻ ചോണവർമ്മൻ ചേരനാതൻ' കൊങ്ങുനാടിന്റെ ഭരണം അനുജൻ 'നന്ദവർമ്മനെ' ഏല്പിച്ചു കേരളരാജാവായി വാണു. അതുമുതൽ കൊങ്ങുരാജാവിന്നു 'ഇളങ്കോവരചർ' എന്നു കേരളരാജാവിന്റെ ഇളമുറസ്ഥാനത്തെ സൂചിപ്പിക്കുന്ന ഒരു പേരും ഉണ്ടായി. കേരളപ്പെരുമാളായ ഉദയൻ ചോണവർമ്മൻ ആദിചേരരാജാക്കന്മാർ വാണിരുന്ന വഞ്ചിനഗര (തിരുവഞ്ചിക്കുള)ത്തെത്തന്നെ തലസ്ഥാനപട്ടണമാക്കിക്കല്പിച്ചു. അക്കാലംമുതൽക്കു വഞ്ചിപട്ടണത്തിന്നു 'മഹോദയപുരം' എന്നു പേരും ഉണ്ടായി. പഴയ തമിഴ്ഗ്രന്ഥങ്ങളിൽ പെരുമാക്കന്മാർക്കു 'മകോതയർ' 'മാക്കോതയർ' എന്നെല്ലാം പേരുകൾ കാണുന്നതിന്നും തിരുവഞ്ചിക്കുളത്തിന്നു 'മകോതയർപട്ടണം' എന്ന പേർ ചില താമ്രശാസനങ്ങളിൽ കാണുന്നതിന്നും ഈ സംഗതിതന്നെയാണ് അടിസ്ഥാനം. രക്ഷാപുരുഷന്മാരായിരുന്ന തളി

യാതിരിമാൎക്ക് തളിയും സങ്കേതവും(2) സ്ഥാനമാനങ്ങളും ഏൎപ്പെടുത്തിയും രാജ്യഭരണകാൎയ്യത്തിൽ അവരെ ആലോചനക്കാരുടെ കൂട്ടത്തിൽ മാത്രം ഉൾപ്പെടുത്തി നിയമിച്ചും (3) ജനപ്രതിനിധിസഭയും മന്ത്രിസഭയും സ്ഥാപിച്ചും ഉദയൻ ചോണവൎമ്മപ്പെരുമാൾ സമാധാനത്തോടെ രാജ്യം ഭരിച്ചുവന്നു. 'വെള്ളിയൻ' എന്നു പേരായ ഒരു പ്രഭുവിന്റെ പുത്രിയായ 'വെണ്മാൾനല്ലിനി' എന്ന കന്യകയെയാണ് ഈ പെരുമാൾ വിവാഹം ചെയ്തിരുന്നത്. ആ രാജ്ഞിയിൽ രണ്ടു പുത്രന്മാരുണ്ടായി. ഒരു മഹാശൂരനെന്ന നിലയെക്കാൾ സമാധാനരക്ഷകൻ എന്ന നിലയിലാണ് ഈ ഒന്നാം പെരുമാൾക്കു അധികം പ്രാധാന്യം വൎണ്ണിച്ചു കാണുന്നത്. കേരളത്തിന്റെ കഷ്ടകാലം തീൎത്തു പലതരം അഭിവൃദ്ധികൾക്കും വഴിയുണ്ടാക്കിയ ഇദ്ദേഹത്തിന്റെ മന്ത്രിമാൎക്കു പാലിന്റെ പുളിപ്പിനോടും പകലത്തെ ഇരുട്ടിനോടും നാലു വേദത്തിലും പ്രധാനമായി കാണുന്ന സത്യം ഇല്ലാതായിപ്പോകുന്നതിനോടും മാത്രമാണ് പരിചയമില്ലാത്തതു എന്നു ഒരു കവി—

'പാൽപുളിപ്പിനുംപകലിരുളിനും
നാൽവേതനെറിതിരിവിനും
തിരിയാച്ചെറമൊട്ടുമുഴുതുചെൺവിളങ്കി.'

ഇങ്ങിനെ വൎണ്ണിച്ചിരിക്കുന്നു. ഈ ആദ്യത്തെ പെരുമാൾ പന്തിരണ്ടു സംവത്സരം കേരളരാജ്യം വാണതിന്നു ശേഷം പരലോകം പ്രാപിച്ചു.

പിന്നെ അദ്ദേഹത്തിന്റെ പുത്രന്മാരിൽ ജ്യേഷ്ഠനായ 'ഇമയവൎമ്മൻ' കലിവൎഷം 2980 മുതൽ പെരുമാളായി. 'ഇമയവൎമ്മൻ നെടുഞ്ചേരലാതൻ പെരുമാൾ' എന്നാണ് ഇദ്ദേഹത്തെ സാധാരണയായി കവികൾ പറഞ്ഞുകാണുന്നത്. ചെറുപ്പത്തിൽ തന്നെ രാജ്യഭാരം തുടങ്ങിയ ഈ രണ്ടാം പെരുമാൾ വലിയ ശൂരനും മഹാപരാക്രമിയുമായിരുന്നു. പിതാവു വഴിക്കു പുതുതായി ലഭിച്ച ഐശ്വൎയ്യം നിമിത്തം ഉത്സാഹപൂൎണ്ണം വൎദ്ധിച്ച ഇദ്ദേഹം ഒന്നാമതായിത്തന്നെ ദ്രമിഡരാജ്യങ്ങളിലുള്ള രാജാക്കന്മാരെയെല്ലാം കീഴടക്കി. പിന്നെ വലിയ സൈന്യങ്ങളോടുകൂടി വടക്കോട്ടു ഹിമാലയംവരെ പോയി ആൎയ്യരാജാക്കന്മാരെ ജയിച്ചു ഹിമവത്സാനുവിൽ ജയക്കൊടി നാട്ടി വിൽപ്പൊരി തെറിപ്പിച്ചു. അതിന്നുശേഷം അവിടെനിന്നു പടിഞ്ഞാറു പടക്കായി പുറപ്പെട്ടു അണിഘലനസ്സു നാവരെ ചെന്നു് ആ കാലത്തു് ആ പ്രദേശത്തുണ്ടായിരുന്നവരും അന്തിയോഗന്റെ (അന്തിയോക്കസ്സ്) വൎഗ്ഗക്കാരാണെന്നു ഊഹിക്കാവുന്നവരുമായ യവനരാജാക്കന്മാരെ ജയിച്ച് അസംഖ്യം വൈരരത്നങ്ങളും ആഭരണങ്ങളും കാഴ്ചയായി വാങ്ങി മടങ്ങിപ്പോന്നു. ഇങ്ങിനെ വലിയൊരു ദിഗ്ജയം ഈ പെരുമാൾ നടത്തിയതായി കാണുന്നുണ്ട്. ആ ദിഗ്ജയത്തിന്റെ ഓൎമ്മയ്ക്കായി ഈ പെരുമാളുടെ കിരീടത്തിന്മേൽ ഏഴിഴയുള്ള ഒരു മുത്തുമാലയണിഞ്ഞിരുന്നുവെന്നും ഏഴുമുടി മന്നൻ, വടശില ചേൎത്തിച്ച വേന്തൻ, ആരത്ത

---

(2) വാസസ്ഥലവും അധികാരസ്ഥലത്തിന്റെ അംഹിതം

(3) ഈ മാതിരിയിൽ ഉള്ള തളിയാതിരിസഭാവരോധം പെരുമാൾ വാഴ്ചയുടെ മദ്ധ്യകാലം വരെ ഉണ്ടായിരുന്നതായി കാണുന്നുണ്ട്.

വിൽച്ചേരനാതൻ ഇങ്ങിനെ പല സ്ഥാനപ്പേരുകളും ഇദ്ദേഹത്തിനുണ്ടായിരുന്നുവെന്നും പല ഗ്രന്ഥകാരന്മാരും വിസ്തരിച്ചു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ, മറുനാട്ടിലെയല്ലാതെ മലനാട്ടിലെ ഒരു രാജാവ് ഇത്രത്തോളും പരാക്രമങ്ങൾ കാണിച്ചിട്ടുണ്ടെന്നുള്ള സംഗതി വിശ്വസിപ്പാൻ മുമ്പില്ലാത്ത ചില മനോഭാവങ്ങൾ സ്വഹജമായ വിധത്തിൽ തന്നെ കലൎന്നു പരിചയിച്ചിട്ടുള്ള ഇക്കാലത്തെ പരിഷ്കൃതബുദ്ധികൾ നല്ല സമ്മതമില്ലാത്തവരാണു. ചില നവീനഗ്രന്ഥകാരന്മാർ പായ്യമ്പോലെ ആ കാലത്തു കേരളത്തിൽ കച്ചവടത്തിന്നായി വന്നിരുന്ന ഒന്നുരണ്ടു യവനന്മാരെ ഈ പെരുമാൾ കുറെ ഉപദ്രവിച്ചു പല സാധനങ്ങളും പക്ഷേ കൈവശപ്പെടുത്തിയിരിക്കാമെന്നു മാത്രം താല്പര്യം കല്പിച്ചു സമാധാനപ്പെടേണ്ടതാകുന്നു. ഈ പെരുമാൾ വിവാഹം ചെയ്ത രാജ്ഞിയുടെ പേർ 'പത്മാദേവി' അല്ലെങ്കിൽ 'പത്മം ദേവി' എന്നാണ്. ചോളരാജ്യക്കാരനും ചിലപ്പതികാരഗ്രന്ഥത്തിലെ കഥാനായകനായ കോവലന്റെ സമ്പത്തമത്തെ ഗലമൂരയിലുള്ള പൂർവ്വികനും വലിയ ധനവാനുമായി 'കോവലൻ' എന്നു പേരായ ഒരാൾ ഈ നെടുഞ്ചേരനാതന്റെ സമ്മിത്രമായിരുന്നു. ഒരിക്കൽ ലങ്കാരാജ്യക്കാരൻ 'ധൎമ്മശാസനൻ' എന്നു പേരായ ഒരു ബുദ്ധസന്യാസി പെരുമാളെ വന്നുകണ്ടു ബുദ്ധമതതത്വങ്ങളെപ്പററി പ്രസംഗിച്ചതുകേട്ടതിനാൽ ഈ കോവലൻ തിരെ വിഷയവിരക്തനായിത്തീൎന്നു. പിന്നെ ബുദ്ധമതം സ്വീകരിച്ച കോവലൻ അനവധി ധനം ധൎമ്മവിഷയത്തിൽ ചിലവുചെയ്കയും പെരുമാളുടെ അനുവാദത്തോടുകൂടി വഞ്ചിനഗരത്തിൽ അതികേമമായ ഒരു ബുദ്ധചൈത്യം പണിയിക്കയും ചെയ്തു. പിൽക്കാലങ്ങളിലും, വഞ്ചിപട്ടണത്തിലെ പ്രധാനകാഴ്ചകളിൽ ഏററവും വിശേഷപ്പെട്ടത് ഈ ബുദ്ധചൈത്യമായിരുന്നുവെന്നു വിദേശിയഗ്രന്ഥകാരന്മാർപോലും വൎണ്ണിച്ചിട്ടുണ്ട്. പ്രതാപശാലിയായ ഈ രണ്ടാം പെരുമാൾ 58 വത്സരം കാലം ഊൎജ്ജിതത്തോടെ രാജ്യം ഭരിച്ചു പരലോകപ്രാപ്തനായി.

രണ്ടാംപെരുമാളുടെ പരലോകപ്രാപ്തികാലത്ത് അദ്ദേഹത്തിന്റെ പുത്രനു പുരുഷപ്രാപ്തി പൂൎത്തിയായിരുന്നില്ലാത്തതിനാൽ ആ പെരുമാളുടെ അനുജൻ 'ശെങ്കുപതി' എന്നു സ്ഥാനപ്പേരുടയ 'കുട്ടവനാതൻ' കലിവൎഷം 2988-ൽ രാജ്യഭാരം തുടങ്ങി. ഇദ്ദേഹത്തെ 'പൽയാനൈച്ചെൽകെഴുകുട്ടുവൻ' എന്നാണ് തമിഴിൽ പറഞ്ഞിരിക്കുന്നത്. ഈ പെരുമാളുടെ വൎമ്മചിഹ്നമായ പേർ എന്താണെന്നു നിശ്ചയമില്ല. അനേകം ആനകളെച്ചേൎത്തു നിൎത്തി ഒന്നുരണ്ടു പകൽകൊണ്ടു തന്നെ കിഴക്കേകടലിലെ വെള്ളം ആനപ്പുറത്തു വരുത്തി അഭിഷേകം കഴിച്ചിട്ടാണത്രെ ഇദ്ദേഹം സിംഹാസനാരൂഢനായത്. കേരളത്തിൽ കൃഷിസംബന്ധമായി അനവധി നന്മകൾ ഏൎപ്പെടുത്തി നടപ്പാക്കിട്ടുള്ളവരിൽ ഈ പെരുമാൾ വലിയ പ്രധാനനാണെന്നു കാണുന്നു. ഇദ്ദേഹത്തിന്റെ ആശ്രിതന്മാരിൽ ഒരാളായി 'പാലയിൽ ഗൌതമനാർ' എന്നൊരു വിശിഷ്ടബ്രാഹ്മണനുണ്ടായിരുന്നു. കവിയായ ആ ഗൌതമനാർ ഒരിക്കൽ പെരുമാളെ പുകഴ്ത്തിക്കൊണ്ടു ചില

കവിതയുണ്ടാക്കിക്കാണിച്ചപ്പോൾ പെരുമാൾ അസംഖ്യം ധനം അദ്ദേഹത്തിന്നു സമ്മാനം കൊടുത്തു. സ്വതേ ദരിദ്രനായിരുന്ന ഗൌതമനാർ കിട്ടിയ ധനം മുഴുവനും ധർമ്മവിഷയത്തിൽ ചെലവാക്കി. ഇങ്ങിനെ ഒമ്പതു തവണ രാജാവ് ഒന്നിനൊന്നധികം ധനം സമ്മാനം കൊടുക്കയും കവി അതെല്ലാം ധർമ്മകാര്യങ്ങളിൽ ചിലവിടുകയും ഉണ്ടായി. പത്താമത്തെ പ്രാവശ്യം ഗൌതമനാർക്ക് വേണ്ടതെല്ലാം എടുത്തു കൊൾവാൻ പെരുമാൾ അനുവാദം കൊടുത്തു. തനിക്കും പത്നിക്കും പരലോകസുഖം അനുഭവിപ്പാൻ സദ്ഗതിവരണമെന്നല്ലാതെ ഇഹലോകത്തിൽ യാതൊന്നിനും ആഗ്രഹമില്ലെന്നു ആ ബ്രാഹ്മണൻ അറിയിച്ചതു കേട്ട് ആ വിശിഷ്ടന്റെ സന്തുഷ്ടിയായി പല പുണ്യകർമ്മങ്ങളും പെരുമാൾ തന്നെ ഇടവിടാതെ നടത്തിച്ചുവന്നു. അധികകാലം കഴിയുംമുമ്പുതന്നെ ആ ബ്രാഹ്മണദമ്പതിമാർ ഇഹലോകവാസം ഉപേക്ഷിച്ചു. അടുത്ത അവസരത്തിൽ തന്നെ രാജപുരോഹിതൻ 'നെടുംപാരതായനാർ' എന്ന ബ്രാഹ്മണനും വിഷയവിരക്തനായി വിജനപ്രദേശത്തുപോയി തപസ്സു ചെയ്തുകൊണ്ടിരുന്നു. ഇതെല്ലാം കണ്ടു പെരുമാളും വിരക്തനായിത്തീർന്നതിനാൽ രാജ്യഭാരം ഉപേക്ഷിച്ച് അയിർമല എന്ന ദിക്കിലുള്ള ദുർഗ്ഗാക്ഷേത്രത്തിന്നു സമീപത്തിൽ ചെന്നു താമസിച്ചു ശിഷ്ടമുള്ള ആയുഷ്കാലം പ്രശാന്തമായിക്കഴിച്ചുകൂട്ടി. ഈ മൂന്നാം പെരുമാൾ 25 വത്സരം കാലമാണ് രാജ്യം ഭരിച്ചുവാണത്.

ഇമയവർമ്മൻ നെടുഞ്ചേരലാതനു 'പത്മംദേവി'യിലുണ്ടായ മകൻ 'ബാണവർമ്മൻ മുടിച്ചേരനാതൻ' എന്ന നാലാം പെരുമാൾ കലി 3018-ൽ രാജ്യഭാരം തുടങ്ങി. ഇദ്ദേഹം അച്ഛനെപ്പോലെതന്നെ വലിയ യുദ്ധവീരനായിരുന്നു. അയൽരാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചു. അന്യാധീനപ്പെട്ടുകിടന്നിരുന്ന 'പൂഴിനാടെ'ന്ന പ്രദേശം പാണ്ഡ്യരാജ്യത്തിൽനിന്നു വേർപെടുത്തി കേരളത്തോടു ചേർത്തു[1]. അക്കാലത്തു യുദ്ധമര്യാദപ്രകാരം ശത്രുനഗരത്തിന്നുള്ള കോട്ടക്കിടങ്ങിന്റെ സമീപത്തായി നട്ടുവളത്തിയിരുന്ന കടമ്പുമരം ഈ പെരുമാളുടെ പടയാളികൾ ചെന്നു മുറിക്കുകയും യുദ്ധത്തിന്നൊരുങ്ങുവാനായി പെരുമ്പറയടിക്കുകയും ചെയ്തപ്പോൾ 'സന്ന'നെന്ന പാണ്ഡ്യൻ എതിർത്തുവന്നുവെന്നും ആ യുദ്ധത്തിൽ പെരുമാൾ ആ പാണ്ഡ്യനെ കൊന്നുവെന്നും പ്രസ്താവിച്ചുകാണുന്നുണ്ട്. ഈ രാജാവും ഇരുപത്തഞ്ചു വത്സരമാണ് രാജ്യം ഭരിച്ചിട്ടുള്ളത്.

3048-ൽ ഈ നാലാംപെരുമാൾ പരലോകം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ അന്തുവൻ ചേരമാൻ എന്ന 'പൊറയൻ പെരുമാൾ' ചെങ്കോൽ ധരിച്ചു. ധീരതയും ദേഹബലവും നിമിത്തം അന്തുവൻ ചേര നിരുമ്പൊറ' എന്നും ഈ പെരുമാളെ സാധാരണ പറഞ്ഞിരുന്നു.

(1) പൂഴിനാട് കേരളത്തിന്റെ വടക്കെ അററമാണെന്നു ചിലർ പറഞ്ഞുകാണുന്നതു പഴയ തമിഴ്ഗ്രന്ഥങ്ങൾക്കൊട്ടും യോജിക്കുന്നതല്ല. ഈ നാടു പലപ്പോഴും പാണ്ഡ്യന്മാർ കൈവശപ്പെടുത്തിയതായി കാണുന്നുണ്ട്. 'പൂഴിവേന്തൻ' എന്നുള്ള പദം ചില പാണ്ഡ്യന്മാരെപ്പററിയും പറഞ്ഞുകാണുന്നതുമുണ്ട്. കുട്ടനാടിന്റെയും വേണാടിന്റെയും കിഴക്കുള്ള പ്രദേശമാണ് ഈ നാടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇദ്ദേഹത്തിന്റെ കാലത്തു 'മുടിത്തലക്കോപ്പെരുനൽകിള്ളി' എന്ന ചോളരാജാവുമായി കൊങ്ങുനാട്ടിലുള്ള 'കരുവൂർ' എന്ന പ്രദേശത്തുവെച്ച് ഒരു യുദ്ധമുണ്ടായി. പെരുമാൾ അവിടെയുണ്ടായിരുന്ന കോട്ടയിലിരുന്നു ശത്രുബലത്തെ നോക്കിക്കണ്ടു. ആ അവസരത്തിൽ ചോളരാജാവിന്റെ ചാരനായ ഒരു ബ്രാഹ്മണൻ ആ രാജാവിന്റെ വീര്യത്തെ പുകഴ്ത്തിക്കൊണ്ട് കഴിച്ചുപോവുകയാണ് നല്ലതെന്നു പെരുമാളോടുപദേശിച്ചുവെങ്കിലും പെരുമാൾ കൈനിലകളുറപ്പിച്ചു പലവഴിക്കുമായി ശത്രുസൈന്യത്തോടെതിൎക്കുകയാണുണ്ടായത്. പോരിൽ ശത്രുവിനെപ്പിടിച്ചു ബന്ധനത്തിലാക്കുകയും പിന്നെ വിട്ടയയ്ക്കുകയും ചെയ്തു. ഈ പെരുമാൾ 'ഒരു തന്ത' എന്ന ഇടപ്രഭുവിന്റെ മകളെയാണ് വിവാഹം ചെയ്തത്. ഇദ്ദേഹത്തിന്റെ ഭരണകാലം പതിനാലു വത്സരവുമാണ്.

കലിവൎഷം 3052-ൽ ഈ അഞ്ചാം പെരുമാൾ ഇഹലോകം വിട്ടു. അതുമുതൽ ഇദ്ദേഹത്തിന്റെ മകൻ 'വാഴിവൎമ്മനാതൻ' രാജ്യം ഭരിച്ചുതുടങ്ങി. ഈ പെരുമാൾക്കു 'കടങ്കോവാഴിയാതൻ, ചെൽവക്കടുങ്കോവാഴിയാതൻ, ചേരമാൻ കടുങ്കോവാതൻ' ഇങ്ങിനെയെല്ലാം പേരുകൾ കാണുന്നുണ്ട്. ഇദ്ദേഹം ചോളപാണ്ഡ്യന്മാരെ യുദ്ധത്തിൽ കീഴടക്കത്തക്ക വിക്രമിയായിരുന്നതിന്നു പുറമെ വലിയ വിഷ്ണുഭക്തനും ദാനശീലനുമായിരുന്നു. 'കപിലർ' എന്ന ഒരു ബ്രാഹ്മണകവിക്കു ഒരു കുന്നിന്റെ മുകളിൽനിന്നു നോക്കിയാൽ നോക്കെത്തുന്നേടത്തോളമുള്ള നാടു മുഴുവനും ഇദ്ദേഹം സമ്മാനം കൊടുത്തതായിക്കാണുന്നു. ഈ ആറാംപെരുമാൾ 25 വത്സരമാണ് നാടു വാണിട്ടുള്ളത്. ഇദ്ദേഹം വിവാഹം ചെയ്ത രാജ്ഞിയുടെ പേർ 'പതുമാദേവി'യെന്നുമാണ്.

കലിവൎഷം 3077-ൽ ആ ദമ്പതിമാരുടെ മകൻ 'മാനവൎമ്മൻ മാന്തരഞ്ചൊൽ(1) മന്നൻ' എന്ന പെരുഞ്ചേര നിരുമ്പൊറപ്പെരുമാൾ രാജ്യഭാരം തുടങ്ങി. ഇദ്ദേഹം അനേകം കൃഷിക്കാൎക്കു തലവനായ 'കഴവുളവൻ' എന്ന ഒരു ഇടപ്രഭുവിനെ കരം കൊടുക്കാത്തതു നിമിത്തം നാട്ടിൽനിന്നോടിച്ചു. 'അതികമാൻഎഴിനി' എന്ന സാമന്തരാജാവിനെ രാജദ്രോഹകാരം നിമിത്തം യുദ്ധത്തിൽ കൊന്ന് ആ രാജാവിന്റെ തലസ്ഥാനമായ 'തകടൂർ' പട്ടണം പിടിച്ചടക്കി. ഈ യുദ്ധത്തെപ്പറ്റി വിവരിക്കുന്നതായി 'തകടൂർയാത്ര' എന്നു പേരായ ഒരു പുസ്തകംതന്നെയുണ്ട്. തകടൂർ എന്ന പ്രദേശം 'കൊല്ലിമല' എന്നു പേരായ ഒരു കുന്നിന്റെ സമീപത്താണെന്നും കാണുന്നുണ്ട്. മഹാപരാക്രമിയായ ഈ പെരുമാൾ വലിയ വിദ്വാനുംകൂടിയായിരുന്നു. 'അരിശിൽകിഴാർ' എന്ന ഒരു കവിയുടെ കവിത കണ്ടു സന്തോഷിച്ചു ഇദ്ദേഹം അസംഖ്യം ധനം സമ്മാനം കൊടുത്ത് ആ കവിയെ തന്റെ നൎമ്മസചിവനാക്കി. ചോളദേശക്കാരൻ 'പെരാശരൻ' എന്ന ഒരു പണ്ഡിതശ്രേഷ്ഠന്റെ ശാസ്ത്രജ്ഞാനം കണ്ട് അദ്ദേഹത്തിന്നു പെരുമാൾ പല സമ്മാനങ്ങളും കൊടുത്തതായും ആ പണ്ഡി

---

(1) ഗംഭീരഭാഷി എന്നൎത്ഥം.

താൻ പാണ്ഡ്യരാജാവിന്റെ വിദ്വത്സഭയിൽവെച്ചു പെരുമാളുടെ അസാധാരണ പാണ്ഡിത്യത്തെപ്പററി പുകഴ്ത്തിക്കൊണ്ട് ആ സമ്മാനമെല്ലാം ഓരോ വിദ്വാന്മാൎക്കു ഭാഗിച്ചുകൊടുത്തതായും കാണുന്നുണ്ട്. 'മോശൂകീരനാർ' എന്നു പേരായ ഒരു നാടൻ കവി പെരുമാക്കളെക്കാണ്മാൻ വരികയും പെരുമാൾക്കിരിപ്പാനായി വിരിച്ചിട്ടിരുന്ന കട്ടിലിന്മേൽ, അതു പെരുമാൾക്കിരിപ്പാനുള്ളതാണെന്നറിയാതെ, കയറിക്കിടന്നുറങ്ങുകയും ചെയ്തു. രാജാവ് ആ സ്ഥലത്തു വന്നപ്പോൾ തന്റെ കട്ടിലിന്മേൽ കിടന്ന് ഒരാൾ സുഖമായി ഉറങ്ങുന്നതു കണ്ടിട്ട് ആ ആൾ തീൎച്ചയായും നിഷ്കളങ്കഹൃദയനായിരിക്കണമെന്നൂഹിച്ചു ഉറങ്ങുന്ന കവിയെ വെഞ്ചാമരമെടുത്തു വീശിക്കൊണ്ടുനിന്നു. കവി ഉണൎന്നപ്പോൾ മഹാരാജാവു തന്നെ വീശുന്നതു കണ്ടു പരിഭ്രമിച്ചെഴുന്നേററ് ആ മഹാത്മാവിനെ സ്തുതിച്ചുംകൊണ്ടു ചില കവിതകളുണ്ടാക്കി ക്ഷമായാചനം ചെയ്തു. ശുദ്ധാത്മാവായ ആ കവിയെ പെരുമാൾ പ്രത്യേകം സൽക്കരിച്ച് അസംഖ്യം സമ്മാനങ്ങളും കൊടുത്തു. ഇങ്ങിനെയും ഒരു കഥ ഇദ്ദേഹത്തെപ്പററി പറഞ്ഞുകാണുന്നുണ്ട്. ഈ പെരുമാൾ 'മെയ്യൂൎകിഴാൻ' എന്നാളുടെ മകൾ 'അന്തുവഞ്ചെല്ലി' എന്ന കന്യകയെയാണ് വിവാഹം ചെയ്തിരുന്നത്. ഇദ്ദേഹത്തിന്റെ രാജ്യഭാരം 17 സംവത്സരവുമാണ്.

കലിവൎഷം 3094-ൽ അദ്ദേഹത്തിന്റെ മകൻ 'കുടക്കോച്ചേരമാൻ ഇളഞ്ചേരനിരുമ്പൊറ' എന്ന പെരുമാൾ സിംഹാസനം കയറി. ഇദ്ദേഹം 'ഉരുവപ്പുറേററി ഇളഞ്ചെച്ചന്നി' എന്ന ചോളരാജാവിനെയും 'പഴയൻമാര'നെന്ന പാണ്ഡ്യരാജാവിനെയും പോരിൽ കീഴടക്കി ദ്രമിഡരാജ്യമെല്ലാം ഏകശാസനയിൽ നടത്തി. 'വിച്ചിക്കോമാൻ' എന്ന സാമന്തരാജാവിനെ എന്തോ കാരണത്താൽ തടവിലിട്ടു. വലിയ പണ്ഡിതനും തന്റെ മാതാമഹനുമായ 'മെയ്യൂൎകിഴാനെ'ത്തന്നെയാണ് മന്ത്രിസ്ഥാനത്തിൽ നിയമിച്ചിരുന്നത്. ഈ എട്ടാം പെരുമാൾ 16 സംവത്സരം രാജ്യം ഭരിച്ചതിന്നുശേഷം പരലോകം പ്രാപിച്ചു.

കലി 3110-ൽ അദ്ദേഹത്തിന്റെ മകൻ 'കുടക്കോനെടുഞ്ചേരലാതൻ' പെരുമാൾ രാജ്യം ഭരിച്ചുതുടങ്ങി. എന്നാൽ ഇദ്ദേഹത്തിന്ന് അധികകാലം ഇരിപ്പാൻ സംഗതി വന്നില്ല. രാജ്യഭാരം തുടങ്ങീട്ടു മൂന്നാം വത്സരത്തിൽ ഈ പെരുമാളും 'വെപ്പേററക്കൈരുവിരൽ കിള്ളി' എന്ന ചോളരാജാവും കൂടിയുണ്ടായ യുദ്ധത്തിൽ രണ്ടു രാജാക്കന്മാരും ഏററണഞ്ഞു പൊരുതുകയും രണ്ടുപേരും ഒരേസമയത്തു പരസ്പരം വെട്ടുകയും രണ്ടാളും വെട്ടുകൊണ്ടു വലിയ മുറിയേററു വീരസ്വൎഗ്ഗം പ്രാപിക്കയും ചെയ്തു.

ഈ 9-ാം പെരുമാളുടെ മകൻ 'ചൊൺവയ്ക്കർ നാടുകൊൾപ്പാട്ടുച്ചേരലാതൻ' കലിവൎഷം 3113-ൽ പെരുമാൾസ്ഥാനം വഹിച്ചുതുടങ്ങി. ഇദ്ദേഹത്തിന്റെ കാലത്തു തണ്ടാരണിയം (ദണ്ഡകാരണ്യമെന്ന സ്ഥലമായിരിക്കാം) എന്ന പ്രദേശത്തുനിന്നു ചില ആൎയ്യബ്രാഹ്മണർ കേരളത്തിൽ വന്നുകൂടി. അവൎക്കുപജീവനത്തിന്നായി 'തൊണ്ടി' എന്ന പ്രദേശത്തു (1) കുറെ സ്ഥലവും പശുക്കളെയും പെരുമാൾ കൊ

(1) തൊണ്ടി എന്നതു 'കടലുണ്ടി'യെന്ന ദിക്കാണെന്നാണ് ചിലരുടെ പക്ഷം. 'താനൂര്'ാണെന്നു മററു ചിലരുടെ പക്ഷം. കൊയിലാണ്ടിക്കടുത്ത 'തൊണ്ടി' എന്ന പ്രദേശംതന്നെയാണെന്നു ശരിയായ പക്ഷം.

ട്ടക്കുകയും ചെയ്തു. ഈ പെരുമാൾ കുറച്ചു സ്ത്രീജിതനായിരുന്നുവോ എന്നുകൂടി ഒരു സംശയമുണ്ട്. എങ്ങിനെയായാലും 48 സംവത്സരം കാലം അധികം ബഹളമൊന്നും കൂടാതെ രാജ്യം ഭരിച്ചതിന്നുശേഷം ഈ പത്താംപെരുമാൾ ഇഹലോകവാസം ഉപേക്ഷിച്ചു.

എ. കൃഷ്ണപ്പിഷാരോടി.

# എന്റെ മന്ത്രവാദം

പോണ്ടിച്ചേരിയിലെ പ്രസിദ്ധ തോല്പ്പവടക്കാരായ 'ഫ്രാൻലി'* കമ്പനിക്കാരുടെ സഞ്ചാര ഏജൻറായിരുന്ന നാലു കൊല്ലങ്ങൾക്കുള്ളിൽ ഞാൻ ഇന്ത്യാരാജ്യം മുഴുവനും ഏകദേശം സഞ്ചരിച്ചു. ഇക്കാലത്തു കേവലം പരിചയമില്ലാത്തതും ആദ്യമായി പോകുന്നതുമായ പല ദിക്കുകളിൽനിന്നും എനിക്കു നവീനമായ പല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. അവയിൽ ഒന്നാണ് ഈ ചെറുതായ സംഭവം.

1904 നവെമ്പർമാസം 24-ാംനു- കമ്പനിക്കാരുടെ ആവശ്യമായി ഞാൻ 'ലക്നോ' പട്ടണത്തിലെത്തി. 'ലക്നോ' ഇപ്പോഴത്തെ ഔഡ് (Oudh) -- പണ്ടത്തെ അയോദ്ധ്യ- എന്ന ജില്ലയുടെ തലസ്ഥാനമാണെന്നും ഇന്ത്യയിലെ പ്രധാന പട്ടണങ്ങളായ കൽക്കത്ത, ബോംബെ, മദ്രാസ്സ്, ഇവ മൂന്നിന്നും ശേഷം വലിപ്പംകൊണ്ടും, ജനസമൃദ്ധികൊണ്ടും, നാലാമത്തെ വലിയ പട്ടണമാണെന്നും വായനക്കാരെ പ്രത്യേകമായി പറഞ്ഞറിയിക്കേണ്ടല്ലോ. 'ഗുംടി' (Gunti) നദിയുടെ തീരത്തു സ്ഥാപനം ചെയ്തതും, അനവധി വലിയ കെട്ടിടങ്ങളാലും, പുരാതന രാജധാനികളാലും അലങ്കരിക്കപ്പെട്ടതുമായ ഈ പട്ടണം എവനും കുറച്ചകലെ നിന്നുനോക്കുന്നതായാൽ നയനാസ്വാദത്തെ നല്കുന്നതാണ്. ജനനിബിഡിതമായ ഇത്ര വലിയ ഒരു പട്ടണത്തിൽ പതിനഞ്ചു കൊല്ലമായി യാതൊരു മനുഷ്യരും താമസിക്കാത്തതായ എത്രയോ വലിയതും, അതിരമ്യവുമായ ഒരു ബംഗ്ലാവുണ്ടെന്നു പറഞ്ഞാൽ അത് ഒരത്ഭുതമായിത്തന്നെ കരുതേണ്ടതാണ്. ഈ ബംഗ്ലാവിന്റെ ചരിത്രം ഇപ്രകാരമാണത്രേ. 1857-ലെ വമ്പിച്ച സിപ്പായി ലഹള (Sepoy Muting)ക്കു ശേഷം, നാട്ടിൽ സമാധാനം രണ്ടാമതും ഏർപ്പെടുത്തിയ സമയം, ബ്രിട്ടീഷു സൈന്യത്തിന്റെ തലയാളിയായിരുന്ന ഒരു കമാണ്ടർ പീയർലി എന്നാളാണ് ഈ സ്ഥലം പണിയിച്ചത്. അക്കാലത്ത് ഈ ബംഗ്ലാവുപണിക്കു കഴിച്ചു 2000 ക.യേ ചിലവായിട്ടുള്ളുവെങ്കിലും; ഇപ്പോഴത്തെ നിലക്ക് അതിന്ന് ആറും ചുരുങ്ങിയതു ഒരു 'പതിനഞ്ചിന്റെ' വക. തീർച്ചയായും കൊടുക്കും. രണ്ടരനാഴിക സമചതുരത്തിൽ നീണ്ടുനിവർന്നുകിടക്കുന്ന ഒരു മൈതാനത്തിന്റെ ഒത്ത നടുക്കാണ് ഈ കെട്ടിടം നില്ക്കുന്നത്. 1857 മുതൽ 1889 വരെ 32 സംവത്സരം യാതൊരു തകരാറും കൂടാതെ പലേ മഹാന്മാ

* Franley & Co. 79—84. St du Reviue Pondicherry.

രായ സാക്ഷന്മാരും വന്നുതാമസിച്ചിരുന്ന ഈ സ്ഥലത്തിന്നു 15 കൊല്ലമായി എന്തോ ഒരു 'ശാപം' കിട്ടിയിരിക്കുന്നുവെന്നാണ് ശ്രുതി. ഒടുവിൽ അവിടെ താമസിച്ചിരുന്ന കുഡുംബത്തിലെ ഒരാൾ ആ സ്ഥലത്ത് തൂങ്ങിമരിച്ചു എന്നാണ് കാരണം പറയുന്നത്. 1889 മുതൽ അവിടെ ആരും താമസിച്ചില്ലെന്നും, ആരെങ്കിലും ധൈര്യപ്പെട്ടു താമസിപ്പാനുറച്ചു അവിടെ എത്തിച്ചേർന്നാൽ പത്തു ദിവസത്തിലകം അവിടം വിട്ടുപോകുമെന്നും, ഇല്ലാത്തപക്ഷം ഓരോരുത്തരായി അവിടെ താമസിക്കുന്നവരെല്ലാം മരിച്ചുപോകുമെന്നും അനുഭവസ്ഥന്മാരായ ചിലർ പറഞ്ഞു. രാത്രി മുഴുവനും അട്ടഹാസവും, വാതില്മേൽ മുട്ടൽ മുതലായ പല പ്രവൃത്തികളും, അർദ്ധരാത്രിസമയങ്ങളിൽ പെട്ടെന്നു ചില വെളിച്ചം കാണലും, ഉടനെത്തന്നെ അതില്ലാതെയാവലും മറ്റും ഈ സ്ഥലത്തു വളരെ സാധാരണയാണത്രെ. എന്തിന്നധികം പറയുന്നു? പ്രേതഭൂതപിശാചുകൾക്കധീനമായ ഈ ഹർമ്മ്യം ജനവർജ്ജിതമായിട്ടു പതിനഞ്ചു കൊല്ലമായി.

ഞാൻ ആ ദിക്കിൽ എത്തുന്നതിന്ന് ഏകദേശം ഒരു മാസം മുമ്പു ധീരനായ ഒരു പട്ടാളക്കാരൻ ഈ സംഭവങ്ങളുടെ പരമാർത്ഥം അറിവാനായി രാത്രി തനിയെ ആ വീട്ടിൽ ഒരു തോക്കുമായി കഴിച്ചിരുന്നുവത്രെ. അർദ്ധരാത്രി — മണി പന്ത്രണ്ടടിച്ചുതീർന്ന നിമിഷത്തിൽ — ആയാളുടെ മുമ്പിൽ പൊടുന്നനവേ ഒരു അഗ്നി ജ്വലിക്കയും, അതേ മിനിട്ടിൽത്തന്നെ പിന്നിൽനിന്ന് ആയാളുടെ തലയ്ക്ക് അതിബലമായി രണ്ടുമൂന്നു പ്രഹരം കിട്ടുകയും, തന്നിമിത്തം ആയാൾ മോഹാലസ്യപ്പെട്ടു വീണുപോകയും ചെയ്തു. രാവിലെ വിവരമറിയുവാൻ ചില സ്നേഹിതന്മാർ ചെന്നുനോക്കിയപ്പോൾ ആ സാധു വീണ ദിക്കിൽത്തന്നെ കിടക്കുന്നതായിക്കണ്ടു. എടുത്ത് ആസ്പത്രിയിലേക്കു കൊണ്ടുപോയപ്പോൾ, തലച്ചോറിന്ന് അതിയായ പരുക്കേറ്റിട്ടുണ്ടെന്നും, രോഗം കുറച്ചു അസാദ്ധ്യമാണെന്നും ഡാക്ടർ അഭിപ്രായപ്പെട്ടു. ഈ സംഭവത്തിന്നുശേഷം പകൽ സമയത്തുകൂടി ജനങ്ങൾ ആ ബംഗ്ലാവിലേക്കു തിരിഞ്ഞുനോക്കുകകൂടി പതിവില്ല.

ഈ ഘട്ടത്തിലാണ് ഞാൻ ലക്നോവിലെത്തിയത്. അല്പബുദ്ധിയായ എനിക്കും നമ്മുടെ പട്ടാളക്കാരന്നു തോന്നിയ ബുദ്ധി തോന്നി. രാത്രിസമയത്ത് ആരും അറിയാതെ ആ സ്ഥലത്തു പോയി വിവരമറിയേണമെന്നു തീർച്ചപ്പെടുത്തി. ധൈര്യമോ, ബുദ്ധിഹീനതയോ, എന്തോ, ഇതു ചെയ്യല്ലാതെ മടങ്ങില്ലെന്നുറച്ചു. വിവരം, എല്ലാ ദൂരയാത്രകളിലും ഞാൻ കൂടെ കൊണ്ടുപോവാറുള്ള എന്റെ വിശ്വസ്തഭൃത്യനോടു സ്വകാര്യമായി പറഞ്ഞു. ഇവൻ ഒരാൾ ബഹു ധീരനാണെന്നു എനിക്കനുഭവമുള്ള ഒരു കാര്യമാണ്. പല അപകട'ക്കുടുക്കു'കളിൽ നിന്നും രക്ഷപ്പെട്ടുവന്നവനാണ്. ധൈര്യശാലിയായ എന്റെ ഈ ഭൃത്യനുകൂടി ഈ പരിശ്രമത്തിൽ അത്ര മനസ്സു കണ്ടില്ല. എങ്കിലും എന്റെ 'മർക്കടമുഷ്ടി'ക്കധീനപ്പെട്ട്, അന്നുരാത്രി എന്റെ ഒന്നിച്ചുവരുവാൻ സമ്മതിച്ചു.

സന്ധ്യക്കുമുമ്പ് ഒന്നുരണ്ടു നല്ല കൈ

ത്തോക്കുകളും ചെറുതായ കഠാരികളും സമ്പാദിച്ചു. 'മനുഷ്യനാണെങ്കിൽ ഒന്നു പൊരുതിനോക്കണം. അല്ല വല്ല പ്രേതമോ മറ്റോ—' പക്ഷേ എനിക്ക് അത്ര വിശ്വാസമില്ല. ബാല്യം മുതൽക്കു തന്നെ എനിക്കു പ്രേതം, കുട്ടിച്ചാത്തൻ, ബ്രഹ്മരക്ഷസ്സ് മുതലായ കൂട്ടരിൽ തീരെ വിശ്വാസമുണ്ടായിരുന്നില്ല. പല കുറിയും ഒരു പ്രേതത്തെ കാണേണമെന്നുവെച്ചു, ഞാൻ പല ദിക്കിലും പോയി നിന്നിട്ടുണ്ട്. ചിലപ്പോൾ ചില സ്നേഹിതന്മാരോടൊത്തു, അവർ തീർച്ചയായും ഇവിടെക്കാണാം എന്നു കയ്യടിച്ചു പറഞ്ഞ സ്ഥലങ്ങളിലും ഞാൻ പോയിട്ടുണ്ട്. അപ്പോഴെല്ലാം എന്റെ കൂടെയുള്ള ചിലർ പ്രേതത്തെ കാണാറുണ്ടത്രേ! 'അതാ, ആ ആലിന്റെ ചുവട്ടിൽ കണ്ടില്ലേ, വെളുത്ത ഒന്നു നില്ക്കുന്നത്. അതാ ഇപ്പോൾ എഴുന്നേല്ക്കുന്നു. ആ ഇപ്പോൾ മറഞ്ഞു.' എന്നവർ എന്നോടു സ്വകാര്യം പറയുന്നതു കേട്ടു ആൽച്ചുവട്ടിൽ നോക്കുമ്പോൾ ഒന്നും തന്നെ ഞാൻ കാണാറില്ല. വായനക്കാരേ! ഞാനൊരു വിഡ്ഢിയോ, അല്പരിഷ്കാരിയോ, ദൈവവിശ്വാസമില്ലാത്തവനോ എന്തെങ്കിലുമായ്ക്കോട്ടെ; പ്രേതം മുതലായത് ഉണ്ടെന്ന് എനിക്കു തീരെ വിശ്വാസമുണ്ടായിരുന്നില്ല. അതായിരിക്കാം അന്നു രാത്രി ഈ പണിക്കു പുറപ്പെടാൻ എനിക്കു തോന്നിയത്.

കഴിയുന്നതും സ്വകാര്യമായി കഴിച്ചുകൂട്ടണമെന്നു ഞാൻ തീർച്ചപ്പെടുത്തിയ ഈ കാര്യം, എങ്ങിനെയെന്നറിഞ്ഞുകൂടാ, ക്ഷണത്തിൽ ആ ദിക്കിൽ പരന്നു. വൃദ്ധന്മാരായ പലരും എന്നോടു ഈ ധിക്കാരത്തിനു പോവരുതെന്ന് ഉപദേശിച്ചു. എന്റെ കമ്പനി ഡയറക്ടർ മിസ്റ്റർ ലഫറിയും എന്നോടു ഇതേപ്രകാരം പറഞ്ഞു. പക്ഷേ അതൊന്നും എന്റെ ചെവിട്ടിൽ കടന്നില്ല. 'വിനാശകാലേ വിപരീതബുദ്ധിഃ' എന്നായിരിക്കാം.

അന്നുരാത്രി എട്ടുമണിക്കു ഞാൻ താമസിച്ചിരുന്ന ഹോട്ടലിലെ സ്നേഹിതന്മാരോടു യാത്രപറഞ്ഞപ്പോൾ ചിലരുടെ കണ്ണിൽ വെള്ളവും, മറ്റു ചിലരുടെ മുഖത്തു വിളർപ്പും മറ്റും പ്രത്യക്ഷമായി കാണാമായിരുന്നു. ഹോട്ടൽമാനേജർ എന്റെ വീട്ടിലേക്കുള്ള മേൽവിലാസം വാങ്ങിവെച്ചു!!

ഞാനും എന്റെ ഭൃത്യനും പുറപ്പെട്ടു. ഒരുമാതിരി നല്ല ആയുധപാണികളായിട്ടാണു ഞങ്ങൾ ഒരുങ്ങിയിരുന്നത്. താമസിച്ചിരുന്ന ഹോട്ടലിൽനിന്നു ഒന്നരനാഴിക ദൂരമുള്ള മൈതാനത്തിലാണു നമ്മുടെ 'പ്രേതമന്ദിരം.' മൈതാനത്തിന്റെ അത്തുത്തിയെത്തിയപ്പോൾ ഭൃത്യൻ 'തീർച്ചപ്പെടുത്തിയോ' എന്നു ചോദിച്ചു. 'ഉവ്വ്' എന്നു ഞാനും മറുപടി പറഞ്ഞു. മെല്ലെ നടന്നു വീട്ടിന്നടുത്തെത്തി നിശ്ശബ്ദമായി വാതിൽ തുറന്നു. അകത്തു കൂരിരുട്ട്. 'കീ-കീ' എന്നു ചില പ്രാണികൾ ശബ്ദിക്കുന്നുണ്ട്. എലികൾ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കളിക്കുന്നു. ചില പക്ഷികളുടെ ചിറകടിക്കുന്ന ശബ്ദം മേൽഭാഗത്തുനിന്നു കേൾക്കാനുണ്ട്. അതിശീതളമായ ഒരു കാററു മുഖത്തുവന്നു വീശുന്നു.

ഞാൻ ഭൃത്യന്റെ കൈക്കുപിടിച്ച് അകത്തുകടന്നു. കയ്യിൽ കൊണ്ടുവന്നിരുന്ന ഒരു മേശവിളക്കു കൊളുത്തി ജാലകത്തിന്നരികെയുണ്ടായിരുന്ന ഒരു മേശമേൽ

വെച്ചു. വെളിച്ചം കണ്ടപ്പോൾ എന്റെ കൂടെയുണ്ടായിരുന്നവനു കുറെ സമാധാനമായി. അടുത്തു പൊടിനിറഞ്ഞുകിടന്നിരുന്ന ഒരു പഴയ കസേലമേൽ ഞാനിരുന്നു. അതിന്നടുത്തു ഒരു ഉയരംകുറഞ്ഞ ബെഞ്ചിന്മേൽ ഭൃത്യനോടിരിപ്പാൻ പറഞ്ഞു. ഇരുവരും 'പ്രേതാഗമനം' പ്രതീക്ഷിച്ചിരിപ്പായി. ഒരു മണിക്കൂർ കഴിഞ്ഞു. യാതൊന്നുമില്ല. ഒന്നരമണിക്കൂർ. തഥൈവ. ഉറക്കംവരാതിരിപ്പാനും, വെറുതെയിരുന്നിരുന്നു മുഷിഞ്ഞുതുടങ്ങിയതുകൊണ്ടും കയ്യിൽ കരുതിയിരുന്ന ഒരു പുസ്തകമെടുത്തു വായന തുടങ്ങി. ഭൃത്യൻ ഇരുന്നു ഉറക്കം തൂങ്ങാനും തുടങ്ങി. ഇങ്ങിനെ കുറെനേരം കഴിഞ്ഞു. എനിക്കു കുറേശ്ശ ഉറക്കംവരാനു ഭാവമായിത്തുടങ്ങി. അപ്പോൾ പട്ടാളത്തിലെ മണി പന്ത്രണ്ടടിക്കുന്നതുകേട്ടു. പന്ത്രണ്ടാമത്തെ ശബ്ദം അവസാനിക്കുന്നതിന്നുമുമ്പു, ഞങ്ങളുടെ പിന്നിലുണ്ടായിരുന്ന ഒരു വാതിൽ ചട്ടന്നെ തുറക്കുന്ന ശബ്ദം കേട്ടു. തിരിഞ്ഞുനോക്കുന്നതിന്നു മുമ്പു മുമ്പിലുണ്ടായിരുന്ന വിളക്കു നിമിഷത്തിൽ കെട്ടു. വലിയ അന്ധകാരം. ചില ഘോരശബ്ദങ്ങൾ— മേശപ്പുറത്തുവെച്ചിരുന്ന കൈത്തോക്കു തപ്പിനോക്കി. അതവിടെ കാണ്മാനില്ല. വളരെ അടുത്തുനിന്നു ഒരു 'ഇരമ്മൽ' കേട്ടു. എന്റെ സൎവ്വ നാഡികളും, സൎവ്വസന്ധികളും ഒരുപോലെ തളൎന്നു. ദാഹം വൎദ്ധിച്ചുവന്നു. ഇരുട്ടത്തു ചില രൂപങ്ങൾ കാണുന്നുണ്ടെന്നു തോന്നി. അപ്പോഴാണ ഞാൻ മരണഭയം ആദ്യമായറിഞ്ഞതു്. 'വിളക്കു വേഗം കത്തിക്കൂ' എന്നു ഭൃത്യൻ പറഞ്ഞപ്പോഴാണു് എനിക്കു ബോധം വന്നതു്. അപ്പോൾ അതിപുച്ഛരസത്തോടെ ഒരാൾ ചിരിക്കുന്നതു കേട്ടു. വിളക്കുകത്തിച്ചു നോക്കിയപ്പോൾ എല്ലാം പൂൎവ്വസ്ഥാനങ്ങളിൽതന്നെയുണ്ടു്. തോക്കു മാത്രം കാണ്മാനില്ല. ഭൃത്യന്റെ മുഖത്തു ഒരു തുള്ളി ചോരയില്ല. എന്റെ മുഖത്തിന്റെ സ്ഥിതിയെന്തോ? പക്ഷേ ദേഹം ആസകലം ഒരു വിറയുണ്ടായിരുന്നു. രണ്ടാമത്തും അവിടെത്തന്നെയിരുന്നു. ഇക്കുറി ആയുധങ്ങൾ കയ്യിൽത്തന്നെവെച്ചു. അരമണിക്കൂർ കഴിയുംവരെ നിശ്ശബ്ദം. പിന്നെ ചില കാലടിയുടെ ശബ്ദങ്ങൾ കേൾപ്പാൻ തുടങ്ങി. ചില ഗൎജ്ജനങ്ങൾ, നിലവിളികൾ, ചിരി, കരച്ചൽ മുതലായ അപസ്വരങ്ങൾ ഇടക്കിടെ കേട്ടു. ആരേയും കാണുന്നില്ല. ആദ്യത്തെ ലഹളയിൽ എവിടേക്കെന്നില്ലാതെ എന്നെ ഉപേക്ഷിച്ചോടിപ്പോയ ധൈൎയ്യം കുറേശ്ശ മടങ്ങിവരാൻ തുടങ്ങി. എങ്കിലും തലയ്ക്കു നല്ല ബോധമുണ്ടായിരുന്നുവോ എന്നു സംശയമാണു്. ഈ നിലയ്ക്കു കുറച്ചു കഴിഞ്ഞപ്പോഴേയ്ക്കും മുമ്പിലുണ്ടായിരുന്ന മേശപ്പുറത്തു വലിയ ചില കല്ലുകൾ വന്നുവീഴുവാൻ തുടങ്ങി. ഇതൊന്നും ഞങ്ങൾ തീരെ വകവെക്കുന്നില്ലെന്നു കണ്ടപ്പോൾ അതു നിന്നു. ഇനിയെന്താവും എന്നു കരുതിയിരിക്കുമ്പോൾ ചില ദ്രവിച്ച എല്ലുകൾ, അസ്ഥികൾ ഇവകൊണ്ടായി ഏറു്. ഈ ഏറൊന്നും ഞങ്ങളുടെ ദേഹത്തിൽ കൊണ്ടിരുന്നില്ല എന്ന ഒരു ഗുണമുണ്ടായിരുന്നു. പത്തുമിനിട്ടുകഴിഞ്ഞപ്പോൾ ഏറവസാനിച്ചു. ഇനി ശാന്തമായി എന്നു കരുതി ഞാൻ സന്തോഷിച്ചു. പക്ഷേ എന്റെ കൂട്ടാളിയുടെ അഭിപ്രായം അങ്ങിനെയൊന്നുമല്ലായിരുന്നു. 'കളിയൊക്കെ കഴിഞ്ഞു.

ഇനി കാൎയ്യത്തിൽ കടക്കം—ഈശ്വരോരക്ഷതു' എന്നു് അവൻ രണ്ടുമൂന്നു കുറി പറഞ്ഞു. ഇരുവരും മൌനമായിരുന്നാൽ അതു ഭയത്തെ അധികമാക്കുമെന്നു കരുതി, കഴിഞ്ഞ സംഗതികളെപ്പററി ഞങ്ങൾ സംസാരിപ്പാൻ തുടങ്ങി. അതിനിടയ്ക്കു ഒരു ചെറിയ മൃഗത്തിന്റെ രക്തമണിഞ്ഞ രണ്ടു കാലുകളും, ഉടലിന്റെ പകുതിഭാഗവും മേശപ്പുറത്തു വന്നുവീണു. വീഴ്ചയിൽ കുറെ രക്തം തെറിച്ചു എന്റെ ഉടുപ്പിൽപെട്ടു. എനിക്കു സാമാന്യത്തിലധികം ദേഷ്യംവന്നു. കൈത്തോക്കുമായി പുറത്തിറങ്ങുവാൻ ശ്രമിച്ചപ്പോൾ, ഞങ്ങൾ കടന്നുവന്ന വാതിൽ പുറത്തുനിന്നു ബന്ധിച്ചതായിക്കണ്ടു. മടങ്ങി പൂൎവ്വസ്ഥാനത്തെത്തുന്നതിനുമുമ്പ്, ബാക്കി രണ്ടുകാലും, ഉടലിന്റെ ശേഷവും എന്റെ മേൽ വന്നുവീണു. രക്തത്തിൽ ഒന്നു നല്ലവണ്ണം കുളിച്ചപ്പോൾ ദേഷ്യം തീരെ പോയി ഭയം സാമാന്യം തുടങ്ങി. 'ഇനി നമുക്കു പോവാം.' എന്നുപറഞ്ഞവസാനിക്കുന്നതിനുമുമ്പു 'ഓ. ഓ.' എന്നു ഭൃത്യൻ മറുവടിപറഞ്ഞു. ഒരു ജാലകത്തിന്റെ ഉള്ളിൽകൂടി പുറത്തുചാടാൻ തീൎച്ചപ്പെടുത്തി. ആദ്യം ഞാൻ കയറി. അപ്പോൾ പുറത്തുനിന്നു ആരോ ഇംഗ്ലീഷിൽ 'നില്ക്കു, നില്ക്കു' (Stop Stop) എന്നു പറയുന്നതുകേട്ടു. ഉടനെത്തന്നെ പിന്നിൽനിന്നു (ഞങ്ങൾ ഇരുന്നിരുന്ന മുറിയിൽനിന്നു) 'ഇങ്ങട്ടുവരു' എന്ന് വേറെ ഒരു ശബ്ദംകേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ മുറിക്കകത്തു നാലുകൂട്ടർ—തടിച്ചു മല്ലന്മാരായ നാലുപേർ—നില്ക്കുന്നതുകണ്ടു. 'കഴിഞ്ഞു കഥ' എന്നു തീൎച്ചപ്പെടുത്തി, അകത്തേയ്ക്കുതന്നെ ചാടി. അവര നാലാളും മന്ദഹാസത്തോടുകൂടി ഇരിപ്പാൻ പറഞ്ഞു. ഉടനെ ഒരു ജാലകത്തിന്നുള്ളിൽകൂടി അഞ്ചാമത്തു ഒരാൾ അകത്തേയ്ക്കു ചാടി. ചെന്നായകളുടെ മുമ്പിൽപെട്ട രണ്ടാട്ടിൻകുട്ടികൾക്കു ഞങ്ങൾ രണ്ടാളേക്കാളും പതിന്മടങ്ങു ധൈൎയ്യമുണ്ടാവുമെന്നാണ് എനിക്കു തോന്നുന്നത്. ആയുധപാണികളായിരുന്നുവെങ്കിലും, യമകിങ്കരന്മാരെപ്പോലെയുള്ള ഈ അഞ്ചു കൂട്ടരോടു എതിൎത്താൽ ജയമില്ലെന്നു തീൎച്ചയാണ്. കുറച്ചുനേരം തമ്മിൽ തമ്മിൽ മിഴിച്ചുനോക്കിക്കൊണ്ടിരുന്നു. എനിക്കു നാവു വലിച്ചിട്ടു വരുന്നില്ല. തൊണ്ടയിൽ ജലാംശം തീരെയില്ലായ്കയാൽ 'കരകര' ശബ്ദം തുടങ്ങി. ഈ അപകടഘട്ടത്തിൽ അതിൽ ഒരാൾ (കൂട്ടത്തിൽവെച്ചു കാഴ്ചയ്ക്കു ഏററവും ഭയങ്കരനും തടിയനും) നല്ല ഇംഗ്ലീഷിൽ ഇങ്ങിനെ പറഞ്ഞു. 'നിങ്ങളുടെ ധൈൎയ്യം ഏററവും പ്രശംസനീയംതന്നെ. (എന്തു ധൈൎയ്യമാണ് വായനക്കാരേ!) പതിനഞ്ചുകൊല്ലമായി ഈ വീട്ടിൽ വസിച്ചുപോരുന്ന പ്രേതഭൂതങ്ങൾ ഞങ്ങൾ ഐവരുമാണ്. ഞങ്ങൾ എല്ലാവരും ഒത്തുകൂടി കവൎച്ചതുടങ്ങികൊല്ലം 20 ആയി. കവൎന്നുകിട്ടുന്ന മുതലുകളും മററും സൂക്ഷിച്ചുവെപ്പാൻ ഇതു നല്ലൊരു സ്ഥലമായിക്കണ്ടതുകൊണ്ടാണു ഞങ്ങൾ ഇതു കൈവശപ്പെടുത്തിയത്. ഈ വീടു പണിയുന്നകാലത്ത് ഇതിൽ ചില സ്വകാൎയ്യമുറികളും, ഗൂഢവഴികളും മററും ഉണ്ടാക്കീട്ടുണ്ടെന്നു ഞങ്ങൾക്കറിവുണ്ടായിരുന്നു. ഈ സ്ഥലംപണി കരാറെടുത്തിരുന്നത് എന്റെ വലിയ അമ്മാമനായിരുന്നു. അദ്ദേഹം എന്നോടു വിവരങ്ങൾ

എല്ലാം പറഞ്ഞുതന്നിട്ടുണ്ട്. ഞങ്ങൾ അഞ്ചാൾക്കല്ലാതെ ഈ വിവരങ്ങൾ മററാക്കും അറിഞ്ഞുകൂട. ഇപ്പോൾ തന്നെ ഈ വീടു മുഴുവനും തീവെച്ചു കളയുകയാണെങ്കിലും ഞങ്ങളുടെ രണ്ടു സഹകാര്യമുറികൾക്കു യാതൊരു ഹാനിയും വരില്ല. ഈ സ്ഥലത്തു ആളുകൾ താമസിച്ചാൽ ഞങ്ങളുടെ പോക്കുവരവിന്നു കുറച്ചു ബുദ്ധിമുട്ടു വരുമെന്നു കണ്ടിട്ടാണ് ഞങ്ങൾ ഇവിടെ താമസിച്ചിരുന്നവരെയെല്ലാം ഭീഷണിപ്പെടുത്തി പുറത്താക്കുകയും, മുട്ടിയ കയ്യിന്നു കുലപ്പെടുത്തുകയും ചെയ്തിരുന്നത്. നിങ്ങളുടെ ഗതിയും അങ്ങിനെതന്നെയാവുമായിരുന്നു. നിങ്ങൾ ഇന്നലെയാണ് ഇവിടെ വന്നിരുന്നതെങ്കിൽ തീർച്ചയായും നിങ്ങളെ കുലപ്പെടുത്തുമായിരുന്നു. പക്ഷെ ഇന്നത്തു ഞങ്ങളുടെ കവർച്ചജീവിതത്തിന്റെ 20-ാം സംവത്സരം തികഞ്ഞു. ഞങ്ങൾ ഓരോരുത്തൎക്കും ഓരോ ലക്ഷത്തിന്റെ മുതലും കിട്ടി. ഈ കഴിഞ്ഞ 12 മണി മുതൽ ഞങ്ങൾ എല്ലാവരുടേയും ജീവപുസ്തകത്തിൽ ഒരു പുതിയ ഏടു മറിച്ചിരിക്കുന്നു. ഇന്നു മുതൽ ഞങ്ങളുടെ കഴിഞ്ഞുപോയ പാപകൃത്യങ്ങൾക്കെല്ലാം മറുവിധിയായി കഴിയുന്ന പൂണ്ണം ലോകത്തിന്നു ചെയ്വാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇന്നു മുതൽ ഈ വീട്ടിൽ യാതൊരുപദ്രവവുമുണ്ടാവില്ല. ഞങ്ങൾ നാളെ രാത്രി 1½ മണിക്കുള്ളിൽ ഇവിടെനിന്ന് എത്രയോ ദൂരെയുള്ള സ്ഥലങ്ങളിൽ എത്തിക്കഴിയും. നിങ്ങളെ ഒന്നു കളിപ്പിക്കേണമെന്നുവെച്ചാണ് ഇന്ന് ഈ പണിയെല്ലാം നടത്തിയത്. പോലീസ്സിൽ ഞങ്ങളെപ്പററി അറിവുകൊടുപ്പാൻ വിചാരിക്കുന്നുവെങ്കിൽ അതു വെറുതെയാണ്. ഇന്ത്യയിലെ പ്രസിദ്ധ കുററാന്വേഷണക്കാർ ഞങ്ങളുടെ വലയിൽപ്പെട്ടവരാണ്. ആ വിചാരം തീരെ വേണ്ട.' ഇത്ര പറഞ്ഞുകഴിഞ്ഞ ഉടനെ എനിക്കു ശ്വാസം നേരെ വീണു. അവരുടെ നിർബ്ബന്ധപ്രകാരം ഗൂഢമാൎഗ്ഗങ്ങളും, സഹകാര്യമുറികളും നടന്നുകണ്ടു. ആ മുറിക്കകത്തില്ലാത്ത സാധനങ്ങളില്ല. 'ഉപ്പുതൊട്ടു കർപ്പൂരം'വരെയെല്ലാമുണ്ട്. 'ഇഷ്ടമുള്ളത് എടുക്കാം' എന്ന അവരുടെ ക്ഷണം ഞാൻ സ്വീകരിച്ചില്ല. എന്റെ ഭൃത്യൻ ചിലതെല്ലാം കൈക്കലാക്കി. ഞാൻ അവരോടു യാത്ര പറഞ്ഞ് അവിടെനിന്നു ഹോട്ടലിലേക്കു മടങ്ങി.

അവിടെ എത്തിയ സമയം നാലുപുറവും ജനങ്ങൾ വന്നു തിക്കിത്തിരക്കിത്തുടങ്ങി. രക്തമണിഞ്ഞ ഉടുപ്പും, രാത്രി തീരെ നിദ്രയില്ലാതെ ക്ഷീണിച്ചു വാടിയ മുഖവും മററും കണ്ടപ്പോൾ അസാധാരണമായി എന്തോ ചിലതു സംഭവിച്ചിട്ടുണ്ടെന്ന് എല്ലാവരും തീർച്ചയാക്കി. 'എന്തായിരുന്നു അവിടെ- ഈ ചോര എവിടുന്നാ—പ്രേതം എന്തു ചെയ്തു?' എന്നു തുടങ്ങി ആയിരം ചോദ്യം ഒരേസമയത്തു ചോദിച്ചു. കുറച്ചു നേരം ബഹുഗൌരവം നടിച്ച് ഒടുവിൽ 'പ്രേതം നാടുവിട്ടു പോയി. അഞ്ചു പ്രേതങ്ങളുണ്ടായിരുന്നു. 'പഞ്ചമഹാഭൂതങ്ങൾ' എന്നു കേട്ടിട്ടില്ലേ? അവയായിരുന്നു. എന്റെ മന്ത്രവാദംകൊണ്ട് അവ നാടുവിട്ടോടി. അതിന്ന് അടയാളമാണ് ഈ രക്തക്കറകൾ.' ഇനി മുതൽ ആ വീട്ടിൽ ആൎക്കും താമസിക്കാം. യാതൊരുപദ്രവവുമുണ്ടാവില്ല' എന്നൊക്കെ കുറെ വീരവാദം ഞാനും പൊടിച്ചു. വീട്ടുടമസ്ഥനായ

ഒരു പഞ്ചാബി പിറെറന്നാൾ എന്നെ ക്ഷണിച്ചുകൊണ്ടുപോയി രസികനായ ഒരു സദ്യയ്ക്കുശേഷം ഒരു സ്വർണ്ണവാച്ചും ചെയിനും എനിക്കു സമ്മാനമായിത്തന്നു. പിറെറന്നാൾ മുതൽ ആ ബംഗ്ലാവു മാസത്തിൽ 250 ക. വാടകയ്ക്കു ഒരു വർത്തകപ്രഭു ശേട്ടു വാങ്ങി. അദ്ദേഹം അവിടെ താമസം തുടങ്ങി 15 ദിവസം കഴിഞ്ഞതിന്നു ശേഷമേ എന്നെ വിട്ടയച്ചുള്ളു.

ലക്നോ പട്ടണത്തിൽ വേറെ വല്ല മന്ത്രവാദങ്ങൾക്കും വിളിച്ചാൽ എന്റെ ചെമ്പു പുറത്തു ചാടുമെന്നു നല്ല ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട് ആ പതിനഞ്ചു ദിവസവും ഞാൻ പനിയാണെന്നു നടിച്ചു പുതച്ചു മൂടിക്കിടന്നു ദിവസം കഴിച്ചുകൂട്ടി. അതുകാരണം വളരെ ക്ഷണങ്ങളും, സദ്യകളും ഇല്ലാതെയായി. പ്രേതത്തിനോടു പോരിട്ടതുകൊണ്ടാണ് പനി പിടിച്ചത് എന്ന് എന്നെ കാണാൻ വന്നിരുന്ന എല്ലാവരും പറഞ്ഞു. മലയാളമന്ത്രവാദിയായ എന്നെ ഒരു നോക്കു കാണാൻ അസംഖ്യം സ്ത്രീപുരുഷന്മാർ വന്നിരുന്നു. നമ്മുടെ ഭൃത്യന്ന് ഈ പതിനഞ്ചു ദിവസവും സദ്യയിലുണ്ണുകയല്ലാതെ വേറെ പണിയൊന്നുമുണ്ടായിരുന്നില്ല.

പതിനാറാം ദിവസം ഉച്ചവണ്ടിക്കു ഞാൻ നാട്ടിലേക്കു മടങ്ങി. സ്റ്റേഷ്യൻ പ്ലേറ്റുഫാറത്തിൽ അനവധി പേർ വന്നുകൂടിയിരുന്നു. നമ്മുടെ പഞ്ചാബി അവരുടെ മുമ്പിൽ വെച്ച് എന്നെ ഒരു വിലപിടിച്ച പുഷ്പമാല അണിയിച്ചുവിട്ടു. വണ്ടി സ്റ്റേഷ്യൻ വിട്ടപ്പോൾ എനിക്കു സമാധാനമായി.

ഇതാണ് എന്റെ ആദ്യത്തേ—ഒടുവിലത്തേതും ഇതുതന്നെയായിരിക്കാം—മന്ത്രവാദം. ഈ കഥ ശുദ്ധകളവാണെന്നും, ഇങ്ങിനെ ഒരു സംഭവം തീരെയുണ്ടാവാൻ തരമില്ലാത്തതാണെന്നും മററും ചിലർ സംശയിക്കുമായിരിക്കാം. അതിൽ എനിക്കു യാതൊരു വിരോധവുമില്ല. പക്ഷെ ഇപ്രകാരം സംശയം തോന്നുന്നവരിൽ ആരെങ്കിലും സംഗതിവശാൽ ലക്നോവിൽ പോകേണ്ടിവന്നാൽ അവിടെയുള്ള പ്രോക്ലമേഷൻ വില്ല (Proclamation Villa) എന്ന ബംഗ്ലാവിന്റെ പൂർവ്വചരിത്രം ഒന്നന്വേഷിച്ചറിഞ്ഞാൽ നന്ന്.

എ. പി.

# സാംഖ്യന്യായങ്ങൾ.

ഗഹനങ്ങളായ ശാസ്ത്രവിഷയങ്ങളെ ഉപപാദിക്കുമ്പോൾ, ജനങ്ങൾക്ക് അതിൽ ആഭിമുഖ്യവും വിനോദവും വരുത്തുകവിധം സന്ദർഭോപയോഗികളായ കഥകളടങ്ങിയ ചില ന്യായങ്ങളെ പ്രതിപാദിക്കുന്നതു ശാസ്ത്രകാരന്മാരുടെ പതിവാണ്. അദ്ധ്യേതാക്കൾക്കു വിഷയഗ്രഹണത്തിന്ന് അത്യന്തം ഉപകരിക്കുന്ന ഈ ഉപായത്തെ സാംഖ്യദർശനപ്രവർത്തകനായ കപിലാചാര്യരും പ്രയോഗിച്ചിരിക്കുന്നു.

സാംഖ്യശാസ്ത്രത്തിന്റെ 4-ാം അദ്ധ്യായത്തിൽ ഉപാഖ്യാനപരങ്ങളായ കുറെ സൂത്രങ്ങൾ ഉണ്ട്. അവയിൽ പറയുന്നതു പ്രകൃതോപയോഗികളായ ചില ഉപാഖ്യാനങ്ങളെ ആണ്. ഈ ഉപാഖ്യാനങ്ങൾക്കു, സ്വരൂപംകൊണ്ടും പ്രയോജനംകൊണ്ടും നോക്കുമ്പോൾ ന്യായങ്ങളുടെ ഛായ ധാരാളം കാണുന്നതിനാൽ അവയെ ഇവിടെ ന്യായങ്ങൾ എന്നുതന്നെ വ്യവഹരിക്കുന്നു. അവയുടെ ഒരു സ്വരൂപജ്ഞാനം വായനക്കാൎക്കുണ്ടാവുന്നതിനായി ചില ന്യായങ്ങൾ താഴെ ചേൎക്കുന്നു:—

(1) രാജപുത്രന്യായം.

എത്ര മൂഢനായിരിക്കുന്നവന്റെയും അജ്ഞാനാന്ധകാരത്തെ ഉപദേശത്താൽ ഉന്മൂലനം ചെയ്വാൻ സാധിക്കുന്നതാണ്. ഇതിന്നുദാഹരണം ഒരു രാജകുമാരനാണെന്നത്രെ ഇതിന്റെ താല്പൎയ്യം.

ഒരു രാജകുമാരൻ എന്തോ സംഗതിവശാൽ നന്നെ ബാല്യത്തിൽ തന്നെ തന്റെ അച്ഛനാൽ പരിത്യക്തനായിട്ടു എങ്ങിനെയോ കാട്ടിലെത്തിച്ചേൎന്നു. അനാഥനായ ആ കുട്ടിയെ ഒരു കാട്ടാളൻ കണ്ടെടുത്തു തന്റെ കുടിലിൽ കൊണ്ടുപോയി പുത്രനിൎവിശേഷം അതിവാത്സല്യത്തോടെ ലാളിച്ചു വളൎത്തി വന്നു. ക്രമേണ യൌവനയുക്തനായിത്തീൎന്ന രാജകുമാരനു താൻ കിരാതപുത്രനെന്നല്ലാതെ പൂൎവ്വസ്ഥിതിയെപ്പററി ഒട്ടും തന്നെ അറിവുണ്ടായില്ല. അങ്ങിനെ ഇരിക്കെ അദ്ദേഹത്തിന്റെ അച്ഛനായ രാജാവു പരലോകപ്രാപ്തനായി. ആ സമയം രാജ്യഭരണത്തിന്നു ശേഷിയായ ആരെയും കാണായ്കയാൽ മന്ത്രികളെല്ലാവരുംകൂടി ആലോചിച്ച് പ്രസ്തുതരാജകുമാരനെത്തന്നെ വാഴിപ്പാൻ നിശ്ചയിച്ചു വിവരങ്ങളൊക്കെയും അദ്ദേഹത്തോടറിയിച്ചു. മന്ത്രികളുടെ ഉപദേശത്താൽ തന്റെ പൂൎവ്വവൃത്താന്തമൊന്നൊഴിയാതെ അറിഞ്ഞ രാജകുമാരൻ അവരുടെ അപേക്ഷയെ സ്വീകരിച്ചു രാജ്യത്തിൽവന്നു പട്ടംകെട്ടിപ്പാൎത്തു. ഈ കഥയിൽനിന്നു നാം ഗ്രഹിക്കേണ്ടതു, ആന്ധ്യാവൃത്തമായ മനസ്സിൽ തത്വോപദേശത്താൽ വിജ്ഞാനപ്രദീപം പ്രജ്വലിച്ചുതുടങ്ങുമ്പോൾ അജ്ഞാനാന്ധകാരമെല്ലാം അകന്നുപോകുമെന്നാകുന്നു.

(2) പിശാചന്യായം

ഒരുവനെ പ്രധാനമായുദ്ദേശിച്ചു ചെയ്യുന്ന ഉപദേശം പ്രസംഗവശാൽ ഉദാസീനനായ മററൊരുവനിലും ഫലപ്രദമായിത്തീരുന്നുവെന്നത്രെ ഇതിന്റെ അൎത്ഥം. ഉദാഹരണം ഒരു പിശാചാകുന്നു.

ഒരു ഗുരുനാഥൻ വിജനപ്രദേശത്തുവെച്ചു ഗൂഢമായി തന്റെ ശിഷ്യനു തത്വോപദേശം ചെയ്കയായിരുന്നു. അപ്പോൾ അടുത്തുള്ള വൃക്ഷാന്തരത്തിൽ മറഞ്ഞു കേട്ടുകൊണ്ടിരുന്ന ഒരു പിശാചു തന്റെ മൌഢ്യമെല്ലാം വെടിഞ്ഞു വിജ്ഞാനോദയത്താൽ പരമാനന്ദപ്രദമായ മുക്തിയെ പ്രാപിച്ചു.

(3) പിതൃപുത്രന്യായം

ദരിദ്രനായ ഒരു ബ്രാഹ്മണൻ ദാരിദ്ര്യാധിക്യം മൂലം ഗൎഭിണിയായ തന്റെ ഭാൎയ്യയെ വീട്ടിൽത്തന്നെ വിട്ടു ധനസമ്പാദനത്തിന്നായി ദേശാന്തരത്തിലേക്കു യാത്രചെയ്തു. അനേകം വൎഷങ്ങൾ കഴിഞ്ഞു ഗൃഹത്തിൽ മടങ്ങിവന്നു നോക്കുമ്പോൾ അപരിചിതനായ ഒരാളെ അവിടെ കണ്ടു. അത് ആ

നു ഗർഭിണിയായിരുന്ന തന്റെ ഭാൎയ്യയാൽ പ്രസൂതനായ പുത്രനല്ലാതെ മററാരുമല്ലായിരുന്നു. പത്നി വിവരമെല്ലാം പറഞ്ഞു മനസ്സിലാക്കിയപ്പോഴാണു അദ്ദേഹത്തിനു പുത്രനെപ്പററിയുള്ള പരിചയവും സ്മരണയും ഉണ്ടായതു്. അതുപോലെ ഗുരുശിഷ്യന്മാൎക്കും ജനനമരണാദികൾ കണ്ടറിയുമ്പോൾ മാത്രമേ യഥാൎത്ഥജ്ഞാനമുളവാകയുള്ളൂ.

(4) ശ്യേനന്യായം.

ഒരു പരുന്തു ആഹാരത്തിനായി അവിടവിടെ ചുററിയലഞ്ഞു ഒടുവിൽ കണ്ടെത്തിയ ഒരു മാംസഖണ്ഡം കൊത്തി എടുത്തു ഭക്ഷിപ്പാൻ മുതിൎന്നു. അപ്പോൾ മററു പരുന്തുകളെല്ലാംകൂടി അതു കയ്ക്കലാക്കണമെന്നു കരുതി അതിനെ പ്രബലമായി ഉപദ്രവിച്ചു. ഉടനെ ആ മാംസഖണ്ഡം അതു ദൂരെ പരിത്യജിക്കയും, ഉപദ്രവങ്ങളെല്ലാം നീങ്ങിപ്പോകയും ചെയ്തു. ‘ആകയാൽ സംസാരബന്ധം ഉള്ള നാളൊക്കെയും അനൎത്ഥവും പരിഭവവും നേരിടുമെന്നും, ആ ബന്ധം അററുപോകുമ്പോൾ സമാധാനവും സന്തൃപ്തിയുമുളവാകുമെന്നും സിദ്ധിക്കുന്നു’ എന്നാണു് ‘വിജ്ഞാനഭിക്ഷു’ ഈ ന്യായത്തിന്റെ അൎത്ഥനിൎവ്വചനം ചെയ്യുന്നതു്. എന്നാൽ അനിരുദ്ധനാകട്ടെ ഇവിടെ വ്യതിചലിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം താഴെ പറയുംപ്രകാരമാണ്:—

ദയാലുവായ ഒരു മനുഷ്യൻ വഴിയിൽവെച്ചു യദൃച്ഛയാ കണ്ടെത്തിയ ഒരു പരുന്തിൻകുട്ടിയെ എടുത്തു വീട്ടിൽ കൊണ്ടുപോയി ആഹാരാദികൾ കൊടുത്തു വാത്സല്യത്തോടെ വളൎത്തിയും കൊണ്ടുവന്നു. ഒരു ദിവസം ആയാൾക്കു ഈ പക്ഷിയെ കൂട്ടിലിട്ടു ബന്ധിച്ചു സ്വാതന്ത്ര്യഭംഗം ചെയ്യുന്നതു കഷ്ടവും പാപവുമാണെന്നു തോന്നുകയാൽ അതിനെ യഥാഗതം വിട്ടയച്ചു. പരിത്യക്തമായ ആ പക്ഷിയാകട്ടെ സ്വേച്ഛാവിഹാരസുഖമനുഭവിച്ചു വന്നുവെങ്കിലും തന്നെ വളൎത്തിയ യജമാനന്റെ വിയോഗദുഃഖം സഹിപ്പാൻ വഹിയാതെ അസ്വസ്ഥചിത്തമായ്ത്തീൎന്നു. ഇതുകൊണ്ടു, നാം ഗ്രഹിക്കേണ്ടതു; ലോകത്തിൽ ഏതുവിധത്തിലുള്ള സുഖവും ദുഃഖസമ്മിശ്രമായിട്ടാണു് ഇരിക്കുന്നതെന്നും സുഖത്തിനു ദുഃഖവിവിക്തമായ സ്ഥലമില്ലെന്നും, ആകയാൽ സൎവ്വഥാ സംസാരബന്ധം അററുക്കേണ്ടതാണെന്നും ആകുന്നു എന്നത്രേ.

(5) അഹിനിൎല്വയനീന്യായം.

സൎപ്പം വളയഴിക്കുന്നതുപോലെ മുമുക്ഷു മായാകാൎയ്യമായ പ്രാപഞ്ചികസുഖം ഉപേക്ഷിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുമ്പോൾ പ്രകൃതിപുരുഷവിവേകം താനെ ഉദിച്ചുകൊള്ളും. അതുതന്നെയാണു് പരമാനന്ദരൂപമായ മോക്ഷവും. ഇങ്ങിനെയാണ് ഈ ന്യായത്തിനു വിജ്ഞാനഭിക്ഷു അൎത്ഥം നിൎവ്വചിക്കുന്നതു്. അനിരുദ്ധനാകട്ടെ മറെറാരുവിധം വ്യാഖ്യാനിക്കുന്നു.

ഒരു സൎപ്പം വളയഴിച്ചു അതിലുള്ള പ്രതിപത്തി മൂലം അവിടംവിട്ടു പോകാൻ കഴിയാതെ വളരെ നേരം അതിന്റെ അരികത്തുതന്നെ നിന്നുപോയി. തൽക്ഷണംതന്നെ ഒരു വ്യാളോപജീവി (കാവൻ) അവിടെ എത്തി നിഷ്പ്രയാസം പാമ്പിനെ പിടിച്ചു കുണ്ടയിലിട്ടു പൊയ്ക്കളഞ്ഞു. ഇങ്ങിനെ കിണ്ടംവിണഞ്ഞതിന്റെ ശേഷമാണു് സൎപ്പം താൻ അവിടെ നിന്നതിനെപ്പററിയോൎത്തു അനുശോചിച്ചതു്. ആ

കയാൽ സംസാരവാസനയെ കഴിയുന്നത്തും അകാറിബന്ധം വിട്ടു സുഖിയായിരിപ്പാനാണ് എവനും പരിശ്രമിക്കേണ്ടത്.

(6) ഛിന്നഹസ്തന്യായം.

അറുത്ത കയ്യ് പിന്നെ മുളച്ചുണ്ടാകാത്തതുപോലെ ഒരിക്കൽ പോയ മോഹാന്ധകാരം പിന്നീട് ആത്മാവിനെ ബാധിക്കുന്നതല്ലെന്നു വിജ്ഞാനികൾ വ്യാഖ്യാനിക്കുന്നു.

ഒരു മഹർഷി തന്റെ ഭ്രാതാവിന്റെ ആശ്രമത്തിൽ കയറി കുറെ ഫലങ്ങൾ പറിച്ചു സ്വാശ്രമത്തിലേക്കു തിരിച്ചു. അതുകണ്ടെത്തിയ ഭ്രാതാവു കോപാന്ധനായി 'കള്ളനെന്നു' പറഞ്ഞു സോദരനെ ഒരു പാടു ശകാരിക്കയും, മോഷണത്തിനു പ്രായശ്ചിത്തമായി 'ഹസ്തഛേദം' ചെയ്യണമെന്നു ആദേശിക്കയും ചെയ്തു. മഹർഷിയാകട്ടെ നിശ്ചിതമായ പ്രായശ്ചിത്തവിധി അനുഷ്ഠിച്ചു മോഷണക്കുറ്റത്തിൽനിന്നു നിർമ്മുക്തനായി. അതുകൊണ്ടു നിഷിദ്ധമായ കർമ്മങ്ങളിൽ ഒരിക്കലും ഏർപ്പെട്ടുപോകരുതെന്നും, ഏർപ്പെട്ടാൽതന്നെ പ്രായശ്ചിത്തവിധിയാൽ പാപമോചനം വരുത്തിക്കൊള്ളണമെന്നുമാണ് അനിരുദ്ധൻ വ്യാഖ്യാനിക്കുന്നത്.

(7) ഭരതന്യായം.

അനർത്ഥവും അനിഷ്ടവുമായ സംഗതിയെപ്പറ്റി ചിന്തിക്കപോലും ചെയ്യരുത്. അങ്ങിനെ ചിന്തനം ചെയ്യുന്നതായാൽ ഭരതനെപ്പോലെ അപ്രതിഹതമായ അനർത്ഥം നേരിട്ടു കഷ്ടത്തിലാകേണ്ടിവരും.

പണ്ടു ഭരതൻ എന്നു പേരായി മഹാത്മാവായ ഒരു രാജർഷിയുണ്ടായിരുന്നു. അദ്ദേഹത്തിന്നു വരുംവരായ്കയെപ്പറ്റി പരിപൂർണ്ണമായ ആലോചനയും അറിവുമുണ്ടായിരുന്നുവെങ്കിലും കരുണാതിരേകത്താൽ ഒരു മാൻകിടാവിനെ വളർത്തേണ്ടിവന്നുപോയി. കാലംചെല്ലുംതോറും രാജാവിന്നു അതിൽ വാത്സല്യം വളർന്നുവരികയും, തന്റെ മറ്റു ജോലികളെല്ലാം തീരെ മറന്നു മാൻകുട്ടി എന്നൊരൊററവിചാരം മാത്രമായിത്തീരുകയും ചെയ്തു. അങ്ങിനെയിരിക്കെ അതു മരിച്ചുപോകയും ശോകത്താൽ അതിനെത്തന്നെ അനുസന്ധാനം ചെയ്തു ഒടുവിൽ രാജാവും മരിക്കയും ജന്മാന്തരത്തിൽ ആ വാസനാനിമിത്തം ഒരു മൃഗമായ്ചമയുകയും ചെയ്തു. ഇതുപോലെ മോക്ഷേച്ഛുക്കളാരും അനിഷ്ടത്തിൽ കൊണ്ടുപോയി തലയിട്ടുപോകരുത്. അനിഷ്ടചിന്ത ശ്രേയസ്സുവരുന്ന കവാടത്തെ ആച്ഛാദിച്ചുനില്ക്കയാണു ചെയ്യുന്നത്.

(8) കുമാരീശംഖന്യായം

ഏകാന്തമായ വിഷയത്തിൽ മാത്രമേ മനസ്സിനെ പ്രവേശിപ്പിച്ചുകൂടൂ. പലരുംകൂടി തല്ലുകൂടുന്ന കാര്യങ്ങളിൽ ഏർപ്പെടുന്നതു അനിഷ്ടസിദ്ധിക്കു എളുപ്പമായ മാർഗ്ഗമാണ്.

പണ്ടു അനേകം രാജകുമാരിമാർകൂടി ഒരു ശംഖിൽ ആഗ്രഹത്തോടെ 'എനിക്കുവേണം, എനിക്കുവേണം' എന്നു തർക്കിച്ചു ലഹളകൂട്ടി. ഒടുവിൽ എല്ലാവരുംകൂടി അതിന്മേൽ കടന്നു പിടികൂടിയപ്പോൾ അവരുടെ മനോരഥങ്ങളോടുകൂടെ അതു പൊട്ടിത്തകർന്നു പൊടിഞ്ഞുപോയി.

(9) പിംഗലാന്യായം.

ആശാബന്ധം അകന്നവർക്കുമാത്രമേ സുഖത്തിന്നവകാശമുള്ളു. സുഖമിച്ഛി

ന്നവൻ 'പിംഗല' എന്നപോലെ ആശയെ അകലെ കൈവെടിയുന്നു.

പണ്ടു പിംഗല എന്നു പേരായി ഒരു വിദഗ്ദ്ധയായ വേശ്യാംഗന ഉണ്ടായിരുന്നു. അനേകം ജനങ്ങളിൽനിന്നും അനവധി ദ്രവ്യം തട്ടി കയ്യിലാക്കീട്ടുണ്ടെങ്കിലും അവളുടെ ലോഭത്തിന്നൊരതിരില്ലായിരുന്നു. കാമുകന്മാരെ കാത്തു രാത്രിമുഴുവൻ ഉറക്കൊഴിച്ചിരിക്കയായിരുന്നു ഒരുവളുടെ പതിവ്. അങ്ങിനെയിരിക്കെ ക്രമേണ ജനങ്ങളുടെ വരവു ചുരുങ്ങിപ്പോകയും അവൾ ദ്രവ്യതൃഷ്ണയെ പരിത്യജിക്കയും ചെയ്തു. അന്നു മുതൽ അവൾക്കു പൂർവ്വാധികം മനസ്സിന്നു സന്തുഷ്ടിയും പ്രസാദവും വർദ്ധിച്ചു വന്നു.

(10) സർപ്പന്യായം

താൻ പ്രയത്നിക്കാതെയും ചിലർ ഫലമനുഭവിച്ചു സുഖിക്കുന്നു. എങ്ങിനെ എന്നാൽ:— സർപ്പം തനിക്കു താമസിപ്പാൻ പ്രത്യേകം ഗൃഹം തീൎക്കുക പതിവില്ല. അതു മററുള്ളവർ ഉണ്ടാക്കുന്ന ഗൃഹങ്ങളിൽ പോയി യഥേഷ്ടം സുഖിച്ചു പാൎക്കുന്നു. അങ്ങിനെ മററുള്ളവർ നമ്മുടെ സുഖോപായങ്ങളെ സമ്പാദിക്കുമ്പോൾ നാമൊന്നും പ്രയത്നിക്കണമെന്നില്ല.

(11) ഷൾപദന്യായം.

വണ്ടു പല പുഷ്പങ്ങളിൽനിന്നും മധു ശേഖരിക്കുന്നതെങ്ങിനെയോ, അങ്ങിനെ തന്നെ മുമുക്ഷു പല ശാസ്ത്രങ്ങൾ പഠിചയിച്ചും, പല ഗുരുക്കളിൽനിന്നു തത്വസാരങ്ങൾ ഗ്രഹിച്ചും ജ്ഞാനിയായിത്തീരേണ്ടതാണെന്നത്രെ ഇതിന്റെ താല്പൎയ്യം.

(12) ഇഷുകാരന്യായം.

ഒരു വിഷയത്തിൽ ഏൎപ്പെടുന്നവന്റെ മനസ്സു അതിൽ തന്നെ ഏകാഗ്രമായിരിക്കുന്നതു കൂടാതെ വിഷയാന്തരങ്ങളിൽ പ്രവേശിക്കരുതു.

പണ്ടൊരു ശസ്ത്രകാരൻ (അമ്പുണ്ടാക്കുന്നവൻ) അങ്ങാടിയിലിരുന്നു അമ്പുകളുണ്ടാക്കുകയായിരുന്നു. അപ്പോൾ അതിന്നരികിലൂടെയായി അവിടത്തെ രാജാവു കടന്നു പോയിരുന്നു. തന്റെ ജോലിയിൽ ബദ്ധമായി മനസ്സിരുത്തിയതു നിമിത്തം അവൻ രാജാവിനെ കാണുകയോ ഉപചരിക്കയൊ ഉണ്ടായില്ല. അതുപോലെ മോക്ഷാൎത്ഥികളേവരും കൃത്യാന്തരങ്ങളിൽ ഏൎപ്പെടാതെ ജ്ഞാനസമ്പാദനവിഷയത്തിൽ പ്രത്യേകം ജാഗരൂകരായിരിക്കേണ്ടതാകുന്നു.

(13) ലോകന്യായം

ശാസ്ത്രങ്ങളിൽ വ്യവസ്ഥാപിതമായ നിയമങ്ങളെ ഉല്ലംഘിക്കുന്നതു ഒരിക്കലും ശ്രേയസ്കരമല്ല. ഒരാൾ ശാസ്ത്രോക്തനിയമങ്ങളെയും, രാജകീയശാസനങ്ങളെയും അതിക്രമിച്ചു എന്നിരിക്കട്ടെ; എന്നാൽ അവൻ ശിക്ഷാൎഹനായിട്ടും രാജദ്രോഹിയായിട്ടും ഈശ്വരനാൽ ശിക്ഷിതനായിട്ടും കാണപ്പെടുന്നുണ്ടു. ലൌകികശിക്ഷ കൂടാതെ ദൈവികശിക്ഷയ്ക്കും അവൻ പാത്രമായ്ത്തീരുന്നു. അതുകൊണ്ടത്രെ ലോകം മിക്കതും മൎയ്യാദാലംഘനം ചെയ്യാതെ അതിക്കകത്തു നില്ക്കുന്നതു. ഈ സംഗതി ലോകത്തോടു പഠിക്കേണ്ടതാകയാൽ (നാലാൾ നടക്കുന്നതും കാട്ടുന്നതും പറയുന്നതും ആണ് നാമനുകരിക്കുന്നത്.) ഇതിന്നു ലോകന്യായം എന്നു പേരു സിദ്ധിച്ചു.

സി. ശങ്കുണ്ണിനായർ.

# വിദൂഷകശ്ലോകങ്ങൾ.*

ഇന്ദ്രപ്രസ്ഥപുരേഗമിപ്പതിനിനിക്കമ്മോഹമുക്കില്ലഹോ
ഇന്ദ്രസ്യാത്മജനേഷ കണ്ടവളെയുംകോൾക്കുന്നതാംഗീമപി
കാമിപ്പാനിഹകോപ്പുകൂട്ടിവളരെപ്പെണ്ണുള്ള കണ്ണൂർപുരേ
കാമിച്ചെന്നുകരേറുകിൽ കലശലെന്ന്യാതെ ചൊല്ലാവതോ! ൧

കൊള്ളാമെന്തിനു ചതം തവമതമഖിലംമന്മതംമന്മഥർവ-
ന്നുള്ളുൾക്കത്തിക്കലെക്കിപ്പലതരുണികളെത്തള്ളിയങ്ങുള്ളിലാക്കി
കള്ളസ്സന്ന്യാസിയാക്കാനവനഭിമതമെന്നാകിൽഞാൻശിഷ്യനായി-
ഞ്ഞുള്ളിന്നാക്കുന്നവേഷോചിതസകലപദാർത്ഥങ്ങളുംസംഭരിക്കാം. ൨

പേരെന്തെന്നുമറിഞ്ഞതില്ലകുലമേതെന്നുംഗ്രഹിച്ചീലനാ-
മാരപ്പൻപുനരമ്മയാരിഹകുതോവന്നൂകുതോവാഗതാ
നേരപ്പിങ്ങിനെവന്നു ചാടിയപര(?)സ്ത്രീരൂപമോർത്തോർത്തഹോ
പാരംമാനസതാപമെന്തിനുവൃഥാ ചിന്തുന്നിതെൻതാഴരേ! ൩

വെള്ളത്തെച്ചാറുംപുതിയോരുവെണ്ണയും
പുളിച്ചതൈരുംപുനരിഞ്ചിമാങ്ങ
ഉഷസ്സുമമ്പോതരുമമ്മമാക്കു
നമസ്കരിക്കാംപുനരന്തിയോളം. ൪

ചിരച്ചതേങ്ങാക്കന്നിന്മേൽ നൃത്തമാടുന്നുമേമനഃ
യഥാകൈലാസശിഖരേ ഭഗവാൻപരമേശ്വരഃ. ൫

പെരികെവഴിനടന്നങ്ങംബരേദാഹമോഹാൽ
പരവശതമുഴത്തിട്ടെന്നപോലേടിനേശൻ
അവികലജലപാനത്തിന്നുനമ്മെക്കണക്കായ്
ലവണജലനിധാനേ ചെന്നിറങ്ങുന്നുമന്ദം. ൬

കാക്കക്കൂട്ടംകരഞ്ഞു,കലിതകളകളംകാനനാന്തംതിരഞ്ഞു,
കോകദ്വന്ദ്വംപിരിഞ്ഞു,കുമുദകുവലയശ്രേണിയെല്ലാംവിരിഞ്ഞു,
താരാജാലംപരന്നു,തരുണതരുണിമാർവീടുതോറുംനിരന്നു,
മാരാടോപംവളർന്നു,മനതളിരളവേമാനിനീനാംതളർന്നു. ൭

---

* ഈ ശ്ലോകങ്ങൾ കൂടിയാട്ടത്തിൽ വിദൂഷകൻ ചൊല്ലുന്നവയും പല കഥകളിലുൾപ്പെട്ടവയും ആയ ശ്ലോകങ്ങളിൽ ചിലതാണ്. ഈ വക ശ്ലോകങ്ങളെ ചാക്യാന്മാർ എത്രയും ഗോപ്യമായി വെച്ചിട്ടുള്ളതുകൊണ്ട് അവ ഗ്രന്ഥാരൂഢങ്ങളായിട്ടില്ല. മം. പ.

# വിജ്ജകാ

ഭാരതഖണ്ഡത്തിൽ കുറെ നൂററാണ്ടുകൾക്കു മുമ്പു പുരുഷന്മാരെപ്പോലെ തന്നെ സംസ്കൃതസാഹിത്യത്തിൽ പ്രശംസനീയമായ വൈദുഷ്യം നേടിയ അനേകം മഹിളാമണികൾ ഉണ്ടായിരുന്നു. അവരിലൊരാളാണ് വിജ്ജക. ഈ കവയിത്രിയുടെ ചരിത്രം സാമഗ്ര്യേണ മനസ്സിലാക്കാൻ രേഖാമൂലമായ തെളിവുകൾ അധികമൊന്നും കാണുന്നില്ലെങ്കിലും, ഈ മഹതിയെപ്പററി പണ്ഡിതന്മാരുടെ ഇടയിൽ പ്രചരിച്ചുവരുന്ന ഓരോ വിധം ഐതിഹ്യങ്ങളേയും മററും അവലംബിച്ചുകൊണ്ടാണ് ഞാൻ ഈ ലേഖനം എഴുതുവാൻ ആരംഭിക്കുന്നത്.

വിജ്ജകയുടെ ജന്മദേശവും വാസസ്ഥലവും കാശ്മീരരാജ്യത്തിലാകുന്നു. ശീലാഭട്ടാരിക മുതലായവരെപ്പോലെതന്നെ സാഹിത്യപരിശ്രമം നിമിത്തം വിജ്ജകയും ഒരു മാന്യപദവിയെ പ്രാപിച്ചിട്ടുള്ള മഹിളാരത്നമാണ്. 'ശീലാ, വിജ്ജാ, മാരുളാ, മോരളാദ്യാഃ കാവ്യംകർത്തുംസന്തിവിജ്ഞാഃസ്ത്രിയോപി' എന്ന ധനദദേവൻെറ പദ്യത്തിൽ പറഞ്ഞുകാണുന്ന 'വിജ്ജ' നമ്മുടെ വിജ്ജകതന്നെയാണെന്നതിൽ രണ്ടുപക്ഷത്തിന്നവകാശമില്ല. ഈ കവയിത്രി ശൂദ്രജാതിയിൽ ജനിച്ചവളാണെന്നു പലരും അഭിപ്രായപ്പെടുന്നുണ്ട്.

ഈ മഹതിയുടെ ജീവനകാലത്തെ ഇദന്തയാ നിർദ്ദേശിക്കുവാനുള്ള മാർഗ്ഗം വളരെ ദുർല്ലഭമായിത്തന്നെയിരിക്കുന്നു. എങ്കിലും, പന്ത്രണ്ടാം നൂററാണ്ടിൻെറ മുമ്പിലാണെന്നു പറയുന്നതിൽ അബദ്ധമൊന്നും വരാനില്ല. മമ്മടഭട്ടൻ പ്രസ്തുത കവയിത്രിയുടെ പദ്യത്തെ തൻെറ കാവ്യപ്രകാശത്തിൽ ഉദാഹരിച്ചിട്ടുണ്ട്. മമ്മടഭട്ടൻെറ ജീവകാലം പന്ത്രണ്ടാം നൂററാണ്ടിൻെറ പൂർവ്വഭാഗത്തിലാണെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈ സ്ഥിതിക്കു വിജ്ജകയുടെ കാലം പന്ത്രണ്ടാം ശതാബ്ദത്തിൻെറ മുമ്പിലാവാനെ അവകാശമുള്ളു. അതുകൊണ്ടു ഏകദേശം പതിനൊന്നാംനൂററാണ്ടിലായിരിക്കണം വിജ്ജക ജീവിച്ചിരുന്നതെന്നു ഊഹിക്കാം.

വിജ്ജകയുടെ അച്ഛൻ കാശ്മീരത്തിലെ ധനപുഷ്ടിയും ഗുണവൃദ്ധിയും ഉള്ള ഒരു ശൂദ്രകുടുംബത്തിൽപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിന്നു സംസ്കൃതഭാഷയിൽ അസാമാന്യമായ വൈദുഷ്യം സിദ്ധിച്ചിട്ടുണ്ട്. വ്യാകരണം, തക്കം, മീമാംസ മുതലായ ശാസ്ത്രങ്ങളിലും ആ മഹാനു ലഭിച്ച പാണ്ഡിത്യം ദുരവഗാഹം തന്നെയാണ്. അദ്ദേഹത്തിൻെറ ഏകപുത്രിയാണ് വിജ്ജക. വേറെ സ്ത്രീസന്താനമോ പുരുഷസന്താനമോ അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. ഇതു നിമിത്തം മാതാപിതാക്കന്മാരുടെ സർവ്വസുഖത്തിന്നും സർവ്വസന്തോഷത്തിന്നും ഏകകാരണവും വിശ്രമഭൂമിയുമായിരുന്ന വിജ്ജകയെന്ന സംഗതി പ്രത്യേകം പറയേണ്ടതില്ലല്ലോ. വിജ്ജക കുട്ടിക്കാലത്തു ബഹുവിധമായ ബാലാരിഷ്ടത്തിൽപ്പെട്ടു

ബുദ്ധിമുട്ടിയെങ്കിലും മാതാപിതാക്കന്മാരുടെ ഹൃദയപൂർവ്വമായ പര്യവേക്ഷണത്താൽ ആ വിധം ദുർദ്ദശയെല്ലാം നീങ്ങി പൂർവ്വാധികമായ ആരോഗ്യത്തെ പ്രാപിച്ചുവത്രെ. കുട്ടിക്കാലത്തു തന്നെ അച്ഛൻ വിജ്ജകയെ വിദ്യാഭ്യാസത്തിൽ ഏർപ്പെടുത്തിയിരിക്കുന്നു. അച്ഛന്റെ കീഴിൽ തന്നെയാണ് ഈ മാന്യവിദുഷി കാവ്യനാടകാലങ്കാരാദികളും മററു ശാസ്ത്രങ്ങളും അഭ്യസിച്ചിട്ടുള്ളത്. വിജ്ജകയുടെ അസാധാരണമായ ബുദ്ധിശക്തി പലപ്പോഴും തന്റെ പിതാവിനെ വിസ്മയിപ്പിച്ചിരിക്കുന്നു. അതാതു ശാസ്ത്രവിഷയങ്ങളെ ഗ്രഹിക്കുന്നതിലും ധരിക്കുന്നതിലും വിജ്ജക പ്രദർശിപ്പിച്ച നൈപുണ്യം പിതാവിനെ ഒട്ടേറെ ആനന്ദഭരിതനാക്കിത്തീർത്തിട്ടുണ്ട്. പത്തുപതിനെട്ടു വയസ്സു പ്രായമായപ്പോഴേയ്ക്കു വിജ്ജകയുടെ ദേഹത്തിൽ അനിർവ്വചനീയവും സ്പൃഹണീയവുമായ ഒരു ലാവണ്യം വന്നുകേറിയതോടുകൂടി സാഹിത്യത്തിലും ശാസ്ത്രങ്ങളിലും അസാമാന്യമായ വൈദുഷ്യവും ആ മഹതി സമ്പാദിച്ചുകഴിഞ്ഞു.

വിജ്ജകയ്ക്കു വൈദുഷ്യത്തേക്കാളും ഒരു പടവു കയറി നില്ക്കുന്നതു കവിതാശക്തിയാണ്. കവനപാടവം നിമിത്തം കാശ്മീരത്തിലെ രാജാവു പലപ്പോഴും വിജ്ജകയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്. ദ്രുതകവനത്തിൽ ഈ മഹതിയ്ക്കുണ്ടായിരുന്ന സാമർത്ഥ്യം പ്രശംസനീയമായിരുന്നുവത്രെ. കാശ്മീരത്തിലെ ഏതോ ഒരു അന്യകവി ഒരു ദിവസം ദ്രുതകവനവും സ്വകൃതവുമായ ഒരു അന്യാപദേശശതകം പരിശോധിച്ചഭിപ്രായം പറയുവാൻ വിജ്ജകയ്ക്കു അയച്ചുകൊടുക്കുകയും, ആ കവയിത്രി അതു മുഴുവൻ ശരിയായി വായിച്ചുനോക്കുകയും, അപ്പോൾ തന്നെ കുറച്ചു സമയംകൊണ്ടു ഗ്രന്ഥപൌഷ്കല്യത്താൽ ആ പ്രബന്ധത്തെ അതിശയിച്ച മനോരമ്യാപദേശശതകം നിർമ്മിക്കുകയും അതു കവിക്കു അയച്ചുകൊടുക്കുകയും ചെയ്തതായി ഒരു ഐതിഹ്യം കേൾക്കുന്നുണ്ട്. ഇങ്ങിനെതന്നെ ചിത്രപദ്യങ്ങൾ രചിക്കുന്നതിലും വിജ്ജക അതിനിപുണയായിരുന്നു. 'ചിത്രശതകം' എന്ന പേരിൽ വിചിത്രമായ ഒരു ചിത്രപദ്യപ്രബന്ധവും പ്രസ്തുത കവയിത്രി ചമച്ചതായി കേൾവിയുണ്ട്.

പ്രാചീനകാലത്തുണ്ടായിരുന്ന അനേകം സാഹിത്യകാരന്മാരുടേയും കവികളുടേയും പണ്ഡിതന്മാരുടേയും അനല്പമായ പ്രശംസയ്ക്കും വിജ്ജക പാത്രമായിത്തീർന്നിരിക്കുന്നു. സാഹിത്യമർമ്മജ്ഞന്മാരായ മമ്മടഭട്ടൻ, വിശ്വനാഥകവിരാജൻ മുതലായ പലരും വിജ്ജകയെ കവിതാവിഷയത്തിൽ അതിരുകവിഞ്ഞു ആദരിച്ചിട്ടുണ്ട്. അന്യോക്തി, സ്വഭാവോക്തി, വിശേഷോക്തി, ശ്ലേഷം മുതലായ അലങ്കാരങ്ങൾ ഭംഗിയിൽ പ്രയോഗിച്ചു കവിതയെഴുതുന്നതിൽ വിജ്ജകയ്ക്കുണ്ടായിരുന്ന അസാധാരണനൈപുണ്യം ആരെയും വിസ്മയാവിഷ്ടന്മാരാക്കിത്തീർക്കാതിരുന്നിട്ടില്ല. ഈ വക അലങ്കാരങ്ങളെയാണ് വിജ്ജക അധികമായി കവിതയിൽ ചേർത്തുകാണുന്നതു. സരളകോമളങ്ങളായ ശബ്ദാർത്ഥങ്ങൾ ഈ മഹതിയുടെ തൂലികയിൽ എപ്പോഴും ഉല്ലസിച്ചിരുന്നു. വിജ്ജകയുടെ കവിതാശൈലിയെ അവലംബിച്ചുകൊണ്ടാണ് ആചാര്യദണ്ഡി പ്രബന്ധനിർമ്മാണം ചെയ്തിട്ടുള്ളതെന്നു സഹൃദയന്മാരുടെ ഇടയിൽ പ്ര

ലമായ ഒരു കിംവദന്തി നടക്കുന്നുണ്ട്. കവികലാവതംസനും പണ്ഡിതാഗ്രേസരനും ആയ ആചാര്യദണ്ഡിയുംകൂടി കവിതാവിഷയത്തിൽ അനുകരണീയയാണ് വിജ്ജക എന്നുവരുമ്പോൾ ഈ മാന്യകവയിത്രിയുടെ കവിതാശക്തിയെപ്പററി അധികമൊന്നും വിവരിക്കേണ്ടതായി തോന്നുന്നില്ല. ഈ ഘട്ടത്തിൽ ഒരു മഹാൻ വിജ്ജകയെപ്പററി പ്രസ്താവിച്ചതു താഴെ എഴുതുന്നു —

'നീലോല്പലദളശ്യാമാം
വിജ്ജകാം താമജാനതാ
വൃഥൈവ ദണ്ഡിനാ പ്രോക്താ
സർവ്വശുക്ലാ സരസ്വതീ.'

വിജ്ജക സരസ്വതിയുടെ ഒരു അവതാരമാകുന്നുവെന്നും, അഥവാ, ഈ മഹതിയ്ക്കു അസാമാന്യവൈദുഷ്യവും സർവ്വോത്തമമായ കവിതാനിർമ്മാണനൈപുണ്യവും ഉണ്ടെന്നും, കവിതാവിഷയത്തിൽ ആചാര്യദണ്ഡി അനുകരിച്ചത് ഈ കവയിത്രിയെത്തന്നെയാണെന്നും ഈ പദ്യത്തിൽനിന്നു വിശദമാകുന്നുണ്ട്. ഈ ശ്ലോകം രാജശേഖരസൂരിയുടെ പ്രബന്ധകോശത്തിലുള്ളതാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ഏതുവിധത്തിലായാലും, വിജ്ജക ഇപ്രകാരം ഒരു മഹാന്റെ ശ്ലാഘയ്ക്കു അർഹയായിത്തീർന്നിട്ടുണ്ടെന്നു വരുമ്പോൾ, ഈ വിദുഷിയ്ക്കുള്ള മാഹാത്മ്യം ഏറെക്കുറെ അനുമാനിക്കാവുന്നതാണ്.

'ശീലാ വിജ്ജാ മാരുലാ മോരികാദ്യാഃ
കാവ്യം കത്തും ഹന്ത വിജ്ഞാഃ സ്ത്രിയോപി
വിദ്യാം വേത്തും വാദിനോ നിർവ്വിജേതും
വിശ്വം വക്തും യഃ പ്രവീണഃ സ വീരഃ'

എന്നു ധനദദേവന്റെ ശാർങ്ഗധരപദ്ധതിയിലെ ശ്ലോകത്തെ അവലംബിച്ചുകൊണ്ടു ചിലർ, വിജ്ജകയ്ക്കു തന്റെ കവിതാശക്തിയ്ക്കു അനുരൂപമായ വൈദുഷ്യവും വ്യാകരണം, തർക്കം മുതലായ പ്രൌഢശാസ്ത്രഗ്രന്ഥങ്ങളെ നല്ലവണ്ണം വായിച്ചു മനസ്സിലാക്കാനുള്ള വ്യുല്പത്തിയും, ശാസ്ത്രവാദത്തിൽ വാദികളെ പരാജിതന്മാരാക്കാനുള്ള സാമർത്ഥ്യവും, ദുരവഗാഹങ്ങളായ ശാസ്ത്രതത്വങ്ങളെ ഉപപാദിക്കാനുള്ള നൈപുണ്യവും ഇല്ലെന്നും കവിതാനിർമ്മാണത്തിലുള്ള പാടവം മാത്രമേ ഉള്ളുവെന്നും അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ഈ അഭിപ്രായം ഒട്ടും ശരിയല്ല. മററുള്ള വിദ്വാന്മാർ നമ്മുടെ കവയിത്രിയെപ്പററി പറഞ്ഞതു ആലോചിച്ചാലും ഈ മഹാനുഭാവയുടെ കൃതികളെ പരിശോധിച്ചുനോക്കിയാലും ഇങ്ങിനെ ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതിലുള്ള അനൌചിത്യം സ്പഷ്ടമാവുന്നതാണ്. ധനദദേവൻ ഇപ്രകാരം പറഞ്ഞതു, ചില നാലുവരികളെക്കെട്ടിയുണ്ടാക്കുന്ന പൊട്ടക്കവികൾ വർദ്ധിച്ചതുകൊണ്ടോ സ്ത്രീകളുടെ പേരിൽ തനിക്കു അനിമിത്തമായ എന്തോ വൈരസ്യം ഉള്ളതുകൊണ്ടോ ആയിരിക്കണമെന്നൂഹിക്കാം. എങ്ങിനെ ആയാലും വിജ്ജകയുടെ കവിതാസാമർത്ഥ്യം ഒന്നു വേറെതന്നെയാണെന്നു വിരോധികൾകൂടി സമ്മതിക്കാതിരിക്കയില്ല.

ഈ മഹതി അപരിണീതയായിരുന്നു. ജീവകാലം മുഴുവനും സാഹിത്യചർച്ചയിൽത്തന്നെയാണ് കഴിഞ്ഞുകൂടീട്ടുള്ളത്. അനാവശ്യമായി സമയം പോക്കുന്നതിലും നേരംപോക്കു പറഞ്ഞിരിക്കുന്നതിലും വിജ്ജകയ്ക്കു വളരെ വൈമുഖ്യമായിരുന്നു. വല്ലവരെപ്പററിയും ദുഷിച്ചുപറഞ്ഞു സമയംവിഴുങ്ങുന്ന കർണ്ണദംശകന്മാരെ നമ്മുടെ വിദുഷി

എപ്പോഴും വെറുക്കുകയും അവരുടെ സഹവാസം തീരെ പരിഹരിക്കുകയുമാണ് ചെയ്തിരുന്നത്.

ഈവിധത്തിൽ സർവ്വഥാപി അനുകരണീയയായിട്ടുള്ള ഒരു മഹതിയാണ് നമ്മുടെ വിജ്ജക. ഈ വിദുഷി എത്രകാലം ജീവിച്ചിരുന്നുവെന്നും ഏതെല്ലാം പ്രബന്ധങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും മററും അറിയുവാൻ ഞെരുക്കംതന്നെ. വിജ്ജകയുടെ കവിതാശൈലിയെപ്പററി വായനക്കാർക്ക് അറിയുവാൻവേണ്ടി ചില പദ്യങ്ങളെ ഇവിടെ ഉദാഹരിച്ചു ഈ ലേഖനം അവസാനിപ്പിക്കാം.

കേനാത്ര ചംപകതരോ ബത രോപിതോസി
കുഗ്രാമപാമരജനാന്തികവാടികായാം (സി
യത്രപ്രരൂഢനവശാകവിവൃദ്ധിലോഭാൽ
ഗോഭഗ്നവാടവിടപോചിതപല്ലവോസി.

ഒരു ചംപകവൃക്ഷത്തെപ്പററി പ്രസ്താവിക്കുന്ന ഈ പദ്യം ദുർജ്ജനസങ്കുലമായ കുഗ്രാമത്തിൽ പാർത്തുവരുന്ന ഒരു മഹാന്നു നേരിട്ട ഗൌരവക്ഷയത്തിന്റെ പ്രതീതിയെ ഉല്പാദിപ്പിക്കുന്നുണ്ട്.. ഇവിടെ ചമ്പകതരു അപ്രസ്തുതവും കുഗ്രാമവാസ്തവ്യനായ മഹാൻ പ്രസ്തുതനുമാകുന്നു. ഈ ശ്ലോകം, വിജ്ജക തനിക്കു സാഹിത്യവിഷയത്തിൽ പ്രശസ്തമായ സാഹായ്യം ചെയ്തിരുന്ന ഒരു പണ്ഡിതന്നു അയച്ചിട്ടുള്ളതാകുന്നുവെന്നാണ് വിദ്വാന്മാരുടെ ഇടയിൽ നടക്കുന്ന കിംവദന്തി. ആ പണ്ഡിതൻ സർവ്വശാസ്ത്രവിശാരദനായ ഒരു മാന്യബ്രാഹ്മണനും, തന്റെ യോഗ്യതകളെ ഗ്രഹിക്കത്തക്ക നൈപുണ്യമുള്ള മഹാന്മാരുടെ നാമധേയംപോലും ഇല്ലാത്ത ഒരു കുഗ്രാമത്തിൽ പാർത്തിരുന്ന ദേഹവുമായിരുന്നുവത്രെ. ഈ പദ്യത്തിൽ സമുല്ലസിക്കുന്ന ചമല്ക്കാരവിശേഷത്തെ സംബന്ധിച്ചു സഹൃദയന്മാരോട് ഒന്നും പറയേണ്ടതായിട്ടില്ല.

ദൈവത്തെപ്പററി വർണ്ണിച്ച താഴെ എഴുതുന്ന പദ്യം നോക്കുക.

മാല്യൈർദ്ദിഗ്ഗജദാനലിപ്തകരട
  പ്രക്ഷാളനക്ഷോഭിതാ
വ്യോമ്നസ്സീമ്നി വിചേരുരപ്രതിഹതാ
  യസ്യോർമ്മയോനിർമ്മലാഃ
കഷ്ടം ഭാഗ്യവിപര്യയേണ സരസഃ
  കല്പാന്തരസ്ഥായിന-
സ്തസ്യാദ്യൈകബകപ്രചാരകലുഷം
  കാലേന ജാതം ജലം.

ഈ പദ്യത്തിൽ പ്രതിപാദിച്ച തത്വം എല്ലാവരും എല്ലായ്പോഴും ഓർക്കേണ്ട ഒന്നുതന്നെയാകുന്നു. 'ദൈവത്തിന്റെ ഗതി ആക്കും അറിയാൻ സാധിക്കുന്നതല്ല. ഇന്നു കുബേരനായിട്ടു മണിമാളികയിൽ പാർത്തുന്ന ആൾ നാളെ പിച്ചക്കാരനായിട്ടു കുടിലിൽ പാർത്തു ദുഃഖിക്കേണ്ടിവരുന്നു. അപരിമിതമായ ഐശ്വര്യവും ലഘുവായ കാരണത്തെ അവലംബിച്ചു ഒരു ക്ഷണത്തിന്നുള്ളിൽ നശിക്കും. ഐശ്വര്യസമൃദ്ധിയുള്ള കാലത്തു ദുരഭിമാനം നടിച്ചു് അകർത്തവ്യകർമ്മങ്ങളെ അനുഷ്ഠിക്കരുത്. അങ്ങിനെ ആയാൽ അയാൾക്കു സിദ്ധിക്കുന്ന ഗതി ശോചനീയമായി പരിണമിക്കുന്നതാണ്. വിവേകമില്ലാത്തവന്റെ സമ്പൽ പൊട്ടുന്നനവേ നാമാവശേഷമായിത്തീരും.' ഇങ്ങിനെ അമൂല്യങ്ങളായ അനേകം ഉപദേശരത്നങ്ങൾ ഈ ചെറുപദ്യത്തിൽ അന്തർഭവിച്ചുകിടക്കുന്നുണ്ട്. ഇതിലെ ശബ്ദമാധുര്യവും അതികേമം തന്നെ.

കോഷ്ണഃസ്സ്ഥിതതരഃസ്ഥിതാനിപതിതഃ
പത്രാണിദൃഗ്ജ്ജലം
മൈത്രംമണ്ഡലമുജ്ജ്വലംചിരമധോ
നീതാസ്സ്തോകണ്ടകാഃ
ഇത്യാകൃഷ്ടശിലീമുഖേനരചനാം
കൃത്വാതദപ്യത്ഭുതം
യൽപത്രമനഘീശീഷ്ണാപിനജിതം
മുഗ്ദ്ധേ!ത്വദീയംമുഖം.

ഒരു കാമിനീവദനത്തെ വർണ്ണിക്കുന്ന ഈ ശ്ലോകത്തിലെ അലങ്കാരം ശബ്ദശ്ലേഷഗർഭിതമായ വിശേഷോക്തിയാകുന്നു. ഈ വക 'പ്രസന്നപ്രൗഢസരസ'ങ്ങളായ പദ്യങ്ങളെ രചിക്കുവാൻ ശക്തിയും വ്യുല്പത്തിയും സിദ്ധിച്ച ഒരു മഹതിയെപ്പററി ധനദദേവൻ ആവിഷ്കരിച്ചിട്ടുള്ള മുൻ പ്രസ്താവിച്ച അഭിപ്രായം നിശ്ചയമായും അസ്ഥാനത്തിലാണെന്നു സമ്മതിക്കേണ്ടതുതന്നെ.

ഇനി വിജ്ജകയുടെ രണ്ടു ശൃംഗാരരസപ്രധാനങ്ങളായ പദ്യങ്ങളെക്കൂടി ഉദാഹരിക്കാം.

ധന്യാസിയാകഥയസിപ്രിയസംഗമേപി
വിസ്രബ്ധചാടുകശതാനിരതാന്തരേഷു
നീവീംപ്രതിപ്രണിഹിതേതുകരെപ്രിയേണ
സഖ്യഃശപാമിയദികിഞ്ചിദപിസ്മരാമി.

ഈ ശ്ലോകത്തെ മമ്മടഭട്ടൻ കാവ്യപ്രകാശത്തിൽ നാലാമത്തെ ഉല്ലാസത്തിലും വിശ്വനാഥകവിരാജൻ സാഹിത്യദർപ്പണത്തിൽ മൂന്നാം പരിച്ഛേദത്തിലും ഉദ്ധരിച്ചിട്ടുണ്ട്. ബാല്യം മുതൽ മരണപര്യന്തം തൃതീയപുരുഷാർത്ഥത്തിന്റെ ഗന്ധംപോലും അറിയാത്ത ഒരു സ്ത്രീ ഈവിധം അനുഭവൈകവേദ്യങ്ങളായ സംഗതികളെ തന്റെ കവിതയിൽ ക്രോഡീകരിച്ചുവെന്നു പറയുന്നതു പക്ഷെ ചിലക്കു വിശ്വാസജനകമായിത്തീരുകയില്ലായിരിക്കാം. കവിപ്രതിഭയ്ക്കു ഏതു വിഷയത്തേയും കൂലങ്കഷമായി ഗ്രഹിക്കാനുള്ള നൈപുണ്യം ഉണ്ടെന്നു ഓർക്കുന്നവർ തീർച്ചയായും ഈവിധം ഒരഭിപ്രായം പുറപ്പെടുവിക്കയില്ല.

സുപ്രസിദ്ധനായ അമരുകവി ഈ ശ്ലോകത്തിന്റെ ഛായയെ അപഹരിച്ചിട്ടാണ് —

'ധന്യാസ്താഃസഖിയോഷിതഃപ്രിയതമേ
സർവ്വാംഗലഗ്നേപിയാഃ
പ്രാഗല്ഭ്യംപ്രഥയന്തിമോഹനവിധാ-
വാലംബ്യധൈര്യംമഹൽ
അസ്മാകംതുതദീയപാണികമലേ-
ഷ്വുന്മോചയത്സ്വംശുകം
കോയംകാവയമത്രകിന്നുസുരതം
നൈവസ്മൃതിർജ്ജായതേ.'

എന്ന പദ്യം നിർമ്മിച്ചിട്ടുള്ളത്. പ്രഗത്ഭനായ ഒരന്യകവിക്കുടി ഛായാപഹരണം ചെയ്യത്തക്ക വൈശിഷ്ട്യം വിജ്ജകയുടെ ഈ പദ്യത്തിനുണ്ടെന്നു പറഞ്ഞാൽ ഇതിനുള്ള ഒരു പ്രത്യേകസ്വാരസ്യം അനുമാനിക്കാവുന്നതാകുന്നു.

വേറൊരു ശ്ലോകം.

ദൃഷ്ടിംഹേപ്രതിവേശിനിക്ഷണമിഹാ-
പ്യസ്മൽഗൃഹേദാസ്യസി
പ്രായേണാസ്യശിശോഃപിതാനവിരസാഃ
കൗപീരപഃപാസ്യതി
ഏകാകിന്യപിയാമിസത്വരമിതഃ
സ്രോതസ്തമാലാകുലം
നീരന്ധ്രാസ്തനുമാലിഖന്തുജരഠ-
ച്ഛേദാനളഗ്രന്ഥയഃ

ഈ ശ്ലോകം സാഹിത്യദർപ്പണത്തിൽ നാലാം പരിച്ഛേദത്തിൽ വസ്തുവ്യംഗ്യത്തിന്നു ഉദാഹരണമായിച്ചേർത്തുകാണുന്നുണ്ട്.

ശബ്ദാൎത്ഥങ്ങൾ അഹമഹമികയാ ഒരുപോലെ തിക്കിത്തിരക്കിച്ചാടിപ്പുറപ്പെട്ടു നൃത്തം ചെയ്യുന്ന ഈ പദ്യത്തിന്റെ രമണീയതയെപ്പററി എന്താണ് പറയേണ്ടത്?

ഇങ്ങിനെ പല ആലങ്കാരികന്മാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വിജ്ജികയുടെ കവിതകളെ ഉദ്ധരിച്ചിരിക്കുന്നു. ഇപ്രകാരം ഒററശ്ലോകങ്ങൾ കാണുന്നതല്ലാതെ, വിജ്ജികാനിൎമ്മിതമായ ഒരു പ്രബന്ധവും ഇന്നേവരെ ആരുംതന്നെ കണ്ടെത്തീട്ടില്ല. ഈവിധം ഒററശ്ലോകങ്ങൾ വിജ്ജികയുടേതായി അധികം കേൾക്കുന്നുണ്ടെങ്കിലും അവയിൽ ചിലതെങ്കിലും ഇനിയും എടുത്തു ഇവിടെ ചേൎക്കുന്നതായാൽ ലേഖനം അധികം ദീൎഘിക്കാൻ ഇടയുള്ളതുകൊണ്ട് അതിലേക്കു തുനിയുന്നില്ല.

കെ. വി. [illegible].

# വിദ്യാഭ്യാസവും
# സമുദായബന്ധവും

പ്രാചീനഭാരതീയർ ഓരോ സമുദായത്തെയും പ്രത്യേകപ്പെടുത്തി നിൎത്തുന്ന കാൎയ്യത്തിൽ നല്ലവണ്ണം മനസ്സിരുത്തിയിരുന്നു. സമുദായാംഗങ്ങളുടെ മനസ്സ് അതാതു സമുദായത്തിന്റെയും, ഓരോ സമുദായത്തിന്റെ മനസ്സു ആ രാജ്യത്തിന്റെയും പൊതുമനസ്സിനോടു സംബന്ധിപ്പിച്ചിരുന്നു. ഇന്നവിസ്തൃതമായിക്കാണുന്ന ഈ സമുദായങ്ങളെല്ലാം അന്നു ഓരോ കുലം മാത്രമായിരുന്നു. ഓരോ കുലത്തിനും പ്രത്യേകിച്ച് ഓരോ ആചാൎയ്യനുണ്ട്. ആ ആചാൎയ്യൻ ആ കുലത്തിനുള്ള പൊതുമനസ്സിന്റെ പ്രത്യക്ഷരൂപമാണ്. അദ്ദേഹമാണ് അതാതു കാലത്തിനനുസരിച്ചവണ്ണം വിദ്യാഭ്യാസത്തെ ക്രമപ്പെടുത്തുന്നത്. കുലാചാൎയ്യന്മാരെയെല്ലാം വേണ്ടവിധം കൊണ്ടുനടത്തുന്നതു മഹൎഷികളാണ്. മഹൎഷികൾ രാജ്യത്തിനുള്ള പൊതുമനസ്സിന്റെ പ്രത്യക്ഷരൂപങ്ങളാകുന്നു. അതാതു സമുദായത്തിന്റെ പാരമ്പൎയ്യത്തിനേയും പ്രത്യേകാനുഭവങ്ങളേയും, പകൎച്ചയോ വളൎച്ചയോ കൂടാതെ ഉറപ്പിച്ചു നിൎത്തേണ്ടതു കുലാചാൎയ്യന്മാരുടെ ഭാരമാണ്. ആ സമുദായത്തിലെ എണ്ണപ്പെട്ടവരെ ഓരോ അംഗമായിത്തീരത്തക്കവണ്ണം ഓരോ വിദ്യാൎത്ഥിയേയും അവർ അഭ്യസിപ്പിച്ചിരുന്നു. വിദ്യാൎത്ഥികളുടെ മനസ്സിനെ രൂപപ്പെടുത്തി വികസിപ്പിക്കയും, സന്മാൎഗ്ഗങ്ങൾ തുറന്നു കാണിക്കയും, മനസ്സിനെ സമുദായത്തോടു ബന്ധിക്കയും—ഇത്രയുമാണ് ആചാൎയ്യന്മാരുടെ ഭാരം. ഒരുവനു ഒരു വിനീതിക്കടന്നു അക്കര ചെല്ലേണമെന്

വിചാരിക്കുക. അവനു നീന്തുവാൻ ശീലമില്ല. അവനെ നാം വെള്ളത്തിന്മീതെ താങ്ങിപ്പിടിച്ചു കുട്ടൊട്ടായി നീന്തിപ്പഠിപ്പിക്കുന്നു. ഈ ക്രമത്തിൽ നീന്തുവാൻ അഭ്യസിച്ചുകഴിഞ്ഞാൽ അവനെ അക്കരെ ചെല്ലുവാൻ താനേതന്നെ വിട്ടുവിടുകയായി. അക്കരവരേയും അവനെ താങ്ങിപ്പിടിച്ചു ചെല്ലുകയെന്നായാൽ ഇരുവരും ആപത്തിൽ പെടുകയേയുള്ളു. സമുദായത്തിൽ ചേൎന്നിന്നു സുഖജീവിതം പ്രാപിക്കുവാൻ വേണ്ടവിധം യത്നിക്കുന്നതിനു തക്കവണ്ണം വിദ്യാൎത്ഥികളുടെ മനസ്സിനെ രൂപപ്പെടുത്തുകയും ബലപ്പെടുത്തുകയും മാത്രമേ പണ്ടു ചെയ്തിരുന്നുള്ളു. അത്രയുമായാൽ അവരെ സമുദായത്തിലേക്കു ഇറക്കിവിടും. അവരവരുടെ ശക്തിക്കനുസരിച്ചു പ്രയത്നിച്ചു സുഖം നേടേണ്ടതു അവരവരുടെ ഭാരമാണ്. ഇന്നത്തെപ്പോലെ ഉപജീവനമാൎഗ്ഗമല്ലാ, അന്നു സുഖജീവിതമാൎഗ്ഗമാണ് വിദ്യാൎത്ഥികൾക്കു കാണിച്ചുകൊടുത്തിരുന്നത്. ഇന്നത്തെപ്പോലെ അവരവൎക്കു പണം നേടുവാനുള്ള കാൎയ്യങ്ങളല്ലാ, സമുദായസുഖത്തിൽനിന്നു സ്വന്തം സുഖത്തെ തന്റെ മനസ്സിൽ കൊള്ളാവുന്നേടത്തോളം ഗ്രഹിക്കാനുള്ള കാൎയ്യങ്ങളായിരുന്നു അന്നു പഠിപ്പിച്ചിരുന്നത്. ഇന്നത്തെപ്പോലെ, പലതരം ചെടികളേയും കൂട്ടിക്കെട്ടി ഒന്നായി നട്ടുവളൎത്തുവാൻ ശ്രമിക്കുന്ന രീതിയിൽ പല സമുദായങ്ങളിലേയും വിദ്യാൎത്ഥികളെ ഒന്നിച്ചിരുത്തി മനോഭാവങ്ങളെ കുഴപ്പത്തിലാക്കി ദുഷിപ്പിക്കയല്ലാ, ഓരോ സമുദായത്തിലേയും വിദ്യാൎത്ഥികളെ പ്രത്യേകം വകതിരിച്ചുനിൎത്തി അവരുടെ മനസ്സിനെ ശക്തിപ്പെടുത്തുകയാണ് അന്നു ചെയ്തിരുന്നതു. ഈ ക്രമത്തിലുള്ള വിദ്യാഭ്യാസംകൊണ്ട് അന്നു ഓരോ അംഗവും സമുദായാഭിമാനത്താൽ പരിപൂൎണ്ണമായിരുന്നു. ഒരു വൃക്ഷത്തിലെ ഇല ആ വൃക്ഷത്തിൽനിന്നു വേറിട്ടു ജീവിക്കയോ, വേറിട്ടിട്ടാണെന്നു അഭിമാനിക്കയോ ചെയ്യാതിരിക്കുന്നതുപോലെ, സമുദായത്തിലെ ഓരോ അംഗവും സമുദായമഹാശക്തിയിൽനിന്നു അന്യമാണെന്നു വിചാരിക്കപോലും ചെയ്തിരുന്നില്ല. പാശ്ചാത്യലോകം ഇന്നു ഏറെക്കുറെ ഈ അവസ്ഥയിലേക്കാണു പോയിക്കൊണ്ടിരിക്കുന്നതു. എന്നാൽ ഇന്ത്യാരാജ്യം ഈ അവസ്ഥയിൽനിന്നു ഇപ്പോൾ ദൂരപ്പെട്ടുകൊണ്ടുമാണിരിക്കുന്നതു. മുമ്പു ഭാരതീയരോടു സമുദായാഭിമാനത്തെപ്പറ്റി പ്രസംഗിക്കേണ്ട ആവശ്യമേയുണ്ടായിരുന്നില്ല. ഒരു ശരീരത്തിന്റെ വിരലിനോടു 'നീ ഇന്ന ശരീരത്തിന്റെ വിരലാണു. ആ ശരീരത്തോടു ഇണങ്ങിനിന്നു വേണ്ടവിധം പരിചരിച്ചുകൊള്ളണം' എന്നിതിനെ ഉപദേശിക്കേണ്ട ആവശ്യമുണ്ടോ?

ഇപ്പോഴത്തെ വിദ്യാഭ്യാസക്കുഴപ്പംകൊണ്ടു സമുദായം എന്നൊന്നു പ്രത്യേകം ഇല്ലാതായിരിക്കുന്നു. എല്ലാ സമുദായങ്ങളും ഒന്നുതന്നെ എന്ന വിശ്വാസവും, ഗുണാനുഭവങ്ങളും കാലദേശാവസ്ഥകളും വേറെയായിരിക്കുന്ന സ്ഥിതിയും പരസ്പരം യോജിക്കാതെ ഇന്നുള്ളവരുടെ മനസ്സു പതറിക്കൊണ്ടാണിരിക്കുന്നത്. സമുദായബന്ധത്തെ തകൎത്തുകളഞ്ഞു ഓരോ മനുഷ്യനും പ്രത്യേകം സ്വതന്ത്രനാകുവാൻ ശ്രമിച്ചുകൊണ്ടു എല്ലാവരും നാശത്തിലേക്കാണു കാലുനീട്ടിയിരിക്കുന്നത്. ഇപ്പോൾ വിദ്യാ

ലയങ്ങളിലും കലാപ്രസംഗങ്ങൾ മാത്രമേ കേൾക്കുന്നുള്ളു. ഗണിതവിജ്ഞാനം, പ്രകൃതിവിജ്ഞാനം, ഭൂവിവരണം, ആഗമം, വ്യാകരണം എന്നിങ്ങിനെ പലതും വിദ്യാൎത്ഥികളുടെ തലച്ചോറിൽ കുത്തിച്ചെലുത്തുക മാത്രമല്ലാതെ, അവരുടെ മനസ്സിനെ സമുദായമഹാമനസ്സിൽ ബന്ധിച്ചു വികസിതവും ബലവത്തുമാക്കുന്നില്ല. ഇങ്ങിനെയുള്ള വിദ്യാഭ്യാസം കഴിഞ്ഞു ഇന്നു സമുദായാംഗങ്ങളായിത്തീൎന്നിട്ടുള്ളവർ സമുദായാഭിമാനഹീനന്മാരായി, സ്വാൎത്ഥപരന്മാരായി, കേവലം ഉദരംഭരികളായി, സുഖം, സുഖം എന്നു കൊതിച്ചു കൊതിച്ചു— അങ്ങിനെകഴിയുന്നതായിട്ടാണു നാം പലരെ കാണുന്നത്. അവരുടെ ശരീരവും മനസ്സും നാട്ടിനും വീട്ടിനും ഗുണമൊന്നിനും പററാതെ, ഒടുക്കം മണ്ണോടുമണ്ണായിപ്പോകുകയും ചെയ്യുന്നു. ഭാവിയിൽ സമുദായാംഗങ്ങളായിത്തീരേണ്ടുന്നവരും ഇപ്പോൾ വിദ്യാലയങ്ങളിൽ ഇരുന്നുകൊണ്ടു സ്വതന്ത്രജീവിതത്തിലേക്കു എത്തിനോക്കുന്നവരുമായ വിദ്യാൎത്ഥികളോ? അവരും മേല്പറഞ്ഞ ഉദരംഭരികളുടെ കാലടികളെ പിൻപററുന്നതിനാണു പ്രേരിതരായിക്കൊണ്ടിരിക്കുന്നതു. അഹോ ശോചനീയം! ഈ ഭയങ്കരമായ വിഷമാവസ്ഥ— ആപത്തിനാൽ ചുററപ്പെട്ട ഈ സ്ഥിതി, ജനനേതാക്കന്മാരിൽ അധികംപേരും കാണുന്നില്ല. കാണുന്നുണ്ടെങ്കിൽത്തന്നെ, ഇതിൽനിന്നു ജനസമുദായത്തെ മോചിപ്പിക്കേണ്ടതു എങ്ങിനെയെന്നറിയാതെ അന്ധാളിച്ചുനില്ക്കയാണു ചെയ്യുന്നതു. സമുദായം ഛിന്നിച്ചിതറി നശിച്ചുപോകാതെ, യോജിച്ചു ബലപ്പെട്ടു അഭിവൃദ്ധിപ്പെടേണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസക്രമത്തെ അടിയോടെ മാററിമറിക്കതന്നെ വേണം. അതു ദുസ്സാധമാണ്. എന്നാൽ, സമുദായസംബന്ധമായി വിദ്യാൎത്ഥികളോടു തുടരെത്തുടരെ പ്രസംഗിച്ചു അവരുടെ മനസ്സിനെ സമുദായത്തോടു ബന്ധിക്കേണ്ട കാൎയ്യത്തിൽ സമുദായപ്രമാണികൾ നിരന്തരം പരിശ്രമിക്കയെങ്കിലും വേണം. പന്തിഭോജനവും, പരസ്പരവിവാഹവും, ആചാരപരിഷ്കാരവുമൊന്നുമല്ല, സമുദായാഭിമാനം—സമുദായബന്ധം—അതാണു നമുക്കിപ്പോൾ ഉണ്ടാവേണ്ടതു. അതാണു നമ്മുടെ വിദ്യാൎത്ഥികളിൽ ഉണ്ടാക്കേണ്ടത്. ഒരു കുടുംബത്തിൽ അതിലെ അംഗങ്ങൾ പരസ്പരം യോജിക്കാതെ പ്രത്യേകം സ്വതന്ത്രരെന്ന ഭാവത്തിൽ പിരിഞ്ഞകന്നു നില്ക്കുന്നു. അവരിൽ കാരണവർ ഓരോരുത്തരേയും വിളിച്ചു, 'നീ അന്യന്റെ വീട്ടിൽ ചെന്നു ഉണ്ണുകഴിച്ചു നീയും അവരും ഒന്നാണെന്നു സ്ഥിരപ്പെടുത്തുക'യെന്നോ, 'നിന്റെ ഉടുപ്പും നടപ്പും ഇന്നിന്നക്രമത്തിൽ മാററണം' എന്നോ ആണോ നാം ഉപദേശിക്കേണ്ടത്? ആദ്യമായും മുഖ്യമായും ആ അംഗങ്ങളെ പരസ്പരം യോജിപ്പിച്ചു കുടുംബശക്തിയെ പ്രബലപ്പെടുത്തി, കുടുംബാഭിവൃദ്ധിക്കായി ഒരേ മനസ്സോടെ പ്രയത്നിക്കുന്നതിനു എല്ലാ അംഗങ്ങളേയും ഒരുപോലെ പ്രേരിപ്പിക്കണം. ഇതുതന്നെയാണ് സമുദായസംബന്ധമായും ഇന്നു നമുക്കു ചെയ്യാനുള്ളത്. ഓരോ സമുദായത്തേയും അംഗങ്ങൾ തമ്മിലുള്ള യോജിപ്പുകൊണ്ടു ബലപ്പെടുത്തണം. ഓരോ അം

ഗവും ഒരേ മനസ്സോടെ സമുദായാഭിവൃദ്ധിക്കായി പ്രവൎത്തിക്കുമാറാവണം. ചുരുക്കിപ്പറകയാണെങ്കിൽ, ഓരോ മനുഷ്യനും ഏതാനൊരു സമുദായത്തിന്റെ അംശം—അതേ അംശം—ആണെന്ന വാസ്തവത്തെ അവന്റെ മനസ്സിൽ ഉറപ്പിക്കണം.

കന്നത്തു ജനാൎദ്ദനമേനോൻ.

# ഞങ്ങളുടെ വായനശാല

൭. സാഹിത്യപ്രകാശിക; അഥവാ ഉപന്യാസമഞ്ജരി, ഒന്നാം ഭാഗം:— (പ്രസാധകന്മാർ 1. പി. ശങ്കരൻനമ്പ്യാർ ബി. ഏ. (കാണേർസ്) 2. സി. സി. തോമസ്; തിരുവല്ലാ രാജരാജവൎമ്മവിലാസം ബുക്കുഡിപ്പോ വകയായി പ്രസിദ്ധപ്പെടുത്തിയത്; വില ക. ൭.)

സാഹിത്യസംബന്ധമായി പല മഹാന്മാരും എഴുതിയ പല നല്ല ലേഖനങ്ങളും കൂട്ടിച്ചേൎത്തു പുതുതായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതാണ് ഈ പുസ്തകം. ആകെ എട്ടുപന്യാസങ്ങൾ ഇതിലടങ്ങീട്ടുണ്ട്. ഒന്നാമതായിച്ചേൎത്തിട്ടുള്ളതു, പ്രഫസർ രാജരാജവൎമ്മതമ്പുരാൻ എഴുതിയ 'നിരൂപണത്തിന്റെ മാതൃക'യാണ്. ഭാഷാസാഹിത്യത്തിലെ ഗ്രന്ഥവിമൎശകന്മാൎക്ക് സാധാരണയായി വന്നുപോവാറുള്ള അബദ്ധങ്ങൾ ഇന്നിന്നവയാണെന്നു വിവരിച്ച്, അവരുടെ സ്ഥാനത്തുനിന്നു ശാകുന്തളത്തിനൊരു നിരൂപണമെഴുതുകയും, ഈ മാതിരി സാഹസത്തിൽനിന്നു വിരമിച്ചു നിഷ്പക്ഷപാതമായി ഗുണദോഷനിരൂപണം ചെയ്യുന്നതിനു വിമൎശകന്മാർ ഒരുങ്ങേണമെന്നു കാണിക്കുകയും ആണ് ഈ ഉപന്യാസകാരൻ ചെയ്തിട്ടുള്ളതു. പ്രൗഢസുന്ദരമായ ഈ ഉപന്യാസത്തിനു ഈ പുസ്തകത്തിൽ മാന്യസ്ഥാനം കൊടുത്തതു എത്രയും ഉചിതമായിട്ടുണ്ടു. ൨-ാമതു വരുന്നതു പി. ശങ്കരൻനമ്പ്യാരുടെ 'കാവ്യരസ'മാണ്. ഇതിൽ 'പൗരസ്ത്യപാശ്ചാത്യവിമൎശകാശയങ്ങളുടെ ഒരു താരതമ്യപഠന'മാണ് വിഷയം. കാവ്യത്തിൽ വ്യംഗ്യമാനമായ രസത്തിനു 'രസം' എന്നു മാത്രമേ ആലങ്കാരികന്മാർ പേർ പറഞ്ഞു കാണുന്നുള്ളു. ഇവിടെ 'കാവ്യരസം' എന്നു പറഞ്ഞതു ഇതിനെ വൈദ്യശാസ്ത്രപ്രസിദ്ധമായും മറ്റുമുള്ള രസത്തിൽ നിന്നു വ്യാവൎത്തിപ്പിക്കുവാനാണെങ്കിൽ, ആ അദ്ധ്യാസം അസ്ഥാനത്തിലാണെന്നു ആരാണു പറയുക! 'പാശ്ചാത്യ'ശബ്ദത്തിന്റെ പ്രയോഗം പാശ്ചാത്യാൎത്ഥത്തിലാണെങ്കിൽ അതു കുറെ ഏറിപ്പോയെന്ന് ഉപന്യാസകൻ തന്നെ സമ്മതിക്കും. പണ്ഡിതന്മാൎക്കു സമ്മതമല്ലാത്ത ഈ ശബ്ദത്തിന്റെ ഉപജ്ഞാതൃത്വം (ഈശബ്ദം അനേകം ദിക്കിൽ പ്രയോഗിച്ചുകാണുന്നതിനാൽ അച്ചടിത്തെറ്റാണെന്നു തോന്നുന്നില്ല.) ഈ ഉപന്യാസകനു തന്നെയാണെന്നാണ് തോന്നുന്നത്. ഇങ്ങിനെ അപഭ്രഷ്ടങ്ങളും

സാഹിത്യശാസ്ത്രവേദികൾക്ക് അപരിചിതങ്ങളായ പല ശബ്ദങ്ങളും ഇതിൽ സുലഭമാണ്. രസം എന്നു പറയേണ്ട ദിക്കിൽ 'വികാരരസം' എന്നു പ്രയോഗിച്ചു കാണുന്നതിൽ ഏതു ധീരന്റേയും മനസ്സിൽ ഒരു വികാരമുണ്ടാവാതിരിക്കയില്ല. മൂലാർത്ഥം ധരിച്ചിട്ടില്ലെന്നു ദൃഷ്ടമാത്രത്തിൽ തോന്നത്തക്കവിധം, അനേകം അക്ഷരത്തെറ്റുകളോടുകൂടി ചില സംസ്കൃതവാക്യങ്ങളെ പകർത്തിയെഴുതി, കാളിദാസൻ ഭോജൻ ഭവഭൂതി ശങ്കുകൻ ലോല്ലടൻ എന്നു മുതലായ മഹാന്മാരുടെ നാമഗ്രഹണമാത്രത്താൽ വിഷയത്തിന്നു ഗൗരവം വരുത്തി, അന്ധകാരാവൃതമായ കേരളസാഹിത്യവനത്തിൽ സ്വച്ഛന്ദസഞ്ചാരം ചെയ്യുന്ന ഉപന്യാസകകുഞ്ജരന്റെ പോക്കു കാണുമ്പോൾ 'വിബുധവരസമാജേ വ്യാക്രിയാകാമുകാനാം ഗുരുകുലവിമുഖാനാം ധൃഷ്ടതായൈ നമോസ്തു' എന്നു പൂർണ്ണസരസ്വതി പറഞ്ഞതുപോലെ ഒരു ദൂരനമസ്കാരം ചെയ്യാതിരിപ്പാൻ ധൈര്യം വരുന്നില്ല. 3-ാമത്തെ ഉപന്യാസം സി. എൻ. എ. രാമയ്യാ ശാസ്ത്രിയുടെ 'ഭാഷാവിഷയവാദങ്ങ'ളാണ്. ഭാഷയിൽ സുലഭമായ പല ശബ്ദങ്ങളുടേയും രൂപത്തിൽ ഉള്ള വാദങ്ങളെ വിവരിച്ചു ഏതു രൂപമാണ് സാധുവായിട്ടുള്ളതെന്നു നിരൂപണം ചെയ്യുന്ന ഈ ഉപന്യാസം വിദ്യാർത്ഥികൾക്കെന്നല്ല വിദ്വാന്മാർക്കുകൂടി ഉപയോഗമുള്ളതാണെന്നുള്ളതിന്നു സംശയമില്ല. 4-ാമത്തു മലയാളഭാഷക്ക് അന്യഭാഷകൾകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങളെ വിവരിച്ചുകൊണ്ടു മൂർക്കോത്തു കുമാരൻ എഴുതീട്ടുള്ള രസകരമായ ഉപന്യാസമാണ് ചേർത്തിട്ടുള്ളത്. 5-ാമത്തു പന്തളം കൃഷ്ണവാരിയരുടെ 'മലയാളവ്യാകരണവും സംസ്കൃതവ്യാകരണവും' എന്ന ഉപന്യാസമാണ്. ഇതു ചെറുതാണെങ്കിലും വിജ്ഞേയമാണ്. 6-ാമത്തു കാണുന്നതു സി. എസ്സ്. സുബ്രഹ്മണ്യൻ പോററി എഴുതിയ 'കവിതയും മലയാളകവികളും' എന്ന രസാവഹമായ ഉപന്യാസമാണ്. ഇത്രയും ആയതുകൊണ്ട് ഈ പുസ്തകത്തിൽ 88 ഭാഗം കഴിഞ്ഞു. ഇനിയും ഒരു നൂറോളം ഭാഗങ്ങൾ ഇതിലുണ്ട് (അവസാനത്തെ 'ധർമ്മരാജനിരൂപണം' കൂടാതെ ആകെ ഭാഗം 181). അതു മുഴുവൻ പി. ശങ്കരൻനമ്പ്യാരെഴുതിയ 'ഭാഷയുടെ പ്രസ്ഥാനം' എന്ന ഒരൊററ ഉപന്യാസംകൊണ്ടു പൂർണ്ണമായിരിക്കുന്നു. മലയാളഭാഷയുടെ ഉൽപ്പത്തിയും വളർച്ചയും, പ്രാചീനമലയാളസാഹിത്യം, നിരണംകവികൾ, ഉണ്ണുനീലിസന്ദേശം, ചെറുശ്ശേരി, കഥകളികൾ, നാടകങ്ങൾ, ചമ്പുക്കളും ചമ്പൂകർത്താക്കളും, കിളിപ്പാട്ടുകൾ, തുള്ളലുകൾ, വഞ്ചിപ്പാട്ടുകൾ, ഇക്കാലത്തെ മലയാളം എന്നീ വിഷയങ്ങളെ ഇതിൽ നിരൂപണം ചെയ്തിട്ടുണ്ട്. ഈ നിരൂപണങ്ങൾ പ്രായേണ നന്നായിട്ടുണ്ട്. പ്രൗഢങ്ങളും സരസങ്ങളുമായ പലവിഷയങ്ങളും ഇതിൽ സഹൃദയഹൃദയാഹ്ലാദകമായ വിധത്തിൽ വിവരിച്ച് ഉപപാദിച്ചിട്ടുമുണ്ട്. എന്നാൽ ചന്ദ്രോത്സവകർത്തൃത്വം മഹിഷമംഗലത്തിൽ ആരോപിച്ചതു മററു താദൃശങ്ങളായ ചിലതും ശരിയാണെന്നു പറവാൻ വയ്യ. ആ വക വിഷയങ്ങൾ ഇനിയും നിരൂപണീയങ്ങളായിത്തന്നെ ഇരിക്കുന്നതേയുള്ളു. അതിന്നും പുറമെ, വിഷയങ്ങളുടെ പ്രതിപാദനരീതി നോക്ക

മ്പോൾ, പ്രഫസർ രാജരാജവൎമ്മതമ്പുരാനവർകളും 'നിരൂപണത്തിന്റെ മാതൃക' യിൽവിമൎശകന്മാൎക്കുണ്ടായിരിക്കേണ്ടതായി പറയുന്ന ഗുണങ്ങളിൽപലതും പഠിച്ചിട്ടായിരുന്നു ഈ ഉപന്യാസമെഴുതിയതെങ്കിൽ ഇതിന്നു കുറച്ചു കൂടി പക്വത വരുമായിരുന്നു എന്നുകൂടി ഞങ്ങൾക്കഭിപ്രായമുണ്ട്. എന്നാൽ 'അതുമിതും പിടിച്ചു് അറുതി വരാത്ത വിധത്തിൽ വാദം നീട്ടി' അനാവശ്യവിഷയങ്ങളിൽ ചെന്നു ചാടാതെ കഴിക്കാമായിരുന്നു. ഇനി ൭-ാമതായി ചേൎത്തിട്ടുള്ള പി. കെ. നാരായണപിള്ളയുടെ 'ധൎമ്മരാജാനിരൂപണ'മാണ്. പ്രൌഢസരസമായ ഈ നിരൂപണത്തെ വെറും ഒരനുബന്ധനിലയിൽ ചേൎത്തതിൽ മാത്രമേ ഞങ്ങൾക്കാക്ഷേപമുള്ളൂ. ഈ സാഹിത്യപ്രകാശികയെ സാഹിത്യരസലമ്പടന്മാൎക്കു 'നിവാപം ചെയ്തു്' (സാഹിത്യരസലമ്പടന്മാരെല്ലാം മരിച്ചുപോയെന്നോ?) 'ഏറെത്താമസിയാതെ ആലോചനപൂൎവ്വം അവരെ സദ്യ ഊട്ടാമെന്നു്' ആണ് രാജരാജവൎമ്മ പുസ്തകശാലക്കാർ നിശ്ചയിച്ചിട്ടുള്ളത്. ആ സദ്യ ഒരു 'പെന്തണ്ടാംമാസ'മായിക്കലാശിക്കാതിരുന്നാൽ നന്നെന്നു ഞങ്ങൾ ആശിക്കുന്നു.

൨. രാജാ കേരളവൎമ്മ (ആർ. കുളത്തു അയ്യർ എഴുതിയതു്. വില 8 ണ.)

കേരളഭാഷാഗുരുവായ വലിയ കോയീത്തമ്പുരാൻ തിരുമനസ്സിലെ സംക്ഷിപ്ത ജീവചരിത്രമാണ് ഈ പുസ്തകം. ഇതിൽ അവിടത്തെ ജീവചരിത്രത്തിലെ പല അംശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ സൂചിതങ്ങളായ ചില ഭാഗങ്ങൾ വിസ്തരിക്കേണ്ടതായിട്ടും ഇതിലില്ലാത്ത ചില അംശങ്ങൾ കൂട്ടിച്ചേൎക്കേണ്ടതായിട്ടും ഇല്ലായ്കയില്ല. അവിടത്തെ സ്വഭാവവൈശിഷ്ട്യത്തെയും കവിതാരീതിയേയും മററും പററിത്തന്നെ അനേകം അദ്ധ്യായങ്ങൾ ഒരു ജീവചരിത്രകൎത്താവിന്നു വിസ്തരിച്ചു പറയേണ്ടതായിട്ടുണ്ട്. ആ വക വിഷയങ്ങൾ ചേൎത്തു് വിസ്തൃതമായിത്തന്നെ അവിടത്തെ ഒരു ജീവചരിത്രം പ്രസിദ്ധപ്പെടുത്തുന്നത് ആവശ്യമാണ്. അങ്ങിനെ ഒരു ഗ്രന്ഥം ആരെങ്കിലും എഴുതുവാൻ ഭാവമുണ്ടെങ്കിൽ അവൎക്കു വേണ്ടുന്ന ചില ചരിത്രസാമഗ്രികൾ ഒരുക്കൂട്ടി കൊടുക്കണമെന്നുമാത്രമേ ഈ ചെറുപുസ്തകത്തിന്റെ പ്രണേതാവു ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളുവെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. ആ ഉദ്ദേശം ആദരണീയമാകയാൽ ഈ പുസ്തകത്തിന്റെ കൎത്താവായ ആർ. കുളത്തു അയ്യരവർകളെ ഞങ്ങൾ അഭിനന്ദിക്കുന്നു. കുളത്തു അയ്യർ ശേഖരിച്ചതും സാമഗ്രികളെക്കൊണ്ടു വിസ്തൃതമായ ഒരു ജീവചരിത്രം എഴുതുവാൻ ആരെങ്കിലും അചിരേണ ഉദ്യമിക്കുന്നതായാൽ നന്നായിരിക്കും.

# പലവക

മഹാകവി കാളിദാസന്റെ ജന്മഭൂമിയെപ്പററി കല്കത്തക്കാരനായ മഹാമഹോപാദ്ധ്യായ ഹരപ്രസാദശാസ്ത്രികൾ (എം. എ; സി. ഐ. ഇ.) ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. കാളിദാസർ ഫലങ്ങളേയും പുഷ്പങ്ങളേയും പററി വർണ്ണിച്ചിട്ടുള്ളതു നോക്കിയാൽ അദ്ദേഹത്തിനു മിക്ക രാജ്യങ്ങളും പരിചിതങ്ങളായിരുന്നു എന്നു തോന്നും. വങ്കാളം, ഒറിസ്സാ, കലിംഗം, പാണ്ഡ്യം, താമ്രപർണ്ണീസമുദ്രസംഗമം മുതലായ പ്രദേശങ്ങളും അവിടങ്ങളിലെ വിളവുകളും കാളിദാസന്റെ വർണ്ണനത്തിനു വിഷയീഭവിച്ചിട്ടുണ്ടെങ്കിലും, മാളവരാജ്യത്തിന്റെ വർണ്ണന കാണുമ്പോൾ ആ രാജ്യത്തോടു കവിക്കു കുറച്ചധികം പ്രതിപത്തിയുണ്ടെന്നു തോന്നുമത്രെ. അതുകൊണ്ടു മാളവരാജ്യമായിരിക്കണം കാളിദാസരുടെ ജന്മഭൂമിയെന്നു ശാസ്ത്രികൾ ഊഹിക്കുന്നു. എന്നുതന്നെയല്ല, ഋതുസംഹാരത്തിൽ വർണ്ണിച്ചിരിക്കുന്ന ആറു ഋതുക്കളും ക്രമപ്രകാരം ഉണ്ടാവുന്ന രാജ്യം മാളവരാജ്യമാണെന്നും പറയുന്നുണ്ട്. മേഘസന്ദേശത്തിൽ നിന്നു കിട്ടുന്ന തെളിവുകളെക്കൊണ്ടു നോക്കിയാൽ ദശപുരം എന്ന പ്രദേശത്തോ അതിന്നടുത്ത ദിക്കുകളിലോ ആണ് കാളിദാസൻ പാർത്തുവന്നിരുന്നതെന്നും ഊഹിക്കാമത്രെ.

* * *

കുട്ടികൾക്കു മുലപ്പാലോളം നല്ല ആഹാരം വേറെയില്ല. മുല കുടിക്കാതെ വളരുന്ന കുട്ടികൾക്കു ആയുസ്സു ക്ഷയിക്കും. ഒരു ആസ്പത്രി പരിശോധിച്ചതിൽ അവിടെയുണ്ടായ ബാലമരണത്തിൽ മുലപ്പാൽ മാത്രം കൊടുത്തു വളർത്തിയ കുട്ടികൾ 100 നു 8 വീതം മാത്രമേ മരിച്ചിട്ടുള്ളുവെന്നും, മുലപ്പാൽ കൊടുക്കാതെ വളർത്തിയവർ 100 നു 49 കണ്ടു മാത്രമേ ജീവിച്ചിട്ടുള്ളുവെന്നും കണ്ടിരിക്കുന്നു. മുലപ്പാൽ ഒട്ടും കൊടുക്കാതെ കുട്ടികളെ വളർത്തിയ ഒരാസ്പത്രിയിലാകട്ടെ നൂററിൽ നേർ പകുതിയും, ചിലപ്പോൾ 93 വീതവും മരിച്ചുപോയിരിക്കുന്നു! അതിയായ വ്യസനം, അധികം കോപം, അത്യദ്ധ്വാനം, ഉപവാസം എന്നിവയാൽ മുലയിൽ പാലില്ലാതെയാവും. എന്നാൽ മനസ്സിനെ ഉപ്പിച്ചു നിർത്തുന്നതും പാൽ, മാംസം മുതലായവ സേവിക്കുന്നതും നല്ലതാണ്. മുലപ്പാൽ കിട്ടാത്ത കുട്ടിക്ക് ആട്ടിൻപാലോ പശുവിൻപാലോ കൊടുക്കാം. അത് ഓരിലവേര്, മൂവിലവേര്, ചെറൂളവേര്, ചെറുവഴുതിനവേര്, ഞെരിഞ്ഞൽ ഇവ എല്ലാം കൂട്ടിയോ, ഓരിലവേർ മാത്രമായോ ഇട്ടു കുറുക്കി സ്വല്പം പഞ്ചസാര ചേർത്തിട്ടാണ് കൊടുക്കേണ്ടത്.

* * *

# ജ്വാലാവതീരാമകുമാരം

---

## ഒ ന്നാം ഭാ ഗം

### ര ണ്ടാ മ ങ്കം

---

**വാരണാനഗരത്തിൽ ഒരു തെരുവീഥി**

(കപിലതനും പരേശനും ഒരുഭൃത്യനും പ്രവേശിക്കുന്നു.)

കപില—എന്നെപ്പോലെ തന്നെ മനഃഗ്ലൂവും സമാധാനലംഘനം ചെയ്യാതിരിപ്പാൻ ജാമ്യത്തിൽ ബദ്ധനായി. ഞങ്ങളെപ്പോലെയുള്ള വയോധികന്മാർക്ക സമാധാനരക്ഷണം വളരെ പ്രയാസമല്ല.

പരേശൻ—നിങ്ങൾ ഇരുവരും പ്രധാനപ്പെട്ട തറവാട്ടുകാരാണ്. ഇതുവരെ നിങ്ങൾ അന്യോന്യവിരോധികളായിരുന്നതു കുറെ കഷ്ടം തന്നെ. അങ്ങുന്ന് എന്റെ അപേക്ഷയെപ്പററി എന്താണു പറയുന്നതു?

കപില—മുമ്പു പറഞ്ഞതുതന്നെ. മറെറന്താ പറയേണ്ടതു്? എന്റെ മകൾ ഇപ്പോൾ ലോകതന്ത്രങ്ങളിൽ അനഭിജ്ഞയായിത്തന്നെയിരിക്കുന്നു. അവൾക്കു പതിന്നാലു വയസ്സു തികഞ്ഞിട്ടില്ല. നവയൌവനാവസ്ഥയിൽ രണ്ടു വത്സരം കൂടി കഴിയട്ടെ. അപ്പോഴേ അവൾക്കു കല്യാണത്തിന്നു കാലമാവുള്ളൂ.

പരേശൻ—അവളെക്കാൾ വയസ്സു ചുരുങ്ങിയ എത്രയോ യുവതികൾ ഇപ്പോൾ പ്രസവംകഴിഞ്ഞു സന്താനസുഖം അനുഭവിക്കുന്നു!

കപി—ഇത്ര ചെറുപ്പത്തിൽ കല്യാണം കഴിച്ചാൽ ഒന്നിനും കൊള്ളാതെയാകും

സൌഖ്യസഞ്ചയമസ്തമിച്ചിഹ
　　വൃദ്ധനാകിയൊരെന്നുടെ
മുഖ്യജീവനമാകുമിന്നിവൾ
　　ഭാഗ്യസാഗരചന്ദ്രികാ;
സ്വച്ഛസേവനവൃത്തിയാലിവൾ
　　ചിത്തതാർതവകിട്ടിയാൽ
നിശ്ചിതംതവകാര്യമെൻഹൃദി
　　സിദ്ധമെന്നുധരിക്കെടോ.

ഇന്നുരാത്രി എന്റെ ഭവനത്തിൽ പതിവുപോലെ ഒരു 'നർത്തനവിനോദോത്സവ'ത്തിന്നു വളരെ യോഗ്യന്മാരെ ഞാൻ ക്ഷണിച്ചിട്ടുണ്ട്. നമുക്കു വളരെ വേണ്ടപ്പെട്ട നീയും നമ്മുടെ ആതിഥ്യം സ്വീകരിച്ച് അവിടെ വരണം.

അന്യനംരസനത്തനേസുലളിതം
　　സന്നദ്ധരായ്വന്നുടൻ
മിന്നുംപൊന്മയതാരകാവലിരിവ;
　　പ്രദ്യോതിതാശാന്തരാ

അന്യോന്യംനരനാരിമാർ ഭുജപദ്മം-
സത്തിൽപ്പിടിച്ചാദരം-
ലൊന്നായ്‌മോദമണച്ചുകൊണ്ടുചിരവിൽ
ചെയ്യുന്നനുരാഗമം' — അവിടെ
കാണാം.

മുടന്നംഗദശിതികൊണ്ടുപ്രവൃഷ-
പ്പുദേശപാദേടിക്കചായിട്ടിനിന്നുടൻ
നടിതദോലംബ്യവനന്തലക്ഷ്മിപോ-
ലടന്തിമോടന്നാളിതമംബുജാക്ഷിമാർ

ഇതിനെയുള്ള യൌവനമുകളമനോഹരമാരായ സുന്ദരികളുടെ ഇടയിൽ ചേന്നുള്ള ലീലാസുഖം ഇന്നുരാത്രി നിനക്ക് എന്റെ ഭവനത്തിൽ വെച്ചു അനുഭവിക്കാറാവും. അപ്പോൾ അവരെ എല്ലാവരെയും നല്ലവണ്ണം നോക്കികണ്ട്, അവരുടെ രമ്യസല്ലാപങ്ങൾ കേട്ട്, അവരിൽ പ്രഥമഗണനീയയായി തോന്നപ്പെടുന്നവളെ വരിച്ചുകൊൾക. എന്റെ മകൾ ആ യുവതിസമൂഹത്തിൽ ഒട്ടും നിസ്സാരമായിരികയില്ല.

(ഭൃത്യനോട്) എടാ! ഇങ്ങോട്ടുവാ! വാരണാപുരത്തിലെ സകല ദിക്കിലും നടന്നു, ഈ കടലാസ്സിൽ കാണുന്ന എല്ലാവരുടേയും അടുത്തുചെന്നു എന്റെ വീട്ടം അതിഥിസല്ക്കാരവും അവരെ കാത്തുനില്ക്കുന്നു എന്നു പറയണം.

(കപിലനും പുരശനും പോയി)

ഭൃത്യൻ — ഇതിൽ പേരെഴുതിക്കാണുന്ന എല്ലാവരെയും തേടിപ്പിടിക്കണം, അല്ലേ? എഴുതീട്ടുള്ളതൊ? ചെരിപ്പുകുത്തിമുഴക്കോലിനേയും, തുന്നക്കാരൻ ചെരിപ്പുകൊട്ടയേയും, മത്സ്യക്കാരൻ തൂലികയേയും, ചിത്രമെഴുത്തുകാരൻ മത്സ്യവലയേയും എടുത്തുനടക്കേണമെന്നാണ്. എന്നാൽ എന്നെ ഇപ്പോൾ അയച്ചിട്ടുള്ളത് ഇതിൽ പേരെഴുതപ്പെട്ടവരെ കണ്ടുപിടിപ്പാനാണ്. എന്റെല്ലാം പേരാണ് ഇതിലെഴുതിട്ടുള്ളതെന്നു എനിക്കു എങ്ങിനെയാണ് അറിയുക? നല്ല കാര്യം — എഴുത്തറിയുന്നവരുടെ അടുത്തു പോയാലോ? എന്നാൽ അറിയാം. പേരു കേട്ടാൽ ആളെപ്പോയി കാണാം. അയ്യൊ പോരല്ലൊ! കണ്ടുപിടിക്കയല്ലേ വേണ്ടത്? ഇതിൽ ആദ്യത്തെ ഭാഗം പക്ഷെ പ്രയാസപ്പെട്ടാൽ സാധിച്ചുവെന്നു വന്നേക്കാം. രണ്ടാമത്തെത്തു പിടിക്കുന്ന കാര്യം കുറെ പരുങ്ങലിൽ തന്നെയാണ്.

(വനപാലനും രാമകുമാരനും പ്രവേശിക്കുന്നു)

വനപാ — ഹേ! മനുഷ്യ! ഒരഗ്നി കത്തുമ്പോൾ മറെറാരഗ്നി നാശിക്കുന്നു. ഒരു വേദനയുള്ളപ്പോൾ മറെറാരു വേദനയ്ക്കു ആശ്വാസം കാണുന്നു. ഒരു ശോകം മറെറാരു ശോകത്താൽ തീരുന്നു. ആകയാൽ നീ ഒരു നൂതനമായ വശ്യസാധനം നിന്റെ നേത്രഗോചരമാക്കുക. എന്നാൽ പഴയ തീക്ഷ്ണമായ മനോവേദന നശിച്ചു പോകും.

രാമ — വാഴയിലയാണ് അതിനു സിദ്ധൌഷധം.

വന — എന്തിന്?

രാമ — നിന്റെ പൊട്ടിയ താടിക്കു മുറിയുണക്കുവാൻ.

പ്രാ— അല്ല; രാമകുമാരന്നു ബുദ്ധിഭ്രമവുമുണ്ടോ?

രാമ — ബുദ്ധിഭ്രമമല്ല. അതിലും അതികഠിനമായ അവസ്ഥ! ബദ്ധനായി— കാരാഗൃഹനിക്ഷിപ്തനായി— ഭോജനവിരക്തനായി— ഹതനായി!

(ഭൃത്യൻ പ്രവേശിച്ച്)

ഭൃത്യൻ— എജമാനന്മാരെ! നിങ്ങൾക്കു വായിക്കാനറിയാമൊ?

രാമ— എന്റെ ഗ്രഹപ്പിഴയിൽ എന്റെ ജാതകസ്ഥിതി വായിപ്പാനറിയും.

ഭൃത്യൻ— അതു പക്ഷെ നിങ്ങൾ പുസ്തകം കൂടാതെ വായിക്കാൻ പഠിച്ചതായിരിക്കാം. അതു പോട്ടെ. നിങ്ങൾക്കു കാണുന്നതു വല്ലതും വായിപ്പാൻ അറിയാമോ?

രാമ— അതിലെ അക്ഷരങ്ങളും, ഭാഷയും എനിക്കറിയുന്നതാണെങ്കിൽ വായിക്കാം.

ഭൃത്യൻ— ഇതു നല്ല കാൎയ്യം. നിങ്ങൾ അഹങ്കരിച്ചു തന്നെ കഴിച്ചുകൂട്ടുക.

രാമ— എടോ— പോവല്ലെ; നില്ക്കു; എനിക്കു വായിക്കാനറിയാം.

(വാങ്ങി വായിക്കുന്നു)

മോൎത്ത്യനും ഭാൎയ്യയും മക്കളും; അനവധി സൌഭാഗ്യവതികളായ സഹോദരികളും; വിത്വപ്രഭുവിന്റെ ഭാൎയ്യയും; പലസേനനും സുന്ദരികളായ മരുമക്കളും; ഏൽകശനും, സഹോദരൻ ബലാന്ത്യനും; എന്റെ അമ്മാമൻ കപിലതനും ഭാൎയ്യയും പെൺമക്കളും; എന്റെ മരുമകൾ മനോരമയും രസലേഖയും; ലവലയയുവതിയും; ബലന്തനും ചിത്രലാദ്ധ്യനും; തരുണീമണിയായ ഹേലാവതിയും. എയ്! ഇതു നല്ല ഒരു സംഘം തന്നെ! ഇവർ എല്ലാം എങ്ങോട്ടാണ് വരേണ്ടത്?

ഭൃത്യൻ— മുകളിൽ

രാമ— എവിടെ?

ഭൃത്യൻ— അത്താഴത്തിന്നു ഞങ്ങളുടെ വീട്ടിൽ.

രാമ— ആരുടെ വീട്ടിൽ?

ഭൃത്യൻ— എന്റെ എജമാനന്റെ വീട്ടിൽ

രാമ— ശരി. അതായിരുന്നു ആദ്യം തന്നെ നിന്നോടു ചോദിക്കേണ്ടത്?

ഭൃത്യൻ— ചോദിക്കാതെ തന്നെ പറഞ്ഞേക്കാം. എന്റെ എജമാനൻ പ്രസിദ്ധനും കുബേരതുല്യനുമായ കപിലത പ്രഭുവാണ്. നിങ്ങൾ മന്ദഗൃവംശത്തിൽ ജനിച്ചവനല്ലെങ്കിൽ ഈ എജമാനന്റെ വീട്ടിൽ വന്നു കുറച്ചു പലഹാരം കഴിച്ചു പോവാനായി ഞാൻ ക്ഷണിക്കുന്നു. നിങ്ങൾക്കു അഭിവന്ദനം (പോയി)

വനബ— കപിലതന്റെ ചിരകാലാനുഷ്ഠാനമായ ഈ ആഘോഷത്തിന്നു നിന്റെ പ്രിയതമയായ രസലേഖയും വാരണാനഗരിയിലെ പ്രസിദ്ധപ്പെട്ട എല്ലാ സുന്ദരികളും വന്നുചേരും. അവിടെ പോയി നോക്കിക്കൊൾക. അവിടെ വെച്ചു നിന്റെ പ്രിയയുടെ മുഖം ഞാൻ കാണിച്ചുതരുന്ന മറ്റു ചില യുവതികളുടെ മുഖവുമായി നീ ഒന്നു നിഷ്പക്ഷപാതിയായി ഒത്തു നോക്കുക. അങ്ങിനെ ചെയ്ത ശേഷം നിന്റെ പ്രാണപ്രേയസിയായ ആ രാജഹംസം ക

ള എച്ചിൽക്കാക്കയാണെന്നു നിനക്കു ബോദ്ധ്യം വരും

രാമ— എന്റെ നയനങ്ങളാകുന്ന ആ രണ്ടു മതവിശ്വാസികളും ഈ അസത്യവാദത്തെ കൈക്കൊള്ളുന്ന പക്ഷം വളരെ പ്രാവശ്യം അവ ഏതൊരു ജലധിയിൽ മുങ്ങിപ്പോയിട്ടും മൃതിയെ പ്രാപിക്കാതെ ഇരുന്നുവോ, ആ ജലധിയായ എന്റെ കണ്ണുനീർ അഗ്നിയായി പരിണമിച്ചു് ആ അഗ്നിയിൽ ഈ അസത്യവാദഗ്രാഹികളായ തന്റെ നയനങ്ങൾ ഹോമിക്കപ്പെടും. എന്റെ പ്രാണേശ്വരിയേക്കാൾ സുഭഗയായി വേറെ ഒരുത്തിയുണ്ടെന്നോ? ശിവ! ശിവ!

ഉർവ്വിയുണ്ടായതിൽപ്പിന്നെ
സർവ്വസാക്ഷിദിനേശനും
പർവ്വതെന്ദുമുഖിക്കൊത്ത
പ്രമദാംകണ്ടതില്ലഹോ!

വന— ഓ! ഹോ! നീ അന്യയുവതികളെ കാണാതെ അവളെ മാത്രം കാണുന്നതുകൊണ്ടാണ് അവൾ ഇത്ര ഇ ത്തിൽ ചക്കയായി തോന്നുന്നത്. ന്നാൽ നിന്റെ കണ്ണിണയാകുന്ന ടികത്രാസ്സിൽ ഇവളേയും ഞാൻ ണിച്ചു തരുന്ന വേറെ ഒരു യുവതിയേയും തൂക്കിനോക്കുക. അപ്പോൾ നിക്ക് ഇപ്പോൾ നീ അവൾക്കുണ്ടെന്നു ചാരിക്കുന്ന യോഗ്യതയിൽ ശതാംശമില്ലെന്ന് അറിയാറാകും.

രാമ— ഞാൻ പോകുന്നു. നീ പറയു പ്രകാരമൊന്നും കാണ്മാനല്ല പോകുന്നത്. എന്റെ മനോമോഹന ത്തിന്റെ കാന്തി കണ്ട് ആനന്ദിപ്പ മാത്രമാണ്.

(എല്ലാവരും പോകുന്നു)

---

## ഒന്നാംഭാഗം

### മൂന്നാമങ്കം.

കപിലതന്റെ ഭവനത്തിൽ ഒരു മുറി.

(കപിലതന്റെ ഭാര്യയും ദാസിയും പ്രവേശിക്കുന്നു.)

കപില-ഭാര്യ— എന്റെ മകൾ എവിടേ? അവളെ ഇങ്ങോട്ടു വിളിക്ക്.

ദാസി— പന്ത്രണ്ടു വയസ്സിൽ ഞാൻ അവളോടു ഇങ്ങോട്ടു വാ എന്നു വിളിച്ചു പറഞ്ഞിട്ടുണ്ട്. അവൾ എന്ത് ശാന്താ! എന്റെ ഓമനക്കുട്ടി. അവൾ തരുണീകോകിലം— ഛേ! കോകിലപദം ഉപയോഗിച്ചതു പാറിയില്ല. അതിന്നു പരഭൃതത്വമുണ്ടല്ലോ. അതിനാൽ അതു വേണ്ട— എന്റെ ഈ കന്യാശിരോമണി എവിടേ?

(ജ്വാലാവതി പ്രവേശിക്കുന്നു.)

ജ്വാലാ— എന്താ! ആരാ വിളിക്കുന്നത്?

ദാസി— അമ്മ.

ജ്വാ— അമ്മെ ഞാൻ ഇവിടെയുണ്ട്. എന്താ വേണ്ടത്?

ക.ഭാര്യ— നിന്നോടു ഒരു കാര്യം പറയാനുണ്ട്. ദാസി! നീ പുറത്തുപോയിനി

# മംഗളോദയം

൧൦൮൨

| പുസ്തകം ൯ | തുലാം. | ലക്കം ൧ |
|---|---|---|

## മംഗളം.

ഇരുളാഴിയിലാണ്ടമാമറ-
പ്പൊരുളേതിന്റെ വെളിച്ചമേല്ക്കയാൽ
പുറകാന്തികലർന്നിതോ, ജയി-
ച്ചരുൾകാസ്സായണസൂരിഭാഷിതം.

കുമാരഭാസ്സ്.

# സായണാചാര്യർ

(ചില പുതിയ വിവരങ്ങൾ)



വേദഭാഷ്യകാരനായ സായണാചാര്യരെപ്പററി എന്റെ മാന്യസ്നേഹിതനായ ശ്രീമാൻ കെ. വി. എം. എഴുതിയ ഉപന്യാസം വായിച്ചപ്പോൾ ആ മഹാനുഭാവനെ സംബന്ധിച്ചുള്ള ചില പുതിയ വിവരങ്ങൾ കൂടി മംഗളോദയ വായനക്കാരെ ഗ്രഹിപ്പിച്ചാൽ കൊള്ളാമെന്ന് എനിക്കതോന്നി. ഈ വിവരങ്ങളിൽ ചിലതെല്ലാം മൈസൂർ രാജ്യത്തിലെ പുരാണവസ്തുസംരക്ഷകനായ റാവു ബഹദൂർ ആർ. നരസിംഹാചാര്യർ എം. എ. ആദ്യമായി കണ്ടുപിടിച്ചിട്ടുള്ളതാണ്.

സായണാചാര്യരുടെ പിതാവു മായണനും മാതാവു ശ്രീമതിയും ആയിരുന്നു. 'മായണൻ' എന്നതു 'മായണ്ണാ' എന്ന ഒരു ദ്രാവിഡപദത്തിന്റെ സംസ്കൃതരൂപമാണ്. 'മായണ്ണാ' 'മാതണ്ണാ' എന്നതിന്റെ രൂപഭേദവും 'മാതണ്ണാ' എന്ന പദത്തിനു പൂജ്യനായ മാധവൻ എന്നർത്ഥവു

മാകുന്നു. ശ്രീമതിമാധവന്മാൎക്ക മൂന്നു പുത്രന്മാരും ഒരു പുത്രിയുമുണ്ടായിരുന്നു. പുത്രന്മാരിൽ ജ്യേഷ്ഠൻ മാധവാചാൎയ്യരും രണ്ടാമൻ സായണാചാൎയ്യരും മൂന്നാമൻ ഭോഗനാഥനുമായിരുന്നു. സഹോദരിയുടെ പേർ 'സിംഗളെ' എന്നത്രെ. ഈ സംഗതികൾ മാധവാചാൎയ്യരുടെ പരാശരമാധവീയത്തിലെ

'ശ്രീമതീയസ്യജനനീ
സുകീൎത്തിൎമ്മായണഃപിതാ'

ഇത്യാദിപദ്യത്തിൽനിന്നു മാത്രമല്ല, സായണാചാൎയ്യരുടെ അലങ്കാരസുധാനിധിയിലെ

'മഹേന്ദ്രവന്മാനനീയൊ
മന്ത്രിമായണസായണഃ'
'മണ്ഡലേഷ്വകൃതചാരമണ്ഡല-
സ്സായണോജയതിമായണാത്മജഃ'

'ഇതി ശ്രീമൽബുക്കരാജപ്രഥമദേശികമാധവാചാൎയ്യാനുജന്മനഃ ശ്രീമൽസംഗമരാജസകലരാജ്യധുരന്ധരസ്യ സകലവിദ്യാനിദാനഭൂതസ്യ ഭോഗനാഥാഗ്രജന്മനഃ ശ്രീമൽസായണാചാൎയ്യസ്യകൃതൌ' എന്നും, സുഭാഷിതസുധാനിധിയിലെ

'ഭാരദ്വാജാന്വയഭുവാ
തേനസായണമന്ത്രിണാ
വ്യരച്യതവിശിഷ്ടാൎത്ഥഃ
സുഭാഷിതസുധാനിധിഃ'

'ഇതി ശ്രീകമ്പരാജമഹാപ്രധാനഭരദ്വാജവംശമൌക്തികമായണരത്നാകരസുധാകരമാധവകല്പതരുസഹോദരസായണാചാൎയ്യവിരചിതേ' എന്നും, പ്രായശ്ചിത്തസുധാനിധിയിലെ (സംഗമന്റെ)

'തസ്യമന്ത്രിശിരോരത്ന-
മസ്തിമായണസായണഃ'
തേനമായണപുത്രേണ
സായണേനമനീഷിണാ.
ഗ്രന്ഥഃകൎമ്മവിപാകാഖ്യഃ
ക്രിയതേകരുണാവതാ'

'ഇതി മാധവഭോഗനാഥസഹോദരസ്യ മായണനന്ദനസ്യ സായണാചാൎയ്യസ്യ കൃതൌ' എന്നും, യജ്ഞതന്ത്രസുധാനിധിയിലെ—

'തസ്യാ(സംഗമന്റെ)ഭൂദനഘഗുണ-
സ്സൂത്രസിദ്ധാന്തദേശികഃ
സൎവ്വജ്ഞസ്സായണാചാൎയ്യോ
മായണാൎയ്യതനൂഭവഃ
ഉപേന്ദ്രസ്യേവയസ്യാസീ-
ദിന്ദ്രസ്സമനസാംപ്രിയഃ
മഹാക്രതുനാമാഹൎത്താ
മാധവാൎയ്യസ്സഹോദരഃ'


എന്നും, ധാതുവൃത്തിയിലെ

'അസ്തിശ്രീസംഗമക്ഷ്മാപഃ
പൃഥ്വീതലപുരന്ദരഃ
തസ്യമന്ത്രിശിരോരത്ന-
മസ്തിമായണസായണഃ
തേനമായണപുത്രേണ
സായണേനമനീഷിണാ
ആഖ്യയാമാധവീയേയം
ധാതുവൃത്തിൎവിരച്യതേ'

എന്നും ഉള്ള ഭാഗങ്ങളിൽനിന്നു വിശദമാകുന്നു. സിംഗളേയുടെ പുത്രനായ ലക്ഷ്മീധരൻ പ്രഥമദേവരായമഹാരാജാവിന്റെ മന്ത്രിയായിരുന്നു.

സായണാചാൎയ്യർ വിജയനഗരത്തിലെ നാലു രാജാക്കന്മാൎക്ക മന്ത്രിയായിരുന്നതായി അദ്ദേഹത്തിന്റെ കൃതികളിൽനി

ന്നു കാണുന്നു. ഇവർ കമ്പണ്ണനും, ദ്വിതീയസംഗമനും, പ്രഥമബുക്കനും, ദ്വിതീയഹരിഹരനുമാണ്. ഈ രാജാക്കന്മാരുടെ വംശാവലി താഴെ ചേർത്തുകൊള്ളുന്നു:—




സുഭാഷിതസുധാനിധിയിൽ കമ്പണരാജന്റെ മഹാപ്രധാനനെന്നും, പ്രായശ്ചിത്തസുധാനിധി, യജ്ഞതന്ത്രസുധാനിധി, ധാതുവൃത്തി ഇവയിൽ ദ്വിതീയസംഗമന്റെ മന്ത്രിയെന്നും, അലങ്കാരസുധാനിധിയിൽ ബുക്കരാജന്റെ പ്രഥമഗുരുവായ മാധവാചാര്യരുടെ അനുജനെന്നും സംഗമരാജന്റെ സകലരാജ്യധുരന്ധരനെന്നും, വേദാർത്ഥപ്രകാശിക(വേദഭാഷ്യം)യിൽ ബുക്കമഹാരാജാവിന്റെ സാമ്രാജ്യധുരന്ധരനെന്നും ശതപഥതൈത്തിരീയാദിബ്രാഹ്മണഭാഷ്യങ്ങളിൽ ഹരിഹരമഹാരാജാവിന്റെ മന്ത്രിയെന്നും സായണൻ തന്നെപ്പറ്റി പ്രസ്താവിക്കുന്നു. പ്രഥമഹരിഹരമഹാരാജാവു ക്രി. പി. ൧൩൪൬-ൽ മരിച്ചു എന്നും ൧൩൪൩ മുതൽ ൧൩൫൫ വരെ കമ്പണ്ണൻ രാജ്യഭാരം ചെയ്തു എന്നും അതിൽ പിന്നീട് അദ്ദേഹത്തിന്റെ സീമന്തപുത്രനായ ദ്വിതീയസംഗമൻ രാജാവായി എന്നും ഉടൻതന്നെ അദ്ദേഹത്തെ ജയിച്ചു പ്രഥമബുക്കൻ രാജ്യഭാരമാരംഭിച്ചു എന്നും പ്രഥമബുക്കൻ ൧൩൭൬-ൽ മരിച്ചതിന്മേൽ ദ്വിതീയഹരിഹരൻ രാജാവായി എന്നും ആ ഹരിഹരന്റെ രാജ്യ

ഭാരം ൧൩൭൯-ൽ അവസാനിച്ചു എന്നാ വിജയനഗരചരിത്രകാരനായ സ്യൂവൽ സായ്പ് ഊഹിക്കുന്നു. ഈ ഊഹങ്ങൾക്കുള്ള അടിസ്ഥാനം ബലഹീനമാണ്. ശൃംഗേരിയിലെ ഒരു ശാസനത്തിൽനിന്നു പ്രഥമ ഹരിഹരൻ ക്രി. പി. ൧൩൪൬-ൽ ജീവിച്ചിരുന്നതായും അദ്ദേഹവും തന്റെ നാലു സഹോദരന്മാരും കൂടിച്ചേർന്നു ഭാരതതീർത്ഥൻ എന്ന ഗുരുവിനു ഭൂമിദാനം ചെയ്തതായും കാണുന്നു.

ഈ സഹോദരന്മാർ വിജയനഗരമഹാരാജ്യത്തെ അവരുടെ പൊതുസ്വത്തായി ഗണിച്ചുവന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളുമുണ്ട്. തലസ്ഥാനത്തിലിരുന്നു മൂത്ത സഹോദരൻ രാജ്യഭാരം ചെയ്കയും പ്രാന്തപ്രദേശങ്ങളുടെ ആധിപത്യം. ഇതരസഹോദരന്മാർ സ്വീകരിക്കയും ആണ് ഉണ്ടായത്. ക്രി. പി. ൧൩൫൨-ൽ മറ്റൊരു സഹോദരനായ മാരപ്പന്റെ വകയായി ഒരു ശാസനം കാണുന്നുണ്ട്. അതിൽ

‘കല്പാസനാന്മാരചഭൂമിപാല-
സ്സമ്പ്രാപ്യരാജ്യംദിശിപശ്ചിമായാം
ഗോമന്തശൈലേവരചന്ദ്രഗുപ്തപൗ
സ്ഥിതസ്സുഖംസമ്യഗപാലയൽപ്രജാഃ’

എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതുപോലെ ഒരു ഖണ്ഡമണ്ഡലാധിപത്യം മാത്രമല്ലയോ കമ്പണനുണ്ടായിരുന്നത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സായണൻ കമ്പണന്റെ മന്ത്രിയായിരുന്നു. സുഭാഷിതസുധാനിധിയിൽ പൂർവ്വപശ്ചിമസമുദ്രാധീശനെന്നും, ധാതുവൃത്തിയിൽ പൂർവ്വദക്ഷിണപശ്ചിമസമുദ്രാധീശ്വരനെന്നും സായണൻ കമ്പണനെ പ്രശംസിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതു ഭാഗവതം ഷഷ്ഠസ്കന്ധത്തിൽ യമധർമ്മരാജാവിനോടു ഭൃത്യന്മാർ—

‘കിന്നു ശാസ്തൃബഹുത്വം സ്യാൽ
ബഹൂനാമിഹ കർമ്മിണാം
ശാസ്തൃത്വമുപചാരോഹി
മഹാമണ്ഡലവർത്തിനാം.

എന്നു പറഞ്ഞതുമാതിരിയിലുള്ളതെന്നൂഹിപ്പാനാണ് അധികം ന്യായം കാണുന്നത്. അഥവാ ദ്വിതീയസംഗമന്റെ ഒരു ശാസനത്തിൽ—

തസ്മാദുദഭവൻ പഞ്ച
തനയാശ്ശൗര്യശാലിനഃ
കല്പാവനിരുഹാഃ പൂർവ്വം
കലശാംബുനിധേരിവ
ആദൗ ഹരിഹരക്ഷ്മാഭൃ-
ദഥ കമ്പമഹീപതിഃ
തതോ ബുക്കമഹീപാല-
സ്തസ്മാന്മാരപമുദ്ദപൗ
തത്ര രാജാ ഹരിഹരോ
ധരണീമശിഷച്ചിരം
സുത്രാമസദൃശോ യേന
സുരത്രാണഃ* പരാജിതഃ
തസ്യാനുജശ്ചിരമശാൽ
ധാത്രീം കമ്പണഭൂപതിഃ
യാഥാർത്ഥ്യമഭജന്നാമ
യസ്യ കമ്പയിതുർദ്വിഷാം
ജയന്തഇവജംഭാരേഃ
പ്രത്യുഗ്രഇവ ശാർങ്ഗിണഃ
തനയസ്സമഭൂദ്വീര-
സ്തസ്യ സംഗമഭൂധരഃ

എന്നു പറഞ്ഞിട്ടുള്ളതുപോലെ കമ്പണൻ രാജാവായി രാജ്യപരിപാലനം ചെയ്തു എന്നു വിചാരിച്ചാൽ കൂടിയും, അന്നും ...

* സുരത്രാണൻ=സുൽത്താൻ.

ദ്ദേഹത്തിൻെറ പ്രതിനിധിയായി വാസ്തവത്തിൽ പ്രജാരക്ഷ ചെയ്തുകൊണ്ടിരുന്നതു വീരപുരുഷനാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

ഹരിഹരൻെറ മരണാനന്തരം ബുക്കൻ തന്നെ രാജ്യഭാരമാരംഭിച്ചതായിട്ടാണ് പോർത്തുഗീസ്സ ചരിത്രകാരന്മാർ പറയുന്നത്. ഈ സ്ഥിതിക്കു ദ്വിതീയസംഗമൻ ഒരിക്കലും വിജയനഗരസാമ്രാജ്യത്തിൻെറ ആധിപത്യം സ്വീകരിച്ചു എന്നൂഹിക്കുവാൻ മാർഗ്ഗം കാണുന്നില്ല. അച്ഛൻെറ മരണാനന്തരം അദ്ദേഹത്തിൻെറ വകയായ പ്രാന്തപ്രദേശങ്ങൾക്കു മകൻ അധിപതിയായി എന്നു മാത്രമേ എനിക്കു തോന്നുന്നുള്ളു. സുഭാഷിതസുധാനിധി കമ്പണൻെറ കാലത്താണ് നിർമ്മിച്ചത്. സംഗമൻെറ ശൈശവത്തിൽ തന്നെ കമ്പണൻ മരിച്ചു എന്നും ഇക്കാലത്തു സംഗമൻെറ പ്രതിനിധിയായി രാജ്യഭാരം ചെയ്തതു സായണൻതന്നെയായിരുന്നു എന്നും അലങ്കാരസുധാനിധിയിലെ താഴെക്കാണുന്ന ഭാഗങ്ങളിൽനിന്നൂഹിക്കാവുന്നതാണ്.—

'സംഗമേന്ദ്രനരേന്ദ്രസ്ത-
ത്യക്താന്യപരിഗ്രഹേ
വിധായേയാധുരമഗാൽ
സ്വാരാജ്യം കമ്പണഃ കഥം?'

'സായണസചിവായത്തം
സംഗമരാജസ്യ പശ്യ രാജ്യമിദം'

'ശൈശവേഷ്ട്യാപ്യപേലസംഗമേശപരമഹാ-
സാമ്രാജ്യസമ്പാദന-
പ്രൗഢ്യൽസായണമന്ത്രിവര്യരഭസ-
ക്ഷുണ്ണക്ഷമാസമ്പദാം
ഘൂഘംകാനനഗഹ്വരേഷു ചരതാ-
മസ്താകമത്യുന്നതൈ-
ഭേരീഃ കിം ഘനഗർജ്ജിതൈതമ്മദനൈതേഃ?
കിംവാ സഹേതൈർഹയൈഃ?'

സംഗമൻെറ വിദ്യോപദേഷ്ടാവും സായണൻതന്നെയായിരുന്നു എന്നുള്ളതിനു യജ്ഞതന്ത്രസുധാനിധിയിലെ

'തസ്യാഭൂദനപായഗുരു-
സ്തപസിദ്ധാന്തദർശകഃ'

ഇത്യാദി പദ്യം മാത്രമല്ല, അലങ്കാരസുധാനിധിയിലെ

'ബാല്യേപി പ്രതിപാദയന്ന്യവഹിതം
ശ്രീസംഗമക്ഷ്മാപതിം
ബോധൈകാസ്പദസായണാര്യഭഗവ-
ദ്വ്യാസാവതാരഃ . .'

'അനപീക്ഷിക്യാമധികവിഹ്വതൈ
ഹർഷശോകവ്യുദാസേ
മാർഗ്ഗാല്ലേഖം വിദധതിന്ദ്രണാം
മാനവേ ധർമ്മശാസ്ത്രേ
സമ്യക്ശിക്ഷാം സചിവഗമിതഃ
ശൈശവേ സായണാര്യാ!
പ്രൗഢിം ഗാഢാം പ്രകടയതി ത
സംഗമേന്ദ്രഃ പ്രയോഗേ'

ഇത്യാദി പദ്യങ്ങളും ലക്ഷ്യങ്ങളാണ്. സംഗമൻ രാജ്യഭാരം ആരംഭിച്ചപ്പോൾ സായണൻ അദ്ദേഹത്തിൻെറ മന്ത്രിയായി. ബുക്കൻ സാമ്രാജ്യാധിപതിയായിരുന്ന കാലത്തുതന്നെ സംഗമനു ഖണ്ഡമണ്ഡലാധിപത്യമുണ്ടായിരുന്നു എന്ന് അലങ്കാരസുധാനിധിയിൽനിന്നു കാണാവുന്നതാണ്. സായണൻ പേനകൊണ്ടെന്നപോലെ സേനകൊണ്ടും യശസ്സു നേടിയിരുന്നു. മദ്ധ്യകാലങ്ങളിൽ പ്രസിദ്ധന്മാരായ അനേകം ബ്രാഹ്മണസേനാനികൾ ഉണ്ടായിരുന്നതിൽ നമ്മുടെ ഈ പണ്ഡിതസാർവ്വഭൗമൻ ഒട്ടും അപ്രധാനനല്ലായിരുന്നു.

ഈ തമ്പുരാന്റെ അലങ്കാരസുധാനിധിയിലുള്ള താഴെ കാണുന്ന പദ്യങ്ങൾ തെളിയിക്കുന്നു—

'അമൂംശമിതശാത്രവസ്ഫീതഭുജാവ-
ലേപോദയം
സമീക്ഷ്യ ബുധിസായണം സമധി-
കോദ്വേപിസ്മയഃ
നവാഗ്രഹതവൈരിണോനര-
ഹരേസ്ത്വസ്യാഥവാ
നവാംബുജദളോല്ലസന്നയ-
നമാത്രദശദീക്ഷഃ'
ജഗദീരസ്യഭാഗത്തി
കൃപാണസ്സായണപ്രഭോഃ
കിമിത്യേതേവ്യഥാഃ ടാപാ
ഗജ്ജന്തി പരിപന്ഥിനഃ'
'ആകർണ്ണ്യ യാത്രാപടഹപ്രണാദാ-
ന്നഃപാഘന്നിദ്രൈസ്തവ സായണാര്യ!
അരണ്യസിംഹൈരരിഭൂപതീനാ-
മാഹന്യതേ ചിത്രഗതോപി ഹസ്തീ'
'സമരേ സപത്നസൈന്യം
സായണ! തവ ബിംബിതം വഹൻഖഡ്ഗഃ
ക്രീഡതി കൈടഭരിപുരിവ
ബിഭ്രൽക്രോഡേ ജഗത്രയം ജലധൌ'

ഇതുകൂടാതെ ചോളരാജാവായ വീരചമ്പനെ സായണൻ യുദ്ധത്തിൽ ജയിച്ചു എന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നുണ്ട്.

'ദിഷ്ട്യാ വൈദേഷ്ടികഭാവസംഭൃതമഹാ-
സമ്പദ്വിശേഷോദയം
ജിത്വാ ചമ്പനരേന്ദ്രമൂർജ്ജിതയശാഃ
പ്രത്യാഗതസ്സായണഃ'

എന്ന ഭാഗം നോക്കുക. അലങ്കാരസുധാനിധിയിൽ ഭാമഹൻ, ഉൽഭടൻ, കുന്തകൻ, ഭട്ടനായകൻ, വാമനൻ, രുദ്രടൻ, ആനന്ദവൎദ്ധനൻ, അഭിനവഗുപ്തപാദൻ, ഭോജൻ, മഹിമഭട്ടൻ മുതലായ പല പ്രാചീനാലങ്കാരികന്മാരുടെ മതങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ട്.

സംഗമരാജാവിന്റെ പ്രധാനമന്ത്രിയായിരുന്ന കാലത്തുതന്നെയാണ് സുപ്രസിദ്ധമായ ധാതുവൃത്തി നിൎമ്മിച്ചത്. അതിൽ കവി തന്റെ വീൎയ്യം, വദാന്യത മുതലായ സൽഗുണങ്ങളെ താഴെക്കാണുന്ന വിധത്തിൽ വൎണ്ണിച്ചിരിക്കുന്നു—

തസ്യമന്ത്രിശിരോരത്ന-
മസ്തിമായണസായണഃ
യഃഖ്യാതിംതനഗഭേതി
യഥാൎത്ഥയതിപാൎത്ഥിവീം
നിത്യോന്മീലിതദാനവാരിരധികം
നിൎദ്ധൂതപങ്കോദയോ
ദൂരാപാസ്തഹരിശലംഘനവിധി-
ഭംഗപ്രസംഗോജ്ഝിതഃ
ക്ഷ്മാഭൃൽക്ഷോഭകൃതിക്ഷമഃ ക്ഷണികയൻ
ദോഷാകരോൽഘോഷണാ-
മാനന്ദായ ചകാസ്തിയസ്ത്രിജഗതാ-
മാശ്ചൎയ്യരത്നാകരഃ
യൽകീൎത്തൌജാഹ്നവീ സ്ഫൂൎത്തൌ
കീൎത്ത്യാവിദ്വിഷതാമപി
കളിന്ദനന്ദിനീകാന്ത-
സ്സുഖ്യേവപ്രപദ്യതേ
യേനനിൎമ്മീയതേനിത്യം
ധനൈരായോധനൈരപി
ശ്രേയസേയശസേദാനം
വിദുഷാംവിദ്വിഷാമപി
നധ്യാനംനവ്രതംനാച്ഛാ
ന്നസമാധിൎന്നവാജപഃ
മന്ത്രസിദ്ധംബലംയസ്യ
മതിരേവമഹീയസീ

സ്വധാതുവൃത്തിവിഹിതാബ്ബുധാനാം
ശ്രീവത്സചിഹ്നനകൃതേഹിനാകേ
സ്വധാതുവൃത്തിവിഹിതാബ്ബുധാനാം
ശ്രീകണ്ഠിനാര്യേണകലാവപീഹ

ബുക്കമഹാരാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ നിദേശമനുസരിച്ചാണ് പുരുഷാർത്ഥസുധാനിധിയും വേദാർത്ഥപ്രകാശവും നിർമ്മിച്ചത്. താഴെക്കാണുന്ന ഭാഗം പുരുഷാർത്ഥസുധാനിധിയിലുള്ളതാണ്. അതിൽനിന്നു ബുക്കൻ ആ വിധത്തിലൊരു ഗ്രന്ഥനിർമ്മാണത്തിനു സായണന്റെ ജ്യേഷ്ഠസഹോദരനായ മാധവാചാര്യരോടാവശ്യപ്പെട്ടതായും, മാധവാചാര്യരുടെ ഉപദേശപ്രകാരം സായണനെക്കൊണ്ട് ആ കൃത്യം നിർവ്വഹിച്ചതായും വെളിവാകുന്നു.

ഇന്ദ്രസ്യാംഗിരസോനളസ്യസുമതി
ശ്ശൈബ്യസ്യമേധാതിഥി-
ർദ്ധൗമ്യോധർമ്മസുതസ്യവൈന്യനൃപതേ
സ്സ്വൗജാനിമേർഗ്ഗൗതമഃ
പ്രത്യഗ്ദൃഷ്ടിരരുന്ധതീസഹചരോ
രാമസ്യപുണ്യാത്മനോ
യദ്വത്തസ്യ(ബുക്കന്റെ)വിഭോരഭൂൽകുലഗുരു
ർമ്മന്ത്രീയഥാമാധവഃ.
തം സർവ്വവിദ്യാനിലയം
തദാവിർബുക്കഭൂപതിഃ
സൽകഥാകൗതുകീഹർഷാ-
ദപൃച്ഛദ്രാജശേഖരഃ
'ശ്രുതാനിതാവന്മയാദേവ
ശാസ്ത്രാണിവിവിധാനിച
പുരാണോപപുരാണാനി
ഭാരതം ച മഹാമതേ!
സർവ്വാണ്യേതാനിവിപ്രേന്ദ്ര!
ഗഹനാന്യല്പമേധസാം
ജ്ഞാതും കഥഞ്ചിന്നശക്യന്തേ
പുരുഷാർത്ഥാർത്ഥിനാമപി.
തസ്മാദാഖ്യാനരൂപാണി
സുബോധായാനിസുവ്രത!
പുരുഷാർത്ഥോപയോഗീനി
വ്യാസവാക്യാനിമേവദ.'
തസ്യതദ്വചനംശ്രുത്വാ
യുക്താർത്ഥംബുക്കഭൂപതേഃ
പ്രശസ്യതാമുദായുക്തോ
മാധവഃ പ്രത്യഭാഷത
'ശ്രുണുതാംഭവ്യയാബുദ്ധ്യാ
വാചംമേപുരുഷാർത്ഥദാം
അയംഹികൃതിനാമാദ്യ-
സ്സായണാര്യോമമാനുജഃ
പുരാണോപപുരാണേഷു
പുരുഷാർത്ഥോപയോഗിനീഃ
ഉപദിഷ്ടാമയാരാജൻ
കഥാസ്സകഥയിഷ്യതി.'
ഇതിപ്രസാദ്യരാജാനം
സായണാര്യമുദൈക്ഷത
സായണാര്യോഗ്രജേനോക്തഃ
പ്രാഹബുക്കമഹീപതിം.

വേദാർത്ഥപ്രകാശികയുടെ ആവിർഭാവവും ഈവിധത്തിൽ തന്നെയാണ്.

യസ്യനിശ്വസിതംവേദാ
യോവേദേഭ്യോഖിലംജഗൽ
നിർമ്മമേതമഹംവന്ദേ
വിദ്യാതീർത്ഥമഹേശ്വരം
തൽകടാക്ഷേണതദ്രൂപം
ദധൽബുക്കമഹീപതിഃ
ആദിശന്മാധവാചാര്യം
വേദാർത്ഥസ്യപ്രകാശനേ
യേപൂർവ്വോത്തരമീമാംസേ
തേവ്യാഖ്യായാതിസംഗ്രഹാൽ

'കൃപാലുർമ്മാധവാചാര്യോ
വേദാർത്ഥം വക്തുമുദ്യതഃ
സ ചാഹ നൃപതിം രാജൻ
സായണാര്യോ മമാനുജഃ
സർവ്വം വേത്ത്യേഷ വേദാനാം
വ്യാഖ്യാതൃത്വേ നിയുജ്യതാം'
ഇത്യുക്തോ മാധവാര്യേണ
വീരബുക്കമഹീപതിഃ
അന്വശാത്സായണാചാര്യം
വേദാർത്ഥസ്യ പ്രകാശനേ
ആദ്ധ്വര്യസ്യ യജ്ഞേഷു
പ്രാധാന്യാദ്വ്യാകൃതഃ പുരാ
യജുർവ്വേദോഽഥ ഹൌത്രാർത്ഥ-
മൃഗ്വേദോ വ്യാകരിഷ്യതി.'

മേൽകാണിച്ച പദ്യങ്ങളിൽനിന്നു മാധവാചാര്യരുടെ നിദേശമനുസരിച്ചാണ് സായണൻ ഋഗ്വേദഭാഷ്യം നിർമ്മിച്ചതെന്നും അതിനു മുമ്പുതന്നെ യജുർവ്വേദഭാഷ്യം നിർമ്മിച്ചിരുന്നു എന്നും വെളിവാകുന്നുണ്ട്. സാമവേദഭാഷ്യവും അഥർവ്വവേദഭാഷ്യവും പിന്നീടാണുണ്ടാക്കിയത്. അന്നു സായണാചാര്യർ ലോകാനുഗ്രഹാർത്ഥം ഇങ്ങിനെ ഒരു സദ്വ്യവസായത്തിൽ ഏർപ്പെട്ടിരുന്നില്ലെങ്കിൽ ഇന്നു ഋഗ്വേദത്തിന്റെ അർത്ഥം ആർക്കും ഗ്രഹിക്കുന്നതിനു സംഗതി വരുന്നതല്ലായിരുന്നു. ഈ മഹാനുഭാവൻ തന്നെപ്പറ്റി ഭഗവദ്വ്യാസാവതാരമെന്നു പ്രശംസിച്ചിരിക്കുന്നതിൽ എന്താണത്ഭുതം? വിജയനഗരസാമ്രാജ്യസ്ഥാപനത്തിൽനിന്നു ഭാരതഭൂമിക്കു സിദ്ധിച്ചിട്ടുള്ള അനവധി ഗുണങ്ങളിൽ പ്രാഥമ്യത്തെ വഹിക്കുന്നത് ഈ വേദഭാഷ്യപ്രകാശനം തന്നെയെന്നാണ് എനിക്കു തോന്നീട്ടുള്ളത്.

വേദഭാഷ്യത്തെ മാധവീയവേദാർത്ഥപ്രകാശമെന്നും, ധാതുവൃത്തിയെ മാധവീയധാതുവൃത്തിയെന്നും പറയുന്നതിന്റെ രഹസ്യമെന്തെന്നാണ് ഇനി പരിശോധിക്കേണ്ടത്.

'തേന മായണപുത്രേണ
സായണേന മനീഷിണാ
ആഖ്യയാ മാധവീയേയം
ധാതുവൃത്തിർവിരച്യതേ.'

എന്നും മറ്റും പറയുന്നതിനു എന്തെങ്കിലും തക്കതായ കാരണമുണ്ടായിരിക്കണം. ജ്യേഷ്ഠന്റെ പേരിലുള്ള ഭക്തിനിമിത്തമാണ് സായണൻ ഇങ്ങിനെ ചെയ്തതെന്നു ചില പണ്ഡിതന്മാർ അനുമാനിക്കുന്നുണ്ട്. സായണനു ജ്യേഷ്ഠന്റെ പേരിൽ അളവറ്റ ഭക്തിയുണ്ടായിരുന്നു എന്നുള്ളതു നിസ്സംശയം തന്നെ. അലങ്കാരസുധാനിധിയിൽ—

'അനന്തഭോഗസംസക്തോ
ദ്വിജപുംഗവസേവിതഃ
സചിവഃ സർവ്വലോകാനാം
ത്രാതാ ജയതി മാധവഃ'

എന്നൊരു ശ്ലോകം കാണുന്നു. ഇതിൽ കവി ജ്യേഷ്ഠനെ വിഷ്ണുവിൽനിന്നു അഭിന്നനായി വർണ്ണിക്കുന്നു. 'സുമനസാം പ്രിയഃ' 'മഹാക്രതുനാമാഹർത്താ' 'മാധവകല്പതരുഃ' മുതലായുള്ള പ്രശംസകളും നോക്കുക. എന്നാൽ ഇതുകൊണ്ടു മാത്രമാണ് മാധവീയപദം ധാതുവൃത്തിപ്രഭൃതികളായ കൃതികളോടുകൂടി ഘടിപ്പിക്കുവാനിടവന്നത് എന്നു പറയുന്നതു ശരിയല്ല. മാധവാചാര്യരുടെ നിദേശമനുസരിച്ചു നിർമ്മിച്ച കൃതികളെ മാത്രമേ കവി ആ പദംകൊണ്ടു നിർദ്ദേശിക്കുന്നുള്ളു. പുരുഷാർത്ഥസുധാനിധി മാധവീയമാണ്; അലങ്കാരസുധാനിധിയും

മറ്റും മാധവീയമല്ല. ധാതുവൃത്തിയിൽത്തന്നെ രണ്ടു ഭാഗങ്ങളുണ്ട്. ധാതുപാഠത്തിൽ പഠിച്ചിട്ടുള്ള ധാതുക്കളുടെ വൃത്തി മാത്രമേ ആദ്യഭാഗത്തിലുള്ളു. ദ്വിതീയഭാഗത്തിന്റെ ആരംഭത്തിൽ ഗ്രന്ഥകാരൻ

'ധാതുപാഠേനിവിഷ്ടാനാം
ധാതൂനാംയഃ പുരാവ്യധാൽ
വിവൃതിംമാധവീയാഖ്യാം
ഭാഷ്യജ്ഞൈൎഹൃദയംഗമാം
തേനമായണപുത്രേണ
വ്യാഖ്യാകാപിവിരച്യതേ
ധാതൂനാംപ്രത്യയാന്താനാം
ഗണസൂത്രജുഷാമപി'

എന്നും, അവസാനത്തിൽ 'ഇതി ശ്രീസായണേന വിരചിതേയം പ്രത്യയാന്തനാമധാതുവൃത്തിസ്സമാപ്താ' എന്നും പ്രസ്താവിക്കുന്നു. ദ്വിതീയഭാഗത്തിന്റെ മദ്ധ്യത്തിൽ 'ചുരാദയോമാധവീയായാം ധാതുവൃത്തൌ വ്യാഖ്യാതാഃ' എന്നു പറഞ്ഞുകാണുന്നു. ഇവയിൽനിന്നു നാം ധരിക്കേണ്ടതു പ്രഥമഭാഗത്തിനു മാത്രമേ മാധവീയമെന്നു നാമധേയമുള്ളു എന്നാണ്. ദ്വിതീയഭാഗം സായണൻ സ്വമേധയാ എഴുതുക നിമിത്തം അതിനു ആ നാമം സിദ്ധിച്ചില്ല. ഈ തത്വം മനസ്സിലാകുവാൻ ഇടവരായ്ക നിമിത്തം മാധവനും സായണനും ഒരാൾ തന്നെയാണ് എന്നു സമീപകാലം വരെ പണ്ഡിതന്മാർ വിശ്വസിച്ചിരുന്നു. ഇതാണ് മേപ്പത്തൂർ ഭട്ടതിരി ധാതുകാവ്യത്തിൽ

'ഉദാഹൃതം പാണിനിസൂത്രമണ്ഡലം
പ്രാഗ്വാസുദേവേന തദൂൎദ്ധ്വതോപരഃ
ഉദാഹരത്യദ്യവൃകോദരോദിതാൻ
ധാതൂൻക്രമേണൈവഹിമാധവാശ്രയാൽ'

എന്നും, വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്

'മാധവമുഖ്യാജ്ഞതവോ
മാധവമുഖ്യാശ്ചവേദഭാഷ്യകൃതഃ
മാധവമുഖ്യാജ്ഞദേവോ
മാധവമുഖ്യാശ്ചരാജ്യഭാരഭൃതഃ'

എന്നും എഴുതുന്നതിനു കാരണം. മാധവനും സായണനും രണ്ടുപേരാണെന്നു ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

മേലെഴുതിയ കൃതികൾ കൂടാതെ സായണാചാൎയ്യർ ആയുൎവ്വേദസുധാനിധി എന്നൊരു വൈദ്യഗ്രന്ഥം കൂടി നിൎമ്മിച്ചിട്ടുണ്ട്. ഇതിനെപ്പറ്റി അലങ്കാരസുധാനിധിയിൽ

'ആയുൎവ്വേദസുധാനിധിവ്യസനിഭിഃ
ശ്രീസായണാൎയ്യോദിതം
ഭൈഷജ്യം'

എന്നു പറഞ്ഞിരിക്കുന്നു.

മാധവാചാൎയ്യൎക്കു മൂന്നു ഗുരുക്കന്മാരുണ്ടായിരുന്നു എന്നു പരാശരമാധവീയത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

'സോയംപ്രാപ്യവിവേകതീൎത്ഥപദവീ-
മാമ്നായതീൎത്ഥേപരം
മജ്ജൻമജ്ജനതീൎത്ഥസംഗിനിപുനഃ
സത്തത്തീൎത്ഥേപരം
ലജ്ജാമാകലയൻപ്രഭാവലഹരീം
ശ്രീഭാരതീതീൎത്ഥതോ
വിദ്യാതീൎത്ഥമുപാശ്രയൻഹൃദിഭജേ
ശ്രീകണ്ഠമവ്യാഹതം.'

വിദ്യാതീൎത്ഥൻ, ഭാരതീതീൎത്ഥൻ, ശ്രീകണ്ഠൻ, എന്നീ ഗുരുക്കന്മാരിൽ വിദ്യാതീൎത്ഥനും ശ്രീകണ്ഠനും സായണന്റെ ഗുരുക്കന്മാർ കൂടി ആയിരുന്നു എന്നു കാണുന്നു. പ്രധാനഗുരു വിദ്യാതീൎത്ഥൻ തന്നെ ആയിരുന്നു എന്നുള്ളതു വേദഭാഷ്യത്തിന്റെ ഉപോൽഘാതത്തിലുള്ള 'യസ്യനിശ്വസി

താം' ഇത്യാദി പദ്യത്തിൽനിന്നു വെളിവാകും. ആ ഗുരുവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ ഒരു പ്രതിമ വിദ്യാശങ്കര നാമധേയത്തിൽ മാധവാചാര്യർ ശൃംഗേരിയിൽ സ്ഥാപിക്കുകയും, ആ പ്രതിമക്കു ക്രി. പി. ൧൩൫൬, ൧൩൫൭ ഈ വർഷങ്ങളിൽ വിജയനഗരമഹാരാജാക്കന്മാർ ചില ദാനങ്ങൾ ചെയ്കയും ചെയ്തിട്ടുണ്ട്. വീരബുക്കമഹാരാജാവും വിദ്യാതീർത്ഥനെ ബഹുമാനിച്ചിരുന്നു എന്ന്

'ക്ഷോണീം സാഗരമേഖലാം സകലയൻ
ഭ്രൂക്ഷേപമാത്രേ സ്ഥിതാം
വിദ്യാതീർത്ഥമുനേഃ കൃപാംബുധിശശീ-
ഭോഗാവതാരോഭവൽ'

ഇത്യാദി ശാസനപത്രത്തിൽനിന്നും കാണാവുന്നതാണ്.

വിദ്യാതീർത്ഥൻ പരമഹംസപരിവ്രാജകാചാര്യനായ പരമാത്മതീർത്ഥന്റെ ശിഷ്യനും രുദ്രപ്രശ്നഭാഷ്യത്തിന്റെ കർത്താവുമായിരുന്നു. അദ്ദേഹത്തെ മാധവാചാര്യർ അനുഭൂതിപ്രകാശികയിൽ

'അന്തഃപ്രവിഷ്ടശ്ശാസ്തേതി
യോന്തര്യാമിശ്രുതീരിതഃ
സോസ്മാൻമുഖ്യഗുരുഃ പാതു
വിദ്യാതീർത്ഥമഹേശ്വരഃ'

എന്നു സ്തുതിക്കുന്നു. ഭാരതീതീർത്ഥനെപ്പറ്റി ജൈമിനീയന്യായമാലാവിസ്തരത്തിൽ മാധവൻ

'സ ഭവ്യാൽ ഭാരതീതീർത്ഥ-
യതീന്ദ്രചതുരാനനാൽ
കൃപാമവ്യാഹതാം ലബ്ധ്വാ
പരാർദ്ധ്യപ്രതിമോഭവൽ'

എന്നെഴുതിയിരിക്കുന്നു. ശ്രീകണ്ഠനു ശ്രീകണ്ഠനാഥനെന്നും പേരുണ്ടായിരുന്നു. അദ്ദേഹത്തെ പ്രശംസിച്ചു ഭോഗനാഥൻ മഹാഗണപതിസ്തവത്തിൽ

'മന്ദാരശ്ശതശഃ പരേപി തരവോ
മേരുശ്ച ശൈലഃ പരേ-
പ്യാശൈലാഃ കമലാഗൃഹംസ്ഥശയനം
ചാബ്ധിഃ പരേപ്യബ്ധയഃ
ശ്രീകണ്ഠാഖ്യഗുരുഃ പരേപി ഗുരവോ
ലോകത്രയേപ്യദ്ഭുതം
ഭക്താധീനഭവാംശ്ച ദൈവതമഹോ
സർവ്വേപ്യമീ ദേവതാഃ'

എന്ന ശ്ലോകം നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ദ്വിതീയസംഗമന്റെ ബിദരകണ്ടം ദാനശാസനത്തിനു കാരണഭൂതനും ഈ ശ്രീകണ്ഠനാഥൻ തന്നെയാണ്.

'ഇത്ഥം സർവ്വഗുണോപരഞ്ജനകലാ
മീദൃഗ്വിധാമീയുഷ
സ്തസ്യ ക്ഷോണിപതേരപാരയശസ-
സ്തതോപദേശക്രിയാം
കർത്തും കാമപിവാസനാമുപനയൻ
കാരുണ്യവാരാംനിധിഃ
ശ്രീമാൻസന്നിധിമാദധൽപശുപതിഃ
ശ്രീകണ്ഠനാഥാത്മനാ.

യൽപാദാനതിമാത്രേണ
യതീനാംമുക്തിരന്തികേ
ക്രിയതേ തപസാ കിന്തു
കേവലം കായശോഷണം?
കൈവല്യപദവീദ്വാര-
കപാടോൽഘാടകർമ്മണി
ക്ഷേത്രാക്ഷാഃ കുഞ്ചികായേസ്യ
കാംക്ഷന്താം തത്ര നിർവൃതിം.'

ഇത്യാദി പദ്യങ്ങളിൽ സംഗമനു അദ്ദേഹത്തിന്റെ പേരിലുള്ള ഭക്തിപാരവശ്യം അനുമിക്കാവുന്നതാണ്.

സായണനു മൂന്നു പുത്രന്മാരുണ്ടായി

ുന്നു. അവരുടെ പേർ കമ്പണ്ണൻ, മായണ്ണൻ, ശിംഗണ്ണൻ ഇങ്ങനെയാണ്. കമ്പണ്ണൻ ഒരു ഗായകനും, മായണ്ണൻ കവിയും, ശിംഗണ്ണൻ വേദജ്ഞനുമായിരുന്നു എന്ന് അലങ്കാരസുധാനിധിയിലുള്ള താഴെക്കാണുന്ന ശ്ലോകത്തിൽനിന്നു സ്പഷ്ടമാകും.

'തത്സംവ്യഞ്ജയകമ്പണ! വ്യസനിന-
സ്സംഗീതശാസ്ത്രേതവ
പ്രൌഢിം; മായണ! ഗദ്യപദ്യരചനാ
പാണ്ഡിത്യമുന്മുദ്രയ;
ശിക്ഷാം ദർശയ ശിംഗണ! ക്രമജടാ-
ചർച്ചാസു വേദേഷ്വിതി
സ്വാൻപുത്രാനുപലാളയൻ ഗൃഹഗത-
സ്സമ്മോദതേ സായണഃ'

മൂത്ത പുത്രന്റെ പേർ തന്റെ സ്വാമിയായ കമ്പണ്ണന്റേതുതന്നെയായിരുന്നു. രണ്ടാമത്തെ പുത്രനായ മായണൻ അഥവാ മാധവനാണു സുപ്രസിദ്ധമായ സർവ്വദർശനസംഗ്രഹത്തിന്റെ പ്രണേതാവ്. ഈ ഗ്രന്ഥം മാധവാചാർയ്യരുടെ കൃതിയായിരിക്കണമെന്നുള്ള ഊഹം അസംബന്ധമാണ്. ശങ്കരദർശനം സായണാചാർയ്യർ തന്നെ രചിച്ചു. അതിനെ തുടർന്നു അദ്ദേഹത്തിന്റെ പുത്രനായ മാധവൻ സർവ്വദർശനസംഗ്രഹവും രചിച്ചു. അതിനാലാണ് ആ ഗ്രന്ഥത്തിൽ പാതഞ്ജലദർശനത്തെപ്പറ്റിയുള്ള വിവരണം കഴിഞ്ഞ ഉടൻ 'ഇതഃപരം സർവ്വദർശനശിരോമണിഭൂതം ശാങ്കരദർശനമന്യത്ര നിരൂപിതമിത്യത്രോപേക്ഷിതം' എന്നു പറഞ്ഞുകാണുന്നത്.

'ശ്രീമത്സായണദുഗ്ദ്ധാബ്ധി-
കൌസ്തുഭേന മഹൌജസാ
ക്രിയതേ മാധവാർയ്യേണ
സർവ്വദർശനസംഗ്രഹഃ'

എന്ന പദ്യവും ഈ അനുമാനത്തെ തന്നെ സഹായിക്കുന്നു. ഈ മാധവന്റെ ഗുരു തന്നെ സർവ്വജ്ഞ വിഷ്ണുഭട്ടോപാദ്ധ്യായനെന്ന മറ്റൊരു പണ്ഡിതനായിരുന്നു എന്നുള്ളത്,

'പാരംഗതം സകലദർശനസാഗരാണാ (കം
മാത്മോചിതാർത്ഥചരിതാർത്ഥിതസർവ്വലോ
ശ്രീശാർങ്ഗപാണിതനയം നിഖിലാഗമ
(ജ്ഞം
സർവ്വജ്ഞവിഷ്ണുഗുരുമന്വഹമാശ്രയേഹം.'

എന്ന പദ്യത്തിൽനിന്നു വെളിവാകുന്നു.

ഇനി സായണാചാർയ്യരുടെ സഹോദരന്മാരെപ്പറ്റിക്കൂടി സ്വല്പം ഉപന്യസിക്കാം. സായണാചാർയ്യർ ഒരു യോദ്ധാവായിരുന്നു. എങ്കിലും മാധവാചാർയ്യർ ആയുധവിദ്യയിൽ നിപുണനായിരുന്നു എന്നുള്ളതിനു യാതൊരു ലക്ഷ്യവുമില്ല. പ്രഥമബുക്കനു മാധവൻ എന്ന പേരിൽ ജഗദേകവീരനായും മഹാ പണ്ഡിതനായും മറ്റൊരു മന്ത്രികൂടി ഉണ്ടായിരുന്നു. സാക്ഷാൽ മാധവാചാർയ്യർ ഭാരദ്വാജഗോത്രജനും ബോധായനസൂത്രാവലംബിയും യജുർവേദിയുമായിരുന്നുവല്ലോ. മറേറ മാധവമന്ത്രി ആംഗിരസഗോത്രജനും ചാമുണ്ഡഭട്ടന്റെയും മാചാംബികയുടെയും പുത്രനും കാശിവിലാസക്രിയാശക്തി എന്ന ശൈവസന്ന്യാസിയുടെ ശിഷ്യനുമായിരുന്നു. ഇദ്ദേഹം ഗോകർണ്ണത്തിൽവച്ചു തുരുഷ്കരെ യുദ്ധത്തിൽ ജയിച്ചതായി കാണുന്നു. ഈ മാധവമന്ത്രിയാണു സൂതസംഹിതയ്ക്കു താൽപര്യദീപിക എന്ന വ്യാഖ്യാ

നമെഴുതിയത്. നമുക്കു മാധവാചാൎയ്യരുടെ ജീവചരിത്രമാണല്ലോ പ്രസ്തൂയമാനമായിട്ടുള്ളത്. മാധവാചാൎയ്യർ തൊണ്ണൂറാമത്തെ വയസ്സിൽ ക്രി. പി. ൧൩൮൬ ൽ ദേഹവിയോഗംചെയ്തു. അദ്ദേഹം വൃദ്ധവയസ്സു കഴിഞ്ഞതിനു മേലാണു ദേവ്യപരാധസ്തോത്രമെഴുതിയതെന്നു താഴെക്കാണുന്ന പദ്യത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

പരിത്യക്താദേവാവിവിധപരിസേവാകുല (തയാ
മയാപഞ്ചാശീതേരധികമപനീതേതുവയ (സി
ഇദാനീംചേന്മാതസ്തവയദികൃപാനാപിഭ (വിതാ
നിരാലംബോലംബോദരജനനികംയാമിശ (രണം?

ഈ മാധവാചാൎയ്യരാണു മഹാ പ്രസിദ്ധനായ വിദ്യാരണ്യസ്വാമികൾ; അല്ലാതെ സായണാചാൎയ്യരല്ല. ഇതിനു പല ലക്ഷ്യങ്ങളുമുണ്ട്. നൃസിംഹസൂരി, വിധിപ്രദീപികയിൽ

'വിദ്യാരണ്യയതീന്ദ്രാദ്യൈ-
ൎന്നിൎണ്ണീതഃകാലനിൎണ്ണയഃ'

എന്നു പറഞ്ഞിരിക്കുന്നു. നിൎണ്ണയകൎത്താവു മാധവാചാൎയ്യരാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. രംഗനാഥൻ വ്യാസസൂത്രവൃത്തിയിൽ

'വിദ്യാരണ്യകൃതൈഃശ്ലോകൈർ-
നൃസിംഹാശ്രമസൂക്തിഭിഃ
സംഗൃഹ്യാവ്യാസസൂത്രാണാം
വൃത്തിൎവ്യാഖ്യാസ്യതേമയാ'

എന്നു പറഞ്ഞിരിക്കുന്നു. വൈയാസികന്യായമാലാവിസ്തരം മാധവാചാൎയ്യരുടെ കൃതിയാണല്ലോ. പഞ്ചദശീപ്രകരണം ഭാരതതീൎത്ഥനും മാധവാചാൎയ്യനും കൂടി നിൎമ്മിച്ചതെന്നാണു ഐതിഹ്യം. ആ ഗ്രന്ഥത്തിന്റെ വ്യാഖ്യാതാവായ രാമകൃഷ്ണൻ

'നത്വാശ്രീഭാരതീതീൎത്ഥ-
വിദ്യാരണ്യമുനീശ്വരൌ
മയാദ്വൈതവിവേകസ്യ
ക്രിയതേപദയോജനാ'

എന്നു പറയുന്നു. ഭാരതതീൎത്ഥൻ മാധവന്റെ ഗുരുവാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ക്രി. പി. ൧൩൩൧ ൽ തന്നെ മാധവാചാൎയ്യരെ ഒരു സന്ന്യാസിയുടെ നിലയിൽ നാം ശിലാശാസനങ്ങളിൽ കാണുന്നു.

ഋഗ്വേദഭാഷ്യം സായണാചാൎയ്യർ നിൎമ്മിച്ചതായി മുൻപു പറഞ്ഞുവല്ലോ. അതിൽ മററനേകം പണ്ഡിതന്മാൎക്കും പങ്കുണ്ടായിരുന്നതായി വിചാരിക്കുവാൻ ന്യായം കാണുന്നുണ്ട്. അതു ഒരു വിദ്വാനെക്കൊണ്ടുമാത്രം നിൎവ്വഹിക്കത്തക്ക പണിയായിത്തോന്നുന്നുമില്ല. ക്രി. പി ൧൩൮൬ ൽ ദ്വിതീയഹരിഹരന്റെ ഒരു ശാസനത്തിൽനിന്നു നാരായണവാജപേയയാജി, നരഹരിസോമയാജി, പാണ്ഡരിദീക്ഷിതർ ഈ മൂന്നു പണ്ഡിതന്മാരും വേദഭാഷ്യനിൎമ്മാണത്തിൽ സായണനെ സഹായിച്ചിട്ടുള്ളതായി കാണുന്നു. മാധവാചാൎയ്യർ തന്നെ വേദഭാഷ്യധാതുവൃത്തിപ്രഭൃതി ഗ്രന്ഥങ്ങളിൽ ഭാഗഭാക്കായിരുന്നതായി അഹോബലപണ്ഡിതനെന്ന ഒരു ഗ്രന്ഥകൎത്താവിന്റെ,

'വേദാനാംഭാഷ്യകൎത്താവിവൃതമുനിവചാ
ധാതുവൃത്തേൎവ്വിധാതാ

പ്രൌഢ്യോദഞ്ചിദ്ധ്യാനഗൎവ്വാംഹരിഹരന്നൃപതേ
സ്സാൎവ്വഭൗമത്വദായീ
വാണീനീലാഹിവേണീസരസിജനിലയാ
കിങ്കരീതിപ്രസിദ്ധാ
വിസ്താരഗ്രന്ഥാഗ്രഗണ്യോ ഭവദഖിലഗുരു-
ശ്ശങ്കരോപാസിതശ്രീഃ'

എന്ന പദ്യത്തിൽനിന്നു പ്രാക്ക ഊഹി ക്കാം. എന്നാൽ കൎത്തൃവിധായകപദങ്ങൾ ണിജൎത്ഥത്തിൽ മാത്രം ഗ്രഹിക്കേണ്ടതാ ണെന്നാണ് എനിക്കു തോന്നുന്നത്. അതു പോലെതന്നെ ധാതുവൃത്തിയിൽ,

'യജ്ഞനാരായണാൎയ്യേണ
പ്രക്രിയേയംപ്രപഞ്ചിതാ
അസ്യാനിശ്ശേഷതസ്സന്തു
ബോദ്ധാരോഭാഷ്യപാരഗാഃ'
'അഥാപിശിഷ്യബോധായ
പ്രക്രിയേയംപ്രപഞ്ചിതാ
യജ്ഞനാരായണാൎയ്യേണ
വ്യുൽപന്താംഭാഷ്യപാരഗാഃ'

എന്നും മററും കാണുന്നതിൽനിന്നു യജ്ഞ നാരായണനെന്നൊരു പണ്ഡിതൻ സാ യണനെ ആ ഗ്രന്ഥരചനയിൽ സഹാ യിച്ചിരിക്കണമെന്നു വരുന്നു. യജ്ഞനാരാ യണനെന്നതുതന്നെ സായണന്റെ നാ മാന്തരമെന്നൂഹിക്കുന്ന പണ്ഡിതന്മാരു മുണ്ട്.

ഭോഗനാഥനും ഒരു മഹാവിശിഷ്ട നായ കവിയായിരുന്നു. ബിദരക്കണ്ടം ശാ സനത്തിൽ അദ്ദേഹം തന്നെ ദ്വിതീയസം ഗമന്റെ നൎമ്മസചിവനെന്നു പറഞ്ഞിരി ക്കുന്നു.

ഇതിഭോഗനാഥസുധിയാ
സംഗമഭൂപാലനൎമ്മസചിവേന

എന്ന ഭാഗം നോക്കുക. അലങ്കാരസുധാ നിധിയിലുള്ള താഴെക്കാണുന്ന ശ്ലോകങ്ങ ളിൽനിന്നും അനുമിക്കാവുന്നതാണ്.

അന്യോന്യപ്രണയാപരാധനിഭൃത-
വ്യാപാരദീനാത്മനോ-
ൎദ്ദേവീസംഗമയോഃപരാങ്മുഖതയാ-
പ്യേകാസനേതസ്ഥുഷോഃ
മദ്ധ്യേസായണമന്ത്രിണാനടണിതം
ശ്രീഭോഗനാഥേനവാ
നോക്തംനൎമ്മസഹിഷ്ണുനേനചതദ-
പ്യന്യോന്യമുദ്വീക്ഷിതം.

ഭ്രാതസ്സംഗമേന്ദ്രസ്യ
ഭോഗനാഥസ്യവാകവേഃ
വാരണംവാരണോവാഥ
ദ്വാരിപ്രവിശതാംഹിയേ'

അലങ്കാരസുധാനിധിയിൽനിന്നു ഭോഗ നാഥൻ രാമോല്ലാസം, ത്രിപുരവിജയം, ഉദാഹരണമാല, മഹാഗണപതിസ്തവം, ശൃംഗാരമഞ്ജരി, ഗൗരീനാഥാഷ്ടകം എ ന്നിങ്ങനെ ആറു ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടു ള്ളതായി കാണുന്നു. ഒരു ഘട്ടത്തിൽ സാ യണൻ 'തേഷാമുദാഹരണാനിഭോഗനാഥ കാവ്യേഷുദൃഷ്ടവ്യാനി' എന്നു പറഞ്ഞിരി ക്കുന്നു. സായണപ്രശസ്തിമായി ഈ ഉ പന്യാസത്തിൽ അലങ്കാരസുധാനിധി യിൽനിന്നുദാഹരിച്ചിരിക്കുന്ന പദ്യങ്ങൾ എല്ലാം ഉദാഹരണമാലയിൽ ഉള്ളതാണ്. ഉദാഹരണമാല മുഴുവൻ സായണപ്രശ സ്തിപരമായ ഒരു കൃതിയാണെന്നു കാണു ന്നു. 'മന്ദാരശ്ചതഃ' ഇത്യാദിപദ്യം മ ഹാഗണപതിസ്തവത്തിലുള്ളതാണെന്നു പറഞ്ഞുവല്ലൊ. ഇതരഗ്രന്ഥങ്ങളിൽനി ന്നുകൂടി മാതൃകസ്ഥായി ശ്ലോകങ്ങൾ ഉദ്ധരി ച്ചുകൊള്ളുന്നു.

ശിശിരേഷു ശിലാതലേഷു രാമ-
സ്തരുമൂലേഷു തലോദരീംദരീഷു
സരസീഷു ച വിശ്രമയ്യ മുഗ്ദ്ധാം
പഥി പാഷാണിനി താം ശനൈർന്നൈ
(ഭൈനഷീൽ

(രാമോല്ലാസം)

ഉപര്യധോരചിതമയശ്ചരാജതം
തയോർദ്വയോഃ കനകമയം ച മദ്ധ്യതഃ
പുരത്രയം ദഹനരുചിർധഃ പുരോപ്യഗാൽ
സധൂമതാം സദഹനതാം സഭസ്മതാം

(ത്രിപുരവിജയം.)

ഈഷന്മുഷ്ടകരംഗനാഭിതിലകൈ-
ർദ്ധാംബൂലരാഗാദരൈ-
വ്യക്തിഭ്രതരദക്ഷതവ്യതികരൈ-
ർവ്യാകീർണ്ണചൂർണ്ണാളകൈഃ
ശാമ്യൽകുണ്ഡലതാണ്ഡവൈർവ്വിശ്ലഥശിഖി-
വക്ത്രൈസ്തദാവ്രീളിതൈ-
രംഭോരുവിഭ്രമദർപ്പണൈർന്നിജഗദേ
സംഭോഗലീലാശ്രമഃ

(ശൃംഗാരമഞ്ജരി)

കഷ്ടായ പ്രസവായ ശാസ്ത്രപദവീ-
ശിഷ്ടായ കാംക്ഷാനല-
പ്ലുഷ്ടായ പ്രഥമാനമത്സരഘനാ-
വിഷ്ടായ ദുഷ്ടാത്മനെ
രുഷ്ടായ പ്രതിഷിദ്ധകാര്യഘടനാ
ദുഷ്ടായ സ്പഷ്ടാഗസേ
ഗൌരീനാഥ! ഗുണാധിനാഥ! ജനക!
പ്രീണാതു മഹ്യം ഭവാൻ

(ഗൌരീനാഥാഷ്ടകം.)

ഇങ്ങനെയുള്ള മൂന്നു പണ്ഡിതശിരോമണികളുടെ പിതാവാവാൻ യോഗമുണ്ടായ മായണൻ തന്നെ മഹാഭാഗ്യവാൻ! മായണന്റെ ജനനം ഏതു വർഷത്തിലാണെന്നു ക്ലിപ്തപ്പെട്ടിട്ടില്ല. ആ മഹാപുരുഷൻ ക്രി. പി. 1387-ൽ ദേഹവിയോഗം ചെയ്തു. സായണാചാര്യരുടെ യശസ്സു ലോകാവസാനംവരെ അഭംഗുരമായി നിലനില്ക്കുന്നതാണ്.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

# ജീർണ്ണോപധാനം

(ഒരു സമാശ്വാസനം)

പെരുതഴലുപധാനമേ, നിനക്കീ-
യുരുതരവസ്ഥ പിണഞ്ഞതു കാൺകയാൽ മേ;
ഒരു തലവഴിപോലെ താങ്ങുവാൻ നീ
വിരുതിയലുന്നവനായിരുന്നുവല്ലോ. 1

ചളിതടവി വിവർണ്ണമിന്നു, വില്ലീ-
സ്സൊളിനിരവീശിയിരുന്ന നിൻശരീരം!
വെളിവിലിഥമതിന്നു കാലജാല-
ക്കളിയുടെ ചാതുരി നമ്മളെന്തു കണ്ടു? 2

തൊടുവതിനിരുകൈകളുടച്ചുവേണം,
തുടുതുടെ മിന്നിയിരുന്ന നിന്നെ മുന്നം;
കെടുതികലരുമിപ്പൊഴോ, തപദംഗ-
ത്തൊടു പെരുമാറുകിൽ വേണ്ടതാണതെ,

ലളിതമുഴമുഴപ്പു, റപ്പു, വർണ്ണ- (നാ:
ത്തെളിവിവ തിങ്ങിയിരുന്നതാവകാംഗം
ചുളിപെരുകി, യതാതിടത്തു കീറി-
പ്പൊളിയുക കാരണമെത്ര ശോച്യമായി!!

വിലപെറുമുപധാനമേ, പുരാനിൻ
നിലദൃഢമെത്രമികച്ചതായിരുന്നു!
ലലനകൾമണിയാമൊരോമലാൾതൻ
മലരൊളിമെത്തയിലല്ലിനീവസിച്ചു? 5

ചിരമവളുടെവെൺകിടക്കയിങ്കൽ-
പ്പുരമദുകൂലമണിഞ്ഞുനീവിളങ്ങി:
ശരദമലസരിത്തുതന്നിൽനൈശാ-
കരരുചിപൂണ്ടമണൽപ്പുറംകണക്കേ. 6

നിയതമൊരുനിരപ്പുകേടുനിൻമെ-
യ്യിയലുകിലാ,യവൾനിങ്കൽമെല്ലെമെല്ലേ
സ്വയമിരവിലൊതുങ്ങുവാൻകിടന്നും
പ്രിയശിശുവിൻതുടയിങ്കലമ്മപോലേ, 7

സുലളിതമൃദുവായകൈത്തലത്താൽ
പലവുരുതല്ലിടുമപ്പൊഴൊക്കയുംനീ,
മലർനിരവിതറുമ്പൊളാസ്വദിച്ചാ-
രലഘുസുഖംലഘുവായ്ഗ്ഗണിച്ചിരിക്കാം. 8

(യുഗ്മകം)

ധവനധരരസംകൊതിച്ചുലജ്ജാ-
വിവശിതയായനവോഢതൻമുഖാബ്ജം,
അവനധികമസൂയചേർത്തനേകം
തവണവാങ്കലഹാ!പതിഞ്ഞതില്ലേ? 9

നിജമൃദുലശിരസ്സുനിങ്കൽവെച്ചാ,
വിജനവിലാസഗൃഹക്കിടക്കതന്മേൽ,
രജനികളിൽ മുറക്കു,തമ്മിലോരോ
ഭുജലതയാൽത്തഴുകിസ്സുഖംശയിക്കേ. 10

പരമസുഭഗരാംനവീനജായാ-
വരരവർതൻവദനത്തിൽനിന്നുമന്ദം,
കരളിൽവിരിയുമുത്തമാനുരാഗോ-
ത്തരളമലർക്കലതൻമധൂളിപോലേ, 11

പലപരിചിലുതിർന്നനർമ്മലാപം
തലയണകൾക്കണിരത്നമായനീതാൻ
സുലഭരുചിനുകർന്നശേഷമേ,തൽ-
സ്ഥലപവമാനനുമന്നുള്ളുവല്ലോ. 12

(വിശേഷകം)

ഉലകിടമെരിയുംനിദാഘരാവിൽ-
പ്പലകുറി,പട്ടുകിടക്കതൊട്ടിടാതെ
ജലസമവർനിരത്തുതാൻകിടക്കും
നിലയിലുമങ്ങയെവേർപിരിഞ്ഞതില്ല! 13

ഹരിണമിഴിദിനാന്തമജ്ജനാർദ്ര-
പ്പുരികുഴൽനിന്നിഴിച്ചുചിന്നിടുമ്പോൾ,
കരിമുകിൽചിതറുംശരന്നഭസ്സിൻ
പരിചുവഹിച്ചുസിതാംശുകാസ്തരൻനീ. 14

തരുണികൾമണിതൻതാരണിഞ്ഞു-
ള്ളിരുളെതിർമഞ്ജുളകുന്തളത്തൊടേവം
പെരുതുദിനമിണങ്ങിവാഴ്കയാൽനാ-
ള്ളൊരുമണമിന്നുമിരിപ്പുണ്ടുനിങ്കൽ. 15

അതിസുഖമയമാമനോജ്ഞമാർഗ്ഗം,
ഗതിയറിയാതെഭവാൻകടന്നുപോന്നു,
അതിനെയിഹവ്യഥാതിരിഞ്ഞുനോക്കി-
ക്കൊതിയൊടുനീനെടുവീർപ്പിടുന്നതുണ്ടാം!

ബത!ബത!തവമുൻവശത്തിദാനീം
വിതതമരുക്ഷിതിയൊന്നുകാൺകെയാൽനീ
ഗതസരണിയിലെസ്സുഖത്തെയെല്ലാം,
ശതഗുണമായ്വിലകൂട്ടിയോർപ്പതുണ്ടാം! 17

തവപുനരധമാ-പ്രപഞ്ചപാന്ഥ-
ക്കവസിതിയിൽപ്പെടുമല്ലലേറുകൂടാ:
ദിവസമനുപരോപകാരധർമ്മ-
പ്രവണതയാൽപ്പരിപൂതജീവിതൻനീ! 18

പകലിരവുപരക്കുസൌഖ്യമേകി
സ്വകതനുജീർണ്ണവിവർണ്ണമാകിലെന്തോ?
മികവെഴുമൊരുകർമ്മയോഗിതന്മ-
ട്ടകമവികാരമഖണ്ഡനിർമ്മലംതേ. 19

അരചനുടെയുടലുമിങ്ങവസ്ഥാ-
ന്തരമിതുതാനൊടുവെന്നുകണ്ടുതാൻതാൻ
ചിരമഹഹ!ചിരിക്കയോ,ശുഭാന്തഃ-
കരണ,വെളിക്കുറിച്ചുപഞ്ഞിയാൽനീ!

പരാർത്ഥത്തിന്നല്ലോ തവ പിറവി; സാധിച്ചിതതു നീ;
ചിരാസംഗാൽ വന്നീലിതിൽ മതി നിനക്കെങ്കിലു,ടനേ
ജരാക്രാന്തം തൻപാർപ്പിടമിതു വെടിഞ്ഞിട്ടു തവ സു-
സ്ഥിരാത്മാവെത്തട്ടേ പുതിയൊരു പുരത്തിൽപ്പുരസുഖം! 21

വള്ളത്തോൾ നാരായണമേനോൻ.

# പെരുമാക്കന്മാർ

(൮)

പിന്നെ ആ പെരുമാളുടെ മകൻ 'ഇളയവർമ്മൻ പെരുഞ്ചേരനാതൻ' കലി 3151-ൽ പെരുമാൾസ്ഥാനം വഹിച്ചു. ഇദ്ദേഹവും 'ഇളഞ്ചെട്ചെന്നിച്ചോള'ന്റെ മകൻ 'കരികാലച്ചോള'നുമായി 'വെണ്ണി' എന്ന ദിക്കിൽ വെച്ചുണ്ടായ യുദ്ധത്തിൽ കരികാലന്റെ ഒരു ബാണം ഏറ്റതിനാൽ പെരുമാളുടെ പുറത്തൊരു മുറി പററിപ്പോയി. മാനധനനായ പെരുമാൾ ആ അവമാനം സഹിക്കാൻ കഴിയാതെ നാണിച്ചു യുദ്ധം മതിയാക്കി നാടുവിട്ടു പോകയും ചെയ്തു. അതോടുകൂടി ആ പെരുമാളുടെ ആശ്രിതന്മാരിൽ പലരും ജീവത്യാഗം ചെയ്തതായും നാടുവിട്ടു പോയതായും കാണുന്നുണ്ട്. ഈ പതിനൊന്നാം പെരുമാൾ 5 വത്സരമേ കേരളം ഭരിച്ചുള്ളു. (൧)

3156-ൽ അദ്ദേഹത്തിന്റെ പുത്രൻ 'ബാണവർമ്മൻ നെടുഞ്ചേരനാതൻ' സിംഹാസനാരോഹണം ചെയ്തു. ഈ പെരുമാളും ചോളരാജാവിനോടു പടയ്ക്കു ചെന്നെങ്കിലും അതിന്റെ ഫലം ആ ചോളരാജാവിന്റെ മകളും 'നെടുമുടിക്കിള്ളി' എന്ന രാജകുമാരന്റെ സഹോദരിയുമായ 'ശോണാദേവിമണക്കിള്ളി'യെ വിവാഹം ചെയ്യുകയായിട്ടാണ് പരിണമിച്ചത്. ഈ ശോണാദേവിയിൽ പെരുമാൾക്കു രണ്ടു പുത്രന്മാരുണ്ടായി. അവരുടെ ചെറുപ്പകാലത്തുതന്നെ പെരുമാൾ പരലോകം പ്രാപിച്ചു. ഈ പന്തിരണ്ടാം പെരുമാൾ പതിനഞ്ചോളം വത്സരമാണ് രാജ്യം ഭരിച്ചിട്ടുള്ളത്.

(൧) ക്രിസ്തുവിന്റെ പ്രധാനശിഷ്യന്മാരിൽ ഒരാളായ സെന്റ് തോമസ്സ് ക്രിസ്തുവർഷം 52-ൽ കപ്പൽവഴിയായി കൊടുങ്ങല്ലൂർ വന്നിറങ്ങി ക്രിസ്ത്യാനിമതം ആദ്യമായി ഇന്ത്യയിൽ പരത്തിയെന്നു ചിലർ പറഞ്ഞുകാണുന്നുണ്ട്. അത് ഈ പതിനൊന്നാം പെരുമാളുടെ കാലത്തു ടെന്നാണ് വിചാരിക്കേണ്ടത്. എന്നാൽ ആ കാലത്തെ തമിഴ്ഗ്രന്ഥങ്ങളിലൊന്നുംതന്നെ ശാസനങ്ങളിലൊന്നുംതന്നെ ക്രിസ്തുമതത്തിന്റെ യാതൊരു ലക്ഷ്യം അക്കാലത്തിവിടെ ഉണ്ടായതായിട്ടൊന്നില്ല. എന്നു മാത്രമല്ല കേരളത്തിൽ ബൗദ്ധമതത്തിനുശേഷം പ്രചരിച്ചിട്ടുള്ള ആദ്യത്തെ അന്യമതം - മഹമ്മദമതമായിരിക്കണമെന്നുള്ളതിനു പല തെളിവുകളും കാണുന്നുമുണ്ട്. ഇതിനാൽ ആ സംഗതി പിൻകാലങ്ങളിലുണ്ടായ ഒരു ഐതിഹ്യമാവാനാണെളുപ്പം.

* Copy-right reserved.

അദ്ദേഹത്തിന്റെ മക്കളിൽ ജ്യേഷ്ഠനായ 'ഇമയവമ്മൻ ചെങ്കുട്ടവൻ' കലി 3171 മുതൽ രാജാവായി വാണു. അതിവിദ്വാനായ ഇമയ രാജകുമാരൻ ചെറുപ്രായത്തിൽ തന്നെ ബൌദ്ധമതം സ്വീകരിച്ച് ഒരു സന്യാസിയുമായിത്തീൎന്നു. ഇദ്ദേഹമാണ് ചിലപ്പതികാരഗ്രന്ഥകൎത്താവായ 'ഇളങ്കോവടികൾ.' മഹാപരാക്രമിയായ ചെങ്കുട്ടവപ്പെരുമാൾ തൃക്കണാവുമതിലകത്തുള്ള പണ്ഡിതന്മാരുടെ പരിശോധകസ്ഥാനത്തിൽ ഇളങ്കോവടികളെ നിയമിച്ചു വലിയ ഊൎജ്ജിതത്തോടും സമാധാനത്തോടും രാജ്യഭാരം ചെയ്തുവന്നു. ഈ പെരുമാൾക്ക 'കടൽപിറക്കോട്ടിയ കുട്ടവൻ, വെൽകെഴുകുട്ടുവൻ' എന്നെല്ലാം ചില ഉപേരുകൾ പറഞ്ഞുകാണുന്നുണ്ട്. ഒരിക്കൽ ചില ആൎയ്യരാജാക്കന്മാർ അക്കാലത്തെ ദ്രമിഡരാജാക്കന്മാരെപ്പറ്റി വളരെ പരിഹാസമായി വിചാരിക്കുന്നുണ്ടെന്നു ചിലർ ഈ പെരുമാളോടു പറകയുണ്ടായി. പെരുമാൾ ഉടനെ സൈന്യങ്ങളോടു കൂടിപ്പുറപ്പെട്ടു കൊങ്ങുനാട്ടിൽ ചെന്ന് അവിടെയുള്ള സൈന്യങ്ങളേയും ചോളപാണ്ഡ്യപ്പടകളേയും ശേഖരിച്ചു വടക്കോട്ടു ഗംഗാതീരംവരെ ദിഗ്ജയം നടത്തുകയും പരിഹസിച്ച ആൎയ്യരാജാക്കന്മാരിൽ 'കനകൻ' 'വിജയൻ' എന്ന രണ്ടാളെപ്പിടിച്ചു തടവിലാക്കി വിശ്വസ്തഭൃത്യന്മാരുടെ അധീനത്തിൽ ചോളപാണ്ഡ്യരാജാക്കന്മാരെക്കാണിപ്പാൻ അയക്കുകയും ചെയ്തു. ചോളനും പാണ്ഡ്യനും ആ പ്രവൃത്തിയെപ്പറ്റി അല്പം ആക്ഷേപമായിപ്പറഞ്ഞുവെന്നു കേട്ടപ്പോൾ വീണ്ടും അവരെ അമൎത്താൻ ഒരുങ്ങിയെങ്കിലും 'മാടലൻ' എന്ന പേരായ ഒരാശ്രിതന്റെ സാന്ത്വനവാക്കിനാൽ അതിനു പുറപ്പെട്ടില്ല. മറ്റൊരിക്കൽ ചോളരാജാവായിരുന്ന നെടുമുടികിള്ളി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ കീഴിലുള്ള ഒമ്പതു സാമന്തരാജാക്കന്മാർ ഒന്നിച്ചുചേൎന്ന് ആ രാജാവിന്റെ മകനായ ഇളവൻ കിള്ളിയോടെതിൎക്കുന്നതു കേട്ട് അദ്ദേഹത്തെ സഹായിക്കുകയും, യുദ്ധത്തിൽ ആ ഒമ്പതുപേരേയും അമൎത്തി മാതുലപുത്രന്റെ അധികാരം സ്ഥിരപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ചിലപ്പതികാരം, മണിമേഖല എന്ന രണ്ടു വിശിഷ്ടതമിഴ് ഗ്രന്ഥങ്ങളും ഈ പെരുമാളുടെ കാലത്തുണ്ടായിട്ടുള്ളതാണ്. ഇവക്കു പുറമെ അനേകം ഗ്രന്ഥകൃതികളും അക്കാലത്തുണ്ടായതായി കാണുന്നുണ്ട്. ഇളങ്കോവടികൾക്കു പുറമെ 'ചീത്തലെച്ചാത്തനാർ', 'പരണർ' മുതലായ അനേകം തമിഴ്കവികളും, ആൎയ്യഘോഷകവികളും, വേദാന്തം, ന്യായം, വൈശേഷികം, മീമാംസ മുതലായ ശാസ്ത്രങ്ങളിൽ നിപുണന്മാരായ വിദ്വാന്മാരും അക്കാലത്തു തൃക്കണാവിലെസ്സഭയിലുണ്ടായിരുന്നതായി കാണുന്നതിനാലും, അവരുടെ കവിതയിലുള്ള വൎണ്ണനകൾ ഓരോരോ വിഷയങ്ങളിലും അക്കാലത്തുണ്ടായിരുന്ന പരിഷ്കൃതിയെ നല്ലവണ്ണം തെളിയിക്കുന്നതിനാലും ചെങ്കുട്ടവപ്പെരുമാളുടെ രാജ്യഭാരം ഏറ്റവും ഉൽകൃഷ്ടമായിരുന്നുവെന്നു തീൎച്ചപ്പെടുത്താവുന്നതാണ്. കവികളുടെ ആ വക വൎണ്ണനകളിൽനിന്നു ആകപ്പാടെ കിട്ടുന്ന ചുരുങ്ങിയ ഒരു സാരവുംകൂടി ഈ കൂട്ടത്തിൽ ചേൎത്തുവിടുന്നതുകൊണ്ടു വായനക്കാൎക്കു വലിയ ക്ഷമകേടുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു:—

"വഞ്ചിനഗരം വളരെ വലിപ്പമുള്ളതായിരുന്നു. പട്ടണത്തിന്നു ചുററും ആനപ്പള്ളയുടെ ആകൃതിയിൽ കെട്ടിയ കോട്ടമതിലും ആ മതിലിന്മേൽ ശത്രുക്കളുടെ നേരെ ശസ്ത്രംപ്രയോഗിക്കുന്നതിന്നായി നിരത്തിവെച്ചിരുന്ന പല മാതിരി യന്ത്രങ്ങളും എത്രയും ഗംഭീരവും ഭയങ്കരമായ വിധത്തിലാണിരുന്നിരുന്നത്. കോട്ടയ്ക്കു ചുററും ആഴമുള്ള കിടങ്ങും അതിൽ അസംഖ്യം ആൾപ്പിടിയൻ മുതലകളും ഉണ്ടായിരുന്നു. കോട്ടവാതിൽക്കലെല്ലാം വെള്ളക്കുമ്മായമിട്ടിട്ടുള്ള വലിയ ഗോപുരങ്ങളും ഉയന്ന കൊടിമരങ്ങളും വില്ലിന്റെ ആകൃതി അടയാളമായിട്ടുള്ള അനവധി കൊടിക്കൂറകളും ദൂരത്തുനിന്നു കാണത്തക്കവിധം ശോഭിച്ചിരുന്നു. പെരുമാളുടെ കോവിലകവും അതിന്നടുത്തു പൊൻമാളികയായിപ്പണി ചെയ്തിരുന്ന വിഷ്ണുക്ഷേത്രവും ചേരലൻ പണിയിപ്പിച്ചിരുന്ന ബുദ്ധചൈത്യവും കിഴക്കേക്കോട്ടവാതിലിന്നു പുറത്തുണ്ടായിരുന്ന നിർഗ്രന്ഥസന്യാസിമഠവും പട്ടണത്തിൽ ഏററവും വിശേഷപ്പെട്ട വിചിത്രമന്ദിരങ്ങളായിരുന്നു. രാജാവിന്റെ ബന്ധുക്കളും നാലു തളിയാതിരിമാരും വില്ലവർ, കോത മുതലായ മന്ത്രികളും മററു പല വലിയ ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാർ, വിദ്വാന്മാർ, ബ്രാഹ്മണർ, രത്നവ്യാപാരികൾ, കലാകുശലന്മാർ തുടങ്ങിയവരും മററു പലതരം ജനങ്ങളും പട്ടണത്തിന്റെ പല ഭാഗങ്ങളിലുമായിപ്പാർത്തുവന്നിരുന്നു. കോവിലകത്തിന്നുള്ളിൽ ഒരു ഭാഗം മുഴുവനും രാജ്ഞികൾ താമസിക്കാനായി കഴിച്ചിട്ടിരുന്നു. അവിടെ പുരുഷന്മാർ ചെല്ലുവാൻ പാടില്ല. ആ സ്ഥലത്തു കാവൽക്കാരായി ഷണ്ഡന്മാരേയും ദാസിമാരായി കുലശ്രേഷ്ഠതയുള്ള സ്ത്രീകളേയുമാണ് ഏല്പിച്ചിരുന്നത്. ഐശ്വര്യം തികഞ്ഞ ചേരൻ ചെങ്കുട്ടവപ്പെരുമാളുടെ വഞ്ചിപട്ടണത്തിന്നു പെരിയാററു തുറമുഖം ഒരു പ്രത്യേകാലങ്കാരമായിത്തന്നെ പ്രകാശിച്ചിരുന്നു. ആ തുറമുഖത്തുള്ള അലകളും നുരകളും തള്ളിയുന്തിക്കൊണ്ടു വന്നുചേരുന്ന യവനക്കപ്പലുകളുടെ കാഴ്ച വളരെ വിശേഷവുമായിരുന്നു. സ്വർണ്ണം കയററിവന്നിരുന്ന ആ കപ്പലുകൾ മിക്കതും ഏലവും കുരുമുളകും കയററീട്ടാണ് തിരികെപ്പോയിരുന്നത്. കുരുമുളകും ഏലവും ചാക്കുചാക്കായി ചന്തസ്ഥലങ്ങളിൽ ശേഖരിക്കയും, വിററഴിഞ്ഞ ആ സാമാനങ്ങൾക്കു പകരം കപ്പലിൽ വന്നിട്ടുള്ള സ്വർണ്ണം വഞ്ചികളിലാക്കി കരയ്ക്കിറക്കയും ചെയ്തിരുന്നു. ചന്തസ്ഥലങ്ങളിൽ പല ഭാഗങ്ങളിലുമായി മത്സ്യം വിററു പകരം നെല്ലു വഞ്ചി കൊട്ടകളിലാക്കി ഭവനങ്ങളിലേക്കു കൊണ്ടുപോകുന്നതിന്റെ തിരക്കു കാണത്തക്കതുതന്നെയായിരുന്നു. കടൽവഴിക്കു മലകളിൽനിന്നും വിശേഷപ്പെട്ട അനവധി സാമാനങ്ങൾ ചെങ്കുട്ടവനു കാഴ്ചയായി വരികയും അദ്ദേഹം ആ വക സാമാനങ്ങൾ തന്നെക്കാണ്മാൻ വരുന്നവർക്കു സമ്മാനമായിക്കൊടുക്കയും പതിവായിരുന്നു. ശമപ്രധാനങ്ങൾ, വിനോദപ്രധാനങ്ങൾ ഇങ്ങിനെ രണ്ടു തരത്തിലുള്ള കൂത്തുകൾ (നാടകം) പതിനാറ് അംഗക്രിയകളോടുത്തുക്ക്, വീശ് മുതലായ അനേകം ഉപാംഗക്രിയകളോടുംകൂടി പലമാതിരി താളങ്ങൾക്കും യോജിപ്പിച്ചുകൊണ്ട് അതതിന്റെ ലക്ഷണശാസ്ത്രപ്രകാരം അഭിന

യിക്കുന്നതും ശസ്ത്രവിദ്യയെസ്സംബന്ധിച്ചുള്ള പലതരം പരീക്ഷകളും പട്ടണത്തിൽ പലപ്പോഴും ഉണ്ടാകാറുള്ള വിനോദക്കാഴ്ചകളുമായിരുന്നു."

റോമൻകാരനും കേരളത്തിൽ അക്കാലത്തുണ്ടായിരുന്ന തുറമുഖങ്ങളെപ്പറ്റിയും കച്ചവടസൌകൎയ്യങ്ങളെപ്പറ്റിയും വിവരിച്ചിരിക്കുന്ന ഒരു കപ്പൽക്കാരനുമായ 'പ്ലിനി' എന്ന ഗ്രന്ഥകാരൻ ഈ ചെങ്ങുട്ടുപ്പെരുമാളുടെ കാലത്താണ് ഇവിടെ വന്നിരുന്നതെന്നു കാണുന്നുണ്ട്. അദ്ദേഹം ഈ പ്രദേശത്ത് അക്കാലത്തുണ്ടായിരുന്ന ചില കടൽ തുറമുഖങ്ങളെപ്പറ്റിയും മറ്റും ചില വിവരങ്ങൾ രേഖപ്പെടുത്തീട്ടുമുണ്ട്. എന്നാൽ ആ വക സ്ഥലങ്ങൾ ഏതെല്ലാമാണെന്നു തീൎച്ചപ്പെടുത്തുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ ചില പേരുകളാണ് അതിൽ കാണുന്നത്. ആ ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളതിങ്ങിനെയാണ്:—

'കുറെക്കാലം കഴിഞ്ഞതിനുശേഷം അറബിയിൽ 'സിയാഗ്രസ്സ്' (1) എന്ന സ്ഥലത്തുനിന്നു പുറപ്പെട്ടാൽ 'ഹിപ്പലോസ്സ്' എന്നു സാധാരണ പറഞ്ഞുവരാറുള്ള തെക്കുപടിഞ്ഞാറൻ കാററിന്റെ സഹായത്തോടുകൂടി 1435 നാഴിക ദൂരത്തുള്ള 'പതാല' എന്ന സ്ഥലത്തേയ്ക്കു നേരെ കപ്പൽ ഓടിപ്പാൻ കഴിയുമെന്നു കണ്ടു. ഈ കടൽവഴിയിൽ കടൽക്കള്ളന്മാർ ധാരാളമുള്ളതിനാൽ വില്ലാളികളായ ഭടന്മാരോടുകൂടിയാണ് കപ്പൽയാത്ര ചെയ്തുവരുന്നത്. ഈജിപ്തിൽനിന്നു നേരിട്ടുതന്നെ സമുദ്രയാത്ര ചെയ്യാനുള്ള വഴി ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. ആ സ്ഥിതിക്ക് ഒരു കാൎയ്യം നമുക്കു പ്രത്യേകം ആലോചിക്കേണ്ടതുണ്ട്. ഇന്ത്യയിൽനിന്നു വരുന്ന സാമാനങ്ങൾക്കായി നമ്മുടെ രാജ്യത്തിൽനിന്നു വത്സരത്തിൽ അഞ്ചരക്കോടി സേൾസ്സ് (2) ചിലവാകുന്നു. ആ വക സാധനങ്ങൾക്കു സ്വന്തമേയുള്ള വിലയിൽ നൂറിരട്ടി അധികം കൊടുത്തിട്ടാണ് നാം അതു വാങ്ങുന്നത്. അതുകൊണ്ട് 'ഒക്കലിസ്സ്' (3) എന്ന സ്ഥലത്തുനിന്നു പുറപ്പെടുന്നതാണ് ഇപ്പോൾ നമുക്കധികം നല്ലത്. എന്നാൽ കപ്പൽക്കാൎക്കു ഹിപ്പലോസ്സിന്റെ സഹായത്തോടുകൂടി നാല്പതുദിവസംകൊണ്ടു ഇന്ത്യയിൽവെച്ചു ഏററവും പ്രധാനപ്പെട്ട തുറമുഖമായ 'മുസിരിസ്സിൽ' എത്താം. പക്ഷേ ആ പ്രദേശത്തിനടുത്തുള്ള 'നിട്രിയസ്സ്' എന്ന സ്ഥലത്തു കടൽക്കള്ളന്മാരുള്ളതുകൊണ്ടു നല്ലവണ്ണം സൂക്ഷിച്ചേ യാത്രചെയ്യാവൂ. അവിടെ ഇങ്ങോട്ടു കൊണ്ടുവരുവാനുള്ള കച്ചവടസ്സാമാനങ്ങൾ ധാരാളം കിട്ടുകയില്ല. അതിന്നു പുറമെ കപ്പലുകൾ കരയിൽനിന്നു വളരെ ദൂരത്തേ നില്ക്കയുമുള്ളൂ. സാമാനങ്ങൾ ചെറിയ തോണികളിൽകൂടി കരയ്ക്കിറക്കുകയും കപ്പലിൽ കയററുകയും വേണം. ഞാൻ ഇതെഴുതുന്ന ഇക്കാലത്തു ആ രാജ്യത്തിലെ രാജാവു 'കേളബൊത്ര്'നാണ്. ഈ സ്ഥലത്തേക്കാളധികം സൌകൎയ്യമുള്ള തുറമുഖവും വേറെയുണ്ട്. അതിന്നു 'ബെറാക' എന്നാണു പേർ. അ

(1) അറബിരാജ്യത്ത് ഇപ്പോൾ 'പാട്ട്ക്' എന്നു പറഞ്ഞുവരുന്ന സ്ഥലം.

(2) അക്കാലത്തെ ഒരു റോമൻനാണയം.

(3) ഈജിപ്തിന്നടുത്ത് ഇപ്പോൾ 'ഗല്ല' എന്നു പറഞ്ഞുവരുന്ന ഒരു ചെറിയ ഉൾക്കടൽ

ത്തു 'നീചിറണ്ടോൻ' എന്ന സ്ഥലത്താണുള്ളത്. അവിടത്തെ രാജാവു 'പാണ്ഡ്യ'നാണ്. ആ രാജാവു താമസിക്കുന്നതു തുറമുഖത്തുനിന്നു വളരെ ദൂരത്തുള്ള 'മോദുരാ' എന്ന പട്ടണത്തിലാണ്. 'ബൈരക്'യിലേക്കു കുരുമുളക കൊണ്ടുവരുന്നതു 'കൊട്ടോനാര' എന്ന പ്രദേശത്തുനിന്നാകുന്നു. ഒററമരം കുഴിച്ചുണ്ടാക്കിയ തോണികളിലാക്കീട്ടാണ് അതു കൊണ്ടുവരുന്നത്.'

ഏകദേശം പ്ലിനിയുടെ കാലത്തുതന്നെ 'പെരിപ്ലസ്സ് മോറിസ്സ എറിത്രേ' എന്ന ഗ്രീക്കുഗ്രന്ഥത്തിന്റെ കർത്താവും തെക്കേ ഇന്ത്യയെപ്പററി ചില വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നുണ്ട്. ആ ഗ്രന്ഥകാരൻ പറയുന്നതിങ്ങിനെയാണ്.— "പിന്നെ 'ലെളു' എന്ന പേരായ ഒരു ദ്വീപാണ്. അതു കഴിഞ്ഞാൽ 'നവോറ' എന്നും 'തിണ്ടീസ' എന്നും പറയുന്ന പ്രദേശങ്ങളായി. ഇതുരണ്ടും 'ഡിമൂറിക്കി(1)ലെ വിശേഷപ്പെട്ട തുറമുഖങ്ങളാകുന്നു. പിന്നെ 'മുസിരിസ്സ' എന്നും 'നിൽക്കണ്ട' എന്നും പേരുള്ള സ്ഥലങ്ങളായി. ആ പ്രദേശമാണ് അവിടത്തെ രാജാവിന്റെ വാസസ്ഥാനം. രാജ്യം ഭരിക്കുന്നാളെ 'കെപ്രബോത്രൻ' എന്നാണു പറയുന്നത്. 'തിണ്ടീസ' അദ്ദേഹത്തിന്റെ കീഴിൽ കടലിന്നടുത്തുള്ള ഒരു നല്ല ദേശമാകുന്നു. മുസിരിസ്സ ആ രാജ്യത്തിലെ പ്രധാനപട്ടണവും വളരെ സമ്പത്സമൃദ്ധവുമാണ്. ആരികേയിൽനിന്നും ഗ്രീസ്സിൽനിന്നും അസംഖ്യം കപ്പലുകൾ അവിടെവന്നു നിറയുന്നുണ്ട്. ആ പട്ടണം തിണ്ടീസ്സിൽനിന്നു 500 'സ്റ്റഡിയ'(2) ദൂരെയായി ഒരു പുഴവക്കത്താണു സ്ഥിതിചെയ്യുന്നത്. അഴിമുഖത്തുനിന്നു പട്ടണത്തിലേക്കു ഇരുപതു സ്റ്റഡിയ ദൂരമുണ്ട്. മുസിരിസ്സിൽനിന്നു നിൽക്കണ്ടയിലേക്കും ഏകദേശം 500 സ്റ്റഡിയ ദൂരമാണുള്ളത്. നിൽക്കണ്ട മറെറാരു രാജാവിന്റെ കീഴിലുള്ളതും കടലിൽനിന്നു ഒരു പുഴവഴിയായി നൂററിരുപതു സ്റ്റഡിയയോളം ദൂരത്തുള്ളതുമാണ്. ആ പുഴയുടെ അഴിമുഖം 'ബാകര' എന്ന സ്ഥലത്താകുന്നു. നിൽക്കണ്ടയിൽനിന്നു ഒഴിഞ്ഞ കപ്പലുകൾ സാമാനം കയറുവാൻ വന്നുനില്ക്കുന്നതു ഈ അഴിമുഖത്തു കരയിൽനിന്നു കുറെ ദൂരത്തായിട്ടാണ്. പുഴയിൽ കിടക്കുന്ന പാറകൾ നിമിത്തം ഗതാഗതത്തിന്നു കുറെ ഉപദ്രവമുണ്ട്. വലിയ കപ്പലുകൾക്കും ഈ തുറമുഖത്തുവന്നു നിൽക്കാം. കുരുമുളക മുതലായ ചരക്കുകളാണു ഇവിടെനിന്നു കയററുന്നത്. ഇവിടെ ഇറക്കുന്നതു അനവധി നാണയങ്ങൾ, ടോപ്പസ്സ എന്ന കല്ലുകൾ, വെള്ളശ്ശീലകൾ, പവിഴം, ഗ്ലാസ്സ മുതലായവയുമാണ്. കുരുമുളകിന്നു 'കോട്ടോനാരക്കൻ' എന്നാണു സാധാരണ ഇവിടെപ്പറയുന്നത്. അതുണ്ടാകുന്ന സ്ഥലം അടിസ്ഥാനമായിട്ടാണ് ഈ പേരുണ്ടായിട്ടുള്ളത്. ചിപ്പി, പട്ടുകൾ, ദന്തം, വൈരക്കല്ലുകൾ, മററു പല രത്നങ്ങൾ, സ്വർണ്ണം ഇവയും ഇവിടുന്നു കയററുന്ന സാമാനങ്ങളായിട്ടുണ്ട്."

മേൽക്കാണിച്ച വിദേശിയരേഖക

(1) തമിഴ്‌രാജ്യത്തിന്നു ഗ്രീക്കുകാർ പറഞ്ഞിരുന്ന പേരാണു ഡിമൂറിക്ക എന്നത്. ദമിഡഭിക്കിന്റെ അപഭ്രംശം.

(2) സ്റ്റഡിയ എന്നതു ഗ്രീക്കുകാരുടെ ഒരളവാണ്. ഒരു സ്റ്റഡിയക്കു 606 അടി 9 അംഗുലമാണത്രെ.

ളിൽ പറയുന്ന സ്ഥലങ്ങൾ ഇന്നിന്നതാണെന്നു നല്ല തെളിവുകൂടാതെ തീർച്ചപ്പെടുത്തുവാൻ യാതൊരു നിവൃത്തിയുമില്ലെന്നു സ്പഷ്ടമാണല്ലോ. "മുസിരിസ്സ് എന്നതു മാത്രം പല കാരണങ്ങളാലും 'മുയിരിക്കോട്ട്' എന്നു ഭാസ്കരരവിവർമ്മപ്പട്ടയത്തിലും അടുത്തകാലംവരെ ജനങ്ങളുടെയിടയിലും പേർ പറഞ്ഞു വന്നിരുന്നതും അഴീക്കോടിന്നടുത്തുള്ളതുമായ തിരുവഞ്ചിക്കുളത്തെ തുറമുഖമാണെന്നു നിസ്സംശയമായി തീർച്ചപ്പെടുത്താം. 'തിണ്ടീസ്' എന്നതു കൊയിലാണ്ടിക്കു സമീപമുള്ളതും പുരാതനഗ്രന്ഥങ്ങളിൽ വളരെ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളതുമായ 'തൊണ്ടി' എന്ന പ്രദേശവും, 'മൊദൂര' എന്നതു മധുരയുമാണെന്നൂഹിക്കാം. കേലബോത്രനും കേപ്രബോത്രനും 'കേരളപുത്രൻ' എന്നതിന്റെ വികൃതരൂപമാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. പതാലെ, ബെകര, ബേരക, നീചിണ്ടോൻ, കോട്ടൊനാര, വപോറ, നെൽക്കണ്ട, വെള്ള ഈ വക ശബ്ദങ്ങൾ ഏതേതിന്റെ വികാരങ്ങളാണെന്നൂഹിപ്പാൻ തക്കതായ യുക്തി യാതൊന്നും കാണുന്നില്ല. ശബ്ദസാദൃശ്യം മാത്രം അടിസ്ഥാനമാക്കി ചിലർ ഈ ശബ്ദങ്ങൾക്കു സ്ഥലനിർണ്ണയം ചെയ്തിട്ടില്ലെന്നില്ല. 'പതാലെ' എന്നതു കൊയിലാണ്ടിക്കടുത്ത പന്തലായനിക്കൊല്ലം; പ്ലിനിയുടെ ബേരകയും പെരിപ്ലസ്സിലെ ബെകരയും ഒന്നുതന്നെ; അതു തെക്കൻ കോട്ടയത്തിന്നു സമീപമുള്ള വയ്ക്കര എന്ന പ്രദേശവുമാണ്. ആ വയ്ക്കര ഇപ്പോൾ കടൽക്കരയ്ക്കടുത്തല്ലെങ്കിലും മുൻകാലങ്ങളിൽ കടൽ അതുവരെയുണ്ടായിരുന്നുവെന്നും ഇപ്പോൾ ആ പ്രദേശത്തിന്നും സമുദ്രത്തിന്നും ഇടയിൽ കാണുന്ന കരയും കായലുമെല്ലാം പിൽക്കാലങ്ങളിൽ കടൽ കഴിച്ചുവിട്ടതാണെന്നും ഊഹിക്കാവുന്നതുമാണ്. പ്ലിനി നീചിണ്ടോൻ എന്നു പറയുന്നതിനെത്തന്നെയാണു പെരിപ്ലസ്സിൽ നിൽക്കണ്ട എന്നു പറഞ്ഞിട്ടുള്ളത്. അതു തെക്കൻ കോട്ടയത്തിന്നു സമീപം 'നീർക്കണ്ഡം' എന്നോ മറ്റോ പറയുന്ന ദിക്കോ തെക്കൻകൊല്ലത്തിന്നടുത്തുള്ള 'കല്ലട' എന്ന ദിക്കോ ആയിരിക്കണം. കൊട്ടോനാര എന്നു പറഞ്ഞിട്ടുള്ള സ്ഥലം കോട്ടാർക്കരയായിരിക്കാം. കുട്ടനാട് എന്നതിന്റെ വികൃതരൂപമാണെന്നും വരാം. വെള്ള എന്നതു വടകരയ്ക്കടുത്തുള്ള 'വെള്ളിയാങ്കല്ല്' എന്ന ബലിപ്പാറയാവാം. കണ്ണാടക്കരയിലുള്ള ചോണോവരയോ കോട്ടപ്പുഴക്കരയിലുള്ള പുതുപ്പട്ടണമോ ആവാനും സംഗതിയുണ്ട്." ഈ മാതിരിയിലാണു കാരോത്തർ ആ വക ശബ്ദങ്ങളുടെ അർത്ഥം വിവരിച്ചുകാണുന്നത്. പക്ഷേ ഇതുപോലെതന്നെ 'ബേകര' എന്നതു തെക്കൻകൊല്ലത്തുള്ളതും സംസ്കൃതത്തിൽ 'വേഗവതി' എന്നു പറഞ്ഞുകാണുന്നതുമായ 'വേകയാർ' ആണെന്നോ മധുരയുടെ സമീപത്തിൽക്കൂടി ഒഴുകുന്നതും പാണ്ടിരാജ്യത്തിലുൾപ്പെട്ടതുമായ 'വേകൈയാറ്' എന്ന നദിയാണെന്നോ പറവാനും വിരോധമില്ല. നിൽക്കണ്ട എന്നതും നീണ്ടകര എന്ന ദിക്കാവാം. കൊട്ടോനാര എന്നു പറഞ്ഞിട്ടുള്ളതു കോട്ടാറു എന്ന പ്രദേശമോ 'കൊല്ലക്കടയാറു' എന്നതിന്റെ ചുരുക്കമായ 'കൊൽക്കടയാ

റു് എന്ന സ്ഥലമോ അതുപോലെ പേരിന്നു ഛായയുള്ള മററു വല്ല സ്ഥലമോ ആണെന്നും പറയാവുന്നതാണ്. വിശ്വാസയോഗ്യമല്ലെന്നുള്ള സംഗതി എല്ലാററിന്നും തുല്യവുമാണ്. രാജ്യത്തിന്റെ അതിരുകളും അതിലധികം വിശ്വാസയോഗ്യമല്ലാതെയാണിരിക്കുന്നതും. പ്രസംഗവശാൽ ഒരു സംഗതികൂടി ഇവിടെ പ്രസ്താവിക്കേണ്ടതായിക്കാണുന്നു. വിദേശിയ പുസ്തകങ്ങളിൽ കാണുന്ന മേൽപ്പറഞ്ഞ ശബ്ദങ്ങൾക്കു മേൽ കാണിച്ചപ്രകാരം ചില അർത്ഥങ്ങൾ സങ്കല്പിച്ച് അതടിസ്ഥാനമാക്കിപ്പിടിച്ചുംകൊണ്ടു സ്വദേശീയ പുസ്തകങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ള അസംഖ്യം സംഗതികൾക്കു വിരുദ്ധമായ വിധത്തിൽ 'മലബാർ ഗസററിയർ' എന്ന പുസ്തകത്തിലും മററും ചെങ്ങുട്ടവപ്പെരുമാൾ രാജ്യഭാരം ചെയ്തിരുന്ന അക്കാലത്തെ ചേരരാജ്യത്തിന്റെ അതിരു നിശ്ചയിക്കുകയും ആ രാജ്യം ഇപ്പോഴത്തെ കുറുമ്പറനാട്ടുതാലൂക്കിൽപ്പെട്ട കോട്ടപ്പുഴ മുതൽ തിരുവിതാംകൂറിൽ കോട്ടയത്തിന്നു സമീപമുള്ള വസ്തുരവരെയോ പരമാവധി തെക്കൻകൊല്ലം വരെയോ മാത്രമായിരുന്നുവെന്നഭിപ്രായപ്പെടുകയും ചെയ്തുകാണുന്നതു ഭ്രമംകൊണ്ടോ നോട്ടക്കുറവുകൊണ്ടോ പററിപ്പോയ അബദ്ധമാണെന്നുതന്നെ നിസ്സംശയം തീർച്ചപ്പെടുത്താവുന്നതാണ്. ചെങ്ങുട്ടവപ്പെരുമാളുടെ കാലത്തിന്നടുത്ത കാലമായ കലി 33-ാംവർഷശതകത്തിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന 'ടോളമി' എന്ന വിദേശിയ ഗ്രന്ഥകാരൻ ഡിമുറിക്കിലെ തുറമുഖങ്ങളുടെയും പട്ടണങ്ങളുടെയും ചില പേരുകളായിക്കാണിച്ചിട്ടുള്ള 'കരൌര, ബ്രമഗര, പാല്യൂര, പോടപ്പെരൌര, സെമൻ, കൊരിയാര്' എന്ന ശബ്ദങ്ങളുടെ സ്ഥിതിയും മിക്കതും മേൽപ്പറഞ്ഞവിധം അസ്പഷ്ടംതന്നെയായിട്ടാണിരിക്കുന്നത്. എന്നാൽ കരൂർ എന്ന പേർ വഞ്ചിപട്ടണത്തിന്നുണ്ടായിരുന്നതായി തമിഴ് പുസ്തകങ്ങളാൽ തെളിയുന്നതുകൊണ്ടും കൊടുങ്ങല്ലൂർ കരയുടെ അവസാനത്തിലുള്ള വടക്കേക്കരയ്ക്കു 'കരൂർപ്പടന്ന' എന്ന പേർ ഇക്കാലത്തും ഉള്ളതുകൊണ്ടും 'കരൌര കേറൊബോത്രന്റെ തലസ്ഥാനനഗരമാണെ'ന്നു ടോളമി പറയുന്നതുകൊണ്ടും ആ കരൌര കരൂർ എന്നതിന്റെ വികാരമാണെന്നു യുക്തിയുക്തമായിത്തന്നെ വിചാരിക്കാം. ബ്രമഗര, പാല്യൂര, എന്ന സ്ഥലങ്ങൾ പൊന്നാനിത്താലൂക്കിലുൾപ്പെട്ട ബ്രഹ്മകുളവും പാലിയൂരുമാണെന്നുറപ്പിക്കുന്നതും വളരെത്തെററാൻ വഴിയില്ല. മറെറല്ലാം തീരെ അസ്പഷ്ടങ്ങളും മുൻപറഞ്ഞ വർഗ്ഗത്തിൽ പെടുന്നവയും തന്നെയാണ്. എങ്കിലും ചെങ്ങുട്ടവപ്പെരുമാളുടെ കാലത്ത് അസംഖ്യം യവനക്കപ്പലുകളും മററും കേരളത്തിൽ വന്നു കച്ചവടം നടത്തിയിരുന്നുവെന്നും രാജ്യം സമ്പൽസമൃദ്ധമായിരുന്നുവെന്നും തീർച്ചപ്പെടുത്തുന്ന കാര്യത്തിൽ ആ വക വിദേശിയരേഖകളും ഉത്തമലക്ഷ്യങ്ങളായിത്തന്നെ പ്രകാശിക്കുന്നുണ്ട്.

ചെങ്കുട്ടവപ്പെരുമാൾ 'ഇളങ്കോവെണ്മാൾ' എന്ന പേരായ കന്യകയെയാണ് വിവാഹംചെയ്തത്. ആ രാജ്ഞിയുടെ അപേക്ഷപ്രകാരമാണ് കൊടുങ്ങല്ലൂർ ഭഗവതിയെ പ്രതിഷ്ഠിച്ചിട്ടുള്ളതെന്നും കാണുന്നുണ്ട്. ഈ 14-ാം പെരുമാൾ 55 സംവത്സരം ഉൽകൃഷ്ടനിലയിൽ രാജ്യഭാരം ചെയ്തതിന്നുശേഷം കലി 3226-ൽ പരലോകം പ്രാപിച്ചു

പിന്നെ അദ്ദേഹത്തിന്റെ മകൻ 'കോതവർമ്മൻചേരമാൻ ഇട്ടാം കുട്ടവൻ' പെരുമാൾ രാജ്യം ഭരിച്ചുതുടങ്ങി. ഇദ്ദേഹം പത്തുവത്സരത്തോളം സമാധാനത്തോടെ കേരളം ഭരിച്ചുവെന്നുമാത്രമല്ലാതെ മറ്റൊരുവിവരവും കാണുന്നില്ല.

3236-ൽ അദ്ദേഹത്തിന്റെ മകൻ 'അനക്കാൾച്ചമാന്തരൻചേരമാനിരുമ്പോറ്' (1) എന്ന പെരുമാൾ സിംഹാസനാരൂഢനായി. ഇദ്ദേഹവും പാണ്ഡ്യൻ രണ്ടാം നെടുഞ്ചേഴനുമായി പലതവണ യുദ്ധമുണ്ടായി. ആ യുദ്ധങ്ങൾക്കിടയിൽ ഒരിക്കൽ പാണ്ഡ്യരാജാവ് ഈ പെരുമാളെപ്പിടിച്ചു ബന്ധനത്തിലാക്കി. അതു കേട്ട് കേരളത്തിലുണ്ടായിരുന്ന സാമന്തരാജാക്കന്മാരും പ്രഭുക്കന്മാരും എല്ലാം കൂടിച്ചേർന്നു ചെന്നു പാണ്ഡ്യനോടെതിർത്തു വല്ലാതെ ശല്യപ്പെടുത്തിയതിനാൽ പെരുമാൾക്കു ബന്ധനം വിട്ടുപോരുന്നതിനും പാണ്ഡ്യരാജ്യത്തിൽ പല ഭാഗങ്ങളും പിടിച്ചടക്കുന്നതിനും സാധിച്ചു. 'ഐങ്കുറുനൂർ' എന്ന തമിഴ് ഗ്രന്ഥം ഇദ്ദേഹത്തിന്റെ ഉപദേശപ്രകാരം 'കൂടല്ലൂർ കിഴാർ' എന്നപണ്ഡിതൻ സംഗ്രഹിച്ചു രൂപപ്പെടുത്തിയതാണെന്നു കാണുന്നുണ്ട്: ഈ പെരുമാൾ എത്ര കാലമാണ് രാജ്യം ഭരിച്ചിട്ടുള്ളതെന്നറിവാൻ നിവൃത്തികാണുന്നില്ല.

ഇങ്ങിനെ കലി 33-ാം വർഷശതത്തിന്റെ പൂർവ്വാർദ്ധം വരെയായി ഏകദേശം മൂന്നേകാൽ വർഷശതകത്തോളം കാലം കേരളം വാണിരുന്ന പതിനഞ്ചു പെരുമാക്കന്മാരെപ്പറ്റി മാത്രമേ കാലവും ക്രമവും അറിവാൻ വേണ്ട തെളിവുകൾ കാണുന്നുള്ളു. വിവരം അറിയാവുന്ന ഈ പെരുമാക്കന്മാരുടെ വാഴ്ചക്രമവും കാലവും അവരുടെ സമകാലികന്മാരാണെന്നു കാണുന്ന കവികളുടെ പേരും ചുരുക്കത്തിൽ മറുഭാഗത്തു ചേർക്കുന്നു:—

(1 ആനയുടെ നോട്ടം പോലെ ഗംഭീരമായ നോട്ടവും ഗംഭീരസ്വരവും നിമിത്തം ഉണ്ടായ ഒരു പേരാണിത്.

ലേഖകന്മാരോട്!

ഞങ്ങൾക്കു ഒരപേക്ഷയുണ്ട്. വളരെ വിസ്തരിച്ചും അധികം ലക്കങ്ങളിൽ തുടർച്ചയായിച്ചേർക്കത്തക്കവിധം ദീർഘിപ്പിച്ചും എഴുതുന്നത് അസൗകര്യമാണ്. അതാതു ലക്കങ്ങളിൽത്തന്നെ അവസാനിക്കുന്ന ലേഖനങ്ങളാണാവശ്യം. ദീർഘിപ്പിക്കാതെ നിവൃത്തിയില്ലാത്ത ചില ലേഖനങ്ങളുടെ കാര്യത്തിൽ മാത്രം ഭേദഗതി ചെയ്യാവുന്നതാണ്. പുറമെ, മുമ്പും പിമ്പും കൂട്ടിച്ചേർക്കുവാൻ നിവൃത്തിയില്ലാത്തവിധം എട്ടു പരിലേഖനങ്ങൾ ചേർക്കുന്നതും കഴിയുന്നത്ര ചുരുക്കിയാൽ കൊള്ളാം. (മാ. പ)

| വംശക്രമം | പെരുമാക്കന്മാർ | വാണ കാലം കലിവർഷം | കവികൾ |
|---|---|---|---|
| 1 | ഉദയൻബാണവർമ്മനാതൻ | 2918 — 2980 | മുടിനാകരായൻ |
| 2 | ഇളയവർമ്മൻ നെടുഞ്ചേരലാതൻ | 2980 — 2988 | കുമട്ടൂർകണ്ണനാർ |
| 3 | ഗജപതിചെൽകെഴ കുട്ടുവനാതൻ | 2988 — 3013 | പാലയിൽ ഗൌതമനാർ |
| 4 | ബാണവർമ്മൻ നാർമുടിച്ചേരനാതൻ | 3013 — 3038 | കാപ്പിയനാർ |
| 5 | അന്തുവൻചേരമാൻ | 3038 — 3052 | മുടമോശിയാർ |
| 6 | വാഴിയാതൻ | 3052 — 3077 | കപിലർ |
| 7 | പെരുഞ്ചേരലിരുമ്പൊറ | 3077 — 3094 | അരിശിൽകിഴാർ |
| 8 | ഇളഞ്ചേരലിരുമ്പൊറ | 3094 — 3110 | പെരുങ്കുന്നൂർ കിഴാർ |
| 9 | കടക്കോനെടുഞ്ചേരനാതൻ | 3110 — 3113 | (1) പരണർ I (2) കഴാത്തലയാർ |
| 10 | നാട്ടുകൊർമ്പാട്ടുച്ചേരനാതൻ | 3113 — 3151 | കാക്കപ്പാട്ടിനിയാർ |
| 11 | പെരുഞ്ചേരനാതൻ | 315 — 3156 | (1) കഴാത്തലയാർ (2) വെണ്ണിക്കയത്തിയാർ |
| 12 | ബാണവർമ്മൻ നെടുഞ്ചേരനാതൻ | 3156 — 3171 | |
| 13 | ഇമയവർമ്മൻ ചെങ്കുട്ടുവൻ | 3171 — 3225 | പരണർ II എന്നാൽ വമ്പരണർ |
| 14 | കോതവർമ്മൻ കുട്ടുവൻ | 3226 — 3288 | (1) വമ്പരണർ (2) മധുരകുമരനാർ |
| 15 | ആനക്കാർചൈമാന്താൻ ചേരമാൻ | 3286 | കുറുങ്കോഴിയൂർകിഴാർ |

ഇതിൽ പത്താമത്തെ പെരുമാളായ നാട്ടുകൊർമ്പാട്ടുച്ചേരനാതൻ 28 സംവത്സരമാണ് രാജ്യം വാണത് എന്നും ഒരു പക്ഷം കാണുന്നുണ്ട്. ആ പക്ഷത്തിൽ 13-ാം പെരുമാളായ ചെങ്കുട്ടുവന്റെ രാജ്യഭാരകാലം അടിസ്ഥാനമാക്കി മുൻപറഞ്ഞ വിധം നോക്കുമ്പോൾ പെരുമാൾവാഴ്ചയുടെ ആരംഭകാലം കലി 2918-ാം വത്സരമായിട്ടല്ല 2928-ാം വത്സരമായിട്ടാണ് വിചാരിക്കേണ്ടതെന്നു സ്പഷ്ടമാണല്ലോ. കാലക്രമം അറിവാൻ നിവൃത്തി കാണാത്തതെയും ചില പെരുമാക്കന്മാരുണ്ട്. അവരെപ്പറ്റി അടുത്ത അവസരത്തിൽ പ്രസ്താവിക്കാം.

എ. കൃഷ്ണപിഷാരടി

# കവളപ്പാറ കൊട്ടാരത്തിലെ കല്ലറ.

ക്രിസ്താബ്ദം 1700-ാമാണ്ട്. ഉദ്യോഗികളും സ്വാർത്ഥപരന്മാരുമായ ലന്തക്കാരുടെ പിരട്ടിൽപ്പെട്ട സാമൂതിരിപ്പാടും കൊച്ചിത്തമ്പുരാനും തമ്മിൽ മത്സരിക്കുന്ന കാലം. കൊച്ചിയും കോഴിക്കോടും സൈന്യങ്ങൾ കണ്ട ദിക്കിലൊക്കെ വെച്ചു ശണ്ഠകളും യുദ്ധങ്ങളും നടത്തുന്നു. സാമൂതിരിപ്പാട്ടിലെ ഒരു വമ്പിച്ച സൈന്യം ഭാരതപ്പുഴ കടന്നു കൊച്ചിയെ ആക്രമിപ്പാനുള്ള ഒരുക്കം ചെയ്തുവരുന്നു. എടപ്രഭുക്കന്മാരൊക്കെ തങ്ങളുടെ രാജാക്കന്മാർക്കുവേണ്ട ആൾക്കാരേയും യുദ്ധസാമഗ്രികളേയും ഒരുക്കിക്കൊടുക്കുന്നു. തൃപ്പൂണിത്തുറ കോവിലകത്തു തമ്പുരാക്കന്മാരെ പാരമ്പര്യമായി ആയുധാഭ്യാസം ശീലിപ്പിക്കുന്ന പേരാറുപുറത്തു പണിക്കർ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തിരുവെഴുത്തുംകൊണ്ടു കവളപ്പാറ നായരെ കാണ്മാൻ ചെന്നിരിക്കുന്നു.

നാട്ടുകാരുടെയും പടയാളികളുടേയും അഭിപ്രായത്തോടു യോജിച്ചു സാമൂതിരിപ്പാട്ടിലെ സഹായിക്കുന്ന ആളാണെങ്കിലും, ഉള്ളുകൊണ്ടു കൊച്ചിത്തമ്പുരാന്റെ പേരിൽ ഒരു ബഹുമാനവും സ്നേഹവും ഉണ്ടായിരുന്ന കവളപ്പാറ നായർ വിചാരിച്ചാൽ വടക്കുനിന്നുള്ള സാമൂതിരിപ്പാട്ടിലെ മുഷ്കിന്നു അല്പം ശാന്തതയുണ്ടാവുമെന്നും, അങ്ങിനെയായാൽ പടിഞ്ഞാറുഭാഗത്തു സാമൂതിരി സ്വരൂപിച്ചിട്ടുള്ള സൈന്യങ്ങളോടെതിർപ്പാൻ മതിയായ ശക്തി കൂട്ടുവാൻ സൌകര്യമുണ്ടെന്നും ആയിരുന്നു കൊച്ചിയിലെ തന്ത്രജ്ഞന്മാരുടെ അഭിപ്രായം. സാമൂതിരിയുടെ ആൾക്കാർ എപ്പോഴും ഉപദേശകന്മാരായും പരിചാരകന്മാരായും ഇരിക്കുന്ന കവളപ്പാറ നായരെ തനിയെ കണ്ടു തമ്പുരാൻതിരുമനസ്സിലെ എഴുത്തു കൊടുക്കുകയെന്നതു അത്ര എളുപ്പത്തിൽ സാധിക്കയില്ലെന്നു പേരാറുപുറത്തു പണിക്കർക്കു നല്ല ബോദ്ധ്യവുമുണ്ട്. എന്നാലും, തന്നെ കവളപ്പാറക്കാർ കണ്ടറികയില്ലെന്നുള്ള ബോധത്തോടും തന്റെ വേഷപ്പകർച്ച അത്ര വേഗത്തിൽ മനസ്സിലാക്കുവാൻ സാധിക്കയില്ലെന്നുള്ള വിശ്വാസത്തോടുംകൂടി, കവളപ്പാറ എജമാനനെ കാണ്മാൻ വന്നുകൂടിട്ടുള്ള അനേകം ആളുകളുടെ കൂട്ടത്തിൽ പണിക്കരും ഒരു സ്ഥലം പിടിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ നായരുടെ പരിചാരകന്മാരിലൊരാൾ, അവിടെ വന്നിട്ടുള്ളവരാരൊക്കെയാണെന്നും എന്തു കാര്യത്തിന്നാണ് വന്നിട്ടുള്ളതെന്നും അറിവാൻ ശ്രമിക്കുന്ന കൂട്ടത്തിൽ പണിക്കരുടേയും അരികത്തെത്തി.

പണിക്കർ— എനിക്കെജമാനനോടു സ്വകാര്യമായി ചിലതു പറയാനുണ്ടായിരുന്നു.

പരിചാരകൻ— എജമാനൻ ആരേയും ഇപ്പോൾ സ്വകാര്യമായി കാണാറില്ല. അദ്ദേഹത്തിന്നു വിശ്വസ്തന്മാരായ ചിലർ എപ്പോഴും കൂടെയുണ്ടായിരിക്കും.

പണി— എന്നാൽ എനിക്കു പറയാനുള്ളത് അദ്ദേഹത്തിന്റെ ചെവിയിൽ മാ

ത്രം കേൾപ്പിക്കാവുന്ന ഒരു കാൎയ്യമാണല്ലൊ.

പരി— എജമാനൻെറ ചെവിയിൽമാത്രം കേൾക്കത്തക്കതായി ഒരു കാൎയ്യവും ലോകത്തിലില്ലെന്നാണ് അവിടുത്തെ നിശ്ചയം. എങ്കിലും മുമ്പിലെത്തിയാൽ പിന്നെയുള്ള കാൎയ്യമൊക്കെ നിങ്ങളുടെ സാമൎത്ഥ്യംപോലെയിരിക്കും.

ഇത്രയും പറഞ്ഞു പരിചാരകൻ അകത്തേയ്ക്കു പോയി. പലതരക്കാരും പല ആവശ്യക്കാരുമായ പല ജനങ്ങളും ഓരോരുത്തരായി അകത്തു ചെന്നു നായരെക്കണ്ടു പല മുഖവികാരങ്ങളോടുകൂടി മടങ്ങുന്നുണ്ടായിരുന്നു. അതെല്ലാം കണ്ടുംകൊണ്ടിരിക്കുന്ന പണിക്കൎക്കു നായർ സാമാന്യം കോപിച്ചിരിക്കുന്ന സമയമാണെന്നു തന്നെ ഊഹിപ്പാൻ വളരെ പ്രയാസം വേണ്ടിവന്നില്ല. ഇങ്ങിനെയുള്ള ഒരു സമയത്തു നായരെ കാണുന്നതും തൻെറ ആവശ്യങ്ങൾ പറഞ്ഞു ധരിപ്പിക്കുന്നതും ഉചിതമല്ലെന്ന ബോദ്ധ്യവും പണിക്കൎക്കു വന്നു. എന്നാൽ ഈയൊരവസരം തെറ്റിയാൽ ഇനിയെപ്പോഴാണ് നായരെ കാണുവാൻ അവസരം കിട്ടുക എന്ന ഭയവും അപ്പോൾത്തന്നെ തോന്നി. ഒരു സമയം നായർ പിറ്റേ ദിവസം കോഴിക്കോട്ടേയ്ക്കു പോകുവാനിടയുണ്ടെന്നുള്ള സംസാരം കേൾക്കാനുണ്ടായിരുന്നു. എന്നാൽ അടുത്ത അവസരത്തിലൊന്നും തനിക്കു കാണ്മാനും കാൎയ്യങ്ങൾ പറയാനും സാധിക്കയില്ലെന്നും തോന്നി. ഇങ്ങിനെ പണിക്കർ ഓരോ ആലോചനകളിൽ മുങ്ങിയിരിക്കുന്നതിലിടയ്ക്കു നായരുടെ മുമ്പാകെ ചെല്ലുവാനുള്ള അനുവാദവും കിട്ടി.

ചില പ്രമാണികളും, നമ്പൂതിരിമാരും, കാൎയ്യസ്ഥന്മാരും, ഗുമസ്തന്മാരും മററുമായി പതിരുപതാളുകളുടെ മദ്ധ്യത്തിൽ ഇരിക്കുന്ന നായരുടെ മുമ്പിലാണ് പണിക്കർ ചെന്നത്.

നായർ — എന്താ പേര്?

പണിക്കർ— രാമപ്പണിക്കർ.

നായർ — പണിക്കൎക്കു വിശേഷിച്ചു വല്ലതും പറയാനുണ്ടോ?

പണി— എനിക്കു പറയാനുള്ളത് ഇവിടുന്നു മാത്രമേ കേൾക്കാവൂ എന്നു മോഹമുണ്ട്.

നായർ — ഓഹോ! പണിക്കൎക്കാണോ കുറച്ചു സ്വകാൎയ്യം പറയാനുണ്ടെന്നിപ്പോൾ പറഞ്ഞുകേട്ടത്? ശരി. എന്നാലിവരൊക്കെ എൻെറ സ്വന്തം ആൾക്കാരാണ്. ഞാൻ കേൾക്കുന്നതും ഇവർ കേൾക്കുന്നതും ഫലംകൊണ്ട് ഒന്നുതന്നെയാണ്. അതുകൊണ്ടിപ്പോൾ ഞാൻ മാത്രമേ ഇവിടെയുള്ളു എന്നു വിചാരിച്ചാൽ മതി. പരിഭ്രമിക്കാതെകണ്ടു പണിക്കൎക്കു പറയാനുള്ളതു വേഗം പറയൂ.

പണിക്കരും നായരുമായിട്ടുള്ള ഈ സംവാദം ആ മുറിയിൽ മുക്കിലും മൂലയ്ക്കലുമായി സ്വകാൎയ്യം പറയുന്നവരെക്കൂടി ഇങ്ങോട്ടാകൎഷിച്ചു. പണിക്കൎക്കു പരിഭ്രമമായി. താൻ കൊണ്ടുവന്നിട്ടുള്ള എഴുത്തു കൊടുക്കുന്നതു എത്ര ഗോപ്യമായി ചെയ്യാൻ കഴിയുമോ അത്രത്തോളം ഗോപ്യമായിരിക്കേണമെന്നുള്ള മോഹമുണ്ടായിരിക്കുകയും അതിന്നിസ്സു തീരെ യോജിക്കാതിരിക്കയും ചെയ്തപ്പോൾ പണിക്കൎക്കു പരിഭ്രമമുണ്ടായതിൽ ആശ്ചൎയ്യമില്ലല്ലൊ.

പണിക്കർ ചോദ്യത്തിന്നു മറുവടി

പറയുവാൻ താമസിച്ചതു കണ്ടപ്പോൾ നായൎക്കു കോപം ജ്വലിച്ചു എന്നുള്ളതു വ്യക്തമായി. അതുകൊണ്ടു പണിക്കർ താൻ മടിയിൽ വെച്ചിരുന്ന എഴുത്തെടുത്തു നായരുടെ കയ്യിൽ കൊടുക്കുവാൻ അധികം താമസിച്ചില്ല. കത്തു കിട്ടിയ ഉടനെ നായർ ഒന്നാമതു നോക്കിയതു് അതാരയച്ച കത്താണെന്നാണു്. സാമൂതിരിപ്പാട്ടിലേക്കു സഹായമായി നില്ക്കുന്ന ഒരു പ്രഭുവിന്റെ ഭവനത്തിൽ സാമൂതിരിപ്പാട്ടിലെ ആൾക്കാർ നിറഞ്ഞ ഒരു സദസ്സിൽ കൊച്ചിത്തമ്പുരാന്റെ കത്തുംകൊണ്ടു് ഒരാൾ വരുമെന്നു സ്വപ്നത്തിൽപ്പോലും വിചാരിപ്പാൻ നായൎക്കവകാശമുണ്ടായിരുന്നില്ല. അതുകൊണ്ടു്, ഇന്നാളാണു് കത്തയച്ചതെന്നു മനസ്സിലായപ്പോൾ നായൎക്കുണ്ടായ പരിഭ്രമവും മനോവികാരങ്ങളും കുറച്ചൊന്നുമായിരുന്നില്ല. ആ കത്തു് ഒളിച്ചുവെക്കുവാൻ നായർ അല്പനേരം ശ്രമിച്ചുവെങ്കിലും ഇല്ലെങ്കിലും, ഒടുവിൽ ആ കത്തു കയ്യിൽ പിടിച്ചു ദീൎഘമായി കുറച്ചുനേരം ആലോചിക്കുകയാണുണ്ടായതു്. എന്നിട്ടു കത്തു വീണ്ടും ഒന്നു വായിച്ചു അടുക്കെ നില്ക്കുന്നവരോടു പറഞ്ഞു:—

'ഈ സ്വകാൎയ്യക്കത്തു് ആരുടെയാണെന്നാണു് നിങ്ങൾ വിചാരിക്കുന്നതു്? മാറാരുടേതുമല്ല. കൊച്ചിത്തമ്പുരാന്റേതാണു്? ഞാൻ സാമൂതിരിപ്പാട്ടിലെ ഭാഗം വിട്ടു അവിടുത്തെ സഹായിക്കണം. എന്നാൽ അവിടുത്തെ രക്ഷയും സഹായങ്ങളും എനിക്കുണ്ടാവും. അല്ലെങ്കിൽ അവസരം കിട്ടുമ്പോൾ അവിടുന്നു് എന്നെ നശിപ്പിക്കുകയും ചെയ്യും. കവളപ്പാറ സ്വരൂപക്കാരെ ഭീഷണിപ്പെടുത്തി പാട്ടിലാക്കാമെന്നായിരിക്കാം കൊച്ചിത്തമ്പുരാൻ വിചാരിക്കുന്നതു്.'

ഇങ്ങിനെ പറഞ്ഞു നായർ കുറച്ചു നേരം മിണ്ടാതെയിരുന്നു. നായരുടെ ഈ വാക്കു് ആ സദസ്സിലുണ്ടാക്കിത്തീൎത്ത ക്ഷോഭത്തിന്നു് ഒരു കയ്യും കണക്കുമില്ല. നായർ വീണ്ടും പറഞ്ഞു:—

'ഇങ്ങിനെ ഒരാഗ്രഹം കൊച്ചിത്തമ്പുരാനുണ്ടാവാനെന്താ കാരണം? എന്നെപ്പോലെയുള്ള ഒരു സ്വരൂപിക്കു് ഇപ്രകാരം ഒരു കത്തയയ്ക്കാൻ ധൈൎയ്യപ്പെട്ടതെങ്ങിനെ? കൊച്ചിയിലുള്ള സ്വാമിദ്രോഹികളായ ചില പ്രഭുക്കന്മാരെപ്പോലെയാണു് ഞാനുമെന്നാണോ തമ്പുരാൻ വിചാരിച്ചതു്? ഈ കത്തിനേയും കത്തുകൊണ്ടുവന്ന ആളെയും ഞാൻ ഏതുപ്രകാരമാണു് സ്വീകരിക്കുന്നതെന്നു കാണുമാറുള്ള സാക്ഷികൾ നിങ്ങളുണ്ടല്ലോ.'

സദസ്യരിൽ ഒരു വൃദ്ധൻ— എജമാനനു വന്നുചേരുന്ന ഇത്തരം അപവാദങ്ങളെ പരിഹരിക്കുവാൻ ഞങ്ങൾ തെയ്യാറുണ്ടു്.

ഈ അഭിപ്രായത്തെ സദസ്യരെല്ലാവരും അംഗീകരിച്ചു. കോപാന്ധനായ നായർ വളരെ ഉച്ചസ്വരത്തിൽ പണിക്കരോടായി ഇപ്രകാരം പറഞ്ഞു:—

'ഇങ്ങിനെ ഒരു കത്തുംകൊണ്ടു കവളപ്പാറെ വരുവാൻ ധൈൎയ്യപ്പെട്ട താനാരാണു്? ഇതിന്നു പുറപ്പെടുന്നതിന്നു മുമ്പായി താനും തന്റെ ബുദ്ധിയും തമ്മിൽ വേർപിരിഞ്ഞിട്ടുണ്ടാവണം.'

പണിക്കർ— ഞാനിവിടെയല്ല എവിടെയും ഈശ്വരന്റെ രക്ഷയിലാണിരിക്കുന്നതു്. വാഗ്ദത്തം ചെയ്തപ്രകാരം

ഞാൻ പ്രവൎത്തിച്ചവെന്നേയുള്ളു. മറെറാന്നും ഞാനിപ്പോൾ ആലോചിക്കുന്നില്ല.

നായർ— ഇനി തനിക്ക് ഈ ജീവദശയിൽ ഒന്നും ആലോചിക്കേണ്ടിവരില്ല. ആലോചനകളൊക്കെ ഇപ്പോൾത്തന്നെ കഴിച്ചുകളയാം— എടോ ആരവിടെ? നാലു നായന്മാരെ വിളിക്കുക— തനിക്കിനി വല്ലതും പറയാനുണ്ടോ?

പണിക്കർ— എനിക്കൊന്നും പറയാനില്ല.

നായർ— എന്നാൽ ചിലതു ചെയ്യാനുണ്ട്— ഇയ്യാളുടെ കൈ പിടിച്ചു കെട്ടുക.

ഇതു പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും നാലു നായന്മാർ പണിക്കരെ കടന്നുപിടിച്ചു കഴിഞ്ഞു. അവർ അവരുടെ കൎത്തവ്യകൎമ്മം ചെയ്തതുകൊണ്ട് അവരോടെതിൎപ്പാൻ പണിക്കർ ഉത്സാഹിച്ചില്ല. യഥാൎത്ഥത്തിൽ പോരാട്ടത്തിനല്ലല്ലോ വന്നിട്ടുള്ളതും. അതുകൊണ്ടു പണിക്കർ നായന്മാർ കാട്ടുന്നതിന്നു പകരം ഒന്നും പ്രവൎത്തിക്കാതെ നായരുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടുനിന്നു.

നായർ— എടോ പണിക്കരെ! 'കൊല്ലും കൊലയും' അധികാരമുള്ള ഒരു സാമന്തനാണ് ഞാനെന്നു താൻ മനസ്സിലാക്കീട്ടുണ്ടായിരിക്കയില്ല. രാജദ്രോഹികളെ കൊല്ലുവാൻ യാതൊരു വിചാരണയും നടത്തേണ്ടതില്ലെന്നു മനസ്സിലാക്കണം. താൻ കൊച്ചിത്തമ്പുരാന്റെ പടയാളികളിലൊരുവനാണെന്ന് എനിക്കു തോന്നുന്നു. തന്റെ കഴുത്തു പോവേണ്ടെങ്കിൽ സത്യം പറഞ്ഞോളൂ.

പണിക്കർ— ഞാൻ എന്റെ കഴുത്തിനെ ഭയപ്പെട്ടിട്ടല്ലാ സത്യം പറയാറുള്ളത്; അതിലും വലുതായ ധൎമ്മമാണ് എന്റെ സത്യത്തിന്നടിസ്ഥാനം. നിങ്ങൾ വിചാരിച്ചതു തെററല്ല. കൊച്ചിത്തമ്പുരാന്റെ യോദ്ധാക്കളുടെ കൂട്ടത്തിൽ എനിക്കും ഒരു സ്ഥാനം കിട്ടിട്ടുണ്ട്.

നായർ— തന്റെ ആ സ്ഥാനം ആരുടെ കീഴിലാണ്?

പണിക്കർ— എടന്നസ്സംബന്ധിച്ചിട്ടുള്ള ചോദ്യങ്ങൾക്കല്ലാതെ ഉത്തരം പറവാൻ ഞാനിപ്പോൾ ഒരുക്കമില്ല.

നായർ— ഓഹോ! സാമൂതിരിപ്പാട്ടിലെ ഒരു വിരോധി അവിടത്തെ രാജ്യത്തു കടന്നു ധൎമ്മത്തെയും മൎയ്യാദയേയും പററി പ്രസംഗിക്കുന്നത് ഒരു പുതുമതന്നെ. എടോ! തന്റെ മൎയ്യാദയും ധൎമ്മവുമൊക്കെ ഇപ്പോൾ വളരെ അപകടമായ സ്ഥിതിയിലാണ് കിടക്കുന്നത്. ആത്മരക്ഷയെയാണ് താൻ പ്രധാനമായി നോക്കേണ്ടത്. സൂൎയ്യൻ അസ്തമിക്കാറായിത്തുടങ്ങി. അതോടുകൂടി തന്റെ ജീവനും അസ്തമിക്കാതിരിക്കയാണ് നല്ലത്.

പണിക്കർ— എന്റെ മൎയ്യാദയെ സൂക്ഷിക്കേണ്ടവൻ ഞാനാണ്. എന്റെ ജീവനെ എനിക്കു വളരെ കാൎയ്യമായിരുന്നുവെങ്കിൽ ഞാനിവിടെ നിങ്ങളുടെ മുമ്പിൽ നില്ക്കുവാൻ വരില്ലായിരുന്നു. നിങ്ങളുടേയോ ഈ നാട്ടുകാരുടേയോ കയ്യാൽ എനിക്കു വല്ല ദോഷങ്ങളും വരുന്നതായാൽ അതിന്നു പകരം ചോദിപ്പാൻ ആളു വേറെയുണ്ട്. ഞാൻ പറയുന്നത് ഒരു മുന്നറിയിപ്പു മാത്രമാണ്; ഭീഷണിപ്പെടുത്തുകയല്ല. എന്നെ പറ

ഞ്ഞയച്ചാളുടെ വാക്കും പ്രവൃത്തിയും ഒന്നാണെന്നെനിക്കറിയാം.

നായർ—തന്നെ അയച്ചാൾ ആരായാലും വേണ്ടതില്ല, അയാളുടെ ജീവരക്ഷയ്ക്കുതന്നെ അയാൾ ബുദ്ധിമുട്ടുമെന്നാണെനിക്കു തോന്നുന്നത്. എടോ, തന്റെ കൊച്ചിത്തമ്പുരാനു വടക്കോട്ടു യുദ്ധത്തിന്നു വരാൻ എത്ര ആളുകളുണ്ട്?

പണിക്കർ ഇതിന്നു് ഒരുത്തരവും പറയാതെ ഒരു പുഞ്ചിരിയോടുകൂടി തലയൊന്നിളക്കുകയാണുണ്ടായത്. 'ഈ രാജദ്രോഹിയെക്കൊണ്ടു സത്യം പറയിക്കുവാൻ ആരെക്കൊണ്ടും കഴികയില്ലേ' എന്നു വളരെ കോപത്തോടെ നായർ വിളിച്ചു ചോദിച്ചു. 'കാലിന്റെ മുട്ടിന്മേൽ ചില പ്രയോഗങ്ങൾ ചെയ്താൽ സത്യം പറയിക്കാം' എന്നു് ഒരു നായർ അഭിപ്രായപ്പെട്ടു. 'രണ്ടു വിരലിന്റെ ഇടയിൽക്കൂടി ഒരു തീക്കൊള്ളി വെച്ചാലും മതി' എന്നു വേറൊരാളും അഭിപ്രായപ്പെട്ടു. അതിലിടയ്ക്കു് ഇത്തരക്കാരോടു മുമ്പു പ്രയോഗിച്ച ചില വിദ്യകളെപ്പററി ഓരോരുത്തർ ഓരോ കഥകൾ പറഞ്ഞുതുടങ്ങി. ആകപ്പാടെ എല്ലാവരും സംസാരിക്കുന്ന മട്ടിലായി.

നായർ—മതി മതി; അതൊക്കെ നമുക്കു സമയംപോലെ ആലോചിക്കാം. ആരാ അവിടെ? ഇവനെ തടവുമുറിയിൽ കൊണ്ടിടുക.

ഒരു നായർ—എജമാനനേ! ഏതു തടവുമുറിയിലാണിടേണ്ടത്?

നായർ—കല്ലറയിൽത്തന്നെയാവട്ടെ.

ഇതിന്നുശേഷം പണിക്കരെ രണ്ടു നാലു പേർ പിടിച്ചുകൊണ്ടുപോയി കൊട്ടാരത്തിന്റെ ഒരു ഭാഗത്തു വിസ്താരവും ഉയരവുമുള്ള ഒരു കല്ലറയിലേക്കാണ് പണിക്കരെ കൊണ്ടാക്കിയത്. ഈ കല്ലറയെപ്പററി പല കഥകളും കവളപ്പാറക്കാർക്ക് അക്കാലത്തു പറവാനുണ്ടായിരുന്നു. കൊലക്കുററത്തിന്നു ശിക്ഷിക്കപ്പെട്ടവരെയാണ് ഈ കല്ലറയിൽ സാധാരണ കൊണ്ടാക്കാറു പതിവ്. അതിന്നുള്ളിൽ കടപ്പാൻ യോഗമുണ്ടായിട്ടുള്ളവരാരും പിന്നെ പുറത്തേക്കു പോയതായി കേട്ടിട്ടില്ല. രക്ഷ പ്രാപിപ്പാൻ യാതൊരു മാർഗ്ഗവും ഇല്ലാത്തതായ ആ ജയിൽമുറിയുടെ പ്രവേശമാർഗ്ഗം ഇരുമ്പഴികളെക്കൊണ്ടു തടുത്തു ഭടന്മാരെപ്പോഴും കാവൽ നില്ക്കാറുണ്ട്. ഇതിന്നുള്ളിലകപ്പെട്ടപ്പോൾ മാത്രമാണ് പണിക്കരുടെ പ്രകൃതത്തിൽ അല്പം ഒരു മാററം വന്നത്. മരിക്കുന്നതുവരെ മരണത്തെപ്പററിയുള്ള വിചാരത്തോടുകൂടി ഭയങ്കരമായ ഒരിരുട്ടറയിൽ തനിയേ ഇരിക്കുക എന്നതും, ആ ഇരുട്ടറയിൽ മുമ്പു പല പ്രാവശ്യവും കടക്കേണ്ടിവന്നിട്ടുള്ള ഓരോരുത്തരുടെ ചരിത്രങ്ങൾ ഇരുമ്പഴിയുടെ പഴുതിൽക്കൂടി കാവല്ക്കാർ പറഞ്ഞു കേൾക്കുന്നതും എത്ര ധൈര്യമുള്ളവരുടേയും മനസ്സിനെ ഇളക്കാതിരിക്കയില്ല. കുറച്ചു കാലമായി ചില തടവുകാരുടെ ദേഹം തന്നെ കാണാറില്ലെന്നും, മുമ്പു മരിച്ച ചിലരുടെ പ്രേതങ്ങൾ തിന്നാറാണെന്നും മററും പറഞ്ഞുകേൾക്കുമ്പോൾ എത്ര ധൈര്യമുള്ളവനും ഒരു രോമാഞ്ചം ഉണ്ടാകാതിരിക്കുമോ?

പണിക്കർ പല പ്രകാരത്തിലുള്ള ചിന്തകളിൽ നിമഗ്നനായി മരണത്തെ പ്രതീക്ഷിച്ചുംകൊണ്ട് ഇരുന്നതിനാൽ നേരം പാതിരയാവാനടുത്തതറിഞ്ഞില്ല. അപ്പോൾ താനിരിക്കുന്നതിന്നു നേരെ മേൽ

ഭാഗത്തുനിന്ന് ഒരു ശബ്ദം കേൾക്കുകയും പെട്ടന്നു ഞെട്ടി മേല്പോട്ടു നോക്കുകയും ചെയ്തു. അപ്പോൾ അന്ധകാരമയമായ ആ മുറിയുടെ മുകളിൽക്കൂടി ഒരു പഴുതുണ്ടെന്നും, അതിൽക്കൂടെ ആരോ ഒരാൾ തന്റെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടെന്നും പണിക്കർക്കു തോന്നി. പെട്ടന്നു പണിക്കർ ഒരു ഭ്രാന്തനെപ്പോലെ എഴുനീറ്റുനിന്നു. നോക്കിയപ്പോൾ ആ ദ്വാരത്തിൽക്കൂടെ ഒരാൾ മുഖം താഴെ കാണിച്ചു കയ്യിലൊരു വെളിച്ചവും പിടിച്ചു നോക്കുന്നതും 'ശബ്ദിക്കരുത്' എന്നു കൈകൊണ്ട് ആംഗ്യം കാണിക്കുന്നതും 'ഞാൻ വല്ല സഹായവും ചെയ്യണ്ടേ' എന്നു സാവധാനത്തിൽ ചോദിക്കുന്നതുമായി പണിക്കർക്കു തോന്നി. സംസാരംകൊണ്ടും കണ്ടേടത്തോളമുള്ള മുഖത്തിന്റെ പ്രകൃതംകൊണ്ടും തനിക്കു കവളപ്പാറയിലേയ്ക്കു വഴി കാട്ടിത്തന്ന ഒരു കൃഷിക്കാരനാണതെന്നു പണിക്കർ ശങ്കിച്ചു. 'ഞാൻ ഇതിന്നുള്ളിലുണ്ടെന്നു നിങ്ങൾക്കെങ്ങിനെ മനസ്സിലായി' എന്നു പണിക്കർ ചോദിച്ചു.

ആ ആൾ — അതൊക്കെ പോട്ടെ. കവളപ്പാറ എജമാനന്മാരെക്കാൾ ഈ സ്ഥലത്തെപ്പററിയ വിവരം എനിക്കാണധികം നിശ്ചയമുള്ളത്. ഈ കൊട്ടാരം പണിയുന്ന കാലത്തു തന്നെ ഞാനിവിടെ പെരുമാറി വരുന്നവനാണ്. ഈ മുറിയിലേക്കുള്ള ഈ മാർഗ്ഗം ഞാനിയുപയോഗിക്കുന്നതു ഒന്നാമതായിട്ടല്ല. സമയം പോകുന്നു. നിങ്ങൾക്കു ഞാൻ വല്ല സഹായവും ചെയ്യണ്ടതുണ്ടൊ?

പണിക്കർ — നിങ്ങളെന്നോടുകാട്ടിയ ദയയ്ക്കായി ഞാൻ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. പക്ഷെ, നിങ്ങളെക്കൊണ്ടു എനിക്കിപ്പോൾ വലിയ സഹായമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ എനിക്കു നേരിട്ടിട്ടുള്ള ഈ അപകടം കൊച്ചിത്തമ്പുരാനെ വല്ലവിധത്തിലും അറിയിക്കുന്നതായാൽ അതൊരു സഹായമാവുന്നതാണ്.

ആ ആൾ — അതിനെന്താണു പ്രയാസം? ഞാൻ നിങ്ങളോടു സ്വകാര്യം ഒന്നു പറയട്ടെയൊ? വാസ്തവത്തിൽ എനിക്കു കൊച്ചിത്തമ്പുരാന്റെ നേരെ വളരെ ഭക്തിയും ബഹുമാനവും തോന്നാറുണ്ട്.

പണിക്കർ — കൊച്ചിത്തമ്പുരാന്റെ പ്രധാനമന്ത്രിയും സൈന്യാധിപനുമായ പാലിയത്തച്ചന്റെ മരുമക്കളിലൊരാൾ ഇവിടെ അടുത്തു ചേരാറുവീതിയിലുണ്ട്. എനിക്കു വല്ല ദോഷവും വന്നാൽ വിവരം അദ്ദേഹത്തെ അറിയിക്കുക മാത്രമാണ് നിങ്ങളൊരു സഹായമായി ചെയ്യേണ്ടത്.

ആ ആൾ — ഏഃ! അതിനെന്താ പ്രയാസം? നേരംപുലരുന്നതിന്നു മുമ്പെ കഴിക്കാം. അതിരിക്കട്ടെ നിങ്ങൾക്കു ഈ ദ്വാരത്തിൽക്കൂടെ പുറത്തേക്കു കടന്നാൽക്കൊള്ളാമെന്നുണ്ടോ?

പണിക്കർ — എനിക്കതോടു കയറാൻ ഒരു വഴിയും ഇല്ല. വെറുതെ സംസാരിച്ചു സമയം കളയണ്ട. ഇനിയും താമസിച്ചാൽ എനിക്കുവേണ്ടി നിങ്ങളും അപകടത്തിൽ പെടും.

ആ ആൾ — എന്നാലങ്ങിനെയാവട്ടെ. പരിഭ്രമിക്കണ്ട.

എന്നു പറഞ്ഞ് ആ ആൾ പോയി. പണിക്കർ പിന്നെയും ചിന്താമഗ്നനായിത്തന്നെ ഇരിപ്പായി. പിന്നെയും കുറച്ചു കഴിഞ്ഞപ്പോൾ ആ ദ്വാരത്തിൽക്കൂടെത്തന്നെ ഒരു തടിച്ചു നീണ്ട കയർ, എറങ്ങിവരുന്നതു കണ്ടു. പണിക്കർ ആ കയറുപിടിച്ചു വലിച്ചു നോക്കിയപ്പോൾ മുകളിൽ ബലമായി ബന്ധിച്ചിട്ടുണ്ടെന്നും, ആരോ ഒരാൾ തന്നെ രക്ഷിപ്പാൻ ചെയ്യു ഒരു വിദ്യയാണതെന്നും മനസ്സിലായി. ആ കയറുപിടിച്ചു പണിക്കർ മുകളിലേക്കു കയറിയതും കയർ മേല്പോട്ടെടുത്ത് ആ ദ്വാരം മൂടുകല്ലുകൊണ്ടടച്ചതും വേഗം കഴിഞ്ഞു. പണിക്കർ മുകളിലെത്തിച്ചേർന്നതു താനിരുന്നിരുന്ന കല്ലറയോളം വലിപ്പമുള്ള വേറെ ഒരു മുറിയിലാണെന്നും തന്നോടു സംസാരിച്ച ആ കൃഷിക്കാരൻ മാത്രമേ ആ മുറിയിൽ ഉള്ളുവെന്നും മനസ്സിലായി.

ആ ആൾ — ഒന്നും സംസാരിക്കരുത്. നിങ്ങൾ ഇന്നപ്രകാരം രക്ഷപ്രാപിച്ചു എന്ന് ആരും അറിയരുത്.

പണിക്കർ — വാസ്തവത്തിൽ ഇതൊക്കെ ഒരു സ്വപ്നമാണെന്നാണ് എനിക്കു തോന്നുന്നത്. ഇത്ര ഉറപ്പോടുകൂടിയ ഒരു കാരാഗൃഹം ഇത്ര എളുപ്പത്തിൽ ഭേദിക്കാമെന്നും എന്നെ രക്ഷിപ്പാൻ ഒരാൾ ഇത്രയൊക്കെ ബുദ്ധിമുട്ടുമെന്നും ഞാൻ വിചാരിക്കാത്തതാണ്.

ആ ആൾ — ഈ കല്ലറയിലേക്കുള്ള ഈ പ്രവേശമാർഗ്ഗം ആ കല്ലറയോളം തന്നെ പഴക്കമുള്ളതാണെന്നു നിങ്ങൾക്കു നോക്കിയാൽ മനസ്സിലാവും. മുൻകാലങ്ങളിൽ ആ കല്ലറയിലേക്കുള്ള ഏകപ്രവേശമാർഗ്ഗം തന്നെ ഇതായിരുന്നു. ഇപ്പോൾ ആ മാർഗ്ഗം നിങ്ങൾക്ക് ഒരു രക്ഷാമാർഗ്ഗമായി. ഒരു കാലത്തു രക്ഷപാടില്ലെന്നു വിചാരിച്ചുണ്ടാക്കിയ മാർഗ്ഗം ഇപ്പോൾ നിങ്ങൾക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു.

പണിക്കർ — നായർ എന്നോടു കാണിച്ച ഈ ഔദാര്യത്തിനും ധൈര്യത്തിനും ഞാൻ വളരെ കടപ്പെട്ടിട്ടുണ്ട്.

നായർ — ഓഹോ! എന്റെ വേഷം മാറൽകൊണ്ടും പററിയില്ല. നിങ്ങൾക്കെങ്ങിനെ എന്നെ മനസ്സിലായി? നിങ്ങൾ ആരാണ്? ഏതു ദിക്കുകാരനാണ്? എന്താണ് പേര്?

പണിക്കർ — നായരുടെ വാക്ക് ഒരിക്കൽ കേട്ടാൽ പിന്നെ തിരിച്ചറിയാത്തവർ ദുർല്ലഭമാണെന്നാണെനിക്കു തോന്നുന്നത്. ഞാൻ പേരാററുപുറത്തു നമ്പൂതിരിയാണ്.

നായർ — ഓ ശരിതന്നെ. പേരാററുപുറത്തു പണിക്കര് അല്ലേ? കേട്ടിട്ടുണ്ട്. ഇവിടത്തെ തടവിലിട്ടു തൽക്കാലം കുറെ ഉപദ്രവിച്ചുവെങ്കിലും ഇപ്പോൾ രക്ഷചെയ്തതുകൊണ്ട് ആ പാപം നിങ്ങി എന്നു വിശ്വസിക്കുന്നു. ആ സദസ്സിൽ ഇങ്ങിനെ ഒരെഴുത്തുകൊണ്ടുവന്നു തന്നതു നന്നായോ? ഒരു നമ്പൂതിരിയാണെന്നു ആദ്യമേ പറയാഞ്ഞതെന്തുകൊണ്ടാണ്?

പണിക്കർ — നായരോടു സ്വകാര്യമായി പറയുവാൻ ഞാൻ വളരെ ശ്രമിച്ചു. വിവരം പറഞ്ഞയയ്ക്കുകയും ചെയ്തുവല്ലോ. വേഷം മാറിയാൽ കാര്യം എളുപ്പത്തിൽ സാധിക്കുമെന്നു വിചാരിച്ചു.

നായർ—അതു ശരിയാണ്. പക്ഷെ സ്വകാൎയ്യമായി കാണുവാനുള്ള അപേക്ഷകൾ പലതും വരാറുള്ളതുകൊണ്ട് അത്ര സാരമായി കരുതിയില്ല എന്നേ ഉള്ളൂ.

പണിക്കർ—നായർ നാളെ രാവിലെ എങ്ങോട്ടോ പോകുന്നുവെന്നു കേട്ടു. പിന്നെ എന്നു മടങ്ങുമെന്നു ആൎക്കും വിവരവുമില്ല. അതുകൊണ്ട് അല്പം ധൃതിപ്പെട്ടില്ലെന്നില്ല.

നായർ—ഇവിടുത്തെ പേരിൽ ഒരു കുറവും കാണുന്നില്ല. അഥവാ ആ എഴുത്ത് ഒളിച്ചുവെച്ചുവെങ്കിൽത്തന്നെ ഒരിക്കലതൊക്കെ പുറത്തായേക്കും. ഞങ്ങൾ സ്വതന്ത്രന്മാരായ പ്രഭുക്കന്മാരാണെങ്കിലും സാമൂതിരിപ്പാട്ടിലേക്ക തെററിദ്ധാരണകൂടാതെ കഴിക്കേണ്ടതു ഞങ്ങളുടെ കടമയാണ്. അതുകൊണ്ട് ആ പ്രവൎത്തിച്ചതൊക്കെ ശരിയായെന്ന് ഇവിടുന്നും സമ്മതിക്കാതിരിക്കയില്ല. ഇവിടുന്നു കൊണ്ടുവന്ന കത്തിന്നു മറുവടി എഴുതിത്തരുന്നില്ല. പറയുന്നതൊക്കെ ഇവിടുന്ന് ഓൎമ്മയിൽ വെച്ച് അവിടെ അറിയിച്ചാൽ മതി. കവ[ള]പ്പാറ സ്വരൂപത്തിന്റെ മഹിമ[യെ] കാത്തുരക്ഷിക്കേണ്ട ഭാരം ഇവിടെ[യു]ണ്ട്. സാമൂതിരിപ്പാട്ടും കൊച്ചിത്തമ്പുരാനുമായുള്ള കലഹത്തിൽ അവി[ടു]ത്തെക്ക ജയം കിട്ടുന്നപക്ഷം അവി[ടു]ത്തെ ഭക്തന്മാരായ പ്രഭുക്കന്മാരിൽ [ഒ]രാളായിരിപ്പാൻ ഇവിടെ അശേഷം [മ]ടിയില്ല. ഇവിടുത്തെക്കുടെ കുറച്ചു [ദി]ത്തേക്ക വിശ്വസ്തനായ ഒരാളെ സഹ[ാ]യത്തിന്ന് ഇതാ അയയ്ക്കുന്നു.

ഇത്രയും പറഞ്ഞ് നായർ ഒരു ഭൃ[ത്യ]നെ പണിക്കരുടെ കൂടെയാക്കി അവി[ടെ]നിന്നുപോയി. നായരുടെ നയവിശേ[ഷ]വും സാമൎത്ഥ്യവുമോൎത്ത് ആശ്ചൎയ്യപ്പെ[ട്ട]കൊണ്ടു പേരാററുപുറത്തു പണിക്കർ മ[ട]ങ്ങിപ്പോവുകയും, സകല വിവരവും യഥാവസരം ഉണൎത്തിക്കുകയും ചെയ്തു. [പി]ന്നത്തെ കവളപ്പാറ എഴുന്നമാരന്റെ ന[യ]വിശേഷം കൊണ്ടു ലന്തക്കാർ തുടങ്ങി[യ] പാശ്ചാത്യന്മാർ കേരളത്തിൽ ഗൃഹച്ഛി[]ദ്രം ഉണ്ടാക്കുവാൻ ചെയ്ത ശ്രമങ്ങൾ പ[ല]പ്പോഴും ഫലിക്കാതെ വന്നിട്ടുണ്ടെന്നു [] പ്രസിദ്ധമായ സംഗതിയാണ്.

എം. ആർ. കെ. സി.

—⸰⸰—

# സാഹിത്യശകലങ്ങൾ

പ്രബന്ധകടാക്ഷം

പ്രബന്ധം എന്നു വെച്ചാൽ കാവ്യം; കടാക്ഷം എന്നത് അപാംഗദൎശനം; എന്നു വെച്ചാൽ കവി തന്റെ കാവ്യത്തിന്മേൽ ചെയ്യുന്ന കടാക്ഷവിക്ഷേപം എന്നൎത്ഥം. കടാക്ഷം സാധാരണനോട്ടംപോലെയല്ല. വെറും നോട്ടം സ്പഷ്ടവും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതുമായിരിക്കും. [ക]ടാക്ഷമാകട്ടെ വളരെ സൂക്ഷ്മവും എ[ങ്ങ]കിലും ഒരു ആകൂതത്തോടു കൂടിയതും [സാ]ധാരണദൃഷ്ട്യാ ദുൎഗ്രഹവുമാണ്. പ്രകൃ[ത]ത്തിൽ പ്രബന്ധകടാക്ഷം എന്നതന്നെ

റ്റത്തുകൊണ്ടു ആകപ്പാടെ അതിന്നു വന്നുകൂടുന്ന അൎത്ഥം 'കവി തന്റെ കാവ്യത്തെപ്പററി സാകൂതവും അസ്പഷ്ടവുമായി ചെയ്യുന്ന അഭിപ്രായപ്രകടനം' എന്നാകുന്നു. കവിയുടെ അഭിപ്രായപ്രകടനത്തിന്നു അസ്പഷ്ടത്വം വരുന്നതു വ്യംഗ്യാൎത്ഥത്തിന്റെ ഭംഗികൊണ്ടാണ്. അതിനാൽ പ്രബന്ധകടാക്ഷം വ്യഞ്ജനാവൃത്തിയെ ആശ്രയിച്ചാണിരിക്കുന്നത്. ഇതുകൊണ്ടുതന്നെ വ്യംഗ്യാൎത്ഥപ്രധാനമായ കാവ്യത്തിൽ, അതായതു് ധ്വനികാവ്യത്തിൽ മാത്രമേ പ്രബന്ധകടാക്ഷത്തിന്നു പ്രസക്തിയുള്ളൂ എന്നും സിദ്ധിക്കുന്നു.

ധ്വന്യദ്ധ്വനീനന്മാരായ കാളിദാസാദികളുടെ കാവ്യങ്ങളിൽ ചിലേടത്തു വാച്യമായ അൎത്ഥം നിലച്ചതിന്നു ശേഷം ശബ്ദശക്തിയുടെ മഹിമയാൽ പ്രബന്ധപരമായ ഒരൎത്ഥം വ്യഞ്ജിക്കുന്നതായി സഹൃദയന്മാൎക്കു അനുഭവപ്പെടുന്നു. അതിനെ പ്രബന്ധകടാക്ഷമെന്നു വ്യവഹരിക്കാം. രഘുവംശം 5-ാം സൎഗ്ഗത്തിൽ

'ഗുൎവ്വൎത്ഥമൎത്ഥീശ്രുതപാരദൃശ്വാ
രഘോഃസകാശാദനവാപ്യകാമം
ഗതോവദാന്യാന്തരമിത്യയംമേ
മാഭൂൽ പരീവാദനവാവതാരഃ'

എന്ന പദ്യത്തിൽ, രഘു കൌത്സനോടു പറയുന്ന പ്രകൃതമായ വാച്യാൎത്ഥം വിശ്രമിച്ചതിന്നുമേൽ പ്രബന്ധപരമായി കവി പറയുന്നതായ ഒരൎത്ഥം വ്യഞ്ജിക്കുന്നു. 'ശ്രുതപാരദൃശ്വാവായി= അലങ്കാരാദിശാസ്ത്രങ്ങളുടെ മറുകര കണ്ടവനായി, ഗുൎവ്വൎത്ഥത്തെ=ഗുരുവായ അൎത്ഥത്തെ, കാംക്ഷിക്കുന്നവനായ സഹൃദയൻ, രഘുവിങ്കൽ നിന്നു്=രഘുവംശത്തിൽനിന്നു്, ആഗ്രഹം സാധിക്കാതെ, മറെറാരു കാവ്യത്തെ ആശ്രയിക്കേണ്ടിവന്നു എന്നുള്ള പുതുതായ ഒരപവാദം എനിക്കു വരാതിരിക്കട്ടെ' എന്നു കവി തന്റെ കാവ്യത്തെ ശ്ലാഘിച്ചു പറയുന്നതായ ഒരൎത്ഥം ഇതിൽ സഹൃദയന്മാൎക്കനുഭവപ്പെടുന്നു.

രഘുവംശത്തിൽത്തന്നെ 14-ാം സൎഗ്ഗത്തിൽ സീതാപവാദവിവശനായ രാമൻ തന്റെ സഹോദരന്മാരെ വിളിച്ചുവരുത്തി പറയുന്നതായ,

'തദേഷസൎഗ്ഗഃകരുണാൎദ്രചിത്തൈ-
ൎന്നമേഭവദ്ഭിഃപ്രതിഷേധനീയഃ
യദ്യൎത്ഥിതാനിൎഹൃതവാച്യശല്യാൻ
പ്രാണാന്മയാധാരയിതും ചിരംവഃ'

എന്ന പദ്യത്തിൽ വാച്യാൎത്ഥം വിശ്രമിച്ചതിന്നു ശേഷം കവി തന്റെ വായനക്കാരോടു പറയുന്നതായി ഇങ്ങിനെ ഒരൎത്ഥം വ്യഞ്ജിക്കുന്നു. 'അല്ലയോ വായനക്കാരേ! കരുണരസത്തിൽ ആൎദ്രചിത്തന്മാരായ നിങ്ങൾ (കരുണപ്രധാനമായ) ഈ സൎഗ്ഗത്തെ നിഷേധിക്കരുത്. ഈ സൎഗ്ഗം ഉപേക്ഷിക്കുന്നപക്ഷം അപവാദമാകുന്ന ശല്യം അകപ്പെട്ടു് എന്റെ പ്രാണൻ പോയതായി പരിഗണിക്കാം'

മേഘസന്ദേശത്തിൽ യക്ഷൻ മേഘത്തെ യാത്രയാക്കുന്നതായ,

'അദ്രേഃശൃംഗംഹരതിപവനഃ
കിംസ്വിദിത്യുന്മുഖീഭിർ-
ദ്ദൃഷ്ടോത്സാഹശ്ചകിതചകിതം
മുഗ്ദ്ധസിദ്ധാംഗനാഭിഃ
സ്ഥാനാദസ്മാത്സരസനിചുലാ-
ദുൽപതോദങ്മുഖഃഖം
ദിങ്നാഗാനാംപഥിപരിഹരൻ
സ്ഥൂലഹസ്താവലേപാൻ'

എന്ന ശ്ലോകത്തിൽ മഹാമഹോപാദ്ധ്യായ മല്ലിനാഥൻ പ്രബന്ധപരമായ ഒരൎത്ഥം വ്യാഖ്യാനിച്ചിട്ടുണ്ട്. കാളിദാസരുടെ കാവ്യങ്ങളിൽ ദോഷാരോപം ചെയ്യുന്നവനായി ദിങ്നാഗൻ എന്നു പേരായ ഒരു വിദ്വാൻ ഉണ്ടായിരുന്നു. ആദ്ദേഹത്തിന്നെതിരായി നിചുളൻ എന്നൊരു രസികൻ കാളിദാസകാവ്യങ്ങളെ മണ്ഡനം ചെയ്തുകൊണ്ടിരുന്നു. പ്രകൃതത്തിൽ കവി തന്റെ നവീനകൃതിയായ മേഘസന്ദേശത്തെ സംബോധനചെയ്തുകൊണ്ടു: 'രസനായ നിചുളന്റെ സഹായത്താൽ ദിങ്നാഗാചാൎയ്യരുടെ ഗൎജ്ജനമൊന്നും ഫലിക്കാതെ നീ മേല്പോട്ടുയരുമാറാകട്ടെ' എന്നു വ്യംഗ്യമൎയ്യാദയാ പ്രതിപാദിച്ചിരിക്കുന്നു. മററുചില പണ്ഡിതന്മാർ ഇതിന്നു്

ഇങ്ങിനെയൊരൎത്ഥം വ്യാഖ്യാനിക്കുന്നില്ലെങ്കിലും ഇതിൽ പ്രതീയമാനമായ പ്രബന്ധകടാക്ഷം സഹൃദയഹൃദയത്തെ ആഹ്ളാദിപ്പിക്കാതിരിക്കയില്ല. ഇതുപോലെ മേഘസന്ദേശത്തിലെ അടുവിലെ ശ്ലോകത്തിലും സഹൃദയന്മാരായ വ്യാഖ്യാതാക്കന്മാർ പ്രബന്ധപരമായ ഒരൎത്ഥം വ്യാഖ്യാനിക്കുന്നുണ്ട്.

ഇതുപോലെ കിരാതാൎജ്ജുനീയപ്രണേതാവായ ഭാരവിയുടെയും മറ്റും കാവ്യങ്ങളിലും പ്രബന്ധപരങ്ങളായ അൎത്ഥങ്ങൾ കാണുന്നുണ്ട്. കാവ്യഭാവനകൊണ്ടു ബുദ്ധിക്കു നല്ല പക്വത സിദ്ധിച്ചിട്ടുള്ള രസികന്മാരുടെ ഹൃദയത്തിൽ ആ വക അൎത്ഥങ്ങൾ താനെ പ്രതിബിംബിക്കുന്നതാണ്. ലേഖനദൈൎഘ്യത്തെ ശങ്കിച്ച് ഇവിടെ അവ വിസ്തരിക്കുന്നില്ല.

പ്രബന്ധകടാക്ഷം വ്യഞ്ജനാവൃത്തിയെ ആശ്രയിച്ചിരിക്കുന്നതാണെന്ന് ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു സംസ്കൃതസാഹിത്യത്തിലെ അൎവ്വാചീനകവികൾ ആത്മപ്രശംസയായി പ്രകടിപ്പിച്ചിട്ടുള്ള പ്രബന്ധവൎണ്ണനത്തെ പ്രബന്ധകടാക്ഷമായി ഗണിക്കുവാൻ പാടില്ലെന്നു ഇനി വേറെ പറയേണ്ടതില്ലല്ലോ. ആത്മപ്രശംസാപരങ്ങളായ ആ വക വൎണ്ണനങ്ങൾ ശ്രോതാക്കൾക്കു ആനന്ദത്തിന്നു പകരം ഉദ്വേഗത്തെയാണ് ജനിപ്പിക്കുന്നത്. കേരളഭാഷാസാഹിത്യത്തിൽ അന്യഭാഷയിൽനിന്നുള്ള തൎജ്ജമയുടെ പുറപ്പാടും വെറും 'ചളുഷ്ടി'കളുടെ തിരക്കും കഴിഞ്ഞ് ഉത്തമങ്ങളായ ധ്വനികാവ്യങ്ങളുടെ 'രസാഭിനയകാലം' വളരെ അകലെയാണ് കിടക്കുന്നതെങ്കിലും, പ്രബന്ധകടാക്ഷത്തെപ്പററി ഇങ്ങിനെ ഒരു സ്വരൂപജ്ഞാനം ഉണ്ടാകുന്നത് ആവശ്യമാണെന്നു വിശ്വസിക്കുന്നു.

ഒരു സഹൃദയൻ

---

## ൨ വസ്തുനിൎദ്ദേശം

'ആശീൎന്നമസ്ക്രിയാവസ്തുനിൎദ്ദേശോവാപി തന്മുഖം' എന്ന പ്രമാണപ്രകാരം ആശീൎവ്വാദരൂപമായിട്ടോ നമസ്കാരരൂപമായിട്ടോ വസ്തുനിൎദ്ദേശരൂപമായിട്ടോ വേണം മഹാകാവ്യം ആരംഭിക്കുവാൻ എന്നാണ് ആലങ്കാരികന്മാരുടെ നിയമം. ഇതിൽ വസ്തുനിൎദ്ദേശം എന്നു വെച്ചാൽ വസ്തുവിനെ നിൎദ്ദേശിക്കുകയാകുന്നു. വസ്തു എന്നതിന്നു കഥാവസ്തു എന്നാണൎത്ഥമെങ്കിലും പ്രകൃതത്തിൽ ആ ശബ്ദത്തിന്നു നായകൻ എന്നാണ് വിദ്വാന്മാർ അൎത്ഥനിൎവ്വചനം ചെയ്തിട്ടുള്ളത്. അപ്പോൾ വസ്തുവിനെ നിൎദ്ദേശിക്കുക എന്നു വെച്ചാൽ കഥാനായകനെ അവതരിപ്പിക്കുക എന്നാണ് സാരം. നായകപദംകൊണ്ട് പ്രധാനനായകൻ, പ്രതിനായകൻ, പതാകാനായകൻ മുതലായി ഒരു കഥയിൽ സംബന്ധിച്ചിരിക്കാവുന്ന എല്ലാ നായകന്മാരെയും ഗ്രഹിക്കാവുന്നതിനാൽ അവരിൽ ഒരുത്തനെയെങ്കിലും നിൎദ്ദേശിക്കുന്നതു വസ്തുനിൎദ്ദേശമാവും. ശിശുപാലവധത്തിൽ നായകനേയും, ഹയഗ്രീവവധത്തിൽ പ്രതിനായകനേയും, കുമാരസംഭവത്തിൽ പതാകാനായകനേയും നിൎദ്ദേശിച്ചുകൊണ്ടാണ് ആരംഭം കാണുന്നത്. വസ്തുവിനെ നിൎദ്ദേശിക്കുക എന്നത് നായകാദികളെ സംബന്ധിച്ച എന്തെങ്കിലും ഒരു വ്യാപാരത്തെ വൎണ്ണിക്കുന്നതായിട്ടാണ് വന്നുകൂടുക എന്നു പറയേണ്ടതില്ലല്ലോ. ഇങ്ങിനെ നായകാദികളെ സംബന്ധിച്ചതായ ഒരു സ്ഥലം, ഒരു പുരുഷൻ എന്നിവയിലേതിനെയെങ്കിലും നിൎദ്ദേശിക്കുന്നതായാലും വസ്തുനിൎദ്ദേശത്തിന്നു ഹാനിയില്ല. 'അസ്തി.......... ഭൂമണ്ഡനം ലബ്ധനാമധേയം' എന്നിങ്ങിനെ ആംഗലസാമ്രാജ്യത്തിലും 'ധരാതലത്തിൽ ഖ്യാതിപുഷ്ടിയൊത്തുള്ളൊരാൎയ്യദേശം നിഷധാഭിധാനം' എന്നിങ്ങിനെ ചിത്രയോഗത്തിലും നായകനെ സംബന്ധിച്ച ഓരോ പ്രധാനപ്പെട്ട സ്ഥലങ്ങളെ നിൎദ്ദേശിച്ചുകൊണ്ടാണ് ആരംഭം കാണുന്നത്.

ഇങ്ങിനെ എന്തെങ്കിലും ഒരു പ്രകാരത്തിൽ വസ്തുനിൎദ്ദേശം ചെയ്തുകൊണ്ടാരംഭിക്കുന്നതാണ് കാവ്യങ്ങൾക്കു ഭംഗി. മഹാ

കാവ്യങ്ങൾക്കു മാത്രമല്ലാ, ഖണ്ഡകാവ്യങ്ങൾക്കും ഈ സമ്പ്രദായം ആദരണീയമാണ്. എന്നാൽ മലയാളഭാഷയിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പല ഖണ്ഡകാവ്യങ്ങളിലും ഈ സമ്പ്രദായം കൈവിട്ടുപോയതായിക്കാണുന്നു. വസ്തുനിർദ്ദേശത്തെത്തന്നെ ആദരിക്കാത്ത സ്ഥിതിക്ക് ആശീർവ്വാദത്തിന്റെയും നമസ്കാരത്തിന്റെയും കഥ പറയേണ്ടതില്ലല്ലൊ. കഥ നടന്നുകൊണ്ടിരിക്കുന്നതിന്റെ മദ്ധ്യത്തിൽ വായനക്കാരെ വിളിച്ചുകൊണ്ടുപോയി കാണിക്കുക എന്ന സമ്പ്രദായത്തെയാണ് നവീനരിൽ പലരും ആദരിക്കുന്നത്. ഈ സമ്പ്രദായം പ്രാചീനർക്കും അപരിചിതമായിരുന്നില്ല. നാടകങ്ങളിലൊക്കെയും ഈ രീതിയാണു കാണുന്നത്. പക്ഷേ കാവ്യങ്ങളിൽ ഇതത്ര ശോഭിക്കുമെന്നു തോന്നുന്നില്ല. സംഭാഷണങ്ങളെക്കൊണ്ടു തന്നെ കഥ മുഴുവൻ കഴിക്കേണ്ടി വരുന്ന നാടകങ്ങളിൽ നടുക്കുപിടിച്ചു കഥ ആരംഭിക്കുന്നതു സൗകര്യവും ഭംഗിയുമാണ്. നോവലുകളിലും ഈ രീതി ഹൃദ്യമായിരിക്കും. പക്ഷേ, പരിഷ്കാരഭ്രമത്താൽ നവീനകവികൾ ഈ വിഷയത്തിൽ യാതൊരു നിയമവുമില്ലാതെ പ്രവർത്തിക്കുന്നു.

കുമാരദാസ്

# ഞങ്ങളുടെ വായനശാല

൧. ധർമ്മരാജരത്നം — (ഗ്രന്ഥകർത്താവ്: കിളിമാനൂർ കെ. ശങ്കരവാര്യർ; ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം; വില ചക്രം 7.)

ഇതൊരു പുതിയ ഖണ്ഡകാവ്യമാണ്. ഇതിൽ പൂർവ്വഭാഗത്തിലും ഉത്തരഭാഗത്തിലുമായി ആകെ 153 ശ്ലോകങ്ങളുണ്ട്. ടിപ്പുവിന്റെ പടയോട്ടക്കാലത്തു മലയാളികളെല്ലാം തിരുവനന്തപുരത്ത് അഭയം പ്രാപിക്കയും, അപ്പോൾ ടിപ്പു തന്റെ സൈന്യത്തോടുകൂടി പടപൊരുതുവാൻ വരികയും, ആ യുദ്ധത്തിൽ തിരുവിതാംകോട്ടെ മന്ത്രിയും സൈന്യനായകനുമായ രാജാകേശവദാസന്റെയും നായർപട്ടാളത്തിന്റെയും പാടവത്താൽ പരാക്രമിയായ ടിപ്പുസുൽത്താനും സൈന്യങ്ങളും പരാജിതരായി തിരിച്ചുപോകയും ചെയ്തു എന്നുള്ള ചരിത്രപ്രസിദ്ധമായ സംഗതിയാണ് ഈ ഖണ്ഡകാവ്യത്തിലെ പ്രമേയം. മലയാളികളുടെ പ്രാചീനമായ ഔന്നത്യത്തെ ഉദാഹരിക്കുന്ന ഈ ജാതി കൃതികൾ മലയാളസാഹിത്യത്തിൽ എത്രയുണ്ടായാലും ഏറിപ്പോയെന്നു വരുന്നതല്ല. അതുകൊണ്ടു വാര്യരവർകളുടെ ഉദ്ദേശത്തെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു. പക്ഷേ ഉദ്ദേശം ഉത്തമമായിരുന്നതുകൊണ്ടു മാത്രം പോരാ; ഉദ്ദേശനിർവ്വഹണം കൂടി നന്നായിരിക്കണം. ഈ വിഷയത്തിൽ ഗാഢമായി ആലോചിച്ചുനോക്കുമ്പോൾ ഈ ചെറുപുസ്തകത്തിൽ പല ന്യൂനതകളും കാണുന്നുണ്ട്. കവിതയിൽ സാരള്യം ഒരുവിധമുണ്ടെങ്കിലും പല സന്ദർഭത്തിലും ഒരു മാതിരി ക്ലേശം, അല്ലെങ്കിൽ അശക്തി ഉള്ളതുപോലെ തോന്നുന്നു. തന്നിമിത്തം കവിതയ്ക്കു തന്നെ ഒരു ശിഥിലത്വം സംഭവിച്ചിട്ടുണ്ട്. 'പോരിനാൽപ്പുളുമ പൂണ്ട കലം,' 'ഭൂമിതന്റെ പുരുപുണ്യഫലത്തിൽ ധാമമായവതരിച്ച മഹാത്മാ' 'നിഖില ജീവനു മേററം ശർമ്മദൻ' 'നിത്യവും ശ്രമമെഴുന്ന തിമാത്രം വൃദ്ധനായൊരു വിശിഷ്ടശരീരൻ,' 'ശത്രുത്തിയെന്നതു ഭവാനുടെ നാട്ടിനാത്ഥമററു പലമാം' ഇത്യാദി പ്രയോഗങ്ങൾ ഇതിനുദാഹരണമാണ്. ഇതിൽ ചുവടെ വരച്ചിട്ട ഭാഗങ്ങൾ അശക്തിയെ കാണിക്കുന്നു. 'ജനത്തിൻറന്തരംഗകുസുമങ്ങൾ' ഇത്യാദികളായ ചില സന്ധികൾ ഈ പരിഷ്കൃതകാലത്ത് അത്ര രസിക്കുമെന്നു തോന്നു

ന്നില്ല. 'ത്വരിതമൊട്' എന്നുള്ള പ്രത്യയം ചേൎത്ത പ്രയോഗം പണ്ഡിതന്മാൎക്കു പ്രിയമാവുമെന്നും തോന്നുന്നില്ല. 'ഫുല്ലപുഷ്പഭരം', 'സൂനഗൎഭമധു' ഇത്യാദികളായി പുനരുക്തിയുള്ള ചില പ്രയോഗങ്ങളും എടയ്ക്കു കാണുന്നുണ്ട്. 'ശ്രീപത്മനാഭകൃപയാമമൃത്......ഭൂപാനയത്തിനെവളൎത്തി', 'അപ്പുനോടപടവെട്ടുവതിന്നായ്കോപ്പുകൂട്ടി' (ടിപ്പുവിന്റെയാക്ക്)'ബലനിവഹം.... കഞ്ചുകശ്രേണി ചാൎത്തി' ഇത്യാദികളായി അനൌചിത്യം ബാധിച്ച ചില പ്രയോഗങ്ങളും കാണുന്നുണ്ട്. ഇങ്ങിനെ ചില ന്യൂനതകളുണ്ടെങ്കിലും നല്ല ആശയവും ഗാംഭീൎയ്യവും ഉള്ള പല ശ്ലോകങ്ങളും ഇതിൽ ഇല്ലായ്കയില്ല. പൂൎവ്വാൎദ്ധത്തിൽ 14-ഉം 58-ഉം, ഉത്തരാൎദ്ധത്തിൽ 49-ഉം 71-ഉം ശ്ലോകങ്ങൾ ഏതു സഹൃദയനേയും ആനന്ദിപ്പിക്കത്തക്കവയാണ്. വാൎയ്യരവർകൾ ഒരു വാസനക്കാരനാണെന്നു കാണുന്നതുകൊണ്ട് അദ്ദേഹത്തിന്റെ കയ്യിൽനിന്നു മേലിലും മലയാളഭാഷയ്ക്കു ചില സമ്പാദ്യങ്ങൾ ഉണ്ടാകുമെന്നാശിക്കാവുന്നതാണ്.

൨. കൊച്ചി നായർ റെഗുലേഷനെ സംബന്ധിച്ച ഒരു വിചിന്തനം—(ഗ്രന്ഥകൎത്താവ്: പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ചൻ; വില 8 ണ)

കൊച്ചിയിൽ നടപ്പിൽ വരുത്തുവാനിരിക്കുന്ന നായർ റെഗുലേഷനെപ്പറ്റി ഗ്രന്ഥകൎത്താവിനുള്ള അഭിപ്രായങ്ങളെ വിവരിച്ചു പ്രതിപാദിക്കുന്നതായ ഒരു പുതിയ പുസ്തകമാണിത്. ഇതിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളെ കൊച്ചിയിലെ പൌരന്മാരുടെ ഗുണദോഷനിരൂപണത്തിന്നുതന്നെ വിട്ടുകൊടുക്കുകയാണ് നല്ലതെന്നു ഞങ്ങൾ വിചാരിക്കുന്നു. എന്നാൽ ഇതു കേരളഭാഷാസാഹിത്യത്തിന്നു പുതുതായി കിട്ടിയ ഒരു പുസ്തകമാകയാൽ സാഹിത്യത്തിന്റെ ഭാഗത്തുനിന്നു ഞങ്ങൾക്കു രണ്ടുവാക്കു പറയാനുണ്ട്. നമ്മുടെ സാഹിത്യത്തിൽ സമുദായാചാരസംബന്ധമായ പുസ്തകങ്ങൾ ദുൎല്ലഭമാകയാൽ ഈ പുസ്തകത്തിന്റെ പുറപ്പാട് അഭിനന്ദനീയമാണെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. പക്ഷെ, അതു ഈ മാതിരി ഭാഷയിലാണോ വേണ്ടതെന്നുള്ള കാൎയ്യത്തിൽ ഞങ്ങൾ പ്രബലമായി ശങ്കിക്കുന്നു. ഇതിലെ ഭാഷ അതിപ്രൌഢങ്ങളായ സംസ്കൃതപദങ്ങളുടെ സൌലഭ്യത്താൽ ചില ദിക്കിൽ 'പ്രൌഢയായി' തോന്നും. എന്നാൽ എടയ്ക്കെടയ്ക്കു എത്രയും താണതരം മലയാളപദങ്ങൾ കൂടിച്ചേരുന്നതുകൊണ്ടു വളരെ 'മുഗ്ദ്ധയാണെ'ന്നും തോന്നും. വാചകങ്ങൾക്കു ചില ദിക്കിലുള്ള തിരിച്ചലും മറിച്ചലും ഇരിക്കട്ടെ. വാചകങ്ങൾ ഇംഗ്ലീഷിൽ ആലോചിച്ച് മലയാളത്തിൽ പരിഭാഷപ്പെടുത്തിയതാണൊ എന്നു തോന്നുമാറു ക്ലേശങ്ങളും കാണുന്നുണ്ട്. അസാധാരണമായ ഓരോ സംസ്കൃതപദങ്ങൾ പറഞ്ഞ് ഉടനെ ബ്രാക്കറ്റിൽ അതിന്ന് ഇംഗ്ലീഷും ചേൎത്തുകാണുന്നതിലുള്ള രഹസ്യം മറെറന്താണ്? ഇംഗ്ലീഷിൽനിന്നു തൎജ്ജമ ചെയ്യുമ്പോൾ തൎജ്ജമക്കാരൻ ഉപയോഗിക്കുന്ന ചില ഭാഷാപദങ്ങൾ മൂലത്തിന്നു ശരിയായോ എന്നു സംശയം തോന്നാവുന്ന ഘട്ടങ്ങളിലാണ് ഇംഗ്ലീഷുപദങ്ങൾ ബ്രാക്കറ്റിൽ ചേൎത്തുകാണാറുള്ളത്. ഇതൊരു തൎജ്ജമയല്ലാതിരുന്നിട്ടുകൂടി പല ഭാഗങ്ങളിലും അനേകം ഇംഗ്ലീഷുപദങ്ങൾ ബ്രാക്കറ്റിൽ കടന്നുകൂടി സ്ഥലംപിടിച്ചുകാണുന്നതു ശോചനീയം തന്നെ. അല്ലാ ഇതൊരു ധാടിയാണെന്നാണ് പറയുന്നതെങ്കിൽ ആ പക്ഷത്തിൽ ഞങ്ങൾ ചേരുന്നില്ല. മലയാളഭാഷയുടെ ജീവൻ കളയാതെ എഴുതാവുന്ന വിഷയങ്ങളിൽ ഈജാതി സാഹസങ്ങൾ കാണിക്കുന്നതു ഒരുവിധത്തിലും ശ്രേയസ്കരമല്ല. ഇത്രമാത്രമേ ഞങ്ങൾക്കു തൽക്കാലം പറയേണ്ടതായിട്ടുള്ളൂ.

# ജൂലാവതീരാമകുമാരം

## ഒന്നാം ഭാഗം

### മൂന്നാമങ്കം

കപി-ഭാൎയ്യ - ഞങ്ങൾക്കു സ്വകാൎയ്യം പറയാനുണ്ട്. അല്ലെങ്കിൽ വേണ്ട. നീ ഇങ്ങോട്ടുവാ. ഞങ്ങളുടെ സ്വകാൎയ്യം നിനക്കു കേൾക്കാം. എന്റെ മകൾക്കു നവയൌവനാരംഭമായ വയസ്സായെന്നു നിനക്കറിയാമല്ലോ.

ദാസി — എന്താ അമ്മസ്സ് ഇതിന്നു സംശയം? ഒരു മണിക്കൂറെങ്കിലും വ്യത്യാസം വരാത്തവിധത്തിൽ ചെറിയമ്മയുടെ വയസ്സ് എനിക്കു നിശ്ചയമുണ്ട്.

കപി-ഭാൎയ്യ — അവൾക്കു 14 വയസ്സായിട്ടില്ല.

ദാസി — 14 ആയിട്ടില്ലെന്നതിലേക്ക് എന്റെ 14 പല്ല് ഞാൻ ഉറപ്പു തരാം. പക്ഷെ എനിക്കു പ്രായം ചെറുപ്പമാണെങ്കിലും എണ്ണി നോക്കിയാൽ പല്ലു നാലേ കാണൂ. ഈ വരുന്ന വിഷുവിന്ന് ഇനി എത്ര ദിവസമുണ്ട്?

കപി-ഭാൎയ്യ — പതിനാലിൽ ചില്വാനം ദിവസമുണ്ട്.

ദാസി — വരുന്ന വിഷുദിവസം രാത്രി ഇവൾക്കു 14 വയസ്സു തികയും. എന്റെ മരിച്ചുപോയ സുസേനയും ഇവളും ഒരേ ദിവസമാണ് ജനനം. കഷ്ടം! എന്റെ മകൾ എന്നെ ഇവിടെ ഇട്ടു പോയല്ലോ. ഞാൻ എന്താ പറഞ്ഞിരുന്നത്? അതെ, വരുന്ന വിഷുദിവസം ഇവൾക്കു 14 തികയും. എനിക്കു നല്ല നിശ്ചയമുണ്ട്. 11 കൊല്ലം മുമ്പു വലിയൊരു ഭൂകമ്പമുണ്ടായില്ലേ? അന്നാണ് ഇവളുടെ മുലകുടി തീരെ മാറിയത്. അത് എനിക്കു നല്ല ഓൎമ്മയുണ്ട്. അന്നാണ് ഞാൻ ഇവളുടെ മുലകുടി സഹിക്കവയ്യാഞ്ഞിട്ടു മുലക്കണ്ണിൽ കയ്പച്ചാർ തേച്ചത്. അതു തേച്ച്, പ്രാക്കൂടിന്റെ ചുമരിന്നടുത്തു വെയിലത്ത് ഇരിക്കുകയായിരുന്നു. അന്ന് കൊച്ചമ്മയും എജമാനനും മഞ്ചുവാ നഗരത്തിലായിരുന്നു. ഇവൾ മുല കുടിക്കാൻ വന്നപ്പോൾ കയ്പുരസം നല്ലവണ്ണം വായിൽ തട്ടി. കരച്ചൽ തുടങ്ങി; മുലക്കണ്ണിനോടു യുദ്ധം തുടങ്ങി. അങ്ങിനെയിരിക്കുമ്പോഴാണ് ഭൂകമ്പമുണ്ടായത്. അതിൽ പിന്നെ ഇപ്പോൾ 11 കൊല്ലമായി. അന്നു കുട്ടിക്ക് അങ്ങുമിങ്ങും ഓടിക്കളിക്കാറായിരുന്നു. അതിന്നു തലേന്നാളാണ് വീണു നെററി പൊട്ടിയത്. വീണപ്പോൾ സുസേനയുടെ അച്ഛൻ ഓടിച്ചെന്ന് എടുത്ത് 'എന്റെ ഓമന മുഖം കീഴ്പോട്ടാക്കി വീണു ഇല്ലേ? ബുദ്ധിവെച്ചാൽ നീ മലൎന്നേ വീഴുകയുള്ളു' എന്നു പറഞ്ഞു. ഇ

ത്തു കേട്ടപ്പോൾ അവൾ കരച്ചൽ നിൎത്തി. ആയിരം കൊല്ലം കഴിഞ്ഞാലും ഇതൊന്നും ഞാൻ മറക്കില്ല.

കപി ഭാൎയ്യ— മതിമതി. എന്തിനാണ് ഇതൊക്കെ വെറുതെ പറയുന്നത്? മിണ്ടാതിരിക്ക്.

ദാസി—ഓ! എന്നാൽ അന്നത്തെ കോലാഹലം ഓൎക്കുമ്പോൾ എനിക്കു ചിരി വരുന്നു. എന്തു നേരംപോക്കായിരുന്നു! ആ വിളയിൽ നല്ല ഒരു മുറി നെററിയിൽ പറ്റീട്ടുണ്ട്. അന്ന് എന്തെല്ലാമാണ് സുസേനയുടെ അച്ഛൻ പറഞ്ഞത്!

ജ്വാലാ—ദാസി, മതി പറഞ്ഞത്. എത്ര നേരമായി തുടങ്ങീട്ട്!

ദാസി—മതി, കഴിഞ്ഞു. ദൈവം എന്നും ചെറിയമ്മയെ കടാക്ഷിക്കട്ടെ. ഞാൻ മുലകൊടുത്തു വളൎത്തിയ കുട്ടികളിൽ ഏററവും ഓമന ചെറിയമ്മയാണ്. അതിന്നു സംശയമില്ല. ചെറിയമ്മയ്ക്കു നല്ല നിലയിൽ ഒരാൾ വന്നു ചേൎന്നു കണ്ടിട്ടു മരിച്ചാൽ കൊള്ളാമെന്നുണ്ട്.

കപി-ഭാൎയ്യ— ഈ സംബന്ധകാൎയ്യം തന്നെയാണ് ഞാൻ നിന്നോടു പറയുവാൻ ഭാവിച്ചിരുന്നത്. ജ്വലി! പറയൂ, നിനക്കു സംബന്ധകാൎയ്യത്തെപ്പററി എന്താണ് മനസ്സ്?

ജ്വാലാ—ആ ഒരു ഭാഗ്യം ഞാൻ കിനാവിൽ കൂടി നിനച്ചിട്ടില്ല.

ദാസി—എന്താ ഭാഗ്യമെന്നൊക്കെ പറയുന്നത്. നീ അതിന്നു അൎഹയല്ലേ? മുലപ്പാലിൽനിന്നുതന്നെ നീ വൈദുഷ്യം ആസ്വദിച്ചിട്ടുണ്ടല്ലോ.

കപി-ഭാൎയ്യ—ഈ വാരണാനഗരത്തിൽ നിന്നെക്കാൾ എത്രയോ ചെറിയ കുട്ടികൾ, മാന്യകുടുംബങ്ങളിലുള്ളവർ കല്യാണം കഴിഞ്ഞ് അമ്മമാരായിരിക്കുന്നു. നിന്റെ ഈ പ്രായത്തിന്നുമുമ്പ് എനിക്കു പേറു തുടങ്ങിയിരുന്നു. ഇതെല്ലാം പോട്ടെ. ചുരുക്കത്തിൽ കാൎയ്യം പറയാം. യോഗ്യനായ പരേശൻ നിന്നെ കല്യാണം കഴിപ്പാനാഗ്രഹിക്കുന്നുണ്ട്.

ദാസി—ആ സുന്ദരപുരുഷൻ ഏതൊരു യുവതിയാലാണ് കാംക്ഷിക്കപ്പെടാത്തത്? അവൻ രണ്ടാം ശൃംഗാരയോനിതന്നെയാണ്.

കപി-ഭാൎയ്യ— വാരണാനഗരീവസന്തത്തിൽ ഇത്ര യോഗ്യതയും, രമ്യതയും ഉള്ള പുരുഷപുഷ്പം വേറെയില്ല.

ദാസി—ശരിയാണത്. അമ്മെ! പരേശ അങ്ങുന്ന് ഒരു പുഷ്പംതന്നെയാണ്.

കപി-ഭാൎയ്യ—മകളേ! നീ എന്താണ് പറയുന്നത്? അദ്ദേഹത്തെ നീ ഭൎത്താവായി സ്വീകരിക്കുമോ? ഇന്നു രാത്രി നമ്മുടെ സദസ്സ്. അദ്ദേഹം വരും. അപ്പോൾ ആ മുഖപുഷ്പം നല്ലവണ്ണം ഒന്നു നോക്കു. എന്നാൽ അവിടെ കാണാം സൌന്ദൎയ്യത്തിന്റെ തൂലികകൊണ്ടെഴുതിയ ആനന്ദപ്രദമായ രാമണീയകം. മുഖത്തിങ്കലുള്ള അന്യോന്യാശ്ലിഷ്ടമായ രേഖകൾ തന്നെ നോക്കിയാൽ അവ ദമ്പതിസൌഖ്യത്തെ പ്രദൎശിപ്പിക്കുന്നു. മുഖമാകുന്ന പ്രബന്ധത്തിൽ കാണ്മാൻ കഴിയാത്ത ലക്ഷണങ്ങൾ എല്ലാം നയനമാകുന്ന പുരാണസംഹിതയിൽ കാണാം. അദ്ദേഹത്തിന്റെ മുഖത്ത് ഈ

വിധം കാണപ്പെടുന്ന ആ സൌന്ദൎയ്യ
പുസ്തകത്തെ പൂൎത്തീകരിപ്പാൻ ഒരു ന
ല്ലതായ ചട്ട ആവശ്യമാണ്. ആ ച
ട്ടയെയാണ് നീ കൊടുക്കേണ്ടത്. നി
ങ്ങൾ രണ്ടുപേരും ചേൎന്നാൽ സൌന്ദൎയ്യ
മായ പ്രബന്ധം പൂൎണ്ണമാവും. നീ അ
വന്റെ സൎവ്വഗുണസമ്പത്തിന്റേയും ഭാ
ഗഭാക്കായി പരമാനന്ദത്തെ പ്രാപിക്കു
കയും ചെയ്യും.

ദാസി — ചെറിയമ്മ അദ്ദേഹത്തെക്കാൾ
ചുരുങ്ങില്ല. അധികമാകയേയുള്ളു. സ്ത്രീ
സൎവ്വപ്രകാരേണ പുരുഷാൽ പുഷ്ട്യയാ
ണല്ലോ.

കപി-ഭാൎയ്യ — ചുരുക്കത്തിൽ പറയൂ. നിന
ക്കു പരദേശനിൽ അനുരാഗമുണ്ടോ?

ജ്വാലാ — അമ്മയുടെ ആജ്ഞയെ അനുസ
രിപ്പാൻവേണ്ടി ഞാൻ അദ്ദേഹത്തി
ന്റെ മുഖാലോകനം ഒരു പ്രാവശ്യം
ചെയ്യാം. എന്നാൽ എന്റെ ആ നോ
ട്ടം അമ്മയുടെ അതിശയോക്തിവചന
ങ്ങളുടെ പ്രമാണത്തിലധികമായ്പോക
യില്ല.

(ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ — അമ്മെ! ക്ഷണിക്കപ്പെട്ടവരെല്ലാം
വന്നെത്തിയിരിക്കുന്നു. അമ്മയെ വി
ളിക്കുന്നു. ചെറിയമ്മ എവിടെ എന്നു
ചോദിക്കുന്നു. ദാസിയെ പ്രാവുന്നു. അക
ത്തെല്ലാം ഒരു കുഴപ്പമായിരിക്കുന്നു. എ
നിക്കു പണിയുണ്ട്. ഞാൻ പോകുന്നു.
നിങ്ങൾ വേഗം വന്നാൽ കൊള്ളാം.

കപി-ഭാൎയ്യ — ഞങ്ങൾ ഇതാ വരുന്നു. ജ്വാ
ലാവതി! അവർ എല്ലാം കാത്തുനില്ക്കു
ന്നു. നമ്മൾ പോക തന്നെ.

ദാസി — രാമനേ! പോയി സുഖിച്ചു.

(എല്ലാവരും പോയി)

---

## ഒന്നാംഭാഗം

### നാലാമങ്കം

---

### ഒരു തെരുവീഥി

(രാമകുമാരൻ, മുൽകുശൻ, വനബലൻ ഇവരും അഞ്ചാറു
ഭൃത്യന്മാരും പ്രവേശിക്കുന്നു)

രാമകുമാരൻ — പ്രസ്താവനാവാഗ്ജാലം
നമ്മുടെ ന്യൂനതാപരിഹരണത്തിന്നു
ത്യാവശ്യമെന്നുണ്ടോ? അതല്ലാ അതു
കൂടാതെ കഴിക്കാമോ?

വനബ — അങ്ങിനെയുള്ള പ്രസ്താവന
ഇപ്പോൾ നടപ്പില്ല. കാമദേവന്റെ
വേഷം കോമാളിത്തരത്തിൽ കെട്ടിച്ചീ
ത്സരസംകൊണ്ടു സ്ത്രീമത്സകളെ സം
ക്ഷോഭിപ്പിച്ചു അതിനിടയിൽ സരളനാ
യനടന്റെവഷളായ ശബ്ദത്തെ അനു
യാനംചെയ്തു രംഗപ്രവേശപൂൎവ്വം അസ്പ
ഷ്ടാക്ഷരവാക്യാലാപം ചെയ്യുന്നതു തീ
രെ വേണ്ട. മററുള്ളവർ എന്തുതന്നെ
വിചാരിച്ചാലും വേണ്ടതില്ല. നമുക്ക്

ഒരുമറി നൎത്തനം ചെയ്യപോകാം.

രാമ—എനിക്കു ഒരു ചൂട്ട താ. ഞാൻ അതു പിടിച്ചുകൊള്ളാം. എനിക്കു ഇങ്ങിനെ ക്ഷുദ്രയാനം ചെയ്വാൻ പ്രയാസമാണ്. എനിക്ക് ഉള്ളിൽ തമസ്സു നിറഞ്ഞിരിക്കയാൽ പുറമെ വെളിച്ചം പിടിക്കുന്നതു യുക്തമാണ്.

മൃൽകശൻ — ഹെ! രാമകുമാര! നീ ഞങ്ങൾക്കു വേണ്ടി ആട്ടത്തിൽത്തന്നെ ചേരണം.

രാമ— വേണ്ട, കഴികയില്ല. നിങ്ങൾക്കു നൎത്തനോചിതമായ മൃദുപാദുകം ഉണ്ടല്ലൊ. എന്റെ 'പാദുകം' അസ്വസ്ഥമാണ്. അതിനാൽ എനിക്കു ലഘുതരം യാനം ചെയ്വാൻ പ്രയാസം.

മൃൽക — നീ കാമസേവകനാണല്ലൊ. അതുകൊണ്ടു കാമാസ്ത്രത്തിന്റെ ചിറകു വാങ്ങി പാറന്നു നടന്നൊ.

രാമ— ഞാൻ കാമസായകംകൊണ്ടു സൎവ്വാംഗം വിദ്ധനായിരിക്കയാൽ തദസ്ത്രത്തിന്റെ ചിറകുകൊണ്ട് എനിക്കു യാനകാൎയ്യത്തിൽ പ്രയോജനമില്ല. കാമവികാരഭാരത്താൽ ഞാൻ മുങ്ങിപ്പോയിരിക്കുന്നു.

മൃൽക— കാമംകൊണ്ടു മുങ്ങിപ്പോകേണമെങ്കിൽ കാമത്തിന്നു ഭാരംകെട്ടിത്തൂക്കണം. കാമം സ്വതെ ബഹു ഘനം കുറഞ്ഞ ഒരു വസ്തുവല്ലെ?

രാമ — കാമം ഒരു ലഘുവായ സാധനമൊ? ശിവ-ശിവ! അതിനോടു തുല്യം ഉറപ്പും കട്ടപ്പും താപ്പും ഉള്ള വസ്തു ലോകത്തിലുണ്ടൊ?

മൃൽക— കാമം ഇത്ര കഠിനമായ ഒരു വികാരമാണെങ്കിൽ അതിനോടു കാഠിന്യം പ്രവൎത്തിക്കുക. എന്നാൽ അതു പൊയ്പോകും. എന്റെ മുഖാച്ഛാദനവസ്ത്രം ഇടുവാൻ ഒരു ഉറ തരു.

(എന്നു പറഞ്ഞു മുഖാച്ഛാദനം ഇടുന്നു)

ഒന്നിനുപകരം മറ്റൊരാച്ഛാദനം! ഇത് അണിഞ്ഞാൽ യാതൊരു കണ്ണുകൊണ്ടും മുഖവൈരൂപ്യം അറിവാൻ കഴികയില്ല; എന്നുമാത്രമല്ല ഭ്രമരമേചകഭ്രൂക്കളായ തരുണികൾ എന്നെകണ്ടു മദനസംഭ്രമസഹിതഗാത്രികളാകയും ചെയ്യും.

വനപാലൻ— എല്ലാവരും വന്നു വാതൽ തുറന്നു അകത്തു കടക്കു. അകത്തു കടന്നാൽ താമസിയാതെ നൎത്തനം ആരംഭിക്കണം.

രാമ— എനിക്ക് ഒരു ചൂട്ട കിട്ടിയാൽ മതി. ചിത്തലാഘവമുള്ള പച്ച രസികന്മാർ കുസുമാസ്തരണത്തിന്മേൽ സുഖമാംവണ്ണം നൃത്തമാരംഭിച്ചുകൊള്ളട്ടെ. ഞാൻ പണ്ടു പഴഞ്ചൊല്ലിൽ പറഞ്ഞ പ്രകാരം വിളക്കുപിടിച്ചു നോക്കിനിന്നു കൊള്ളാം.

മൃൽക— വൃഥാ വിളക്കു കത്തിച്ചു കളഞ്ഞിട്ടു ഫലമില്ല. നമുക്ക് ഉള്ളിലേക്കു പോകാം?

രാമ— ഈ മാനവേഷവിനോദത്തിന്നു ചേൎന്നു അഹങ്കരിക്കുന്നതിനാൽ ഭവിഷ്യത്തു എന്താകുമോ ആൎക്കറിയാം!

മൃൽക— ഇതു പറവാനെന്താ കാരണം! കേൾക്കട്ടെ.

രാമ—ഞാൻ ഇന്നലെ രാത്രി ഒരു സ്വപ്നം കണ്ടു.

# മംഗളോദയം

൧൦൮൨

പുസ്തകം ൩ } വൃശ്ചികം { ലക്കം ൨

## മംഗളം

ശ്രുതിസുഖമുളവാക്കുംശബ്ദമാന്നർത്ഥസമ്പ-
ത്തതിരുചിയൊടുനേടുംനല്ലലങ്കാരമോടും
മതിധരമടിമുടിക്കൂടിടുംമങ്കയാളെൻ
മതിയിൽവിലസിടട്ടേനല്ലകാവ്യാകന്യകേ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

---

മലയാളഭാഷയുടെ

## തൽക്കാലസ്ഥിതി



ഒരു ഭാഷ അതു സംസാരിക്കുന്നവരുടെ മനസ്സിൻെറ പ്രതിച്ഛായയായിരിക്കുന്നതിനാൽ, മനസ്സിൻെറ വികാസവും പരിഷ്കാരവും അനുസരിച്ചു, ഭാഷയും വർദ്ധിച്ചുവരുന്നതാണ്. നൂതനവിചാരങ്ങളും, ആശയങ്ങളും, അറിവുകളും മനസ്സിന്നു സിദ്ധിക്കുമ്പോഴും, അവയെ പ്രകാശിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളും ഉണ്ടാകാതെ കഴികയില്ല. ഇവയൊക്കെയും കേവലം ചിന്താവൃത്തികളായിരിക്കുന്നിടത്തോളം, ഇവയെക്കൊണ്ട് അന്യന്മാക്കു യാതൊരുപ്രയോജനവും ഉണ്ടാകുന്നതല്ല. എല്ലാ ഭാഷകളുടെയുമെന്നപോലെ, മലയാളഭാഷയുടേയും വർദ്ധനയ്ക്കു അടിസ്ഥാനമായ തത്വം ഇതുതന്നെയാണ്. കേരളത്തിലെ പുരാതനവിദ്യാഭ്യാസരീതി മലയാളഭാഷയുടെ അഭിവൃദ്ധിക്കനുകൂലമല്ലായിരുന്നുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അക്ഷരാഭ്യാസം കഴിഞ്ഞാൽ പിന്നെ വാക്യം, പരൽപ്പേരു, കാലദീപകം, അമരകോശം, സിദ്ധരൂപം, കാവ്യം മുതലായവയെ യാതൊരുദ്ദേശ്യവും കൂടാതെ പഠിപ്പിച്ചു വരിക പതിവായിരുന്നു. പഠിപ്പിക്കുന്ന ക്രമവും, ബുദ്ധിവികാസത്തിനുതകുന്ന ജ്ഞാനവ

ർദ്ധനയ്ക്കാകട്ടെ ഒട്ടുംതന്നെ ഉപയുക്തമായിരുന്നില്ല. ധാരണാശക്തിയെ മാത്രമാണ് സർവ്വപ്രകാരേണ പോഷിപ്പിച്ചുവന്നത്. ബുദ്ധിയുടെ ഉൽകൃഷ്ടങ്ങളായ മറ്റു ശക്തികളെ അവശ്യോത്തവണ്ണം വികസിക്കയോ ക്ഷയിക്കയോ ചെയ്യത്തക്ക നിലയിൽ ഉപേക്ഷിച്ചിരുന്നു. മലയാളഭാഷയിൽ യാതൊന്നും തന്നെ പഠിപ്പിച്ചുവന്നതായി തോന്നുന്നില്ല. ഭാഷയെത്തന്നെ വളരെ നിസ്സാരമായിട്ടാണ് ഗണിച്ചുവന്നത്. വിദ്വാന്മാരാകണമെങ്കിൽ ഗീർവ്വാണം കൂടാതെ കഴികയുമില്ലായിരുന്നു.

ഈ കാരണത്താൽ പണ്ടു ഭാഷാകൃതികൾ വളരെ ചുരുക്കമായിരുന്നു. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ കാലംമുതൽക്കാണ് ഈ സ്ഥിതിക്ക് അല്പം ഭേദം ഉണ്ടായിത്തുടങ്ങിയത്. അദ്ദേഹം സ്വദേശാഭിമാനിയും, അതുപോലെത്തന്നെ സ്വഭാഷാഭിമാനിയും ആയിരുന്നു. അദ്ദേഹം ഒരദ്ധ്യാപകൻകൂടിയായിരുന്നതിനാൽ, വിദ്യാഭ്യാസരീതിയിലും ഉചിതങ്ങളായ പരിഷ്കാരങ്ങൾ വരുത്തി. അദ്ദേഹത്തിന്റെ അദ്ധ്യാപനരീതിയെ നമുക്കു നേരിട്ടനുഭവിപ്പാൻ ഇടയായിട്ടില്ലെങ്കിലും, അദ്ദേഹം ഈ വിഷയത്തിൽ ഒരു നൂതനമാർഗ്ഗത്തെ വെട്ടിത്തെളിയിച്ചുവെന്നുള്ളതിന്ന് അദ്ദേഹത്തിന്റെ ഉത്തമശിഷ്യന്മാരും, വിശിഷ്ടകൃതികളും പ്രത്യക്ഷസാക്ഷികളാകുന്നു. അദ്ദേഹം യുക്തിയെ ധാരാളമായി ഉപയോഗപ്പെടുത്തിക്കാണുന്നതിനാൽ, അദ്ദേഹം നടപ്പിൽ വരുത്തിയ വിദ്യാഭ്യാസരീതിയിലും ഇതിന്നു പ്രധാനസ്ഥാനം നൽകിയിരിക്കണം. ഭാഷാന്തരീകരണവും ആദ്യമായി ചെയ്തത് ഇദ്ദേഹമാണെന്നു തോന്നുന്നു. വിദേശസഞ്ചാരം വിദ്യാഭ്യാസത്തിന്റെ ഒരംശമായി സ്വീകരിച്ചു ദൃഷ്ടാന്തപ്പെടുത്തിയതും എഴുത്തച്ഛനാണ്. അതിനാൽ ഇദ്ദേഹത്തിനെ കേരളത്തിലെ നവീനവിദ്യാഭ്യാസരീതിസ്ഥാപകനായിട്ടു വിചാരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസരീതി 'അധീതിബോധാചരണപ്രചാരണങ്ങ'ളായ നാലവസ്ഥകളോടു കൂടിയിരുന്നുവെന്നുള്ളതിന്നു സംശയമില്ല. ഇപ്രകാരം വിദ്യാഭ്യാസരീതിയിലുണ്ടായ മാറ്റം ബുദ്ധിവികാസത്തിന്നും, ജ്ഞാനവർദ്ധനയ്ക്കും, തന്നിമിത്തം ഭാഷാഭിവൃദ്ധിക്കും എത്രയും അനുകൂലമായിരുന്നു. ഇതുമുതൽക്കാണ് മലയാളഭാഷയിൽ സാഹിത്യഗ്രന്ഥങ്ങൾ ഏറെക്കുറെ ഉണ്ടായിത്തുടങ്ങിയത്. ഭാഷയ്ക്കു കല്പിക്കപ്പെട്ടിരുന്ന നിസ്സാരതയും നീങ്ങിത്തുടങ്ങി. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളുടെ ഉത്ഭവം ഭാഷയുടെ അഭ്യുദയത്തിന്റെ ആരംഭഘട്ടത്തെ സൂചിപ്പിക്കുന്നു. ഇതിനെ തുടർന്നു തുള്ളൽപ്പാട്ട്, കഥകളിപ്പാട്ട്, മണിപ്രവാളം മുതലായ പുതിയ മാതിരി കൃതികൾ ഉത്ഭവിച്ചു. ഇവ ഭാഷയുടെ സമ്പത്തിനെ വർദ്ധിപ്പിച്ചതുകൂടാതെ അതിന്നൊരു മാന്യസ്ഥാനം നൽകുകയും ചെയ്തുവെങ്കിലും ഇക്കാലത്തു ഭാഷയിൽ ഗ്രന്ഥങ്ങൾ വളരെ ചുരുങ്ങിത്തന്നേയിരുന്നു.

എന്നാൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി ഈ വിഷയത്തിൽ ഒരു വലിയ മാറ്റം സംഭവിച്ചു. ഇതു രണ്ടുപ്രകാരത്തിൽ മലയാളഭാഷയെ സഹായിച്ചു. ഇംഗ്ലീഷുഭാഷയിലുള്ള വിശിഷ്ടകൃതികളിൽനിന്നു നൂതനാശയങ്ങൾ ലഭിച്ചതിന്നും പുറമെ ഇതേവരെ ഏറെക്കൊ

അലഭ്യങ്ങളായിരുന്ന സംസ്കൃതസാഹിത്യഗ്രന്ഥങ്ങളുടെ പരിചയവും സിദ്ധിക്കുന്നതിന്നിടയായി. സൎവ്വകലാശാലാപരീക്ഷകൾക്കു മലയാളത്തെ ഒരു ഉപഭാഷയായി സ്വീകരിച്ചതും, അതിൻെറ ഉയൎച്ചയ്ക്കു ഒരു പ്രധാനകാരണമായിത്തീൎന്നു. നാട്ടുഭാഷാവിദ്യാലയസ്ഥാപനത്തോടുകൂടി എല്ലാ വിഷയത്തിലും ഗദ്യപുസ്തകങ്ങളുടെ ആവശ്യവും നേരിട്ടുതുടങ്ങി. ഭാഷയിൽ വൎത്തമാനപത്രങ്ങളും മാസികകളും ക്രമേണ ഉത്ഭവിച്ചു. ആവശ്യവും അവസരവും നേരിട്ടപ്പോൾ ഗ്രന്ഥമെഴുത്തുകാരും ഉണ്ടായി. കഴിഞ്ഞ അമ്പതു കൊല്ലത്തിന്നിടയ്ക്കു മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള അഭിവൃദ്ധിക്കു പ്രധാനകാരണഭൂതൻ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസത്തിന്നു മാൎഗ്ഗമില്ല. അദ്ദേഹത്തിൻെറ കൃതികൾ ഭാഷയ്ക്കിന്നും അലങ്കാരങ്ങളായിത്തന്നെയിരിക്കുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ മററനേകം എഴുത്തുകാരും ഗ്രന്ഥങ്ങൾ നിൎമ്മിച്ചു ഭാഷയെ പോഷിപ്പിക്കുന്നതിന്നു ആരംഭിച്ചു. വിദ്വാനായ അദ്ദേഹത്തിൻെറ ഭാഗിനേയനും, ഈ വിഷയത്തിൽ അശ്രാന്തപരിശ്രമം ചെയ്തുവരുന്നുണ്ട്. പൂജ്യനായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാപോഷണവിഷയത്തിൽ ചെയ്തുവരുന്ന പ്രയത്നങ്ങൾ അനൎഘങ്ങളാണെന്നു മാത്രമേ പറവാൻ പാടുള്ളു.

എന്നാൽ ഭാഷയ്ക്കു ഇപ്പോൾ ഏതോ അല്പം ഒരു ദുൎദ്ദശ നേരിട്ടിരിക്കുന്നതായി തോന്നുന്നു. കേരളകാളിദാസനെന്നും, കേരളവ്യാസനെന്നും പേരു സമ്പാദിച്ച മഹാന്മാർ ഇപ്പോൾ യശോമാത്രശരീരന്മാരായിത്തീൎന്നിരിക്കുന്നു. മററും അനേകം പ്രസിദ്ധപ്പെട്ട എഴുത്തുകാർ സാഹിത്യരംഗത്തെ വിട്ടുമാറിയിരിക്കുന്നു. ഭാഷാസാഹിത്യപോതത്തിന്നു കൎണ്ണധാരൻ ഇപ്പോൾ ആരാണെന്നു തീൎച്ചയായിട്ടില്ല. എന്നാൽ ഈയിടെ ഗ്രന്ഥമെഴുത്തുകാൎക്കു ഒട്ടും കുറവില്ലതാനും. ഗ്രന്ഥങ്ങളും പ്രതിനിമിഷം വൎദ്ധിച്ചുവരുന്നുണ്ട്. ഇവയിൽ ഏതെല്ലാം ഭാഷയ്ക്കു ഭൂഷണവും, ഏതെല്ലാം ഭാഷയ്ക്കു ദൂഷണവുമാണെന്നു തീൎച്ചപ്പെടുത്തുവാൻ ഒരു വിധികൎത്താവിൻെറ അഭാവം നിമിത്തം നിവൃത്തിയില്ലാതാണിരിക്കുന്നത്. സാഹിത്യനിരൂപണം നമ്മുടെയിടയിൽ ഇതേവരെ സുപ്രതിഷ്ഠിതമായിട്ടില്ല. അതിന്നായിട്ടു പ്രത്യേകമാസികകളും ഒന്നുംതന്നെ ഉണ്ടായിട്ടില്ല. പ്രത്യേകവിദഗ്ദ്ധന്മാരും ഉള്ളതായിക്കാണുന്നില്ല. വായനക്കാർതന്നെ നിരൂപകന്മാരായിട്ടാണ് ഇപ്പോൾ ഇരിക്കുന്നത്. അവർ ഭിന്നരുചികളായിരിക്കുന്നതുകൊണ്ടു ഗ്രന്ഥങ്ങളുടെ യഥാൎത്ഥഗുണദോഷങ്ങൾ വെളിപ്പെടാൻ തരമില്ല. ഈയിടെ ഒരു പുതിയ തരം ഗ്രന്ഥകാരന്മാരും ഉണ്ടായിട്ടുണ്ട്. വിദ്യാൎത്ഥികളുടെ ഉപയോഗത്തിന്നെന്നു സങ്കല്പിച്ചു എഴുതപ്പെടുന്ന പുസ്തകങ്ങളുടെ സംഖ്യ ഇപ്പോൾ പല കാരണങ്ങൾ കൊണ്ടും ക്രമത്തിലധികം വൎദ്ധിച്ചുവരുന്നുണ്ട്. വിദ്യാൎത്ഥികൾക്കു വേണ്ടി ആൎക്കും ഗ്രന്ഥമെഴുതാൻ കഴിയുമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു തീരെ അബദ്ധമാണ്. വിദ്യാൎത്ഥികളുടെ മുമ്പിൽ സമൎപ്പിക്കുന്നവ എല്ലാവിധത്തിലും മാതൃകകളായിരിക്കേണ്ടതത്യാവ

ശ്യമാണല്ലൊ വല്ലതും ഒക്കെ എഴുതിവിട്ടാൽ മാത്രം പോരല്ലൊ. ഇപ്പോൾ കാണുന്ന പുസ്തകങ്ങൾ അവക്കെത്രമാത്രം ഉപയോഗപ്പെടുന്നുണ്ടെന്നും, എങ്ങിനെ ഉപകരിക്കുന്നുവെന്നും അവരോടുതന്നെ ചോദിച്ചറിയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളിലേക്കു പുസ്തകം തിരഞ്ഞെടുക്കുന്ന സംഘക്കാൎക്കു ഇവയെപ്പററി വല്ലതും അറിയാമായിരിക്കും. ഗ്രന്ഥനിരൂപണത്തിന്നു അവൎക്കധികാരവും, ചുമതലയും, സൌകൎയ്യവുമുണ്ടല്ലൊ. ഈ ഗ്രന്ഥങ്ങൾ പ്രായേണ അല്പസമയംകൊണ്ടു ബദ്ധപ്പെട്ടു എഴുതപ്പെട്ടവയായിരിക്കുന്നതിനാൽ, ഇവയിൽ മിക്കവയിലും വാചകങ്ങൾക്കു കൈവല്യം, അപൂൎണ്ണത, ദുൎവ്യക്തത മുതലായ ദോഷങ്ങൾ ധാരാളം കാണപ്പെടുന്നുണ്ട്. വിഷയഗൌരവവും ഭാഷയും ചേൎന്നുതന്നെയെന്നു പറയാം. എന്നാൽ ഭാഷയിൽ ചിരസ്ഥായികളായിരിക്കുമെന്നു ഭയപ്പെടാൻ വഴിയില്ല. അവ 'ക്ഷണികസാഹിത്യവൎഗ്ഗ'ത്തിൽ ഉൾപ്പെട്ടവയായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നു. അവ തൽക്കാലത്തെ ഉപയോഗത്തിന്നാണെങ്കിലും, ആലോചനാപൂൎവ്വം എഴുതപ്പെടുന്നതായാൽ തരക്കേടില്ലായിരുന്നു.

സാക്ഷാൽ സാഹിത്യം ഉൽകൃഷ്ടമായ മനോവ്യാപാരത്തിന്റെ സൽഫലം മാത്രമാണല്ലൊ. അതു ഏതു ഭാഷയിലും അത്ര അധികമായി കാണപ്പെടുകയില്ലെങ്കിലും, അതു മാത്രമേ ഒരു ഭാഷയിൽ കാലത്തെ അതിക്രമിച്ചു സ്ഥായിയായി നിൽക്കുന്നുള്ളു. 'വാല്മീകി', 'ഹോമർ' മുതലായവരുടെ കൃതികൾ സകലലോകസാമാന്യങ്ങളായി ഇന്നും സ്ഥിതി ചെയ്യുന്നതിന്റെ രഹസ്യം ഇതുതന്നെയാണ്. ഏതായാലും നാമെല്ലാവരും ഗ്രന്ഥനിൎമ്മിതിക്കു സമൎത്ഥന്മാരാണെന്നുള്ള അബദ്ധബോധം, ഭാഷയുടെ നന്മയെ ഉദ്ദേശിച്ചു മാറേറണ്ടതായിരിക്കുന്നു. ഒരു ഭാഷയുടെ പുഷ്ടി കേവലം അതിലുള്ള ഗ്രന്ഥങ്ങളുടെ സംഖ്യയിലല്ല, വിലയിലാണ് സ്ഥിതിചെയ്യുന്നതെന്നു നാം ഓൎമ്മിക്കേണ്ടതാണ്. നെല്ലിന്റെ ഇടയ്ക്കു കളകളും ഉണ്ടാകുന്നതു സഹജമാണ്. എന്നാൽ കളകളെ നശിപ്പിച്ചില്ലെങ്കിൽ നെല്ലിന്നു ദോഷം തട്ടാൻ ഇടയുണ്ടല്ലൊ. സാഹിത്യം, ഗദ്യം-പദ്യം ഇങ്ങിനെ രണ്ടുവിധമുണ്ട്. ഇക്കാലത്തു ഗദ്യഗ്രന്ഥങ്ങളാണ് പദ്യഗ്രന്ഥങ്ങളെക്കാൾ അധികം പ്രയോജനകരങ്ങളായിരിക്കുന്നത്. ഗദ്യം എഴുതുന്ന വിഷയത്തിൽ കൂടുതൽ സ്വാതന്ത്ര്യം ഉണ്ടെന്നു വിചാരിക്കുന്നതുകൊണ്ടായിരിക്കാം ഗദ്യമെഴുത്തുകാരുടെ എണ്ണം വൎദ്ധിച്ചിരിക്കുന്നത്. എന്നാൽ ഒരു നിയമത്തെയും അനുസരിക്കാത്തുള്ള സ്വാതന്ത്ര്യം മററു വിഷയങ്ങളിലെന്നപോലെ ഇതിലും അനഭിലഷണീയമാണ്. ഗദ്യസാഹിത്യത്തിന്റെ നന്മ എന്തിനെയാണാശ്രയിച്ചിരിക്കുന്നതെന്നു നമുക്കാൎക്കുംതന്നെ നല്ല നിശ്ചയമുള്ളതായിക്കാണുന്നില്ല. എഴുത്തച്ഛൻ മുതലായ പൂൎവ്വസൂരികൾ ഗദ്യമെഴുതി നമുക്കു മാതൃകകൾ നല്കാഞ്ഞതു നമ്മുടെ ഭാഗ്യദോഷം തന്നെയെന്നേ പറവാനുള്ളു. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ എഴുത്തച്ഛന്റെ കിളിപ്പാട്ടു ഗദ്യരീതിയോട് ഏററവും അടുത്തിരിക്കുന്നുവെന്നു നമുക്കു കാണാവുന്നതാണ്. ഇപ്പോൾ ഓരോരുത്തൎക്കും മാതൃക അവരവർ തന്നെയാണ്. സംസ്കൃതപദങ്ങൾ വേണ്ടിടത്തും വേണ്ടാത്തിടത്തും ഉപയോഗിച്ചാൽ നല്ല ഗദ്യമെഴുത്തുകാരനായിയെന്ന്

ഒരു കൂട്ടർ വിചാരിക്കുന്നു. വാചകങ്ങൾ ഏച്ചുകെട്ടി ദീൎഘിപ്പിക്കുന്നതാണ് നല്ല ഗദ്യമെഴുത്തിന്റെ ലക്ഷണമെന്ന് മററു ചിലൎക്കഭിപ്രായമുണ്ട്. അൎത്ഥം ആൎക്കും മനസ്സിലാകാത്തവിധത്തിൽ എഴുതിയാൽ ഉത്തമഗദ്യമായിയെന്നു വേറേ ചില കൂട്ടർ വിചാരിക്കുന്നു. ശൈലികളേയും വ്യാകരണനിയമങ്ങളേയും വകവെയ്ക്കാതിരുന്നാൽ മതിയാകുമെന്നും ചിലൎക്കഭിപ്രായമില്ലയോ എന്നു സംശയമുണ്ട്. ഇപ്പോൾ ആഖ്യായികയെഴുത്തുകാർ ധാരാളം ഉണ്ടല്ലോ. ഇവരുടെ 'ലതകളും', 'വല്ലികളും' ശേഖരമായി ഭാഷയിൽ പടൎന്നുപിടിച്ചുകൂടിയിരിക്കയാണ്. ഇവരുടെ വാക്സരണി ഒന്നു പ്രത്യേകംതന്നെയാണ്. ഇതിന്റെ ഉൽപ്പത്തിസ്ഥാനം എവിടെയാണെന്ന് ഇപ്പോൾ അറിവാൻ നിവൃത്തിയില്ല. നമ്മുടെയിടയിലും, സ്കാട്ട്സും, ഡിക്കെൻസും, റെയിനാൽഡ്സും ഉണ്ടാകുന്നതു നല്ലതുതന്നെയാണെന്നു സമ്മതിക്കാതെ കഴികയില്ല. എന്നാൽ ഇതിന്നായി നാം എത്രകാലം കാത്തിരിക്കേണ്ടിവരുമെന്ന് ഇപ്പോൾ നിശ്ചയിക്കാൻ മാൎഗ്ഗമില്ല. എതായാലും 'ഇതൊരു വിശുദ്ധഭൂമിയാണ്. പതുക്കെ വേണം ചവിട്ടാൻ' എന്ന് ഇത്തരക്കാർ ഓൎമ്മിച്ചാൽ നന്നായിരിക്കും. നല്ല ആഖ്യായികകൾ ഭാഷയിൽ ഉണ്ടായിട്ടില്ലെന്നു ഖണ്ഡിച്ചു പറവാൻ പാടില്ല. എന്നാൽ അവ വളരെ ചുരുക്കംതന്നെയാണ്. പിന്നെ ഗദ്യമെഴുത്തുകാൎക്കു നല്ല മാതൃകകൾ ഇല്ലാതേയുമില്ല. അപ്പൻതമ്പുരാന്റെ കൃതികൾ സൎവ്വപ്രകാരേണ ഈ വിഷയത്തിൽ ഉന്നതമാതൃകകളാണെന്നുള്ളതിന്നു സംശയമില്ല. പദശുദ്ധി, സരളത, പ്രസന്നത, സുവ്യക്തത മുതലായവ തിരുമനസ്സിലെ ഭാഷാരീതിക്കുള്ള വിശേഷഗുണങ്ങളാകുന്നു. ഇദ്ദേഹത്തെ കൂടാതെയും നല്ല ഗദ്യമെഴുത്തുകാർ പലരും ഉണ്ട്. എന്നാൽ അവരെ അനുകരിക്കുന്നവർ വല്ലവരും ഉണ്ടോ എന്നു സംശയം തന്നെയാണ്. 'ഭാഷ മനസ്സിന്റെ ദൎപ്പണ'മാണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ ദൎപ്പണം മലിനമായിരുന്നാൽ മനോവിചാരങ്ങൾ അതിൽ, പ്രതിഫലിച്ചുകാണുകയില്ലല്ലോ. എതായാലും ഗദ്യമെഴുത്തുകാർ അനവദ്യവും, സുസമ്മതവുമായ ഒരു ഭാഷാരീതിയെ അവലംബിക്കേണ്ടതത്യാവശ്യമായിരിക്കുന്നു. വായനക്കാൎക്കു ജ്ഞാനവും, രസവും, പ്രയോജനവും നൽകുന്ന ഗ്രന്ഥങ്ങൾ മാത്രമേ സാഹിത്യങ്ങളായി ഗണിക്കപ്പെടാൻ പാടുള്ളൂ. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളിൽ എത്ര എണ്ണം ഇതിൽ ഉൾപ്പെടുമെന്നു നിശ്ചയമില്ല. തൂക്കിനോക്കിയാൽ ഇവയിൽ അധികവും ഘനക്കുറവുള്ളവയായിട്ടുതന്നെ കാണപ്പെടും. 'ധനഗ്രാഹിക'ളായുള്ള ഗ്രന്ഥങ്ങളുടെ ബഹുളംകൊണ്ടു യഥാൎത്ഥസാഹിത്യഗ്രന്ഥങ്ങളിൽ നമ്മുടെ ദൃഷ്ടി വേണ്ടതുപോലെ പതിയുന്നതിന്നിടയാകുന്നില്ലെന്ന് ഒരു ദോഷവുംകൂടി ഉണ്ട്. ഭാഷയുടെ സാഹിത്യസമ്പത്തു വൎദ്ധിപ്പിക്കേണ്ടതു നമ്മുടെ ചുമതലയാണ്. അതിന്നുള്ള മാൎഗ്ഗം എല്ലാവരും ഗ്രന്ഥമെഴുതിത്തുടങ്ങുകയാണോ എന്നാണ് സംശയം. എഴുതുന്നവയൊക്കെയും സാഹിത്യമാകുമോ എന്നു ആലോചിക്കേണ്ടതാണ്. നമ്മെ ഗ്രന്ഥമെഴുത്തിലേക്കാകൎഷിക്കുന്നതിന്നു ഇപ്പോൾ ചില പ്രധാനകാരണങ്ങളുണ്ട്. അതൊക്കെയും ഇവിടെ

പറഞ്ഞിട്ടാവശ്യമുണ്ടെന്നു വിചാരിക്കണില്ല. ഇതും നമ്മുടെ ആഗ്രഹങ്ങളിൽ മററു പലതുകളെപ്പോലെ തടയേണ്ടതായ ഒന്നാണെന്നു മാത്രമേ പറയുന്നുള്ളു.

പദ്യഗ്രന്ഥങ്ങളും ഇപ്പോൾ ധാരാളം ഉണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു. ഗദ്യത്തെ സംബന്ധിച്ചു പറഞ്ഞതെല്ലാം ഇതിനേയും സംബന്ധിക്കുന്നതാണ്. പദ്യങ്ങളെല്ലാം കവിതകളാകയില്ലല്ലോ. കവിത വിശിഷ്ടകലകളിൽ ഒന്നാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇവയെല്ലാക്കയും അടിസ്ഥാനം 'വാസന'യാണല്ലോ. വാസനയില്ലെങ്കിൽ അതുണ്ടാകാനും പ്രയാസമാണ്. എങ്കിലും കവിതാഭ്രമംകൊണ്ടു നമ്മിൽ പലരും ഈ തത്വം വിസ്മരിച്ചുപോകുന്നു. കവിതയുടെ സൂക്ഷ്മമായ സ്വരൂപജ്ഞാനം നമുക്കുണ്ടോ എന്നും സംശയമാണ്. കവിതയെന്നത് 'അപ്രത്യക്ഷമായ പ്രകൃതിയുടെ പ്രത്യക്ഷമായ ചിത്ര'മാണെന്ന് ഒരു മഹാൻ പറഞ്ഞുകാണുന്നു. ഈ വിവരണത്തിൽ എന്തുമാത്രം സാരം അടങ്ങീട്ടുണ്ടെന്ന് ഇപ്പോൾ വിസ്തരിച്ചുപറവാൻ സാധിക്കയില്ല. ഇതിന്റെ സാരം അല്പമെങ്കിലും ഗ്രഹിച്ചിട്ടാണോ നാം ഇപ്പോൾ കവിതയെഴുതുന്നത്? ഈ ലക്ഷണത്തോടുകൂടിയ കവിത ഇപ്പോൾ എത്രയുണ്ട്? കവിയും, കാമുകനും, ഭ്രാന്തനും തുല്യന്മാരാണെന്നു മഹാകവിയായ ഷേക്സ്പിയർ തന്നെ പറഞ്ഞിരിക്കുന്നു. ഇവർ മൂന്നുപേരും മനോധർമ്മത്തിന്റെ പൂർണ്ണസ്വരൂപങ്ങളാണത്രെ. അദ്ദേഹം കവിയെ ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു:— 'കവിയുടെ ദൃഷ്ടി ഒരു വിശിഷ്ടമായ ഉന്മാദത്താൽ പ്രേരിതമായിട്ടു, പ്രതിക്ഷണം, ഭൂവിൽനിന്നു ദ്യോവിലേക്കും, ദ്യോവിൽനിന്നു ഭൂവിലേക്കും ചരിക്കുന്നു. കവിയുടെ മനോധർമ്മം അജ്ഞാതങ്ങളായ വസ്തുക്കൾക്കു രൂപം നൽകുകയും, അദ്ദേഹത്തിന്റെ തൂലിക അവയെ പ്രത്യക്ഷമായി പ്രദർശിപ്പിക്കയും, ഇല്ലാത്ത വസ്തുക്കൾക്കുപോലും സ്ഥാനവും പേരും നൽകുകയും ചെയ്യുന്നു.' ഇതിൽ പറയുന്ന ലക്ഷണങ്ങളും മുമ്പു പ്രസ്താവിച്ച വിവരണത്തിലുള്ള ലക്ഷണങ്ങളും ഏകദേശം ഒരുപോലെതന്നെയാണെന്നു സ്പഷ്ടമായിക്കാണാവുന്നതാണ്. ഈ തോതുവെച്ചു നോക്കുന്നതായാൽ നമ്മുടെ ഇടയിൽ എത്ര 'കവികൾ' കാണും? കവിതയിൽ മനോധർമ്മത്തിനു എത്രമാത്രം പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നും അനുമാനിക്കാവുന്നതാണ്. കാവ്യം 'രസാത്മക'മായിരിക്കണമെന്നു പറയുന്നതിന്റെ സാരവും ഇതുതന്നെയാണെന്നാണ് എനിക്കു തോന്നുന്നത്. പരിഷ്കാരം വർദ്ധിക്കുന്തോറും കവിത കുറഞ്ഞുവരുമെന്നു 'മെക്കാളി' പറഞ്ഞിട്ടുള്ളതിൽ വാസ്തവം ഇല്ലാതില്ല. ഇപ്പോൾ നമ്മുടെ ദൃഷ്ടി പ്രധാനമായി പതിയുന്നതു 'പ്രകൃതിയുടെ' രമ്യതയിലല്ലാ, അതിന്റെ ഉപയോഗത്തിലാണ്. എങ്കിലും നമ്മുടെ ഇടയിലും യഥാർത്ഥകവികൾ ഇല്ലെന്നു പറയാൻ പാടില്ല. പദ്യമെഴുത്തുകാരിൽ വാസനയില്ലാത്തവർ ഗദ്യമെഴുത്തിലേക്കു ദൃഷ്ടി പതിക്കുന്നതായാൽ ഗദ്യസാഹിത്യത്തിനു വർദ്ധനയുണ്ടാവാനിടയുണ്ട്. ഉൽകൃഷ്ടവിദ്യാഭ്യാസം നമ്മുടെ ചിന്തകളുടേയും, ചിത്തവൃത്തികളുടേയും നിലയെ ഏറക്കുറെ ഉയർത്തിവരുന്നുണ്ട്. ഭാഷയേയും ആ നിലയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ തീരെ ഉപേ

ക്ഷിക്കണം. അതിന്നാരും ഒരുങ്ങുമെന്നു തോന്നുന്നില്ല. മലയാളഭാഷയ്ക്കിപ്പോൾ അത്യാവശ്യമായിരിക്കുന്നതു 'ലഘു' സാഹിത്യമല്ലാ, 'ഗുരു'സാഹിത്യമാണ്. സ്വഭാഷയിൽത്തന്നെ ഉൽകൃഷ്ടവിദ്യാഭ്യാസം വേണമെന്നാണല്ലോ നമ്മുടെ എല്ലാവരുടേയും താല്പര്യം. ഒരു മലയാളസർവ്വകലാശാലയാണ്, നമ്മുടെ ഈ വിഷയത്തിലുള്ള ആശയുടെ പരമകാഷ്ഠ. ഇങ്ങിനെയിരിക്കുന്ന സ്ഥിതിക്കു ഗുരുതരങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അത്യാവശ്യകങ്ങളായി വരുന്നു. എന്നാൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുസ്തകങ്ങൾ ഇത്തരത്തിലുള്ളവയല്ല. അതുകൊണ്ടു നമ്മുടെ സാഹിത്യകർത്താക്കന്മാരും സാഹിത്യകർത്താക്കന്മാരാകാൻ ഇച്ഛിക്കുന്നവരും അവരുടെ മനസ്സിനേയും, ശ്രമത്തേയും ഈ വിഷയത്തിലേക്കു തിരിച്ചുവിട്ടു നമ്മുടെ ഭാഷാസാഹിത്യത്തിന്റെ തരവും ഗുണവും ഉയർത്തുന്നതിന്നു തുനിഞ്ഞാൽ നന്നായിരിക്കുമെന്നു തോന്നുന്നു. ലോകത്തിൽ ചുമതലയില്ലാത്ത കാര്യം ഒന്നുംതന്നെയില്ല. എന്നാൽ ഗ്രന്ഥമെഴുത്തുകാരുടെ ചുമതല ഒട്ടും ചില്ലറയല്ല. നമുക്കൊരു സർവ്വകലാശാല വേണമെങ്കിൽ അതിന്നുള്ള അടിസ്ഥാനം ഇപ്പോൾത്തന്നേ ഉറപ്പിക്കേണ്ടിയിരിക്കുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്ന് ഉൽകൃഷ്ടഗ്രന്ഥങ്ങൾ ആവശ്യകങ്ങളാണല്ലോ. നാം ഉത്സാഹിക്കാഞ്ഞാൽ അവ എങ്ങിനെ ഉണ്ടാകും?

മലയാളഭാഷ ഇപ്പോൾ ഒരു ദുർഘടമായ ഘട്ടത്തിലാണിരിക്കുന്നത്. ഓരോ സ്ഥലങ്ങളിൽനിന്നും അതിന്നു പ്രതിദിനം സ്ഥാനഭ്രംശം വന്നുകൊണ്ടിരിക്കുന്നു. ന്യായസ്ഥലങ്ങളിലും, മറ്റു കച്ചേരികളിലും അതു പേരിന്നു മാത്രം ഉണ്ടെന്നേ പറയാൻ പാടുള്ളു. നമ്മുടെ സംഭാഷണങ്ങളിലും മലയാളപദങ്ങൾ കുറഞ്ഞു കുറഞ്ഞു വരുന്നു. മലയാളവിദ്യാലയങ്ങളിൽ ക്ലാസ്സു കാര്യവും, മുഖ്യപരീക്ഷ നിർത്തുകയും ചെയ്തു. ഇവയിലെ എഴുത്തുകുത്തുകൾ കൂടി ഇംഗ്ലീഷിൽ വേണമെന്നു നിർബ്ബന്ധമാണത്രെ. സ്വഭാഷാപക്ഷം തീരെ രുചിക്കുന്നില്ലെന്നു തോന്നുന്നു. ഈ വക വിദ്യാലയങ്ങളുടെ വിരുതുകൾതന്നെ, പുതിയ വിദ്യാഭ്യാസനിയമമനുസരിച്ച്, ഇപ്പോൾ അന്യഭാഷയിലാണ് പറഞ്ഞുവരുന്നത്. അവ ശബ്ദിക്കണമെങ്കിൽത്തന്നെ കുറച്ചു സമയവും ശക്തിയും വ്യയം ചെയ്യേണ്ടിയിരിക്കുന്നു. മലയാളത്തിലുള്ള പരീക്ഷയുടെ പേരും മേൽപ്പടിതന്നെ. മലയാളത്തിൽ പേരില്ലാഞ്ഞിട്ടോ കിട്ടാഞ്ഞിട്ടോ എന്തുകൊണ്ടാണെന്നറിവാൻ പാടില്ല. തെരുവുകളിൽ നാം കേൾക്കുന്ന ഭാഷയും മിശ്രംതന്നെ. ഈ മാതിരി ഭാഷ പത്രങ്ങളിലും പുസ്തകങ്ങളിലും കേറിത്തുടങ്ങീട്ടും ഉണ്ട്. ശുദ്ധമലയാളം വല്ല ദിക്കിലും ഉണ്ടോ എന്തോ? ഈ സ്ഥിതിക്കു ഭാഷയുടെ സംരക്ഷണത്തിന്നു മതിയാകുന്നതായ ഒരു ശക്തി ഉണ്ടായിരിക്കേണ്ടത് എത്രയും ആവശ്യമാണ്. രക്ഷാകർത്താവ് ഇല്ലാതായി. ഭാഷാപോഷിണീസഭ നിന്നുപോയി. സാഹിത്യസമാജം മങ്ങിയോ മയങ്ങിയോ കിടക്കുന്നു. സർവ്വകലാശാലയും ഉപേക്ഷിക്കാനുള്ള ഭാവമായി. എവിടെനിന്നാണ് ഭാഷയ്ക്ക് ഇനി സഹായം ലഭിക്കുന്നത്?

ആരും ശ്രദ്ധിക്കാതിരുന്നാൽ, കുറച്ചു കാലം കൂടി കഴിഞ്ഞാൽ മലയാളഭാഷയു

ടെ സ്ഥിതി എന്തായിരിക്കും? ഇതു ഭാഷാഭിമാനികളുടെ ഗാഢാലോചനയ്ക്കു വിഷയീഭവിക്കേണ്ട ഒരു സംഗതിയാണ്. കൊച്ചിയിലെ സാഹിത്യസമാജം ഒന്നു പരിഷ്കരിച്ചു 'കേരളസാഹിത്യസമാജം' ആക്കി, അതിലെ അംഗങ്ങളുടെ സംഖ്യ കാൎയ്യക്ഷമതയ്ക്കു വിഘാതം വരാത്ത വിധത്തിൽ വൎദ്ധിപ്പിച്ചു ഭാഷാപോഷണം, സാഹിത്യപരിശോധന, നൂതനഗ്രന്ഥനിൎമ്മാണം, ഭാഷാന്തരീകരണം മുതലായ ചുമതലകൾ ഏല്പിക്കുന്നതായാൽ [illegible] വല്ലതും സാധിക്കാമായിരിക്കാം. അംഗങ്ങൾ ഭാഷാഭിമാനികളും, ഭാഷാഭിജ്ഞന്മാരും, പ്രത്യേകിച്ചും ഉത്സാഹശീലന്മാരും ആയിരിക്കേണ്ടതാവശ്യമാണ്. ഈ സംഘംവക ഒരു മൂലധനവും ഉണ്ടായിരിക്കണം. ഇതും ഭാഷാപോഷിണിയേപ്പോലെ കലാശിക്കയില്ലയോ എന്നു സംശയിച്ചേക്കാം. അങ്ങിനെ വരാവുന്നതാണ്. രണ്ടു സമാജങ്ങളും തൃപ്തികരമായി പ്രവൎത്തിക്കാതിരിക്കുന്നതിന്റെ കാരണം അന്വേഷിച്ചറിഞ്ഞു വേണ്ട പരിഹാരങ്ങളും, പരിഷ്കാരങ്ങളും ചെയ്താൽ മാത്രമെ അല്പമെങ്കിലും ഫലം ഉണ്ടാകയുള്ളു. ഇതിന്റെ ഭാരവാഹികൾ ഭാഷാപോഷണത്തിൽ യഥാൎത്ഥ പ്രതിപത്തിയും, ജന്മഭാഷയെക്കുറിച്ചു സ്നേഹവും ഉള്ളവരായിരിക്കുന്നതുകൂടാതെ അവരുടെ സമയത്തേയും ബുദ്ധിശക്തിയേയും ഈ വിഷയത്തിൽ വ്യയം ചെയ്യുന്നതിന്നു സന്നദ്ധന്മാരും ആയിരിക്കണം. 'ഒത്തു പ്രവൎത്തിക്ക' എന്നുള്ളതാണ് ഏതു സമാജത്തിന്റെയും മൂലപ്രമാണം. അതുകൊണ്ടു അംഗങ്ങളെല്ലാം ഇതിന്നൊരുക്കമുള്ളവരായിരിക്കണം. ഒരു ശരിയായ അദ്ധ്യക്ഷനും, കാൎയ്യദൎശിയും, ഭരണനിൎവ്വഹണസംഘവും ഉണ്ടായിരുന്നാൽ ഏതു സമാജവും സഫലമായ വിധത്തിൽ പ്രവൎത്തിക്കുന്നതാണെന്നുള്ളതിന്നു സംശയമില്ല. ഇവയെല്ലാം ഭാഷാഭിമാനികളുടെ ആലോചനയ്ക്കും ശ്രദ്ധയ്ക്കും വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു. ഇതുകൂടാതെ ഇപ്രകാരമുള്ള ഒരു സമാജത്തിനു ഭാഷാസംബന്ധമായ പല കാൎയ്യങ്ങളും ചെയ്വാൻ കഴിയുന്നതാണ്. ഒരു മലയാളമഹാവിദ്യാലയസ്ഥാപനത്തിനു വേണ്ട യത്നങ്ങളും ഒരുക്കങ്ങളും ചെയ്യുന്നതിനും, അതിലേക്കു അധികൃതന്മാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനും, സഹായത്തെ സമ്പാദിക്കുന്നതിനും ഇപ്രകാരം ശക്തിമത്തായ ഒരു സമാജം ആവശ്യമാണല്ലൊ. ഈ സഭ വകയായ ഒരു മലയാളഗ്രന്ഥശാലയും വേണ്ടതാണ്. ഇതേവരെയായിട്ടും കേരളത്തിൽ ഇപ്രകാരമൊരു സ്ഥാപനം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. യഥാൎത്ഥസൎവ്വകലാശാല ഒരു ഗ്രന്ഥശാലയാണെന്നു 'കാർലൈൽ' എന്ന മഹാൻ പറഞ്ഞിരിക്കുന്നു. ഏതെങ്കിലും ഉടനെ പ്രവൎത്തിക്കുന്നതിന്നു നാം നിൎബ്ബന്ധിതന്മാരായിരിക്കുന്നു. എല്ലാ വിഷയത്തിലും ഇപ്പോൾ പരിഷ്കാരം നടന്നുകൊണ്ടിരിക്കുന്ന കാലമാണല്ലൊ. അതുപോലെതന്നെ ഭാഷാപരിഷ്കാരത്തിലും നാം ശ്രദ്ധിച്ചാൽ നന്നായിരുന്നു. നമുക്കീവിഷയത്തിൽ മാത്രം വളരെ അനാസ്ഥയുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതിനെ മാറേറണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു ചെയ്യേണ്ട മററു കാൎയ്യങ്ങൾ വിദ്വാന്മാരുടേയും, ഭാഷാഭിമാനികളുടേയും ആലോചനയ്ക്കായി വിട്ടിരിക്കുന്നു.

ആർ. ഈശ്വരപിള്ള ബി. എ.

# ശൈശവവിവാഹം

വിവാഹവിഷയത്തിൽ ഇന്ത്യയിലും പടിഞ്ഞാറെ യൂറോപ്പിലും തമ്മിൽ പ്രധാനമായ ഒരു വ്യത്യാസം ശൈശവവിവാഹത്തിലാണ്. 1880-നു അടുത്ത ഒരു കാലത്തെടുത്ത കണക്കപ്രകാരം, പശ്ചിമയൂറോപ്പിൽ 20 വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള പുരുഷന്മാർ 2147-ൽ ഒന്നും സ്ത്രീകൾ 142-ൽ ഒന്നും ആകുന്നു. എന്നാൽ ഇന്ത്യയിൽ അതെ വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള പുരുഷന്മാർ 100-നു പത്തും സ്ത്രീകൾ 100 നു 27-ം ആകുന്നു. അഞ്ചുവയസ്സിനു താഴെ വിവാഹം കഴിഞ്ഞിട്ടുള്ള പുരുഷന്മാർ കുറവാണെങ്കിലും 10 വയസ്സിനു താഴെ 100-നു 4 വീതമുണ്ട്. അഞ്ചു വയസ്സിനു താഴെ വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾ 72-നു 1 വീതമുണ്ട്. 10 വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾ ഇന്ത്യയിൽ ആകെ 25 ലക്ഷമുണ്ട്.

ഹിന്ദുശാസ്ത്രഗ്രന്ഥങ്ങളിൽ ബാല്യവിവാഹം നിർബ്ബന്ധമാക്കീട്ടുണ്ട്. എന്നാൽ, പൂർവ്വനിവാസികളുടെ ഇടയിൽ ഋതുമതീവിവാഹമായിരുന്നു പതിവ്. ഇന്ത്യയിലെ പൂർവ്വനിവാസികളുടെ ഇടയിൽ ശൈശവവിവാഹം നടപ്പുണ്ടായിരുന്നില്ലെന്നും, ആര്യന്മാരാണ് അതിനെ ഇന്ത്യയ്ക്കു കൊണ്ടുവന്നതെന്നും, ഹിന്ദുമതത്തിന്റെയും ഉയർന്ന ജാതിക്കാരായ ആര്യന്മാരുടെയും അടുപ്പംകൊണ്ട് ഈ നടപ്പു താന്ന ജാതിക്കാരുടെ ഇടയിൽ കടന്നുകൂടിയെന്നുമാണ് ഇപ്പോൾ വിചാരിച്ചുവരുന്നത്. ഈ അഭിപ്രായം ഇന്ത്യയിലെ നടപ്പിനു തെറ്റാണെന്നും, മതസിദ്ധാന്തങ്ങളിലും സമുദായനടപ്പുകളിലും പൂർവ്വനിവാസികളുടെ അടുപ്പംകൊണ്ടു വളരെ ഭേദഗതികൾ വന്നിട്ടുണ്ടെന്ന സംഗതിയെ ഈ അഭിപ്രായക്കാർ തീരെ വിസ്മരിക്കുന്നുവെന്നും തോന്നുന്നു.

ജാതിവിഭാഗം ആര്യന്മാരിൽനിന്നുണ്ടായിട്ടുള്ളതാണെന്നുള്ള 'സെനാട്ടി'ന്റെ അഭിപ്രായത്തെ എതിർക്കുന്ന അവസരത്തിൽ 'ബോഗ്ലി' എന്ന ആൾ ഇന്ത്യയെ ആക്രമിച്ച ആര്യന്മാരെപ്പറ്റി പല തെറ്റിദ്ധാരണകളും വന്നിട്ടുണ്ടെന്നു പറയുന്നു. ജാതിവിഭാഗം അനാര്യന്മാർക്ക് അജ്ഞാതമല്ലെന്നു വിചാരിപ്പാൻ ധാരാളം കാരണമുണ്ട്. മതവിഷയങ്ങളെയും പൂർവ്വനിവാസികളുടെ അടുപ്പം ബാധിച്ചിട്ടുണ്ട്. ഹിന്ദുദേവതകളിൽ പലതും പൂർവ്വനിവാസികളുടെ ഇടയിലുണ്ടായിരുന്നു; മരണത്തിനുശേഷം ആത്മാവിന്റെ ദേഹാന്തരപ്രാപ്തി തന്നെ വൈദികകാലത്തെ ഹിന്ദുക്കളുടെ ചെവിക്കു പുത്തരിയായിരുന്നു. പരലോകസുഖത്തിനു പുത്രലാഭം ആവശ്യമാണെന്നുള്ള അഭിപ്രായം ഹിന്ദുക്കൾക്കു പ്രത്യേകമായതല്ല. ഈ അഭിപ്രായം ലോകമാസകലം ഉണ്ട്. ഇഹലോകത്തിലും പരലോകത്തിലും ഒരുത്തന്റെ നന്മക്കു യഥാകാലത്തിൽ ഒരു പുത്രനുണ്ടാകുന്നത് അത്യാവശ്യമായിട്ടാണ് 'സുമാത്ര'യി

ലെ ബാററക്സ് വിചാരിക്കുന്നത്. ശുദ്ധ്യശുദ്ധികളെസ്സംബന്ധിച്ചുള്ള നിയമങ്ങൾ ഉത്തരേന്ത്യയിലെക്കാൾ ദക്ഷിണേന്ത്യയിലാണ് പരിഷ്കരിച്ചുകാണുന്നത്. ദക്ഷിണേന്ത്യയിലെ നിവാസികളിൽ അധികം പേരും ദ്രാവിഡന്മാരാണുതാനും.

ശൈശവവിവാഹവും ഇന്ത്യക്കു പ്രത്യേകമായിട്ടുള്ളതല്ല. യൂറോപ്യന്മാരുടെ ഇടയിൽ മാത്രമെ ബാല്യവിവാഹം കാണാതുള്ളു. 'പ്രാചീനനിവാസികൾ ശൈശവവിവാഹം എന്നു കേട്ടിട്ടുതന്നെയില്ല' എന്ന അഭിപ്രായത്തെ ഫോറ്ട്ലാണ്ട് ഖണ്ഡിക്കുന്നു. ആസ്ത്രേലിയയിലും ആഫ്രിക്കയിലും ലോകത്തിൽ മററു പല സ്ഥലങ്ങളിലും അതിപ്രാചീനകാലത്തു തന്നെയുണ്ടായിരുന്നുവെന്ന് അദ്ദേഹം തെളിയിക്കുന്നു. ഹോട്ടെൻറാട്ട് പെൺകുട്ടികൾക്ക് എട്ടും ഒമ്പതും വയസ്സിൽ വിവാഹം കഴിയുന്നത് ഒട്ടും ദുർല്ലഭമല്ല; ബ്രാഹ്മണകുമാരികൾക്ക് അതിലും ചെറുപ്പത്തിൽ തന്നെ കല്യാണം കഴിയാറുണ്ട്. 'വാഗാസ' എന്നവരുടെ ഇടയിൽ 5 വയസ്സായ പെൺകുട്ടികളെ തങ്ങളെക്കാൾ വളരെ വയസ്സേറിയ പുരുഷന്മാർ വിവാഹം കഴിക്കുകയും, സഹശയിക്കുകയും ചെയ്യുന്നു. 'പോഗൊറൊ' ജാതിക്കാരുടെ ആൺകുട്ടികളും പെൺകുട്ടികളും ഏഴൊ എട്ടൊ വയസ്സുകാലത്തു വിവാഹം ചെയ്യുകയും സഹശയിക്കുകയും ചെയ്യുന്നു. * ന്യൂസാലാണ്ടിലെ റെജിസ്ട്രാർജനറാൾ 1911-ലെ സെൻസസ്റിപ്പോർട്ടിൽ ആ രാജ്യത്തിൽ 17 വയസ്സായ എല്ലാ പുരുഷന്മാരും 14 വയസ്സു കഴിഞ്ഞ എല്ലാ സ്ത്രീകളും വിവാഹം കഴിച്ചവരാണെന്നു പറയുന്നു.

ശൈശവവിവാഹത്തെക്കുറിച്ചു നിരൂപണം ചെയ്യുമ്പോൾ ഒന്നാമതു വിചാരിക്കേണ്ടതു ഹിന്ദുക്കളുടെ ഇടയിൽ വിവാഹം കഴിഞ്ഞ ഉടനെ സഹശയനം നടപ്പില്ലെന്ന സംഗതിയാണ്. എന്നാൽ ചില സ്ഥലങ്ങളിൽ ഋതുവാകുന്നതിനു മുമ്പും അത്യാവശ്യം നടപ്പുണ്ട്. എന്നാൽ ഏതു വിധത്തിലും പ്രഥമാർത്തവം കഴിഞ്ഞാൽ പിന്നെ താമസിക്കാറില്ല.

ഇന്ത്യയിൽ ആകപ്പാടെ നോക്കുന്നതായാൽ 5 വയസ്സിനുള്ളിൽ 1000-നു പുരുഷന്മാരും 14 സ്ത്രീകളും വിവാഹം കഴിഞ്ഞവരാണ്. ആസാം, ബർമ്മ, പശ്ചിമോത്തരപ്രദേശങ്ങൾ, കൊച്ചി, തിരുവിതാംകൂർ, മൈസൂർ എന്നീ ദിക്കുകളിൽ 10 വയസ്സിനു താഴെ വിവാഹം നടപ്പില്ല. ഈ സമ്പ്രദായത്തിന്റെ പ്രചാരം അധികമായി ബിഹാർ, ഒറീസ്സാ, ബോംബെ, ബറോഡാ, മദ്ധ്യേന്ത്യാ ഏജൻസി, ഹൈദരബാദ്, എന്നീ സ്ഥലങ്ങളിലാണ് നടപ്പുള്ളത്. ഇതിനാൽ ശൈശവവിവാഹം ഉത്തരേന്ത്യയിലാണ് അധികം നടപ്പെന്നു വരുന്നു. ശൈശവവിവാഹം ഹിന്ദുക്കളുടെ ഇടയിൽ അധികമായും മുഹമ്മദീയർ, ക്രൈസ്തവന്മാർ, അനിമിസ്റ്റ്സ്, ബൌദ്ധന്മാർ എന്നിവരുടെ ഇടയിൽ ക്രമേണ കുറഞ്ഞും ഇരിക്കുന്നു. ഒരു ബൌദ്ധസ്ത്രീയുടെ വിവാഹം പത്തു വയസ്സിനു മുമ്പ് ഉണ്ടായതായി കേട്ടിട്ടില്ല. 15 വയസ്സിനുള്ളിൽ തന്നെ വളരെ ദുർല്ലഭമാണ്. മതഭേദത്തെ അനുസരിച്ചു ശൈശവവിവാ-

* Primitive Paternity II, 253-272

ത്തിലും ഭേദഗതികളുണ്ട്. മുഹമ്മദീയരുടെ ഇടയിൽ ഈ നടപ്പു ഏററവും കുറഞ്ഞിരിക്കുന്നതു ബോമ്പയിലാണു്. ബിഹാറിലും ഒറീസ്സാവിലും ഈ നടപ്പു് ഒന്നു നോക്കേണ്ടതു തന്നെയാണ്. ഇവിടെ 10 വയസ്സിന്നുള്ളിൽ വിവാഹം കഴിഞ്ഞ ഹിന്ദുബാലന്മാർ 1000-ന്നു 126-ം ബാലികമാർ 2[illegible]9-ം ആകുന്നു. ബാലന്മാർ ഒറീസ്സയിൽ 4-ം വടക്കൻ ബിഹാറിൽ 228-ം ദർഭംഗയിൽ 481-ം ആകുന്നു. ബാലികമാർ ഒറീസ്സയിൽ 33-ം, വടക്കൻ ബിഹാറിൽ 345-ം ദർഭംഗയിൽ 617-ം ആകുന്നു. ശൈശവവിവാഹം ദർഭംഗയിലെപ്പോലെ ഇന്ത്യയിൽ മററാരിടത്തും ഇല്ല. പത്തു വയസ്സിന്നു താഴെയുള്ള ബാലന്മാരിൽ പകുതിയും ബാലികമാരിൽ മുക്കാലും വിവാഹം കഴിഞ്ഞവരാകുന്നു. ഈ സംഗതിയെപ്പററി 1901-ൽ* അന്വേഷണം നടത്തിയെങ്കിലും തൃപ്തികരമായിട്ടില്ല. ഈ സമ്പ്രദായക്കാരായ ബ്രാഹ്മണർ ഇവിടെയുണ്ടത്രെ. അവക്ക് ഈ സമ്പ്രദായം എങ്ങിനെ ഉണ്ടായി എന്നറിവില്ല.

ലോകത്തിൽ ശൈശവവിവാഹം അധികമായി നടപ്പുള്ളതു ഹിന്ദുക്കളുടെ ഇടയിലാണെങ്കിലും അവരിൽ ഉയൎന്ന ജാതിക്കാരുടെ ഇടയിൽ ഇതു കുറഞ്ഞും താന്ന ജാതിക്കാരുടെ ഇടയിൽ ഏറിയും ഇരിക്കുന്നു. ബംഗാളത്തിൽ ഇത് അധികം നടപ്പുള്ളതു പോഡ്, ഢോം, ചാസികൈബൎത്താ, ബാഗഡി, മുചി എന്നിവരുടെ ഇടയിലാണ്. അഞ്ചു വയസ്സിന്നുള്ളിൽ വിവാഹം കഴിഞ്ഞ ബാലികമാർ പോഢ് ജാതിയിൽ 1000-ന്നു 48-ം ഒടുവിൽ പറഞ്ഞ രണ്ടു ജാതിക്കാരിൽ 9-ം ആകുന്നു. ബ്രാഹ്മണരുടെ ഇടയിൽ 1000-ന്നു 3-ം, കായസ്ഥന്മാരുടെയും വൈദ്യന്മാരുടെയും ഇടയിൽ 2-ം ആകുന്നു. ഇവിടെയുള്ള മുഹമ്മദീയരുടെ ഇടയിലും ഇതു ധാരാളം നടപ്പുണ്ട്. ബീഹാറിലും ഒറീസ്സാവിലും ഉള്ള 'ധാനുക്സ്' ടാൻടീസ്, കന്തൊർസ്, ബനൈസ്, ഗോവാലാസ് എന്നിവരുടെ ഇടയിൽ 72 മുതൽ 102 വരെ ബാലികമാർ 5 വയസ്സിന്നുള്ളിൽ ഭാൎയ്യമാരായിട്ടുണ്ട്. 5 മുതൽ 12 വയസ്സിന്നുള്ളിൽ 383-630-ം വരെയുണ്ട്. ഇവിടെയുള്ള ബാരൻസ്, ബ്രാഹ്മണർ, കായസ്ഥന്മാർ ഇവരുടെ ഇടയിൽ 5 വയസ്സിന്നുള്ളിൽ വിവാഹം കഴിഞ്ഞ ബാലികമാർ 1000-ന്നു 8 മുതൽ 13 വരെയും 12 വയസ്സിന്നുള്ളിൽ 60-178 വരെയും ഉണ്ട്; രാജപുത്രന്മാരുടെ ഇടയിൽ 5 ന്നുള്ളിൽ 19-ം 5 മുതൽ 12 ന്നുള്ളിൽ 105-ം ആകുന്നു. ബോംബെയിൽ 5-ന്നുള്ളിൽ ബ്രാഹ്മണർ 7, മാഹാർസു 46, ലിംഗായാറ്റ്സു 79, ഭവാഡ്സു 88, ബീഡാർസു 105, മത്രീസു 113. ബറോഡയിലെ കഡ്വാകുംബീസു 625. 5 മുതൽ 12-ന്നുള്ളിൽ 894. ഈ ജാതിക്കാർ പത്തോ പതിനൊന്നോ കൊല്ലത്തിലൊരിക്കലെ കല്യാണം കഴിക്കാറുള്ളൂ. കല്യാണകാലത്തു കന്യയാണെങ്കിൽ എത്ര ചെറുതായാലും ഒരു ബാലികയ്ക്കു ഒരു വരനെ വരിക്കണം. ഈ കല്യാണകാലം കഴിഞ്ഞു കൊല്ലം തികയുന്നതിന്നുമുമ്പാണ് ഈ കണക്കെടുത്തത്. അതുകൊണ്ടായിരിക്കാം സംഖ്യ ഇത്ര വലുതായതു്. മദ്ധ്യേന്ത്യയിലും ഹൈദരാബാദിലും ബ്രാഹ്മണരും, ഹൈ

* Census Report 1901-P. 729

ദരാബാദിൽ രാജപുത്രന്മാരും ശൈശവവിവാഹം ധാരാളം നടത്താറുണ്ട്.

ശൈശവവിവാഹം നടപ്പുള്ള ജാതിക്കാരെല്ലാം വിധവാവിവാഹം അനുവദിക്കാറുണ്ട്. അതിനാൽ വിധവകളുടെ എണ്ണം ഈ ജാതിക്കാരിലുള്ളതിനെക്കാൾ ശൈശവവിവാഹം നടപ്പില്ലാത്ത ജാതിക്കാരുടെ ഇടയിൽ വൎദ്ധിച്ചിരിക്കുന്നു. ബീഹാറിലും ഒറീസ്സായിലുമുള്ള മേൽപറഞ്ഞ അഞ്ചു ജാതിയിൽ ഒന്നിലെങ്കിലും 20 മുതൽ 40 വരെ പ്രായമായിട്ടുള്ള വിധവകൾ 1000 നു 140 ലധികമില്ല. എന്നാൽ കായസ്ഥന്മാരുടെയും രാജൻസിൻറയും ബ്രാഹ്മണരുടെയും ഇടയിൽ 1000 നു 217 മുതൽ 246 വരെയുണ്ട്. ബോംബയിൽ കുംബിസ്, മാഹാർസ്, ഭർവാഡ് എന്നിവരുടെ ഇടയിൽ മേൽപറഞ്ഞ പ്രായത്തിൽ 1000 നു 133-ം ബ്രാഹ്മണരുടെ ഇടയിൽ 247-ം വിധവകളുണ്ട്. ശൈശവവിവാഹക്കാർ പ്രായേണ മേൽജാതിയിൽ വിവാഹം ചെയ്യാറില്ല. വിവാഹം സ്വജാതിയിലാവേണമെന്നല്ലാതെ വേറെ ഒരു നിർബ്ബന്ധവുമില്ല. സ്ത്രീധനവും വിവാഹച്ചിലവും വളരെ കുറയുകയും ചെയ്യും.

ശൈശവവിവാഹം ധാരാളമുള്ള ദിക്കിൽ വധൂവരന്മാർ വയസ്സുകൊണ്ടു വളരെ ഭേദപ്പെട്ടിരിക്കാറില്ല. ബീഹാർ ഒറീസ്സാ എന്നീ ദിക്കുകളിലെ ടാൻടീസ്, കുംഹാർസ്, ഗോവാലാസ് എന്നിവരുടെ ഇടയിൽ 5 മുതൽ 12 വയസ്സിന്നുള്ളിൽ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകൾ 100 ആണെങ്കിൽ പുരുഷന്മാർ 66 മുതൽ 75 വരെയാണ്. എന്നാൽ ബ്രാഹ്മണരിൽ 23 ം ബാഭൻമാരിൽ 45-ം, കായസ്ഥന്മാരിൽ 57-ം ആകുന്നു. ബറോഡയിലെ കാഡുവാകുംബികളുടെ ഇടയിൽ കഴിഞ്ഞ സെൻസസ് കണക്കപ്രകാരം ഉള്ളതിലും അധികം ശിശുഭാൎയ്യമാരുണ്ടായിരുന്നുവെങ്കിലും, 100 നു 69 വീതമെ മേൽപ്രകാരമുള്ള ഭൎത്താക്കന്മാരുണ്ടായിരുന്നുള്ളു. വധൂവരന്മാർ തമ്മിൽ പ്രായത്തിനു വലിയ ഭേദമില്ലെങ്കിൽ ബാല്യവൈധവ്യവും കുറയും. ബംഗാളിലെ ബ്രാഹ്മണരേക്കാൾ ഹൈദരാബാദിലെ ബ്രാഹ്മണർ എത്രയോ ചെറുപ്പത്തിൽ പെൺകുട്ടികളെ വിവാഹം കഴിക്കുന്നുണ്ടെങ്കിലും ഇവരുടെയിടയിൽ അവ്വധാവൈധവ്യം കുറയും. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ പ്രായഭേദം അധികമുള്ളത് ബംഗാളിലാണ്. ഇവിടെ 5 മുതൽ 12 വയസ്സിന്നുള്ളിലുള്ള 100 ഗൃഹിണികൾക്കു 11 ഗൃഹസ്ഥന്മാരേ കാണുന്നുള്ളു. ഈ സംസ്ഥാനത്തിലെന്നപോലെ ഇന്ത്യയിൽ മറെറാരിടത്തും ബാലവൃദ്ധദാമ്പത്യം ഇത്ര അധികം നടപ്പില്ല.

ദേശഭേദവും ശൈശവവിവാഹത്തെ ധാരാളം ബാധിക്കുന്നുണ്ട്. അഞ്ചു വയസ്സിന്നുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള ബ്രാഹ്മണബാലികമാർ ബംഗാളിൽ 1000 നു 3-ം, ബോംബേ, മദിരാശി, നാട്ടുരാജ്യങ്ങൾ എന്നിവിടങ്ങളിൽ 1000-ത്തിന്നു 7-ം, ബീഹാർ, ഒറീസ്സം, മദ്ധ്യപ്രദേശങ്ങൾ എന്നീ സ്ഥലങ്ങളിൽ 12-ം, ഹൈദരാബാദിൽ 31-ം മദ്ധ്യേന്ത്യാ ഏജൻസിയിൽ 60-ം ആകുന്നു. എന്നാൽ ഗോവാലാസ്, കുംഹാർസ്, ടാൻടിസ് എന്നിവരുടെ ഇടയിൽ ബംഗാളിൽ

1000 നു 7-ാം, ബീഹാറിലും ഒറീസ്സായിലും ക്രമേണ 72-ാം, 77-ാം, ആകുന്നു. ടെലീസ് എന്നവരുടെ ഇടയിൽ ബങ്കാളിൽ 8-ാം, ബീഹാറിലും ഒറിസ്സായിലും 58-ാം ആകുന്നു. പഞ്ചാബിലെ ചാമർസിന്റെ ഇടയിൽ 1000 നു രണ്ടേയുള്ളൂ. ഐക്യസംസ്ഥാനങ്ങളിൽ 11-ാം, മദ്ധ്യപ്രദേശങ്ങളിൽ 18-ാം, ബീഹാറിലും ഒറീസ്സായിലും 68-ാം അഗവാരിസ് എന്നവരുടെ ഇടയിൽ പഞ്ചാബിൽ 2-ാം, ഐക്യസംസ്ഥാനങ്ങളിൽ 17-ാം ആകുന്നു.

ശൈശവവിവാഹത്തെപ്പററി പറഞ്ഞ എല്ലാ സംഗതികളേയും ഒന്നു തട്ടിച്ചു നോക്കുക. ഇതു് ആദ്യം ഉണ്ടായതു ഉയന്ന ഹിന്ദുക്കളുടെ ഇടയിലാണെന്നും പിന്നെ അതു താണജാതിക്കാരുടെ ഇടയിൽ പരന്നുവെന്നും മുമ്പുതന്നെ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. ആര്യന്മാർ അധികം ഉണ്ടായിരുന്ന ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ പ്രദേശങ്ങളിലാണ് ഈ സമ്പ്രദായം അധികം നടന്നിരുന്നതെന്നു കണക്കുകൊണ്ടു കാണുന്നു. മററുദിക്കുകളിൽ ഇതു സുലഭമായിരുന്നുവെങ്കിലും താന്ന ദ്രാവിഡജാതിക്കാരുടെ ഇടയിലായിരുന്നു ഇതിന്റെ പ്രചാരം. ഇന്ത്യയിലെപ്പോലെതന്നെ ലോകത്തിൽ മററു പല ദിക്കിലും ഇതു നടപ്പുണ്ട്. ആര്യന്മാർ ഒന്നാമതായി ഇന്ത്യയിൽ വന്ന കാലത്തു ഇതു് അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നില്ല. ഋഗ്വേദത്തിലും അഥർവ്വവേദത്തിലും വർണ്ണിച്ചു കാണുന്ന സമുദായങ്ങളുടെ ഇടയിൽ ഇന്നത്തെ മാതിരി കാമിനീകാമുകന്മാർ വിവാഹത്തിനു മുമ്പുതന്നെ സംസാരിച്ചു കാര്യം ഉറക്കുന്നതായി കാണുന്നു. അവർ പരസ്പരം സമ്മതമായതിനു ശേഷമേ അച്ഛനേയോ സോദരനേയോ അറിയിച്ചിരുന്നുള്ളു. നാടകങ്ങളിലാവട്ടെ ഇതിഹാസങ്ങളിലാവട്ടെ ശൈശവവിവാഹം സുലഭമായിരുന്നുവെന്നതിലേക്കു് ഒരു തെളിവും ഇല്ല. ബുദ്ധമതത്തിലെ ഐതിഹ്യങ്ങളിലും ഇല്ല. അതിനാൽ ഈ നടപ്പ് ദ്രാവിഡന്മാരുടെ ഇടയിലുണ്ടായിരുന്നതോ അല്ലെങ്കിൽ ആര്യദ്രാവിഡസമ്മേളനംകൊണ്ടുണ്ടായതോ അല്ലാതെ ആര്യന്മാർക്കു സ്വന്തമായുണ്ടായതാണെന്നു വിചാരിപ്പാൻ മാർഗ്ഗം കാണുന്നില്ല. ദ്രാവിഡന്മാരുടെ ഇടയിലുണ്ടായതാണെന്നു വിചാരിക്കുന്നപക്ഷം അവർക്കും മററു പ്രാചീനനിവാസികൾക്കും ഒരുപോലെയുണ്ടായിരുന്ന ചില പ്രത്യേക സംഗതികളാൽ ഉണ്ടായതല്ലാതെ, ജാതിവിഭാഗം നിമിത്തം ഒരു ജാതിക്കു പ്രത്യേകമുണ്ടായതാണെന്നു തോന്നുന്നില്ല.

(ഒരു മാന്യന്റെ നോട്ടുപുസ്തകത്തിൽനിന്നു)

# സംസ്കൃതഭാഷയും ജാപ്പാനും.

'ഇന്ത്യാരാജ്യത്തിന്നു പുറത്തു കിടക്കുന്ന നാടുകളിൽ വെച്ചു ജാപ്പാനിലെന്നപോലെ സംസ്കൃതാഭ്യാസത്തിന്നു ഇത്ര പ്രചാരവും കാലപ്പഴക്കവും മറെറാരു രാജ്യത്തിലും ഇല്ല' എന്നു 'ഹെറാൾഡ് അഫ് ഏഷ്യ' പറയുന്നു. കൃത്യമായി ഇന്ന കാലത്താണ് ഇതു അഭ്യസിച്ചുതുടങ്ങിയതു് എന്നു പറയുന്നതു തീരെ അസാദ്ധ്യമാകുന്നു. എന്നാൽ അതു ബുദ്ധമതത്തോടുകൂടി ക്രിസ്ത്വാബ്ദം 6 ാം നൂററാണ്ടിൽ ജാപ്പാനിലേക്കു കടന്നുവെന്നു മൊത്തത്തിൽ പറയാം. 7-ാം നൂററാണ്ടിന്റെ ഏതാണ്ടു മദ്ധ്യകാലത്തു ജാപ്പാൻകാരായ ചില ബുദ്ധമതാചാര്യന്മാർ ചീനത്തിലെ 'ബുദ്ധിസ്റ്റു് ട്രാൻസ്ലേഷൻ ഇൻസ്റ്റിറ്റ്യൂട്ടി'ൽ വെച്ചു കേളികേട്ട സഞ്ചാരിയും പണ്ഡിതനുമായ ഹ്യൂഎൻസാങ്ങി (Hiuen Tsang) ന്റെയും ശിഷ്യന്മാരുടെയും അടുക്കൽ സംസ്കൃതാഭ്യാസം ചെയ്തിരുന്നുവെന്നു ചരിത്രത്തിൽ കാണുന്നു.

എന്നാൽ ക്രിസ്ത്വാബ്ദം 735-ൽ ബോധിസേനൻ എന്നും ഫാട്ടിയെറ്റ് എന്നും പേരായ ഇന്ത്യാക്കാരായ രണ്ടു ബൌദ്ധന്മാർ ചെന്നതിന്നു ശേഷമാണ് ജാപ്പാൻകാർ സംസ്കൃതം നിഷ്കർഷിച്ചു പരക്കെ പഠിച്ചുതുടങ്ങിയതു്. ജാപ്പാനിലേക്കു പോയതിന്നു മുമ്പു കുറേക്കാലത്തേക്കു ഇവർ ചീനനാട്ടിന്റെ ഒരു മുഖ്യപട്ടണത്തിലാണ് പാർത്തിരുന്നതു്.

ഈ ഇന്ത്യക്കാരുടെ സാന്നിദ്ധ്യംനിമിത്തം സംസ്കൃതാഭ്യാസത്തിന്നു ഒരു ചൊടി വെക്കുകയും ഒരു തത്വാന്വേഷകസംഘം ഉണ്ടായിത്തീരുകയും ഈ സംഘക്കാരിൽ ചിലർ ജാപ്പാനിലെന്നല്ല ചീനത്തുപോലും ഉള്ള ബൌദ്ധന്മാരുടെ ഇടയിൽ ഉയർന്ന നിലയിൽ എത്തുകയും ചെയ്തിട്ടുണ്ട്. റൈസൻ എന്നു പേരായ ജാപ്പാൻബൌദ്ധപുരോഹിതൻ 805-ൽ കോക്കോദൈഷി ചക്രവർത്തിയുടെ പരിവാരങ്ങളോടുകൂടി ചീനത്തേക്കു പോയി എന്നും മതിയായ സംസ്കൃതപണ്ഡിതനായിരുന്നതിനാൽ കാലക്രമംകൊണ്ടു ബുദ്ധിസ്റ്റ് ട്രാൻസ്ലേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടരായി നിയമിക്കപ്പെട്ടു എന്നും ഉള്ള സംഗതി ചരിത്രപ്രസിദ്ധമാണ്. ഇന്ത്യാക്കാരനായ 'പ്രാജ്ഞൻ' എന്ന ബൌദ്ധപുരോഹിതന്റെ സഹായത്തോടുകൂടി, അദ്ദേഹം തർജ്ജമചെയ്തിട്ടുള്ള 'ഷിഞ്ചികാംഗ്യോ' എന്ന ബൌദ്ധസൂത്രം ആ വിഷയത്തിൽ ഇന്നും ഒരു പ്രമാണഗ്രന്ഥമായിത്തന്നെയിരിക്കുന്നുണ്ട്. ബൌദ്ധസമുദായത്തിന്റെ എല്ലാ ശാഖകളാലും ഭക്തിപൂർവ്വം ബഹുമാനിക്കപ്പെട്ടുകൊണ്ടു റൈസൻ തന്റെ ജീവിതശേഷത്തെ ചീനത്തുതന്നെ കഴിച്ചുകൂട്ടി. ജാപ്പാനിലെ സംസ്കൃതപണ്ഡിതനായിട്ട് അദ്ദേഹം മാത്രമല്ല ചീനത്തു പാർത്തു കാലം കഴിച്ചുകൂട്ടീട്ടുള്ളതു്. മററു പലരും ഉണ്ടായിട്ടുണ്ട്. 'കോംഗോ' എന്നവൻ ചീനത്തു കുറേ കാലം പാർത്തതിൽപ്പിന്നെ 814 ൽ ഇന്ത്യയെ സന്ദർശിച്ചു അവിടെ കുറേനാൾ താമസിച്ചു അമൂല്യമായ അറിവു നേടിയതിന്നുശേഷം ചീനത്തേക്കു മടങ്ങി.

ആ പഴയ കാലത്തു ഇന്ത്യയ്ക്കു വന്നിട്ടുള്ള മറെറാരു ജാപ്പാൻകാരൻ 'സോഗാ' ചക്രവത്തിയുടെ അടുത്ത അനന്തരവനായ സാക്ഷാൽ 'ടാക്കയോക്കാ' രാജകുമാരനാണ്. എന്നാൽ കൊച്ചിൻചൈനയിലെ ലേയാസ് എന്ന സ്ഥലം കടന്നുപോകുവാൻ അദ്ദേഹത്തിന്നു അദൃഷ്ടം ഉണ്ടായില്ല. അവിടെവെച്ച് അദ്ദേഹത്തിന്നു ശരീരസുഖമില്ലാതെ വരികയും, പ്രിയമായ തന്റെ ഉദ്ദേശം നിറവേറാതെ തന്നെ പരലോകം പ്രാപിക്കയും ചെയ്തു.

സംസ്കൃതം ജാപ്പാനിൽ കടന്നതുമുതൽ 'ടോക്കുഗാവാ' വംശക്കാരുടെ വാഴ്ച അവസാനിച്ചതുവരെയുള്ള 1200 കൊല്ലങ്ങൾക്കിടയിൽ 300-ൽ അധികം യഥാൎത്ഥമായ സംസ്കൃതപണ്ഡിതന്മാരുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. സംസ്കൃതവ്യാകരണത്തെയും മററുപല വിഷയങ്ങളെയും അധികരിച്ച് അവർ കുറെയേറെ ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ടെന്നുള്ളതു നിർവിവാദമാണ്. യുദ്ധംകൊണ്ടും മററു കാരണങ്ങളെക്കൊണ്ടും അനേകം ഗ്രന്ഥങ്ങൾ നശിച്ചുപോയിട്ടുണ്ടെങ്കിലും അവരുടെ അന്നത്തെ പ്രയത്നത്തിന്റെ ഫലമായി 150-ൽ കുറയാത്ത ഗ്രന്ഥങ്ങൾ ഇന്നും ഇരിപ്പുണ്ട്. പുറമെ, ഇന്ത്യയിൽനിന്നു നേരിട്ടും, ചീനത്തുകൂടിയും കൊണ്ടുപോയിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങൾ കയ്യെഴുത്തുപകൎപ്പുകളായും ലക്ഷ്യങ്ങളായും പട്ടികകളായും അനേകം ഉണ്ട്. ഇതുകളെല്ലാം ഇന്ത്യയിലെ പഴയ ലിപിയെഴുത്തിന്റെ മാതൃകയുടെ നിലയ്ക്കും ചിലതു ശാസ്ത്രഗ്രന്ഥങ്ങളുടെ നിലയ്ക്കും ഇന്നു വളരെ വിലയുള്ളതാകുന്നു.

ഈ രണ്ടാം ഇനത്തിൽപെട്ടവയാണു ഫോര്യുജിക്ഷേത്രത്തിലെ പ്രസിദ്ധപ്പെട്ട പനയോലപ്പകൎപ്പുകൾ. ഇത്ര പഴക്കംചെന്ന ഗ്രന്ഥങ്ങൾ ഇന്നു വേറെ ഒരു നാട്ടിലും ഇരിപ്പുള്ളതായി അറിയുന്നില്ല. ഈ പകൎപ്പുകളെ മാക്സ്മുള്ളർ ഓക്സ്ഫോർഡിൽ അച്ചടിച്ചു പരസ്യപ്പെടുത്തിട്ടുണ്ട്. ഇതേകാലത്തുതന്നെ (൭-ാം നൂററാണ്ടു) എഴുതപ്പെട്ടിട്ടുള്ള ഒരു പനയോലപ്പകൎപ്പു ഈയിടയ്ക്കു 'കയോട്ടോ'വിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നു. യമട്ടോവിലുള്ള ഫോര്യുജി, കോക്കിജി, 'കൈസ്യുവോജി' മുതലായ ക്ഷേത്രങ്ങളിൽ ഒട്ടും അപ്രധാനങ്ങളല്ലാത്ത മററു പല പഴയ ഗ്രന്ഥങ്ങളും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഇതുപോലെ മററു ചില നഗരങ്ങളിലെ ക്ഷേത്രങ്ങളിലും ഉണ്ട്. ജാപ്പാനിലെ പ്രധാന സംസ്കൃതപണ്ഡിതനായ ഡാക്ടർ ജെ. 'ടാക്കാക്കുസു' എന്നാളുടെ മേൽനോട്ടത്തിൻ കീഴിൽ ഇപ്പോൾ ഈ ഗ്രന്ഥങ്ങളെയെല്ലാം പരിശോധിച്ചു പഠിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രയത്നഫലം അടുത്തു പുറത്തുവരുമെന്നു വിശ്വസിക്കുന്നു.

1868-ലെ 'റെസ്റ്റോറേഷൻ' മുതൽക്കു വിദ്യാഭ്യാസത്തിന്നു സാമാന്യമായ ഒരു അഭിവൃദ്ധിയുണ്ടായതോടുകൂടി സംസ്കൃതത്തിലും രുചി വീണ്ടും കൂടിത്തുടങ്ങി. ഇക്കാലത്തെ പരിഷ്കിച്ചറിഞ്ഞുപഠിക്കുന്ന സമ്പ്രദായത്തിന്റെ സത്തറിഞ്ഞു നന്നാവുമെന്നു തോന്നുന്ന കുറെ ചെറുപ്പക്കാരെ യൂറോപ്പിലെ പല സൎവ്വകലാശാലകളിലേയ്ക്കും കഴിഞ്ഞ 40 കൊല്ലങ്ങൾക്കിടയിൽ അയച്ചിരുന്നു. ഇതിന്റെ ഫലമായി യൂറോപ്പുരീതിയിൽ സംസ്കൃതം പഠിച്ചിട്ടുള്ള അനേകം പേർ ഇപ്പോൾ ജാപ്പാനിലുണ്ട്.

ഇവരിൽ രണ്ടുപേർ ജർമ്മനിയിലും മററുള്ളവരിൽ അധികംപേരും ഇംഗ്ലണ്ടിലുമാണു പഠിച്ചത്. ജാപ്പാനിൽ ഇപ്പോൾ 'ടോക്കിയോ'വിലും 'കയോട്ടോ'വിലും ഉള്ള രണ്ടു സാമ്രാജ്യസർവ്വകലാശാലകളിലും ബൌദ്ധന്മാരുടെ കീഴിലുള്ള 7 മഹാപാഠശാലകളിലും സംസ്കൃതം പഠിപ്പിക്കുന്നു. സർവ്വകലാശാലകളിൽ 60-ൽ കുറയാതെയും മഹാപാഠശാലകളിൽ 100-ൽ ഏറെയും വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

കൂടുതലായ സംസ്കൃതാഭ്യാസവും ഇന്ത്യയിലെ ആശയജ്ഞാനവും ജാപ്പാൻകാരുടെ ലൌകികവും അലൌകികവുമായ ജീവിതത്തിൽ സ്ഥിരമായ ഒരു മാററം വരുത്താതിരിക്കയില്ല. പ്രയാസമുള്ളതും വളച്ചുകെട്ടിയതുമായ പദബന്ധങ്ങളോടുകൂടിയ സംസ്കൃതം വഴിക്കു തങ്ങളുടെ മനസ്സിനിണങ്ങിയതായ ആശയങ്ങളും വിചാരങ്ങളും അടങ്ങിയ ഒരു ലോകം അവർക്കു പ്രത്യക്ഷപ്പെട്ടു. പണിപ്പെട്ടു നേടിയ തങ്ങളുടെ പുതുവഴിയിൽ ഓരോ അടി മുന്നോട്ടു വെക്കുമ്പോളും തങ്ങൾക്കു പരിചയമുള്ള പഴയ ചങ്ങാതിമാരെ കാണുന്നു. ഇതെല്ലാം, അവർ പണ്ടുപണ്ടെതന്നെ അലൌകികവിഷയങ്ങളെക്കുറിച്ച് ഇന്ത്യയോടു എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും ആഭ്യന്തരജീവിതത്തിന്റെ മുഖ്യ സാധനങ്ങളിൽ അവർ ഈ നാടുമായി എത്രത്തോളം ബന്ധപ്പെട്ടിട്ടുണ്ടെന്നും സ്പഷ്ടമായി കാണിക്കുന്നു. അവരുടെ ഇടയിൽ സംസ്കൃതജ്ഞാനം ക്രമേണ പരന്നു വർദ്ധിച്ചുവരുന്നതിന്റെ അവശ്യംഭാവിയായ ഫലം ഇന്ത്യയിലും ജാപ്പാനിലും ഉള്ള ജനങ്ങളുടെ മനോവികാരങ്ങൾക്കും അഭിപ്രായങ്ങൾക്കും ഐകരൂപ്യം വരികയും തദ്വാരാ പരസ്പരം നന്മയുണ്ടായിത്തീരുകയും ആണ്.

നമ്മുടെ സംസ്കൃതപണ്ഡിതന്മാർ ജാപ്പാനിലെ സംസ്കൃതപണ്ഡിതന്മാരുമായി എഴുത്തുകുത്തു നടത്തി പരസ്പരം ആശയങ്ങൾ അറിയുകയും, നമ്മുടെ പൊതുജനങ്ങളുടെയും, സർവ്വകലാശാലകളുടെയും മഹാപാഠശാലകളുടെയും മുഖ്യഗ്രന്ഥപ്പുരകളിൽ പഴയ ഗ്രന്ഥങ്ങളുടെയും ലക്ഷ്യങ്ങളുടെയും മററും പകർപ്പുകൾ എടുത്തുവെക്കയും ചെയ്യേണ്ടതാണ്. ഹിന്ദുസർവ്വകലാശാല ഈ കാര്യത്തിൽ പ്രത്യേകിച്ചും ശ്രദ്ധവെയ്ക്കേണ്ടതാണ്. (മോഡേർൺറിവ്യൂ

കെ. എ. സ്വാമിനാഥയ്യർ.

---

## ഒരു പഴയ ശ്ലോകം.

കാതിൽപ്പൊന്നോലയിട്ടീല,തിരുചിതിലകംനെററിമേലങ്കരിച്ചീ-
ലാ,രാതിച്ചീലമല്ലക്കുളിർമിഴിയുഗളംചാരുകാളാഞ്ജനേന,
ആവേശിച്ചീലദന്തച്ഛദമതിനിൽമനോഹാരിതാംബൂലരാഗം,
താനപ്പോഴുംമനോജ്ഞംഭൃശമയിവദനംതാവകംനീചിയമ്മേ!

ലീലാതിലകം.

# പടയോട്ടവും മുസ്ലിംകളും

കൊല്ലം 964-ാമത്. പടയോട്ടവും ചേലയിൽക്കൂട്ടലും വലിയ ബഹളമായി നടക്കുന്ന കാലം 'മൈസൂരിലെ വ്യാഘ്രം' എന്ന പ്രസിദ്ധനായ ടിപ്പുസുൽത്താൻ ഒരു വലിയ പടയോടു കൂടി പടിഞ്ഞാറെക്കരയിൽ കടന്നു പടവെട്ടുവാൻ തുടങ്ങിയിരിക്കുന്നു. മഹാപരാക്രമിയും മതഭ്രാന്തനുമായ സുൽത്താന്റെ സൈന്യങ്ങൾ കണ്ണിൽക്കണ്ടവരെയെല്ലാം പിടിച്ചു ഗോമാംസം തീറ്റി 'ചേലയിൽക്കൂട്ടുകയും', കൂട്ടാക്കാത്തവരുടെ തല കൊയ്തുകളകയും ചെയ്യുന്നു. ഹിന്ദുമതത്തോടുള്ള പ്രതിപത്തിയാൽ പശുമാംസം തിന്നു 'മാർഗ്ഗം കൂടുന്നതിൽ' ഭേദം പ്രാണൻ കളയുകയാണെന്നു വിചാരിച്ച് അനേകം പേർ സുൽത്താന്റെ വാൾത്തലയ്ക്കൽ ആത്മാവിനെ ഹോമിക്കുന്നു. അത്രത്തോളം കരളുറപ്പില്ലാത്തവരായ ചിലർ 'സർവ്വവുമുപേക്ഷിച്ചും പ്രാണനെ രക്ഷിക്കണം' എന്നു വിചാരിച്ച്; സുൽത്താന്റെ അതിനിന്ദ്യമായ നിർബന്ധത്തിനു കീഴടങ്ങി പവിത്രമായ മതശുദ്ധിയെ ബലികഴിക്കുന്നു. ഇതു രണ്ടിനും കഴിവില്ലെന്നു കണ്ട അനേകം പേർ നാടും വീടും, ധനവും ധാന്യവും, പണ്ടങ്ങളും പാത്രങ്ങളും മറ്റും രക്ഷിക്കുവാൻ വഴി കാണാഞ്ഞല്ലാതെ പരിത്യജിച്ച് പുത്രകളത്രാദികളോടു കൂടി പേടിച്ചോടുന്നു. മംഗലാപുരത്തുനിന്നു തെക്കോട്ടു ഹിന്ദുക്കൾ പാർക്കുന്ന ഒരു ഗ്രാമമാകട്ടെ ഒരു ഭവനമാകട്ടെ സ്വസ്ഥതയോടു കൂടി കാണ്മാനില്ല. ആബാലവൃദ്ധം ആണുങ്ങളും പെണ്ണുങ്ങളും അവനവന്റെ സർവ്വസ്വവും ഉപേക്ഷിച്ചു കെട്ടുകെട്ടി തെക്കോട്ടോടുന്നു. അങ്ങാടിത്തെരുവുകളിൽ കടന്നു സുൽത്താന്റെ സൈന്യങ്ങൾ കൊള്ളയടിക്കുന്നതുകൊണ്ടും സാമാനം വാങ്ങുവാനാളില്ലാത്തതുകൊണ്ടും കമ്പോളങ്ങൾ കെട്ടുമുക്കാലും പൂട്ടിയിട്ടിരിക്കുന്നു. പവിത്രമായ പരശുരാമക്ഷേത്രത്തിനു പരക്കെ നേരിട്ട ഈ ആപത്തിൽ കേരളത്തിലെ പരാക്രമികളായ രാജാക്കന്മാർക്കാർക്കും തല പൊക്കുവാൻ വയ്യാതായി. പണ്ടത്തെ പണ്ടേ 'തൊഴുത്തിൽകുത്ത്' കൊണ്ടു കേളികേട്ടവരായ കേരളത്തിലെ പ്രഭുക്കന്മാർക്ക് 'വയം പഞ്ചോത്തരം ശതം' എന്ന പ്രമാണം ഇനിയും മനസ്സിലായിട്ടില്ല. തന്നിമിത്തം പ്രബലനായ സുൽത്താനും സൈന്യങ്ങൾക്കും എതിരായി പൊരുതത്തക്ക യാതൊരു ശക്തിയും കേരളത്തിൽനിന്നു പുറപ്പെടാനുണ്ടാകാഞ്ഞതിൽ പക്ഷേ ആശ്ചര്യമില്ല. ഈ കലാപത്തിലാണ് 'കോലത്തിരി' കർത്താവിനെയും 'സാമൂതിരി' കർത്താവിനെയും ആവത്. ഒരിടത്തും ഉറയ്ക്കാത്ത പുഷാരത്തിന്റെ ബഹളം കണ്ടാൽ പരശുരാമൻ കടലിൽനിന്നു വീണ്ടെടുത്ത പരിശുദ്ധമായ 'കർമ്മക്ഷേത്രം' വിമതന്മാരുടെ ആക്രമണത്താൽ അശുദ്ധമായി വീണ്ടും സമുദ്രസ്നാനത്തിനൊരുങ്ങുകയാ എന്നു തോന്നും. ആകപ്പാടെ പശ്ചിമഘട്ടത്തിനു പടിഞ്ഞാറുഭാഗത്തു 'വലിയ ഭൂകമ്പം' എന്നേ പറയേണ്ടതുള്ളൂ.

കേരളീയർക്കു പരക്കെ നേരിട്ട ഈ

അപത്തിൽനിന്ന് അവരെ കൈകൊണ്ടു രക്ഷിക്കുവാൻ തക്ക ധൎമ്മബുദ്ധിയും ശക്തിയും ആൎക്കാണുള്ളതു? ഈ ചോദ്യത്തിന്നു ഉത്തരം 'കേരളീയരെ ഈ നിലയിലാക്കിയ ടിപ്പുസ്സുൽത്താൻ ആരുടെ നേരെയാണു പടയ്ക്കു പോകുന്നതു' എന്ന ചോദ്യത്തിന്റെ ഉത്തരത്തിൽ അടങ്ങിയിരിക്കുന്നു. 'ധൎമ്മരാജ്യ'മെന്ന് ഇന്നും കേൾവിപ്പെട്ട തിരുവിതാംകോട്ട സംസ്ഥാനത്തിന്റെ നാഥനും, സത്യസന്ധനും, പ്രജാവത്സലനും, ദീനദയാലുവുമായ മഹാരാജാവു തിരുമനസ്സുകൊണ്ടു തന്റെ സൎവ്വസ്വവും ഉപേക്ഷിച്ചും ഈ അപത്തിൽനിന്നു തന്റെ കുലദൈവമായ ധൎമ്മത്തെയും തദാശ്രയികളായ ജനസമൂഹത്തിലെ സകലവൎണ്ണാശ്രമധൎമ്മികളേയും യാതൊരു കേടുപാടും കൂടാതെ രക്ഷിക്കുവാൻ ഒരുക്കമുണ്ടായിരുന്നു. ഇംഗ്ലീഷുകാരുമായുള്ള പോരാട്ടത്തിൽ തനിക്കു സഹായമായി നില്ക്കണമെന്നുള്ള സന്ദേശത്തോടുകൂടി ടിപ്പുസ്സുൽത്താൻ തിരുവിതാംകോട്ടേക്കയച്ചിരുന്ന ദൂതനെ, ധൎമ്മപുത്രരുടെ രാജസൂയത്തിൽ ശ്രീകൃഷ്ണൻ ശിശുപാലദൂതനെ എന്നപോലെ, മഹാരാജാവു അസ്ഥാനത്തിൽ മടക്കി അയയ്ക്കുകയാണുണ്ടായതു. സന്ദേശപ്രകാരം താൻ വഴിപ്പെടായ്കയാൽ ആ ധൎമ്മദ്വേഷിയായ ടിപ്പുവും സൈന്യങ്ങളും താമസിയാതെ തിരുവിതാംകോട്ട സംസ്ഥാനത്തെ ആക്രമിക്കുമെന്നു ബുദ്ധിമാനായ മഹാരാജാവിന്നു നല്ല നിശ്ചയമുണ്ടായിരുന്നു. അതിനാൽ അതിന്നായി പടയ്ക്കുള്ള വട്ടം കൂട്ടുന്നതിൽ യാതൊരു താമസവുമുണ്ടായിരുന്നില്ല. തിരുവിതാംകോട്ടെ പടമുഖ്യന്നായന്മാരിൽ പ്രമാണിയും, മഹാരാജാവിന്റെ മന്ത്രിസത്തമനും, രാജാകേശവദാസൻ എന്ന വിഖ്യാതനാമാവോടുകൂടിയ കേശവപ്പിള്ളയെയാണു ഇപ്പോരിൽ സൎവ്വസൈന്യാധിപനായി മഹാരാജാവു നിശ്ചയിച്ചതു. പടവെട്ടത്തിൽ നല്ല കണ്ണും കയ്യുമുള്ള ആ വീരശ്രേഷ്ഠൻ രാജ്യരക്ഷക്കു വേണ്ടതൊക്കെ ഉറ്റുകണ്ടു വരുത്തുകയും, തിരുവിതാംകോട്ടു വടക്കെ അതൃത്തിയായ ആലുവായിൽ ഉറപ്പോടുകൂടിയ മതിലുകളും മറ്റും കെട്ടിച്ചു അവിടെ ആവശ്യമുള്ള സൈന്യങ്ങളെ ആയുധപാണികളായി നിൎത്തുകയും ചെയ്തു. എന്നിട്ടു ടിപ്പുസ്സുൽത്താന്റെ പ്രവേശവും സംരംഭവുമൊക്കെ വിവരമായി മദിരാശിയിലുള്ള ഇംഗ്ലീഷു നായകന്മാൎക്കറിവു കൊടുത്തു. ടിപ്പുസ്സുൽത്താനാകട്ടെ വെട്ടുകോട്ട വെട്ടിപ്പിടിച്ചു സൈന്യങ്ങളോടുകൂടി ആലുവാപ്പുഴയുടെ വടക്കേ വക്കത്തു ചെന്നു താവളമുറപ്പിച്ചു ഘോരമായ യുദ്ധത്തിന്നൊരുങ്ങി.

ടിപ്പുവുമായിട്ടുള്ള ശണ്ഠയിൽ തന്റെ രാജ്യത്തെയും രാജ്യവാസികളേയും രക്ഷിക്കണമെന്നു മാത്രമേ മഹാരാജാവിന്നു ആദ്യം വിചാരിക്കേണ്ടിയിരുന്നുള്ളൂ. എന്നാൽ സുൽത്താന്റെ പട കോഴിക്കോട്ടെത്തിയെന്നുള്ള വിവരം അറിഞ്ഞപ്പോഴക്കു, തന്റെ വിചാരിച്ചിരുന്നതിൽ എത്രയോ അധികം ജോലികളെ താൻ വഹിക്കേണ്ടതായി വന്നിരിക്കുന്ന വിവരം തിരുമനസ്സിലേക്കു മനസ്സിലായി. പടയോട്ടത്തിൽ ടിപ്പുവിന്റെ വലയിൽ പെടുവാൻ മനസ്സില്ലാതെ നാടുവിട്ടു ശരണാൎത്ഥികളായി ഓടിവരും കോലത്തുനാട്ടുകാരും കോഴിക്കോട്ടുനാട്ടുകാരുമായ ബ്രാഹ്മണർ, പ്രഭുക്കന്മാർ, അമ്പലവാസികൾ, നായന്മാർ തുടങ്ങിയ അനേ

ഴകരളിയർ തിരുവിതാംകോട്ടമഹാരാജാവിനെ അഭയം പ്രാപിക്കുവാനായി പല കപ്പലുകളിലും പത്തേമാരികളിലും കയറി അറബിക്കടൽ വഴിക്കു തിരുവനന്തപുരത്തു ചെന്നിറങ്ങി. അവരവരുടെ ഇഷ്ടപ്പെട്ട കുലദേവതമാരെയും ഗ്രന്ഥപ്പുരകളെയും ഉപേക്ഷിച്ച മഹാന്മാരായ വിദ്വാന്മാർ, ഗൃഹവും സാളഗ്രാമവും കൈവെടിഞ്ഞ ഗൃഹസ്ഥന്മാർ, പ്രഭുത്വവും മഹത്ത്വവും ഇട്ടേച്ചോടിയ പ്രഭുക്കന്മാർ, കളരികളും പാരമ്പര്യവും 'മമ്മറഞ്ഞ' കാരണവന്മാരെയും കൈവിട്ടുപോയ നായന്മാർ, കൃഷിയും കന്നും കളവും കന്നാലികളെയും പരിത്യജിച്ച കൃഷിക്കാർ, എന്നുവേണ്ട പല ജാതിക്കാരും പല തൊഴിൽക്കാരുമായ പല ജനങ്ങളും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. തമ്മിൽ കണ്ടാൽ കുളിക്കണമെന്നു വെച്ചിട്ടുള്ള പൂർവ്വവൈരികളായ പല തറവാട്ടുകാരും ഈ പടയോട്ടത്തിൽ പരമബന്ധുക്കളായിത്തീർന്നു പ്രാണനേയുംകൊണ്ടു പാഞ്ഞു. ഇത്രയും വലുതായ ജനസമൂഹത്തിനു യാതൊരസൗകര്യവും കൂടാതെ യാത്ര ചെയ്യാൻ തക്ക കപ്പലുകളും പത്തേമാരികളും തയ്യാറാക്കിക്കൊടുത്ത പുണ്യശാലിയായ പ്രഭു ആരാണെന്നുതന്നെ ഈ യാത്രക്കാരിൽ പലർക്കും വിവരമില്ലായിരുന്നു.

തിരുവനന്തപുരത്തു കപ്പലിറങ്ങിയ ഈ ജനസമുദായം കപ്പിത്താന്റെ അകമ്പടിയോടുകൂടി മഹാരാജാവിന്റെ കൊട്ടാരത്തിൽ എത്തിച്ചേർന്നു. കപ്പിത്താൻ തന്റെ പക്കലുണ്ടായിരുന്ന ഒരെഴുത്തു തൃക്കയ്യിൽ കൊടുക്കുകയും, അതു വായിച്ചതിനുശേഷം മഹാരാജാവിന്റെ അനുമതിയോടുകൂടി തിരിയെ പോകുകയും ചെയ്തു. കേരളത്തിൽനിന്നു വന്ന ഈ ജനങ്ങളെയൊക്കെ മഹാരാജാവു തന്റെ അതിഥികളായി കരുതി അവരുടെ യോഗ്യതാനുസരണം അവസ്ഥയ്ക്കും യാതൊരു ഹാനിയും വരാതെ താമസിക്കുവാനുള്ള സ്ഥലങ്ങളും ഉപകരണങ്ങളും തന്റെ ആൾക്കാരെക്കൊണ്ടു തയ്യാറാക്കിച്ചുകൊടുക്കുകയും, എല്ലാവരോടും വളരെ സന്തോഷമായി അരുളിച്ചെയ്കയും ചെയ്തു. ഇവരെയെല്ലാം രക്ഷിക്കേണ്ട ഭാരവും, സുൽത്താനോടു തോററാൽ വരാനിരിക്കുന്ന മാനക്ഷയവും ഓർത്തു മഹാരാജാവിനു വളരെ പരിഭ്രമമായി. 'ശ്രീപത്മനാഭസ്വാമിതന്നെ തുണ' എന്നു സങ്കല്പിച്ചു തന്റെ രാജ്യാധികാരം പത്മനാഭസ്വാമിക്കു തിരെഴുതി തൃപ്പടിമേൽ സമർപ്പിച്ച് അവിടുന്നു ശ്രീപത്മനാഭദാസനായിത്തീരുകയും ചെയ്തു.

ടിപ്പുസ്സുൽത്താനും, രാജാ കേശവദാസനും കൂടി ആലുവായിൽ വെച്ചുണ്ടായ യുദ്ധത്തിൽ സുൽത്താനും സൈന്യങ്ങളും തോല്ക്കുകയും, ശ്രീപത്മനാഭസ്വാമിയുടെ പൊന്നിൻകൊടിമരത്തിന്മേൽ കെട്ടുവാൻ വിചാരിച്ചിരുന്ന ടിപ്പുവിന്റെ കുതിരയെ ആലുവാപ്പുഴയുടെ പള്ളയ്ക്കു കെട്ടിയുണ്ടാക്കിയിരുന്ന കൂടാരത്തിന്റെ കുററിയിൽക്കൂടി കെട്ടുവാൻ സാധിക്കാതെ, അസാധാരണമായ വെള്ളപ്പൊക്കത്താൽ ഒന്നുപറയെ ടിപ്പു പല്ലക്കിൽനിന്നു വീണു കാൽ മടന്തി വാളും രാജചിഹ്നങ്ങളും കൂടി ഉപേക്ഷിച്ച് ഒരുവിധം രക്ഷപ്പെടുകയും ചെയ്തു. തിരുവിതാംകോട്ടു ഇംഗ്ലീഷുകാരുടെ സഹായംകൂടിയുണ്ടെന്നു കണ്ടകയാൽ ടിപ്പു പിന്നെയൊട്ടും താമസി,

യാതെ തിരിച്ചുപോകയാണുണ്ടായത്. അതുകൊണ്ടു കേരളത്തിൽ സമാധാനമാവുന്നതിന്നു വളരെ പ്രയാസം വേണ്ടിവന്നില്ല. ആലുവാപ്പുഴയ്ക്കു ടിപ്പുവിന്റെ നേരെയുണ്ടായ ആകാലികമായ കോപം ശമിച്ചതുപോലെ, ടിപ്പു നിമിത്തമായി കേരളത്തിലുണ്ടായ സമാധാനക്കേടും വേഗത്തിൽ ശമിച്ചു. ടിപ്പുവിന്റേയും ആലുവാപ്പുഴയുടേയും കോപം ഏകദേശം ഒരുപോലെയായിരുന്നു. ടിപ്പുവിന്റെ കോപം മഹാരാജാവിന്റെ മാത്രം നേരെയായിരുന്നു; പുഴയുടെ കോപം ടിപ്പുവിന്റെ മാത്രം നേരെയുമായിരുന്നു. പുഴ കോപിച്ചു വഴിക്കുണ്ടായിരുന്ന പല കൂട്ടവും തട്ടിയൊഴുക്കി തടസ്ഥങ്ങളായ മരങ്ങളെക്കൂടി പുഴക്കി വീഴ്ത്തിയതുപോലെ, ടിപ്പുവും വഴിക്കുണ്ടായിരുന്ന പല ആളുകളെ ആക്രമിച്ചുപദ്രവിച്ച് ഒന്നിലും ചേരാത്ത ജനങ്ങളോടു മല്ലടിച്ചു വളരെ നാശം ഉണ്ടാക്കി. ഒടുവിൽ രണ്ടുകൂട്ടരും അടങ്ങിയൊതുങ്ങി 'മര്യാദാലംഘനം' കൈവിടുകയും ചെയ്തു. പക്ഷേ, ഒരു വ്യത്യാസം മാത്രമുണ്ട്: ആലുവാപ്പുഴയുടെ കോപം ഫലപ്രദമായി; ടിപ്പുവിന്റേതാകട്ടെ വിഫലമാകയാണുണ്ടായത്. എന്തിനേറെപ്പറയുന്നു? 'മൈസൂരിലെ പുലി' 'ഇങ്ങിനിവരാതവണ്ണം' തോററോടുകയും, മഹാരാജാവിന്നും ജനങ്ങൾക്കും സന്തോഷമാകയും ചെയ്തു.

തിരുവിതാംകോട്ടു മഹാരാജാവിനെ അഭയം പ്രാപിച്ചിട്ടുള്ള മലയാളികൾ പരമസുഖമായും യാതൊരു ബുദ്ധിമുട്ടും കൂടാതെയും കുറച്ചു ദിവസം അവിടെ താമസിച്ചു. അതിനിടയിൽ ഒരു ദിവസം സുമുഖൻ യോഗ്യനുമായ ഒരു മഹമ്മദീയൻ കച്ചവടക്കാരൻ തിരുവനന്തപുരത്തു കപ്പലിറങ്ങി മഹാരാജാവുതിരുമനസ്സിലെ മുഖം കാണിക്കുവാനായി തിരുമുമ്പാകെ ചെന്നു. മഹാരാജാവു കൊട്ടാരത്തിന്റെ മുകളിൽനിന്നു താഴെ എഴുന്നള്ളി, മുഖം കാണിക്കുവാൻ വന്നിട്ടുള്ള ആ മുഹമ്മദീയന്റെ കൈ പിടിച്ചു ഇങ്ങിനെ അരുളിച്ചെയ്തു:—

'മൂസ്സയെ കണ്ടപ്പോൾ എനിക്കു വലിയ ഭയമാണുണ്ടായത്. മൂസ്സ എന്റെ വക്കൽ വളരെ ആളുകളെ ഏല്പിച്ചുതന്നിട്ടുണ്ട്. അവരെ എണ്ണം ചുരുങ്ങാതെ മുഴുവനും തിരിയെ ഏല്പിച്ചുതരുവാൻ സാധിച്ചില്ലെങ്കിലോ എന്നു വിചാരിച്ചാണ് ഭയം.'

മൂസ്സ— എല്ലാം തിരുമനസ്സിലെ തിരുവുള്ളവും പടച്ചവന്റെ അനുഗ്രഹവും തന്നെ. അല്പനായ അടിയനു ഇതിൽ ഒരു ശക്തിയും ഇല്ല.

മഹാരാജാവ്— മൂസ്സയെ എനിക്കു നല്ലവണ്ണം അറിയാം. ടിപ്പുസ്സുൽത്താൻ അനാവശ്യമായി ഉപദ്രവിക്കുവാൻ പുറപ്പെട്ട സ്ഥിതിക്കു മൂസ്സ ഇല്ലായിരുന്നുവെങ്കിൽ ഇക്കണ്ട മനുഷ്യരുടെയൊക്കെ ഗതിയെന്താകുമായിരുന്നു എന്നു വിചാരിക്കുവാൻ വയ്യ. മൂസ്സയും ഒരു മുഹമ്മദനല്ലേ? എന്നാൽ രണ്ടാളും തമ്മിൽ എത്ര വ്യത്യാസം! ടിപ്പു ദ്രോഹിച്ചു; മൂസ്സ സ്നേഹിച്ചു. വിഷവും അമൃതും രണ്ടും ഉണ്ടായതു കടലിൽനിന്നാണ്. പക്ഷേ ഒന്നു കൊല്ലുന്നു; മററതു ജീവിപ്പിക്കുന്നു. എത്ര വാസ്തവം!

മൂസ്സ— സഹജീവികളെ ദ്രോഹിക്കുവാനല്ലാ മുഹമ്മദ് ഉപദേശിക്കുന്നത്; സ്നേ

ഹിക്കുവാനാണ്. അതിരിക്കട്ടെ. യാതൊരു കുററവും ചെയ്യാതെകണ്ടുള്ള ഒരു രാജ്യക്കാരെ അടച്ചു നശിപ്പിക്കുവാൻ ഒരുത്തൻ പുറപ്പെട്ടാൽ അവിടെ പടച്ചവൻ തന്നെ സഹായിക്കും. ആ ഒരു ശക്തികൊണ്ടാണ് അടിയനിതിന്നു സാധിച്ചത്. അടിയൻെറ പാണ്ടികശാലയിൽ സുൽത്താൻ പ്രവേശിക്കാത്തതുകൊണ്ടു അടിയൻ ഇവരുടെ പ്രധാനപ്പെട്ട പല വിലപിടിച്ച സാധനങ്ങളും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. തിരുമേനിയെ അഭയം പ്രാപിക്കുവാൻ പുറപ്പെട്ട ഇവരെ കപ്പലിൽ കയററി ഇങ്ങോട്ടയയ്ക്കുകയും ചെയ്തു. അടിയൻ ഏററുവാങ്ങിട്ടുള്ള വിലപിടിച്ച സാധനങ്ങളെല്ലാം അടിയൻെറ തലശ്ശേരിയിലുള്ള കണ്ണാടിപ്പാണ്ടികശാലയിലാണ് സൂക്ഷിച്ചിട്ടുള്ളത്. അടിയന്നു കച്ചവടം ചെയ്വാൻ സൗകര്യമുണ്ടാക്കിത്തന്നതും അനേകം സഹായങ്ങൾ ചെയ്തുതന്നതും തിരുമനസ്സിന്നാണ്. പ്രത്യേകിച്ചു ഇവിടുന്നു കല്പിച്ചുതന്ന തേക്കിൻതടികൾകൊണ്ടാണ് കണ്ണാടിപ്പാണ്ടികശാല പണി ചെയ്തിട്ടുള്ളതും. പക്ഷേ, ആ പാണ്ടികശാലകൊണ്ടു പൊതുവിൽ ഒരുപകാരം ഇതുവരെ ഉണ്ടായിട്ടില്ല. അതിന്നും ഇപ്പോൾ സാധിച്ചു. അടിയൻ കൃതാർത്ഥനമായി.

മഹാരാജാവു— വളരെ സന്തോഷം. മൂസ്സയും നമ്മുടെ പേരിലുള്ള ഭക്തിയും സഹജീവികളിലുള്ള സ്നേഹവും മഹമ്മദ്മതത്തിലുള്ള യഥാർത്ഥവിശ്വാസവും സർവ്വോപരി സ്വദേശാഭിമാനവും ധാരാളം വ്യക്തമായി. ഇനി മൂസ്സ എന്നെ ഏല്പിച്ച ആളുകളോടുകൂടി പൊയ്ക്കോളൂ. മൂസ്സ എന്നെന്നേക്കും എൻെറ പ്രീതിഭാജനമായിരിക്കുന്നതാണ്.

ഇത്രയും പറഞ്ഞു മഹാരാജാവ് ആ മുഹമ്മദീയന്നു അനേകം വിലപിടിച്ച സമ്മാനങ്ങൾ കൊടുത്ത്, അയാൾ തെയ്യാറാക്കിക്കൊണ്ടുവന്നിരുന്ന കപ്പലുകളിൽ, തന്നെ അഭയം പ്രാപിച്ച എല്ലാവരേയും നിർഭയരായി അയയ്ക്കുകയും അതിയായ സന്തോഷവും കൃതാർത്ഥതയും അനുഭവിക്കുകയും ചെയ്തു. ആ മഹമ്മദീയനാനും അവരെയെല്ലാം തലശ്ശേരിയിൽ കൊണ്ടുപോയി അവർ തൻെറ പക്കൽ സൂക്ഷിപ്പാനേല്പിച്ചിരുന്ന സകല സാധനങ്ങളും യാതൊരു കേടുപാടും കൂടാതെ തിരിയെ കൊടുത്തു ബോദ്ധ്യപ്പെടുത്തുകയും, അവർ സന്തോഷിച്ചു കൊടുത്ത അനേകം സമ്മാനങ്ങളും പ്രസംഗങ്ങളും സ്വീകരിച്ചു പൂർവ്വാധികം ഐശ്വര്യവാനായിത്തീരുകയും; അനേകായിരം ജീവികളുടെ ശാശ്വതമായ അനുഗ്രഹത്തിന്നു പാത്രമാകയും ചെയ്തു.

ഇത്രയൊക്കെ ഗുണവാനായ ഈ മുഹമ്മദീയപ്രമാണി ആരായിരുന്നു? ഒരു മുഹമ്മദീയരാജാവായ ടിപ്പുസ്സുൽത്താൻെറ ആക്രമണത്തിൽനിന്നു ജനങ്ങളെ രക്ഷിക്കുവാൻ മററൊരു മുഹമ്മദീയൻ ഒരുങ്ങിയെന്നു വിശ്വസിക്കാമോ? എന്നൊക്കെ വായനക്കാർ സംശയിക്കുന്നുണ്ടായിരിക്കാം. ഇതു മററാരുമല്ല; പണ്ടു കണ്ണൂരിന്നടുത്ത ചൊവ്വയിൽ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു സത്യമായും കൃത്യമായുമുള്ള കച്ചവടത്താൽ വലിയ ധനികനായിത്തീർന്ന് ഇന്ത്യയിലെ നാനാഭാഗങ്ങളുമായിട്ടും യൂറോപ്പു മുതലായ വിദേശങ്ങളുമായിട്ടും വമ്പി

ച്ചു കച്ചവടങ്ങൾ നടത്തി, വളരെ വളരെ സ്വത്തുകൾ സമ്പാദിച്ചു കീർത്തി നേടിയ ആളും തിരുവിതാംകോട്ടുമഹാരാജാവിന്റെ വിശ്വസ്തനായ ഏകമുഹമ്മദീയനും കേയിവംശത്തിന്റെ സ്ഥാപകനും ആലപ്പിക്കാക്കയുടെ സഹോദരനുമായ സാക്ഷാൽ മൂസ്സാക്കാക്കയാണ്. കേരളചരിത്രത്തിലെ ഏതാനും അദ്ധ്യായങ്ങൾ— പ്രധാനമായ ഏതാനും അദ്ധ്യായങ്ങൾ— മൂസ്സാക്കാക്കയുടെ നാമധേയത്താൽ പ്രസിദ്ധങ്ങളായിട്ടുണ്ട്. ഗുണവാനായ ഇദ്ദേഹത്തിന്റെ നാമധേയത്തെ കേരളീയർ എന്നും കൃതജ്ഞതയോടെ സ്മരിക്കുന്നതാണ്.

കുമാരമേനോൻ.

# പണ്ടത്തെ അറബിരാജ്യം.

## IV

### മതം

മുഹമ്മദിന്റെ മുൻകാലങ്ങളിൽ അറബിയയിൽ സാധാരണ നടന്നുവന്നിരുന്ന മതവിശ്വാസം അജ്ഞാനത്തിന്റെ ഒരു വകഭേദമാണെന്നും നേരായ ദൈവവന്ദനത്തിൽനിന്നു തീരെ പിഴച്ചാണു അറബികളുടെ ദൈവാരാധനക്രമമെന്നും പിൻകാലത്തു മുഹമ്മദിനെ വിശ്വസിച്ചവർ മുതല്ക്കു പ്രസ്താവമായി. അക്കാലത്തു അറബികൾ ബിംബാരാധനക്കാരായിരുന്നുവെങ്കിലും അവരുടെ ആരാധന ഒരു വികൃതരീതിയിലായിരുന്നു. മുഹമ്മദിന്റെ ജനനകാലത്തു ക്രിസ്തുമതം, യഹൂദമതം, മാഗിമതം എന്നിവയെല്ലാം ചിലരുണ്ടായിരുന്നുവെങ്കിലും സർവ്വസാധാരണമായി പ്രചരിച്ചിരുന്നതു 'സാബിയൻ' മതമായിരുന്നു. സാബിയൻ മതത്തിന്റെ ഉത്ഭവത്തെപ്പറ്റി അറിവാൻ കഴിഞ്ഞിട്ടില്ല. ഈ മതക്കാരുടെ ആരാധനക്രമം പറയാം. ഇവർ ദൈവം ഒന്നാണെന്നു വിശ്വസിക്കുന്നു. അനേകം ദൈവങ്ങളെ വിശ്വസിക്കാതിരിക്കുകയും ദൈവത്തിന്റെ ഐക്യത്തെ സ്ഥാപിക്കുകയും ഇവർ ചെയ്യുന്നുണ്ടെങ്കിലും നക്ഷത്രങ്ങളെയും ആകാശചാരികളെയും ഇവർ പൂജിക്കുന്നുണ്ട്. പ്രധാനദൈവത്തിന്റെ കീഴിൽ ആകാശചാരികൾ ലോകരക്ഷ ചെയ്യുന്നുവെന്നാണു സാബിയൻ മതക്കാരുടെ വിശ്വാസം. ഇവർ ആത്മീയമായ നാലു സൽഗുണങ്ങളെ സമ്പാദിക്കുവാനാണു ശ്രദ്ധിക്കുന്നത്. ദുഷ്ടന്മാരുടെ ആത്മാവിന്നു ഒൻപതിനായിരം സംവത്സരകാലത്തെ നരകശിക്ഷ അനുഭവിക്കണമെന്നും, ഒടുവിൽ ദൈവത്തിൽനിന്നു മാപ്പു കിട്ടുമെന്നുമാണു ധാരണ. ദിനംപ്രതി മൂന്നുനേരമാണു ഇവർ ദൈവവന്ദനം ചെയ്യുന്നത്. സൂര്യോദയത്തിന്നു അല്പം മുമ്പും മദ്ധ്യാഹ്നത്തിലും സന്ധ്യക്കും എന്നിങ്ങനെ ഈ മൂന്നുനേരങ്ങളിൽ തന്നെയാണു കർമ്മങ്ങൾ. കൊല്ലത്തിൽ മൂന്നുകുറി നോമ്പുണ്ട്. അതിൽ ഒന്നാമത്തെ കുറി മുപ്പതുദിവസവും രണ്ടാമതു ഒമ്പതുദിവസവും ഒടുവിൽ ഏഴുദിവസവും നോല്ക്കുന്നു. ഇവർ പല സാധനങ്ങൾകൊണ്ടും ഹോ

മം ചെയ്യുന്നുണ്ട്. എന്നാൽ അവയുടെ ഭാഗങ്ങളൊന്നും ഭക്ഷിക്കാതെ എല്ലാം ദഹിപ്പിക്കുകയാണു പതിവ്. ചില ധാന്യങ്ങളെയും കാച്ചുറിസ്സാധനങ്ങളെയും ഈ മതക്കാർ ഭക്ഷിക്കുക പതിവില്ല. സാബിയൻ മതക്കാർ പ്രാൎത്ഥന ചെയ്യുന്ന സമയം മുഖംതിരിക്കുന്ന ദിക്കിനെപ്പററി പക്ഷാന്തരമുണ്ട്. ചിലർ വടക്കോട്ടാണെന്നു പറയുന്നു. അതല്ല തെക്കോട്ടാണെന്നും മക്കത്തിന്റെ നേരെയാണെന്നും മററു ചിലർ പറയുന്നു. ഇതൊന്നുമല്ല, തങ്ങൾ ഉപാസിക്കുന്ന നക്ഷത്രത്തിന്റെ നേരെയാണെന്നു വേറെ ചിലരും പറയുന്നു. ഇതുകൊണ്ടു പലരും പലവിധത്തിൽ ചെയ്യുവരുന്നുണ്ടെന്നു ഏതായാലും ഊഹിക്കാമല്ലൊ. ഈ മതക്കാർ തീൎത്ഥയാത്ര ചെയ്യുന്നതു 'മെസോപൊട്ടേമിയ'യിലുള്ള 'ഹറാൻ' എന്ന ദിക്കിനടുത്ത ഒരു പുണ്യസ്ഥലത്തേയ്ക്കാണ്. മക്കത്തുള്ള ദേവാലയത്തെയും ഇവർ വന്ദിക്കാറുണ്ട്. ഈജിപ്തിലുള്ള 'പൈരാമിസ്ഡ്' (Pyramids) എന്ന അത്ഭുതശിലാസ്ഥാപനങ്ങളെയും ഇവർ ബഹുമാനിക്കുന്നു. അവ, ഇവരുടെ മതസ്ഥാപകന്മാരുടെ ശവകുടീരങ്ങളാണെന്നാണു സങ്കല്പം. അതിനാൽ ആ ശിലാലയങ്ങൾക്കരികിൽ കോഴി, കറുത്ത മൂരിക്കുട്ടി ഇതുകളുറുത്തു ബലികൊടുക്കുകയും ധൂപവൎഗ്ഗങ്ങൾ പുകക്കുകയും ചെയ്യുന്നു. ചില പുസ്തകങ്ങളെല്ലാം ഈ മതക്കാരുടെ വകയായുണ്ടു. 'ചാൽഡി' എന്ന ഭാഷയിലുള്ള ഒരു പുസ്തകം ഇവൎക്കു പ്രത്യേകവുമാണ്. മതപുസ്തകങ്ങൾ മിക്കതും ആചാരമൎയ്യാദയെ പഠിപ്പിക്കുന്നവയായിരിക്കും. സാബിയൻ മതമുണ്ടായതു സാബി എന്ന മഹാനിൽനിന്നാണത്രെ. ഇവർ ഒടുവിൽ ഒരുതരം ജ്ഞാനസ്നാനം ചെയ്യുതുടങ്ങിയതിനാൽ ക്രിസ്ത്യാനികളുടെ വകഭേദമാണു ഇവരെന്നു ചില യാത്രക്കാർ എഴുതീട്ടുണ്ട്. ഈ മതത്തെ മുഹമ്മദിന്നു ഹിംസിച്ചുകളയാനിടവന്നിട്ടുമില്ല.

സാബിയൻമതക്കാരല്ലാത്ത മററു അറേബികളും ബിംബാരാധനക്കാരായിരുന്നു. അവര് സാബിയന്മാരെപ്പോലെ ചില നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും ദേവതന്മാരെയും അവരുടെ ചില പ്രതിമകളേയും പൂജിക്കുന്നുണ്ട്. വലിയ ദൈവത്തിന്റെ കീഴിൽ പല ദേവതന്മാരുണ്ടെന്നും അവർ വഴിയായി തങ്ങളുടെ സങ്കടങ്ങൾ ദൈവത്തിങ്കലെത്തിക്കാമെന്നും വി[ശ്വ]സിച്ചിരുന്നവരാണു അറേബികൾ. പ്രധാനദൈവത്തെ ഇവർ 'അള്ളാ' എന്നും 'ടാലാ' എന്നും പേർ പറയും. ആ ദൈവം സൃഷ്ടികൎത്താവും സൎവ്വേശ്വരനുമാണെന്നാണു അറേബികൾ വിചാരിക്കുന്നത്. ദൈവത്തിന്റെ കീഴെയുള്ളവരെ '[അ]ൽ ഇല്ലാററു' എന്നു പറയും. 'ദേവി' എന്നാണത്രെ ഈ വാക്കിന്റെ അൎത്ഥം. അറേബികളിലുള്ള ഓരോ ഉൾപ്പിരിവുകാരും ഈ വിധമുള്ള ദൈവവിശ്വാസത്തെയും ഓരോതരം ആരാധനക്രമങ്ങ[ളെ]യും മാററിയും മറിച്ചും അനുഷ്ഠിച്ചുവന്നിരുന്നു. ബിംബങ്ങൾക്കു ചെയ്യുന്ന ബലികളും യാഗങ്ങളും ദൈവത്തിന്നനുഭവമാകുമെന്നു ഇവർ കല്പിച്ചിട്ടുണ്ട്. കായ്ക്കുള്ള മരങ്ങൾ, കൃഷിനിലങ്ങൾ മുതലായതെല്ലാം ഇവർ ദൈവത്തിന്നും ബിംബങ്ങൾക്കുമെന്നുള്ള സങ്കല്പത്താൽ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കും. ബിംബങ്ങളുടെ ഭാഗത്തുള്ള മരം ദൈവഭാഗത്തേയ്ക്കു വീണുപോയാൽ അതിന്മേലുള്ള ഫലത്തിന്നു പകരമായി

ഫലങ്ങളും നിഗ്രഹങ്ങളും കൊടുക്കുന്നു. അങ്ങിനെ ദൈവഭാഗത്തിൽനിന്നു വിപരീതമായി വീണുപോയ മരത്തിന്റെ ഫലങ്ങളും ദൈവത്തിന്നു പകരം കൊടുക്കുന്നുമില്ല. ദൈവത്തിന്നു ആവശ്യമില്ലാത്ത ഫലമാണു വീണുപോയതെന്നു ഇവർ കരുതുന്നു. ഇങ്ങിനെയുള്ള അസാധാരണസ്വഭാവങ്ങൾ വളരെ പറയുവാനുണ്ട്. നക്ഷത്രങ്ങളെ ആരാധിക്കുന്നതു അവയുടെ ഉദയാസ്തമയങ്ങളും മറ്റും കണ്ടു അവയ്ക്കു എന്തോ ദൈവികശക്തിയുണ്ടെന്നു ഉദ്ദേശത്തിന്മേലാണ്. ഇന്ത്യക്കാർ പ്രധാനമായി ഏഴു ഗ്രഹങ്ങളെയുമാണല്ലൊ ഗണിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അറബികളും വ്യത്യാസപ്പെട്ടിട്ടില്ല. അവർ ഓരോ ഗ്രഹത്തിനു ഓരോ മന്ദിരക്ഷേത്രം ഏർപ്പെടുത്തീട്ടുണ്ട്. അതിലൊന്നു യമൻ രാജ്യത്തുള്ള 'സന്ന' എന്ന ദിക്കിലെ ക്ഷേത്രവും അതു ശുക്രഗ്രഹത്തെ ആരാധിക്കുന്നതുമാണ്. മക്കം ശനിയുടെ ദേവാലയമാണെന്നു. ശുക്രനു 'സോഹറാ' എന്നും ശനിക്കു 'സോഹൽ' എന്നുമാണു അവർ പറയുന്ന പേർ. ഓരോ വംശക്കാർ ഓരോ ഗ്രഹത്തെ പ്രത്യേകശ്രദ്ധയിൽ ആരാധിക്കാറാണു ചെയ്തിരുന്നത്. ഹമിയർ വംശം സൂര്യനെയും 'അസദ്' വംശക്കാർ ബുധനെയും ഇങ്ങിനെ പല ഭേദങ്ങളോടുകൂടി പൂജകൾ നടത്തിവന്നു. കൊറാനിൽ ഇവയെല്ലാം വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

ദൈവത്തിന്റെ കീഴിലുള്ളവരെ മൂന്നാളെയാണ് പ്രത്യേകം പൂജിച്ചിരുന്നതെന്നു കൊറാനിൽ വിവരിച്ചിരിക്കുന്നു. അവർ സ്ത്രീകളാണ്. 'അല്ലാറത്', 'അൽഉസ്സാ', 'മനാ' എന്നു പേരായ ഇവരെ ദേവിമാരെന്നോ ദൈവപുത്രികളെന്നോ പറയുന്നു. ഇവരുടെ പേരിൽ വിഗ്രഹങ്ങൾ സ്ഥാപിച്ചു പൂജിച്ചുവരുന്ന പതിവാണുള്ളത്.

### ബിംബാരാധനം.

ഓരോ വർഗ്ഗക്കാർ ഓരോ ബിംബങ്ങളെയാണ് പൂജിച്ചുവരുന്നത്. 'തോയിഫ്' എന്ന ദിക്കിൽ പാർത്തുവരുന്ന 'തോക്കേഫ്' വർഗ്ഗക്കാർ 'അല്ലാറത്' എന്ന ദേവിയുടെ വിഗ്രഹത്തെ പൂജിച്ചിരുന്നു. 'നോക്കല' എന്ന പ്രദേശത്തു കേമമായൊരു ക്ഷേത്രം ആ ബിംബത്തിന്നായി അവർ പണിയിച്ചിട്ടുണ്ട്. ഹിജിറ ഒമ്പതാം വർഷത്തിൽ മുഹമ്മദിന്റെ ആളുകൾ ആ വിഗ്രഹം നശിപ്പിച്ചു. അതു നശിപ്പിച്ചുകളയുന്നതു വലിയ സങ്കടമാണെന്നു കാണിച്ചുകൊണ്ടു ആ ദിക്കിലെ പുരുഷന്മാരും അധികം സ്ത്രീകളും ചെയ്ത അപേക്ഷകളെ മുഹമ്മദ് കേട്ടുകൊണ്ടില്ലെന്നും അവർ മൂന്നു കൊല്ലത്തേക്കു ബിംബം നശിപ്പിക്കാതിരിക്കണമെന്നപേക്ഷിച്ചതു ഫലിക്കാഞ്ഞപ്പോൾ ഒടുവിൽ ഒരു മാസത്തെയെങ്കിലും ഇടക്കു ബിംബം നശിപ്പിക്കാതെ നിർത്തിക്കൊടുക്കണമെന്നപേക്ഷിച്ചിട്ടും അപേക്ഷയെ സ്വീകരിച്ചിട്ടില്ലെന്നും കാണുന്നുണ്ട്. 'അല്ലാറത്' എന്ന വാക്ക് 'അള്ളാ' എന്നതിൽനിന്നുത്ഭവിച്ചതായിരിക്കണം. 'അൽഉസ്സാ' എന്ന ബിംബത്തെ 'സലിം' വംശത്തിൽനിന്നു പിരിഞ്ഞ 'കോറേഷ്', 'കെനാ' എന്നീ വർഗ്ഗക്കാർ പൂജിച്ചിരുന്നു. 'ഢാലം' എന്നാൾ ഇതിന്നായി ഒരു മരത്തിന്മേൽ ക്ഷേത്രം പണിചെയ്തു. ഹിജിറ എട്ടാമത്തെ കൊല്ലം മുഹമ്മദ് ഈ ബിംബം ഉടയ്ക്കുകയും ചോടെ ഉണ്ടായിരുന്ന മരം വെട്ടി ക്ഷേത്രം ചുട്ടുകളകയും പൂ

ഴക്കാരിയെ കൊല്ലുകയുമുണ്ടായി. മക്കസ്സയിലുള്ള യാത്രക്കാരെ ഇങ്ങോട്ടു വരുത്തേണ്ടതിനാണ് 'ധൂമാലം' ഈ ക്ഷേത്രം ഉണ്ടാക്കിയതെന്നും, അതിനാൽ ആയാളേയും കൊന്നുവെന്നും കാണുന്നു. 'അൽഉസ്സാ' എന്ന പേർ മഹാശക്തി എന്നർത്ഥമുള്ള 'അസ്സ്' എന്ന വാക്കിൽനിന്നെടുത്തതാണെന്നു തോന്നുന്നു. മക്കത്തിനും മദീനത്തിനും ഇടയ്ക്കു 'ഖുദൈദയിൽ' 'ഖോസ്ഹാ' എന്നു രണ്ടു വർഗ്ഗക്കാർ താമസിച്ചിരുന്നു 'മനാ' എന്ന ദേവിയുടെ വിഗ്രഹം അവരാണ് ആരാധിച്ചുവന്നത്. അതു ശിലകൊണ്ടുള്ള വലിയൊരു ബിംബമായിരുന്നു. ഹിജിറ എട്ടാം കൊല്ലത്തിലാണ് ഈ ബിംബവും ഉടച്ചുകളഞ്ഞത്. ആ കൊല്ലത്തിലാണു പ്രാചീന അറബിരാജ്യത്തിലുള്ള അസംഖ്യം ബിംബങ്ങൾക്ക് ഗ്രഹപ്പിഴ ബാധിച്ചത്. ഭക്തന്മാർ വളരെ ആടുമാടുകളെ ബലികൊടുക്കുന്ന സ്ഥലമായി മക്കത്തിനടുത്തുള്ള 'മിന' എന്ന മലയിടുക്കിന്റെ പേരിൽനിന്നാണ് 'മനാ' ഉത്ഭവിച്ചതെന്നും മറ്റും ചിലർ പറയുന്നുണ്ട്.

ഇതുകൾ കൂടാതെയും അനവധി ബിംബങ്ങളുണ്ട്. എന്നാൽ 'വാദ്' 'സാവാ' 'യാഉത്' 'യോക്ക്' 'നാസിർ' എന്നീ അഞ്ചെണ്ണം വളരെ പ്രധാനപ്പെട്ടവയാണ്. ഇവ പ്രളയകാലത്തിനു മുമ്പുള്ളവയാണെന്നാണ് പറഞ്ഞുവരുന്നത്. യോഗ്യതയേറിയ മനുഷ്യരുടെ പ്രതിമകളെ വന്ദിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ആ പ്രതിമകളിൽ ക്രമേണ ദൈവത്വബോധവും ജനങ്ങൾക്കു വന്നു. അങ്ങിനെ അവ പൂജാർഹങ്ങളായിത്തീർന്നതാണ്.

'വാദ്' എന്ന ബിംബം ഒരു മനുഷ്യാകൃതിയിലുള്ളതും 'സോമററ്' എന്നടിക്കിലെ 'കോബ്' എന്ന ജാതിക്കാരാൽ പൂജിക്കപ്പെടുന്നതുമായിരുന്നു. 'സാവാ' എന്നതു സ്ത്രീരൂപമാണ്. ഹമദാൻ, ഹോധെയിൻ എന്നീ രണ്ടു വർഗ്ഗക്കാരുമാണ് അതിനെ പൂജിച്ചിരുന്നത്. ഈ ബിംബം പ്രളയത്തിനുശേഷം വളരെക്കാലം വെള്ളത്തിൽ കിടന്നുവെന്നും പിന്നെ പിശാചാണ് എടുത്തതെന്നും മറ്റും എഴുതിക്കാണുന്നുണ്ട്. 'യാഉത്' എന്ന ബിംബം ഒരു സിംഹത്തിന്റെ സ്വരൂപമാണ്. യമൻ രാജ്യത്തിൽ താമസിച്ചിരുന്ന മധാജ് എന്നൊരു ജാതിക്കാരാണ് അതിനെ പൂജിച്ചുവന്നത്. 'യോക്ക്' എന്നതു മൊറാദ് വംശക്കാരുടെ ബിംബമാണ്. അതൊരു കുതിരയുടെ സ്വരൂപമാണത്രെ. വളരെ യോഗ്യനായ ഒരാൾ മരിച്ചുപോയശേഷം ആയാളുടെ ഓർമ്മ എന്നെന്നും നിലനിൽക്കേണ്ടതിന്നായി പിശാചു വന്നു ജനങ്ങളോടു ബിംബമുണ്ടാക്കുവാനും മറ്റും ഉപദേശിച്ചുവെന്നും പിശാചിന്റെ ഉപദേശമനുസരിച്ചാണ് ആ ബിംബമുണ്ടാക്കി പൂജിച്ചുവന്നതെന്നും മറ്റും കാണുന്നു. 'നാസിർ' ഒരു കഴുകൻപക്ഷിയുടെ ആകൃതിയിലുള്ള ബിംബമാണ്. 'ഹമിയർ' എന്ന വംശക്കാരാണ് അതിനെ പൂജിച്ചുവന്നത്.

'കാബൂൾ' എന്ന നഗരത്തിനടുത്തുള്ള ബാമിയൻ എന്ന സ്ഥലത്തിൽ അൻപതു വാര ഉയരമുള്ള രണ്ടു പ്രതിമകളുണ്ട്. അവ യാഉത്തിന്റെയും യോക്കിന്റെയും പ്രതിമകളാണെന്നാണു പറയുന്നത്. അവയുടെ അരികിൽ 'നെസ്രം' എന്ന ഒരു വൃദ്ധസ്ത്രീയുടെ പ്രതിമയുമുണ്ടത്രെ. ഈ പ്രതിമകൾക്കെല്ലാം ഉള്ള പേ

ള്ളയാണ്. മേൽവിവരിച്ച നഗരത്തിന്ന ഏതാണ്ട സമീപത്തായിത്തന്നെ 'ലാറ്' എന്നൊ 'അല്ലാറ്' എന്നൊ പറയപ്പെട്ടന്ന അൻപത്ത മാർ ഉയരമുള്ള ഒരു ശിലാപ്രതിമയുണ്ട്. ഒററക്കല്ലായ അത്ത അൻപത്താറു ലോഹത്തൂണുകൾകൊണ്ട താങ്ങി നിൎത്തിയിരുന്നു. ആ ബിംബത്തെ 'മുഹമ്മദ് എബ്ൻ' എന്നാൾ തൻെറ കൈകൊണ്ട തച്ചുടച്ചുകളഞ്ഞതായതത്രെ.

ഇവയ്ക്ക പുറമെയും അനേകം ബിംബങ്ങൾ അറബിരാജ്യക്കാരാൽ പൂജിക്കപ്പെട്ടിരുന്നവെന്ന കൊറാനിൽ കാണുന്നുണ്ട്. മിക്ക വീട്ടുകാരും ഒന്നും ഒന്നിലധികവും ബിംബങ്ങളെ വീടുകളിൽ വെച്ച പൂജിക്ക പതിവാണ്. വല്ലവരും വല്ല ദിക്കുകളിലെക്കും പോകുമ്പോഴും വന്നാലും തങ്ങളുടെ വീട്ടുബിംബങ്ങളെ വന്ദിക്കുന്നതു സമ്പ്രദായമായിരുന്നു. മക്കം പ്രധാനക്ഷേത്രത്തിൽ മുന്നൂററുപത്തിൽ ചുരുങ്ങാതെ ബിംബങ്ങളുണ്ടായിരുന്നു. അവിടെ കൊല്ലത്തിലെ ദിവസങ്ങൾക്കായിട്ടാണത്രെ ബിംബങ്ങൾ. അവയിൽ വെച്ച പ്രധാനമായതു 'ഹോബൽ' ആകുന്നു. അതിന്ന മഴയില്ലാത്ത കാലം മഴ പെയ്യിക്കത്തക്ക ശക്തിയുണ്ടെന്ന കണ്ട് 'അമ്രൂർ എബൻ ലൊഹായെൽ' എന്നാൾ സിരിയയിൽനിന്ന കൊണ്ടുവന്നതാണെന്നാണു കാണുന്നത്. അത്ത ഒരു മനുഷ്യൻെറ ഛായയാണ. എങ്ങിനെയൊ ഒരു കയ്യ മുറിഞ്ഞു പോകയാൽ കോയറിഷ് വംശക്കാർ സ്വൎണ്ണംകൊണ്ട ആ കൈ വാൎത്തു പിടിപ്പിച്ചിരുന്നു. അത്ത ആ ബ്രഹ്മാവിൻെറ പ്രതിമയാണെന്നാണു ചിലർ ഊഹിച്ചു കണ്ടത്. ഹിജിറ് എട്ടാം വൎഷത്തിൽ മുഹമ്മദ് തന്നെ ആ ബിംബം നശിപ്പിച്ചു. 'അസാഫ്' എന്ന ഒരു പുരുഷപ്രതിമ 'സാഫ' എന്ന കുന്നിൻ മുകളിലും 'നേയില' എന്ന സ്ത്രീപ്രതിമ മെർവാ എന്ന കുന്നിൻമുകളിലുമുണ്ടായിരുന്നു. ജോൎഹാം വംശത്തിൽ മേൽപ്പറഞ്ഞ പേരോട കൂടി ഒരു പുരുഷനും സ്ത്രീയുമുണ്ടായിരുന്നുവെന്നും അവർ മക്കം ക്ഷേത്രത്തിൽ വെച്ച വ്യഭിചരിക്കകയാൽ ദൈവം ശപിച്ച കല്ലാക്കിയതാണെന്നും പിന്നെ അതുകളെ സിരിയയിൽനിന്ന കൊണ്ടുവന്നതാണെന്നും മററും പറയുന്നുണ്ട്. കുഴച്ച മാവുകൊണ്ടുള്ള ഒരു ബിംബവും കോയറിഷ് വംശക്കാർ പൂജിച്ചിരുന്നുവെന്നും ഒരു ക്ഷാമകാലത്തു അവർ അത്ത ഭക്ഷിച്ചുവെന്നും ഒരു കഥ കേൾക്കുന്നുണ്ട്. 'മന' മുതലായി വിവരിച്ച ചില ബിംബങ്ങളെ ആരാധിച്ചു തുടങ്ങിയത് ഇസ്മായലിൻെറ മക്കളാണ്. ഒരു കാലം വളരെ വൎദ്ധിച്ചുവന്ന ഇസ്മായൽ സന്താനങ്ങൾ ഭംഗിയിൽ കണ്ട കല്ലുകളെയെല്ലാം ബിംബങ്ങളെന്ന നിലയിൽ ആരാധിച്ചു വന്നിട്ടുണ്ടെന്നും കാണുന്നുണ്ട്.

തേലപ്പുറത്ത നാരായണനമ്പി

# ഭൂമിശാസ്ത്രപാഠം

ഭൂമിശാസ്ത്രം ഏററവും ഉപയോഗമുള്ള ഒരു ശാസ്ത്രമാകുന്നു. അതു ശരിയായി പഠിപ്പിക്കുന്നതായാൽ പാഠവിഷയങ്ങളിൽ വെച്ച് അധികം ഉപയോഗപ്പെടുന്നതും പ്രാധാന്യം കൂടുന്നതും ആയ ഒന്നാകുന്നു. ഈ ശാസ്ത്രം നമ്മുടെ ചുററുമുള്ള സാധനങ്ങളെക്കുറിച്ചുള്ളതാകയാൽ എല്ലാവരും ഇതിനോടു വളരെ തല്പരന്മാരായിരിക്കേണ്ടതാണ്. ബ്രിട്ടീഷുസാമ്രാജ്യത്തിലെങ്ങും വ്യാപ്തമായിരിക്കുന്ന കച്ചവടവും ആ സാമ്രാജ്യത്തിന്റെ അഭിവൃദ്ധിയും ഭൂമിശാസ്ത്രപഠനത്തിൽ വളരെ ഉപകാരപ്രദമായിട്ടുണ്ട്.

ഭൂമിയുടെ ഉപരിഭാഗം, ശില, കാലാവസ്ഥ എന്നിവയുടെ സ്വഭാവത്തെയും പല തരത്തിലുള്ള ജന്തുസസ്യങ്ങളുടെ വകഭേദങ്ങളെയും, കാലപരിണാമങ്ങളെയുംപററി യഥോചിതം ഗ്രഹിക്കാതെ ഏതൊരു ബുദ്ധിമാനും ഒരു ദിക്കിൽ താമസിക്കുന്നതിന്നു സാധിക്കുന്നതല്ല. ഇങ്ങിനെയുള്ള സംഗതികൾ ഭൂമിശാസ്ത്രത്തിലുള്ളതുകൊണ്ടു അതിന്റെ ഉപയോഗം എത്രത്തോളമുണ്ടായിരിക്കുമെന്നുള്ളതു ഊഹ്യമാണല്ലോ. ഭൂമിയെ മനുഷ്യന്റെ വീടായി ഗണിക്കാം. അപ്പോൾ താഴ്വര, കുന്നു, മല, പുഴ എന്നിവകൾ അതിന്റെ ഓരോരോ ഭാഗങ്ങളാണെന്നും സസ്യാദികളും ജന്തുക്കളും അതിൽ പെരുമാറുവാനുള്ള സാധനങ്ങളാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതു ബുദ്ധിയേയും മനശ്ശക്തിയേയും വർദ്ധിപ്പിക്കേണമെന്നുള്ള ഒരുദ്ദേശത്തോടു കൂടിയായിരിക്കേണം. ഗഹനതരങ്ങളായ വിഷയങ്ങളെ സുഗമങ്ങളാക്കി എളുപ്പത്തിൽ കുട്ടികളെ ധരിപ്പിക്കുവാൻ തക്ക സൂത്രം ഗുരുനാഥൻ കണ്ടുപിടിക്കേണ്ടതാണ്. ഏതു വിധത്തിലെങ്കിലും കുട്ടികളുടെ ധാരണാശക്തിക്കു എളുപ്പമുണ്ടാക്കി കൊടുക്കേണമെന്നുള്ള ഉദ്ദേശമാകുന്നു ഗുരുനാഥന്നു പ്രധാനമായി ഉണ്ടായിരിക്കേണ്ടത്. ഈ തത്വത്തെ ഗുരുനാഥൻ ഹൃദയത്തിൽ നിക്ഷേപിച്ചുകൊണ്ടു ഭൂമിശാസ്ത്രം എന്നെന്നും ഉപകാരപ്രദമായിട്ടുള്ളതാണെന്നും, ബുദ്ധിക്കു വികാസമുണ്ടാക്കുന്നതാണെന്നും കുട്ടികൾക്കു സോദാഹരണം വിശദമായി കാണിച്ചുകൊടുക്കണം.

നമ്മുടെ ചുററുമുള്ള സാധനങ്ങളെപ്പററി ചോദ്യം ചെയ്യുന്നതുകൊണ്ടു അവലോകനഗ്രഹണശക്തി വർദ്ധിക്കുന്നു. വഴികളുടെ സ്വഭാവത്തെയും പാഠശാലയിലേക്കു വരുന്ന വഴിക്കു കുട്ടികൾ കാണുന്ന പല തരത്തിലുള്ള ധാന്യങ്ങൾ, കായ്കനികൾ, മൃഗങ്ങൾ, വൃക്ഷലതാദികൾ, ആകാശം, വായു എന്നിവയെയും പററി കുട്ടികളിൽനിന്നു കിട്ടുന്നതായ ഉത്തരങ്ങൾ തികവായിട്ടും ശരിയായിട്ടും ഇരിക്കേണ്ടതാണ്. ഇതിനാലുണ്ടാകുന്ന സന്തോഷവും ശ്രദ്ധയും മനശ്ശക്തിയെ വർദ്ധിപ്പിക്കുമെന്നു മാത്രമല്ല, ഭൂമിശാസ്ത്രജ്ഞാനം ഉണ്ടാകുന്നതിലേക്കു അതു ഒരു അസ്ഥിവാരമായി തീരുന്നതുമാകുന്നു.

ചുററുമുള്ള സാധനങ്ങളുടെ സ്വഭാവപരിചയംകൊണ്ടു സാമാന്യജ്ഞാനം വർദ്ധിക്കുന്നു. അതിൽനിന്നു ഭൂമിശാസ്ത്രജ്ഞാ-

നമുണ്ടാകുന്നതു കൂടാതെ സാധാരണമായി ബുദ്ധിക്കു ആവശ്യമുള്ള നിഖിലവസ്തുക്കളുടേയും അറിവുമുണ്ടാകുന്നു. ചെറുതായ കുന്നു, തോടു മുതലായവയോടുള്ള പരിചയത്താൽ മല, പുഴ എന്നിവയുടെ പരിചയം ആലോചനാശക്തിയാൽ ഉണ്ടായിത്തീരുന്നു. അതുപോലെ ചളിനിലം, മണൽപ്രദേശം സമഭൂമി എന്നിവ ചതുപ്പുനിലങ്ങൾ, മരുഭൂമികൾ, വിതാനമായ സ്ഥലങ്ങൾ എന്നിവയുടെ പരിചയത്തെ ഉണ്ടാക്കി തീൎക്കുന്നു. വീട്ടിൽ നട്ടുവളൎത്തുന്നതായ സസ്യാദികളുടെ അറിവു അപരിചിതങ്ങളും ദൂരസ്ഥങ്ങളുമായ സസ്യാദികളെ പരിചയമാക്കുന്നു.

ഭൂമിശാസ്ത്രപഠനം ലോകവ്യുൽപത്തിയുണ്ടാക്കുന്നതാണ്. ഇതു മനസ്സമാധാനത്തിന്നും, അഭ്യുന്നതിക്കും ഹേതുവായിത്തീരുകയും, വിദ്യാഭ്യാസത്തെ വൎദ്ധിപ്പിക്കുവാനുള്ള വഴികളിൽ ഏററവും മുഖ്യമായ്ത്തീരുകയും ചെയ്യുന്നു. ഭൂമിയിലുള്ള ഓരോ ജാതിക്കാരേയും ജനങ്ങളേയും പററി വല്ലതും മനസ്സിലാകുമ്പോൾ അവരെപ്പററി ഒരു പരിപൂൎണ്ണജ്ഞാനം ഉണ്ടാകുന്നതിന്നു ജിജ്ഞാസ കൂടിവരികയും, അതിന്നായി പരിശ്രമിക്കയും, അപ്പോൾ അറിവു അധികമാകുകയും, അവരോടുള്ള പ്രീതി സുസ്ഥിരമായി നിലനില്ക്കുകയും ചെയ്യും.

പത്തുവയസ്സായ ഒരു കുട്ടി പുറത്തു യാതൊരു ദിക്കിലും പോകാതെ അമ്മയുടെ കീഴിൽ തന്നെ താമസിക്കുന്നു എന്നു വിചാരിക്കുക. ആ കുട്ടിക്കു മററു കുട്ടികൾക്കുന്നപോലെ വയൽ, കടൽ, തോടു, കുന്നു, മലം ചരിവു, താഴ്വര എന്നിവയെപ്പററിയുള്ള അറിവുണ്ടാക്കുന്നതു അത്ര സുകരമല്ല. ഇങ്ങിനെയുള്ള ഒരു കുട്ടിക്കു ഭൂമിശാസ്ത്രത്തെക്കുറിച്ചുള്ള അറിവുണ്ടാകുവാൻ വളരെ പ്രയാസമുണ്ട്. അങ്ങിനെ ചെയ്യേണമെങ്കിൽ ആ സാധനങ്ങളുടെ ചിത്രങ്ങളോ, ആ വക പദാൎത്ഥങ്ങൾ തന്നെയോ കുട്ടികളുടെ മുമ്പിൽ ഉണ്ടാക്കിക്കൊണ്ടുവെച്ചു പഠിപ്പിക്കേണ്ടതാകുന്നു. ഇങ്ങിനെ ചെയ്താലും ആ കുട്ടിക്കു മററു കുട്ടികൾക്കുണ്ടാകുന്നതുപോലെയുള്ള അറിവു ഇക്കാൎയ്യത്തിൽ തികവായി കിട്ടുവാൻ സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ സാധാരണ ഒരു കുട്ടിക്കു വീടു, തെരുവു, സ്കൂൾ, സ്കൂളുകളിലേക്കുള്ള ഗതാഗതമാൎഗ്ഗം, കളിസ്ഥലം, വയൽ, കൃഷിസ്ഥലം, നദി, കടൽക്കര ഇതുകളെ സംബന്ധിച്ചുള്ള അറിവും, അതോടുകൂടി വീട്ടുപരിചയവും കൂടി ചേരുമ്പോഴാണ് അധികമായ അറിവുണ്ടാകുവാൻ വഴിയായിത്തീരുന്നത്. ഇങ്ങിനെ പരിചയത്താലുള്ള അറിവു കിട്ടുവാൻ മാൎഗ്ഗമില്ലാത്ത കുട്ടികൾക്കു എന്തിനെയെങ്കിലും ആസ്പദമാക്കി പഠിപ്പിക്കുവാൻ നന്ന കുറച്ചു മാത്രമേ ഗുരുനാഥന്നു മാൎഗ്ഗമുണ്ടാകയുള്ളൂ. കുട്ടികൾക്കു അവരുടെ വീടിന്റെ ചുററും നിന്നു കിട്ടുന്ന അറിവാണ് ഉത്സാഹമുണ്ടാക്കുകയും അവരുടെ മനോദൎപ്പണത്തിൽ മനോഹരമായ രൂപംപോലെ പ്രതിബിംബിക്കുകയും ചെയ്യുന്നത്. ഇതുകളെല്ലാം എന്നെന്നേക്കും നിലനില്ക്കുന്നതുമാകുന്നു.

ഭൂമിശാസ്ത്രത്തിൽ ഒന്നാമതായിട്ടുള്ള പാഠം കുട്ടികളുടെ ചുററുമുള്ള സാധനങ്ങളെപ്പററിയുള്ള അറിവു കഴിയുന്നേടത്തോളം കൃത്യമായും പൂൎത്തിയായും ഉണ്ടാക്കുകയാകുന്നു. അതുകൊണ്ടു അവരുടെ അവലോകനശക്തിയെ ബലപ്പെടുത്തണം. ഈ

ആദ്യപാഠം സാധനപാഠമായിട്ടു പഠിപ്പിക്കുന്നതാണ് നല്ലത്. എന്നാൽ ഈ പാഠം രാജ്യങ്ങളുടെ ഭേദമനുസരിച്ചു മാറ്റം ചെയ്യണം. നാട്ടുപുറത്തുള്ള കുട്ടിക്കു ചേന്ന ചില അറിവുകൾ പട്ടണനിവാസിയായ ഒരു കുട്ടിക്കുണ്ടാകുന്നതല്ല. പക്ഷേ പട്ടണത്തിലെ വിദ്യാൎത്ഥിക്കു നാട്ടുപുറത്തെ വിദ്യാൎത്ഥിക്കില്ലാത്ത കൈത്തൊഴിൽ മുതലായവയെപ്പറ്റിയുള്ള അറിവു നിത്യപരിചയംകൊണ്ടുണ്ടാകുന്നതാണ്. സമുദ്രത്തിന്നടുത്തോ അതിന്റെ തീരത്തോ വസിക്കുന്ന കുട്ടികൾക്കു ആദ്യപാഠങ്ങൾക്കു ഉപയോഗപ്രദങ്ങളായ മാതൃകകൾ കിട്ടുവാനിടവരും. രാജ്യത്തിന്റെ മദ്ധ്യത്തിൽ താമസിക്കുന്നവൎക്കു കുന്നു, ചരിവു, താഴ്‌വര, നദികൾ മുതലായ സാധനങ്ങൾ ആദ്യപാഠങ്ങൾക്കു ഉപയോഗപ്രദമായിത്തീരുന്നു. എല്ലാ കുട്ടികളും കടൽക്കരയിൽ ആയാലും മദ്ധ്യപ്രദേശത്തായാലും ദൃഷ്ടിക്കു ഗോചരമായ സാധനങ്ങളെ പരിചയത്തിൽ ആക്കിക്കൊണ്ടുവരുവാൻ ആസക്തിയുള്ളവരായിത്തീരണം. അതുകൊണ്ടു ഭൂമിശാസ്ത്രത്തിൽ ആദ്യപാഠങ്ങൾ സ്കൂൾപ്ലാൻ, കളിസ്ഥലം, സ്കൂൾ ഇരിക്കുന്ന രാജ്യത്തിന്റെ പടം ഇവയെപ്പറ്റിയാണ് പഠിപ്പിക്കേണ്ടത്.

ഭൂമിശാസ്ത്രം പഠിക്കുന്നതിന്നു ആകൃതിയും ഒന്നിനോടൊന്നിനുള്ള സ്ഥിതിയും ആകുന്നു ശരിയായിട്ടുള്ള അടിസ്ഥാനം. വീടിന്നു ചുറ്റുമുള്ള വസ്തുക്കളുടെ സ്വഭാവത്തെ മാതൃകയായി കാണിച്ചാൽ അവ കുട്ടികളുടെ മനസ്സിൽ പതിയുന്നതാകുന്നു. വലിപ്പം കാഴ്ചയിൽ വ്യത്യാസപ്പെട്ടിരിക്കുന്നതുകൊണ്ടു സ്ഥലത്തിന്റെ വിശേഷമായ എന്തെങ്കിലും ഒരു ഭാഗത്തെ വിസ്തീൎണ്ണമെടുക്കുന്നതിന്നു മാതൃകയായി പിടിക്കുന്നതാണു അധികം നല്ലതു. ഷറകളെയുള്ള ദിക്കിന്റെ അകലം എടുക്കുവാൻ പരിചയമുള്ളതും, അടുക്കെയുള്ളതുമായ സ്ഥലത്തിന്റെ അകലം കൃത്യമായി അറിഞ്ഞിരിക്കേണ്ടതുമാണു. ആവശ്യമായ വിഷയങ്ങൾക്കു ബ്ലാക്ക്ബോർഡ് ഉപയോഗിക്കാവുന്നതാണ്.

പടം കൂടാതെ വിവരണങ്ങൾ മുതലായതു കാണാപ്പാഠം പഠിക്കുന്നതു വളരെ ചീത്തയാണെന്നു നിശ്ചയിച്ചിരിക്കുന്നു. അങ്ങിനെയുള്ള അറിവു ഒരു പ്രകാരത്തിലും ഫലപ്രദമല്ല; രസകരവുമല്ല. എല്ലാറ്റിന്നും ഉദാഹരണം കാണിച്ചുവേണം പഠിപ്പിക്കുവാൻ. ഉദാഹരണമായി പറയുന്ന സാധനങ്ങൾ കുട്ടികളുടെ അറിവിൽ പെട്ടതായിരിക്കണം. എന്നാൽ പറയുന്നതിൽ അധികം നല്ലതു സാധനങ്ങളെത്തന്നെ കാണിച്ചു പരിചയം വരുത്തുന്നതാകുന്നു.

സ്വാഭാവികഗുണങ്ങളുടെ പ്രാധാന്യത്തിന്നും അപ്രാധാന്യത്തിന്നും ഉള്ള കാരണങ്ങളെപ്പറ്റി ആലോചിക്കണം. എങ്ങിനെയെന്നാൽ:— സ്കോട്ട്ലാണ്ടിന്റെയും ഐർലാണ്ടിന്റെയും പടിഞ്ഞാറെ ഭാഗം അത്ത്ലാന്റിക്ക സമുദ്രത്തിലെ ശക്തിമത്തായ തിരമാലകൾ അടിക്കുക കാരണമായിട്ടു കരകൾ വളഞ്ഞുപുളഞ്ഞ ഒരു ആകൃതിയിൽ ആയിട്ടുണ്ട്. സ്കാണ്ഡിനേവിയൻ പെനിൻസുലയുടേയും ആകൃതി ഇതിൽനിന്നു എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാകുന്നു. ഇംഗ്ലാണ്ടു രാജ്യം അൎദ്ധഗോളക്കരയുടെ മദ്ധ്യത്തിൽ കിടക്കുന്നു.

കച്ചവടത്തിന്നുള്ള സാധാരണ ഗുണങ്ങളെപ്പററി നോക്കുക. നിരാകൃതികളിൽ കിടക്കുന്ന കരകളിൽ കൊടുങ്കാററു സാധാരണയുണ്ടാകുന്നു; അധികം മഴക്കുള്ള നദികളും, ചെങ്കുത്തായ ചെരിവുകളും ഇവകളും കപ്പൽസ്സഞ്ചാരത്തിന്നു വിരുദ്ധമാകുന്നു. കപ്പൽസ്സഞ്ചാരത്തിന്നുതകുന്ന നദികളും മൂലമായി തുറമുഖങ്ങളും ധാരാളം കച്ചവടങ്ങളും നടക്കുന്നു. തുറന്നകടലുകളാൽ കാലാവസ്ഥ നന്നാകുന്നു. സമുദ്രിയമായ കാററു, മൂട എന്നിവകളാൽ മഴ ധാരാളമുണ്ടാകുന്നു. ഇതുകൂടാതെ ലോഹഖനികളും, ജലശേഖരം, ഭൂമിയുടെ ഉപരിഭാഗത്തിന്റെ സ്വഭാവം, കാലാവസ്ഥ ഇവയെല്ലാം വ്യവസായത്തേയും ജനങ്ങളുടെ സ്വഭാവത്തേയും നന്നാക്കുവാൻ കാരണമായ്ത്തീരുന്നു. ത്രികോണാകൃതിയിലുള്ള സ്ഥലങ്ങളുടെ എല്ലായ്പോഴുമുള്ള മാററത്തെപ്പററി ആലോചിക്കുക. കരകളുടെ ഇടിവു, വെള്ളത്തിന്റെ കുത്തു, കല്ലുകളുടെ കൂട്ടം, വെള്ളത്തിന്റെ കലക്കം എന്നിവയെക്കുറിച്ചു പര്യാലോചിക്കുന്നതായാൽ നദികളുടെ വായിൽ ഇങ്ങിനെയുള്ളവയാൽ ഉണ്ടാകുന്ന മാററത്തിന്റെ സ്വഭാവം നല്ലവണ്ണം മനസ്സിലാകുന്നതാണ്.

മിസ്. പി. ദാമോദരമേനോൻ.

# ദേവീസ്തവം

പരമേശ്വരി!ഞാൻപാപം
പലമാതിരി ചെയ്കിലും
പദതാർപണിയുന്നെന്നെ-
പ്പരിപാലിച്ചിടേണമേ. 1

ഒരുപാടുപന്നംശിവപ്രിയേ!
തവപാദങ്ങളിൽവെക്കുമേ ചിലർ
അയിപാർവ്വതി!ഭക്തിയോടിതാ
മമപാദേവഴിപാടുവന്ദനം. 2

കുളുർതിങ്കൾശിരസ്സിലേന്തുമോമ-
ന്നവരങ്കസ്ഥകാംമിഴിപ്രയോഗം
മമസങ്കടമൊക്കെയുംകെടുക്കും,
ശിവസങ്കല്പവിലാസവിത്തതല്ലോ. 3

കരീന്ദ്രകുംഭത്തിനുതുല്യമാകുമോ
കനത്തനിൻപോർമുലശൈലകന്യകേ!
മുഴത്തമുത്താംകരിമസ്തകത്തിൽ,നിൻ
മുലസ്തകംനല്ലമൃതാണുമോക്ഷദേ! 4

കരിമ്പുവില്ലുംമലരമ്പുമെപ്പോഴും
ധരിച്ചുകൊണ്ടീശ്വരപാർശ്വഭൂമിയിൽ
വിളങ്ങുമാമാമലമങ്കമാരെന്നാ-
ന്നിളക്കിവെക്കുംജയലക്ഷ്മിതന്നയോ? 5

ശ്രീചക്രമദ്ധ്യത്തിൽമുറസ്ഥഗൌരി!നിൻ
പൂജാക്രമംനിത്യവുമാചരിപ്പവൻ
ധ്യാനിച്ചുസാക്ഷാൽബ്ഭവസങ്കടങ്ങളെ-
പ്പായിച്ചുസായൂജ്യസുഖത്തെനേടുമേ! 6

എനിക്കുപക്ഷേതവപാദപങ്കജം
ഭജിച്ചതിക്ഷേമപദത്തിലെത്തുവാൻ
ഭവാനി!നിന്മായകൾവിഘ്നമാകയാൽ
കരഞ്ഞുടൻമാററിടുന്നെന്നയാശ്രയം 7

സ്മരിക്കുമാറെന്മനോരഥത്തിൽവ-
ന്നിരിക്കുക,ശ്രീപരമേശ്വരപ്രിയേ!
സ്മരിക്കുമാശസ്സുശരിക്കുകൊണ്ടുസ-
ഞ്ചരിക്കുമേസ്മൃതന്നിലസ്സുഭക്തിമേ. 8

കരയുന്നടിയൻഭവാംബുധിക്കം
കരയുണ്ടെന്നറിയുംവിധം ഞിലായി
കരയുഗ്മമണച്ചുമൌലിയിൽസ്സു-
കരയുഗമലുതപുണ്യസാരധാരേ! ൯

പുരാരിയേട്ടീടിനലോകർത്തായേ!
പുരാണവേദപ്പൊരുളായമായേ!
വരാംഗി!വേണ്ടാത്തവിപത്തുമേന്നേൽ
വരാസ്സവേണംകൃപചെയ്കെന്നേൽ. 10

കാമാരാതിസ്സകാമാഗമവിധിയിൽനികാമാദരംകൺവിലാസ-
ക്കൈമാറത്താലെയീമാതിരിയരുളിനഹേമാമലപ്പൈതലാളേ!
നീമായംവിട്ടസീമാമലദയയൊടയേ ഭദ്ര്മാംപൃണ്ടനോക്കി
ശ്രീമാനാക്കിട്ടകീമാനുഷനെയധികമാമാശയൊപ്പിച്ചനിളേ. 11

ഉന്നതസ്തനമതൊന്നുകൊണ്ടുമലമന്നവൻറമകളെന്നതാ-
ന്തന്നെകാട്ടുമൊരുസന്നതാംഗി!ഗിരിശനുസൌഖ്യമരുളുന്നനി
എന്നുമേ!മനസിമിന്നുമാറുവിലസുന്നതാകിൽമതിയെന്നുമേ
പിന്നെവേറെയിവനൊന്നുമേകരുതിടുന്നതില്ലസുഖമെന്നുമേ. 12

ശിവനുടെസുഖസത്തേ!ശിഷ്ടവേദാന്തസത്തേ!
ചിരമടിയനിടത്തേചിന്തിടുംസങ്കടത്തെ
കൃപയൊടിഹതകർത്തീടുകെന്നുംസുഖത്തെ
മുനികൾക്കിമപിചിത്തമൂത്തൊടോൾക്കുന്നചിത്തേ! 13

ഫാലേതീമിഴിയുള്ളപോററിമടിയിന്മേലവഷിസ്സുന്നൊരാ-
ബ്ബാലേ!നിന്നുടെരൂപമെൻറകരളിൽച്ചാലേവിളങ്ങേണമേ
നീലേന്ദീവരമായതിന്നുടെളമ്പോലേകളിസ്സുന്നക-
ണ്ണാലേകേവലമൊന്നുനോക്കിവനെന്നാലേജയംകൈവരും. 14

മൂന്നാംതൃക്കണ്ണിൽമുമ്പേമുഹിതമടിയൻചുട്ടമാരനെൻറയമ്പേ!
സൌന്ദര്യത്തേൻകുഴമ്പേ!സുരുചിരനിഗമശ്രീഫലത്തിൻകഴമ്പേ!
ഏന്നേക്കാത്താലുമയ്മ്പേറിനകടമിഴിയാലെപ്പൊഴുംശ്രീകരമ്പേ!
കുന്നിൻനാഥന്നുപയ്മ്പേകരമൊരണിമുടിമേൽക്കല്പകത്തിൻറകൊമ്പേ! 15

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

# ഞങ്ങളുടെ വായനശാല

മുക്താലത — ഒരു ബുദ്ധമതകഥ:. ഗ്രന്ഥകർത്താവ് വി. ഉണ്ണിക്കൃഷ്ണൻ നായർ ബി. എ, അക്ഷരരത്നപ്രകാശിക പ്രസ്സ്, കുന്നംകുളം, വില രണ്ടണ:—

ഈ ചെറുപുസ്തകം ശാന്തരസപ്രധാനമായ ഒരു ഖണ്ഡകാവ്യമാണ്. ലങ്കാരാജകുമാരിയായ 'മുക്താലത' ബുദ്ധദേവന്റെ പേരിലുള്ള ഭക്തിയാൽ വിരക്തയായിത്തീർന്നതാണ് ഇതിലെ വിഷയം. പദ്യങ്ങൾ പ്രായേണ ലളിതങ്ങളും രചന ഒരുവിധം ഭംഗിയുള്ളതുമാണ്. നിർബ്ബന്ധമായ ദ്വിതീയാക്ഷരപ്രാസവും, പ്രസിദ്ധങ്ങളായ ചില അർത്ഥാലങ്കാരങ്ങളും ഇതിലുണ്ട്. എന്നാൽ ചില ദിക്കിൽ ശബ്ദത്തിനു കവി കുറേശ്ശെ ക്ലേശിച്ചിട്ടുള്ളതായും, ചിലേടത്ത് അർത്ഥകല്പനയ്ക്കു ഗണ്യമായ കോട്ടം സംഭവിച്ചതായും കാണുന്നുണ്ട്. പദങ്ങൾക്കു പ്രായേണ പ്രയോജനം വിവക്ഷിച്ചിട്ടുള്ളതായി തോന്നുന്നില്ല. മുക്താലതയ്ക്കു ബുദ്ധങ്കലുള്ള ഭക്തിയെ വർണ്ണിക്കുമ്പോൾ അവളുടെ സൌന്ദര്യസൌഭാഗ്യാദികളെക്കുറിക്കുന്ന 'കളവാണി', 'പെൺകൊടിയാൾ', 'പങ്കജാക്ഷി', 'ശോണാധരി' ഇത്യാദി വിശേഷണങ്ങൾ തീരെ അനുചിതമാകുന്നു. മുക്താലത ബുദ്ധനെത്തൊഴുന്നതും ബുദ്ധൻ അതിനു മറുപടിയും ചിത്രവും അയയ്ക്കുന്നതും അതു നോക്കി മുക്താലത ആനന്ദിക്കുന്നതും ആയ സന്ദർഭങ്ങളിൽ വ്യഞ്ജിക്കുന്ന, മുക്താലതയുടെ ഗുരുവിഷയകമായ രതിഭാവത്തിൽ സഹൃദയന്മാർക്കു വല്ല ദുഷ്പ്രതീതിയും തോന്നുന്നുണ്ടെങ്കിൽ അതിനു കാരണം വിശേഷണങ്ങളുടെ അനൌചിത്യമാണ്. ശാന്തവും ശൃംഗാരവും പരസ്പരവിരോധികളായ രസങ്ങളാണ്. മുൻപറഞ്ഞ വിശേഷണങ്ങൾ ശൃംഗാരവ്യഞ്ജകങ്ങളാണെന്നു പറയേണ്ടതുമില്ലല്ലോ. മുക്താലതയുടെ അവയവസൌന്ദര്യത്തിനു പകരം ചിത്തശുദ്ധിയേയും തത്ത്വബുദ്ധിയേയും കാണിക്കുന്ന വിശേഷണങ്ങളായിരുന്നു വേണ്ടിയിരുന്നത്. കാവ്യത്തിന്റെ ജീവനായ രസത്തിൽ സംഭവിച്ചുപോയ ഈ ന്യൂനത ഒരുപ്രകാരത്തിലും നിസ്സാരമല്ല. ഇതുപോലെ 'പെൺകൊടിയാൾ', 'കലനാദിനിയാൾ', 'അംഗനയാൾ', 'ഇല്ലാവതിയാൾ' എന്നു തുടങ്ങി പ്രത്യേകപ്രയോജനങ്ങളൊന്നും കൂടാതെ 'ആൾ' കൊണ്ടവസാനിക്കുന്ന നായികാവിശേഷണങ്ങൾ പ്രയോഗിച്ചതും ഭംഗിയായിത്തോന്നുന്നില്ല. 'തിരു' കൂട്ടി സമാസിക്കുന്ന പദങ്ങളിൽ മദ്ധ്യത്തിൽ വ്യവധാനം വരുന്നതു പ്രായേണ കണ്ടിട്ടില്ല. അപ്പോൾ 'തിരുത്തുനെറ്റി' എന്ന പ്രയോഗം ഭംഗിയാണോ? ഒന്നാമത്തെ ശ്ലോകത്തിൽ ലങ്കാപുരത്തെ പാലാഴിയോടും മുക്താലതയെ ബാലചന്ദ്രനോടും ഉപമിച്ചിരിക്കുന്നതിൽ, ഉപമാനോപമേയങ്ങൾക്കു ഭിന്നലിംഗതയും, പാലാഴിയിൽനിന്നു ചന്ദ്രനുണ്ടായതു ശിശുവായിട്ടാണെന്നതിനു പ്രസിദ്ധിയില്ലായ്കയും ഒരു ന്യൂനതയായിട്ടാണ് തോന്നുന്നത്. 'സമന്ദസ്മിതങ്ങളൊടുരുതികൾ' എന്നതിൽ വിശേഷണവിശേഷ്യങ്ങൾക്കു പൊരുത്തം പോരായ്കയുമുണ്ട്. ഇതുപോലെ 'അനുമാത്രവിഹീനമാം പടത്തു സുഖംവിണവണഞ്ഞി' എന്നതിലും അർത്ഥത്തിന്ന് അനൌചിത്യം തോന്നുന്നു.

ഇങ്ങിനെ ചില ദോഷങ്ങൾ ഇനിയും കണ്ടേയ്ക്കാമെങ്കിലും, ഈ കവി നല്ല വാസനക്കാരനാകയാൽ ഇദ്ദേഹത്തിന്റെ കവിതാപരിശ്രമം ചിരാനുബന്ധിയായ്ക്കാണാവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# ജ്വാലാവതിരാമകുമാരം

ഒന്നാംഭാഗം

നാലാമങ്കം

മൂൎക്ക— ഞാനും ഒരു സ്വപ്നം കണ്ടു.

രാമ— ആകട്ടെ. തന്റെ സ്വപ്നം എന്തായിരുന്നു?

മൂൎക്ക— സ്വപ്നവാദികൾ കള്ളന്മാരാണെന്നു.

രാമ— ഗാഢനിദ്രയിൽ ചിലപ്പോൾ കാണുന്ന സ്വപ്നം ചിലൎക്കു ഒത്തുവരുന്നുണ്ടല്ലൊ.

മൂൎക്ക— ഓ! എന്നാൽ സ്വപ്നരാജ്ഞിയായ മഹാരാജ്ഞി, നിന്റെ അടുക്കൽ വന്നിട്ടുണ്ടായിരിക്കണം. സ്വപ്നമനോരാജ്യം ഉദ്ധരിപ്പിക്കുന്ന സൂക്ഷ്മയക്ഷികളുടെ പേറിയാണു അവൾ. അവൾ അണുപ്രാണികളാൽ വലിക്കപ്പെട്ട മനഃപ്രായമായ രഥത്തിൽ കേറി നിദ്രാലസന്മാരുടെ നാസികാബിലത്തിൽകൂടി ശിരഃകപാലത്തിൽ പ്രവേശിക്കുന്നു. കാമാതുരന്മാരായവൎക്കു കാമിനീസുഖത്തെയും, രാജസേവകന്മാൎക്കു രാജപ്രീതിയെയും, ആഢ്യാഭിലാഷികളായ ലായൎക്കു ഫീലാഭത്തെയും, മഠാധിപന്മാരായ സന്ന്യാസിമാൎക്കു കഠോരമായ ദ്രവ്യകാംക്ഷയെയും, ചടുലവിക്രമികളായ വിപുലരണഭടന്മാൎക്കു കടുതരമായ ദേഹപാടനത്തെയും, പ്രണയവിവശമാരായുള്ള തരുണിമാൎക്കു രമണചുംബനസുഖത്തെയും തോന്നിക്കുന്നതു അവളാണു. അവൾ തന്നെയാണു മത്തകാശിനികൾ ഉത്താനശായിനികളായിരിക്കുമ്പോൾ അവരെ പ്രാപിച്ചു സത്വലബ്ധിക്കു വേണ്ടപ്പെട്ട ഹൃദ്യചാതുൎയ്യത്തെ അവരെ അഭ്യസിപ്പിക്കുന്നതു.

രാമ— മതി. മൂൎക്കശ! പറഞ്ഞതു മതി. നീ പറയുന്നതിൽ ഒന്നും പതിരില്ല.

മൂൎക്ക— അതെ, ശരി. ഞാൻ സ്വപ്നത്തെക്കുറിച്ചല്ലേ പറയുന്നതു?

സ്വപ്നംസ്വസ്ഥമതാം മാനസജലാ-
ദുൽഭൂതമാംബുൽബുദം
സിദ്ധംഹേതുവതിന്നുകേവലമനോ-
രാജ്യംനമറ്റൊന്നുമേ
ശുദ്ധാകാശനിഭംതദാത്വവിഷയേ
സൌദാമിനീഭംഗുരം
സിദ്ധിപ്രാകൃതനിഃസ്വധനങ്ങളതിന്നി-
ല്ലാന്ദോളിതംകാറ്റുപോൽ.

വനബാ— ഈ കാറ്റു മനുഷ്യരുടെ അന്തൎഗ്ഗതത്തിന്റെ അവസ്ഥപോലെയാണു. സന്ധ്യ കഴിഞ്ഞിട്ടു എത്ര നേരമായി! നമുക്കു അങ്ങോട്ടു പോവാൻ വൈകിയിരിക്കുന്നു.

രാമ— വളരെ മുമ്പിലായെന്നാണു എനിക്കു തോന്നുന്നതു. എന്തുകൊണ്ടെന്നാൽ, ഇന്നത്തെ ഈ വിനോദകരമായ കളിയിൽനിന്നു ഭാവികാലഗൎഭമായ ഒരു വലുതായ ആപത്തു സംഭവിക്കുമെന്നും, അതുമൂലമായി എന്റെ ഹൃദയകമലത്തിൽ ഇരിക്കുന്ന ജീവൻ കാലയാപനമെന്നിയെ ലോകാന്തരഗതിയെ പ്രാപിക്കുമെന്നും എനിക്കു ഒരു വികൃതിവിജ്ഞാനം ജനിച്ചിരിക്കുന്നു. എന്നാൽ എന്റെ കൎമ്മവിധാതാവായ ജഗദീശ്വരന്റെ കല്പിതംപോലെ വരട്ടെ. സ്നേഹിതന്മാരേ, നമുക്കു പോകാം.

വനബാ— ചെണ്ടക്കാരേ! തുടങ്ങുകതന്നെ.

## ഒന്നാം ഭാഗം

### അഞ്ചാമങ്കം

കപിലതന്റെ ഭവനത്തിൽ രംഗസ്ഥലമായ മുറി.

(ഗായകന്മാർ കാത്തുനില്ക്കുന്നു. ഭൃത്യന്മാർ തുടയ്ക്കുന്ന തുണികളോടുകൂടി പ്രവേശിക്കുന്നു.)

ഒന്നാം ഭൃത്യൻ— ആ പോത്തുപോലത്തെ പപ്പു എവിടെ പോയി? അവന് ഒന്നാം എടുത്തുകൊണ്ടു പൊയ്ക്കൂടാ. അവന് ഒന്നും തുടച്ചുകൂടാ; നന്നാക്കിക്കൂടാ.

രണ്ടാം ഭൃത്യൻ മര്യാദ, അന്തഃസാരം എന്നിവ ഒന്നുരണ്ടു പേർക്കേ ഉള്ളൂ. അവരുടെ കയ്യൊക്കെ വറ്റാണുതാനും. പിന്നെ എങ്ങിനെയാ വൃത്തി ഉണ്ടാവുക?

ഒന്നാം ഭൃത്യൻ— പൂട്ടമേശ, പിഞ്ഞാണപ്പെട്ടി, കോപ്പപാത്രങ്ങൾ, പിഞ്ഞാണങ്ങൾ, ഇതുകളെല്ലാം വേഗം കൊണ്ടുപോ? ഒരു കണ്ണും ബിസ്ക്കോറു നോക്കട്ടെ. അസത്തു പപ്പു!

രണ്ടാം ഭൃത്യൻ— എടോ! വേഗം തയ്യാറായല്ലൊ.

ഒന്നാമൻ— വലിയ അറയിൽ നിന്നെ നോക്കുന്നു. വിളിക്കുന്നു. ചോദിക്കുന്നു. തിരയുന്നു.

രണ്ടാമൻ —എങ്ങിനെയാണ് അവിടെയും ഇവിടെയും ഒരേസമയം ഉണ്ടാകുന്നത്. ശരീരം കണ്ണിക്കയൊ? എ: ചങ്ങാതിമാരേ, നല്ലോണം നോക്കിക്കൊ. ബാക്കിയുള്ളതെല്ലാം നമ്മൾക്കൊക്കെ ആണ്ട വയറിനു നീണ്ടുതിന്നാം.

(കപിലനും ചാപലവയസ്സും ആ കാലത്തിലെ ദേവതയുള്ളവരും പ്രവേശിച്ച് അതിഥികളെയും ചുന്ദരവേഷന്മാരായ കളിക്കാരെയും എതിരേല്ക്കുന്നു.)

കപില— ആര്യന്മാരേ! സ്വാഗതം. കാൽത്തഴമ്പുകൊണ്ടുള്ള ബാധയില്ലാത്ത എല്ലാ സ്ത്രീകളും ഓരോ പ്രാവശ്യം നിങ്ങളോടൊരുമിച്ച് വിനോദോടനം ചെയ്യും. ഹാ എന്റെ സ്നേഹിതമാരായ സുന്ദരികളേ! നിങ്ങളിൽ ആരാണ് ഇപ്പോൾ ഇതിലേക്ക് തുനിയാതിരിക്കുക? നാണംകൊണ്ടിങ്ങനെ നിന്നാൽ കാൽത്തഴമ്പുണ്ടെന്ന് ഞാൻ സത്യം ചെയ്തുപറയും. ഞാനും എന്റെ ബാല്യകാലത്ത് ഇവിധം മുഖാച്ഛാദനം ധരിച്ച സുന്ദരികളായ സ്ത്രീകളുടെ കർണ്ണരന്ധ്രത്തിൽ മധുരരസം കലർന്ന നർമ്മവചനങ്ങൾ മന്ത്രിച്ചിട്ടുണ്ടായിരുന്നു. ആ കാലമെല്ലാം പോയി. ഞാൻ വാർദ്ധക്യഗ്രസ്തനായി. നരം വർഷീയാംസം നയനവിരസം നഷ്ടസു ജഡം എന്നപോലെയായി. യോഗ്യന്മാരായ അതിഥികളേ! വരുവിൻ. തുടങ്ങുകതന്നെ. ഗായകന്മാർ വരട്ടെ. കളി തുടങ്ങാം.

വലിയകത്ത്! വലിയകത്ത്! സ്ഥലം ഒഴിക്ക. സ്ഥലം ഒഴിക്ക. കുട്ടികളെ നടനം ചെയ്യുക.

(ഗാനം തുടങ്ങുന്നു. നടനം നടക്കുന്നു.)

എടാ കള്ളക്കുയ്യരെ! വിളക്കിന്നു പ്രഭ പോര. നല്ലോണം കത്തിക്ക്. മേശകൾ ഒതുക്കിവെക്ക് തീ കുറെ ചുരുക്ക്! നൃത്തനശാലയിൽ ഉഷ്ണം അധികം വ

ന്നു. ഹാ മച്ചിന, കപിലതാ! നമ്മളുടെ ആട്ടക്കാലമെല്ലാം കഴിഞ്ഞുപോയി. എപ്പോഴാണ് നീയും ഞാനും ഒന്നായി കട്ടവിൽ ഒരു മുഖാച്ഛാദനവിനോദക്കളിയിൽ ചേൎന്നത്?

രണ്ടാം കപില—മുപ്പതുകൊല്ലം മുമ്പ്

കപില—അത്ര അധികം കാലമായിട്ടില്ല. ലബസശകല്യാണത്തിന്നു ശേഷമാണ്. ഏകദേശം ഇരുപത്തഞ്ചു കൊല്ലമായി.

രണ്ടാം കപില—അധികമായി. ലബസശന്റെ മകനു തന്നെ മുപ്പതു വയസ്സായി.

കപില—അതു ഞാൻ വിശ്വസിക്കുന്നില്ല. ആ കുട്ടി രണ്ടുകൊല്ലം മുമ്പുവരെ മൈനർ ആയിരുന്നു.

രാമ—(ഒരു ഭൃത്യനോട്) ആ നില്ക്കുന്ന യോഗ്യപുരുഷനാൽ കരം കൊടുക്കപ്പെട്ട ആ യുവതി ആരാണ്?

ഭൃത്യൻ—ഞാൻ അറിയില്ല അങ്ങുന്നെ!

രാമ- ദീപങ്ങൾക്കവിശേഷകാന്തികലനാം
നൽകുന്നൊരിസ്സുന്ദരി
ദീപംപോൽ വിലസുന്നു കൂരിരുൾനിറം
പൂണ്ടോരു മൎത്ത്യാന്തികെ
ആപാദം കരിവൎണ്ണമാണ്ട തനുവാ
മേത്യോപ്യരാജ്യാംശജൻ
കാതിൽ ചേൎത്ത മനോജ്ഞവൈരമണിതൻ
ലാവണ്യഭേദംഗതാ.
രൂപസൌന്ദൎയ്യമേതസ്യാ
രാഗാതീതമലൌകികം
രാജഹംസീയമാഭാതി
രാജന്യഹൃദയാംബുജേ.

ഈ ഒരു മറിനൃത്തനം കഴിഞ്ഞാൽ അവളുടെ നില്പുസ്ഥലം കണ്ടുപിടിച്ച് അവളുടെ ഉരസ്സ്പൎശനഭാഗ്യംകൊണ്ട് എന്റെ കരങ്ങളെ സുകൃതികളാക്കിത്തീൎക്കാം. ഹൃദയമെ! ഇതുവരെ നീ നിഷ്കളങ്കമായ കാമാനുരാഗം ഇന്നവിധമാണെന്നറിഞ്ഞിട്ടുണ്ടോ? കണ്ണുകളേ! ഇല്ലെന്നു സത്യംചെയ്തു പറയു! ഞാൻ ഇതിന്നു മുമ്പിൽ യഥാൎത്ഥമായ സൌന്ദൎയ്യം ഇന്നതാണെന്ന് അറിഞ്ഞിട്ടില്ലാ, നിശ്ചയം. ഇപ്പോൾ മാത്രമേ അറിഞ്ഞിട്ടുള്ളൂ.

ദേയബലൻ—ഈ പറയുന്നവന്റെ ശബ്ദം കേട്ടാൽ ഒരു മനഥഗ്ഗ എന്നു തോന്നുന്നു. എടാ! ആരവിടെ? എന്റെ അരവാൾ കൊണ്ടുവാ. ഈ കള്ളൻ നമ്മുടെ ആഘോഷത്തെ ചീത്തപ്പെടുത്തുവാൻ വേണ്ടി കരങ്ങിനെപ്പോലെ മുഖാകൃതിയും ധരിച്ച് എന്തിനു വന്നു? ഇവനിവിടെ വരാൻ ഇത്ര ധൈൎയ്യമുണ്ടായല്ലൊ. അമ്പോ! എന്റെ മമ്മറഞ്ഞുപോയവനാണ് സത്യം. ഈ മ്ലേച്ഛശാഹുലന്റെ കഥ ഇപ്പോൾ കഴിക്കും. അതിനാൽ ഒരു പുല്ലും വരാനില്ലാ.

കപില—എടൊ എന്താ ഒരു കോലാഹലം? നീ എന്താണ് ഇങ്ങിനെ കയൎക്കുന്നത്?

ദേയബ—അമ്മാമ! ഈ കള്ളൻ നമ്മുടെ ശത്രുവായ ഒരു മനഥഗ്ഗ ആണ്. ഇവൻ ഇവിടെ വന്നിട്ടുള്ളതു നമ്മുടെ ഈ ആഘോഷത്തെ കുത്സിക്കുവാനാണ്.

കപില—രാമകുമാരനാണോ ഇത്?

ദേയബ—അതെ, ആ കള്ളൻ രാമകുമാരൻ തന്നെ.

കപില—എടൊ ദേയബല! കയൎക്കാതെ അടങ്ങിയിരിക്ക. ഇവന്റെ നേരെ ചാടേണ്ട. അവൻ ഇവിടെ ഇരു

ന്നുകൊള്ളട്ടെ. ഇവൻ യോഗ്യനായ ഒരു യുവാവാകുന്നു.

വാരണാംപുരമഹാജനങ്ങളിവനേറി-
ട്ടംഗുണഗണങ്ങളെ
സ്സാരമായ ബഹുമാനപൂർവ്വമുരചെയ്തി-
ട്ടന്നിഹസകൌതുകം
ചാരുമീനഗരിതന്നിലുള്ള ധനജാലം
മൊക്കവെലഭിക്കിലും
വീരനാമവനഹോനിതെല്ലമഹമേകി-
ടാമമ ഗൃഹാന്തരേ.

അതുകൊണ്ട് അടങ്ങിയിരുന്നോ. അവനോട് ഉപചരിച്ചേ്ഴണ്ട. എന്റെ കല്പനയാണിത്. നീ ഈ കല്പന ബഹുമാനിക്കാൻ ഭാവമുണ്ടെങ്കിൽ ഈ വിനോദസന്ദർഭത്തിനു കേവലം അനുചിതമായ ഈ കോമാളി സ്വഭാവം വിട്ട ശാന്തവിനീതനായ് നില്ക്കു.

ഭ്വയണ — ഇവനെപ്പോലെയുള്ള ശ്ലേഷ്മകശ്മൻ അതിഥിയാകുമ്പോഴും ഈ മാതിരി സ്വഭാവംകൊണ്ടാണ് അതിഥിസല്ക്കാരം ചെയ്യേണ്ടത്. എനിക്കു ഇവനെ ഇവിടെ കണ്ടുകൂടാ.

കപില — ഇവൻ ഇവിടെത്തന്നെ ഇരിക്കണം. എന്തെടാ അധികപ്രസംഗി! നീ പറഞ്ഞത്? ഇവൻ ഇവിടത്തന്നെ ഇരിക്കണം. നീ പോ, ദൂരത്തുപോ. ഞാനോ നിയ്യോ ഇവിടത്തെ അധിപൻ? മറയത്തുപോ, നായെ! നിണക്കു ഇവനെ ഇവിടെ കണ്ടുകൂടാ അല്ലെ. നീയാണോ ഇവിടത്തെ യജമാനൻ? ഈ വഷളനായ നിന്നെ ഇവിടെ വെച്ചാൽ എന്റെ അതിഥികളിൽ നീ ലഹള ഉണ്ടാക്കും. പോ, പുറത്തുപോ.

ഭ്വയണ — അമ്മോ! ഇതെന്തു കഷ്ടമാണേ.

കപില — പോ പോ; നീ ഒരു അസത്താണ്. നല്ലോണം സൂക്ഷിച്ചോ. നീ എന്റെ ലാളനമൂലം ഗുരുത്വംകെട്ടുപോയി. എന്നോട് തർക്കുത്തരം പറയുന്നോ നായെ?

ഭ്വയണ — നിഷ്ഠയാൽ ഉണ്ടാക്കപ്പെട്ട ശമനം പ്രോജ്വലിക്കുന്ന കോപത്തോട് കൂടിക്കാഴ്ച ചെയ്യുന്നതുകൊണ്ട് എന്റെ ശരീരം ആസകലം ഒന്നു വിറയ്ക്കുന്നു. ഇപ്പോഴും ഞാൻ അടങ്ങി പുറത്തേക്കു പോകാം. എന്നാൽ ഈ രോഷാഗ്നി തല്ക്കാലശാന്തിയെ പ്രാപിച്ചപോലെ ആയെങ്കിലും, അധികം താമസംകൂടാതെ അതു വീണ്ടും ഉജ്വലിച്ചു ശത്രുപാരണനെ നിസ്സംശയം ചെയ്യും.
(പോകുന്നു)

രാമ — (ജ്വാലാവതിയുടെ അടുക്കൽ ചെന്നു കരം പിടിച്ചിട്ട്) പ്രിയെ, ജഗന്മോഹിനി!

ഹൃദ്യം ശുദ്ധികലർന്നനിൻകരമതാം
ക്ഷേത്രത്തെയെൻകയ്യിനാൽ
തൊട്ടുണ്ടാക്കമശുദ്ധിതീർത്തുപിഴയായ്
പുണ്യാഹസമ്മാർജ്ജനം
സദ്യശ്ച്വസ്തിനിച്ഛപൂണ്ടധരവിൽ
സന്നദ്ധനായ്വന്നിതാ
ശുദ്ധിക്കുന്നിഹതീർത്ഥവാസിവരനാം
ചുണ്ടാകുമെൻകിങ്കരൻ.

ജ്വാല — തീർത്ഥവാസിവര്യ! ഉചിതഭജനവിധിയെ വഴിപോലെ അറിയുന്ന അങ്ങയുടെ കരത്തെക്കുറിച്ചു അങ്ങുന്നു വൃഥാ ദോഷാരോപണം ചെയ്യുന്നു. ക്ഷേത്രശുദ്ധിയോടിരിക്കുന്ന സിദ്ധന്മാരുടെ കരങ്ങളും തീർത്ഥവാസികളും തൊടാറുണ്ടല്ലോ. അന്യോന്യം കരതലചുംബനമാണ് തീർത്ഥാടനഭജനക്കാരുടെ വന്ദനവിധി.

# മംഗളോദയം

൧൦൯൨

പുസ്തകം ൯ } ധനു { ലക്കം ൯


## മംഗളം.

പ്രഞ്ജിക്കുംവൃത്തിഭേദംവിശദതകലരുംസന്ധികൾക്കും,വിഷാദം-
ഭഞ്ജിക്കുംരാഗഭേദംതെളിവുടയരസങ്ങൾക്കുമൊക്കുംവിധത്തിൽ
മഞ്ജുശ്രീവാണിമാതിൻമുലയിണയിലെഴുന്നോരുപീയൂഷസാരം-
രഞ്ജിക്കുംമട്ടുസാക്ഷാൽഭരതമുനിചമച്ചോരുവിദ്യേ!നമസ്തേ.

കുമാരദാസ്സ്.

# നാടകസന്ധികൾ

നാടകത്തിന്റെ ലക്ഷണനിരൂപണത്തിൽ, സന്ധികളെപ്പറ്റിയ വിവരണം ഒഴിച്ചുകൂടാത്ത ഒരെണ്ണമാകുന്നു. സംസ്കൃതത്തിലുള്ള നാടകലക്ഷണമനുസരിച്ചു നോക്കുമ്പോൾ സന്ധിനിയമമില്ലാത്ത ഒരു കൃതിയെ നാടകമെന്നു പറയുവാൻ പാടില്ല. നാടകങ്ങളിൽ മാത്രമല്ല, മഹാകാവ്യങ്ങളിലും സന്ധികൾ ക്രമപ്പെടുത്തിയിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. എന്നു



തന്നെയല്ല; ഖണ്ഡകാവ്യങ്ങൾ, ആഖ്യായികകൾ മുതലായി എന്തെങ്കിലും ഒരു കഥയെ വിവരിക്കുന്നവയായ എല്ലാ സാഹിത്യഗ്രന്ഥങ്ങൾക്കും സന്ധികൾ ആവശ്യമാണെന്നു, സൂക്ഷ്മമായി ആലോചിച്ചുനോക്കിയാലറിയാം. നാം എഴുതുന്ന സാധാരണ കഥകളിൽക്കൂടി സന്ധികളുടെ അംഗങ്ങൾ ചേർന്നിരിക്കുന്നുണ്ട്. പക്ഷേ, നാം അവയുടെ സ്വരൂപത്തെ പലപ്പോഴും അറിയുന്നില്ല. വൃത്തശാസ്ത്രത്തിൽ പാണ്ഡിത്യമില്ലാത്തവർ ഇതരകവികളുടെ പ്രയോ

ഗം നോക്കി എഴുതുന്ന പദ്യങ്ങളിൽ വൃത്തഭംഗം വരാതിരിക്കുന്നതുപോലെ, സന്ധിനിയമങ്ങളറിയാത്തവരെഴുതുന്ന നാടകം, കാവ്യം, കഥ മുതലായവയിൽ സന്ധിഭംഗവും സംഭവിച്ചില്ലെന്നു വന്നേക്കാം. പക്ഷെ, പ്രയോഗചണന്മാരായ ആ വകക്കാർക്കു പലപ്പോഴും അതബദ്ധം പിണയുന്നതും സാധാരണമാണ്. അതുകൊണ്ടു, നാടകസന്ധികളുടെ ഒരു സ്വരൂപജ്ഞാനമെങ്കിലും സാഹിത്യവിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ടതാണ്.

സന്ധി എന്ന ശബ്ദത്തിന്നു സാധാരണമായ അർത്ഥാന്തരന്യാസം പ്രകൃതത്തിലുമുള്ളത്. സന്ധി എന്നു വെച്ചാൽ ഭാഗം, അല്ലെങ്കിൽ കെണിപ്പു, അതായതു രണ്ടു വസ്തുക്കൾ തമ്മിൽ തമ്മിൽ കൂട്ടിച്ചേർക്കുന്നതായ സ്ഥാനം എന്നർത്ഥമാകുന്നു. നമ്മുടെ ശരീരത്തിൽ ചില അവയവങ്ങളെ പരസ്പരം കൂട്ടിച്ചേർക്കുന്നവയായി അനേകം സന്ധികളുള്ളതുപോലെ, ഒരു കഥാശരീരത്തിലും അതിന്റെ അവയവങ്ങളെ തമ്മിൽ സംയോജിപ്പിക്കുവാൻ ചില സന്ധികൾ കൂടിയേ കഴിയൂ. അവയില്ലെങ്കിൽ, നമ്മുടെ ശരീരത്തിന്നെന്നപോലെ കഥാശരീരത്തിന്നും കോട്ടം സംഭവിക്കും. എന്നുതന്നെയല്ല; മനുഷ്യശരീരത്തിൽ സന്ധികൾ ജീവൻ നില്ക്കുന്ന സ്ഥാനങ്ങളാണ്. അതുപോലെ ഒരു കഥയിലെ ജീവനും സന്ധികളെ ആശ്രയിച്ചാണ് നില്ക്കുന്നത്. സന്ധിവൈകല്യമുള്ള കഥാശരീരം ജീവനില്ലാത്ത ശരീരംപോലെയാകുന്നു. ഇതിനെ, കഥാവസ്തുവിൽ സംഘടിതങ്ങളായ കഥാംശങ്ങളെ പരസ്പരം കൂട്ടിയിണക്കിച്ചേർത്ത് അവയ്ക്കു ഒരു ഭംഗിയും ജീവനും നൽകുകയാണ് ഒരു നാടകത്തിൽ സന്ധികൾ ചെയ്യുന്നത്.

ഒരു നാടകത്തിലെ കഥയ്ക്ക് അതിലെ സാദ്ധ്യസംഗതിയനുസരിച്ച് അഞ്ചവസ്ഥകൾ ഉണ്ട് — ആദ്യം ആരംഭം, അനന്തരം യത്നം, പിന്നെ പ്രാപ്ത്യാശ, പിന്നീടു നിയതാപ്തി, ഒടുവിൽ ഫലാഗമം. ആരംഭം, എന്നാൽ മുഖ്യമായ ഫലം സിദ്ധിപ്പാനുള്ള ഔത്സുക്യം; പ്രയത്നം എന്നുവെച്ചാൽ അതിന്നുള്ള നിഷ്കർഷയോടുകൂടിയ വ്യാപാരം; പ്രാപ്ത്യാശ, അതിന്ന് ഉപായാപായങ്ങളെ ശങ്കിച്ചുകൊണ്ടുള്ള അനിശ്ചിതാവസ്ഥ; നിയതാപ്തി, അപായമൊന്നും കൂടാതെ കാര്യം സാധിക്കുമെന്നുള്ള നിശ്ചയം; ഫലാഗമമാകട്ടെ കാര്യസിദ്ധി തന്നെയാകുന്നു. ശാകുന്തളത്തിൽ ദുഷ്യന്തൻ ഒന്നാമതായി ശകുന്തളാസംയോഗമെന്ന മുഖ്യഫലത്തിന്ന് ഔത്സുക്യപ്പെടുന്നു; അനന്തരം ഔത്സുക്യനിവൃത്തിക്കു വേണ്ടുന്ന വ്യാപാരം ചെയ്യുന്നു; പിന്നെ ഉപായത്തെയും അപായത്തെയും ശങ്കിക്കുന്നു; പിന്നീട് അപായമൊന്നുമില്ലെന്നു കാണുകയും, തീർച്ചയായും ശകുന്തള ലഭിക്കുമെന്നുറയ്ക്കുകയും ചെയ്യുന്നു; ഒടുവിൽ അവർ തമ്മിൽ സംയോഗവും ഭവിക്കുന്നു. ഈ അഞ്ചവസ്ഥകളെ തമ്മിൽ ഘടിപ്പിക്കുന്നതായി നാടകത്തിലെ ഇതിവൃത്തത്തിന്ന് അഞ്ചു ഭാഗങ്ങൾ, അല്ലെങ്കിൽ സന്ധികൾ ഉണ്ട്. അവയെയാണ് നാടകസന്ധികൾ എന്നു പറയുന്നത്.

ഈ സന്ധികൾക്കു മുഖം, പ്രതിമുഖം, ഗർഭം, വിമർശം, ഉപസംഹാരം അഥവാ നിർവ്വഹണം എന്നിങ്ങിനെ ക്രമേണ പേരുകൾ പറയുന്നു. ഈ അഞ്ചു സന്ധി

കളിലും കഥയുടെ ബീജം അല്ലെങ്കിൽ ഫലം ഓരോരോ അവസ്ഥകളിലായി നിലനില്ക്കുന്നു. മുഖസന്ധിയിൽ കഥാബീജത്തിന്റെ ഉൽപത്തിയാണ്; പ്രതിമുഖത്തിൽ ഉൽപന്നമായ അതു് 'കണ്ടു, കണ്ടില്ല' എന്ന നിലയിൽ അല്പമാത്രം ഉത്ഭേദിക്കുന്നു (തെളിയുന്നു); ഗർഭത്തിലാകട്ടെ അതു് അല്പംകൂടി തെളിയുന്നു; വിമർശത്തിൽ അതു കുറച്ചുകൂടി തെളിയുകയും പ്രബലമായ വല്ല പ്രതിബന്ധത്താലും തടയുകയും ചെയ്യുന്നു; നിർവ്വഹണത്തിലാകട്ടെ അതുവരെ ഓരോരിടത്തു വിപ്രകീർണ്ണങ്ങളായ സകല സംഗതികളും ഒന്നിച്ചുചേർക്കുകയും ഫലം സാധിക്കുകയും ചെയ്യുന്നു. ഇങ്ങിനെ മുഖം, പ്രതിമുഖം മുതലായ ഭേദകൾ ഉന്നതങ്ങളാണ്. മുഖസന്ധിയിൽ ഉപക്ഷിപ്തമായ കാര്യം പല പതനങ്ങളിലായി പല അവസ്ഥകളേയും പ്രാപിച്ചു നിർവ്വഹണസന്ധിയിൽ സിദ്ധമായിപ്പരിണമിക്കുന്നു. ശാകുന്തളത്തിൽ ആദ്യം തപോവനത്തിൽവെച്ചു വൃക്ഷസേചനം ചെയ്യുന്ന ശകുന്തളയെ കണ്ടപ്പോൾ ദുഷ്യന്തനുണ്ടായ അനുരാഗം, പിന്നീട് ഓരോ കാരണങ്ങളെക്കൊണ്ടു ഒളിഞ്ഞും തെളിഞ്ഞും പല അവസ്ഥകളിലും പെട്ട് ഒടുവിൽ ശകുന്തളാസംയോഗമെന്ന മുഖ്യഫലത്തിൽ എത്തിച്ചേരുന്നു.

ഇപ്പറഞ്ഞ സന്ധികളിൽ ഓരോന്നിനും അനേകം അംഗങ്ങളുണ്ട്. അതിസൂക്ഷ്മങ്ങളായ ആ അംഗങ്ങൾ മുഴുവൻ ഒരു നാടകത്തിൽ വ്യഞ്ജിക്കുന്നതായി കാണുന്നതു ദുർല്ലഭമാകുന്നു. എന്നല്ലാ, അല്പാല്പം ഭേദങ്ങളോടുകൂടിയ ആ അംഗങ്ങൾ യഥാക്രമം വ്യഞ്ജിക്കുന്ന കാര്യവും വളരെ സംശയമാണ്. ചിലരുടെ ശരീരത്തിലെ സന്ധികൾ സുവ്യക്തങ്ങളായും തദംഗങ്ങൾ സ്ഫുടങ്ങളായും കാണാം. മറ്റു ചിലരുടെ ശരീരങ്ങളിൽ അവ വ്യക്തങ്ങളല്ലെന്നും വരാം. ശരീരസന്ധികൾക്കുള്ള ഈ വ്യത്യാസത്തിനു കാരണം സൃഷ്ടിഭേദമാണെങ്കിൽ നാടകശരീരസന്ധികളുടെ ഈ വ്യത്യാസത്തിനു ഹേതു കവിസൃഷ്ടിയുടെ വൈചിത്ര്യമാണെന്നേ പറയേണ്ടതുള്ളു. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ മനുഷ്യശരീരത്തിന്റെ സ്ഥിതി തന്നെ ഈ വിധമിരിക്കെ, പഞ്ചഭൂതങ്ങളിൽവെച്ച് അവ്യക്തമായും ശൂന്യമായും ഇരിക്കുന്ന ഒന്നിന്റെ (ആകാശത്തിന്റെ) ഗുണത്താൽ (ശബ്ദത്താൽ) നിർമ്മിതമായ കഥാശരീരത്തിന്റെ കഥ പറയേണ്ടതുണ്ടോ? എങ്കിലും, മുഖാദിസന്ധികളുടെ അംഗങ്ങളെ ലേശമാത്രമായി ഇവിടെ വിവരിക്കുന്നു.—

1. മുഖസന്ധിയുടെ അംഗങ്ങൾ ഉപക്ഷേപം, പരികരം, പരിന്യാസം മുതലായി പതിനൊന്നുകൂട്ടമുണ്ട്. ഉപക്ഷേപം എന്നത് ഇതിവൃത്തമാകുന്ന കാവ്യാർത്ഥത്തെ സംക്ഷേപേണ ഉപക്ഷേപിക്കുകയും, പരികരം അതിനെ ബഹുലമാക്കുകയും, പരിന്യാസം അതിനെത്തന്നെ ഒന്നുകൂടി വ്യക്തമാക്കി ഉറപ്പിക്കുകയുമാകുന്നു. ഈ മൂന്നംഗങ്ങളും ഈ ക്രമത്തിൽതന്നെയേ വരികയുള്ളൂ. വേണീസംഹാരത്തിൽ ദുശ്ശാസനനെ കൊന്നു പാഞ്ചാലിയുടെ തലമുടി കെട്ടിക്കുക എന്ന കാവ്യാർത്ഥത്തെ, കപിതാവായ ഭീമൻ 'ലാക്ഷാഗൃഹാനല', 'പ്രവൃദ്ധംയദ്വൈരം', 'ചഞ്ചദ്ഭുജഭ്രമിത'— എന്ന ശ്ലോകങ്ങളാൽ ക്രമേണ ക്രമേണ വ്യക്തമാക്കുന്നതു നോക്കുക. വിലോഭനം

മുതലായ മററംഗങ്ങൾക്കു പൌർവ്വാപര്യക്രമമില്ല.

2. പ്രതിമുഖാംഗങ്ങൾ വിലാസം, പരിസർപ്പം, വിധൂതം മുതലായി പതിമൂന്നാകുന്നു. വിലാസം എന്നതു നായകന്നു നായികാസംഭോഗത്തിന്നുള്ള ഇച്ഛയും, പരിസർപ്പം ആ ഇച്ഛയെ നിറവേററുവാനായി വിഘ്നത്തോടെതിർത്തുള്ള പ്രവൃത്തിയും, വിധൂതം അതിന്നുള്ള തടസ്ഥവുമാകുന്നു. ശാകുന്തളം രണ്ടാമങ്കത്തിൽ ദുഷ്യന്തൻ പറയുന്ന 'സുദതി സുലഭയല്ലെന്നാകിലാമെങ്കിലും മേ' എന്നതിൽ വിലാസവും, 'ശകുന്തള ആററുവഞ്ഞികളാൽ ചുററപ്പെട്ട ഈ ലതാമണ്ഡപത്തിൽ തന്നെ ഉണ്ടായിരിക്കും. എന്തെന്നാൽ—'മുന്നിടക്കുന്നതമായ്—' എന്നതിൽ പരിസർപ്പവും, 'അന്തഃപുരത്തിൽനിന്നു പിരിഞ്ഞു പോന്നു.......... രാജാവിനെ എന്തിനാണു തടഞ്ഞു താമസിപ്പിക്കുന്നത്' എന്നു ശകുന്തളാവാക്യത്തിൽ വിധൂതവും വ്യക്തമായിരിക്കുന്നു.

3. ഗർഭാംഗങ്ങൾ അഭൂതാഹരണം; മാർഗ്ഗം, രൂപം മുതലായി പതിമൂന്നു തന്നെ. അഭൂതാഹരണമെന്നതു കാര്യത്തിന്നു വേണ്ടി വ്യാജം പറയുകയാകുന്നു, മാർഗ്ഗം തദ്വിപരീതമായി സത്യം പറയുകയാണ്; രൂപം എന്നു വെച്ചാൽ സംശയഗ്രസ്തമായി പറയുകയത്രെ. ഈ സന്ധിയിലെ അംഗങ്ങൾ പ്രായേണ വാക്കുകളെയും ചേഷ്ടകളെയും ആശ്രയിച്ചിരിക്കുന്നു.

4. വിമർശാംഗങ്ങൾ അപവാദം, സംഫേടം, വ്യവസായം മുതലായി പതിമൂന്നെണ്ണം തന്നെ. അപവാദം ദോഷപ്രഖ്യാപനമാകുന്നു; ശുണ്ഠിയെടുത്തു സംസാരിക്കുന്നതത്രെ സംഫേടം; വ്യവസായമെന്നു വെച്ചാൽ പ്രതിജ്ഞാകരണം.

5. നിർവ്വഹണാംഗങ്ങൾ പതിനാലെണ്ണമുണ്ട്. അവയുടെ പേരുകൾ സന്ധി, വിബോധം, ഗ്രഥനം മുതലായവയാകുന്നു. ഇവ മുക്കാലും പൂർവ്വസന്ധികളിൽ ഉപക്ഷിപ്തങ്ങളായ കാര്യാർത്ഥങ്ങളെ ക്രമപ്പെടുത്തി യോജിപ്പിക്കുന്നവയാണ്.

മുകളിൽ സൂചിപ്പിച്ച പഞ്ചസന്ധികളുടെയും അംഗങ്ങളെ വിശദമായി വിവരിക്കുകയും അവയെ നാടകങ്ങളിൽ യോജിപ്പിച്ചു ഉദാഹരണം കാണിക്കുകയും ചെയ്യുന്നത് ഈ ചുരുങ്ങിയ അവസരത്തിൽ അസാദ്ധ്യമാകുന്നു. വിഷയം സവിസ്തരമായി മനസ്സിലാക്കുവാൻ സംസ്കൃതത്തിലുള്ള സാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ തന്നെ നോക്കേണ്ടതാണ്. ഇവിടെ ഒന്നു ധരിക്കേണ്ടതുണ്ട്: ഈ വക സന്ധ്യംഗങ്ങൾ സംസ്കൃതത്തിൽ സുപ്രസിദ്ധങ്ങളായ നാടകങ്ങളിലെ അംഗങ്ങൾ നോക്കി ഭൂരിപക്ഷം പിടിച്ചിട്ടാണ് ശാസ്ത്രകാരന്മാർ ക്രമപ്പെടുത്തീട്ടുള്ളത്. ഒരു കഥാശരീരത്തിലെ സന്ധികളിൽ ഇവയൊക്കെയും ഉണ്ടായിക്കൊള്ളണമെന്നോ ഇവയില്ലാത്ത അംഗങ്ങളുണ്ടാവരുതെന്നോ നിയമിക്കുവാൻ വയ്യ. ഇപ്പോൾ കാലാനുസാരേണ പുതിയ മാതിരി ബന്ധവൈചിത്ര്യത്തോടു കൂടിയ കഥകൾ ഉണ്ടാവുന്നുണ്ട്. അവയ്ക്കു ഈ മാതിരിയിൽത്തന്നെയല്ലെങ്കിലും ഭൂരിപക്ഷാനുഗതമായ ഒരു സന്ധിനിയമം ചെയ്യേണ്ടതാവശ്യമാകുന്നു. ഹിന്ദുക്കളായ സാഹിത്യശാസ്ത്രവേദികൾക്കു ബന്ധവൈചിത്ര്യത്തോടു കൂടിയ കഥകളെഴുതുവാൻ വിചാരമില്ലായിരുന്നു എന്നു അപവാദം പറയുന്നവർ നമ്മുടെ നാടകങ്ങളിൽ കഥാശരീരത്തിന്നു കല്പിച്ചിട്ടുള്ള സന്ധിനിയമങ്ങൾ ഒന്നു മനസ്സിരുത്തി നോക്കണമെന്നു അപേക്ഷയുണ്ട്.

കെ. വി. എം.

# സാമുദായികവിദ്യാഭ്യാസം

അറിയത്തക്കതേതൊ അതിനെ അഭ്യസിക്കുന്നതാണ് വിദ്യാഭ്യാസം. ജീവിതസുഖപ്രാപ്തിക്കുള്ള മാർഗ്ഗം തന്നെയാണ് മനുഷ്യർ അറിയത്തക്കതായുള്ളത്. സുഖസ്ഥാനത്തിൽ എത്തുന്നതു വരെയ്ക്കും, ഇടയ്ക്കുള്ള ക്ലേശങ്ങളോടും പ്രതിബന്ധങ്ങളോടും എതിരെത്തിർത്തു കയറി ആ മാർഗ്ഗത്തിൽക്കൂടി, പിന്തിരിയാതെ, സഞ്ചരിച്ചു ശീലിക്കുന്നതുതന്നെ വിദ്യാഭ്യാസം. പ്രസ്തുത സുഖസ്ഥാനത്തേക്കു ചരിക്കുന്നതു ശരീരമല്ലാ, മനസ്സാണ്. നാനാമുഖമായി ചിതറിയിരിക്കുന്ന മനസ്സു തീരെ ദുർബ്ബലമാണ്; അതു ലക്ഷ്യത്തെ പ്രാപിക്കയില്ല. ആദ്യമായി മനസ്സിനെ രൂപപ്പെടുത്തണം. എന്നിട്ട്, അതിനെ സുഖമാർഗ്ഗത്തിലേക്കു തിരിച്ചുവിടണം. ഇത്രയുമാണ് വിദ്യാഭ്യാസംകൊണ്ടു സാധിക്കേണ്ടതായുള്ളത്. ഈ മനസ്സിനെ രൂപപ്പെടുത്തുന്നതെങ്ങിനെ? ഏതാണ്ടൊരു മനുഷ്യന്റെ മനസ്സിനെ മറ്റു മനുഷ്യരുടെ ശ്രമംകൊണ്ടു രൂപപ്പെടുത്തിക്കൊടുക്കയോ, ആ മനസ്സിനെ താനേതന്നെ രൂപപ്പെടുവാൻ വിട്ടുവിടുകയോ, രണ്ടുമാവാം. താനേതന്നെ വിട്ടുവിടുകയാണെങ്കിൽ, ആ മനസ്സു സമുദായത്തോടു യോജിക്കാതെ, ദുർഗ്ഗോചിതമായ ഭാവത്തിൽ ദുഷിച്ചു പിരിഞ്ഞുപോകുവാനാണ് എളുപ്പം. മറ്റു സമുദായാംഗങ്ങളുടെ ഇടയിൽ പരിചയിച്ച്, അനുകരണക്രമത്തിൽ ആ മനസ്സിനു കട്ടപ്പെട്ട രൂപം കിട്ടിയേക്കാമെന്നുവന്നാലും, അതു മിക്കവാറും ദുർബ്ബലമായിട്ടാണിരിക്കുക.

ഇന്ദ്രിയങ്ങൾ വഴിക്കു തലച്ചോറിൽ പ്രതിഫലിക്കുന്ന അറിവുകളും അനുഭവങ്ങളുമാണ് മനസ്സിനെ രൂപപ്പെടുത്തുന്നത്. ആ രൂപം അറിവുകളുടേയും അനുഭവങ്ങളുടേയും സ്ഥിതിഗതികൾക്കനുസരിച്ചു മാറിമാറിപ്പോകുന്നതായാൽ വിചാരങ്ങൾക്കും കർമ്മങ്ങൾക്കും സ്ഥിരതയുണ്ടാകയില്ല; അപ്പോൾ ജീവിതത്തിൽ വിജയവുമുണ്ടാകയില്ല. മാറിമാറിക്കൊണ്ടിരിക്കുന്ന മനസ്സോടുകൂടിയ മനുഷ്യൻ—ജീവിതത്തിലെ പല ശാഖകളിലും ചാടിച്ചാടിക്കൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ—കേവലം വാനരനാണ്, മനുഷ്യനല്ല. ഇതാണ്, മനസ്സിനെ താനേതന്നെ രൂപപ്പെടുവാൻ വിട്ടുവിടുന്നതായാലുള്ള ദോഷം. ഏതാണ്ടൊരു മനുഷ്യൻ സമുദായത്തിലെ ഒരംഗമായിത്തീരണമെങ്കിൽ, ആ മനുഷ്യന്റെ മനസ്സിനെ മറ്റുള്ളവരുടെ ശ്രമംകൊണ്ടു രൂപപ്പെടുത്തുകതന്നെ വേണം. ഇതുതന്നെയാണ് വിദ്യാഭ്യാസംകൊണ്ടു സാധിക്കുന്നത്. ഐകരൂപ്യമുള്ള അറിവുകളേയും അനുഭവങ്ങളേയും, ധർമ്മഗ്രന്ഥത്തേയും കർമ്മപഥത്തേയുമെല്ലാം അനുസരിച്ചു സമുദായമനസ്സ് എന്നൊന്നു പൊതുവായിത്തീരുന്നുണ്ട്. ഈ സമുദായമനസ്സിന്റെ ഓരോ കിരണമായിരിക്കും ഓരോ സമുദായാംഗത്തിന്റെയും മനസ്സ്. ഈ നിലയിൽ ബന്ധിച്ചിരിക്കുന്ന സമുദായം മാത്രമെ ലോകത്തിൽ ഉറച്ചു നിന്നു ശോഭിക്കയുള്ളൂ. ഈ തത്വം അനുസരിച്ചു കൊണ്ടു വിദ്യാഭ്യാസത്തെ വ്യവസ്ഥപ്പെടു

തിയിരിക്കുന്നു. വിദ്യാഭ്യാസം എന്നുപറഞ്ഞുകൊണ്ട് ഓരോ വ്യക്തിമനസ്സിനേയും സമഷ്ടിമനസ്സിനോട് ഇണക്കിച്ചേർക്കകയാണ് നാം ചെയ്യുന്നത്. ഒരു ശിശു പൊറുവീന്ന നാൾ മുതല്ക്ക് ആ വീട്ടിലുള്ളവർക്കുള്ള അറിവുകളുടേയും അനുഭവങ്ങളുടേയും ഇടയിൽ കിടന്നുകൊണ്ട് അതിനനുസരിച്ചുതന്നെ ആ ശിശുവിന്റെ മനസ്സു രൂപപ്പെടുന്നു. ക്രമത്തിൽ ആ ശിശുവിന്റെ മനസ്സു മററുള്ളവരുടെ മനസ്സുപോലെ, ഏതാണ്ടൊരു ഒരേ രൂപത്തിൽ ഒന്നായിത്തീർന്നു അതും ആ ഗൃഹത്തിലെ ഒരംഗമായിച്ചമയുന്നു. സമുദായപ്രമാണികളുടെ അറിവുകളും അനുഭവങ്ങളും— അല്ലെങ്കിൽ, സമുദായമനസ്സിന്റെ സ്വഭാവം തന്റെ മനസ്സിൽ രേഖപ്പെടുത്തിവെച്ചിട്ടുള്ളവനാണ് ഗുരു. ഈ രേഖകൾക്കനുസരിച്ച് തന്റെ ശിഷ്യന്റെ മനസ്സിനെ രൂപപ്പെടുത്തിക്കൊടുക്കുന്നു. അപ്പോൾ അവൻ സമുദായത്തിലെ ഒരംഗമായിത്തീരുവാനുള്ള മാർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെയാണ വിദ്യാഭ്യാസഗതി. സമുദായത്തിൽനിന്നു വേർപെട്ടു നിന്നുകൊണ്ടും, മനസ്സിനു സ്ഥിരമായ രൂപമൊന്നുമില്ലാതെയും, ഈ ലോകത്തിൽ സുഖജീവിതം കൊള്ളുവാൻ ആർക്കും കഴികയില്ല. ഓരോ മനുഷ്യനും പരസ്പരസംബന്ധം കൂടാതെ വേറെ വേറെയായിപ്പോയാൽ അന്ന് ഈ ലോകം തന്നെയില്ല. അതുകൊണ്ടാണ്, മനുഷ്യരെ കാലദേശാവസ്ഥകൾക്കനുസരിച്ചു പല സമുദായങ്ങളായി വിഭജിച്ച്, ഓരോ സമുദായത്തിനും പ്രത്യേകം സ്വഭാവമായ മനസ്സൊന്നു കല്പിച്ച്, അതിനനുസരിച്ചു സമുദായാംഗങ്ങളുടെ മനസ്സിനെ ഒരേ ക്രമത്തിൽ രൂപപ്പെടുത്തി പരസ്പരം കൂട്ടിച്ചേർത്തു നിർത്തിയിരിക്കുന്നത്. മനസ്സിനെ അവരവരുടെ ഇഷ്ടംപോലെ വെവ്വേറെ രൂപപ്പെടുത്തുവാൻ പൊതുസമുദായം സമ്മതിക്കുന്നില്ലെന്ന കാര്യത്തിൽ മാത്രമേ മനുഷ്യരെല്ലാം ഒരുപോലെ അസ്വതന്ത്രരായിരിക്കുന്നുള്ളു. മനസ്സു സമുദായമനസ്സിനോട് ഇണങ്ങത്തക്കവണ്ണം രൂപപ്പെട്ടു കഴിഞ്ഞാൽ, പിന്നീട് അവർ സ്വതന്ത്രന്മാരായി. അതായതു വിദ്യാഭ്യാസാനന്തരം സ്വജീവിതത്തിനായി അവരവരുടെ സാമർത്ഥ്യംപോലെ സ്വതന്ത്രഭാവത്തിൽത്തന്നെ, പ്രയത്നിച്ചു വേണ്ടുവോളം ഫലം നേടാവുന്നതാണ്. അതിൽ മററാർക്കും അവകാശമില്ല.

മനുഷ്യമനസ്സിനെ രൂപപ്പെടുത്തി സമുദായത്തോട് ഇണക്കിച്ചേർക്കുകയാണ് വിദ്യാഭ്യാസമെന്നു പറയുന്നത്. ഇന്നത്തെ മഹായുദ്ധത്തിൽ, സ്വന്തം സുഖസൌകര്യങ്ങളെയൊന്നും ഗണിക്കാതെ സമുദായരക്ഷയ്ക്കുവേണ്ടി അസംഖ്യം പോർക്കളങ്ങളിൽ ചെന്നു പ്രാണത്യാഗം ചെയ്യുന്നതു ഇത്തരം വിദ്യാഭ്യാസത്തിന്റെ ഫലം തന്നെയാണ്. പാശ്ചാത്യദേശങ്ങളിലെ അധികംപേരും സ്വന്തം ക്ഷേമത്തിന്റെ ആധാരം സമുദായക്ഷേമമാണെന്നു ഉറപ്പിച്ചുകൂടി പ്രവർത്തിച്ചുകൊണ്ടു വരുന്നതും ഇത്തരം വിദ്യാഭ്യാസത്തിന്റെ ഫലംതന്നെ. വിദ്യാഭ്യാസത്തിന്റെ, ഉദ്ദേശ്യവും അഭ്യാസക്രമവും എല്ലാരാജ്യങ്ങൾക്കും സമുദായങ്ങൾക്കും ഒന്നുതന്നെയെങ്കിലും, വിദ്യയെന്നത ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകമായിട്ടാണിരി

ന്നത്. കാലദേശാവസ്ഥകൾക്കനുസരിച്ച മനുഷ്യലോകം പല സമുദായങ്ങളായി പിരിഞ്ഞുകിടക്കുന്നു. അതുപോലെതന്നെ, ഓരോ സമുദായത്തിന്റെയും അറിവുകളും അനുഭവങ്ങളും വേറെ വേറെയാണ്. ഓരോ സമുദായത്തിനുമുള്ള പൊതുമനസ്സിന്റെ രൂപവും വേറെ വേറെ തന്നെ. പാശ്ചാത്യലോകത്തിലും പൌരസ്ത്യലോകത്തിലും കാലദേശാവസ്ഥകൾ രണ്ടുതരത്തിലായിരിക്കുന്നതുകൊണ്ടു പാശ്ചാത്യജീവിതക്രമവും പൌരസ്ത്യജീവിതക്രമവും വിഭിന്നമായിത്തീർന്നിരിക്കുന്നു. പാശ്ചാത്യലോകത്തിൽത്തന്നെ, അല്ലെങ്കിൽ, പൌരസ്ത്യലോകത്തിൽത്തന്നെ ഓരോ രാജ്യത്തിന്റേയും കാലദേശാവസ്ഥകൾ ഏറക്കുറെ മാറിമാറിയിരിക്കുന്നു. ഒരേ രാജ്യത്തിൽത്തന്നെ ഓരോ സമുദായത്തിന്റെയും അറിവുകളും അനുഭവങ്ങളും ഒട്ടൊട്ടു വ്യത്യസ്തമായിക്കാണുന്നു. ഈ സ്ഥിതിഭേദത്തിനനുസരിച്ച ഓരോ സമുദായത്തിന്റെയും പൊതുമനസ്സു പരസ്പരസംബന്ധമില്ലാതെ പ്രത്യേകം ഓരോ രൂപത്തിലാണിരിക്കുന്നത്. യൂറോപ്യന്മാരുടേയും ഏഷ്യക്കാരുടേയും ജീവിതഗതി വേറെവേറെയാണ്; അതുകൊണ്ടു ഈ ഇരുകൂട്ടരുടേയും പൊതുമനസ്സും വേറെവേറെയായിരിക്കുന്നു. ചൈനക്കാരുടേയും ഇന്ത്യക്കാരുടേയും ജീവിതഗതി രണ്ടുവിധത്തിലാണ്. അതുകൊണ്ട് ഈ രണ്ടുരാജ്യക്കാരുടേയും അനുഭവങ്ങളും രണ്ടുതരമായിത്തന്നെയിരിക്കുന്നു. ആര്യന്മാരും ദ്രാവിഡന്മാരും ജീവിതത്തിൽ ഏറെക്കുറെ വിഭിന്നമാർഗ്ഗങ്ങളിൽ കൂടിയാണു ചരിക്കുന്നത്; അതുകൊണ്ടു അവരുടെ മനോഭാവവും ഏറക്കുറെ വിഭിന്നമായിക്കാണുന്നു. നമ്പൂതിരിമാരുടേയും നായന്മാരുടേയും ജീവിതഗതിക്കു വ്യത്യാസമുണ്ട്; അതുകൊണ്ടു അവരുടെ മനഃസ്ഥിതിയും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇങ്ങിനെ, വിഭിന്നങ്ങളായിരിക്കുന്ന സമുദായങ്ങളെ ആ രീതിയിൽത്തന്നെ നിലനിർത്തി വരണം. അതിനെയെല്ലാം കൂട്ടിക്കുഴച്ച കശപിശയാക്കുന്നതു അപകടമാണ്. നാം ഒരു മരത്തെ നോക്കുക. അതു പല ശാഖകളായി പിരിഞ്ഞു ഓരോ ശാഖയിലും പല ഉപശാഖകളും ഓരോ ഉപശാഖയിലും പച്ചതഴച്ചു ഇതിലെല്ലാം നിറയെ ഇലകളുമായി പടർന്നു വളർന്നു നില്ക്കുന്നു. ഇങ്ങിനെ ശാഖോപശാഖകളായി പിരിഞ്ഞതുകൊണ്ടു ആ മരത്തിനും ആ മരംകൊണ്ടും ഗുണംതന്നെയാണുള്ളത്. ഇതുപോലെതന്നെയാണു മനുഷ്യലോകവും കാലദേശാവസ്ഥകൾക്കനുസരിച്ച പല സമുദായങ്ങളായി പിരിഞ്ഞിരിക്കുന്നത്. ഓരോ സമുദായത്തേയും അതതുനിലയിൽത്തന്നെ സൂക്ഷിച്ചു രക്ഷിക്കേണ്ടതാണ് ആവശ്യം. ഓരോ സമുദായത്തിന്റെയും പൊതുമനസ്സു വെവ്വേറെയാകയാൽ അതാതു സമുദായത്തിലെ അംഗങ്ങളെ അതാതു പൊതുമനസ്സിൽത്തന്നെ ബന്ധിക്കത്തക്കവണ്ണം വെവ്വേറെ ക്രമത്തിലായിരിക്കണം അഭ്യാസം. നായർപ്രമാണികളുടെ അറിവുകളിലും അനുഭവങ്ങളിലുമാണു നായർ സമുദായത്തിന്റെ പൊതുമനസ്സു കിടക്കുന്നത്. ആ പൊതുമനസ്സിനെ അനുസരിച്ചു വേണം നായർബാലന്മാരുടെ വ്യക്തിമനസ്സിനെ രൂപപ്പെടുത്തുവാൻ. എങ്കിൽ, ഈ തത്വത്തെ അനുസരിച്ചതല്ലയോ ഇന്നു പാശ്ചാത്യലോകത്തിലെ വിദ്യാഭ്യാസക്ര

മം. എന്നാൽ ഇന്ത്യയിൽ അങ്ങിനെയല്ലാതായിരിക്കുന്നു. ഇന്ത്യയിലെ ഓരോ സമുദായത്തേയും മാത്രമല്ലാ ഇന്ത്യാമഹാസമുദായത്തെക്കൂടിയും പ്രത്യേകപ്പെടുത്താതെ, എല്ലാംകൂടി കുഴപ്പത്തിലാക്കിക്കൊണ്ടാണ് ഇന്നത്തെ വിദ്യാഭ്യാസഗതി. ഇംഗ്ലീഷുകാരുടെ വ്യക്തിമനസ്സു ഇംഗ്ലീഷുസമുദായത്തിന്റെ പൊതുമനസ്സിനെ ആധാരമാക്കിയാണല്ലൊ ഇരിക്കുന്നത്. ഇംഗ്ലീഷുപണ്ഡിതന്മാർ അവരുടെ സമുദായമനസ്സിനനുസരിച്ചു ഇന്ത്യക്കാരുടെ മനസ്സിനെ രൂപപ്പെടുത്തുവാനാണു ഇപ്പോൾ ശ്രമിച്ചുവരുന്നത്. പരമ്പരയായി സിദ്ധിച്ച വാസനയും ഗൃഹാനുഭവങ്ങളിൽനിന്നു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭാവങ്ങൾക്കും തീരെ വിരോധമായിട്ടാണ് പാഠശാലകളിൽ മനസ്സു പ്രവർത്തിക്കേണ്ടതായി വന്നിരിക്കുന്നത്. ഇങ്ങിനെ ഇപ്പോൾ രണ്ടുംകെട്ട ഒരു നിലയിലേക്ക് ഇന്ത്യക്കാർ ചെന്നുകൊണ്ടിരിക്കുന്നു. സമുദായാംഗങ്ങൾക്കു സമുദായാഭിമാനം തീരെ ഇല്ലാതായിപ്പോകുന്നതും സമുദായശക്തി തീരെ ക്ഷയിച്ചുപോകുന്നതും ഇന്നത്തെ ഈ വിദ്യാഭ്യാസക്കുഴപ്പംകൊണ്ടുതന്നെയാണ്. മനുഷ്യരെല്ലാം ഒന്നുതന്നെയെന്നുവെച്ചു എല്ലാ സമുദായത്തേയും ഒന്നാക്കിത്തീർക്കുവാനുള്ള ശ്രമം എത്ര അപകടകരമാണ്! പശുവും കഴുതയും മൃഗവർഗ്ഗങ്ങളിൽ പെട്ടവ തന്നെയെന്നുവച്ചു പശുവിൻപാലും കഴുതപ്പാലും ഇടകലർന്നു കുടിക്കുന്നവർ എത്ര വലിയ വിഡ്ഢികളാണ്!

എന്തോ? ഓരോ സമുദായത്തേയും പ്രത്യേകപ്പെടുത്തി നിർത്തണമെന്നോ? ഈ അഭിപ്രായം തീരെ മോശമാണെന്നു വാദിക്കുന്നവരാണ് ഇന്നു അധികം പേരും. സമുദായഭേദം തീരെ അരുത്; എല്ലാ സമുദായങ്ങളും ഒന്നാവണം എന്ന് അഭിപ്രായപ്പെട്ടുകൊണ്ട ഓരോ സമുദായത്തേയും ചുറ്റിക്കെട്ടിയിരിക്കുന്ന കോട്ടകളെ തള്ളിത്തകർത്തു നിരത്തികളയുന്നവരാണ് ഇന്നത്തെ സമുദായപ്രവർത്തനത്തിൽ പലരും. അവരോട് എനിക്കു ചിലതു പറയാനുണ്ട്. നെല്ലു, കൃഷിചെയ്തു വിളയിച്ചു കൊയ്തെടുത്ത് അരിയാക്കി വേവിച്ചുവേണം ഒരുവന്നു ഊൺ കഴിപ്പാൻ. പരുത്തി, കൃഷിചെയ്തു ഫലിപ്പിച്ചു പഞ്ഞിയെടുത്തു പാകപ്പെടുത്തി നെയ്തിട്ടുവേണം ഉടുപ്പാൻ. ശരീരത്തെ രക്ഷിക്കുന്നതിന്നുള്ള എല്ലാ ആവശ്യവും ഈ ക്രമത്തിൽത്തന്നെ വേണം. സ്വജീവിതമാർഗ്ഗം ഏതെന്നു ഗാഢമായി ആലോചിച്ചു തീർച്ചപ്പെടുത്തണം. ആ മാർഗ്ഗത്തിൽ കാണുന്ന പ്രതിബന്ധങ്ങളെയെല്ലാം തകർത്തുകളകയും, അതേ അവസരത്തിൽ തന്റെ ദേഹത്തെ പരോപദ്രവം ഏല്ക്കാതെ രക്ഷിച്ചു സൂക്ഷിക്കയും വേണം. യജമാനഭാവം മുതൽ കൂലിവേലവരേയും ഒരുവന്നു അവന്റെ ജീവിതത്തെ നിലനിർത്തുവാൻ കഴിച്ചുകൂടാത്തവയാണ്. ഈ സർവ്വകർമ്മങ്ങളും ഒരുവൻ തന്നെ ചെയ്തുകൊണ്ടിരിക്കുകയെന്നതു സാദ്ധ്യമാണോ! ഇതിൽ ഓരോ കർമ്മത്തിന്നും വെവ്വേറെ മനോഭാവമാണ് വേണ്ടിയിരിക്കുന്നത്. കർമ്മത്തിന്നനുസരിച്ചു മനോഭാവവും, മനോഭാവത്തിന്നനുസരിച്ചു കർമ്മവും മാറിക്കൊണ്ടിരിക്കുമല്ലോ. ഒരേ മനുഷ്യൻ തന്നെ പലതരം മനോഭാവങ്ങളോടും പലതരം കർമ്മങ്ങളോടുംകൂടി ജീവിക്കണമെന്നോ? തീർച്ചയായും അതു സാദ്ധ്യമല്ല. അ

തിൽ അല്പമെങ്കിലും സാധിക്കണമെങ്കിൽത്തന്നെ, വിവിധമനോഭാവവും വിവിധകർമ്മങ്ങളും ഒരുവന്റെ സ്വജീവിതത്തിനു തീർച്ചയായും അസ്പദമായിട്ടുള്ളതല്ല. ഓരോ കർമ്മത്തിനും വെവ്വേറെ ആൾ വേണം. അതായത് ഓരോ തൊഴിലിലും വെവ്വേറെ സമുദായങ്ങൾ ഏർപ്പെട്ടിരിക്കണം. അപ്പോൾ ആ ആൾക്ക്, അല്ലെങ്കിൽ ആ സമുദായത്തിനു കർമ്മഭേദത്തിനനുസരിച്ച മനോഭാവവും മാറിപ്പോകുന്നു. കൂലിവേലക്കാരന്റെ മനോഭാവവും ഗൃഹസ്ഥന്മാരുടെ മനോഭാവവും ഒരേ രീതിയിലാണോ? ആ രണ്ടു കൂട്ടരുടെ മനോഭാവം ഒന്നായിത്തന്നെ ഇരിക്കേണമെന്നു നിർബ്ബന്ധിക്കുന്നതു വിഡ്ഢിത്തമല്ലേ? അഥവാ, ആ രണ്ടു കൂട്ടരെയും ഒരേ സമുദായത്തിൽ കൂട്ടിക്കലർത്തി നിർത്തിയാൽ രണ്ടുതരം മനോഭാവങ്ങളും രണ്ടുതരം കർമ്മങ്ങളും കൂടിക്കലർന്ന് ഏകാഗ്രത നശിച്ചു ദുർബ്ബലപ്പെട്ടുപോകയില്ലയോ? തൊഴിലുകൾക്കനുസരിച്ച അനുഭവങ്ങളും അനുഭവങ്ങൾക്കനുസരിച്ച മനോഭാവവും മാറിക്കൊണ്ടല്ലാതെ വരികയില്ല. അതുകൊണ്ടു മനോഭാവത്തിനനുസരിച്ച് ജനങ്ങളെ പല സമുദായങ്ങളായി വേർതിരിച്ചുതന്നെ നിർത്തണം. അപ്പോൾ അവരവരുടെ തൊഴിലിൽ മനസ്സ് ഏകാഗ്രമായി പ്രവർത്തിച്ച് അറിവും അനുഭവവും കലർപ്പില്ലാതെ ശുദ്ധമായി വർദ്ധിക്കുന്നു. അതുതന്നെ സമുദായാഭിവൃദ്ധി. സമുദായങ്ങൾ പലതായി പിരിഞ്ഞുതന്നെ നില്ക്കണമെന്നു പറയുന്നതു കേൾക്കുമ്പോൾ ചിലർക്ക് രാജ്യാഭിവൃദ്ധിയെപ്പറ്റി സംശയമുണ്ടാകുന്നു. മനുഷ്യർ ഓരോരുത്തനും വേറെ വേറെ അംഗങ്ങളാണെന്നതുകൊണ്ട് ആരെങ്കിലും സമുദായഗുണത്തിൽ സംശയിക്കാറുണ്ടോ? ഓരോ അംശത്തിന്റെയും മനസ്സു സമുദായമനസ്സിനോടെന്നപോലെ, സമുദായമനസ്സിനെ രാജ്യമഹാമനസ്സിനോടും സംബന്ധിപ്പിച്ചിരിക്കണം. അപ്പോൾ സമുദായഗുണത്തിലാവട്ടെ രാജ്യാഭിവൃദ്ധിയിലാവട്ടെ സംശയിക്കേണ്ടതായി വരില്ല. സമുദായസംബന്ധമായ ഈ വാദപ്രതിവാദം ഇന്നത്തെ വിദ്യാർത്ഥികളുടെ ഗുരുതരമായ ആലോചനയ്ക്കു വിഷയമാവേണ്ട ഒന്നാണ്. ഇതിൽ എന്റെ അഭിപ്രായം ഞാൻ ഇവിടെ വെളിപ്പെടുത്തിയെന്നല്ലാതെ, ഞാൻ അതിനെ സിദ്ധവൽക്കരിക്കയോ, അതുതന്നെ ശരി എന്നു ശഠിക്കയോ ചെയ്യുന്നില്ല. ഓരോ സമുദായത്തെയും പ്രത്യേകപ്പെടുത്തി നിർത്തുകയെന്നതോ, എല്ലാ സമുദായങ്ങളെയും അതാതിന്റെ ബന്ധത്തിൽനിന്നു അഴിച്ചുവിട്ട് അനുഭവങ്ങളെയും മനോഭാവങ്ങളെയും തൊഴിലുകളെയും അവ്യവസ്ഥിതമാക്കിത്തീർക്കുകയെന്നതോ ഏതാണ് രാജ്യശ്രേയസ്സിനു അനുഗുണമായിട്ടുള്ളതെന്ന് ഇന്നത്തെ വിദ്യാർത്ഥികൾ സ്വതന്ത്രജീവിതത്തിലേക്കു പ്രവേശിക്കുംമുമ്പെ ഗാഢമായാലോചിച്ചു തീർപ്പു ചെയ്യേണ്ടത് അത്യാവശ്യമാണ്.

**കുന്നത്തു ജനാർദ്ദനമേനോൻ**

# ഗോഖലെയുടെ ജന്മഭൂമി*

ഏതൊരാളിന്ത്യയാകുന്ന
മാതാവിൻ്റെ കിടാങ്ങളിൽ
മാതൃസ്നേഹം കാട്ടിയത്രേ
സോദരന്മാർക്കുമലയായ്?

ബുദ്ധിവെച്ചമുതല്ക്കുള്ള
നിത്യകൃത്യമശേഷവും
സ്വാർത്ഥം വേർപെട്ടതായ്, ജന്മം
സാർത്ഥമാക്കിയതേതൊരാൾ?

അറിവില്ലായ്മയാൽ ബുദ്ധി-
മറിയുമ്പോളർത്ഥതത്ത്വം
അറിവാം ദീപമുണ്ടാക്കി
നെറിവിൽ തെളിയിച്ചതാര്?

'സ്വവൃത്തിയാക്കിൽ താൻ പോരാ
പ്രവൃത്തിയിൽ വരുത്തണം'
സവിശേഷം തന്മതമിതു
ഉപദേശിച്ചതേതൊരാൾ?

ഏതൊരാളുടെ നാവിന്മേൽ
കെട്ടുകേന്ദ്രമായിരിക്കയാൽ
പൃഥഗോചരവാഗ്വാണി-
മാതാവ് കൃതകൃത്യയായ്?

ഭാരതീയമഹാം ഗ്ഗ-
വീരങ്ങൾക്കേതെന്തിയേ
ന്നോരോന്നായ് വൈഭവം ക്ലൃപ്ത-
മാരിലിഷ്ടം വഹിച്ചതാർ?

നാട്ടിന്നുറ്റമട്ടായി
നാട്ടിന്നും നന്മകൂടുവാൻ
കൂട്ടില്ലാതാജീവനാന്തം
കൂട്ടിയത്യാഗമേതൊരാൾ?

ഭാരതീയമഹാസംസ-
ത്താരംഭിച്ചമുതല്ക്കതിൽ
പാരം പണിപ്പെട്ടനല്ല
പേരാക്കിത്തീർത്തതേതൊരാൾ?

വിദ്യാഭ്യാസം പ്രാഥമികം
നിത്യം നിയതമാക്കുവാൻ
അത്യദ്ധ്വാനം ചെയ്തഫല-
മെത്തും മുമ്പന്തരിച്ചതാർ?

ശരിക്കൽ യത്നം വിഫലി-
ച്ചിരിക്കില്ലമതിന്നു താൻ
ശരിക്ക വീണ്ടുമെത്തിപ്പാൻ
ധരിപ്പിച്ചു ജനത്തെയാർ?

ഇഹലോകബന്ധുവാകും താൻ
ഭൂലോകം വിട്ടകാരണാൽ
മാലോകരെസ്സകലവും
മാലേറ്റു കരയിച്ചതാർ?

ഏതൊരാളുടെ വേർപാടി-
ല[illegible]
ആധിയോടന്നു ശോചിച്ചാൻ
ചേതസാ വൈസ്രോയിയും?

അക്രമമല്പമീവിട്ടാതെ
നിർഗ്ഗമിച്ചതുമൂലമായ്
ചക്രവർത്തിയു[illegible]
വ്യഗ്രനായ്ത്തീ[illegible]?

ശരിഷ്ഠനാമമ്മഹാത്മാവിൻ
ചരിത്രം പാരമുത്തമം
ഉരചെയ്യുവനെൻ നാവിൻ
പരിശുദ്ധി വിളക്കുവാൻ?

* പ്രസിദ്ധപ്പെടുത്താനിരിക്കുന്ന ജീവചരിത്രത്തിൽനിന്നെടുത്തത്.

അമ്പാർന്നിന്ത്യക്കാഭരണം
ബോമ്പാപട്ടണമായതാം
മുൻപുതന്നെ ചരിത്രത്താൽ
വൻപുകൂടുന്നനാടത്രെ? 15

വരിഷ്ഠമാം പടിഞ്ഞാറൻ
പരിഷ്കാരമിന്നിന്ത്യയിൽ
ചരിക്കവാനാദ്യമെത്തി-
യിരിക്കുന്നോരുമന്നിടം.

നാനാവണിക് ജനം വാഴും
മാനാർഹതെരുവീഥിയും
വാനാണ്ടവത്തകന്മാക്ക-
ള്ളാനാഥനിലയങ്ങളും.

അനേകം കപ്പൽനിരയ-
ങ്ങിനെ ചേർന്നുനേരവും
മനോമോദം വളർത്തുന്ന
മനോജ്ഞമാമംബുധിതീരവും.

നവം നവ പരിഷ്കാരം
ഗവർമ്മെണ്ടരുളുന്നതും
അവർണ്ണ്യരാകും ധനരമാ-
രവർതൻനിലയങ്ങളും.

വെട്ടപ്പെറുംപാതകളും
തടിയന്ത്രാലയങ്ങളും
ഇടസ്ഥദ്വീപനിരയു-
മട്ടത്താരോതടാകവും. (20)

രാത്രിയെപ്പകലെപ്പോലെ-
യാക്കിടും ദീപപങ്ക്തിയും
പേരുറ്റയൂരോപ്യവീരന്മാർ
പാർത്തിടുന്നഗൃഹങ്ങളും.

അലമാർക്കം സുലഭമാം
ജലനിർഗ്ഗമമാർഗ്ഗവും
പലതീവണ്ടിയാപ്പീസും
വിലസൽകേതുജാലവും.

മററും മനസ്സിന്നുല്ലാസം
മാററും നൽകുന്നതൊക്കയും
ഏററം ശോഭിച്ചു കാണുന്നു
നാട്ടിലും കേളികേട്ടതു.

ദരിദ്രർ ദീനരുടയോർ
മരിച്ചർക്കാരാദിയെ
ഭരിക്കാനുള്ളാലയങ്ങൾ
സ്ഫുരിക്കും നഗരോത്തമം.

രാജലക്ഷ്മിസ്ഥിരപ്പെടും
രാജകീയ ഗൃഹാഞ്ചിതം
രാജരാജാലയസമം
രാജകിങ്കരസംകുലം. (25)

തലസ്ഥാനമിതേമട്ടാ-
യലംപേർകൊണ്ടനാടതാൽ
പലതുണ്ടാം പ്രദേശങ്ങൾ
നലമേറുന്നമട്ടിലായ്.

പ്രഥിതമത്രെകോൽഹാപ്പൂ-
രതിൽ ഗ്വാളിയർ നാടതും
അതഹോ നാട്ടുരാജാധി-
നാധികാരത്തിലാണിഹ.

വിലയാളും യോഗ്യതാംശം
പലതും ചേർന്നിങ്ങി
മലങ്കാട്ടിൽ പ്രകൃതിന-
ല്ലലങ്കരണമാണഹോ.

ഇക്കഥാനായകൻതന്റെ
ചൊല്ലേണ്ട ജനനത്തിനാൽ
സുപ്രസിദ്ധതയേറിയായ്
ശ്ലാഘ്യമാകാൻ പുരിക്കിഹ.

മഹാരാഷ്ട്രബ്രാഹ്മണർതൻ
ഗൃഹങ്ങൾ പലതുണ്ടതിൽ
ഉദയം ഗോപാലയെന്നുള്ള
കുടുംബം പരിപാവനം.

ശ്രീമാൻ ഗോപാലകൃഷ്ണന്റെ
നാമമാശ്ലിഷ്ടികൊൾകയാൽ
ആമാന്യവംശമോരാളിപ്പൂ
സാമാന്യാതീതമെപ്പോഴും. (31)

തേലപ്പുറത്തു നാരായണൻനമ്പി.

# കാലം പോയ പോക്ക്

വക്കീൽ കൃഷ്ണമേനവൻ, 'മാനോടൊത്തുവളർന്ന മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത' നാടൻസ്ത്രീകളെ പുച്ഛിക്കാറുണ്ടായിരുന്നുവെങ്കിലും മുകുന്ദപുരത്തു പ്രാക്റ്റീസ്സ ചെയ്യാൻ വന്നതിന്നുശേഷം നായർമഠത്തിൽ ഇക്കാവിന്റെ അകൃത്രിമമായ സൌന്ദര്യത്തിന്നധീനനായതുകൊണ്ടു ദുഷ്യന്തരാജാവിനെപ്പോലെ കൃതാർത്ഥനായിട്ടാണ് കുറച്ചുകാലം കഴിച്ചുകൂട്ടിയത്. ഇക്കാവിന്റെ വീട്ടുകാർ ഒരു പഴയ തറവാട്ടുകാരാണ്. കൃഷ്ണമേനവൻ ഇക്കാവിന്റെ സംബന്ധക്കാരനാകുന്നതുവരെ നായർമഠത്തിൽ തറവാട്ടിൽ പുതിയ പരിഷ്കാരങ്ങൾക്കു പ്രവേശം കിട്ടിയിരുന്നില്ല. സ്റ്റീൻ ആണ്ട് കമ്പനിക്കാരുടെ കാപ്പിപ്പൊടിയും ലിപ്ടന്റെ ചായയും പഞ്ചസാരക്കട്ടിണിയുമാണ് പരിഷ്കാരത്തിന്റെ വരവിനെ അറിയിപ്പാനായി ആ തറവാട്ടിൽ ആദ്യം കാലെടുത്തുവെച്ചത്. കൃഷ്ണമേനവന്നു പൊടിയരിക്കഞ്ഞിയും നല്ല ഉരുക്കുനെയ്യും ചുട്ട പപ്പടവും ചമ്മന്തിയും ഇഷ്ടമല്ല. കൃഷിക്കാരായ ആ തറവാട്ടുകാർക്കു കന്നുകാലികളും പശുക്കളും ധാരാളം ഉണ്ടായിരുന്നതിനാൽ കണ്ടൻസ്ഡ് മിൽക്ക് അത്രവേഗം തറവാട്ടിൽ കടത്തേണ്ടിവന്നില്ല. കൃഷ്ണമേനവനും കൃഷ്ണമേനവനെപ്പോലുള്ള അദ്ദേഹത്തിന്റെ ചില സ്നേഹിതന്മാരും ചായ കുടിപ്പാനിരിക്കുമ്പോൾ തറവാട്ടിലുണ്ടാക്കുന്ന 'കൺട്രിബ്രെഡ്ഡ്' എങ്ങിനെയാണ് മുമ്പിൽ കൊണ്ടുവെക്കുക? പാൽമേർസ് ബിസ്കറ്റും, മദ്രാശിയിൽ ഹാരിസൻ കമ്പനിക്കാരുണ്ടാക്കുന്ന ബ്രഡ്ഡും പൊൾസൻസ് ജാമും അല്പം കരുതാതെ തരമില്ലെന്നു വന്നുകൂടി. കൃഷ്ണമേനവന്റെ പണം, കൃഷ്ണമേനവന്റെ ചെലവ്. അല്ലാതെ ഈ വക പുതിയ ചെലവുകൾ തറവാട്ടിലേക്കു ബാധകമാവുന്നതല്ലല്ലോ. തറവാട്ടിലേക്കു ബാധകമായി വന്നതു ഇക്കാവിന്റെ സമയനഷ്ടം മാത്രമാണ്. പശുക്കളെ വേണ്ടതുപോലെ തീറ്റിപ്പോറ്റി വെള്ളം കൊടുക്കേണ്ട സമയത്തു വെള്ളം കൊടുത്തു, കറക്കേണ്ടുന്ന സമയം കറന്നു വന്നാലെ അവറ്റ രക്ഷയും തറവാട്ടിലേക്കു ഗുണവുമുള്ളു. അതുപോലെതന്നെ അറയിൽനിന്നു നെല്ലെടുത്തളന്നു കൊടുത്തു, പുഴുങ്ങി ഉണക്കിച്ചു, കുത്തിയരിയാക്കി കലവറയിൽ എത്തുന്നതുവരെ ശരിയായ മേൽനോട്ടമില്ലെങ്കിൽ ഗുണമില്ല നിശ്ചയം തന്നെ. ഓട്ടകളയിൽ പോയി ശരിയായ മേൽനോട്ടം ചെയ്തില്ലെങ്കിൽ ഉണ്ണാനിരിക്കുമ്പോൾ മുഖവികാരം കൂടാതെ കഴിപ്പാനും ഞെരുങ്ങും. ഇക്കാവിന്നു സംബന്ധക്കാരനുണ്ടായ മുതൽ ഈ വക ഗൃഹഭരണകാര്യങ്ങളിൽ കുറേശ്ശയായി കോട്ടം കണ്ടുതുടങ്ങി. ഭർത്തൃശുശ്രൂഷയിലുള്ള പുതുമയും ഗൃഹഭരണസമ്പ്രദായത്തിലുണ്ടായിരുന്ന പഴമയും തമ്മിൽ യോജിക്കാത്തതായാൽ പ്രവൃത്തി വർദ്ധിച്ചുവന്നപ്പോൾ എത്തേണ്ടിക്കിലെല്ലാം നോട്ടം എത്താത്തതിൽ വലുതായ തെറ്റു പറവാനില്ലല്ലോ.

പോരെങ്കിൽ കുറച്ചു ദിവസമായി കുട്ടികളാ സോപ്പും, 'പിയർസ് സോപ്പും' തേച്ചുതുടങ്ങിയതു മുതൽ കുളിക്കുവാൻ തന്നെ സാധാരണയിൽ അധികം സമയം വ്യയം ചെയ്യേണ്ടിവന്നതിനാൽ ഇക്കാവിന്റെ രാവിലത്തെ കുളിയും വൈകുന്നേരത്തെ മേല്കഴുകലും ഗൃഹകൃത്യത്തിൽ കുറച്ചൊക്കെ ചില ദോഷങ്ങൾ ഉണ്ടാക്കാതിരുന്നില്ല. നല്ലെണ്ണയും വാകയും താളിയും ശീലിച്ചവൎക്ക് എണ്ണ കൊണ്ടുണ്ടാകുന്ന സോപ്പിന്റെ ആവശ്യം എന്തെന്നു നല്ല വിവരമില്ലെങ്കിലും കൃഷ്ണമേനവൻ പറഞ്ഞാൽ അതിന്നു പിന്നെ അപ്പീലില്ലെന്ന് ഇക്കാവിന്നു മാത്രമല്ല ആൎക്കും തോന്നാതിരിക്കുമോ? പിന്നെ കടന്നുകൂടിയ വിദ്വാൻ മണ്ണെണ്ണയാണ്. കുപ്പിക്കു ടേബിൾലാമ്പും, ബെഡ്‌ലാമ്പും കൂടാതെ നിവൃത്തിയില്ല. നിലവിളക്കും തൂക്കുവിളക്കും താവാടിത്തത്തിന്നാവശ്യമാണെങ്കിലും അല്ലെങ്കിലും പരിഷ്കാരത്തിന്നു പററിയതല്ല. തിരി നീട്ടി കത്തിച്ചിലെണ്ണയായാൽ കടലാസ്സുപുസ്തകം ചെളമാകുന്നതെങ്ങിനെയാണെന്നോ. കസാലയും മേശയും 'കപ്പും' 'സാസറും' ടേബിൾലാമ്പും ബെഡ്‌ലാമ്പും കാപ്പിയും, ബ്രഷ്ഷും, സോപ്പും, ജാക്കററും, ടൌസറും, ബൂട്സ്സും, ഡിഷ്ഷും, പ്ലേററും, [illegible], പുല്ലുപായയും, ചുക്കവെള്ളക്കിണ്ടിയും, കഞ്ഞിയും, നെയ്യപ്പവും, ദോശയും, എണ്ണയും, വാകയും, തോൎത്തുമുണ്ടും, മുണ്ടും, നിലവിളക്കും, തൂക്കുവിളക്കും മററൊരു ഭാഗവുമായി യുദ്ധംചെയ്യുന്നതാൽ ആരായാലും പരിഷ്കാരത്തിന്റെ പോക്കെന്നും കൃഷ്ണമേനവൻ പറയാറുണ്ട്. ഇക്കാവിന്നറിയാമോ ഇതെല്ലാം? സാധുവായ ആ സ്ത്രീ പൂൎവ്വാചാരങ്ങളിൽ ഒരു കാലും, പരിഷ്കാരത്തിൽ ഒരു കാലുമായി ചില അസൌകൎയ്യങ്ങൾ സഹിപ്പാൻ തുടങ്ങി. കൃഷ്ണമേനവന്റെ പരിഷ്കാരോപകരണങ്ങളെല്ലാം ക്ഷണത്തിൽ കേടുവരുവാൻ ഇടയാകയാൽ അതൊക്കെ സൂക്ഷിപ്പാൻ അധികസമയം വേണ്ടിവന്നതു കൊണ്ടു, മററുള്ള സാധനങ്ങൾക്കെല്ലാം അല്പാല്പം ദോഷം തട്ടിത്തുടങ്ങി. ഇതിന്നിടയ്ക്കു വേറെയും ഒരു മാററം നായർമാരുടെ തറവാട്ടിൽ ഉണ്ടാവേണ്ടിവന്നു. ആദ്യത്തെ മരുമക്കൾ; കൊച്ചപ്പനും അമ്മിണിയും 'എസ്കൂളിൽ' ചേൎന്നതാണ്. കാരണവർ രാമൻനായരും വക്കീൽ കൃഷ്ണമേനവനും ഈ സംഭവം ഉണ്ടായതിന്നു കൊല്ലം മുമ്പു നടത്തിയ ഒരു സംഭാഷണം [illegible]ട്ടാക്കേണ്ടതു തന്നെയാണ്.

രാമൻനായർ — കൃഷ്ണമേനവന്റെ സ്ഥിതിയിൽ എത്തിയവൎക്ക് ഇപ്രകാരം ഒരു അഭിപ്രായം തോന്നുന്നതിൽ എനിക്കു ആശ്ചൎയ്യമില്ല. കസാലമേൽ ഇരുന്നും വണ്ടിയിൽ സഞ്ചരിച്ചും ഇഷ്ടംപോലെ പ്രവൎത്തിപ്പാൻ ഞങ്ങൾ കൂടെ ഉണ്ടാവാം ആരാന്റെ പണം ധാരാളം കയ്യിൽ കിട്ടിയും വരുമ്പോൾ കുടുംബഭരണം വലുതായ ഭാരമായി തോന്നുകയില്ല. ഞങ്ങളുടെ സ്ഥിതി അങ്ങിനെയല്ലല്ലോ.

കൃഷ്ണമേനവൻ — നിങ്ങളുടെ അനന്തരവൻ പഠിച്ചു പാസ്സായാൽ ഈ കുടുംബത്തിലും കാലാന്തരത്തിൽ ഞങ്ങളെപ്പോലുള്ള കാരണവന്മാർ ഉണ്ടാകുമെന്നല്ലേ സമാധാനിക്കേണ്ടത്? അതുപോലെത്തന്നെ അമ്മിണിക്കു നല്ല പഠിപ്പുണ്ടായാൽ യോഗ്യനായ ഒരു ഭൎത്താവിനെ കിട്ടുമെന്നും അവളുടെ പ്രാരബ്ധങ്ങൾ ചുരുങ്ങുമെന്നും പറയേണ്ടതുണ്ടോ?

രാമൻനായർ — കൊച്ചപ്പൻ പഠിച്ചു പാസ്സായെന്നു വെക്കുക. അവൻ നിങ്ങളെപ്പോലെ ഒരു ദിക്കിൽ വക്കീലായി താമസിക്കുമെന്നും വിചാരിക്കുക. എന്നാൽ എന്താണ് അവനെക്കൊണ്ടു ഈ കുടുംബത്തിൽ ഒരു സഹായം കിട്ടുവാൻ വഴിയുള്ളത്? എനിക്ക് അനന്തിരവനാരധികമില്ല. ഞാൻ രണ്ടു ദിവസം കിടപ്പിലായാൽ ഞങ്ങളുടെ കൃഷി അന്വേഷിപ്പാൻ ആരാണ്? അന്യന്മാരെ ഏല്പിച്ചാൽ ആദായം നഷ്ടമാകയില്ലേ? പാട്ടമിച്ചവർകൾ സ്വത്തത്തിനു ഉടമകൾ കൊടുത്തു കാലത്തിനു ചൊളിച്ചുകളവകാശം അടയ്ക്കാഞ്ഞാൽ കൃഷിസ്ഥലം അന്യാധീനമായിപ്പോകില്ലേ? പഠിച്ചു പാസ്സായ അമ്മിണിയെ ഒരു പ്രമാണിയായ ഉദ്യോഗസ്ഥൻ കൊണ്ടുപോയാൽ ഈ തറവാട്ടിൽ ഗൃഹകൃത്യം നടത്തുവാനാരാണ് ഉണ്ടാവുന്നത്? ദാസിമാരോ? പത്തു ചിലവിടുന്ന ദിക്കിൽ പതിനഞ്ചു ചിലവിട്ടാൽ മതിയാകുമോ?

കൃഷ്ണമേനോൻ — കാരണവന്മാരായാൽ മരുമക്കൾക്കു വിദ്യാഭ്യാസം ചെയ്യാൻ കടപ്പെട്ടവരാണ്. വിദ്യയില്ലാത്ത മനുഷ്യരും മൃഗങ്ങളും തമ്മിലെന്താണു ഭേദം? മരുമക്കളെ ആലയിൽ വളരുന്ന കന്നുകാലികളെപ്പോലെ ആയാൽ വല്ല ഗുണവുമുണ്ടോ? ഒന്നുമില്ലെങ്കിൽ വിദ്യാഭ്യാസം ചെയ്താൽ വല്ല ജോലിയും എവിടെയെങ്കിലും കിട്ടാതിരിക്കയില്ല. അവരവരുടെ കാര്യം നോക്കുവാനെങ്കിലും അവരെ ആക്കിത്തീർക്കേണ്ട ഭാരം നമുക്കില്ലേ?

രാമൻനാ — വിദ്യാഭ്യാസം എന്നാൽ എന്തെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളതെന്നു എനിക്കു നല്ല വിവരമില്ല. അവരവരുടെ ജീവിതത്തിനും ജ്ഞാനത്തിനും ആവശ്യമായ വിദ്യ അഭ്യസിക്കുക എന്നാണെങ്കിൽ, നാലുകൊല്ലംകൂടി കഴിഞ്ഞാൽ കൊച്ചപ്പനു കൃഷിയെപ്പററിയും ഈ തറവാട്ടും ജന്മികളുമായുള്ള ഉത്തരവാദിത്വങ്ങളേയും മററുംപററിയും നല്ല അറിവു സമ്പാദിച്ചുകഴിയും. അപ്പോഴേക്കു നാലഞ്ചുകൂട്ടം കാവ്യങ്ങൾ പഠിപ്പാനും അവനു സമയമുണ്ടാവും. ഹിന്ദുക്കളുടെ ശാസ്ത്രപുരാണങ്ങൾ വായിച്ചു ജ്ഞാനസമ്പാദനവും ഉത്തരവാദപ്പെട്ട പണികൾ ശീലിച്ചു ഗൃഹഭരണസാമർത്ഥ്യവും അവനു കിട്ടും. അമ്മിണിക്കാണെങ്കിൽ അക്ഷരജ്ഞാനം വേണ്ടപോലെയുണ്ട്. സംഗീതത്തിലും നല്ല വാസനയുണ്ടെന്നു ദാസിമാർ പറയുമുണ്ട്. അവളുടെ അമ്മയുടേയും ഇവിടത്തേയും കൂടെ പെരുമാറിയാൽ ഗൃഹകൃത്യവും അവൾക്കു നല്ലപോലെ പഠിക്കാം.

കൃഷ്ണമേ — കണ്ട ജന്മികളുടെ പിൻ... വായ്ക്കയ്യും പൊത്തി നടന്നു ... മുഖസ്തുതിയും പറഞ്ഞു കൂലിപ്പണി...ടുക്കുന്ന ഹീനജാതിക്കാരുമായി ... മാറുന്നതാണു സുഖമെന്നു നിങ്ങൾ... തോന്നുന്നതെങ്കിൽ 'വിഷകൃമിന്യാ... പോലെ വിചാരിപ്പാനേ തരം ...നുള്ളു. ഉത്തമമായ ജീവിതം ...ത്തുകൊണ്ടാണ് ജനങ്ങൾക്കു ...യ ധാരണയുണ്ടാകുന്നത്.

രാമൻനാ — ജീവിതസുഖം, ജീവനെ...ണ്ടപോലെ സംരക്ഷിച്ചു പരോപ... ചെയ്തു മുക്തിമാർഗ്ഗം അന്വേഷിക്കാ...

ണെങ്കിൽ, അറയിൽ എടുത്താൽ ഒടുങ്ങാത്തവിധം നല്ല നെല്ലു സൂക്ഷിച്ചു കൃഷിപ്രവൃത്തി ചെയ്യിപ്പിച്ചു വളരെ സഹജീവികളേയും, ജന്മികളേയും പുലൎത്തി ശാസ്ത്രപുരാണങ്ങൾ വായിച്ചും ശ്രവിച്ചും മുക്തിമാൎഗ്ഗം നേടുകയാണു വേണ്ടതു്. വക്കീലായാൽ കോടതിയിൽ പോയി ശുദ്ധകപടസന്ന്യാസിയുടെ നിലയിൽ എത്ര കളവു പറയേണ്ടിവരുന്നു! കേസ്സില്ലാത്ത വക്കീലന്മാർ എത്ര ജഡ്ജിമാരുടെ സമയം നോക്കിയും സ്തുതിപാഠകന്മാരായും കഴിക്കുന്നു! ഇനി പഠിച്ചു പാസ്സായാൽ തന്നെയെന്താണു? ആകെ പാസ്സായിട്ടുള്ളവരിൽ 100-നു ഒന്നുവീതം ഉദ്യോഗം കൊടുപ്പാൻ ഗവൎമ്മെണ്ടിനെക്കൊണ്ടു സാധിക്കുന്നില്ല. അഥവാ ഒരു ഉദ്യോഗം കിട്ടുവാൻ എത്രപേരെ ആശ്രയിക്കണം? ഉദ്യോഗം കിട്ടിയാൽ എത്ര പേരുടെ സേവ നോക്കണം? എത്ര മേലധികാരിമാരെ ഭയപ്പെടണം? പൂത്തുനാറിയ എത്ര ചാക്കരി വയറ്റിൽ കടത്തിവിടണം? ഇതൊക്കെ ഞാനും കണ്ടു മനസ്സിലാക്കീട്ടുണ്ടു്. ഇതിൽ കഷ്ടമായിട്ടുള്ളതു ഒരു ജന്മിയുടെ കുടിയാനായിരിക്കുന്നതു്. ഒരുതന്നെ എത്രയോ കാലമായി വളരെ മൈത്രിയിൽ അന്യോന്യസഹായമായി നിന്നുപോരുന്ന ജന്മിയെ നിസ്സരിക്കുന്നതു അത്ര ന്യായവുമല്ല.

കൃഷ്ണമേ— കാരണവൎക്കു ക്ഷോഭം ഉണ്ടാവുന്നുണ്ടു്. അതുകൊണ്ടു ഞാൻ തൎക്കിക്കാൻ നില്ക്കുന്നില്ല. കൊച്ചപ്പനേയും അമ്മിണിയേയും സ്കൂളിൽ അയയ്ക്കേണമെന്നു അകത്തുള്ളവൎക്കൊക്കെ വളരെ ആഗ്രഹം കാണുമാറുണ്ടു്. ഞാൻ അവരുടെ ഇംഗിതം നേരിട്ടറിയിച്ചുവെന്നേയുള്ളു.

രാമൻനാ— എനിക്കുമാത്രമായിട്ടു് ഈ തറവാട്ടിൽ ഒരു കാൎയ്യവുമില്ല. അവൎക്കു അങ്ങിനെയാണിഷ്ടമെങ്കിൽ അങ്ങിനെ ആയിക്കോട്ടെ. ഗുണമായാലും ദോഷമായാലും അനുഭവിക്കേണ്ടതവരാണ്. ഈശ്വരാനുഗ്രഹംകൊണ്ടു വലിയ കുടുംബമൊന്നും ഇവിടെയില്ല. ഇതുകൊണ്ടു വേണ്ടിവരുന്ന അധികച്ചിലവിനു ഇപ്പോൾ വകയുണ്ടുതാനും.

ഇങ്ങിനെയാണു കൊച്ചപ്പനും അമ്മിണിയും ഇംഗ്ലീഷ് സ്കൂളിന്റെ പടി കയറിയതു്. ഇവരുടെ 'സ്ക്കൂളിൽ' പഠിപ്പുകൊണ്ടും തറവാട്ടിന്നു അല്പം ചില കോട്ടങ്ങൾ തട്ടിത്തുടങ്ങി. കളത്തിൽ നെല്ലു് ഉണക്കാനിട്ടാൽ പക്ഷികളും മൃഗങ്ങളും നശിപ്പിക്കുമ്പോൾ അവറ്റെ ആട്ടിക്കളവാൻ ഒരു ചെക്കനെ ചോറും ചെലവും കൊടുത്തു പ്രത്യേകം നിയമിക്കേണ്ടിവന്നു. അടുക്കളയിൽ അമ്മമാരെ സഹായിപ്പാൻ ഒരു ദാസിയേയും നിശ്ചയിക്കേണ്ടിവന്നു. രാവിലെ കഞ്ഞി കുടിച്ചാൽ കമ്പത്തു മണിക്കു ദഹിക്കയില്ലെന്നും തന്നിമിത്തം സ്കൂളിൽ പോകുമ്പോൾ ഉണ്ണുവാൻ രുചിയുണ്ടാകയില്ലെന്നും ഉള്ള ന്യായത്തിന്മേൽ കുട്ടികൾക്കു അല്പം കാപ്പി കൊടുക്കുകയെന്ന നിശ്ചയം ബലത്തിൽ വന്നു. നേരത്തെ ഊണു കഴിച്ചുപോയാൽ ഉച്ചയ്ക്കു എന്തെങ്കിലും ഭക്ഷിപ്പാൻ കൊടുക്കാഞ്ഞാൽ കുട്ടികൾ ക്ഷീണിക്കും. അതിന്നു ഇടനേരം ചായയും പലഹാരവും സ്കൂളിൽ എത്തിച്ചുകൊടുക്കാതെ തരമില്ലെന്നു വന്നു. വൈകുന്നേരം രണ്ടു

നാഴിക നടന്നുവന്നാൽ എന്തിനെയാണു കുട്ടികൾ രാത്രി ഉണ്ണാറാകുന്നതുവരെ കഴിച്ചുകൂട്ടുക? അപ്പോഴും ഒരു 'കോപ്പ്' വല്ലതും അകത്തു ചെല്ലത്തേണമെന്നു വന്നു. സ്കൂൾ കുട്ടികൾക്കു മാത്രമായി ത്രിസന്ധ്യക്കാവും കാപ്പിയുണ്ടാക്കുമ്പോൾ മററുള്ളവർക്കും ഓരോ 'കപ്പ്' കുടിച്ചാൽ ദോഷമൊന്നും വരാനില്ലല്ലോ എന്നു മട്ടായി. അതുകപ്പാടെ നായർമാത്തിൽ തറവാട്ടിലെ അടുക്കളയിൽ നേരം പുലർന്നാൽ അർദ്ധരാത്രിവരെ തീകെടാൻ പാടില്ലെന്നു ദിക്കായി. വിറക ചിലവു അധികം, പാലിന്റെ ചിലവധികം, അതുകാരണം തൈരും മോരും നെയ്യും കുറവു, പാലു് ഉറ വീഴ്ത്തി തൈരാക്കുന്നതിലുള്ള അശ്രദ്ധ എന്നു തുടങ്ങി പിഴകൾ ഓരോന്നായി കണ്ടുതുടങ്ങി. അഥവാ ഉറ വീഴ്ത്തി തൈരാക്കിയാൽത്തന്നെ കടഞ്ഞെടുപ്പാനാക്കാണ് അവസരവും ക്ഷമയും ഉള്ളത്?

അതൊ അതിനെയിരിക്കട്ടെ. കൊച്ചപ്പൻ ആൺകുട്ടികളുടെ സ്കൂളിൽ പഠിച്ചുതുടങ്ങിയതു മുതൽ തന്റെ ദൃഷ്ടിയെപ്പോഴും ചില വക്കീലന്മാരുടേയും മുൻസിപ്പിന്റെയും മററു ചില ഉദ്യോഗസ്ഥന്മാരുടേയും മക്കളുടെ മേലാണ് എപ്പോഴും പതിഞ്ഞിരുന്നത്. അവരുടെ ഉടുപ്പും അവരുടെ നടവടിയും അവരുടെ സ്വാതന്ത്ര്യവും അവരെ മററു കുട്ടികളും ഗുരുനാഥന്മാർ തന്നെയും ബഹുമാനിക്കുന്നതും ഒക്കെയാണ് കൊച്ചപ്പൻ കാര്യമായി മനസ്സിലാക്കിയിരുന്നത്. പിന്നെ സാധാരണമായി വരുന്ന മലയാളവാക്കുകൾക്കു പകരമായ ഇംഗ്ലീഷുവാക്കുകളെന്താണെന്നു മനസ്സിലാക്കി സമന്മാരായി സംസാരിക്കുമ്പോൾ ഇംഗ്ലീഷും മലയാളവും വാക്കുകൾ ഇടകലർത്തി ചേർത്തു സംസാരിപ്പാനാണ് പഠിച്ചത്. ഇതുകൊണ്ടുണ്ടായ ഫലം രണ്ടുദിക്കിലായിട്ടാണ് കണ്ടുതുടങ്ങിയത. വസ്ത്രാഡംബരത്തിലുള്ള ഭ്രമം തറവാട്ടിനെ ബാധിച്ചു. ഇംഗ്ലീഷ് ഭാഷകൊണ്ടുള്ള ഉപദ്രവം സമപ്രായന്മാരും ഒരു കാലം കൂട്ടുകൂടി സ്നേഹിതന്മാരുടെ നിലയിൽ കളിച്ചിരുന്നവരും ഇംഗ്ലീഷ് സ്കൂളിൽ കയറുവാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവരും ആയ കുട്ടികളെയാണ് ബാധിച്ചത്. കൊച്ചപ്പൻ സാധാരണ കുട്ടികളിൽ അല്പം പ്രമാണിയാണെന്നു തന്നത്താൻ നടിച്ചുതുടങ്ങുക നിമിത്തം അകൃത്രിമമായി ഹൃദയംഗമമായിരുന്ന അവരുടെ സ്നേഹം കുറഞ്ഞുവരികയും ചെയ്തു. തന്റെ ഒന്നിച്ചു വളർന്നവരും അയൽവീട്ടുകാരുമായ ആ ചെറുപ്പക്കാരുമായി സഹവാസം ചെയ്തുവരുന്നതു തന്നെ അല്പം ചോരായയാണെന്നു കൊച്ചപ്പനു തോന്നിത്തുടങ്ങിയതുകൊണ്ടു കൊച്ചപ്പൻ അഹംഭാവിയാണെന്നു പറഞ്ഞു അവർ കൊച്ചപ്പനെ കാണുന്ന ദിക്കിൽനിന്നു പരിഹസിക്കാൻ തുടങ്ങി. അവരിൽ ചിലർ സ്കൂളിൽ പഠിച്ചിട്ടില്ലെങ്കിലും കൊച്ചപ്പന്റെ ഉടുപ്പും നടവടിയും അനുകരിക്കാൻ ശ്രമം ചെയ്തുതുടങ്ങി. ഈ വക പരിഷ്കാരത്തിനു കാശില്ലെന്നു വരുമ്പോൾ അത്യാവശ്യം മോഷണത്തിനാരംഭം തുടങ്ങി. സ്വന്തം വീട്ടിലെപ്പോലെ കളവിനു വേറെ എങ്ങും സൌകര്യം ഉണ്ടാവുന്നതല്ലല്ലോ. അതുകൊണ്ടു അമ്മമാരുടെ പണങ്ങളും കാരണവന്മാരുടെ എഴുത്തുപെട്ടിയുമാണ് ആദ്യം ഇവക്ക് ആധാരമായിത്തീർന്നത്. ക്രമേണ പുറത്തേയ്ക്കും ഈ സ്വ

ഭാവം അവർ കാണിച്ചുതുടങ്ങി. കൊച്ചപ്പൻ തറവാട്ടിലേയ്ക്കു സഹായം ചെയ്യുന്നില്ലെന്ന ന്യായംകൊണ്ട് ഈ ചെറുപ്പക്കാരിൽ ചിലരെക്കൊണ്ട് അവരുടെ വീട്ടുകാൎക്കുപകാരമില്ലാതായിത്തുടങ്ങി. ഇതിനിടയ്ക്കു കൊച്ചപ്പൻ ഒരു ദിവസം വണ്ടി വരുമ്പോൾ തീവണ്ടിസ്റ്റേഷനിൽവെച്ച് ഒരു സഃസ്റ്റ് രണ്ടാം ക്ലാസ്സു വണ്ടിയിൽവെച്ചു മലൎന്നുകിടന്നു പുകഭക്ഷണം കഴിക്കുന്നതു കണ്ടു. പരിഷ്കാരത്തിന് ഇത് അത്യാവശ്യമാണെന്നു കൊച്ചപ്പനു തോന്നി. ഈ പുകവലിക്കുള്ള ചുരുട്ടും, സിഗററ്റും ബീഡിയും ഒരു വക, പൊടിവലി മറ്റൊരുവക- അകപ്പാടെ ദിവസം ഒരു അണയ്ക്കുള്ള ചിലവിന്നു വഴി ഉറച്ചു. തറവാട്ടിൽ ചെന്നാൽ തിപ്പെട്ടി തേടിപ്പിടിക്കുകയായി. കാശില്ലാഞ്ഞാൽ അതുണ്ടാക്കുവാനുള്ള വഴി നോക്കുകയായി.

അമ്മിണി ഒന്നാമതായി കണ്ടുപഠിച്ചതു ഹെഡ്മിസ്ട്രസ്സിന്റെ ഉടുപ്പാണ്. ഈ ചട്ടക്കാരത്തി ഇപ്പോൾ ബിലാത്തിയിൽനിന്നിറങ്ങിയ വെള്ളക്കാരത്തിയുടെ നാട്യം നടിച്ചു നാട്ടുപുറങ്ങളിൽനിന്നു വരുന്ന പെൺകുട്ടികളെ കണ്ടാൽ കൺട്രീസ്സ് എന്നു പുച്ഛിക്കുന്നവളാണ്. ഉൽകൃഷ്ടവിദ്യാഭ്യാസമൊന്നുമില്ലെങ്കിലും വലുതായ മാസപ്പടി കിട്ടുന്നതുകൊണ്ട് ഉദ്യോഗമില്ലാത്ത ഒരുവനെ ഭൎത്താവാക്കി അവനെ ഗൃഹകൃത്യം അന്വേഷിപ്പാനാക്കി സ്വച്ഛന്ദസൃതം നടക്കുന്നവളാണ്. ഇവളെയാണ് ഇരുനൂറിൽപരം പെൺകുട്ടികളുടെ മാതൃകയായി നിയമിച്ചിട്ടുള്ളത്. 'സ്ത്രീസ്വാതന്ത്ര്യപദ്ധതി' എന്ന പ്രമാണം ചൊല്ലി ദിനംപ്രതി ഇന്ത്യക്കാരായ സ്ത്രീകളെ പുച്ഛിക്കയും അവരുടെ അസ്വാതന്ത്ര്യതയേയും തന്റെ സ്വാതന്ത്ര്യത്തേയും തമ്മിൽ താരതമ്യപ്പെടുത്തി പ്രസംഗിക്കയുമാണ് ഈ ഹെഡ്മിസ്ട്രസ്സിന്നും മറ്റുള്ള മിസ്ട്രസ്സുമാൎക്കും ഉള്ള പണി. ഇതു കഴിഞ്ഞാൽ തുന്നൽപ്പണിയാണ് പിന്നെയൊരു പഠിപ്പ്. അതിന്റെ ആവശ്യം ഹെഡ്മിസ്ട്രസ്സിനെപ്പോലെയും അവളുടെ ഭൎത്താവിനെപ്പോലെയും ഉടുപ്പിടുവാൻ പഠിക്കുവാനും ആ ഉടുപ്പുകൾ എപ്രകാരം തുന്നിയുണ്ടാക്കുന്നുവെന്നു കാണിപ്പാനും മാത്രമാണ്. അല്ലാതെ തറവാട്ടിലേയ്ക്കു വാങ്ങുന്ന മുണ്ടും തോൎത്തുമുണ്ടും വല്ലപ്പോഴും വക്കു തിരപ്പിക്കേണ്ടിവന്നാൽകൂടി ആയതിന്നു തുന്നക്കാരൻ വേറെ വേണം. അമ്മിണിക്ക് എന്താണ് വേണ്ടതെന്നു വിവരമില്ലാതെ കുറച്ചു ദിവസം കഴിഞ്ഞിയെങ്കിലും മദാമ്മമാരുടെ വേഷം കെട്ടുകതന്നെയെന്നുറച്ചു പാവാടയും ജാക്കറ്റും സമ്പാദിപ്പാൻ ശ്രമിച്ചു. കരച്ചിലും കണ്ണുനീരും കാണുമ്പോൾ എങ്ങിനെയാണ് ഇതെല്ലാം ഉണ്ടാക്കിക്കൊടുക്കാതിരിക്കുന്നു? പലവകയായും ചിലവുകൾ വൎദ്ധിച്ചുതുടങ്ങിയെന്നു മാത്രമല്ല അനാവശ്യമായ നഷ്ടങ്ങളുംകൂടെ ഉണ്ടായിത്തുടങ്ങിയപ്പോൾ ചിലവു കഴിച്ചുള്ള ആദായംകൊണ്ടു മാത്രം തറവാട്ടുഭരണം നടക്കില്ലെന്നു തോന്നിത്തുടങ്ങി. രാമൻനായൎക്ക് ഇത്തരം പുതിയ ചിലവുകൾ വന്നുതുടങ്ങിയപ്പോൾ കോപവും വന്നുതുടങ്ങി. സ്വതവേ സത്സ്വഭാവിയായ രാമൻനായരെ കോപിഷ്ഠനായി കാണുമ്പോൾ എന്തോ ചില തകരാറുകൾ ഉണ്ടെന്നു ജനങ്ങൾ ശങ്കിച്ചുതുടങ്ങിയതിലും ആശ്ചര്യമില്ലല്ലോ.

'നാലാളുടെ മുമ്പിൽ ചെല്ലുമ്പോൾ നല്ലപോലെ നടക്കേണമെന്നു കുട്ടികൾക്കു തോന്നുന്നതു സാധാരണയല്ലേ. അതിലെന്താ ഇത്ര ദൂഷ്യം പറവാനുള്ളത്'? എന്നു കൃഷ്ണമേനവൻ അഭിപ്രായം പറഞ്ഞപ്പോൾ ഇക്കാവാദിയായ അകത്തെ സ്ത്രീകൾക്കു പിന്നെ വല്ലതും വേണോ! കാരണവരെ ചിലപ്പോൾ ദുഷിക്കാൻതന്നെ സ്ത്രീകൾ തുടങ്ങി. തറവാട്ടുമുതൽ എന്താണ്? തറവാട്ടിൽ കൊല്ലത്തിൽ വരവെന്തുണ്ട്? ചിലവെന്തുണ്ട്? ബാക്കി വല്ലതും ഉണ്ടാകുമോ? പോരാതെ വന്നാൽ ഉണ്ടാകുന്നത് എങ്ങിനെയാണ്? എന്നൊന്നും വിവരമില്ലാത്ത സ്ത്രീകൾ 'ആദായമൊക്കെ തിന്നു' കുടുംബത്തിനു വേണ്ടതൊന്നും കൊടുക്കാത്താൾ എന്നു കാരണവരെ മുക്കിലും മൂലയിലും ഇരുന്നു പറയുമ്പോൾ ഈ സ്ത്രീകളെക്കാൾ വിവരമില്ലാത്ത 'സ്കൂൾകുട്ടികൾ' ഈ പറയുന്നതൊക്കെ ചെറുപ്പം മുതൽ വേദവാക്യമായി കരുതിവരുന്നതിലും മുതിർന്നുവരുമ്പോൾ കാരണവരോടു നേരിട്ടു മത്സരിക്കുന്നതിലും എന്താണ് ആശ്ചര്യമുള്ളത്? അമ്മിണി ജാക്കറ്റിന്റെയും പാവാടയുടെയും ഉള്ളിൽ കടന്നു ചാടിയതിനുശേഷം ആണും പെണ്ണും തമ്മിൽ വലിയ വ്യത്യാസമില്ലെന്നും തന്റേടമുണ്ടെങ്കിൽ ആണും പെണ്ണും കയ്യുംകോർത്തുപിടിച്ചു നടക്കുന്നതുകൊണ്ടു സദാചാരഭ്രംശമൊന്നും വരുന്നതല്ലെന്നും മനസ്സിലാക്കിവെച്ചു. എല്ലാം സ്നേഹിതന്മാർ. സ്നേഹിതന്മാർ ആണായാലും പെണ്ണായാലും കത്തെഴുതുന്നതുകൊണ്ടെന്താ വരുവാനുള്ളത്. എന്തു പ്രകൃതി? എന്തു പ്രകൃതിവിരോധം? പുരുഷന്മാരായ സ്നേഹിതന്മാരെ കാണ്മാൻ ഒരത്യാവശ്യം വല്ല വീട്ടിലും കയറിച്ചെന്നാൽ തന്നെ എന്താണ്? ഹെഡ്മിസ്ട്രസ്സും മറ്റു മിസ്ട്രസ്സുമാരും കാട്ടുന്നതു കാണാനുണ്ടല്ലോ. അങ്ങാടിയിൽ പോയി ഷോപ്പിൽ കയറിച്ചെന്നു സാമാനം വാങ്ങുകയും ഏതു പുരുഷന്മാരേയും കണ്ടാൽ കൈ കൊടുത്തു കസേരമേൽ ഇരുത്തി സ്വകാര്യം പറകയും മറ്റു മിസ്ട്രസ്സുമാർ ചെയ്യുന്നതു സാധാരണ കാണാറുണ്ട്. കൂടാതെ മിസ്ട്രസ്സുമാരുടെ സദാചാരനിഷ്ഠയിലുള്ള പ്രതിപത്തിയെപ്പറ്റിയും മറ്റും സഹപാഠികളുമായുള്ള സംഭാഷണത്തിൽ കിട്ടുന്ന വിവരവും അമ്മിണിയിൽ സ്വാതന്ത്ര്യബുദ്ധി വർദ്ധിപ്പിച്ചു. എന്നു മാത്രമല്ല തന്റെ പ്രദേശത്തുള്ള തന്നെപ്പോലെയുള്ള പെൺകുട്ടികൾക്കു ഈ സ്വാതന്ത്ര്യബുദ്ധി കുളക്കടവിൽ വെച്ചുപദേശിപ്പാനും പ്രസംഗിക്കുവാനും തന്റെ നടവടികളേയും വസ്ത്രഭൂഷണാദ്യലങ്കാരങ്ങളേയും അനുകരിപ്പിക്കുവാനും അമ്മിണി തുടങ്ങി. പരിഷ്കാരം തീരെ ബാധിക്കാതെ കിടന്നിരുന്ന മുകുന്ദപുരത്തു, നായർമഠത്തിൽ വീട്ടുകാർ കാരണമായി ഓരോ പരിഷ്കാരങ്ങൾ പരന്നുതുടങ്ങി.

ഈ പരിഷ്കാരംകൊണ്ടു ഒന്നാമതായി സങ്കടം പറ്റിയതു ചാലിയർക്കാണ്. വസ്ത്രങ്ങളൊക്കെ വിദേശത്തുനിന്നു വരുത്തിത്തുടങ്ങിയതു മുതൽ മുകുന്ദപുരത്തു സഞ്ചരിച്ചുകൊണ്ടിരുന്ന പണമെല്ലാം 'ഇംഗ്ലണ്ടിനി വരാതവണ്ണം' വിദേശസഞ്ചാരത്തിനായി പോയിത്തുടങ്ങി. പരിഷ്കാരത്തിന്റെ രണ്ടാമത്തെ ഇരയായിത്തീർന്നതു തട്ടാന്മാരാണ്. പിയേർസൻസിന്റെ ഷാപ്പുകളിൽനിന്നു യൂറോപ്യന്മാർ ധരിക്കുന്നതരം മോതിരവും, കടകവും, ചെയിനും വരുത്തിത്തു

ടങ്ങിയതു മുതൽ തട്ടാന്മാരെക്കൊണ്ടുള്ള ആവശ്യം കാണ്ണുവന്നു തുടങ്ങി. അവരുടെ വായിൽ മണ്ണായി. ഇതുപോലെത്തന്നെ ഇരിമ്പുസാമാനങ്ങളും മരസ്സാമാനങ്ങളും ദൂരദേശങ്ങളിൽ ഉണ്ടാക്കി വില്പാൻ വെച്ചതു വാങ്ങുകയാൽ കരുവാന്റെയും ആശാരിയുടേയും കാൎയ്യം പരുങ്ങലിലായിത്തുടങ്ങി. ഇങ്ങിനെ അന്യോന്യസഹായികളായി കൂട്ടിക്കെട്ടിയ സ്വദേശികളായ ചില വൎഗ്ഗക്കാരെ കൂട്ടത്തിൽനിന്നു പുറമെ തള്ളി, എങ്ങാനും കിടക്കുന്നവൎക്കു സുഖജീവിതത്തിന്നു പണം അയച്ചുകൊടുക്കുന്ന പരിഷ്കാരസൂൎയ്യനെ ഉദിപ്പിച്ച കൃഷ്ണമേനവന്റെ പേർ മുകുന്ദപുരത്തെങ്ങും മുഴങ്ങിത്തുടങ്ങി. കൃഷ്ണമേനവൻ വളരെ കൃതകൃത്യനായി.

ഇങ്ങിനെയിരിക്കുമ്പോൾ ഇക്കാവിന്റെ പ്രസവകാലവും അടുത്തുതുടങ്ങി. വിറകും, എണ്ണയും, ഈറ്റയും, വാകയും അങ്ങാടിമരുന്നുകളും ഈവക സംഭവങ്ങൾക്കു വേണ്ടി കാലേക്കൂട്ടിസ്സംഭരിക്കാറുണ്ടെങ്കിലും ആ കാൎയ്യമൊക്കെ പറഞ്ഞപ്പോൾ കൃഷ്ണമേനവൻ പുച്ഛരസമാണു കാട്ടിയതു. സൎവ്വജ്ഞനായ കൃഷ്ണമേനവന്റെ അഭിപ്രായത്തിന്നെതിരായി ആരെങ്കിലും പ്രവൎത്തിക്കുമൊ? മായയെ ജയിച്ച മഹാമായക്കാരായ യൂറോപ്യന്മാൎക്കു രാവു പകലാക്കാനും പകൽ രാത്രിയാക്കാനും പ്രയാസമില്ലെന്നു കൃഷ്ണമേനവൻ പറയാറുണ്ട്. പൊറിട്ട അമ്പത്താറും അറുപതും ദിവസം നാറുന്നമരുന്നുകളുംസേവിച്ചു മഞ്ഞൾകൊണ്ടു വേഷവും കെട്ടി വായുസഞ്ചാരമില്ലാത്തമുറിക്കിൽ കിടക്കുന്നതിന്നെക്കാളും നല്ലതു രണ്ടുകപ്പി ബിലാത്തിമരുന്നു ഉള്ളിൽ കടത്തി അഞ്ചുദിവസംകൊണ്ടു പ്രസവഖേദം തീൎക്കുന്നതാണെന്നു പറയുമ്പോൾ ആരാണു സമ്മതിക്കാത്തത്? കുട്ടികൾ മുലകുടിച്ചു തള്ളയുടെ യൌവനം നശിപ്പിക്കുന്നതുകൊണ്ടാണു സ്ത്രീകൾ അധികം ദീൎഘായുസ്സുകളായിരിക്കാത്തതെന്നും അതുകൊണ്ടു മുലപ്പാൽ കറന്നുകളഞ്ഞു കുട്ടിക്കു പശുവിൻപാൽ മുലക്കുപ്പിയിലാക്കി കൊടുക്കുകയാണു നല്ലതെന്നും പറഞ്ഞാൽ ആർ വിശ്വസിക്കാതിരിക്കും? യൌവനം നശിക്കുന്നതിന്നു ഏതു യൌവനവതിക്കും മോഹമുണ്ടാകുമോ? പത്തു പ്രസവിച്ചു എൺപത്തുരണ്ടു വയസ്സും കഴിഞ്ഞുവെങ്കിലും രണ്ടുനേരം അമ്പലത്തിൽ കുളിച്ചുതൊഴുതു ദിനകൃത്യം അന്യാപേക്ഷകൂടാതെ കഴിച്ചുപോരുന്ന ഒരു തള്ള നായർമഠത്തിൽ തറവാട്ടിൽത്തന്നെ ഉണ്ടെങ്കിലും, കൃഷ്ണമേനവന്റെ ന്യായം വേദവാക്യമായി വിചാരിക്കുന്നവരല്ലാതെ ഉണ്ടായിരുന്നില്ല. കോടതിയിൽപ്പോയി വക്കീലന്മാരേയും കക്ഷികളെയും, ജഡ്ജിനേയും വാഗ്ധോരണികൊണ്ടും വാഗ്വാടികൊണ്ടും മിരട്ടുന്ന കൃഷ്ണമേനവന്നുണ്ടോ സാധാരണന്മാരെ, വിശേഷിച്ചു സ്ത്രീകളെ മിരട്ടാൻ വല്ല പ്രയാസവും!

പ്രസവദിവസം അടുത്തുതുടങ്ങിയതു മുതൽ സബ്ബ് അസിസ്റ്റാണ്ടു സൎജ്ജൻ ജാക്കോബു രണ്ടുനേരവും ഇക്കാവിനെ കണ്ടു പോകേണമെന്നാണു നിശ്ചയം. നായർമഠത്തിൽ തറവാട്ടിൽ ഇപ്പോൾ നാല്പതുവയസ്സിന്നു മേല്പട്ടുള്ളവരുടെ പ്രസവമെല്ലാംയാതൊരമംഗളവുംകൂടാതെ നിവൃത്തിച്ച വെപ്പാട്ടിയും ആ തറവാട്ടിൽ പാരമ്പൎയ്യമായി ചികിത്സിച്ചുവരാറുള്ള വൈദ്യൻ മൂസ്സും

ഈ പ്രസവത്തിന്നാവശ്യമില്ലെന്നുവന്നു. ഉണ്ടാകുന്ന കുട്ടിയുടെ തലക്കുറിയെടുത്തു ജാതകം തെയ്യാറാക്കേണ്ട പണിക്കരുടെ സ്ഥാനം ബെങ്കളൂരിലെ ജ്യോത്സ്യൻ നാരായണറാവുവിനെ ഏല്പിക്കാനാണു കൃഷ്ണമേനവൻ മനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുള്ളത്. ജലപിശാചും, ഭൂതങ്ങളും, ബാധകളും എല്ലാം മാദ്രോതരം 'ബാസില്ലി'കളുടെ മായാവിശേഷമാണെന്നും, ഈശ്വരൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈശ്വരാരാധനം ചെയ്യുന്നതു വീട്ടിലിരുന്നു മതിയെന്നും, വായുതുറന്നു ഭക്ഷിക്കാത്തവർക്കു നിവേദ്യം ആവശ്യമില്ലെന്നും കൃഷ്ണമേനവൻ അഭിപ്രായപ്പെട്ടതും ഈ അഭിപ്രായം നായർമഠത്തിൽ വീട്ടുകാർ മാത്രമല്ല മുകുന്ദപുരം പ്രദേശക്കാർ മുഴുവനും സ്വീകരിച്ചുതുടങ്ങിയതും കുറെ മുമ്പുതന്നെ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു മന്ത്രവാദികളും അമ്പലവാസികളും ശാന്തിക്കാരനും ശിതികരനും മുകുന്ദപുരത്തു പണി കുറഞ്ഞുകുറഞ്ഞു വന്നു.

ഇക്കാവിന്നു പ്രസവവേദന തുടങ്ങിയപ്പോൾ അയൽവീട്ടിലുള്ള പഴമസ്ത്രീകൾ അടുത്തുകൂടി പറഞ്ഞ അഭിപ്രായങ്ങളൊന്നും നടന്നില്ല. വേദന വർദ്ധിച്ച സർജ്ജൻ ജാക്കോബ്, സൂതികാഗൃഹത്തിൽ കടന്നു കുട്ടിയെ കയ്യിട്ടെടുക്കേണ്ടിവന്നു. ശരിയായ പ്രസവസമയത്തിന്നു മുമ്പായി പ്രകൃതിവിരോധമായി ബലമായി കുട്ടിയെ എടുക്കുക കാരണമായി തള്ളക്കു രക്തനഷ്ടവും കുട്ടിയുടെ തലക്കു ഒരു കോട്ടവും പറ്റി. ഇംഗ്ലീഷു ചികിത്സയെന്ന പേരോടെ പത്തുപതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ രക്തപ്രസാദമില്ലാതെ വാടി വിളർത്ത മുഖവും മുലപ്പാലുകുടിക്കാതെ ജീവച്ഛവമായ ഒരു കുട്ടിയും കൃഷ്ണമേനവനെ അഭിവാദ്യം ചെയ്തു. കൃഷ്ണമേനവന്റെ ദാമ്പത്യജീവിതം വീണ്ടും ആവർത്തിച്ചതുമുതൽ ആഴ്ചയിൽ ഒന്നുരണ്ടുതവണ ജാക്കോബു ഡാക്ടർ നായർമഠത്തിൽ വരാതെ തരമില്ലെന്നുവന്നു. തല്ക്കാലം നായർമഠം, ചെറിയ ഒരു ആസ്പത്രിയുടെ സ്ഥാനം പിടിച്ചു. കോഡ് ലിവർ ഓയിൽ, സ്റ്റേർസിവൈൻ, ബോവറിൽ തുടങ്ങിയ പോഷകദ്രവ്യങ്ങൾ ഇക്കാവു ഒട്ടധികം വയററിലാക്കീട്ടും ഫലമുണ്ടായില്ല. കുട്ടിക്കാണെങ്കിൽ— ഓമനക്കുട്ടപ്പനാണെങ്കിൽ മെല്ലിൻസ് ഫുഡ്ഡും, നൽസൻസ് ഫുഡ്ഡും ഇത്രയാണു കൊടുത്തിട്ടുള്ളതെന്നു ഒരു കണക്കും കയ്യുമുണ്ടായിരുന്നില്ല. കരപ്പനും ഗ്രഹണിയും ആ കുട്ടിയോടുകൂടിത്തന്നെ ജനിച്ചുവളർന്നുതുടങ്ങി. ഇക്കാവിന്റെയും കുട്ടിയുടെയും ദേഹസ്ഥിതിവളരെ ശോചനീയമായിവന്നതു മുതൽ നായർമഠത്തിൽ തറവാട്ടിൽ വേറെയും ചില അനർത്ഥങ്ങൾ വന്നുകൂടി.

കാരണവർ രാമൻനായർക്കു അകപ്പാടെ മനസ്സിന്നു സുഖമില്ലാതെ വന്നതോടുകൂടി ദേഹത്തിന്നും ക്ഷീണം പറ്റിത്തുടങ്ങി. സ്വന്തമായി നടത്തിയിരുന്നകൃഷിയിൽ കുറെ ഭാഗം കിഴക്കടിയാന്മാരെ ഏല്പിക്കേണ്ടിവന്നു. പ്രാപ്തിയായ അനന്തരവന്മാരില്ല. ഉണ്ടെങ്കിൽത്തന്നെ ആ പിടിപ്പാൻ [illegible]കാരനും പോയി. കിഴക്കടിയാന്മാർ പാട്ടബാക്കി വെച്ചതുകൊണ്ടും പരിഷ്കാരം കാരണം അധികച്ചിലവു വരുന്നതുകൊണ്ടും ജന്മിയുടെ പാട്ടം, മിച്ചവാരം മുതലായതു ബാക്കിവെച്ചുതുടങ്ങി. ചില ചാർത്തുകൾ സമയത്തിന്നു വെളിച്ചെഴുതിവാങ്ങാതെയും ബാക്കിയായി. രാമൻ

നായർ മര്യാദസ്ഥനായതുകൊണ്ടു ഒന്നരണ്ടു കൊല്ലമൊക്കെ ജന്മികൾ ക്ഷമിച്ചു. എങ്കിലും കൃഷ്ണമേനവന്റെ പുഷ്ടമായ സംസാരവും, ധാർഷ്ട്യവും അഹംഭാവവും ദയയുള്ള ജന്മികളെക്കൂടി നിർദ്ദയന്മാരാക്കിത്തീർത്തു. പാട്ടക്കാരോടുള്ള വ്യവഹാരത്തിൽ അനാവശ്യമായ ചില വാദങ്ങളും ജന്മത്തർക്കവും ഉണ്ടാവുക കാരണം വസ്തു കഴിപ്പിപ്പാനുള്ള വ്യവഹാരംതന്നെ നാലഞ്ചെണ്ണം ഫയലിലായി. അനാവശ്യവാദങ്ങൾ കൊണ്ടുവരികയാൽ കോടതിച്ചിലവു വർദ്ധിച്ചു് അതും തറവാട്ടുമുതലിന്മേൽ ബാധകമായി. വസ്തുവും കുറെ കൈവശത്തിൽനിന്നു പോയി. ശേഷം വസ്തുവിന്മേൽ പിടിപ്പതു കടവുമായി. കടപ്പലിശ്ശക്കു വകതന്നെ വരായ ഇല്ലാതായി. തറവാട്ടുകാര്യങ്ങൾ അപകടമാകുന്നുവെന്നു കണ്ടപ്പോൾ കൃഷ്ണമേനവൻ മെല്ലെ ഇക്കാവിനെയും കുട്ടിയേയും വേറെ കൊണ്ടു താമസിപ്പിച്ചു, അവരുടെ ചിലവിന്നു രാമൻനായരുടെ പേരിൽ വ്യവഹാരം ഫയലാക്കി. രാമൻനായർ കിടപ്പിലുമായി. കൊച്ചപ്പൻ അതിലിടക്കു ചില പച്ചപ്പരിഷ്കാരകളുടെ കൂടെച്ചേർന്നു ഒരു ക്രിമിനൽക്കേസ്സിലും അകപ്പെട്ടു. അമ്മിണിക്കു മഹോദരം എന്ന ഒരു രോഗമുണ്ടായിരുന്നുവെന്നും ഫാക്കോബിന്റെ ചികിത്സയിലായിരുന്നുവെന്നും ആ മഹോദരം മാറിയതിന്നുശേഷം രക്തസ്രാവം പിടിപെട്ടു കഥ കഴിഞ്ഞുവെന്നും സംസാരമായി. കാരണവർ രാമൻനായർ ചാവാറും കിടക്കുന്നു. രാമൻനായരുടെ മരണകാലത്തുള്ള വലുതായ ഒരു മോഹം കൃഷ്ണമേനവനെ ഒന്നു കാണ്മാൻ മാത്രമായിരുന്നു. പലതവണയും ആളെ പറഞ്ഞയച്ചതിന്റെ ഫലമായി ഒരു ദിവസം കൃഷ്ണമേനവൻ, മരിക്കാൻ കിടക്കുന്ന കാരണവരുടെ മുമ്പിൽ എത്തിച്ചേർന്നു.

രാമൻനായർ:— ഞാൻ മരിക്കുന്നതിനു മുമ്പായി കൃഷ്ണമേനവനെ ഒന്നു കാണണമെന്നു ആഗ്രഹിച്ചതു രണ്ടുവാക്കു നിങ്ങളോടു സ്വകാര്യമായി പറവാനാണ്. എന്റെ കാലം കഴിഞ്ഞാലും നായർമഠത്തിൽ തറവാടു നശിപ്പാനുള്ള ശരിയായ കാരണം എന്താണെന്നു കൃഷ്ണമേനവനെങ്കിലും അറിയാതിരിക്കരുത് എന്ന വിചാരംകൊണ്ടാണ്.

ഒരുത്തൻ പാപകർമ്മം
ചെയ്തിട്ടില്ലതിൻഫലം
പരക്കെയുള്ളമഹാ
ജനങ്ങൾക്കാകെ തട്ടും
കാലത്താൽമോചിച്ചീടു-
മാപത്തുമറവുള്ളോർക്ക്
മേലിൽതാൻതന്നെയനു-
ഭവിക്കും ചിരകാലം.

എന്ന ആപ്തവാക്യത്തിൽ അശേഷം പതിരില്ല. കൃഷ്ണമേനവൻ പ്രവൃത്തിച്ചിട്ടുള്ളതെല്ലാം മനഃപൂർവ്വമല്ലാത്തതുകൊണ്ടു ദൈവദോഷം അധികം പറ്റീട്ടില്ലെന്നു പറയാം.

കൃഷ്ണമേനവൻ:— നായന്മാർക്കു ഇപ്പോൾ തട്ടീട്ടുള്ള സകലദോഷത്തിന്നും കാരണം മരുമക്കത്തായസമ്പ്രദായമാണ്. അതോടുകൂടി എണ്ണമില്ലാത്ത ജന്മികുടിയാൻ സമ്പ്രദായവും ഈ രാജ്യത്തു കടന്നുകൂടി. കുടിയാന്നു വസ്തുവിന്മേൽ ശാശ്വതാവകാശം കൊടുക്കുന്നതും ജന്മിക

ളുടെ ശക്തി കാട്ടുന്നതുമായ ഒരു നിയമം ഉടനെ പാസ്സാവും. അതോടുകൂടിത്തന്നെ ക്രമേണ മക്കത്തായം ഉറപ്പിക്കത്തക്ക ഒരു നായർ റഗുലേഷനും പാസ്സാവാനുള്ള ആലോചനയുണ്ട്. ഇതു രണ്ടും പാസ്സാക്കി കിട്ടിയാൽ നായന്മാൎക്ക് ഇന്നത്തെ അനൎത്ഥങ്ങളൊന്നും വരികയില്ല.

താഴ്ന്നനായർ—നിങ്ങളുടെ നിയമനിൎമ്മാണം കഴിഞ്ഞു നായന്മാരെല്ലാം സ്വൎഗ്ഗസുഖം അനുഭവിക്കുന്നതിനു മുമ്പായി സ്വൎഗ്ഗസുഖം അനുഭവിച്ചിരുന്ന നായർമാത്തിൽ തറവാട്ടുകാരും അവരുടെ നവീനപരിഷ്കാരം അനുകരിച്ച ഇദ്ദേശീയരായ ചില വീട്ടുകാരും, ചാലിയർ, തട്ടാൻ, കരുവാൻ, ആശാരി, മൂശാരി മുതലായ കമ്മാളരും, ശാന്തിക്കാരനും, അമ്പലവാസിയും ഒക്കെ നരകം അനുഭവിക്കണമെന്നു വന്നിട്ടുള്ളതു വളരെ ശോച്യമായിട്ടുണ്ടെന്നു നിങ്ങളും സമ്മതിക്കും. എനിക്കു നിങ്ങളെപ്പോലെ നവീനസമ്പ്രദായത്തിലുള്ള സൎവ്വകലാശാലാവിദ്യാഭ്യാസവും, നവീനനിയമങ്ങളുടെ സ്വഭാവവും നിശ്ചയമില്ലെങ്കിലും നിങ്ങൾക്കു പററിട്ടുള്ള വിഡ്ഢിത്തങ്ങൾ എന്താണെന്നു എനിക്കറിയാം. ക്രിസ്തീയമതം പരത്തുവാനുള്ള ആന്തരമായ ഉദ്ദേശത്തോടുകൂടി വിദ്യാഭ്യാസം എന്ന വല വീശി അതിൽ കുറെ കുട്ടികളെ പിടിച്ചു, പാശ്ചാത്യന്മാരെപ്പററിയും, അവരുടെ ചരിത്രത്തെപ്പററിയും, അവരുടെ സാമുദായികനടവടിയെപ്പററിയും വലുതായ ബഹുമാനം അവരിൽ ഉണ്ടാക്കിത്തീൎത്തു, നമ്മുടെ ചരിത്രം പഠിപ്പിക്കാതെയും നമ്മുടെ പൂൎവ്വികന്മാർ ചെയ്തതെല്ലാം പുച്ഛിച്ചും അവരെല്ലാം മൂഢമുട്ടാളന്മാരാണെന്നു ധരിപ്പിച്ചും സ്വരാജ്യസ്നേഹം, സ്വാത്മാഭിമാനം എന്നി സ്വഭാവങ്ങൾ നശിപ്പിച്ചു നമ്മുടെ രാജ്യത്തെ നിയമത്തെപ്പററിയും നമ്മൾ തമ്മിൽതമ്മിൽ പെരുമാറേണ്ട രീതിയെപ്പററിയും വിവരമില്ലാതെ അന്യന്മാരുടെ നടവടികളെ സ്വീകരിച്ചും അതു പരിഷ്കാരമാണെന്നു പ്രസംഗിച്ചും പത്രത്തിലെഴുതിയും പുസ്തകമെഴുതിയും സമുദായത്തെ മലിനപ്പെടുത്തുന്ന നിങ്ങൾക്കാൎക്കും ആന്തരമായ വിദ്യാഭ്യാസം കിട്ടീട്ടില്ല. പാശ്ചാത്യന്മാരുടെ ബാഹ്യമായ പരിഷ്കാരം മാത്രമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ പൂൎവ്വികന്മാർ പാശ്ചാത്യന്മാരേക്കാൾ എത്രയോ പരിഷ്കാരികളായിരുന്നു. പാശ്ചാത്യന്മാരുടെ ആന്തരമായ പരിഷ്കാരവും നിങ്ങൾക്കു കിട്ടീട്ടില്ല. നിങ്ങൾ നമ്മുടെ ചരിത്രത്തെ നോക്കുന്നതു കലാപകാലം മുതല്ക്കുള്ളതും അതുതന്നെ വിദേശീയർ എഴുതി വെച്ചതുമാണ്. കൃഷ്ണമേനവനേ! ഇതെല്ലാം നമ്മുടെ അധഃപതനമാൎഗ്ഗങ്ങളാണെന്നു നിങ്ങളൊക്കെ എന്നു മനസ്സിലാക്കുന്നുവൊ അന്നു മാത്രമെ നമ്മുടെ രാജ്യത്തു ക്ഷേമമുണ്ടാകയുള്ളൂ. നിങ്ങളുടെ കൂട്ടത്തിൽ കുറെ ആൾക്കാർ കൂടി ഉണ്ടായാൽ ഈ നാട്ടിൽ വലുതായ അനൎത്ഥങ്ങൾ ഉണ്ടായിത്തീരും. മരിക്കുന്നതിനു മുമ്പു ഇത്രയും പറവാൻ എനിക്കു സാധിച്ചതിൽ എനിക്കു വലുതായ കൃതാൎത്ഥതയുണ്ട്.

മരിക്കാൻ കിടക്കുന്ന ഒരു വൃദ്ധന്റെ

ഉള്ളിൽ തട്ടികൊണ്ടു ചെയ്ത ഈ പ്രസംഗം കൃഷ്ണമേനവനു പുതുതായ ഒരു കണ്ണുണ്ടാക്കിയെന്നും സാധാരണ കണ്ണിൽ ജലം നിറച്ചുവെന്നും പറഞ്ഞാൽ മതിയല്ലൊ.

കൃഷ്ണമേനവൻ—അമ്മാമന്റെ അഗാധമായ ബുദ്ധിശക്തിയും ലോകജ്ഞാനവും എന്നാൽ ഇതുവരെ മനസ്സിലാക്കാൻ സാധിച്ചില്ല. തല്ക്കാലികമായുള്ള ഏതോ ഭ്രമംകൊണ്ടു തെറ്റിദ്ധരിച്ച്, മനോവാക്കർമ്മങ്ങളെക്കൊണ്ടു വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ അതൊക്കെ ക്ഷമിച്ചു എന്നെ അനുഗ്രഹിക്കണം. സൂക്ഷ്മജ്ഞാനമില്ലാതെ പരിഷ്കാരമെന്നും പറഞ്ഞു ഉണ്ടാക്കിത്തീക്കുന്ന അനത്ഥങ്ങൾ നിത്തൽ ചെയ്വാനും അമ്മാമന്റെ അഭിമതം ലോകത്തിൽ പരത്തുവാനും ഞാൻ ഇന്നു മുതൽ സന്നദ്ധനായിരിക്കുന്നു. അമ്മാമനു ഇതു കാരണം യാതൊരു കുണ്ഠിതവും ഉണ്ടാകരുത്.

പറഞ്ഞപോലെ തന്നെ കൃഷ്ണമേനവൻ ഇന്നു പരിഷ്കാരികളുടെ ശത്രുവാണ്. അതാണ് ഇത്തരം കഥകൾ പുറപ്പെട്ടു തുടങ്ങുന്നത്. കേരളയുവാക്കന്മാരുടേയും യുവതികളുടേയും മാതൃക തൊഴിപ്പാൻ ശ്രമിക്കുന്ന പച്ചപ്പരിഷ്കാരികൾ ഓർമ്മ വെച്ചോട്ടെ!

എം. ആർ. കെ. സി.

# ചന്ദ്രഗുപ്തൻ

ഭാരതഖണ്ഡത്തിലെ പുരാതനചക്രവത്തികളിൽ വെച്ചു പ്രാധാന്യമേറിയ ഒരാളായിരുന്നു ചന്ദ്രഗുപ്തൻ. അദ്ദേഹം തന്റെ ശത്രുക്കളായ നവനന്ദന്മാരെ സമൂലം ഉന്മൂലനം ചെയ്തു സിംഹാസനാരൂഢനായി പ്രജകളെ സുതനിർവിശേഷം പരിപാലിച്ചുവന്നു. അസാധാരണമായ ബുദ്ധിസാമത്ഥ്യം, അനുപമമായ ധൈര്യം, ലോകോത്തരമായ പ്രജാവാത്സല്യം മുതലായ ഗുണഗണങ്ങളാൽ ഇദ്ദേഹം പ്രജകളുടെ അമിതമായ സ്നേഹബഹുമാനങ്ങൾക്കു പാത്രമായി ഭവിച്ചു. ഇദ്ദേഹത്തിന്റെ ജീവകാലം ഏതായിരുന്നുവെന്നു നമുക്കൊരു വിധം നിർണ്ണയിക്കാം. വിശ്വവിശ്രുതനും വിക്രമിയുമായ 'അലക്സാണ്ടർ' ദിഗ്വിജയത്തിന്നു പുറപ്പെട്ടു ഭാരതഖണ്ഡത്തിലെത്തിയതു ക്രിസ്ത്വാബ്ദത്തിന്നുമുമ്പു നാലാം ശതവർഷത്തിലായിരുന്നു. അദ്ദേഹത്തിനും, നന്ദന്മാരാൽ നിഷ്കാസിതനായ ചന്ദ്രഗുപ്തനും തമ്മിൽ വളരെ ഐകമത്യമുണ്ടായിരുന്നുവെന്നു 'അലക്സാണ്ട'രുടെ യുദ്ധയാത്രാവർണ്ണനത്തിൽ നിന്നറിയാവുന്നതുകൊണ്ടു ബി. സി. നാലാം നൂറ്റാണ്ടിലായിരിക്കണം ചന്ദ്രഗുപ്തൻ ജീവിച്ചിരുന്നത് എന്നൂഹിക്കാം. ഇദ്ദേഹത്തിന്റെ അച്ഛൻ മഗധേശ്വരനും, അമ്മ മുരയുമാകുന്നു. തന്റെ മാതാവ് ഉത്തമകുലോല്പന്നയല്ലായിരുന്നതുകൊണ്ടു രാജകുലത്തിൽ അദ്ദേഹത്തിന്ന് അത്ര മാന്യത ലഭിച്ചിരുന്നില്ല. ഇദ്ദേഹം ഉപപത്നിയുടെ പുത്രനാണെന്നു കരുതി ജനങ്ങൾ ഇദ്ദേഹത്തെ 'മൌര്യ'നെന്നു നിന്ദാഗർഭമായി വിളിക്കുക

പതിവായിരുന്നു. എന്നാൽ സ്പൃഹണീയമായ ചരിത്രംകൊണ്ടും, അപ്രതിമമായ ബുദ്ധികൌശലംകൊണ്ടും, അമിതമായ നീതിനിഷ്ഠകൊണ്ടും ഈ നാമധേയം തന്നെ അദ്ദേഹത്തിന്ന് ഒരു ഭൂഷണമായിത്തീൎന്നു.

രാജാക്കന്മാർ തങ്ങളുടെ രാജ്യത്തുള്ള പ്രബലന്മാരായ മററു പുരുഷന്മാരിൽ നിന്നു പരാജയത്തെ ശങ്കിക്കുക പതിവാണല്ലോ. ചന്ദ്രഗുപ്തനും ഒരിക്കൽ എന്തോ കാരണംകൊണ്ടു രാജകോപത്തിന്നു വിഷയമാവുകയും, തന്നിമിത്തം നാട്ടിൽനിന്നു നിഷ്കാസിതനാവുകയും ചെയ്തു. അദ്ദേഹം ദേശാന്തരസഞ്ചാരം ചെയ്തു സ്വദേശം വിട്ടുപോയി 'അലക്സാണ്ടരെ' കണ്ടു മഗധരാജ്യത്തെ ആക്രമിപ്പാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചുവെങ്കിലും, തന്റെ സൈന്യത്തിന്നു ശക്തി കുറെ കുറവാകയാൽ ചന്ദ്രഗുപ്തനെ സഹായിക്കുവാൻ അലക്സാണ്ടർ തീരെ ശക്തനായില്ല. 'അലക്സാണ്ടർ' സാമ്രാജ്യത്തെ മടങ്ങുകയും ഉടൻതന്നെ കാലഗതിയെ പ്രാപിക്കയും ചെയ്തു.

ഇക്കാലത്തു ഭാരതഖണ്ഡത്തിന്റെ പശ്ചിമോത്തരഭാഗങ്ങളിൽ ഗ്രീക്കുകാരുടെ ആധിപത്യം പ്രബലമായി പ്രചരിച്ചുതുടങ്ങി. അവരുടെ ആധിപത്യത്തെ നശിപ്പിപ്പാൻ വേണ്ടി ചന്ദ്രഗുപ്തനും അവസരം പ്രതീക്ഷിച്ചിരിക്കയായിരുന്നു. 'അലക്സാണ്ടർ' മരിച്ചുവെന്നു ലോകത്തിലെങ്ങും പ്രസിദ്ധമായി. ചന്ദ്രഗുപ്തൻ ഇതുതന്നെ അവസരമെന്നു തീൎച്ചപ്പെടുത്തി ചില പൎവ്വതവാസികളെ സ്വാധീനമാക്കുകയും, ചെറുതായ ഒരു സൈന്യശേഖരത്തോടുകൂടി 'ഗ്രീക്ക'കാരോടെതിൎക്കുകയും ചെയ്തു. ഭയങ്കരമായ ആ യുദ്ധത്തിൽ അദ്ദേഹമാണ് വിജയിയായി ഭവിച്ചത്.

ഇങ്ങിനെ ഭാരതഖണ്ഡത്തിന്റെ പശ്ചിമോത്തരഭാഗങ്ങളിൽ തന്റെ ആധിപത്യം സ്ഥിരപ്പെടുത്തിയതിന്നു ശേഷം, മഗധരാജാവിനോടു പകരം ചോദിപ്പാൻ കുറെ സൈന്യത്തെ അദ്ദേഹം സമ്പാദിച്ചു. ഈ അവസരത്തിൽ ചാണക്യനീതിനിപുണനായ ഒരു ബ്രാഹ്മണശ്രേഷ്ഠൻ മഗധരാജാവിൽനിന്നുള്ള അവമാനം നിമിത്തം നന്ദവംശോന്മൂലനത്തിന്നായി ഉദ്യമിച്ചുകൊണ്ടിരിക്കുമ്പോൾ യദൃച്ഛയാ ചന്ദ്രഗുപ്തന് അദ്ദേഹത്തെ കാണ്മാനിടയായി. മഹാനുഭാവനായ ആ ബ്രാഹ്മണന്റെ നാമധേയം 'കൌടില്യൻ' (ചാണക്യൻ) എന്നാണ്. 'കൌടില്യ'നും ചന്ദ്രഗുപ്തനും തമ്മിൽ വളരെ സ്നേഹമായി. രാജ്യകാൎയ്യങ്ങളിൽ കൌടില്യനെ രാജാവ് ഒരു ഗുരുവിനെപ്പോലെ കരുതിവരികയും, പ്രധാനമന്ത്രിസ്ഥാനം അദ്ദേഹത്തിന്നു നൽകുകയും ചെയ്തു. കൌടില്യന്റെ ആശ്ചൎയ്യകരങ്ങളായ നീതിപ്രയോഗങ്ങളും ഇന്നത്തെ രാജ്യതന്ത്രവിദഗ്ദ്ധന്മാരെക്കൂടി അതിശയിക്കുന്ന മരണപാടവവും 'മുദ്രാരാക്ഷസ'ത്തിൽ വ്യക്തമായി വൎണ്ണിച്ചിട്ടുണ്ട്. ഒടുവിൽ കൌടില്യന്റെ സഹായത്തോടുകൂടി ചന്ദ്രഗുപ്തൻ മഗധരാജ്യം സ്വാധീനപ്പെടുത്തുകയും, നന്ദന്മാരെ നിഗ്രഹിക്കയും ചെയ്തു. ക്രിസ്ത്വബ്ദത്തിന്നു 322 കൊല്ലം മുമ്പായിരുന്നു ചന്ദ്രഗുപ്തൻ മഗധരാജ്യത്തിലെ രാജാവായിരുന്നത്. അതിന്നു ശേഷം അദ്ദേഹത്തിന്റെ പ്രാഭവം ഭാരതഖണ്ഡത്തിലെങ്ങും പരന്നു.

ചന്ദ്രഗുപ്തൻ തന്റെ അപ്രതിഹതമായ ശാസനം ഇന്ത്യയുടെ ഉത്തരപ്രാന്തങ്ങളിലും പ്രതിഷ്ഠിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുമ്പോഴാണ് 'സെല്യൂക്കസ്' എന്നു പേരായ 'അലക്സാണ്ടർ'ടെ ഒരു സേനാനായകൻ പഞ്ചാബുദേശത്തെ കൈവശപ്പെടുത്തിയത്. ഈ അവസരത്തിൽ ചന്ദ്രഗുപ്തൻ തന്റെ സൈന്യങ്ങളെ പഞ്ചാബിലേക്കയച്ചു വലുതായൊരു യുദ്ധം നടത്തിയതിൽ 'സെല്യൂക്കസ്' പരാജിതനായി സ്വരാജ്യത്തേക്കു മടങ്ങിപ്പോകേണ്ടിവന്നു. എന്നാൽ 'സെല്യൂക്കസ്' സന്തുഷ്ടനായി ഒരു കന്യകയേയും, ചില ദേശങ്ങളേയും ചക്രവർത്തിക്കു സമ്മാനമായി കൊടുത്തിരുന്നുവെന്നും, അതിന്നു പകരം 'സെല്യൂക്കസ്' മഹാരാജാവിൽനിന്നു അഞ്ഞൂറു ആനകളെ ലഭിച്ചിരുന്നുവെന്നും ഒരു ഐതിഹ്യമുണ്ട്.

അനന്തരം 'മെഗാസ്തനീസ്സ്' എന്ന ഒരു ഗ്രീക്കുകാരൻ ചന്ദ്രഗുപ്തമഹാരാജാവിന്റെ സഭയിൽ വരികയുണ്ടായി. നിപുണനും, സത്യവാദിയുമായ അദ്ദേഹം ആറു കൊല്ലത്തോളം 'പാടലിപുര'ത്തിൽ വസിക്കുകയും, അന്നത്തെ രാജ്യചരിത്രങ്ങളെ വർണ്ണിക്കുന്നതായ ഒരു ഗ്രന്ഥം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അക്കാലത്തെ ഭാരതീയരുടെ ചരിത്രം വിശദമായി പറഞ്ഞിട്ടുണ്ട്. അതിൽനിന്നു ചിലതെടുത്തു പറയുന്നതു പ്രകൃതത്തിൽ യുക്തമായിരിക്കും:—

ക്രിസ്ത്വബ്ദാരംഭത്തിന്നു അഞ്ചു ശതവർഷം മുമ്പായി അന്നത്തെ രാജാവു ശത്രുക്കളെ തടുക്കാനായി ഗംഗാനദിയുടെ തീരത്ത് അജാതശത്രുവിനെക്കൊണ്ടു ദൃഢവും, മനോഹരവുമായ ഒരു കോട്ട പണിയിച്ചു. ഇതിന്റെ നാമധേയം 'പാടലിപുര'മെന്നാണ്. അദ്ദേഹത്തിന്റെ പൌത്രനായ 'ഉദയനൻ' അതിന്നു പിന്നേയും ഉറപ്പു കൂട്ടി. ചന്ദ്രഗുപ്തന്റെ രാജ്യഭരണകാലത്തു ഭാരതഖണ്ഡത്തിൽ പ്രാധാന്യമേറിയ നഗരം ഇതൊന്നുതന്നെയായിരുന്നു. ഇതിന്റെ നീളം രണ്ടു നാഴികയിലധികം ഉണ്ട്. അറുപത്തിനാലു ഗോപുരങ്ങളുള്ള ഈ നഗരത്തിന്നു ദാരുമയമായ ഭിത്തികളും, ഭിത്തികളുടെ നാലുപുറവും ജലപരിപൂർണ്ണങ്ങളായ കിടങ്ങുകളും ഉണ്ട്. ദാരുനിർമ്മിതമായ രാജഭവനവും കാണികളുടെ കണ്ണുകൾക്കു വിസ്മയവും ആവർജ്ജകമായിരുന്നു. ഇതിന്റെ സമീപത്തായി ഒരു സരസ്സും ഉണ്ടായിരുന്നു.

രാജസഭയുടെ മനോഹരതയെപ്പറ്റി വർണ്ണിക്കുന്നതു എത്രയോ അസാദ്ധ്യമായിട്ടുള്ളതാണ്. സ്വർണ്ണം, വെള്ളി മുതലായ വിലപിടിച്ച ലോഹങ്ങളെക്കൊണ്ടുണ്ടാക്കിയ പാത്രങ്ങളും, രത്നഖചിതങ്ങളായ വാഹനങ്ങളും മററനേകം മനോഹരങ്ങളായ വസ്തുക്കളും രാജസഭയെ പുഷ്ടിപ്പെടുത്തിയിരുന്നു.

അക്കാലത്തു രാജാക്കന്മാർ മനസ്സിനെ വിനോദിപ്പിച്ചിരുന്നതു നായാട്ടുകൊണ്ടും മററുമായിരുന്നു. മഹാരാജാവു ചിലപ്പോൾ നായാട്ടുകാർ കൊണ്ടുവന്ന ദുഷ്ടമൃഗങ്ങളെ, ഭാര്യാസമേതനായി ഒരു മഞ്ചത്തിലിരുന്നു, തന്റെ കയ്യിലുള്ള ആയുധംകൊണ്ടു വെട്ടിക്കൊല്ലുകയും, മററു ചിലപ്പോൾ ആനപ്പുറത്തു കയറി നായാട്ടിന്നു പോകയും പതിവുണ്ടായിരുന്നുവെന്നു പ്രസ്താവിച്ചു കാണുന്നു. രാജാവിന്നു കാട്ടിലേ

ക്കു പോകുവാനായി പ്രത്യേകം നിൎമ്മിച്ചിട്ടുള്ള മാൎഗ്ഗത്തിൽക്കൂടി ആൎക്കും സഞ്ചരിപ്പാൻ പാടില്ലെന്നുള്ള നിൎബ്ബന്ധം തെറ്റി നടക്കുന്നവരെ ദണ്ഡിച്ചിരുന്നു. കാൎയ്യം കൂടാതെ അദ്ദേഹം അന്തഃപുരത്തുനിന്നു പുറത്തിറങ്ങുക പതിവില്ല. അദ്ദേഹത്തിന്റെ ജന്മനക്ഷത്രദിവസം നാട്ടിലെങ്ങും ഉത്സവം കൊണ്ടാടിയിരുന്നു.

സൈന്യവിഭാഗമെന്നും സാധാരണ വിഭാഗമെന്നും രണ്ടുതരത്തിലായിരുന്നു അദ്ദേഹത്തിന്റെ രാജ്യതന്ത്രവിഭാഗം. ഇതിൽ സൈന്യവിഭാഗത്തിന്റെ അഭ്യുന്നതിക്കു വേണ്ടി ധാരാളം ധനം വിനിയോഗിച്ചിട്ടുണ്ട്. ആറുപത്തിനാലായിരം കാലാൾപടകളും, മുപ്പതിനായിരം അശ്വസാദികളും, ആറായിരം ആനകളും, എണ്ണായിരം തേരുകളും കൂടിയ ഒരു വലിയ സൈന്യം അദ്ദേഹത്തിനുണ്ടായിരുന്നു.

സൈന്യവിഭാഗത്തിന്റെ മേലന്വേഷണത്തിനായി ചില സഭകൾ ഏൎപ്പെടുത്തുകയും ആ സഭകൾ നിൎവ്വഹിക്കേണ്ടതായ കാൎയ്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തിരുന്നു. ഇങ്ങിനെ ആറു സഭകളാണുണ്ടായിരുന്നത്. ഒന്നാമത്തെ സഭ സൈന്യത്തിനു ആവശ്യമുള്ള വെള്ളത്തിന്റെയും, രണ്ടാമത്തേതു ഭക്ഷണസാമഗ്രിയുടേയും, മൂന്നാമത്തേതു സ്ഥലത്തിന്റേയും, ബാക്കി മൂന്നു സഭകളും ആന, കുതിര, തേർ ഇവയുടേയും മേൽനോട്ടത്തിനായി നിയമിക്കപ്പെട്ടു. മേൽപ്പറയപ്പെട്ട സഭകൾ അതാതിന്റെ ചുമതല വേണ്ടപോലെ നിൎവ്വഹിച്ചു.

സാധാരണ വിഭാഗത്തിന്റെ കാൎയ്യാന്വേഷണത്തിനായി വേറെ ചില സഭകളുമുണ്ടായിരുന്നതിൽ, ഒന്നാമത്തെ സഭയുടെ ചുമതല, ശില്പവിദ്യയുടെ മേലന്വേഷണം, യോഗ്യതയനുസരിച്ചു പ്രതിഫലം നിശ്ചയിക്കുക, വസ്തുപരീക്ഷണം എന്നിവയായിരുന്നു. ശില്പികൾ തങ്ങളുടെ വേലയെടുത്തിരുന്നതു പലപ്പോഴും രാജഭവനത്തിൽ വെച്ചുതന്നെയായിരുന്നു. എന്നാൽ അവൎക്കു വിരുദ്ധമായി വല്ലവരും പ്രവൎത്തിച്ചാൽ അവർ കഠിനശിക്ഷയ്ക്കു അൎഹന്മാരായിരുന്നു.

നാട്ടുകാൎക്കു ഭവനം പണിയിച്ചുകൊടുപ്പാനും, അവരെ രക്ഷിപ്പാനും, ചികിത്സകന്മാരെ നിശ്ചയിപ്പാനും മറ്റുമായിരുന്നു രണ്ടാമത്തെ സഭ നടത്തിയിരുന്നത്. വൈദേശികന്മാരുടെ നേരെ രാജാവിന്റെ അനുചരന്മാൎക്കും, ഉദ്യോഗസ്ഥന്മാൎക്കും വലുതായ ബഹുമാനമുണ്ടായിരുന്നു. അവരിൽ ആരെങ്കിലും മരിച്ചുപോയാൽ അവന്റെ ശവസംസ്കാരം മുതലായതു മേൽപ്പറഞ്ഞ സഭതന്നെ നടത്തി, അവന്റേതായി വല്ല സ്വത്തുക്കളുമുണ്ടെങ്കിൽ അതു അവന്റെ ദായാദന്മാൎക്കയച്ചുകൊടുക്കും. അതിഥിസൽക്കാരം രാജാവിനു വിട്ടൊഴിച്ചുകൂടാത്ത ഒരു ധൎമ്മമായിരുന്നു.

മൂന്നാമത്തെ സഭയുടെ ഉദ്ദേശ്യം ജനനമരണക്കണക്കുകളെ വ്യവസ്ഥപ്പെടുത്തുകയായിരുന്നു. ഈ കണക്കുപ്രകാരം ജനസംഖ്യയും, തന്മൂലം രാജഭോഗവും വ്യവസ്ഥാപിക്കപ്പെട്ടു. നാലാമത്തെ സഭകൊണ്ടുള്ള ഉപയോഗം കച്ചവടവ്യവസ്ഥാപനം തന്നെ. ക്രയവിക്രയങ്ങളെ സ്ഥിരപ്പെടുത്തുക, അളവുപാത്രങ്ങളെ പരിശോധിക്കുക, മുതലായ കൃത്യങ്ങളാണ് ഈ സഭ നടത്തിയിരുന്നത്. കച്ചവടക്കാ

മിൽനിന്നു ഒരു നികുതിയും പിരിച്ചിരുന്നു.

കച്ചവടത്തെ പരിശോധിക്കുവാൻ വേണ്ടിയാണ് അഞ്ചാമത്തെ സഭ നടത്തിയിരുന്നത്. പഴകിയതും പുതിയതുമായ സാധനങ്ങൾ കൂട്ടിക്കലർത്തി വില്ക്കുന്നവരെ ശിക്ഷിച്ചിരുന്നു. വിററു കിട്ടുന്ന ലാഭത്തിൽ പത്തിലൊരു ഭാഗം രാജാവിന്നു കൊടുക്കേണ്ടതായിരുന്നു. കരം പിരിക്കുക മുതലായ കാര്യങ്ങളെ തിട്ടപ്പെടുത്തുക ആറാമത്തെ സഭയുടെ കൃത്യമായിരുന്നു.

ഇപ്രകാരം സകലവിഷയത്തിലും അപ്രമത്തനായ ചന്ദ്രഗുപ്തമഹാരാജാവ് ഇരുപത്തിനാലു സംവത്സരം നീതിയോടെ രാജ്യഭരണം ചെയ്ത ഒരു ചക്രവർത്തിയായിരുന്നു എന്നത് ഭാരതീയരായ നമുക്കു സന്തോഷത്തിന്നും അഭിമാനത്തിന്നും ഒരു വലിയ ഹേതുവാണെന്നു നിസ്സംശയം പറയാവുന്നതാണ്.

കരമത്തിൽ കൃഷ്ണമേനോൻ

---

# ഭൂമിയിലുള്ള
# ഉടമസ്ഥതാവകാശം*

ഉടമസ്ഥതാവകാശം പലവിധമായിട്ടിരിക്കുന്നു. തന്നെത്താൻ ഉണ്ടാക്കീട്ടുള്ള പദാർത്ഥങ്ങളിൽ ഒരുവന്നുള്ള ഉടമസ്ഥത, മറെറാരുവന്നു എന്തെങ്കിലും ഉണ്ടാക്കിക്കൊടുത്തതിന്നൊ അല്ലെങ്കിൽ മറെറാരുവന്നു എന്തെങ്കിലും സഹായം ചെയ്തുകൊടുത്തതിന്നൊ പ്രതിഫലമായി കിട്ടീട്ടുള്ളതിൽ ഒരുവന്നുള്ള ഉടമസ്ഥത; അപ്രകാരമുള്ള സഹായങ്ങളുടെ കൂട്ടത്തിൽ ഒരുവൻ ഉണ്ടാക്കീട്ടുള്ളതൊ അല്ലെങ്കിൽ ന്യായമായി സമ്പാദിച്ചിട്ടുള്ളതൊ ആയ എന്തെങ്കിലും പദാർത്ഥത്തെ ഒരുവന്നു കടം കൊടുക്കുക എന്നതുംകൂടി കണക്കാക്കേണ്ടതാകുന്നു. ഒരു സാധനത്തെ ഉണ്ടാക്കുകയൊ അല്ലെങ്കിൽ ന്യായമായി സമ്പാദിക്കുകയൊ ചെയ്തിട്ടുള്ള പുരുഷനാൽ തന്നെ, ഇരിക്കുമ്പോഴാകട്ടെ മരണസമയത്താകട്ടെ- ഒരുവന്നു യഥേഷ്ടം കൊടുക്കപ്പെട്ട ആ സാധനത്തിൽ അവന്നുള്ള ഉടമസ്ഥതാവകാശം. അപ്രകാരം കൊടുക്കുന്നതിന്നുള്ള കാരണം എന്തെങ്കിലും ആവാം—ഒന്നുകിൽ അവനിൽ കൊടുക്കുന്നവന്നു സ്നേഹമുണ്ടായിരിക്കുക, അല്ലെങ്കിൽ ഒരുവന്നു കൊടുക്കുന്നവന്റെ പേരിൽ എന്തെങ്കിലും ന്യായമായിട്ടൊരവകാശമുണ്ടായിരിക്കുക, അല്ലെങ്കിൽ അവൻ അതിനെ വേണ്ടപോലെയൊ ദാതാവിന്റെ മനോരഥം പോലെയൊ ഉപയോഗിക്കുമെന്നു

---

* ജോൺ സ്ററുവർട്ട് മിൽ എന്ന മഹാൻ 'ലാൻഡു ടെന്യുവർ റിഫോറം അസോസിയേഷൻ' എന്ന സഭയ്ക്കുവേണ്ടി എഴുതിയതായ ഈ ഉപന്യാസം അദ്ദേഹത്തിന്റെ ഒടുവിലത്തെ ലേഖനമാണ്. ധനശാസ്ത്രം, തത്വശാസ്ത്രം, തർക്കശാസ്ത്രം ഇവയെപ്പററി പല ഗ്രന്ഥങ്ങളെഴുതി പ്രസിദ്ധി നേടിയ മഹാനാണ് മിൽ. ഇദ്ദേഹത്തിന്റെ അച്ഛനായ ജയിംസുമിൽ ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ കീഴിൽ ഇന്ത്യാ ആപ്പീസ്സിൽ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ഇന്ത്യാചരിത്രം എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ്. അച്ഛന്റെ കാലശേഷം, രാജ്യഭാരം ചക്രവർത്തിനിയുടെ കീഴിലാക്കിയതുവരെ (൧൮൫൮) ആ ഉദ്യോഗം തന്നെ ഭരിച്ചിരുന്ന ജോൺ സ്ററുവർട്ട് മിൽ ൧൮൭൩-ൽ കാലഗതിയെ പ്രാപിച്ചു. —ലേഖകൻ.

കൊടുക്കുന്നവന്നുവിചാരമുണ്ടായിരിക്കുക-- ഇങ്ങിനെ എന്തെങ്കിലുമാവാം. ഇവയെല്ലാം പ്രയത്നഫലങ്ങളായ പദാത്ഥങ്ങളിലുള്ള അവകാശങ്ങളാകുന്നു. ഇവയെല്ലാം ഓരോരുത്തക്കും സ്വപ്രയത്നം കൊണ്ടും സ്വപ്രയത്നഫലംകൊണ്ടും സ്വപ്രയത്നം കൊണ്ടുണ്ടായിട്ടുള്ള സമ്പാദ്യംകൊണ്ടും യഥേഷ്ടം പ്രവത്തിക്കുന്നതിനുള്ള—സ്വന്തമാവശ്യത്തിന്നായിട്ടു പ്രയോഗിക്കുക, മററു പദാത്ഥങ്ങൾക്കായി മാററം ചെയ്യുക, അല്ലെങ്കിൽ സ്വേച്ഛപോലെ മററു ചിലക്കു കൊടുക്കുക എന്നിങ്ങിനെ ഏതെങ്കിലുംവിധത്തിൽ പ്രവത്തിക്കുന്നതിന്നുള്ള—അവകാശങ്ങളായിട്ടു തീരുന്നു.

എന്നാൽ ഈ വക വിവരണങ്ങളിൽ ഒന്നിലും പെടാതെകണ്ടും ഈ തത്വത്തെ അവലംബിക്കാതെകണ്ടും ഇനി ഒരു ജാതി ഉടമസ്ഥതാവകാശമുണ്ട്. തങ്ങളാൽ അല്ലെങ്കിൽ ആരാലും ഉണ്ടാക്കപ്പെട്ടതല്ലാത്ത പദാത്ഥങ്ങളിൽ ജനങ്ങൾ നടത്തിവരുന്ന ഉടമസ്ഥത—ഭൂമിയിലുള്ള ഉടമസ്ഥതാവകാശം ഇപ്രകാരമുള്ളതാകുന്നു. ഭൂമി എന്ന ശബ്ദത്തിൽ അതിന്റെ അകത്തും പുറത്തും ഉള്ള പദാത്ഥങ്ങൾ എന്ന അത്ഥവും കൂടി ഉൾപ്പെടുന്നതാകുന്നു. ഈ മാതിരി ഉടമസ്ഥത ഒരു പ്രയത്നക്കാരന്നു സ്വപ്രയത്നംകൊണ്ടുണ്ടാക്കപ്പെട്ട പദാത്ഥങ്ങളിൽ ഉള്ള അവകാശം പോലെയുള്ളതല്ല. അതു ധമ്മ്യമായിട്ടുള്ളതാണെങ്കിൽ തന്നെ മറെറാരു ന്യായത്തെ അടിസ്ഥാനമാക്കീട്ടാണിരിക്കുന്നത്. ഭൂമി മനുഷ്യന്റെ സൃഷ്ടിയല്ല; അതു പ്രകൃതിയാൽ തന്നെ ദത്തമായുള്ളതാകുന്നു. ഒരുവന്നു പ്രത്യേകമായിട്ടുണ്ടാക്കപ്പെട്ടതുമല്ല; ഒരുവൻ കൈവശമാക്കുന്നതുവരെ അതു മററുള്ളവരുടേതുമായിരുന്നു. അങ്ങിനെ ഇരിക്കുന്ന വസ്തുവിനെ ഒരുവൻ സ്വന്തമാക്കിത്തീക്കുക എന്നതു പ്രഥമദൃഷ്ടിയിൽ തന്നെ ന്യായവിരോധമാകുന്നു. ബലമായിട്ടാക്രമിക്കാതെ ഓഹരിപ്രകാരം ന്യായമായിട്ടു സിദ്ധിച്ചതാണെങ്കിലും, ഒരു ജനസമുദായം ഒരു പ്രദേശത്ത് ആദ്യമായി കുടിയേറിപ്പാത്ത സമയം ഭൂമിയെല്ലാം അവർ തമ്മിൽ ഒപ്പം വിതിച്ചെടുത്തിട്ടുള്ളതാണ് എങ്കിലും (ഇപ്രകാരം ചിലപ്പോൾ സംഭവിക്കാറുണ്ടു.) അവരുടെ സന്താനങ്ങളെ സംബന്ധിച്ചു—അതില്ലെങ്കിലും ആ വക സ്വത്തുക്കൾക്കവകാശികളല്ലാതെ അടുത്തു പിന്നിടു ജനിക്കുന്നവരെല്ലാവരെയെങ്കിലും സംബന്ധിച്ച്—ആ പ്രവൃത്തി അന്യായമായിരിക്കുന്നതാണ്. അങ്ങിനെയുള്ള ഒരേപ്പാടു ന്യായമായിട്ടുള്ളതാക്കിത്തീക്കണമെങ്കിൽ അതു പൊതുജനങ്ങൾക്കു ക്ഷേമത്തെ ഉണ്ടാക്കുന്നതാണ് എന്നു കാണിക്കണം. സമുദായത്തിൽ ഭൂസ്വത്തിന്നവകാശികളല്ലാതെ നിൽക്കുന്നവക്കു കൂടി അതിൽ പങ്കു കൊള്ളത്തക്ക വിധമായിരിക്കുകയും വേണം.

ഈ വിധമുള്ള ഉടമസ്ഥതാവകാശത്തിന്നു തക്കതായ ന്യായമുണ്ട് എന്നാണ്, പരിഷ്കൃതന്മാരായ ജനസമുദായങ്ങളുടെ ഇടയിൽ സാമാന്യേന ഇതേവരെയുള്ള അഭിപ്രായം. ഭൂസ്വത്തിനെ സ്വന്തമാക്കി കൈവശം വെക്കുക എന്നത് അതിന്നവകാശികളായവക്കും അല്ലാത്തവക്കും ഗുണകരമാണ് എന്നാകുന്നു വിചാരിച്ചു പോന്നിട്ടുള്ളത്. എന്തൊരു വിധത്തിലാണ് ഗുണകരമായിരിക്കുന്നത്? ഈ സംഗതി ന

മുക്ക പ്രത്യേകം മനസ്സിരുത്തിനോക്കാം. ഭക്ഷണപദാൎത്ഥങ്ങളൊ അല്ലെങ്കിൽ ജനസമുദായത്തിന്നാവശ്യമുള്ളതും ഉപയോഗമുള്ളതുമായ മറ്റു പദാൎത്ഥങ്ങളൊ കഴിയുന്നേടത്തോളമധികം ഭൂമിയിൽനിന്നു കിട്ടാറാക്കിത്തീൎക്കുക എന്നതാണു മനുഷ്യൎക്കു ഭൂമിയെക്കൊണ്ടുള്ള പരമപ്രയോജനം. ഇതിനെയാണു ഗുണകരമായിരിക്കുന്നത്. ഈ ഘട്ടത്തിൽ ഒരു സംഗതി ആലോചിപ്പാനുണ്ട്. ഭൂമി മനുഷ്യപ്രയത്നത്തിന്റെ ഫലമല്ലാ എങ്കിലും അതിൽനിന്നുണ്ടാവുന്ന പദാൎത്ഥങ്ങൾ അപ്രകാരമാകുന്നു. അതിൽനിന്നു വേണ്ടേടത്തോളം ഫലം സിദ്ധിക്കണമെങ്കിൽ ആരെങ്കിലും കഠിനമായി പ്രയത്നം ചെയ്യാതെ കഴികയില്ല. ഈ പ്രയത്നത്തെ നിലനിൎത്തിപ്പോരുന്നതിന്നു മുൻ പ്രയത്നത്തിന്റെ ഫലമായ സമ്പാദ്യത്തിൽനിന്നു ഒരു വലിയ സംഖ്യ ചെലവുചെയ്യേണ്ടിവരും താനും. സാധാരണയായി മനുഷ്യർ പൊതുജനങ്ങൾക്കു വേണ്ടി ചെയ്യുന്നതിനെക്കാൾ തങ്ങൾക്കും തങ്ങളുടെ അടുത്ത സന്താനങ്ങൾക്കും വേണ്ടി അധികം പണം ചെലവുചെയ്കയും അധികം പ്രയത്നിക്കുകയും ചെയ്യുമെന്നത് അനുഭവസിദ്ധമാണെല്ലൊ. അതിനാൽ ഭൂമിയിൽനിന്നു കഴിയുന്നത്ര ഫലം ഉണ്ടാക്കിത്തീൎക്കുന്നതിന്നു ജനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഭൂമിയിൽ പ്രത്യേകം ഉടമസ്ഥതാവകാശം അവശ്യം ഉണ്ടായിരിക്കണമെന്നു ന്യായമായിരിക്കും; എന്തെന്നാൽ അപ്പോൾ ഭൂമിയെ കഴിയുന്നേടത്തോളം ഫലവത്താക്കിത്തീൎത്തുകൊണ്ടു കഴിയുന്നത്ര ലാഭം അതിൽനിന്നു കിട്ടുവാൻ അവൎക്കു തരംവരുന്നതാണ്. അതിനിടയ്ക്ക് അന്യൻ ഇടയിൽ ചാടി അതിന്നു വിഘ്നം വരുത്തുമെന്നു ഭയപ്പെടുവാനില്ല. ഇതാകുന്നു ഭൂമിയെ സ്വകാൎയ്യസ്വത്തായി കൈവശപ്പെടുത്തുവാൻ അനുവദിക്കുന്നതിന്നു സാധാരണയായി പറഞ്ഞുവരുന്ന ന്യായം. അതിലേറ്റു ഉള്ളതിലധികം നല്ല ന്യായം അതാണുതാനും.

ഒരു കാൎയ്യത്തിന്റെ കാരണം ഇന്നതു് എന്നു നാം അറിയുന്നതോടുകൂടി അതിന്റെ വ്യാപ്തി എത്രത്തോളമുണ്ടാകണം എന്നുകൂടി അറിയുന്നു. കാൎയ്യത്തിന്റെ വ്യാപ്തിതന്നെയായിരിക്കണം കാരണത്തിന്റെ വ്യാപ്തിയും. കാരണം ചെന്നവസാനിക്കുന്ന ദിക്കിൽ കാൎയ്യവും അവസാനിക്കണം. ഭൂമി വസ്തുവുടമസ്ഥനാലൊ അവന്റെ കാരണവന്മാരാലൊ ഉണ്ടാക്കപ്പെട്ടതല്ല; ഭൂമി സ്വകാൎയ്യസ്വത്തായി കൈവശംവെയ്ക്കുന്നതിന്നുള്ള കാരണം അതു വെടിപ്പായി കൃഷിചെയ്യുന്നതിൽ ഉടമസ്ഥനുണ്ടാകുന്ന അധികതാല്പൎയ്യവുമാണ്. എന്നിരിക്കെ ഭൂമിയുടമസ്ഥന്റെ അവകാശം ഈ കാൎയ്യത്തെ അതിക്രമിച്ചുനില്ക്കുവാൻ പാടില്ല. ഭൂമിയെ കഴിയുന്നേടത്തോളം ഫലവത്താക്കിത്തീൎക്കയൊ അല്ലെങ്കിൽ കഴിയുന്നേടത്തോളം മനുഷ്യൎക്കുപയോഗമുള്ളതാക്കിത്തീൎക്കയൊ ചെയ്യുന്നതിന്നു കൈവശക്കാരനു പ്രേരണയായി ഭവിക്കാത്ത അവകാശങ്ങൾ ഒന്നുംതന്നെ കൈക്കൊള്ളുവാൻ പാടുള്ളതല്ല. അതിന്നപ്പുറത്തുള്ളതെല്ലാം പ്രകൃതത്തിലുള്ള കാൎയ്യത്തിന്റെ കാരണത്തെ അതിക്രമിച്ചുപോകുന്നു; ജനസമുദായത്തിൽ ബാക്കിയുള്ളവൎക്കു സങ്കടത്തിന്നു ഹേതുവുമായിത്തീരുന്നു.

ശീമയിൽ ഇപ്പോഴും നടപ്പുള്ള ഭൂമിയുടമസ്ഥത ഈ അവസ്ഥയോടു യോജിക്കുന്നുണ്ടെന്നു പറയുവാൻ പാടില്ല. ജന്മികൾക്കു നിയമപ്രകാരമുള്ള അവകാശങ്ങൾ ഭൂമിയെ പരിഷ്കരിക്കുന്നതിന്നുള്ള പ്രേരണയെ കൊടുക്കുന്നതിനാവശ്യമുള്ളതിനെക്കാൾ വളരെ അധികമായിട്ടാണിരിക്കുന്നത്. ഈവക അവകാശങ്ങൾ വളരെ ദോഷത്തെ തന്നെ ചെയ്യുന്നുണ്ട്. ഭൂപരിഷ്കരണ ശ്രമത്തെ പലവിധത്തിലും തടുക്കുന്നതന്നു അല്പഫലപ്രകാരേണ കാരണമായിട്ടിരിക്കുന്നു; എന്നല്ല അവ വാസ്തവത്തിൽ തടുക്കതന്നെ ചെയ്യുന്നുണ്ട്.

ഒരു കാര്യത്തിന്നു ജന്മിക്കധികാരമുണ്ട്; അത് ഏതായാൽ പലപ്പോഴും പ്രയോഗിക്കുകയും ചെയ്യുന്നു. ഭൂമിയെ നന്നാക്കുന്നില്ല എന്നു മാത്രമല്ല നായാട്ടിന്റെ ആവശ്യത്തിന്ന് അസംഖ്യം മൃഗങ്ങളെ വളർത്തുന്നതിന്നായി അതു കൃഷിചെയ്യാതെ തരിശിടുകയും ചെയ്യുന്നു. ഈ അധികാരത്തെ വസൂലാക്കുന്നതിന്നുള്ള കാരണമായിട്ട സാധിക്കുവാൻ ഒരിക്കലും കഴിയുന്നതല്ല.

അതിന്നുപുറമെ, വസ്തു സ്വകാര്യമായി കൈവശംവെയ്ക്കുവാൻ അനുവദിക്കുന്നതിന്റെ ഉദ്ദേശ്യം അതിനെ വേണ്ടുംവണ്ണം കൃഷിചെയ്യുന്നതിന്നുള്ള പ്രേരണ കഴിയുന്നേടത്തോളം ഉണ്ടാക്കിത്തീർക്കുക എന്നതാണെങ്കിൽ വാസ്തവത്തിൽ കൃഷിചെയ്യുന്നവനിലാണ് ഉടമസ്ഥതാവകാശം ഇരിക്കേണ്ടത്. എന്നാൽ ഇംഗ്ലാണ്ടിൽ ഒട്ടുമുഴുവൻ ഭൂമിയും കുടിയാന്മാരായ കൃഷിക്കാരാണു കൃഷിചെയ്യുന്നത്. അവർ വസ്തുവുടമസ്ഥന്മാരല്ല എന്നു മാത്രമല്ല, അവരിൽ മിക്കവർക്കും വസ്തുവിന്മേൽ യാതൊരു പിടിപാടുമില്ല. അവർ വെറുമ്പാട്ടക്കുടിയാന്മാർ മാത്രമാകുന്നു. ആറുമാസംമുമ്പു നോട്ടീസ്സുകൊടുത്താൽ അവരുടെ കയ്യിൽനിന്നു വസ്തു ഒഴിപ്പിക്കുകയും ചെയ്യാം. ആവക ഭൂമികൾ നല്ലവണ്ണം കൃഷിചെയ്യുകാണുന്നുണ്ടെങ്കിൽ ജന്മികളുടെ അവകാശം നിമിത്തമാണ് എന്നു പറയുവാൻ പാടില്ല. കൃഷികാര്യത്തിൽ ആവക അവകാശങ്ങൾകൊണ്ടു എന്തെങ്കിലും ഫലമുണ്ട് എങ്കിൽ അതു ദോഷകരമായിട്ടുള്ളതാണ്; ഗുണകരമായിട്ടുള്ളതല്ല. ഇപ്രകാരമുള്ള വെറുമ്പാട്ടാവകാശം മാത്രംകൊണ്ടു കൃഷിക്കാർ വസ്തുക്കൾ നല്ലവണ്ണം കൃഷിചെയ്യുന്നുണ്ടെങ്കിൽ നല്ലവണ്ണം കൃഷിചെയ്യുവാൻ (ഒരു പ്രേരണയായിട്ടു) ഉടമസ്ഥതാവകാശം ആവശ്യമില്ല എന്നതിലേയ്ക്കു അതൊരു തെളിവാകുന്നു.

ഇവിടെ ഇതിനെ ഒരു പൂർവ്വപക്ഷം:- കൃഷിചെയ്യുക എന്നതു വെറുമ്പാട്ടക്കുടിയാന്മാർക്കു തൃപ്തികരമാകുംവണ്ണം നടത്തുവാൻ കഴിയും, നടത്തിവരുന്നുമുണ്ട്. പക്ഷെ തരിശുകിടന്നിരുന്ന അനവധി ഭൂമിയെ ഫലവത്താക്കിത്തീർക്കുന്നതിന്നുള്ള വളരെ പണച്ചെലവോടുകൂടിയ പരിഷ്കാരങ്ങളെ സംബന്ധിച്ചു അങ്ങിനെ പറയുവാൻ പാടില്ല. ഈവക പരിഷ്കാരങ്ങളിൽനിന്നു സാവധാനത്തിൽ മാത്രമെ ആദായംകിട്ടുകയുള്ളൂ. അതിനാൽ പണമുണ്ടെങ്കിൽത്തന്നെ ഒരു വെറുമ്പാട്ടക്കാരൻ ആവക പരിഷ്കാരങ്ങൾ ചെയ്യുന്നതല്ല. ഉടമസ്ഥനൊഴിച്ചു മറെറാരുത്തനും അതു ചെയ്വാൻ കഴികയില്ല, ആരും ചെയ്യുന്നതുമില്ല. ചില വസ്തുവുടമസ്ഥന്മാർ അപ്രകാരമുള്ള പ

ദിഷ്ടാരങ്ങൾ ഭൂമിക്കു വരുത്തുന്നുണ്ട്; അതിനാൽ ഭൂമിയിൽ ഉടമസ്ഥതാവകാശം എന്ന ഏൎപ്പാട ന്യായംതന്നെയാകുന്നു.

ഈ അഭിപ്രായത്തിന്നു വേണ്ടേടത്തോളം ഗൌരവം കൊടുക്കുന്നതായാൽ തന്നെയും വസ്തുവിൽനിന്നുണ്ടാവുന്ന ആദായമാസകലത്തിന്നും ജന്മിക്കവകാശമുണ്ടു എന്നു പിടന്നാലും വരുന്നില്ല. തന്റെ പൂൎവ്വന്മാരുടെ പ്രയത്നത്തിന്റെയോ അല്ലെങ്കിൽ അവരുടെ സ്ഥാനത്തിരിക്കുന്ന താന്റെ സ്വന്തം പ്രയത്നത്തിന്റെയോ ഫലമായിത്തീൎന്നിട്ടുള്ള അംശത്തിന്നു മാത്രമേ ജന്മിക്കവകാശമുള്ളൂ. ആദായത്തിന്റെ ഏതൊരംശമാണു തന്റേതല്ലാതെ മറ്റുള്ളവരുടെ പ്രയത്നംകൊണ്ടും പണച്ചെലവുകൊണ്ടുമുണ്ടായിട്ടുള്ളതു ആ അംശം ആ മറ്റുള്ളവൎക്കിരിക്കേണ്ടതാകുന്നു. ഒരു കുടിയാൻ തന്റെ ചാൎത്തുകാലം കഴിഞ്ഞിട്ടും നിലനില്ക്കുന്നതായ എന്തെങ്കിലും ഗുണം വസ്തുവിന്നു വരുത്തിട്ടുണ്ടെങ്കിൽ ജന്മി അതിന്നു— സ്ഥിരമായിട്ടുള്ളതാണെങ്കിലും താല്ക്കാലികമായിട്ടുള്ളതാണെങ്കിലും— തീൎച്ചയും പ്രതിഫലം അവശ്യം കൊടുക്കേണ്ടതാകുന്നു. ഒരു രാജ്യത്തെ ധനം വൎദ്ധിപ്പിക്കുന്നതിന്നുവേണ്ടിയുള്ള തദ്ദേശീയന്മാരുടെ സഫലമായ പ്രയത്നംകൊണ്ടു വസ്തുവിന്റെ വില തന്നെ— ജന്മിയാകട്ടെ കുടിയാനാകട്ടെ യാതൊന്നും ചെയ്യാതെതന്നെ— വൎദ്ധിച്ചുവരായെങ്കിൽ ആ കൂടുതൽ വില ജനസമുദായത്തിന്നിരിക്കേണ്ടതാകുന്നു. അതുപ്രകാരമായിരിക്കണമെന്ന സംഗതി, യാതൊരു മൂലതത്വത്തെ ആശ്രയിച്ചാണു വസ്തുവുടമസ്ഥതതന്നെ സാധുവായിരിക്കുന്നതു ആ തത്വത്തോട യോജിച്ചിരിക്കുന്നുവെന്നു മാത്രമല്ല ആ തത്വത്തിന്റെതന്നെ ഫലവുമായിരിക്കുന്നു.

ജനസാമാന്യത്തിന്റെ പ്രയത്നംകൊണ്ടു ഭൂമിയുടെ വില— ഭൂമി നന്നാക്കുവാൻ ജന്മി ശ്രമിച്ചാലും ഇല്ലെങ്കിലും— ദിവസംപ്രതിയും വൎഷംപ്രതിയും കൂടിക്കൂടിക്കൊണ്ടുവരുന്നുണ്ട്. പട്ടണങ്ങളുടെ വളൎച്ച, വിവിധവ്യവസായങ്ങളുടെ വൎദ്ധന, തൊഴിലുകൾ വൎദ്ധിച്ചുവരികനിമിത്തമുള്ള ജനപ്പെരുക്കം എന്നിവയെല്ലാം ഭൂമിക്കുള്ള ആവശ്യം— ജനങ്ങൾക്കു കുടിപാൎക്കുന്നതിന്നും ഭക്ഷണപദാൎത്ഥങ്ങളും വസ്ത്രങ്ങൾക്കു വേണ്ടുന്ന പദാൎത്ഥങ്ങളും ഉല്പാദിപ്പിക്കുന്നതിന്നും മറ്റും വേണ്ടിയുള്ള ആവശ്യം— വൎദ്ധിക്കുന്നതിന്നു കാരണമായിത്തീരുന്നു. കൽക്കരിക്കും ഇരുമ്പിന്നും ഭൂമി കുഴിച്ചെടുക്കുന്ന മറ്റെല്ലാപദാൎത്ഥങ്ങൾക്കും ഉള്ള ആവശ്യം എപ്പോഴും വൎദ്ധിച്ചുകൊണ്ടേയിരിക്കുന്നതിന്നും അവ കാരണമായിരിക്കുന്നു. ഇപ്രകാരം ആവശ്യം വൎദ്ധിക്കുന്നതുകൊണ്ടു ഭൂമിയുടമസ്ഥന്മാൎക്കു സ്വപ്രയത്നലേശം കൂടാതെതന്നെ, വലിയ നേട്ടമുണ്ടായിത്തീരുന്നു. നാട്ടുപുറങ്ങളിലുള്ള ഭൂമിയിൽനിന്നു കിട്ടുന്ന ആദായം കൂടിക്കൂടിവരുന്നു; ഭവനം കയറ്റുന്ന ഭൂമികളിൽനിന്നുള്ളതു അതിലധികം വൎദ്ധിച്ചുവരുന്നു; ആ വക ആദായങ്ങളെ വാങ്ങിക്കുക എന്നല്ലാതെ അവയെ സമ്പാദിച്ച ഭൂമിയുടമസ്ഥന്മാർ യാതൊന്നും ചെയ്യുന്നില്ല.

ഈ വിധമുള്ള കൂടുതലാദായം അതിന്നു യഥാൎത്ഥത്തിൽ കാരണഭൂതന്മാരായിട്ടുള്ളവൎക്കിരിക്കേണ്ടതാകുന്നുവെന്നാണ് L. T. R. A. സഭ ആവശ്യപ്പെടുന്നത്. ജന്മികൾക്കിപ്പോൾ കിട്ടിവരുന്ന ആദായമില്ലാ

താകണമെന്ന് അവർ അഭിപ്രായപ്പെടുന്നില്ല; സ്വപ്രയത്നംകൊണ്ടു മേലിൽ ഉണ്ടാകുന്ന കൂടുതലാദായത്തെ അവൎക്കു കൊടുപ്പാൻ പാടില്ല എന്നും അഭിപ്രായപ്പെടുന്നില്ല. മേലിൽ സ്വപ്രയത്നംകൊണ്ടല്ലാതെകണ്ടുണ്ടാവുന്ന കൂടുതലാദായത്തെ അവരിൽനിന്നെടുക്കണമെന്നും– അനേകം തലമുറയായിട്ട് എവരുടെ പ്രയത്നംകൊണ്ടും ത്യാഗംകൊണ്ടുമാണ് വാസ്തവത്തിൽ അതുണ്ടായിത്തീരുന്നത് — അവൎക്കായിട്ടതു സൂക്ഷിക്കണമെന്നും മാത്രമേ സഭ ആവശ്യപ്പെടുന്നുള്ളൂ. ഇതു സാധിക്കുന്നതിന്നു ആലോചിച്ചുവെച്ചിട്ടുള്ള ഒരു മാൎഗ്ഗം വിശേഷനികുതി ചുമത്തുക എന്നതാകുന്നു. ഓഹരിപ്രകാരം ജന്മികൾ കൊടുക്കേണ്ടിവരുന്ന പൊതുവായ കരത്തിന്നു പുറമെ സ്വപ്രയത്നംകൊണ്ടല്ലാതെ വേറെ കാരണങ്ങളെക്കൊണ്ട് അവൎക്കുണ്ടാകുന്ന കൂടുതലാദായത്തിന്റെ തക്കതായ ഒരംശം വിശേഷനികുതിയായി മേലിൽ അവർ കൊടുക്കണമെന്നു ന്യായമായിട്ടാവശ്യപ്പെടാവുന്നതാണ്.

ഈ അഭിപ്രായത്തിന്നെതിരായി ഇങ്ങിനെ ഒരു പൂൎവ്വപക്ഷം പുറപ്പെടുവിക്കുന്നു: — 'പല ജന്മികളും തങ്ങളുടെ കൈവശമുള്ള ഭൂമികൾ വില കൊടുത്തു വാങ്ങിയിട്ടുള്ളതാകുന്നു. തൽക്കാലത്തെ ആദായം മാത്രമല്ല മേലിൽ ഉണ്ടാകാവുന്ന ആദായവും കൂടി കണക്കാക്കീട്ടാണ് അവർ അങ്ങിനെ വാങ്ങീട്ടുള്ളത്. അതിനാൽ അങ്ങിനെയുണ്ടാവുന്ന കൂടുതലാദായത്തെ അവൎക്കില്ലാതെയാക്കുന്നതു ന്യായമായിരിക്കുകയില്ല.' എന്നാൽ തക്കതായ പ്രതിഫലം കൊടുക്കാതെ അവൎക്കതില്ലാതാക്കണമെന്നു സഭ ഉദ്ദേശിക്കുന്നില്ല. സഭയുടെ ആലോചന നടപ്പിൽ വരുന്ന കാലത്തു ജന്മികൾക്കു തങ്ങളുടെ ഭൂമിക്ക് എന്തു വില കിട്ടുമോ ആ വിലയ്ക്ക് ഉടനേയോ കുറെ കഴിഞ്ഞിട്ടോ ഭൂമി ഗവൎമ്മേണ്ടിലേക്കൊഴിഞ്ഞുകൊടുപ്പാനുള്ള അധികാരം ജന്മികൾക്കുണ്ടായിരിക്കണം എന്നാണ് സഭ അഭിപ്രായപ്പെടുന്നത്. ഇങ്ങിനെ ഒരു സ്വാതന്ത്ര്യം പ്രയോഗിക്കുവാൻ തരം വരുന്നതുകൊണ്ട് അവൎക്കു മേലിലത്തെ ആദായം കണക്കാക്കി കൊടുത്തിട്ടുള്ള വക മുഴുവൻ തിരിയെ കിട്ടുമെന്നു മാത്രമല്ല ഈ പുതിയ ഏൎപ്പാടു നടപ്പാവുന്ന കാലത്തു ഒരു വസ്തുവിന്നു അതിന്റെ മേലാലത്തെ ഗുണം കണക്കാക്കിക്കൊണ്ട് എന്തു വിലയ്ക്കു വില്ക്കാമായിരുന്നുവോ ആ വില മികച്ചും ആ വസ്തുവിന്നു കിട്ടുന്നതുമാകുന്നു. അതിനാൽ ദ്രവ്യലാഭകാൎയ്യത്തിൽ അവൎക്കു ഒരു വ്യത്യാസവും ഉണ്ടാവുകയില്ലെന്ന് ഉറപ്പായി കണക്കാക്കാം; പിന്നീടുണ്ടാവുന്ന കൂടുതൽവില ഗവൎമ്മേണ്ടിലേക്കു ലാഭമായിക്കിട്ടുകയും ചെയ്യും. സ്വകാൎയ്യസ്വത്തു ഗവൎമ്മേണ്ടിലേക്കു കൈമാറ്റം ചെയ്യുക എന്നല്ല (ഇതിന്റെ അൎത്ഥം); മേലിൽ എപ്പോഴെങ്കിലും ജനങ്ങൾക്കു സ്വകാൎയ്യമായി വില കൊടുക്കാതെ കിട്ടിയേക്കാവുന്ന സ്വത്തിന്റെ ഉടമസ്ഥതയ്ക്കു ഒരു തടസ്ഥം ചെയ്യുക എന്നുമാത്രമാകുന്നു. എന്തെന്നാൽ അവർ ഇറക്കിയിരിക്കുന്ന പണം മുഴുവൻ അവൎക്കു വസൂലാവുക കഴിഞ്ഞിരിക്കുന്നു. എന്നുതന്നെയല്ല, ഇന്ന് അവർ വിചാരിച്ചിട്ടുള്ള വിലയും പൂൎത്തിയായി അവൎക്കു കിട്ടിയിരിക്കുന്നു.

ഇനി വേറൊരു പൂൎവ്വപക്ഷം സാധാ

മണ്ണ കൊണ്ടുവരുന്നുണ്ട്. ഇതേ മറുവടി കൊണ്ടുതന്നെ അതിന്നു സമാധാനം പറയാം. പട്ടണങ്ങളിലുള്ള ഭൂമിക്കു വില കൂടാനെന്നപോലെ കുറയുവാനും എളുപ്പമാണ്. ലണ്ടൻനഗരത്തിൽ ചില ഭാഗം ജനങ്ങൾ കിഴിച്ചില്ലാതെയായിത്തീരുകയും പണക്കാർ മറ്റുവിടംവിട്ടു പോവുകയും ചെയ്യുന്നു. പിന്നെ, തീവണ്ടിവഴിക്കു ജനങ്ങൾക്കു അന്യദിക്കുകളിൽനിന്നു സാമാനങ്ങൾ ലാഭത്തിൽ വാങ്ങുവാൻ സൌകര്യമുണ്ടാകുമ്പോൾ ചില പട്ടണങ്ങളുടെ കച്ചവടപ്പുഷ്ടിക്കു കുറവു വരുന്നു.

ശരിതന്നെ. പക്ഷേ ഇവയെല്ലാം വിശേഷസംഗതികളാകുന്നു. സാമാന്യമായിട്ടുള്ളവയല്ല. അതിനെ സംഭവിക്കുന്ന ഘട്ടത്തിൽ ഒരു ദിക്കിൽ നഷ്ടത്തിന്നു വേറൊരു ദിക്കിൽ ലാഭമുണ്ടാവുന്നു. അതിന്നുപുറമെ, രാജ്യത്തിന്റെ ആസകലമുള്ള പുഷ്ടികൊണ്ടുണ്ടാകുന്ന ഒരു ലാഭം സാമാന്യേന ഉണ്ടാവുകയും ചെയ്യുന്നു. എന്നതോ ചില വിശേഷകാരണങ്ങളെക്കൊണ്ടു ചില ജന്മികൾക്കു ഇങ്ങിനെയുള്ള ഗുണത്തിൽ പങ്കുകൊള്ളുവാൻ തരമാകുന്നില്ല എങ്കിൽ അവർക്കു വിശേഷാൽ നികുതിയും കൊടുക്കേണ്ടിവരികയില്ല. അവരുടെ സ്ഥിതി ഇപ്പോഴത്തെ നിലയിൽ തന്നെയായിരിക്കും (വസ്തുവാങ്ങുന്ന വിഷയത്തിൽ). 'നഷ്ടത്തിന്നൊരുങ്ങിയപ്പോൾ ലാഭത്തിന്നും അവർ അവകാശികളാണെ എന്നു വരുന്നു. എന്നു പറവാൻ പാടില്ല. എന്തെന്നാൽ ഇന്നത്തെ വിലയ്ക്കു വില്ക്കുക എന്ന സംഗതിയിൽ നഷ്ടത്തിന്നും ലാഭത്തിന്നും ഒരുപോലെ ഇടയുണ്ട്; അപ്പോൾ രണ്ടും തുല്യമായി ഭവിക്കുന്നു. തുല്യമെന്നു പറഞ്ഞാൽ പോര. അധികംതന്നെയുണ്ട്.

(തുടരും)

കെ. എം.

# ഞങ്ങളുടെ വായനശാല

൧. വ്യാഴവട്ടസ്മരണകൾ —
(ശ്രീമതി ബി. കല്യാണിഅമ്മ ബി. എ. എഴുതിയത്. വില ക. ൦—൧൨—൦)

പരേതനായ ശ്രീമാൻ കെ. രാമകൃഷ്ണപിള്ള (ബി. എ.) യെപ്പററി, അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ബി. കല്യാണിഅമ്മ എഴുതി പ്രസിദ്ധപ്പെടുത്തിയ ഈ പുസ്തകം, കേരളഭാഷയിൽ ഇയ്യിടയിലുണ്ടാവുന്ന ക്ഷുദ്രകൃതികളുടെ കൂട്ടത്തിൽനിന്നു തീരെ വ്യത്യസ്തമായ ഒന്നാകുന്നു. സ്വപ്രയത്നംകൊണ്ടു പരിഷ്കൃതമായ വിദ്യാഭ്യാസവും അഗാധമായ ജ്ഞാനവും സമ്പാദിച്ച്, [illegible] ഉപയോഗകരമായ വിധത്തിൽ വിനിയോഗിച്ച്, അസാധാരണമായ ധൈര്യത്തിനും പരിശുദ്ധമായ ജീവിതത്തിനും ദൃഷ്ടാന്തമായിത്തീർന്ന്, അല്പകാലംകൊണ്ടു അനല്പമായ കീർത്തി നേടിയ രാമകൃഷ്ണപിള്ളയുടെ ജീവചരിത്രം കേരളഭാഷയിൽ വരേണ്ടത് അത്യാവശ്യമാണ്. അതെഴുതുവാനുള്ള അർഹത അദ്ദേഹത്തിന്റെ സഹധർമ്മിണിയും, ജീവിതസാക്ഷി

ണിയും ആയ ശ്രീമതി കല്യാണിഅമ്മയ്ക്കാണെന്നുള്ളതിന്നു സംശയവുമില്ല. ഈ രണ്ടു സംഗതികൾ തന്നെ ഈ പുസ്തകത്തിന്റെ ശ്രേഷ്ഠതയ്ക്കുള്ള പ്രധാനഹേതുവാകുന്നു.

ഈ പുസ്തകത്തെ രണ്ടു ഭാഗമായിത്തിരിച്ചിരിക്കുന്നു. ഒന്നാംഭാഗത്തിൽ ശ്രീമാൻ പിള്ള കല്യാണിഅമ്മയെ വിവാഹം ചെയ്യുന്നതുവരെയും, രണ്ടാംഭാഗത്തിൽ അതിന്നുശേഷം മരണംവരെയുമുള്ള ചരിത്രം അടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം മുതല്ക്കുതന്നെ വിവിധവിഷയങ്ങളെപ്പറ്റി പത്രങ്ങളിൽ ലേഖനങ്ങളെഴുതുക, സ്വന്തമായി പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുക, പുസ്തകങ്ങൾ നിർമ്മിക്കുക മുതലായി നാട്ടിന്നും ഭാഷയ്ക്കും ഉപകരിക്കുന്ന തൊഴിലുകളിലാണ് രാമകൃഷ്ണപിള്ള ഏർപ്പെട്ടത്. ആ വക തൊഴിലുകളിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന സ്വാതന്ത്ര്യവും, സത്യവും, [illegible] രക്ഷിക്കുന്നതിന്നുള്ള ധൈര്യവും നിമിത്തമായി അദ്ദേഹത്തിന്നു അനേകം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരെപ്പറ്റി ലേഖനങ്ങളെഴുതുക നിമിത്തം, വിദ്യാഭ്യാസകാലത്തുതന്നെ അമ്മാമൻ സ്വഗൃഹത്തിൽനിന്നു ബഹിഷ്കരിച്ചു; അനന്തരം, അതേകാരണത്താൽത്തന്നെ തിരുവിതാംകൂർ ഗവർമ്മെണ്ട് അദ്ദേഹത്തെ സ്വദേശത്തുനിന്നും ബഹിഷ്കരിച്ചു. അതുകൊണ്ടും, രോഗം മുതലായ ഇതരകാരണങ്ങളെക്കൊണ്ടും അദ്ദേഹത്തിന്റെ ജീവിതം ക്ലേശബഹുലമായ ഒന്നായിരുന്നു. എങ്കിലും അദ്ദേഹം അവസാനശ്വാസംവരെയും തനിയ്ക്കു സഹജമായ ധൈര്യം, സ്വാതന്ത്ര്യം, സത്യം മുതലായ ഗുണഗണങ്ങളെ കൈവെടിഞ്ഞില്ല; അവ അദ്ദേഹത്തിന്നു പ്രാണനേക്കാൾ ബഹുമതങ്ങളായിരുന്നു. അതല്ലയോ പുരുഷജീവിതത്തിന്റെ പരമോദ്ദേശ്യം! എന്നുതന്നെയല്ല; രാമകൃഷ്ണപിള്ളയുടെ ജീവിതം ഒരു യഥാർത്ഥകർമ്മയോഗിയുടെ ജീവിതത്തിന്നു ഉദാഹരണമായിരുന്നു. അദ്ദേഹം ലൌകികങ്ങളായ സകല സംബന്ധങ്ങളിലും സകല കർമ്മങ്ങളിലും ഏർപ്പെടുകയും അവയിൽനിന്നു തത്തദവസരങ്ങളിൽ ഉണ്ടായ ഫലങ്ങളെ നിർവ്വികാരനായി അനുഭവിക്കുകയും ചെയ്തു. ഫലേച്ഛ കൂടാതെയുള്ള ഈ ജീവിതം അനുകരണീയമായ ഒന്നാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ അനുകരണീയമായ മറ്റൊരു സംഗതി സ്വപ്രയത്നത്തിന്റെ മഹത്വമാകുന്നു. പ്രയത്നം ചെയ്യാതെ ജീവിതം കഴിക്കുന്നത് അദ്ദേഹത്തിന്നു ദുസ്സഹമായിരുന്നു. മരണംവരെയും ഈ സ്വഭാവത്തിന്നു വ്യത്യാസമുണ്ടായിട്ടില്ല. ഇതല്ലയോ അദ്ദേഹത്തിന്റെ ജീവിതചരിത്രം ഇത്ര വേഗത്തിൽ എഴുതുവാൻ കാരണമാക്കിയത് എന്നു സംശയം തോന്നുന്നു. അദ്ദേഹം ഏർപ്പെട്ടിരുന്ന തൊഴിലുകളെ അവലംബമായിക്കരുതിട്ടുള്ളവർ കേരളത്തിൽ ഒന്നു രണ്ടോ! എന്നാൽ അവയെ നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തെപ്പോലെ സ്വാതന്ത്ര്യവും ധൈര്യവും ഉള്ളവർ ഒന്നോ രണ്ടോ!!

ഇപ്രകാരം, ഇന്നത്തെ യുവാക്കന്മാർ അക്ഷരംപ്രതി അഭ്യസിച്ച് ഉൾക്കൊള്ളേണ്ടതായ ഒന്നാണ് ശ്രീമാൻ രാമകൃഷ്ണപിള്ളയുടെ ജീവചരിത്രം. വിഷയശുദ്ധിക്കനുസരിച്ച വിഷയവിനിവേശനവും, അതിന്നനുസരിച്ച ഭാഷാശുദ്ധിയും ഇതിൽ ഉള്ള

തായിക്കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഒരു പുസ്തകം വായിക്കുമ്പോൾ അത് ആരെപ്പററി അല്ലെങ്കിൽ എന്തിനെപ്പററി എഴുതിയിരിക്കുന്നുവോ അദ്ദേഹത്തിന്റെ അഥവാ ആ വസ്തുവിന്റെ ചിത്രം മനസ്സിൽ പതിയുന്നുണ്ടെങ്കിൽ അതുതന്നെയാണ് പുസ്തകത്തിന്റെ യോഗ്യത. ഇതു വായിക്കുമ്പോൾ ആപാദചൂഡം കഥാനായകന്റെ ചിത്രം മനസ്സിൽനിന്നു വിട്ടുപോവുന്നില്ല; വായിച്ചുകഴിഞ്ഞാലും അതു വിട്ടുപോവുന്നില്ല. ചില ഘട്ടങ്ങളിൽ കഥാനായകന്റെ ശൌര്യധൈര്യാദികളായ ഗുണങ്ങൾ മനസ്സിൽ പതിയുകയാൽ വായനക്കാരുടെ മനസ്സ് ഉത്സാഹത്തോടെ തുള്ളിക്കളിക്കുന്നു. മററു ചില ഘട്ടങ്ങളിൽ കഠിനമായ ശോകാവേഗത്താൽ മനസ്സ് ആർദ്രമായിത്തീരുകയും, അറിയാതെതന്നെ കണ്ണിൽനിന്നു വെള്ളംവീഴുകയും ചെയ്യുന്നു. അതുനിമിത്തം ഋല്ലേദം ചില ഘട്ടങ്ങളിൽ ഭാഷയ്ക്കു വന്നുപോയിട്ടുള്ള ഗൌരവക്കുറവുകൂടി വായനക്കാർ അറിയുന്നില്ല. ഇങ്ങിനെ സർവ്വഹൃദയാവർജ്ജകമായ ഈ പുസ്തകത്തിനു ധാരാളം പ്രചാരമുണ്ടാകുവാനും, പരേതനായ കഥാനായകന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കുവാനും, അദ്ദേഹത്തിന്റെ കുടുംബത്തിനു സർവ്വസൗഖ്യങ്ങളും കൈവരുവാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതുമാത്രമേ ഈ അവസരത്തിൽ ചെയ്യേണ്ടതായി തോന്നുന്നുള്ളൂ

---

൨. ലോകമഹായുദ്ധം —
കന്നത്തു ജനാർദ്ദനമേനോൻ എഴുതിയത്.
വില ൧ ക.

വ്യാഴവട്ടസ്മരണകളിൽനിന്നു ലോകമഹായുദ്ധത്തിലേക്കു പ്രവേശിക്കുമ്പോൾ ഒരു പുതിയ ലോകത്തിൽ പ്രവേശിച്ചാലുള്ള ഭാവമാണ് ഞങ്ങൾക്കുണ്ടാവുന്നത്. യൂറോപ്പിൽ ഇപ്പോൾ നടക്കുന്ന ഭയങ്കരമായ മഹായുദ്ധത്തിന്റെ കാരണങ്ങൾ, യുദ്ധഗതികൾ, യുദ്ധസമ്പ്രദായങ്ങൾ എന്നിവയെ വിവരിച്ചുകൊണ്ടു സാമാന്യം ദീർഘമായി എഴുതിയ ഈ പുസ്തകത്തിന്റെ ആവിർഭാവം ഈ അവസരത്തിൽ ആശാസ്യമായ ഒന്നാണ്. ഇതിലെ ഭാഷ വെറും നാടന്മാർക്കുകൂടി മനസ്സിലാവത്തക്കവിധം അത്ര ലളിതമായിട്ടുണ്ട്. സംഗതികൾ വിവരിച്ചുപറയേണ്ടുന്ന സന്ദർഭമാകയാലായിരിക്കാം പുതിയ പുതിയ ആശയങ്ങൾ കുറവായിക്കാണുന്നത്. ഭാഷയ്ക്കു ഗൌരവം കുറവാണെങ്കിലും വിഷയത്തിനു ധാരാളം ഗൌരവമുള്ളതുകൊണ്ടു ഈ കൃതിയെ കേരളീയർ കൈക്കൊള്ളുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. യുദ്ധം നടക്കുന്ന സ്ഥലങ്ങളെ പടത്തോടുകൂടി മനസ്സിലാക്കായ്കയാണ് മലയാളപത്രങ്ങളിൽ യുദ്ധത്തെപ്പററി എഴുതുന്നതിലുള്ള പ്രധാനമായ ദോഷം. ഈ ദോഷത്തെ ഇല്ലായ്മ ചെയ്വാൻ ഈ ഗ്രന്ഥകാരനും ശ്രമിച്ചിട്ടില്ലെന്നു അല്പം ഇച്ഛാഭംഗത്തോടെ പറയേണ്ടി വന്നിരിക്കുന്നു.

൩. തെങ്ങിനെ ഉപദ്രവിക്കുന്ന പുഴുക്കൾ.

കേരളത്തിന്നു ഈ പേരു കിട്ടുവാനുള്ള കാരണം, ഇവിടെ കേരവൃക്ഷങ്ങൾ(തെങ്ങുകൾ)ക്കുള്ള ആധിക്യമാണ്. ലോകമഹായുദ്ധത്താൽ നമ്മുടെ നാട്ടിൽ തെങ്ങുകളിൽനിന്നുള്ള ഉല്പന്നങ്ങൾക്കു തക്ക വില കിട്ടാതെ വരുന്ന ഇക്കാലത്തു പ്രത്യേകിച്ചും ആ വൃക്ഷങ്ങളെ ബാധിക്കുന്ന

പലവക കൃമികളുടെ നിവാരണമാർഗ്ഗങ്ങളെ വിവരിച്ചുകൊണ്ടു തിരുവിതാംകൂർ കൃഷിഡിപ്പാർട്ടുമേണ്ടുകാർ പ്രസിദ്ധപ്പെടുത്തിയ ഈ ചെറുപുസ്തകം തെങ്ങുകൃഷിക്കാർ വായിക്കേണ്ടതാണ്. സാമയികസാഹിത്യത്തിന്റെ നിലയിൽ ഒരു ചെറിയ സ്ഥാനം ഇതിന്നു കേരളസാഹിത്യത്തിൽ അനുവദിക്കാവുന്നതാകുന്നു.

# പലവക

കേരളത്തിലെ ഏതോ ഒരു സാഹിത്യരസികൻ മഹാകവി രവീന്ദ്രനാഥടാഗോർ അവർകളുടെ സകല കൃതികളും മലയാളത്തിൽ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്താനുള്ള അനുവാദം വാങ്ങീട്ടുണ്ടെന്നും, അദ്ദേഹത്തിന്റെ തർജ്ജമ ഉടനെ പുറത്തു വരുമെന്നും കേൾക്കുന്നതിൽ സന്തോഷിക്കുന്നു.

* * *

ടാഗോർ അവർകൾ വിവിധവിഷയങ്ങളെപ്പറ്റി എഴുതീട്ടുള്ള പല ഉപന്യാസങ്ങളും കഥകളും ഇതിന്നുമുമ്പുതന്നെ നമ്മുടെ ഭാഷയിൽ പല മാസികകളിലും പത്രങ്ങളിലുമായി പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ട്. അവ മുക്കാലും ഇംഗ്ലീഷിൽനിന്നു തർജ്ജമ ചെയ്തതാണെന്നാണ് തോന്നുന്നത്. ടാഗോർ അവർകൾ അധികം എഴുതുന്നത് ബങ്കാളിഭാഷയിലാണ്. പിന്നെ അതു ഇംഗ്ലീഷിൽ വരുന്നു. അതിൽ നിന്നാണ് മലയാളത്തിലേക്കു പകർത്തുന്നത്. ഇംഗ്ലീഷ് [illegible] ബങ്കാളിയിലെ ആശയങ്ങൾ സമ്പൂർണ്ണമായി അതിൽ വരുന്നുണ്ടെന്നു വിശ്വസിച്ചുകൂട.

* * *

കേരളത്തിൽ നിന്നാരെങ്കിലും ബങ്കാളിസാഹിത്യത്തിൽ അറിവു സമ്പാദിച്ച് ബങ്കാളിയിൽ നിന്നുതന്നെ രവീന്ദ്രകൃതികളെ തർജ്ജമ ചെയ്താലേ ഉദ്ദിഷ്ടഫലം പൂർണ്ണമായി ലഭിക്കയുള്ളു എന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ബങ്കാളിയിൽ നല്ല പാണ്ഡിത്യം സമ്പാദിക്കാത്തവർ അതിന്നു തുടങ്ങുന്നതായാൽ, മൂലകൃതിയിൽ ആശയങ്ങളുടെ ഗാംഭീര്യവും സൂക്ഷ്മതയും വ്യക്തമായി മനസ്സിലായില്ലെന്നു വരും.

* * *

ഞങ്ങൾ ഈ പറയുന്നതിന്നു കാരണം ചിലതു കാണുന്നുമുണ്ട്. ബങ്കാളികളായ ചില സംസ്കൃതപണ്ഡിതന്മാർ രവീന്ദ്രന്റെ ചില കൃതികൾ സംസ്കൃതത്തിലെഴുതിയതു സംസ്കൃതത്തിൽനിന്നു മലയാളത്തിൽ വന്നിട്ടുണ്ട്. അവയ്ക്കു, ഇംഗ്ലീഷിൽനിന്നുള്ള തർജ്ജമകളെക്കാൾ കുറച്ചധികം സൗന്ദര്യവും [illegible]ണ്ടെന്നും തോന്നുന്നു. സംസ്കൃതത്തോടു ബന്ധപ്പെട്ട ഭാഷകളിലൊന്നാണല്ലോ ബങ്കാളി. മലയാളവും സംസ്കൃതത്തോടടുത്തിരിക്കുന്നു. അതുകൊണ്ടു ആശയവിനിമയത്തിന്നെളുപ്പമുണ്ട്. ബങ്കാളി പഠിച്ചു നേരിട്ടു തർജ്ജമ ചെയ്യാൻ സാധിക്കാത്ത പക്ഷം, ബങ്കാളികളെക്കൊണ്ടു സംസ്കൃതത്തിലെഴുതിച്ചു, സംസ്കൃതത്തിൽനിന്നു തർജ്ജമ ചെയ്യുന്നതാണ് [illegible]. അഭിജ്ഞന്മാരായ നമ്മുടെ സാഹിത്യരസികന്മാർ ഈ സംഗതി ആലോചിക്കുമെന്നു വിശ്വസിക്കുന്നു.

* *

# ജ്വാലാവതീരാമകുമാരം

ഒന്നാം ഭാഗം

അഞ്ചാമങ്കം

രാമ — അവൎക്ക് അധരോഷ്ഠങ്ങൾ ഇല്ലേ?

ജ്വാലാ — ഉണ്ട്. എന്നാൽ അതുകളെ ജപങ്ങൾക്കാണ് ഉപയോഗിക്കുക.

രാമ — രമ്യസിദ്ധമൂൎത്തി! എന്നാൽ കരങ്ങളുടെ വൃത്തി ഇപ്പോൾ അധരോഷ്ഠങ്ങൾ ചെയ്യട്ടെ. ഈ പ്രാൎത്ഥന നീ സാധിപ്പിക്കാത്തപക്ഷം അവരുടെ ഭക്തി വിരാഗതയെ പ്രാപിക്കും.

ജ്വാലാ — സിദ്ധമൂൎത്തികൾക്കു ചലനമില്ല. പക്ഷെ അവർ പ്രാൎത്ഥനകളെ സാധിപ്പിക്കും.

രാമ — എന്നാൽ ചലനം ചെയ്യേണ്ട. എന്റെ പ്രാൎത്ഥനയുടെ സിദ്ധി ഞാൻതന്നെ എടുത്തുകൊള്ളാം. നിന്റെ ഈ പരമാനന്ദജനകമായ രദനച്ഛദത്തിന്റെ സ്പൎശംകൊണ്ട് എന്റെ അധരത്തിന്റെ പാപമോചനം വന്നു.

(എന്നു പറഞ്ഞു ചുംബനം ചെയ്യുന്നു)

ജ്വാലാ — എന്നാൽ എന്റെ അധരം ആ പാപം ആദാനം ചെയ്യുമല്ലോ.

രാമ — എന്റെ അധരത്തിൽനിന്നു പാപമോ? ഈ രമ്യമായ സല്ലാപം എനിക്ക് എത്ര പരമാഹ്ലാദകരം! ഒന്നുകൂടി പാപാദാനം വരട്ടെ.

(എന്നു പറഞ്ഞു വീണ്ടും ഗാഢചുംബനം ചെയ്യുന്നു)

ജ്വാലാ — അങ്ങയുടെ ചുംബനം നിയമപ്രകാരം കണക്കവെച്ചിട്ടാണെന്നു തോന്നുന്നു.

ദാസി — ചെറിയമ്മെ, അമ്മയ്ക്ക് എന്തോ ഒന്നു പറവാനുണ്ട്. വിളിക്കുന്നു.

രാമ — (ദാസിയോട്) അമ്മ ആരാണ്?

ദാസി — നിങ്ങൾ കല്യാണം കഴിക്കാത്തവനാണ്, തീൎച്ച! ഇവളുടെ അമ്മ ഈ ഗൃഹത്തിലെ നായികയാണ്. ഇവളെ എടുത്തു വളൎത്തിയതു ഞാനാണ്. ഇവളെ ലഭിക്കുന്ന പുരുഷൻ ധന്യശിരോമണിയാണ്, നിശ്ചയം!

രാമ — (ആത്മഗതം) ഇവൾ കപിലനന്ദിനിയാണ്. തീൎച്ചയായി. ഹാ കഷ്ടം! എന്റെ പ്രേമാസ്പദമായ മനോരഥത്തിന് ഈ ഒരു തടസ്ഥം സംഭവിച്ചുവല്ലോ. എന്റെ ജീവനൌഷധം ശത്രുകരന്യസ്തമായ ഒരു ഭാജനത്തിലാണല്ലോ നിക്ഷിപ്തമായത്!

വനപാ — പോയി നോക്കു! കളി തകൎക്കുന്നു!

രാമ — അത് എനിക്ക് അറിയാം. അതിനാലാണ് എനിക്കു സുഖക്കേട്.

കപില — വന്ദനീയന്മാരായ ആൎയ്യന്മാരെ! നിങ്ങൾക്കു ഞാൻ വന്ദനം പറയുന്നു. വളരെ സന്തോഷമായി. (ഭൃത്യനോട്) എടാ! നല്ല വിളക്കുകൾ കൊണ്ടുവന്നുകൊടുക്ക്. നേരം വളരെ രാത്രിയായി. ഞാൻ പോയി കിടക്കട്ടെ.

(എല്ലാവരും പോയി. ജ്വാലാവതിയും ദാസിയും ഒഴികെ)

ജ്വാലാ — ദാസി! ഇങ്ങോട്ടു വാ! ആ പോയ യുവാവ് ആരാണ്?

ദാസി — ധീപശ്ചപ്രഭുവിന്റെ ഔരസനും അവകാശിയും ആയ കുമാരൻ.

ജ്വാലാ — ഇപ്പോൾ വാതിൽ കടന്നുപോയ ആൾ ആരാണ്?

ദാസി — ഭദ്രശ്രീപ്രഭുവിന്റെ കുമാരനാണെന്നു തോന്നുന്നു.

ജ്വാലാ — ലാസ്യാടനത്തിൽ ചേരാതെ നിന്ന ആ മഹാത്മാവാൻ ആരാണ്?

ദാസി — ഞാൻ അറികയില്ല.

ജ്വാലാ — പോയി ചോദിക്കു. പേർ ചോദിച്ചാൽ മതി.

കല്യാണമൂർത്തിവരനിന്നരതല്പജൻതാൻ
കല്യാണസൌഖ്യയുതനായുദയുന്നതാകി
കല്യാണശയ്യയതുതാൻമമമൃത്യുശയ്യ (ത്)
ചൊല്ലാമിനിക്കതിനുസംശയമൊന്നുമില്ലാ.

ദാസി — ആ ആൾ നിങ്ങളുടെ പരമവൈരിയായ മന്ദഘ്നനായകന്റെ മകനും അവകാശിയും ആണ്. രാമകുമാരൻ എന്നാണ് പേർ.

ജ്വാലാ — എന്റെ ഇദംപ്രഥമമായ പ്രേമം ഇങ്ങിനെ വൈരിപക്ഷത്തിലായല്ലോ! കണ്ടപ്പോൾത്തന്നെ അനുരാഗം അങ്കുരിച്ചു. എല്ലാം സാഹസമായ്പോയി. എന്തു ചെയ്യാം? ദൈവമേ! പാഹി.

(നടൻ പ്രവേശിക്കുന്നു)

പ്രസ്താവന.

മുമ്പേരാമകുമാരകൻപ്രണയതോവിശ്ലേഷദുഃഖാർത്തനായ്
വമ്പേറുംരസലേഖയിൽകൃതമതാംകാമാഗമാഡംബരം
ഇമ്പംവിട്ടുഗമിച്ചുചാരുതനുവാംജ്വാലാവതീദേശനാ-
ലമ്പേറുംനവചന്ദ്രികാഗമവിധൌതാംഗങ്ങൾതൻകാന്തിപോൽ.
ചാരുസുന്ദരൻ,മാരസന്നിഭൻ,വീരനന്ദിതൻ,രാങ്കിശോരകൻ
കീരവാണിയാംജ്വാലികന്യയിൽഭൂരിരാഗസമ്മുന്നംദധൌ. *

## രണ്ടാം ഭാഗം.

### ഒന്നാമങ്കം.

കപിലതന്റെ പൂങ്കാവ് മതിലിന്റെ പിൻഭാഗമുള്ള എടവഴി.

(രാമകുമാരൻ പ്രവേശിക്കുന്നു)

രാമ — എന്റെ ഹൃദയം ഇവിടെ നിക്ഷിപ്തമായിരിക്കുമ്പോൾ ഞാൻ മുമ്പോട്ടു എങ്ങിനെ പോകും? ജഡമായ മണ്ണേ! നി പുറത്തോട്ടു മടങ്ങിപ്പോയിക്കോ.

(കന്മതിൽ കയറി ആരാമത്തിനുള്ളിൽ ചാടുന്നു)

(വനബലനും മുൽകശനും പ്രവേശിക്കുന്നു)

വന — രാമകുമാരാ! രാമകുമാരാ!

മുൽക — അവൻ പതിവുപോലെ വീട്ടിലേക്കു ഒളിച്ചുപോയി ശയ്യാരോഹണം ചെയ്തിട്ടുണ്ടായിരിക്കണം.

വന — അവൻ ഇപ്പോൾ ഈ കന്മതിൽ ചാടി അകത്തു കടക്കുന്നതു ഞാൻ കണ്ടു; ഒന്നു വിളിക്കു.

മുൽക — രാമകുമാരാ! ഹേ. മദനഭ്രാന്ത

* ഇവിടെ ഏതാനും വരികൾ കയ്യെഴുത്തുപുസ്തകത്തിൽ വിട്ടുപോയിരിക്കുന്നു.

സ്ഥ! ഹേ! പ്രണയഭ്രാന്തിസന്തപ്ത! ഇങ്ങോട്ടു വരു- ഒന്നു വിളികേൾക്കു! കുലവൈശിഷ്ട്യമുള്ള കപില ചക്രവർത്തിയെ തോൽ വെളുത്ത പിച്ചക്കാരിയോടു കൂട്ടിച്ചേർത്ത ആ അനംഗന്റെ കഥ ചിലതു പറഞ്ഞു താ. ഓ! ഹാ! അവൻ ഞാൻ പറയുന്നതു ഒന്നുംതന്നെ കേൾക്കുന്നില്ല. അവൻ കരങ്ങൾ ചത്ത കൊറോന്റെ മട്ടിൽ നടക്കയാണ്. ഹേ രാമകുമാര! നിന്റെ പ്രാണപ്രിയയായ രസലേഖയുടെ ചെന്താമരാക്ഷികളാണ്, അളകചുംബിതമായ ലലാടഫലകമാണ്; ബിംബഫലതുല്യമായ അധരങ്ങളാണ്, ചാരുശ്രീ വിളങ്ങുന്ന പാദങ്ങളാണ്, കദളീകാണ്ഡോപമങ്ങളായ ഊരുക്കളാണ്, നീ സ്വതവേയുള്ള സ്വഭാവം കൈക്കൊണ്ട് ഒന്ന് ഇങ്ങോട്ടു വരണം.

വന—അവൻ ഈ പറഞ്ഞതെല്ലാം കേട്ടുവെങ്കിൽ നിന്നോടു മുഷിയും.

മൂൽ—മുഷിയുവാൻ സംഗതിയില്ല. ഞാൻ അവന്റെ പ്രേമാസ്പദമായ നാമോച്ചാരണം ചെയ്കയല്ലേ! ആ നാമംകൊണ്ടു സത്യം ചെയ്യുന്നതു അവനു സന്തോഷമായിരിക്കും.

വന—നോക്കൂ. അവനിതാ ആ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചുനില്ക്കുന്നു. നിശയാകുന്ന തമസ്വിനിയോടു സംസർഗ്ഗം ഇച്ഛിക്കുന്നപോലെ തോന്നുന്നു. മാരൻ അന്ധനല്ലേ? അതുകൊണ്ടു മാരവശംവദനായ അവനു അന്ധകാരം ഉചിതംതന്നെ.

മൂൽക—മാരൻ അന്ധനാണെങ്കിൽ അവൻ എങ്ങിനെയാണ് അവന്റെ സായകങ്ങളാൽ ലക്ഷ്യവേധനം ചെയ്യുന്നത്? രാമകുമാരന്റെ ഇപ്പോഴത്തെ സ്ഥിതി കണ്ടാൽ അവന്റെ ചിന്താരോഗഭാജനം ആ വൃക്ഷത്തിലെ ഒരു പഴുത്ത ഫലമായാൽ കൊള്ളാം എന്നവനു ഇച്ഛയുള്ള പ്രകാരം തോന്നുന്നു. ഹേ! രാമകുമാര! അവൾ അവിടെയുണ്ടെങ്കിൽ എത്ര നന്നായിരുന്നു- അല്ലേ!- ഞാൻ പോകുന്നു. ഞാൻ എന്റെ തൂലമെത്തയിൽ പോയ്ക്കിടക്കട്ടേ. ഈ അവനീതലശയ്യ എനിക്കു പറ്റുന്നില്ല. നമുക്കു പോവുകയല്ലേ?

വന—എന്നാൽ പോവാം. കാണ്മാൻ ഇഷ്ടമില്ലാത്തവനെ കാണ്മാൻ നിന്നിട്ടു ഫലമില്ലല്ലോ.

(രണ്ടുപേരും പോയി)

## രണ്ടാമങ്കം

---

### കപിലന്റെ ആരാമം.

(രാമകുമാരൻ പ്രവേശിക്കുന്നു)

രാമ—'നഹ്യവിദ്വോവിജാനാതി നാരാചകൃതവേദനാം'- മുറിയേല്ക്കാത്തവനു ശരവേദനയറികയില്ല.

(ജ്വാലാവതി മുകളിൽ ഒരു കിളിവാതിലിൽകൂടി പുറത്തു നോക്കുന്നു)

ഹാ! പതുക്കെ പറയുകതന്നെ. അതാ ആ ജാലകത്തിന്റെ പഴുതിൽ കൂടി ഒരു വെളിച്ചം ഉജ്ജ്വലിക്കുന്നു. അത് എന്റെ പ്രാണനായികയായ ജ്വാലാവതി തന്നെ. സന്ദേഹമില്ല.

ഉന്നിദ്രാഭകലന്ന ചാരുതനുവാം
ജ്വാലാവതീമൽപ്രിയാം
നിന്നീടുന്നുദയാദ്രിമസ്തകമതിൽ
സൂര്യാശ്രയംപൂണ്ടിഹ
നന്നായിട്ടുദയേനലീനമതിയാം
ചന്ദ്രം ക്ഷയിപ്പിക്കുനീ
നിന്നോടുണ്ടവനിന്നു വൈരമധികം
നീ ചന്ദ്രദ്യുചൌര്യത്തിനാൽ.

ആ കാണുന്നത് എന്റെ പ്രാണപ്രേയസി! എന്റെ അനുരാഗരത്നാകരം! എന്റെ ഈ അവസ്ഥ അവൾ അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ എത്ര കൃതാർത്ഥനായ്ത്തീരും. അവൾ എന്തോ ചിലതു ശബ്ദിക്കുന്നുണ്ട്. എന്നാൽ അവൾ ഒന്നും പറയുന്നതു കാണുന്നില്ല. ആട്ടെ, ഇതുകൊണ്ടെന്താ! നാവു ഉച്ചരിക്കുന്നില്ലെങ്കിലും അവളുടെ നയനങ്ങൾ സംസാരിക്കുന്നുണ്ട്. ഞാൻ അതിന്നുത്തരം പറഞ്ഞാലോ? അതല്ല, എന്റെ ചാപല്യപ്പാടുകൊണ്ടാണ് എനിക്ക് ഇങ്ങിനെ തോന്നുന്നത്. അവൾ എന്നോടല്ല സംസാരിക്കുന്നത്. ഇവളുടെ കണ്ണിണകളോ,

'ആകാശനീലിമഗുണോത്തമമായ്വിളങ്ങും
ശ്രീയാർന്നരണ്ടുഗുണമേറിനതാരകങ്ങൾ
വേറേപണിക്കുന്നടകൊണ്ടു വിധൌസചക്ര
(ത്ത്യ
സാരേണവെച്ചുബലേലയിവൾക്കണ്ണുരണ്ടും'

അവളുടെ കണ്ണിണ രണ്ടു നക്ഷത്രങ്ങൾക്കു പകരം ആകാശത്തിലും, രണ്ടു നക്ഷത്രങ്ങൾ അവളുടെ കണ്ണിണകൾക്കു പകരമായി അവളുടെ മുഖത്തും വെച്ചുവെന്നു വരികിൽ അവളുടെ കപോലധാവള്യംകൊണ്ടു ആ താരകങ്ങളുടെ ശോഭ സൂര്യരശ്മികൊണ്ടു പകൽ വെച്ച വിളക്കെന്നപോലെ മങ്ങിപ്പോകും. എന്നുതന്നെയല്ല, ആകാശവീഥിയിൽ വിളങ്ങുന്ന അവളുടെ നേത്രതാരകളുടെ ശോഭ എല്ലാ ദിഗന്തരങ്ങളേയും ധവളിതങ്ങളാക്കി രാത്രിയെ പകൽ എന്നു തോന്നിച്ചു പക്ഷികളുടെ പാട്ടും ആട്ടവും ഉണ്ടാക്കിത്തീർക്കും. അവൾ ഇപ്പോൾ തന്റെ മുകുരബിംബസമാനമായ കപോലതലം കരംകൊണ്ടു താങ്ങുന്നു. ആഹാ! എത്ര മനോഹരം!

ചാരുതമമാണിവൾതന്റെകവിൾത്ത
(ടത്തെ
വികചാബ്ജമോടുതൊടുവാനവകാശഭാഗ്യം
പാരിച്ചൊരസ്സുകൃതികയ്ക്കരമായിവന്നാൽ
പാരിൽപ്പിറന്നൊരഹമിന്നിഹധന്യധ
(ന്യൻ

ജ്വാലാ — അയ്യോ!

രാമ — അവൾ സംസാരിക്കുന്നുണ്ട്. ജഗന്മോഹിനിയായ സുന്ദരതമേ! ഒന്നുകൂടി സംസാരിക്ക. ഭവതിയുടെ ദിവ്യസൌന്ദര്യം വീണാരവത്തിന്നു നാണമുണ്ടാക്കുന്ന സ്വരവും പരമാഹ്ലാദകരം! ഈശ്വരാ! ഇവൾ ആര്? ദേവനാരിയോ, കിന്നരിയോ, നാഗകന്യകയോ! ലോകാതീതമായ ലാവണ്യം മേല്പറഞ്ഞവർക്കല്ലാതെ ഉണ്ടാകുമോ?

ജ്വാലാ — (ആത്മഗതം) അയ്യോ എന്റെ രാമകുമാര! കാമസുന്ദര! പ്രാണനായക! ഭവാൻ എന്തിനായിട്ടാണ് രാമകുമാരനെന്ന നാമം ധരിച്ചത്? അതല്ലേ എന്നെ ചതിക്കുന്നത്. ഗോത്രവും നാമവും ഉപേക്ഷിച്ച് അങ്ങുന്ന് എന്റെ പ്രാണരക്ഷ ചെയ്യേണമേ! അതു സാധിക്കാത്തപക്ഷം എന്റെ പ്രാണവല്ലഭനായിരിക്കുമെന്നു പ്രതിജ്ഞ ചെയ്യുന്നതാകിൽ ഞാൻ എന്റെ കപിലഗോത്രനാമം ഉപേക്ഷിക്കാം.

# മംഗളോദയം

൧൦൮൨

| പുസ്തകം ൯ | മകരമാസം | ലക്കം ൧ |
|---|---|---|

## മംഗളം

വാമാങ്കം സുകുമാരമാമരുവശം നല്പൂന്തഴസ്സാങ്കിതം,
സോമാഭം തലയിന്ദുകാന്തമമലം മദ്ധ്യം ലസൽകാഞ്ചികം,
ക്ഷേമാധായകമീവിധം വടിവു പൂണ്ടാരോഗ്യസൌഖ്യോദയ-
ശ്രീമാന്ദ്യാദിമദൈവദമ്പതികൾതൻ യോഗം ജയിക്കുന്നതേ.

## ആയുർവേദം

(൧)

ആയുർവേദമെന്നുവെച്ചാൽ ആയുസ്സിനെ വേദിക്കുന്നത് (അറിയുന്നത്) അല്ലെ



ങ്കിൽ ലഭിക്കുന്നത് ഏതൊരു തന്ത്രത്താലാണൊ ആ തന്ത്രമാകുന്നു. എന്നാൽ ആ തന്ത്രത്തിൽ ആയുരാരോഗ്യസൌഖ്യപ്രദമായും രോഗശാന്തികരമായുമുള്ള ചികിത്സകൾ, ശസ്ത്രക്രിയകൾ, ഔഷധകല്പങ്ങൾ, രസായനവിധികൾ, രോഗലക്ഷണങ്ങൾ ഈ വക പല വിഷയങ്ങളും പറഞ്ഞിട്ടുണ്ട്. എങ്കിലും അവയുടെ എല്ലാം മുഖ്യമായ ഫലം ആയുസ്സാകയാൽ അതിനെ അടിസ്ഥാനമാക്കി ആ തന്ത്രത്തെ ആയുർവേദമെന്നും, അതേപ്രകാരം ആയുരാരോഗ്യസൌഖ്യത്തിന്നും രോഗശാന്തിക്കും മുഖ്യമായ സാധനം ഷോഡശാത്മികയായ ചികിത്സയാകയാൽ അതിനെ അടിസ്ഥാനമാക്കി 'ഷോഡശാത്മികയായ ചികിത്സാരൂപവിദ്യ ഏതൊരു തന്ത്രത്തിലാണൊ ഇരിക്കുന്നത് ആ തന്ത്രം' എന്ന അർത്ഥത്തിൽ ആ ആയുർവേദതന്ത്ര

ത്തെന്നെ വൈദ്യമെന്നും ആൎയ്യന്മാർ വ്യവഹരിച്ചുവരുന്നു. ആയുൎവ്വേദമെന്നു പ്രത്യേകം ഒരു സംജ്ഞയോടുകൂടിയതായി ഋഷിപ്രോക്തമായോ മറ്റൊ ഒരു തന്ത്രഗ്രന്ഥമില്ല. ആയുൎവ്വേദവിഷയമായ തന്ത്രങ്ങളെ എല്ലാം ആയുൎവ്വേദമെന്നു വ്യവഹരിച്ചുവരുമാറുണ്ട്.

ആൎയ്യന്മാരുടെ ആയുൎവ്വേദവൈദ്യത്തിന്റെ ആവിൎഭാവത്തെപ്പററി പൊതുവിൽ പലരും പലവിധം പറഞ്ഞുവരുന്നുണ്ട്. സൂക്ഷ്മത്തിൽ അവരുടെ ആയുൎവ്വേദം ഇന്നകാലത്താണ് ആവിൎഭവിച്ചിരിക്കുന്നതെന്നു ക്ലിപ്തമായിപ്പറവാൻ ഏവനാലും സാധിക്കുന്നതല്ല. എത്രയും പുരാതനമായ കാലത്തുതന്നെ അതു നടപ്പിൽ വന്നിരിക്കുന്നു. അവരുടെ വേദങ്ങളിൽ പല ശാഖകളിലായി പല മഹൌഷധങ്ങളെയും തൽപ്രയോഗങ്ങളെയും ശസ്ത്രക്രിയാംശങ്ങളെയും തത്സംബന്ധമായ അപൂൎവ്വം ചില ചരിത്രസാരങ്ങളെയും പററി പറഞ്ഞുകാണുമാറുണ്ട്. അവയിൽ ആയുരാരോഗ്യസൌഖ്യപ്രദമായ രസതന്ത്രലോഹകന്മദാദികളായ ദിവ്യൌഷധങ്ങളെയും സാരമായ മററു ഭാഗങ്ങളെയും പററി പറഞ്ഞിട്ടുള്ളതു ഋഗ്വേദത്തിലാകുന്നു. അതിനാലാണ് ആയുൎവ്വേദം ഋഗ്വേദത്തിന്റെ ഒരു ഉപവേദമായി ഗണിച്ചുവരുന്നത്. "ഋഗ്വേദാദായുൎവ്വേദഃ, യജുൎവ്വേദാദ്ധനുൎവ്വേദഃ, സാമവേദാൽഗാന്ധൎവ്വം, അഥൎവ്വവേദാദൎത്ഥശാസ്ത്രം" എന്നും മററും അഭിയുക്തന്മാരായ മഹാന്മാർ പറഞ്ഞിട്ടുമുണ്ട്. അതിനാൽ ആൎയ്യന്മാരുടെ ആയുൎവ്വേദത്തിന്റെ പ്രചാരവും മാഹാത്മ്യവും വൈദികകാലത്തുതന്നെ ഉണ്ടായിരുന്നുവെന്നു നിസ്സംശയം പറയാവുന്നതാണ്.

അക്കാലത്ത് എത്രയും മഹാനുഭാവന്മാരായ യോഗീശ്വരന്മാർ ചെയ്തുവന്നിരുന്ന സാരമായ ആ വക വേദവചനോപദേശത്താൽ തന്നെ അസാധാരണമായ ബുദ്ധിശക്തിയും ഗുരുഭക്തിയുമുള്ള മഹൎഷിമാൎക്കും മററു മഹാന്മാൎക്കും ആയുൎവ്വേദവിഷയങ്ങളിൽ നല്ല പരിജ്ഞാനവും നൈപുണ്യവും സിദ്ധിച്ചുവന്നിരുന്നു. എന്നുമാത്രമല്ല, അക്കാലത്തുള്ളവർ പ്രായേണ സ്ഥിരോത്സാഹശീലരും യഥാശക്തി പരിശ്രമശീലരും അരോഗദൃഢഗാത്രന്മാരും അന്തഃകരണപരിശുദ്ധിയുള്ളവരുമായിരുന്നതിനാൽ അധികം പേർ ദീൎഘായുഷ്മാന്മാരും ബ്രഹ്മവിദ്യാതൽപരന്മാരുമായി അവയിലായിരുന്നു അധികമായ പരിശ്രമം ചെയ്തുവന്നിരുന്നത്.

എന്നാൽ ആത്രേയൻ മുതലായ ഗുരുക്കന്മാരും അഗ്നിവേശൻ മുതലായ ശിഷ്യന്മാരുമായ മഹൎഷിമാർ ഉപദേശകാലത്തു ചെയ്തിരുന്ന ചോദ്യോത്തരമായും മററുമുള്ള ആയുൎവ്വേദവിഷയങ്ങളിൽ ആത്രേയാദികളും അഗ്നിവേശാദികളും വെവ്വേറെ തന്ത്രഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ട്. പിന്നീട് അഗ്നിവേശാദികളുടെ ശിഷ്യന്മാരായ പല മഹാന്മാരും ഓരോരോ ഭാഗങ്ങൾ പ്രധാനമാക്കിയും മററുമായി പല ആയുൎവ്വേദതന്ത്രഗ്രന്ഥങ്ങളും നിൎമ്മിച്ചിട്ടുണ്ട്. ഇങ്ങിനെ ശിഷ്യപരമ്പരയാൽ ആൎയ്യന്മാരുടെ ആയുൎവ്വേദവും തദ്വിഷയമായ തന്ത്രഗ്രന്ഥങ്ങളും അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. ആ വക കാലങ്ങളിൽ ആയുരാരോഗ്യസൌഖ്യസിദ്ധിക്കുവേണ്ടി ദിവ്യ

മായ കാലോചിത രസായനത്തെ വിധിപ്രകാരം സേവിച്ചു ദീർഘായുസ്സുകളും തപോനിഷ്ഠന്മാരുമായ പല യോഗീശ്വരന്മാരും, ദീർഘായുസ്സുകളും എത്രയും ബലവീര്യപരാക്രമികളും സർവ്വേന്ദ്രിയശക്തിമത്തുക്കളുമായ ചന്ദ്രസേനൻ, ശൂരസേനകൻ, ശാരദൻ, യശോധനൻ, ഇന്ദ്രദ്യുമ്നൻ മുതലായി പല രാജശ്രേഷ്ഠന്മാരുമുണ്ടായിരുന്നുവെന്നും ആ യോഗീശ്വരന്മാരിലും രാജശ്രേഷ്ഠന്മാരിലും ചിലർ ഇന്നും ഹിമവാന്റെ മുകളിൽ വലിയ സമാധിയോടുകൂടിയിരിക്കുന്നുണ്ടെന്നും ഐതിഹ്യങ്ങൾകൊണ്ടു കാണുമാറുണ്ട്. സകലവിധമായ സംസ്കാരങ്ങൾകൊണ്ടും പരിശുദ്ധമായ സൂതാദികൾ ചേർന്ന ദിവ്യമായ ആ വക രസായനങ്ങൾക്കു ഉപയുക്തമായ സൂതാദികളെപ്പററി,

ദേഹസ്ഥാൽ ജീവന്മുക്തിം
സമീഹമാനേന യോഗിനാ പ്രഥമം
ദിവ്യാ തനുർവിധേയാ
ഹരഗൌരീസൃഷ്ടിസംയോഗാൽ
ഏവംഭൂതസ്യ സൂതസ്യ
മർത്ത്യമൂർത്ത്യഗദച്ഛിദഃ
പ്രഭാവാന്മാനുഷാ ജാതാ
ദേവതുല്യബലായുഷഃ

എന്നും മററും പറഞ്ഞിട്ടുമുണ്ട്.

എന്നു മാത്രമല്ല, ആയുരാരോഗ്യൈശ്വര്യങ്ങളുടെ സിദ്ധിക്കും കൃച്ഛ്രസാദ്ധ്യമായും മററുമുള്ള രോഗങ്ങളുടെ പ്രശാന്തിക്കും തക്കതായ രസായനവിധി, രസാദികളായ മഹൌഷധങ്ങളുടെ പരിശുദ്ധിക്കു തക്കതായ സംസ്കാരവിധി, രോഗങ്ങളുടെ സൂക്ഷ്മജ്ഞാനത്തിന്നു തക്കതായ ലക്ഷണമാർഗ്ഗം, ഔഷധങ്ങളുടെയും തത്തദ്രോഗങ്ങളുടെയും ഉപയോഗത്തിന്നു തക്കതായ ഗുണദോഷവിമർശം, രോഗാദികളുടെ സൂക്ഷ്മജ്ഞാനാദികൾക്കു തക്കതായ ശാരീരവിഭാഗാദികളുന്നം, ചികിത്സകളുടെ ഫലപ്രാപ്തിക്കു തക്കതായ ക്രിയാമാർഗ്ഗം, അതിന്നനുരൂപമായ പത്ഥ്യാപത്ഥ്യവിനിർണ്ണയം, ശസ്ത്രക്രിയകളുടെ സൌകര്യസിദ്ധിക്കു തക്കതായ കൃത്യാകൃത്യനിരൂപണം, രോഗാനുല്പത്തിക്കു തക്കതായ ദിനചര്യാദികളുടെ വിധി, ആയുസ്സിന്റെ കാലപരിനിർണ്ണയത്തിന്നു തക്കതായ വികൃതിവിജ്ഞാനീയം, ഭാവിജ്ഞാനത്തിന്നു തക്കതായ ദൂതാദിവിജ്ഞാനീയം ഈ വക ഓരോരൊ ഭാഗമായി പ്രത്യേകം സൂക്ഷ്മത്തോളം ആലോചിച്ചു നോക്കുന്നതായാൽ ഇത്ര ഗൌരവവും പരിശുദ്ധിയും ഫലസിദ്ധിയും ഔഷധയോഗങ്ങളും സമ്പന്നന്മാരിലും സാധുക്കളിലും ഒരേ നിലയിൽ നിർവ്വഹിക്കാവുന്നതും മററുമായ ചികിത്സാമാർഗ്ഗങ്ങളും തത്സൌകര്യവുമുള്ള ഒരു വൈദ്യശാസ്ത്രം ഒരു രാജ്യക്കാരിലും ഇല്ലെന്നുതന്നെ സഗൌരവം പറയാം.

എന്നാൽ, ഈ ആയുർവ്വേദതന്ത്രത്തിൽ നല്ല പഠിപ്പും പരിജ്ഞാനവും പരിചയവും വേണ്ടുന്നതക്കതായ പരിശ്രമവുമുള്ള മഹാന്മാർ കാലക്രമേണ ഇല്ലാതെ വന്നിരിക്കുന്നു. എന്നു മാത്രമല്ല, ഒരു വിധം പഠിപ്പും പരിജ്ഞാനവുമുള്ള ചുരുക്കം ചില മഹാന്മാരും മററുമുണ്ടെങ്കിലും അവർക്കു അവരുടെ പഠിപ്പിന്നും പരിജ്ഞാനത്തിന്നും അനുഗുണമായി ചികിത്സകളിൽ ഏർപ്പെട്ടു വേണ്ടവിധം പരിചയിപ്പാനും പരിശ്രമിച്ചുവരുവാനും തക്കതായ യാതൊരു ഉപകരണസമ്പത്തിയും ധനസ

ഘത്തിയമില്ലാതെയും വന്നിരിക്കുന്നു. ആ ഒരു സ്ഥിതിക്കു മേല്പറഞ്ഞ സംഗതി പൊതുജനങ്ങൾക്കു അത്ര വിശ്വാസയോഗ്യമല്ലെന്നു വന്നേക്കാം. എങ്കിലും മേല്പറഞ്ഞ ഓരോരൊ വിഷയത്തെപ്പററി ചുരുക്കമായി വിവരിക്കുന്നത് എത്രയും ആവശ്യകമാകുന്നു.

ആയുരാരോഗ്യസൌഖ്യപ്രദമായും മഹാരോഗശാന്തികരമായും മററുമുള്ള രസായനവിധികളെപ്പററി മാണ്ഡവ്യൻ, ലംബകൻ, കലംബി, ഭാല്ലുകി, ചണ്ഡീശ്വരൻ. മന്ഥാനഭൈരവൻ, രത്നാകോഷൻ, നാഗാൎജ്ജുനൻ, സുരാനന്ദൻ, രസേന്ദ്രതിലകൻ, മുതലായ പലമഹാന്മാരും രസതന്ത്രങ്ങൾ ഉണ്ടാക്കീട്ടുണ്ട്. ആ മഹാന്മാരുടെ ആ രസതന്ത്രങ്ങൾ എല്ലാം നല്ലവണ്ണം നോക്കി ഗ്രഹിച്ചാണ് രസരത്നസമുച്ചയമെന്ന രസതന്ത്രം താനുണ്ടാക്കുന്നതെന്നു തന്റെ രസരത്നസമുച്ചയത്തിന്റെ പ്രാരംഭത്തിൽ തന്നെ വാഗ്ഭടാചാൎയ്യർ വിശദമായി പറഞ്ഞിരിക്കകൊണ്ട് ആ മഹാന്റെ കാലത്ത് ആ രസതന്ത്രങ്ങൾ എല്ലാമുണ്ടായിരുന്നുവെന്നും അക്കാലത്തുള്ള ആയുൎവേദതന്ത്രജ്ഞന്മാരായ വിദ്വാന്മാർ പലരും അവയിൽ പരിശ്രമിച്ചുവന്നിരുന്നുവെന്നും പറയാവുന്നതാകുന്നു. ആ രസതന്ത്രങ്ങളിൽ സൂചികാഭരണം, സൂചീമുഖം, മഹാകനകസുന്ദരം, ഉമാപതിരസം മുതലായി സിദ്ധങ്ങളായ അസംഖ്യം രസായനങ്ങൾ വിധിച്ചിട്ടുണ്ട്. സൂചികാഭരണരസായനത്തിന്റെ പ്രയോഗത്തെയും ഉപചാരത്തെയും പററി,

"സന്നിപാതേന തീവ്രേണ
മുമൂഷോൎഭ്രുഗതസ്യ ച
താലുനി വ്രശ്ചയിത്വാഥ
രസമേനം വിനിക്ഷിപേൽ
സൂച്യ്യാതിസൂക്ഷ്മയാതോയ-
ഭിന്നയാതിപ്രയത്നതഃ
തതസ്സ്ഥലേന സംലിപ്യ
നിൎവ്വാതേ സന്നിവേശയേൽ"

എന്നും മററും വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. വലിയ സന്നിയാൽ യാതൊരു ചേഷ്ടയും കൂടാതെ മൃതപ്രായനായ രോഗിയുടെ താലുപ്രദേശത്തിങ്കൽ കഴുകിയ അതിസൂക്ഷ്മമായ സൂചി എന്ന ശസ്ത്രംകൊണ്ടു ഈ രസത്തെ വ്രശ്ചനം ചെയ്തിട്ടു (കുത്തിക്കയററിയിട്ടു) വെക്കണം. വ്രശ്ചനമെന്നാൽ ഇഞ്ചിക്കെഷൻ ആകുന്നു. അതിന്നുശേഷം എണ്ണതേപ്പിച്ചിരുത്തുക മുതലായ ശീതോപചാരങ്ങൾ ചെയ്യണമെന്നാണു മേല്പറഞ്ഞതിന്റെ അൎത്ഥം. സൂചീമുഖരസായനത്തിന്റെ പ്രയോഗവും വ്രശ്ചനംതന്നെയാണ്. മഹാകനകസുന്ദരം, ഉമാപതിരസം ഇതുരണ്ടും ആയുരാരോഗ്യാദികൾക്കു പ്രത്യേകം പറഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ അവയിൽ വലിയ ഫലവത്തായ പല രസായനങ്ങളേയും തദുപയുക്തമായ സൂതപാരദാദികളെയും പാശ്ചിലർ ദുഷ്ടമായും ദോഷകരമായും അസാദ്ധ്യമായും പറഞ്ഞുവരുന്നുണ്ട്. അത് അവൎക്കു ആവക രസായനങ്ങൾ വേണ്ടവിധം ഉണ്ടാക്കേണ്ടതിലേക്കു തക്കതായ പരിജ്ഞാനവും പരിചയവും സൂതപാരദാദികൾ വരുത്തി ശുദ്ധീകരിച്ചു ശേഖരിപ്പാനുള്ള വിവരവും പ്രാപ്തിയുമില്ലായ്കയാലാണെന്നു മാത്രമേ പറഞ്ഞുകൂടു. രസരത്നസമുച്ചയം മുതലായ രസതന്ത്രങ്ങളിൽ ആവക രസായനങ്ങൾക്കു ഉപയുക്തമായ

സൂതപാരദാദികളുടെ ദോഷാംശത്തെ കളഞ്ഞു ശുദ്ധീകരിക്കേണ്ടതിലേയ്ക്കും ഉപയോഗപ്പെടുത്തേണ്ടതിലേയ്ക്കും പലവിധമായ സംസ്കാരങ്ങളെയും, രസായനക്രിയകളെയും, തദുപയുക്തമായ പല യന്ത്രങ്ങൾ മൂഷകൾ കോഷ്ഠികൾ മുതലായ ഉപകരണങ്ങളെയും തത്സപത്രപാദികളെയും, പുടപാകാദികളെയും, ഉപയോഗക്രമാദികളെയും നല്ലവണ്ണം വിവരിച്ചുപറഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല, സൂതപാരദാദികൾ ഹിമവാൻമുതലായ പൎവ്വതങ്ങളുടെ താഴ്വരകളിലും ഓരോരോ ഖനികളിലും ഇന്നിന്നവിധമുണ്ടാകുന്നുണ്ടെന്നും, തദ്ദേശവാസികൾ ഇന്നിന്നവിധം ശുദ്ധീകരിച്ചെടുത്തുവരുന്നുണ്ടെന്നും, അതാതുകളുടെ ലക്ഷണാദിസഹിതം പറഞ്ഞിട്ടുമുണ്ട്. അതിനാൽ ആവക രസായനങ്ങളും ശരിയായി ഉണ്ടാക്കി ചികിത്സകളിൽ വേണ്ടവിധം ഉപയോഗിച്ചുവരുന്നതായാൽ അവയ്ക്കു പറഞ്ഞിരിക്കുന്ന ഫലങ്ങൾ ഒരിക്കലും വ്യഭിചരിച്ചുപോകുന്നതല്ല. അവയെക്കൊണ്ടു ശരിയായി ചെയ്തുവരുന്ന ചില ചികിത്സകൾ ചിലേടത്തു ഫലിക്കാതെ വ്യഭിചരിച്ചുപോകുന്നതു രോഗങ്ങളുടെ സൂക്ഷ്മം അറിഞ്ഞു അവയ്ക്കു തക്കതായവ ഉപയോഗപ്പെടുത്തി ചെയ്യുവാറില്ലായ്കയാലാകുന്നു. അതിനാൽ ചികിത്സകളുടെ ഫലപ്രാപ്തിയ്ക്കു മുഖ്യമായിട്ടുള്ളതു രോഗങ്ങളുടെ സൂക്ഷ്മജ്ഞാനമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ആത്രേയാദികളായ മഹാന്മാർ രോഗങ്ങളുടെ സൂക്ഷ്മജ്ഞാനത്തിന്നു പറഞ്ഞിരിക്കുന്ന മാൎഗ്ഗമെന്തെന്നാൽ — ഒരു വൈദ്യൻ ഒരു രോഗിയുടെ അടുക്കൽ ചെന്നു ദൎശനം, സ്പൎശനം, പ്രശ്നം ഇവയെക്കൊണ്ടു രോഗിയെയും നിദാനം, പൂൎവ്വരൂപം, രൂപം, ഉപശയം, സംപ്രാപ്തി ഇവയെക്കൊണ്ടു രോഗത്തെയും പരീക്ഷിക്കണം. എന്നാൽ ആ ദൎശനാദികൾകൊണ്ടു നിദാനാദികളുടെയും, നിദാനാദികൾകൊണ്ടു രോഗത്തിന്റെയും സൂക്ഷ്മജ്ഞാനം സിദ്ധിക്കും. ഒരു രോഗം ഉണ്ടാകാനിരിക്കുമ്പോൾ വാതപിത്തകഫങ്ങൾ അതാതു ദുഷിപ്പാൻ തക്ക വിരുദ്ധമായ ആഹാരവിഹാരാദികളിൽ അപ്പോൾ സംഭവിച്ചതുകളെ അനുസരിച്ചു ദുഷിക്കുകയാൽ അവയ്ക്കുണ്ടാവുന്ന വികാരങ്ങൾ എന്തെല്ലാമാണൊ എങ്ങിനെയെല്ലാമാണൊ അവയെ നിദാനമെന്നു പറയും. നിദാനത്താൽ ജ്വരാദികളായ രോഗങ്ങളുടെ സാമാന്യജ്ഞാനവും പ്രായേണ ജ്വരമൊ മറ്റൊ എന്നു യഥാകഥഞ്ചിൽ വിശേഷജ്ഞാനവുമുണ്ടാകും. അതിന്നുശേഷം ഉണ്ടാകുന്ന അവ്യക്തമായ ആലസ്യാദികൾ എന്തെല്ലാമാണൊ എങ്ങിനെയെല്ലാമാണൊ അവയെ പൂൎവ്വരൂപമെന്നു പറയും. പൂൎവ്വരൂപത്താൽ ജ്വരമൊ മറ്റൊ ആയ ഇന്ന രോഗമുണ്ടാകുവാൻ പോകുന്നുവെന്നു രോഗവിശേഷജ്ഞാനം മാത്രമുണ്ടാകും. ജ്വരമാണെങ്കിൽ വാതജ്വരമൊ പിത്തജ്വരമൊ കഫജ്വരമൊ എന്നും മറ്റുമുള്ള ജ്വരവിശേഷജ്ഞാനമൊ മറ്റൊ ഉണ്ടാകുന്നതല്ല. മേല്പറഞ്ഞ ആലസ്യാദികൾ വാതജ്വരാദിയായ ജ്വരവിശേഷത്തിന്റെയൊ മറ്റൊ വിശേഷലക്ഷണത്തോടുചേൎന്നു വ്യക്തിഭവിച്ചു ഇന്ന ജ്വരമാണെന്നും മറ്റും ജ്വരവിശേഷാദിജ്ഞാനമുണ്ടാകുവാൻ തക്ക നിലയിലായാൽ അവയെ രൂ

പമെന്നു പറയും. നിദാനത്തിന്നും രോഗത്തിന്നും വിപരീതമായൊ മറ്റൊ ഉള്ള ഔഷധാന്നവിഹാരങ്ങളുടെ ആചരണത്താലുണ്ടാകുന്ന സുഖാനുബന്ധത്തെ ഉപശയമെന്നും പീഡാനുബന്ധത്തെ അനുപശയമെന്നും പറയും. ഔഷധാന്നവിഹാരങ്ങളുടെ സുഖാവഹമായ ഉപയോഗങ്ങൾ ചിലക്കു ചിലതു പറ്റിയെന്നും ചിലതു ചില കാലങ്ങളിൽ പറ്റിയില്ലെന്നും വരും. അതിനാൽ മേല്പറഞ്ഞ ഉപശയത്താൽ രോഗികളുടെ പ്രകൃതിയുടെയും, രോഗത്തിന്റെ കാലാവസ്ഥയുടെയും, ഗൌരവലാഘവങ്ങളുടെയും ജ്ഞാനമുണ്ടാകും. വാതാദികളായ ദോഷങ്ങൾ ഏതു പ്രകാരം ദുഷിച്ചിട്ടും ദുഷിച്ചതിന്നു ശേഷം ഏതുപ്രകാരം ദേഹത്തിൽ വ്യാപിച്ചിട്ടും രോഗമുണ്ടാകുന്നുവൊ അതുപ്രകാരമുള്ള രോഗോല്പത്തിയെ [illegible] ന്നു പറയും. സമ്പ്രാപ്തിയാൽ രോഗത്തിന്റെ സാദ്ധ്യാസാദ്ധ്യയാപ്യാവസ്ഥകളുടെ ജ്ഞാനമുണ്ടാകും. ഈ സമ്പ്രാപ്തി, വാതാദികളിൽ ഇന്നിന്നതു ഇന്നിന്നവിധം കോപിച്ചിരിക്കുന്നുവെന്നു അംശാംശകല്പനയാലും അവയുടെ സ്വാതന്ത്ര്യപാരതന്ത്ര്യങ്ങളാലും ബലകാലങ്ങളുടെ വിശേഷത്താലും ഭേദപ്പെട്ടുവരും. അതാതു രോഗത്തിനുള്ള നിദാനാദികൾ അതാതു രോഗത്തെപ്പറ്റി പ്രതിപാദിക്കുന്നേടത്തു വിവരിച്ചിട്ടുണ്ട്.

പണ്ഡിതർ ഡി. കുഞ്ഞികൃഷ്ണവാരിയർ

# കാളിദാസരുടെ നാടകങ്ങൾ

നാടകകർത്താക്കളിൽവെച്ച ഒന്നാമതായി നമ്മുടെ ഓൎമ്മയിൽ വരുന്നതു കാളിദാസരുടെ നാമമാകുന്നു. അദ്ദേഹത്തിന്റെ കാലത്തിന്നുമുമ്പു, സംസ്കൃതസാഹിത്യസാമ്രാജ്യത്തിൽ പല കവികളും നാടകകൎത്താക്കളും ജീവിച്ചിരുന്നിട്ടുണ്ട്. ഭാസസൌമില്ലകകവിപുത്രന്മാരും, ശൂദ്രകനും ആ കൂട്ടത്തിൽ ഉൾപ്പെട്ടവരാകുന്നു. എന്നാൽ അവർ സാഹിത്യത്തിന്റെ സൎവ്വഭാഗങ്ങളേയും ഭരിക്കുന്നതിനു ശക്തന്മാരായിരുന്നില്ല. കാളിദാസരൊ, കവിതയും രചനാവൈദഗ്ദ്ധ്യവും തികഞ്ഞ ഒരു മഹാകവിയായിരുന്നു. വാസ്തവത്തിൽ അദ്ദേഹം തന്നെയായിരുന്നു അന്നത്തെ സാഹിത്യസാമ്രാജ്യചക്രവൎത്തി. അദ്ദേഹത്തെക്കാൾ യോഗ്യനായി, ആ സാമ്രാജ്യത്തിൽ ഇതുവരെ ഒരാളും ഉണ്ടായിട്ടില്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലൊ.

മാളവികാഗ്നിമിത്രവും, വിക്രമോൎവ്വശീയവും, ശാകുന്തളവും ആണു കാളിദാസരുടെ നാടകത്രയം എന്ന പേരിൽ നാം അറിയുന്നത്. ഇവയിൽ ഒടുവിലത്തേതു, അദ്ദേഹത്തിന്റെ സൎവ്വപ്രധാനമായ കൃതിയത്രെ. സഹൃദയന്മാരുടെ മനഃപൂൎവ്വമായ ശ്ലാഘക്കു അൎഹമായിത്തീൎന്നിട്ടുള്ളതും അതുതന്നെ ആകുന്നു.

'പ്രാചീനസാഹിത്യരത്നം' എന്നാണ് സർ വില്യം ജോൺസ് ശാകുന്ത

ത്തെപ്പററി പറഞ്ഞിട്ടുള്ളത്. 'ലോകത്തിലുള്ള നാടകങ്ങളിൽ വെച്ചു ഏററവും മനോഹരമായ ഒരു കൃതിയാണെന്ന് അതിനെക്കുറിച്ചു പ്രൊഫസ്സർ വിൽസനും അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രൊഫസ്സർ ഹീറൻ പറയുന്നു:— ഈ നാടകം (ശാകുന്തളം) അതിന്റെ നിസർഗ്ഗസിദ്ധമായ രാമണീയകവിശേഷത്താലും സ്വാഭാവികതയാലും അതുല്യമായി തീൎന്നിരിക്കുന്നു. എല്ലാ സമുദായക്കാരുടെയും നാടകസാഹിത്യത്തിൽ അത്യുത്തമപദമാകുന്നു ഇതിനുള്ളത്. ജൎമ്മൻ തത്വജ്ഞാനിയായ ഗീഥയുടെ അഭിപ്രായത്തിൽ ഹൃദയാഹ്ലാദകങ്ങളായ സകല വസ്തുക്കൾക്കും കൂടിയുള്ള പേരാണ് ശാകുന്തളം എന്നു കാണുന്നു. പാശ്ചാത്യദേശങ്ങളിലെ പണ്ഡിതന്മാരുടെ ഇടയിൽ ഇത്രമാത്രം പ്രചാരം മററു സംസ്കൃതകൃതിക്കുമില്ലെന്നു ഖണ്ഡിച്ചു പറയാം. ഇതിനെ ഇംഗ്ലീഷിലേക്കു തൎജ്ജമ ചെയ്ത സർ മോണിയർ വില്യംസ്, ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.— 'ശാകുന്തളത്തെക്കുറിച്ചു വേണ്ടുംവിധം അറിയാവുന്ന വിദ്വാന്മാരും അതിന്റെ സ്തുതിപാഠകന്മാരും ഭാരതവൎഷത്തിൽ മാത്രമല്ല ഉള്ളത്. അതിന്റെ മാഹാത്മ്യത്തെ കണ്ടറിവാൻ തക്ക സഹൃദയതയുള്ള രസികന്മാർ ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ എവിടെയുമുണ്ട്. അഥവാ അതു, എല്ലാവരാലും അഭിനന്ദനീയമായി തീൎന്നിട്ടില്ലെങ്കിൽത്തന്നെയും, ആ പരിഷ്കൃതലോകത്തിലെ പണ്ഡിതന്മാരിൽ മിക്കവരും അതിന്റെ അനപലപനീയമായ മാഹാത്മ്യത്തെ കൊണ്ടാടുന്നുണ്ട്.'

അഗസ്റ്റസ് വില്യം വോൺ ഷ്ലേഗേജിൽ, അദ്ദേഹത്തിന്റെ നാടകങ്ങളെക്കുറിച്ചുള്ള ഒന്നാമത്തെ പ്രസംഗത്തിൽ, ഇങ്ങിനെ പറഞ്ഞിരിക്കുന്നു— 'പൂൎവ്വകാലത്തു പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന ഭാരതീയർ, വിദേശീയ സംസൎഗ്ഗം ചെയ്യുന്നതിനു മുമ്പുതന്നെ, നാടകരചനയിൽ അത്യന്തം സമൎത്ഥന്മാരായിരുന്നു. ഏകദേശം രണ്ടായിരം വൎഷങ്ങൾക്കു മുമ്പു മുതൽ, അവരുടെ സാഹിത്യത്തിൽ നാടകങ്ങൾ ഉണ്ടായിത്തുടങ്ങി. ഈ വസ്തുത, പാശ്ചാത്യന്മാർ ഇപ്പോൾ അറിയാൻ തുടങ്ങിയിട്ടേ ഉള്ളൂ. അവയിൽ വെച്ചു മുഖ്യസ്ഥാനം, ശാകുന്തളത്തിനാണ് നൽകിയിട്ടുള്ളത്. അതിനു നമ്മുടെ പുരാണകഥാപ്രതിപാദകങ്ങളായ നാടകങ്ങളോട ധാരാളം സാമ്യമുണ്ട്.'

അലക്സാണ്ടർ വോൺ ഹംബോൾട്ട് പറയുന്നു:— 'കാമുകന്മാരുടെ ഹൃദയത്തിന്മേൽ പ്രകൃതിക്കുള്ള സ്വാതന്ത്ര്യത്തെ വൎണ്ണിച്ചു ഫലിപ്പിക്കുന്നതിന് ഏററവും സാമൎത്ഥ്യമുള്ള ഒരു മഹാകവിയാകുന്നു, ആ മനോഹരമായ ശാകുന്തളത്തിന്റെ കൎത്താവ്. അദ്ദേഹം, വിക്രമാദിത്യചക്രവൎത്തിയുടെ കൊട്ടാരത്തെ അലങ്കരിച്ചിരുന്ന നവരത്നങ്ങളിൽ ഒരാളായിരുന്നു. അതുകൊണ്ടു തന്നെ, അദ്ദേഹം വിൎജ്ജിൽ, ഹൊറേസ്സ് മുതലായവരുടെ സമാനകാലികനത്രെ. മനോഭാവങ്ങളെ ഹൃദയംഗമമായി വൎണ്ണിക്കുന്നതിനുള്ള ചാതുൎയ്യവും, രചനാശക്തിയുടെ പ്രാചുൎയ്യവും എല്ലാ സമുദായങ്ങളിലുമുള്ള എല്ലാ കവികളുടെ ഇടയിലും, അദ്ദേഹത്തിനു ഉയൎന്ന സ്ഥാനം സമ്പാദിച്ചുകൊടുത്തിട്ടുണ്ട്.' സുപ്രസിദ്ധനായ രമേശചന്ദ്രദത്തൻ ഇങ്ങിനെ പറ

ത്തിരിക്കുന്നു:—'സരസ്വതീദേവിയുടെ അനുഗൃഹീതസന്താനമായ കാളിദാസൻ, മനോമോഹനങ്ങളായ പല കൃതികളുടെ കർത്താവാണെങ്കിലും, പരിഷ്കൃതലോകം, അദ്ദേഹത്തെ ശാകുന്തളകർത്താവിന്റെ നിലയിലാണറിയുന്നത്. ആ സംസ്കൃതനാടകത്തെ പാരായണം ചെയ്യുന്ന ആൾ, സൌന്ദര്യവും മൃദുലഹൃദയയുമായ ആ ആശ്രമകന്യകയേക്കാൾ മധുരതരമായ ഒരു സൃഷ്ടിവിശേഷം, മാനുഷികഭാവനാശക്തികൊണ്ടു നിർമ്മിക്കാൻ കഴികയില്ലെന്നഭിപ്രായപ്പെടുന്നതിൽ, ഒരു ഫിള്ളു തടന്ന ആയിരിക്കണമെന്നില്ല.' ഡാക്ടർ ഭാൻദാജി, ശാകുന്തളത്തെ പൂർവ്വനാടകസാഹിത്യത്തിലെ പ്രകാശമാനമായ രത്നമായി പരിഗണിച്ചിരിക്കുന്നു.

കാളിദാസരുടെ മറെറാരു കേൾവിപ്പെട്ട നാടകം വിക്രമോർവ്വശീയമാണല്ലൊ. പ്രൊഫസർ വിൽസൺ, അതിനേയും ശാകുന്തളത്തേയും തമ്മിൽ, ഇങ്ങിനെ താരതമ്യപ്പെടുത്തിയിരിക്കുന്നു. 'രണ്ടിലേയും വർണ്ണനകൾക്ക് ഒരുപോലെയുള്ള ജീവനും, ഭാവങ്ങൾക്ക് ഒരേമാതിരിയിലുള്ള മൃദുത്വവുമുണ്ട്. രചനയ്ക്കുപയോഗിച്ചിട്ടുള്ള ഭാവനാശക്തിയും, രീതിയുടെ ലാളിത്യവും തുല്യങ്ങൾ തന്നെ. അധികം വിജയകരമായി പരിണമിച്ചത് ഏതാണെന്നു നിർണ്ണയിക്കാൻ പ്രയാസം. എന്നാൽ വിക്രമോർവ്വശീയത്തിലെ കഥ, കുറെക്കൂടെ സാമർത്ഥ്യത്തോടെ രചിച്ചിട്ടുള്ളതും, ശാകുന്തളത്തിലേതിനേക്കാൾ കുറെക്കൂടെ സ്വാഭാവികവും ആകുന്നു. പക്ഷെ, ശാകുന്തളത്തിലെ നായികയെപ്പോലെ, ഹൃദയത്തിന്റെ ഏതു കോണിലും സ്പർശിക്കത്തക്ക പ്രകൃതിവിശേഷത്തോടുകൂടിയ ഒരു പാത്രവും അതിൽ ഇല്ലതന്നെ.'

കാളിദാസരുടെ മറെറാരു നാടകം, മാളവികാഗ്നിമിത്രമാണല്ലോ. ഇതു, നമ്മുടെ സാമുദായികസാഹിത്യത്തിൽ വെച്ച് ഏററവും മനോഹരമായ ഒരു കൃതിയാകുന്നു. ശാകുന്തളത്തോടൊ, വിക്രമോർവ്വശീയത്തോടൊ അതിനെ സാദൃശ്യപ്പെടുത്താൻ പാടില്ലെങ്കിലും, അവയെ അപേക്ഷിച്ച്, അതിലെ 'ഭാഷ' അത്യന്തം മധുരവും ലളിതവും ആണ്. അതിലെ ഗാനങ്ങൾക്കും, പദ്യങ്ങൾക്കുമുള്ള മോടിയും, ധാടിയും അനിർവ്വചനീയമത്രെ. വർണ്ണനകൾ, കവനദ്വാരാ പ്രകൃതിയുടെ പടം വരയ്ക്കുന്നതിൽ തല്പരന്മാരായ ഏതു ചിത്രകാരന്മാരുടെ ഇടയിലും തൽക്കർത്താവിനു, ഒരുയർന്ന സ്ഥാനം ലഭിക്കത്തക്ക വിധം, അത്ര സ്വാഭാവികങ്ങളാകുന്നു. സ്വഭാവവർണ്ണനകളും, മിക്കവാറും അപ്രകാരമുള്ളവയത്രെ. ചുരുക്കത്തിൽ ആ കൃതി, മഹത്തായ നാടകരചനാപാടവത്തിന്റെയും, പദ്യനിർമ്മാണചാതുരിയുടെയും ഒരു സമ്മേളനമാകുന്നു.

ഷേക്സ്പീയരുടെ കൃതികളെപ്പോലെ തന്നെ കാളിദാസകൃതികളും, കവനകലസംബന്ധിച്ച് അദ്ദേഹത്തിനുണ്ടായ അഭിവൃദ്ധിക്കു ദൃഷ്ടാന്തങ്ങളാകുന്നു. ഷേക്സ്പീയരുടെ കൃതികളായ 'മിഡ്സമ്മർ നൈററ്സ് ഡ്രീമും', 'ടെമ്പസ്ററും' തുല്യഗുണങ്ങളോടുകൂടിയവയാണെന്നു സംവദിപ്പാൻ നിവൃത്തിയില്ല. അവയ്ക്കു തമ്മിലും, യൌവനയുക്തനായ ഷേക്സ്പീയരും, പ്രൌഢവയസ്കനും പരിപക്വബുദ്ധിയുമായ ഷേക്സ്പീയരും തമ്മിലുള്ള അന്തരമുണ്ട്. ന

മുടെ ഈ ഇന്ത്യൻഷേക്സ്പീയരുടെ കൃതികളുടെ കാലത്തെ നിർണ്ണയിക്കേണ്ടതും, ഏകദേശം ഈവിധം തന്നെയാണ്. മാളവികാഗ്നിമിത്രം, കാളിദാസൻ നാട്യവിദ്യാശാലയിൽ അഭ്യസിക്കുന്ന ഒരു വിദ്യാർത്ഥിയാണെന്നു തെളിയിക്കുന്നു; വിക്രമോർവ്വശീയം, ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ ചൂണ്ടിക്കാണിക്കുന്നു; ശാകുന്തളമാകട്ടെ, കവി, തന്റെ കലയിൽ പൂർണ്ണജ്ഞാനം നേടിയ ആളാണെന്നു വിളിച്ചുപറയുന്നു. മറെറാരുവിധം പറകയാണെങ്കിൽ, മാളവികാഗ്നിമിത്രം, അദ്ദേഹത്തിന്റെ നാടകസാഹിത്യലോകജീവിതത്തിന്റെ ആദ്യദശയിലേയും, വിക്രമോർവ്വശീയം മധ്യദശയിലേയും, ശാകുന്തളം അവസാനത്തിലേയും— പരിപക്വദശയിലേയും— കൃതികളാകുന്നു. കവികൾ, ചിത്രകാരന്മാർ, സംഗീതകുശലന്മാർ മുതലായവർ അതാതു കലകളിൽ നിമിഷംപ്രതി കൂടുതൽ അറിവുള്ളവരായിത്തീരുക സാധാരണയാണല്ലോ. ചില നിരൂപകന്മാർ, ശാകുന്തളത്തിന്റേയും, മാളവികാഗ്നിമിത്രത്തിന്റേയും കർത്താവ് ഒരാളല്ലെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ അതു അങ്ങനെയല്ല; സൂക്ഷ്മദൃഷ്ടിയായ ഒരാൾക്കു, അവയിലെ പാത്രങ്ങളുടെ സ്വഭാവസാദൃശ്യത്താലും, വർണ്ണനകളുടെ സ്വാഭാവികതയാലും, പ്രകൃതിവർണ്ണനകളുടെ സാരസ്യത്താലും അതും ആ പുണ്യപുരുഷന്റെ തൂലികയിൽനിന്നു നിർഗ്ഗളിച്ചതാണെന്നു, നിശ്ചയമായും തോന്നുന്നതാണ്.

കാളിദാസന്റെ നാടകങ്ങളിലെ പ്രധാനരസം ശൃംഗാരമാകുന്നു. ഭാരതീയനാടകകർത്താക്കന്മാരിൽ മിക്കവക്കും അതിൽ തന്നെയാണ് കൂടുതൽ അഭിരുചി. പുരാണകഥാപ്രതിപാദകങ്ങളായതുകൊണ്ടു, അവ ഹിന്തുക്കൾക്കു രുചിക്കുന്ന കൃതികളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അനുരാഗത്തിന്റെ ഉത്ഭവം, വളച്ച്, പരിണാമഫലം മുതലായവയെ 'പൊടിപ്പും തൊങ്ങലും വെച്ചു' വർണ്ണിക്കുന്നതിനു ശാകുന്തളകർത്താവിനുള്ള പാടവം ഒന്നു വേറെ തന്നെയാണ്. അനുരക്തമിഥുനങ്ങളുടെ സ്വഭാവത്തെ സവിശേഷം വർണ്ണിക്കുന്നതിലും അദ്വിതീയൻ അദ്ദേഹം തന്നെയാകുന്നു. കാളിദാസകൃതികളിൽ കാണുന്ന അനുരാഗം നിർമ്മലവും ദിവ്യവുമത്രെ! ദാമ്പത്യജീവിതത്തിലാണു, വാസ്തവാനുരാഗം അധികം സംഭവിക്കാറുള്ളതെന്നു, അദ്ദേഹം വേണ്ടുംവണ്ണം തെളിയിച്ചിട്ടുണ്ട്: എന്തുകൊണ്ടെന്നാൽ, യഥാർത്ഥപ്രേമം ധർമ്മത്തിനു കീഴടങ്ങി നില്ക്കുകയേ ഉള്ളു. അത്തരം പ്രേമമാകുന്നു, കാമുകന്മാരെ, സദാശയന്മാരും, സൽകർമ്മപ്രവർത്തകന്മാരുമാക്കിത്തീർക്കുന്നതും!

വാക്കുകൾകൊണ്ടു മനുഷ്യപ്രകൃതികളുടെ പടം വരക്കുന്നതിനു ഇത്ര സമർത്ഥനായ ഒരു ചിത്രകാരൻ, ഇന്നേവരെ ഉണ്ടായിട്ടില്ല. വാല്മീകിയെ ഒഴിച്ചു, അദ്ദേഹത്തിന്റെ സമീപത്തിൽ എത്തുന്നതിനുപോലും, മറെറാരു കവിക്കും സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ എല്ലാ പാത്രങ്ങൾക്കും, (വിശിഷ്യ പെൺപാത്രങ്ങൾക്കു) ഒരു പ്രത്യേകജീവനുണ്ടെന്നുള്ളതിനു ശകുന്തള, അനസൂയ, പ്രിയംവദ മുതലായ സൃഷ്ടിവിശേഷങ്ങൾ ദൃഷ്ടാന്തങ്ങളാണല്ലോ. അദ്ദേഹത്തിന്റെ ചിത്രങ്ങൾ, ജീവിതരഹസ്യങ്ങളെ പ്രസ്പഷ്ടമാക്കുന്നവയാ

ന്നു്. അവയുടെ നിസ്സാരമായ തരംഗവിക്ഷേപം കൂടി, ആ നിശിതനയനങ്ങൾ കണ്ടുപിടിക്കാതിരിക്കുന്നില്ല. വാസ്തവത്തിൽ ശാകുന്തളകർത്താവിന്റെ എല്ലാ പാത്രങ്ങളും ഓരോ ജീവൽസ്വരൂപങ്ങളാണെന്നു നമുക്കു തോന്നുന്നു. അപ്രകാരം തോന്നുന്നതിനു, മറേറതൊരു കൃതിക്കും, ഏതൊരു മഹാകവിക്കും അദ്ദേഹത്തെപ്പോലെ സാധിക്കുകയില്ല; നിശ്ചയം.

കെ. എസ്സ്. പരമേശ്വരൻപിള്ള

# ഭൂമിയിലുള്ള ഉടമസ്ഥതാവകാശം *

(തുടർച്ച)

ഈ ആലോചനപ്രകാരമുള്ള ഏർപ്പാടുകൊണ്ടു പിന്നീടു വിൽക്കാത്തു വരാവുന്ന വസ്തുക്കളുടെ ഉടമസ്ഥന്മാർക്കുണ്ടാവുന്നേടത്തോളം മെച്ചം വേറെ ആർക്കുമുണ്ടാവുന്നതല്ല. എന്തെന്നാൽ അവർക്കു മുമ്പേത്തെ വില തന്നെ ഗവർമ്മേണ്ടോടാവശ്യപ്പെടാം; അത്ര വില സ്വസ്ഥന്മാരുടെ കയ്യിൽനിന്നു കിട്ടുകയില്ല. കൂടുതൽ വില ഉപേക്ഷിക്കുന്നതുകൊണ്ടു വില താണുപോകാതിരിപ്പാൻ ഗവർമ്മേണ്ടുറപ്പു അവർക്കു കിട്ടുന്നു. ഇതുകൊണ്ടു ഗവർമ്മേണ്ടിലേക്കും നഷ്ടമുണ്ടാവുന്നതല്ല. എന്തെന്നാൽ ഒരുദിക്കിൽ കുറവ് എന്നതിന്നു—സാമാന്യമായിട്ടുള്ള പുഷ്ടിക്കു ഹാനി വരുന്നില്ല എങ്കിൽ—മറെറാരു ദിക്കിൽ തദനുരൂപമായിട്ടുള്ള കൂടുതൽ എന്നർത്ഥമാകുന്നു. ഈ കൂടുതൽകൊണ്ടുള്ള മെച്ചം ഗവർമ്മേണ്ടിലേക്കുണ്ടാവുകയും ചെയ്യും.

മൂന്നാമതായിട്ടിതിന്നൊരു പൂർവ്വപക്ഷം:—ഉടമസ്ഥന്റെ പ്രയത്നത്തെ അപേക്ഷിക്കാതെയും രാജ്യത്തെ ആസകലമുള്ള ധനത്തിന്റെ വർദ്ധനകൊണ്ടും വിലകൂടി വരുന്ന വസ്തുക്കൾ ഭൂമി മാത്രമല്ല ഉള്ളു. പഴയ ചിത്രകാരന്മാരുടെ ചിത്രങ്ങൾ, പഴമയിലുള്ള പ്രതിമാദി കൊത്തുപണിത്തരങ്ങൾ, എന്നുവേണ്ട ദുർല്ലഭമായിത്തീർന്നിട്ടുള്ള എല്ലാതരം വിശേഷപദാർത്ഥങ്ങൾ ഇവയെല്ലാം ആ വിധം വിലകൂടിക്കാണുന്നുണ്ടു്. തന്റെ ഭൂമിയിന്മേൽ സ്വാർജ്ജിതമല്ലാതെകണ്ടുണ്ടാവുന്ന കൂടുതൽവില ജന്മിക്കെടുക്കുവാൻ പാടില്ല എന്നു പറയുന്നതിൽ ന്യായവിരോധമില്ലെങ്കിൽ അതേ നിയമംകൊണ്ടുതന്നെ റഫേൽ, ടിട്ടിയൻ മുതലായ ചിത്രകാരന്മാരുടെ ചിത്രങ്ങൾക്കു കിട്ടിവരുന്ന കൂടുതൽ വിലയ്ക്കു് ആ വക ചിത്രങ്ങളുടെ ഇപ്പോഴത്തെ ഉടമസ്ഥന്മാർക്കവകാശമില്ലെന്നു വെക്കുകയും ആ കൂടുതൽ ഗവർമ്മേണ്ടിലേയ്ക്കു മുതൽ കൂട്ടുകയും ചെയ്യുന്നതു യുക്തമായിരിക്കും.

* ജോൺ സ്റ്റുവട്ട് മിൽ എഴുതിയ ഒരു ലേഖനത്തിന്റെ തർജ്ജമ.

മൂലതത്വത്തെ അവലംബിച്ചുകൊണ്ടു നോക്കുമ്പോൾ ഇതു വാസ്തവമായിരുന്നാൽ തന്നെയും പ്രവൃത്തിയിൽ വരുമ്പോൾ അതുകൊണ്ടു വിശേഷിച്ചു ഫലമൊന്നുമുണ്ടാവുന്നതല്ല. എന്തെന്നാൽ ഭൂഭാഗങ്ങളും ഖനികളും ചിതറിക്കിടക്കുന്നവയുമായ ഈവക സാധനങ്ങളിന്മേൽ എത്രയധികം നികുതി ചുമത്തുന്നതായാലും അതിൽനിന്നുണ്ടാവുന്ന മുതലെടുപ്പു പുഷ്ടിയോടുകൂടിയിരിക്കുന്ന ഒരു രാജ്യത്തേക്കു ഒരിക്കലും ഗണിക്കത്തക്കതായിട്ടു വശാവുകയില്ല. എന്നാൽ മൂലതത്വത്തെ അടിസ്ഥാനമാക്കിക്കൊണ്ടു നോക്കിയാലും അതു വാസ്തവമല്ല. എന്തെന്നാൽ കലാവിദ്യ പ്രയോഗിച്ചിട്ടുണ്ടാവുന്ന പദാർത്ഥങ്ങൾ — അവ എത്രതന്നെ അപൂർവ്വങ്ങളും അനവരതങ്ങളുമാണെങ്കിലും — ഭൂമിയിൽനിന്നും അതിന്റെ അന്തർഭാഗത്തുള്ള പദാർത്ഥങ്ങളിൽനിന്നും ഈ മുഖ്യസംഗതിയിൽ (അവ പ്രയത്നഫലങ്ങളാണ് എന്ന സംഗതിയിൽ) വ്യത്യാസപ്പെട്ടിരിക്കുന്നു. ഉൽകൃഷ്ടകലാവിദ്യ പ്രയോഗിച്ചുണ്ടാക്കപ്പെടുന്ന പദാർത്ഥങ്ങൾ പ്രയത്നഫലങ്ങളാണ്, എന്നുമാത്രമല്ല മഹത്തായ ത്യാഗത്തിന്റെ ഫലങ്ങളുമാകുന്നു. പിൻകാലങ്ങളിൽ ഏതു ചിത്രത്തോടും കിടപിടിക്കത്തക്ക യോഗ്യതയോടുകൂടിയ ആ വക ചിത്രങ്ങൾക്കു വേണ്ടി വരുന്ന ക്ലേശം, ക്ഷമ, പ്രയത്നം മുതലായവയും ചിത്രകാരന്റെ സത്ത്വഫലത്തെയും വിശേഷിച്ചു് ഏററവുമധികം ദ്രവ്യലാഭത്തെയും ഉണ്ടാക്കുന്നതായവയ്ക്കു വേണ്ടിവരുന്ന ക്ലേശാദികൾക്കും തമ്മിൽ വളരെ അന്തരമുണ്ടു്. ക്ഷണനേരത്തിൽ എഴുതിത്തീർത്തവയും എളുപ്പത്തിൽ വിററഴിയത്തക്കവയുമായ ചിത്രങ്ങളിൽനിന്നു കിട്ടാവുന്ന ലാഭത്തിന്റെ ഒരു വലിയ അംശത്തെ ത്യജിക്കുക എന്നാണ് ആ വക ചിത്രങ്ങൾ എപ്പോഴും സൂചിപ്പിക്കുന്നത്. തൽക്കാലത്തേക്കു മാത്രം വിലയുള്ളവയിൽനിന്നു് എന്നെന്നേക്കും നിലനില്ക്കത്തക്ക യോഗ്യതയുള്ളവയെ തിരിച്ചറിയുവാൻ ശക്തിയുള്ള ദുർല്ലഭം ചില കലാഭിജ്ഞന്മാർ അവയെ വാങ്ങുവാനില്ലെങ്കിൽ അങ്ങിനെയുള്ള ചിത്രങ്ങളെ എഴുതുവാൻ തന്നെ സാധിക്കുകയില്ല. തങ്ങളുടെ അനന്തരവന്മാർക്കു പിന്നീടു ഒരു വലിയ സ്വത്തായിത്തീരുന്ന ആ വക ചിത്രങ്ങൾക്കു, ദ്രവ്യമെന്ന നിലയിൽ ആകാതെതന്നെ, വലിയ വില കൊടുക്കുവാൻ വിരോധമില്ല എന്നു ആ മഹാന്മാർ വിചാരിക്കുന്നു. അങ്ങിനെയുള്ള ചിത്രങ്ങളുടെ വിലയിൽ പിന്നീടുണ്ടാവുന്ന കൂടുതൽ ചിത്രകാരന്റെ സമ്പാദ്യമല്ലാത്തതിനാൽ അവനു അതിന്നർഹതയില്ലെന്നു് ഒരിക്കലും പറയുവാൻ പാടില്ല. ബുദ്ധിയും കൌശലവും നല്ലവണ്ണം പ്രയോഗിച്ചിട്ടുണ്ടാവുന്ന ഉത്തമലേഖകൾക്കു മാത്രമെ ആ ബഹുമതി സിദ്ധിക്കുകയുള്ളു; എന്നാൽ ഭൂമിക്കുണ്ടാവുന്ന കൂടുതൽ വിലക്കു ഈ വിധം യാതൊരു വ്യവസ്ഥയുമില്ല. ഉൽകൃഷ്ടകലാവിദ്യകളെ വർദ്ധിപ്പിക്കുന്നതിന്നും അതിൽ ജനങ്ങൾക്കഭിരുചിയുണ്ടാക്കിത്തീർക്കുന്നതിന്നും വേണ്ടി വലിയ സംഖ്യ ചെലവഴിക്കുന്നതു അനുചിതമാണ് എന്നു ഗവർമ്മേണ്ടു വിചാരിക്കുന്നില്ല. ആ സ്ഥിതിക്കു തന്റെ പ്രയത്നത്തിന്നു പിന്നീടുണ്ടായിത്തീരുന്ന കൂടുതൽ വില ഒരു ചിത്രകാരന്നു കിട്ടുന്നതിൽ ഗവർമ്മേണ്ടിന്നു വൈമനസ്യം ഒരിക്കലുമുണ്ടാവാൻ പാടുള്ളതല്ല.

അയാഠം മരിച്ചു വളരെക്കാലം കഴിഞ്ഞതിന്റെ ശേഷം, അന്നത്തെ കലാഭിജ്ഞന്മാർ അയാളുടെ ആ ചിത്രം ഇന്ന വിലയ്ക്കു വില്ക്കാമെന്നു അഭിപ്രായപ്പെടുക നിമിത്തം അതിന്റെ വില താനെ പൊങ്ങീട്ടുള്ളതാണ്. എന്നാൽ പലപ്പോഴും ഈ കൂടുതൽ വില ചിത്രകാരന്നു കിട്ടുന്നില്ല; ഇടയിൽ നില്ക്കുന്നവന്നു വിചാരിക്കാത്തതായ ഒരു ലാഭമായിട്ടു തീരുകയാണ് പതിവ്; ഇതു ഞാൻ സമ്മതിക്കുവാനൊരുക്കമാണ്. ആ ചിത്രത്തിന്നു സാമാന്യം ഒരു വില കൊടുത്തായിരിക്കും വാങ്ങീട്ടുണ്ടാവുക. പിന്നീടു സംഗതിവശാൽ അതിന്റെ വില വളരെ വർദ്ധിച്ചുവശാവുന്നു. ഈ ഒരു സംഗതി എല്ലാ പ്രയത്നക്കാരെപ്പോലെ ഏതു കലാഭിജ്ഞന്മാക്കും പററാവുന്നതാണ്. ക്ഷമയോടുകൂടി കാത്തിരിക്കുവാൻ വയ്യാത്ത പക്ഷം അപ്രകാരം ചെയ്യുവാൻ കഴിയുന്ന ഒരുവന്നു അവക്കു മേലിൽ കിട്ടാവുന്ന വിലയിൽ കുറെ താഴ്ത്തി കൊടുക്കേണ്ടതായിട്ടു വരാം. എങ്കിലും വില്പനയ്ക്കുള്ള സൌകര്യമുള്ളതിനാൽ സാമാന്യേന അവക്കു പ്രയത്നത്തിന്നു തക്ക പ്രതിഫലം കിട്ടാറുണ്ട്. എന്നാൽ വിലയ്ക്കു വാങ്ങുന്നവന്നു ലാഭം കിട്ടുവാൻ തരമുള്ളതുപോലെതന്നെ നഷ്ടം കൊള്ളുവാനും അവൻ തയ്യാറായിട്ടാണിരിക്കുന്നത്. ജനങ്ങഠക്കുള്ള രുചിഭേദവും കലാഭിജ്ഞന്മാക്കുണ്ടാവുന്ന അഭിപ്രായഭേദവും രണ്ടു പ്രകാരത്തിലും വന്നേക്കും. കുറച്ചു വില കൊടുത്തു വാങ്ങിയ ചില ചിത്രങ്ങഠക്കു വില വളരെ കൂടിവശായിയെങ്കിൽ അധികം വില കൊടുത്തു വാങ്ങിയ വേറെ ചിലതു ജനങ്ങളുടെ ഇടയിൽ ക്രമേണയൊ പെട്ടെന്നൊ പ്രചാരമില്ലാതെ വരുന്നു. ഈ ചേതം സഹിക്കുവാൻ അവർ ഒരുങ്ങുന്നുണ്ടെങ്കിൽ മറേറതുകൊണ്ടുള്ള മെച്ചം അവക്കുണ്ടായിരിക്കണം. മദ്ധ്യസ്ഥന്മാരായ ഈ കൂട്ടരുടെ ഇപ്രകാരമുള്ള വ്യാപാരം—ഇതിലും നന്നായിട്ടൊന്നുണ്ടാവുന്നതു വരെ—ഗുണകരമായിട്ടാണിരിക്കുന്നത്. എന്തെന്നാൽ അവക്കു ഇപ്പോഠം കിട്ടുന്ന ലാഭം ഇല്ലാതെയാവുന്നുവെങ്കിൽ ചിത്രകാരന്മാക്കു ഇത്രയും ഗുണം കിട്ടുന്നതല്ല.

ഭൂമിക്കെന്നപോലെ ഒരു ചിത്രത്തിന്നു അന്നന്നത്തെ നിരക്കുവില കിട്ടിയാൽ പോരെ? ഉടമസ്ഥന്നു മേലാൽ കിട്ടിയേക്കാവുന്ന ലാഭത്തെപ്പററി പിന്നെ വിചാരിപ്പാനുണ്ടൊ? എന്നു പറവാൻ പാടില്ല; എന്തെന്നാൽ ആ വക സാധനങ്ങഠക്കു അങ്ങാടിനിരക്കു വിലയില്ല. അതു് അന്നന്നത്തെ ജനങ്ങളുടെ അഭിപ്രായത്തെ അനുസരിച്ചിരിക്കുന്ന ഒരു സംഗതിയാണ്. കമ്പനിക്കുവില നിശ്ചയിക്കാമെങ്കിൽ തന്നെ മേലിൽ കിട്ടിയേക്കാമെന്നു ഉടമസ്ഥൻ വിചാരിച്ചിട്ടുള്ളതിനോടു ഒട്ടും തന്നെ അടുക്കുന്നതല്ല. അതിനാൽ തുല്യസംഗതികളാണെന്നുവെച്ചു കൊണ്ടു വന്ന പൂർവ്വപക്ഷം നിലനില്ക്കുന്നില്ല. വാസ്തവത്തിൽ രണ്ടും തുല്യമല്ലതാനും.

ഭൂമിക്കു താനെ ഉണ്ടാവുന്ന കൂടുതൽ വില പൊതുജനങ്ങഠക്കായിട്ടെടുക്കാമെങ്കിൽ അതേകാരണത്താൽ തന്നെ തീവണ്ടിക്കായിട്ടിറക്കീട്ടുള്ള ഓഹരികഠക്കുണ്ടാകുന്ന കൂടുതൽവിലയും പൊതുജനങ്ങഠക്കായിട്ടെടുക്കാമെന്നു വരണം എന്നു ചിലർ പറയുന്നു. ഈ വാദത്തിലുള്ള യുക്തിഭംഗം മഹാവ്യക്തമായിരിക്കുന്നതിനാൽ

അതിനെ ചുരുക്കാണിക്കേണമെന്നു തന്നെ തോന്നുന്നില്ല. ഒന്നാമത്തു, റെയിൽവെ ഓഹരിക്കാൎക്കു കിട്ടുന്ന ലാഭം കാൎയ്യം മനുഷ്യരുടെ പ്രയത്നംകൊണ്ടും മിതവ്യയംകൊണ്ടുമുണ്ടായിട്ടുള്ളതാണു്; സ്വതഃസിദ്ധമായിട്ടുള്ളതല്ല. രണ്ടാമത്തു, റെയിൽവെ ഓഹരികളുടെ വില കൂടുന്നതുപോലെ കുറയുകയും ചെയ്യുന്നു; എന്നാൽ ഭൂമിയെ സംബന്ധിച്ചു അതു് ഒരിക്കലും വരുന്നതല്ല. രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുഷ്ടി ഭൂമിയുടമസ്ഥന്മാരുടെ എന്നപോലെ റെയിൽവെ ഓഹരിക്കാരുടെയും ലാഭത്തെ വൎദ്ധിപ്പിക്കുന്നതിന്നു ഹേതുവാകുന്നുവെന്നു പറയുമായിരിക്കാം. എന്നാൽ ആ രാജ്യപുഷ്ടിതന്നെ മത്സരക്കാരായ വേറെ കമ്പനികൾ ഉണ്ടാവുന്നതിന്നും ലാഭം കിട്ടാത്ത പുതിയ ശാഖകൾ ഉണ്ടാകുന്നതിന്നും കാരണമായിത്തീരുന്നു. അപ്പോൾ ഒരു പുറത്തുനിന്നു കിട്ടുന്ന ലാഭം മുഴുവനുമില്ലെങ്കിലും ഒട്ടുമിക്കതും, മറെറ പുറത്തുകൂടി പോകുന്നു. അതിനാൽ മുഖ്യമായ സംഗതികൾ രണ്ടും വ്യത്യാസപ്പെട്ടുതന്നെയിരിക്കുന്നു.

സ്വാൎജ്ജിതമല്ലാത്ത കൂടുതലാദായത്തെ കരംപിരിച്ചു ഗവൎമ്മേണ്ടു എടുക്കുക എന്ന തത്വത്തിന്നും എതിരായി സാധാരണ കൊണ്ടുവരുന്ന പൂൎവ്വപക്ഷങ്ങൾക്കെല്ലാം ഞങ്ങൾ സമാധാനം പറഞ്ഞുവെന്നു വിചാരിക്കുന്നു. സ്വല്പമായിട്ടുള്ള വിഷയവിചിന്തനംകൊണ്ടുതന്നെ അവ നിരാകരിക്കത്തക്കവയാണു് എന്നും കാണിച്ചു. എന്നാൽ കേവലം വാദത്തിന്നു മാത്രം വിഷയമായിട്ടുള്ള ഈ വക പൂൎവ്വപക്ഷങ്ങൾക്കു പുറമെ പ്രവൃത്തിയിൽ വരുമ്പോൾ അതിലേറെ ശക്തിയുള്ളവയാണെന്നു തോന്നത്തക്ക വേറെ ചില പൂൎവ്വപക്ഷങ്ങളെ പുറപ്പെടുവിക്കുന്നു. അവയും തീരെ നിരാകരിക്കത്തക്കവയാണെന്നു കാണിക്കാം.

പൂൎവ്വപക്ഷം :— സ്വയാൎജ്ജിതമല്ലാത്ത കൂടുതലാദായത്തെ ഗവൎമ്മേണ്ടവകാശപ്പെടുന്നതു ന്യായംതന്നെ എന്നിരിക്കട്ടെ; എന്നാലും ആ ആദായം എന്താണെന്നു തീൎമ്മാനപ്പെടുത്തുവാൻ മാൎഗ്ഗമൊന്നുമില്ലല്ലോ. ഒരു സമുദായത്തിന്റെ സാമാന്യേനയുള്ള അഭിവൃദ്ധികൊണ്ടുണ്ടായിട്ടുള്ള കൂടുതലാദായം ഇന്നതു, ഉടമസ്ഥന്റെ ദ്രവ്യവ്യയംകൊണ്ടും പ്രയോഗസാമൎത്ഥ്യംകൊണ്ടുമുണ്ടായിട്ടുള്ളതിന്നതു എന്നു തിരിച്ചറിയുവാൻ സാദ്ധ്യമായിരിക്കയില്ലല്ലോ. ആദ്യം പറഞ്ഞതരം ആദായത്തെ തടസ്ഥം ചെയ്യുക എന്ന പ്രവൃത്തിയിൽ രണ്ടാമത്തു പറഞ്ഞ ആദായത്തെ അന്യായമായി ആക്രമിക്കേണ്ടിവരുന്നതു് എന്നെന്നേക്കും നിലനില്ക്കുന്നതായ ഒരു ദോഷമായിത്തീരുന്നതാണ്.

കേവലം കൃഷിക്കാരായ വസ്തുവുടമസ്ഥന്മാർ പ്രധാനമായിരിക്കുന്ന ഒരു രാജ്യത്തു് ഈ പൂൎവ്വപക്ഷത്തിന്നു കുറെ അടിസ്ഥാനമുണ്ടായിരിക്കും. വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചും അനേകം ക്ലേശങ്ങളെ ക്ഷമയോടുകൂടി സഹിച്ചും വളരെ താല്പൎയ്യത്തോടുകൂടി ശ്രദ്ധവെച്ചു പ്രയത്നം ചെയ്ക, ലഘുവായ ലാഭങ്ങളിലും നിസ്സാരമായ സമ്പാദ്യങ്ങളിലും മനസ്സിരുത്തുക മുതലായതുകൊണ്ടാണു് ആ പ്രകാരമുള്ള വസ്തുവുടമസ്ഥന്മാർ വസ്തുക്കളെ പരിഷ്കരിച്ചിട്ടുള്ളതു്; അല്ലാതെ വലിയ പ്രയത്നങ്ങൾകൊണ്ടോ അസംഖ്യം ദ്രവ്യം ചെലവാക്കീട്ടോ

അല്ല. ഭൂമിയുടെ വിലകൂട്ടുന്നതിനോ അല്ലെങ്കിൽ ആദായം വൎദ്ധിപ്പിക്കുന്നതിനോ ഇത്ര കാലത്തിന്നിടയ്ക്കു ഉടമസ്ഥനും അയാളുടെ കുടുംബവും എത്രത്തോളം ചെയ്തിട്ടുണ്ട് എന്നു തീരുമാനിക്കുന്നതു തീരെ അസാദ്ധ്യമല്ലെങ്കിലും വളരെ പ്രയാസമായിരിക്കും. എന്നാൽ ധനവാന്മാരായിരിക്കുന്ന വസ്തുവുടമസ്ഥന്മാർ—ബ്രിട്ടീഷ് ദ്വീപുകളിലെ ഭൂമി ഒട്ടു മുഴുവൻ കൈവശമുള്ള ജന്മികളെപ്പോലെയുള്ളവർ—ചെയ്യുന്ന പരിഷ്കാരങ്ങൾ തീരെ മവിഷ്ഠാകുന്നു. അവർ ഭൂമിക്കു വരുത്തുന്ന നന്മകൾ എല്ലാം വളരെ ദ്രവ്യം ചെലവുചെയ്തു സമൎത്ഥന്മാരായ ഇഞ്ചിനീയന്മാർ മുഖാന്തരവും കാൎയ്യസ്ഥന്മാർ മുഖാന്തരവും സാധിക്കപ്പെടുന്നവയാകുന്നു. ഉദാഹരണമായിട്ടു വെള്ളം ചാമ്പി വററിച്ചു കൃഷി ചെയ്യുന്ന സംഗതി എടുക്കുക. ഇതിന്റെ ശരിയായിട്ടുള്ള കണക്കു എടുക്കുന്നതിന്നും അതിന്നു ചെലവായ സംഖ്യ ക്ലിപ്തപ്പെടുത്തുന്നതിന്നും വളരെ പ്രയാസമില്ല. ഒരു ഭൂമിക്കു ഒരു [illegible]മായ കുടിയാൻ കൊടുക്കുവാൻ സമ്മതിക്കുന്ന കൂടുതലാദായം തന്നെ ആ ഭൂമിക്കു വില എത്ര എത്രത്തോളം കൂടിട്ടുണ്ട് എന്നതിലേക്കു സ്വഭാവേന പ്രമാണമായിത്തീരുന്നു. അങ്ങിനെയുള്ള കൂടുതലാദായം, അധികമായാലും കുറച്ചായാലും, മുഴുവനും ജന്മിക്കു കൊടുക്കുവാൻ സമ്മതമാണ്.

കുടിയാന്റെ അവകാശങ്ങളെ സംബന്ധിച്ച വാദങ്ങളിൽ മുഴുവനാവാത്ത കുഴിക്കൂറുകൾക്കു പ്രതിഫലം കൊടുക്കുന്നതു സാദ്ധ്യമാണെന്നു പലരും സമ്മതിക്കുന്നുണ്ട്. ഒഴിയുന്ന കുടിയാന് ഈ വക കുഴിക്കൂറുകൾക്കു വില കൊടുപ്പിക്കുക എന്നതു ഇംഗ്ലാണ്ടിൽ പല ദിക്കിലും നടപ്പായിട്ടുണ്ട്. പല ദിക്കിൽ നടപ്പായിട്ടുള്ളതു എല്ലാവൎക്കും നിയമേന നിൎബ്ബന്ധമാക്കിത്തീൎക്കുവാനാണ് എളുപ്പം. നിയമപ്രകാരം അതു കൊടുപ്പിക്കുന്നതു ശരിയല്ല എന്നു പറയുന്ന കൂട്ടത്തിൽ അങ്ങിനെ വില നിശ്ചയിച്ചു കൊടുപ്പിക്കുന്നതിൽ എത്രത്തോളം അസാദ്ധ്യതയുണ്ടെന്നു ആരും പറയുന്നില്ല. താല്ക്കാലികമായ പരിഷ്കാരങ്ങൾക്കു ചെലവിച്ച കണക്കാകാമെങ്കിൽ സ്ഥിരമായിട്ടുള്ളതിന് എന്തുകൊണ്ടു വയ്യ? രണ്ടു തരത്തിനും കുഴിക്കൂറു വില നിശ്ചയിക്കുന്നതിന്നും രണ്ടു തരത്തിന്നും പ്രതിഫലം കൊടുപ്പിക്കുന്നതിന്നും വേണ്ടി കൃഷികാൎയ്യത്തിൽ പ്രമാണിയായ മിസ്റ്റർ ജേംസ് ഫോവർഡ് എന്നാൾ പാൎല്ലിമെണ്ടിൽ ഒരു ബില്ല് കൊണ്ടുവരികയുണ്ടായി. അതിന്നനുകൂലമായി പലരും അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു.

ഇതു സാദ്ധ്യമാണെങ്കിൽ ഉദ്ദിഷ്ടകാൎയ്യം പൂൎണ്ണമായി നേടിയ കൂട്ടത്തിലായി; എന്തെന്നാൽ വേറെ പ്രതിബന്ധങ്ങൾ പിന്നെ ഒന്നുമില്ല. കൂടുതലായി ആദായം കിട്ടുന്ന സംഗതി അനായാസേന തീൎച്ചപ്പെടുത്താം. ആ സംഗതിയെ റിക്കാൎട്ടാക്കുന്നതിന്നുള്ള പണച്ചിലവും ബുദ്ധിമുട്ടും മാത്രമേ വേണ്ടൂ. ഈപ്രകാരം കുടിയാനവകാശങ്ങളുടെ സ്ഥിതിയെ നിൎണ്ണയിച്ചു റിക്കാൎട്ടാക്കുന്നതിന്നു രാജ്യത്താസകലം ഒരു സൎവ്വെ നടത്തേണ്ടതായിട്ടു വരും. ഈ പ്രവൃത്തി പത്തോ ഇരുപതോ കൊല്ലം കൂടുമ്പോൾ ആവൎത്തിക്കേണ്ടതായും വരും. ബ്രിട്ടീഷ് ഇന്ത്യയിലുള്ള റവന്യൂ സൎവ്വെ പോ

ലെയോ അല്ലെങ്കിൽ യൂറോപ്പിലെ ചില രാജ്യങ്ങളിൽ നടത്തിവരുന്ന സൎവ്വേപോലെയോ തന്നെ ഇതു പ്രയാസമുള്ളതല്ല. എന്തെന്നാൽ ഈ പറഞ്ഞ സൎവ്വേകൾകൊണ്ട് ഓരോ നിലത്തിൽനിന്നും എത്രത്തോളം ആദായം കിട്ടുവാൻ തരമുണ്ട് എന്നു പ്രത്യേകം വിചാരണ ചെയ്തു തീൎച്ചപ്പെടുത്തുന്നു. എന്നാൽ ഞങ്ങൾ വിചാരിക്കുന്ന സൎവ്വേകൊണ്ടു ഭൂമിയിൽനിന്ന് എന്താദായം ഇപ്പോൾ കിട്ടുന്നുണ്ട് എന്നു റിക്കാൎട്ടാക്കിയാൽ മതിയാകുന്നതാണ്. ഇപ്പോൾ തങ്ങൾക്കു മിച്ചവാരം കുറവായിട്ടാണ് കിട്ടിവരുന്നത് എന്ന സംഗതി തെളിയിക്കുന്നതിനുംകൂടി ജന്മികൾക്കു വാദം കൊടുക്കാം. മുമ്പു ചെയ്തു വിട്ടുവീഴ്ചകൊണ്ട് അവൎക്കു നഷ്ടം വരുവാൻ പാടില്ല.

കൂട്ടതലാദായത്തെ ഒരു കാശുപോലും ശേഷിപ്പിക്കാതെ മുഴുവൻ വസൂലാക്കണമെന്നുള്ള ഉദ്ദേശമുണ്ട് എന്നു ധ്വനിക്കുന്നത്. മുമ്പറഞ്ഞ തത്വത്തെ അടിസ്ഥാനമാക്കിട്ടു മുഴുവൻ എടുക്കുവാനുള്ള അവകാശമുണ്ട്; പക്ഷെ അതിക്രമിച്ചുപോയെങ്കിലോ എന്നു ശങ്കിച്ചിട്ട് ആ അവകാശം മുഴുവൻ സ്ഥാപിച്ചു കിട്ടത്തക്കവണ്ണം പ്രവൎത്തിക്കണമെന്നുദ്ദേശിക്കുന്നില്ല. അന്നത്തെ നിരക്കുവിലയ്ക്കു കൊടുക്കുവാനുള്ള അധികാരം കിട്ടുന്നതുകൊണ്ടു ജന്മിക്കു ദ്രവ്യനഷ്ടമുണ്ടാവില്ല എന്നതു വാസ്തവംതന്നെ. എങ്കിലും വളരെ പ്രിയപ്പെട്ട ഒരു പൂൎവ്വസ്വത്തു കൈവിടുന്ന കാൎയ്യത്തിൽ ജന്മിക്കുണ്ടാവുന്ന മനസ്സുകേടിനെപ്പറ്റി വ്യസനം തോന്നുന്നുണ്ട്. അതിനാൽ വിലയിരുത്തുന്ന കാൎയ്യത്തിൽ തെറ്റുവരാതിരിപ്പാൻവേണ്ടി വളരെ മനസ്സിരുത്തുന്നതാണ്. സമ്പാദിതമല്ലാതെ കണ്ടുള്ള ആദായം മുഴുവൻ വസൂലാക്കുന്നതിനു നിൎബ്ബന്ധിക്കയില്ല. അതിന്റെ അതിരിനുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടു സാധാരണകരത്തിനു പുറമേ ഒരു വിശേഷാൽ നികുതി ന്യായമായി ചുമത്താവുന്നതും ചുമത്തേണ്ടതുമാണ്. മേലിൽ ഉണ്ടാവുന്ന കൂട്ടതലാദായത്തെ അനുസരിച്ചുകൊണ്ടും ആ ആദായം വൎദ്ധിക്കുന്നതോടുകൂടി വൎദ്ധിപ്പിച്ചുകൊണ്ടും ഭൂമിക്കു ചുമത്തുന്നതായ കരം ന്യായമായ ഒരു ഏൎപ്പാടായിരിക്കുമെന്നു ഞങ്ങൾ നിശ്ശങ്കം പറയുന്നു. ഒരു ഭൂമിക്കു കൂട്ടതലാദായം കാണുന്നതു തന്റെ പ്രയത്നത്തിന്റെ ഫലമാണ് എന്നു കാണിക്കുന്നതിനു ശരിയായ റിക്കാൎട്ടുകൾ സമ്പാദിക്കേണ്ട ഭാരം ജന്മിക്കാണുതാനും.

ഇതാണ് L. T. R. A. സഭയുടെ മെമ്മോറാണ്ഡത്തിലെ 4-ാം വകുപ്പിന്റെ അൎത്ഥം; ഇതേവരെ പറഞ്ഞുവന്ന കാരണങ്ങൾതന്നെയാണ് അതിനുള്ള ന്യായവും. ഉടമസ്ഥത എന്ന വിഷയത്തെപ്പറ്റി ഒരു മൂഢവിശ്വാസം എന്ന നിലയിലല്ലാതെ ബുദ്ധിപൂൎവ്വകമായ ഒരു ദൃഢവിശ്വാസം എന്ന നിലയിൽ വിചാരിക്കുന്നവരും പക്ഷപാതംകൂടാതെ നടത്തപ്പെടുന്ന നീതിക്കു മാത്രമല്ലാതെ ജന്മികൾക്കു ദ്രവ്യലാഭകാൎയ്യത്തിൽ വിശേഷാധികാരത്തിനവകാശമുണ്ട് എന്നു വിചാരിക്കാത്തവരും ആയിട്ടുള്ളവരെല്ലാവരും ഈ വിഷയത്തെപ്പറ്റി എത്രത്തോളം നിരൂപിക്കുന്നുവോ അത്രത്തോളം ഞങ്ങളുടെ അഭിപ്രായത്തോടു യോജിക്കുമെന്നു വിശ്വസിക്കുന്നു.

കെ. എം.

# ബങ്കാൾ സാഹിത്യസമാജം.

ഭാരതീയരുടെ ഇടയിൽ പല വിഷയത്തിലും മുന്നണിയിൽ നില്ക്കുന്നവരായ ബങ്കാളികൾ സാഹിത്യപരിശ്രമങ്ങളിലും ഒട്ടും പിന്നോക്കമല്ല. അവരുടെ നിരന്തരപരിശ്രമത്തിന്റെ ഫലമായി ബങ്കാളിഭാഷ എത്രയോ ഉൽകൃഷ്ടമായ നിലയിൽ എത്തിയിരിക്കുന്നു. അവർ ഏൎപ്പെടുത്തീട്ടുള്ള 'വംഗീയസാഹിത്യപരിഷത്ത്' എന്ന സാഹിത്യസമാജം വഴിക്കാണ് ബങ്കാളിഭാഷയ്ക്ക് ഇത്ര വളരെ പ്രചാരവും മാന്യതയും സിദ്ധിച്ചിട്ടുള്ളത്. ആ സമാജത്തിന്റെ നടവടിയെപ്പറ്റി ചുരുക്കിയ ഒരു വിവരണം താഴെ കൊടുക്കുന്നു.

ഈ സമാജത്തിന്റെ ആവിൎഭാവം 1895-ാമത്തെ കൊല്ലത്തിലാണ്. ഈ കഴിഞ്ഞ 24 കൊല്ലങ്ങൾക്കിടയിൽ പ്രസ്തുത സമാജംകൊണ്ടു നാട്ടിന്നും നാട്ടുകാൎക്കും ഗണനീയമായ പല നന്മകളും സിദ്ധിച്ചിട്ടുണ്ട്. ബങ്കാളത്തിലെ പ്രധാനസ്ഥലങ്ങളിലൊക്കെ ഇതിന്റെ ഓരോ ശാഖകളും ഏൎപ്പെടുത്തിയിട്ടുണ്ട്. കല്ക്കത്തയിൽ 40000 ക. ചെലവഴിച്ചു പണിയിട്ടുള്ള ഒരു വമ്പിച്ച കെട്ടിടത്തിലാണ് ഇതു ഇപ്പോൾ സ്ഥിതിചെയ്യുന്നത്. ചെറുപ്പക്കാൎക്കു മാതൃഭാഷയിൽ വേണ്ട അറിവു സമ്പാദിച്ചുകൊടുക്കുവാനും ഭാഷയുടെ ഉൽകൎഷത്തിന്നുവേണ്ടി പലതും പ്രവൎത്തിക്കുവാനും ഉള്ള ഏൎപ്പാടുകൾ ചെയ്യുക, പ്രാചീനകാലങ്ങളിൽ ഉണ്ടായിട്ടുള്ള പല സംഭവങ്ങളേയും, പുരാണപുരുഷന്മാരുടെ മഹത്തായ പല പ്രവൃത്തികളേയും, അന്വേഷിച്ചറിഞ്ഞുകൊണ്ടുവരുവാൻ ഉത്സാഹമുള്ള യോഗ്യന്മാരെ നിയമിക്കുക, ചരിത്രസംബന്ധമായും ശാസ്ത്രസംബന്ധമായും മറ്റും പല വിഷയങ്ങളും പ്രതിപാദിച്ചിട്ടുള്ള പഴയ ഗ്രന്ഥങ്ങൾ ശേഖരിക്കുക, ഇങ്ങിനെ അന്വേഷിച്ചറിവു കിട്ടീട്ടുള്ള കാൎയ്യങ്ങളെ പ്രസിദ്ധീകരിക്കുവാനും ഭാഷാഭിവൃദ്ധിക്കുതകുന്ന മറ്റു വിഷയങ്ങളെപ്പറ്റി വാദപ്രതിവാദം നടത്തുവാനും ഉത്തമരീതിയിലുള്ള ഒരു പത്രഗ്രന്ഥം ഏൎപ്പെടുത്തുക, നാനാദിക്കുകളിലുമുള്ള ഭാഷാപരിശ്രമികൾ തമ്മിൽ മുഖപരിചയം വരുത്തി കാരോരുത്തരുടേയും ആശയങ്ങളും അഭിപ്രായങ്ങളും നേരിട്ടു സംസാരിച്ചറിഞ്ഞു ഭാഷാസംസ്കരണത്തിന്നുതകുന്ന കാൎയ്യങ്ങളെപ്പറ്റി പ്രസംഗങ്ങൾ ചെയ്യുവാനും മറ്റുംവേണ്ടി കൊല്ലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടുക,—ഇങ്ങിനെ പലതരം വലിയ കാൎയ്യങ്ങൾ ഈ സമാജം നിൎവ്വഹിക്കുന്നുണ്ട്.

ഈ സമാജത്തിൽ ഇപ്പോൾ രണ്ടായിരത്തിൽപുറം മാന്യന്മാർ അംഗങ്ങളായി ചേൎന്നിട്ടുണ്ട്. അംഗങ്ങൾ ആറുതരക്കാരാണ്. സാഹിത്യവിഷയത്തിൽ സുപ്രസിദ്ധന്മാരായവരെ മാന്യസാമാജികന്മാരായും, സമാജത്തിന്റെ സൂക്ഷിപ്പുധനത്തിലേയ്ക്ക് അഞ്ഞൂറുറുപ്പികയിൽ ചുരുങ്ങാത്ത ഒരു സംഖ്യ സംഭാവന ചെയ്യുന്നവരെ ശാശ്വതസാമാജികന്മാരായും, സംസ്കൃതവിദ്വാന്മാരും സാഹിത്യപരിശ്രമികളും ആയ 25 പേരെ അദ്ധ്യാപകാംഗങ്ങ

ളായും, പേർഷ്യ- അറബി എന്നീഭാഷക ളിൽ നൈപുണ്യം സിദ്ധിച്ചിട്ടുള്ള 5 പേരെ 'മൌൽവി' അംഗങ്ങളായും, സമാജത്തെ സാഹിത്യവിഷയമായും മററു പലതരത്തിലും സഹായിക്കുന്ന മാന്യന്മാരെ സാധാരണാംഗങ്ങളായും തിരഞ്ഞെടുക്കുന്നു. കൊല്ലത്തിൽ 6 ക. അടയ്ക്കുവാൻ സാധിക്കുന്ന ഏതൊരാൾക്കും സാധാരണാംഗമായിച്ചേരാം.

ധനത്തെ സംബന്ധിച്ചേടത്തോളവും ഈ സമാജം ഒരു നല്ല നിലയിൽ എത്തീട്ടുണ്ടെന്നു പറയാം. ഗവൎമ്മേണ്ടിൽനിന്നും കൊല്ലംതോറും 1200 ക. സഹായധനമായി കൊടുക്കുന്നുണ്ട്. കല്ക്കത്താ മുനിസിപ്പാലിററിക്കാരും ഗണ്യമായ ഒരു സംഖ്യ പ്രതിവൎഷം സമാജത്തിലേക്കു കൊടുക്കാറുണ്ട്. ഇതിന്നും പുറമെ രണ്ടു മഹാന്മാർ കൊല്ലത്തിൽ 1000 ക വീതം സംഭാവന ചെയ്യുന്നുണ്ടെന്നുള്ളതും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. സമാജത്തിനു ഇപ്പോൾ സൂക്ഷിപ്പുമുതലായിട്ടു 25000 ക യോളമുണ്ട്. കൊല്ലത്തിൽ പലവകയായും 15000 ക വരവുള്ളതായും, ഏകദേശം അത്രതന്നെ ചെലവുള്ളതായും കണക്കാക്കിയിരിക്കുന്നു.

സമാജംവക കെട്ടിടത്തിൽവെച്ചു മാസംതോറും ഓരോ യോഗം കൂടാറുണ്ട്. ഓരോ വിഷയത്തെപ്പററി മുൻകൂട്ടി എഴുതി അയക്കുന്ന ഉപന്യാസങ്ങൾ, സഭയിൽ വായിച്ചു ബോദ്ധ്യമായതിന്നുശേഷം, വാദപ്രതിവാദത്തിന്നായി യോഗത്തിൽ വെക്കുന്നു. ബംഗാളിസാഹിത്യം, സംസ്കൃതസാഹിത്യം, ചരിത്രം, തത്വശാസ്ത്രം, രസശാസ്ത്രം മുതലായ വിഷയങ്ങളാണ് ഈ യോഗത്തിൽ വാദപ്രതിവാദത്തിനെടുക്കുന്നത്. ഇങ്ങിനെ വാദപ്രതിവാദം നടത്തിയ വിഷയങ്ങളെ സംഘം വകയായ പത്രഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തുന്നു. കൊല്ലത്തിൽ 3 ക മാത്രം വരിസംഖ്യയുള്ള ഈ പത്രം സമാജാംഗങ്ങൾക്കു സൌജന്യമായി കൊടുക്കുന്നതാണ്. സൂൎയ്യരശ്മിപോലും തട്ടാതെ മുക്കിലും മൂലയിലും കിടന്നു പുഴുക്കുത്തു തട്ടീട്ടുള്ള മഹത്തായ പല ഗ്രന്ഥങ്ങളും ഈ സമാജംവഴിയായി പുറത്തിറങ്ങിക്കഴിഞ്ഞിരിക്കുന്നു.

സമാജം വകയായി ഏൎപ്പെടുത്തീട്ടുള്ള ഗ്രന്ഥശാലയുടെ നിലയും വളരെ പ്രശസ്തരീതിയിൽത്തന്നെയാണ്. ബംഗാളിഭാഷയിൽ ഉള്ള എല്ലാ ഗ്രന്ഥങ്ങളും പുസ്തകങ്ങളും ശേഖരിച്ചുവെക്കണമെന്നാണ് അവരുടെ ഉദ്ദേശം. ഇപ്പോൾ തന്നെ 30000-ൽപരം പുസ്തകങ്ങളും, 3000-ൽ കുറയാതെ പ്രസിദ്ധപ്പെടുത്താനിരിക്കുന്ന കയ്യെഴുത്തുപകൎപ്പുകളും പുസ്തകശാലയിൽ ശേഖരിച്ചുകഴിഞ്ഞിരിക്കുന്നു. മാതൃഭാഷയിൽ ഉള്ള ഗ്രന്ഥങ്ങൾ ശേഖരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഇതു എണ്ണംകൊണ്ടും വണ്ണംകൊണ്ടും പ്രഥമസ്ഥാനത്തെ അൎഹിക്കുന്നുണ്ട്. സമാജത്തിൽനിന്നു പല അവസരങ്ങളിലുമായി പണം ചെലവിട്ടു പുസ്തകശേഖരം ചെയ്തിട്ടുള്ളതിന്നു പുറമെ ഭാഷാഭിമാനികളായ പല മഹാന്മാരും ഇതിലേക്കു അനേകം പുസ്തകങ്ങൾ സംഭാവനയായി കൊടുത്തിട്ടുമുണ്ട്. മേല്പറഞ്ഞ പുസ്തകങ്ങൾക്കു പുറമെ ബംഗാളിഭാഷയിൽ പ്രസിദ്ധീകരിക്കുന്ന എല്ലാമാസികകളും പത്രങ്ങളും വരുത്തി പൊതുജനങ്ങളുടെ ആവശ്യത്തിന്നായി ഒരു വായനശാലയും

ഏർപ്പെടുത്തീട്ടുണ്ട്. അവിടെ ചെന്നു പുസ്തകങ്ങളോ പത്രങ്ങളോ വായിക്കുന്നതിനു യാതൊരു പീസ്സും കൊടുക്കേണ്ടതായിട്ടില്ല.

ഇതിനൊക്കെ പുറമെ കെട്ടിടത്തിന്റെ ഒരു ഭാഗത്തു സാഹിത്യസംബന്ധമായും, ചരിത്രസംബന്ധമായും, ശാസ്ത്രസംബന്ധമായും, രാജ്യതന്ത്രസംബന്ധമായും പല വിലയേറിയ തത്വങ്ങൾ പഠിക്കേണ്ടതായ പലതരം കാഴ്ചസ്സാധനങ്ങളും ശേഖരിച്ചുവെച്ചിട്ടുണ്ട്. പുരാതനകാലങ്ങളിൽ ലോഹംകൊണ്ടും ശിലകൊണ്ടും ഉണ്ടാക്കീട്ടുള്ള പ്രതിമകൾ, പഴയ നാണ്യങ്ങൾ, പൂർവ്വന്മാർ ഉപയോഗിച്ചിരുന്ന സാധനങ്ങളുടെ അവശിഷ്ടങ്ങൾ, ബങ്കാളസാഹിത്യേതിഹാസപുരാണകർത്താക്കന്മാരുടെ എണ്ണച്ഛായപ്പടങ്ങൾ മുതലായ പല സാധനങ്ങളും ഇവിടെ കാണാവുന്നതാണ്.

ഇത്ര മഹത്തായ ഒരേർപ്പാട് ഭാരതസാമ്രാജ്യത്തിൽ വേറെ വല്ല ദിക്കിലും ഉണ്ടോ എന്ന കാര്യം സംശയമാണ്. പ്രസ്തുത സമാജത്തെ നാട്ടുകാരും തദ്ദേശഗവർമ്മേണ്ടും നല്ലപോലെ ബഹുമാനിച്ചാദരിച്ചുവരുന്നുണ്ട്. സ്കൂളുകളിൽ മാതൃഭാഷയെ പഠിപ്പിക്കേണ്ടുന്ന രീതിയെപ്പറ്റി സമാജം പുറപ്പെടുവിക്കുന്ന അഭിപ്രായം അനുസരിച്ചാണ് ഗവർമ്മേണ്ടു പ്രവർത്തിക്കാറ്. കല്കത്താ സർവ്വകലാശാലാപരീക്ഷകൾക്കു ബങ്കാളിഭാഷയ്ക്കു ഒരു മാന്യസ്ഥാനമാണ് കൊടുത്തിട്ടുള്ളത്. ബങ്കാളികൾ ഉയർന്നതരം വിദ്യാഭ്യാസം മാതൃഭാഷയിൽ നടത്തിക്കൊടുക്കേണമെന്നു ഗവർമ്മേണ്ടിനോടു ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. അതും ഉടനെ ഫലത്തിൽ വന്നുകാണുമെന്നാണ് വിചാരിക്കുന്നത്.

പ്രസ്തുതസമാജത്തെപ്പറ്റി ഇപ്രകാരം ഒരു വിവരണം എഴുതുവാൻ തുടങ്ങിയതു കൈരളിയുടെ തല്ക്കാലത്തെ അനാഥസ്ഥിതി കണ്ടിട്ടാണ്. ഭാഷാപോഷണാർത്ഥം 'ഭാഷാപോഷിണിസഭ'യെന്നും 'കൊച്ചി സാഹിത്യസമാജ'മെന്നും പേരായി രണ്ടു സഭകൾ കേരളത്തിൽ അവതരണം ചെയ്തിട്ടുള്ളതു പരക്കെ അറിവുള്ളതാണല്ലോ. പക്ഷേ അതുകൊണ്ടു കൈരളിക്കു പറയത്തക്ക ഗുണങ്ങളൊന്നും സിദ്ധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ബങ്കാൾ സാഹിത്യസമാജത്തേയും മലയാളത്തിലെ സാഹിത്യസമാജങ്ങളേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ, രണ്ടിന്റെയും ഉദ്ദേശം ഒന്നാണെങ്കിലും, ഉദ്ദേശസിദ്ധിക്കു അജഗജാന്തരമുണ്ട്. ബങ്കാൾ സാഹിത്യസമാജം എത്രയോ ഉണർച്ചയോടും ചൊടിയോടുംകൂടി കർത്തവ്യകർമ്മം അനുഷ്ഠിച്ചുപോരുന്നുണ്ട്; മലയാളസമാജങ്ങളാകട്ടെ ഉറങ്ങിക്കൊണ്ടുതന്നെ ഇരിക്കയാണ്. ഉണർവുണ്ടായിരുന്ന ചുരുങ്ങിയ കാലത്തും അതിനെ ജീവച്ഛവമായിട്ടേ കണ്ടിട്ടുള്ളു. കൊച്ചി സാഹിത്യസമാജം ഇക്കാര്യത്തിൽ ബങ്കാൾ സാഹിത്യസമാജത്തെ അനുകരിച്ചു പ്രവർത്തിക്കുന്നതായാൽ അടുത്ത കാലത്തു കൈരളിയെ പൂർവ്വാധികം യശസ്സമൃദ്ധിയോടുകൂടി കൊണ്ടാടുവാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ മലയാളികൾ എല്ലാവരും യോജിച്ചു വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

ടി. കെ. ഗോവിന്ദൻ

# ശൃംഗാരശ്ലോകങ്ങൾ*

(ലീലാതിലകത്തിൽ നിന്ന്)

---

പാലോലും വാണി! പള്ളിപ്പുഴനിലയമെഴും മാതവി! തന്നെ നിന്നും
കാലം വന്നില്ലയോ താനയി ബത കനിവിങ്ങെന്നിൽ വന്നീടുവാനായ്
വേല് പോലേ കൂർന്ന നീലദ്യുതി മിഴിമുനയേല്പിച്ചു കാണിൻറയ്യനാം
മേല് മേലേ മാനസത്തിൽക്കെടമറിവു വരുത്തീടുമവ്യാജരത്യേ!

പൂന്തേൻ പോലേ മധുരമരവിന്ദാനനേ! നിന്നുടെ ചൊല്
പൂന്തേൻ താനും മധുരമധികം നിന്നുടേ ചൊല്ലു പോലെ
കാന്തം മല്ലക്കയലൊടു തരം താവകം കാർനെടുംകൺ
കാന്തം മല്ലക്കയലപി ച നിൻകൺ തരം കാന്തവല്ലി.

ഉടനുടനിയൽ ചേരെച്ചേന്റ കേകാളിരാമം
ലളിതവിതതമാടിൻറാൺമയിൽപ്പീലികണ്ടാൽ
മധുരതരതമിണങ്ങും വല്ലഭായാവിലാസേ
വിലുളിതകചഭാരം തോൻറുമസ്മാദൃശാനാം.

മധുകരനിധനഞ്ചേർന്നഞ്ചിതം പത്മമോ കിം
ചടുലനയനമേതച്ചന്ദ്രമോ കിം തദീയം,
ഇതി വിതതവികല്പം കാമിനീനായികേ! കാൺ
മമഹൃദയമിദാനീമൂയലാടിൻറിതല്ലോ.

തന്വംഗി! ചില്ലിലതയല്ലയിതെങ്കിലെന്തേ-
ൻറുന്നിക്കിലിന്ദുവദനേ! മലർവില്ലുവില്ല്
എല്ലാരെയും മനസിപഞ്ഞുവളൻറു കീറി
വെല്ലിൻറ സായകമിദം തവ നേത്രമല്ല.

പ്രിയസഖ! ചെറിയച്ചീ വിപ്രയോഗജ്വരാർത്തം
കുറവുയരവിതിപ്പാൻ നൂനമിന്ദുപ്ലലേന
മദനനുദയശൈലപ്പള്ളിവില് മേൽത്തൊടുത്താൻ
പഥികരുധിരധാരാപാടലം പള്ളിയമ്പ്.

അഞ്ചല്ലയ്മ്പതു കോടിയമ്പു മദനന്നാഫന്തപ്പൂവല്ലതും
ചെഞ്ചമ്മേ കലിശങ്ങൾ വില്പവികരുമെൻറന്തി മെമ്പെൻറിയോ

---

* ലീലാതിലകത്തിലെ അർത്ഥാലങ്കാര പ്രകരണത്തിൽ (ദ്വ-ാംശില്പം) ചില അലങ്കാരങ്ങൾക്കുദാഹരണമായി കൊടുത്തിട്ടുള്ളവയാണ് ഈ ശ്ലോകങ്ങൾ. പഴയ കവികളുടെ അഴകം ...ടിയും അലങ്കാരപുഷ്ടിയും ഇവയിൽ കാണാവുന്നതാണ്. ഇതിൻ പഴയ പ്രയോഗങ്ങൾക്ക് ഒരു മാറ്റവും വരുത്തീട്ടില്ല. 'അണയിൻറ', 'എന്തെൻറ' ഇത്യാദി പദങ്ങൾക്ക 'അണയുന്ന്', 'എന്തെന്ന്' ഇത്യാദിയാണ നവീനരൂപം.

നഞ്ചല്ലാകിരണംവിധോരമൃതമല്ലൊട്ടുംമനോജ്ഞാംഗി!ഞാ-
നഞ്ചിൻേറനിനിനിന്നുടമനവുമെന്താസ്സൻറിതെൻറിങ്ങനേ

സൌരഭ്യംശ്രീവിലാസംതെളിവുവടിവെഴുംവർണ്ണമെൻറിപ്രകാരൈ-
രൊക്കംതമ്മിൽത്വദീയംവദനവുമസിതാപാംഗി!നാളീകവുംതാൻ
അപ്പോഴുംകാൺവിശേഷംകിമപിനിയതമില്ലല്പപാത്തിൽമുന്നേ-
തെപ്പോഴുംചാരുശോഭംപുനരപരമിദംക്ലമ്പിവാടുംനിശായാം.

കാര്യാത്ഥമാകിലുമിരാവണയിൻറനേരം
പോവാൻതുനിഞ്ഞനിജകാന്തനെനോക്കിനോക്കി
വാടിത്തളൎന്നുവദനംമലിനേക്ഷണായാ
ജാതംവിഷീനരുചിപങ്കജവുംനളിന്യാഃ

രോമരാജിപുണർപ്പാമ്പുകാമക്ഷപണകസ്സപയം.
വെല്ലുവിളിച്ചകാട്ടിൻറകൈത്തലംനിൻതനൂദരം

പെരീയവർചാരെയിരുന്നാ
ലെളിവർനാമെന്നൊരത്ഥമുണ്ടാകാം
സ്തനജഘനാസന്നമിദം
കോടീനിമദ്ധ്യമാരറിവോർ

---

## കേരളചരിത്രവും
# വിദേശീയസഞ്ചാരികളും

13-ം 14-ം നൂററാണ്ടുകളിൽ പല സഞ്ചാരികളും യൂറോപ്പിൽനിന്നു കേരളത്തിൽ വന്ന് അധികം സഞ്ചരിക്കുകയുണ്ടായി. അവർ അധികവും കൃസ്ത്യാനികളും ദുല്ലഭം ചിലർ മുഹമ്മദന്മാരും ആയിരുന്നു. അക്കാലത്തു ഈജിപ്ത് വഴിക്കു ആരെയും ഇങ്ങോട്ടു വരുവാനനുവദിച്ചിരുന്നില്ല. കരവഴിക്കു പെർസ്യയിൽ വന്നു അവിടെനിന്നു കപ്പൽകയറി നേരെ കേരളത്തിലേക്കു വരികയായിരുന്നു പതിവ്.

മാർക്കോപോളോ എന്ന യോഗ്യൻ 1275ൽ കബ്ളഖാൻ രാജാവിൻെറ രാജധാനിയിൽ പോയി, ചീനരാജ്യത്തിൽവലിയഉദ്യോഗസ്ഥനായിത്തീന്നു. ഈയാൾ ഈ ഉദ്യോഗകാലത്തു കൊല്ലത്തെയും ഇന്ത്യയിൽ മററു ചില ദിക്കുകളെയും സന്ദശിച്ചതായി പറയുന്നു. 1292-ൽ പാർസിയിലെ ചില മന്ത്രിമാർ ഒരു രാജ്ഞിയോടുകൂടി പാർസിക്കു മടങ്ങുന്ന കൂട്ടത്തിൽ ഈ മാർക്കോപോളൊവും യൂറോപ്പിലേക്കു മടങ്ങി പുറപ്പെട്ടു. ഈ യാത്രയിൽ ഇവർ അധികം കാലം മലയാളത്തിൽ താമസിച്ചു. ഇതു 1293-94 കാലത്താണ്. അന്നു മാർക്കോപോളൊ, മലയാളത്തിലെ

പല ദേശങ്ങളെപ്പററിയും രസകരമായി എഴുതിവെച്ചിട്ടുണ്ട്. കന്യാകുമാരി അന്നു കുറെ കൂടി സമുദ്രത്തിലേക്ക നീണ്ടുകിടന്നിരുന്നു എന്നും അവിടെ കപ്പൽ നില്ക്കുന്നതിനു സ്ഥലമുണ്ടായിരുന്നു എന്നും പറയുന്നു. കൊല്ലം, കോഴിക്കോട്, ഏഴിമല (ഇത് അന്നു കണ്ണൂരിന്നടുത്തുള്ള തുറമുഖമായിരുന്നു) ഈ ദേശങ്ങളെ കുറിച്ചും എഴുതിവെച്ചിട്ടുണ്ട്. മാർക്കോപോളോ വലിയ ഒരു ശാസ്ത്രജ്ഞനല്ലെങ്കിലും വലിയ ബുദ്ധിമാനും സൂക്ഷ്മാലോചനക്കാരനുമായിരുന്നുപോൽ. അദ്ദേഹം മലയാളത്തിലെ വിളകളെയും കച്ചവടത്തെയും കുറിച്ചു കൃത്യമായി വിവരിച്ചിട്ടുണ്ട്.

അടുത്ത കാലത്തു മൊൺട്ടികൊർവിനൊ ജോൺ എന്ന പാതിരി വന്നു. ഇദ്ദേഹമാണ് ചീനയിൽ കത്തോലിക്ക മതത്തെ ഒന്നാമതു സ്ഥാപിച്ചത്. പെക്കിങ്ങ് എന്ന ചീനയിലെ പട്ടണത്തിലെ ഒന്നാമത്തെ ആർച്ച്ബിഷപ്പും ഇദ്ദേഹമാണ്. കബ്ലേഖാന്റെ രാജധാനിക്ക അധികം വില പിടിച്ച സമ്മാനങ്ങൾ പോപ്പ് ഇദ്ദേഹം വഴി അയച്ചു. അതുകൊണ്ടു പോകുന്ന വഴിക്ക് ഈ പാതിരി മലയാളത്തിൽ കുറെ കാലം പാർത്തു. അന്നു ഇദ്ദേഹം യൂറോപ്പിലേക്കയച്ച കത്തുകളിൽ മലയാളത്തിലെ വിളവുകളെയും കച്ചവടത്തെയും ക്രിസ്തുമതത്തിലേക്ക് ആളുകളെ ചേർക്കലിനെയും മററും കുറിച്ച് കുറെശ്ശ എഴുതി കാണുന്നുണ്ടു.

പിന്നെ ഇരുപതു കൊല്ലം കൂടി കഴിഞ്ഞപ്പോൾ സെഫറാക്കിലെ ജോർഡാനസ്സ് എന്ന ഒരു പരന്ത്രീസ്സുകാരൻ കൊല്ലത്തു വന്നു. കൊല്ലത്തിന്റെ അന്നത്തെ സംസ്കൃതപ്പേർ കോളംബം എന്നായിരുന്നു. ഇദ്ദേഹം കുറെക്കാലം കൊല്ലത്തു താമസിച്ചു കാത്തോലിക്ക മതം പ്രസംഗിച്ചു ഒരു കാത്തോലിക്കപള്ളി കെട്ടിച്ചു. സുറിയാനി ക്രിസ്ത്യന്മാർക്ക് ഇദ്ദേഹത്തെ നന്നെ ബോദ്ധ്യമായിരുന്നു. അന്നു കൊല്ലം ഇപ്പോഴത്തെ പോലെ മോശസ്ഥിതിയിലല്ലായിരുന്നു. അന്നു ഭാരതഖണ്ഡത്തിൽ വെച്ചു ഇതു ഒന്നാം കിട തുറമുഖമായിരുന്നു. അന്നത്തെ അവിടത്തെ അങ്ങാടികളും ജോനകപ്പള്ളികളും മററും കാഴ്ചക്ക അത്ഭുതകരങ്ങളായിരുന്നു. ഇതുപോലെ ഒരു തുറമുഖം ഇന്ത്യയിലെങ്ങുമില്ലായിരുന്നു. അറബി മുതൽ ചീന കൂടിയുള്ള എല്ലാ നാടുകളിലെ കപ്പലുകളും ഇവിടെ തിക്കിത്തിരക്കി സദാ നിന്നിരുന്നു. കുറിയപ്പിള്ള കായല് അന്നു എത്ര മനോഹരമായിരുന്നു! ജോർഡാനസ്സിന്റെ മിറാബില്യ ഡിസ്ക്രിപ്റ്റ (കിഴക്ക രാജ്യങ്ങളിലെ അത്ഭുതങ്ങൾ) എന്ന പുസ്തകത്തിൽ ഈ വകയെപ്പററി എഴുതിട്ടുണ്ടു. ഈ പാതിരി അധികംകാലം കൊല്ലത്തു പാർത്തുകൊണ്ടു മരുമക്കത്തായം മുതലായ കേരള നടവടികളെ നല്ലവണ്ണം ഗ്രഹിച്ചു. മരുമക്കത്തായത്തിനെ പററി ഒന്നാമതു വിവരിച്ചു കാണുന്നതു ഇദ്ദേഹത്തിന്റെ ലേഖനത്തിലാണ്. കേരളത്തിലെ മൃഗങ്ങളെയും വൃക്ഷങ്ങളെയും പററിയും ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഇദ്ദേഹത്തിനെ പിന്നെ കൊല്ലത്തെ ബിഷപ്പാക്കി. കേരളത്തിലെ ഒന്നാം കത്തോലിക്ക ബിഷപ്പ് ഇദ്ദേഹമാണ്. ഇതു 1330-ൽ ആയിരുന്നു.

ഇക്കാലത്തുതന്നെ ബൊഹീമ്യായിലെ ബോൺഡിറോൺ ഗാഡറിക്ക് എന്ന പാതിരിയും കേരളത്തിൽ വന്നു. ഇയ്യാൾ കോഴിക്കോട്ടിനടുത്തുള്ള പണ്ടാരാണിയെ രക്ഷിച്ചു, ചാലിയത്തും കൊടുങ്ങല്ലൂരും കൊല്ലത്തും പോയി. കൊടുങ്ങല്ലൂര വളരെ ജൂദന്മാരെ കണ്ടു എന്നും മറ്റും പറയുന്നു. ഇന്ത്യയിലുള്ളവർ പശുക്കളെ വളരെ ആദരിച്ചുവരുന്നു എന്നു ഇയ്യാൾ പറഞ്ഞിട്ടുണ്ട്.

ആറാവു അബ്ദുള്ള മഹമ്മദ് എന്ന മഹാന്റെ ലേഖനങ്ങളിൽനിന്നാണ് പിന്നെ കേരളത്തെപ്പറ്റി നമുക്ക അധികവിവരങ്ങൾ കിട്ടുന്നത്. ഐബ്നു ബട്ടൂട്ടാ എന്നാണ് ഇയ്യാളുടെ പ്രസിദ്ധപ്പെട്ട പേര്. അറബിവംശത്തിൽ ഇത്ര വലിയ ഒരു സഞ്ചാരി ഉണ്ടായിട്ടില്ല. ഇദ്ദേഹം മോറൊക്കോ ദേശത്ത് ടാഞ്ജിയർ പട്ടണത്തിൽ ജനിച്ചു. 21 വയസ്സു പ്രായമായപ്പോൾ മെക്കയിലേക്കു തീർത്ഥയാത്ര (ഹാജ്) പുറപ്പെട്ടു. റഷ്യയിൽ അധികം സഞ്ചരിച്ചു. അറേബ്യ മുഴുവനും നടന്നു കണ്ടു. ആഫ്രിക്കയിലും വളരെ സഞ്ചരിച്ചു. ആകെ 28 കൊല്ലം മുഴുവനും സഞ്ചാരം തന്നെയായിരുന്നു. ഹിന്ദുക്കുഷ് പർവ്വതം കടന്നു ചീനയുടെ ഉൾനാട്ടിലെങ്ങും പോയി. ടിംബെറ്റിൽനിന്നു നൈജർപുഴയിൽകൂടി കീഴ്പ്പോട്ടു കപ്പൽയാത്ര ചെയ്തു. സഞ്ചാരത്തിന്നേറ്റവും സൌകര്യമുള്ള ഇക്കാലത്തുകൂടി ഇത്രയെല്ലാം സഞ്ചാരം കഴിപ്പാൻ ആക്കും സാധിക്കില്ല. ഇയ്യാൾ ഒരു വിദ്വാനും ധനികനും കുറെ ഐഹികപ്രിയനും സുശീലനും സുമുഖനും ആണ്. ഈ ഗുണങ്ങളാൽ രാജാക്കന്മാരെക്കൂടി വശീകരിപ്പാൻ സമർത്ഥനായിരുന്നു.

1333 ൽ ഇദ്ദേഹം അഫ്ഘാനിസ്ഥാനിൽകൂടി വന്നു ഡൽഹിയിൽ മഹമ്മദ് ടൊഗ്ലാക്കിന്റെ രാജധാനിക്ക പോയി. സമ്പാദ്യം മോഹിച്ചു പോന്ന മറ്റു പലരുടേയും കൂട്ടത്തിലാണ് പോയത്. ഐബ്നിനെ സുൽത്താനു വളരെ ബോധിച്ചു. 12000 ദിനാർനാണ്യം ശമ്പളത്തിന്മേൽ ഇയ്യാളെ ഡൽഹിയിലെ ഖാദി (ജഡ്ജി)യാക്കി നിശ്ചയിച്ചു. കുറെ കാലം ഈ പണി ഇയ്യാൾ വളരെ തൃപ്തികരമായി നടത്തി. ഇക്കാലത്തു സുൽത്താൻ ഇയ്യാൾക്ക വളരെ ഔദാര്യങ്ങൾ ചെയ്തു സല്ക്കരിച്ചുവന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഒരിക്കൽ രാജാവിന്നു രസമില്ലാത്ത ഒരു മുഹമ്മദൻ വിദ്വാനായ സന്ന്യാസിയെ ഒരു ഗുഹയിൽ പാർക്കുന്നേടത്തു പോയി ഈ ഖാദി കണ്ടു. ഇതു കേട്ടു രാജാവു കോപിച്ചു. ഐബ്നു തനിക്ക ഇന്നേവരെ ഉള്ളേടത്തോളം എല്ലാ സ്വത്തിനേയും സാധുക്കൾക്ക ദാനം ചെയ്തു ഒരു സന്ന്യാസിയുടെ വസ്ത്രം ധരിച്ചു. തത്സമയം തന്നെ ഹിമവാന്റെ മുകളിലുള്ള ഒരു ബുദ്ധാശ്രമം പുതുക്കി പണിയിക്കാൻ സമ്മതം കിട്ടണമെന്നുവെച്ചു ചീനരാജാവിന്റെ കത്തുംകൊണ്ടു ചില മന്ത്രികൾ വന്നു. ഈ അവസരത്തിൽ വളരെ ചീനബൌദ്ധന്മാർ വന്നു വാദിക്കുന്നുണ്ട്. ഇതിന്നു ഒരു മറുവടി അയപ്പാൻ തരത്തിൽ ആരെയും കാണാതെ മഹമ്മദ് ടോഗ്ലാക്ക് ഐബ്നു ബട്ടൂട്ടയോട് ആവശ്യപ്പെട്ടു. ഇയ്യാൾ മറുവടി തയ്യാറാക്കി കൊടുത്തു. ഇതു നിമിത്തം ഇയ്യാൾക്ക മ

രണ്ടാംശിക്ഷ കൂടാതെ കഴിഞ്ഞു. പിന്നെ 1341-ൽ വളരെ സമ്മാനങ്ങളോടും ഭൃത്യന്മാരോടുംകൂടി ഇയ്യാൾ ഡൽഹിയിൽനിന്നു പുറപ്പെട്ടു, കാമ്പെ ഉൾക്കടലിൽനിന്നു കപ്പൽ കയറി കോഴിക്കോട്ട വന്നിറങ്ങി. അവിടെ രാജമന്ത്രിയായ ഐബ്നു ബാട്ടൂട്ടയെ സാമൂതിരിപ്പാട ജങ്ക് എന്ന പേരായ വലിയ ചീനക്കപ്പലുകളിൽ കയററി ചീനയ്ക്കയപ്പാൻ വളരെ ശ്രമം ചെയ്തു. പക്ഷെ ഒരു കൊടുങ്കാററു വന്നു കപ്പലുകൾ ചിന്നിച്ചിതറിപ്പോയി. പോകുന്നതുവരെ ഇദ്ദേഹത്തിന്നും പരിവാരങ്ങൾക്കും എല്ലാം വിരുന്നുസൽക്കാരം സാമൂതിരിപ്പാട ചെയ്കയും ചെയ്തു.

ബാട്ടൂട്ടക്കു പോവാൻ തരമാവായ്കയാൽ കായൽവഴിക്ക കൊല്ലത്തേക്ക പോയി. അവിടെയും കപ്പൽ കിട്ടായ്കയാൽ ഐബ്നുവിന്റെ ബുദ്ധി ക്ഷയിച്ചു. ഇനി ഡൽഹിക്ക പോവുന്നില്ലെന്നുറച്ചു ൪ കൊല്ലം കന്ന്യാകുമാരി മുതൽ മലയാളം മുഴുവനും അതോടു ചേർന്ന ദ്വീപുകളിലും എല്ലാം ഇയ്യാൾ നടന്നു. അന്നു മലയാളത്തിലെ നഗരങ്ങളേയും തുറകളേയും കുറിച്ചും കേരളാചാരങ്ങളെക്കുറിച്ചും ഈ ആൾ 100 ഭാഗങ്ങൾ എഴുതി വെച്ചിട്ടുണ്ട്. ഇതിനെ ഡിഫ്രിമറി എന്നും സാഗ്വിററി എന്നും പേരായ പരിന്ത്രീസ്സു തർജ്ജമകളിൽ കാണാം. തിയ്യരെപ്പററി ഒന്നാമത് എഴുതിക്കാണുന്നതു ഇയ്യാളുടെ ലേഖനത്തിലാണ്. ഈഴവർ എന്നാണ് ഇവരെപ്പററി ഇയ്യാൾ എഴുതിട്ടുള്ളത്.

ഐബ്നു ബാട്ടൂട്ട പോയി കുറച്ചു കഴിഞ്ഞപ്പോഴയ്ക്കു ഫ്ലോറൻസിലെ ജോൺ മാരിഗ്നോള്ളോ വന്നു. ഇയ്യാൾ പിന്നെ കലേഞ്ച്യായിൽ ബിസാന്ന്യോവിലെ ബിഷപ്പായി. ചീനയിൽ ക്രിസ്ത്യാനിവേല നടത്താൻ ഒരാളെ അയക്കേണമെന്നു അപേക്ഷ കിട്ടുകയാൽ 1338-ൽ പോപ്പാണ് ജോൺമാരിഗ്നോള്ളോവിനെ ബിഷപ്പായി അയച്ചത്. ഇദ്ദേഹം 4 കൊല്ലം ചീനയിൽ പാർത്ത ശേഷം, യൂറോപ്പിലേക്കു മടങ്ങിപ്പോവുമ്പോൾ കൊല്ലത്തു വന്നു. ഇതു 1346-47 ഈ കാലത്താണ. ഇയ്യാൾ ഇവിടെ ഒരു കൊല്ലം പാർത്തു. ജോർഡാനസ്സു സ്ഥാപിച്ച പള്ളിയിൽ മതപ്രസംഗം ചെയ്തുവന്നു. മാസത്തിൽ 100 പണം വീതം ജീവിതം കിട്ടിവന്നു. ഇദ്ദേഹം കേരളത്തിലെ ഫലങ്ങളേയും ഉപ്പിലിട്ടതുകളേയുംപററി എഴുതിയിരിക്കുന്നു. ഇയ്യാളുടെ പേരിനെ നിലനിർത്താൻവേണ്ടി വലുതായ ഒരു കരിങ്കൽതൂണു പണിയിച്ച് അതിന്മേൽ ഒരു കുരിശു കൊത്തിച്ചു കൊല്ലത്തു കടൽപ്പുറത്തു പാറമേൽ ചേർത്തു നിർത്തി. അതിന്മേൽ ഇയ്യാളെപ്പററി കുറെ എല്ലാം എഴുതിക്കയും ചെയ്തു. കുറെ നൂററാണ്ടു കാലത്തോളം ഈ സ്മാരകം നിലനിന്നു. പിന്നെ അതിന്മേലെ ശിലാരേഖകളെല്ലാം വർഷവും വെയിലുംകൊണ്ടു തേഞ്ഞു മാഞ്ഞുപോയി. കൊല്ലത്തുള്ള ഭക്തന്മാരായ ക്രിസ്ത്യാനികൾ ഇപ്പോൾ ഈ സ്തംഭം പരിശുദ്ധനായ സെന്റ് തോമസ്സ് മലയാളത്തിൽ വന്നതിന്റെ ഓർമ്മയ്ക്കായി നാട്ടിയതാണെന്നു സങ്കല്പിച്ചു ആദരിച്ചുവരുന്നു എന്നു ചിലർ പറയുന്നു.

ഇതിന്നും പുറമെ അറബിയിലെ ഒരു രാജാവായ സിറിയായിലെ ഹാമെററ് കുരിശുയുദ്ധത്തിൽ വളരെ ശൌര്യങ്ങൾ കാണിച്ചവനാണ്. ഇയ്യാൾ ഉണ്ടാക്കിയ ഭൂമി

ശാസ്ത്രത്തിൽ 14-ാംനൂററാണ്ടിലെ കേരള പട്ടണങ്ങളെപ്പററി വളരെ വർണ്ണിച്ചിട്ടുണ്ട്. പതിനഞ്ചാംനൂററാണ്ടിൽ വെനിസ്സിലേയും ജിനോവായിലേയും പല നിവാസികളും കച്ചവടത്തിനുവേണ്ടി ഇന്ത്യയിലെ പടിഞ്ഞാറൻ കരകളിൽ വന്നുപോയിട്ടുണ്ടു. 15-ാംനൂററാണ്ടിൽ ആദ്യകാലത്തു വെനിസ്സിലെ പ്രബലവായ നിക്കോളോ കൊണ്ടെട്ടി, കേരളത്തെക്കുറിച്ചു കുറെ എഴുതിവെച്ചിട്ടുണ്ട്. കൊച്ചിയെക്കുറിച്ചു ഒന്നാമതു എഴുതിക്കാണുന്നതു ഇയ്യാളുടെ ലേഖനത്തിലാണ്. ഇയ്യിടെ ഉണ്ടായ ഒരു തുറയാണ് കൊച്ചി എന്നു ഈ പ്രബലൻ എഴുതിയിരിക്കുന്നു. 1347-ൽ അസാധാരണമായ ഒരു വെള്ളപ്പൊക്കം ഉണ്ടായി. ഇതിൽ വെമ്പനാട്ടു കായലിലെ വെള്ളം പൊട്ടി ഒലിച്ചു സമുദ്രത്തിൽ പോയി. അതിലെ വെള്ളത്തിനു അതുവരെ സമുദ്രത്തിൽ പോവാനുള്ള വഴി കൊടുങ്ങല്ലൂരിൽക്കൂടി മാത്രം ആയിരുന്നു. ഈ വെള്ളപ്പൊക്കത്തിൽ വീതി കുറഞ്ഞു നീണ്ടുകിടക്കുന്ന കര കൊച്ചിയിൽവെച്ചു പൊട്ടി ഒരു അഴിമുഖമായി. ഇതാണ് ഇപ്പോഴത്തെ കൊച്ചി തുറമുഖം.

പിന്നെ കടവിൽ വന്ന സഞ്ചാരി അത്തനാഡികിട്ടിൻ എന്നു പേരായ ഒരു റഷ്യക്കാരൻ സഞ്ചാരിയായിരുന്നു. ഇയ്യാൾ 20 കൊല്ലത്തോളം മലയാളത്തിലും പടിഞ്ഞാറൻ ഇന്ത്യയിലുമായി പാർത്തു. ഡി ഗാമാ വരുന്നതിനു 25 കൊല്ലം മുമ്പെയാണ് ഇയ്യാൾ നമ്മുടെ നാട്ടിൽനിന്നു പോയത്. ഇയ്യാളും കേരളത്തെക്കുറിച്ചു എഴുതീട്ടുണ്ടു. കേരളചരിത്രം പൂർണ്ണമായി എഴുതുന്നവർ മേൽവിവരിച്ചവയും അതുപോലെ ഉള്ളവയുംആയ ലക്ഷ്യങ്ങൾകൂടി നോക്കിഎഴുതേണ്ടതാണ്. അങ്ങിനെയല്ലാതെ ലന്തക്കാരും മററുമായ കച്ചവടക്കാർ എഴുതിയ റിക്കാർട്ടുകൾ മാത്രം നോക്കുന്നത് അബദ്ധമാണ്. അവർ കാര്യത്തിനുവേണ്ടി വാസ്തവസംഗതികൾ മറച്ചും മറിച്ചും എഴുതീട്ടുണ്ട്. [പരേതനായ റാവുസാഹിബ്ബ് കണ്ണമ്പ്ര രാമനുണ്ണി വലിയ നായരുടെ നോട്ടുപുസ്തകത്തിൽ നിന്നെടുത്തത്]

# ചിത്തോറിലെ മഹായുദ്ധം.

## I
## പുത്തൻ സേനാപതി.

ചിത്തോരരാജാവായ ഉദയസാഗരൻ അദ്ദേഹത്തിന്റെ ഉപപത്നിയായ വീരയുടെ അസാധാരണയുദ്ധസാമർത്ഥ്യംകൊണ്ടും ബുദ്ധിചാതുര്യംകൊണ്ടും അക്ബരുടെ കാരാഗൃഹത്തിൽനിന്നു രക്ഷപ്പെട്ടുപോന്നു. വീരരമണിയായ വീരയുടെ പ്രോത്സാഹനംകൊണ്ടും കൌശലംകൊണ്ടും വാഗ്വൈഭവംകൊണ്ടും ഉത്തേജിതന്മാരായ സാമന്തന്മാരും മററു പ്രബലന്മാരും രാത്രിയുദ്ധത്തിൽ ദില്ലീശ്വരനായ അക്ബരെ തോല്പിച്ചു മഹാരാണനായ ഉദയസിംഹനെ ശത്രുക്കളുടെ കൈനിലയിൽനിന്നു രക്ഷ

പ്പെടുത്തിയിരുന്നു. വീരാംഗനയായ വീരയുടേയും അവരുടെ സൈന്യങ്ങളുടേയും ആക്രമണത്തിന്റെ ഊക്കു സഹിയ്ക്കാൻവയ്യാതെ അക്ബർ യുദ്ധക്കോപ്പുകളെല്ലാം ഉപേക്ഷിച്ചു ചിതോരിൽനിന്നു ഓടിപ്പോയി തന്റെ പ്രാണനെ രക്ഷിച്ചു. ഇത്ര ലജ്ജാകരമായ ഒരു തോൽമ അദ്ദേഹത്തിന്റെ ജീവിതദശയിൽ ഒരിയ്ക്കലും ഉണ്ടായിട്ടില്ല.

ഈ സംഭവം നടന്നു കുറെ കൊല്ലങ്ങൾ കഴിഞ്ഞശേഷം അക്ബർ വീണ്ടും ചിതോരനഗരത്തെ ആക്രമിച്ചു. തനിയ്ക്കു പിണഞ്ഞ ലജ്ജാവഹമായ ആ തോൽമനിമിത്തമുള്ള മനോവേദനയും അപമാനവും അദ്ദേഹത്തിന്നു മറക്കാൻ കഴിഞ്ഞില്ല. മിവാരരാജ്യം പിടിച്ചടക്കി മിവാരരാജാവിന്റെ ഗൎവ്വ് ശമിപ്പിയ്ക്കണമെന്ന ഉദ്ദേശംകൂടി അദ്ദേഹത്തിന്നുണ്ടായിരുന്നു. അതിന്നുവേണ്ടി ചിതോരനഗരത്തെ ആക്രമിയ്ക്കാനായി അക്ബർ ഒരു വലിയ സൈന്യം ശേഖരിയ്ക്കാനുള്ള ഒരുക്കങ്ങൾ ചെയ്തു. പിന്നെ അതിവേഗത്തിൽ വലിയ ഒരു സൈന്യത്തോടുകൂടി കൊടുങ്കാററുപോലെ മിവാരരാജ്യത്തെ ആക്രമിച്ച് അതിലുള്ള പൎവ്വതങ്ങൾ, വനങ്ങൾ, നഗരങ്ങൾ, കോട്ടകൾ മുതലായവയെ വളഞ്ഞു. അൎദ്ധചന്ദ്രന്റെ അടയാളത്തോടുകൂടിയ കൊടിക്കൂറകൾ ആകാശത്തെ മറച്ചുകൊണ്ടു കാററത്തു പാറിയിരുന്നു. ഏതുവിധത്തിലെങ്കിലും ഇത്തവണ ചിതോരിനെ നശിപ്പിച്ചു പവിത്രമായ ശിശോദീയവംശത്തിന്നു കളങ്കം വരുത്തുമെന്നും അതല്ലാത്തപക്ഷം നേൎക്കുനേരെയുള്ള യുദ്ധത്തിൽ തന്റെ ജീവനെ ബലികഴിയ്ക്കുമെന്നും അക്ബർ ശപഥം ചെയ്തിരുന്നു. ഈ ശപഥം നിറവേററാൻ വേണ്ടിയാണ് അദ്ദേഹം ഇത്ര വലിയ സൈന്യത്തോടുകൂടി പുറപ്പെട്ടത്. ചിതോരിലുള്ള വഴികളും മലയിടുക്കുകളും പൎവ്വതങ്ങളും കാടുകളും മൊഗളസൈന്യങ്ങളെക്കൊണ്ടു നിറഞ്ഞു.

ദുൎബ്ബലചിത്തനായ ഉദയസിംഹന് അക്ബരുടെ ആക്രമണത്തെ തടുക്കാൻ കഴിഞ്ഞില്ല. പല കാരണങ്ങളാലും അദ്ദേഹത്തിന്റെ സാമന്തന്മാരുടെ എടയിൽ അദ്ദേഹത്തിന്റെ നേരെ കലശലായ അപ്രീതി ബാധിച്ചിരുന്നു. രാജാവിന്റെ പ്രവൃത്തികളിൽ അല്പം പ്രീതിയുണ്ടായിരുന്നില്ല. രാജഭക്തി ഹിന്ദുക്കളുടെ പ്രാണനാണ്. ഉദയസിംഹന്റെ ദുഷ്പ്രവൃത്തികൾകൊണ്ടു സൈനികന്മാരുടെ എടയിൽ ആ അപൂൎവ്വവസ്തു ഇല്ലാതായിത്തീൎന്നു. അതുകൊണ്ട് ഈ അവസരത്തിൽ ഉദയസിംഹനു ചിതോരിനെ രക്ഷിക്കാൻ സാദ്ധ്യമുണ്ടായിരുന്നില്ല. ചിതോരിൽത്തന്നെ താമസിച്ചാൽ ഒരു വേള മുമ്പിലത്തെപ്പോലെ അക്ബർ തന്നെ തടവുകാരനാക്കുമെന്നു വിചാരിച്ചു ഭീരുവായ ഉദയസിംഹൻ ലേശം ലജ്ജകൂടാതെ ചിതോര് വിട്ട് ഓടിപ്പോവാൻ നിശ്ചയിച്ചു. പവിത്രമായ സൂൎയ്യവംശത്തിന്നു കളങ്കമുണ്ടാക്കി അതിനെ ദുഷിപ്പിക്കാൻ അദ്ദേഹത്തിന്ന് ഒട്ടും സങ്കോചമുണ്ടായില്ല. അദ്ദേഹം മൊഗളചക്രവൎത്തിയുടെ നിസ്തുലബലത്തേയും വലിയ സൈന്യശേഖരത്തേയും കണ്ടു തന്റെ തുച്ഛമായ ജീവനെ രക്ഷിക്കാൻ വേണ്ടി ചിതോരനഗരത്തെവിട്ടോടിപ്പോയി.

ഇപ്പോഠം കുലസ്ത്രീകളുടെ പാതിവ്രത്യത്തെ രക്ഷിക്കാൻ ആരുണ്ട്? നഗരവാസികളായ സ്ത്രീകളേയും ബാലന്മാരേയും ഈ ഘോരയുദ്ധത്തിൽനിന്ന് ആർ രക്ഷപ്പെടുത്തും? പിന്നെ ബാപ്പാരായൻെറ സുപവിത്രമായ വംശത്തിൻെറ മാനം രക്ഷിക്കാൻ ആരാണ് കടപ്പെട്ടിട്ടുള്ളത്? എന്ന സംഗതിയെപ്പററി ഒരിക്കലെങ്കിലും ആലോചിക്കാൻ ഉദയസിംഹന്നു അവസരം ഉണ്ടായില്ല. ഭീരുവായ കുറുനരിയെപ്പോലെ തൻെറ ജീവരക്ഷയ്ക്കുവേണ്ടി ഉദയസിംഹൻ ചിത്തോരിനെ ഉപേക്ഷിച്ചുപോയ്ക്കളഞ്ഞു. രാജാവു പോയ്ക്കളഞ്ഞതുകൊണ്ടു ചിത്തോരിന്നു രക്ഷ കിട്ടില്ലെന്നു വരുമോ? മുസൽമാന്മാരുടെ ആധിപത്യത്തിൻകീഴിലായി ആ സ്വർഗ്ഗഭൂമിക്കു നാശവും സ്ഥായിയായ കളങ്കവും വന്നുചേരുമോ? ചിത്തോർ സിംഹാസനം ധൂർത്തന്മാരായ മുസൽമാൻ ചക്രവർത്തികളുടെ ഇരിപ്പിടമായിത്തീരുമോ? ഹിന്ദുകുലസ്ത്രീകളുടെ പവിത്രമായ പാതിവ്രത്യരത്നത്തെ മുസൽമാന്മാർ അപഹരിച്ചുകൊണ്ടുപോകുമോ? ഇല്ല. അത് ഒരു കാലത്തും ഉണ്ടാകാത്ത സംഗതിയാണ്. ദുഷ്ടനായ ഉദയസിംഹൻ ചിത്തോരിനെ ഉപേക്ഷിച്ചു തൻെറ ഹൃദയത്തിൻെറ ദുർബ്ബലതയേയും നീചതയേയും വെളിപ്പെടുത്തി എങ്കിലും ചിത്തോരിൽ അക്കാലത്തും വീരപുരുഷന്മാരും ധൈര്യശാലികളും ഇല്ലാതിരുന്നില്ല. ആ വീരമാതാവിൻെറ തൃപ്പാദങ്ങളെ ചെന്താമരപ്പൂക്കഠംകൊണ്ടു പൂജിക്കാൻ അപ്പോഴും ഉദാരഹൃദയന്മാരായ അനേകം രാജപുത്രവീരന്മാർ ഉണ്ടായിരുന്നു. അവരിൽ ഓരോരുത്തരും തങ്ങളുടെ ദേഹത്തിലുള്ള ഒടുവിലത്തെ ചോരത്തുള്ളി കൂടി കളഞ്ഞു ചിത്തോരിൻെറ സ്വാതന്ത്ര്യരക്ഷയ്ക്കുവേണ്ടി തങ്ങളുടെ ജീവനെ ബലികഴിക്കും. ഊർദ്ധ്വശ്വാസം വലിക്കുന്നതുവരെ ചിത്തോരിൻെറ മംഗളചിന്ത ചെയ്ത് അവസാനകാലത്തിൽ അതിൻെറ പരിശുദ്ധമായ മണ്ണിനെ ചുംബനം ചെയ്ത് അവർ തങ്ങളുടെ ജീവനെ കളയും. എന്തുതന്നെയായാലും ഘോരമായ യുദ്ധം ചെയ്യാതെ ചിത്തോരിൻെറ സ്വാതന്ത്ര്യത്തെ അവർ അക്ബർക്കു വിട്ടുകൊടുക്കുകയില്ല.

അന്നു മൃതസഞ്ജീവനീമന്ത്രബലംകൊണ്ട് ആ ചിത്തോരിൻെറ ഭസ്മസ്തൂപത്തിൽനിന്നു വീണ്ടും അനേകം വീരന്മാരുണ്ടായിത്തീർന്നു. രാജസ്ഥാനത്തിൻെറ പല പ്രദേശങ്ങളിൽനിന്നും ഭിന്നഗോത്രക്കാരായ അനേകം സാമന്തന്മാർ തങ്ങളുടെ സൈന്യങ്ങളോടുകൂടി ചിത്തോരിൻെറ ഗോപുരദ്വാരത്തിൽ വന്നെത്തി. ചന്ദാവത്തുവംശത്തിൽ ജനിച്ചവനും വീരനുമായ ശഹീദാസൻ അനേകവീരഭടന്മാരോടുകൂടി ചിത്തോരിൻെറ പ്രധാനഗോപുരമായ 'സൂര്യദ്വാര'ത്തിൽ ചെന്നു മാറുവിരുത്തിക്കൊണ്ടുനിന്നു ശത്രുക്കളുടെ ആക്രമണത്തെ തടുത്തു. മാദേരിയാ, വൈദല, കോടാരിയോ, വിജേല്ലി, സദ്രിബ മുതലായ പ്രദേശങ്ങളിലെ സാമന്തരാജാക്കന്മാരും അവരുടെ സൈന്യങ്ങളോടുകൂടി പ്രബലമൊഗളസൈന്യങ്ങഠംക്കെതിരായി യുദ്ധത്തിന്നു കോപ്പിട്ടു. ഇവരെല്ലാവരും ചിത്തോരരാജാവിൻെറ സാമന്തരാജാക്കന്മാരായിരുന്നു. അതിന്നു പുറമെ അന്യപ്രദേശങ്ങ

ളിൽനിന്നു ദേവലപതിയായ രാഘവജിയുടെ അനന്തിരവനും, ഝാലോരപതിയായ ശനിഗ്രഹരായനും, രാഠോരവംശക്കാരനായ ഈശ്വരദാസനും കരമചാന്ദനും, ഉദയരാജാവും മററനേകം രാജാക്കന്മാരും ഈ മഹായുദ്ധത്തിനായി എത്തിച്ചേൎന്നു. ചിതോരിന്റെ സ്വാതന്ത്ര്യത്തിൽ അണുമാത്രംപോലും മൊഗളന്മാൎക്കു വിട്ടുകൊടുക്കില്ലെന്നും ശരീരത്തിൽ ഒരു തുള്ളി ചോരയുള്ള കാലം ചിതോരിന്റെ രക്ഷക്കുവേണ്ടി ജീവാവസാനംവരെ യുദ്ധം ചെയ്യുമെന്നും അവരുടെ കൂട്ടിൽ ജീവനുള്ള കാലംവരെ ചിതോരിന്റെ പാവനമായ അംഗത്തിൽ എള്ളോളം കളങ്കസ്പൎശമുണ്ടാവാൻ സമ്മതിക്കില്ലെന്നും അവരെല്ലാവരും സൂൎയ്യന്റെ മുമ്പിൽവെച്ചു പ്രതിജ്ഞ ചെയ്തു. ഇങ്ങിനെ പ്രതിജ്ഞ ചെയ്തതിന്റെശേഷം ആ വീരന്മാരെല്ലാവരും ഒത്തുചേൎന്നു് ഏകമനസ്സോടുകൂടി പോൎക്കളത്തിലേക്കു പുറപ്പെട്ടു.

താമസിയാതെ ഹിന്തുക്കളും മുസൽമാന്മാരും തമ്മിൽ ഘോരമായ യുദ്ധം തുടങ്ങി. മരണദേവത തന്റെ ഭയങ്കരമായ മുഖം തുറന്നുംകൊണ്ടു നാലുഭാഗത്തും സഞ്ചരിച്ചുതുടങ്ങി. അസ്ത്രശസ്ത്രങ്ങളേററു മുറിപ്പെട്ടു് ഇരുപക്ഷക്കാരുടേയും അനേകം വീരന്മാർ പോൎക്കളത്തിൽ വീണു മരിച്ചു. സിംഹനാദംകൊണ്ടും ഭേരീനാദംകൊണ്ടും നാലു ദിക്കും മുഴങ്ങി. മൊഗളന്മാരുടെ പീരങ്കികൾ ഗുംഗും എന്ന ശബ്ദം പുറപ്പെടീച്ചു ദിക്കാസകലം വിറപ്പിച്ചുതുടങ്ങി. ഈ യുദ്ധത്തിൽ സേനാധിപനായി വരിക്കപ്പെട്ട വീരചൂഡാമണിയായ ശഹീദാസൻ മൊഗളസൈന്യങ്ങളുടെ നേരെ ഇടവിടാതെ ശരവൃഷ്ടി ചെയ്തുതുടങ്ങി. അദ്ദേഹത്തിന്റെ ശരവൎഷംകൊണ്ടു നാലുപാടും മൃത്യുവൎഷവും ഉണ്ടായി. അസംഖ്യം മുസൽമാൻ ഭടന്മാർ അദ്ദേഹത്തിന്റെ ബാണങ്ങളേററു ഛിന്നഭിന്നമായ ദേഹത്തോടുകൂടി പോൎക്കളത്തിൽ വീണു മരിച്ചു. അതു കണ്ടു മൊഗളസേനാധിപനു കോപം ജ്വലിച്ചു. അയാളുടെ പ്രോത്സാഹംകൊണ്ടു് ഉദ്ദീപിതന്മാരായ മൊഗളസൈനികന്മാർ സൂൎയ്യദ്വാരത്തിനു നേരെ ചെന്നു. അനേകം ക്ഷത്രിയവീരന്മാർ മൊഗളന്മാരുടെ വെടിയുണ്ടകളേററു മരിച്ചുപോയി. എന്നിട്ടും ക്ഷത്രിയകുലതിലകനായ ശഹീദാസൻ ഒരടിപോലും പിന്നാക്കം വെച്ചില്ല. അദ്ദേഹം ആ മൃത്യുതരംഗങ്ങളുടെ ഇടയിൽ ലേശം ഭയംകൂടാതെ നിന്നു സൂൎയ്യദ്വാരത്തിന്റെ രക്ഷക്കായി മുതിൎന്നു. എത്രനേരം അദ്ദേഹത്തിന്റെ കൂട്ടിൽ പ്രാണനുണ്ടായിരുന്നുവോ, നാഡികളിൽ കൂടി ചോര ഓടിയിരുന്നുവോ, വജ്രംപോലെയുള്ള മുഷ്ടിക്കു ദൃഢതയുണ്ടായിരുന്നുവോ അത്രനേരം ശത്രുക്കൾക്കു കുറച്ചെങ്കിലും കോട്ടക്കകത്തു കടക്കാൻ കഴിഞ്ഞില്ല. ഈ മാതിരി ആത്മത്യാഗത്തോടുകൂടി ആ ദിവസം ചിതോരിന്റെ സിംഹദ്വാരത്തെ രക്ഷിച്ചു് അസാമാന്യവീരത്വം കാണിച്ച ശഹീദാസൻ ദേഹം മുഴുവനും ചോരയണിഞ്ഞു ഭൂമിയിൽ വീണു വീരസ്വൎഗ്ഗം പ്രാപിച്ചു. അപ്പോൾ സൂൎയ്യൻ അസ്തമിക്കാറായിരിക്കുന്നു. സൈന്യങ്ങളും വളരെ ക്ഷീണിച്ചുവശായി. വീരവരനായ ശഹീദാസന്റെ മരണംകൊണ്ടു വിഷണ്ണഹൃദയ

ന്മാരായ രാജപുത്രന്മാർ സുദൃഢമായ പാരത്തി ന്റെ ഉറപ്പുള്ള വാതിലുകൾ അടച്ചു ബന്ധിച്ച നഗരത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. മുസൽമാൻ സൈന്യങ്ങളും അവരുടെ കൈനിലയിലേക്കു മടങ്ങിപ്പോയി.

രാത്രി സമയമായി. രാത്രിയിലെ കൂരിരുട്ട് ഏതുപ്രകാരം ചിത്തോരിനെ ബാധിച്ചുവോ അപ്രകാരംതന്നെ ഗംഭീരനൈരാശ്യമാകുന്ന അന്ധകാരം ചിത്തോരവാസികളായ സ്ത്രീപുരുഷന്മാരുടെ ഹൃദയത്തേയും ബാധിച്ചു. മഹാരാണാൻ ആ നഗരിയെ ഉപേക്ഷിച്ചുപോയിരുന്നു. ചന്ദാവൽ കുലപ്രദീപമായ ശക്തിദാസൻ യുദ്ധത്തിൽ അപൂർവ്വവീരത്വം കാണിച്ചു പോർക്കളത്തിൽ തന്റെ വിലമതിക്കാത്ത ജീവനെ ബലികഴിച്ചിരുന്നു. ഇനി ശത്രുക്കളുടെ പിടുത്തത്തിൽനിന്നു ചിത്തോരിനെ ആർ രക്ഷിക്കും? കരകവിഞ്ഞുവരുന്ന സമുദ്രംപോലെയുള്ള മൊഗളസൈന്യങ്ങളുടെ ആക്രമണത്തിൽനിന്ന് ആർ ചിത്തോരിനെ രക്ഷപ്പെടുത്തും? എന്നിങ്ങിനെയുള്ള വലിയ വിചാരം ചിത്തോരനഗരവാസികളുടെ മനസ്സിനെ വ്യാകുലപ്പെടുത്തിയിരുന്നു. എല്ലാവരുടെ മുഖത്തും ദുശ്ചിന്തയുടേയും വിഷണ്ണതയുടേയും ഛായ നല്ലവണ്ണം കാണപ്പെട്ടിരുന്നു. ആ സമയത്തു ഒരിടത്തിലെങ്കിലും സന്തോഷത്തിന്റെ ലേശംപോലും കാണാനില്ലായിരുന്നു. സാഹസികളായ അനേകം വീരന്മാർ കോട്ടമതിലിന്റെ ഓരോ ദിക്കുകളിൽ കയറിക്കൂടി ശത്രുക്കളുടെ പോക്കുവരവിനെ നോക്കിക്കൊണ്ടുനിന്നിരുന്നു. രാജധാനിയിലുള്ളവർ ഗംഭീരമായ മനോവിചാരംകൊണ്ടു തങ്ങളെത്തന്നെ മറന്നിരിക്കുന്നു. വരാൻപോകുന്ന ഭയങ്കരമായ ആപത്തിനെ കാത്തു അവരുടെ മനസ്സു നടുങ്ങി. പരാശക്തിയും ചതുർഭുജയുമായ ദേവിയുടെ ക്ഷേത്രത്തിന്റെ ചുററമ്പലത്തിൽ പ്രധാനികളായ രാജപുത്രസേനാധിപന്മാരും പ്രമുഖന്മാരും ശ്രേഷ്ഠന്മാരായ നഗരവാസികളും ഒത്തുകൂടി നിലത്തിരുന്നു മേലിൽ യുദ്ധം നടത്തേണ്ട സംഗതിയെപ്പററി ഏകമനസ്സോടുകൂടി ആലോചന ചെയ്തിരുന്നു. ശക്തിദാസന്റെ വീരത്വത്തെക്കുറിച്ചു പലരും പലവിധത്തിൽ പ്രശംസിച്ചിരുന്നു.

ഈ അവസരത്തിൽ വേദോനോരാധിപതിയും സാമന്തരാജാവുമായ ജയമല്ലൻ സഭയുടെ നടുവിൽ പതുക്കെ എണീററുനിന്നു തന്റെ നീണ്ട കൈകളെ പൊക്കിക്കൊണ്ടു മൃദുസ്വരത്തിൽ പറഞ്ഞുതുടങ്ങി:— 'ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്ന മാന്യന്മാരെ യഥോചിതം നമസ്കരിക്കുകയും ആശീർവ്വാദം ചെയ്യുകയും സ്നേഹപൂർവ്വം ആലിംഗനംചെയ്യുകയും ചെയ്തു എന്റെ മനോഗതങ്ങളെ ഞാൻ വെളിപ്പെടുത്തുന്നു. ഇന്നു ചന്ദാവത്തുവംശക്കാരനും വീരാഗ്രേസരനുമായ ശക്തിദാസൻ സ്വദേശത്തെ രക്ഷിപ്പാൻവേണ്ടി പ്രദർശിപ്പിച്ച യുദ്ധസാമർത്ഥ്യം ലോകത്തിൽ അതുല്യമാണ്. അദ്ദേഹത്തിന്റെ ആത്മത്യാഗവും മഹത്തായ വീര്യവും ഇന്നു ചിത്തോരിന്റെ ഗൌരവത്തെ വർദ്ധിപ്പിച്ചിരിക്കുന്നു. ശത്രുക്കൾ അടിക്കടി തോററു ഏററവും വിഷണ്ണന്മാരായി പിന്തിരിഞ്ഞു ഓടിപ്പോയിരിക്കുന്നു. രാവിലെ സ്മരിക്കപ്പെടേണ്ടവനും പരിശുദ്ധചിത്തനുമായ ശക്തിദാസനെ പിന്തുടൎന്നു സേനാപതിസ്ഥാനം വ

ഹിച്ച നാളത്തെ യുദ്ധത്തിൽ ഏതൊരു വീരനാണ് ചിത്തോരിന്റെ മാനം രക്ഷിക്കുന്നതു? ചിത്തോരിനെ രക്ഷിക്കേണ്ടു ചുമതല നമ്മളെ ഏല്പിച്ചാണ് റാണനായ ഉദയസിംഹൻ നഗരംവിട്ടുപോയത്. പല സംഗതികളിലും രാജാവു നമ്മുടെ അഭിലാഷങ്ങളേയും അപേക്ഷകളേയും കൈക്കൊള്ളാതെ നമ്മെ അപമാനിക്കുകയും വിരക്തന്മാരാക്കിത്തീർക്കുകയുംചെയ്തിട്ടുണ്ടെങ്കിലും, അതുകൊണ്ടൊന്നും ചിത്തോർ അപരാധിയായിത്തീർന്നിട്ടില്ല. ചിത്തോരിലെ വലിയകുലത്തിൽ ജനിച്ചവരും പരിശുദ്ധകളും ആയ രാജപുത്രരമണികൾ നമ്മുടെ നേരെ ഒരുവിധത്തിലും അപരാധം ചെയ്തിട്ടില്ല. സൂര്യവംശത്തിൽ ജനിച്ച കുശമഹാരാജാവിന്റെ പിന്തുടർച്ചക്കാർ ലോകത്തിൽ ചിരപ്രസിദ്ധി നേടിയവരാണ്. അവരുടെ സിംഹാസനം എല്ലാവരുടെയും ബഹുമതിക്കും പൂജയ്ക്കും അർഹിക്കുന്ന വസ്തുവാണ്. അതിനാൽ ചിത്തോരിന്റെ സ്വാതന്ത്ര്യത്തെ രക്ഷിക്കേണ്ടതു എല്ലാവരുടെയും പ്രത്യേകഭാരമാണ്. അതിനു എല്ലാവരും ആഗ്രഹിക്കേണ്ടതുമാണ്. ഇപ്പോൾ ആ ചിത്തോരനഗരം വലിയ ആപത്തിൽ പെട്ടിരിക്കുന്നു. ദുരാചാരന്മാരായ മൊഗളന്മാർ അതിന്റെ സ്വാതന്ത്ര്യത്തിന്റെ നാശത്തിനുവേണ്ടി നാളെ കഴിയുന്ന യത്നം ചെയ്യുന്നതാണ്. അക്ബർ ചക്രവർത്തിയുടെ രണ്ടുലക്ഷം സൈന്യങ്ങൾ നഗരത്തിന്റെ മതിലുകൾ പൊളിക്കാൻ വേണ്ടി അതിപ്രയത്നം ചെയ്യുന്നതാണ്. ആ ഘോരമായ ആപത്തിൽ ഏതൊരു വീരനാണ് ചിത്തോരിന്റെ സ്വാതന്ത്ര്യത്തെ രക്ഷിക്കാൻ തക്ക പാത്രമായിത്തീരുന്നതു? ഏതൊരു വീരയോദ്ധാവിന്റെ തലയിലാണ് ആ വിജയമകുടം ശോഭിക്കേണ്ടതു എന്ന് ഇന്നു ഈ സഭയിൽ തീർച്ചപ്പെടുത്തണം. ചിത്തോരനഗരവാസികളുടെ ഇടയിൽ ഏതൊരുത്തനാണ് മേല്പറഞ്ഞ കഠിനകാര്യം നിർവഹിക്കാൻ ഏററവും ഉപയുക്തപാത്രമായിത്തീരുന്നതു? സാമന്തരാജാക്കന്മാരേ! സേനാപതികളേ! പ്രധാനികളായ നാഗരികന്മാരേ! ഞാൻ ഈ സംഗതിയെപ്പററി നിങ്ങളോടു ഒരു ചോദ്യം ചെയ്യുന്നു. നാളത്തെ അസാദ്ധ്യമായ കാര്യം ഉച്ചഹൃദയനും വീരപ്രവരനുമായ ഏതൊരു സേനാപതി മുഖാന്തരമാണു നിർവഹിക്കാൻപോകുന്നതു? ഈ സഭയിൽവെച്ചു ഇന്നുതന്നെ ആ വീരനെ സേനാപതിയായി അഭിഷേകംചെയ്യണം. സിംഹത്തിന്റെ കഴുത്തുപോലെയുള്ള അവന്റെ കഴുത്തിൽ നാലു തൃക്കയ്യുള്ള ദേവിയുടെ തൃക്കാലുകളിൽ പൂശിട്ടുള്ള ചന്ദനംകൊണ്ടു ചർച്ചിതമായ പുഷ്പമാല അണിയിക്കണം. അവന്റെ വിശാലമായ നെററിത്തടം വിജയതിലകംകൊണ്ടു ഉജ്ജ്വലമാക്കിത്തീർക്കണം. ഏതൊരു ഭാഗ്യപുരുഷനായാണു ഈ ദേവദുർല്ലഭമായ സ്ഥാനത്തിലേക്കു നിയമിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നത്.'?

ജയമല്ലന്റെ വാക്കുകൾ അവസാനിച്ചു അവസാനിച്ചില്ല എന്നായപ്പോഴേക്കു സഭ്യന്മാർ പറഞ്ഞു— 'കൈലവാരപതിയും പതിനാറുവയസ്സു പ്രായമുള്ളവനും വീരയുവാവുമായ പുത്തനെയാണ്. ഇപ്പോൾ ഈ യുദ്ധത്തിനു യോഗ്യനായ സേനാപതി അയാൾതന്നെയാണ്. ഇവിടെ കൂടിയിരിക്കുന്ന സേനാധിപന്മാരുടെ ഇട

യിൽ വീരവരനും സേനാപതിയാവാൻ തക്ക യോഗ്യപാത്രവും അയാൾ തന്നെയാണ്. വേഗത്തിൽ അയാളുടെ കഴുത്തിൽ അഭിഷേകമാല ഇടണം. ഇതാണു ഞങ്ങളെല്ലാവരുടെയും അഭിപ്രായം.'

ജയമല്ലൻ വീണ്ടും പതുക്കെ പറഞ്ഞുതുടങ്ങി. 'മഹാന്മാരേ! സേനാപതിയെ നിശ്ചയിക്കുന്ന കാര്യത്തിൽ എന്റെയും അഭിപ്രായം അതുതന്നെയാണ്. പുത്തന്റെ ഗാംഭീര്യവും വീര്യവും അസാധാരണയുദ്ധചാതുര്യവും ഞാൻ മനസ്സിലാക്കീട്ടുണ്ട്. എന്റെ അഭിപ്രായത്തോടുകൂടി നിങ്ങളും യോജിച്ചതു സന്തോഷംതന്നെ.' ഇങ്ങിനെ പറഞ്ഞതിന്റെശേഷം അദ്ദേഹം പുത്തനെ വിളിച്ചു മൃദുസ്വരത്തിൽ പറഞ്ഞുതുടങ്ങി. 'പ്രാണപ്രിയനായ പുത്താ! ഞങ്ങൾ ഏറ്റവും സന്തോഷത്തോടുകൂടി ഈ മഹത്തായ സ്ഥാനത്തേക്കു നിന്നെ നിശ്ചയിച്ചിരിക്കുന്നു. വത്സ! ചിത്തോരിനെ രക്ഷിപ്പാനുള്ള ശക്തി നിനക്കല്ലാതെ മറ്റാർക്കും ഇല്ല. രാജപുത്രജാതിയാകുന്ന വഞ്ചിയുടെ അമരക്കാരനാവാൻ തക്ക യോഗ്യതയുള്ളവൻ നീ മാത്രമാണ്. ഞങ്ങളുടെ ആശയെ പൂരിപ്പിക്കാൻ നിനക്കു മാത്രമെ കഴികയുള്ളു. വത്സ! നീ അനായാസേന മൊഗളസമുദ്രത്തെ കടന്നു വിജയകിരീടംകൊണ്ടു നിന്റെ മസ്തകത്തെ ഉജ്ജ്വലമാക്കിച്ചെയ്തു വിജയിയായി പുഞ്ചിരിതൂകിക്കൊണ്ടു പവിത്രമായ ജന്മഭൂമിയിലേക്കു മടങ്ങിവന്നാലും എന്നു ഞാൻ ആശീർവാദം ചെയ്യുന്നു. നാലു തൃക്കൈകളോടുകൂടിയ ദേവി തീർച്ചയായും നിന്നെ സഹായിക്കും. ദേവിയുടെ അനുഗ്രഹംകൊണ്ടു നിന്റെ രണ്ടു കൈകൾക്കു ശത്രുസംഹാരം ചെയ്യാൻ ആയിരം കൈകളുള്ള കാർത്തവീര്യന്റെ ശക്തിയുണ്ടായിത്തീരും. ഞങ്ങളെല്ലാവരും ഏകമനസ്സോടുകൂടി ഇന്നു നിന്നെ ചിത്തോരിന്റെ സേനാപതിയായി വരിച്ചിരിക്കുന്നു. നിന്റെ കീഴിൽ യുദ്ധംചെയ്യുന്നതു ഒരു വലിയ ബഹുമാനമായി ഞങ്ങൾ കരുതുന്നു.'

ജയമല്ലൻ പറഞ്ഞുകഴിഞ്ഞപ്പോൾ വീരവരനായ പുത്തൻ സഭയിൽ എണീറ്റുനിന്നു. കവാടംപോലെയുള്ള അയാളുടെ പരന്ന മാറിടവും, സാലങ്ങൾപോലെ നീണ്ടതും ബലമുള്ളതുമായ കൈകളും, കാലുകളും, ചെവിവരെ നീണ്ടതും രാജസ്സോടുകൂടിയതും നീലനിറമുള്ളതുമായ കണ്ണുകളും, സരളവും ഉജ്ജ്വലവുമായ മുഖകാന്തിയും കണ്ടിട്ടു സഭ്യന്മാരെല്ലാവരും വളരെ ആനന്ദിച്ചു. ആ മഹത്തായ ജനസമൂഹത്തിന്റെ ഇടയിൽ ആരും അറിയാതെ പ്രബലമായ ആനന്ദത്തിന്റെ തിരമാലകൾ കളിയാടിത്തുടങ്ങി. പുത്തൻ തലതാഴ്ത്തിക്കൊണ്ടു ഏറ്റവും മൃദുസ്വരത്തിൽ പതുക്കെപ്പതുക്കെ പറഞ്ഞുതുടങ്ങി: 'ഈ വലിയ സഭയിൽ കൂടീട്ടുള്ള മഹാന്മാരിൽ അനേകംപേർ എന്റെ ഗുരുക്കന്മാരും വന്ദ്യന്മാരുമാണ്. അവരുടെ കീഴിലാണു ഞാൻ യുദ്ധവിദ്യ അഭ്യസിച്ചിട്ടുള്ളത്. അതുകൊണ്ടു മേല്പറഞ്ഞ മഹാന്മാരുടെ തൃപ്പാദങ്ങളിൽ ഞാൻ നമസ്കരിക്കുന്നു. അതിപ്രയത്നം ചെയ്തു സാധിക്കേണ്ടതായ കാര്യത്തിനു ഞാൻ പ്രാപ്തനാണെന്നു കരുതി എന്നെ ചിത്തോരിന്റെ സേനാപതിയായി നിശ്ചയിക്കണമെന്നു അഭിപ്രായപ്പെട്ട നഗരവാസികളോടു ഞാൻ എന്നും നന്ദിയുള്ളവനായിരിക്കുന്നതാണ്. ഈ മഹ

ത്തായ കാൎയ്യനിൎവ്വഹണത്തിന്നു എനിയ്ക്കു എന്തൊരു യോഗ്യതയാണു ഉള്ളത് എന്നു ഈശ്വരനേ അറിയാവൂ. തന്റെ വാളിന്റെ മാഹാത്മ്യം താൻ രക്ഷിച്ചുകൊള്ളാമെന്നു ഈ ബാലൻ നിങ്ങളുടെ അടുക്കൽ പ്രതിജ്ഞ ചെയ്യുന്നു. എന്റെ ദേഹത്തിൽ ഒരു തുള്ളി ചോരയുള്ള കാലം ഞാൻ മൊഗളന്മാരെ നശിപ്പിയ്ക്കുന്നതാണ്. ഈ യുദ്ധത്തിൽ ജയപരാജയം ആൎക്കാണെന്നു ഈശ്വരന്നുമാത്രം അറിയാം. ബഹു പുണ്യംകൊണ്ടും പൂൎവ്വജന്മസുകൃതംകൊണ്ടും ഞാൻ ഇന്ന് ഈ ഉന്നതപദവിയെ പ്രാപിച്ചിരിയ്ക്കുന്നു. അതുകൊണ്ടു ഞാനും എന്റെ വംശക്കാരും ധന്യന്മാരായിത്തീൎന്നിരിയ്ക്കുന്നു. വീരമാതാവായ എന്റെ അമ്മയുടെ മുലപ്പാൽ കുടിച്ചതു വൃഥാവിലായില്ലെന്നും ഞാൻ വിചാരിയ്ക്കുന്നു. സൈന്യങ്ങളും സൈന്യാധിപന്മാരും എന്നെ അനുസരിയ്ക്കുമല്ലൊ. ഈ സിംഹക്കുട്ടിയുടെ കയ്യിന്ന് എത്രത്തോളം ഊക്കുണ്ടെന്നു അക്ബർ ചക്രവൎത്തിക്കു കാട്ടിക്കൊടുക്കാം. നാളത്തോടുകൂടി അദ്ദേഹത്തിന്റെ ഈ ജന്മത്തിലുള്ള യുദ്ധതൃഷ്ണ അവസാനിക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നു. മൊഗളസൈന്യം രണ്ടു ലക്ഷത്തിൽ കുറയില്ലെന്നു ഞാൻ കേട്ടിരിയ്ക്കുന്നു. നമ്മുടെ സൈന്യത്തിന്റെ സംഖ്യ മുപ്പതിനായിരം തികയുന്നതല്ല. നമ്മുടെ ഈ വീരഭ്രാതാക്കന്മാർ മൊഗളസൈന്യമാകുന്ന സമുദ്രത്തെ ഏതുമാതിരി മഥനം ചെയ്യുമെന്നു ലോകൎക്കു കാണാറാകും.'

ഈ അവസരത്തിൽ രാജപുരോഹിതൻ ദേവിയുടെ തീൎത്ഥം കൊണ്ടുവന്നു പുത്തനെ സേവിയ്ക്കാൻ കൊടുത്തു. ദേവിയ്ക്കു ചാൎത്തിയതും ചന്ദനംകൊണ്ടു പൂശിയതുമായ മാല അയാളുടെ കഴുത്തിലിട്ടു. അയാളുടെ പ്രശസ്തമായ നെററിത്തടത്തിൽ വിജയതിലകം തൊടീച്ചു. ഇപ്രകാരം അഭിഷേകക്രിയ വേണ്ടുംവണ്ണം നിൎവ്വഹിക്കപ്പെട്ടു. അപ്പോൾ നാലുഭാഗത്തുനിന്നും ഭേരി, പടഹം മുതലായ വാദ്യങ്ങൾ മുഴങ്ങി. പുത്തൻ സാവധാനത്തിൽ സഭ്യന്മാരായ പ്രധാനികളെ നമസ്കരിച്ചു. ഇതു കഴിഞ്ഞ് അല്പനേരത്തിന്നുള്ളിൽ സഭ പിരിയുകയും ചെയ്തു. വീരവരനായ പുത്തനാണു നാളത്തെ യുദ്ധത്തിൽ സേനാപതി! ചിത്തോരിനെ രക്ഷിയ്ക്കാൻ തക്ക യോഗ്യൻ അയാൾ തന്നെയാണ്! എന്നു എല്ലാവരും ഘോഷിച്ചു.

കെ. കെ. ദൻ

# പദ്യവും ഗദ്യവും

ഭാഷാഭിവൃദ്ധിക്ക് അധികം ഉതകുന്നതു ഗദ്യസാഹിത്യമോ പദ്യസാഹിത്യമോ എന്നും, ലോകത്തെ അധികമധികം പഠിപ്പിപ്പാനും രസിപ്പിപ്പാനും സമൎത്ഥൻ ഗദ്യകവിയോ പദ്യകവിയോ എന്നും ചില ചോദ്യങ്ങൾ ഇപ്പോൾ സൎവ്വത്ര കേൾക്കാറുണ്ട്. ഭാഷയെ, അഥവാ മനോഗതത്തെ പദ്യത്തിൽ പ്രയോഗിക്കുന്നവനെ ക

വിയെന്നും, അതു ഗദ്യത്തിൽ പ്രയോഗിക്കുന്നവനെ സാഹിത്യകാരനെന്നും രണ്ടായി വിഭജിച്ചുകാണുന്നതിൽനിന്നു കവിയും സാഹിത്യകാരനും വേറെവേറെയാണെന്നാണ് പലരും ഗണിച്ചിരിക്കുന്നതെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരുവന്റെ മനോഭാവം മറെറാരുവന്റെ മനസ്സിൽ അതേവിധം പകരത്തക്കവണ്ണം പ്രയോഗിക്കുന്ന ഭാഷയാണ് സാഹിത്യം; ആ സാഹിത്യത്തിന്റെ ജീവൻ, അല്ലെങ്കിൽ രസം ആണ് കവിത. സാഹിത്യത്തെ ഗദ്യഭാഷയിൽ പ്രയോഗിക്കുന്നവനായാലും, പദ്യഭാഷയിൽ പ്രയോഗിക്കുന്നവനായാലും അതിൽ കവിതയുണ്ടെങ്കിൽ അവൻ കവി തന്നെ; അവനെ ഗദ്യകവിയെന്നോ പദ്യകവിയെന്നോ പറയാം. ഇങ്ങിനെയല്ലാതെ, ഗദ്യകാരനും പദ്യകാരനും വേറെവേറെയാണെന്നു, മുൻപറഞ്ഞവിധം, ഗണിക്കുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഭാഷകൊണ്ടു പഠിപ്പിക്ക മാത്രം ചെയ്യുന്നവൻ പണ്ഡിതനായ ഭാഷാപ്രവൎത്തകൻ; ഭാഷകൊണ്ടു രസിപ്പിക്കുന്നവൻ സാഹിത്യകാരൻ; ഭാഷകൊണ്ടു രസിപ്പിക്കുന്നതിനു പുറമെ, ആ രസം എന്നും മറന്നുപോകാത്തവിധം മനസ്സിൽ ഉറപ്പിക്കുന്നവൻ കവി. ഇങ്ങിനെയാണ് ഞാൻ തരംതിരിച്ചിരിക്കുന്നത്. ഭാഷ, സാഹിത്യം, കവിത എന്നിവയെപ്പററി വേറൊരു ലേഖനംകൊണ്ട് എന്റെ അഭിപ്രായം വിശദമാക്കാമെന്നു വെക്കയല്ലാതെ, മറെറാരു വിഷയത്തെപ്പററി പ്രതിപാദിക്കാൻ പോകുന്ന ഈ അവസരത്തിൽ ഇതിലധികമായൊന്നും പറവാൻ തരമില്ല. ഗദ്യത്തിനൊ പദ്യത്തിനൊ മെച്ചം; അല്ലെങ്കിൽ, ഗദ്യമോ പദ്യമൊ ഭാഷാഭിവൃദ്ധിക്ക് അധികം ഉതകുക, എന്ന ചോദ്യത്തെപ്പററിയാണ് ഇപ്പോൾ ഞാൻ ചിലതു പറവാൻ തുടങ്ങുന്നത്.

ഒരു കുട്ടി ജനിച്ച ഉടൻ ചില വ്യവസ്ഥിതക്രമങ്ങളനുസരിച്ചാണ് അതിനെ നാം വളൎത്തുന്നത്. അതിനെ സ്വതന്ത്രമായി അതിന്റെ പാട്ടിൽ വിട്ടുവിടാറില്ല. ആ കുട്ടിയെ ഉണ്ണുവാനും ഉടുക്കുവാനും നടക്കുവാനും ശീലിപ്പിക്കുന്നതെല്ലാം ചില വ്യവസ്ഥിതക്രമങ്ങളോ, അല്ലെങ്കിൽ ചില നിബന്ധനകളോടുകൂടിയാണ്. ക്രമേണ ഈ നിബന്ധനകൾ മാഞ്ഞുമാഞ്ഞു പോയിട്ട്, ആ കുട്ടി തന്റെ ദിനചൎയ്യകളിൽ സ്വാതന്ത്ര്യം അനുഭവിക്കുമാറാകയും ചെയ്യുന്നു. ഇനി, ഒരു ഗായകനെ നോക്കുക. അവൻ, സ്വരനിൎണ്ണയം വന്നതിൽപ്പിന്നെ, മാത്രാവ്യവസ്ഥയോടുകൂടിയ പദങ്ങൾ പാടിത്തുടങ്ങുന്നു. അതും കഴിഞ്ഞാൽ രാഗാലാപത്തിൽ പ്രവേശിക്കയായി. ആലാപത്തിൽ മാത്രാവ്യവസ്ഥയോ മററു നിബന്ധനകളൊ ഇല്ല; അവൻ വിസ്തൃതമായ രാഗസമുദ്രത്തിൽ സ്വതന്ത്രനായി സഞ്ചരിക്കുന്നു. ആദ്യമാദ്യം ചില നിബന്ധനകളോടുകൂടിയല്ലെന്നിരുന്നാൽ ഏതൊരു വിദ്യയും വശപ്പെടുകയില്ല. ഇത്തരം ചില നിബന്ധനകളോടുകൂടിത്തന്നെയാണ മനുഷ്യമനസ്സു ഭാഷാപ്രയോഗവിഷയത്തിലും ആദ്യമായി പ്രവേശിക്കുന്നത്. ഭാഷാഭിവൃദ്ധിയെന്നാൽ മനുഷ്യമനോവികാസത്തിന്റെ വെളിക്കാഴ്ചയല്ലാതെ മറെറാന്നുമല്ല. ഏതാണ്ടൊരു മനസ്സിനെ മറെറാരു മനസ്സിൽ ഭാഷാദ്വാരേണ പ്രതിഫലിപ്പിക്ക

ന്നതാണല്ലോ സാഹിത്യം. മനുഷ്യമനസ്സ് നിയന്ത്രിതമായ പദ്യസാഹിത്യത്തിൽ പ്രവേശിച്ചു പരിശീലിച്ചു ഗദ്യസാഹിത്യത്തിൽ ഇറങ്ങിക്കഴിഞ്ഞാൽ ഭാഷാഭിവൃദ്ധി അങ്ങേ അറ്റത്തെത്തിയിരിക്കുന്നുവെന്നു ഗണിക്കാമെന്നാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞതിൽനിന്നു ഗദ്യത്തിനോ പദ്യത്തിനോ, ഏതിനാണ് മെച്ചം കൂടുകയെന്നും, ഗദ്യമോ പദ്യമോ, ഏതാണ് ഭാഷാഭിവൃദ്ധിക്ക് അധികം ഉപകരിക്കുകയെന്നുമുള്ള ചോദ്യത്തിന് എന്റെ മറുവടി എന്താണെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. പദ്യത്തെക്കാൾ ഗദ്യമോ ഗദ്യത്തെക്കാൾ പദ്യമോ ശ്രേഷ്ഠമാണെന്നു ഞാൻ പറയുന്നില്ല. പദ്യസാഹിത്യത്തിനും ഗദ്യസാഹിത്യത്തിനും, ഒന്നിനെക്കാൾ മറ്റൊന്നിനു ഭാഷാഭിവൃദ്ധിവിഷയത്തിൽ അധികം ശക്തി കൂടുമെന്നും ഞാൻ പറയുന്നില്ല. ഭാഷാവിഷയത്തിൽ മനുഷ്യമനസ്സിന്റെ ആദ്യത്തെ സ്ഥിതിയാണ് പദ്യമെന്നും മനസ്സിന്റെ സ്വാതന്ത്ര്യവും വികസിതവുമായ സ്ഥിതിയാണ് ഗദ്യമെന്നുമാണ് ഞാൻ പറയുന്നത്.

പ്രപഞ്ചം ക്രമത്തിൽ ഉയർന്നുവന്നു ചെല്ലുകയാണെന്നും, ഒടുക്കം ഇതു ബ്രഹ്മത്തിൽ ലയിക്കുമെന്നും ഋഷികൾ പറഞ്ഞിരിക്കുന്നു. അതായതു, പ്രപഞ്ചത്തിന്റെ ഗതി അസ്വാതന്ത്ര്യാവസ്ഥയിൽനിന്നു സ്വാതന്ത്ര്യാവസ്ഥയിലേക്കാണ്. നൂറു കൊല്ലം മുമ്പുള്ളതിനെക്കാൾ ഈ ലോകം ഇപ്പോൾ എത്രയോ അധികം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. സുപരിചിതവസ്തുക്കളിൽ ഇണങ്ങിനില്ക്കുകയും അപരിചിതവസ്തുക്കളിൽ സംശയിച്ചു മാറിനില്ക്കുകയും ചെയ്യുന്നതു മനസ്സിന്റെ ഒരു ധർമ്മമാകയാൽ, കീഴ് കഴിഞ്ഞ സംഭവങ്ങളെ അധികം സ്നേഹിച്ച് ആദരിക്കുന്ന നാം ആ സംഭവങ്ങളോളം ഇപ്പോഴത്തെ സംഭവങ്ങൾ ഉത്തമങ്ങളല്ലെന്നു തെറ്റിദ്ധരിച്ചിരിക്കുന്നു. ഇപ്പോഴത്തെ സാഹിത്യകാരന്മാരെക്കാൾ മുമ്പുണ്ടായിരുന്നവരാണ് സമർത്ഥന്മാരെന്നു നാം തെറ്റായി അഭിപ്രായപ്പെടുകയും ചെയ്തുപോകുന്നു. വാസ്തവത്തിൽ, പണ്ടത്തെക്കാൾ, മറ്റു കലകളെപ്പോലെ സാഹിത്യകലയും ഇപ്പോൾ എത്രയോ ഏറെ അഭിവൃദ്ധിപ്പെട്ടാണിരിക്കുന്നത്. മുമ്പു നിയന്ത്രിതമായ പദ്യസാഹിത്യമാണ് പ്രബലപ്പെട്ടിരുന്നത്; ഇപ്പോൾ ഗദ്യസാഹിത്യമാണ് ആ സ്ഥാനത്തു നില്ക്കുന്നത്. അതായതു, മനുഷ്യമനസ്സ് ഭാഷാകാര്യത്തിൽ അസ്വാതന്ത്ര്യാവസ്ഥയിൽനിന്നുയർന്ന് സ്വാതന്ത്ര്യാവസ്ഥയിൽ പ്രവേശിച്ചു തുടങ്ങിയിരിക്കുന്നു. ഇങ്ങിനെയാണെങ്കിൽ, ക്രമേണ പദ്യഭാഷ തീരെ ഇല്ലാതായിപ്പോകുമോ? ഇല്ല. ഗദ്യകാരന്മാരെക്കാൾ താണവരാണോ പദ്യകാരന്മാർ? അതെ, എങ്കിലും അല്ല.

മനുഷ്യസമുദായം ആ സ്വാതന്ത്ര്യാവസ്ഥയിലേക്കുള്ള പോക്കിൽ ഇപ്പോഴും പല പടികളിലായിട്ടാണ് നില്ക്കുന്നത്. ഇന്ന് ഏറ്റവും ഉയർന്ന പടിയിൽ നില്ക്കുന്നവരെയും മുമ്പ് ആ സ്ഥാനത്തു നിന്നവരെയും നോക്കിക്കൊണ്ടാണ് സാഹിത്യവിഷയത്തിൽ ഞാൻ മേല്പറഞ്ഞവിധം അഭിപ്രായപ്പെടുന്നത്. അതതു പടിയിൽ നില്ക്കുന്നവർക്കു രസിപ്പാനായി അവരവരുടെ മനോഭാവത്തിന് അനുസരിച്ച തരത്തിൽ സാഹിത്യം പ്രയോഗിക്കേണ്ടതാകയാൽ,

ഇപ്പോഴും സാഹിത്യം പലരൂപത്തിൽത്തന്നെ വെളിപ്പെട്ടുകൊണ്ടിരിക്കും. ഉയർന്ന തരം സാഹിത്യത്തിൽ കീഴ്പടിയിൽ നില്ക്കുന്നവർ ഒരു രസവും കാണുകയില്ല. ഉയർന്ന പടിയിൽ നില്ക്കുന്നവർ കീഴ്ത്തരം സാഹിത്യത്തെക്കണ്ടു കൌതുകപ്പെടുകയല്ലാതെ ആക്ഷേപിക്കയില്ലതാനും. സാഹിത്യം ഉയർന്നുയർന്നു ഇപ്പോൾ ഗദ്യത്തിൽ എത്തിക്കഴിഞ്ഞു എങ്കിലും, ഓരോപടി കീഴേ നോക്കിനോക്കിച്ചെല്ലുമ്പോൾ, അവിടെ ഗദ്യപദ്യമിശ്രമായും, പദ്യഗദ്യമായും കേവലപദ്യമായും, ഇങ്ങിനെ പല രൂപത്തിൽ സാഹിത്യം വിഹരിക്കുന്നതു കാണാം. പ്രപഞ്ചം ഏകതത്തിൽ ലയിക്കുന്നതുവരെയ്ക്കും സാഹിത്യം, ഇങ്ങിനെ പല രൂപത്തിൽത്തന്നെയായിട്ടേ കാണുകയുള്ളൂ. സംഗീതത്തിൽ രാഗാലാപംകേട്ട് അതിൽ മനസ്സു ലയിച്ചു ആനന്ദിക്കുന്ന സംഗീതരസികന്മാർ ഏറെ ദുർല്ലഭമാണല്ലോ. മാത്രാവ്യവസ്ഥയോടുകൂടി പദങ്ങൾ പാടിക്കേൾക്കുന്നതിൽ രസിക്കുന്നവരാണു അധികംപേർ. അതുപോലെ സാഹിത്യത്തിൽ പദ്യപ്രയോഗത്താൽ മനസ്സു ആവർജ്ജിതമാകുന്നവരുടെ സംഖ്യയാണു ഇപ്പോഴും അധികം. അതുകൊണ്ടു പദ്യസാഹിത്യത്തിന്റെ പ്രാബല്യത്തിന് ഇടിച്ചിൽ തട്ടീട്ടുണ്ടെന്നു കരുതരുത്. പണ്ട്, ഏററവും ഉയർന്ന നിലയിലായിരുന്ന പദ്യസാഹിത്യം ഇപ്പോൾ മൂന്നോ നാലോ പടി താഴെയായിപ്പോയിരിക്കുന്നുവെന്നും, അതിന്റെ ആ സ്ഥാനത്തു ഗദ്യസാഹിത്യമാണ് ഇപ്പോൾ നില്ക്കുന്നതെന്നും മാത്രമാണഭിപ്രായം. ഗദ്യമൊ പദ്യമൊ ഏതാണ് ഭാഷാഭിവൃദ്ധിക്ക് അധികം ഉതകുകയെന്ന ചോദ്യത്തിന് ഇതിലധികമൊന്നും പറയാതെ തന്നെ എന്റെ മറുപടി എന്താണെന്നു വായനക്കാർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുമല്ലോ.

കന്നത്തു ജനാർദ്ദനമേനോൻ

# ഞങ്ങളുടെ വായനശാല

1. രാമകൃഷ്ണീയം:— (ഒന്നാം ഖണ്ഡം; ബി. കല്യാണി അമ്മ ബി. എ. പ്രസിദ്ധപ്പെടുത്തിയത്. വില 8ണ.)

പരേതനായ കെ. രാമകൃഷ്ണപിള്ള ബി. എ. പല വിഷയങ്ങളെപ്പററി എഴുതിയ എട്ടുപന്യാസങ്ങൾ കൂട്ടിച്ചേർത്ത് അച്ചടിച്ചിട്ടുള്ള ഒരു പുസ്തകമാണിത്. ഇതുപോലെ അദ്ദേഹത്തിന്റെ മററുപന്യാസങ്ങളും 'രാമകൃഷ്ണീയ'ത്തിന്റെ ഉപരിഖണ്ഡങ്ങളായി പ്രസിദ്ധപ്പെടുത്തുവാനാണു നിശ്ചയിച്ചിട്ടുള്ളത്. ആ മഹാത്മാവിന്റെ ഉപന്യാസങ്ങളെ 'സാഹിത്യവിഷയങ്ങൾ, പുസ്തകവിമർശനങ്ങൾ, ചരിത്രം, ശാസ്ത്രം, സമുദായകാര്യം എന്നിങ്ങിനെ ക്രമപ്പെടുത്തി പ്രത്യേകഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തേണമെന്നു'പദേശിക്കുന്ന 'സുഹൃത്തുക്കളുടെ' കൂട്ടത്തിലാണ് ഞങ്ങളും പെടുന്നത്. പ്രസ്തുതപുസ്തകത്തിൽ അങ്ങിനെ

ക്രമപ്പെടുത്തി വിഷയവിനിവേശനം ചെയ്തിട്ടില്ലെങ്കിലും, ഇതിലെ ഉപന്യാസങ്ങൾ പ്രായേണ വിലയുള്ളവയായിക്കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. 'ചില മലയാളവർണ്ണങ്ങൾ' എന്ന ഉപന്യാസത്തിൽനിന്നു വിദ്യാർത്ഥികൾക്കു വ്യാകരണസംബന്ധമായും സാഹിത്യസംബന്ധമായും പലതും പഠിക്കുവാനുണ്ട്. 'രാജ്യമീമാംസ' മനസ്സിരുത്തി വായിച്ചുനോക്കിയാൽ, രാജ്യതന്ത്രസംബന്ധമായ പല തെറ്റിദ്ധാരണകളും തീരുന്നതാണ്. രാജ്യഭരണതന്ത്രത്തിന്റെ മൂലതത്വങ്ങളെ വിവരിക്കുന്ന ഇത്തരം ഉപന്യാസങ്ങൾ നമ്മുടെ സാഹിത്യത്തിൽ ഝലേശം ദുർല്ലഭമാണ്. മുലകുടി മാറുമ്പോഴേയ്ക്കു വലിയ രാജ്യകാര്യങ്ങളെപ്പറ്റി എഴുതുവാൻ തുടങ്ങുന്ന മുറിക്കുന്തക്കാരായ ചില മലയാളപത്രാധിപന്മാർക്ക് ഈ 'രാജ്യമീമാംസ' ഒരു ആരംഭപാഠമായിരിക്കട്ടെ. ചരിത്രവിഷയങ്ങളിൽ 'വേല്ലു പേരാ'രാണു ഞങ്ങൾക്കധികം ബോധിച്ചത്. മറ്റുള്ളവയിൽ ചിലതിൽ ഭാഷാഗൌരവത്തിനൊത്ത വിഷയഗൌരവം കാണുന്നില്ല. ചെറിയ കാര്യങ്ങളെക്കൂടി ഭാഷാശക്തികൊണ്ടു വലുതാക്കിക്കാണിക്കുന്നതിൽ രാമകൃഷ്ണപിള്ളയുടെ തൂലികയ്ക്കു ഒരസാധാരണശക്തിയുണ്ട്. 'കരകൌശലം' എന്ന ഉപന്യാസത്തിൽ ഇരുകൈകളെക്കൊണ്ടും പണിയെടുക്കുന്നവർക്കു ബുദ്ധിശക്തി കുറയും എന്ന തത്വത്തെ ഉപപാദിക്കുകയാണു ചെയ്തിട്ടുള്ളത്. ഇതിനുദാഹരണമായി സവ്യസാചിയായ അർജ്ജുനനെയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ അർജ്ജുനൻ 'ബുദ്ധികൌശലത്തിൽ പിമ്പനായിരുന്നു'വെന്ന സംഗതി മതിയാംവണ്ണം ഉപപാദിച്ചിട്ടില്ല. അതു വായനക്കാർ ഊഹിച്ചുകൊള്ളട്ടെ. ആകപ്പാടെ ഈ പുസ്തകം വിദ്യാർത്ഥികൾക്കും വിദ്വാന്മാർക്കും ഒരുപോലെ ഉപയോഗകരമായിക്കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

2. ഒരു കത്ത്, അഥവാ രുഗ്മിയുടെ പശ്ചാത്താപം— (ഗ്രന്ഥകർത്താവ് വള്ളത്തോൾ നാരായണമേനോൻ, വില 3ണ)

"തിരുഭോജ'കടത്തിലാത്തനായ്
മരുവും 'രുഗ്മി' വിദർഭനന്ദനൻ,
പുരുഷോത്തമപത്നി സോദരി—"

കയച്ചു ഒരു കത്താണ്, 52 പദ്യങ്ങളടങ്ങിയ ഈ ചെറുപുസ്തകത്തിലെ വിഷയം. അപരാധം ചെയ്തവർക്കു അനുതാപമുണ്ടാവുമെന്ന തത്വം ഇതിൽ വെളിപ്പെടുത്തിയിരിക്കുന്നു. രുഗ്മിണിയെ ശ്രീകൃഷ്ണനു കൊടുക്കുന്നതിനു രുഗ്മി വിഘ്നം പറഞ്ഞതിനെപ്പറ്റി അദ്ദേഹത്തിനുണ്ടായ അനുതാപം ഇതിൽ നന്നായി ധ്വനിക്കുന്നുണ്ട്.

"പട്ടുകോമളമായിട്ടിടന്ന പൂ-
വൊടു നേരാകിയ നിൻ മുഖത്തഹോ!
കടുഭീഷണഭാഷണങ്ങളാൽ
ചുടുകണ്ണീർക്കണമെത്ര വീഴ്ത്തി ഞാൻ!"
"പഴതേ പഴി ഞാൻ പുലമ്പിടും
പൊഴുതാ,സ്സൌമ്യമുഖം കുനിച്ചു നീ
തൊഴുകയ്യൊടു നിന്ന നില്പതോ-
ർത്തൊഴുകുന്നു മമ ചുടു കണ്ണുനീർ"

എന്നു മുതലായ പദ്യങ്ങളിൽ വ്യഞ്ജിക്കുന്ന ഭാവം സഹൃദയന്മാരുടെ ഹൃദയത്തെ ആർദ്രമാക്കാതിരിക്കയില്ല.

"കുളിർപൂഞ്ചിരി തൂകിയും മുഖ-
ത്തളിമട്ടാമളകങ്ങൾ ചിന്നിയും
കളിയാടിവിയത്തിനിന്നിളം-
തളിർമെയ്യിപ്പൊഴുമോർപ്പതുണ്ടു ഞാൻ"
"തളയും വളയും കിലുങ്ങുമാ-
റിളയിൽപ്പിച്ചനടന്നു,പൈതൽ നീ
വിളയാടുവതുണ്ടിവന്റെയുൾ-
ക്കളമാം കണ്ണിനു മുമ്പിലിപ്പൊഴും"

ഇത്യാദി പദ്യങ്ങളിൽ സ്മരിക്കുന്ന വാത്സ

ല്യം എത്രയും സ്വാഭാവികമായിരിക്കുന്നു. എന്നാൽ, അങ്ങോട്ടു നല്ല രസമില്ലാതെ കുറെക്കാലം കഴിഞ്ഞിട്ട് — രുഗ്മിണിയുടെ വിവാഹം മുതൽ തൽപുത്രന്റെ വിവാഹകാലമാവുന്നതുവരെ കഴിഞ്ഞിട്ട് — രുഗ്മി ഇദംപ്രഥമമായി സഹോദരിക്കയയ്ക്കുന്ന ഈ കത്തിൽ, തന്റെ അനുതാപം മാത്രം കാണിക്കുന്നതല്ലാതെ 'തൻകാൎയ്യം' (തന്റെ മകളെ രുഗ്മിണീപുത്രനെക്കൊണ്ടു വേൾപ്പിക്കണമെന്നു)കൂടി കാണിച്ചതു അത്ര സ്വാഭാവികമായി എന്നു വായനക്കാൎക്കു തോന്നുമോ എന്നു സംശയമാണ്. ഇതു നിമിത്തം അതിന്നു മുമ്പുള്ള അനേകം ഹൃദ്യപദ്യങ്ങളിൽനിന്നു വ്യഞ്ജിക്കുന്ന രുഗ്മിയുടെ അനുതാപം ഒരു കപടാനുതാപമാണെന്നു വായനക്കാർ സംശയിച്ചേക്കാം. ഹൃദ്യമായ ഈ ചെറുപുസ്തകത്തിന്റെ കൎത്താവിനെ ഞങ്ങൾ അഭിനന്ദിക്കുന്നു.

# വാൎത്തകൾ

അറുപതിനായിരം സംവത്സരത്തിലൊരിക്കൽ പ്രത്യക്ഷപ്പെടുന്ന ഒരു വാൽനക്ഷത്രം നമ്മുടെ ഭൂമിയോടടുത്തുവരുന്നു. ദൂരദൎശിനിക്കണ്ണാടി മുഖാന്തരം ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഇപ്പോൾ ഇതിന്റെ സ്ഥിതിഗതികളെ ആരാഞ്ഞുവരികയാണ്. ഇതുവരെ കാണപ്പെട്ടിട്ടുള്ളതിലേക്കും വലിയ വാൽനക്ഷത്രം "ഹാലിസ്" വാൽനക്ഷത്രമാണല്ലോ. ഇതു അതിനെക്കാളും വളരെ വലുതായിരിക്കും. അടുത്ത ജൂലായിമാസത്തിലാണ് ഇതു ഭൂമിയോട് ഏററം അടുത്തുവരുന്നത്. അപ്പോൾ നമ്മുടെ മാംസചക്ഷുസ്സുകൾക്ക് ഇതു ദൃശ്യമാകുന്നതാണ്. ആ സമയം ഭൂമിയും ഈ നക്ഷത്രവുമായുള്ള അകലം 16 കോടി 40 ലക്ഷം മൈലായിരിക്കുമത്രെ. ഇത്ര വളരെ അകലത്തിലാകയാൽ, ഒരു മങ്ങിയപ്രകാശം മാത്രമെ അപ്പോഴും നമുക്കു ദൃശ്യമാകയുള്ളു. ഈ നക്ഷത്രം പ്രതിദിനം 11 ലക്ഷത്തി 84,000 മൈൽ വീതമാണ് യാത്രചെയ്യുന്നത്.

(മ. മ.)

* * *

ലീലാതിലകം എന്ന അലങ്കാരഗ്രന്ഥത്തിന്റെ ഒന്നാംശില്പം മുമ്പൊരിക്കൽ 'മംഗളോദയ'ത്തിൽ തൎജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിരുന്നതു വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കാം. ആ വിശിഷ്ടഗ്രന്ഥം മുഴുവൻ തൎജ്ജമചെയ്തു ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയാൽ അതു കേരളഭാഷയ്ക്കു ഒരു നല്ല അലങ്കാരമായി വരുമെന്നുള്ളതിന്നു സംശയമില്ല. ഇയ്യിടയിൽ തിരുവനന്തപുരത്തെ ഒരു സാഹിത്യരസികൻ ഈ വിശിഷ്ടഗ്രന്ഥം പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചിരിക്കുന്നതായി കേട്ടു ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. പക്ഷെ ആ പുസ്തകം ആൎക്കും കൊടുക്കുകയില്ലെന്നാണു നിശ്ചയിച്ചിരിക്കുന്നതെന്നറിഞ്ഞു വ്യസനിക്കുകയും ചെയ്യുന്നു. പ്രാചീനഗ്രന്ഥങ്ങളെ പുറത്തുകാണിക്കാതെ പുഴുക്കുത്തു പിടിക്കുവാനനുവദിക്കുന്ന പഴമക്കാർ ആക്ഷേപയോഗ്യന്മാർ തന്നെ; എന്നാൽ അവ അച്ചടിപ്പിച്ചിട്ടുകൂടി പുറത്തുകാണിക്കാതെ വെച്ചിരിക്കുന്നവരുണ്ടെന്നറിയുമ്പോൾ പഴമക്കാരുടെ പേരിൽ ബഹുമാനമാണു തോന്നുന്നത്. ഇത്തരക്കാരാണോ ഭാഷാഭിവൃദ്ധിക്കു സഹായിക്കുന്നവർ!

* * *

# ജ്വാലാവതീരാമകുമാരം

## രണ്ടാംഭാഗം

### രണ്ടാമങ്കം

രാമ—(ആത്മഗതം) ഇനിയും പറയുന്നതെല്ലാം കേൾപ്പാനായി മിണ്ടാതെ ഇരിക്കയൊ? അതല്ല, ഇപ്പോൾത്തന്നെ ഉത്തരം പറകയൊ ഏതാണ് നല്ലത്!

ജ്വാലാ—നാമധേയം മാത്രമാണ് എന്റെ വൈരി. മന്മഥഗുപ്തനായതുകൊണ്ടു സ്വതഃസിദ്ധമായ ഗുണം മാറിപ്പോകുമൊ? മന്മഥഗുപ്ത എന്നു വെച്ചാൽ എന്താണ്? അതു മനുഷ്യന്റെ പാദാദ്യവയവങ്ങളിൽ എതെങ്കിലുമൊന്നാണൊ? വേറെ വല്ല പേരും ധരിക്കുന്നതിനെന്താവിരോധം? നാമധേയംകൊണ്ടെന്താണ് വരുവാനുള്ളത്? പനിനീർപുഷ്പത്തിന്ന് എന്തു പേരു വിളിച്ചാലും അതു പനിനീർപുഷ്പം തന്നെ. അതിന്റെ സ്വതയെയുള്ള വാസന പൊയ്പോകയില്ല. 'നഹികസ്തൂരികാമോദശ്ശപഥേനനിവാര്യതേ' എന്നു പ്രമാണം ഉണ്ടല്ലൊ. അതിനാൽ രാമകുമാരനെന്ന നാമധേയം പോയാലും ആ നാമധേയം വഹിച്ച ധന്യപുരുഷന്റെ സ്വതസ്സിദ്ധമായ ഗുണങ്ങളൊന്നും പൊയ്പോകയില്ല. പ്രാണപ്രിയ! മന്മഥഗുപ്തത്വം പ്രദർശിപ്പിക്കുന്നതായ ആ നാമധേയം കളയേണമെ. ആ നാമധേയംകൊണ്ടുണ്ടാകുന്ന നഷ്ടത്തിന്നു പ്രതിഫലമായി എന്നെയും എനിക്കുള്ള സർവ്വവും അങ്ങുന്ന് എടുത്തുകൊൾക.

—(പ്രകാശം) പ്രണയിനീമണേ! നീ പറഞ്ഞപ്രകാരം തന്നെ ഞാൻ സ്വീകരിക്കുന്നു.

പ്രിയനെന്നൊരുനാമധേയമെൻ-
പ്രിയയാംനീമമനല്കിലിന്നുഞാൻ
അഭിഷിക്തനതാഭിധത്തോ
നവമാംനാമമെടുത്തുകൊണ്ടിടാം.

ജ്വാലാ—(പ്രകാശം) രാത്രിയിൽ ഒളിച്ചു നിന്ന് എന്റെ വൈവശ്യഭാരാലസങ്ങളായ വിലാപങ്ങളെ കേട്ട് ഉത്തരം പറയുന്ന താൻ ആരാണ്?

രാമ—എന്റെ നാമധേയംകൊണ്ടു മാത്രം എങ്ങിനെയാണ് അറിയിക്കേണ്ടത്? ഞാൻ ധരിക്കുന്ന പേർ എനിക്കു തന്നെ ശോചനീയമായി തോന്നുന്ന ഒരു പേരാണ്. എന്തുകൊണ്ടെന്നാൽ ആ പേരും ഭവതിയും തമ്മിൽ ഷഷ്ഠാഷ്ടമമാണ്.

ജ്വാലാ (ആത്മഗതം) ആ ധന്യനാവിൽനിന്നു പൊഴിയുന്ന വചനാമൃതം ഒരു തുള്ളി മാത്രമെ ഞാൻ ആസ്വദിച്ചിട്ടുള്ളു എങ്കിലും ആ ശബ്ദമാധുര്യം ഞാൻ നല്ലവണ്ണം വിശദമായി അറിയുന്നു. (പ്രകാശം) ഭവാൻ മന്മഥഗുപ്തവംശാങ്കുരമായ രാമകുമാരനല്ലെ?

രാമ—നിനക്കു വിരോധമാണെങ്കിൽ അല്ലാ.

ജ്വാലാ—എങ്ങിനെ. എന്തിനായ്വന്നു. ഈ ആരാമവാടിയുടെ കന്മതിൽ ഉന്നതവും ചാടിക്കടപ്പാൻ പ്രയാസപ്പെട്ടതും ആണല്ലൊ. എന്നു തന്നെയല്ല ഭവാൻ ഇന്നാ ആളാണെന്നു ഓർക്കുമ്പോൾ, മൽബന്ധുക്കൾ ആരെങ്കിലും ഭവാനെ കാണുന്ന പക്ഷം ഈ സ്ഥലം മരണഭൂമിയായിത്തീരും.

രാമ — വരവർണ്ണിനീരത്നമേ!

പ്രേമാനുരാഗകൃതമാം ചിറകിൻസഹായാൽ
കാമാർത്തനാകുമഹമീമതിലങ്ങു ചാടി
വ്യമാനിനീ സുതഗാഢികതടസ്ഥമാമോ
സീമാവിഹീനബലമുള്ളൊരു കോട്ടപോലും.

കാമനീ തന്നതാം മർത്ത്യൻ
ശ്യാമാംഗനാമനോരഥം
ത്തുമയിൽസാദ്ധ്യമാക്കിടും
സാദ്ധ്യമില്ലാത്തതെന്തതഃ

അതിനാൽ ഭവതിയുടെ ബന്ധുജനങ്ങളുടെ തടസ്ഥം എനിക്കു ബാധാകരമല്ല.

ജ്വാലാ — അവർ ഭവാനെ കണ്ടുവെങ്കിൽ കൊന്നുകളയും.

രാമ — ഹാ മുഗ്ദ്ധഭാഷിണി!

നിൻകടാക്ഷത്തിലേചൊല്ലാ-
മെൻപ്രാണഹതിചെയ്യുവാൻ
വമ്പരാമവർവാളാലു-
മമ്പതൊട്ടുബലാമണേ!

എന്നുമാത്രമല്ല,

"കാമസുന്ദരി! നിൻപ്രേമ
ഭാസുരംകോമളസ്മിതം
കാമദമാമകൈവന്നാൽ
ക്ഷേമമെന്തവർവൈരവും"

ജ്വാലാ — അവർ അങ്ങയെ കണ്ടാലുണ്ടാകുന്ന നഷ്ടം ഈ ലോകം മുഴുവനും എനിക്കു കിട്ടിയാലും തീരുന്നതല്ല.

രാമ — അവർ കാണാതെ കഴിഞ്ഞിരിപ്പാൻ ഞാൻ ഒരു നിശാച്ഛാദനവസ്ത്രം ധരിച്ചിട്ടുണ്ട്. എന്നിട്ടു ഭവതിക്ക് അനുരാഗമില്ലെങ്കിൽ അവർ കണ്ടു വേണ്ടതു ചെയ്യുന്നതാണ് നല്ലത്. നിന്റെ അനുരാഗഭാജനമായിരിപ്പാൻ തക്കവണ്ണം എനിക്കു ഭാഗ്യമില്ലെന്നു വരുന്നപക്ഷം എന്റെ ജീവധാരണം വൃഥാ കഴിച്ചുകൂട്ടുന്നതിനു പകരം ശത്രുവൈരമാകുന്ന വിഗ്രഹത്തിങ്കൽ എന്റെ പ്രാണാഹുതി ചെയ്കയാണ് ഉത്തമം.

ജ്വാലാ — ആരാണ് അങ്ങേക്ക് ഈ സ്ഥലം കാണിച്ചത്?

രാമ — കാമദേവൻ — ആ കാമദേവനാണ് ആദ്യം അന്വേഷണത്തിന്ന് എന്നെ പ്രോത്സാഹിപ്പിച്ചത്. അവൻ എനിക്ക് ഉപദേശം തന്നു. അതിനു പകരം ഞാൻ അവനു കണ്ണിണ കൊടുത്തു. ഞാൻ ഒരു കപ്പലോട്ടക്കാരനല്ലെങ്കിലും ഇത്ര മഹാർഹമായ ഒരു നവനിധിലബ്ധിക്കുവേണ്ടി വാരാന്നിധിയുടെ പാരംഗമിക്കുന്നതിന്നുകൂടി എനിക്കു മടിയില്ല.

ജ്വാലാ — എന്റെ മുഖം നിശാച്ഛാദനവസ്ത്രംകൊണ്ടു മൂടപ്പെട്ടിരിക്കുന്നു. അതില്ലായിരുന്നുവെങ്കിൽ അങ്ങുന്ന് എന്റെ പ്രേമാർത്തിവിലാപം കേട്ടതുകൊണ്ട് എനിക്കുണ്ടായ പ്രഥമാനുരാഗവിഭ്രമസൂചകമായ വികാരഭേദം എന്റെ മുഖത്തിങ്കൽ സ്ഫുരിച്ചുകാണപ്പെടുമായിരുന്നു. മാനമുള്ള മാനിനിമാർ മര്യാദാനുസരണം വേണ്ടെ പ്രവൃത്തിപ്പാൻ? ഞാൻ കാട്ടിയ ഗോഷ്ഠികൾ നിഷേധിക്കയെന്നോ? അത് എന്തിനായിട്ട്? ഈ കാര്യത്തിൽ ലൌകികസമ്പ്രദായം ലംഘിക്കയേ നിവൃത്തിയുള്ളു. അല്ലയോ ധന്യതമനായ പുരുഷരത്നമേ! അങ്ങേക്കു വാസ്തവത്തിൽ എന്റെ നേരെ അനുരാഗമുണ്ടോ എന്ന് അറിയുന്നില്ല. ഉണ്ടെന്നു പറയുമായിരിക്കാം. അത് ഞാൻ വിശ്വസിച്ചാൽ പിന്നെ അതു യഥാർത്ഥമല്ലാതെ വന്നാൽ "നാരിമാരോടു വേളി പറയുന്നേരത്തിങ്കൽ ചേരുമേ വ്യാജവാക്കു പാപമില്ലതുമൂലം" എന്നൊരു വചനമുണ്ടല്ലോ. കാമുകന്മാരുടെ മിഥ്യാഭൂതമായ ശപഥത്തെ കേട്ടിട്ടു മദനജനകനായ ശുക്രനുകൂടി മന്ദഹാസമാണുപോൽ. ഓ ചിന്ത്യഭൂഷണനായ മൽപ്രാണനാഥ! അങ്ങേക്കു നിർവ്യാജമായി എന്നിൽ അനുരാഗമുണ്ടെങ്കിൽ അതു സത്യനിഷ്ഠയോടുകൂടി പറഞ്ഞാലും. അതല്ല, എന്റെ അനുരാഗം കുറെ വേഗത്തിൽ വെളിപ്പെട്ടുപോയി എന്ന് അങ്ങേക്കു തോന്നു

ന്ന പക്ഷം ഞാൻ സാധാരണ ലൌകികരീതിയെ അനുസരിച്ച് ആദ്യം വൈമനസ്യം കാട്ടി പ്രതിഷേധാക്ഷരവൈരസ്യം നടിച്ചു മൌനാനുവാദം അവലംബിച്ചു നില്ക്കേണമെന്നുണ്ടോ? അതു ഞാൻ ഈ ലോകം മുഴുവനും കിട്ടിയെന്നുവരികിലും ചെയ്കയില്ല. രഘുവംശാവതംസ! എന്റെ ഹൃദയം അങ്ങയെ സാധാരണാതീതമായ പ്രണയപാരവശ്യത്തോടുകൂടി വരിച്ചിരിക്കുന്നു. അതുകൊണ്ടു എന്റെ ചേഷ്ട അല്പം അലൌകികമായിപ്പോയെന്നു അങ്ങേയ്ക്കു തോന്നാൻ വഴിയുണ്ട്. എന്നാൽ ഒരു കാര്യം ദൃഢമായി വിശ്വസിച്ചുകൊൾക. ഹൃദയചാപല്യം മറച്ചുവെയ്പാൻ ലൌകികകൌശലമുള്ളവരെക്കാൾ എത്രയോ അധികം നിർവ്യാജമായ പ്രണയനിഷ്ഠ എന്നിൽ അങ്ങേയ്ക്കു കാണുമാറാകും. എന്റെ ഹൃദയതോദനം ചെയ്ത പ്രണയശല്യത്തിൽനിന്നു സംഭൂതമായ ചപലവിലാപങ്ങളെ ഒളിവിൽനിന്നു അങ്ങുന്നു കേട്ടിട്ടില്ലാത്തപക്ഷം ഈ വാക്കിനു എനിക്കു സംഗതിയില്ലായിരുന്നു. അതുകൊണ്ടു ഈ കാര്യത്തിൽ വല്ല അപരാധവും വന്നുപോയിട്ടുണ്ടെങ്കിൽ അതു ക്ഷമിച്ചു, എന്റെ നിർബ്ബന്ധമായ പ്രണയവൈവശ്യം ശരിയായറിഞ്ഞുകൊള്ളുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

രാമ—സ്ത്രീരത്നമേ! ഈ വൃക്ഷാഗ്രമെല്ലാം ധവളിതമാക്കുന്ന ധന്യവിഗ്രഹനായ ചന്ദ്രനാണെ സത്യം! ഞാൻ—

ജ്വാലാ—ചപലസ്വഭാവനായ ചന്ദ്രനെ പിടിച്ചു സത്യം ചെയ്യേണ്ട. ഈ ചന്ദ്രനു മാസംതോറും ക്ഷയവും വൃദ്ധിയും സിദ്ധമാണല്ലോ. അതിനാൽ ചന്ദ്രനെ പിടിച്ചു സത്യം ചെയ്താൽ അതുപോലെ അങ്ങയുടെ പ്രണയവും അസ്ഥിരമായ്പ്പോകും.

രാമ—എന്നാൽ ഞാൻ എന്തിനെ ചൊല്ലിയാണ് സത്യം ചെയ്യേണ്ടത്?

ജ്വാലാ—സത്യം ചെയ്യണമെന്നേ ഇല്ല. അതു കൂടിയാലേ കഴിയുള്ളു എന്നുള്ള പക്ഷം ധന്യശ്രീനിവാസഭൂമിയായ അങ്ങയെത്തന്നെ പിടിച്ചു ആണയിട്ടാൽ മതി. ആ ധന്യവിഗ്രഹമാണ് എന്റെ ഇഷ്ടമൂർത്തി. ആ മൂർത്തിയെ പിടിച്ചു സത്യം ചെയ്താൽ എനിക്കു പൂർണ്ണവിശ്വാസമാണ്.

രാമ—എന്റെ പ്രണയിനിയായ ആരോമൽത്തങ്കമേ!

ജ്വാലാ—ഛെ സത്യം ചെയ്യണമെന്നില്ല. അങ്ങയുടെ ദർശനം എനിക്കു പരമാഹ്ലാദകരമാണെങ്കിലും ഇന്നത്തെ ഈ പ്രണയശപഥം എനിക്കു സന്തോഷപ്രദമായി വരുന്നില്ല. എന്തുകൊണ്ടെന്നാൽ അതു അതിസാഹസമായും അചിന്തിതമായും മിന്നൽപിണർപോലെ അതിക്ഷണഭംഗുരമായും ഇരിക്കുന്നു. മധുരമൂർത്തിയായ എന്റെ പ്രേമാത്മാവേ! പൊയ്ക്കൊൾക. നേരം വളരെ രാത്രിയായി. ‘പുനരസ്തു ത്വരിതം സമാഗമഃ’

അന്യോന്യരാഗമതുകൊണ്ടിഹ വേഗമോടേ
വന്നിന്നടിച്ചുമുകുളം പ്രണയസ്യസാരം
എന്നും സമാഗമവിധൌ നിതരാം നമ്മൾത
(മ്മിൽ
ഭംഗ്യാതെളിഞ്ഞുസുമമാകുമസന്തപുഷ്പാ
ഢ്യവനകൊമ്പിലെപ്പോലെ
ത്വന്മനസ്സിലുമിന്നഹോ
വന്നിടേണം സമാധാന-
മുന്നിദ്രശമസൌഖ്യദം.

രാമ—എന്നെ ഇങ്ങിനെ അതൃപ്തനായിട്ടു പറഞ്ഞയയ്ക്കയാണോ?

ജ്വാലാ—ഈ രാത്രി എന്തു തൃപ്തിയാണ് ഞാൻ തരേണ്ടത്?

രാമ—എന്റെ പ്രതിജ്ഞയ്ക്കു ഉത്തരമായിട്ടു ഭവതിയുടെ പ്രണയസ്ഥൈര്യസൂചകമായ ഒരു സത്യശപഥം തരണം.

ജ്വാലാ—അങ്ങുന്ന് അർത്ഥിക്കുന്നതിനു മുമ്പുതന്നെ ഞാൻ അതു തന്നുവല്ലോ.

എന്നാലും പുതുതായി ഒന്നുകൂടി തരുന്നതിന്ന് എന്റെ മനസ്സു സന്നദ്ധമാണ്.

രാമ — മുമ്പെ തന്നതു റദ്ദാക്കിയെന്നോ? അതെന്തിനാണ്? മൽപ്രാണപ്രിയെ!

ജ്വാലാ — അതു പറഞ്ഞതു രണ്ടാമതും തരുന്നതിന്റെ സന്തോഷരസം അനുഭവിപ്പാനാണ്. എനിക്ക് അത് എത്രതന്നെ തന്നാലും തീരുന്നതല്ല. എന്റെ പ്രണയരസം ഒരു അപാരസമുദ്രമാകയാൽ അതിൽനിന്ന് എത്രതന്നെ എടുത്താലും ഒരു കുറവു കാണുകയില്ല. അതുപോലെത്തന്നെ എന്റെ പ്രേമവും ഒരു അഗാധപൂർണ്ണജലധിയാണ്. എടുത്താൽ ഒഴികയില്ല. 'പൂർണ്ണാൽപൂർണ്ണമെടുത്തീടിൽ പൂർണ്ണംതാൻശേഷിക്കിനില്പിഹ' എന്ന കണാദവചനം ഓർക്കുക —

(ദാസി അകത്തുനിന്നു വിളിക്കുന്നു)

അതാ അകത്തുനിന്നു ചില ശബ്ദങ്ങൾ കേൾക്കുന്നു. പ്രിയതമ! ഞാൻ പോട്ടെ.

ഇതാവരുന്നു ദാസി. പ്രിയനായ മന്മഥപ്രഭോ! പ്രണയസരണികളൊന്നും മറന്നു പോകരുതെ. (സപാരവശ്യം) അല്പംകൂടി അവിടെ നില്ക്കണേ! ഞാൻ ഉടനെ മടങ്ങി വരാം. (മുകളിലേക്കു പോകുന്നു)

രാമ — ഹാ ഈ രാത്രി എത്രയും ധന്യധന്യതന്നെ. സംശയമില്ല. ഒന്നുമാത്രമെ സംശയമുള്ളൂ. ഇതു രാത്രിസമയമാകകൊണ്ട് ഈ കണ്ടതെല്ലാം സ്വപ്നമൊ, മനോഭ്രാന്തിയൊ എന്ന് ഒരു സന്ദേഹം. ഇത്ര പരമാനന്ദകരമായ ഒരു സമാഗമം സ്വപ്നത്തിലല്ലാതെ അനുഭൂതമാകുമൊ?

(ജ്വാലാവലി വീണ്ടും പ്രവേശിക്കുന്നു)

ജ്വാലാ — പ്രിയ രമ്യമൂർത്തേ! പിരിയുന്നതിനുമുമ്പു മൂന്നുവാക്ക് എനിക്കു പറവാനുണ്ട്. അതിന്റെശേഷം പൊയ്ക്കൊള്ളുക തന്നെ. അങ്ങേക്ക് എന്നിലുള്ള അനുരാഗം മാന്യമായിട്ടുള്ളതാണെങ്കിലും, എന്റെ പാണിഗ്രഹണത്തിന്ന് അങ്ങേക്ക് ഇച്ഛയുണ്ടെങ്കിലും നാളെത്തന്നെ എനിക്കു ആ വിവരം അറിയിച്ചുതരണം. നാളെ ഞാൻ ഒരു ദൂതനെ അയയ്ക്കാം. പാണിഗ്രഹണം എപ്പോൾ, എവിടെവെച്ചു, നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്ന വിവരം അവനോടു പറഞ്ഞയയ്ക്കണം. പാണിഗ്രഹണാനന്തരം എന്റെ സർവ്വസ്വവും അങ്ങേടെ ധന്യപാദങ്ങളിൽ സമർപ്പിച്ച് അങ്ങേടെ സഹധർമ്മചാരിണിയായി ഞാൻ ഛായ സൂര്യനെ എന്നപോലെ സർവ്വദിക്കിലും അനുയാനം ചെയ്തുകൊള്ളാം.

ദാസി (ഉള്ളിൽനിന്നു) ചെറിയമ്മെ!

ജ്വാലാ — ഇതാ ഞാൻ എത്തിപ്പോയി (രാമനോടു) എന്റെ സമാഗമത്തിലുള്ള അഭിരുചി വിടണം. അതിനാൽ ഞാൻ വ്യസനസാഗരത്തിൽ മഗ്നയാകും. എന്നാലും വേണ്ടതില്ല. രണ്ടിലൊന്നു നാളെ അറിയിച്ചുതരണം.

രാമ — അതിനു എനിക്കു ഭാഗ്യമുണ്ടായ്‌വരട്ടെ.

ജ്വാലാ — ആയിരംപ്രാവശ്യം എന്റെ പ്രാണപ്രിയനോടു യാത്ര അയപ്പിച്ചിട്ടും പിരിഞ്ഞുപോവാൻ മനസ്സുവരുന്നില്ല.

(എന്നു പറഞ്ഞുപോകുന്നു)

രാമ — ആയിരം പ്രാവശ്യം യാത്ര പറഞ്ഞാൽ ആയിരം വട്ടം വിയോഗപരിതാപശാന്തി! കാമുകൻ തന്റെ പ്രണയിനിയെ പിരിഞ്ഞുപോകുന്നതു മടിയന്മാരായ സ്കൂൾകുട്ടികൾ മനമില്ലാത്ത മനസ്സോടെ സ്കൂളിലേക്കു പോകുന്നപോലെയാണ്. എന്നാൽ പ്രണയിനിയെ കാണ്മാൻ പോകുന്നതു സ്കൂൾ കുട്ടികൾ പാഠം കഴിഞ്ഞു കളിപ്പാൻ പോകുന്നപോലെ.

# മംഗളോദയം.

## ൧൦൯൨

പുസ്തകം ൯ } കുംഭം { ലക്കം ൧൧


### മംഗളം

പൂമ്പട്ടും പൂർണ്ണചന്ദ്രദ്യുതികൊതിതിരളും ഹാരവും ചാരുകാന്തി-
ക്കാമ്പേറുംകാഞ്ചി ചഞ്ചത്തരിവളകളും മണിമാലയും ചേർത്തണിഞ്ഞ്
ആമ്പൽപ്പൂവിന്റെ പുണ്യാങ്കുരമണിമണിയായ് പൂട്ടവോനൊത്തു നിത്യം
ദാമ്പത്യംപൂണ്ടുവാഴും മലർവിശിഖമഹാതമ്പിനെക്കുമ്പിടുന്നേൻ.

ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ.

# ഭാഷാനൈഷധചമ്പു



കേരളസാഹിത്യത്തിലെ ഒരുൽകൃഷ്ടഗ്രന്ഥമാണ് ഭാഷാനൈഷധചമ്പു. ഹൃദ്യമായ ഈ ചമ്പൂപ്രബന്ധത്തിലെ ആദ്യപദ്യം വായിച്ചുകഴിഞ്ഞാൽ പുസ്തകം മുഴുവൻ വായിച്ചു തീർക്കാതെ വിരമിക്കുവാൻ ഏതു സഹൃദയനും സാധിക്കുമെന്നു തോന്നുന്നില്ല. ആ വലയപുരത്തിലെ 'വേദമാകുന്ന ശാഖിക്കൊമ്പത്തമ്പോടുപൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പി'ന്റെ അനവരതസേവനത്താൽ അമരത്വം പ്രാപിച്ച കവിസാർവ്വഭൌമന്റെ സഹജമായ കവിതാഗുണങ്ങളും, വാസനാവിശേഷവും ഈ പ്രബന്ധത്തിലെ ഏതു ഭാഗത്തും കിടന്നു കളിയാടുന്നുണ്ട്. മണിയും പ്രവാളവും അതിചാതുര്യത്തോടെ ചേർത്തു കോർത്തിണക്കിയ അദ്ദേഹത്തിന്റെ ഗദ്യപദ്യങ്ങൾക്കുള്ള ഹൃദ്യത ഒന്നു വേറെ തന്നെയാണ്. അദ്ദേഹത്തിന്റെ കവിതാഗുണങ്ങളിൽ ചിലതെങ്കിലും വിവരിക്കുവാൻ പുറപ്പെടുന്ന ഈ

ലേഖകൻറ സാഹസം വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

കവി വിചാരിക്കുന്ന അൎത്ഥത്തെ ചമൽക്കാരത്തോടു കൂടിയും രസകരമായും വിവരിക്കുന്നതാണ് കവിത. ആ അൎത്ഥത്തെ വിശദീകരിക്കുവാൻ കവി ഉപയോഗിക്കുന്ന വാക്കുകൾ തന്നെ മററുള്ളവൎക്കും ഉപയോഗിക്കുവാൻ സാധിക്കും. എന്നാൽ അവയുടെ വിന്യാസഭേദത്താലും കല്പനാശക്തിയാലും കവി മെച്ചം കൊണ്ടു പോവുന്നു. ദമയന്തിയുടെ ഐശ്വൎയ്യത്തെ വൎണ്ണിക്കുന്നതു നോക്കുക:—

ഭിന്നാപൊന്നാലകൾക്കുണ്മണിഗണലളിതാ
 മോതിരാകൃഷ്ടകാണ്ഡ
പിന്നിൽച്ചിന്നിക്കവിഞ്ഞൊന്നന്നിചികരമകാ-
 ണ്ഡോദയംമന്ദഹാസം
കന്നിപ്രായംകരത്തൊന്നരസികചയഗം
 നൂനമപ്പെണ്കിടാവെ-
ത്തന്നെതോന്നീടുമത്രസതതമൊരുദിനം
 കണ്ടവന്നിത്രിലോക്യാം॥

ഇതിൽ 'കന്നിപ്രായംകരത്തൊന്നരസികചയഗം' എന്നതുവരെ കാണിച്ച അംഗഭംഗിയെ സ്പഷ്ടീകരിക്കുന്നതിലാണ് കവിയുടെ വാസന പരീക്ഷിക്കേണ്ടത്. 'ഇങ്ങിനെയുള്ള രൂപം ആരേയും ആനന്ദിപ്പിക്കും', 'ഈ രൂപം എത്രയോ മനോഹരമായിരിക്കുന്നു' എന്നുതുടങ്ങി അനേകം പ്രകാരത്തിൽ ആ വാക്യം മുഴുമിക്കാം. പക്ഷേ കവിയുടെ പ്രതിഭ അതുകൊണ്ടൊന്നും പോകുന്നതേയില്ല. 'നൂനമപ്പെണ്കിടാവെത്തന്നെ തോന്നീടുമത്ര സതതമൊരുദിനം കണ്ടവന്നിത്രിലോക്യാം' എന്നാണു കവി പറയുന്നത്. ആരബ്ധമായ വാക്യത്തിന്റെ ഈ ഉപസംഹാരം കാണുമ്പോളാണു നമ്മുടെ മനസ്സു തുള്ളിക്കളിക്കുന്നത്. ഇതിലാണു കവിത്വം വിളയാടുന്നത്. എത്ര വാസ്തവം! ആ പെൺകിടാവിനെ ഒരിക്കൽ കണ്ടവന്റെ മനസ്സിൽ എന്നും ആ രൂപം തോന്നുമെന്നേ കവി പറയുന്നുള്ളു. പക്ഷേ, ഒരിക്കലും കാണാത്ത നമ്മുടെ മനസ്സിൽക്കൂടി കവിപ്രതിഭാപ്രതിബിംബിതമായ ആ രൂപം എപ്പോഴും തോന്നുന്നു. ഇനിയെന്നും അതു വിട്ടുപോവുന്നതുമല്ല. ഇതാണു കവിയുടെ ശക്തി!

ദമയന്തിയുടെ നവയൌവനോദയത്തെ വൎണ്ണിക്കുന്നതു നോക്കുക:—

ഗാത്രേഗാത്രേതുടൎന്നൂമധുരിമതരളം
 മാൎദ്ദവംനേത്രരാഗേ
കൂത്താട്ടത്തിന്നുലജ്ജായവനികയിൽമറ-
 ഞ്ഞംഗജന്മാവിരേജേ
ഉത്തലുംകൊങ്കപങ്കേരുഹമുകുളസമം
 ഹന്ത! താരുണ്യവാസ്സോ-
ടെത്തിക്കൈത്താർപിടിച്ചുഝടിതിവടിവെഴും
 ശൈശവംപേശലാംഗ്യാഃ॥

കാമദേവൻ നേത്രരംഗത്തിൽ കൂത്താടുവാനായി ലജ്ജയാകുന്ന തിരശ്ശീലയിൽ മറഞ്ഞുകൊണ്ടു ശോഭിക്കുന്നതായ ഈ ശൈശവതാരുണ്യസംഭേദാവസ്ഥയെ വിശദമാക്കുവാൻ 'ശൈശവം ചെന്നു യൌവനത്തിന്റെ കൈത്താർ പിടിച്ചു' എന്നൎത്ഥത്തിൽ ഒരു വാക്യമാണു കവി ഉപയോഗിക്കുന്നത്. ഈ അവസ്ഥയെ നമ്മുടെ മനസ്സിൽ പതിപ്പിക്കുന്നതിന്നു ഇതിലധികം ശക്തിമത്തായ ഒരു വാക്യം ഏതു കവിക്കും കിട്ടുമെന്നു തോന്നുന്നില്ല.

ശൈശവം ചെന്നു കൈ കൊടുത്തു സ്വാഗതം പറഞ്ഞിരുത്തിയ 'താരുണ്യവാസ്സ്' ദമയന്തിയെ എങ്ങിനെ ആരാധിക്ക

ന്നു എന്നാണ് രണ്ടാമത്തെ പദ്യത്തിൽ കാണിക്കുന്നത്:—

"നമ്മാലാപം മൃദുങ്ങീജനസദസി മണാം
ചേർന്നമന്ദാക്ഷവേഗാൽ
കുമ്രംകാർക്കൂന്തലന്താം പരിമളലളിതം
ചേർന്നുകാലോടിടഞ്ഞു
തമ്മിത്തിക്കിത്തുടങ്ങീകുളുർമുലയുഗളം
നന്നുനന്നെന്നു ദ്പണ്ടാ
നിമ്മായംയൌവനശ്രീസ്സപദിമലമകറ്റോ-
ദാഗനാമൌഷധിമാലാം"

ഒരു സുന്ദരിയായ കന്യകയുടെ യൌവനാരംഭചിഹ്നങ്ങൾ ഈ പദ്യത്തിൽ ഒരു ഭംഗിയുള്ള ചിത്രത്തിലെന്നപോലെ കാണുന്നു. ഇതു വായിക്കുമ്പോൾ നമ്മാലാപവൈരള്യത്താൽ അസംപൃക്തങ്ങളായ അധരപുടങ്ങളോടും, കാലോടാലംബിച്ചുഴക്കൊഴുകുന്ന കാർക്കൂന്തലോടും, തമ്മിൽത്തിക്കിത്തിരക്കുന്ന സ്തനയുഗളത്തോടും കൂടിയ ദമയന്തിയുടെ കോമളരൂപം ഏതു സഹൃദയന്റെ മനോദൃഷ്ടിയിലാണ് പതിയാത്തത്!

ഇങ്ങിനെ തത്തദർത്ഥവിശേഷങ്ങളെ ചിത്രസദൃശമായി കാണിച്ചു വായനക്കാരുടെ ഹൃദയത്തിൽ പതിപ്പിക്കുന്ന പദ്യങ്ങൾ ഇതിൽ സുലഭമാണ്. ഗദ്യങ്ങൾക്കും ഈ വിഷയത്തിൽ ഒട്ടും അശക്തിയില്ല. ഇതിലെ ഗദ്യത്തിനും പദ്യത്തിനുമായാൽ ഏതിനാണു ഹൃദ്യതയധികം എന്നു ചോദിക്കുന്നവർ ദമയന്തിയുടെ 'തമ്മിൽത്തിക്കിത്തിരക്കുന്ന' സ്തനങ്ങളിൽ ഏതാണ് ജയിച്ചത് എന്നുകൂടി ചോദിക്കും. സംഗീതാനുഗതമായ രണനഭേദത്താൽ സഹൃദയഹൃദയത്തിൽ ഒരു രണരണകമുണ്ടാക്കുന്നതായ പദ്യം ഗദ്യത്തെക്കാൾ മെച്ചം കൂടുന്നതാണെന്നുള്ളതിനു സംശയമില്ല. പക്ഷെ ചമ്പൂപ്രബന്ധങ്ങളിൽ ഗദ്യങ്ങൾക്കും പദ്യങ്ങൾക്കുള്ള ഗീതസാധർമ്മ്യം ഉള്ളതിനാൽ പ്രകൃതത്തിൽ അവയു തമ്മിൽ ഭേദമുണ്ടെന്നു പറഞ്ഞുകൂട. നളന്റെ 'മട്ടമലർശരനോടുപടപൊരുതിടും മധുരതരാകൃതി' കണ്ടു 'മനസി മുഴുത്തൊരു മദനതുരാൽ' പൂണ്ടു തരുണിമാർ വിചാരിക്കുന്നതെന്താണ്?

"അയ്യോപാപമൊരുന്നാളിവനെ
ശയ്യാഗാരേകണ്ടാവൂഞാൻ!
പയ്യാകുലധൃതിപരിചൊടുമെയ്യും
കയ്യുംചേർത്തുപുണർന്നാവൂഞാൻ!
മധുരിമകൊണ്ടുടനധരിതമധുരസ-
മധരാസ്വാദംചെയ്താവൂഞാൻ!
അമൃതിലുലമ്പിനവാക്കുകളൊരുനാ-
ളമിതാനന്ദംകേട്ടാവൂഞാൻ!
പരിമളമിളകിനപുരികുഴൽനികരം
പരിചൊടണഞ്ഞുമുകർന്നാവൂഞാൻ!"

ഈ ഗദ്യത്തിൽ നിന്നു നളാനുരാഗിണികളായ സ്ത്രീകൾക്കുള്ള രതിഭാവം എത്ര ഹൃദ്യമായി വ്യഞ്ജിക്കുന്നു! തൂക്കം നോക്കി തിരഞ്ഞെടുത്തു പെറുക്കി വെച്ചിട്ടുള്ള ശബ്ദമുക്താമണികൾ ചേർന്ന ഈ ഗദ്യമുക്താഹാരം ഭാഷാദേവിയുടെ കണ്ഠത്തിന്ന് അനശ്വരമായ ഒരലങ്കരണമാകുന്നു. കേരളീയഗദ്യസാമ്രാജ്യത്തിൽ മൂർദ്ധാഭിഷേകം ചെയ്യുന്നതിന്ന് ഇതിൽപരം ഹൃദ്യമായ ഗദ്യങ്ങൾ വേറെയുണ്ടോ എന്നു സംശയമാണ്. ഈ ഗദ്യത്തിൽ ഉപയോഗിച്ചിട്ടുള്ള ഏതെങ്കിലും ഒരു വാക്കു മാററിയാൽ ആ ഭാഗം മുഴച്ചിരിക്കും. പരിവർത്തനാസഹിഷ്ണുത്വം എന്ന ഈ ഗുണം നൈഷധചമ്പുവിലെ ഗദ്യങ്ങൾക്ക് ഒന്നു വേറെതന്നെ

യാണ്. ഗദ്യത്തിന്നു ചേൎച്ചയുള്ള ലഘ്വക്ഷരപദങ്ങൾ ലോഭം കൂടാതെ ചേൎക്കുന്നതിൽ കവി കാണിച്ചിട്ടുള്ള സാമൎത്ഥ്യം കാണുമ്പോളാണ് ശബ്ദബ്രഹ്മത്തിന്റെ വലുപ്പം പടപ്പും നമുക്ക മനസ്സിലാകുന്നത്.

ഇനി മറ്റൊരു ഗദ്യം: ഇതു നളന്റെ സന്ദേശവുംകൊണ്ടു ഹംസം വിദൎഭരാജധാനിയിൽ ചെന്നതിനെ വൎണ്ണിക്കുന്നു:—

"വിവിധമഹാമണിവിരചിതശിഖരേ
ചെന്നുവിദൎഭക്ഷിതിപതിനഗരേ
ധന്യാഗാരേകന്യാഗാരേ
മണിമയമാറത്തഴകിലിറങ്ങി
കനകവിഭൂഷണഝണഝണിതോപമ-
മധുരനിനാദംകൊണ്ടുപധ്വനാം
ചെവികളിലമൃതചൊരിഞ്ഞു ചൊരിഞ്ഞും
മദകളതരുണീയാനമനോജ്ഞം
മൃദുമൃദുപദതളിർവെച്ചു നടന്നും
വിദ്രുമശകലം ബീജാപൂരക-
വിതതേന്നോൎത്തുകൊത്തിയുടച്ചും
മദ്ധ്യേമദ്ധ്യേ വെള്ളവെളവിലസും
പത്രപുടങ്ങൾകടഞ്ഞുകുടഞ്ഞും
വിവലിതവദനം നോക്കിയുമിതരം
വിഭ്രമരീതി വളൎത്തു നടന്നു".

ഇങ്ങിനെ സ്ഥാലീപുലാകന്യായേനയെങ്കിലും ഗദ്യശകലങ്ങളെടുത്തുദാഹരിക്കുന്നതായാൽ വളരെ നീണ്ടുപോകും.

കവിതയുടെ മറ്റൊരു പ്രസ്ഥാനമായ ദണ്ഡകത്തെക്കൂടി സ്വല്പം ഉദാഹരിക്കുന്നു. ഹംസം പറഞ്ഞ നളന്റെ സന്ദേശത്തിന്നുത്തരമായി ദമയന്തിയുടെ 'ഉടലോടുഭേദമില്ലാത്തതോഴി' പറയുന്ന മറുവടി ഈ ദണ്ഡകത്തിൽനിന്നു കാണാം:—

"പൃഥ്വീതലാതുലഭദ്രാകൃതേ നിഷധ-
പൃഥ്വീന്ദ്ര! ഗുണരാശേ!
പത്രരഥകുലതിലക! ഭദ്രമിഹ തവ ഭവതു-
വക്തി പുനരിതി ബത സഖീ മേ
പരമാൎത്തമായതിതു പരിതാപമരുതു നനു
പരിതോഷമേതി ഹൃദയം മേ
പതഗകുലവലമഥന! ചതുരതരപടുവചന!
സരസവര! സഹവയസി ചെവികൾവെത ചമ്മേ
ഓരോജനാനിഷധഭൂപാലവീരഗുണ-
മോരോന്നുവന്നിഹ പറഞ്ഞും
ഒത്തതിഹമമനിയതമിത്തരുണനിതികരുതി
യത്തലിയമഗതി സാഹിയാഞ്ഞും
ഒരുനേരവും കരുണയറിയാതപാപിപുന-
രലർബാണനമ്പുകൾ ചൊരിഞ്ഞും
ഒരുരഹസി നിഷധനരപതിയോടിതിവളരമൊ
പരവശതപറവതിനമൊരുവനരുതാഞ്ഞും (ത
മൃദുധാരവിദ്രുമപി മുകതാവലംബമിതി
നിത്യം വിഷീദതി സുഘോരം
മത്തകരിമധുരഗതി ചിത്തതയിൽ ചെറുകിമഹു-
രിത്ര കൂരതരമിതു ശരീരം
മദനാൎത്തി ചീൎത്തു നിജഹൃദയസ്ഥിതം കിമപി
ഗദിതും സഖീ പരഗ! നാലം
മമവദനഗളിതമിതു സഖി പറയുമൊരു വചന-
മതിനിപുണ! രാസിവദനിഷധനരപാലം"

ദീൎഘമായി കെട്ടിക്കയറിയ ദണ്ഡകത്തെ ലഘുവായി അഴിച്ചുകൊണ്ടുവരുന്നതിന്നു ശബ്ദസാമൎത്ഥ്യമാണു കവിക്കു വേണ്ടത്. ആ വിഷയത്തിൽ നൈഷധകൎത്താവിന്നുള്ള 'വശത' ആരെയും ആശ്ചൎയ്യപ്പെടുത്താതിരിക്കയില്ല. അൎത്ഥഭംഗി, വൈചിത്ര്യം, രസപൌഷ്കല്യം മുതലായ ഗുണങ്ങളും ഇതിൽ ധാരാളം ഉണ്ടെന്നു പറയേണ്ടതില്ലല്ലോ.

മണിപ്രവാളരീതിയിൽ മാത്രമല്ല, ശുദ്ധസംസ്കൃതത്തിൽ തന്നെയുള്ള ഗദ്യങ്ങളും പദ്യങ്ങളും ഈ ചമ്പുവിൽ ധാരാളമുണ്ട്.

കവിക്കുള്ള അസാധാരണപാണ്ഡിത്യവും കവിതാവൈദഗ്ദ്ധ്യവും അവയിൽനിന്നും തെളിയുന്നുണ്ട്. നളന്റെ സന്ദേശവും ദമയന്തിയുടെ പ്രതിസന്ദേശവും ശുദ്ധസംസ്കൃതശ്ലോകങ്ങളായിട്ടാണ്. അവയുടെ ശബ്ദാർത്ഥചമൽക്കാരവും അതിശയവിശേഷവും സാക്ഷാൽ ശ്രീഹർഷന്റെ കൂടി സ്പൃഹണീയങ്ങളത്രെ. ദമയന്തി വിപ്രലംഭോചിതമായ വേഷത്തോടുകൂടി രംഗത്തിലേക്കു വരുന്ന വരവ് ഒരു നീണ്ട സംസ്കൃതഗദ്യത്തിലാണ് വർണ്ണിച്ചിട്ടുള്ളത്. ഇത്ര രമണീയവും പ്രൗഢവുമായ ഒരു ഗദ്യം സംസ്കൃതത്തിൽ വേറെ ഉണ്ടോ എന്നു സംശയമാണ്. ഗദ്യത്തിനു വൃത്തനിർബ്ബന്ധം ഭാഷയിലേ കാണുന്നുള്ളൂ. സംസ്കൃതഗദ്യം ചമ്പൂരാമായണാദിരീതിയെത്തന്നെ അനുകരിക്കുന്നതേയുള്ളൂ. സംസ്കൃതശ്ലോകങ്ങളുടെ രീതി കാണിക്കാൻ ഒരു ശ്ലോകം താഴെ ഉദാഹരിക്കുന്നു. ഇതു നായികാനായകന്മാരുടെ പൂർവ്വാനുരാഗവിപ്രലംഭദശയിലെ മദനാവസ്ഥകളിൽ നിദ്രാച്ഛേദം എന്ന അവസ്ഥയെ വർണ്ണിക്കുന്നതാണ്.

"സങ്കല്പസംഗമസുഖാനുഭവസ്പൃഹായാം
ഭോഗം കരോമി [illegible] സമ[illegible] സമയേ [illegible]
സഞ്ചിന്ത്യ[illegible]
നിദ്രാ ജഗാമ [illegible]സഖീസകാശാൽ".

ദമയന്തിയും നളനും സങ്കല്പസംഗമസുഖം അനുഭവിക്കുകയാണ്. ഞാനി[illegible] മദ്ധ്യത്തിൽ എടക്കൂട്ടു കടന്നു [illegible]നാൽ അതിനു ഭംഗം [illegible], എന്നു [illegible] പാരിച്ചിട്ടോ എന്നു തോന്നുമാറ്, നി[illegible] [illegible], നിദ്ര [illegible]ചിട്ട്, അടുക്കൽനിന്നു [illegible]. ഈ ഉപമയും ഉൽപ്രേക്ഷയും എത്ര സ്വാഭാവികവും മനോഹരവുമായിരിക്കുന്നു! ഇതുപോലെ സ്വാഭാവികങ്ങളും ഹൃദയസ്പൃക്കുകളുമായ ഉപമ, ഉൽപ്രേക്ഷ, രൂപകം, പരിസംഖ്യ മുതലായി സാധാരണങ്ങളായ അലങ്കാരങ്ങളാണ് കവിക്കധികം പ്രിയപ്പെട്ടവ. അവ തത്തത്സന്ദർഭങ്ങളിൽ ധാരാളം പ്രയോഗിച്ചു കാണാം.

എന്തിനധികം പറയുന്നു? അപാരമായ ഈ ഭൂമണ്ഡലം മുഴുവൻ നടന്നു കാണുവാനൊരുങ്ങിപ്പുറപ്പെടുന്ന ഒരു പഥികനു, കല്ലും മുള്ളും നിറഞ്ഞ വനമാർഗ്ഗങ്ങളിലും കരകാണാത്ത മരുഭൂമികളിലും അകപ്പെട്ടു പാടില്ലാതെ ക്ലേശിക്കേണ്ടിവരുന്നതെങ്ങിനെയോ അങ്ങിനെതന്നെ നമ്മുടെ കേരളഭാഷാസാഹിത്യത്തിൽ ആദിമുതല്ക്കിതേവരെ ഉണ്ടായിട്ടുള്ള വിവിധഗ്രന്ഥസഞ്ചയങ്ങൾ ക്രമേണ വായിക്കുവാൻ പുറപ്പെടുന്ന ഒരു സഹൃദയാധ്വനീനനും ആദ്യം കുറെയേറെ ക്ലേശിക്കേണ്ടതായി വരും. ദ്രാവിഡധാതുക്കളും ദ്രാവിഡപ്രത്യയങ്ങളും ദുർഗ്ഗമങ്ങളായ പലതരം വാക്കുകളും പ്രയോഗങ്ങളും നിറഞ്ഞ് ഘോരങ്ങളായ അരണ്യങ്ങളെപ്പോലെയും മരുഭൂമികളെപ്പോലെയും കിടക്കുന്ന നമ്മുടെ ആദിമഗ്രന്ഥങ്ങൾ തുലോം ക്ലേശദങ്ങളാകുന്നു. എന്നാൽ, മുമ്പറഞ്ഞ ഭൂമണ്ഡലാധ്വനീനൻ വല്ലാതെ കഷ്ടപ്പെട്ടു വാടിത്തളർന്നു ദാഹിച്ചു വലയുമ്പോൾ അവന്റെ മുമ്പിൽ പച്ചപിടിച്ചു നില്ക്കുന്ന വൃക്ഷലതാദികളെക്കൊണ്ടും സ്വച്ഛജലം നിറഞ്ഞ ജലാശയങ്ങൾകൊണ്ടും രമണീയമായ ഒരു [illegible]ഭൂമി കാണുന്നതായാൽ അവനുണ്ടാകുന്ന സന്തോഷവും ആശ്വാസവും എ[illegible]

അങ്ങിനെയുള്ള ഒരു സന്തോഷവും ആശ്വാസവുമാണ് നമ്മുടെ സാഹിത്യപഥികന്ന് ആദ്യത്തെ ചില ദുസ്തരഗ്രന്ഥങ്ങൾ കടന്ന് അര്വാചീനങ്ങളായ ചമ്പൂപ്രബന്ധങ്ങളിൽ പ്രവേശിക്കുമ്പോളുണ്ടാവുന്നത്. ആ വക ജലാശയങ്ങളിൽ വെച്ച്, ഹൃദ്യതമമായ ഒന്ന് അരവിന്ദം- ഇന്ദീവരം മുതലായ പുഷ്പങ്ങളുടെ പരിമളം വഹിച്ചും ആടിയുലയുന്ന ചെറുതിരമാലകളിലെ ജലകണങ്ങൾ എടുത്തും മന്ദമായി വീശുന്ന ഇളങ്കാററിൽ തത്തിച്ചാടിക്കളിക്കുന്ന ജലപക്ഷികളുടെ കളകളാരാവത്താൽ പഥികനെ ഏതുപ്രകാരം ആകർഷിക്കുമോ അതുപ്രകാരംതന്നെ സരസമായ ഭാഷാനൈഷധചമ്പുവും അതിലെ "അമ്പത്തൊന്നക്ഷരാളി" എന്ന ആദ്യശ്ലോകത്തിന്റെ ലളിതനിനദത്താൽ സ്വാഗതം പറഞ്ഞു സാഹിത്യപഥികനേയും ആവർജ്ജിക്കുന്നു എന്നു വേണം പറയുവാൻ.

കെ. വി. എം.

---

# ലോകപരിചയം

ഈ വിഷയം വളരെ പരപ്പുള്ള ഒന്നാകുന്നു. ലോകത്തിൽ പെടാത്ത വിഷയം ഒന്നുമില്ലല്ലൊ. അനേകകോടി ബ്രഹ്മാണ്ഡങ്ങളും, അതിലടങ്ങിട്ടുള്ള സകല ജീവരാശികളും, അതിൽ നടക്കുന്ന സകല വ്യാപാരങ്ങളും ലോകം എന്ന ഈ ഒരു പദത്തിൽ അന്തർഭവിക്കുന്നതാണ്. എന്നാൽ ഈ പദത്തിന്നു ഇവിടെ നിർദ്ദേശിച്ചിട്ടുള്ള അർത്ഥം അത്ര വ്യാപകമായിട്ടുള്ളതല്ല. ഭൂലോകവും അതിലെ മനുഷ്യസമുദായവും മാത്രമെ ഇവിടെ വിവക്ഷിക്കപ്പെട്ടിട്ടുള്ളു. ഭൂമിയുടെ ആകൃതി, പ്രകൃതി, വിഭാഗങ്ങൾ മുതലായവയും, ഓരോ രാജ്യങ്ങളിലുള്ള ജനങ്ങൾ, അവരുടെ സ്വഭാവം, നടവടികൾ, ഭരണസമ്പ്രദായം, ആചാരം, മതം, ഭാഷ മുതലായവയുമാണ് ഇവിടെ ലോകം എന്ന വാക്കിന്നു അർത്ഥമായി കല്പിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വിഷയങ്ങളുടെയെല്ലാം സാമാന്യമായ അറിവിനെയാണ് ലോകപരിചയം എന്നു പറയേണ്ടത്. സാധാരണ ലോകവ്യവഹാരവും ഏറക്കുറെ ഇതിനെ അനുസരിക്കുന്നുണ്ട്. തർക്കം, വ്യാകരണം മുതലായ ശാസ്ത്രങ്ങളിൽ ഏതെങ്കിലും ചിലതിൽ പ്രത്യേകപാണ്ഡിത്യമുണ്ടായതുകൊണ്ടു മാത്രം ഒരുവൻ ലോകപരിചയമുള്ളവനാകുന്നതല്ല. കാവ്യനാടകാലങ്കാരങ്ങൾ, ശ്രുതിസ്മൃതീതിഹാസപുരാണങ്ങൾ മുതലായ പല വിഷയങ്ങളും പരിചയിച്ച മനുഷ്യസ്വഭാവത്തെയും ലോകമര്യാദയേയും മററും മനസ്സിലാക്കീട്ടുള്ളവനെയാണല്ലൊ ലോകവ്യുല്പത്തിയുള്ളവൻ എന്നു നാം സാധാരണ പറഞ്ഞു വരാറുള്ളത്. അതുകൊണ്ടു മേൽപ്പറഞ്ഞ പ്രകാരം ഓരോ രാജ്യങ്ങളിലെ ജനസമുദായസ്ഥിതിയേയും നടവടികളെയും മററും അറിയുകയാണ് ലോകപരിചയം എന്നതെളിയുന്നു. ഇതിനെത്തന്നെയാണ് 'ലോകത്', ലോകവ്യുല്പത്തി, ലോകതന്ത്രജ്ഞാനം എ

ന്നും മററും ഓരോ ചേഷ്ടകൾകൊണ്ടു വ്യവഹരിച്ചു വരുന്നതു്.

ലോകപരിചയം സമ്പാദിക്കുന്നതു ലോകത്തിൽ നിത്യനൈമിത്തികങ്ങളായി വരുന്ന ഓരോ കാൎയ്യങ്ങളിൽ ഏൎപ്പെട്ടിട്ടു തന്നെയാണു്. എല്ലാ ജനങ്ങൾക്കും ജീവിതത്തിൽ എന്തെങ്കിലും ചില കാൎയ്യങ്ങളിൽ ഏൎപ്പെടാതെ ഒരിക്കലും കഴികയില്ല. അതിൽനിന്നുണ്ടാകുന്ന സ്വാനുഭവം തന്നെയാണു് യഥാൎത്ഥമായ ലോകപരിചയം. എന്നാൽ അതിനു ബലവും പുഷ്ടിയും കൂടണമെങ്കിൽ വേറെ ചിലതും കൂടി വേണ്ടതുണ്ടു്. അതിൽ പ്രധാനമായതു പാഠശാലകളിൽനിന്നു കിട്ടുന്ന പഠിപ്പും രാജ്യസഞ്ചാരംകൊണ്ടുണ്ടാകുന്ന പലതരം അനുഭവങ്ങളും തന്നെയാണു്. ഇതു രണ്ടും പരസ്പരം ബന്ധിച്ചുകൊണ്ടിരുന്നാൽ മാത്രമെ പൂൎണ്ണമായ ലോകപരിചയമാകയുമുള്ളു. പഠിപ്പില്ലാത്തവന്റെ അനുഭവവും, അനുഭവമില്ലാത്തവന്റെ പഠിപ്പും ഏറക്കുറെ അപൂൎണ്ണമായിരിപ്പാനേ വഴിയുള്ളു. പഠിപ്പില്ലാത്തവനു സൂക്ഷ്മത്തിൽ വേണ്ടപോലെ കാണ്മാൻ കഴിയുന്നതല്ല. പഠിപ്പുകൊണ്ടാണു് ഒരുവന്റെ കണ്ണു ശരിയായി തുറക്കുന്നതു്. പഠിപ്പില്ലാത്തവന്റെ രാജ്യസഞ്ചാരത്തെ അറിവുള്ളവർ അഭിനന്ദിക്കുന്നില്ല. ഇതുപോലെതന്നെ അനുഭവമില്ലാത്തവന്റെ പഠിപ്പും ഒരിക്കലും പൂൎണ്ണഫലത്തെ ചെയ്യുന്നതല്ല. പഠിച്ചിട്ടുള്ള വിഷയങ്ങളെ സ്വാനുഭവത്തോടു സംബന്ധിപ്പിച്ചാൽ മാത്രമെ അതിനു വെടിപ്പും ഉറപ്പും മതിയാകയുള്ളു. ഒരു പട്ടണത്തിന്റെ വിവരണംകൊണ്ടു നമുക്കു അതിന്റെ സ്വഭാവം ഏറക്കുറെ ഊഹിക്കാമെന്നല്ലാതെ അതു ചെന്നു കണ്ടപോലെയുള്ള അനുഭവം ഒരിക്കലുമുണ്ടാകുന്നതല്ലല്ലോ. പഠിപ്പിന്റെ ഫലം തന്നെ അനുഭവമായിരിക്കെ അനുഭവത്തോടു കൂടാത്ത പഠിപ്പു കേവലം നിഷ്ഫലം എന്നു തന്നെ തെളിയുന്നു. സ്വാനുഭവമില്ലാത്ത പഠിപ്പുകാരെയാണു് സാധാരണ പണ്ഡിതമൂഢന്മാർ എന്നു പറഞ്ഞു വരാറുള്ളതു്. അതുകൊണ്ടു ഈ രണ്ടു വിഭാഗവും കൂടി യോജിച്ചിട്ടുള്ളതിനെ മാത്രമെ പൂൎണ്ണമായ ലോകപരിചയം എന്നു പറയാൻ പാടുള്ളു എന്നു സിദ്ധിക്കുന്നു.

വിഷയത്തിന്റെ ഗൌരവലാഘവങ്ങളനുസരിച്ചു ഈ ലോകപരിചയത്തെ തന്നെ ഉയൎന്നതരം, ഇടത്തരം, താണതരം എന്നിങ്ങിനെ മൂന്നാക്കി ഭാഗിക്കാം. ഭൂമിശാസ്ത്രവും ചരിത്രവും ഈ മൂന്നിനും അത്യാവശ്യമാകുന്നു. എന്നാൽ ഇതിൽ ആദ്യത്തേതിനു ഈ രണ്ടു വിഷയങ്ങളുടെയും പുറമെ സദാചാരശാസ്ത്രം, ഭരണതന്ത്രം, ധനശാസ്ത്രം മുതലായ വിഷയങ്ങളിൽകൂടി ഉൽകൃഷ്ടമായ പഠിപ്പും, രാജ്യസഞ്ചാരംകൊണ്ടുള്ള അനുഭവവും, വൃത്താന്തപത്രങ്ങളും മററും വായിച്ചു ലോകത്തിൽ അന്നന്നു നടക്കുന്ന പ്രധാനസംഭവങ്ങളെക്കുറിച്ചുള്ള അറിവും ഉണ്ടായിരിക്കേണ്ടതാണു്. ഈ വക കാൎയ്യങ്ങളെല്ലാം സാധിക്കണമെങ്കിൽ ഇക്കാലത്തു വിശേഷിച്ചു് ഇംഗ്ലീഷിൽ ഉയൎന്നതരം വിദ്യാഭ്യാസവും, സംസ്കൃതത്തിൽ സാമാന്യമായ വ്യുല്പത്തിയും, സ്വഭാഷയിൽ ഒരു മാതിരി പരിചയവും സമ്പാദിക്കാതെ കഴികയില്ല. പ്രാചീനകാലത്തും, ആധുനികകാലത്തുമായി ഓരോ രാജ്യങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളെക്കുറിച്ചുള്ള വിവരണമാണല്ലോ ച

രിത്രങ്ങളിലെ വിഷയം. ഇതിൽ ആധുനികകാലത്തെ ലോകചരിത്രം പഠിക്കേണമെങ്കിൽ ഇന്നു ഇംഗ്ലീഷുഭാഷയെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യക്കാരെ അല്ലെങ്കിൽ ഹിന്തുക്കളെ സംബന്ധിച്ചേടത്തോളം പറയുമ്പോൾ അവരുടെ പൂൎവസ്ഥിതിയെ ശരിയായി അറിയണമെങ്കിൽ സംസ്കൃതത്തിന്റെ സാമാന്യമായ ഒരു വ്യുല്പത്തിയെങ്കിലും കഴിച്ചുകൂടാത്തതാണ്. തന്റെ കുടുംബക്കാരുടേയും നാട്ടുകാരുടേയും ആവശ്യങ്ങളേയും സങ്കടങ്ങളേയും നേരിട്ടു അറിയുന്നതിന്നും, അതിൽ പങ്കുകൊള്ളുന്നതിന്നും, അവരുമായി സൌഹാൎദ്ദത്തോടുകൂടി പെരുമാറുന്നതിന്നും സ്വഭാഷ അത്യാവശ്യമായിട്ടുള്ളതാണെന്നു പറയേണ്ടതില്ല. സാമാന്യമായ ഇംഗ്ലീഷു വിദ്യാഭ്യാസവും, സ്വഭാഷയിൽ ഒരുവിധം നല്ല പരിചയവും, അന്നന്നു നടക്കുന്ന ഓരോ സംഭവങ്ങളെക്കുറിച്ചുള്ള അറിവും ഉണ്ടായിരിക്കുന്നവരെയാണ് രണ്ടാം ക്ലാസ്സുകാരായി ഗണിക്കുന്നത്. സ്വഭാഷയിലുള്ള ഭൂമിശാസ്ത്രം, ചരിത്രം എന്നി വിഷയങ്ങളിലുള്ള പഠിപ്പും, അതിലുള്ള പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ മുതലായവയിലുള്ള പരിചയവുമുള്ളവരെ മൂന്നാം ക്ലാസ്സുകാരായും തരംതിരിക്കാം. ഇതിൽ മൂന്നാം തരത്തിൽപ്പെട്ട അറിവ് എല്ലാവൎക്കും ഉണ്ടായിരിക്കേണ്ടതും ഉണ്ടാക്കാൻ കഴിയുന്നതുമാണെന്നു പറയേണ്ടതില്ലല്ലോ.

ഇനി ഇതുകൊണ്ടുള്ള ഉപയോഗത്തെക്കുറിച്ചു സ്വല്പമൊന്നു പ്രസ്താവിക്കാം. ലോകപരിചയംകൊണ്ടുള്ള ഉപയോഗം ലോകത്തിൽ കഴിച്ചുകൂട്ടാറാവുക തന്നെയാണ്. കാലദേശാവസ്ഥകളെ അറിയാത്ത ലോകത്തിൽ വേണ്ടപോലെ പെരുമാറുവാൻ കഴിയുന്നതല്ല. അതറിയുന്നതിന്നു ലോകപരിചയം കഴിച്ചുകൂടാത്തതാകുന്നു. മനുഷ്യന്റെ ആവശ്യവും അഭിപ്രായവുമെല്ലാം ഓരോ കാലങ്ങളിൽ മാറിമാറിക്കൊണ്ടിരിക്കുന്നു. അതിനെ അനുസരിച്ചു നടവടിയും മാറുന്നതും, മാറേണ്ടതുമാണ്. ആദ്യകാലത്തു ഹിന്തുക്കളിൽ ബ്രാഹ്മണന്മാർകൂടി മദ്യമാംസാദികൾ ഉപയോഗിച്ചിരുന്നതായി കാണുന്നു. കാലാന്തരത്തിൽ അതു നിഷിദ്ധമായിത്തീൎന്നു. നാം എത്രയോ ആദരവോടുകൂടി സ്വീകരിച്ചുപോന്നിരുന്ന സതീദഹനത്തെ ഇപ്പോൾ എത്ര ക്രൂരമായ ഒരു കൎമ്മമായിട്ടാണ് വിചാരിച്ചുവരുന്നത്! ഉത്തരപാടലത്തെ ദേശഭേദവും നടവടിയെ വളരെ ഭേദപ്പെടുത്തുന്നതാണ്. ഓരോ രാജ്യങ്ങളിലെ ശീതോഷ്ണസ്ഥിതിയെ അനുസരിച്ചു മനുഷ്യന്റെ ഉടുപ്പും, ആഹാരവുമെല്ലാം മാററാതിരുന്നാൽ ഒരു സമയം അതിൽനിന്നു മരണം തന്നെ നേരിട്ടു എന്നു വരാം. ഇങ്ങിനെ ആലോചിക്കുന്നതായാൽ മനുഷ്യന്റെ നടവടിക്കു യാതൊരു സ്ഥിരതയുമില്ലെന്നും, അതു പലപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നതാണെന്നും, കാലദേശാവസ്ഥകളാണ് അതിന്നു അടിസ്ഥാനമെന്നും സ്പഷ്ടമാകുന്നതാണ്. ഈവക തത്വങ്ങൾ മനസ്സിലാകാത്തതുകൊണ്ടു പഴമക്കാൎക്കും, പുതിയ പരിഷ്കാരികൾക്കും ഓരോ തരത്തിലുള്ള അബദ്ധങ്ങൾ പററിപ്പോകുന്നുണ്ട്. ഒന്നാമത്തെ പക്ഷക്കാർ പുതിയ പരിഷ്കാരങ്ങളെയെല്ലാം ഗുണദോഷങ്ങളെപ്പററി ആലോചിക്കാതെ ത

ന്നെ തള്ളിക്കളയുന്നു. അതുകൊണ്ട് അവരുടെ ജീവിതസമ്പ്രദായങ്ങളും നടപടികളും പണ്ടത്തെ കാലത്തേക്കു മാത്രം യോജിച്ചതായും, ഇക്കാലത്തേക്കു പറ്റാത്തതായും തീരുന്നു. ഇതുപോലെതന്നെ പുതിയ കക്ഷികളിൽ ചിലർ അതിരുകവിഞ്ഞ പരിഷ്കാരത്തിൽ ഭ്രമിക്കുന്നതുകൊണ്ടു നമ്മുടെ ഇപ്പോഴത്തെ കാലദേശാവസ്ഥകൾക്കു യോജിച്ചതിൽനിന്നും കവിഞ്ഞ ചില പുതിയ സമ്പ്രദായങ്ങൾ സ്വീകരിച്ചുപോകുന്നുണ്ട്. ആ വക പരിഷ്കാരങ്ങൾക്കു പറ്റിയ കാലം വരുന്നതുവരെ കാത്തിരിപ്പാൻ അവർക്കു ക്ഷമയുണ്ടാകുന്നില്ല. പരിപക്വമായ ലോകപരിചയം കൊണ്ടു മാത്രമല്ലാതെ ഈ വക അന്ധവിശ്വാസങ്ങളും സാഹസങ്ങളും നീങ്ങി അവസരോചിതമായി പ്രവർത്തിപ്പാനുള്ള മനസ്സുണ്ടാകുന്നതല്ല.

ലോകമര്യാദയെ മനസ്സിലാക്കുന്നതിനും ഈ അറിവ് ഒഴിച്ചുകൂടാത്തതാകുന്നു. ഓരോ രാജ്യക്കാരുടേയും സമുദായക്കാരുടേയും സ്വഭാവവും സ്ഥിതിയുമെല്ലാം ഓരോ പ്രകാരത്തിലായിരിക്കും. എന്നല്ല, ഓരോ കുടുംബങ്ങളുടേയും, ഓരോരുത്തരുടെ തന്നെയും ഈവക സംഗതികൾ വളരെ ഭേദപ്പെട്ടിരിക്കും. ലോകത്തിൽ പലരുമായി പെരുമാറേണ്ട മനുഷ്യന് ഈ വക സ്വഭാവങ്ങളെല്ലാം സാമാന്യമായിട്ടെങ്കിലും മനസ്സിലാവാതിരുന്നാൽ ആ പെരുമാറ്റം പലപ്പോഴും അസ്ഥാനത്തിലായി കലാശിക്കയും, തന്മൂലം കാര്യത്തിന്നു വലിയ ദൂഷ്യം നേരിടുകയും ചെയ്യുമെന്നതിന്നു സംശയമില്ല. നമ്മുടെ ജോർജ്ജ് ചക്രവർത്തി തിരുമനസ്സുകൊണ്ടു പട്ടാഭിഷേകത്തിന്നായി ഇന്ത്യയിലേക്കു വരുവാൻ നിശ്ചയിച്ചപ്പോൾ ഒന്നാമതായി ചെയ്തതു ഇന്ത്യൻ ഭാഷകളും ചരിത്രങ്ങളും പഠിക്കുകയാണെന്നുള്ളതു പലരും മനസ്സിലാക്കിട്ടുണ്ടായിരിക്കാം. നാനാജാതിമതസ്ഥന്മാരും, പലേ സ്ഥിതിയിലുള്ളവരുമായ തന്റെ പ്രജകളോടു പെരുമാറേണ്ടതായി വരുമ്പോൾ, ഓരോരുത്തരുടെ സ്ഥിതിയും സ്വഭാവവും കുറച്ചെങ്കിലും മനസ്സിലാക്കാതിരുന്നാൽ അതു ഉചിതംപോലെ നിർവ്വഹിപ്പാൻ സാധിക്കയില്ലെന്നു കരുതിയാണ് ലോകതത്ത്വജ്ഞനായ അവിടുന്ന് ഈ ഒരു മുൻകരുതൽ ചെയ്തതെന്നു പറയേണ്ടതില്ലല്ലോ. അവിടേക്ക് എത്ര മംഗളപത്രങ്ങൾക്കാണ് മറുപടി കൊടുക്കേണ്ടതായി വന്നിട്ടുള്ളത്. എത്ര സാമന്തരാജാക്കന്മാരെയാണു സ്വീകരിക്കേണ്ടതായി വന്നിട്ടുള്ളത്. എത്ര പൊതുജനയോഗങ്ങളിലാണ് സന്നിഹിതനാവേണ്ടതായി വന്നിട്ടുള്ളത്. ഇതെല്ലാം എത്ര ഭംഗിയിൽ അവിടുന്നു നിർവ്വഹിച്ചു! ലോകപരിചയം ഒന്നില്ലെങ്കിൽ ഈ വക കാര്യങ്ങളൊന്നും ഇത്ര ഭംഗിയായി നടത്താൻ സാധിക്കയില്ലെന്നു പറയേണ്ടതില്ലല്ലോ. ഈ ഉദാഹരണം കുറെ കവിഞ്ഞതാണെന്നു പക്ഷേ തോന്നിയേക്കാം. എന്നാൽ എല്ലാവർക്കും അവരവരുടെ സ്ഥിതിയനുസരിച്ച് ഈവക സന്ദർഭങ്ങൾ ഉണ്ടായി വരുന്നതും ആ അവസ്ഥയ്ക്കനുസരിച്ചുള്ള അറിവു എല്ലാവരും സമ്പാദിക്കേണ്ടതുമാകുന്നു.

ഇതിന്നുപുറമെ നമ്മുടെ യഥാർത്ഥ സ്ഥിതിയെ അറിയുന്നതിന്നും ലോകപരിചയം അത്യാവശ്യമാണ്. താരതമ്യപ്പെടുത്തുന്നതിൽനിന്നാണ് എല്ലാ സംഗതിക

ളുടേയും വാസ്തവം വെളിപ്പെടുന്നത്. നാലാളുടെ സ്വഭാവത്തോടു തട്ടിച്ചു നോക്കിയാലെ തന്റെ സ്വഭാവത്തിന്റെ വാസ്തവം അറിവാൻ കഴികയുള്ളു. നാലു കുടുംബത്തിന്റെ സ്ഥിതി നോക്കീട്ടു വേണം തന്റെകുടുംബത്തിന്റെ ഗുണദോഷങ്ങൾ തിട്ടപ്പെടുത്തുവാൻ. സമുദായകാര്യവും, രാജ്യകാര്യവുമെല്ലാം ഇതുപോലെ തന്നെ. മറ്റുള്ളവരുടെ സ്ഥിതി എന്ത്, നമ്മുടെ സ്ഥിതി എന്ത്, അവരിൽ നിന്നു നമുക്കു വല്ലതും കണ്ടുപഠിക്കേണ്ടതുണ്ടോ, എന്നും മറ്റും ആലോചിപ്പാനും അതിനെ അനുസരിച്ചു പ്രവൃത്തിപ്പാനും ലോകപരിചയമില്ലാഞ്ഞ് ഒരുവനെക്കൊണ്ടു ഒരിക്കലും സാധിക്കുന്നതല്ല. കൂപമണ്ഡൂകം പോലെ തന്റെ സ്ഥിതിയെ ഉള്ളതിൽ കവിഞ്ഞു വിചാരിച്ചും, അല്ലെങ്കിൽ ആനയെപ്പോലെ ചുരുങ്ങി വിചാരിച്ചും ഇങ്ങിനെ ഏതെങ്കിലും ഒരു വിധത്തിൽ തെറ്റിദ്ധരിച്ചുകൊണ്ടിരിപ്പാനാണ് അധികം എളുപ്പം. ഈവക തെറ്റിദ്ധാരണകളെല്ലാം നീങ്ങി ഒരുവന്റെ വാസ്തവസ്ഥിതി അറിവാനും വല്ല ദോഷവുമുണ്ടെങ്കിൽ അതിനെ പരിഹരിപ്പാനും, ഗുണത്തെ സംരക്ഷിപ്പാനും ലോകപരിചയം എത്ര മാത്രം ആവശ്യമായിട്ടുള്ളതാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്.

ലോകത്തിൽ ജനങ്ങളും, അഭിപ്രായഭേദങ്ങളും, കക്ഷിവഴക്കുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു ഓരോരുത്തർക്കും അവരവരുടെ അധികാരാവകാശങ്ങളെ കാത്തു രക്ഷിക്കുന്നതിന്നും ലോകപരിചയം ഒഴിച്ചുകൂടാത്തതായി തീർന്നിട്ടുണ്ട്. പാശ്ചാത്യരും പൌരസ്ത്യരും, ഹിന്തുക്കളും മുഹമ്മദീയരും, ബ്രാഹ്മണരും അബ്രാഹ്മണരും എന്നുവേണ്ടാ എല്ലാ രാജ്യക്കാരും എല്ലാ മതക്കാരും എല്ലാ സമുദായക്കാരും, പ്രത്യേകം ഓരോരുത്തർ തമ്മിൽ കൂടിയും തങ്ങൾ ജയിക്കണം, തങ്ങൾ ജയിക്കണം എന്നുള്ള മോഹത്തോടുകൂടി പരിശ്രമിക്കുകയും അന്യോന്യം കലഹിക്കുകയും ചെയ്യുന്ന ഒരു കാലമാണിതെന്നു ആരെയും പറഞ്ഞു മനസ്സിലാക്കണമെന്നു തോന്നുന്നില്ല. ഈവക അവസരങ്ങളിൽ മറ്റുള്ളവരിൽ നിന്നു നേരിടുന്ന വിരോധങ്ങളോടു എതിർക്കുന്നതിന്നും, തങ്ങളുടെ സ്വാതന്ത്ര്യാവകാശങ്ങളെ കാത്തു രക്ഷിക്കുന്നതിന്നും ലോകപരിചയം ഒന്നില്ലെങ്കിൽ ഒരിക്കലും സാധിക്കുന്നതല്ല. ചുരുക്കി പറയുന്നതായാൽ ഇന്നു ജീവിതയുദ്ധത്തിൽ ജയം നേടുന്നതിന്നുള്ള ഒരായുധം ലോകപരിചയം ഒന്നുമാത്രമാണെന്നു പറയാം. ഭരണകർത്താക്കന്മാർ, സമുദായനേതാക്കന്മാർ, പത്രാധിപന്മാർ, ഗ്രന്ഥകർത്താക്കന്മാർ മുതലായവർക്കാണ് ഇതിന്റെ ആവശ്യം അധികമായിട്ടുള്ളത്. എങ്കിലും അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതു നാട്ടുകാരുടെ കടമയാകയാൽ അവർക്കും അത്യാവശ്യം ഈവക അറിവുകൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നല്ല, രാജ്യഭരണസംബന്ധമായും സമുദായസംബന്ധമായുമുള്ള എല്ലാ കാര്യങ്ങളും ഇന്നു പൊതുജനാഭിപ്രായമനുസരിച്ചാണു നടന്നുവരുന്നത്. അപ്പോൾ ആവക അവസരങ്ങളിൽ എന്തെങ്കിലും ഒരഭിപ്രായം പറയേണ്ടതിന്നു കുറച്ചെങ്കിലും ലോകപരിചയമില്ലെങ്കിൽ എങ്ങിനെ സാധിക്കും? അതുകൊണ്ടു എല്ലാവരും ചുരുങ്ങിയ ഒരു

ലോകപരിചയമെങ്കിലും സമ്പാദിക്കേണ്ടതാണെന്നു പറയേണ്ടതില്ല.

ഇന്നു വെള്ളക്കാൎക്കുണ്ടായിട്ടുള്ള ഐശ്വൎയ്യവും, അഭിവൃദ്ധിയുമെല്ലാം അവരുടെ ലോകപരിചയം ഒന്നിന്റെ മാത്രം ഫലമാണെന്നു പറയാം. ഒന്നാമത് അവരുടെ വിദ്യാഭ്യാസംതന്നെ ഇതിന്നു വളരെ അനുകൂലമായ വിധത്തിലാണ്. സ്കൂൾ പഠിപ്പുകൊണ്ടു മാത്രം അവർ തൃപ്തിപ്പെടുന്നില്ല. രാജ്യസഞ്ചാരംകൊണ്ടേ അവരുടെ പഠിപ്പു പൂൎത്തിയാകുന്നുള്ളു. അവിടങ്ങളിൽ സ്കൂൾപഠിപ്പു കഴിഞ്ഞു വിദ്യാൎത്ഥികൾ പുറത്തിറങ്ങുന്ന സമയം ഗുരുനാഥന്മാർ അവരോടു ഉപദേശിക്കുന്നതു എന്താണെന്നു നോക്കുക:—'നിങ്ങൾ ഏതാനും ചില പുസ്തകങ്ങൾ കണ്ടിട്ടുള്ളതല്ലാതെ യഥാൎത്ഥത്തിലുള്ള ലോകം നിങ്ങൾ കണ്ടിട്ടില്ല. ഈ പാഠശാലയാണു നിങ്ങൾ വലിയലോകമായി കരുതിട്ടുള്ളത്. അതിനാൽ രാജ്യസഞ്ചാരം ചെയ്തു നിങ്ങൾ ധരിച്ചുവെച്ചിട്ടുള്ള അറിവിനെ സ്വാനുഭവപ്പെടുത്തി പൂൎത്തിയാക്കണം.' ഈ ഉപദേശത്തിന്റെ ഫലം നമുക്കു അനുഭവവുമാണല്ലോ. അവരുടെ ഇടയിൽ പല മഹാന്മാരും ലോകചരിത്രം പഠിച്ചും, രാജ്യസഞ്ചാരം ചെയ്തും, ഓരോ പുതിയ രാജ്യങ്ങളേയും ദ്വീപുകളേയും കണ്ടുപിടിച്ചും, അവിടങ്ങളിലെല്ലാം തങ്ങളുടെ ആധിപത്യം സ്ഥാപിച്ചുമാണു ഇന്നിലോകം മുഴുവനും അവരുടെ അധീനത്തിലാക്കിത്തീൎത്തിട്ടുള്ളതെന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയൊന്നുമില്ല.

കാവിൽ അവിഞ്ഞിക്കാട്ടു ദേവദാസൻ ഭട്ടതിരിപ്പാട്.

---

## കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ

# റിക്കാർട്ടുകെട്ടിൽനിന്ന്

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു 'രസികരഞ്ജിനി' പത്രാധിപരായിരുന്ന കാലത്തു കേരളത്തിലെ കേളികേട്ട പല കവികളും അവിടേക്കയച്ചിട്ടുള്ള പദ്യമയമായ ചില കത്തുകൾ ഞങ്ങളുടെ അധീനത്തിൽ കിട്ടിയിരിക്കുന്നു. അക്കാലത്തു ജീവിച്ചിരുന്ന പല കവികളുടേയും കത്തുകൾ ഇവയിൽ ഉൾപ്പെടുന്നുണ്ട്. ഇവയിൽ പലതും കവിതാഗുണംകൊണ്ടു ഭാഷയ്ക്കു ഭൂഷണമാവുന്നവയാകയാൽ, ഇതിന്നുള്ളിൽ മരിച്ചുപോയ ചില മഹാന്മാരുടെ ഗോപ്യമല്ലാത്ത കത്തുകൾ മാത്രം ഈ തലക്കെട്ടിൽ കുറേശ്ശയായി പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇവയിലെ പദ്യങ്ങൾ ഞങ്ങളുടെ സഹജീവികളിലാരെങ്കിലും പകൎത്തെഴുതുന്ന പക്ഷം അതു 'മംഗളോദയ'ത്തിൽ നിന്നെടുത്തതാണെന്നുകൂടി കാണിക്കണമെന്നപേക്ഷ— മം. പ.

# I

മാവേലിക്കര
൧൦൮൯—൯—൨൩

നഭസ്സലനിരർഗ്ഗളപ്രസൃമരപ്രഭാകന്ദള-
സ്പന്ദഗഭസ്തിമാലിഗണഗർവ്വസർവ്വങ്കഷം
ശുഭവ്യവസിതാത്മനാംസ്വവിരളീഭവൽപാപ്മനാം
മഹദ്ഭവ്യമപഹ്നുവന്ത്വിളവനൈകഭവ്യം മഹഃ

അമർത്ത്യഷണ്ഡതാവന്ദ്യമുദ്ഗശസ്ത്രധീക്ഷണതരം
ധീമതാമഗ്രഗണ്യാൽ
ഉണ്യാമസ്പൃശ്യതാപസ്യ ദ്രൗണിഗഹ്വരവ-
ദ്ഭാരവീപദ്യചേഷ്ടം
വൈദുഷ്യംവിദഗ്ദ്ധൈഷ്യംസ്തുതമിഹ സമ്പൽ-
കരമലക്ഷ്മ്യാഢ്യാ-
ന്യാസംപ്രാസംഗികതയാൽപഠിതയപദവീ-
പാരമ്യമെത്തീചിരസ്യ

അഭ്രംഗുരൈരംഗഭവദ്ഗുണൗഘൈർക്കരൈ
ഗ്ഗുംഭനിബദ്ധപ്രണയോദയമാവയോഃ
കഥംതൈശൈഥില്യമുപൈതുമദ്ഗുണൈ-
രപുഷ്കലൈർല്ലഘ്വപിതയതേകദാചിൽ.

മൗഷ്ഠ്യാൽകുന്തതവംശമൗക്തികമണേ!
ഖ്യാതസ്യവിദേഹന്മണേ-
ശ്ലിഷ്യാമാംപരമേശപരസ്മതിമാ-
നധ്യാപയതൈദേഹികം
ദേളക്ഷസ്യപദവങ്കടാദ്രിപര-
സ്യാദന്തവസൻശായന്നോ
വിജ്ഞാവാദനമിത്യതോസ്തിഭവതാം
സംബന്ധവാൻവിദ്യയാ.

ഇഹാഗത്യമഹാരാജ്ഞ്യാ
സമൈതർവിവസമൃഷം
പ്രതിപത്ത്യപ്രകർഷേണവോ
വിളംബസ്തദ്ദദിതാൻ

കോടിരക്രീഡകംഭിന്നമരവിരചിതാ-
രംഭാശംളപ്രതിജ്ഞാ-
നിർവ്വാഹാർത്ഥംയദേവശ്യകമഖിലമവ
ശ്യംവിധാസ്യേഭസ്മി
ഭ്രാതാമനെഭായികാനാംനിജചരിതമസേ-
ജന്യാനിദിഷ്ടബന്ധു.
ഹാസൌസവാഹപാംകിംപദമിഹബന്ധ്യമാ-
നസ്യാഹാദൃസ്യവാനെ.

കുമാരമംഗലാലയേശനീലകണ്ഠകേരള-
ക്ഷമാസുരേന്ദ്രസൂരിണാഭവന്നിദേശകാരിണാ
സമംസമസ്തമീരിതാസ്സഭക്തിരഭ്യുദാവലീ
മമാതനോതിമാനസംസമഭ്യുമന്ദസമ്മദം.

ഭാവസ്യഭവന്ദസ്യഭയംമങ്ഗലഭാവതു
അംഗഭംഗമാഗമാപ്യതേ ഭവതോദ്യവിശിഷ്യ ച
പരചിദ്രസപീയൂഷനിരസ്താശേഷകല്മഷഃ
അനാമയസ്സന്ഹൃദയാൻസ്വചിരംജയതാദ്ഭവാൻ.

കേരളവർമ്മാ, (സി. എസ്. ഐ.)

# II

൯൯ എടവം ൧൩-ാം-
ചങ്ങനാശ്ശേരി

ഇതളിനെഴുന്നഗ്ഗ്രമുടിയുംമുടിയും
വരസുരഭിതൻരാമാന്മൊഴിയുംമൊഴിയും
പരിമളപല്ലവങ്ങൾവിരളുംവിരളും
തിരളുമനോജ്ഞമാമ്രകലയേക്കലയെ.
കവികളനിയുമൂത്ത!
ചിരത്തരസംഭവതന്നിനി
കവികലനാദസാരം
ചൊരിന്നാകത്തിലുകാൺകയാൽ
അവിരളരസംവാട്ടും
നൽക്കാവ്യബന്ധനമിത്തരം
കവികളധന്യാപാത്രാൽ
വാങ്ങാതിരിപ്പതുമെങ്ങിനെ?

പെയ്യുന്നവാക്പടുതയുള്ളവിടുന്നിവണ്ണ-
മേയ്യാമഖിലമതുവാസ്വമാത്തിടുമ്പോൾ
പൊയ്യില്ലകൾകവികൾതിങ്ങിനഭംഗിയോടെ
ചെയ്യുന്നനൽസ്തുതിമുഖസ്ഥിതയാകയില്ലേ.

ഞങ്ങൾക്കുള്ളാരവക്കൽചാതുരിപലവിധമാക്
ക്കൊട്ടിടാനായൊരാരോ.
തീങ്ങുംഭംഗ്യാപകൾതൂന്നുമിഹകവികൾ-
ക്കുള്ളിട്ടുണ്ടെന്നും
ങ്ങളോരോന്നവണ്ണിച്ചനവധികവനം
ചെയ്യുനൽകിത്തിതങ്ങ-
ന്നിങ്ങനീവണ്ണമുന്നുമചിതമേ-
കുന്നതാനെന്റെപക്ഷം.

എന്നാലിനിക്കയി! ഭവാനഴകോടുതീർത്ത-
രിന്നാടകത്തിലധിയായ്ബഹുമാനമുണ്ട്
ചൊന്നതുപാരിലിതുപോലവിഭവാഗമോടു
ന്നായിടുന്നകവനങ്ങൾചമച്ചിടുന്നു.

ചില്ലറയായ്ച്ചില ദോഷം
വല്ലതുമുണ്ടായിയെന്നുവന്നാലും
നല്ലൊരു ഗുണസമ്പത്തി-
ന്നുള്ളിലതെല്ലാം മറഞ്ഞുപോമല്ലോ കേൾ.
ധീമൻ! പ്രബന്ധപുസ്തക-
മൊന്നുമൊഴിയാതെങ്ങശോധന ചെയ്തു
താമസിയാതെയയപ്പാൻ
പ്രേമനിധേ! വീണ്ടുമോർമ്മനൽകുന്നേൻ!

രവിവർമ്മ

## III

ചങ്ങനാശ്ശേരി

൧൦൭൫ മകരം ൧൮-ാംനു-

വൻപൊരുതാവനവന്മാരടമാടിതമഹ-
സ്സുഖമയമന്നിൽനിന്നി-
ട്ടൻപിൽത്താനങ്ങനാനാവിധ വിഭവമെഴും
നാരിയാമൃതമവിച്ച്
വൻപോത്തുംകുന്നദൈത്യാധിപനടമുടിയിൽ
ക്കേളിയാടുന്നകാളി
ചെമ്മോൽത്താരൊത്തതൃക്കാലിണയരുണമണി-
ച്ചങ്ങളിന്നിങ്ങു കാക്കമേവേൽ.
മാമകമാസത്തിൽവിട്ടപത്രവും
പ്രാമാണമായവിടെയെത്തിയില്ലയോ?
അതിനുമറുകത്തു കാണവാ-
നാതുരമാംബുദ്ധിനങ്ങൾ കാത്തുഞാൻ
എന്നിട്ടിതേവരെയുമായ്ദേവദീയപത്രം
വന്നിട്ടില്ലിതിനുകാരണമിന്നറിഞ്ഞേൻ
തന്നിഷ്ടനാകിയസഖാവിനുവന്നനാശ-
മോന്നിട്ടിങ്ങളെവലയ്ക്കുകയാണെന്നും.
കിന്ത്വമെന്തുപറയാം-
അത്രമതാരിവലത്തിട്ടുന്നരാ
മർക്കാന്യവെന്തുകിട്ട-
ദിക്കരളവാസികൾക്കുദോഷങ്ങൾ.
ആപ്പുണ്ണിപുകൾപൂണ്ടസൽകവിവരൻ
ശ്രീവെണ്മണിക്കുമാരൻ
ഹാ! വിണ്ണോർവരമന്ദിരത്തിലധുനാ
ചേർന്നെന്നറിഞ്ഞെന്നഹോ
ഉൾവന്നുള്ളോരുമാൽനിനച്ചുഹൃദയം
പൊട്ടുന്നു കഷ്ടം സഖേ!
ദൈവം ചെയ്യുന്നതൊന്നുംതടയുവാ-
നാളായിവന്നീടുമോ.

ഓരോരോരാസമയത്തിലിസ്സരസനാം
ഭൂമീസുരൻ തീർത്തതാം
മാധുര്യമേറ്റുന്നപദ്യമിന്നിമേൽ
വായിച്ചുകേൾക്കാംവിധൌ
തീരുന്നുള്ളിൽനിറഞ്ഞതിങ്ങിവളരും
സന്താപഭാരത്തിനാൽ
മാറാതങ്ങനെകണ്ണുനീരുചൊരിയാ-
തായുള്ളപോരുള്ളതിൽ!

അത്യുത്തമബുദ്ധികനുമാനന്ദം
കണ്ണുകെളിക്കുന്നോ
പീയൂഷവേപുണ്ണികൾക്കെതിരേൻ
പ്രസ്ഥംവപൊട്ടിച്ചതോ
രസ്യംമൃന്നൊതളിഞ്ഞുപൂത്തധികമാ-
യുല്ലാസമാർന്നുള്ളോ
മിത്ര്യാമൽക്കവിതാലതക്കുമിന്നിമേ-
ലെന്താണൊരാലംബനം.

ഇതിലുംവലുതാമേതൊരു ദുഃഖം
നമുക്കു പ്രേമനിധേ! ജനിച്ചിതെ
അയിനമ്മൾക്കുകാരണത്തോ-
നധുനാ ഖേദമകലെ; കഥിച്ചിടാം.

ഞങ്ങൾക്കന്യനമരകവിധമരിയൊരുസഖ
ബന്ധുവായ്ബന്ധുരശ്രീ
തിങ്ങുംനാനാഗുണങ്ങൾക്കൊരുമണിനിലയമായ്
ധർമ്മസംസക്തനായി
മംഗല്യശ്രീവിലാസം തടവിനതവ-
ല്ലായിൽരാജാവിദഗ്ധനീം
തങ്ങൾക്കുള്ളോരനന്തൈക്യമകലെവെടി-
ഞ്ഞത്തിദേവാലയത്തിൽ.

രവിവർമ്മ

## IV

൧൦൭൫ മിഥുനം ൧൫-ാംനു-

തൃശ്ശിവപേരൂർ

ശ്രീമാനാം ദേവതീതന്റെ കൃതിയെ
ബ്ബോധപ്പെടുത്തീടുവാൻ
സാമർത്ഥ്യമേറെമാത്രമെന്നകരളി-
ലൊക്കാപ്പിട്ടതല്ലേഷമാൻ
ധീമാന്മാർപലരുണ്ടൊരുത്തരമറി-
ന്നായുഭ്രമിക്കാറുമോ.
ഭീമൻകൈത്തിരികൊണ്ടുചാടിയതിന്റെ-
യന്നാവംകഴിഞ്ഞീടിനേൻ.

4 *

സൗരഭ്യപൂർണ്ണങ്ങളിക്കുസുമങ്ങളാൽ
ഭൂഷപ്പെടുത്തീടുവാൻ
ഭീരുത്വങ്ങളിയലില്ല പിന്നെയിതരൻ
ദോഷപ്പെടുത്തീടുകിൽ
വൈരം പ്രചുരിസംഭവിപ്പതിനെന്നി
ല്ലില്ലുമേകാരണം
ധീരമഗ്രസര! ഹൃത്തിലിങ്ങിനെ ഭവാൻ
ശങ്കിച്ചതത്യുത്തമം.

ധീരോത്തമ! വളർന്ന സൗഹൃദരസം
ഭേദോരുടരത്തിട്ടടൻ
വൈരോല്പത്തിനുകൂപ്പത്തിൽ വരുമാ
രോരോരുജനംവല്ലതും
ന്നേരോ എന്നിഹ തോന്നുമാറന്തതയാം
ഗീരോരോന്നുമെന്നാൾബ്ബലവാൻ
ന്നേരാക്കുതെതിനെ സ്വകീയഹൃദയ-
ത്താരേറ്റുടുപ്പിക്കലോ.

പൊരുത്തമെന്നു ജന്യഇരണനബന്ധി-
ച്ചിരിക്കമിന്നുടെമൈത്രിമേൽ
സ്സുരിക്കലുള്ളാതിളപോകമെന്നാൾ-
സ്സുരിക്കപോലും വഷളിയാത്തതല്ലേ!

ഹർഷാദനാം പൈങ്ങുരകുടകത്തിൽ
ഭോഷങ്ങളുണ്ടാല്ലതമാന്തെല്ലാം
ഭോഷഹർ! തന്നായറിയിച്ചതന്നാൾ
തോഷിച്ചമാറാറാമളുമരോരരിക്കൾ.

സി. ചന്തുക്കുട്ടിമന്നാടിയാർ.

---

# ചിത്രത്തിലെ മഹായുദ്ധം

## II

### യുദ്ധയാത്ര.

നേരം അർദ്ധരാത്രി. നീലനിറമായ ആകാശത്തിൽ നക്ഷത്രങ്ങൾ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നു. രാത്രിയിലെ വായു പതുക്കെപ്പതുക്കെ വീശിക്കൊണ്ടു, യുദ്ധം ചെയ്തു തളർന്നു വിയർത്തു വലയുന്ന ഭടന്മാരുടെ മുഖങ്ങളിലുള്ള വിയർപ്പുതുള്ളികളെ നീക്കം ചെയ്യുന്നു. പോർക്കളത്തിൽ മാംസഭക്ഷകളായ കുറുനരികൾ ഉറക്കെ ഓളിയിട്ടുകൊണ്ടു് അത്യാനന്ദത്തോടുകൂടി ശവങ്ങൾ തിന്നു ലഹള കൂട്ടുന്നു. ദൂരത്തുള്ള മൊഗളരുടെ കൈനിലയിൽ വെളിച്ചം ധാരാളമായി കാണുന്നുണ്ടു്. ഓരോ ദിക്കുകളിലായി ഭടന്മാർ തങ്ങളുടെ നേതാക്കന്മാരുടെ കല്പനയനുസരിച്ചു ചിത്രത്തിലെ പാവകൾ പോലെ നില്ക്കുന്നുണ്ടു്.

ഈ സമയത്തിൽ പുത്രൻ സാവധാനത്തിൽ തന്റെ വാസസ്ഥലത്തു ചെന്നു. തലയിൽ സ്വർണ്ണകിരീടവും നെററിയിൽ വർണ്ണതിലകവും കഴുത്തിൽ പുഷ്പമാലയും ദേഹമാസകലം കവചവും അരയിൽ തൂങ്ങിക്കിടക്കുന്ന വാളും കയ്യിൽ സുദൃഢമായ ശൂലവും പുറത്തു വലിയ വില്ലും തൂണീരവും ധരിച്ച വീരവരനായ പുത്രൻ പതുക്കെ ചെന്നു അമ്മയുടെ കാല്ക്കൽ നമസ്കരിച്ചു. ഈ മാതിരി വീരവേഷത്തോടുകൂടി വന്ന പുത്രനെ കണ്ടു് ആ വീരമാതാവിന്റെ ഹൃദയം ആനന്ദഭരിതമായിത്തീർന്നു. അവൾ കണ്ണിമയാട്ടാതെ പുത്രന്റെ ഈ അപൂർവ്വമായ വീരകാന്തി തൂകി വരുന്നതുവരെ നോക്കിക്കൊണ്ടു നിന്നു. അതിനുശേഷം ആ വീരമാതാവു പുത്രന്റെ തലയിൽ ഘ്രാണിക്കുകയും അവ

ൻെറ വദനകമലത്തെ വീണ്ടും വീണ്ടും ചുംബിക്കുകയും ചെയ്തു് ഇങ്ങിനെ പറഞ്ഞു തുടങ്ങി. "മകനേ! ഇന്നു എൻെറ മനോരഥം പൂൎണ്ണമായി. മുല തന്നു നിന്നെ വളൎത്തിയതിൻെറ ഫലവും സിദ്ധിച്ചു. വത്സ! ഇന്നു ചിതോരിലെ സേനാധിപനായി വരിയ്ക്കപ്പെട്ടനീ മൊഗളവിനാശം ചെയ്യാൻ വേണ്ടി യുദ്ധയാത്രക്കു ഒരുങ്ങിയിരിക്കുന്നു. നിൻെറ നെററിയിലെ വരണതിലകം കണ്ടിട്ടു എൻെറ ഹൃദയം എന്തൊരു ആനന്ദരസത്തിലാണു മുങ്ങിപ്പൊങ്ങുന്നതു എന്നു പറഞ്ഞറിയിക്കാൻ ഞെരുക്കമാണ്. ഈ മഹത്തായ ഉദ്ദേശം നിറവേററാൻ വേണ്ടിയാണു ഞാൻ നിന്നെ ഇത്രത്തോളം പോററിവളൎത്തിയത്. ഇതിന്നു മുമ്പുണ്ടായ മൊഗളയുദ്ധത്തിൽ നിൻെറ അച്ഛൻ വീരസ്വൎഗ്ഗം പ്രാപിച്ചു. ദുഷ്ടനായ അക്ബരുടെ സ്വന്തം കൈകൾ കൊണ്ടാണു നിൻെറ അച്ഛൻ മരണം പ്രാപിച്ചത്. അതിന്നു പ്രതിക്രിയ ചെയ്യണമെന്നുള്ള ആഗ്രഹംകൊണ്ടാണ് ആളിക്കത്തിയിരുന്ന എൻെറ ഭൎത്താവിൻെറ ചിതയിൽ ചാടി ഈ നിസ്സാരമായ ദേഹത്തെ ഞാൻ ഭസ്മമാക്കിക്കളയാതിരുന്നത്. അതിന്നുവേണ്ടിയാണ് കുട്ടിയായ നിന്നെ പോററി വളൎത്തി യുദ്ധാഭ്യാസം ചെയ്യിച്ചത്. ഭൎത്തൃഘാതകനെ നശിപ്പിക്കുവാനായി ഞാനും പിതൃഘാതകനെ കൊല്ലുവാനായി നീയും ഒരുമിച്ചു ഇന്നു യുദ്ധത്തിന്നു പോകണം. നമ്മൾ ഇരുവരുടെയും ജീവനെ ഇന്നു സാൎത്ഥകമാക്കിത്തീൎക്കണം".

തൻെറ വീരമാതാവു കവചം ധരിച്ചു പലവിധത്തിലുള്ള അസ്ത്രശസ്ത്രങ്ങളാൽ അലംകൃതയായി നില്ക്കുന്നതു പുത്രൻ കണ്ടു. അവൾ യുദ്ധത്തിന്നു പോവാൻ വേണ്ടി ഏററവും ആഗ്രഹത്തോടു കൂടി നില്ക്കുന്നു. അക്ബരുടെ ശിരഃച്ഛേദം ചെയ്തു ഭൎത്തൃവധം നിമിത്തമുള്ള വേദനയെ ദൂരീകരിക്കണമെന്നുള്ള വിചാരംകൊണ്ട് അവളുടെ മനസ്സ് ഏറ്റവും വശായിരിക്കുന്നു. പുത്രൻ ധൈൎയ്യത്തോടുകൂടി ആ രണചണ്ഡിയുടെ ശരീരം മുഴുവനും നോക്കി. സ്ഥിരമായ മിന്നൽപ്പിണരു പോലെയും തീക്കട്ടപോലെയും ജ്വലിയ്ക്കുന്ന മാതാവിൻെറ ദേഹത്തെ പുത്രൻ ഭയത്തോടുകൂടി നോക്കിക്കണ്ടു. അയാൾക്ക് ഒരക്ഷരംപോലും മിണ്ടാൻ ശക്തിയുണ്ടായില്ല. അമ്മ വീണ്ടും പറയാൻ തുടങ്ങി. 'പുത്രാ! നീ കൈലവാരവംശത്തിൻെറ ഒററമണിവിളക്കാണ്. നീ മരിച്ചാൽ ആ രാജവംശം നിന്നോടുകൂടി മുടിഞ്ഞു പോകും. പിതൃക്കൾക്കു പിണ്ഡം വെക്കാൻ ആരുമില്ലാതായിത്തീരും. എങ്കിലും സ്വാൎത്ഥരഹിതമായ ഈ ആഗ്രഹത്തെ ബലി കഴിച്ചു ജന്മഭൂമിരക്ഷയിലുള്ള ഗുരുതരവും പുണ്യവും ഓൎത്തു് ധൎമ്മയുദ്ധത്തിന്നു പോവാൻ ഞാൻ സന്തോഷത്തോടു കൂടി നിനക്കു അനുവാദം തന്നിരിക്കുന്നു. ക്ഷുദ്രമായ സ്വാൎത്ഥത്തിന്നു വേണ്ടി ജന്മഭൂമിയുടെ ക്ഷേമകാംക്ഷയെ ആർ ബലി കഴിക്കുന്നുവോ അവർ മഹാപാപികളാണ്. നരകത്തിൽ കൂടി അവൎക്കു ഇരിപ്പിടം കിട്ടുന്നതല്ല. രാജ്യരക്ഷാൎത്ഥമായ ഈ യുദ്ധത്തിൽ മുമ്പനായി പോയാലും. നിൻെറ കയ്യുകൾകൊണ്ടു മൊഗളന്മാരെ ജയിച്ചു് വിജയരഥത്തിൽ കരേറി വീണ്ടും ചിതോരനഗരത്തിൽ പ്രവേശിച്ചാലും. നിൻെറ അമ്മക്കു നിന്നോടു ഒന്നുകൂടി പ

റയാനുണ്ട്. അതും നീ കണ്ടുകൊള്ളണം. നിന്റെ ഭാൎയ്യ സുന്ദരിയും ചെറുപ്പക്കാരിയുമാണ്. അവളെ തനിച്ചു ഗൃഹത്തിൽ താമസിപ്പിച്ചു യുദ്ധത്തിന്നു പോവാൻ എനിക്കു ലേശം മനസ്സില്ല. വരാൻ പോകുന്നതിനെ പററി ഒന്നും പറയാൻ പാടില്ലല്ലോ. ഒരു സമയം മൊഗളന്മാർ യുദ്ധത്തിൽ ജയിക്കുന്നതായാൽ അവർ ആരുടേയും ജാതികുലങ്ങളെ നിലനിൎത്തുന്നതല്ല. ചിരപവിത്രമായ വംശത്തിന്നു അവർ നിശ്ചയമായും കളങ്കം വരുത്തുന്നതാണ്. അതുകൊണ്ടു അവളേയും എന്റെ ഒന്നിച്ചു യുദ്ധത്തിന്നു കൊണ്ടുപോവാൻ ഞാനാഗ്രഹിക്കുന്നു. അവൾ രാജപുത്രകന്യകയാണ്. കുട്ടിക്കാലം മുതല്ക്കേ അവൾ യുദ്ധവിദ്യ പഠിച്ചിട്ടുണ്ടു. പുത്രാ, നീ എന്റെ ഈ ആദേശത്തെ അനുസരിക്കണം."

പുത്രൻ സന്തോഷത്തോടുകൂടി അമ്മയുടെ കാല്ക്കൽ നമസ്കരിച്ചു. തന്റെ അമ്മയുടെ ഹൃദയത്തിന്റെ മഹിമയും മാഹാത്മ്യവും കണ്ടു പുത്രൻ തല കുമ്പിട്ടു. പിന്നെ പതുക്കെ ഉത്തരം പറഞ്ഞു: "അമ്മേ! പുത്രൻ അമ്മയുടെ പരിശുദ്ധമായ ആജ്ഞ അനുസരിക്കാൻ എപ്പോഴും സന്നദ്ധനാണ്". പുത്രൻ പിന്നെ അമ്മയോടു യാത്ര പറഞ്ഞു സാവധാനത്തിൽ തന്റെ ശയനമുറിയിൽ പ്രവേശിച്ചു. അസ്ത്രശസ്ത്രഭൂഷിതയും ദേവീതുല്യയും ആയ തന്റെ ഭാൎയ്യ മൂൎച്ചയുള്ള ശൂലം കയ്യിൽ പിടിച്ചുംകൊണ്ടു തന്റെ വരവുകാത്തുംകൊണ്ടു നില്ക്കുന്നതു പുത്രൻ കണ്ടു. സുകുമാരിയായ ഭാൎയ്യ തന്റെ ദേഹത്തിലുള്ള എല്ലാ ആഭരണങ്ങളും അഴിച്ചുവെച്ചു ചുകന്ന വസ്ത്രം ധരിച്ചു യുദ്ധസന്നാഹത്തോടുകൂടി ദാരികവധത്തിന്നൊരുങ്ങിയ ജഗദ്ധാത്രിയെപ്പോലെ യുദ്ധത്തിന്നു പോവാനൊരുങ്ങി നില്ക്കുകയായിരുന്നു. അവൾ ഭൎത്താവിന്റെ പാദങ്ങളിൽ നമസ്കരിച്ച് ഇപ്രകാരം പറഞ്ഞു:— "നാഥാ! എനിക്ക് അങ്ങയുടെ ഒന്നിച്ചു യുദ്ധത്തിന്നു പോവാൻ ഒട്ടുംതന്നെ യോഗ്യതയില്ലെങ്കിലും എന്നിൽ കൃപവെച്ച് ഈ ദാസിയെക്കൂടി അങ്ങയുടെ ഒന്നിച്ചു യുദ്ധത്തിന്നു കൂട്ടിക്കൊണ്ടു പോകണം. ഈ ദാസിയുടെ ക്ഷീണിച്ച കൈകൾ രൂപലാവണ്യത്തെ വൎദ്ധിപ്പിക്കാൻ വേണ്ടിയുള്ളതല്ല. മൊഗളവിനാശത്തിന്നുവേണ്ടി മൂൎച്ചയുള്ള ശരങ്ങളായി ഭഗവാൻ അവയെ എനിക്കു തന്നിട്ടുള്ളതാണ്. നാഥാ! കൂൎത്തുമൂൎത്തുള്ള ഈ ശൂലംകൊണ്ടു ശത്രുക്കളെ തകൎത്ത് അങ്ങയോടൊന്നിച്ചു ജയഭേരിയോടുകൂടി വീണ്ടും ചിത്തോരിൽ പ്രവേശിക്കാൻ ദൈവം നമ്മെ സഹായിക്കും".

ഇതു കേട്ടപ്പോൾ പുത്രന്നു ഒന്നും ചെയ്യാതെ നില്ക്കാൻ കഴിഞ്ഞില്ല. കാല്ക്കൽ കുമ്പിട്ടു കിടക്കുന്ന പ്രിയയെ പിടിച്ചെഴുനേല്പിച്ചു തൊണ്ടയിടറിക്കൊണ്ടു പ്രേമാൎദ്രചിത്തനായ പുത്രൻ പറഞ്ഞു തുടങ്ങി— "സുന്ദരി! നീ ധന്യയാണ്. നീ തന്നെയാണു യഥാൎത്ഥവീരപത്നി. നീ ചിത്തോരിന്റെ സ്വാതന്ത്ര്യദേവിയുടെ അവതാരമാണ് എന്നു ഞാൻ വിചാരിക്കുന്നു. എന്റെ ഒന്നിച്ചു യുദ്ധത്തിന്നു പോരുവാനായി ഞാൻ ഏററവും സന്തോഷത്തോടുകൂടി നിനക്ക് അനുവാദം തന്നിരിക്കുന്നു. നിന്റെ ഈ ഉത്തമകൃത്യം കണ്ടു ചിത്തോരിലെ കുലസ്ത്രീകളും കുലവധുക്കളും അത്യുത്സാഹത്തോടുകൂടി പോൎക്കളത്തിൽ പി

ചേരം. 'ജഹരവ്രത'മനുഷ്ഠിച്ച പ്രാണത്യാഗം ചെയ്യുന്നതിനേക്കാൾ ഈ മാതിരി വീര്യം കാണിച്ച ശത്രുസൈന്യങ്ങളെ തകൎത്തു പ്രാണത്യാഗം ചെയ്യുന്നതാണ് എത്രയോ നല്ലത്. അങ്ങിനെ ചെയ്യുന്നതുകൊണ്ടു രാജ്യത്തിന്നു നൂറിരട്ടി ഉപകാരമായിത്തീരുന്നതാണ്. നിന്റെ ശുഭാഗമനംകൊണ്ടു ചിതോര് ധന്യയായിത്തീൎന്നിരിക്കുന്നു. എന്റെ വംശവും ധന്യമായി. രാജപുത്രജാതിയുടെ മഹിമയും നൂറിരട്ടി വൎദ്ധിച്ചിരിക്കുന്നു. ഈ രാജപുത്രകുലസ്ത്രീകൾ അവരുടെ ഭൎത്താക്കന്മാരുടെ പ്രേമതൃഷ്ണയെ തീൎക്കാൻ മാത്രമായ പാത്രങ്ങളല്ലെന്നും, അവർ ആളിക്കത്തുന്ന തീയിനോടും മിന്നൽപ്പിണരിനോടും തുല്യകളാണെന്നും, ഭൎത്താക്കന്മാരുടെ ശത്രുക്കളുടെ ഉന്മൂലനാശം ചെയ്യാൻ ത്രാണിയുള്ളവരാണെന്നും മൊഗളന്മാർ കണ്ടു കൊള്ളട്ടെ!".

ഇങ്ങിനെ പറഞ്ഞു പുത്തൻ തന്റെ കൈകൾകൊണ്ടു കെട്ടിപ്പിടിച്ച പുതുതായ പൂമൊട്ടിനെപ്പോലെ തന്റെ പ്രിയയെ വീണ്ടും വീണ്ടും ചുംബനം ചെയ്തു. ആ ചുംബനം എത്രമാത്രം മാധുൎയ്യമുള്ളതാണ്! എത്ര അപൂൎവമായിട്ടുള്ളതാണ്! യാത്രയിലുള്ള അവ്യക്തമായ മൎമ്മവേദനകൊണ്ടു എത്രമാത്രം അഭിഷേകം ചെയ്യപ്പെട്ടിട്ടുള്ളതാണ്! ഇരുഹൃദയങ്ങളിലുമുള്ള അപൂൎവമായ വിദ്യുച്ഛക്തിയുടെ ഘൎഷണംകൊണ്ടു എത്രമാത്രം ചൂടുപിടിച്ചുള്ളതാണ്!! തൊണ്ടയിടറിക്കൊണ്ടും പ്രേമം വഴിഞ്ഞൊഴുകിക്കൊണ്ടും പുത്തൻ ഇപ്രകാരം വിചാരിച്ചു:— "എന്റെ ജന്മം സഫലമായി. എന്റെ അമ്മ വീരസ്ത്രീയാണ്. പ്രാണപ്രിയയായ ഭാൎയ്യ സ്വരാജ്യരക്ഷക്കു വേണ്ടി പ്രാണൻ കളയാൻ തയ്യാറായിരിക്കുന്നു. ഇവരിൽ ഒരാളെങ്കിലും ഞാൻ യുദ്ധത്തിന്നു പോകുന്നതിൽ വിരോധിക്കുന്നില്ല. എന്നു മാത്രമല്ല, കഴിയുന്നേടത്തോളം എന്നെ ഉത്സാഹിപ്പിച്ച് എന്റെ മനസ്സിനെ ആനന്ദിപ്പിക്കുകയും ചെയ്യുന്നു. ആരുടെ ഭാഗ്യംകൊണ്ടാണ് ഈ മാതിരി ശുഭയോഗം വന്നുകൂടിയത്? ഞാൻ ഏററവും ധന്യൻ തന്നെയാണ്!"

അന്നു രാത്രി ചിതോരനഗരത്തിൽ ഒരാളെങ്കിലും ഉറങ്ങീട്ടില്ല. നിദ്രാദേവിക്കു ഒരാളെയെങ്കിലും സ്വാധീനമാക്കാൻ കഴിഞ്ഞില്ല. ധനവാൻ, ദരിദ്രൻ, ഗൃഹസ്ഥൻ മുതലായ സകലരുടേയും വീടുകളിൽ ഒരേ മാതിരി വീരാഭിനയം നടന്നുകൊണ്ടിരുന്നു. എല്ലാ രാജപുത്രസ്ത്രീകളും തങ്ങളുടെ ഭൎത്താക്കന്മാർ, പുത്രന്മാർ, സോദരന്മാർ മുതലായവരെ യുദ്ധം ചെയ്യാൻ വേണ്ടി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. എല്ലാവരുടെ മുഖങ്ങളിൽനിന്നും യുദ്ധം യുദ്ധം എന്ന വാക്കുകളേ പുറപ്പെടുന്നുള്ളു. "യുദ്ധത്തിന്നു പോയാലും, ചിതോരിന്റെ ഉദ്ധാരത്തിന്നുവേണ്ടി വീരന്മാരെല്ലാവരും അവരവരുടെ വിലയേറിയ ജീവനെ ബലികഴിക്കട്ടെ! ആരും ശത്രുക്കൾക്കു കീഴടങ്ങരുത്. ആരും പോൎക്കളത്തിൽനിന്നു പിൻവാങ്ങരുത്! യുദ്ധത്തിൽ ജയിച്ച വിജയവേഷത്തോടുകൂടി രാജപുത്രവിജയപതാകയെ ഉയൎത്തിപ്പിടിച്ചുകൊണ്ടു വീണ്ടും ചിതോരിൽ പ്രവേശിച്ചാലും! അല്ലാത്തപക്ഷം ശത്രുക്കളുടെ ശരങ്ങളേററു ചിതോരിന്റെ പരിശുദ്ധമായ മണ്ണിനെ ചുംബിച്ചുംകൊണ്ടു വീരസ്വൎഗ്ഗം പ്രാപിച്ചാലും! ജീ

വൻ ശാശ്വതമല്ല. കീൎത്തിയാണു ശാശ്വതമായി നില്ക്കുക. രാജപുത്രസ്ത്രീകൾക്കും മരിക്കാനറിയാം. നിങ്ങൾ മരിക്കുന്നതായാൽ അവരും വേഗത്തിൽ ജ്വഹരവ്രതമനുഷ്ഠിച്ചു തീയിൽ ചാടി മരിച്ചു നിങ്ങളൊന്നിച്ചു സ്വൎഗ്ഗത്തിൽ വന്നു ചേരും. ഏറവും സ്വല്പകാലത്തേക്കുള്ള ദേഹാടിനെ കാത്തു ഭീരുക്കളെപ്പോലെ പ്രാണഭയത്തോടുകൂടി യുദ്ധാങ്കണം ഉപേക്ഷിച്ചുപോയി സ്വന്തം വംശത്തിന്നു നിങ്ങൾ കളങ്കം വരുത്തിക്കൂട്ടരുത്". ഈ മഹാമന്ത്രം ഗൃഹങ്ങൾതോറും രാജ്പുരുഷന്മാരുടെ ചെവികളിൽ മഹാമനസ്സുകളായ രാജപുത്രകുലസ്ത്രീകൾ ഓതിക്കൊണ്ടിരുന്നു. അവരുടെ കണ്ണുകളിൽനിന്ന് ഒരു തുള്ളി വെള്ളംപോലും വീഴുന്നില്ല. വ്യസനം അവരുടെ മനസ്സിനെ പീഡിപ്പിക്കുന്നില്ല. എല്ലാവരുടെ മുഖങ്ങളിൽനിന്നും ഈ മാതിരി ഉദ്ദീപനം പ്രവഹിക്കുന്നു. ഭാൎയ്യ ചുംബനം ചെയ്തു ഭൎത്താവിന്റെ ദേഹം അസ്ത്രശസ്ത്രാദികൾകൊണ്ടു അലങ്കരിക്കുന്നു. അമ്മ തന്റെ പ്രിയപുത്രനെ ആഹ്ലാദത്തോടുകൂടി വീരവേഷം കെട്ടിക്കുന്നു, സോദരി സോദരന്റെ ദേഹത്തിൽ അസ്ത്രശസ്ത്രാദികൾ ചേൎക്കുന്നു. ചിത്തോറനഗരം മുഴുവനും വിദ്യുദ്ദീപനംകൊണ്ടു ജ്വലിക്കുന്നു. ഈ ഉദ്ദീപനത്തിൽനിന്നു മനുഷ്യനെ പിടിച്ചുനിൎത്താൻ സ്നേഹം, പ്രേമം, മൈത്രി എന്നിവയ്ക്കു കഴിവുണ്ടായില്ല. അതിമഹത്തും സാൎവ്വത്രികവുമായ മാനവഹിതകാംക്ഷ അന്നു ചിത്തോറിലെ സ്ത്രീപുരുഷന്മാരെ ഒരുപോലെ ഉത്തേജിപ്പിച്ചു.

രാജകീയമായ ആയുധശാല തുറക്കപ്പെട്ടു. വീരഭടന്മാർ കൂട്ടം കൂട്ടമായി വന്നു തങ്ങൾക്കു വേണ്ട ആയുധങ്ങൾ തിരഞ്ഞെടുത്തു. എല്ലാവരും മഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നു. എല്ലാവരും മരിക്കാൻ തെയ്യാറായിരിക്കുന്നു. ചാരണന്മാർ കൂട്ടം കൂട്ടമായി വന്നു രാജമാൎഗ്ഗത്തിൽ വിജയഗാനം പാടിത്തുടങ്ങി. ബാപ്പാരായൻ, സമരസിംഹൻ, ഭീമസിംഹൻ മുതലായ ക്ഷത്രിയവീരന്മാർ ഏതേതു യുദ്ധങ്ങളിൽ ജയിച്ചിരുന്നുവോ ആവക യുദ്ധസംബന്ധമായ വിജയഗാനങ്ങൾ താളമേളത്തോടുകൂടി പാടിക്കൊണ്ടു അവർ രാജപുത്രന്മാരുടെ ഹൃദയങ്ങളിൽ വീൎയ്യാമൃതം കഴിച്ചുകൊണ്ടിരുന്നു. അവരുടെ പ്രബലമായ പ്രോത്സാഹംകൊണ്ടും ഉദ്ദീപനംകൊണ്ടും ചിത്തോറനഗരം മുഴുവനും ഉന്മദവശമായി. രാജപുത്രന്മാർ ഒന്നുകിൽ വിജയികളായിത്തീരും, അല്ലെങ്കിൽ സകലനഗരവാസികളും സ്വാതന്ത്ര്യദേവിയുടെ തൃപ്പാദങ്ങളിൽ ആത്മസമൎപ്പണം ചെയ്തു ദീൎഗ്ഘനിദ്രയേ പ്രാപിക്കും, എന്ന് അപ്പോഴത്തെ അവസ്ഥ കണ്ടാൽ ആൎക്കും ഊഹിപ്പാൻ കഴിയുന്നതാണ്.

കാണെക്കാണെ രാത്രിയുടെ മൂന്നാമത്തെ യാമവും കഴിഞ്ഞു. പെട്ടെന്നു രണഭേരികൾ മുഴങ്ങിത്തുടങ്ങി. രാത്രിയിലെ വായുവിൽ സുമധുരമായ ആ വാദ്യഘോഷം നാലുദിക്കിലും മാറൊലിക്കൊണ്ടു. ആ മധുരശബ്ദം കേട്ടപ്പോൾ വീരന്മാരുടെ ഹൃദയവും താളത്തിൽ നൃത്തം തുടങ്ങി. എല്ലാവരും യുദ്ധോചിതമായ വേഷത്തോടുകൂടി തോരണദ്വാരത്തിന്നഭിമുഖമായി ചെന്നു. യുദ്ധാഭ്യാസം ശീലിപ്പിച്ചിട്ടുള്ള കുതിരകൾ സന്തോഷസൂചകങ്ങളായ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും തങ്ങളുടെ എ

ജമാനന്മാരെ പുറത്തു കയററിക്കൊണ്ടും
തുള്ളിക്കളിച്ചു നടന്നു തുടങ്ങി. അവയും
അന്നത്തെ മഹായുദ്ധത്തിൽ ചാവാനൊ
രുങ്ങിയിരിക്കുന്നു. എല്ലാവരുടേയും മുമ്പി
ലായി ജയമല്ലനും പുത്തനും ഉച്ചൈഃശ്രവ
സ്സിനു തുല്യമായ രണ്ടു പടക്കുതിരകളിൽ
കയറി ഇന്ദ്രതുല്യന്മാരായി യുദ്ധത്തിനു പു
റപ്പെട്ടു. അവർ ഇരുവരും അന്യോന്യം
നോക്കി. ഇരുവരും വാളൂരി അന്യോന്യം
അഭിവാദ്യം ചെയ്തു. ഇരുവരും അന്യോന്യ
മനോഭാവത്തെ അറിഞ്ഞു. ഇരുവരും ഒ
ന്നും മിണ്ടാതെ യാത്ര പറഞ്ഞു. ഈ
മൌനം എത്രമാത്രം മധുരവും മർമ്മഭേദിയും
ആയിരുന്നു! ചിതോരിലെ മഹാപ്രാണ
ന്മാരായ രണ്ടുപേരും ഇപ്രകാരം യുദ്ധത്തി
നു മുതിർന്നു. ഇടിമുഴക്കംപോലെയുള്ള ശ
ബ്ദത്തോടുകൂടി ചിതോരിന്റെ തോരണ
ദ്വാരം തുറക്കപ്പെട്ടു. സേനാപതിമാർ
ഇരുവരും എല്ലാവരുടേയും മുമ്പിൽ പുറ
ത്തേക്കു പുറപ്പെട്ടു. എല്ലാ ഭടന്മാരും ദേ
ശീയഗാനങ്ങൾ പാടിക്കൊണ്ടും ഇടയ്ക്കി
ടയ്ക്കു രണശംഖങ്ങളെ ഗംഭീരമാകുംവണ്ണം
മുഴക്കിക്കൊണ്ടും, കൊടിക്കൂറ പിടിക്കുന്നവർ
സൂര്യചിഹ്നങ്ങളോടുകൂടിയ കൊടിക്കൂറക
ളെ തോളിൽ ഏററിക്കൊണ്ടും പുറത്തേക്കി
റങ്ങി. ചാരണന്മാർ നൃത്തം ചെയ്തുകൊ
ണ്ടു വിജയഗാനങ്ങൾ പാടിത്തുടങ്ങി. ഇ
പ്രകാരം ഏററവും അപൂർവ്വവും ഉന്മാദകര
വുമായ സ്വദേശപ്രേമംകൊണ്ടു ഉന്മത്ത
ന്മാരായ രാജപുത്രന്മാർ സർവ്വസ്വവും ഉ
പേക്ഷിച്ചു ജയം നേടാനായി കൂട്ടം കൂട്ടമാ
യി മൊഗളന്മാരുടെ കൈനിലയുടെ നേ
രിട്ടു ചെന്നു. ഇതിന്റെ പരിണാമം എ
ന്താണെന്നു ഈശ്വരനു മാത്രം അറിയാം.

സ്വർണ്ണതുല്യമായ അരുണകിരണ
ങ്ങൾകൊണ്ടു കിഴക്കെ ദിക്കു പ്രകാശിച്ചു
തുടങ്ങി. ഈ സമയത്തു പർവ്വതത്തിന്റെ
മുകളിൽനിന്നു ഒരു കൂട്ടം ആളുകൾ അണി
യണിയായി ജലപ്രവാഹംപോലെ കീഴ്പോ
ട്ടിറങ്ങിപ്പോകുന്നതു ചിതോരവാസികൾ
ക്കു കാണാറായി. പുത്തന്റെ വീരമാതാ
വും ഭാര്യയും വലിയ കുലങ്ങളിൽ ജനിച്ചു
മററു ക്ഷത്രിയരമണികളും കൂടി കുതിരപ്പു
റത്തു കയറി യുദ്ധസന്നാഹത്തോടുകൂടി
പോർക്കളത്തിലേക്കു പുറപ്പെട്ടു വരികയായി
രുന്നു. ഏതൊരു സ്ത്രീകൾ തങ്ങളുടെ ഗൃ
ഹങ്ങളിൽനിന്നു ഒരിക്കലും പുറത്തിറങ്ങി
ട്ടില്ലയോ, ഏതൊരുവരുടെ മുഖചന്ദ്രൻ മ
ലിനമായെങ്കിലോ എന്നു വിചാരിച്ചു സൂ
ര്യനുംകൂടി ശങ്കയോടുകൂടി തന്റെ രശ്മിക
ളെ പ്രസരിപ്പിച്ചിരുന്നുവോ, ഏതൊരുവരു
ടെ വിയർപ്പുതുള്ളികളെ വായുഭഗവാൻ മന്ദ
മായി വീശി തുടച്ചുകളഞ്ഞിരുന്നുവോ; അ
വർ ഇപ്പോൾ, ഏററവും ആശ്ചര്യകരമായ
ഇന്ദ്രജാലത്തിന്റെ ബലംകൊണ്ടു, ലജ്ജ
യും സ്ത്രീസുലഭമായ കോമളതയും എന്നു
വേണ്ട സർവ്വസ്വവും ഉപേക്ഷിച്ചു ശിരീഷ
കുസുമസുകുമാരമായ ദേഹങ്ങളിൽ ഇരിമ്പു
ചട്ടകൾ മുതലായതു ധരിച്ചു രണഗീത
ങ്ങൾ പാടിക്കൊണ്ടു മൊഗളന്മാരുടെ കൈ
നിലക്കു നേരെ ബദ്ധപ്പെട്ടു ചെല്ലുന്നു! അ
വരുടെ മഹത്തായ ഈ പ്രവൃത്തി കണ്ടു് ഉ
ത്സാഹം വർദ്ധിച്ചു് അനേകം രാജപുത്രക
ലസ്ത്രീകളും ബാലികമാരും അസ്ത്രശസ്ത്ര
ങ്ങൾ ധരിച്ചു കുതിരപ്പുറത്തു കയറി ഈ
നാരീസൈന്യത്തോടു ഒത്തുകൂടി. ഏററ
വും ഭീരുക്കളായവർകൂടി ഈ വീരസ്ത്രീകളു
ടെ അപൂർവ്വസ്വാത്മത്യാഗവും വീര്യമഹിമ

യോടുകൂടിയ അവരുടെ വേഷവും കണ്ടിട്ടു ലജ്ജാകരമായ നിൎജ്ജനവാസം ഉപേക്ഷിച്ച് ഉദ്ദീപ്തമായ മനസ്സോടുകൂടി ലോകത്തിലേക്കു ബദ്ധപ്പെട്ടു പുറപ്പെട്ടു.

ഇപ്രകാരം സ്ത്രീപുരുഷന്മാർ ഒരുപോലെ യുദ്ധത്തിന്നു പോയതുകൊണ്ടു ചിത്തോർ ജനശൂന്യമായിത്തീൎന്നു. എല്ലാവരും തങ്ങളുടെ ഏൽപിണ്ഡങ്ങളെ മുറിച്ചു ചോരകൊണ്ട് അഭിഷേകം ചെയ്തു ജന്മഭൂമിയായ ചിത്തോരിന്നു മംഗളം വരുത്താൻ ഒരുങ്ങി. ഏററവും മഹത്തായ ഈ സ്വദേശഹിതകാംക്ഷ ഒരു കാലത്തു വാസ്തവത്തിൽ ഭാരതഭൂമിയുടെ മഹിമക്കു കാരണമായിത്തീൎന്നിരുന്നു. അതു ലോകൎക്കെല്ലാം ഒരു മഹത്തായ ആദൎശസ്വരൂപമായി ഒരു കാലത്തു വിളങ്ങിക്കൊണ്ടിരുന്നു.

കേകയൻ.

# നാട്യശാസ്ത്രം

കാവ്യനാടകാദികളുടെ ഉദ്ദേശം രസാസ്വാദമുളവാക്കി വായനക്കാൎക്കു കൃത്യാകൃത്യോപദേശം ചെയ്കയാണല്ലൊ. ഈ ഉദ്ദേശം നിൎവ്വഹിക്കുന്ന കാൎയ്യത്തിൽ കാവ്യങ്ങളെക്കാൾ നാടകങ്ങളാണ് അധികം ഉപയോഗപ്പെടുന്നത്. കൃത്യാകൃത്യങ്ങളുടെ ഫലമനുഭവിച്ച കഥാപുരുഷന്മാരുടെ ചരിത്രം വൎണ്ണിക്കുന്ന ശ്രവ്യകാവ്യങ്ങളിൽനിന്നു സന്മാൎഗ്ഗപ്രവൎത്തനത്തിന്റെ ഫലം ഗുണാനുഭവമാണെന്നും, ദുൎമ്മാൎഗ്ഗസഞ്ചാരത്തിന്റെ ഫലം ദോഷാനുഭവമാണെന്നും നമുക്കു കേട്ടതിന്നുമേൽ ഊഹിച്ചറിവാനേ സാധിക്കയുള്ളു. ദൃശ്യങ്ങളായ നാടകങ്ങളിൽനിന്നാകട്ടെ കേട്ടും കണ്ടും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഏതു സംഗതിയും കേൾക്കുന്നതിലധികം കാണുമ്പോഴാണ് വ്യക്തവും വിശ്വാസയോഗ്യവുമായിത്തീരുന്നതെന്നു ലോകത്തിൽ അനുഭവമല്ലെ? രാവണൻ പരദാരപരിഗ്രഹം, പരോപദ്രവം മുതലായ അകൃത്യങ്ങൾ പ്രവൎത്തിച്ചതിന്റെ ഫലമായി വംശത്തോടെ നശിച്ചുവെന്നും അതുകൊണ്ടു നാം രാവണനെപ്പോലെയാകരുത് എന്നും ശ്രവ്യകാവ്യത്തിൽനിന്നുള്ളതിലധികം ദൃശ്യകാവ്യത്തിൽനിന്നത്രെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് കാവ്യങ്ങളെക്കാളധികം നാടകങ്ങൾക്കു പ്രാധാന്യം കല്പിച്ചിട്ടുള്ളത്. 'നാടകാന്തം കവിത്വം' എന്നു ഒരു ചൊല്ലുണ്ടാവാൻ മൂലവും ഇതാകുന്നു.

ഇങ്ങിനെ നാടകങ്ങൾക്കുള്ള ഉദ്ദേശം അനായാസേന സാധിക്കുന്നതിന്നു സഹായിക്കുന്നത് അഭിനയമാകുന്നു. ഈ അഭിനയത്തെത്തന്നെയാണ് നാട്യം എന്നു വ്യവഹരിക്കുന്നത്. നാട്യത്തിന്റെ ഉല്പത്തി കുറെ പ്രാചീനകാലത്തു തന്നെയാണെന്നു വൈദികസാഹിത്യം പരിശോധിക്കുമ്പോൾ വെളിപ്പെടുന്നുണ്ട്. നാട്യത്തിന്റെ ബീജാവാപം മുഖ്യമാസ്സുണെന്നു

വേദങ്ങളിലാണ്. വേദങ്ങളിൽ അവിടവിടെ വിശകലിതങ്ങളായ്ക്കിടക്കുന്ന നാട്യസിദ്ധാന്തങ്ങളെ ഒന്നായി സംഗ്രഹിച്ച് ബ്രഹ്മാവൊരു നാട്യശാസ്ത്രം നിർമ്മിച്ചു. അതിനെ അനുസരിച്ച് പലരും നാട്യശാസ്ത്രമാർഗ്ഗത്തെ വെട്ടിത്തെളിയിച്ചിട്ടുണ്ടെങ്കിലും, അതിൽ ഭരതമുനിയുടെ മാർഗ്ഗമാണ് കുറെ സുഗമവും പ്രയോജനപ്രദവും ആയിട്ടുള്ളത്. ഇദ്ദേഹത്തിന്റെ നാട്യശാസ്ത്രമാണ് ഇപ്പോഴും പ്രചാരത്തിലിരിക്കുന്നത്. പിൽക്കാലത്തെ സാഹിത്യശാസ്ത്രകാരന്മാരുടെ അഭിപ്രായം ഇതിനെ അനുസരിച്ചാണ്. ഭരതന്റെ നാട്യശാസ്ത്രത്തിനു മുമ്പ് 'ശിലാലി', 'കൃശാശ്വൻ' എന്നിവരാൽ നിർമ്മിക്കപ്പെട്ട നടസൂത്രങ്ങളായിരുന്നു പ്രചാരത്തിലിരുന്നത്. പരിഷ്കൃതവും സുഗമവുമായ ഭരതന്റെ നാട്യശാസ്ത്രം ആവിർഭവിച്ചതോടുകൂടി മുമ്പുള്ളവയുടെ പ്രചാരവും പ്രസിദ്ധിയും തീരെ ഇല്ലാതായി. ഭരതമുനിയുടെ കാലം മുതൽക്കു നാട്യത്തിനു തന്നെ ആകൃതിയിലും പ്രകൃതിയിലും സാരമായ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. വിശകലിതവും അപൂർണ്ണവുമായിരുന്ന നാട്യത്തെ ഭരതനൊന്നു പുതുക്കി മുഴുമിച്ച് ഒരു പുതിയ പ്രസ്ഥാനം നാട്ടിൽ വരുത്തി.

നാട്യശാസ്ത്രത്തിലെ പ്രമേയങ്ങളെ താഴെ പറയുംപ്രകാരം നാലായി വിഭജിച്ചിരിക്കുന്നു—1. പാഠ്യം 2. ഗീതം 3. അഭിനയം 4. രസം. ഇവയിൽ പാഠ്യത്തെ ഋഗ്വേദത്തിൽനിന്നും, ഗീതത്തെ സാമവേദത്തിൽനിന്നും, അഭിനയത്തെ യജുർവ്വേദത്തിൽനിന്നും, രസത്തെ അഥർവ്വവേദത്തിൽനിന്നുമാണ് സംഗ്രഹിച്ചിട്ടുള്ളത്. പാഠ്യം എന്നതു പാത്രങ്ങൾ തമ്മിലുള്ള സംഭാഷണമാകുന്നു. സ്തോത്രരൂപങ്ങളായ സൂക്തങ്ങളാലും രസാവഹങ്ങളായ വിവിധ കഥകളാലും പരിപൂർണ്ണമായ ഋഗ്വേദത്തിലാണ് സംഭാഷണരീതി നല്ലവണ്ണം കാണുന്നത്. അതുകൊണ്ടായിരിക്കാം പാഠ്യത്തെ ഋഗ്വേദത്തിൽനിന്നെടുത്തത്. ഗാനപദ്യാത്മകമായ സാമവേദത്തിൽനിന്നല്ലാതെ ഗീതം സംഗ്രഹിപ്പാൻ മറ്റു വഴിയില്ലല്ലോ. യജുർവ്വേദത്തിൽ യാഗകർമ്മങ്ങളെ പ്രതിപാദിക്കുന്നതുകൊണ്ട് അഭിനയം അതിലെങ്ങും സുലഭമാണ്. അതുകൊണ്ടത്രെ അഭിനയത്തെ യജുർവ്വേദത്തിൽനിന്നു സംഗ്രഹിച്ചിരിക്കുന്നത്. വിവിധതന്ത്രങ്ങളെ ക്രോഡീകരിക്കുന്ന അഥർവ്വവേദത്തിൽ പലേടത്തും കവിത ധാരാളമുണ്ട്. കാവ്യജീവനായ രസത്തെ അഥർവ്വവേദത്തിൽനിന്നെടുത്തത് അതുകൊണ്ടാകുന്നു. ഇങ്ങിനെ നാലു വിഷയങ്ങളടങ്ങിയതാണ് നാട്യശാസ്ത്രം.

ഇനി നാട്യമെന്നാലെന്തെന്നാലോചിക്കാം. 'നാട്യം' എന്ന ശബ്ദത്തിന്റെ അർത്ഥത്തിനു കുറെയേറെ വ്യാപ്തിയുണ്ട്. നൃത്തം എന്നർത്ഥത്തിലുള്ള 'നട' ധാതുവിൽനിന്നാണു നാട്യശബ്ദം ഉണ്ടാവുന്നുണ്ട്. അതിനു ഗാത്രവിക്ഷേപം എന്നാണ് താല്പര്യം. ആ നാട്യത്തെ നൃത്തം എന്നുതന്നെയാണ് പറയേണ്ടത്. നൃത്തത്തിനു ഗാത്രവിക്ഷേപത്തിന്റെയല്ലാതെ അഭിനയത്തിന്റെ ആവശ്യം തീരെ ഇല്ല. നൃത്തം ചെയ്യുന്നവനെ നർത്തകൻ എന്നു വ്യപദേശിക്കുന്നു. ഇനി 'നടനത്തെ' എന്നൊരു ധാതുവുണ്ട്. അതിൽനിന്നുണ്ടാകുന്ന നാട്യശബ്ദത്തിനു നൃത്യം എന്നാണർത്ഥം. നൃത്യമെന്നാൽ പദാർത്ഥാഭിനയമാകുന്നു. ഇ

തിൽ ഗാത്രവിക്ഷേപത്തിന്നു പുറമെ ആംഗികമാണ് അധികം ആവശ്യമായിട്ടുള്ളത്. നമ്പ്യാരുടെ 'പാഠകവും' ചാക്യാരുടെ 'കൂത്തും' ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. 'നടഅവസ്പന്ദനെ' എന്നു മൂന്നാമതൊരു 'നട്' ധാതുവും കൂടിയുണ്ട്. അതിൽനിന്നുണ്ടാകുന്ന നാട്യത്തിന്നു വാക്യാർത്ഥാഭിനയം എന്നാകുന്നു അർത്ഥം. ഇതിൽ ശരീരചാലനം അല്പാല്പം ആവശ്യമാണെങ്കിലും സാത്വികമത്രെ അത്യന്താപേക്ഷിതമായിക്കാണുന്നത്. പദാർത്ഥാഭിനയത്തിന്നും, വാക്യാർത്ഥാഭിനയത്തിന്നും തമ്മിൽ വ്യത്യാസമധികമൊന്നുമില്ല. പദാർത്ഥാഭിനയത്തിൽ ആംഗികങ്ങളെ മാത്രമെ അവലംബിക്കേണ്ടതുള്ളു. അതാതു സന്ദർഭങ്ങളിലെ അതാതു പാത്രങ്ങളും താനാണെന്നത്രെ ആ നടന്റെ ഭാവന. വിസ്മയാദിസ്തോഭങ്ങളെ അത്ര വ്യക്തമായി ഭാവിക്കേണ്ടതുമില്ല. വാക്യാർത്ഥാഭിനയത്തിലാവട്ടെ ആംഗികസാത്വികാദി ചതുർവിധഭേദങ്ങളുടെ സഹകരണത്തോടുകൂടി അവസ്ഥാനുകരണം ചെയ്തുംകൊണ്ടാണ് വാക്യാർത്ഥമഭിനയിക്കേണ്ടത്. ആ നടൻ ഒരു പ്രത്യേകപാത്രത്തിന്റെ പ്രതിനിധി മാത്രമേ ആകുന്നുള്ളു. ഇങ്ങിനെ നാട്യം ഗാത്രവിക്ഷേപാത്മകമായി നൃത്തമെന്നും, പദാർത്ഥാഭിനയാത്മകമായി നൃത്യമെന്നും, വാക്യാർത്ഥാഭിനയാത്മകമായി നാട്യമെന്നും മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ആദ്യത്തെ നൃത്തം എന്നതു താളങ്ങളേയും, ലയങ്ങളേയും ആശ്രയിക്കുന്നതുകൊണ്ടു താളലയാശ്രയമാകുന്നു. രണ്ടാമത്തേതായ നൃത്യമാകട്ടെ ഭാവാശ്രയമെന്നു പറയപ്പെടുന്നു. ഒടുവിൽ പറഞ്ഞ നാട്യമെന്നതു രസാശ്രയമാണ്. ഈ നാട്യത്തെത്തന്നെയാണ് അവസ്ഥാനുകരണരൂപമായ അഭിനയം എന്നു പറയുന്നത്. ഇതിൽ നടൻ ധീരോദാത്താദികളായ നായകന്മാരുടെ അതാതു ദശാവിശേഷങ്ങളെ അനുകരിച്ചു സാമാജികന്മാൎക്കു ശൃംഗാരാദിരസപ്രതീതിയുണ്ടാക്കിത്തീർക്കണം.

ഗാത്രവിക്ഷേപാത്മകമായ നൃത്തത്തെ 'ദേശി' എന്നും, പദാർത്ഥാഭിനയരൂപമായ നൃത്യത്തെ 'മാർഗ്ഗം' എന്നും വ്യവഹരിക്കുന്നു. ഇവ രണ്ടിന്നും മധുരം, ഉദ്ധതം എന്ന് ഓരോ ഭേദങ്ങളുണ്ട്. ഇതിൽ മധുരം എന്നതു സുകുമാരമാകയാൽ ലാസ്യമെന്നും, ഉദ്ധതമെന്നതു വിഷമമാകയാൽ താണ്ഡവമെന്നും പറയപ്പെടുന്നു. ലാസ്യം നിർമ്മിച്ചതു പാർവ്വതിയും, താണ്ഡവം നിർമ്മിച്ചതു ശിവനുമാണത്രെ. വാക്യാർത്ഥാഭിനയാത്മകമായ നാട്യമാണ് നാടകങ്ങളിൽ അത്യന്താപേക്ഷിതമായിട്ടുള്ളത്. എന്നാൽ നൃത്തവും നൃത്യവും ചില ഘട്ടങ്ങളിൽ ആവശ്യകങ്ങൾ തന്നെയാണ്. നൃത്തത്തിന്റെ ഉപയോഗം വരുന്നതു ശോഭയ്ക്കുവേണ്ടിയും, നൃത്യത്തിന്റേതു അവാന്തരപദാർത്ഥാഭിനയം കൊണ്ടുമാകുന്നു. കൂടാതെ, വാക്യാർത്ഥജ്ഞാനത്തിന്നു പദാർത്ഥജ്ഞാനം ഹേതുവാകയാലും, രസം പദാർത്ഥഭൂതങ്ങളായ വിഭാവാദികളെ അവലംബിക്കുന്നതുകൊണ്ടും നൃത്യം നാട്യത്തിന്നു ഒഴിച്ചുകൂടാത്ത ഒരെണ്ണമായിത്തീരുന്നു. നൃത്യകാരനും നാട്യകാരനും നടൻ എന്നു തന്നെയാണു വ്യവഹാരം.

അവസ്ഥാനുകരണരൂപമായ അഭിനയത്തെപ്പററി 'മന്ദാരമരന്ദ'ത്തിലിങ്ങിനെ പറഞ്ഞിരിക്കുന്നു:—

'ഉല്ലാദയൻസഹൃദയേ
രസജ്ഞാനംനിരന്തരം
അനുകർത്തൃസ്ഥിതോയോൎത്ഥാ-
ഭിനയസ്സോഭിധീയതേ.'

സഹൃദയന്നു ഇടമുറിയാതെ രസജ്ഞാനമുളവാകത്തക്കവണ്ണം അനുകൎത്താവായ നടൻ അനുകാൎയ്യന്റെ അവസ്ഥയെ അനുകരണം ചെയ്യുന്ന കൎമ്മമാണ് അഭിനയം എന്നു പറയപ്പെടുന്നത്. ഭരതൻ ഇങ്ങിനെയാണ് പറഞ്ഞിരിക്കുന്നത്:—

'വിഭാവായതിയസ്മാച്ച
നാനാൎത്ഥാൻഹിപ്രയോഗതഃ
ശാഖാംഗോപാംഗസംയുക്ത
സ്തസ്മാദഭിനയഃസ്മൃതഃ'

ഇങ്ങിനെയുള്ള അഭിനയത്തിന്ന് ആംഗികം, വാചികം, സാത്വികം, ആഹാൎയ്യം എന്നു നാലു ഭേദങ്ങളുണ്ട്. ആംഗികം എന്നതിന്ന് അംഗങ്ങളാൽ നിർവൃത്തമെന്നൎത്ഥമാകുന്നു. അക്ഷിസങ്കോചം, മുഖവികാരം, ഹസ്തനിർദ്ദേശം മുതലായ അവയവവ്യാപാരങ്ങളാൽ സാദ്ധ്യമായതുകൊണ്ടാണ് ആ അഭിനയം ആംഗികമായ്ത്തീരുന്നത്. നാട്യശാസ്ത്രത്തിൽ 'ത്രിവിധസ്ത്വാംഗികോജ്ഞേയഃ ശാരീരോമുഖജസ്തഥാ- തഥാചേഷ്ടാകൃതശ്ചൈവ ശാഖാംഗോപാംഗസംയുതഃ' എന്ന് ആംഗികത്തിന്നു തന്നെ മൂന്നു ഭേദങ്ങൾ പറഞ്ഞിരിക്കുന്നു. മുഖാവയവങ്ങളുടേയും ശരീരാവയവങ്ങളുടേയും ഗമനാഗമനാദിവ്യാപാരങ്ങളുടേയും സാഹായ്യത്താൽ പ്രയോജ്യമാകയാൽ മുഖജം, ശാരീരം, ചേഷ്ടാകൃതം എന്നിങ്ങിനെ അവ മൂന്നാകുന്നു. ആംഗികത്തിന്നു 'ശാഖ' എന്നും നാട്യശാസ്ത്രത്തിൽ പേർ പറഞ്ഞു കാണുന്നു. ശിരസ്സ്, പാൎശ്വം, കടി, പാദം, എന്ന ആറു അംഗങ്ങളും, പുരികം, കണ്ണ്, മൂക്ക് അധരം, കവിൾത്തടം, ചിബുകം, എന്ന ആറു ഉപാംഗങ്ങളുമാണ് ആംഗികാഭിനയത്തിന്നുപയുക്തങ്ങളായിട്ടുള്ളത്.

'വാചികം' എന്നതിന്നു വാക്കുകൊണ്ടു നടത്താവുന്ന അനുകരണം എന്നാകുന്നു അൎത്ഥം. ആദ്യാ പ്രസ്താവിച്ച പാഠ്യം ഇതിലുൾപ്പെടുന്നു. സ്തംഭം, കമ്പം, സ്വേദം മുതലായ സാത്വികവികാരങ്ങളെക്കൊണ്ടുള്ള അനുകരണം സാത്വികമെന്നാണു പറയപ്പെടുന്നത്. നടൻ സന്ദൎഭത്തിന്റെ സ്വഭാവമനുസരിച്ചു ഈ വക സ്തോഭങ്ങളെ പ്രദൎശിപ്പിക്കുമ്പോൾ മാത്രമെ അനുകാൎയ്യന്റെ രൂപം അനുകൎത്താവിൽ കാണുകയുള്ളു. ആഹാൎയ്യമെന്നതു തന്മയത്വം വരുത്താനുള്ള ഒരു പ്രത്യേകമായ ഏൎപ്പാടാകുന്നു. ശാകുന്തളത്തിൽ ദുഷ്യന്തന്റെ വേഷം കെട്ടുന്ന നടൻ താൻ ദുഷ്യന്തനാണെന്നു സാമാജികന്മാൎക്കു തോന്നാൻ വേണ്ടി രാജാവു ധരിക്കുന്ന വസ്ത്രാഭരണാദികളെയും ധരിക്കേണ്ടിയിരിക്കുന്നു. കഥാപുരുഷന്മാരുടെ ഓൎമ്മ നമുക്കു വരുവാൻ അതാതാളുകൾക്കനുരൂപമായ ആകൃതിയേയും പ്രകൃതിയേയും നടൻ സ്വീകരിക്കാതെ കഴിയുന്നതല്ല. ഇങ്ങിനെയുള്ള നാലുവിധം അഭിനയങ്ങളെക്കൊണ്ടാണ് ദൃശ്യകാവ്യത്തെ പ്രയോഗിക്കേണ്ടതു. അതുകൊണ്ടു നാടകത്തെ അഭിനേയം എന്നു വ്യവഹരിക്കാവുന്നതാണ്. നാടകപ്രയോഗത്തിന്നു അപേക്ഷിതങ്ങളായ ധൎമ്മങ്ങളെ മുഴുവനിങ്ങിനെ നാട്യശാസ്ത്രത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

സി. ശങ്കുണ്ണിനായർ.

# പരചിത്താകൎഷണം

(HYPNOTISM)

ഫ്രെഡ്രിക്ക് അന്റൺ മെസ്മർ എന്നു പണ്ഡിതനായ ഒരു ജൎമ്മൻ ഡോക്ടർ ജീവികളിൽ സഹജമായി ഒരു ആകൎഷണശക്തി അന്തൎഭവിച്ചു കിടപ്പുണ്ടെന്നും ആ ശക്തിയുടെ പ്രയോഗവിശേഷങ്ങളാൽ അനന്യസാധാരണമായ അനേകം സംഗതികൾ സാധിക്കാമെന്നും ഒരു പുതിയ സിദ്ധാന്തം ഇദംപ്രഥമമായി പ്രചരിപ്പിച്ചു. ഇതു ക്രിസ്തുവൎഷം 1766-ൽ ആണ്. ഡോക്ടർ മെസ്മറിന്റെ സിദ്ധാന്തങ്ങൾക്കെതിരായി, അവയിലുള്ള യുക്തിവൈകല്യങ്ങളെ സയുക്തികം ചൂണ്ടിക്കാണിച്ചു പ്രത്യേകമായി അന്നത്തെ വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരായ അനേകം പേരും പ്രബലമായി വാദിച്ചു. ശാസ്ത്രസംബന്ധമായി ഒരു പുതിയ അഭിപ്രായം ഒരാൾ പുറപ്പെടുവിച്ചുകഴിഞ്ഞാൽ അതിനെപ്പറ്റി രണ്ടുപക്ഷമുണ്ടാവുന്നതും പല വാദപ്രതിവാദങ്ങൾ നടക്കുന്നതും സാധാരണ സംഭവമാണ്. ശാസ്ത്രജ്ഞാനം ഇന്നത്തെപ്പോലെ ഇല്ലാതിരുന്ന പണ്ടു കാലങ്ങളിൽ മനുഷ്യസാധാരണമല്ലെന്ന് അതുവരെ വിചാരിക്കപ്പെട്ടിരുന്ന ഏതെങ്കിലും ഒരു കാൎയ്യം നൂതനമായി ആരെങ്കിലും പ്രവൎത്തിച്ചാൽ, അയാളെ തൽക്ഷണം ആഭിചാരകനായി അഭിഷേകം ചെയ്യുന്നതിനു ജനങ്ങൾക്ക് അശേഷം അധൈൎയ്യമുണ്ടായിരുന്നില്ല. ഡോക്ടർ മെസ്മറിന്റെ സിദ്ധാന്തങ്ങൾക്ക് അദ്ദേഹം കല്പിച്ച വ്യാഖ്യാനം തീരെ സയുക്തികമായിരുന്നില്ലെങ്കിലും, അദ്ദേഹം ചെയ്ത ശാസ്ത്രാന്വേഷണത്തിന്റെ ഫലമായി ഒരു നൂതനശക്തിയുടെ സത്ഭാവം പ്രത്യക്ഷമാവുകയും ആ ശക്തിയുടെ സാഹായ്യമൊ പ്രേരണയൊ കൊണ്ടു 'സമ്മോഹനവിദ്യ' അഥവാ 'പരചിത്താകൎഷണം' സാധിക്കാമെന്നു പരിശീലനത്താൽ പലൎക്കും ബോദ്ധ്യമാവുകയും ചെയ്തു. അതുമുതല്ക്കു പ്രസ്തുതവിദ്യ, ചില അഭിപ്രായവ്യത്യാസങ്ങളോടു കൂടി ക്രമേണ അഭിവൃദ്ധിയെ പ്രാപിക്കാൻ തുടങ്ങി. ശാസ്ത്രവിഷയത്തിൽ കേവലം അജ്ഞന്മാരായ ചില മനുഷ്യാധമന്മാരുടെ ജല്പവാദമായ ദോഷപ്രഖ്യാപനംകൊണ്ടു ഡോക്ടർ മെസ്മർ 'ചൈത്താൻസേവ'ക്കാരനാണെന്നും മററുമുള്ള ദുഷ്കീൎത്തിയുണ്ടാവുകയും, തന്നിമിത്തം മഹാനായ അദ്ദേഹം തന്റെ അന്നത്തെ വാസസ്ഥലമായിരുന്ന ഫ്രാൻസ് വിട്ടു സ്വരാജ്യമായ ജൎമ്മനിയിൽ പോയി താമസിക്കയും, അവിടെ വെച്ചു 1815-ൽ മരിച്ചുപോവുകയും ചെയ്തു. സമ്മോഹനവിദ്യയുടെ പിതാവായ ഡോക്ടർ മെസ്മറിന്റെ നേരെയുള്ള ബഹുമതിയുടെ സൂചകമായി, അദ്ദേഹത്തിന്റെ മരണാനന്തരം, ജൎമ്മനിക്കാരായ അനേകം ശാസ്ത്രപണ്ഡിതന്മാർ കൂടി, ബൎലിനിൽ സ്മാരകങ്ങൾ ഏൎപ്പെടുത്തിട്ടുണ്ട്. മഹാന്മാരെപ്പോലെത്തന്നെ മഹത്തായ സിദ്ധാന്ത

ങ്ങളും ആദിയിൽ അനാദരിക്കപ്പെടുന്നു. ഒരാൾ എന്തെങ്കിലും വലിയ കൃത്യം ചെയ്താൽ ജനങ്ങൾ അതിനെ തെററിദ്ധരിച്ചു വൃഥാ കണ്ഠക്ഷോഭം ചെയ്യുന്നു.

'പരചിത്താകൎഷണം' അല്ലെങ്കിൽ 'സമ്മോഹനവിദ്യ' എന്നുവെച്ചാൽ ഇന്നതാണെന്നു ഖണ്ഡിതമായ ഒരു വിവരണം കൊടുപ്പാൻ തക്കവണ്ണം, അതിലുള്ള ചില അഭിപ്രായവ്യത്യാസങ്ങൾ തീൎന്നുകഴിഞ്ഞിട്ടില്ല. ആധുനികവ്യാഖ്യാനപ്രകാരം ചൊൽത്തമായി പറയുന്നതായാൽ, അതു, മെസ്മർ കണ്ടുപിടിച്ച നൂതനമായ ആ ശക്തിയുടെ പ്രയോഗംകൊണ്ടു പ്രയോജ്യന്റെ * ഇന്ദ്രിയശക്തികൾക്കു താല്ക്കാലികമായ ഒരു മയക്കം വരുത്തിയും എന്നാൽ അയാളുടെ വിവേചനാശക്തിക്കുള്ള സ്വാതന്ത്ര്യത്തിന്മേൽ അധികാരം പ്രവൎത്തിപ്പാൻ കഴിവില്ലാതെയും ആ പ്രയോജ്യനെ ഒരു പ്രയോക്താവ് † തന്റെ അധീനത്തിൽ വെച്ചു തന്റെ ഇഷ്ടാനുസാരേണ പ്രവൎത്തിപ്പിക്കുന്ന ഒരു വിദ്യയാണ്. സമ്മോഹനവിദ്യാപ്രയോഗത്തിന്റെ ഭവിഷ്യൽഫലമായ ഒല്ലാത്ത മയക്കം, പ്രയോക്താവിന്റെ മനക്കരുത്തുകൊണ്ടു പ്രയോജ്യന്റെ മനശ്ശക്തിയെ ബലഹീനപ്പെടുത്തുന്ന ഒരു ഘോരാട്ടത്തിൽ നിന്നു ഉൽഭൂതമാകുന്ന അവസ്ഥയാണെന്നു പലരും വിശ്വസിച്ചു വരുന്നുണ്ട്. ഇത് അത്ര ശരിയായ ഒരു ധാരണയാണെന്നു തോന്നുന്നില്ല. മേല്പ്പറഞ്ഞ രണ്ടു മനശ്ശക്തികൾ തമ്മിൽ യാതൊരു മുഷ്ടിപിടുത്തവുമില്ല. നേരെ മറിച്ചു പ്രയോഗിക്കുന്ന വിദ്യകൊണ്ടു ഫലപ്രാപ്തി വേണമെങ്കിൽ നിശ്ചയമായും അവ തമ്മിൽ ഒരു പരിപൂൎണ്ണമായ ഐക്യമാണ് അവശ്യം ആവശ്യമായിട്ടുള്ളത്. എത്രതന്നെ പരിജ്ഞാനവും പരിചയവുമുള്ള ഒരു പ്രയോക്താവായാലും ശരി, അയാൾക്കു ഒരു പ്രയോജ്യനെ അയാളുടെ വിവേചനാശക്തിയുടെ ഗതിക്കു വിരോധമായി മയക്കുവാൻ സാധിക്കുന്നതല്ല. മനശ്ശക്തി തീരെ കുറവായിട്ടുള്ള ഒരു ഭ്രാന്തനൊ പ്രകൃത്യാ ഭീരുവായ വേറെ ഒരുത്തനൊ കേവലം നിഷ്പ്രയോജനമായ ഒരു പ്രയോജ്യനാണെന്നുള്ളതിനു സംശയമില്ല. നേരെ മറിച്ചു നല്ല മനക്കരുത്തുള്ള ഒരാളാണ് പ്രയോജ്യനെങ്കിൽ തന്മൂലം പ്രകൃതവിദ്യ ക്ഷിപ്രസാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ പ്രയോക്താവിന്റെ പ്രചോദനം (Suggestion) എന്താണൊ, അതിൽ തന്നെ തന്റെ മനസ്സിനെ പ്രയോജ്യനു പ്രബലമായി പ്രതിഷ്ഠിക്കുവാൻ കഴിയും. യഥാൎത്ഥമായ മനക്കരുത്തുകൊണ്ടു ഒരു പ്രയോക്താവിന്റെ വിദ്യയെ വിഫലമാക്കുവാൻ തനിക്കു കഴിയും എന്നു അഭിമാനമുള്ളവർ വാസ്തവത്തിൽ ഉൽകൃഷ്ടന്മാരായ പ്രയോജ്യന്മാരായിരിക്കും. ഇങ്ങിനെ ഒരു അബദ്ധമായ അഭിപ്രായമുണ്ടാകുവാനുള്ള കാരണം ഡോക്ടർ മെസ്മറിന്റെ മുൻ പ്രസ്താവിച്ച യുക്തിയുക്തമല്ലാത്ത വ്യാഖ്യാനപരമ്പരകളാണ്. മയക്കം ഉണ്ടാകുന്നതു, പ്രയോക്താവിന്റെ അംഗുല്യഗ്രങ്ങളിൽ നിന്നു പ്രയോജ്യന്റെ ശരീരത്തിലേക്കു പ്രവഹിക്കുന്ന ഒരു തരം ദ്രവപ

* ഈ വിദ്യ ആരിൽ പ്രയോഗിക്കുന്നുവോ ആ ആൾ = Subject

† വിദ്യ ആർ പ്രയോഗിക്കുന്നുവോ ആ ആൾ = Operator

അർത്ഥത്തിന്റെ വ്യാപാരങ്ങളാലാണെന്നാണ് മെസ്സർ നിർദ്ദേശിച്ചത്. ഈ അഭിപ്രായത്തെ ആദ്യമേതന്നെ ആരും അത്ര സ്വീകാരയോഗ്യമായി വിചാരിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ, പ്രസ്തുതശാസ്ത്രവിധിപ്രകാരമുള്ള രോഗശാന്തി പ്രയോക്തൃനെ സ്പർശിക്കപോലും ചെയ്യാതെ ദൂരത്തിൽ വെച്ചുതന്നെ നിർവ്വഹിക്കാവുന്നതും നിർവഹിച്ചുവരുന്നതുമാണ്. മെസ്സറിന്റെ ദ്രവപദാർത്ഥസംബന്ധമായുള്ള തത്വത്തെ നാൻസിപാഠശാലയിലെ പ്രധാനിയായ ലിബാൾട്ട് എന്ന പണ്ഡിതർ തന്റെ സൂക്ഷ്മതരങ്ങളായ പരിശോധനകളാൽ നിശ്ശേഷം ഖണ്ഡിച്ചിട്ടുണ്ട്.

സമ്മോഹനവിദ്യ ഫലിക്കുന്നതു, 'പ്രബോധനം' (Suggestion) ത്താലല്ലാതെ മറ്റുയാതൊന്നിനാലുമല്ല. പ്രബോധനമെന്നു പറയുന്നതു എന്താണെന്നാണ് ഇനി ആലോചിപ്പാനുള്ളത്. ശരീരത്തിന്മേലും ശരീരസംബന്ധമായ പ്രവൃത്തികളിന്മേലും സമ്മോഹനവിദ്യകൊണ്ടു മനസ്സിന്റെ ശക്തിയെ ഉപയോഗിക്കുന്നു. ഈ ശക്തി അപാരമായിട്ടുള്ളതാണെന്ന വാസ്തവത്തെ നിഷേധിപ്പാൻ ആർക്കും ശക്യമല്ല. ഈ കാരണംകൊണ്ടാണ് ഭിഷഗ്വരന്മാർ, തങ്ങളുടെ രോഗികളോടു മനസ്സിനെ വ്യാകുലപ്പെടുത്താതെ സദാ പ്രസന്നതയോടുകൂടിയിരിപ്പാൻ ഉപദേശിക്കുന്നത്. നിസ്സാരന്മാരായ ചില മുറിവൈദ്യന്മാർ ചിലപ്പോൾ സമ്പത്തുകാരായിത്തീരുന്നതിന്റെ രഹസ്യവും മറെറ യാതൊന്നുമല്ല. അവർ തങ്ങളുടെ ഔഷധങ്ങളെപ്പററി പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളിൽ അനേകതരം രോഗങ്ങളേയും ഒന്നൊഴിയാതെയുള്ള അവയുടെ ലക്ഷണങ്ങളേയും പററി വളരെ സാമർത്ഥ്യത്തോടെ എഴുതി ഫലിപ്പിക്കുന്നു. പരസ്യത്തിൽ പ്രതിപാദിക്കുന്ന ഓരോ ലക്ഷണങ്ങളും വായിക്കുമ്പോൾ, ആ വക ലക്ഷണങ്ങൾ തങ്ങളിൽ കാണുന്നില്ലേ എന്നൊരു ശങ്ക വായനക്കാരിൽ അങ്കുരിക്കുവാൻ വളരെ പ്രയാസമില്ല. എന്തിനധികം പറയുന്നു, ഏറെ താമസിയാതെ മേല്പറഞ്ഞ നിർഭാഗ്യവായനക്കാർ യഥാർത്ഥത്തിൽ രോഗികളായിപ്പരിണമിക്കയും ചെയ്യുന്നു. 'സംശയം' രോഗോല്പാദകമാണെന്നു നമ്മിൽ പലരും കേട്ടിട്ടുണ്ടായിരിക്കുമല്ലോ. രോഗകാരണങ്ങളെ ശരിയായി കണ്ടുപിടിപ്പാൻ തക്ക ശാസ്ത്രപരിജ്ഞാനമുള്ള ഒരു വൈദ്യപണ്ഡിതൻ, മേല്പറഞ്ഞ അഭിപ്രായത്തെ ആക്ഷേപിക്കുമെങ്കിൽ അദ്ദേഹം ഒന്നാലോചിക്കേണ്ടതുണ്ട്. വിഷം അത്യാപായകരമായ ഒരു പദാർത്ഥമാണെന്നു സർവസമ്മതമാണ്. എന്നാൽ വിഷം ഭക്ഷിക്കുന്ന എല്ലാവരും അതുകൊണ്ടു പ്രതീക്ഷിച്ചിട്ടുള്ള എല്ലാവക ദോഷങ്ങളും അനുഭവിക്കുന്നുണ്ടോ? ചില ശരീരപ്രകൃതി വിഷദ്രവ്യത്തെ വകവെക്കുന്നില്ലെന്നു പ്രസിദ്ധന്മാരായ വൈദ്യന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിഷം സഹിക്കാവുന്ന ആ ശക്തിയെയാണ് മനസ്സിന്റെ നിശ്ചലമായ വ്യാപാരംകൊണ്ടു വർദ്ധിപ്പിക്കയൊ ക്ഷയിപ്പിക്കയൊ ചെയ്യുന്നത്.

മേല്പറഞ്ഞ സംഗതികളെക്കൊണ്ടു, 'മനസ്സുമൂലം മൂർത്തിയെ പ്രേരിപ്പിക്കുന്ന രീതിയാകുന്നു' 'പ്രബോധന'മെന്നു ഏറക്കുറെ വ്യക്തമായിരിക്കുമല്ലോ. ഇന്ദ്രിയങ്ങളിൽകൂടി മാത്രമേ മനസ്സിൽ പ്രവേശിപ്പാൻ കഴിയൂ. മനസ്സിലേക്കു പ്രബോ

ധനത്തെ വഹിക്കുവാനായി പഞ്ചേന്ദ്രിയങ്ങളേയും ഉപയോഗപ്പെടുത്താം. എന്നാൽ സാധാരണയായി, കാഴ്ച, കേൾവി, സ്പർശം ഈ മൂന്നു മാത്രമേ ഒരു പ്രയോക്താവ് ആവശ്യപ്പെടുന്നുള്ളൂ. 'സ്വപ്രബോധന'മെന്നും 'പരപ്രബോധന'മെന്നും പ്രബോധനം രണ്ടുവകയുണ്ട്. 'സ്വപ്രബോധന'ത്തിന്റെ ശക്തി മിക്കയാളുകൾക്കും അനുഭവമുള്ളതാണ്. ഈ ലേഖനത്തിന്റെ മൂലപ്രബന്ധകർത്താവിന്നു ഒരു ദിവസം കാലത്തു നാലരമണിക്കു അടിയന്തരമായി ഒരു സ്ഥലത്തു പോകേണ്ടതുണ്ടായിരുന്നു. സംഗതിവശാൽ അദ്ദേഹത്തിനു രാത്രി 2 മണിവരെ ഉറങ്ങാൻ സാധിച്ചതുമില്ല. അപ്പോൾ പോയി കിടന്നുറങ്ങിയാൽ ക്ലിപ്തസമയത്തിന്നു ഉണരുവാൻ സാധിക്കുന്നതല്ലെന്നു തോന്നി അദ്ദേഹം 'ഉറക്കമുണർത്തിയന്ത്രം' ക്രമപ്പെടുത്തി വെച്ചു നിദ്രയാരംഭിച്ചു. യന്ത്രം അതിന്റെ പ്രവൃത്തി നടത്തേണ്ടതു നാലരമണിക്കായിരുന്നു. എന്നാൽ അതിനു മുമ്പു അദ്ദേഹം കൃത്യം നാലേകാൽ മണിക്കു ഉറക്കമുണർന്നു. ഈ സംഭവം സ്വപ്രബോധത്തിന്റെ ഒരു ദൃഷ്ടാന്തമാണ്. ആ സമയത്തു ഉണരേണ്ടതാണെന്നുള്ള വിചാരം അദ്ദേഹത്തിന്ന് ആദ്യമേ ഉണ്ട്. എന്നു വെച്ചാൽ ആ സമയത്തു തന്നെ കൃത്യമായി ഉണരേണ്ടതാണെന്നുള്ള ഒരു പ്രബോധനം തന്റെ മനസ്സിൽ താൻ തന്നെ പ്രവേശിപ്പിച്ചിട്ടാണ് ഉറങ്ങുവാൻ തുടങ്ങിയത്. അതുനിമിത്തം ഉണരേണമെന്ന പ്രബോധനത്താൽ ശുഷ്കാന്തിയോടുകൂടിയ മനസ്സു മൂർത്തിയെ പ്രേരിപ്പിച്ചു-- ഉണർത്തി. പരപ്രബോധനശക്തി, സ്വപ്രബോധനശക്തിയുടെ സാഹായ്യത്താൽ മാത്രമേ സഫലമാവുകയുള്ളൂ. പ്രയോജ്യന്നു, പ്രയോക്താവിൽനിന്നു ആദ്യം ഒരു പ്രബോധനശക്തി സിദ്ധിക്കുന്നു. ആ പ്രബോധനത്തെ സ്വപ്രബോധനശക്തിയാൽ തന്റെ മനസ്സിലേക്കു പ്രവേശിപ്പിക്കുന്നു. അതിനാൽ പരചിത്താകർഷണം എന്നതു, പ്രബോധനമാണെന്നും അതു മൊത്തത്തിൽ സ്വപ്രബോധനത്തെ അവലംബിച്ചു നില്ക്കുന്നുവെന്നും വ്യക്തമാകുന്നതുകൊണ്ടു, ഒരു മനുഷ്യന്റെ ഇച്ഛാശക്തിക്കു പ്രതികൂലമായി അയാളിൽ സമ്മോഹനവിദ്യ സഫലമായി പ്രയോഗിക്കാമെന്നുള്ള വാദം കേവലം അടിസ്ഥാനരഹിതമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യാമെന്നു പറയുന്നതു പ്രസ്തുതശാസ്ത്രത്തിന്റെ പ്രബലമായിത്തീർന്നിട്ടുള്ള യുക്തിക്കു വിരോധവുമാണ്.

സമ്മോഹനവിദ്യ പരിശീലിക്കുന്നതിനാൽ പ്രയോക്താവിന്റെയും പ്രയോജ്യന്റെയും ശരീരബന്ധത്തിന്നു ഗണ്യമായ ഹാനി തട്ടുമെന്നാണു ചിലർക്കുള്ള മറ്റൊരാക്ഷേപം. അനേകം സംവത്സരക്കാലമായി പ്രസ്തുതവിദ്യ പ്രയോഗിച്ചു വരുന്ന പലരുമുണ്ടു. അവർ ഇന്നും നല്ല ആരോഗ്യവും പ്രസരിപ്പുമുള്ളവരായിട്ടുതന്നെയാണ് കാണപ്പെടുന്നത്. ഈ വിദ്യയിൽ മനുഷ്യരെ ബലഹീനരാക്കുന്നതിന്നു കാരണമായ യാതൊന്നും തന്നെ ഇല്ല. റെവറണ്ടു ഷ്ലാത്തോൽട്ടർ ഇപ്രകാരം പറയുന്നു:— 'സാധാരണ ഉറക്കംകൊണ്ടു മനസ്സിന്നും ശരീരത്തിന്നും ഉണ്ടാകാവുന്നതിൽ അധികമായി യാതൊരു ഹാനിയും പ്രബോധനത്താലുള്ള മയക്കംകൊണ്ടു ഉണ്ടാവുന്നി

ല്ല. ക്രമാതീതമായി ഉറങ്ങുന്ന ഒരു മനുഷ്യൻ കാലാന്തരത്തിൽ ബുദ്ധിഹീനനും ഏറെക്കുറെ അശക്തനുമായിത്തീരുന്നു. അതുപോലെയുള്ള ഒരനുഭവം മാത്രമേ, കൂടക്കൂടെയോ, വളരെ അധികനേരമോ, ഈ വിദ്യ പ്രയോഗിക്കയോ പ്രയോഗിക്കപ്പെടുകയോ ചെയ്യുന്നവൎക്കുമുള്ളു. എന്നാൽ പ്രസ്തുതസംഗതിയിലുള്ള ഈ ദോഷവും ഒരു പ്രകാരത്തിൽ ഇല്ലായ്മചെയ്യാവുന്നതാണ്. സമ്മോഹനവിദ്യയുടെ അഭ്യസനം വിശേഷിച്ചു പ്രയോക്താവിൽ യാതൊരു ദുഷ്ഫലത്തേയും ചെയ്യുന്നില്ല. നേരെമറിച്ചു പ്രയോജ്യനു ലഭിക്കുന്ന ഗുണം പ്രയോക്താവിലും പ്രതിഫലിക്കും. പ്രയോക്താവു വേദന ഇല്ലായ്മ ചെയ്വാൻ ശക്തിയുള്ള ഒരുവനാണെങ്കിൽ, പ്രയോഗമദ്ധ്യേ സ്വപ്രബോധനന്യായേന, അയാളിലുള്ള വല്ല വേദനകളും ദൂരീകൃതമാവുന്നതാണ്. അമേരിക്കയിലും മററു പല യൂറോപ്യരാജ്യങ്ങളിലും പരചിത്താകൎഷണവിദ്യയുടെ നിദാനമായ ശാസ്ത്രം വൈദ്യവിഷയത്തിലും, ശസ്ത്രപ്രയോഗങ്ങളിലും അനൎഘമായ സഹായമായിത്തീൎന്നിട്ടുണ്ടെന്നു സമ്മതിച്ചുകാണുന്നുണ്ട്. ബെൽജിയത്തിൽ, സാധാരണന്മാൎക്കു കൂടി ഈ വിദ്യ അഭ്യസിക്കാൻ യാതൊരു നിയമതടസ്സവുമില്ല.

'പരചിത്താകൎഷണ'ശാസ്ത്രജ്ഞന്മാർ എന്നു പറയുന്ന അവർ ശ്രേഷ്ഠാത്മാക്കളുടെ സാഹായ്യത്തെ ആശ്രയിക്കുന്നുവെന്നു ആധുനികകാലത്തും വല്ല ധൎമ്മശാസ്ത്രജ്ഞന്മാരും വിചാരിക്കുന്നുണ്ടെങ്കിൽ അതത്ര വിലവെപ്പാനുണ്ടെന്നു തോന്നുന്നില്ല. എന്നാൽ പ്രസ്തുതവിദ്യ ദുസ്സന്മാൎഗ്ഗികങ്ങളായ വിഷയങ്ങളിൽ ഉപയോഗിക്കാമെന്നു ഇന്നും അനേകം പേർ പ്രബലമായി വാദിക്കയും വിശ്വസിക്കയും ചെയ്യുന്നത്, ഇതിന്റെ മാഹാത്മ്യത്തിനു ഗണനീയമായ ഒരു ന്യൂനതയാണ്. പ്രയോക്താവിന്റെ പരിപൂൎണ്ണമായ ഭരണത്തിൻകീഴിലാണ് പ്രയോജ്യൻ സ്ഥിതിചെയ്യുന്നത് എന്ന തത്വത്തിന്മേലാണ് പ്രകൃതവാദം അടിസ്ഥാനപ്പെട്ടു നില്ക്കുന്നത്. ഈ തത്വം അവിതൎക്കിതമാണെങ്കിൽത്തന്നെ, മഹത്തായ ഈ ശാസ്ത്രത്തെ നിന്ദിക്കുന്നതിൽ എന്തു ന്യായമാണുള്ളത്? ദുൎവിനിയോഗം ചെയ്വാൻ കഴിയാത്തതൊ, ചെയ്യാത്തതൊ ആയ എത്ര സൽകൎമ്മങ്ങളുണ്ട്? ജ്ഞാനത്തിന്റെ അഭിവൃദ്ധിക്കും പ്രചാരത്തിന്നും എത്രയോ ഉൽകൃഷ്ടസാമഗ്രിയായ 'അച്ചടിവിദ്യ'യെത്തന്നെ എതെല്ലാം പ്രകാരത്തിൽ ദുൎമ്മാൎഗ്ഗത്തിൽ വിനിയോഗിക്കുന്നു? എന്നുവെച്ചു ആരാനും അതിനെ നിന്ദിക്കുന്നുണ്ടോ? പ്രയോക്താവിന്റെ പ്രയോഗവൈശിഷ്ട്യംകൊണ്ടു നിദ്രാമോഹത്തിൽ ഉൾപ്പെടുന്ന ഒരാളുടെ വിവേചനാശക്തിക്കു യാതൊരു ഹാനിയും തട്ടുന്നില്ലെന്നും ആ വിവേചനാശക്തിയുടെ വ്യാപാരത്തിന്നു വിഷയമാക്കി എതാനും പ്രബോധനങ്ങൾ നല്കുകമാത്രമേ പ്രയോക്താവു ചെയ്യുന്നുള്ളുവെന്നും മുൻ പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. പ്രയോജ്യനു തന്റെ വിവേചനാശക്തികൊണ്ടു തന്റെ ഏതു പ്രവൃത്തിയേയും നിയന്ത്രിക്കുവാനുള്ള പൂൎണ്ണസ്വാതന്ത്ര്യം എപ്പോഴും ഉണ്ട്. അയാൾ സന്മാൎഗ്ഗവിരുദ്ധങ്ങളായ പ്രബോധനങ്ങളെ സ്വീകരിച്ചു പ്രവൎത്തിക്കുന്നുവെങ്കിൽ, അ

ത്തു അയാളുടെ വിവേചനാശക്തിയോടുകൂടിയാണെന്നു ഇനി വേറെ പറയേണ്ടതില്ലല്ലൊ. അറിവോടുകൂടി ദുഷ്കൃതികളെ ചെയ്തു ദുർമ്മാർഗ്ഗങ്ങളിൽ പ്രവേശിക്കുന്ന ഒരുവൻ എത്രമേൽ കുററക്കാരനൊ അത്ര തന്നെ കുററക്കാരനാണു സന്മാർഗ്ഗവിരുദ്ധങ്ങളായ പ്രബോധനങ്ങൾക്കു വശംവദനാകുന്ന ഒരു പ്രയോജ്യനും. ഈ വാസ്തവത്തെ മുൻനിർത്തിയുംകൊണ്ടാണ് അമേരിക്ക മുതലായ പരിഷ്കൃതരാജ്യങ്ങളിലെ ഗവൺമെണ്ടുകൾ പരചിത്താകർഷണവിദ്യകൊണ്ടു പരിപൂർണ്ണമായി വശീകരിക്കപ്പെട്ടുപോയി എന്ന സമാധാനം സ്വീകാരയോഗ്യമായി വിചാരിച്ചിട്ടില്ലാത്തത്. പ്രയോജ്യൻ തന്റെ വിവേചനാശക്തിയെ സ്വതന്ത്രമായി വിനിയോഗിച്ച പ്രസിദ്ധവും ദൃഷ്ടാന്തപൂർവ്വവുമായ ഒരു സംഗതി പറയാം, യോഗ്യരായ അനേകം സ്ത്രീപുരുഷന്മാരടങ്ങിയ ഒരു സദസ്സിൽവെച്ച് ഒരിക്കൽ സമർത്ഥനായ ഒരു പ്രയോക്താവു ആറാളുകളെ സമ്മോഹനവിദ്യയാൽ ചിത്താകർഷണം ചെയ്തു. അവരുടെ പുറത്തു കടിക്കുന്ന ഒരു തരം ഈച്ചവന്നിരിക്കുന്നുണ്ടെന്നാണ് അവരെ പ്രബോധിപ്പിച്ചത്. ഉടൻതന്നെ അവരിൽ 5 പേർ തങ്ങളുടെ മേൽക്കുപ്പായവും അരച്ചട്ടയും അഴിച്ചുമാററി. ഒരാൾ എന്തുകൊണ്ടൊ, തന്റെ മേൽക്കുപ്പായം മാത്രം എടുത്ത് അരച്ചട്ട അഴിക്കാതെ നിന്നു. അതുംകൂടി അഴിച്ചുമാററിക്കുന്നതിന്നു പ്രയോക്താവു പഠിച്ച വിദ്യയെല്ലാം നോക്കിയെങ്കിലും, അയാൾ, ആ അറുപേരിൽ ഉത്തമനായ പ്രയോജ്യനായിരുന്നിട്ടും, സാധിക്കാതെ പിന്മാറേണ്ടിവന്നു. പിന്നീട് അന്വേഷിച്ചതിൽ, ആ പ്രയോജ്യൻ ധരിച്ചിരുന്ന ഷർട്ടിന്മേൽ ഒരു വലിയ കീറൽ ഉണ്ടായിരുന്നതായി അറിഞ്ഞു. അങ്ങിനെ ഒരു കീറൽ ഉണ്ടെന്നും അതു ഒരു മാന്യസദസ്സിൽവെച്ചു മററുള്ളവർ അറിയുന്നതു ലജ്ജാവഹമാണെന്നും ഉള്ള സംഗതി അയാളുടെ വിവേചനാശക്തിക്ക് അതീതമായിരുന്നില്ല എന്നല്ലയൊ ഇതിൽനിന്നുള്ള ന്യായമായ അനുമാനം? ഈ തത്വത്തെ പ്രബലമായി പിൻതാങ്ങുന്ന അനേകം ദൃഷ്ടാന്തങ്ങൾ ഇനിയുമുണ്ട്. താൻ പ്രബലമായിപ്പിടിച്ചിട്ടുള്ള നിശ്ചയങ്ങൾക്ക് എതിരായി ഏതെങ്കിലും ഒരു സംഗതി പ്രയോക്താവു പ്രബോധിപ്പിക്കുന്നതായാൽ പ്രയോജ്യന്റെ വിവേചനാശക്തി തൽക്ഷണം അതിന്റെ പ്രവൃത്തി ചെയ്യാതിരിക്കുന്നതല്ല. ചിത്താകർഷണം വന്ന അവസ്ഥ മിക്കവാറും ഒരു നിദ്രാമോഹമാണ്. ഈ മയക്കത്തിൽ പ്രയോജ്യന്റെ മനസ്സാക്ഷി അനുവദിക്കുന്നേടത്തോളവും മര്യാദയുടെ അതിരു ലംഘിക്കാതെയും പ്രയോക്താവിന്റെ ഇഷ്ടാനുരോധേന പ്രവർത്തിപ്പാൻ സന്നദ്ധനാവുന്നു; ആലോചിപ്പാനും അന്വേഷിപ്പാനും അലസത അയാളെ അനുവദിക്കുന്നില്ല; എന്നാൽ തന്റെ ന്യായബുദ്ധിക്കു വിരുദ്ധമെന്നു തോന്നിയാൽ കീഴടങ്ങുകയുമില്ല.

സമ്മോഹനവിദ്യ, ദുഷ്പ്രവൃത്തികളിലും വിനിയോഗിക്കാമെന്നുള്ള സിദ്ധാന്തത്തെ ആകെ നിഷേധിപ്പാൻ സാധിക്കയില്ല. അങ്ങനെ വിനിയോഗിച്ചിട്ടുള്ളതായി പറയപ്പെടുന്നുമുണ്ട്. എന്നാൽ സന്മാർഗ്ഗവിരുദ്ധമായ പ്രബോധനങ്ങൾ, അസന്മാർഗ്ഗവിഷയങ്ങളിൽ പ്രതിപത്തിയുള്ള ഒരാൾ

ക്കം', അല്ലെങ്കിൽ പ്രയോക്താവിനെ മറുത്തുനില്ക്കുവാൻ കഴികയില്ലെന്നു വിചാരിക്കുന്ന ഒരുവനൊ മാത്രമെ സ്വീകരിക്കുവാൻ സാധിക്കു എന്നുള്ളതു സംശയരഹിതമായ സംഗതിയാണ്.

ഈ ശാസ്ത്രത്തിന്റെ ഏററവും ന്യായ്യവും ഉപകാരപ്രദവുമായ ഉപയോഗം രോഗശാന്തിക്കുള്ള ഒരു പ്രതിവിധി എന്ന നിലയിലാണ്. 1907-ൽ ആംഗ്ലവൈദ്യസമാജത്തിന്റെ ഒരു സമ്മേളനത്തിൽ വെച്ചു ഡാക്ടർ ജെ. എഫ്. വുഡ്സ് എന്ന വൈദ്യവിദഗ്ദ്ധൻ താൻ സമ്മോഹനവിദ്യകൊണ്ടു ചികിത്സിച്ച 881 സിരാശൈഥില്യരോഗികളിൽ 711 പേർ പൂർണ്ണസുഖം പ്രാപിച്ചതായും 84 പേർ അപായസ്ഥിതിയിൽനിന്നു വിട്ടു മാറിയതായും പ്രസ്താവിച്ചിരിക്കുന്നു. വിയന്നായിലെ മനഃശാസ്ത്രപണ്ഡിതരായ ഡി. ബി. ഫോൺ ക്രാഫ്റ്റ് എബിംഗ് ഇങ്ങിനെ പറയുന്നു:— കേവലം മൌഢ്യംകൊണ്ടും പക്ഷപാതംകൊണ്ടും ചിത്താകർഷണപ്രബോധനങ്ങളുടെ വാസ്തവങ്ങളെ വിസ്മരിച്ചു, തന്മൂലം തങ്ങളുടെയും തങ്ങളുടെ അധീനരായിരിക്കുന്ന അനവധി രോഗികളുടെയും നഷ്ടത്തിനായി മാത്രം ഇത്ര മഹത്തായ ഒരു രോഗശമനസമ്പ്രദായം ഉപയോഗപ്പെടുത്താത്ത ഉന്നതനിലയിലുള്ള വൈദ്യശാസ്ത്രപ്രവീണന്മാർ ഇപ്പോഴും ഉണ്ടെന്നറിയുന്നതു ശോചനീയം തന്നെ. ലിപ്സിഗ് സർവ്വകലാശാലയിലെ ഒരു പണ്ഡിതനും സിരാരോഗത്തിൽ പ്രത്യേകവൈദഗ്ദ്ധ്യമുള്ള ഒരാളുമായ ഡാക്ടർ പി.ജെ.മോബിയസ്സിന്റെ അഭിപ്രായത്തിൽ ഇതുപോലെ അനുപദ്രവകരമായ ഒരു ചികിത്സാരീതി വേറെയില്ലെന്നാണ്. സമ്മോഹനവിദ്യ വൈദ്യസംബന്ധമായി പ്രയോഗിപ്പാൻ ആരും അനുവദിക്കരുതെന്നു താക്കീതു ചെയ്യുന്ന വൈദ്യന്മാരുണ്ടെങ്കിൽ അവർ ഇങ്ങനെ പറയുന്നതു തങ്ങളുടെ അനുഭവംകൊണ്ടറിഞ്ഞിട്ടില്ലെന്നും പിന്നെയൊ ശാസ്ത്രീയമായ അഭിപ്രായവ്യത്യാസംകൊണ്ടു മാത്രമാണെന്നും നിരാക്ഷേപമായ വാസ്തവമാണ്.

തക്കതായ പ്രബോധനങ്ങൾ യഥായോഗ്യം നൽകാൻ സാധിക്കുന്നതിലാണ് പരചിത്താകർഷണത്തിന്റെ വിജയം. പ്രസ്തുതശാസ്ത്രത്തിനു ആശാസ്യമായ ഒരു ഭാവിയെ നമുക്കു പ്രതീക്ഷിക്കാം. കുട്ടികളെ വളർത്തൽ, കുററക്കാരോടു പെരുമാറൽ മുതലായി സാന്മാർഗ്ഗികസംഭാഷണം കരുതായിക്കരുതേണ്ട സംഗതികളിൽ ആണ് ഈ ശാസ്ത്രത്തിന്റെ പ്രയോജനം പ്രത്യേകമായി ഗണിച്ചിട്ടുള്ളത്. ചില ആളുകൾ കുട്ടികളുടെ സാന്നിധ്യം ഗണ്യമാക്കാതെ സഭ്യമല്ലാത്ത വാക്കുകൾ പറയുന്നതും ഗുണദോഷചിന്തനസ്സു പ്രാപ്തിയായിട്ടില്ലാത്ത കുട്ടികൾ അതിനെ അനുകരിക്കുന്നതും നാം കണ്ടുവരുന്നതാണല്ലൊ. ഇതിന്റെ ശാസ്ത്രീയമായ കാരണം കുട്ടികളുടെ പ്രബോധനഗ്രഹണശക്തിക്കുള്ള തീക്ഷ്ണതയും നമ്മുടെ മേൽപ്പറഞ്ഞ അവിചാരിതസംഭാഷണമൂലം നാം അവർക്കു നൽകുന്ന പ്രബോധനവുമാണ്. ഇതിൽനിന്നു ശരിയായ പ്രബോധനം ന്യായ്യമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതായാൽ കുട്ടികളുടെ ബുദ്ധിയെയും സന്മാർഗ്ഗപ്രകൃതികളെയും സവിശേഷം സംസ്കരിക്കുന്നതിനു സാധിക്കുമെന്നു തെളി

യുന്നു. സാമദാനാദികളും സാന്മാൎഗ്ഗികങ്ങളായ പ്രേരണകളും ഉപദേശങ്ങളും ഫലിക്കാതെ ദുർമ്മാൎഗ്ഗങ്ങളിൽ ചരിച്ചിരുന്ന കുട്ടികളെ സമ്മോഹനവിദ്യയുടെ പ്രയോഗംകൊണ്ടു യഥാവിധി പരിഷ്കരിച്ചു സന്മാൎഗ്ഗികളാക്കിത്തീൎത്തിട്ടുള്ളതായും അങ്ങിനെയുള്ള കുട്ടികൾ പൂൎവ്വാധികം ബുദ്ധിശക്തിയോടും ധാരണാശക്തിയോടും കൂടി വളരെ പ്രസരിപ്പുള്ളവരായി കാണപ്പെട്ടിട്ടുള്ളതായും ഡാക്ടർ ഫോർബസ് വിൻസ്ലോ എന്ന പണ്ഡിതൻ അനുഭവസാക്ഷിയായി പറഞ്ഞിട്ടുണ്ട്.

ശസ്ത്രക്രിയ ചെയ്യുന്നതിൽ സമ്മോഹനവിദ്യ ഒരു ഉത്തമ സഹായമാണ്. ബോധക്ഷയം ഉണ്ടാക്കുന്ന ഒരു ഔഷധത്തിന്റെ നിലയിൽ ഇതു ക്ലോറോഫോറത്തെക്കാൾ ഉൽകൃഷ്ടതരവും കേവലം നിരുപദ്രവവുമാകുന്നു. പക്ഷെ, രോഗബാധിതനായ ഒരു ആൾക്കു പ്രയോജനഫലപ്രാപ്തിക്കു കൂടിയേ കഴിയു എന്നുള്ള ഏകാഗ്രചിത്തതയും വേണ്ടവിധം ഉണ്ടാകാൻ വഴിയില്ല എന്ന ഒരു ന്യൂനതയുണ്ട്. ആയതിനാൽ ക്ലോറോഫോറത്തോടുകൂടി ഈ വിദ്യയും പ്രയോഗിച്ചാൽ അനുഭവം സുലഭസാധ്യമാകുന്നതും തന്നിമിത്തം ഉപദ്രവകരവും ചിലപ്പോൾ അപായകരവുമായ ക്ലോറോഫോറത്തിന്റെ ദോഷത്തെ ഇല്ലായ്മ ചെയ്യാവുന്നതുമാകുന്നു.

കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിലേക്കായി, അമേരിക്കയിൽ, സമ്മോഹനവിദ്യ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഈ വിഷയത്തിൽ അനിതരസാധാരണമായ പാണ്ഡിത്യമുള്ള ഡോക്ടർ വിൻസ്ലൊ ഉദ്യോഗസംബന്ധമായി പ്രവേശിച്ചു ശരിയായ തെളിവെടുത്തിട്ടുള്ള പല ക്രിമിനാൽകേസ്സുകളുമുണ്ട്. തന്റെ ഗൃഹത്തിൽ അതിഥിയായി വന്ന തന്റെ അമ്മയെ 80000 ഡോളറിന്റെ അവകാശലബ്ധിയെ ഉദ്ദേശിച്ച്, വിഷം കൊടുത്തു മൃതിപ്പെടുത്തി എന്ന കുററം ചുമത്തപ്പെട്ട ന്യൂയോർക്കിലെ ഒരു യുവതിയെ സമ്മോഹനവിദ്യകൊണ്ടു സ്വാധീനമാക്കി യഥാൎത്ഥം വെളിപ്പെടുത്തി എന്നും തന്റെ അഭിപ്രായത്തെ പ്രത്യക്ഷലക്ഷ്യങ്ങളോടു സംഘടിപ്പിച്ച് തന്റെ യുക്തിപ്രാമാണ്യത്തെ ഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തി എന്നും മേൽപ്പറഞ്ഞ ഡാക്ടർ തന്നെ പ്രസ്താവിച്ചിരിക്കുന്നു.

പരചിത്താകർഷണവിദ്യ ശരിയായി പരിശീലിക്കുന്നതായാൽ, അതു വിദ്യാഭ്യാസം, കുററാന്വേഷണം, രോഗശാന്തി എന്നിവകളിൽ നാം അനുഷ്ഠിക്കുന്ന ആധുനികരീതികളെ സവിശേഷം പരിഷ്കരിക്കുന്നതാകകൊണ്ടും പ്രയോജനശക്തിയുടെ ശരിയായ ജ്ഞാനം ഇല്ലാത്തതിനാൽ അനേകം അരിഷ്ടതകൾ നാം അനാവശ്യമായി അനുഭവിച്ചുവരുന്നതുകൊണ്ടും പ്രസ്തുത ശാസ്ത്രം പരിചിതമാക്കുന്നത് എല്ലാതരത്തിലുമുള്ള മനുഷ്യർക്കും അത്യന്താപേക്ഷിതമായിത്തീൎന്നിരിക്കുന്നു. ഇദാനീന്തനപണ്ഡിതന്മാർ, അത്ഭുതകരമായ ഈ ശാസ്ത്രത്തിന്റെ ആശ്ചൎയ്യകരങ്ങളായ ഫലങ്ങളെ പ്രത്യക്ഷമായി കണ്ടിരിക്കുന്ന ഇക്കാലത്തു, പ്രാചീനഋഷിപുംഗവന്മാരെ അനുകരിച്ചു വിരോധഭാവത്തിൽ വൎത്തിക്കുന്ന മാന്യസഹോദരന്മാർ തങ്ങളുടെ നിഷ്പ്രയോജനമായ ആയുധങ്ങളെ വെടിഞ്ഞു മുൻപറഞ്ഞവരുടെ സഹകാരികളായിത്തീൎന്നാൽ എത്ര നന്നായിരുന്നു! ഡാക്ടർ വിൻസ്ലോ

വിന്റെ മറെറാരഭിപ്രായത്തെക്കൂടി ഉദ്ധരിച്ച് ഈ ലേഖനത്തെ ഉപസംഹരിക്കാം.

പരചിത്താകർഷണശാസ്ത്രം മനുഷ്യർ അഭ്യസിച്ച് അവരുടെ ഇടയിൽ അതിന്നു സ്ഥിരമായ ഒരു പ്രതിഷ്ഠ ലഭിപ്പാൻ തുടങ്ങിയാൽ, അന്നു മുതൽക്കു ലോകത്തിൽ മനോവ്യാപാരത്തിന്നു തിച്ചയായും ഗണനീയമായ ശക്തി വദ്ധിക്കും; കുറാം എന്നു പറയുന്നതു കാണുകയില്ല. ജാതികൾ പരസ്പരമുള്ള മദമാത്സയ്യങ്ങൾ ഇല്ലാഴ്മയിൽ ലയിച്ചുപോകും; യുദ്ധമോ, അതു ക്രൌയ്യകാലത്തെ ഒരു സ്മാരകം മാത്രമായിക്കലാശിക്കയും ചെയ്യും. മനുഷ്യൻ നിശ്ചയമായും ഉൽകൃഷ്ടപദത്തിലേയ്ക്കു ഉയൎന്നുവരുന്നുവെന്നു സിദ്ധാന്തിക്കുന്ന പരിണാമവാദതത്വത്തിന്റെ നിരന്തരവ്യാപാരത്തിന് ഒരു മതിയായ ലക്ഷ്യമാണ് ഇന്നത്തെ മനുഷ്യാവസ്ഥ. സമ്മോഹനവിദ്യ ദോഷങ്ങളെ അകററി മേൽപ്പറഞ്ഞ ഔൽകൃഷ്ട്യത്തിന്നു സംശയംകൂടാതെ കാരണമായിത്തീരുന്ന ഒരു പ്രത്യേകശക്തിയെ ഉൽഭൂതമാക്കി, മനുഷ്യന്റെ ക്രമാഭ്യുന്നതിയെ ത്വരിതഗതിയാക്കിത്തീൎക്കുന്നു. ഈ പ്രത്യക്ഷങ്ങൾ അതിരുകവിഞ്ഞവയാണെന്നു തോന്നിപ്പോകാമെങ്കിലും സമ്മോഹനവിദ്യ ശരിയായി പഠിക്കയും ഉപയോഗിക്കയും ചെയ്താൽ, ഇതല്ല, ഇതിലും കടന്ന അനുശംസകൾതന്നെ നമുക്കുണ്ടാവുന്നതിൽ യാതൊരു ന്യായവിരോധവുമില്ല.'

എൻ. പി. ലേനപ്പൻ

---

# ആയുൎവ്വേദോജ്ജീവനം*

ശ്രീഗുരുഭ്യോ നമഃ.

രാഗാദിരോഗാൻ സതതാനുഷക്താ-
നശേഷകായപ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിദാൻ ജഘാന
യോऽപൂൎവ്വവൈദ്യായ നമോऽസ്തു തസ്മൈ.
യോഗേന ചിത്തസ്യ പദേന വാചാം
മലം ശരീരസ്യ ച വൈദ്യകേന
യോऽപാകരോത്തം പ്രവരം മുനീനാം
പതഞ്ജലിം പ്രാഞ്ജലിരാനതോऽസ്മി.

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീഗുരവേ നമഃ.

---

* പൂനയിൽവെച്ചു കൂടിയ ഭാരതീയായുൎവ്വേദസംഘത്തിന്റെ എട്ടാമത്തെ മഹായോഗത്തിൽ അഗ്രാസനാധിപത്യം വഹിച്ച മഹാമഹിമശ്രീ രാജശ്രീ രാമവൎമ്മ ജി. സി. എസ്സ്. ഐ. ജി. സി. ഐ. ഇ. വലിയതമ്പുരാൻ തിരുമനസ്സിലെ സംസ്കൃതോപന്യാസത്തിന്റെ തൎജ്ജമ.

അല്ലയോ സദസ്യരേ,

ഈ സഭയുടെ ഈ മാന്യസ്ഥാനമലങ്കരിക്കുവാൻ എന്നെക്കാൾ അധികം യോഗ്യതയുള്ള അനേകം പേർ ഉണ്ടായിരിക്കെ, ഈ സ്ഥാനത്തു നിങ്ങൾ എന്നെ നിശ്ചയിച്ചത് എനിക്കൊരു വലിയ മാന്യതയാണെന്നാണു ഞാൻ വിചാരിക്കുന്നത്. കാലദോഷത്താൽ ജീവിതാപായം നേരിടുവാനടുത്തിരിക്കുന്ന ആയുർവ്വേദമഹാശാസ്ത്രത്തെ പുനരുജ്ജീവിപ്പിക്കുവാനൊരുങ്ങി, അതിന്നായി നിരന്തരം ഉത്സാഹിച്ചുകൊണ്ടിരിക്കുന്ന നിങ്ങളെ കണ്ട് സ്വയം കൃതാർത്ഥത നേടുവാനുള്ള അത്യാഗ്രഹത്താൽ മാത്രമാണ് ഭാരമേറിയ ഈ സ്ഥാനം സ്വീകരിച്ചു ബുദ്ധിമുട്ടുകളെ വകവെക്കാതെ ഞാനിവിടെ വന്നിരിക്കുന്നത്. ഇവിടെ വന്നു നിങ്ങളെ കണ്ടു സന്തോഷിക്കുവാനിടവന്നതുകൊണ്ട് എന്നെ ഈ സ്ഥാനത്തേക്കു നിശ്ചയിച്ച നിങ്ങൾ എനിക്കു വലിയൊരുപകാരമാണു ചെയ്തിട്ടുള്ളത്. ഇനിയും നിങ്ങൾ ഏല്പിക്കുന്നതൊക്കെയും ശക്തിപോലെ ചെയ്യാൻ ഞാൻ സന്നദ്ധനാണെന്നുകൂടി അറിയിച്ചുകൊള്ളുന്നു. ഈ കാര്യങ്ങൾ നടത്തുന്നതിന്ന് എനിക്കു ശക്തി കുറവാണെങ്കിലും, നിങ്ങളുടെ ആജ്ഞയനുസരിച്ചു സർവ്വഥാ ഉത്സാഹിക്കുവാൻ ഒരുങ്ങിയിരിക്കുന്ന എനിക്കു മഹാന്മാരുടെ അനുഗ്രഹത്താൽ, ഒരു കോട്ടവും വരുവാനില്ലെന്നാണ് എന്റെ വിശ്വാസം.

ഈ സഭയെ സംബന്ധിച്ച പല വിഷയങ്ങളെയും പറ്റി അധികമൊന്നും ഞാൻ പറയേണ്ടതായിട്ടില്ല. മുമ്പു കഴിഞ്ഞ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിച്ചിരുന്ന വിദ്വാന്മാർ എല്ലാ വിഷയങ്ങളെയും കൂലങ്കഷമായി ആലോചിച്ച് വിസ്തരിച്ചു നിരൂപണം ചെയ്തുകഴിഞ്ഞിരിക്കുന്നു. എങ്കിലും കൌതുകം നിമിത്തം കുറഞ്ഞൊന്നു പ്രസ്താവിക്കുവാൻ വിചാരിക്കുന്നു.

സ്വാഗതസഭയിലെ അദ്ധ്യക്ഷനായ ശ്രീമാൻ അണ്ണാസാഹേബ് പട്‌വർദ്ധൻ അവർകളും ഉപാദ്ധ്യക്ഷനായ പ്രാണാചാര്യ ബാലശാസ്ത്രി ലാഗവണകരൻ അവർകളും അവരവർ സദയം സ്വീകരിച്ചിരുന്ന ഭാരങ്ങൾ മുഴുവനാക്കാതെ, ഈ നിഖില ഭാരതീയായുർവ്വേദമഹാമണ്ഡലത്തെ കരയില്ലാത്ത ദുഃഖസമുദ്രത്തിൽ മുക്കി, അകാലത്തിൽ കാലധർമ്മം പ്രാപിച്ച സംഗതി സദസ്യർക്കൊക്കെയും അറിവുള്ളതാണല്ലൊ. ആദ്യം വിചാരിച്ചിരുന്നതുപോലെ ഈ സഭ ധനുമാസത്തിൽത്തന്നെ കൂടിയിരുന്നുവെങ്കിൽ അവർകൂടി ഈ സഭയെ അലങ്കരിക്കുമായിരുന്നു. അഹോ ദൈവകല്പിതം! എങ്കിലും, ആയുർവ്വേദത്തെ ഉജ്ജീവിപ്പിക്കുവാൻ ദീക്ഷിച്ചിരിക്കുന്ന ഭവാദൃശന്മാരുടെ നിരന്തരപ്രയത്നം മേലിൽ വലുതായ ശൂന്യത്തിന്നു പര്യാപ്തമായിരിക്കുമെന്നുള്ള വിശ്വാസം നമ്മെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കുന്നുണ്ട്.

യുദ്ധം

ദൈവദുർവ്വിപാകത്താൽ ഘോരമായ ഒരു യുദ്ധമുണ്ടാക്കിത്തീർത്തിരിക്കുന്ന ഈ കാലം ഭാരതീയരുടെ മാത്രമല്ല ഇംഗ്ലീഷ ചക്രവർത്തിയുടെ വെൺകൊറ്റക്കുടയുടെ നിഴലിൽ ആശ്രയിച്ചിരിക്കുന്നവരായ എല്ലാവരുടെയും മനസ്സിനെ കലുഷമാക്കിത്തീർക്കുന്നു എന്നുള്ള സംഗതി തീർച്ചയായും ഭാര

തീയക്ക് അസ്വാസ്ഥ്യത്തിന്ന കാരണമാകു
ന്നു. ഭൂമണ്ഡലത്തിന്റെ മുഴുവൻ സ്ഥിതി
യെ കീഴ്മേൽ മറിക്കുന്ന ഈ ഭയങ്കരയു
ദ്ധം, ഇന്ത്യാചക്രവൎത്തിയുടെ നിഷ്ഠുരഹൃദ
യന്മാരായ ശത്രുക്കളുടെ ഉന്മൂലനാശ
ത്തിൽ പരിണമിക്കുമെന്നു വിശ്വസിച്ചു
കൊണ്ട് അതിന്നായി ഇന്ത്യക്കാരൊക്ക
യും ജഗദീശ്വരനെ പ്രാൎത്ഥിക്കുന്നുണ്ട്.
ഈ പ്രാൎത്ഥനയെ ഈ സഭയും ചെയ്യുന്ന
മെന്നു നാം സൂചിപ്പിച്ചുകൊള്ളുന്നു.

### ആയുൎവ്വേദത്തിന്റെ ഉൽപത്തിയും
### മലയാളത്തിലെ
### അഷ്ടവൈദ്യന്മാരും

ഇനി ആയുൎവ്വേദത്തെപ്പററി കുറച്ചു
പ്രസ്താവിക്കുന്നു. മനുഷ്യരുടെ ശ്രേയസ്സി
ന്നെല്ലാം മുഖ്യകാരണം ശരീരമാണെന്നു
സൎവ്വസമ്മതമാണല്ലൊ. ശരീരം ശ്രേയ
സ്സാധനമായിരിക്കേണമെങ്കിൽ അതു ദൃ
ഢവും രോഗശൂന്യവും ആയിരിക്കണം.
രാഗാദികളായ മാനസരോഗങ്ങളും ജ്വ
രാദികളായ ശാരീരികരോഗങ്ങളും പിടി
പെട്ട് അനവരതം പീഡിപ്പിക്കപ്പെടുന്ന
ജനസമൂഹത്തെ അനുഗ്രഹിപ്പാനായി,
പരമകാരുണികനായ ബ്രഹ്മദേവൻ സൃ
ഷ്ടിയുടെ ആദിയിൽ പ്രജാപതിക്ക് ആ
യുൎവ്വേദം ഉപദേശിക്കുകയും, അതിനെ പി
ന്നെ ആത്രേയാദികൾ മുഖേന എല്ലാട
വും പ്രചാരപ്പെടുത്തുകയും ചെയ്തു. ആ
ആയുൎവ്വേദം ഇപ്പോൾ ആനുപൂൎവ്യേണ ക
ണ്ടുകിട്ടാത്തതുകൊണ്ട് അസ്തമിച്ച കൂട്ട
ത്തിലാണെങ്കിലും, അതിൽപ്പറഞ്ഞ വി
ഷയങ്ങൾ പലെ ആചാൎയ്യന്മാരുമുണ്ടാക്കി
യ പല ഗ്രന്ഥങ്ങളിലും സംഗ്രഹിക്കപ്പെ
ട്ടിട്ടുണ്ട്. അവയനുസരിച്ചുള്ള ചികിത്സ
യാൽ ആശ്ചൎയ്യകരങ്ങളായ പലേ ഫല
ങ്ങളും ഉണ്ടായിട്ടുണ്ടെന്ന് ഇതിഹാസങ്ങ
ളിൽനിന്നു നമ്മൾ അറിയുന്നുണ്ട്. രാജ്യ
വിപ്ലവം മുതലായ ജ്ഞാതങ്ങളായ കാര
ണങ്ങളെക്കൊണ്ടും, അറിയാതെയുള്ള മററു
പല കാരണങ്ങളെക്കൊണ്ടും ഉൽഗതി
ക്കു വഴിയില്ലാതായിത്തീൎന്നുപോയ ആയു
ൎവ്വേദചികിത്സാരീതി ക്രമേണ പ്രചാരം
കുറഞ്ഞു നശിക്കുവാനടുത്തിരിക്കുന്ന ഒരവ
സ്ഥയിൽ എത്തിച്ചേൎന്നു. എന്നാൽ, കേ
രളത്തിൽ ഈ ചികിത്സയും, അഷ്ടാംഗ
ഹൃദയം പഠിക്കുകയും പഠിപ്പിക്കുകയും ചെ
യ്യുന്ന സമ്പ്രദായവും നശിച്ചുപോവാതെ
നടന്നുവരുന്നുണ്ടെന്നുള്ള സംഗതി അഭി
മാനത്തോടും സന്തോഷത്തോടുംകൂടി പ്ര
സ്താവിച്ചുകൊള്ളുന്നു. ആയുൎവ്വേദത്തെ ര
ക്ഷിക്കുവാനായി പ്രാചീനകാലത്തുതന്നെ
സ്ഥാപിക്കപ്പെട്ട എട്ടു വൈദ്യകുലങ്ങൾ
ഇപ്പോഴും അതിനെ രക്ഷിച്ചുകൊണ്ടുത
ന്നെ ഇരിക്കുന്നുണ്ട്. ആ കുലങ്ങളിൽ ജ
നിച്ചവർ 'അഷ്ടവൈദ്യന്മാർ' എന്നു പ്ര
ഖ്യാതന്മാരാകുന്നു. അവൎക്കു കുലപാരമ്പ
ൎയ്യവഴിക്കു കിട്ടിട്ടുള്ള വിദ്യ ആയുൎവ്വേദശാ
സ്ത്രം തന്നെ ആണ്. കേരളത്തിലുള്ള ആ
യുൎവ്വേദവൈദ്യന്മാരൊക്കെയും സാക്ഷാത്താ
യോ പരമ്പരയായോ അവരുടെ ശിഷ്യ
ന്മാരാണ്. അവരുടെ വംശ്യരായ വൈ
ദ്യന്മാർ രാജവംശങ്ങളിലും പ്രഭുഗൃഹങ്ങ
ളിലും പാരമ്പൎയ്യവൈദ്യന്മാരായിരുന്നു പ
ല ബഹുമതികളും അനുഭവങ്ങളും
പണ്ടേക്കുപണ്ടെ അനുഭവിച്ചുവരുന്നു. പ
ണ്ടത്തെ സമ്പ്രദായത്തിൽ ഇവൎക്കു വൈദ്യ
ശാസ്ത്രം പഠിക്കുവാനുള്ള കാലം മുപ്പത്താറു
സംവത്സരമായിരുന്നു. അക്കാലത്തിൽ

ഒരു പന്തീരാണ്ടുകാലം ഗ്രന്ഥം പഠിച്ച് അൎത്ഥം ഗ്രഹിക്കുവാൻതന്നെ പോയിരുന്നു. പിന്നെ അത്ര കാലംതന്നെ വൃദ്ധവൈദ്യന്മാരുടെ പിന്നാലെനടന്നു പ്രയോഗപരിചയം സമ്പാദിച്ച് 'ദൃഷ്ടകൎമ്മത' വരുത്തുവാനായി വിനിയോഗിച്ചിരുന്നു. പിന്നെയും അത്രതന്നെ കാലം കാട്ടിലും മറ്റും നടന്ന് ഔഷധികൾ, വനസ്പതികൾ മുതലായവയെ നേരിട്ടു കണ്ട് ജ്ഞാനത്തിന്നുറപ്പു വരുത്തുവാനും ചിലവാക്കിയിരുന്നു. ഈ മുഖ്യമായ സംഗതി ഇന്നുള്ളവരാൽ അനുഷ്ഠിപ്പാൻ കഴിയുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും വല്ലവരെപ്പർ ഇപ്പോഴും ഈ വക മാൎഗ്ഗങ്ങളിൽ അനേകകാലം പ്രയത്നിക്കുന്നുണ്ടെന്നുള്ളതു നിരാക്ഷേപമാണ്.

കേരളീയരുടെ ചികിത്സയിലുള്ള
വിശേഷങ്ങൾ.

കേരളീയരായ ആയുൎവ്വേദവൈദ്യന്മാരുടെ ചികിത്സാരീതിയിൽ അന്യദേശങ്ങളിലെ രീതിയിൽനിന്നു പല വ്യതിരേകങ്ങളും കാണുന്നുണ്ടെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പറയേണ്ടതാണെന്നു വിചാരിക്കുന്നു. തൈക്രധാര, നവരക്കിഴി മുതലായി ഫലം കൂടിയ പല ചികിത്സാഭേദങ്ങളും കേരളീയർ ആദ്യം കണ്ടുപിടിച്ചു നടപ്പാക്കിയവയാണ്. ബാലചികിത്സ, വിഷചികിത്സ, കണ്ണുചികിത്സ എന്നീവക ചികിത്സാശാഖകളിൽ അസാധാരണങ്ങളായ പല സമ്പ്രദായഭേദങ്ങളും കേരളീയർ കാട്ടുന്നുണ്ടെന്നു മാത്രമല്ല, അവയുടെ സ്വരൂപം കാണിക്കുന്നവയായി മലയാളത്തിലും സംസ്കൃതത്തിലും അവരെഴുതിയ പല ഗ്രന്ഥങ്ങളും ഉണ്ട്. അതുകൊണ്ട്, ആയുൎവ്വേദത്തെ പരിഷ്കരിപ്പാൻ വിചാരിക്കുന്നവൎക്ക് കേരളീയരോടു പലതും പഠിക്കുവാനുണ്ടെന്നാണ് നമുക്കു തോന്നുന്നത്. ഇതിനെ ഉദാഹരിക്കുവാനായി ഒരു സംഗതി പറയാം. കേരളത്തിലെ വിഷവൈദ്യന്മാർ അവലംബിച്ചിട്ടുള്ള പ്രമാണഗ്രന്ഥങ്ങളിലൊന്നായ 'ഹരമേഖല' എന്ന ഗ്രന്ഥത്തിൽ എലിവിഷത്തിന്റെ പ്രകരണത്തിൽ ഇങ്ങിനെ കാണുന്നു:—

"ഃകാഥശ്ശുക്ലശകൃന്മൂത്ര
ലാലാദംഷ്ട്രനഖാൎത്തവൈഃ
വ്യാഃപ്ലാത്യാഖുവിഷം തത്ര
കോഥജം തജ്ജിതാരുണം
കോഥജത്തു ഭവേൽഗ്ലാനി-
രാലസ്യം ഗാത്രഗൌരവം
ആസ്യൃതികതജമരുചി-
ൎജ്ജൃംഭാ ശിരസിഗൌരവം
ദ്ദശോരുണതജമാസ്യന്യ
ശോഷോവിശ്ലേഷ കാഷ്ഠയോഃ
നിശജാസോച്ഛ്വജാസവൃദ്ധിശ്ച
സന്ധ്യാകഞ്ചനകമ്പനം
ഗ്രന്ഥയഃ ശജയഥുഃ സാദഃ
കക്ഷവംക്ഷണയോൎഭൃശം
ശീതജ്വജരോതിരുങ്മൂൎഛാ
രോമഹൎഷോ ഭ്രമോ മദഃ
സദ്യോപക്രമശീലസ്യ
സാദ്ധ്യമേതദ്ധ്യപേക്ഷയാ
ത്രിരാത്രാത്സപ്തരാത്രാദ്വാ
പക്ഷാന്മരണമാദിശേൽ".

ഇപ്പോൾ പ്ലേഗ് എന്നു പറയുന്ന വ്യാധിയിലും പ്രായേണ ഇപ്പറഞ്ഞ ലക്ഷണങ്ങൾ ഉണ്ടാവുന്നുണ്ടെന്ന് അതിനെപ്പറ്റി പാശ്ചാത്യന്മാരാക്കിയ പുസ്തകങ്ങളിൽ പ്രതിപാദിച്ചു കാണുന്നു: അതിനാൽ

ഹരമേഖലയിൽപ്പറഞ്ഞ വിഷചികിത്സ ഈ മഹാരോഗത്തിലും ഫലപ്പെടുമെന്നു വിചാരിക്കാവുന്നതുകൊണ്ട് ആ വിഷയത്തിൽ ഒരു പരീക്ഷ ചെയ്തു നോക്കുന്നത് അസ്ഥാനത്തിൽ പരിണമിക്കയില്ലെന്നു തോന്നുന്നു. ഈ മാതിരി വിഷയങ്ങൾ അന്വേഷിക്കുവാൻ ഈ സഭ സവിശേഷം ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഈ സഭയിൽ ആയുൎവ്വേദത്തിലെന്നപോലെ പാശ്ചാത്യചികിത്സയിലും വിദഗ്ദ്ധന്മാരായ പലരും അംഗങ്ങളായിട്ടുള്ളതുകൊണ്ടുതന്നെ. ഈ രണ്ടു സമ്പ്രദായങ്ങളുടെ താരതമ്യം നോക്കുന്നതിന്ന് അവയുടെ സ്വരൂപം വഴിപോലെ അറിയാതെ സാധിക്കുവാൻ പ്രയാസമാകയാൽ, രണ്ടിലും വിദഗ്ദ്ധന്മാരായിട്ടുള്ളവരാണ് ഇപ്പോൾ ആയുൎവ്വേദത്തെ ഉജ്ജീവിപ്പിക്കുവാൻ ആവശ്യമായിട്ടുള്ളത്. പ്രകൃതംതന്നെ പറയാം. കേരളീയരുണ്ടാക്കിയ പല വൈദ്യകഗ്രന്ഥങ്ങളും നഷ്ടശിഷ്ടങ്ങളായി ഓരോ ഗ്രന്ഥപ്പുരകളിൽ ഒളിഞ്ഞു കിടക്കുന്നുണ്ട്. അഷ്ടാംഗഹൃദയത്തിന്നു പാഠ്യം എന്നൊരു വ്യാഖ്യാനം കേരളത്തിൽ നടപ്പുണ്ട്. ചികിത്സാക്രമം മുതലായി ചുരുക്കത്തിൽ ശാസ്ത്രാൎത്ഥങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും, മുമ്പറഞ്ഞ അഷ്ടവൈദ്യന്മാർ അനുഭവം പ്രമാണിച്ചു തങ്ങളുടെ ബുദ്ധികൊണ്ടു കല്പിച്ചവയും ഉപദേശവഴിക്കു സിദ്ധിച്ചവയും പ്രത്യക്ഷഫലങ്ങളുമായ ഔഷധയോഗങ്ങളുടെ സ്വരൂപം, പാകം, ക്രമം മുതലായവയെ കാണിച്ചുകൊണ്ട് അപ്പപ്പോളായി അതാതു രോഗികൾക്കു വിധിച്ചുകൊടുക്കുന്ന ചാൎത്തുകളെ ഏകീകരിച്ചുണ്ടാക്കിയ പല ഗ്രന്ഥങ്ങളും ഇപ്പോളും കേരളീയവൈദ്യന്മാരുടെ കുലധനമായി ഇരിപ്പുണ്ട്. അവയിൽ പല ചെറിയ ചികിത്സാക്രമങ്ങൾ ഒളിഞ്ഞു കിടപ്പുണ്ട്. അതിനാൽ അവയെ പരിഭാഷപ്പെടുത്തി തൎജ്ജമ ചെയ്യുന്നതു വളരെ ഉപകാരമായിരിക്കുമെന്നാണ് തോന്നുന്നത്.

ആയുൎവ്വേദത്തിന്റെ ഉൽകൎഷം.

പാശ്ചാത്യവൈദ്യന്മാർ അസാദ്ധ്യമെന്നു വെച്ചുപേക്ഷിച്ച അനേകം രോഗങ്ങളെ അഷ്ടാംഗഹൃദയത്തിൽ സമൎത്ഥന്മാരായ വൈദ്യന്മാർ തീരെ മാററിയതായി എനിക്കനുഭവമുണ്ട്. കായചികിത്സയുടെ കാൎയ്യത്തിൽ പാശ്ചാത്യചികിത്സയെക്കാൾ ആയുൎവ്വേദചികിത്സയ്ക്കു മെച്ചം കൂടുമെന്നു പലരും സമ്മതിക്കുന്നുണ്ട്. ഇങ്ങിനെ ചില കാൎയ്യങ്ങളിൽ ആയുൎവ്വേദത്തിന്നുൽകൎഷമുണ്ടെന്നു പ്രത്യക്ഷത്തിൽ അനുഭവപ്പെടുമ്പോൾ വാസ്തവത്തിൽ അതു സമ്മതിക്കുവാൻ മനസ്സില്ലാത്തവർ കൂടി സമ്മതിക്കേണ്ടതായി വരുന്നു. കാലത്തിന്റെ മാററത്താൽ വളരെ ഉപേക്ഷ നേരിട്ടിരിക്കകയാൽ ശിഥിലമായിത്തീൎന്ന ജ്ഞാനംകൊണ്ടു രോഗങ്ങൾക്കു ചികിത്സ ചെയ്തിട്ടുകൂടി ആയുൎവ്വേദവൈദ്യന്മാൎക്കു ഇത്ര വളരെ ഫലം കിട്ടുന്നതോൎക്കുമ്പോൾ ആയുൎവ്വേദാഗമത്തിന്റെ മഹിമ വളരെ വലുതെന്നേ പറയേണ്ടു. ഇത്ര വളരെ ഉൽകൃഷ്ടനിലയിലിരുന്നിരുന്ന ആയുൎവ്വേദത്തിന്ന് ഇപ്പോഴത്തെ ശോചനീയാവസ്ഥ എങ്ങിനെയാണ് വന്നത്, ഇനിയും അതിനെ അഭിവൃദ്ധിപ്പെടുത്തുവാൻ എന്തു മാൎഗ്ഗമാണ് നോക്കേണ്ടത്, എന്നുള്ള സംഗതികളിൽക്കൂടി കുറച്ചു പറയുവാൻ വിചാരിക്കുന്നു.

### ആയുർവ്വേദം ശോചനീയാവസ്ഥയിലെത്തിയതെങ്ങിനേ?

വിദേശീയരായ ശത്രുക്കളുടെ ബാധയാലും മററും ഭാരതീയൎക്കുപദ്രവം നേരിട്ടപ്പോൾ അവർ ശാസ്ത്രാഭ്യാസത്തിൽ വിമുഖന്മാരായിത്തീൎന്നു. അതിനാൽ ക്രമേണ എല്ലാ ശാസ്ത്രങ്ങളുടേയും പ്രചാരം ചുരുങ്ങിവശായി. ആയുർവ്വേദവിദ്യ പ്രത്യേകിച്ചും ഇതു നിമിത്തം ദുരവസ്ഥയിലകപ്പെട്ടു പല ദിക്കിലും പ്രചാരമില്ലാതായിത്തീൎന്നു. ഇങ്ങിനെയിരിക്കെ ചികിത്സയും "യത്ര നഭിഷക്സ്തത്ര സവ്വേപി ഭിഷജഃ" എന്ന ന്യായപ്രകാരമായിപ്പോയി. രോഗം മാറുന്നതു ചികിത്സയെ അപേക്ഷിച്ചല്ലാ ഭാഗ്യമനുസരിച്ചാണെന്നു വന്നു. ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ശാസ്ത്രമൂലമായിട്ടല്ലാതെയും വെറും അനുഭവത്തെ പ്രമാണിച്ചും ചില സമ്പ്രദായങ്ങൾ നടപ്പിൽ വന്നു. പിന്നീടു പാശ്ചാത്യരോടൊപ്പം ഇവിടെ വന്നുകൂടിയ പാശ്ചാത്യചികിത്സാമാൎഗ്ഗം പ്രതിക്ഷണം പുഷ്ടിയേയും എല്ലാടവും പ്രചുരമായ പ്രചാരത്തെയും പ്രാപിക്കുകയും ജനങ്ങളുടെ ആദരത്തിനു പാത്രീഭവിക്കുകയും ചെയ്തു. പാവപ്പെട്ട ആയുർവ്വേദശാസ്ത്രത്തെ നിന്ദിതമായ വിധത്തിൽ വല്ല മൂക്കിലും ഒളിച്ചിരിക്കേണ്ടി വന്നു (?) ഇരിട്ടിയോടിച്ചു. ഇങ്ങിനെ പലവിധം ഉപദ്രവങ്ങൾ ബാധിച്ച് ഒരിടത്തും ബഹുമതി ലഭിക്കാതെയും സ്വപ്രൺയികൾക്ക ജീവനോപായമുണ്ടാക്കുവാൻ കൂടി കഴിയാതെയും ആയുർവ്വേദവിദ്യ തീരെ അന്തൎദ്ധാനം ചെയ്യുമാറായി. ഇതിൽപ്പരമായി മനുഷ്യൎക്കു വല്ല ആപത്തും വരുവാനുണ്ടോ? ഈ ആപത്തിൽനിന്ന് ആയുർവേദവിദ്യയെ രക്ഷിക്കുവാൻ വളരെ കാലത്തേക്ക് ആരും ശ്രമിക്കുകയുണ്ടായില്ല. ഇങ്ങിനെ കുറെക്കാലം കഴിയുകയും ഏററവും ഉപകാരപ്രദമായ ഈ വിദ്യ നശിച്ച കൂട്ടത്തിലാകയും ചെയ്തപ്പോൾ, ജനങ്ങളുടെ സുകൃതപരിപാകത്താൽ ചില മഹാന്മാരുടെ മനസ്സിൽ നഷ്ടപ്രായമായ ഈ വിദ്യയെ വീണ്ടും ജീവിപ്പിക്കേണമെന്നുള്ള ആഗ്രഹം ഉളവായി.

### ആയുർവ്വേദത്തെ ഉദ്ധരിപ്പാൻ വൈദ്യസഭയുടെ പ്രയത്നങ്ങൾ.

കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ കൂടിയ സഭകളിൽ സവിസ്തരം വെളിപ്പെടുത്തീട്ടുള്ളവയായ ആ മഹാന്മാരുടെ ഉദ്യമങ്ങൾ ക്രമേണ ഫലോന്മുഖങ്ങളായിത്തീരുകയും സജ്ജനങ്ങളുടെ മനസ്സിൽ അത്യന്തം സന്തോഷമുണ്ടാക്കുകയും ചെയ്യുന്നു. ഇനിയും നൊമ്മൾ ഫലം സിദ്ധിക്കുന്നതുവരെ ഈ ഉത്സാഹത്തെ വിടാതെ കയ്ക്കൊള്ളുന്നതായാൽ ഭാരതീയരുടെ ഭാഗ്യത്തിനു ജയം സിദ്ധിക്കുന്നതാണെന്നു തീൎച്ചയായും പറഞ്ഞുകൊള്ളുന്നു. അവനവൻെറ ഗൌരവമേറിയ കാൎയ്യങ്ങൾ ഉപേക്ഷിച്ചു പലവിധത്തിലുള്ള മാൎഗ്ഗക്ലേശങ്ങളെ വകവെയ്ക്കാതെ ദൂരദിക്കുകളിൽനിന്ന് ഈ മഹാന്മാരെല്ലാം ഇവിടെ എത്തീട്ടുള്ള സംഗതിതന്നെ ഈ വലിയ ഉദ്യമത്തിൽ അവൎക്കുള്ള ഗുരുതരമായ ആദരത്തെ വെളിവാക്കുന്നുണ്ട്. നിങ്ങളുടെ ഈ ഉദ്യമം ഉടനെ സഫലമായി ഭവിക്കണമേ എന്നു വീണ്ടും വീണ്ടും നാം ആശംസിക്കുന്നു.

ആയുർവ്വേദം വളരെ വ്യാപിയ്ക്കേണ്ടതാണെന്നും, മററു വൈദ്യശാസ്ത്രങ്ങൾക്കു മൂലം ഇതാണെന്നും, ഇതിനെ ഈ ശോചനീയസ്ഥിതിയിൽനിന്നു കരകേറേണ്ടതാണെന്നും ഉള്ള സംഗതികളും അതിനുള്ള വിധിയോപായങ്ങളും മുമ്പു കഴിഞ്ഞ സഭക

ളിൽ അദ്ധ്യക്ഷരായിരുന്നവർ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാകയാൽ ഇവിടെ പിഷ്ടപേഷണം ചെയ്യുന്നതെന്നു വിചാരിക്കുന്നില്ല. ആയുർവ്വേദത്തെ ഉജ്ജീവിപ്പിക്കുന്നതിന്ന് ഉടനെതന്നെ ചെയ്യേണ്ട കാര്യങ്ങൾ എങ്ങിനെയൊക്കെയാണെന്നു മാത്രം ഞാനിവിടെ നിരൂപണം ചെയ്യുന്നു.

### ആയുർവ്വേദോജ്ജീവനത്തിന്നുള്ള ഉപായങ്ങൾ.

(1) ഒന്നാമതായി എല്ലാ ദിക്കിലും അന്വേഷിച്ചു നാട്ടുഭാഷകളിലും സംസ്കൃതത്തിലുമുള്ള ആയുർവ്വേദഗ്രന്ഥങ്ങളെല്ലാം കണ്ടെത്തു ശേഖരിക്കണം. എല്ലാ ഗ്രന്ഥങ്ങളും കാണാതെ ആയുർവ്വേദത്തിന്റെ സ്വരൂപം തന്നെ മുഴുവനറിവാൻ കഴിയുന്നതല്ലല്ലോ. സ്വരൂപജ്ഞാനമുണ്ടായാൽ ഏറക്കുറവുകളെ പരിഹരിക്കുന്നതിന്ന് എളുപ്പമുണ്ട്. അതിനാൽ ഗ്രന്ഥങ്ങൾ സമ്പാദിക്കുവാൻ ഒന്നാമതായി ശ്രമിക്കണം.

(2) ഗ്രന്ഥങ്ങൾ കിട്ടിക്കഴിഞ്ഞാൽ അവയിൽ പരസ്പരവിരുദ്ധമായിട്ടെന്നപോലെ ആപാതത്തിൽ തോന്നുന്ന സിദ്ധാന്തഭേദങ്ങളെ യോജിപ്പിക്കത്തക്കവിധം തത്വനിർണ്ണയം ചെയ്വാൻ യത്നിക്കണം. ഇങ്ങിനെ പ്രത്യക്ഷമായ കാര്യങ്ങളിൽക്കൂടി ആയുർവ്വേദത്തിന്നു പാശ്ചാത്യമാർഗ്ഗത്തോടു വിരോധം തോന്നുന്ന ദിക്കുകളിൽ വിരോധംകൂടാതെ കഴിപ്പാനുള്ള ഉപായം ചിന്തിച്ചുനോക്കണം. ശാരീരനിരൂപണത്തിലും മറ്റും തോന്നുന്ന വിരോധം, ന്യൂനത, ആധിക്യം മുതലായവയെ പ്രമാണമനുസരിച്ചു പരിഹരിക്കയും വേണം.

(3) പാശ്ചാത്യമാർഗ്ഗത്തിന്റെയും ആയുർവ്വേദമാർഗ്ഗത്തിന്റെയും വിഷയവ്യാപ്തി നോക്കി, ആയുർവ്വേദസരണിയിൽ വിഷയങ്ങൾക്കു ന്യൂനതയോ ആധിക്യമൊ ഉള്ളപക്ഷം നല്ലവണ്ണം നിരൂപണം ചെയ്തു വേണ്ടതെടുത്തു വേണ്ടാത്തതു കളഞ്ഞു ശരിപ്പെടുത്തണം. ഇങ്ങിനെ ചെയ്യുമ്പോൾ രണ്ടുമാർഗ്ഗപ്രകാരവും ചികിത്സ മുതലായവയിലുള്ള ഗുരുലാഘവങ്ങൾ നല്ലവണ്ണം ആലോചിക്കേണ്ടതാണ്. ചികിത്സാരീതി ദരിദ്രന്മാർക്കുകൂടി എളുപ്പത്തിൽ സാധിക്കത്തക്കവിധത്തിലുള്ള പുതിയ വഴികളാണു അവലംബിക്കേണ്ടത്.

(4) ആയുർവ്വേദപ്രകാരമുള്ള ത്രിദോഷവിഭാഗവും അതനുസരിച്ചുള്ള രോഗവിഭാഗവും പാശ്ചാത്യസിദ്ധാന്തത്തോടു എത്രത്തോളം യോജിക്കുന്നുണ്ടെന്നു നോക്കി ആയുർവ്വേദത്തിലെ സംജ്ഞകൾക്കു ശരിയായ പാശ്ചാത്യസങ്കേതങ്ങളും കല്പിക്കണം. ഔഷധങ്ങളുടെ ഗുണദോഷവിചാരത്തിൽ ആയുർവ്വേദവൈദ്യന്മാരുടെയും പാശ്ചാത്യവൈദ്യന്മാരുടെയും അഭിപ്രായങ്ങൾ പരസ്പരം അറിയത്തക്കവിധം ഏർപ്പാടു ചെയ്യേണ്ടതുമാണ്.

(5) അതാതു ഗ്രന്ഥങ്ങളിൽപ്പറഞ്ഞിട്ടുള്ള ഔഷധനാമങ്ങളുടെ ശരിയായ അർത്ഥം അറിയായ്കയാൽ പല ക്ലേശങ്ങളും ഉണ്ടാവുന്നതായിക്കാണുന്നുണ്ട്. ചില ദിക്കിൽ ഔഷധങ്ങളുടെ പേരുകൾക്കു ദേശഭേദേന അർത്ഥഭേദവും വരുന്നുണ്ട്. ആ വക സംഗതികളിൽ യഥാർത്ഥം നിർണ്ണയിക്കുവാൻ എന്തു വഴിയാണെന്നു കണ്ടെത്തന്നും തീർച്ചപ്പെടുത്തണം.

(6) കാലാദിസാമ്യമുള്ളതായ ഒരു ദിക്കിൽ ഒരു മാതൃകാപാഠശാല സ്ഥാപിക്കണം. അതിനോടു സംബന്ധിച്ച് ഒരു ഗ

ന്ഥശാലയും ഏൎപ്പെടുത്തണം. അതിൽ ഈ ശാസ്ത്രത്തെസ്സംബന്ധിച്ച ഗ്രന്ഥങ്ങളെല്ലാം കഴിവുള്ളേടത്തോളം ശേഖരിക്കണം. പാഠശാലയുടെ അംഗമായി ഒരൌഷധശാലയും വേണം. അതിൽ ശാസ്ത്രഗ്രന്ഥങ്ങളിൽപ്പറയുന്ന അസംസ്കൃതങ്ങളായ എല്ലാ മരുന്നുകളും ഒരുക്കൂട്ടണം. അവയുടെ ഉപയോഗയോഗ്യമായ ഭാഗങ്ങൾ ഇന്നത്, അതു തെയ്യാറാക്കേണ്ടതു ഇന്നപ്രകാരം, ഇന്നത് ഇന്നദിക്കിലും ഇന്നകാലത്തുമാണു ധാരാളം കിട്ടുക, ഇത്യാദി സംഗതികൾ കാണിക്കുന്ന കുറിപ്പുകൾ എല്ലാ ഔഷധങ്ങളിലും തൂക്കണം. ശാസ്ത്രം പഠിക്കുന്നതോടുകൂടി 'ദൃഷ്ടകൎമ്മത' കൂടി വരുത്തുവാൻ തക്കവിധം പാഠശാലയോടുതൊട്ടു ഒരു ചികിത്സാശാലയും സ്ഥാപിക്കണം. അതിൽ ദീനക്കാരെക്കിടത്തി ചികിത്സിക്കയും വേണം. നെയ്യ്, എണ്ണ, രസായനം മുതലായ ഔഷധങ്ങൾ പാകംചെയ്യുന്നതും അവിടെവെച്ചാക്കണം. മരുന്നുകളുടെയും മററും സ്വരൂപവും ഗുണവും അറിവാനും പലദിക്കിലുമുള്ള മരുന്നുകൾ ഒരിടത്തു കിട്ടുവാനും, പാഠശാലയ്ക്കടുത്തുതന്നെ ഒരിടത്തു ഒരൌഷധോദ്യാനവും ഏൎപ്പെടുത്തണം. അവിടെച്ചെന്നു അപ്പോഴപ്പോൾ വിദ്യാൎത്ഥികൾ ഔഷധസ്വരൂപം മനസ്സിലാക്കണം. ഗ്രന്ഥപാഠം, ഔഷധപരിചയം, ചികിത്സാപരിശീലനം എന്നിവയ്ക്കു തമ്മിൽ വിരോധം വരാത്തവിധത്തിൽ സമയംവെച്ചിട്ടു പാഠക്രമവും ശരിപ്പെടുത്തണം. ഇങ്ങിനെയൊക്കെ ചെയ്താൽ ആയുൎവ്വേദത്തിന്നു ഇപ്പോഴുള്ള ന്യൂനത തീരെ തീൎന്നുപോകുമെന്നു വിചാരിച്ച് അല്പമാത്രം ഇവിടെ കാണിച്ചതാണ്.

ആയുൎവ്വേദത്തിന്റെ ശല്യതന്ത്രാദ്യഷ്ടാംഗങ്ങളിൽ കഴിഞ്ഞകൊല്ലം എന്റെ മുൻഗാമി സവിസ്തരം പ്രസ്താവിച്ചതിലും അധികമായി എനിക്കൊന്നും പറയാനില്ലാത്തതിനാൽ ഞാൻ അവയെയൊക്കെയും അനുമോദിക്കുകയും അഭിനന്ദിക്കയും ചെയ്യുന്നു. നാഡീവിജ്ഞാനത്തിൽ ഇന്നത്തെ വൈദ്യന്മാരുടെ സ്ഥിതി വളരെ ശോച്യമായിട്ടാണിരിക്കുന്നതെന്ന് എല്ലാവൎക്കും അറിവുണ്ടല്ലോ. അതിന്റെ പരിഹാരത്തിന്നും കഴിയുന്നവിധം യത്നം ചെയ്യേണ്ടതാണ്.

ഇങ്ങിനെ ഈ ശാസ്ത്രത്തിന്നു മററംശങ്ങളിലും വന്നുകൂടീട്ടുള്ള കുറവുകൾ തീൎപ്പാനും ഈ സഭ വഴിപോലെ ആലോചിച്ചു വേണ്ടതു ചെയ്യേണമെന്നു വീണ്ടും വീണ്ടും പ്രാൎത്ഥിച്ചുകൊണ്ടും, സൎവ്വലോകോപകാരമായ ഈ ഉദ്യമത്തിന്നു ധന്വന്തരിഭഗവാന്റെ കൃപാകടാക്ഷത്താൽ അപ്രതിഹതമായ മംഗളം സിദ്ധിക്കട്ടെ എന്നു ആശംസിച്ചുകൊണ്ടും ഇവിടെ വിരമിക്കുന്നു. ശുഭം.

ജ്ഞാനാമൃതം സുമനസാം
ദദതീമാൎത്തിഹാരിണീം
സൎവ്വകാമദുഘാമേനാം
സഭാധേനുമുപാസ്മഹേ.

---

## പലവക

ജൎമ്മൻകാരുടെ ആശ്ചൎയ്യകരങ്ങളായ നിൎമ്മാണഫലങ്ങളിലൊന്നായ 'സെപ്പലിൻ' എന്ന ആകാശക്കപ്പലിനെപ്പററിയുള്ള ഭാവന പണ്ടുപണ്ടേ ആൎയ്യാവൎത്തനിവാസികളായിരുന്ന ആൎയ്യന്മാരുടെ ബുദ്ധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നു അറിയുന്നത് ആൎയ്യാഭിമാനികൾക്കു ഒരു കൌതുകത്തെ ജനിപ്പിക്കാതിരിക്കയില്ല. ഇംഗ്ല

ത്തിൽ ഈ മാതിരിയിലുള്ള ആകാശയാനത്തെപ്പററി വിവരിച്ചു കാണുന്നുണ്ട്.

'തുഗ്രോ ഹ ഭുജ്യുമശ്വിനോദമേഘേ
രയിം ന കശ്ചിന്മമൃവാൻ അവാഹാഃ
തമൂഹഥുർന്നൗഭിരാത്മന്വതീഭി-
രന്തരിക്ഷപ്രുദ്ഭിരപോദകാഭിഃ'.

ഇത് അശ്വിദേവകളെ സ്തുതിക്കുന്ന ഒരു മന്ത്രമാണ്. തുഗ്രൻ എന്ന രാജാവു മുമൂർഷുവായ ഒരുവൻ ധനത്തെയെന്നപോലെ ഭുജ്യു എന്ന തന്റെ പുത്രനെ സമുദ്രത്തിൽ തള്ളിക്കളഞ്ഞു: ഹേ അശ്വിദേവന്മാരേ! നിങ്ങൾ ആ ഭുജ്യുവിനെ ആകാശത്തിൽ സഞ്ചരിക്കുന്നവയും വെള്ളം കടക്കാത്തവയും വളരെ ഉറപ്പുള്ളവയുമായ കപ്പലുകളിൽ കയററി രക്ഷിച്ചുവല്ലോ എന്നാണ് ഇതിന്റെ അർത്ഥം. മനോരാജ്യം വിചാരിച്ചു കൂട്ടുന്നതിൽ അദ്വിതീയന്മാരായിരുന്ന ആര്യന്മാരുടെ പ്രലാപം മാത്രമാണിതെന്നു ചിലർ നിരസിക്കുന്നുണ്ടെങ്കിൽ സൃഷ്ടി തന്നെ വേദപൂർവ്വകമാകയാൽ ഇനിയും ഉണ്ടാവാനിരിക്കുന്ന ആശ്ചര്യങ്ങൾ കൂടി വേദത്തിലുള്ളതാണെന്നു പറഞ്ഞു മററു ചിലർ മർക്കടമുഷ്ടി പിടിക്കും. ഇതു രണ്ടും തത്താഗ്രാഹികൾ വക വെക്കേണ്ടതില്ല. ഈ മാതിരി വിഷയങ്ങളെപ്പററിയുള്ള അന്വേഷണം ഒളിഞ്ഞു കിടക്കുന്ന പല തത്വങ്ങളേയും തെളിയിപ്പാൻ സഹായിക്കുന്നതാണ്.

* * *

ആയുർവ്വേദശാസ്ത്രത്തിന്നും അതനുസരിച്ചുള്ള ചികിത്സയ്ക്കും അഭിവൃദ്ധിയുണ്ടാക്കുവാനുള്ള ഉദ്യമങ്ങൾ ഇന്ത്യാരാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലും നടന്നുവരുന്ന കാലമാണിത്, അങ്ങിനെ എല്ലാ ദിക്കിലുമുള്ള ഉദ്യമങ്ങൾക്കു ഐകമത്യം വരുത്തിയും, ആയുർവ്വേദത്തിലെ ലുപ്തപ്രായമായി കിടക്കുന്ന ശല്യശസ്ത്രാദ്യംഗങ്ങൾ പാശ്ചാത്യചികിത്സാശാസ്ത്രങ്ങളിൽ നിന്നെടുത്തും, ആയുർവ്വേദത്തിന്റെ അഭിവൃദ്ധിക്കുള്ള പ്രതിബന്ധങ്ങളോടെതിർത്തും അതിപ്രാചീനമായ ഈ ശാസ്ത്രത്തിന്റെ യോഗക്ഷേമങ്ങളന്വേഷിപ്പാനായി ഇന്ത്യാരാജ്യത്തിന്നു മുഴുവൻ സംബന്ധിക്കുന്ന വിധത്തിൽ സ്ഥാപിച്ചു നടത്തിവരുന്ന നിഖിലഭാരത വർഷീയ ആയുർവ്വേദസമാജത്തിന്റെ അഷ്ടമസമ്മേളനം ഇക്കഴിഞ്ഞ ഫിബ്രവരി 25-ാംനു- മുതൽ നാലു ദിവസങ്ങളിലായി പൂനാ നഗരത്തിൽ വെച്ചു മഹാമഹിമശ്രീ രാമശ്രീ സർ- രാമവർമ്മ ജി- സി- എസ - ഐ-, ജി- സി- ഐ- ഇ- വലിയ തമ്പുരാൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ വളരെ കേമമായി കഴിഞ്ഞിരിക്കുന്നു. ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നു മൂന്നൂറിൽപുറം പ്രതിനിധികൾ വന്നു ചേർന്നിരുന്ന ഈ മഹായോഗത്തിൽ വെച്ച് അദ്ധ്യക്ഷൻ ചെയ്ത സാരമേറിയ സംസ്കൃതപ്രസംഗം തർജ്ജമ ചെയ്ത് ഇതിൽ മറെറാരു ഭാഗത്തു ചേർത്തിട്ടുണ്ട്. കേരളത്തിലെ ചികിത്സാരീതിക്ക് അന്യദേശീയരീതിയിൽ നിന്നുള്ള വ്യതിരേകങ്ങളേയും, ആയുർവ്വേദത്തിന്റെ ഉജ്ജീവനത്തിന്നു ചെയ്യേണ്ടുന്നതായ ഉദ്യമങ്ങളേയും മററും പററി അവിടുന്നുപന്യസിച്ചവയും ആ മഹായോഗത്തിൽ കൂടിയിരുന്നവരുടെയെല്ലാം സവിശേഷമായ അഭിനന്ദനത്തിന്നു പാത്രീഭവിച്ചവയുമായ അനേകം വിഷയങ്ങൾ കേരളീയരുടെ ശ്രദ്ധയിൽപ്പെടുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ആയുർവ്വേദത്തിന്റെ മഹിമകളെ വൈസറോയിയുടെ സന്നിധിയിൽ അറിയിക്കണമെന്നും, ഇന്ത്യയിലെ ഒരു പ്രധാനസ്ഥാനത്ത് ഒരായുർവേദമഹാവിദ്യാലയം സ്ഥാപിക്കണമെന്നും മററുമായി അനേകം നിശ്ചയങ്ങൾ ഈ മഹായോഗത്തിൽ വെച്ചു ചെയ്യുകയുണ്ടായി. കേരളീയായുർവേദസമാജം മാനേജിംഗ് ഡയറക്ടരായ രാമവർമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സു കൊണ്ടു നിശ്ചയങ്ങൾ കൊണ്ടുവന്നവരിൽ ഒരാളായിരുന്നു. ഈ മഹായോഗം ഇത്ര മേൽ, വിജയകരമായിക്കഴിഞ്ഞതു കൂടിയതിൽ ആരാണ് സന്തോഷിക്കാതിരിക്കുക?

# ജ്വാലാവതീരാമകുമാരം.

## രണ്ടാം ഭാഗം

### രണ്ടാമങ്കം

(ജ്വാലാവതി പിന്നെയും പ്രവേശിക്കുന്നു)

ജ്വാലാ—പ്രിയ, രാമകുമാര! പതുക്കെ, പതുക്കെ; ഇദ്ദേഹത്തെ ഇവിടെ ഈ അപകടസ്ഥിതിയിൽ നിന്നു തിരിയെ വിളിച്ചു കൊണ്ടുപോവാൻ ശക്തിയുള്ള മധുരസ്വരം എനിക്കെങ്കിലും ഉണ്ടായാൽ എത്ര നന്നായിരുന്നു! എന്റെ പ്രാണപ്രിയന്റെ പേർ എത്രതന്നെ ഉച്ചരിച്ചിട്ടും എനിക്കു തൃപ്തി വരുന്നില്ല. ബന്ധനം ശബ്ദസ്തംഭകരമാകുന്നല്ലൊ. അല്ലായ്കിൽ ഞാൻ എന്റെ കോമളകാമുകന്റെ മാധുര്യമാകുന്ന നാമധേയത്തിന്റെ സന്തതോച്ചാരണം കൊണ്ടു പ്രതിദ്ധ്വനി മുഖേന ദിഗന്തങ്ങളുടെ വർണ്ണസങ്കരണം ചെയ്യുമായിരുന്നു!

രാമ—(ആത്മഗതം) എന്റെ അന്തഃകരണനായികയാണ് എന്റെ പേർ വിളിക്കുന്നത്. അഹോ!

ഇഷ്ടകാമിനികഥിക്കുമക്ഷരം
സ്പഷ്ടമായ്ക്കളുരവേണരാത്രിയിൽ
എത്രസൌഖ്യമിഹനൽകിടുന്നേണാം
മൃദ്വീണയുടെശബ്ദമെന്നപോൽ!

ജ്വാലാ—രമ്യപ്രിയതമ!

രാമ—എന്താ കാമനത്തങ്കമേ!

ജ്വാലാ—നാളെ എത്ര മണിക്കാണ് ഞാൻ ആളെ അയയ്ക്കേണ്ടത്?

രാമ—ഒമ്പതു മണിക്ക്.

ജ്വാലാ—ഞാൻ വീഴ്ച കൂടാതെ ആളെ അയയ്ക്കും. അതു വരെക്കും എനിക്കു ഒരു യുഗം പോലെ തോന്നും. ഞാൻ അങ്ങയെ എന്തിനായിട്ടാണ് വീണ്ടും വിളിച്ചത് എന്നു സംഗതി മറന്നു പോയി.

രാമ—അതു ഭവതിക്ക് ഓർമ്മയുണ്ടാകുന്നതു വരെ ഞാൻ ഇവിടെ നിന്നുകൊള്ളാം.

ജ്വാലാ—എന്നാൽ ഞാൻ അതു എല്ലായ്പോഴും മറന്നു തന്നെ ഇരിക്കും. അങ്ങിനെയെങ്കിലും അങ്ങയുടെ സദാദർശനം എനിക്കു ലഭിക്കട്ടെ. അങ്ങയുടെ നിരന്തരസംസർഗ്ഗം എനിക്ക് അമൃതാസ്വാദം പോലെ അമിതാനന്ദകരമാണെന്നു ഞാൻ പറഞ്ഞറിയിക്കേണമോ?

രാമ—ഭവതിക്ക് ഓർമ്മയുണ്ടാകുന്നതു വരെ ഇവിടെത്തന്നെ നില്ക്കുന്നത് എനിക്കു പരമസൌഖ്യമാണ്. ഭവതിയുടെ ദർശനമാകുന്ന പീയൂഷത്തെ അനർഗ്ഗളമായ് പാനം ചെയ്ത് ഇവിടെ നില്ക്കുമ്പോൾ ഈ വനലതാവേഷ്ടിതമായ അവനീതലം എനിക്കു മാഘവനിയായ വനിയെക്കാളും വളരെ സുഖപ്രദമാണ്. സമയം ഏകദേശം സൂര്യോദയത്തിനടുത്തു.

ജ്വാലാ—ഇനി ഒട്ടും താമസിക്കാതെ കണ്ട് ഇവിടെ നിന്നു പോകേണ്ടത് അത്യാവശ്യം. എന്നാൽ യാത്ര പറഞ്ഞ

യപ്പാൻ എന്റെ ഹൃദയം ഒട്ടും സമ്മ
തിക്കുന്നില്ല.

സ്വൈരംപൂണ്ടവിലാസിനികരതലേ
മേവുന്നകേളിശുകം
ദൂരെതൽപ്രണയാവലോകനരതാ
വിട്ടിട്ടടൻപിന്നെയും
പാരംതട്ടിവലിച്ചാഞ്ഞിയോടുത്തരസാ
ഹസ്തത്തിലാക്കുന്നപോൽ
ച്ഛേദമന്യേപ്രിയനിൽജ്ജനഹൃദയം
തദ്രോധമുദ്രാങ്കിതം.

രോമ — ഞാൻ ആ ശുകമായാൽ എത്ര ധന്യനായിരുന്നേനെ!

ജൂലി — എനിക്ക് ആ വിലാസിനിയുടെ ഭാഗ്യം കിട്ടിയാൽ എത്ര നന്നായിരുന്നു! ഞാൻ ആ വിലാസിനിയായിരുന്നെങ്കിൽ ഭവാനെ സീമാതീതമായ പ്രേമപ്രദർശനാദികളെക്കൊണ്ട സംഭാവനം ചെയ്യുമായിരുന്നു. അങ്ങേക്കു ഈ പ്രണയമംഗലയാത്ര ആശംസിക്കുന്നു. ഹാ!

അന്യോന്യംപിരിയുന്നേര-
മുണ്ടാകുംഖേദമിന്നഹോ
മന്ദ്രരാഗാതിമധുരം
വന്നിടാതൃപ്തിയിന്നതിൽ.

(സൌധാന്തർഭാഗത്തു പോകുന്നു)

രോമ — സുഖനിദ്ര തവാക്ഷിയിൽ പ്രിയേ!
സുഖമാംശാന്തിഹൃദംബുജത്തിലും
ഉളവാക ശുഭാംഗി! നിന്നെഹാ
ലഭിയാതെന്തൊരുസൌഖ്യമിന്നുമേ?

ഞാൻ എന്റെ മഹാത്മാപദേഷ്ടാവായ ലാറൻസ് സന്യാസിയുടെ പർണ്ണശാലയിലേക്കു പോകുന്നു. എന്റെ തല്ക്കാലസ്ഥിതി അദ്ദേഹത്തോട പറഞ്ഞ് അദ്ദേഹത്തിന്റെ സാഹായ്യം അർത്ഥിക്കാമല്ലൊ.

(പോയി)

## മൂന്നാമങ്കം

---

### ലാറൻസ് സന്യാസിയുടെ ഗൃഹം.

(ലാറൻസ സന്യാസി ഒരു പാത്രവും കൊട്ടയുമെടുത്തു പ്രവേശിക്കുന്നു.)

ലാറൻസ് —

ഭ്രുകുടിപൂണ്ടൊരുയാമിനിയാംപിതൃ-
സ്സപദിമന്ദസമേതമുദിക്കുവാൻ
മൃദുലമാംസിതപുഞ്ചിരിപൂണ്ടുവ-
ന്നുദിതയായിതുഷഃകുലകന്യകാ.
കിഴക്കാകാശാന്തനിബിഡത-
രമേഘഷണ്ഡമഖിലം
സിതപ്രഭ്യാംചേരുന്നുവര
വെളിച്ചപ്പിന്നരിനാൽ
തദാകാലംകെട്ടംവലിയൊരി-
ങ്ങൾകാമമതാ
ചലിച്ചാസ്സൂര്യൻതൻപഥിയക-
ലെവീഴുന്നുകുടിയൻ.

ദിനേശപരൻവന്നുഹിമംനുകന്നാ-
ളിനാംഗനാംപുൽകുവതിന്നുമുമ്പായ്
കനക്കയികൊട്ടയിലിട്ടിടേണം
ഗുണാംകലൻന്നുള്ളമരുന്നുസർവ്വം.

ചരാചരത്തിൻജനയിത്രിയിക്കരാ
ശ്മശാനശാലാസകലസ്യതൽക്ഷയേ
തദാശ്രയത്താൽവളരുന്നമർത്ത്യര-
ങ്ങുദരതജ്ഞാതരസംനുകർന്നഹോ!

ഭൂമിതന്നുടെവിശാലയോനിയിൽ-
സ്സീമയററൊരുപദാർത്ഥസഞ്ചയം

ത്തുമയോടജനനംലഭിച്ചഹോ
സോമസൂര്യകൃതപോഷണനാൽ സ്ഥിതം.

ഭൂജാതമാമഖിലസാധനവുംനിനച്ചാ-
ലോരോവിധത്തിലുപകാരകമിതുലോകേ
നേരായിനൽകുകിൽനിന്നാമുപയോഗശൂ-
(ന്യം
യാതൊന്നുമില്ലളവിജാതപദാത്ഥസാത്ഥേ

ചെടിലതാതൃണലോഹകചാദികൾ-
ക്കുചിതശക്തിവിശേഷമതെത്രപോൽ
പടുതയുണ്ടിഹകീടകുലത്തിനും
തടിചശാല്യുപയോഗലവംതരാൻ.

ഓരോപദാത്ഥത്തിനുവെച്ചതാകും
സാരോപയോഗംകിലവിട്ടുകൊണ്ടാൽ
നേരേവരുംയാതൊരുകാലമൊന്നും
ചേരുംപരംദോഷമതന്യവൃത്ത്യാ.

സുകൃതംവൃത്തിദോഷത്താൽ-
ദുഷ്കൃതത്തോടുതുല്യമാം
ദുഷ്കൃതംവൃത്തിമാഹാത്മ്യാൽ
ക്വചിൽസുകൃതസന്നിഭം.

ഏററംനിസ്സാരമാമിച്ചെറിയൊരുകുസുമ-
ത്തിന്റെതോലിന്നകത്തു
ണ്ടേററംചേരുംവിഷച്ചാറതികടുതരമാം
രോഗമാററുന്നകാററും (രൻ
തൊറൊന്നിച്ചാലൊരല്പംരുധടതിയൊരുന-
നാവിൽവെച്ചാൽമരിക്കും
പററുംനൽക്കാററതേല്ക്കിൽബ്ബഹുസുഖപര
യുള്ളരോഗാത്തിശാന്തി. (മാ

അന്യോന്യവൈരമിയലുന്നൊരുരണ്ടുപേരു
ണ്ടന്യൂനമിങ്ങുനിവസിപ്പുജഗത്തിനിങ്കൽ
മന്നിൽപ്പിറന്നമനുജർക്കുതന്നെപോലെ
മണ്ണിൽപ്പിറന്നചെടികൾക്കുമിതൊത്തു-
(ചേപ്പും.

മനുഷ്യരുംഗ്രിഫിയുമൊന്നുപോലെ
വിരുദ്ധമാകുന്നഗുണദ്വയത്താൽ
നിബദ്ധരാംദുർഗ്ഗുണമുജ്ജ്വലിച്ചാൽ
ശുഭത്വമില്ലാതെനശിക്കുമല്ലോ.

(രാമകുമാരൻ പ്രവേശിക്കുന്നു)

രാമ — ഉപദേഷ്ടാവായ പിതാവേ, സ്വാഗതം.

ലാറൻസ് — സ്വസ്തി ഭവതു തേ. ഇതാരാണ്, എനിക്ക് ഇത്ര രാവിലെ മധുരമായ അഭിവന്ദനം ചെയ്യുന്നത്? ഓ- രാമകുമാരനോ! എന്റെ കുട്ടി, നീ ഇത്ര രാവിലെ നിന്റെ ശയ്യയെ വെടിഞ്ഞു വന്നു കാണുന്നതിനാൽ നിന്റെ ഹൃദയത്തിൽ എന്തോ ഒരു ശല്യം ഉണ്ടായ കണക്കെ തോന്നുന്നു. എന്തെന്നാൽ-

വൃദ്ധന്മാരുടെകണ്ണിലഹർന്നിശം
ചിന്തസ്ഥിരിപ്പാകയാൽ
നിദ്രാകാമിനിതൈകവരുന്നൊരുരുചാ
ചെല്ലുന്നതില്ലങ്ങഹോ!
ചിന്താതങ്കമതെന്നിയേലഘുതരം
മേവുംയുവാക്കൾക്കഹോ
സിദ്ധിക്കുന്നുകിടന്നുകൂടുമളവേ
നിദ്രാസുഖംഗാഢമായ്.

അതിനാൽ യുവാവായ നീ ഇത്ര പുലച്ചയ്ക്ക് എഴുനീററുകൊണ്ട് എന്തോ ഒരു മനോവ്യഥ നിന്റെ നിദ്രയ്ക്കു ഭംഗം ചെയ്തപോലെ തോന്നുന്നു. അതല്ലാ! നീ ഈ കഴിഞ്ഞ രാത്രി കിടപ്പുമുറി കണ്ടിട്ടില്ലെന്നു തന്നെ വരുമോ?

രാമ — ഇപ്പോൾ ഒടുവിൽ പറഞ്ഞതാണ് ശരി. നിദ്രാസുഖത്തിലധികം ആനന്ദം ഞാൻ അനുഭവിക്കയായിരുന്നു.

ലാറൻസ് — വിഷയസൌഖ്യത്തിന്റെ പാപം ദൈവം കളയട്ടെ. നീ രസലേഖയുടെ ഒന്നിച്ചായിരുന്നുവോ?

രാമ — രസലേഖയുടെ കന്നിച്ചോ? അല്ല. ഞാൻ ആ പേരിനെത്തന്നെ മറന്നിരിക്കുന്നു. ആ പേരിനോടുകൂടെ അനുസംബന്ധമായുണ്ടായ സകല വികാരങ്ങളും എന്റെ മനസ്സിൽ നിന്നു പോയിരിക്കുന്നു.

ലാറൻസ് — അതു നന്നായിരിക്കുന്നു. അങ്ങിനെ തന്നെയാണ് വേണ്ടത്! എന്നാൽ പിന്നെ നീ എവിടെ ആയിരുന്നു?

രാമ — ഞാൻ അതു പറയാം. എന്റെ ശത്രുസംഘക്കാരുടെ ഇടയിൽ ചേർന്നു വിനോദിക്കയായിരുന്നു. അപ്പോൾ അതിൽ ഒരാൾ എന്നെ ശരം പ്രയോഗിച്ചു വ്രണപ്പെടുത്തി. ഞാൻ ആയാളെയും അപ്രകാരം വ്രണപ്പെടുത്തി. വിദ്വന്മാരായ ഞങ്ങൾ രണ്ടുപേരുടേയും ചികിത്സ അങ്ങേടെ ദിവ്യമായ അധീനത്തിൻകീഴിൽ ഇരിക്കുന്നു. എന്റെ ശത്രുവായ ആ ആളുടെ ചികിത്സകൂടി ഞാൻ ആശംസിക്കുന്നതുകൊണ്ടുതന്നെ മാത്സര്യവികാരം എന്നെ ബാധിക്കുന്നില്ലെന്നു അങ്ങുന്ന് അറിയേണ്ടതാണ്.

ലാറൻസ് — പ്രിയപ്പെട്ട എന്റെ കിടാവെ, വെളിവായി പച്ചയിൽ പറയൂ. 'വ്യംഗ്യം ചേർന്ന മർമ്മത്തിൽ മങ്ങിട്ടുള്ള പാപമോചനം' എന്നു നീ അറിയേണ്ടതാണ്.

രാമ — എന്നാൽ വ്യക്തമായ് പറയാം, കേട്ടുകൊണ്ടാലും. എന്റെ അന്തഃകരണത്തിലെ പ്രേമാനുരാഗം ധനവാനായ കപിലതാനായകന്റെ നന്ദിനിയായ ആ ധന്യതരുണീരത്നം അപഹരിച്ചിരിക്കുന്നു. എനിക്ക് അവളിൽ എന്നപോലെ അവൾക്ക് എന്നിലും അനുരാഗമുണ്ട്. എല്ലാ അംശങ്ങളും ഒത്തുകൂടിയിരിക്കുന്നു. വിവാഹശേഷം ഒന്നുമാത്രമാണ് ഇനി ബാക്കിയുള്ളത്. ഞങ്ങൾ തമ്മിൽ സമാഗമം എപ്പോൾ ഉണ്ടായി എന്നും എവിടെ ഉണ്ടായി എന്നും എതെല്ലാംവിധം ഞങ്ങൾ തമ്മിൽ പ്രണയശപഥം നടന്നു എന്നും ഞാൻ താമസിയാതെ അങ്ങയെ ഉണർത്തിക്കാം. എന്നാൽ അതിനു മുമ്പായി ഇന്നു തന്നെ ഞങ്ങളുടെ പാണിഗ്രഹണവിധി അങ്ങുന്നു നടത്തി തരേണമെന്നു ഞാൻ അങ്ങയോടു താല്പര്യപ്പെട്ട് അപേക്ഷിക്കുന്നു.

ലാറൻസ് — ശിവ- ശിവ- ഇതെന്തു മാററമാണ്? നിനക്കു കണ്ണിലുണ്ണിയായ രസലേഖയെ ഇത്ര വേഗം മറന്നുപോയൊ? ഹാ തരുണന്മാരുടെ അനുരാഗം ഹൃദയത്തിലല്ലാ, നയനത്തിൽ മാത്രമാണ്. എന്റെ ഈശ്വരി! നിന്റെ വിവർണ്ണമായ കപോലം രസലേഖയെ കുറിച്ചു പണ്ട് എത്ര നാഴി ഉപ്പുവെള്ളത്തിലാണ് ക്ഷാളിതമായിരുന്നത്! അനുരാഗത്തിനു രുചി കൊടുപ്പാനായി ജനിതമായ ഈ ലവണോദകം ഉപയോഗമെന്നിയെ വ്യർത്ഥഭൂതമായി. നീ മുമ്പു കാട്ടിക്കൂട്ടിയ നിശ്വാസങ്ങളും ആർത്തവിലാപങ്ങളും എന്റെ ചെകിട്ടിൽ ഇപ്പോഴും മുഴങ്ങിത്തടന്നു ഇരിക്കുന്നു. അവളുടെ വിരഹദുഃഖസംഭൃതമായ അശ്രുധാരകൊണ്ടുണ്ടായ പാടു നിന്റെ കവിൾത്തടത്തിൽ നിന്ന് ഇപ്പോഴും മാഞ്ഞിട്ടില്ല. ഇതെല്ലാം രസലേഖയെ കുറിച്ചല്ലായിരുന്നുവൊ? ഇത്ര ക്ഷണം നീ മാറിപ്പോയല്ലൊ!

രാഗചാപല്യമിന്നുള്ള
ചെറിയോനരുനീളുകം
മാരവികാരതാംനാരീ-
കാതര്യം ചിത്രമല്ലഹോ.

# മംഗളോദയം

൧൦൯൨

| പുസ്തകം ൯ | മീനം. | ലക്കം ൧൨ |
|---|---|---|


## മംഗളം

നീരാളംമുകിൽനിറമൊത്തമെയ്യിൽ മിന്നും
ഹീരാളം തരിവള താലിമാല ചാത്തി
പാരാളംപൂകളൊടുമദ്രിരാജനുള്ളാ-
സ്സാരാലങ്കരണമതിന്നു കൈതൊഴുന്നേൻ.

ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ

# ലീലാതിലകം.

പ്രൊഫസർ എ. ആർ. രാജരാജവർമ്മ തമ്പുരാനവർകളുടെ കേരളപാണിനീയം



ഭൂമികയിൽ നിശ്ശേഷം പരിശോധിച്ചു പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതിൽ, ലീലാതിലകത്തെപ്പററി ചേർത്തിട്ടുള്ള ചില വിവരണങ്ങൾ, 'മംഗളോദയ' വായനക്കാൎക്ക രസാവഹമായിരിക്കുമെന്നുവിശ്വസിച്ച്, ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു.

'മണിപ്രവാളത്തിൽ മണിയുടേയും പ്രവാളത്തിന്റേയും ചേൎച്ചതാനം ഇന്നവിധം വേണമെന്നുള്ളതിലേയ്ക്കു തീവ്രനിയമങ്ങൾ' ചെയ്തിട്ടുള്ള ലീലാതിലകം സംസ്കൃതത്തിലെഴുതുവാനുള്ള കാരണത്തെ കേരളപാണിനി ഇങ്ങിനെ കാണിച്ചിരിക്കുന്നു:—

"സംസ്കൃതകവികൾക്കേ മണിപ്രവാളകവിത ചെയ്യാൻ സാധിക്കയുള്ളല്ലോ; അതിനാൽ ആരംഭത്തിലേ മണിപ്രവാളഗ്രന്ഥകാരന്മാരെല്ലാം നമ്പൂരിമാർ ആയി

ന്നു. അവർ സംസ്കൃതത്തിലെ വ്യാകരണത്തെ എന്നപോലെ വൃത്തശാസ്ത്രത്തെയും ഭാഷയിൽ അവതരിപ്പിച്ചു. ഉണ്ണുനീലിസന്ദേശം, ചന്ദ്രോത്സവം, ചമ്പുക്കൾ ഇതെല്ലാം സംസ്കൃതവൃത്തങ്ങളിൽ വിരചിതങ്ങളായ പദ്യങ്ങളാൽ ഉപകല്പിതമാകുന്നു. ഈ വക കവിതകളിൽ പരിപൂർണ്ണസംസ്കൃതങ്ങളായ ശ്ലോകങ്ങളും അപൂർവമല്ല. സംസ്കൃതത്തിൽ തന്നെ ശ്ലോകം ചമച്ചിട്ടു വല്ല മൂലയിലും മുക്കിലും ഒന്നോ രണ്ടോ ഭാഷാപദം പ്രയോഗിച്ചാൽ ശ്ലോകം മുഴുവൻ മണിപ്രവാളമായി. എന്നാൽ ഒരു ശാസ്ത്രഗ്രന്ഥം ചെയ്യുകയാണെങ്കിൽ അതിനു മലയാളം തൊട്ടുതെറിപ്പിച്ചു മണിപ്രവാളം പോലും പോരാ, ശുദ്ധസംസ്കൃതം തന്നെ വേണമെന്നായിരുന്നു അന്നത്തെ വിചാരം; അതാണു ലീലാതിലകം സംസ്കൃതത്തിലെഴുതാനുള്ള കാരണം.”

ഇതിനുശേഷം 'ലീലാതിലക'ത്തെപ്പറ്റി കൊടുത്തിട്ടുള്ള വിവരണം ഇതാണ്:—

മണിപ്രവാളത്തിനു പ്രാചീനന്മാർ വളരെ നിഷ്കർഷിച്ചു ലക്ഷണം ചെയ്തിട്ടുണ്ട്. ഈയിടെ കണ്ടുകിട്ടിയ ലീലാതിലകം എന്ന ഗ്രന്ഥം മലയാളഭാഷയിൽ കവിത ആരംഭിച്ച അക്കാലത്തു തന്നെ മഹാന്മാർ ചെയ്തിട്ടുള്ള വ്യവസ്ഥകളെ എല്ലാം വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ലീലാതിലകം എന്നതു മണിപ്രവാളകവിതയെപ്പറ്റി സംസ്കൃതത്തിൽ ചമച്ചിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിനു 'ശില്പം' എന്നു പേരുള്ള എട്ടു വിഭാഗങ്ങളുണ്ട്. മണിപ്രവാളത്തിന്റെ സ്വരൂപവും ലക്ഷണവും ഒന്നാം ശില്പത്തിൽ വിവരിച്ചിരിക്കുന്നു. മണിപ്രവാളശരീരനിരൂപണമാണ് രണ്ടാം ശില്പം; ഇതിൽ ഭാഷയുടെ നിരുക്തവും നാമങ്ങളുടെയും ക്രിയാപദങ്ങളുടെയും രൂപനിഷ്പത്തിയും അടങ്ങിയിരിക്കുന്നു. മൂന്നാംശില്പം സന്ധിവിവരണം ആകുന്നു. ദോഷാലോചനം നാലാംശില്പത്തിലും, ഗുണവിചാരം അഞ്ചാംശില്പത്തിലും ചെയ്തിരിക്കുന്നു. ശബ്ദാലങ്കാരം ആറിലും, അർത്ഥാലങ്കാരം ഏഴിലും എന്ന് അലങ്കാരപ്രതിപാദനപരങ്ങളാണ് അടുത്ത രണ്ടു ശില്പങ്ങൾ. ഒടുവിലത്തേതായ എട്ടാംശില്പം രസനിരൂപണത്തിനായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ വിധം ശബ്ദശാസ്ത്രവും അലങ്കാരശാസ്ത്രവും കൂടികലർന്നതാണ് ലീലാതിലകം. ഗ്രന്ഥകർത്താവിന്റെ പേർ അറിയുന്നതിനു മാർഗ്ഗമില്ല. കാശികാവൃത്തി, കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളുടെ തോതിലാണ് ഈ ഗ്രന്ഥം ചമച്ചിട്ടുള്ളത്. കാശികാവൃത്ത്യാദികളിലേപ്പോലെ ലീലാതിലകകാരനും മൂലഭൂതങ്ങളായ ചില സൂത്രങ്ങളെ എടുത്തു വ്യാഖ്യാനിക്കയും ഉദാഹരിക്കയും ചെയ്തിട്ട് അതിനുപരി പല വിചാരണകളും സ്വതന്ത്രമായി ചെയ്യുന്നു. സൂത്രങ്ങൾ സ്വയംപ്രണീതങ്ങളല്ല; പുരാതനങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ചിലേടത്തു 'ചശബ്ദം ഉത്തരസൂത്രത്തിൽ നിന്നു അനുകർഷിക്കണം' എന്നും മറ്റും പ്രസ്താവിച്ചുകാണുന്നു. സൂത്രവും വൃത്തിയും ഒരാൾ തന്നെ നിർമ്മിച്ചതാണെങ്കിൽ ഈ വക റിമാർക്കുകൾക്കാവശ്യമില്ല. സൂത്രകാരൻ വേറെ ഒരാൾ ആണെന്ന്, അതിനാൽ കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ

ആ ആചാര്യൻ ആരാണെന്നും, ഊഹിക്കുന്നതിനു ലീലാതിലകം മുഴുവൻ ശ്രദ്ധയോടുകൂടി വായിച്ചിട്ടു് എനിക്കു സാധിച്ചില്ല. ലീലാതിലകം എഴുതിയ ആൾ തമിഴിലും സംസ്കൃതത്തിലും ഒന്നുപോലെ പ്രാമാണികത്വം ലഭിച്ച ഒരു മഹാനായിരുന്നു എന്നു മാത്രം നിസ്സംശയമായിപ്പറയാം. ഇതിൽ ഉദാഹരണത്തിന്നെടുത്തിട്ടുള്ള ശ്ലോകങ്ങൾ മിക്കതും അശ്രുതപൂർവ്വങ്ങളാണു്; എന്നാൽ ഉണ്ണുനീലിസന്ദേശത്തിലെ ചില ശ്ലോകങ്ങൾ ഉദാഹരിച്ചു കാണുകയാൽ ആ സന്ദേശഗ്രന്ഥത്തിനു മേലാണ് ലീലാതിലകം രചിക്കപ്പെട്ടത് എന്നു മാത്രം ഊഹിക്കാം.

മണിപ്രവാളത്തിന്റെ ശബ്ദശാസ്ത്രവും അലങ്കാരശാസ്ത്രവും ആണു ലീലാതിലകം എന്നു പറഞ്ഞുവല്ലോ. അതിൽ ആലങ്കാരികസിദ്ധാന്തങ്ങൾക്കു പറയത്തക്ക ഭേദങ്ങളൊന്നും ഇതേവരെ വന്നിട്ടില്ല; ശബ്ദശാസ്ത്രനിയമങ്ങളിലാകട്ടേ, ചില ഭേദഗതികൾ സംഭവിച്ചിട്ടുണ്ട്:--

(൧) 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന പ്രഥമസൂത്രപ്രകാരം സംസ്കൃതത്തിലെ വിഭക്ത്യന്തങ്ങളായ നാമങ്ങളും ക്രിയാപദങ്ങളും ഇടകലർന്നുള്ള ഭാഷാപ്രയോഗമാണ് മലയാളം. നാം ഇപ്പോൾ ഭാഷ എന്നു പറയുന്ന മലയാളത്തിന് അന്നു 'തമിഴ' എന്നായിരുന്നു പേർ. ഇതനുസരിച്ചാണ് 'ഭാഷാവ്യാഖ്യാനം' എന്ന അർത്ഥത്തിൽ 'തമിഴ്ക്കുത്തു' എന്ന പദം ഇന്നും നാം ഉപയോഗിച്ചുവരുന്നതെന്നു തോന്നുന്നു. 'മണിപ്രവാളം' എന്ന പദത്തിന്റെ വ്യുൽപത്തിതന്നെ അർവാചീനന്മാർ വ്യാഖ്യാനിക്കുംപോലെ അല്ല. മണി എന്നാൽ മാണിക്യം എന്നു പറയുന്ന ചുവപ്പുകല്ലും, പ്രവാളം പവിഴവും; മണിസ്ഥാനീയങ്ങളായ ദ്രാവിഡ (മലയാള) പദങ്ങളും പ്രവാളസ്ഥാനീയങ്ങളായ വിഭക്ത്യന്തസംസ്കൃതപദങ്ങളും ചേർന്ന ഭാഷ മണിപ്രവാളം. മാണിക്യത്തിനും പവിഴത്തിനും നിറം ഒന്നാകയാൽ ഇണങ്ങിച്ചേരുന്നപക്ഷം ജാതിഭേദം തെളിയാത്തതുപോലെ മലയാളവും സരളസംസ്കൃതവും സരസമായി കലർത്തിയാൽ ഭാഷാഭേദം തോന്നുകയില്ലെന്നാണ് യുക്തി. ഇതു വസന്തതിലകം മുതലായ സംസ്കൃതവൃത്തങ്ങളിൽ കവിത എഴുതുന്നതിനു മാത്രം ഉപയോഗിക്കേണ്ടുന്ന ഭാഷയാണ്. ഒറ്റപ്പദങ്ങളും ദീർഘദീർഘസമാസങ്ങളും അടിസ്ഥുടി സംസ്കൃതത്തിൽ നിന്നു കടം വാങ്ങി വിഭക്തിരൂപം മാത്രം മലയാളവ്യാകരണപ്രകാരമാക്കി ഒരു കാതം വഴിനീളത്തിൽ ഗദ്യങ്ങൾ എഴുതിക്കൂട്ടിയാലും അതു മണിപ്രവാളമാകയില്ല. ഇതിനു 'തമിഴ്' എന്നു തന്നെ പേർ. 'രാമായണം തമിഴ്' 'ഭാരതം തമിഴ്' എന്നു മുതലായ പേരുകളോടുകൂടി പല ഗദ്യഗ്രന്ഥങ്ങളും ചാക്യാന്മാർ വശം ഇന്നും ഇരിപ്പുണ്ട്. അവർ എന്തോ ഒരു ഭക്തിജാഡ്യംകൊണ്ടോ, രഹസ്യോൽഘാടനഭയംകൊണ്ടോ ആ വക ഗ്രന്ഥങ്ങൾ വെളിപ്പെടുത്താൻ മടിക്കുന്നു......

(൨) 'സന്ദധേ സംസ്കൃതീകൃതാച'എന്ന സൂത്രപ്രകാരം:—

'പൂപൂകിലേ പന്തലകത്തു ചൂകരാ-
ച്ചുചൂടിലേ മാലപറിച്ചോരോന്നലേ { ഒരോരു
തല്ലിലേ തമ്മിലതീവ ഘോരമായ് { ത്തരെ
മമണ്ടിലേ കൊണ്ടു മണ്ടോട്ടിതന്നെയും.'

ഇത്യാദികളിലെപ്പോലെ മലയാളധാതു

കൾക്കു സംസ്കൃതരൂപം കൊടുക്കുക എന്ന വിലോമസമ്പ്രദായം അന്നു നടപ്പായിരുന്നു. അതിനാൽ തന്നെയാണ് ഉണ്ണുനീലിസന്ദേശത്തിൽ 'മാടമ്പിനാം', 'പിന്നിടേഥാഃ', 'പൊത്തയിതപാ' ഇത്യാദി ഉദാഹരിച്ചപ്രകാരം, വിചിത്രരൂപങ്ങൾ പ്രയോഗിച്ചുകാണുന്നത്.

(൩) 'ദ്രവിഡസംഘാതാക്ഷരനിബദ്ധമെതുകാമോനവൃത്തവിശേഷയുക്തം പാട്ട്'—

ഈ സൂത്രത്തിന്റെ താൽപര്യം ഇവിടെ തർജ്ജമ ചെയ്യാം. ശബ്ദങ്ങൾ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചാലും എഴുത്തിൽ തമിഴക്ഷരങ്ങൾ തന്നെ ഉപയോഗിച്ച് 'എതുക' എന്നു പറഞ്ഞിരുന്ന ദ്വിതീയാക്ഷരപ്രാസമോ, 'മോനം' എന്നു പറഞ്ഞിരുന്ന ആദ്യക്ഷരപ്രാസമോ (ഇതിന്റെ സ്വഭാവം പാദത്തെ രണ്ടു പാദമാക്കി മുറിച്ചിട്ടു രണ്ടു ഭാഗത്തിലും സ്ഥാനച്ചേർച്ചകൊണ്ടു സാമ്യമുള്ള സവർണ്ണാക്ഷരങ്ങളെ പ്രയോഗിക്കൂ ആകുന്നു) രണ്ടുമോ ചേർത്തു തമിഴ്വൃത്തങ്ങളിൽ ചമച്ചിട്ടുള്ള കൃതികൾക്കു 'പാട്ട്' എന്നു പേർ. പാട്ടിനു കൊടുത്തിട്ടുള്ള

'തരതലന്താനളന്ത(ാ)വിളന്ത(ാ)പൊന്നൻ
തരകൈതോർ വിരന്താമൽ ബാണനന്നെ
കരമരിന്ത(ാ)പൊരുന്താനവന്മാതടെ
കരളരിന്ത(ാ)പുരാനെ മുരാരീകണാ
തെവരന്താ പരന്താമമേ നീ കനി-
ന്നുരകശായീ പിണിപ്പാഴ്ന്നിന്താവർണ്ണം
ചിരതരന്താൾ പണിന്തനയോ രാകെന്നെ
തിരുവനന്ത(ാ)പുരന്തങ്കമാന്നന്തനേ.'

എന്ന ഉദാഹരണം രാമചരിതത്തിൽനിന്നായിരിക്കാം എന്നു ഊഹിപ്പാൻ വഴിയുണ്ട്. ഈ ഊഹം ശരിയാണെങ്കിൽ രാമചരിതകാരനായ വഞ്ചിമഹാരാജാവിനു ഇപ്പുറമാണ് ലീലാതിലകത്തിന്റെ ഉത്ഭവം എന്നു തെളിയുന്നു. എന്നാൽ എതുക (ദ്വിതീയാക്ഷരപ്രാസം) മണിപ്രവാളത്തിലും ചിലപ്പോൾ ഉപയോഗിച്ചുവരുന്നു എന്നു മറ്റുദാഹരണശ്ലോകങ്ങളിൽനിന്നു കാണുന്നുണ്ട്.

ലീലാതിലകത്തിൽ കാണുന്ന ലക്ഷ്യങ്ങളിൽനിന്നു നമുക്കു ലഭിക്കുന്ന ഭാഷാചരിത്രവാസ്തവങ്ങൾ എന്തെല്ലാമെന്നു നോക്കാം— ആദികാലത്തു മലയാളദേശത്തു നാടോടിയായി സംസാരിച്ചിരുന്ന ഭാഷയ്ക്കു തമിൾ എന്നായിരുന്നു പേർ. സാക്ഷാൽ തമിഴിനു 'പാണ്ടിത്തമിഴ്' എന്നും ഈ നാട്ടിലേതിനു 'മലയം തമിൾ' എന്നും ഭേദം കല്പിച്ചിരിക്കാം. 'മലയാം തമിൾ', 'മലയാണ്മ' എന്നു ചുരുങ്ങിയിരിക്കണം. നാടോടിഭാഷയിൽനിന്നു സ്വല്പം ഉയർന്ന ഒരു ഗ്രന്ഥഭാഷയുണ്ടായിരുന്നു. അതു ഗദ്യമെഴുതുന്നതിനു ചുരുക്കമായിട്ടേ ഉപയോഗിച്ചിരുന്നുള്ളു. പദ്യകരണം രണ്ടു വഴിക്കായിരുന്നു— ഒന്നാമത്: ആദ്യക്ഷരപ്രാസമോ ദ്വിതീയാക്ഷരപ്രാസമോ (അന്താദിപ്രാസമോ) നിയമേന ഉപയോഗിച്ച തമിഴ്വൃത്തങ്ങളിൽ സംസ്കൃതപ്രയോഗം ചുരുക്കി പ്രയോഗിക്കുന്ന പക്ഷവും തത്ഭവരീതിയിൽ അക്ഷരഭേദം ചെയ്തു സംസ്കൃതവർണ്ണമാല ഉപയോഗിക്കാതെ വട്ടെഴുത്തിൽ എഴുതീട്ടുള്ള പാട്ടുകളുടെ മട്ട്. രണ്ടാമതു: സംസ്കൃതവിഭക്ത്യന്തം ചേർത്തു നിയതമായുള്ള പ്രാസനിർബ്ബന്ധം കൂടാതെ രസപ്രധാനമായി വസന്തതിലകാദിവൃത്തങ്ങളിൽ രചിച്ചിട്ടുള്ള മണിപ്രവാളമാർഗ്ഗം. സംസ്കൃതപ്രാധാന്യത്താൽ മണിപ്രവാളകൃതി

കൾ ആര്യ്യഎഴുത്തിൽ തന്നെ എഴുതണമെന്നുകൂടി നിർബ്ബന്ധമുണ്ടായിരുന്നു. രാമചരിതം മുതലായതു പാട്ടിനും, ഉണ്ണുനീലിസന്ദേശം മുതലായതു മണിപ്രവാളത്തിനും ഉദാഹരണങ്ങൾ. രാമചരിതത്തിന്റെ വഴിപിടിച്ച് അയ്യിപ്പിള്ള ആശാൻ, കണ്ണശ്ശപ്പണിക്കർ മുതൽപേർ മുറയ്ക്കു പാട്ടുകൾ എഴുതി. ഇക്കൂട്ടത്തിൽ ഒടുവിലത്തേതായിരിക്കണം കൃഷ്ണപ്പാട്ട്. ഉണ്ണുനീലിസന്ദേശത്തിന്റെ മാതൃകയിലും കൃതികൾ പലതും ഉണ്ടായിരിക്കണം; എന്നാൽ ഒററ ശ്ലോകങ്ങൾ അല്ലാതെ പ്രബന്ധങ്ങൾ വേറെ വെളിപ്പെട്ടു കഴിഞ്ഞിട്ടില്ല. ചെല്ലൂർ മാഹാത്മ്യം മുതലായ ചമ്പൂപ്രബന്ധങ്ങൾ ആയിരിക്കണം ഈ വർഗ്ഗത്തിലേ അർവാചീനകൃതികൾ.

മേൽ പ്രസ്താവിച്ച പ്രകാരം ഇടയ്ക്കു തടഞ്ഞു രണ്ടു കൈവഴികളായിപ്പിരിഞ്ഞു നേടുകേ ഒഴുകിക്കൊണ്ടിരുന്ന കേരളകവിതാസരസ്വതിയെ വീണ്ടും കൂട്ടിച്ചേർത്ത് ഒരേ പ്രവാഹമാക്കിവിട്ട മഹാപുരുഷൻ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛനാകുന്നു. അദ്ദേഹം ചെയ്ത ഏർപ്പാടുകൾ ആവിതു: — (൧) മണിപ്രവാളത്തിൽ എന്നപോലെ പാട്ടുകളിലും ആവശ്യം അനുസരിച്ചു ലളിതസംസ്കൃതവിഭക്ത്യന്തങ്ങളെ ഉപയോഗിക്കാം. (൨) വിഭക്ത്യന്തങ്ങളായാലും പ്രകൃതികൾ മാത്രമായാലും സംസ്കൃതശബ്ദങ്ങളെ സ്വൈരമായുപയോഗിക്കുന്ന സ്ഥിതിക്കു അതുകളിൽ അക്ഷരസ്ഫുടതയ്ക്കുവേണ്ടി സാഹിത്യമെല്ലാം തന്നെ ആര്യ്യഎഴുത്തിൽ എഴുതണം. (൩) ഭാഷാഭാഗസങ്കരത്തിൽ സംസ്കൃതപ്രകൃതികളെ മലയാളവിഭക്തികൾ ചേർത്തു പ്രയോഗിക്കുന്നതു ശരിയായ വഴി; നേരെമറിച്ച് മലയാളപ്രകൃതികളെ സംസ്കൃതവിഭക്തി ചേർത്ത് 'മാടമ്പീനാം', 'പിന്നിടേഭ്യഃ' ഇത്യാദിപോലെ പ്രയോഗിക്കുന്ന വിലോമസമ്പ്രദായം തെറ്റ്. (൪) സംസ്കൃതച്ഛന്ദശ്ശാസ്ത്രത്തിലെ വർണ്ണനിയമത്തെയും മാത്രാനിയമത്തെയും തമിഴവൃത്തങ്ങളിൽകൂടി പ്രവേശിപ്പിച്ചു പുതുതായി കിളിപ്പാട്ടു മുതലായ മലയാളവൃത്തങ്ങളെ നടപ്പിൽ വരുത്തി.

ഈ വ്യവസ്ഥപ്രകാരം തമിഴും സംസ്കൃതവും കലർന്നുണ്ടായ ഭാഷയാണ് മലയാളനാട്ടിൽ ഇന്നും നടന്നുവരുന്ന ഗ്രന്ഥഭാഷ. ഇതിൽ സംസ്കൃതവിഭക്ത്യന്തപ്രയോഗം ക്രമേണ കുറഞ്ഞുവരുന്നുണ്ട്. 'പച്ചമലയാളത്തിലും' കവികൾ കൈവെയ്ക്കാതിരുന്നിട്ടില്ല; എന്നാൽ അതിനു പ്രചാരം ലഭിക്കുന്നതു സംശയം തന്നെ. നാടോടിയായ ഗ്രാമ്യഭാഷയിലും പഠിത്തക്കാരുടെ ഇടയിൽ സംസ്കൃതശബ്ദപ്രയോഗം ക്രമേണ വർദ്ധിച്ചുവരുന്നു. മലയാളം തമിഴിന്റെ ഉപഭാഷയായിട്ടാണോ ഉത്ഭവിച്ചത് എന്ന സംഗതിയിൽ ഇനി യാതൊരു തർക്കത്തിനും വകയില്ല. ലീലാതിലകകാരൻ ഇതു വിളിച്ചു പറഞ്ഞിട്ടുണ്ട്. 'കേരളാനാം ദ്രവിഡശബ്ദവാച്യതാദേവംശേന തൽഭാഷാ തമിഴ് ഇത്യുച്യതേ; ചോളകേരളപാണ്ഡ്യേഷു ദ്രവിഡശബ്ദസ്യ വാ പ്രസിദ്ധ്യാ പ്രവൃത്തിഃ; കർണ്ണാടാന്ധ്രാവപി ദ്രവിഡാവിതി കേചിൽ; തന്ന; തേഷാം ദ്രവിഡവേദവിലക്ഷണഭാഷാവത്ത്വാൽ; ദ്രവിഡസംഘാതപാഠാഭാവാച്ച'. ചോളം, കേരളം, പാണ്ഡ്യം ഈ മൂന്നു ദേശങ്ങളിലേയും ഭാഷ തമിഴിന്റെ വകഭേദങ്ങളാണ്. കർണ്ണാടകവും തെലുങ്കും കൂടി ഇതിൽ

ഉൾപ്പെട്ടതാണെന്നു ചിലർക്കു പക്ഷമുണ്ട്; എന്നാൽ ആ ഭാഷകൾ ദ്രവിഡവേദമായ തിരുവായ്മൊഴിയിലെ ഭാഷയിൽ നിന്നു ഭിന്നിച്ചവയാകയാൽ അതുകളെ തമിഴിൽ ഉൾപ്പെടുത്തുന്നതു ശരിയല്ല. ആ ഭാഷകൾക്ക് അക്ഷരമാലയും വേറെയാണ്.

ലീലാതിലകമാണ് ആദ്യമായ മലയാളവ്യാകരണം. വ്യാകരണത്തിന്റെ പ്രധാനവിഷയങ്ങളെല്ലാം അതിൽ കാന്തുചിന്റെ മട്ടിൽ രചിച്ചിട്ടുള്ള സൂത്രങ്ങളെക്കൊണ്ടു പ്രതിപാദിച്ചിരിക്കുന്നു. സൂത്രപാഠം സംസ്കൃതത്തിലായിപ്പോയല്ലോ എന്ന് ആശ്ചര്യപ്പെടാനില്ല; *തെലുങ്കിലും ആദ്യമുണ്ടായ വ്യാകരണം സംസ്കൃതസൂത്രരൂപമാണ്. തമിഴിലെ നന്നൂലും തെലുങ്കിലെ ആന്ധ്രശബ്ദചിന്താമണിയും കണ്ടിട്ട് അതേ രീതിയിൽ അന്നു മണിപ്രവാളം എന്നു പറഞ്ഞിരുന്ന മലയാളത്തിന് ഒരു വ്യാകരണം എഴുതിയതായിരിക്കണം ലീലാതിലകം എന്നതിനു സംശയമില്ല. ഈ വിലയേറിയ ഗ്രന്ഥം ഇതേവരെ വെളിപ്പെടാതെ കിടന്നതിലാണ് ആശ്ചര്യം തോന്നുന്നത്. എതായാലും ലീലാതിലകം കണ്ടുകിട്ടിയതോടുകൂടി അടുത്തകാലംവരെ മലയാളം യാതൊരു വ്യവസ്ഥയും ഇല്ലാത്ത ഒരു നികൃഷ്ടഭാഷ ആയിരുന്നു എന്നും, മലയാളത്തിന് ആദ്യമായി ഒരു വ്യാകരണം നിർമ്മിക്കുന്നതിന് ഒരു യൂറോപ്യപണ്ഡിതൻ വേണ്ടിവന്നു എന്നുമുള്ള അപഖ്യാതിയും അഭിമാനക്ഷയവും നീങ്ങിയല്ലോ എന്നു സന്തോഷിക്കാം.

* തെലുങ്കു വ്യാകരണം—നന്നയഭട്ടാരകൻ ൧൧൦൦ - ക്രിസ്ത്വബ്ദത്തിനിടയ്ക്കു സംസ്കൃതത്തിൽ സൂത്രരൂപമായി ചമച്ചത്.

## പ്രാചീനഭാരതീയരും

# കപ്പൽയാത്രയും

പ്രാചീനഭാരതീയർ കപ്പൽയാത്ര ചെയ്യുന്നതിൽ പരിചയമില്ലാത്തവരായിരുന്നുവെന്നും, അന്യരാജ്യങ്ങളിലേക്കു കപ്പലിൽ യാത്ര ചെയ്യുന്നതു ജാതിക്കും മതത്തിനും വിരുദ്ധമാണെന്ന് അവർ കരുതിയിരുന്നുവെന്നുമാണ് പാശ്ചാത്യപണ്ഡിതന്മാർ അടുത്തകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത്. ഈ സംഗതി അവാസ്തവമാണെന്നും, പ്രാചീനഭാരതീയർക്കു കപ്പലുകൾ ഉണ്ടാക്കുവാൻ ഉപയോഗിക്കേണ്ട പദാർത്ഥങ്ങൾ, കപ്പലുകളുടെ ഗുണങ്ങൾ, അന്യദേശങ്ങളിലേക്കു കപ്പലിൽ യാത്രചെയ്യാൻ വേണ്ടുന്ന സാമഗ്രികൾ മുതലായവയെപ്പറ്റി നല്ലവണ്ണം അറിവുണ്ടായിരുന്നുവെന്നും തെളിയിക്കുന്നതിന് അത്യന്തം വിശദമായ പ്രമാണങ്ങൾ കാണുന്നുണ്ട്.

കപ്പലുണ്ടാക്കുവാനുപയോഗിക്കേണ്ടുന്ന മരങ്ങളുടെ ഗുണദോഷങ്ങളെപ്പറ്റി ആദികാലത്തെ കപ്പല്പണിക്കാർക്കു നല്ല പരിചയമുണ്ടായിരുന്നു. കപ്പല്പണിക്കുള്ള നാലുതരം പ്രത്യേകമരങ്ങൾക്കു ബ്രാഹ്മ

ണജാതി, ക്ഷത്രിയജാതി, വൈശ്യജാതി, ശൂദ്രജാതി എന്നിങ്ങിനെ പേർ കൊടുത്തിട്ടുള്ളതായി 'വൃക്ഷായുർവേദം' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു:—

'ലഘുയൽ കോമളംകാഷ്ഠം
സുഘടംബ്രഹ്മജാതിതൽ,
ദൃഢാംഗംലഘുയൽകാഷ്ഠ-
മഘടംക്ഷത്രജാതിതൽ,
കോമളംഗുരുയൽകാഷ്ഠം
വൈശ്യജാതിതദുച്യതേ,
ദൃഢാംഗംഗുരുയൽകാഷ്ഠം
ശൂദ്രജാതിതദുച്യതേ,
ലക്ഷണദ്വയയോഗേന
ദ്വിജാതിഃകാഷ്ഠസംഗ്രഹഃ'

ബ്രാഹ്മണജാതിയിൽ പെട്ട മരം ഘനം കുറഞ്ഞതും മൃദുവായതും വേറെ ഏതെങ്കിലും തരത്തിലുള്ള മരത്തോടു എളുപ്പത്തിൽ ഘടിപ്പിപ്പാൻ സാധിക്കുന്നതുമാകുന്നു. ക്ഷത്രിയജാതിയിൽപ്പെട്ട മരം ഘനം കുറഞ്ഞതും വളരെ ഉറപ്പുള്ളതുമാണ്. എങ്കിലും ഇതു അത്ര എളുപ്പത്തിൽ മററു മരങ്ങളോടു ചേർക്കുവാൻ സാധിക്കുന്നതല്ല. മൃദുത്വവും ഘനവുമുള്ളതായ മരം വൈശ്യജാതിയിൽപ്പെട്ടതും, ഉറപ്പും ഘനവുമുള്ളതു ശൂദ്രജാതിയിൽപ്പെട്ടതുമാകുന്നു.

ക്ഷത്രിയജാതിയിൽപ്പെട്ട മരംകൊണ്ടുണ്ടാക്കീട്ടുള്ള കപ്പലിൽ യാത്രചെയ്യുന്നവർക്കു ക്ഷേമവും സമ്പത്തും ലഭിക്കുമെന്നും, സമുദ്രത്തിൽ വളരെ ദൂരം യാത്രചെയ്യേണ്ടി വരുമ്പോൾ ഈ കപ്പലുകൾ ഉപയോഗിക്കേണ്ടതാണെന്നും പറഞ്ഞുകാണുന്നുണ്ട്. പരസ്പരവിരുദ്ധമായ ഗുണങ്ങളോടുകൂടിയ പലതരം മരങ്ങളെക്കൊണ്ടു പണിതിട്ടുള്ള കപ്പലുകൾ യാത്രക്കു സൌഖ്യമുള്ളവയല്ലെന്നും, അവ അധികകാലം നിലനില്ക്കുകയില്ലെന്നു മാത്രമല്ല വല്ല സ്ഥലങ്ങളിലും സ്വല്പമായി മുട്ടിയാൽ എളുപ്പത്തിൽ പൊളിഞ്ഞു മുങ്ങിപ്പോകുമെന്നും താഴെ പറയുന്ന പദ്യത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ട്:—

'വിഭിന്നജാതിദ്വയകാഷ്ഠജാതാ
നശ്രേയസേനാപിസുഖായനൌകാഃ;
നൈഷാചിരംതിഷ്ഠതിപച്യതേവാ
വിഭിദ്യതേസരിതിമജ്ജ്യതേവാ'.

കപ്പലുകളുണ്ടാക്കുന്നതിനു വേണ്ടുന്ന മരങ്ങളുടെ വിവരം വിശദമായി പ്രസ്താവിച്ചിട്ടുള്ളതിന്നുപുറമെ സമുദ്രത്തിൽ അധികദൂരം യാത്രചെയ്യേണ്ടുന്ന കപ്പലുകളുടെ പലകകൾ തമ്മിൽ കൂട്ടിച്ചേർക്കുന്നതിന്ന് ഇരിമ്പ് ഉപയോഗിച്ചുകൂടെന്നും, ഇരിമ്പുപയോഗിച്ചിട്ടുള്ള കപ്പലുകൾ കടലിലുള്ള കാന്തവസ്തുക്കളോടടുത്താൽ അപായം പററുവാൻ ഇടയുണ്ടെന്നും വേറെ ഒരു പദ്യംകൊണ്ടും പറഞ്ഞുകാണുന്നുണ്ട്.

'യുക്തികല്പതരു' എന്ന ഗ്രന്ഥത്തിലുള്ള താഴെ പറയുന്ന പദ്യപ്രകാരം കപ്പലുകളെ 'സാമാന്യ'മെന്നും 'വിശേഷ'മെന്നും രണ്ടുതരമായി തിരിച്ചിട്ടുണ്ട്-

'സാമാന്യശ്ചവിശേഷശ്ച
നൌകായാലക്ഷണദ്വയം.'

സാമാന്യവർഗ്ഗത്തെ വീണ്ടും ക്ഷുദ്ര, മദ്ധ്യമ, ഭീമ, ചപല, പാടല, ഭയ, ദീർഘ, പത്രപുട, ഗർഭര, മന്ഥര എന്നിങ്ങിനേയും വിശേഷവർഗ്ഗത്തെ ദീർഘ എന്നും ഉന്നതയെന്നും രണ്ടു പ്രധാനവർഗ്ഗങ്ങളായും തിരിച്ചിട്ടുണ്ട്.

കപ്പലുകളെ അലങ്കരിക്കുന്നതിന്നു സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ മൂന്നു

ലോഹങ്ങൾ ഒററയായും ഇവ മൂന്നും കൂടി കലൎന്നും ഉപയോഗിക്കാമെന്നു പറയുന്നുണ്ട്. നാലു പാമരത്തോടുകൂടിയ കപ്പൽ വെളുത്ത ചായംകൊണ്ടും, മൂന്നു പാമരമുള്ളതു ചുവന്ന ചായംകൊണ്ടും, രണ്ടു പാമരമുള്ളതു മഞ്ഞച്ചായംകൊണ്ടും, ഒറ്റപ്പാമരമുള്ളതു നീലച്ചായംകൊണ്ടും ചായംകൊടുക്കേണ്ടതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്.

വേദപുരാണാദി സംസ്കൃതഗ്രന്ഥങ്ങളിൽ പലേടങ്ങളിലും ആദിമഹിന്ദുക്കളുടെ കപ്പലുകളെപ്പററിയും കപ്പലുകളുണ്ടാക്കുവാനുള്ള വൈദഗ്ദ്ധ്യത്തെപ്പററിയും പലേ തെളിവുകൾ കാണുന്നതാണ്. കച്ചവടത്തിന്നായി നടത്തീട്ടുള്ള അനേകം കപ്പൽയാത്രകളെപ്പററി ഋഗ്വേദത്തിൽ വിവരിച്ചിട്ടുണ്ട്. ഈ വേദപുസ്തകത്തിൽ തന്നെ ഒരിടത്തു വരുണന്നു സമുദ്രത്തിലെ ഗതാഗതമാൎഗ്ഗങ്ങളെപ്പററി നല്ല അറിവുള്ളതായും, വേറെ ഒരിടത്തു വരുണനും വസിഷ്ഠനുംകൂടി ഒരു കപ്പൽയാത്ര നടത്തിയതായും പ്രസ്താവിച്ചിട്ടുണ്ട്.

ഇന്ത്യയും മററു രാജ്യങ്ങളുമായി കടൽവഴിക്കു ഗതാഗതം നടന്നിരുന്നതായി രാമായണത്തിൽ പലേടങ്ങളിലും പറഞ്ഞിട്ടുണ്ട്. പ്ലവഗകുലപതിയായ സുഗ്രീവൻ സീതാന്വേഷണത്തിന്നു ദൂതന്മാരെ അയയ്ക്കുമ്പോൾ, അവർ തിരഞ്ഞുപോകേണ്ടതായ മാൎഗ്ഗങ്ങളെ ഉപദേശിക്കുന്ന

'സമുദ്രമവഗാഢാംശ്ച
പൎവ്വതാൻപത്തനാനി ച
ഭൂമിം ചകോഷകാരാണാം
ഭൂമിം ചരജതാകരാം'

എന്ന ഒരു പദ്യത്തിൽനിന്നു കടലിലുള്ള ദ്വീപുകളിലെ പൎവ്വതങ്ങളിലും പട്ടണങ്ങളിലും കോഷകാരരാജ്യത്തും (പട്ടുനൂൽപുഴു ഉണ്ടാവുന്ന രാജ്യം, അതായതു് ഇപ്പോഴത്തെ ചൈനാരാജ്യം) യവനദ്വീപിലും (ഇപ്പോഴത്തെ ജാവാ=Java — East Indies) സുവൎണ്ണദ്വീപിലും (Sumatra), ലോഹിതസാഗരത്തിലും അന്വേഷിക്കേണമെന്നു പറയുന്നുണ്ട്. അയോദ്ധ്യാകാണ്ഡത്തിലുള്ള താഴെ പറയുന്ന പദ്യത്തിൽ ഒരു കടൽയുദ്ധത്തിന്നൊരുമ്പെടേണ്ടതിനെപ്പററി പറഞ്ഞുകാണുന്നുണ്ട്.

'നാവാംശതാനാം പഞ്ചാനാം
കൈവൎത്താനാം ശതം ശതം
സന്നദ്ധാനാം തഥാ യൂനാം
തിഷ്ഠന്ത്വിത്യഭ്യചോദയൻ.'

മഹാഭാരതത്തിൽ, രാജസൂയം, ദിഗ്ജയം മുതലായതിനെപ്പററി പറയുമ്പോടങ്ങളിൽ, ഇന്ത്യകൂടാതെ ബാക്കി അനവധി പുറംരാജ്യങ്ങളെ കീഴടക്കിട്ടുള്ളതായും അവയുമായി ഇടപാടുകൾ പലതും നടത്തീട്ടുള്ളതായും പ്രസ്താവിച്ചുകാണുന്നുണ്ട്.

'സാഗരദ്വീപവാസാംശ്ച,
നൃപതിൻമ്ലേച്ഛയോനിജാൻ;
നിഷാദാൻപുരുഷാദാംശ്ച
കൎണ്ണപ്രാവരണാനപി;
ദ്വീപം താമ്രാഹ്വയം ചൈവ
വശേകൃത്വാമഹാമതിഃ'

പാണ്ഡവന്മാരിൽ ഒടുവിലത്തെ ആളായ സഹദേവൻ വളരെ ദ്വീപുകളിൽ സഞ്ചരിച്ചു് അനേകം മ്ലേച്ഛജാതിക്കാരെ കീഴടക്കിയതായി സംഭവപൎവ്വത്തിലെ മേൽപറഞ്ഞ പദ്യത്തിൽനിന്നു വെളിപ്പെടുന്നുണ്ടല്ലൊ. യാജ്ഞവല്ക്യസംഹിതയിൽ താഴെപറയുന്ന ഭാഗംകൊണ്ടു ഹി

ളുകൾ ധനം സമ്പാദിപ്പാൻവേണ്ടി അനേകം സമുദ്രയാത്രകൾ നടത്തിവന്നതായി വിശദമാകുന്നുണ്ട്. 'യേന മുദ്രഗാപ്യധനം ഗൃഹീത്വാ അധികലാഭാർത്ഥം പ്രാണധനവിനാശശങ്കാസ്ഥാനം സമുദ്രം ഗച്ഛന്തി തേ വിംശതികം മാസി ദദ്യുഃ'

വായുപുരാണം, മാർക്കണ്ഡേയപുരാണം, വരാഹപുരാണം മുതലായതിലും കപ്പലുകളെപ്പററിയും തന്മൂലമുള്ള ഗതാഗതത്തെപ്പററിയും പറയുന്ന സന്ദർഭങ്ങൾ വളരെ ഉണ്ട്. മാർക്കണ്ഡേയപുരാണത്തിലെ താഴെപറയുന്ന പദ്യത്തിൽനിന്നു മേൽപറഞ്ഞ സംഗതി വെളിപ്പെടുന്നതാണ്.

'പുനസ്സത്രൈവ ഗമനേ
വണിഗ്ഭാവേ മതിർഗ്ഗതാ
സമുദ്രയാനേ രത്നാനി
മഹാമൂല്യാനി സാധുഭിഃ'

മൌര്യന്റെ (ചന്ദ്രഗുപ്തന്റെ) കാലത്തു കച്ചവടത്തിന്നു വേണ്ടുന്ന കപ്പലുകളെല്ലാം സർക്കാരിൽനിന്നു പണി ചെയ്യിപ്പിച്ചുകൊടുക്കുകയായിരുന്നു പതിവ്. സർക്കാർ വക കപ്പലുകളിലല്ലാതെ ഗതാഗതം ചെയ്യുകയോ കച്ചവടം നടത്തുകയോ പാടുള്ളതല്ലെന്നുള്ള നിയമവും ഉണ്ടായിരുന്നുപോൽ. പക്ഷെ, കപ്പൽക്കൂലി എത്രയോ കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളൂ. സർക്കാർ വക കപ്പൽപ്പണി നടത്തുവാൻ സ്ഥിരമായ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു എന്നും ഈ ഉദ്യോഗസ്ഥന്മാർ സ്വകാര്യമായ (സർക്കാരാവശ്യമല്ലാത്ത) യാതൊരു ജോലികളും ചെയ്തുകൂടെന്നു നിയമമുണ്ടായിരുന്നുവെന്നും അങ്ങിനെ ചെയ്തിരുന്നവരെ കഠിനമായി ശിക്ഷിച്ചിരുന്നു എന്നും മെഗസ്തനിസ് എന്ന മഹാൻ എഴുതീട്ടുണ്ട്.

ചന്ദ്രഗുപ്തന്റെ കാലത്തു സർക്കാരിന്റെ കീഴിൽ വളരെ കപ്പലുകൾ ഉണ്ടായിരുന്നു. ഈ കപ്പലുകളുടെയെല്ലാം മേലാളിയായി 'നാവാദ്ധ്യക്ഷൻ' (Nava Superintendent) എന്ന ഒരു ഉദ്യോഗസ്ഥനുണ്ടായിരുന്നു. ആ കാലത്തുണ്ടായിരുന്ന കപ്പൽ നിയമപ്രകാരം താഴെ പറയുന്ന ആളുകളെ ചുങ്കം കൂടാതെ പുഴകളിലും കടലുകളിലും ഗതാഗതം ചെയ്വാൻ അനുവദിച്ചിരുന്നുപോൽ:— (1) മത്സ്യക്കച്ചവടക്കാർ. (2) വിറകു, പുല്ലു, കായ്കറികൾ ഇവ കയററിക്കൊണ്ടു പോകുന്നവർ. (3) കുററം ചെയ്തിട്ടുള്ള ആളുകളെ തിരഞ്ഞു പോകുന്നവർ. (4) പലതരം ധാന്യങ്ങളും വിത്തുകളും ശേഖരിച്ചു കൊടുക്കുന്നവർ. (5) സർക്കാർ കടവുകളിൽ ഗതാഗതം ചെയ്യാതെയും സ്വന്തം തോണികൾ ഉപയോഗിച്ചും വന്നിരുന്നവർ— മേല്പറഞ്ഞ നിയമങ്ങളുടെ അടിസ്ഥാനം നോക്കുമ്പോൾ പണ്ടുകാലത്തു തോണി, കപ്പൽ മുതലായവയിൽ കൂടിയുള്ള യാത്ര ധാരാളമായിരുന്നു എന്നു വ്യക്തമാകുന്നുണ്ടല്ലോ.

അശോകമഹാരാജാവിന്റെ കാലത്തു, ഒരിക്കൽ ഇന്ത്യയിലെ കച്ചവടക്കാരുടെ സാമാനങ്ങളെല്ലാം കപ്പൽക്കള്ളന്മാരായ നാഗന്മാർ (നാഗന്മാർ ചൈനാരാജ്യത്തുള്ളവരായിരുന്നു എന്നാണ് വിശ്വസിച്ചുവരുന്നത്.) ആക്രമിച്ചു കയ്ക്കലാക്കിയതിനാൽ രാജാവു കോപാന്ധനായി തന്റെ അതിനിപുണന്മാരായ നാവികന്മാരെ അയച്ചു അവരെയെല്ലാം തോല്പിച്ചതായും, കവർച്ച ചെയ്യപ്പെട്ട സാമാനങ്ങളെ

ല്ലാം വിണ്ടെടുത്തു കച്ചവടക്കാൎക്കുതന്നെ കൊടുത്ത് അവരെ സന്തോഷിപ്പിച്ചതായും പ്രസ്താവിച്ചുകാണുന്നുണ്ട്.

'രാജാശ്രീമാനശോകോഭൂൽ
പുരേപാടലിപുത്രകേ
തംകദാചിൽസഭാസീനം
വണിജോദ്വീപഗാമിനഃ
സൎവ്വ സ്വനാമാങ്കശോകാൎത്താശ്ച
സന്നിശമ്യാസ്യവ്യജിജ്ഞപൻ
അസ്മാകന്തുപ്രവഹണം
ഭംക്തപാരത്താധനംഹൃതം
കേവലംഭാഗ്യദൈവബ്ബല്യാ
നാഗൈഃസാഗരവാസിഭിഃ' ഇത്യാദി

ഗ്രന്ഥങ്ങളിൽ കാണുന്ന മേൽപ്പറഞ്ഞ തെളിവുകൾക്കു പുറമെ ഛായാരൂപേണയും അനേകം തെളിവുകൾ ഉണ്ട്. പുരാതനകാലത്തെ നാണ്യങ്ങളിലും ക്ഷേത്രങ്ങളുടേയും മററു വലിയ കെട്ടിടങ്ങളുടേയും ചുമരുകളിലും ഉള്ള കൊത്തുപണികളിൽ ആദിമഹിന്ദുക്കൾക്കു കപ്പൽയാത്രയിൽ നല്ല പരിചയമുണ്ടായിരുന്നു എന്നു കാണിക്കത്തക്ക ദൃഷ്ടാന്തങ്ങൾ ധാരാളമുണ്ട്. സാൻചി, അജൻതാ എന്നീ സ്ഥലങ്ങളിൽ പുരാതനരീതിയിലുള്ള കപ്പലുകളുടെ അനേകം ഛായകൾ ഇപ്പോഴും കാണുന്നുണ്ട്. ബോംബെ പട്ടണത്തിന്റെ അടുത്തുള്ള 'സാൽസെററ്' എന്ന ദ്വീപിലെ 'കാൻഹരി' എന്ന ഗുഹയിലുള്ള അനേകം കൊത്തുപണികളിൽ ഒന്നിൽ സമുദ്രത്തിൽ ഒരു കപ്പൽ മുങ്ങിപ്പോകുന്നതായും, അതിലുള്ള തണ്ടാളുകൾ തങ്ങളെ രക്ഷിക്കേണ്ടതിലേക്കു പത്മപാണിയായ മഹാവിഷ്ണുവിനെ പ്രാൎത്ഥിക്കുന്നതായും, മഹാവിഷ്ണു അവരുടെ പ്രാൎത്ഥനയെ അറിഞ്ഞു രണ്ടു ദൂതന്മാരെ അയച്ച് അവരെ രക്ഷപ്പെടുത്തുന്നതായും ഒരു ഛായ കാണിച്ചിട്ടുണ്ട്. ഈ ഗുഹയിലുള്ള കൊത്തുപണികൾ ഏകദേശം ക്രി- പി. 177, 186 ഈ കാലത്തിന്നിടയ്ക്കുണ്ടായിട്ടുള്ളത് എന്ന് അവയിലെ എഴുത്തുകളിൽനിന്നു വെളിപ്പെട്ടുകാണുന്നു. ശ്രീകൃഷ്ണഭഗവാൻ ബാലനായിരുന്നപ്പോൾ അദ്ദേഹത്തെ കംസന്റെ ക്രൂരകൃത്യങ്ങളിൽനിന്നു രക്ഷിക്കുന്നതിലേക്കായി ഒരു കപ്പലിൽ കയററിക്കൊണ്ടുപോയതായ ഛായ ജഗന്നാഥക്ഷേത്രത്തിൽ കൊത്തിവെച്ചിട്ടുണ്ട്.

അജന്തയിലുള്ള കൊത്തുപണികളിൽ അനേകതരം കപ്പലുകളുടേയും തോണികളുടേയും മാതൃകകൾ കാണിച്ചിട്ടുണ്ട്. ഈ കൊത്തുപണികൾ നടന്നിരിക്കുന്നതു ക്രിസ്ത്വബ്ദം 525, 526 ഈ കാലങ്ങളിലാണെന്നാണ് ഊഹിച്ചുവരുന്നത്. ഈ കാലങ്ങളിലാണ് ഭാരതഖണ്ഡത്തിന്റെ പ്രധാനമായ ശ്രേയസ്സുകളെല്ലാം നശിച്ചിട്ടുള്ളത്. ഗുപ്തമഹാചക്രവൎത്തിയുടെ ഏകശാസനയിൻകീഴിൽ ഇന്ത്യാരാജ്യനിവാസികളുടെ പരിഷ്കാരാഭിവൃദ്ധികൾ എത്രയോ ശ്ലാഘനീയമായി വരികയും തന്നിമിത്തം ജാവ, കാംബോഡിയ, സയാം, ചൈന, ജപ്പാൻ എന്നീ പൂൎവ്വദേശങ്ങളിൽക്കൂടി അവ പരക്കയും ചെയ്തിട്ടുണ്ട്. ഏഴാം നൂററാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യാരാജ്യം കാനൂജിൽ ഹൎഷവൎദ്ധനനെന്നും ദക്ഷിണഖണ്ഡത്തിൽ പുലകേശി എന്നും രണ്ടു രാജാക്കന്മാരുടെ കൈവശത്തിൽ വന്നുചേൎന്നു. ഈ രണ്ടു രാജാക്കന്മാരും അന്യരാജ്യക്കാരായി വളരെ ഏടവാടുകൾ ചെയ്തിട്ടുണ്ട്. പേൎസിയാരാജ്യത്തെ രാ

ഷാവായ കസ്രു രണ്ടാമൻ (Kusrue II) ക്രിസ്ത്വാബ്ദം 625—26 ഈ കാലത്തു പുലകേശിയുടെ ഉൽകൃഷ്ടരാജ്യതന്ത്രങ്ങളെപ്പററിയും മററും കേട്ടറിഞ്ഞു അദ്ദേഹത്തിൻെറ അടുക്കൽ രാജദൂതന്മാരെ അയയ്ക്കയുണ്ടായിട്ടുണ്ട്. മേല്പറഞ്ഞ സംഗതികൾ സൂചിപ്പിക്കുന്നതിന്നായി അജന്തയിലുള്ള ബുദ്ധന്മാരുടെ ഗുഹാക്ഷേത്രങ്ങളിൽ അനവധി ഛായകൾ കൊത്തിക്കാണുന്നുണ്ട്.

ഈ ഗുഹാക്ഷേത്രങ്ങളിലുള്ള പല ഛായകളിൽ ഒന്നിൽ ബംഗാളത്തിൽനിന്നു നാടുകടത്തിയതായ വിജയസിംഹൻ എന്ന ഒരു മഹാപുരുഷൻ തൻെറ അനവധി പിൻഗാമികളോടുകൂടി സിംഹലാൺ (ലങ്കാ) ദ്വീപിൽ ഇറങ്ങുന്നതായും അവിടെ ഉണ്ടായിരുന്ന രാക്ഷസികളെയെല്ലാം ആട്ടിക്കളഞ്ഞു സ്വരാജ്യാധിപത്യം സ്ഥാപിക്കുന്നതായും ലക്ഷ്യപ്പെടുത്തിട്ടുണ്ട്. ലങ്കാരാജ്യത്തു വിജയൻ ഇറങ്ങിയതും ഭാരതഖണ്ഡത്തിൽ അവതാരപുരുഷനായ ബുദ്ധൻ നിർവ്വാണം പ്രാപിച്ചതും ഒരേ കാലത്തായിരുന്നു. ഈ രണ്ടു സംഭവങ്ങളും നടന്നതു ക്രിസ്ത്വാബ്ദത്തിന്നു 543 വർഷങ്ങൾക്കു മുമ്പാണെന്നാണ് പറഞ്ഞുവരുന്നത്.

പതിനഞ്ചാം നൂററാണ്ടിൻെറ ആദികാലത്തുണ്ടായിരുന്ന നിക്കോളോകാൺടി എന്ന ഒരു ചരിത്രകാരൻ ഇന്ത്യയിലെ കപ്പലുകളെപ്പററി താഴെ പറയുംവിധം എഴുതീട്ടുണ്ട്. 'ഇന്ത്യയിലെ നിവാസികൾ നമ്മുടെ കപ്പലുകളേക്കാൾ വലിപ്പമുള്ളതും അഞ്ചു കപ്പല്പായകളും പാമരങ്ങളും ഉള്ളതുമായ കപ്പലുകൾ നിർമ്മിക്കുന്നുണ്ട്. കപ്പലിൻെറ അടിപ്പലകകൾ മൂന്നെണ്ണം ചേർത്തുണ്ടാക്കിയവയാണ്. ചില കപ്പലുകളിൽ രണ്ടു വലിയ പ്രത്യേകമുറികളായിട്ടുണ്ട്. ഇതിൽ ഒന്നു വല്ല അബദ്ധത്താലും ഉടഞ്ഞുപോകുന്നപക്ഷം മറേറതിൽ കയറി രക്ഷപ്പെടത്തക്കവണ്ണമാണ് ഈ മുറികളുടെ പണി.' മേല്പറഞ്ഞ വിവരണത്തിൽനിന്നു മുൻകാലങ്ങളിലെ കപ്പലുകളുടെ ഒരു സ്വരൂപം നമുക്കു ലഭിക്കുന്നുണ്ടല്ലോ.

മധുര മീനാക്ഷിക്ഷേത്രത്തിന്നടുത്തുള്ള സ്വർണ്ണപുഷ്കരിണി എന്ന കുളത്തിൻെറ ചുററുമുള്ള മതിലുകളിൽ ഒന്നിൽ ഒരു സമുദ്രത്തിൻേറയും അതിൽക്കൂടെ ഗമിക്കുന്നതായ ഒരു വലിയ കപ്പലിൻേറയും രൂപം കാണുന്നുണ്ട്.

പുരാതനകാലത്തെ ഹിന്തുക്കൾ കച്ചവടം, കപ്പൽയാത്ര മുതലായവയിൽ വളരെ പ്രസിദ്ധി സമ്പാദിച്ചിരുന്നവരായിരുന്നു എന്നും, ഒരു കാലത്തു പാശ്ചാത്യർക്കെന്നുവേണ്ട ഭൂമിയിലുള്ള എല്ലാ രാജ്യക്കാർക്കും അത്ഭുതം ജനിപ്പിക്കത്തക്ക സ്ഥിതിയിലുള്ള അഭിവൃദ്ധി, പരിഷ്കാരം, വിദ്യാഭ്യാസം ഇവ ഇന്ത്യാരാജ്യത്തു പരിപൂർണ്ണമായുണ്ടായിരുന്നുവെന്നും മേല്പറഞ്ഞ സംഗതികളിൽനിന്നും വിശദമാകുന്നുണ്ടല്ലോ.

ടി. രാമപിഷാരോടി, ഡി. സി.

# ചില എഴുത്തുകൾ.

(കുഞ്ഞിക്കുട്ടൻതമ്പുരാന്റെ റിക്കാർട്ടുകെട്ടിൽനിന്ന്)

---

I

തിരുവനന്തപുരം
൧൦൬൫ മീനം ൧൨.

ഭാവുകായ ഭവതോ ഭവതുദ്വൈ-
ർഭാഗധേയവിഭവസ്സു ഭവന്ത്യ
ഭാവയന്തി യമഭംഗുരഭക്ത്യാ
ഭുക്തിമുക്തിഫലദം ഭുവി ധീരാഃ

സൌജന്യസാഗര, പരംമയി പക്ഷപാതാ-
ദേവം 'വിശാഖവിജയ'സ്തുതിമാതനോഷി
കിംതുസ്വയംസ്വകവിശേഖരതാംഗതോ (സ്തീ-
ത്ര്യേഷാ കൃതാർത്ഥയതി മാമതിമാത്രമേവ.

സർഗ്ഗോസ്യ ഷോഡശഃ കിം ന
ഭവദ്ദൃഗ്വിഷയോഭവേൽ
യദേകദേശം 'വിജ്ഞാന
ചിന്താമണി'രദർശയൽ

വിരളവിരളകാവ്യാലാപകേളിപ്രസംഗഃ
പ്രചുരതരപരാർത്ഥോദ്യോഗനിത്യപ്രവൃത്ത്യാ
കിമപി കിമപി നാനാകാര്യവൈയഗ്ര്യമ (ദ്ധ്യേ
കുതുകതരളിതോഹം സാഹിതീംശീലയാമി

കേരളവർമ്മാ.

II

സ്യാനന്ദൂരാൽ
൬൫ — ൧ — ൨൪

ശ്രിതമതംഗമതംഗമനശ്രിയാ
ജിതമരാളമരാളകചം മഹഃ
കൃതമദാന്തമദാന്തസുരദ്വിഷാം
വിതനുതാംതനുതാംതവപാപ്മനഃ

പത്രേ ദ്വേ അപി ലബ്ധ്വേ
സൌജന്യാബ്ധേ! വിളംബ ഏതാവാൻ
പ്രതിപത്രം പ്രേഷയിതും
ദ്വൈജ്ഞാദ്ഭുതതോ വിഷീദാമി.

കാവ്യഗന്ധമതേ ന മതം
സതാമേവ തു മമ ച ശക്തിദാരിദ്ര്യാൽ
അപഭംഗി ശബ്ദചിത്രം
വ്യാകുർവ്വൽ പ്രേഷയാമി പദ്യകുലം.

ബാല്യേ ലൌല്യേനൈതൽ
പ്രണീതമാസീന്മയാ പ്രഭോഃ പ്രീത്യൈ
ബന്ധാനുപദീകൃതവതി
മയിനൃപതിർബന്ധമദിതയുക്തമിദം.

സാപുനരനുകമ്പാനിധി-
രനിശം ധ്യാതാസ്തുതാ ച വരിവസിതാ
ബന്ധാദമോചയന്മാം
ബന്ധാന്നിയന്തൃചതാനുപാദഹർഷം.

ദത്തപ്രവേശമധുനാ
വിപ്രത്രയമത്ര പാഠശാലായാം
ന്യായമധീതേ തസ്യ
ക്ഷേമവിധിം പര്യവേക്ഷിഷ്യേ.

കേരളവർമ്മാ.

III

ശ്രീ

സന്താനകസമാനശ്രീ
വൃഷമാസേദിവാൻഭവാൻ
ഭ്രമാവനളിനാംജീയാൽ
സീമാതിഗഗുണോത്തരഃ

മുന്നമയച്ചോരുകത്തും
മന്നവപുനരിന്നയച്ചനൽക്കത്തും
എന്നുടെകൈവശമെത്തി-
ട്ടുന്നതകുതുകംവളർത്തുഹൃത്തട്ടിൽ.
ആദ്യത്തെക്കത്തിനത്യുത്തമഗുണജലധേ!
സംസ്കൃതശ്ലോകമായി-
ട്ടുത്തരമോദേനവിട്ടേൻമറുവടിയിതിനി-
നുത്തരംചൊല്ലിടുന്നേൻ

മാതൃൽഭംഗംകൊതിക്കംപുതിയമധുസുധാ
ധാരയെക്കാളുമേററം
ഏതൃതാംപൂണ്ടോലിക്കംസ്വച്ഛചിരകവിതാ
സാരസൌഭാഗ്യരാശേ!
തത്താംചെററുംനിനയ്ക്കാതിതുവിധമുരചെ
യ്യൊല്ലനൽപ്രേമവല്ലീ-
പത്രംനമ്മാംക്കിദാനീംനൃപതിവര!ചുരു-
ങ്ങുന്നതുംയുക്തമത്രേ
ചിത്തംചേരുംഫലംവന്നഴകൊടുവളരു-
ന്നോരുമെല്ലാലതയ്ക്കും
പത്രംതാനേചുരുങ്ങുന്നതുപരകനമു-
ക്കിങ്ങുദൃഷ്ടാന്തമല്ലേ?
ഇയ്യിടയിൽക്കവിതകളിൽ-
പ്പെരുമ്പല്ലൊട്ടുംശ്രമിക്കമാറില്ല
ങ്കയ്യോപലപലജോലിക-
ളിയ്യുള്ളവനിപ്പോൾവന്നുചേരുന്നു.
എവരുംളവിചകഴ്ത്തിടുന്നമമരാത്ര-
ലരെൻറതിരുമാനമി-
ങ്ങിവരുന്നൊരുകളീരമാനമതിചാരൃ-
മാണല്ലന്നവാരിധേ!
ആവകസ്സുപലജോലികൊണ്ടുവലയുന്നു
ഞങ്ങളൊരുമട്ടില-
ങ്ങാവിലതാമിയലാതെകണ്ടതുകഴിപ്പ-
താണുനിജകൃത്യവും.
ധൃഷ്ടരായകവിവര്യർശിരസ്സിൽ-
പ്പുഷ്ടമോദമണിയുംമണിമുത്തേ!
ശിഷ്ടമൊക്കെവഴിപോലെ പറയാമെ-
ന്നിഷ്ടനായിമരുവും— രവിവർമ്മാ.

IV

ചങ്ങനാശ്ശേരി
ന്നു തുലാം ൨൬-ാംനു-

ഭൂമിഭൃത്തായിട്ടുംതൻജനകനുടെമഹ-
ത്താത്തെവാഴ്ത്തുംവിധത്തിൽ
ക്ഷാമംകൂടാതിണങ്ങീട്ടഴകൊഴുകുമല-
ങ്കാരജാലംധരിച്ച്
കാമൽസാമന്ത്യസാരംപെരുകിയൊരുഭവ-
ത്സൽകൃതിക്കൊത്തിരിക്കം
ശ്രീമത്സോമാവതംസൻതിരുവുടൽപക
ക്കെപ്പോഴുംകൂപ്പിടുന്നേൻ. (തി-
നല്ലാന്നിടുന്നൊരുഭവാനുടെപദ്യമായ
നല്ലാൽനിറഞ്ഞപത്രികയിന്നുകിട്ടി
കെല്ലോടുമായതിനെയിങ്ങുവിടുത്തുനോക്കി
ട്ടുൾപ്പൂവിലല്പമൊരുഖേദവുമങ്കുരിച്ചു.
ചേണാൎന്നീടുന്നൊരെൻതേഴരെവടിവൊ
ക്കിപ്പൊൾളല്ലന്നമോദം (ടിനി-
കാണാമെന്നോർത്തുപേർത്തുംകുതുകജലനി
മുങ്ങിമങ്ങാതെഞാനും (ധൈര്യ
വാണീടുമ്പോളിവണ്ണംഭവദഭിഹിതമാ-
കണ്ണുനംചെയ്യുന്നന്നാ-
ള്ളേണീടുന്നേനിദാനീമിതിനൊരുകഴിവെ
ന്തെന്നതിന്നോതിടേണം.
സത്സാഹിത്യാംബുരാശിക്കമൃതകിരണനാ-
യ്യാണിടുന്നീമഹാത്മാ
മത്സോദര്യൻസഭയ്ക്കായിവിടെവരികയി-
ല്ലെന്നുഞാൻകേട്ടറിഞ്ഞേൻ
നത്സാരാസാരമെല്ലാമറിയുമൊരുസഭാ-
നാഥനില്ലാതെയായാ-
ലുത്സാഹംസൽകവീന്ദ്രക്കതളിരിലുദി-
ക്കില്ലകില്ലില്ലതെല്ലും.

രവിവർമ്മാ.

V

തൃശ്ശിവപേരൂർ
ന്നു എടവം ൧൯ന്

---

പാരെല്ലാംനിജകീർത്തിയാൽധവളമാ-
ക്കീടുന്നധാത്രീപതേ!
കാരുണ്യത്തോടുദക്ഷയാഗശതകം
ശ്രീലക്ഷണാസംഗവും

ധീമാഗ്രേസരനായതാങ്കളുടിയ-
ന്നെന്തിച്ചതത്ത്യാദരാൽ-
പ്പാരംപ്രീതികലൎന്നുകൊണ്ടുബഹുമാ-
നത്തോടുകയ്യററിന്നേൻ.
അവകളിലതിമാത്രംഭംഗിയുൾച്ചേൎന്നുകാ
(ണും
കവിതയുടെഗുണത്തെത്തെല്ലചൊല്ലുന്ന
(തിന്നായ്
ശിവശിവപണിപാരംപന്നഗേന്ദ്രന്നുമോ
(ൎത്താ-
ലിവനുടെകഥപിന്നെക്കഷ്ണന്തെന്തോതിടേ
(ണ്ടു?
കേട്ടാലുംഭാരതത്തെക്കവിതിലക! കിളി-
പ്പാട്ടിലാക്കിച്ചമപ്പാൻ
മോട്ടീസ്സിപ്പോൾതയാറായിതുപുനരടനി-
ഞ്ഞച്ചടിച്ചച്യുതാഖ്യൻ
കഷ്ടംവൈകാതയസ്സുന്നതിനുമിരുഗവ-
ൎമ്മെണ്ടിൽനിന്നുംസഹായം
കിട്ടുംവണ്ണംപ്രവൎത്തിപ്പതിനുമടിയനോ-
ടൊത്തുയത്നിച്ചിടുന്നു.

ധീരൻ കെ. നാരായണ-
മാരാക്ഷപിഴിഞ്ഞുപാൎച്ചയാണതിനാൽ
നേരംപോക്കാനാവുള്ളകൽ
നേരംഞാൻചെന്നുചേരുമവിടത്തിൽ
ഊത്തുകൊണ്ടുംപുനരതിയായ്
ചതുരംഗപ്പോരിലുള്ളകൊതികൊണ്ടും
ഇതുവരെമറുകത്തെഴുതു-
ന്നതിനിടകിട്ടാതുഴന്നുഞാനിവിടെ.

സി. ചാത്തുക്കുട്ടിമന്നാടിയാർ.

# ചിത്താരിലെ മഹായുദ്ധം

## III
## യുദ്ധം.

സൂൎയ്യന്റെ സ്വൎണ്ണകിരണങ്ങൾ കിഴക്കെ ദിക്കിൽ വിളങ്ങിത്തുടങ്ങി. ആ സമയത്തു രണ്ടു മഹാസമുദ്രങ്ങൾപോലെയുള്ള സൈന്യങ്ങൾ തമ്മിൽ കൂട്ടിമുട്ടി. മദിച്ചുപുളച്ച ആ രണ്ടുസൈന്യങ്ങളും അന്യോന്യം ആക്രമിപ്പാനായി കൂടിച്ചേൎന്നു. കുതിരപ്പടയാളികൾ തമ്മിൽ ചേൎന്നു വാളുകൊണ്ടുള്ള പ്രയോഗം തുടങ്ങി. കാലാൾപ്പടകൾ മറുഭാഗത്തുള്ള കാലാൾപ്പടകളോടു യുദ്ധം തുടങ്ങി. ഇരുപക്ഷക്കാരുടേയും കൊടിക്കൂറകൾ കാററത്തു പാറിക്കൊണ്ടു വീരഭടന്മാരെ യുദ്ധത്തിന്നു പ്രോത്സാഹിപ്പിച്ചുതുടങ്ങി. രണവാദ്യങ്ങൾ വീരഭടന്മാരുടെ ഹൃദയത്തിൽ യുദ്ധലഹരി ഉണ്ടാക്കിത്തീൎത്തു. വീരന്മാർ യുദ്ധത്തിലുള്ള ആസക്തികൊണ്ടു തങ്ങളെത്തന്നെ മറന്നുകളഞ്ഞു.

വീരവരനായ പുത്തൻ ശത്രുക്കളെ തകൎക്കുന്നതിൽ എല്ലാവരിലും മുമ്പനായി നിന്നു. അയാളുടെ ഉന്നം പിഴക്കാത്തതായിരുന്നു. ചിലപ്പോൾ അസ്ത്രങ്ങളെയ്യും ചിലപ്പോൾ വാളും പരിചയും പ്രയോഗിച്ചും മററു ചിലപ്പോൾ കുന്തംകൊണ്ടു കുത്തിയും ശൂരനായ പുത്തൻ അനവധി ശത്രുക്കളെ നശിപ്പിച്ചു. തന്റെ നേരെ പ്ര

യോഗിച്ചിരുന്ന അനേകം അസ്ത്രശസ്ത്രങ്ങളെ അയാൾ തടുത്തു. യുദ്ധാഭ്യാസം നല്ലവണ്ണം ചെയ്തിട്ടുള്ള അയാളുടെ കുതിരപോക്കളും തകൎത്തുകൊണ്ട് മററുത്തുന്നു മറെറാരററംവരെ ഓടിത്തുടങ്ങി. പുത്രൻ ചെന്നദിക്കിലെല്ലാം അയാളുടെ അസ്ത്രങ്ങളേററു ശത്രുക്കൾ കൂട്ടംകൂട്ടമായി നിലത്തുവീണു തുടങ്ങി. പോക്കളത്തിൽ ചോരപ്രവാഹം തുടങ്ങി. ക്രമത്തിൽ പുത്തന്റെ ആകൃതി ഭയങ്കരമായിത്തീൎന്നു. അയാളുടെ നേരെ നോക്കാൻ ആൎക്കും ശക്തിയില്ലാതായി. അയാളുടെ ചുകന്ന കണ്ണുകളിൽനിന്നു തീപ്പൊരികൾ പുറപ്പെട്ടുതുടങ്ങി. കാലന്റെ ചങ്ങലകൾപോലെയുള്ള അയാളുടെ രണ്ടു കയ്യും ശത്രുവധത്തിൽ മുതിൎന്നുകൊണ്ടിരുന്നു. പ്രളയകാലത്തിലെ ഘോരശബ്ദത്തിന്നു തുല്യമായ അയാളുടെ സിംഹനാദം കേട്ട് ശത്രുസൈന്യങ്ങൾ വിറച്ചുതുടങ്ങി. പുത്തനോടു യുദ്ധം ചെയ്തിരുന്ന ശത്രുസൈന്യങ്ങൾ ക്രമത്തിൽ ചലിച്ചുതുടങ്ങി. സേനാപതിമാർ സംഭ്രമിച്ചുവശായി. അക്ബർ ചക്രവൎത്തി ഈ സിംഹകുമാരന്റെ വാളുകൊണ്ടുള്ള വിളയാട്ടം കണ്ടു സ്തംഭിക്കുകയും എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ കഴിയാതെ പരിഭ്രമിക്കുകയും ചെയ്തു. യുദ്ധത്തിൽ ജയം നേടിക്കൊള്ളാമെന്ന ആശ അദ്ദേഹത്തിന്റെ ഉള്ളിൽനിന്നു വിട്ടൊഴിഞ്ഞുപോയി. പുത്തന്റെ അമ്മ തുടങ്ങിയുള്ള ക്ഷത്രിയസ്ത്രീകൾ കുതിരപ്പുറത്തു കയറി ശത്രുസൈന്യത്തെ മൎദ്ദിച്ചുതുടങ്ങി. ഗംഭീരസിംഹനാദങ്ങൾകൊണ്ടും ഞാണൊലികൊണ്ടും ശംഖനാദംകൊണ്ടും വീരന്മാരായ ശത്രുക്കളുടെ ദേഹം വിറച്ചുതുടങ്ങി. ക്ഷത്രിയസ്ത്രീകളുടെ കുറിക്കുകൊള്ളുന്ന അസ്ത്രങ്ങളേററ് അനേകം ശത്രുക്കൾ നിലത്തു വീണുതുടങ്ങി.

പുത്തന്റെ അമ്മ ഭയങ്കരിയായ ഭദ്രകാളിയെപ്പോലെ പോക്കളം തകൎത്തുകൊണ്ടും നാലുദിക്കും വിറപ്പിച്ചുകൊണ്ടും ഇടിമിന്നലിന്റെ വേഗത്തോടുകൂടി പോക്കളം കലക്കിത്തുടങ്ങി. അവൾ ശത്രുസൈന്യത്തിന്റെ ഇടയിൽ സൂക്ഷ്മദൃഷ്ടിയോടുകൂടി ആരെയോ തിരഞ്ഞുനോക്കുന്നതായി കാണപ്പെട്ടു. വളരെ തിരഞ്ഞുനോക്കിയതിന്റെ ശേഷം അവളുടെ മനോരഥം പൂൎണ്ണമായി. കുറച്ചു ദൂരത്തായി അക്ബർ ചക്രവൎത്തിയെ കണ്ടപ്പോൾ അവൾക്കു വളരെ സന്തോഷമായി. പിന്നെ അതിഭയങ്കരശബ്ദത്തിൽ പുത്തനോടു പറഞ്ഞു: 'പുത്താ! നിന്റെ അച്ഛനെ കൊന്നവൻ ഇതാ നമ്മുടെ മുമ്പാകെ നില്ക്കുന്നതു നോക്കുക. വേഗം വരൂ, വേഗം വരൂ. നിന്റെ അച്ഛനെ കൊന്നവൻ ഇതാ നമ്മുടെ മുമ്പാകെ നില്ക്കുന്നതു കണ്ടാലും.' അമ്മയുടെ വാക്കുകൾ കേട്ടു പുത്തൻ തിരിഞ്ഞുനോക്കി. അപ്പോൾ അക്ബർ ചക്രവൎത്തി ഒരു വലിയ ആനപ്പുറത്തു കയറിയിരുന്നു താൻ തന്നെ സൈന്യങ്ങളെ നയിക്കുന്നതും അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതും അയാൾക്കു കാണാറായി. ക്ഷത്രിയവീരന്മാരുടെ ഉഗ്രബാണങ്ങളേററു മുറിപ്പെട്ട ദേഹങ്ങളോടുകൂടിയ അനേകം ശത്രുഭടന്മാർ കൂട്ടംകൂട്ടമായി പിന്തിരിഞ്ഞ് ഓടിത്തുടങ്ങി. ഈ സമയത്തു പുത്തൻ തന്റെ കൂട്ടാളികളോടുകൂടി അക്ബറുടെ നേൎക്കു ബദ്ധപ്പെട്ടു ചെന്നു. സ്ത്രീസൈന്യവും അയാളുടെ സൈന്യത്തിന്റെ പിറകെ ചെ

ന്നു. പുത്തന്റെ അമ്മ എല്ലാവരുടെയും മുമ്പിലായി വാളൂരി കയ്യിൽ പിടിച്ചുകൊണ്ടും ഹുങ്കാരം ചെയ്തുകൊണ്ടും രണചണ്ഡിയെപ്പോലെ ബദ്ധപ്പെട്ടു നടന്നു.

ശത്രുസേനാധിപൻ അക്ബർ ചക്രവർത്തിക്കു വരാൻപോകുന്ന ഈ വലിയ ആപത്തു കണ്ടു. പുത്തന്റേയും അയാളുടെ അമ്മയുടേയും ആക്രമണത്തിൽനിന്നു ചക്രവർത്തിയെ രക്ഷിക്കാൻ ഞെരുക്കമാണെന്ന് അയാൾ മനസ്സിലാക്കി. ഈ അവസ്ഥ കണ്ട് അയാൾ ക്ഷണനേരം താമസിക്കാതെ ശൂരന്മാരും സാഹസികളുമായ അനേകം ഭടന്മാരോടുകൂടി അക്ബറുടെ മുമ്പിൽ ചെന്നുനിന്നു. ചക്രവർത്തിയെ രക്ഷിക്കാൻവേണ്ടി അനേകം മുസൽമാനഭടന്മാർ അദ്ദേഹത്തിന്റെ നാലുപുറവും ഇരുമ്പുമതിലുകളെന്നപോലെ വ്യൂഹം കൂടിനിന്നു രാജപുത്രന്മാരുടെ ആക്രമണത്തെ തടുത്തു. മുസൽമാനസേനാപതി അക്ബർചക്രവർത്തിയോട് ഉറക്കെ പറഞ്ഞു: 'അങ്ങ് വേഗത്തിൽ ഈ സ്ഥലം വിട്ടുപോകണം. പ്രതിക്രിയ ചെയ്യാനുള്ള ആശയോടുകൂടി രാജപുത്രസൈന്യവും പുത്തന്റെ അമ്മയും അങ്ങയെ കൊല്ലാനായി ഇതാ സമീപത്തെത്തിക്കഴിഞ്ഞിരിക്കുന്നു. അങ്ങ് ഇവിടംവിട്ട് ഓടിപ്പോണം. അല്ലെങ്കിൽ അങ്ങയെ രക്ഷപ്പെടുത്താൻ ഞങ്ങൾക്ക് ഒരിക്കലും സാധിക്കില്ല. അതുവരെ സൈന്യങ്ങൾ അവരവരുടെ ജീവൻ കളഞ്ഞും ശത്രുക്കളുടെ ഗതിയെ തടഞ്ഞു നില്ക്കണം.' ചക്രവർത്തി സേനാധിപന്റെ വാക്കുകൾ കേട്ടു. അപ്പോൾ യുദ്ധോന്മാദത്തോടുകൂടി കവചംധരിച്ച് അസ്ത്രശസ്ത്രങ്ങളാൽ അലംകൃതയായി കുതിരപ്പുറത്തു കയറി അഗ്നിപോലെ ജ്വലിക്കുന്ന ഭയങ്കരരൂപിണിയായ ആ വീരസ്ത്രീയുടെ യുദ്ധവേഷം ചക്രവർത്തിക്കു കാണാറായി. അവളുടെ ഘോരങ്ങളായ അട്ടഹാസങ്ങൾ അദ്ദേഹത്തിനു കേൾക്കാറായി. അവളുടെ മുഖത്തും കണ്ണുകളിലും ഭൈരവഭാവം നന്നായി പ്രകാശിച്ചിരുന്നു. ആ ഭയങ്കരസ്വരൂപത്തിന്റെ നേരെ നോക്കാൻ അക്ബർക്കു ശേഷിയുണ്ടായില്ല. ഈ വീരസ്ത്രീയുടെ അവസ്ഥ കണ്ടപ്പോൾ വേറെ ഒരു രാജപുത്രസ്ത്രീയെപ്പറ്റിയുള്ള ഓർമ്മ അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായി. രാത്രിയിലുണ്ടായ ആ യുദ്ധത്തിന്റെ കഥയും അദ്ദേഹത്തിന് ഓർമ്മ വന്നു. ഉദയസിംഹന്റെ പ്രാണപ്രിയയും അദ്ദേഹത്തിന്റെ ജീവിതസർവ്വസ്വവും വീരസ്ത്രീയുമായ വീരയുടെ ഓർമ്മ അക്ബറുടെ മനസ്സിലുദിച്ചു. പുത്തന്റെ അമ്മയുടെ ആകൃതിയെപ്പോലെതന്നെ അവളുടെ ആകൃതിയും ഭയങ്കരമായിരുന്നു. അക്ബർ അവളോടു തോറ്റു തന്റെ പ്രാണരക്ഷയ്ക്കുവേണ്ടി പിന്തിരിഞ്ഞ് ഓടിപ്പോയിരുന്നു. ഭയങ്കരവേഷധാരിണിയായ പുത്തന്റെ അമ്മ വീരയേക്കാൾ ഭയങ്കരിയാണെന്ന് അക്ബർക്കു തോന്നി. അവൾ പക വീട്ടാൻ ഉറച്ചവളാണ്. അതിന്നു പുറമെ അനവധി വീരസ്ത്രീകൾ അവളുടെ ഒന്നിച്ചുണ്ട്. ഇപ്രകാരം യുദ്ധത്തിന്നു കോപ്പിട്ടു വന്ന ആ വീരസ്ത്രീകളെ കണ്ടപ്പോൾ അക്ബറുടെ ദേഹം മുഴുവനും വിറച്ചു. അദ്ദേഹത്തിന്റെ വീരഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരു ഭയം കടന്നുകൂടി. അദ്ദേഹത്തിന്റെ മുഖം കറുത്തുവശായി. ഇതിനിടയിൽ ആനക്കാരൻ സേനാധിപന്റെ ഇംഗിതം അറിഞ്ഞ് ആന

യെ വേറെ ഒരു ദിക്കിലേയ്ക്കു തെളിച്ചുകൊണ്ടുപോയി. ചക്രവൎത്തിയുടെ ജീവനെ രക്ഷപ്പെടുത്തി. ചക്രവൎത്തിയുടെ പ്രാണരക്ഷയ്ക്കുവേണ്ടി അസംഖ്യം മുസൽമാനഭടന്മാർ തങ്ങളുടെ ജീവനെ ബലി കഴിച്ച് അന്നത്തെ ഭയങ്കരയുദ്ധത്തിൽ ചക്രവൎത്തിയുടെ ജീവനെ രക്ഷപ്പെടുത്തി. പുത്രന്റെയും അമ്മയുടേയും അസ്ത്രങ്ങളേറ്റു തല മുറിഞ്ഞുവീണവരുടെ ശവങ്ങൾ കുന്നുപോലെ കൂടിത്തുടങ്ങി. പുത്രനും അമ്മയും എത്രതന്നെ പ്രയത്നം ചെയ്തിട്ടും മുസൽമാനരുടെ വ്യൂഹത്തെ ഭേദിക്കാൻ കഴിഞ്ഞില്ല. ഇടിനാദത്തോടുകൂടിയ അനവധി പീരങ്കികൾ മുസൽമാനവ്യൂഹത്തിന്റെ മുൻഭാഗത്തുനിന്നു ഭും ഭും എന്ന ശബ്ദത്തോടുകൂടി വെടിയുണ്ടകൾ പൊഴിച്ചുതുടങ്ങി.

വേറെ ഒരു ദിക്കിൽ ജയമല്ലൻ ഉന്മത്തനായിട്ടു യുദ്ധം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം കോട്ടമതിലുകളെ രക്ഷിക്കാൻവേണ്ടി അനേകം രാജപുത്രന്മാരോടുകൂടി ചേൎന്നു യുദ്ധം ചെയ്തുകൊണ്ടിരുന്നു. കോട്ടമതിലുകളെ തകൎക്കാൻവേണ്ടി മുസൽമാനഭടന്മാർ പീരങ്കികളിൽനിന്നു വെടിയുണ്ടകൾ കന്മഴപോലെ ഒഴിച്ചുതുടങ്ങി. വെടിയുണ്ടകൾ ജയമല്ലന്റെ വീരന്മാരായ ഭടന്മാരുടെ മാറിടങ്ങളിൽ പതിച്ചുതുടങ്ങി. ആ വീരന്മാർ അസ്ത്രശസ്ത്രങ്ങൾ പ്രയോഗിച്ചു വെടിയുണ്ടകളെ തകൎത്തുതുടങ്ങി. എന്നാൽ ഈ മാതിരി യുദ്ധം എത്രനേരം നടക്കും? പീരങ്കികളിൽനിന്നു പുറപ്പെടുന്ന വെടിയുണ്ടകൾ രാജപുത്രന്മാരെ പറപ്പിച്ചുതുടങ്ങി. കോട്ടമതിലുകളുടെ ഇഷ്ടികകൾ, കല്ലുകൾ മുതലായവയെ പൊടിയാക്കിത്തുടങ്ങി. ജയമല്ലൻ ഈ മാതിരിയിലുള്ള വധക്രീഡ കണ്ടു. അദ്ദേഹത്തിന്റെ ഉള്ളിൽ അതിയായ ക്രോധം ജ്വലിച്ചു. ക്ഷത്രിയന്മാർ ഒരിക്കലും യുദ്ധത്തിൽ പീരങ്കി ഉപയോഗിക്കാറില്ല. അവർ അസ്ത്രശസ്ത്രങ്ങൾ മാത്രമേ യുദ്ധത്തിൽ ഉപയോഗിക്കാറുള്ളു. എന്നിരിക്കെ അവൎക്കെതിരായി ആ വക യുദ്ധസാമഗ്രികൾ ഉപയോഗിക്കുന്നതു തീൎച്ചയായും യുദ്ധനീതിക്കു വിരോധവും വലിയ അധൎമ്മവുമാണെന്നു ജയമല്ലനു തോന്നി. എന്നാൽ ജയമല്ലൻ ഭ്രാന്തനാണ്. മുസൽമാൻന്മാർ ഹിന്തുക്കളല്ല. അവൎക്കു ഹിന്തുക്കളെപ്പോലെ ധൎമ്മാധൎമ്മബോധം ഇല്ല. ഏതുപായങ്ങൾ പ്രയോഗിച്ചിട്ടും ശത്രുനാശം വരുത്തേണമെന്നാണ് അവരുടെ ആഗ്രഹം. ചിത്തോറിന്റെ നാശം വരുത്തണമെന്ന് അവർ കഠിനമായ ശപഥം ചെയ്തിട്ടുണ്ട്.

തോക്കുകാരെ ആക്രമിച്ചു പിടിക്കാനായി ജയമല്ലൻ രാജപുത്രയോദ്ധാക്കന്മാൎക്കു സമ്മതം കൊടുത്തു. അദ്ദേഹത്തിന്റെ കല്പന കിട്ടിയ മാത്രയിൽ അസംഖ്യം രാജപുത്രഭടന്മാർ പീരങ്കികൾ കരസ്ഥമാക്കാൻ വേണ്ടി പാഞ്ഞടുത്തു. അവർ ഹരഹരശബ്ദം പുറപ്പെടീച്ചുകൊണ്ടു തങ്ങളുടെ ജീവനെ തുച്ഛമായിക്കരുതി പീരങ്കികൾ കയ്യിലാക്കാൻ മുതിൎന്നു. ജയമല്ലനും കുതിരപ്പുറത്തു കയറി കയ്യിൽ വാളൂരിപ്പിടിച്ചുംകൊണ്ട് അവരുടെ പിന്നാലെ ചെന്നു. ആ സമയത്ത് ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ ഹൃദയം പിളൎന്നുകൊണ്ടു പിൻപുറത്തുകൂടെ ഒഴിഞ്ഞുപോയി. ആ വീരയോദ്ധാവ് കുതിരപ്പുറത്തുനിന്നു നിലത്തു വീണു. പിന്നെ മഹാക്രോധത്തോടുകൂടി

പല്ലുകൾ കടിച്ചുംകൊണ്ടു പറഞ്ഞുതുടങ്ങി. 'പാപിയായ മുസൽമാനേ! വീരജനോചിതമായ നിന്റെ ധൎമ്മം ഇതുതന്നെയാണോ? ഈ മാതിരി ഗൂഢവധം മുസൽമാനധൎമ്മത്താൽ അനുമോദിക്കപ്പെട്ടതാണോ? നീ നിന്ദ്യൻ തന്നെയാണ്. നിന്റെ പുരുഷാൎത്ഥവും നിന്ദ്യം തന്നെ. നിന്റെ വീരത്വവും നിന്ദ്യം തന്നെ.' ജയമല്ലന്റെ ദേഹത്തിൽനിന്നു രക്തം ധാര മുറിയാതെ ഒലിച്ചുതുടങ്ങി. ക്രമത്തിൽ അദ്ദേഹത്തിന്റെ തളൎച്ച അധികമായി വന്നു. അദ്ദേഹത്തിന്റെ വിചാരമെല്ലാം ചിത്തോരിന്റെ ചരമാവസ്ഥയെക്കുറിച്ചായിരുന്നു. 'പീരങ്കികളിൽനിന്നു ചിത്തോരിനെ രക്ഷിക്കാൻ രജപുത്രന്മാൎക്കു ഒട്ടും തന്നെ കഴിയുന്നതല്ല. വംശമാഹാത്മ്യവും രക്ഷപ്പെടുമെന്നു വിചാരിക്കാൻ വഴിയില്ല. ധൎമ്മഹീനന്മാരായ മുസൽമാന്മാർ എന്തിനെയാണ് ധൎമ്മമെന്നു പറയുന്നത് എന്നും മനസ്സിലാവുന്നില്ല. മാതാവായ ചിത്തോരേ! അധമനും കൊള്ളരുതാത്തവനുമായ ഇവന്റെ ജീവത്യാഗംകൊണ്ടു നിനക്കു കുറച്ചെങ്കിലും ഉപകാരം ചെയ്യാൻ ഇവനു സാധിക്കാതെ വന്നുവല്ലോ. അമ്മേ! ജന്മഭൂമി! ഞാൻ യാത്ര പറഞ്ഞുകൊള്ളുന്നു. പോവാൻ അനുവദിച്ചാലും!' ഇങ്ങിനെ പറഞ്ഞ് ആ പുരുഷകേസരി കഠിനമായ അഭിമാനത്തോടും ക്രോധത്തോടും കൂടി മുസൽമാനജാതിയെ ശപിച്ചുംകൊണ്ടു പോൎക്കളത്തിൽ പ്രാണത്യാഗം ചെയ്തു. മുസൽമാനസൈന്യം 'അല്ലാഹോ അക്ബർ' എന്ന ശബ്ദം പുറപ്പെടുവിച്ചു നാലുദിക്കും വിറപ്പിച്ചുകൊണ്ടു ജയഘോഷം കൂട്ടി. അവരുടെ രണവാദ്യവും പീരങ്കികളുടെ ഡും ഡും എന്ന വെടിമുഴക്കവും പോൎക്കളത്തെ വിറപ്പിച്ചുകൊണ്ടു ജയമല്ലന്റെ വധത്തെ ഘോഷിച്ചുതുടങ്ങി. ജയമല്ലൻ വീണുമരിച്ചതു രാജപുത്രസൈനികന്മാർ കണ്ടു.

മുസൽമാന്മാർ ജയത്തിന്റെ സ്വാദറിഞ്ഞ് ഇരട്ടി ഉത്സാഹത്തോടുകൂടി ക്ഷത്രിയന്മാരുടെ നേരെ ആക്രമിച്ചുതുടങ്ങി. ഇനി രക്ഷയ്ക്കു മാൎഗ്ഗമില്ലെന്നു ക്ഷത്രിയന്മാൎക്കു തോന്നിത്തുടങ്ങി. പീരങ്കികളിൽനിന്നു വെടിയുണ്ടകൾ ഇടിവെട്ടുന്ന ശബ്ദത്തിൽ പുറപ്പെട്ടുതുടങ്ങി. ക്ഷത്രിയസൈന്യം ഈ അവസ്ഥ കണ്ടു കുറച്ചുനേരത്തേക്കു് എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ കഴിയാതെ നിന്നു. ഇനിയുള്ള യുദ്ധം കായബലംകൊണ്ടുള്ള യുദ്ധമല്ല. വെറും അസ്ത്രശസ്ത്രങ്ങൾകൊണ്ടുള്ള യുദ്ധമല്ല. വീരത്വം കാണിക്കാനുള്ള യുഗം മാറിപ്പോയി. നേരിട്ടുനിന്നു യുദ്ധം ചെയ്തു ബലം പരീക്ഷിക്കുന്ന കാലവും കഴിഞ്ഞുപോയി. മൊഗള ചക്രവൎത്തി പീരങ്കികൾകൊണ്ടുള്ള യുദ്ധമാണ് നടത്തുന്നത്. ക്ഷത്രിയന്മാർ സിംഹതുല്യപരാക്രമികളും യുദ്ധത്തിൽ അതിനിപുണന്മാരും ആയിരുന്നു എങ്കിലും പീരങ്കികൾകൊണ്ടുള്ള യുദ്ധത്തിൽ അവൎക്ക് ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞില്ല. ക്ഷത്രിയന്മാർ കൂട്ടംകൂട്ടമായി വീണുമരിച്ചുതുടങ്ങി. പുത്തൻ ദൂരത്തുനിന്നു ജയമല്ലന്റെ മരണം കണ്ടു. ജയമല്ലന്റെ അമാനുഷവീരത്വം കണ്ടു പുത്തൻ തത്സമയം വരെ ധന്യധന്യനായ ജയമല്ലനെ ആന്തരമായി അഭിനന്ദിച്ചുകൊണ്ടിരുന്നു. അധൎമ്മയുദ്ധത്തിൽ ജയമല്ലനെ ഈ മാതിരി കൊന്നതു കണ്ടപ്പോൾ പുത്തനു വളരെ

വ്യസനവും കോപവും ഉണ്ടായി. അദ്ദേഹത്തിന്റെ മുഷ്ടിബലം മുമ്പിലത്തേക്കാൾ ഒന്നുകൂടി ഇരട്ടിച്ചു. അദ്ദേഹം വീണ്ടും കരുത്തോടുകൂടി മൊഗളസൈന്യസമുദ്രത്തെ കടഞ്ഞുതുടങ്ങി. എന്നാൽ അതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ല. ഒരുകൂട്ടം മുസൽമാന്മാർ ചത്തു വീഴുമ്പോഴേക്കു മറ്റൊരു കൂട്ടം അവിടെ എത്തി അവരുടെ സ്ഥാനം എടുത്തുകഴിഞ്ഞു. മൊഗളസൈന്യസമുദ്രത്തിൽ തിരമാലകൾ അടിച്ചുകൊണ്ടേ ഇരുന്നു. അത് അവസാനമില്ലാത്തതും കരകാണാത്തതും തിരമാലകളോടുകൂടിയതുമായിരുന്നു. മൊഗളന്മാർ വലിയ വലിയ പീരങ്കികൾകൊണ്ടു ശത്രുക്കളെ തകൎത്തുതുടങ്ങി. ഓരോ ഉണ്ടകൾകൊണ്ട് അനേകം ക്ഷത്രിയന്മാരുടെ ദേഹങ്ങൾ ഛിന്നഭിന്നമായിപ്പോയി. മൊഗളന്മാരുടെ സിംഹനാദങ്ങളുടെ മുഴക്കം കൂടിക്കൂടി വന്നു. സേനാധിപന്റെ കല്പനപ്രകാരം അവർ സാവധാനത്തിൽ മുന്നോട്ടു നടന്നു സ്ത്രീസൈന്യത്തെ വളയുവാൻ ശ്രമിച്ചുതുടങ്ങി.

ഈ സമയത്തു പുത്തന്റെ അമ്മയും അവളുടെ കൂട്ടാളികളും ഭയങ്കരമായ യുദ്ധം ചെയ്തുകൊണ്ടിരിക്കയായിരുന്നു. എന്നാൽ അവരുടെ ഇടയിലും ചുവന്ന വെടിയുണ്ടകൾ വീഴാൻ തുടങ്ങി. അപ്പോൾ അവൎക്കു രക്ഷപ്പെടാൻ മാൎഗ്ഗമില്ലാതായി. ഈ മാതിരി പീരങ്കികൾകൊണ്ടുള്ള യുദ്ധത്തിൽ ക്ഷത്രിയന്മാർ ജയിക്കുക എന്നുള്ളത് അസംഭാവ്യംതന്നെയാണ്. കുറച്ചു നേരംകൂടി ഇങ്ങിനെ യുദ്ധം നടന്നുകൊണ്ടിരുന്നാൽ മൊഗളന്മാർ തീൎച്ചയായും തങ്ങളെ പിടികൂടുമെന്നും അവരുടെ കയ്യിലകപ്പെട്ടാൽ തങ്ങളുടെ വംശമാഹാത്മ്യം നശിച്ചുപോകുമെന്നും വിചാരിച്ചു പുത്തന്റെ അമ്മ തന്റെ കൂട്ടാളികളോടു തന്റെ അഭിപ്രായം വ്യക്തമായിപ്പറഞ്ഞു. അവളുടെ വാക്കുകൾ കേട്ടിട്ട് ആ വീരസ്ത്രീകളിൽ ഒരുവൾക്കെങ്കിലും ലേശം കുലുക്കമുണ്ടായില്ല. ഒരുവളെങ്കിലും ആ കല്പനയനുസരിക്കാൻ വിമുഖത കാണിച്ചില്ല. എല്ലാവരും പ്രസന്നമുഖത്തോടുകൂടി ചിതോരിലെ അത്യുന്നതമായ ദേവാലയത്തിലെ താഴികക്കുടത്തിന്റെയും കീൎത്തിസ്തംഭത്തിന്റെയും വന്മതിലിന്റെയും നേരെ തങ്ങളുടെ അവസാനത്തെ നോട്ടം നോക്കി. എല്ലാവരും പോൎക്കളത്തിൽ യുദ്ധം ചെയ്യുന്ന തങ്ങളുടെ ഭൎത്താക്കന്മാരുടേയും സഹോദരന്മാരുടേയും മുഖത്തേക്കു നോക്കി. എല്ലാവരും ഭൂലോകത്തിലേക്കു തങ്ങളുടെ അവസാനദൃഷ്ടി പതിപ്പിച്ചു. പിന്നെ എല്ലാവരും അവരവരുടെ ഉടുപ്പുകളുടെ ഉള്ളിൽനിന്നു മൂൎച്ചയുള്ള ഓരോ കഠാരികൾ പുറത്തെടുത്തു. എല്ലാവരും മുഖമുയൎത്തി സൂൎയ്യന്റെ നേരെ നോക്കി അദ്ദേഹത്തെ സ്തുതിച്ചു. അതിനുശേഷം എല്ലാവരും ആ കഠാരികൾകൊണ്ടു തങ്ങളുടെ ഹൃദയം പിളൎന്നു പ്രാണത്യാഗം ചെയ്തു. ചോരയണിഞ്ഞ അവരുടെ ശരീരങ്ങൾ കുതിരപ്പുറത്തുനിന്നു നിലത്തു വീണു. ചുവന്ന വെള്ളത്തിൽ സുവൎണ്ണത്താമരത്തണ്ടുകൾ പൊങ്ങിക്കിടന്നുതുടങ്ങി. രാജപുത്രരമണികളുടെ ഈ മാതിരിയിലുള്ള മരണം കണ്ടു ഭീരുക്കളായ മൊഗളന്മാർ ഹുങ്കാരശബ്ദംകൊണ്ടും ജയഘോഷംകൊണ്ടും നാലു ദിക്കും കുലുക്കിത്തുടങ്ങി. ഈ വീരസ്ത്രീകളുടെ ഈ മാതിരിയിലുള്ള

അത്ഭുതമായ മനോബലം കണ്ടിട്ട് അക്ബർ ചക്രവർത്തി സ്തംഭിക്കുകയും ഭയപ്പെടുകയും ചെയ്തു.

പുത്തൻ പിന്തിരിഞ്ഞു നോക്കിയപ്പോൾ തന്റെ വീരമാതാവും പ്രാണാധികപ്രിയയായ ഭാര്യയും അവരുടെ ഒന്നിച്ചുണ്ടായിരുന്ന രാജപുത്രവീരരമണികളും വീരസ്വർഗ്ഗം പ്രാപിച്ചതായി അയാൾ കണ്ടു. അവർ ചിത്തോരിലെ ഗൃഹലക്ഷ്മികളായിരുന്നു. ആ വീരാംഗനമാർ എന്നെന്നേക്കും ചിത്തോരിനെ വിട്ടുപോയി. ഈ കഥ വിചാരിച്ചപ്പോൾ പുത്തന്റെ മനസ്സിൽ അതിയായ വ്യസനം ഉണ്ടായി. കുറച്ചു നേരത്തേക്ക് ആ വീരന്റെ ഹൃദയം ദുഃഖംകൊണ്ട് ഉരുകിമറിഞ്ഞു. ചിത്തോരിനെ രക്ഷപ്പെടുത്താമെന്നുള്ള ആശ ക്രമത്തിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നു നീങ്ങിപ്പോയി. ആ സമയത്ത് അയാൾ തിരിഞ്ഞു നോക്കിയപ്പോൾ വിജയഗാനം പാടിക്കൊണ്ട് ഒരു വീരസൈന്യപ്രവാഹം പെട്ടെന്നു പോർക്കളത്തെ വളയുന്നതു കണ്ടു. ഇവരെല്ലാവരും രാജപുത്രന്മാരായിരുന്നു. അവർ ജയമല്ലനും രാജപുത്രകുലമഹിമയെ വർദ്ധിപ്പിക്കുന്നവരും യുദ്ധവേഷം ധരിച്ചവരും യുദ്ധനിപുണകളും ആയ ആ വീരരമണികളും നേർക്കുനേരെയുള്ള യുദ്ധത്തിൽ വീണു മരിച്ചതു കണ്ടു താംബൂലം എടുത്തു മഞ്ഞവസ്ത്രവും ധരിച്ചു ജന്മഭൂമിയോടു അവസാനയാത്ര പറഞ്ഞ് ഒടുവിലത്തെ യുദ്ധം ചെയ്യാൻ വന്നവരായിരുന്നു. അന്ന് അസംഖ്യം മുസൽമാന്മാരെ മുച്ചയേറിയ തങ്ങളുടെ വാളിന്നിരയാക്കി ഭൂമിയാകുന്ന ശയ്യയിൽ അവസാനത്തെ കിടപ്പു കിടക്കേണമെന്നായിരുന്നു അവരുടെ ആന്തരമായ ആഗ്രഹം. ജീവൻ കൂട്ടിലിരിക്കുന്ന കാലത്തോളം അവർ മുസൽമാന്മാർക്ക് ഒരിക്കലും കീഴടങ്ങുകയില്ല.

കേകയൻ.

# കാളിദാസരും മേഘവും.

കാവ്യനിർമ്മാണത്തിന്റെ പ്രയോജനം ആനന്ദദാനമാണെന്നുള്ള സംഗതി ഒന്നാമതു കാണിച്ചുതന്നതു കാളിദാസരാണ്. ഇതിന്നു ദൃഷ്ടാന്തമായി മേഘസന്ദേശത്തെ എടുക്കുക. പ്രകൃതിയുടെ ഇത്ര പരിപൂർണ്ണമായ ഉദാഹരണം, സംസ്കൃതത്തിലെ മറ്റൊരു കാവ്യത്തിലും ഇല്ലെന്നാണെനിക്കു തോന്നുന്നത്

— സർ രവീന്ദ്രനാഥടാഗോർ.

വിരഹവിക്ലബനായ യക്ഷന്റെ സന്ദേശഹരനായി കാളിദാസർ അചേതനമായ ഒരു മേഘത്തെ കല്പിച്ചത് എത്രത്തോളം ഉചിതമായിട്ടുണ്ട്? ഈ ചോദ്യം, മേഘസന്ദേശത്തിന്റെ നിർമ്മാണം മുതൽ ഇന്നേവരെയും അനേകസഹൃദയന്മാർ തങ്ങളോടുതന്നെ ചോദിക്കുകയും അതിന്നു പലവിധത്തിലുള്ള ഉത്തരങ്ങൾ സമ്പാദിക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം. ചേതനാചേതനങ്ങളെ തിരിച്ചറിവാൻ സാധി

ക്കാത്തവർ ഉന്മത്തന്മാരല്ലേ? ആ അവസ്ഥയിലെത്തിയ ഒരുവൻ ഒരു സന്ദേശഹരനോടു പറയേണ്ടുന്ന കാൎയ്യങ്ങൾ തെല്ലുപോലും വിടാതെയും തെററാതെയും പറഞ്ഞേയ്ക്കുക എന്നതു സംഭാവ്യമാണോ? എന്നാണ് സംശയം. ഇതിന്നു സമാധാനം കാളിദാസർ തന്നെ പറഞ്ഞിട്ടുണ്ട്:—'കാമാൎത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു' കാമാൎത്തന്മാർ പ്രകൃത്യാ തന്നെ ചേതനാചേതനങ്ങളെ വിവേചിക്കുന്ന വിഷയത്തിൽ കൃപണന്മാരാകുന്നു. ഇങ്ങിനെ വരുന്നത് ഉന്മാദത്തിന്റെ ലക്ഷണമാണെങ്കിൽ അതു മദനോന്മാദത്തിന്റെ മാത്രം ലക്ഷണമാണ്. സാധാരണ ഉന്മത്തന്മാൎക്കു സത്തും അസത്തും, കൃത്യവും അകൃത്യവും തിരിച്ചറിവാനുള്ള ശക്തിയാണില്ലാതാവുന്നത്; ചേതനാചേതനവിവേചനശക്തിയല്ല. ചേതനസാദ്ധ്യമായ കാൎയ്യം സാധിപ്പിക്കുന്നതിന്നു കാമികൾ അചേതനങ്ങളോടാവശ്യപ്പെടുന്നതു രാമായണം, ഭാരതം മുതലായവയിൽ കാണുന്നുണ്ട്. കാമാൎത്തന്മാർ ഈശ്വരഭക്തന്മാരെപ്പോലെ, ഒരു ജാതി സ്നേഹോന്മാദത്തിലാണ് പെടുന്നത്. ഒരു ഭക്തൻ കാണുന്നതും കേൾക്കുന്നതും പറയുന്നതും വിചാരിക്കുന്നതും എല്ലാം ഈശ്വരനെ സംബന്ധിച്ച സംഗതികളായിരിക്കും. അതുപോലെ തന്നെ ഒരു കാമുകന്റെയും ബാഹ്യാന്തരവ്യാപാരങ്ങൾ മുഴുവൻ തന്റെ കാമിനിയെ ഉദ്ദേശിച്ചായിരിക്കും; മറെറാരു വിചാരവും അയാളുടെ മനസ്സിൽ പ്രവേശിക്കുന്നതല്ല. അയാൾ സ്ഥാവരത്തിലും, ജംഗമത്തിലും, ചേതനത്തിലും, അചേതനത്തിലും എന്നുവേണ്ടാ സകലത്തിലും തന്റെ ഉദ്ദേശസിദ്ധിക്കുതകുന്ന ഒരു ശക്തിയുണ്ടെന്നു വിചാരിക്കുന്നു. ഈ നിലയിൽപ്പെട്ട ഒരു കാമാൎത്തനാണ് കാളിദാസരുടെ യക്ഷൻ. അപ്പോൾ അയാളുടെ സന്ദേശഹരൻ 'ധൂമജ്യോതിസ്സലില'മയമായ ഒരു മേഘമായിപ്പോയതിൽ എന്താണാശ്ചൎയ്യം?

കാളിദാസരുടെ യക്ഷൻ അളകാധിപനായ വൈശ്രവണന്റെ ഒരുദ്യോഗസ്ഥനാണ്. അദ്ദേഹം 'സ്വാധികാരപ്രമത്ത'നാകനിമിത്തം വൈശ്രവണൻ അദ്ദേഹത്തെ അധികാരഭ്രഷ്ടനാക്കി ഒരു കൊല്ലത്തേയ്ക്കു നാടുകടത്തി. ഈ ശാപപ്രവാസത്തിന്നുള്ള കാരണം യക്ഷന്നു തന്റെ പ്രിയതമയിലുള്ള അത്യാസക്തിയാണെന്നുള്ളതിന്നു സംശയമില്ല. ഇതേവരെയും യക്ഷൻ കാന്താവിരഹമെന്നതെങ്ങിനെയാണെന്നറിഞ്ഞിട്ടില്ല. അതിനാൽ ഈ ശാപം യക്ഷന്നു കാന്താവിരഹത്തിലുള്ള ദുഃഖം എങ്ങിനെയാണെന്നു പഠിപ്പിച്ച ഒരു 'ഗുരു'വാണ്. ഇത്രയും കഠിനമായ ദുഃഖത്തിൽപ്പെട്ടു, യക്ഷൻ രാമഗിരിയിൽ അല്ലെങ്കിൽ ചിത്രകൂടാദ്രിയിൽ പണ്ടു സീതാസഹിതനായി താമസിച്ചിരുന്ന ശ്രീരാമദേവന്റെ തൃപ്പാദങ്ങളെ പിന്തുടൎന്നു താമസിച്ചു. വിരഹവേദനയാൽ ഒരിടത്തും നിർവൃതി ലഭിക്കാതെ അവിടെയുള്ള ആശ്രമങ്ങളിൽ അലഞ്ഞുതിരിഞ്ഞും, എപ്പോഴും തന്റെ വിരഹിണിയായ പ്രണയിനിയെത്തന്നെ വിചാരിച്ചും ദിവസം കഴിച്ചുകൂട്ടുമ്പോളാണ് യക്ഷൻ മേഘത്തെ കണ്ടത്. കണ്ട ഉടനെ മനസ്സിന്നല്പം ആശ്വാസംവരികയും ആ മേഘത്തെ തന്റെ പ്രിയസുഹൃത്തായി സങ്കല്പിച്ചു തന്റെ സന്ദേശം

അളകാവാസിനിയായ പ്രിയതമയോടു ചെന്നു പറയുവാനേല്പിക്കുകയും ചെയ്യുന്നു. ഈ അവസരം തന്റെ വിരഹവേദനയേയും മനസ്സിലെ രണരണകത്തേയും ദ്വിഗുണീകരിക്കുന്നവയായ അനേകം ഉദ്ദീപനവസ്തുക്കളാൽ ഭയങ്കരമാണു്. യക്ഷന്റെ ഇന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്ന സകലപദാർത്ഥങ്ങളും ഉദ്ദീപനങ്ങളാണു്. അപ്പോൾ തന്നെക്കാൾ പ്രകൃത്യാ തന്നെ മനോബലം കുറഞ്ഞവളായ തന്റെ പ്രേയസിയുടെ സ്ഥിതി ഇതിലും കഷ്ടമായിരിക്കുമെന്നു് 'അബലാവിപ്രയുക്തനായ' ആ കാമിക്കു തോന്നി. രാമഗിരിയിൽനിന്നു് അളകാപുരി വരെയും ഉള്ള വഴിയുടെ താൽക്കാലികസ്ഥിതിയും, അളകാനഗരിയുടെയും വിശിഷ്യ തന്റെ പ്രിയാഗൃഹത്തിന്റേയും അവസ്ഥയും യക്ഷന്റെ മനോമുകുരത്തിൽ ഏററവും സ്പഷ്ടമായിപ്പതിയുന്നു. അതെല്ലാം അങ്ങിനെതന്നെ യക്ഷൻ മേഘത്തിന്നു വിശദമായി കാണിക്കുകയും ചെയ്യുന്നു. സുഖഭോഗതൽപരന്മാരായ അളകർ ഭാര്യമാരോടുകൂടി അനുഭവിക്കുന്ന സുഖങ്ങളേയും, ഹൃദയത്തെ ഉദ്ദീപിപ്പിക്കുന്ന രമണീയവസ്തുക്കളെയുമാണ് വഴിയിൽ കാണുമെന്നായി യക്ഷൻ നിർദ്ദേശിക്കുന്നതു്. ഐശ്വര്യനിധികളായ വിവിധനിധികളുടെ സാന്നിദ്ധ്യത്താൽ യാതൊരു വിഘ്നവും കൂടാതെ സദാ സുഖമനുഭവിക്കുന്ന അളകയിലെ യക്ഷന്മാരേയും, താനിപ്പോൾ അവിടെയായിരുന്നുവെങ്കിൽ അനുഭവിക്കുമായിരുന്ന സുഖങ്ങളേയും, തന്റെ വിരഹത്താൽ ജീർണ്ണാരണ്യമെന്നപോലെ ശൂന്യമായിത്തീർന്ന പ്രിയാഗൃഹത്തിന്റേയും അവിടെ നാളുകളെണ്ണി താമസിക്കുന്ന ഭാര്യയുടേയും സ്ഥിതികളേയും യക്ഷൻ പറയുന്നതു "കണ്ടാലാരും കരയുമലിയും കല്ലിനൊത്തോരു ഹൃത്തും" എന്നുള്ളതിന്നു സംശയമില്ല. യക്ഷൻ ഈ കാണിക്കുന്നതെല്ലാം ഉന്മാദമല്ലേ? അതേ; എങ്കിലും അല്ല. ഇതു മദനോന്മാദമാണു്; സർവ്വർക്കും അനുഭവമുള്ള ഉന്മാദമാണു്; കവിപ്രതിഭാദർപ്പണത്തിൽ പ്രതിബിംബിക്കുന്ന ലോകപ്രകൃതിയാണു്; സഹൃദയരുടെ ഹൃദയത്തെ ആർദ്രമാക്കുന്ന ഒരവസ്ഥയാണു്. "ഭ്രാന്തന്മാർക്കു കാര്യബോധമുണ്ടോ" എന്നും മററുമുള്ള ചോദ്യം പുറപ്പെടുമ്പോൾ എന്താണു മറുവടി പറയേണ്ടതെന്നു വിവരമില്ലാതെ കുഴങ്ങുന്ന സഹൃദയന്മാരുടെ മനസ്സിൽകൂടി യക്ഷന്റെ വിചാരങ്ങളും വാക്കുകളും ചേഷ്ടകളും, എന്നുവേണ്ട അയാളുടെ ദീർഘശ്വാസങ്ങൾക്കുള്ള പരിമാണംപോലും യാതൊരു കുറവും കൂടാതെ പതിയുന്നുണ്ടു്. അത്രയേ കാളിദാസർ ഉദ്ദേശിച്ചിട്ടുള്ളു. അതുതന്നെയാണു യഥാർത്ഥകവിതാഗുണങ്ങളുടെ പരമകാഷ്ഠയും.

സംഭോഗം, വിപ്രലംഭം എന്നു ശൃംഗാരത്തിന്നു രണ്ടു വകഭേദങ്ങളുള്ളതിൽ വിപ്രലംഭത്തിന്നാണു് ഹൃദയത്തെ ആർദ്രമാക്കാനുള്ള ശക്തി അധികമുള്ളതു്. വിപ്രലംഭത്തിന്നുതന്നെ അനേകവിഭാഗങ്ങളുള്ളതിൽ ശാപപ്രവാസവിപ്രലംഭമാണു പ്രകൃതകാവ്യത്തിലെ പ്രധാനരസം. ഇതിലെ രസഭാഗങ്ങളെ ചുരുക്കമായെങ്കിലും നിരൂപണം ചെയ്യുന്നതായാൽത്തന്നെ ഈ ഉപന്യാസം വളരെ നീണ്ടുപോകുമെന്നുവെച്ചു് ആ ഭാഗം ഇവിടെ എടുക്കുന്നില്ല. കാളിദാസർക്കു ഈ സന്ദേശമുണ്ടാക്കുവാൻ മാതൃകയായിത്തീർന്നതു, ആദികവി

യായ വാല്മീകിമഹർഷി തന്റെ രാമായ
ണത്തിൽ വർണ്ണിച്ചിട്ടുള്ളതും രാമൻ ഹനു
മാൻമുഖേന സീതാദേവിക്കയയ്ക്കുന്നതുമാ-
യ സന്ദേശമാണെന്ന് ഈ സന്ദേശത്തി
ലെ പലഭാഗങ്ങളിൽനിന്നും ഊഹിക്കാവു
ന്നതാണെന്നും, തന്റെ വൃത്താന്തം സീതാ
ദേവിയോട് പറയേണ്ട പ്രകാരത്തെപ്പററി
യും, അതു പറയുന്ന അവസരത്തിൽ ദേ
വിയുടെ സ്ഥിതി ഇന്നവിധമായിരിക്കുമെ
ന്നതിനെപ്പററിയും മററും ശ്രീരാമൻ ഹനു
മാനോട് ഉപദേശിക്കുന്നതിന്നും പ്രകൃത
ത്തിൽ യക്ഷൻ മേഘത്തോടുപദേശിക്കുന്ന
തിന്നും തമ്മിൽ വളരെ സാദൃശ്യമുണ്ടെ
ന്നും, എന്നുതന്നെയല്ല, ഈ കാവ്യത്തിലെ
ഏതു ഭാഗം നിർമ്മിക്കുമ്പോഴും കവിയുടെ
ഭാവന രാമായണത്തിലെ ഹനുമത്സന്ദേ
ശത്തെപ്പററിയായിരുന്നുവെന്ന നിസ്സംശ
യം പറയാവുന്നതാണെന്നും, നായി
കാനായകന്മാരുടെ അവസ്ഥയും, വിര
ഹത്തിന്റെ സ്ഥിതിക്കും ഉള്ള ഭേദത്തിന്ന
നുസരിച്ചു കാളിദാസർ തന്റെ കാവ്യത്തി
ന്ന് ആകൃതിയിലും പ്രകൃതിയിലും വളരെ
വ്യത്യാസം വരുത്തി, മറെറാരു കാവ്യത്തി
ന്റെ അനുകരണമാണിതെന്നു തോന്നാ
താക്കിയിരിക്കയാണെന്നും ചിലർ പറയു
ന്നുണ്ട്. ഇതിന്റെ വാസ്തവം വായനക്കാർ
തിട്ടപ്പെടുത്തിയാൽ മതി. ഒരേ വിധ
ത്തിലുള്ള സന്ദർഭത്തെ വർണ്ണിക്കുന്ന രണ്ടു
കവികളുടെ ആശയങ്ങൾക്ക് തമ്മിൽ സാ
ദൃശ്യം വരുന്നത് അസംഭാവ്യമല്ല. പ്രകൃ
തിയുടെ പ്രതിനിധിയായ കവിഹൃദയ
ങ്ങൾ സദൃശങ്ങളായിരിക്കുമല്ലോ.

എന്തെങ്കിലും ഒരു കഥയെ ആധാ
രമായിപ്പിടിച്ച് ഒരു കവിതയുണ്ടാക്കുന്നതു
ഒരാളുടെ രൂപം നോക്കി ഒരു ഛായയെഴു
തുന്നതുപോലെ കുറെ സുകരമാണ്. അതു
കൊണ്ടു ജനങ്ങളെ രസിപ്പിക്കുന്നതും പ്ര
യാസസാദ്ധ്യമല്ല. എന്നാൽ ആഖ്യാന
ഭാഗത്തെ തീരെ ആശ്രയിക്കാതെ ഒരു
സംഗതിയെപ്പററി ഒരു കാവ്യം നിർമ്മിക്കു
ന്നതു ഇന്ദ്രിയവിഷയമല്ലാത്ത ഒരു വസ്തു
വിന്റെ ഛായ മനോധർമ്മംകൊണ്ടാലോ
ചിച്ചു വരയ്ക്കുന്നതുപോലെ അധികം ഞെ
രുക്കമുള്ള ഒരു കാര്യമാണ്. അതു രസി
കജനങ്ങൾക്ക രസാവഹമാകുന്നതിന്നും
പ്രയാസമുണ്ട്. ഈ വസ്തുത വിചാരിച്ചു
നോക്കിയാൽ മേഘസന്ദേശത്തെപ്പററി ന
മുക്കു വളരെ വലിയ അഭിപ്രായമുണ്ടാവാ
തിരിക്കയില്ല. ഈ സന്ദേശത്തിൽ പറയ
ത്തക്ക യാതൊരു കഥാവസ്തുവും ഇല്ല.
നായികാനായകന്മാരുടെ നാമധേയം എ
ന്താണെന്നുതന്നെ കവി ആലോചിച്ചിട്ടി
ല്ല, ആലോചിക്കണമെന്നു വിചാരിച്ചി
ട്ടുമില്ല. ലോകത്തിൽ എററവും സാധാ
രണമായി സംഭവിക്കുന്നപ്രകാരം ഒരു നാ
യകനു നായികാവിരഹംകൊണ്ടുള്ള പാര
വശ്യത്തെ വർണ്ണിക്കയാണു കവി ചെയ്യു
ന്നത്. ലോകത്തിൽ എത്രയോ ആളു
കൾ ഈ വിധം വിരഹദുഃഖം അനുഭവി
ക്കുകയും സന്ദേശമയയ്ക്കുകയും ചെയ്യാറുണ്ട്.
അങ്ങിനെയുള്ള ഒരു വെറും ലൌകികസം
ഭവത്തെ വർണ്ണിച്ചു, ഗ്രന്ഥത്തിൽ ആകപ്പാ
ടെയും ഓരോ പദ്യത്തിലും പാദത്തിലും
പദത്തിലും അക്ഷരത്തിലും വർണ്ണത്തിലും
പ്രത്യേകമായും വായനക്കാരുടെ മനസ്സി
നെ ഉൽക്കണ്ഠയോടെ പതിപ്പിച്ച് അ
അജ്ഞാതനാമാവായ യക്ഷന്റെയും അ
യാളുടെ വിരഹിണിയായ പ്രണയിനിയു
ടേയും പേരിലുള്ള ദയയാൽ നമ്മെ പര

വംശന്മാരാക്കിത്തീൎക്കുന്നതിന്നു കാളിദാസർ ശക്തനായി. ഇതിലും ഉന്നതമായ ഒരവസ്ഥ ഒരു കവിക്കു കിട്ടേണ്ടതുണ്ടോ?

കാളിദാസരുടെ കാവ്യങ്ങളിൽ മൂന്നാമത്തേതായിരിക്കണം മേഘസന്ദേശം. ആദ്യത്തേതു രഘുവംശവും രണ്ടാമത്തേതു കുമാരസംഭവവും. കവിതാപരിശ്രമത്തിൽ ആദ്യമായി പ്രവേശിക്കുന്നവർ നല്ല ആത്മവിശ്വാസമില്ലായ്കയാൽ എന്തെങ്കിലും ഒരു കഥയെ ആധാരമാക്കിയും, തനിക്കുള്ള അശക്തിയെ പരസ്യമായി സമ്മതിച്ചും, ഗ്രന്ഥത്തിന്റെ നിൎവ്വിഘ്നപരിസമാപ്തിക്കായി ഇഷ്ടദേവതാനമസ്കാരം ചെയ്തും ആണു് കാവ്യമാരംഭിക്കുന്നതു്. അപ്പോഴും രഘുവംശഭൂപന്മാരുടെ ചരിത്രമെടുത്തു 'ജഗതഃ പിതരൌ വന്ദേ' എന്നു് ഇഷ്ടദേവതയെ നമസ്കരിച്ചു് 'മന്ദഃ കവിയശഃപ്രാൎത്ഥീ' എന്നു തന്റെ അശക്തിയെ കാണിച്ചു ചരിത്രമാഹാത്മ്യത്തെ വലുതാക്കിപ്പറഞ്ഞു വായനക്കാരെ പ്രരോചനം ചെയ്യുന്ന രഘുവംശകാളിദാസരെ കവിതാപരിശ്രമം തുടങ്ങുന്ന ഒരാളായിട്ടാണു നാം കാണുന്നതു്. കുമാരസംഭവം രണ്ടാമത്തേതാണു്. അതിൽ കഥാഭാഗത്തെ പുരാണത്തിൽനിന്നുതന്നെ എടുത്തിരിക്കുന്നു. എങ്കിലും വൎണ്ണനകളുടെ മാഹാത്മ്യത്താൽ കവി വായനക്കാരെ വിനോദിപ്പിക്കുവാനായി വളരെ സ്വാതന്ത്ര്യമെടുത്തിട്ടുണ്ടു്. 'അസ്തി' എന്നൊരു മംഗളമല്ലാതെ ഇഷ്ടദേവതാനമസ്കാരവും അശക്തിദ്യോതനവും ഒന്നും ഇതിലില്ല. ഇതു കവിയ്ക്കു കാവ്യനിൎമ്മാണത്തിൽ പൂൎവ്വാധികം ധൈൎയ്യം വന്ന ഒരവസരത്തെ കാണിക്കുന്നു. ഒടുവിലത്തേതായ മേഘസന്ദേശത്തിലാകട്ടെ യാതൊരാധാരവും കൂടാതെ ഒരു വെറും സാധാരണസംഭവമെടുത്തു വൎണ്ണനാഗുണംകൊണ്ടുതന്നെ വായനക്കാരെ ആനന്ദിപ്പിച്ചേക്കാമെന്നുള്ള കവിയുടെ ധൈൎയ്യമാണു കാണുന്നതു്. ആ ധൈൎയ്യത്തെ എത്രയും സാമൎത്ഥ്യത്തോടെ നിൎവ്വഹിച്ചു സകലസഹൃദയരുടേയും പ്രശംസാപാത്രം സമ്പാദിച്ച ആ കവിഗുരുവിനെ അഭിനന്ദിക്കുകയോ അഭിവന്ദിക്കുകയോ വേണ്ടതെന്നു നിശ്ചയമില്ല.

മേഘത്തെ സന്ദേശഹരനാക്കിയതിലുള്ള ഔചിത്യത്തെപ്പററി ശങ്കയുള്ള നവീനവിമൎശകന്മാരുടെ തൃപ്തിക്കായി 'വിക്ടർ ഹ്യൂഗോ' എന്ന തത്വജ്ഞാനിയുടെ ഒരഭിപ്രായത്തെക്കൂടി ഏകദേശമായി ഉദ്ധരിച്ചു് ഈ ഉപന്യാസം ഉപസംഹരിക്കുന്നു. വിക്ടർ ഹ്യൂഗോ ഇങ്ങിനെ പറയുന്നു:—

വിരഹിതരായ ദമ്പതിമാൎക്കു അന്യോന്യം സന്ദേശമയയ്ക്കുവാൻ എത്രയും നിസ്സാരവസ്തുക്കളായാലും മതി. ലോകത്തിലെ സകല മാൎഗ്ഗങ്ങളേയും നിരോധിച്ചു സൎവ്വരേയും തടഞ്ഞുനിൎത്തിയാൽ പോലും സന്ദേശമയയ്ക്കുന്നതിന്നു പുതിയ ചില ഉപായങ്ങൾ അവർ കണ്ടുപിടിക്കും. സൂൎയ്യന്റെ കിരണങ്ങളും, ചന്ദ്രന്റെ പൂനിലാവും, നക്ഷത്രങ്ങളുടെ ജ്യോതിസ്സും, കുസുമങ്ങളുടെ പരിമളവും കൂടി അവൎക്കു ദൌത്യം നിൎവ്വഹിക്കുന്നു. അതിന്നാധാരം അനുരാഗമാണു്. അനുരാഗം ഈശ്വരന്റെ ശക്തിയാകുന്നു. അതത്രെ ലോകത്തെ ഭരിക്കുന്നതു്.

കെ. വി. എം.

# വിവാഹവും സ്ത്രീധനവും.

## രസകരമായ ചില വിവാഹ സമ്പ്രദായങ്ങൾ

മുക്കവൻ ഒരു സ്ത്രീയെ വിവാഹം ചെയ്യുമ്പോൾ ഹാജരുള്ള എല്ലാവരുടെയും സമ്മതം ലഭിക്കണം.

ഒക്കിലിയൻ സ്ത്രീധനം കൊടുക്കുന്നത് വിവാഹസമയത്തല്ല; ഒരു പുത്രനുണ്ടായതിന്നു ശേഷമാണ്.

ഒരു ടോഡർ പെൺകുട്ടി ഋതുവായാൽ അടുത്ത ഗ്രാമത്തിലെ ഒരു ടോഡയുവാവു അവളുടെ കന്യകാത്വഭംഗം ചെയ്യണം. ഈ ആചാരത്തിന്നു വീഴ്ച വരികയൊ താമസം വരികയൊ ചെയ്യുന്നതു അപമാനകരവും അങ്ങിനെ വന്നാൽ അവൾക്കു ഒരു വരനെ കിട്ടുന്നതു പ്രയാസവുമാകുന്നു. ഈ സമ്പ്രദായത്തിന്റെ ഒരു അവശേഷം ആസാമിൽ ലക്ഷ്മീപുരത്തിലുള്ള മാററക്കു് എന്നവരുടെ ഇടയിൽ കാണുന്നുണ്ട്. ഇവിടെ പെൺകുട്ടികൾ ഋതുവായാൽ സ്നാനം കഴിഞ്ഞ് ശുദ്ധിയായതിന്റെ ശേഷം മിഥ്യയായി ഒരു വാഴയെ വരനായി കല്പിക്കുന്നു. നീപാളിലെ 'നിവാർ' എന്ന ജാതിക്കാരുടെ സ്ത്രീകൾ 'ബെയൽ' പുഷ്പത്തെയാണ് സ്വീകരിക്കാറ്.

മദ്ധ്യപ്രദേശങ്ങളിലെ സാററ്നാമിചാമാർസ് എന്നവരുടെ ഇടയിൽ ഒരു പെൺകുട്ടിയുടെ കല്യാണം കഴിഞ്ഞ് മൂന്നു കൊല്ലത്തിന്നുള്ളിൽ 'സാററ്ലാക' എന്ന ഒരു ആചാരം നടപ്പുണ്ട്. സ്വജാതിക്കാരെയെല്ലാം ക്ഷണിച്ചുവരുത്തി ഒരു സദ്യ കഴിക്കുന്നു. അന്നു രാത്രി ആ സ്ത്രീ തനിക്കിഷ്ടമുള്ള ഒന്നോ അധികമോ പുരുഷന്മാരോടു കൂടിയാണ് കിടക്കുക. ഇവരെ, ഗുരുക്കൾ എന്നാണ് പറയുക.

ഗുജറാത്തിലെ ഭാതിയന്മാർ വിവാഹം കഴിഞ്ഞ ആദ്യത്തെ രാത്രി വധുവിനെയും ഉപാദ്ധ്യായനേയും ഒരുമിച്ചു ശയിപ്പിക്കുന്നു.

'കൊസാമ്പ്' 'ലോറലൈ' എന്ന സ്ഥലങ്ങളിലെ സാൻസാക്കൽ പട്ടാണികളുടെ ഇടയിൽ അനൂഢകളായ സ്ത്രീകൾക്കു ധാരാളം വ്യഭിചരിക്കാം. ഒരു സ്ത്രീക്കു തന്റെ വിവാഹദിവസം രാത്രി ഒരു മണിക്കൂർ നേരത്തേക്കു ഇഷ്ടമുള്ള പുരുഷനോടു കൂടിയിരിക്കാം.

മൈസൂരിലെ മൊറാസു വക്കലിഗാസ് എന്നവരുടെ ഇടയിൽ ഒരു സ്ത്രീ തന്റെ മൂത്ത മകളുടെ കല്യാണത്തിന്നു മുമ്പു കർണ്ണവേധസമയത്ത് തന്റെ വലത്തെ കയ്യിന്റെ കനിഷ്ഠികയേയും അനാമികയേയും മുറിച്ചു കളയണം. ഈ സമ്പ്രദായം ഇപ്പോൾ ഗവർമ്മേണ്ടു നിർത്തിയിരിക്കുന്നു.

ബലൂചിസ്ഥാനിലെ ബ്രാഹ്മയികളുടെ ഇടയിൽ കല്യാണം കഴിഞ്ഞ ഉടനെ വധുവിന്റെ വസ്ത്രത്തിൽ കന്യകാചിഹ്നത്തെ ഉണ്ടാക്കുന്നു.

സംബൽപൂരിലെ കൊൾട്ടാസ് എന്നവരുടെ കുടുംബത്തിലെ മൂത്ത പുരുഷനൊ സ്ത്രീക്കൊ വിവാഹം കഴിഞ്ഞാൽ

മാതാപിതാക്കൾ പുനൎവ്വിവാഹം ചെയ്യണം.

പഞ്ചാബിലെ ചില ജാതിക്കാർ ഒരു പുത്രനുണ്ടായതിന്നു ശേഷമെ രണ്ടാമത്തു വിവാഹം ചെയ്യാറുള്ളു.

തൃതീയവിവാഹം അശുഭമാണത്രെ; ഒരാളുടെ ആദ്യത്തെയും രണ്ടാമത്തെയും ഭാൎയ്യ മരിച്ചതിൽ പിന്നെയും അയാൾ വിവാഹംചെയ്വാൻ ആഗ്രഹിക്കുന്ന പക്ഷം ഒരു ആടിനെയൊ പ്രാവിനെയൊ ഒരു ചെടിയേയൊ വിവാഹം ചെയ്യുന്നു. പിന്നെ വിവാഹം ചെയ്യുന്നവൾ നാലാമത്തെ ഭാൎയ്യയായിരിക്കണമെന്നൎത്ഥം. മദിരാശിയിലെ വെള്ളാളന്മാർ രണ്ടാമത്തു വേൾക്കുന്നതിന്നു മുമ്പു തന്നെ ഇതു ചെയ്യുന്നു.

വടക്കൻകൎണ്ണാടകത്തിൽ ഒരാൾക്കു രണ്ടു ഭാൎയ്യമാരുണ്ടാവാൻ യോഗമുണ്ടെന്നു ജ്യോത്സ്യൻപറഞ്ഞാൽ ആദ്യത്തെ ഭാൎയ്യമരിക്കുമെന്നാണൎത്ഥം. (ഇവിടെ ബഹുഭാൎയ്യത്വംനടപ്പില്ല.) അതിനാൽ ഒരുത്തന്റെ ഭാൎയ്യക്കു രോഗം പിടിച്ചാൽ അവൻ ഒരുവാഴയെ കല്യാണം കഴിച്ചു അതിനെ വെട്ടുന്നു. ഇങ്ങനെ ചെയ്താൽ ജാതകഫലം ശരിയാവുമെന്നാണ് വിചാരം; ഭാൎയ്യയു രോഗം സുഖപ്പെടുമത്രെ.

പഞ്ചാബിൽ ഒരു പെൺകുട്ടിക്കു ബാല്യവൈധവ്യമുണ്ടാകുമെന്നു ജാതകത്തിൽ കണ്ടാൽ അവളുടെ വിവാഹത്തിന്നു മുമ്പു ഒരു മിഥ്യാവിവാഹം ചെയ്യുന്നു.

കാഷ്മീരിൽ ഒരു സ്ത്രീക്ക് ഗ്രഹപ്പിഴയുണ്ടെന്നു കണ്ടാൽ (ഗ്രഹം പിഴച്ചാൽ വന്ധ്യയാകുമത്രെ) അവൾ ഭൎത്തൃഗൃഹത്തിൽനിന്നു പോയ്ക്കളയുന്നു. അവളില്ലാത്തപ്പോൾ അവളുടെ ഭൎത്താവു അവളെ മിഥ്യാവിവാഹം ചെയ്യുന്നു. പിന്നെ അവളെ കൂട്ടിക്കൊണ്ടു വരുന്നു.

ബറോഡ, കാഷ്മീർ മുതലായ സ്ഥലങ്ങളിൽ ഒരു രാജപുത്രന്റെ വിവാഹത്തിന്നു അവൻ തന്നെ പോകണമെന്നില്ല. അവന്നു പകരം അവന്റെ ഖഡ്ഗം അയച്ചാൽ മതി.

തിരുനൽവേലിയിലെ മറവ ജമിണ്ടാർമാൎക്ക് ഒരു വടിയയച്ചാൽ മതി.

പഞ്ചാബ് ഹിമാലയപ്രദേശങ്ങളിൽ ഒരു ഉയൎന്ന ജാതിക്കാരൻ ഒരു കാണററ് പെണ്ണിനെ വേൾക്കുന്ന പക്ഷം കല്യാണത്തിന്നു അവൻ പോകേണ്ട.

ബലൂചിസ്ഥാനിൽ ചില ജാതിക്കാൎക്ക് കല്യാണത്തിന്നു പുരോഹിതൻ പോകേണമെന്നില്ല. വെള്ളം നിറച്ചുവെക്കുന്ന ഒരു തോൽസഞ്ചിയിൽ പുരോഹിതൻ ഊതി കാററു നിറക്കുന്നു. ഈ കാററു വധുവിന്റെ മുഖത്തു സഞ്ചി തുറന്നു വിട്ടാൽ മതി.

ഒരു ബ്രാഹൂയി (ബലൂചിസ്ഥാൻ) സ്ത്രീ ഏഴമാസം ഗൎഭമായാൽ ഭൎത്താവിനെ പിരിഞ്ഞിരിക്കുന്നു.

മദിരാശിയിലെ കാഡർമാരുടെ ഇടയിൽ ഒരു സ്ത്രീക്കു ഗൎഭാധാനം കഴിഞ്ഞുവെന്നറിഞ്ഞാൽ പിന്നെ മൈഥുനം പാടില്ല. മദിരാശിസംസ്ഥാനത്തിലെ കണക്കന്മാരും കൊറവന്മാരും, ഈ സംസ്ഥാനത്തിലെയും മൈസൂരിലെയും കുടുബന്മാരും മൂന്നു മാസത്തോളം വിവാഹത്തെ പൂൎത്തിയാക്കുന്നില്ല. ഒരു കൊല്ലത്തിന്നുള്ളിൽ ഒരു കുടുംബത്തിൽ മൂന്നു പേരുണ്ടാകുന്നത് അശുഭമാണത്രെ. (ഒരു കുട്ടിയുണ്ടായാൽ അച്ഛനും അമ്മയും കുട്ടിയും കൂടിയാൽ മൂ

ന്ന പോരാകമല്ലൊ.) ഒരു അംഗേരിയൻ കല്യാണം കഴിഞ്ഞു ഒരു മാസത്തേക്കു ഭാര്യയോടൊരുമിച്ചിരിക്കാറില്ല. അവൾക്കു ഗർഭമില്ലെന്നു തീർച്ചയാകുവാനാണത്രെ ഇങ്ങിനെ ചെയ്യുന്നത്. ബലൂചിസ്ഥാനിലെ ചില പട്ടാണികളും ഇങ്ങിനെ ചെയ്യാറുണ്ട്. മെരിയാസ് എന്ന ജാതിക്കാർ സ്വഗൃഹത്തിൽ വെച്ചു മൈഥുനം ചെയ്യാറില്ല. സ്വഗൃഹത്തിൽ ശ്രീഭഗവതിയുണ്ടെന്നും ശ്രീഭഗവതി കോപിക്കുമെന്നുമാണത്രെ അവരുടെ വിചാരം. ബാസ്റ്റാർ സ്റ്റേറ്റിലെ ചില ഭാഗങ്ങളിൽ ഗ്രാമത്തിലുള്ള എല്ലാ പുരുഷന്മാരും മഞ്ഞില്ലാത്ത എട്ടു മാസവും പൊതുവായ ശയനഗൃഹത്തിൽ കിടക്കണം. അവരുടെ ഭാര്യമാരെല്ലാം വീട്ടിലും കിടക്കും. ടോഡാസ്ത്രീകൾ ഭർത്താവിന്റെ അനുമതിയോടു കൂടി രണ്ടാമത് ഒരാളെ സ്വീകരിക്കുന്നു. ചിലപ്പോൾ ഇവൾ അയാളുടെ വീട്ടിൽ പോയി താമസിക്കുകയും പലപ്പോഴും അയാൾ അവളുടെ ഗൃഹത്തിലേക്കു വരികയും ചെയ്യും. 'കള്ളർ' മുതലായ ചില താണ ജാതിക്കാർ ജാരസംഗത്താലുണ്ടായ മക്കളെ പിന്നീടു ജാരൻ ഇവളെ മുറയ്ക്കു വിവാഹം ചെയ്യുന്ന പക്ഷം സ്വന്തം മക്കളായി സ്വീകരിക്കുന്നു. മദിരാശിയിലെ ചില റെഡ്ഡികളുടെ ഇടയിൽ ഒരു സ്ത്രീയുടെ പ്രഥമപുത്രൻ തന്റെ ഭാര്യയെ വീട്ടിലേക്കു കൊണ്ടുവന്നാൽ പിന്നെ അമ്മയ്ക്കു ഗർഭമുണ്ടാവാൻ പാടില്ല. പിന്നെ അവൾ പ്രസവിച്ചാൽ വലിയ പരിഹാസമാണ്.

ഹിന്ദുക്കൾ പ്രായേണ മൂത്തമൂത്ത കുട്ടികൾക്കാണു മുമ്പുമുമ്പു വിവാഹം ചെയ്യുന്നത്. എന്നാൽ പഠിപ്പുള്ള ഹിന്ദുക്കൾ മൂത്തകുട്ടിയുടെ കല്യാണം സംഗതിവശാൽ വൈകിപ്പോകുന്നപക്ഷം ആ കുട്ടിയുടെ അനുജന്റെയൊ അനുജത്തിയുടെയൊ വിവാഹം നടത്താറുണ്ട്. എന്നാൽ പഠിപ്പില്ലാത്ത ചില ജാതിക്കാർ രോഗംകൊണ്ടൊ മറ്റൊ മൂത്ത കുട്ടിയുടെ കല്യാണം തൽക്കാലം നിൎത്തിവെക്കേണ്ടിവന്നാൽ കുട്ടിയെക്കൊണ്ട് ഒരു വാഴയെയൊ മറ്റൊ കല്യാണം കഴിപ്പിച്ചതിന്നു ശേഷമെ ആ കുട്ടിയുടെ അനുജനൊ അനുജത്തിക്കൊ വിവാഹം ചെയ്യിക്കാറുള്ളു. മുഹമ്മദന്മാരുടെ ഇടയിൽ ഇങ്ങിനെ ഒരു നിയമമില്ലെങ്കിലും അവരും മൂത്തമൂത്ത കുട്ടിയെയാണ് മുമ്പുമുമ്പു വിവാഹം കഴിപ്പിക്കുന്നത്. ജ്യേഷ്ഠന്റെ ഭാര്യയുടെ സോദരിയെ അനുജനു വിവാഹം ചെയ്യാം. എന്നാൽ അവൾ അനുജത്തിയായിരിക്കണം. ഒരാൾക്കു തന്റെ ഭാര്യ ഇരിക്കുമ്പോഴാവട്ടെ മരിച്ചിട്ടാവട്ടെ അവളുടെ അനുജത്തിയെ വിവാഹം ചെയ്യാം; ജ്യേഷ്ഠത്തിയെ പാടില്ല. വിധവാവിവാഹം നടപ്പുള്ള ദിക്കാണെങ്കിൽ അവൾ തന്റെ ദേവരനെയല്ലാതെ മറ്റാരെയും ഭർത്താവാക്കുവാൻ പാടില്ല.

## സ്ത്രീധനം

മദിരാശിയിലെ മുക്കുവന്മാർ ചില തരം വിവാഹത്തിന്നു സ്ത്രീധനം കൊടുക്കാറില്ല. ചിലരുടെ ഇടയിൽ സ്ത്രീധനം കൊടുക്കാൻ സാധിക്കാത്തപക്ഷം വിവാഹത്തിന്നുമുമ്പു കുറെക്കാലം വരൻ ശ്വശുരന്റെ ഭൃത്യനായിരിക്കുന്നു.

പ്രായേണ വിവാഹം പണംകൊടുത്തിട്ടാണ് പതിവ്. ഉയൎന്നജാതിക്കാർ

വരന്നും താണജാതിക്കാർ വധുവിന്നും പണം കൊടുക്കുന്നു. എന്നാൽ നേരെമറിച്ചു ബോംബെയിലെ വാഷികബ്രാഹ്മണരെപ്പോലെയുള്ള ചില ഉന്നതജാതിക്കാർ വധുവിന്നും ഐക്യസംസ്ഥാനങ്ങളിലെ ഭാംഗികളെപ്പോലെ ചില താണജാതിക്കാർ വരന്നും ചിലപ്പോൾ വിവാഹധനം കൊടുക്കാറുണ്ട്. എന്നാൽ പണം കൊടുക്കുന്നതു ചിലപ്പോൾ പേരിന്നു മാത്രവും ചിലപ്പോൾ വളരെ വലിയ സംഖ്യയും ആയിരിക്കും. സംഖ്യ വലുതാകുന്നതു ബഹുഭാര്യാത്വമുള്ളവരുടെ ഇടയിലും സ്ത്രീകൾക്കു ക്ഷാമമുള്ളപ്പോളുമാണ്. ഈയിടയിൽ വിദ്യാഭ്യാസം വർദ്ധിച്ചതോടുകൂടി വരന്നു വിലയും കൂടിയിരിക്കുന്നു. ബംഗാളിൽ ബി. എ. പാസ്സായ ഒരു കായസ്ഥന്നു സാധാരണയായി 500 മുതൽ 1000 വരെ ഉറുപ്പിക കിട്ടുന്നുണ്ട്. ചിലപ്പോൾ 10,000 വരെയും കിട്ടുമത്രെ. സ്ത്രീധനം കൊടുക്കുന്ന സമുദായങ്ങളിൽ കൂടി വരൻ പഠിപ്പുള്ളവനാണെങ്കിൽ അയാൾക്കു പണം കൊടുക്കുവാൻ വധുവിന്റെ അച്ഛനമ്മമാർ മടിക്കാറില്ല.

പ്രാചീനനിവാസികളുടെ ഇടയിൽ സാധാരണ സ്ത്രീക്കാണ് പണം കൊടുക്കാറുള്ളത്. ചിലപ്പോൾ ഈ സംഖ്യ വലുതായും ഇരിക്കും. ചിലർ 200 ഉറുപ്പിക വരെ കൊടുത്തിട്ടുണ്ട്. സാധാരണയായി ഒരു കന്യകയ്ക്കു ഒരു വിധവയെക്കാൾ അധികം പണം കിട്ടും. എന്നാൽ ചില ശില്പികളുടെ ഇടയിൽ ഇതിന്നു (ഇതിന്നു സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുടെ പ്രവൃത്തിക്കു സഹായിക്കുന്നു) വിപരീതം കാണുന്നു. വയസ്സേറുന്തോറും പെണ്ണിന്റെ വിലയും ഏറുന്നു. പഞ്ചാബിൽ ബാണിയന്മാർ 8 വയസ്സിന്നു താഴെയുള്ള പെൺകുട്ടിക്കു സ്ത്രീധനം കൊടുക്കാറില്ല. അതിന്നുശേഷം 13 വയസ്സുവരെ കൊല്ലത്തിൽ 100 ഉറുപ്പിക വീതം സ്ത്രീധനം കൊടുക്കുന്നു. 18 വയസ്സായാൽ ഋതുകാലമായി എന്നാണ് വെച്ചിരിക്കുന്നത്. സ്ത്രീധനം നടപ്പുള്ള ദിക്കിലെല്ലാം സ്ത്രീകളെ മാററം ചെയ്യാറുണ്ട്. ബറോഡയിലെ താണജാതിക്കാരുടെ ഇടയിൽ ഒരുവൻ തന്റെ മകളെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ അവിടെനിന്നു തന്റെ തറവാട്ടിലേക്ക് ഒരു പെണ്ണിനെ കൊണ്ടുവരുന്നു. അതിപ്രാചീനകാലത്തു ശ്വശുരന്നു ഭൃത്യവേല ചെയ്തുകൊടുത്തു പെണ്ണിനെ കൊണ്ടുവന്നിരുന്നു. ഇതു പ്രാചീനനിവാസികളുടെ ഇടയിലും മററു ചില താണജാതിക്കാരുടെ ഇടയിലും നടപ്പുണ്ട്. പണിയെടുക്കുന്ന കാലം 1 മുതൽ 5 വരെയും ചിലപ്പോൾ അധികവും കൊല്ലമാകുന്നു. സാധാരണ സാധുക്കളാണ് ഇതു ചെയ്യുക പതിവ്. വധുവിനെ ബലാൽക്കാരമായി കൊണ്ടുവരുന്ന സമ്പ്രദായം സാധാരണയായി പ്രാചീനനിവാസികളുടെ ഇടയിലും ചിലപ്പോൾ ഉന്നതജാതിക്കാരുടെ ഇടയിലും കാണുന്നുണ്ട്. താണജാതിക്കാരുടെ ഇടയിൽ കല്യാണകാലത്തു വധൂവരന്മാരുടെ ബന്ധുക്കൾ തമ്മിൽ യുദ്ധം ചെയ്യുന്നതായി നടിക്കാറുണ്ട്. സാധാരണയായി വധുവിനെയാണ് പിടിച്ചുകൊണ്ടുപോകാറുള്ളത്. എന്നാൽ സ്ത്രീനായകത്വം നടപ്പുള്ള 'ഗാരൊസിന്റെ' ഇടയിൽ വരനെയാണ് പിടിച്ചുകൊണ്ടുപോകുന്നത്. മദ്ധ്യപ്രദേശങ്ങളിലെ 'കേലാം' ജാതിക്കാരുടെ ഇടയിൽ പണ്ട് അനൂഢകളായിത്തീരുവാനിടയുള്ള സ്ത്രീകൾക്കു വരന്മാരെ ബലാൽക്കാരേണ പിടിച്ചുകൊടുക്കുകയായിരുന്നു പതിവ്.

(ഒരു മനുഷ്യന്റെ നോട്ടുപുസ്തകത്തിൽ നിന്ന്)

# ഞങ്ങളുടെ വായനശാല.

1\. കണ്ണശ്ശരാമായണം, കിഷ്കിന്ധാകാണ്ഡം:— (മദ്ധ്യകാലമലയാളമാതൃകകളുടെ മൂന്നാം ഭാഗമായി ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളുടെ മേൽനോട്ടത്തിൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിയത്; മുഖവുരയും ടിപ്പണിയും അടങ്ങിയത്; വില 1 ക.)

കൊല്ലം ആറാം നൂററാണ്ടിൽ തിരുവിതാംകൂറിൽ നിരണം എന്ന പ്രദേശത്തു ജീവിച്ചിരുന്ന പ്രസിദ്ധന്മാരായ മൂന്നു ഭാഷാകവികളിൽ മൂന്നാമനാണു കണ്ണശ്ശപ്പണിക്കർ. ഇദ്ദേഹം രാമായണാദിവിവിധഗ്രന്ഥങ്ങളുടെ കർത്താവാകുന്നു. ഇദ്ദേഹമുണ്ടാക്കിയ രാമായണമാണ് കണ്ണശ്ശരാമായണം എന്നു പ്രസിദ്ധമായ പേരിൽ അറിയപ്പെടുന്നത്. ഈ ഗ്രന്ഥത്തിന്റെ പേരു കേരളത്തിലെങ്ങും പ്രസിദ്ധമാണെങ്കിലും ഇതു വായിച്ചുനോക്കി ഇതിന്റെ യോഗ്യതയറിഞ്ഞിട്ടുള്ളവർ അധികം പേരുണ്ടായിരിക്കയില്ല. ഇതിനു രണ്ടിലധികം കാരണങ്ങളുണ്ട്. ഒന്നാമതു കണ്ണശ്ശരാമായണം 'കമ്പരാമായണം' പോലെ ഒരു തമിഴുകവിതയാണെന്നു പരക്കെയുള്ള ഒരു വിശ്വാസം; രണ്ടാമതു ഈ ഗ്രന്ഥത്തിനുള്ള പ്രചാരക്കുറവ്. ഈ കുറവുകൾ തീർത്തു ഈ ഉത്തമഗ്രന്ഥം, എന്നല്ലാ നിരണകവികളുടെ എല്ലാ കൃതികളും, അക്കാലത്തു നടപ്പുണ്ടായിരുന്ന മലയാളഭാഷയിൽ നിർമ്മിതങ്ങളാണെന്നും, ആ ഭാഷയ്ക്കും തമിഴിന്നും തമ്മിലുള്ള ബന്ധം അന്നു ജനങ്ങൾക്കറിവില്ലായിരുന്നുവെങ്കിലും ആ ഭാഷ യഥാർത്ഥത്തിൽ തമിഴിൽനിന്നു ഭിന്നമാണെന്നും കാണിച്ചു, നിരണകവികളുടെ ഭരണകാലത്തു ഭാഷാസാമ്രാജ്യത്തിനുണ്ടായിട്ടുള്ള ഐശ്വര്യങ്ങളെ തെളിയിച്ച് ആർക്കും തർക്കമില്ലാത്ത വിധത്തിലാക്കിത്തീർക്കുവാൻ ശ്രമം ചെയ്യുന്ന ഉള്ളൂർ പരമേശ്വരയ്യരവർകളെ കൃതജ്ഞതയായി ഞങ്ങൾ അഭിനന്ദിക്കുന്നു.

ഞങ്ങളുടെ മുമ്പിലിരിക്കുന്ന കിഷ്കിന്ധാകാണ്ഡം വായിച്ചുനോക്കിയാൽ കണ്ണശ്ശപ്പണിക്കരുടെ കവിതയ്ക്കുള്ള അസാധാരണങ്ങളായ ഗുണഗണങ്ങൾ ഏവർക്കും ബോദ്ധ്യമാവുന്നതാണ്. ശബ്ദാർത്ഥങ്ങൾക്കുള്ള ഭംഗി, രീതിഗുണം, ഉല്ലേഖശക്തി, സർവോപരി രസാനുഗുണ്യം എന്നിവക ഗുണങ്ങൾ ഈ കവിതയിൽ കളിയാടുന്നുണ്ട്. ആപാതത്തിൽ അർത്ഥം ഗ്രഹിക്കുവാൻ പ്രയാസമുള്ള ചില പദങ്ങൾ എടയ്ക്കിടക്കു കൂടിച്ചേർന്നിട്ടുണ്ടെങ്കിലും ആകപ്പാടെയുള്ള വാക്യാർത്ഥം മനസ്സിലാക്കി രസിക്കുവാൻ രസികന്മാർക്കൊരു പ്രയാസവുമില്ല. കഠിനപദങ്ങളുടെ അർത്ഥം ടിപ്പണിയിൽ വിവരിച്ചിട്ടുമുണ്ട്. സീതാവിപ്രയുക്തനായ രാമചന്ദ്രൻ പമ്പാതീരത്തുവെച്ചു വസന്താവതാരമനോഹരമായ വനലക്ഷ്മിയെ കണ്ടു മദനാവേശവിവശനായിട്ടു ലക്ഷ്മണനോടു പറയുന്ന ഘട്ടത്തിൽനിന്നു ഏതാനും ഭാഗം എടുത്തു കാണിക്കാം:—

മാരശരാതുരയായ് മുടിയോരല്ലോ
 മാനിനിജാനകിതാനുമിദാനീം
ചാരുവസന്തമിവണ്ണമിതെങ്കിൽ
 താർകുഴലാൾമരുവിന്നവിടത്തും?
സാരസഹംസനിഷേവിതമായ
 തടാകജലോപരിതിരയെരിയുംപോൽ
വേരികലർന്നരുണാംബുജപന്തി
 വിരിഞ്ഞുപരന്നൊളിവാർന്നുപാരം.
അഴിനിലയിൻറിമയൂരികളോടട-
 നാടിന കേകികൾ ച്ചൂടരുളുന്നു;
പഴിതുടരാതെ കൂകിന കോകില.
 പഞ്ചമവും മമ നെഞ്ചിടർ ചെയ്യും;
വഴിയിനിയെന്തു സുമിത്രാപുത്ര
 വൈദേഹിയെ വൈകാതെ കാണ്മാൻ
നഴകൊടലന്നൊരശോകമിതാഗ്നേ-
 യാസ്ത്രമനംഗൻ വിട്ടതു കാണാം.
കാണാ കോമളവല്ലികളാകിയ
 കന്യകമാരെ നടം ചെയ്യിച്ചേ
വീണാനാദമെന്നും നവഭൃംഗ-
 വിനോദമനോഹരഗീതത്തോടെ
പൂന്നാരണിമാരൊടുകൂടിയ
 പൂരുഷനാണാമതിസുഖകരമായേ
നിങ്ങളുംവനരംഗേമേവിന
 നിരുപമമാരുതനർത്തകലീലാം.
ഇളമളവും മധുപാനം ചെയ്തനു-
 രാഗവശാൽ വരിവണ്ടുകൾ പാട-
ത്താമഴകാൽ മയിലാട മകിഴ്ന്നു
 തഥാ കുയിൽകൊണ്ടാടിന്നു കേളാ
കോമളമാരുതകമ്പിതശാഖകൾ
 കൂടമകിഴ്ന്നുശിരസ്സു കുലുക്കി-
ടുമറിവോർ മരുവിന്നതുപോലതി
 താൽപരിയത്തൊടു നില്പതു പാരം.

ഇതുപോലെ ബാലിവധം മുതലായ മററു ചില ഭാഗങ്ങളും പ്രത്യേകം പ്രസ്താവയോഗ്യമായിട്ടുണ്ട്. രാമശരവിദ്ധനായ ബാലി രാമനോടു പറയുന്ന ഘട്ടം വളരെ ഹൃദ്യമായിരിക്കുന്നു. 'ഏകോദരത്വം ഖലു നാമലോകേ മനസ്വിനാം കമ്പയതേ മനാംസി' എന്ന തത്വമാലോചിച്ചാൽ, ആസന്നമരണനായ ബാലി സുഗ്രീവനോടുള്ള വൈരം തീർന്ന് അവസാനയാത്ര പറയുന്ന ഘട്ടത്തിനുള്ള സ്വാഭാവികതയിൽ കണ്ണശ്ശപ്പണിക്കരെ പ്രത്യേകം ബഹുമാനിക്കേണ്ടതില്ലെങ്കിലും ആ ഘട്ടത്തിനുള്ള അസാധാരണമായ തന്മയത്വത്തിന്ന് അദ്ദേഹം നമ്മുടെ അഭിനന്ദനത്തെ അർഹിക്കുന്നുണ്ട്. നോക്കുക:—

അഴുവതുകാലം വാലിവിമോഹ-
 മകന്നുടനൊട്ടാശ്വാസം പെററേ
ചുഴലവുമാകുലമോടേ നോക്കി
 ച്ചൊന്നാനനുജനൊടാദരവാലേ
പിഴപല ചെയ്തേൻ ഞാൻ നിന്നോടതു
 പിഴയാവ്വിധിബലമേ ചെയ്യിച്ചിതു
പഴുതുപെടാതിരുവരുമായ് വാഴ്‌വാൻ
 ഭാഗ്യവുമില്ല നമുക്കിരുവർക്കും.

ഇരുവരുടെ ദോഷവുമല്ലെന്നറി
 യെന്നാലെന്തുകഴിഞ്ഞവയോർത്തിനി
യൊരുഫലമില്ലിപ്പൊഴുതേ നിന്നോ-
 ടൊരുകാര്യത്തെയിരക്കുന്നേൻ ഞാൻ

തരുണകുമാരനെയംഗദനാം മമ
 തനയനെ നീ പരിപാലനചെയ്താ-
ലരിയ നിശാചരരോടമർ ചെയ്താ-
 നാളസ്സുരുമവനും തവ മേൽനാൾ.

മേലായ്നിന്ന കുമാരനിരാമന
 വേണ്ടും വണ്ണമിരുന്നനിരന്നൊരു

പോലേ വാഴ്ക തുലോം നാളല്ലാ-
ലുണ്ടാമവനാലേ തവ നാശം
കാലാനലസമനേ തൻചൊല്ലു
കടപ്പവർകൾക്കെല്ലാമന്വേഷം
പാലാഴിയിലുളനാകിയ ശീതള-
ഭാനുവിനൊത്തവനും പുനരവനേ.
പുനരിവൾ താര സുഷേണതനൂജാ
പൂർണ്ണഗുണാ കാര്യാകാര്യജ്ഞാ
വിനയനയാചാരജ്ഞാ സൂക്ഷ്മ-
വിചാരാദികളുള്ളവളേയെന്നാൽ
മനസി കനിഞ്ഞവൾ ചൊന്നതു ചെയ്താൽ
വരുമതിനാലേ നിന്നുടെ സൌഖ്യം
കനവിയ കാഞ്ചനമാലയിതും നീ
കൈക്കൊൾ വോയാകെന്നു കൊടുത്താൻ.

കണ്ണശ്ശപ്പണിക്കരുടെ ഭാഷ വായിപ്പാൻ വളരെ സുഖമുള്ളതാണ്. അതു തമിഴിനോടു വളരെ ചേൎന്നിരിക്കുന്നുണ്ടെങ്കിലും തമിഴരീതിയിൽ പ്രയോഗിച്ചിട്ടുള്ള പദങ്ങൾ വിവക്ഷിതാൎത്ഥപ്രതിപാദനത്തിൽ നല്ല ശക്തിയുള്ളവയാണ്. ഭാഷാകവിതക്കു ഏററവും യോജിപ്പുള്ളവയായി ഇതിൽ കാണുന്ന പല പദങ്ങളും കാലാന്തരത്തിൽ വിസ്മൃതങ്ങളാകയും ആധുനികഭാഷാകവികൾക്കു അവയുടെ അറിവു തന്നെ അസ്തമിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെ പഴയ ഭാഷയുടെ മഹിമയെ തീരെ ആലോചിക്കയും അറികയും ചെയ്യാതെ നാം അതിനെ നിശ്ശങ്കം അപലപിക്കുന്നു. ഇതു വലിയ സാഹസമല്ലേ? ഈ വക പഴയ ഗ്രന്ഥങ്ങളിൽ സാമാന്യമായ ഒരു വ്യുൽപ്പത്തിയും അറിവും ഇല്ലാത്തവർ പ്രാചീനഭാഷാസാഹിത്യത്തെ നിന്ദിക്കുന്നതിലും,എന്നല്ല അഭിനന്ദിക്കുന്നതിൽ തന്നെയും വലിയ അൎത്ഥമുണ്ടെന്നു തോന്നുന്നില്ല.

ചുരുക്കിപ്പറയുന്നതായാൽ, 'രാമായണങ്ങൾ പലതും കവിവരരാദരമോടു ചമച്ചി'ട്ടുള്ളതിൽ കണ്ണശ്ശപ്പണിക്കരുടെ രാമായണം ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണെന്നുള്ളതിന്നു സംശയമില്ല. ഈ മാതിരിയിലുള്ള പഴയ ഗ്രന്ഥങ്ങൾ പുറത്തു വന്നാലല്ലാതെ പ്രാചീനഭാഷാചരിത്രത്തിലെ മങ്ങിക്കിടക്കുന്ന ഭാഗങ്ങൾ തെളിയുന്നതല്ല. അതുകൊണ്ട് ഈ വിശിഷ്ടഗ്രന്ഥത്തിന്റെ പ്രസാധകനായ പരമേശ്വരയ്യരവർകളെ ഞങ്ങൾ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

## ൨ കേയിചരിത്രം, ഒന്നാം ഭാഗം.

(ഗ്രന്ഥകൎത്താവു എ. പി. ഉമ്മർകുട്ടി, തലശ്ശേരി; വില 8ണ.)

മലയാളത്തിലെ മുഹമ്മദിയരുടെ കൂട്ടത്തിൽ കുലം കൊണ്ടും ധനം കൊണ്ടും പണ്ടേക്കുപണ്ടേ കേൾവിപ്പെട്ട ഒരു വൎഗ്ഗക്കാരാണ് കേയിമാർ. കേയി എന്നതു ഒരു പെൎഷ്യാനപ്പേരാണ്. ഇതു നാഥൻ എന്നൎത്ഥത്തിലുള്ള ഒരു പാൎസിവാക്കാണ്. കേയി വംശത്തിന്റെ കൂടസ്ഥൻ ആലുപ്പിക്കാക്ക എന്നു പ്രസിദ്ധനായ ഒരാളായിരുന്നു. അദ്ദേഹം സമ്പാദിച്ച ധനത്തിന്നും യശസ്സിന്നും അഭിവൃദ്ധി വരുത്തിയത് അദ്ദേഹത്തിന്റെ അനന്തരവനായ മൂസ്സാക്കാക്കയും ആയിരുന്നു. ചിറക്കൽതാലൂക്കിൽപ്പെട്ട ചൊവ്വ എന്ന പ്രദേശത്തു ജനിച്ചു ഏററവും താണ നിലയിൽ ജീവിച്ചു വന്നവരായ കേയിവംശപ്രതിഷ്ഠാപകന്മാർ സത്യമായും കൃത്യമായുമുള്ള കച്ചവ

ടത്താൽ വളരെ വളരെ പണവും ഉസ്വത്തും പ്രസിദ്ധിയും സമ്പാദിച്ചു കേരള ചരിത്രത്തിൽ സുപ്രസിദ്ധന്മാരായിത്തീൎന്നു. മലയാളത്തിലെന്നല്ലാ മറുനാടുകളിലും, ദ്വീപാന്തരങ്ങളിൽകൂടിയും വളരെ വമ്പിച്ച കച്ചവടങ്ങൾ നടത്തിയവരായ കേയിമാർ ടിപ്പുസ്സുൽത്താന്റെ ആക്രമണകാലത്തും മററും മലയാളികൾക്കു പലൎക്കും വളരെ ഉപകാരം ചെയ്തിട്ടുള്ളവരാണ്. ഇവരുടെ ചരിത്രത്തെയും ഇവർ സമ്പന്നന്മാരായിത്തീൎന്നതിനെയും പററി പല ഐതിഹ്യങ്ങളും കേട്ടിട്ടുള്ളതല്ലാതെ ചരിത്രരീതിയിലുള്ള ഒരറിവും ഇതിനു മുമ്പു കേരളീയൎക്കുണ്ടായിരുന്നില്ല. അങ്ങിനെയുള്ള അറിവുണ്ടാവാനിടവരുത്തിയ മിസ്റ്റർ ഉമ്മർകുട്ടിയെ ഞങ്ങൾ അഭിനന്ദിക്കുന്നു. സാഹിത്യരീതിയിലുള്ള വിദ്യാഭ്യാസം, കേരളത്തിലെ മഹമ്മദീയരുടെ ഇടയിൽ വളരെ കുറവാണെന്നു പരക്കെയുള്ള ധാരണ ഈ പുസ്തകം വായിക്കുമ്പോൾ പൊയ്പോകുന്നു. അൎത്ഥപുഷ്ടിയുള്ളതായ ഒരുവിധം നല്ല ഭാഷയിലാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഇതു വായിക്കുന്ന ഏതൊരാൾക്കും ഈ മുഹമ്മദീയയുവാവിന്റെ വിദ്യാകുശലതയെപ്പററി അത്ഭുതവും ആനന്ദവും തോന്നാതിരിക്കയില്ല. ഓരോ സമുദായക്കാരിലും പ്രസിദ്ധന്മാരായിട്ടുണ്ടായിരുന്ന മഹാന്മാരുടെ ചരിത്രങ്ങൾ ഇങ്ങിനെ എഴുതി പ്രസിദ്ധപ്പെടുത്തുന്നതു വളരെ നല്ലതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

—:o:—

# പലവക.

'മംഗളോദയ'ത്തിന്റെ കഴിഞ്ഞ മകരം ലക്കത്തിൽ തിരുവനന്തപുരത്തെ ഒരു സാഹിത്യരസികൻ 'ലീലാതിലകം' മലയാളത്തിൽ തൎജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായും, പക്ഷേ ആ പുസ്തകം അൎത്ഥം കൊടുക്കുകയില്ലെന്നു നിശ്ചയിച്ചിരിക്കുന്നതായും പ്രസ്താവിച്ചിരുന്നുവല്ലോ. ഈ പ്രസ്താവത്തിനു വിഷയീഭൂതൻ സാഹിത്യസമാജത്തിലെ ഒരംഗമായ പണ്ഡിതർ ഏ. കൃഷ്ണപ്പിഷാരോടി അവർകളാണെന്ന് അദ്ദേഹം അയച്ച ഒരെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ലീലാതിലകം തൎജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയതു താനാണെന്നു സമ്മതിച്ചും, അൎത്ഥം കൊടുക്കില്ലെന്നു നിശ്ചയിച്ചിട്ടുള്ളതായിപ്പറഞ്ഞതിനെ നിഷേധിച്ചും ആണ് എഴുത്തിൽ പ്പറഞ്ഞിട്ടുള്ളത്. വിശ്വസ്തനും സാഹിത്യസമാജാംഗവും ഭാഷാപണ്ഡിതനും മാന്യസുഹൃത്തും ആയ ഒരു വിശിഷ്ടന്റെ സ്വകാൎയ്യകത്ത് അവലംബിച്ചുകൊണ്ടാണ് എഴുത്തിൽ പറഞ്ഞിട്ടുള്ള കുറിപ്പു മംഗളോദയം മാസികയിൽ പ്രസിദ്ധം ചെയ്യാനിടയായിട്ടുള്ളത്. എന്നാൽ, ലീലാതിലകത്തിന്റെ പരിഭാഷകനും പ്രസാധകനും ആയ പിഷാരോടി അവർകളുടെ എഴുത്തിനെ അടിസ്ഥാനപ്പെടുത്തി വിപരീതവിവരവും ഈ മാസികയിൽത്തന്നെ ഇതാ പ്രസിദ്ധം ചെയ്തുകൊള്ളുന്നു— ലീലാതിലകം ആവശ്യപ്പെടുന്നവൎക്കു തീൎച്ചയായും അൎത്ഥം കൊടുക്കുന്നതാണ്. ഈ നടവടികൊണ്ടു, മംഗളോദയം മാസികനിമിത്തം വല്ല ദോഷവും ഉണ്ടായേക്കാമെന്നു ശങ്കിക്കുന്നുണ്ടെങ്കിൽ അതിനു സമാധാനമാവുമെന്നു വിശ്വസിക്കുന്നു.

ഈ ലക്കത്തോടുകൂടി 'മംഗളോദയം' മാസികയുടെ 9-ാം പുസ്തകം അവസാനിക്കുകയായല്ലോ. ഈ കഴിഞ്ഞ ഒരു കൊല്ലത്തിന്നുള്ളിൽ ഞങ്ങൾക്കു കിട്ടീട്ടുള്ള ലേഖനങ്ങൾക്കു് ഒരു കയ്യും കണക്കുമില്ല. അവയെല്ലാം പ്രസിദ്ധപ്പെടുത്തുന്നപക്ഷം മംഗളോദയത്തിന്നു് ഒരഞ്ചുകൊല്ലത്തേക്കു വേറെ ലേഖനം അന്വേഷിക്കേണ്ടിവരികയില്ല. പക്ഷേ, അവയിൽ പത്തിലൊന്നുവീതമെങ്കിലും സ്വീകാരയോഗ്യമായിക്കാണാത്തതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. ചില ലേഖകന്മാർ എന്തോ ചില സ്വാൎത്ഥലാഭത്തിനായിട്ടെന്നപോലെ ചിലരെ സ്തുതിച്ചും ചിലരെ നിന്ദിച്ചും; ചിലരു പറയത്തക്ക വിഷയങ്ങളൊന്നുമില്ലാതെ വ്യൎത്ഥസ്ഥൂലരീതിയിൽ കണക്കിലധികം ദീൎഘിപ്പിച്ചും; ചിലരു [illegible] വികൃതരീതികളെ അവലംബിച്ചും ആണു് എഴുതിയിരിക്കുന്നതു്. എന്നാൽ ഒരു വിഷയത്തിൽ മിക്ക ലേഖനങ്ങൾക്കും സാമ്യം കാണുന്നുണ്ടു്: അതു ഭാഷാവിഷയത്തിലാണു്. മലയാളഭാഷയുടെ ശൈലിയും ജീവനും ഇവയിൽ കണികാണ്മാൻപോലുമില്ല. മലയാളത്തിൽ തക്കതായ വാക്കുകൾ ഉണ്ടായിട്ടുകൂടി അവയെ ആദരിക്കാതെ അനാവശ്യമായി സംസ്കൃതവാക്കുകൾ കടം വാങ്ങുന്നു. അവയിൽ പലതും സംസ്കൃതഭാഷയിലെ വ്യാകരണനിയമങ്ങൾക്കും ഭാഷാസങ്കേതങ്ങൾക്കും വിരുദ്ധങ്ങളായും തീരെ ശ്രവണസുഖമില്ലാത്തവയായും വിവക്ഷിതമായ അൎത്ഥത്തെ കുറിക്കാത്തവയായുമാണു് കാണുന്നതു്. ഈ ജാതി ഭാഷയിൽ ലേഖനമെഴുതുന്നവർ വൎദ്ധിക്കുവാൻ കാരണം വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള ന്യൂനതയോ പത്രങ്ങൾക്കുള്ള വൎദ്ധനയോ എന്തോ! എന്തായാലും ഈ വിധത്തിലുള്ള ലേഖനങ്ങളെഴുതി ഭാഷയെ പോഷിപ്പിക്കാനും ഞങ്ങളെ സഹായിപ്പാനും ഒരുങ്ങിയവരുടെ ഗുണബുദ്ധിക്കു അവരോടു് ഒരു ദൂരനമസ്കാരം ചെയ്യാനേ തൽക്കാലം സാധിക്കയുള്ളു. അവർ മേലിലെങ്കിലും കുറച്ചു മനസ്സിരുത്തണമെന്നു ഞങ്ങൾക്കപേക്ഷയുണ്ടു്.

---

ഞങ്ങളുടെ അഭിപ്രായത്തിന്നായി പുസ്തകങ്ങളയയ്ക്കുന്നവരോടും ഈ അവസരത്തിൽ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. പുസ്തകങ്ങൾ പരിശോധിച്ചു് അഭിപ്രായം പറയുക എന്നതു പത്രാധിപന്മാരുടെ ഒരു വലിയ ഭാരമായിട്ടാണല്ലോ ഇപ്പോൾ കാണുന്നതു്. ഇതു് ഒരു വിധത്തിൽ നല്ലതുതന്നെ; എന്നാൽ ഈ സമ്പ്രദായത്തെ സാൎവത്രികമായി നടപ്പാക്കുക കാരണം മലയാളത്തിൽ ദുഷ്കൃതികൾ വൎദ്ധിച്ചുവരുവാൻ എടയാവുന്നുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതാണു്. ഞങ്ങളുടെ അനുഭവംകൊണ്ടു നോക്കുമ്പോൾ ഇയ്യിടയിൽ ഇവിടെ കിട്ടാറുള്ള ഗ്രന്ഥങ്ങളിൽ ഒരു വലിയ പങ്കു് ഒരുവിധത്തിലും അഭിനന്ദനീയമായിട്ടല്ലാ കാണുന്നതു്. അവയെപ്പറ്റി അഭിപ്രായം പറവാൻ അവയുടെ പ്രണേതാക്കന്മാർ പലപ്പോഴും ഞങ്ങളെ നിൎബന്ധിക്കുന്നു. അങ്ങിനെയുള്ളവരോടെല്ലാം കൂടി ഒരു വാക്കേ ഞങ്ങൾക്കു പറവാനുള്ളൂ. ഇവിടെ കിട്ടുന്ന പുസ്തകങ്ങളെ (1) ഗുണമേറിയും ദോഷം കുറഞ്ഞും ഉള്ളവ, (2) ഗുണദോഷങ്ങൾ സമങ്ങളായിട്ടുള്ളവ, (3) ഗുണം കുറഞ്ഞും ദോഷം നിറഞ്ഞും ഉള്ളവ എന്നിങ്ങിനെ മൂന്നായി തിരിച്ചു നോക്കി ആദ്യത്തെ രണ്ടിനത്തിൽപ്പെട്ടവയ്ക്കേ ഞങ്ങൾ അഭിപ്രായം പറകയുള്ളൂ. മൂന്നാമത്തെ ഇനത്തിൽപ്പെട്ടവയെപ്പറ്റിയുള്ള അഭിപ്രായം 'മൌനം'കൊണ്ടു തന്നെ പ്രണേതാക്കന്മാർ ഊഹിക്കേണ്ടതാണു്. ഈ വിഷയത്തിൽ എത്ര 'നിൎബന്ധക്കത്തുകൾ' അയക്കുന്നതായാലും ഞങ്ങളുടെ മൌനവ്രതത്തിന്നു ഭംഗം വരുന്നതല്ല.

---

# ജൂലാവതീരാമകുമാരം

## രണ്ടാംഭാഗം

### മൂന്നാമങ്കം

രാമ—രസലേഖയെ സ്നേഹിച്ചതിന്ന അങ്ങുന്ന് എന്നെ നിൎഭത്സിക്കയാണൊ?

ലാറൻസ്—സ്നേഹിച്ചതിനല്ല, നീ മാരഹിതനായി പ്രേമാഡംബരം കാണിച്ചതുകൊണ്ടു മാത്രമാണ് ഞാൻ നിൎഭത്സിക്കുന്നത്.

രാമ—അങ്ങുന്ന എന്നോട്ട ദ്വേഷ്യപ്പെടരുത്. ഇപ്പോൾ എന്റെ ഹൃദയത്തെ വശീകരിച്ച യുവതീരത്നം എന്റെ പ്രേമം ഉഭയസാധാരണമാക്കിയിരിക്കുന്നു. മുമ്പെത്തെ അവൾ അങ്ങിനെ ചെയ്തിട്ടില്ലല്ലൊ.

ലാറൻസ്—അതിന്ന കാരണം മറ്റൊന്നുമല്ല. മുമ്പെത്തെ അവൾ നിന്റെ പ്രണയവികാരസ്ഥിതി നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ടായിരുന്നു. നിന്റെ പ്രണയം നാവിനെയല്ലാതെ ഹൃദയത്തെ സ്പൎശിച്ചിട്ടില്ലെന്നു അവൾ നല്ലവണ്ണം അറിഞ്ഞിരുന്നു. അതെല്ലാം പോട്ടെ. ഇങ്ങോട്ടുവരു, ചപലഹൃദയ! ഞാൻ ഈ കാൎയ്യത്തിൽ നിനക്കു കഴിയുന്ന സാഹായ്യംചെയ്യാം. എന്തുകൊണ്ടെന്നാൽ ഈ വിവാഹംകൊണ്ടു നിങ്ങളുടെ കുഡുംബങ്ങൾ തമ്മിലുള്ള പൂൎവ്വവൈരം തീൎന്ന ചാരുസൌഹാൎദ്ദം ഉണ്ടാവാൻ സംഗതിയുണ്ട്.

രാമ—എന്നാൽ നമുക്കു വേഗം പോക തന്നെ. എനിക്കു നില്ക്കക്കൊള്ളുന്നില്ല.

ലാറൻസ്—ബദ്ധപ്പാട്ട കൂടാതെ ആലോചനാപുരസ്സരമായിട്ടു കൃത്യങ്ങൾ നടത്താവു! പായുന്നവൻ വീഴുമെന്നു അറിയണം. 'ത്വരമാണ സ്വപതനം' എന്നുണ്ടല്ലൊ.

(രണ്ടുപേരും നിഷ്ക്രമിക്കുന്നു)

### നാലാമങ്കം

ഒരു തെരുവീഥി

(വനബലനും മുൽകശനും പ്രവേശിക്കുന്നു)

മുൽകശൻ—ഇതെന്തൊരു കഷ്ടമാണ്! ശിവ! ഈ രാമകുമാരൻ എവിടെയാണ്? ഇന്നു അവൻ സ്വഗൃഹത്തിലേക്കു വന്നില്ലല്ലൊ.

വനബലൻ—സ്വഗൃഹത്തിലേക്കു വന്നിട്ടില്ല. ഞാൻ അവന്റെ ശിഷ്യനെ കണ്ടു സംസാരിച്ചു.

മുൽക—ആ പിത്തഗ്രസ്തയായും കഠോരഹൃദയയായും ഇരിക്കുന്ന പെണ്ണ് രസലേഖ അവന്റെ ചിത്തത്തിന്ന ഉന്മാദം വരത്തക്ക വിധത്തിൽ അവനെ പീഡിപ്പിക്കുന്നു.

വനബ—കപ്പിലെത്തന്റെ സംബന്ധിയായ

ഭീമ്പലാഢ്യൻ രാമകുമാരനു ഒരു സന്ദേശപത്രം അയച്ചിട്ടുണ്ട്.

മൂൽക — അതു ഒരു ദ്വന്ദ്വയുദ്ധവിളിയായിരിക്കണം. ഞാൻ സത്യം ചെയ്യാം.

വനബ — രാമകുമാരൻ അതംഗീകരിച്ചു മറുവടി അയയ്ക്കും.

മൂൽക — ആ സാധു രാമകുമാരൻ ഇപ്പോൾത്തന്നെ മൃതപ്രായനാണ്. അവൻ ഒരു വെളുത്ത പെണ്ണിന്റെ കറുത്ത കണ്ണിണകൊണ്ടു വിദ്ധനാണ്. കാമഗാനദ്ധ്വനികൊണ്ടു അവന്റെ കർണ്ണരന്ധ്രങ്ങൾ മൂടിപ്പോയിരിക്കുന്നു. നയനരഹിതനായ ആ മാരധാനുഷ്കന്റെ കുസുമസായകത്തിനു അവന്റെ ഹൃദയം ലക്ഷ്യമായിരിക്കുന്നു. ഈ വിധത്തിലിരിക്കുന്ന അവനൊ ഭീമ്പലാഢ്യനോടു പോരിനു പോകുന്നത്!

വനബ — എന്താ, ആ ഭീമ്പലാഢ്യൻ ആരാണ്?

മൂൽക — അവൻ മല്ലന്മാരിൽ വെച്ച് അഗ്രഗണ്യനാണ്. പോരിൽ നല്ല വൈദഗ്ദ്ധ്യവും ശൌര്യവും ഉള്ളവനാണ്. അവൻ താളം പിടിച്ചു നൃത്തം ചെയ്തുംകൊണ്ടാണ് പ്രഹരം ചെയ്യുക.

വനബ — എങ്ങിനെ?

മൂൽക — ഓരോ ഗോഷ്ഠിയും കോമാളിത്തവും കാട്ടി ഓരോ ഒച്ചയും വാക്കും പുറപ്പെടുവിച്ചും ഓരോ കണ്ണും കയ്യും കാണിച്ചും അവൻ ദ്വന്ദ്വയുദ്ധം ചെയ്വാൻ ശക്തനാണ്.

(രാമകുമാരൻ പ്രവേശിക്കുന്നു)

വനബ — ഇതാ രാമകുമാരൻ വരുന്നു.

മൂൽക — ഒരു പെണ്ണിനെ നിനച്ച് അവന് അമിതമായ കമ്പം ജനിച്ചിരിക്കുന്നു. അവനു സദാ പ്രണയമാധുര്യസ്തുതിപാഠമാണ് പ്രവൃത്തി. ലോകവിഖ്യാതകളായ പ്രാചീനസ്ത്രീരത്നങ്ങൾ എല്ലാം അവന്റെ കണ്ണിനു തൃണസമാനങ്ങൾ. അവന്റെ പ്രാണേശ്വരി മാത്രമേ സർവ്വഗുണപരിപൂർണ്ണയായുള്ളൂ. ഹോ! രാമകുമാരാ! സലാം. നീ ഇന്നലെ രാത്രി ഞങ്ങൾക്കു തന്ന നാണ്യം വളരെ നന്നായി.

രാമ — നിങ്ങൾ രണ്ടാൾക്കും സ്വാഗതം. ഞാൻ എന്തു കള്ളനാണ്യമാണ് ഇന്നലെ രാത്രി നിങ്ങൾക്കു തന്നത്?

മൂൽക — ഒളിനാണ്യം! അതായത് ആരും അറിയാതെ ഒളിച്ചുപോയി എന്നുതന്നെ.

രാമ — പ്രിയപ്പെട്ട മൂൽകശ, എനിക്ക് ആ തെററിനു മാപ്പു തരണം. എനിക്കു വളരെ ബദ്ധപ്പാടുണ്ടായിരുന്നതുകൊണ്ടു ലോഗ്യം പറയാതെ പോയി എന്നേയുള്ളൂ.

മൂൽക — ബദ്ധപ്പാടുണ്ടാകുമ്പോഴെല്ലാം ലോഗ്യത്തിനോടു യാത്ര പറയാമെന്നോ നീ പറയുന്നത്?

രാമ — അല്ല, എന്നാൽ അതു ബദ്ധപ്പാടിന്റെ താരതമ്യംപോലെ ഇരിക്കും.

മൂൽക — നിന്റെ ബദ്ധപ്പാടും ക്രമവും എല്ലാം വിസ്മയിത്തം. തുപ്പും!

രാമ — ഇതെന്താ ചില തുണികൾ! ഇതാ കൊണ്ടുവരുന്നു.

(ദാസിയും ഭൃത്യൻ ഭദ്രനും പ്രവേശിക്കുന്നു)

മൂൽക — അതു ഒരു കപ്പൽപായ ആണ്.

വനബ — രണ്ടുണ്ട്. ഒരു ഷർട്ടും ഒരു സ്ത്രീക്കും.

ദാസി — ഭദ്ര, ഭദ്ര,

ഭദ്രൻ — ഇതാ ഞാൻ വരുന്നു.

ദാസി — എന്റെ കൈവിശറി കൊണ്ടു വരൂ.

മുൽക — ഭദ്രേ, വേഗം കൊണ്ടുവന്നു കൊടുക്കു. അവളുടെ മുഖം മറച്ചോട്ടെ. അതു ചെയ്തിട്ടേ ആ മുഖം പുറത്തു കാണിക്കാൻ പാടുള്ളൂ.

ദാസി — സലാം. ആര്യന്മാരെ, പുലർകാലെ കണ്ടതു സന്തോഷം.

രാമ — സ്വാഗതം; ആര്യാശിരോമണിയെ ഈ ഉച്ചസമയത്തു കണ്ടതു സന്തോഷം.

ദാസി — നേരം ഉച്ചയായോ?

രാമ — എന്താ സംശയം. നാഴികയന്ത്രത്തിന്റെ അനേകഭാഗമായ സൂചി മദ്ധ്യാഹ്നസമയമായ നാഴികസ്ഥാനത്തു കൈ വെച്ചിരിക്കുന്നു.

ദാസി — താൻ എന്തൊരു മനുഷ്യനാണ്.

രാമ — ഞാൻ ദൈവസൃഷ്ടിയിൽപ്പെട്ട ഒരു മനുഷ്യനാണ്. സൃഷ്ടിച്ച കയ്യാൽ തന്നെ ഉടകക്രിയ ചെയ്യാൻ വേണ്ടിയാണ് ദൈവം എന്നെ ഉണ്ടാക്കീട്ടുള്ളത്.

ദാസി — ഈ പടം നല്ല. ഭംഗി ചേർന്നിരിക്കുന്നു. ആസ്സലായിട്ടുണ്ട്. ആട്ടെ, അതെല്ലാം പോട്ടെ. സുന്ദരയുവാവായ രാമകുമാരൻ എവിടെയുണ്ടെന്നു നിങ്ങൾക്കാർക്കെങ്കിലും അറിയാമോ?

രാമ — എനിക്കറിയാം. എന്നാൽ അവന്റെ കൌമാര്യം നീ അവനെ കാണുമ്പോൾ നീ അന്വേഷിച്ച സമയത്തേതിനെക്കാൾ കുറഞ്ഞിരിക്കും.

ദാസി — ഭവാൻ തന്നെയാണ് രാമകുമാരനെങ്കിൽ എനിക്കു സ്വകാര്യമായി ചിലതു പറവാനുണ്ട്.

വഞ്ച — ഇവൾ ഇവനെ എന്തോ ചില ഭോഗരസത്തിലേക്കു ക്ഷണിക്കയാണെന്നു തോന്നുന്നു.

മുൽക — ശുദ്ധമെ ഭേവടിസ്സി!

രാമ — എന്തെല്ലാമാണ് താൻ പറയുന്നത്? അതെല്ലാമിരിക്കട്ടെ.

മുൽക — താൻ അച്ഛന്റെ വീട്ടിൽ അത്താഴത്തിനു വരുമോ? നമുക്കവിടെ ഇന്നു ഒരുമിച്ച് അത്താഴം കഴിക്കാം.

രാമ — ഞാൻ തന്റെ വഴിയെ വരാം.

മുൽക — ഞാൻ പോട്ടെ. ഭവതി ദ്വിതീയബാല്യം ചേർന്ന യുവതികളിൽ വെച്ചു കെങ്കേമത്തിയാണ്. സാക്ഷാൽ ഉർവ്വശി തന്നെ!

(മുൽകശനും വഞ്ചലനും പോകുന്നു)

ദാസി — ഈ പോക്കിരിത്തം പറഞ്ഞ ആ ശപ്പൻ ആരാണ്?

രാമ — അവൻ വായിൽ തോന്നിയതെല്ലാം പറഞ്ഞു നടക്കുന്ന ഒരു വാചാലശിരോമണിയാണ്.

ദാസി — അവൻ എന്നെക്കൊണ്ടു വല്ലതും തുമ്പില്ലാതെ പറഞ്ഞാൽ ഞാനവനെ നല്ലവണ്ണം പഠിപ്പിക്കും. അവനും അവനെപ്പോലെയുള്ള നാട്യക്കാരും എനിക്കു തൃണമാണ്. അവൻ സൂക്ഷിച്ചോട്ടെ. അവനെ മര്യാദ പഠിപ്പിപ്പാൻ കഴിയും. ആൾ ഉണ്ടോ എന്നു നോക്കട്ടെ. ഇളിഭ്യനായ ശപ്പക്കയ്യൻ! അവന്റെ ചൊല്ലിയാട്ടത്തിനു നില്ക്കുന്ന ദാസിപ്പെണ്ണൊന്നുമല്ല ഞാൻ. നല്ലവണ്ണം ഓർത്തുകൊള്ളട്ടെ. (ഭദ്രനോടു) ഇവ്വിധം ഒരുവൻ വന്നു തോന്നിയവാസിയായി ഇങ്ങിനെയെല്ലാം എന്നോടു ചെയ്യുന്നതു കണ്ടുംകൊണ്ടു നീ ഇരുന്നുവല്ലോ.

ഭദ്രൻ— യാതൊരുത്തനും വന്നു യഥേഷ്ടം തോന്നിയവാസം പ്രവൎത്തിക്കുന്നതു ഞാൻ കണ്ടില്ല. അങ്ങിനെ കടന്നിരുന്നുവെങ്കിൽ തൽക്ഷണം എന്റെ വാൾ അതിന്റെ ഉറയിൽനിന്നു പുറത്തു ചാടുമായിരുന്നു. അതു തീൎച്ചയാണ്. വേണ്ടുന്ന ദിക്കിൽ നിയമാനുസരണം തക്കതായ ആയുധക്രിയ ചെയ്യുന്നതിനു എനിക്കു നല്ലവണ്ണം അറിയാം.

ദാസി— ആ പോയ മ്ലേച്ഛനായ തെമ്മാടി പറഞ്ഞ വാക്കു കേട്ടിട്ടു എനിക്കു സൎവ്വാംഗം വിറച്ചു കോപം ഉജ്ജ്വലിക്കുന്നു. (രാമകുമാരനോടു) എനിക്കു ഒരു വാക്കു പറവാനുണ്ട്. എന്റെ സ്വാമിനിയായ ചെറിയമ്മ നിങ്ങളെ അന്വേഷിപ്പാൻ എന്നെ അയച്ചിരിക്കയാണ്. ചെറിയമ്മ എന്നോടു പറഞ്ഞതു ഇന്നതാണെന്നു ഞാൻ ഇപ്പോൾ പറയുന്നില്ല. എന്നാൽ ഒന്നു പറവാനുണ്ട്. ആയതു നിങ്ങൾ അവളെ ഒരു ത്രിശങ്കുസ്വൎഗ്ഗത്തിലാക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതു വലിയ കഷ്ടമായ്വരും എന്നാകുന്നു. ആ സൌഭാഗ്യവതി നിഷ്കളങ്കമായ തരുണീരത്നമാണ്. അവളോടു നിങ്ങൾ കാപട്യം പ്രവൎത്തിക്കുന്നതായാൽ അതു വളരെ അനുചിതവും ശോചനീയവും ആയ ഒരു അവസ്ഥയായിത്തീരും.

രാമ— ദാസി! നിന്റെ സ്വാമിനിയായ ആ യുവതിശിരോമണിയോട് എന്റെ പ്രേമസന്ദോഹമായ സന്ദേശവാക്കിനെ ചെന്നു പറക. ഞാൻ നിന്നോടു സത്യം ചെയ്തു പറയുന്നു.

ദാസി—സത്യം ചെയ്യേണ്ട. നിങ്ങളുടെ വാക്കും സ്വഭാവവും എനിക്കു വിശ്വാസമായിരിക്കുന്നു. ഞാൻ ഇതെല്ലാം അവളോടു ചെന്നു പറയാം. എന്നാൽ അവൾക്കു നിസ്സീമമായ സന്തോഷം ഉണ്ടായിവരും.

രാമ— ദാസി നീ എന്താണ് അവളോടു ചെന്നു പറയുക?.. ഞാൻ പറയുന്നതു നീ ശ്രദ്ധിച്ചുകേട്ടുവൊ?

ദാസി— നിങ്ങൾ സത്യംചെയ്തു പറയുന്നു എന്നു ഞാൻ അവളെച്ചെന്ന് അറിയിക്കും. അങ്ങിനെ സത്യംചെയ്വാൻ ഉറക്കുന്നതു തന്നെ ഒരു യോഗ്യകാമുകന്റെ ലക്ഷണമല്ല.

രാമ— ഇന്നു മദ്ധ്യാഹ്നത്തിനു ശേഷമുള്ള കൎമ്മം കഴിപ്പാനായി ലോമേശൻ സന്ന്യാസി ദേവസങ്കേതത്തിൽ വരുവാൻ അവസരം ഉണ്ടാക്കാനായി അവളോടു പറയുക. ഞാൻ അവിടെ അപ്പോൾ ഹാജരുണ്ടായിരിക്കും. എന്നാൽ അപ്പോൾത്തന്നെ കൎമ്മം കഴിച്ചു വിവാഹക്രിയ നടത്താം. നിന്റെ അദ്ധ്വാനത്തിനു ഈ തരുന്നതു എടുത്തോ.

ദാസി—ഛെ എനിക്കു ഒന്നും വേണ്ട. എന്റെ പൊന്നങ്ങുന്നെ, ഒരു കാശും എനിക്കു വേണ്ട.

രാമ—ഛെ അതെല്ലാം പോട്ടെ. ഇതാ ഇതു വാങ്ങിയാലെ കഴിയുള്ളൂ.

ദാസി—(അതു വാങ്ങി ശ്രദ്ധാസമേതം) ഇന്നു ഉച്ചതിരിഞ്ഞിട്ടല്ലെ വരേണ്ടതു. അവളെ അവിടെ തീൎച്ചയായി അപ്പോൾ എത്തിക്കാം. എന്താ സംശയം

രാമ—ദാസി! ഒന്നുകൂടി പറവാനുണ്ടു. നീ പോയി ക്ഷേത്രഭിത്തിയുടെ മറുപുറത്തു നില്ക്കണം. ഒരു മണിക്കൂറിനകത്തു അ

വിടെ എന്റെ ഭൃത്യൻ വന്നു ഒരു പാശരചിതമായ കോണി കയ്യിൽ തരും. ആ കോണി എനിക്കു എന്നു,

പ്രേമന്നേരാശജനിതംമമസ്വപ്നസൌഖ്യം
സാമോദമാണ്ടതനവാംമമജീവനാഥാ
ശ്യാമാസ്യഖേനമരുവുന്നൊരുസൌധപൃഷ്ഠ
സോപാനമാംനിശയിലിന്നുരഹസ്യയാനേ

ഞാൻ യാത്ര പറയുന്നു. വിശ്വസ്തയാക്കി നിന്നൊ. എന്നാൽ ഞാൻ നിന്റെ ഉപകാരത്തിന്നു തക്കതായ പ്രതിഫലം തരുവാൻ ഒരുക്കമാണ്. പൊയ്ക്കൊൾക. നിന്റെ സ്വാമിനിയോടു എന്റെ സന്ദേശവാക്യം പറയു.

ദാസി—അങ്ങെയ്ക്കു ഈശ്വരൻ തുണചെയ്യട്ടെ. അങ്ങുന്നു കേൾക്കണം.

രാമ—എന്താണ് എന്റെ പ്രിയപ്പെട്ട ദാസിക്കു പറവാനുള്ളതു?

ദാസി—അങ്ങേടെ ഭൃത്യൻ വിശ്വസ്തൻ തന്നെയൊ?

രാമ—എന്റെ ഭൃത്യൻ വളരെ വിശ്വസ്തനാണു. അതു തീർച്ച പറയാം.

ദാസി—ഒരങ്ങിനെയാകട്ടെ. അങ്ങുന്നു കേട്ടാലും, എന്റെ സ്വാമിനി മധുരാധരിമാരിൽ വെച്ചു ശിരോമണിയാണു. അവൾ കുട്ടിക്കാലത്തു അവ്യക്തമധുരമായ കളഭാഷണംകൊണ്ടു എത്രീക്കു രമണീയയായിരുന്നു. ഈ നഗരിയിൽ പരേശൻ എന്ന ഒരു പ്രഭുകുമാരനുണ്ടു. അവന്നു ഇവളിൽ പ്രേമം ജനിച്ചിരിക്കുന്നു. എന്നാൽ അവൾക്കു അവനെകാണുന്നതു മണ്ണു തവളയെ കാണുന്നതുപോലെയാണ്. ഞാൻതന്നെ അവനെക്കുറിച്ചുവല്ലതും പറയുമ്പോൾ എന്നോടു കടിച്ചുചാടും. അവന്റെ പേരുതന്നെ കേട്ടുകൂടാ. അങ്ങുന്നെ രാമകുമാരൻ എന്നും റോജപ്പൂ എന്നും ഉള്ള വാക്കുകൾ ഒരേ അക്ഷരംകൊണ്ടല്ലെ തുടങ്ങുന്നതു?

രാമ—അതെ. എന്നാൽ അതുകൊണ്ടെന്താണു?

ദാസി—അവൾ (എന്റെ സ്വാമിനി) ഈ രണ്ടു നാമവും പലപ്പോഴും ഒന്നായിചേർത്തു പ്രേമാർദ്രതയോടെ ഉച്ചരിക്കാറുണ്ടു. ആ സമയങ്ങളിൽ അങ്ങയെക്കുറിച്ചു അവൾ ചെയ്യുന്ന വർണ്ണന കേൾക്കേണ്ടതുതന്നെയാണ്. എത്ര മനോജ്ഞം.

രാമ—ദാസി! നിന്റെ സ്വാമിനിയോടു എന്റെ കുശലം ചെന്നു പറയു.

ദാസി—ലക്ഷം പ്രാവശ്യം പറയാം. ഭദ്ര!

ഭദ്രൻ—ഇതാ വരുന്നു.

ദാസി—എന്റെ കൈവിശറി എടുത്തു മുമ്പിൽ നടക്കു; വേഗമാകട്ടെ.

(രണ്ടുപേരും പോയി)

☛ ഈ നാടകത്തിന്റെ രീതി വായനക്കാർ മനസ്സിലാക്കുവാനായിട്ടാണ് ഇക്കൊല്ലത്തെ ഏതാനും ലക്കങ്ങളിൽ ഇതു തുടർച്ചയായി ചേർത്തുപോന്നത്. ഇനിമേലാൽ സൌകര്യംപോലെ ഇതൊരു പുസ്തകമായി പ്രസിദ്ധപ്പെടുത്തണമെന്നാണ് മോഹം. ശേഷം ഭാഗങ്ങൾ മാസികയിൽ ചേർക്കുന്നതല്ല. (മം. പ.)

മംഗളോദയം ൯-ാം പുസ്തകത്തിലെ

# വിഷയവിവരണം


ഭാഗം.

## I. സാഹിത്യം.

1. കാവ്യത്തിന്റെ ഉൽപത്തിയും പ്രയോജനവും — 3
   കെ. വി. എം.
2. സാഹിത്യശകലങ്ങൾ
   (1) രസനിരൂപണം — 60
   ഒരു സഹൃദയൻ
   (2) നമ്മുടെ സ്വതന്ത്രകൃതികൾ — 62
   വടക്കുംകൂർ രാജരാജവർമ്മരാജാ.
   (3) പ്രബന്ധകടാക്ഷം — 254
   ഒരു സഹൃദയൻ
   (4) വസ്തുനിർദ്ദേശം — 256
   കുമാരമേസ്സ്.
3. മഹാകാവ്യം — 82
   കെ. വി. എം.
6. ചിതലിന്റെ മുതല് — 103
7. സംസ്കൃതനാടകം — 134
   പി. ശങ്കരൻ നമ്പ്യാർ ബി. എ. (Hon)
8. കണ്ടതും കേട്ടതും (എന്റെ സ്വപ്നത്തിൽ സ്വപ്നം) — 184
   വിദ്യുജ്ജിഹ്വൻ.
9. സാഹിത്യവിമർശനം — 189
   പി. ശങ്കരൻനമ്പ്യാർ ബി. എ. (Hon)
10. മലയാള ഭാഷയുടെ തൽക്കാലസ്ഥിതി — 160
    ആർ. ഈശ്വരപിള്ള ബി. എ.
11. നാടകസന്ധികൾ — 191
    കെ. വി. എം.

ഭാഗം.

12. കാളിദാസന്റെ നാടകങ്ങൾ — 182
    കെ. എസ്സ്. പരമേശ്വരൻപിള്ള.
13. പദ്യവും ഗദ്യവും — 159
    കുന്നത്തു ജനാർദ്ദനമേനോൻ.
14. ഭാഷാനൈഷധചമ്പു — 265
    കെ. വി. എം.
15. കാളിദാസനും മേഘവും — 824
    കെ. വി. എം.
16. നാട്യശാസ്ത്രം — 284
    സി. ശങ്കുണ്ണിനായർ.
17. ലീലാതിലകം — 805
    എ. ആർ. രാജരാജവർമ്മ എം. എ.
18. ബങ്കാളി സാഹിത്യസമാജം — 244
    ടി. കെ. ഗോവിന്ദൻ.

## II. ചരിത്രം — ജീവചരിത്രം.

1. അനുകൂലചന്ദ്രമുഖർജി — 9
   കേകയൻ.
2. സിലോണിലെ മതസ്ഥാപനം — 14
   തേലപ്പുറത്തു നാരായണനമ്പി.
3. കേരളവും [illegible]ചാരന്മാരും — 46
   എ. കെ. പി.
4. കേരളത്തിലെ [illegible]പുരുഷന്മാർ — 85,129
   എ. കെ. പി.
5. പണ്ടത്തെ അറബിരാജ്യം — 99, 180
   തേലപ്പുറത്തു നാരായണനമ്പി.
6. സായണാചാര്യർ — 154
   കെ. വി. എം.

ഭാഗം.

7. സായണാചാൎയ്യർ 225
ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. എ., ബി. എൽ.

8. കോലത്തിരി രാജാവും അലിരാജാവും 180
റാവു സാഹിബ് കണ്ണമ്പ്ര രാമനുണ്ണി വലിയനായർ

9. പെരുമാക്കന്മാർ 194, 233
എ. കൃഷ്ണപിഷാരോടി.

10. വിജ്ജക 213
കെ. വി. മാനൻഗുരുക്കൾ.

11. സംസ്കൃതഭാഷയും ജാപ്പാനും 172
കെ. എം. സ്വാമിനാഥയ്യർ.

12. ചന്ദ്രഗുപ്തൻ 213
കരുമത്തിൽ കൃഷ്ണമേനോൻ

13. കേരളചരിത്രവും വിദേശീയസഞ്ചാരികളും 248
റാവു സാഹിബ് കണ്ണമ്പ്ര രാമനുണ്ണി വലിയനായർ.

14. പരേതനായ കിച്ചനർ പ്രഭു 76

15. സംസ്കൃതഭാഷ (കഴിഞ്ഞ 3000 കൊല്ലത്തെ സ്ഥിതി) 54
കെ. വി. എം.

## III. കഥകൾ.

1. സുഭ 18
സി. വി. രവിശൎമ്മരാജാ.

2. കാലവൃത്തം 34, 50, 89, 143
കേകയൻ.

3. 433-ാം നമ്പ്ര് ഏകാന്തം 41
എം. ആർ. കെ. സി.

4. ചാങ്ങരംകോത കയ്മളുടെ ഡയറി 46
എം. ആർ. കെ. സി.

5. മുത്തശ്ശിയുടെ കഥ (ശാസ്ത്രകഥ) 109
പണ്ഡിതർ ടി. വി. ശ്രീനിവാസശാസ്ത്രി.

ഭാഗം.

6. അൎദ്ധരാത്രി 161
പുത്തേഴത്തു രാമമേനോൻ ബി. എ., ബി. എൽ.

7. എന്റെ മന്ത്രവാദം 201
എ. പി.

8. കവളപ്പാറ കൊട്ടാരത്തിലെ കല്ലറ 247
എം. ആർ. കെ. സി.

9. പടയോട്ടവും മൂസ്സാക്കാക്കയും 175
കമലദാസ്.

10. കാലം പോയപോക്ക് 202
എം. ആർ. കെ. സി.

11. ചിത്തോരിലെ മഹായുദ്ധം 252, 278, 318.
കേകയൻ.

## IV. കവിത.

1. മംഗളം (എല്ലാ ലക്കത്തിലും)

2. തപതീസംവരണം 25
പുതുപ്പള്ളിൽ പി. കെ. പണിക്കർ.

3. എന്റെ കുററം (ഒരനുകരണം) 59
കാറിപ്പുറത്തു കേശവൻനായർ.

4. ഒരൊററശ്ലോകം (കാററിനെപ്പററി) 75

5. ഒരു നായാട്ട് 146
ചങ്ങരങ്കോത കൃഷ്ണൻ കൎത്താവ്.

6. ഒരു വിരഹിയുടെ വിചാരം 179
ലീലാതിലകം.

7. വിശ്ലേഷകശ്ലോകങ്ങൾ 213

8. ജീർണ്ണോപധാനം 236
വള്ളത്തോൾ നാരായണമേനോൻ.

9. ഒരു പഴയശ്ലോകം 174
(ലീലാതിലകം)

10. ദേവീസ്തവം 188
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

11. ഗോഖലയുടെ ജന്മഭൂമി 200
തേലപ്പുറത്തു നാരായണനമ്പി.

12. ശൃംഗാരശ്ലോകങ്ങൾ 247
ലീലാതിലകം.

13. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ റിക്കാർട്ടു കെട്ടിൽനിന്നു—ചില എഴുത്തുകൾ 275,316
1 കേരളവർമ്മ സി. എസ്സ്. ഐ.
2 ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ.
3 സി. ചാത്തുക്കുട്ടിമന്നാടിയാർ.

14. ജ്വാലാവതീരാമകുമാരം
ടി. വി. അനന്തൻനായർ ബി. എ. ബി. എൽ.

## V. മതം—സമുദായം.

1. മഹാമംഗളസൂത്രം 2
കുമാരദാസ്.

2. ഹിന്ദുമതത്തിന്റെ ശ്രേഷ്ഠത 117
കെ. വി. എം.

3. വിദ്യാഭ്യാസവും അന്തഃകരണസംസ്കാരവും 123
സി. വി. രവിശർമ്മരാജാ.

4. നീതിബോധം 157
വരവൂർ കൃഷ്ണമേനോൻ ബി. എ.

5. വിദ്യാഭ്യാസവും സമുദായബന്ധവും 218
കുന്നത്തു ജനാർദ്ദനമേനോൻ

6. ശൈശവവിവാഹം 167

7. സാമുദായികവിദ്യാഭ്യാസം 193
കുന്നത്തു ജനാർദ്ദനമേനോൻ.

8. ലോകപരിചയം 270
കാവിൽ അവിഞ്ഞിക്കാട്ടു ഭവദാസൻ ഭട്ടതിരിപ്പാട്.

9. വിവാഹവും സ്ത്രീധനവും 327

## VI. ശാസ്ത്രം—വ്യവസായം.

1. ശാസ്ത്രശകലങ്ങൾ 106

2. ഹിന്ദുക്കളും സസ്യശാസ്ത്രവും 148
ശാരദ.

3. സാംഖ്യന്യായങ്ങൾ 207
സി. ശങ്കുണ്ണിനായർ.

4. ഭൂമിശാസ്ത്രപാഠം 125
മിസ്. പി. ദാമോദരമേനോൻ

5. ഭൂമിയിലുള്ള ഉടമസ്ഥതാവകാശം 217, 236
കെ. എം.

6. ആയുർവേദം 227
പണ്ഡിതർ ഡി. കുഞ്ഞികൃഷ്ണവാരിയർ.

7. ആയുർവേദോജ്ജീവനം 296
സർ. ശ്രീരാമവർമ്മ ജി. സി. എസ്സ്. ഐ ജി. സി. ഐ. ഇ.

8. പരചിത്താകർഷണം 288
എം. പി. ലോനപ്പൻ.

9. പ്രാചീന ഭാരതീയരും കപ്പൽയാത്രയും 310
ടി. രാമപിഷാരോടി ഡി. സി.

## VII. പത്രാധിപക്കുറിപ്പുകൾ.

പ്രസ്താവന, പലവക, ഞങ്ങളുടെ വായനശാല Etc.




**മാതംഗലീല** 0—10—0

സംസ്കൃതപരിജ്ഞാനമില്ലാത്തവൎക്ക ഗജശാസ്ത്രം അറിഞ്ഞിരിക്കേണ്ടതിന്നു ഇതൊരു നല്ല പുസ്തകമാണ്. ആനക്കൊട്ടത്തിന്നും ആനകൾ വരാവുന്ന രോഗനിവാരണമാൎഗ്ഗങ്ങൾക്കും ഇതു ഉതകുന്നതാണ്.

**മുഹൂൎത്തപദവി വ്യാഖ്യാനം** 1—4—0

ഏതു കാൎയ്യം ചെയ്യുന്നതായാലും അതു ശുഭമുഹൂൎത്തത്തിൽ ചെയ്താൽ അതിന്റെ ഫലം വേറെതന്നെയാണ്. ബാലശങ്കരം, വരദീപിക, ആചാരസംഗ്രഹം, കാലദീപിക, മുതലായ അനേക ജ്യോതിശാസ്ത്രങ്ങളിൽ നിന്നു പ്രമാണശ്ലോകങ്ങൾ സാന്ദൎഭോചിതംപോലെ ഇതിൽ എടുത്തു ചേൎത്തിട്ടുണ്ട്. ഈ പുസ്തകം ജ്യോതിശ്ശാസ്ത്രജ്ഞന്മാൎക്കും ജാതിമതാചാരങ്ങൾ വിടാതെ നടത്തിവരുന്ന കേരളീയൎക്കും വിശേഷിച്ചു കേരളീയബ്രാഹ്മണൎക്കും വളരെ പ്രയോജനകരമായിട്ടുള്ളതാണ്.

**വൃത്താന്തപത്രപ്രവൎത്തനം** 1—0—

മലയാളപത്രങ്ങളിൽ ലേഖനമെഴുതുന്നവർ തുടങ്ങി പത്രാധിപന്മാർ വരെയുള്ള പലരും പഠിക്കേണ്ടതും അറിയേണ്ടതുമായ അനവധികാൎയ്യങ്ങൾ ഇതിലുണ്ട്. ഇപ്പോഴത്തെ വിദ്യാൎത്ഥികൾ ഇതു വായിക്കേണ്ടതാകുന്നു. പത്രങ്ങൾ, മാസികകൾ, മുതലായതു വായിക്കുന്നവർ ഇതിൽ വായിച്ചു രസിപ്പാനും ഗ്രഹിപ്പാനും ഏറെ സംഗതികളുണ്ട്.

**വൈശാഖമാഹാത്മ്യം** 0—12—0

സ്കാന്ദപുരാണത്തിൽ പറഞ്ഞിട്ടുള്ള മാസമാഹാത്മ്യങ്ങളിലുൾപ്പെട്ടിട്ടുള്ള വൈശാഖമാസമാഹാത്മ്യത്തിന്റെ ഒരു ചുരുങ്ങിയ വിസ്താരമാകുന്നു ഈ പുരാണഖണ്ഡം. ഇതു ഭാഷയിലായതിനാൽ എല്ലാവൎക്കും വായിച്ചാൽ നല്ലവണ്ണം മനസ്സിലാകുന്നതുമാണ്.

**ശിവഭക്തവിലാസം** 0—12—0

ഈ ഗ്രന്ഥം ശ്രീസ്കാന്ദപുരാണത്തിന്റെ ഉപപുരാണവും ഹരശൎമ്മമുനിയാൽ സംസ്കൃതത്തിൽ നിൎമ്മിക്കപ്പെട്ടതും ശ്രീമതി തരവത്തു അമ്മാളു അമ്മയാൽ മലയാളത്തിൽ തൎജ്ജമ ചെയ്യപ്പെട്ടതുമാണ്. ഇതിലെ വിഷയം ശിവഭക്തന്മാരായ, നൃപരുടെ ചരിത്രങ്ങളാകുന്നു. ജ്ഞാനപ്രധാനമായിരിക്കുന്നതിന്നു പുറമെ വേദാന്തശാസ്ത്രമെല്ലാം കടഞ്ഞെടുത്തതുപോലെ സകല സാരങ്ങളുള്ളതും മനോമാലിന്യം നീങ്ങി ഭക്തിയെ വൎദ്ധിപ്പിക്കുവാൻ നല്ല ഒരു ഗ്രന്ഥവുമാണ്.

**പ്രവേശിക** 0—8—0

ഈ പുസ്തകത്തിന്റെ പേരു കേൾക്കുമ്പോൾ ഇതിലെ വിഷയം ചിലൎക്ക മനസ്സിലാകാതെ വരാം. ഇതിന്നു ഇംഗ്ലീഷിൽ (Science) എന്നാണു പറയുക. ഭൂലോകത്തിൽ നമ്മുടെ കാഴ്ചക്ക കാണുന്ന സകല പദാൎത്ഥങ്ങളെയും കാൎയ്യകാരണങ്ങളോടുകൂടി പറയുന്നതാണു ഇതിലെ വിഷയം. മലയാളികളായ നാനാ ജാതി വേലക്കാരും അറിയേണ്ട അനവധി കാൎയ്യങ്ങൾ ഇതിലുണ്ട്.

**താമരശ്ശേരി** 1—4—0

(അമ്മുവിന്റെ ഭാഗ്യം)

(ശ്രീമതി ബി. കല്യാണി അമ്മ ബി. എ. ഒരു ഇംഗ്ലീഷ് ആഖ്യായികയെ അനുകരിച്ചെഴുതിയതാണു ഇതു. 'സ്ത്രീണാഞ്ച ചിത്തം പുരുഷസ്യഭാഗ്യം' ഇവയാരു കണ്ടു? കാലചക്രത്തിരിച്ചലിൽ നായർ സമുദായവും അതാതിന്റെ പൂൎവ്വബന്ധങ്ങളിൽനിന്നു വിട്ടുപോകയും വിവേകത്തെ ആസ്പദമാക്കിട്ടുള്ള പുതിയ നടവടികളെ സ്വീകരിക്കേണ്ടിവരികയും ചെയ്യുമെന്നു ഈ കഥയിൽനിന്നു ഗ്രഹിപ്പാനുണ്ട്. ഈ കഥ മലയാളനാട്ടുകാൎക്ക പ്രത്യേകിച്ചു സ്ത്രീജനങ്ങൾക്ക വളരെ പ്രിയപ്പെട്ടിരിക്കും.

പുസ്തകങ്ങൾക്കപേക്ഷിക്കേണ്ടും മേൽവിലാസം:— The Manager,

THE Mangalodayam Co., Ltd.,

TRICHUR